

വിശുദ്ധിയുടെ
പ്രകാശഗോപുരം

ഓർമ്മയായിട്ട്
25 വർഷം

പുണ്യശ്ലോകനായ
ശ്രേഷ്ഠം ബസേലിയോസ്
പൗലോസ് ദ്വിതീയൻ
കാതോലിക്ക ബാവയുടെ

25-ാമത് ദുഖ്ഓനോ

സ്മരണിക





പുണ്യശ്ലോകനായ ശ്രേഷ്ഠ ബസേലിയോസ് പൗലോസ്
ദ്വിതീയൻ കാതോലിക്ക ബാവ
(1914 -1996)



വിശുദ്ധിയുടെ പ്രകാശഗോപുരം
(മലയാളം)
ശ്രേഷ്ഠ ബസേലിയോസ് പൗലോസ് ദ്വിതീയൻ
കാതോലിക്ക ബാവയുടെ
25-ാം ദുഖ്റോനോയോട് അനുബന്ധിച്ച്
പ്രസിദ്ധീകരിക്കുന്നത്

പ്രസാധകർ:
യാക്കോബായ സുറിയാനി ക്രിസ്ത്യാനി സഭ
പാട്രിയാർക്ക് ഇഗ്നാത്തിയോസ് സഖാ ഈവാസ് സെന്റർ
(പാത്രിയർക്കാ സെന്റർ)
പുത്തൻകുരിശ്

ചീഫ് എഡിറ്റർ:
ഷെവ. ബിബി എബ്രഹാം കടവുംഭാഗം

ഡിസൈൻ & ലേഔട്ട്:
മനോജ് കാരാഴ്മ @ 9061725510, 9188815512

ടൈപ്പ് സെറ്റിംങ്:
ഗ്രേസി ബേബിച്ചൻ, നൈസ് കമ്പ്യൂട്ടേഴ്സ്, പാമ്പാടി

പ്രസിദ്ധീകരിച്ച വർഷം:
29 ആഗസ്റ്റ് 2021



ആകമാന സുറിയാനി സഭയുടെ പരമാദ്ധ്യക്ഷൻ
പരിശുദ്ധ ഇഗ്നാത്തിയോസ് അഫ്രേം ദ്വിതീയൻ
പാത്രിയർക്കീസ് ബാവ

ܐܬܪܝܪܟܝܬ ܣܘܪܝܝܬ ܐܘܪܬܘܕܘܟܣܝܬ ܕܐܢܛܝܟ ܘܟܠ ܡܕܢܚܐ

SYRIAN ORTHODOX PATRIARCHATE
OF ANTIOCH & ALL THE EAST
BAB TOUMA, P.O.BOX 22260
DAMASCUS - SYRIA

البطريركية السريانية الأرثوذكسية
لأنطاكية وسائر المشرق
باب توما - ص.ب ٢٢٢٦٠
دمشق - سورية

BY THE GRACE OF GOD

Ignatius Aphrem II
Patriarch of Antioch and All the East
Supreme Head of the Universal Syrian Orthodox Church

IGNATIUS APHREM II

No. EI.49/21

24-August-2021

Apostolic Benediction to our beloved Brother-in-Christ His Beatitude the Catholicos Mor Baselios Thomas I, Their Eminences the Metropolitans, Reverend Clergy, Respected nuns and the faithful of our Jacobite Syrian Orthodox Church in India.

We are glad to know that this year our church in India is celebrating the 25th *Dukhrono* of the late lamented Catholicos Mor Baselios Paulose II of blessed memory. The special memorial event, organized at the Patriarchal Center, all month long observance as well as the many charitable activities carried out under the auspices of the Malekurish Dayro in connection with this occasion befit the memory of a great Church Father. Our Syrian Orthodox faithful in India remember His Beatitude with great reverence and esteem and the memories about His Beatitude are very dear to their hearts, as a true shepherd of simple and pure life. He was a man of prayer and integrity and an advocate of Christian peace. He led the church in true faith by upholding its true allegiance to the Holy See of Antioch. His last public counsel to the faithful to keep the connection with the Holy Sea of Antioch "as the pupil of the eye", shows his earnestness towards the true faith and traditions of the Malankara Church.

P. 1/2

ܦܛܪܝܪܟܝܘܬ ܣܘܪܝܝܐ ܐܘܪܬܘܕܘܟܣܝܐ ܕܐܢܛܝܘܟ ܘܟܠ ܡܕܝܢܚܐ


SYRIAN ORTHODOX PATRIARCHATE
OF ANTIOCH & ALL THE EAST
BAB TOUMA, P.O.BOX 22260
DAMASCUS - SYRIA

البطريركية السريانية الأرثوذكسية
للسيادة على أنطاكية وسائر المشرق
باب توما - ص.ب ٢٢٢٦٠
دمشق - سورية

His was a time when many tempests were flinging to shatter the church and it was a very adverse period, as the enemies of the church were trying all their levels to swallow up the Church. Yet, his prayerful shepherding safeguarded the church against those hardships.

Dearly beloved in our Lord, let this *Dukhrono* be a blessing for our church in India and be it a time to contemplate on and to emulate - the valuable merits of the late lamented Catholicos Mor Baselios Paulose II. May it be an occasion to renew our hearts in true Christian faith. In the book of Provers 10: 7, we read that: *"The memory of the righteous is a blessing"*.

We extend our Apostolic Blessings to you. May the grace of God be with you all, through the intercession of St. Mary – the Mother of God, St. Peter and St. Paul – the Chiefs of the Apostles, St. Thomas – the Patron Saint of India, and all the other saints. ܐܡܝܢ ܒܨܠܘܬܗܘܢ ܕܟܠܗܘܢ ܩܕܝܫܐ ܐܡܝܢ



യാക്കോബായ സുറിയാനി സഭയുടെ പ്രാദേശിക തലവൻ
ശ്രേഷ്ഠ ബസേലിയോസ് തോമസ് പ്രഥമൻ
കാതോലിക്ക ബാവ

CATHOLICATE OF JACOBITE SYRIAN CHRISTIAN CHURCH
UNDER THE HOLY SEE OF ANTIOCH & ALL THE EAST
PATRIARCHAL CENTRE, PUTHENCRUZ P. O.
ERNAKULAM, KERALA, INDIA 682 308
Email : patriarchalcentre@yahoo.com



682308 - ഫോൺ. 0484-2463372, ഫാക്സ്. 0484-2463373
ഓൺലൈൻ പ്രസിദ്ധീകരിക്കുന്ന പുസ്തകത്തിന്റെ എല്ലാ പിന്നണി പ്രവർത്തകർക്കും കർത്താവിൽ വാഴ്വ്.
പരി. സഭയെ ശ്രേഷ്ഠമായി മേയിച്ചു നയിച്ച, കർത്തൃസന്നിധിയിലേയ്ക്ക് വാങ്ങിപ്പോയ മലങ്കരയുടെ

BY THE GRACE OF GOD
BASELIUS THOMAS I
CATHOLICOSE AND ANGAMALY
DIOCESAN METROPOLITAN

No : SM-23/2021 Date: .....

പുണ്യശ്ലോകനായ ബസേലിയോസ് പൗലോസ് ദ്വിതീയൻ കാതോലിക്ക ബാവായെ അനുസ്മരിച്ചുകൊണ്ട് ഓൺലൈനായി പ്രസിദ്ധീകരിക്കുന്ന "വിശുദ്ധിയുടെ പ്രകാശ ഗോപുരം" എന്ന പുസ്തകത്തിന്റെ എല്ലാ പിന്നണി പ്രവർത്തകർക്കും കർത്താവിൽ വാഴ്വ്.

പ്രിയരെ,

പരി. സഭയെ ശ്രേഷ്ഠമായി മേയിച്ചു നയിച്ച, കർത്തൃസന്നിധിയിലേയ്ക്ക് വാങ്ങിപ്പോയ മലങ്കരയുടെ പ്രകാശഗോപുരമായ കിഴക്കിന്റെ കാതോലിക്ക പുണ്യശ്ലോകനായ ബസേലിയോസ് പൗലോസ് ദ്വിതീയൻ ബാവായുടെ 25-ാം ദുഃഖ്റോനോയോടനുബന്ധിച്ച് ബാവായുടെ ജീവചരിത്രവും അനുസ്മരണങ്ങളും ഉൾക്കൊള്ളിച്ചു കൊണ്ട് **"വിശുദ്ധിയുടെ പ്രകാശ ഗോപുരം"** എന്ന പുസ്തകം ഓൺലൈൻ ആയി പ്രസിദ്ധീകരിക്കുന്നു എന്ന് അറിയുന്നതിൽ സന്തോഷിക്കുകയും, അതിന്റെ പിന്നണി പ്രവർത്തകരായ എല്ലാവരേയും മുക്തകണ്ഠമായി നാം ശ്ലാഘിക്കുകയും ചെയ്യുന്നു. വ്യക്തനിഷ്ഠയും, പ്രാർത്ഥനയും, സത്യവിശ്വാസവും ജീവിതത്തോട് ചേർത്തു പിടിച്ച് അന്ത്യോഖ്യായിലെ പരിശുദ്ധ പത്രോസിന്റെ അപ്പോസ്തോലീക സിംഹാസനത്തിന്റെ കാവൽഭടനായി നിലനിൽക്കുകയും ചെയ്ത ബാവായുടെ നാമം സുറിയാനി സഭാ ചരിത്രത്തിൽ തങ്കലിപിയിൽ ചേർത്തുവച്ച ഒന്നാകുന്നു. ഭാഗ്യസ്മരണാർഹനും, പുണ്യവാനുമായ ബാവായുടെ ജീവിതം വരും തലമുറയ്ക്ക് മാതൃകയായിത്തീരുവാൻ തക്കവണ്ണം ഈ സംരംഭം മാറട്ടെ എന്ന് പ്രത്യാശിക്കുന്നു.

ദൈവം അനുഗ്രഹിക്കട്ടെ

പുത്തൻകുരിശ്
പാത്രിയർക്കാ സെന്ററിൽ നിന്നും
2021 ആഗസ്റ്റ് മാസം 26-ാം തീയതി

ബസ്സേലിയോസ് തോമസ് പ്രഥമൻ കാതോലിക്ക



കുര്യാക്കോസ് മോർ കൂറിലോസ്, ഗീവർഗീസ് മോർ ഗ്രിഗോറിയോസ്, തോമസ് മോർ ദിവന്നാസിയോസ് (ശ്രേഷ്ഠ ബസേലിയോസ് തോമസ് പ്രഥമൻ കാതോലിക്ക ബാവ), യൂഹാനോൻ മോർ പീലക്സിനോസ്, ബന്യാമിൻ ജോസഫ് മോർ ഒസ്താത്തിയോസ്, തോമസ് മോർ തിമോത്തിയോസ് എന്നീ പിതാക്കന്മാർ ശ്രേഷ്ഠ ബസേലിയോസ് പൗലോസ് രണ്ടാമൻ കാതോലിക്ക ബാവയോടൊപ്പം



യാക്കോബായ സുറിയാനി സഭ
മെത്രാപ്പോലീത്തൻ ട്രസ്റ്റി
ജോസഫ് മോർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്ത

JACOBITE SYRIAN CHRISTIAN CHURCH
(Under the Holy Apostolic See of Antioch & all the East)
JOSEPH MOR GREGORIOS
METROPOLITAN TRUSTEE

പൗരസ്ത്യ കാതോലിക്ക ബസേലിയോസ് പൗലോസ് ദ്വിതീയൻ കാതോലിക്ക ബാവായെ അനുസ്മരിച്ചുകൊണ്ട് ഓൺലൈനായി പ്രസിദ്ധീകരിക്കുന്ന വിശുദ്ധിയുടെ പ്രകാശ ഗോപുരം എന്ന പുസ്തകത്തിന്റെ അണിയറയിൽ പ്രവർത്തിക്കുന്ന പ്രിയപ്പെട്ട എല്ലാ ദൈവമക്കൾക്കും കർത്താവിൽ വാഴ്വ്.

പ്രിയരെ,

പൗരസ്ത്യ കാതോലിക്കായും, പ്രതിസന്ധിയുടെ നാളുകളിൽ പരി. സഭയ്ക്ക് സുധീരമായ നേതൃത്വം കൊടുക്കുകയും ചെയ്ത പുണ്യശ്ലോകനായ ബസേലിയോസ് പൗലോസ് രണ്ടാമൻ ബാവായുടെ 25-ാം ശ്രാദ്ധപെരുന്നാളിനോടനുബന്ധിച്ച് ശ്രേഷ്ഠ ബാവായുടെ ജീവചരിത്രവും, അനുസ്മരണങ്ങളും, പരി.സഭാ ശുശ്രൂഷകളിലെ അവിസ്മരണീയങ്ങളായ സംഭവങ്ങളും കോർത്തിണക്കിക്കൊണ്ട് **വിശുദ്ധിയുടെ പ്രകാശ ഗോപുരം എന്ന** നാമധേയത്തിൽ ഒരു പുസ്തകം ഓൺലൈൻ ആയി പ്രസിദ്ധീകരിക്കുന്നു എന്നറിയുവാൻ സാധിച്ചതിൽ നമുക്ക് അതിയായ സന്തോഷമുണ്ട്. ലാളിത്യവും, കൃത്യനിഷ്ഠയും, സർവ്വോപരി പരി. അന്തോഖ്യാ സിംഹാസനത്തോടുള്ള വിധേയത്വവും തന്റെ ജീവിതത്തിലുടനീളം കാത്തുസൂക്ഷിച്ച പുണ്യപ്പെട്ട ബാവായുടെ ജീവീതം സഭാമക്കൾക്ക് എന്നും മാതൃകയായിരുന്നു. ആ പുണ്യപ്പെട്ട പിതാവിന്റെ 25-ാംമത് ഓർമ്മപെരുന്നാളിനോടനുബന്ധിച്ച് ഈ പുസ്തകം പ്രസിദ്ധീകരിക്കുമ്പോൾ ഇതിന്റെ എല്ലാ ക്രമീകരണങ്ങളിലും മുന്നിലും പിന്നിലും നിന്ന് പ്രവർത്തിക്കുകയും, സഹകരിക്കുകയും, സഹായിക്കുകയും ചെയ്തിട്ടുള്ള എല്ലാവരേയും നന്ദിയോടെ നാം ഓക്കുകയും ഈ നല്ല ഉദ്യമത്തിന് എല്ലാ ഭാവുകങ്ങളും നേരുകയും ചെയ്യുന്നു. മലങ്കരയുടെ പ്രകാശഗോപുരമായിരുന്ന ശ്രേഷ്ഠ ബാവായുടെ ജീവിതം ഈ തലമുറയ്ക്ക് മാത്രമല്ല പിൻതലമുറക്കാർക്കും മാതൃകയും പ്രചോദനവുമായിത്തീരട്ടെ എന്ന് ബലഹീനനായ നാം പ്രാർത്ഥിക്കുകയും ആശംസിക്കുകയും ചെയ്യുന്നു.

ദൈവം അനുഗ്രഹിക്കട്ടെ

പുത്തൻകുരിശ്
26/08/2021

ജോസഫ് ഗ്രിഗോറിയോസ് മെത്രാപ്പോലീത്ത
(മെത്രാപ്പോലിത്തൻ ട്രസ്റ്റി, യാക്കോബായ സുറിയാനി സഭ)

JACOBITE SYRIAN CHRISTIAN CHURCH

(UNDER THE HOLY APOSTOLIC SEE OF ANTIOCH AND ALL THE EAST)
(ANGAMALY DIOCESE)

Dr. ANTHIMOS MATTHEWS
Angamaly Diocese - Muvattupuzha Region

E-mail : anthimosmatthews@gmail.com
jscmvpa@gmail.com



നമ്മുടെ വാത്സല്യവാൻ ഷെവ. ബിബി എബ്രഹാമിന് കർത്താവിൽ വാഴ്വ്.

സ്തുതി ചൊവ്വാക്കപ്പെട്ട സുറിയാനി സഭയുടെ സത്യവിശ്വാസ- ആരാധനാ പാരമ്പര്യങ്ങൾ ഉയർത്തിപ്പിടിക്കുകയും, ആരാധന ഭാഷയായ സുറിയാനി ഭാഷയിലെ അഗാധപാണ്ഡിത്യം കാത്ത് സൂക്ഷിക്കുകയും, അന്ത്യോഖ്യായിലെ പരി.പത്രോസിന്റെ അപ്പോസ്തോലീക സിംഹാസനത്തെയും അതിൽ ഭാഗ്യമോടെ വാണരുളുന്ന പരി. പാത്രിയർക്കീസ് ബാവായേയും പൈതൃകമായി ലഭിച്ച പാരമ്പര്യങ്ങളേയും കണ്ണിലെ കൃഷ്ണമണി പോലെ കാത്തുസൂക്ഷിക്കണമെന്നും അത് തലമുറകൾക്ക് അവകാശമായി നൽകണമെന്ന് ഭരമേൽപ്പിച്ച കിഴക്കിന്റെ കാതോലിക്ക പുണ്യശ്ലോനായ മോർ ബസേലിയോസ് പൗലോസ് രണ്ടാമൻ ബാവായുടെ 25-ാം മത് അനുഗ്രഹീത ദു:ഖ്റോനോടനുബന്ധിച്ച് ബാവയുടെ ശ്രേഷ്ഠമായ ജീവിതവും, അതിശ്രേഷ്ഠമായ ജീവിതശൈലികളും, പ്രബോധനങ്ങളും സഭയ്ക്ക് എന്നെന്നും ഓർമ്മിക്കുവാൻ തക്കവണ്ണം ഓൺലൈൻ ആയിട്ട് വിശുദ്ധിയുടെ പ്രകാശ ഗോപുരം എന്ന പേരിൽ പ്രകാശനം ചെയ്യുന്ന പുസ്തകത്തിനും, അതിന്റെ പിന്നിൽ അത്യദ്ധ്വാനം ചെയ്യുന്ന എഡിറ്റർ ഷെവ. ബിബി എബ്രഹാമിനും, സഹപ്രവർത്തകർക്കും എല്ലാവിധ ആശംസകളും ഭാവുകങ്ങളും നേരുന്നു. പുസ്തകത്തിന്റെ ഉള്ളടക്കം - സുറിയാനി സഭയുടെ ആധുനിക കാലത്തേയ്ക്കുള്ള ചുവട് വെയ്പുകൾ, പ്രതിസന്ധികൾ നിറഞ്ഞ കാലഘട്ടത്തിന്റെ സ്മരണകൾ, അതിജീവനത്തിന്റെ വഴികൾ - ഇവയെല്ലാം വരുംതലമുറയ്ക്ക് പരി.സഭയുടെ സത്യവിശ്വാസത്തിൽ നിലകൊള്ളുവാനുള്ള പ്രചോദനമായിത്തീരട്ടെ എന്ന് പ്രാർത്ഥിക്കുന്നു.

ദൈവം അനുഗ്രഹിക്കട്ടെ

അന്തിമോസ് മാത്യൂസ് മെത്രാപ്പോലീത്ത

പുത്തൻകുരിശ്
പാത്രിയർക്കാസെന്ററിൽ നിന്നും
2021 ആഗസ്റ്റ് മാസം 26-ാം തീയതി



ശ്രേഷ്ഠ ബസേലിയോസ് പൗലോസ് രണ്ടാമൻ
കാതോലിക്ക ബാവയുടെ കബറിടം



ശ്രേഷ്ഠ ബസേലിയോസ് പൗലോസ് രണ്ടാമൻ
കാതോലിക്ക ബാവയുടെ കബറിടം സ്ഥിതി ചെയ്യുന്ന
മലേക്കുരിശ് ദയറ



ഷെവ. ബിബി എബ്രഹാം
കടവുംഭാഗം
ചീഫ്എഡിറ്റർ

മുഖമൊഴി

ജനഹൃദയങ്ങളിൽ ജീവിക്കുന്ന വിശുദ്ധൻ

പുണ്യശ്ലോകനായ ബസേലിയോസ് പൗലോസ് ദിതീയൻ കാതോലിക്ക ബാവ ഓർമ്മയായിട്ട് ഇരുപത്തിയഞ്ച് വർഷം പിന്നിടുന്നു. ബാവായുടെ വേർപാട് ഇന്നും കണ്ണുനീരോടെ ഓർക്കുന്ന വലിയ ഒരു സമൂഹമുണ്ട് കേരളത്തിൽ. ബാവായുടെ വേർപാട് ഉണ്ടാക്കിയ വേദന അതിരറ്റതായിരുന്നു. അതായിരുന്നു ബാവായും സഭയും സമൂഹവുമായി ഉണ്ടായിരുന്ന ബന്ധം.

കർമ്മം കൊണ്ടും ധർമ്മം കൊണ്ടും വാക്കുകൾ കൊണ്ടും വിശുദ്ധിയാർന്ന ജീവിതം നയിച്ച പിതാവായിരുന്നു ബാവ. ശത്രുവെന്നോ മിത്രമെന്നോ വ്യത്യാസമില്ലാതെ എല്ലാവരെയും ബാവ സ്നേഹിച്ചു. അവർക്ക് വേണ്ടി കരുതി. അതിലുപരി വിശ്വാസികൾ ബാവായെയും കരുതി.

ബാവായെ വിശ്വാസികൾ കണ്ടിരുന്നത് യഥാർത്ഥ ദൈവപുരുഷനായിട്ടായിരുന്നു. അതായിരുന്നു ബാവായുടെ രീതിയും പെരുമാറ്റവും. മക്കളെ എന്ന് വിളിച്ച് ആത്മീയതയുടെ ഔന്നത്യം നിലനിർത്തി സാധാരണക്കാരനെപ്പോലെ ബാവ ഈ സമൂഹത്തിൽ ജീവിച്ചു. സ്ഥാനത്തിന്റെ ഗർവ്വോ മറ്റു യാതൊന്നും ബാവായെ ബാധിച്ചില്ല. എല്ലാവരെ പോലെ എല്ലാവരിലും ഒരാളായി ബാവ ജീവിച്ചു. എന്നാൽ വിശ്വാസികൾ തങ്ങളുടെ പ്രധാനാചാര്യനെ അവരിൽ നിന്ന് വ്യത്യസ്ഥനായി കണ്ടു. വിശ്വാസികളുടെ ഹൃദയത്തിൽ മഹോന്നത സ്ഥാനം അലങ്കരിക്കുവാൻ ബാവായ്ക്ക് കഴിഞ്ഞു. എല്ലാവരും തങ്ങളുടെ കുടുംബത്തിലെ ഒരു അംഗമായി ബാവായെ കണ്ടു. ഒരു കുടുംബത്തിന്റെ മാത്രമായിരുന്നില്ല ബാവ. എല്ലാവരുടെയും എല്ലാമായിരുന്നു ബാവ.

തന്റെ ജീവിത കാലത്ത് ബാവ അനുഭവിച്ച പീഢനങ്ങളും വേദനയും അതിരറ്റതായിരുന്നു. യോജിച്ച സഭയിൽ ബാവായ്ക്ക് നേരിട്ട അവഗണനയിൽ തളർന്നില്ല. പരിശുദ്ധ അന്ത്യോഖ്യാ സിംഹാസനത്തെ അപമാനിച്ചപ്പോൾ, സത്യവിശ്വാസത്തിൽ നിന്ന് വ്യതിചലിച്ചപ്പോൾ, ബാവായിലെ വിശ്വാസബോധം ഉയർത്തെ

ഴുന്നേറ്റു. വിശ്വാസികൾക്ക് ബാവ നേരിട്ടു കൊണ്ടിരുന്ന അവഗണന കണ്ടു നിൽക്കാനാകുമായിരുന്നില്ല. അതിന്റെ പ്രതിഫലനമായിരുന്നു അന്ത്യോഖ്യൻ മൂവ്മെന്റിന്റെ ആരംഭം. ബാവായ്ക്ക് പിന്തുണയുമായി വിശ്വാസികളുടെ ഒഴുക്കായിരുന്നു. ബാവയെ ഇല്ലായ്മ ചെയ്യാൻ ശ്രമിച്ച അന്നത്തെ സഭാ നേതൃത്വത്തിന് മനസ്സിലായില്ലായിരുന്നു ബാവായ്ക്ക് വിശ്വാസികളുടെ മനസ്സിൽ ഉണ്ടായിരുന്ന സ്ഥാനം.

ദന്തഗോപുരങ്ങളിൽ ഇരുന്ന് സഭയെ ഭരിച്ചവർ വിചാരിച്ചു എല്ലാം തങ്ങളുടെ അധികാരത്തിന്റെയും ആജ്ഞാശക്തിയുടെയും കീഴിൽ കൈപിടിയിൽ ഒതുക്കാമെന്ന്. പക്ഷെ ബാവായ്ക്ക് പിന്തുണയുമായി വിശ്വാസ സമൂഹം ഒഴുകിയെത്തി. എന്തൊക്കെ നഷ്ടപ്പെട്ടാലും സത്യവിശ്വാസികൾക്ക് നേതൃത്വം നൽകാൻ മോർ പീലക്സീനോസ് ഉള്ളടത്തോളം കാലം തങ്ങൾ തിരുമേനിയോടൊപ്പമായിരിക്കുമെന്ന് വിശ്വാസികൾ പ്രതിജ്ഞ ചെയ്തു. അതിന്റെ തുടർച്ചയാണ് ഇന്നത്തെ സഭ.

ഒരു ഭരണകർത്താവ് എന്ന നിലയിലോ, ആജ്ഞാ ശക്തിയുള്ള നേതാവ് എന്ന നിലയിലോ ആയിരുന്നില്ല ബാവാ വിശ്വാസികളുടെ ഇടയിൽ സ്ഥാനം നേടിയത്. വിശ്വാസികളുടെ ഹൃദയത്തെ തൊട്ടറിഞ്ഞ്, അവരുടെ സുഖത്തിലും ദുഃഖത്തിലും പങ്ക് ചേർന്ന്, അവരിൽ ഒരാളെപ്പോലെ സ്ഥാനത്തിന്റെ ഔന്നത്യം കാത്തു സൂക്ഷിച്ചു. വിശ്വാസ ജീവിതം നയിച്ച്, പ്രാർത്ഥനയിൽ മുഴുകി, ദൈവത്തിന്റെ യഥാർത്ഥ പ്രതിപുരുഷനായി ബാവ ജീവിച്ചു.

ബാവായുടെ ജീവിതം ദൈവത്താൽ പൂർണ്ണമായി നിയന്ത്രിക്കപ്പെട്ടതായിരുന്നു. സ്ഥാനങ്ങൾക്കും മാനങ്ങൾക്കും പിറകെ ബാവ പോയില്ല. പക്ഷെ എല്ലാം ബാവായിൽ സ്വയമേ എത്തിച്ചേർന്നു. സഭയുടെ കാതോലിക്ക എന്ന പദവി ബാവായെ തേടിയെത്തി. അന്ത്യോഖ്യ പാത്രിയർക്കീസിനെ വാഴിയ്ക്കാൻ ഭാഗ്യം ലഭിച്ചു. മെത്രാപ്പോലീത്തന്മാരെ വാഴിച്ചു സഭയുടെ അടിസ്ഥാനങ്ങൾക്ക് ബീജാഭാവം നൽകി. പുരാതീനമായ അന്ത്യോഖ്യാ സിംഹാസനത്തിന്റെ അദ്ധ്യക്ഷനായ പാത്രിയർക്കീസ് ബാവായെ വാഴിക്കുവാൻ ഭാഗ്യം ലഭിച്ച മലങ്കരയിൽ നിന്നുള്ള ആദ്യ പ്രധാനാചാര്യൻ ബാവായായിരുന്നു.

ബാവായുടെ വേർപാട് ഉണ്ടാക്കിയ മുറിവ് ഇരുപത്തിയഞ്ച് വർഷം പിന്നിട്ടിട്ടും ഉണങ്ങിയിട്ടില്ല. ബാവായെ സ്നേഹിക്കുന്ന ജനലക്ഷങ്ങളുടെ ഇടയിൽ ഈ പ്രധാനാചാര്യൻ ഇന്നും ജീവിക്കുന്നു. വിശുദ്ധനായി പ്രഖ്യാപിയ്ക്കപ്പെട്ടില്ല എങ്കിലും വിശ്വാസികളുടെ ഹൃദയത്തിൽ ബാവ എന്നും വിശുദ്ധനും ദൈവസന്നിധിയിൽ മദ്ധ്യസ്ഥനുമാണ്.

ഷെവ. ബിബി എബ്രഹാം കടവുംഭാഗം
ചീഫ്എഡിറ്റർ





വെള്ളൂർ സെന്റ് സൈമൺസ് പള്ളിയിൽ വച്ച് പീലി പ്പോസ് മോർ ഈവാനിയോസ്, യാക്കോബ് മോർ തിമോത്തിയോസ്, തോമസ് മോർ തെയോഫിലോസ് എന്നിവരെ മെത്രാപ്പോലീത്തന്മാരായി വാഴിച്ചപ്പോൾ



മുളന്തുരുത്തി സെമിനാരിയിൽ വച്ച് തോമസ് മോർ തിമോത്തിയോസിനെ മെത്രാപ്പോലീത്തയായി വാഴിച്ചപ്പോൾ



തുരുത്തിശ്ശേരി സിംഹാസനപ്പള്ളിയിൽ വച്ച് ശമുവേൽ മോർ പീലക്സിനോസിനെ മെത്രാപ്പോലീത്തയായി വാഴിച്ചപ്പോൾ



മുളന്തുരുത്തി സെമിനാരിയിൽ വച്ച് തോമസ് മോർ തിമോത്തിയോസിനെ മെത്രാപ്പോലീത്തയായി വാഴിച്ചപ്പോൾ



മീനങ്ങാടിയിൽ വച്ച് യൂഹാനോൻ മോർ പീലക്സിനോസിനെ മെത്രാപ്പോലീത്തയായി വാഴിച്ചപ്പോൾ

ശ്രേഷ്ഠ മോർ ബസേലിയോസ് പൗലോസ് ദ്വിതീയൻ കാതോലിക്ക ബാവ 1914–1996

അഞ്ച് പതിറ്റാണ്ടുകാലം മലങ്കരയിലെ സഭാമക്കളെ സത്യവിശ്വാസത്തിൽ ഉറപ്പിച്ചു നിർത്തി മേയിച്ചുഭരിച്ച പുണ്യശ്ലോകനായ ബസേലിയോസ് പൗലോസ് രണ്ടാമൻ കാതോലിക്ക ബാവ ഓർമ്മയായിട്ട് ഇരുപത്തിയഞ്ചു വർഷം പിന്നിടുന്നു.

* ചെറായി വിശുദ്ധ മർത്തമറിയം പള്ളി ഇടവകയിൽ പ്രമുഖ സുറിയാനി പണ്ഡിതൻ പുതുശ്ശേരിയിൽ പി.പി. ജോസഫ് കശ്ശീശായുടെയും എലിസബത്തിന്റെയും കനിഷ്ഠപുത്രനായി 1914 ജൂൺ 12 ന് ജനിച്ചു.

* കോട്ടയം വലിയ പള്ളിയിൽ വച്ച് 1933 ൽ അന്ത്യോഖ്യാ പ്രതിനിധിയായിരുന്ന ഏലിയാസ് മോർ യ�ൂലിയോസ് മെത്രാപ്പോലീത്തായിൽ നിന്നും ശെമ്മാശ്ശപട്ടം സ്വീകരിച്ചു.

* ചെറായി രാമവർമ്മ യൂണിയൻ ഹൈസ്കൂളിൽ നിന്ന് മെട്രികുലേഷനും, കോട്ടയം സി.എം.എസ്. കോളജിൽ നിന്നും ഇന്റർമീഡിയറ്റും, ആലുവ യു.സി കോളേജിൽ നിന്നും ബി.എ. ഡിഗ്രിയും കരസ്ഥമാക്കി.

* സ്വപിതാവ് പുതുശ്ശേരി പൗലോസ് കശ്ശീശ. വെള്ളക്കുന്നത്ത് മത്തായി കശ്ശീശ എന്നീ വൈദിക ശ്രേഷ്ഠരുടെ കീഴിൽ സുറിയാനി പഠനം.

* മഞ്ഞനിക്കര ദയറായിൽ അബ്ദുൾ ആഹാദ് റമ്പാച്ചന്റെ കീഴിൽ വൈദിക വിദ്യാഭ്യാസം പൂർത്തിയാക്കി.

* 1933 ൽ കോട്ടയം സെന്റ് മേരീസ് വലിയ പള്ളിയിൽ വച്ച്

പുണ്യശ്ലോകനായ അന്ത്യോഖ്യ പ്രതിനിധി ഏലിയാസ് മോർ യൂലിയോസ് ബാവ ശെമ്മാശ് പട്ടം നൽകി.

* 1938 ൽ ഏലിയാസ് മോർ യൂലിയോസ് ബാവായിൽ നിന്നും കശ്ശീശാപട്ടം സ്വീകരിച്ചു.

* സിലോൺ, ബ്രഹ്മവാർ, തിരുവനന്തപുരം, പാറത്തോട്, പൊൻകുന്നം തുടങ്ങിയ ഇടവകകളിൽ വികാരിയായി സേവനം അനുഷ്ഠിച്ചു.

* 1952 ഏപ്രിൽ 25 ന് ആലുവ തൃക്കുന്നത്ത് സെമിനാരിയിൽ കൂടിയ കണ്ടനാട് ഭദ്രാസന പള്ളി പ്രതിപുരുഷയോഗം ഭദ്രാസന മെത്രാപ്പോലീത്ത സ്ഥാനത്തേക്ക് തെരഞ്ഞെടുത്തു.

* 1952 ഒക്ടോബർ 19 ന് പൗലോസ് മോർ പീലക്സീനോസ് എന്ന നാമധേയത്തിൽ പരിശുദ്ധ അപ്രേം പ്രഥമൻ പാത്രിയർക്കീസ് ബാവാ തിരുമനസ്സുകൊണ്ട് മെത്രാപ്പോലീത്തയായി വാഴിച്ചു.

* 1953 ജനുവരി 12 ന് പരിശുദ്ധ വലിയ തിരുമേനിയിൽ നിന്ന് കണ്ടനാട് ഭദ്രാസനത്തിന്റെ ചുമതല ഏറ്റു.

* 1956 ൽ പുണ്യശ്ലോകനായ മീഖായേൽ മോർ ദിവന്നാസിയോസ് മെത്രാപ്പോലീത്തായുടെ വേർപാടിനെ തുടർന്ന് കോട്ടയം, കൊല്ലം ഭദ്രാസനങ്ങളിൽ ചുമതല വഹിച്ചു.

* 1958 ലെ യോജിപ്പിന് ശേഷം മറുവിഭാഗത്തിൽ നിന്ന് ഏറെ തിക്താനുഭവങ്ങൾ ഏറ്റുവാങ്ങി.

* 1958 ൽ സഭ ദീർഘനാൾ നീണ്ട സമാധാനം ഉണ്ടായപ്പോൾ മോർ പീലക്സിനോസ് കണ്ടനാട് ഭദ്രാസന സഹായ മെത്രാപ്പോലീത്തയായി നിയമിക്കപ്പെട്ടു. അന്ന് മെത്രാപ്പോലീത്ത ആയിരുന്ന മാർ തീമോത്തിയോസ് ഔഗേനെ പിന്നീട് പരിശുദ്ധ യാക്കോബ് തൃതീയൻ ബാവ കാതോലിക്കയായി വാഴിച്ചു.

* 1959 ൽ സത്യവിശ്വാസം നിലനിർത്തുന്നതിന് വേണ്ടി അന്ത്യോഖ്യൻ സിറിയൻ മൂവ്മെന്റിന് രൂപം നൽകി.

* 1970 കാലഘട്ടങ്ങളിൽ സഭയിൽ വീണ്ടും പ്രതിസന്ധി ഉണ്ടാവുകയും മറുവിഭാഗം സ്വതന്ത്ര്യ സഭാവാദം ഉന്നയിച്ച് സഭയ്ക്ക് ഇതരരാവുകയും ചെയ്തു.

* 1975 സെപ്റ്റംബർ 7 ന് പരിശുദ്ധ യാക്കോബ് തൃതീയൻ പാത്രിയർക്കീസ് ബാവ തിരുമനസ്സുകൊണ്ട് പൗലോസ് മോർ പീലക്സീനോസ് മെത്രാപ്പോലീത്തായെ മോർ ബസേലിയോസ്

പൗലോസ് രണ്ടാമൻ എന്ന നാമധേയത്തിൽ കിഴക്കിന്റെ കാതോലിക്കയായി വാഴിച്ചു.

* 1975 ഡിസംബർ 26 ന് മലങ്കര മെത്രാപ്പോലീത്തയായി തെരഞ്ഞെടുത്തു. അന്ന് തന്നെ മലബാർ ഭദ്രാസനത്തിന് വേണ്ടി ശാമുവേൽ മോർ പീലക്സീനോസ് മെത്രാപ്പോലീത്തായെ ശ്രേഷ്ഠ ബാവ വാഴിച്ചു.

* 1979 ൽ ബാഹ്യകേരള ഭദ്രാസനത്തിന് വേണ്ടി തോമസ് മോർ തെയോഫിലോസ് മെത്രാപ്പോലീത്തായെയും വൈദിക സെമിനാരിക്ക് വേണ്ടി യാക്കോബ് മോർ തീമോത്തിയോസ് മെത്രാപ്പോലീത്തായെയും കണ്ടനാട് ഭദ്രാസനത്തിന്റെ സഹായ മെത്രാപ്പോലീത്തയായി ഫിലിപ്പോസ് മോർ ഈവാനിയോസ് മെത്രാപ്പോലീത്തായെയും വാഴിച്ചു.

* 1980 ജൂൺ 26 ന് പരിശുദ്ധ യാക്കോബ് തൃതീയൻ പാത്രിയർക്കീസ് ബാവ കാലം ചെയ്തതിനെ തുടർന്ന് 1980 ജൂലൈ 11 ന് ചേർന്ന ആകമാന സുന്നഹദോസിൽ അദ്ധ്യക്ഷം വഹിക്കുകയും ആ സുന്നഹദോസിൽ ആർച്ച് ബിഷപ്പ് മോർ സാഖാ സേവേറിയോസിനെ അടുത്ത പാത്രിയർക്കീസായി തെരഞ്ഞെടുത്തു.

(സഭാ ചരിത്രത്തിൽ ആദ്യമായി മലങ്കരയിൽ നിന്നുള്ള കാതോലിക്ക ആകമാന സുന്നഹദോസിൽ അദ്ധ്യക്ഷം വഹിക്കുന്നു. പാത്രിയർക്കാ സ്ഥാനാരോഹണത്തിൽ മുഖ്യ കാർമ്മികനാകുന്നത്.)

* 1982 ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ നവാഭിഷിക്തനായ പരിശുദ്ധ സാഖ പ്രഥമൻ പാത്രിയർക്കീസ് ബാവായുടെ ശ്ലൈഹിക സന്ദർശനത്തിന് നേതൃത്വം നൽകി. 1982 ഫെബ്രുവരി 27 ന് മണർകാട് പള്ളിയിൽ നടന്ന വിശുദ്ധ മൂറോൻ കൂദാശയിലും കോതമംഗലം ചെറിയ പള്ളിയിൽ വച്ച് അങ്കമാലി ഭദ്രാസന സഹായ മെത്രാപ്പോലീത്തായായി ഏബ്രഹാം മോർ സേവേറിയോസ് തിരുമേനിയെ വാഴിച്ച ചടങ്ങിലും സഹകാർമ്മികനായി.

* 1984 ൽ മലബാർ ഭദ്രാസനത്തിന് വേണ്ടി ഡോ. യൂഹാനോൻ മോർ പീലക്സിനോസ് മെത്രാപ്പോലീത്തായെയും

* 1984 ജൂൺ 24 ന് പരിശുദ്ധ സഖാ പ്രഥമൻ ബാവായോടൊപ്പം ജോൺ പോൾ രണ്ടാമൻ മാർപാപ്പയെ സന്ദർശിച്ചു. സുപ്രധാന തീരുമാനങ്ങളിൽ ഭാഗവാക്കായി.

* 1986 ജനുവരി 1 ന് ബാവ തിരുമനസ്സിലെ ദീർഘകാല ആഗ്രഹമായിരുന്ന മുളന്തുരുത്തി ഉദയഗിരിയിൽ മലങ്കര ഓർത്ത ഡോക്സ് സെമിനാരിയുടെ ശിലാസ്ഥാപനം നിർവ്വഹിച്ചു.

* 1986 ഏപ്രിൽ 30 ന് എം.ജെ.എസ്.എസ്.എ. യുടെ ആസ്ഥാന മന്ദിരത്തിന് ശിലാസ്ഥാപനം ബാവ നിർവ്വഹിച്ചു.

* 1987 ആഗസ്റ്റ് 22 ന് ബാവായുടെ അദ്ധ്യക്ഷതയിൽ ചേർന്ന മലങ്കര യാക്കോബായ സുറിയാനി സഭ എപ്പിസ്കോപ്പൽ സുന്ന ഹദോസ് പരിശുദ്ധ ഏലിയാസ് തൃതീയൻ ബാവ, പരിശുദ്ധ യൽദോ മോർ ബസേലിയോസ് ബാവ, പരിശുദ്ധ ചാത്തുരുത്തിൽ ഗീവർഗീസ് മോർ ഗ്രീഗോറിയോസ് എന്നീ പിതാക്കന്മാരുടെ നാമങ്ങൾ അഞ്ചാം തുബ്ദേനിൽ ചേർക്കുവാൻ അനുവദിക്കണമെന്ന് ആവശ്യപ്പെട്ട് പരിശുദ്ധ പാത്രിയർക്കീസ് ബാവായ്ക്ക് അപേക്ഷിക്കുവാൻ തീരുമാനിച്ചു.

* പിതാക്കന്മാരുടെ പേര് തുബ്ദേനിൽ ചേർത്ത് കൊണ്ടുള്ള പരിശുദ്ധ പാത്രിയർക്കീസ് ബാവായുടെ കൽപന മുളന്തുരുത്തി മാർത്തൊമ്മൻ പള്ളിയിൽ വിശുദ്ധ കുർബ്ബാന മദ്ധ്യേവായിച്ച് പ്രഖ്യാപിച്ചു.

* 1990 ജനുവരി 1 ന് സെമിനാരിയുടെ ആദ്യഘട്ടം നിർമ്മാണം പൂർത്തിയാക്കിയത് സഭയ്ക്കായി സമർപ്പിച്ചു.

* 1990 ൽ ഡോ. തോമസ് മോർ അത്താനാസിയോസ് മെത്രാപ്പോലീത്തായെ കണ്ടനാട് ഭദ്രാസന സഹായ മെത്രാപ്പോലീത്തായായി വാഴിച്ചു.

* 1991 ൽ ബാഹ്യകേരള ഭദ്രാസനത്തിന് വേണ്ടി തോമസ് മോർ തീമോത്തിയോസ് മെത്രാപ്പോലീത്തായെയും ശ്രേഷ്ഠ ബാവ വാഴിച്ചു.

*1994 ൽ മലങ്കര മൽപ്പാൻ കണിയാംപറമ്പിൽ അച്ചൻ തർജ്ജമ ചെയ്ത സുറിയാനി ബൈബിൾ 'വിശുദ്ധ ഗ്രന്ഥം' സഭയ്ക്ക് സമർപ്പിച്ചു.

* 1996 സെപ്റ്റംബർ 1 ന് ഇഹലോകവാസം അവസാനിപ്പിച്ച് തന്റെ നാഥന്റെ സന്നിധിയിലേക്ക് മടങ്ങിപ്പോയി.

* മലേകുരിശ് ദയറായിൽ അന്ത്യവിശ്രമം കൊള്ളുന്നു.



ആത്മനിറവ് കൊണ്ട് ശോഭിച്ച മലങ്കരയുടെ മദ്ധ്യസ്ഥൻ

ബസേലിയോസ് തോമസ് പ്രഥമൻ കാതോലിക്ക ബാവ

ആയിരത്തിതൊള്ളായിരത്തി തൊണ്ണൂറ്റി ആറ് സെപ്റ്റംബർ മാസം രണ്ടാം തീയതി ഉച്ചകഴിഞ്ഞ് അഞ്ചുമണിക്ക് മലേക്കുരിശ് ദയറായിൽ പ്രത്യേകം ഒരുക്കിയ ദിവ്യപീഠത്തിൽ ഇരുത്തപ്പെട്ട് മരണാനന്തര ശുശ്രൂഷ സ്വീകരിച്ച് സ്വർഗീയ യാത്രക്കൊരുങ്ങുന്ന ശ്രേഷ്ഠ കാതോലിക്കാ ബാവായുടെ ആത്മാവിനോടൊപ്പം ഭൗതീക ശരീരംതൊട്ടുകൊണ്ട് മെത്രാപ്പോലീത്തൻമാർ പരിശുദ്ധ സഭയുടെ ചരിത്രത്തിൽ ആദ്യമായിട്ടാണ് ഇപ്രകാരം സത്യം ചെയ്തത്. "ഞങ്ങളും ഞങ്ങളുടെ സന്തതിപരമ്പരകളും എക്കാലവും ശ്രേഷ്ഠ ബാവ പഠിപ്പിച്ചതും പറഞ്ഞു തന്നതും അങ്ങയുടെ ഈ അന്ത്യനാളുകളിൽ പരസ്യമായി പ്രഖ്യപിച്ചതുമായ സത്യവിശ്വാസത്തിൽ നിന്ന് മാറാതെ ദൈവത്താൽ നിലനിർത്തപ്പെട്ടുപോരുന്ന പരിശുദ്ധ പത്രോസിന്റെ ശ്ലൈഹീക സിംഹാസനമായ അന്ത്യോഖ്യാ സിംഹാസനത്തിൻ കീഴിൽ മാത്രം നിലനിന്നു പോകുന്നതാണ്". മലങ്കര സഭയുടെ ചരിത്രത്തിൽ ഈ മഹാസംഭവം ആ പുണ്യാത്മാവിനു മാത്രം കിട്ടിയ വലിയ ഭാഗ്യമാണ്. ഒരു പരിശുദ്ധന്റെ ആത്മാവിനോട് ചേർന്ന ഭൗതീക ശരീരംതൊട്ട് പിൻഗാമികൾ സത്യം ചെയ്തത്, എന്നും പാലിക്കപ്പെടണം. 1952 ൽ പരിശുദ്ധ സിംഹാസനത്തിൽ നിന്നും കണ്ടനാട് ഭദ്രാസനത്തിന് പ്രധാനാചര്യനായിട്ടാണ് ഇദ്ദേഹം വാഴിക്കപ്പെട്ടതെങ്കിലും അന്നത്തെ പ്രത്യേക ചുറ്റുപാടിൽ തെക്കൻ ഭദ്രാസനങ്ങളുടെ മെത്രാപ്പോലീത്തയായും (പുണ്യവാനും ആധ്യാത്മിക ധീരനുമായിരുന്ന മാർ മിഖായേൽ ദിവന്നാസിയോസ് തിരുമേനിയുടെ വാർധക്യവും രോഗവുമായ സന്ദർഭം) മലങ്കര മെത്രാ


പ്പോലീത്തയായും, കിഴക്കിന്റെ കാതോലിക്കാ സ്ഥാനത്തു നിന്നും ദിവ്യശുശ്രൂഷകനായി ശോഭിച്ചു. മലേക്കുരിശ് ആസ്ഥാനമായിട്ടാണ് പ്രധാനാചാര്യത്വസേവനം ആരംഭിച്ചത്.

മെത്രാപ്പോലീത്തയായി കണ്ടനാട് എഴുന്നെള്ളിയ പൗലോസ് മാർ പീലക്സിനോസ് തിരുമേനിയെ മലേക്കുരിശ് ദയറായിലേക്ക് സ്വീകരിച്ചാനയിച്ചു. ആ സന്ദർഭത്തിൽ സ്വീകരണ പരിപാടിയുടെ ചുമതലക്കാരിൽ ഒരാളായിരിപ്പാൻ എനിക്ക് ഭാഗ്യമുണ്ടായി. 54 ൽ പിറമാടം ദയറായിൽ താമസമാക്കുവാൻ തീരുമാനിച്ചു. ദയറായിൽ സൗകര്യങ്ങളില്ലാത്തതിനാൽ ദയറായ്ക്കു ചേർന്നുള്ള പിറമാടം സെന്റ് ജോൺസ് പള്ളിയുടെ ഒറ്റമുറിയിൽ താമസവും പിറമാടംകാരൻ കുര്യൻ ചേട്ടന്റെ പരിചരണവുമായി കഴിഞ്ഞു. വാഹനമില്ലാത്ത- മുറിയില്ലാത്ത - ഒന്നുമില്ലാത്ത അവസ്ഥ- ഈ മലങ്കരയിൽ ഒരു പ്രധാനാചാര്യനും അനുഭവിക്കാത്ത കഷ്ടതകളാണ് അന്ന് ശ്രേഷ്ഠബാവ തിരുമനസ് സഹിച്ചത്. പിറമാടം പള്ളിക്കാർ അന്നു ചെയ്ത സഹകരണവും, പരേതനായ എടപ്പാട്ട് ബഹുമാനപ്പെട്ട ശെമവൂൻ കത്തനാരുടെ സഹയങ്ങളും പള്ളിയിലെ ജോലിക്കാരനായ കുര്യൻ ചേട്ടന്റെ പരിചരണവും എല്ലാം അളവറ്റ നന്ദിയോടെ ഓർക്കപ്പെടേണ്ടതാണ്. ചുറ്റുപാടും കാടുപിടിച്ച്, പാമ്പുകളുടെ വിഹാരകേന്ദ്രമായിരുന്ന ദയറാകെട്ടിടം തേച്ച് സിമിന്റിട്ട് കുശിനി പണിത് അത്യാവശ്യ സൗകര്യങ്ങളുണ്ടാക്കിവരുവാൻ ഏറെ സമയമെടുത്തിട്ടും ഭക്ഷണകാര്യത്തിലോ, താമസത്തിന്റെ അസൗകര്യത്തിലോ, പരാതിയില്ലാതെ ഭദ്രാസനത്തിലും തെക്കും വടക്കും കക്ഷിവഴക്കുമൂലമുള്ള അനവധി പ്രതികൂല സാഹചര്യങ്ങൾ അഭിമുഖീകരിച്ചു കന്യാകുമാരി മുതൽ മലബാർ വരെയുള്ള തുടർച്ചയായ യാത്രകൾ തുടങ്ങി ഒട്ടേറെ ത്യാഗങ്ങൾ സഹിക്കേണ്ടി വന്നു. ഭക്ഷണം സേവനം താമസം തുടങ്ങി എല്ലാ രംഗത്തും അനേകം കഷ്ടതകൾ സഹിക്കേണ്ടി വന്നിട്ടുണ്ട്. (അന്നുള്ളവരാരും തിരുമേനിയെ കരുതിയില്ലെന്ന് ഇതിനർത്ഥമില്ല. കരുതിയിരുന്നു.)

മലേക്കുരിശ് ദയറാ സ്ഥിതിചെയ്യുന്ന സ്ഥലം എന്റെ പിതാക്കന്മാർ പരിശുദ്ധ സിംഹാനത്തിലേക്ക് ദാനമായിക്കൊടുത്തതിനാൽ ഞാനവിടത്തെ താമസക്കാരനായിരുന്നു. പിറമാടം ദയറായുടെ ചുമതല ബാവ എന്നെയേൽപ്പിച്ചിരുന്നു. മലേക്കുരിശിലും പിറമാടം ദയറായിലുമായി അഞ്ചു വർഷം ഞങ്ങൾ ഒരുമിച്ച് കഴിഞ്ഞു. ബാവ തന്റെ കഷ്ടപ്പാടുകളെക്കുറിച്ച് ഒരിക്കലും പരാതിപ്പെട്ട് ഞാൻ കേട്ടിട്ടില്ല. ഈ മഹാസഹനശക്തി ദൈവം കൊടുത്തതത്രേ. ബാവായുടെ

പ്രധാനചാര്യത്വത്തിന്റെ ആദ്യപടി മലേക്കുരിശിൽ ആയിരുന്നു. സേവനത്തിന്റെ രണ്ടാമത്തെ ഇരിപ്പിടം പിറമാടം ദയറാ, മഹത്വത്തിൽ മൂവാറ്റുപുഴ. പക്ഷേ വീണ്ടും പിറമാടത്ത് എത്തി. ആദ്യം എവിടെ തുടങ്ങിയോ (മലേക്കുരിശ്) അന്ത്യവിശ്രമം അവിടെത്തന്നെ. മലേക്കിരിശിൽ ആരംഭിച്ചു അവിടെത്തന്നെ തിരിച്ചുവന്ന് സ്വർഗ്ഗത്തിലേയ്ക്ക് യാത്രചെയ്തു. എല്ലാം അത്ഭുതം തന്നെ. കണ്ട നാടിന് വാഴിക്കപ്പെട്ട്- തെക്കൻ ഭദ്രാസനങ്ങൾക്കും നിയോഗിക്കപ്പെട്ട് അഖില മലങ്കരയ്ക്കും-ഇപ്പോൾ നിത്യതയിൽ ഇരുന്നുകൊണ്ട് മലങ്കരയ്ക്കുവേണ്ടി കണ്ണുനീർ വാർക്കുന്നു. വെളിപാട് 7:17 കർത്താവ് കണ്ണുനീർ തുടക്കുന്നു. അതുൾക്കണ്ണുകൾകൊണ്ട് കാണാം.

പ്രധാനാചാര്യനായതു മുതൽ മലങ്കര മെത്രാപ്പോലീത്തായും കാതോലിക്കായും ഒക്കെയായി. കഷ്ടതകൾക്കൊണ്ട് മൂടിപ്പോയെന്ന് പലപ്പോഴും തോന്നിയെങ്കിലും ലളിത ജീവിതത്താൽ അലങ്കരിക്കപ്പെട്ടു. അതേ സമയം മറ്റാരിലും കാണാനാവാത്ത ആത്മനിറവുകൊണ്ട് ശോഭിച്ച ശ്രേഷ്ഠ ബാവായുടെ ആ പുണ്യ ജീവിതം-അതിന്റെ അന്ത്യനാളുകളിൽ-നീതിയുടെ സൂര്യനായ കർത്താവിനോട് ചേർന്ന് നിന്നിട്ട് പരിശുദ്ധ സഭയോട് കല്പിച്ചു. യേശുക്രിസ്തുവിന്റെ പ്രധാന ശിഷ്യനായ പരിശുദ്ധ പത്രോസ് പ്രസംഗിച്ചതുപോലെ ആകാശത്തിൻകീഴിൽ രക്ഷിക്കപ്പെടുവാൻ നല്കപ്പെട്ട ഏകനാമം യേശുക്രിസ്തുവത്രെ. എന്നു കല്പിച്ചപ്രകാരം വരിക- ആരും വിട്ടുപോകരുത്-നമുക്ക് അന്ത്യോഖ്യാ സിംഹാസനത്തിൻ കീഴിൽത്തന്നെ നിന്ന് കർത്താവിനെ മഹത്വപ്പെടുത്താമെന്ന്-മറ്റെങ്ങും പോകരുതെന്നും ബാവ ആവർത്തിച്ച് കല്പിച്ചു. ശ്രേഷ്ഠ ബാവായുടെ ഈ അന്ത്യ ആഹ്വാനം പരിശുദ്ധ സഭയിൽ എന്നും പരിപാലിക്കപ്പെടണം.നാളത്തെ സഭ എവിടെയായിരിക്കണമെന്നുള്ള ചിലരുടെ കാഴ്ചപ്പാടുകൾക്കുള്ള ദൈവത്തിന്റെ മറുപടി ശ്രേഷ്ഠ ബാവായുടെ നാവിൽക്കൂടെ ദൈവം വെളിപ്പെടുത്തുകയായിരുന്നു. അത് തക്കസമയത്തായിരുന്നു. അദ്ദേഹം ആവർത്തിച്ച് കല്പിച്ച് പ്രഖ്യാപിച്ചു. മലങ്കര യാക്കോബായ സുറിയാനി സഭ എക്കാലവും പരിശുദ്ധ അന്ത്യോഖ്യാ സിംഹാസനത്തിൻ കീഴിൽ തന്നെ നില്ക്കണം. നില്ക്കും. ഈ വസ്തുത പരിശുദ്ധ പാത്രിയർക്കീസ് ബാവായ്ക്ക് എഴുതി സമർപ്പിക്കുകയും ചെയ്തു. പരിശുദ്ധ പിതാക്കന്മാർ ഇത് ചെയ്തിരുന്നു. പരിശുദ്ധ അന്ത്യോഖ്യാ സിംഹാസനത്തിൻ കീഴിൽ നമുക്ക് നിലകൊള്ളാം. ശ്രേഷ്ഠ ബാവാതിരുമനസിലെ അന്ത്യാഭിലാഷം നമുക്ക് നിറവേറ്റാം. അദ്ദേഹത്തിന്റെ മധ്യസ്ഥത യാചിക്കാം.



ശ്രേഷ്ഠ കാതോലിക്ക ബാവ
ഒരു ആധ്യാത്മിക തേജസ്

ജോസഫ് ഗ്രിഗോറിയോസ് മെത്രാപ്പോലീത്ത
(യാക്കോബായ സുറിയാനി സഭ മെത്രാപ്പോലീത്തൻ ട്രസ്റ്റി)

ദൈവവിളിയോടും നിയോഗത്തോടും പൂർണ്ണമായ പ്രതിബദ്ധത പുലർത്തി സഭയെ ആത്മീയതയുടെ ഔന്നത്യത്തിലേക്ക് നയിച്ച മഹാപ്രധാനാചാര്യനായിരുന്നു ശ്രേഷ്ഠ പൗരസ്ത്യ കൗതോലിക്ക ബസേലിയോസ് പൗലോസ് ദിതീയൻ ബാവ. ശത്രുക്കളെപ്പോലും സ്നേഹിക്കാൻ പഠിപ്പിച്ച യേശു ക്രിസ്തുവിന്റെ സന്ദേശം ജീവിതത്തിൽ അന്വർത്ഥമാക്കാൻ കഴിഞ്ഞ ധന്യത അദ്ദേഹത്തിന്റെ മഹത്വം വർദ്ധിപ്പിക്കുന്നു.

മാനവികതയുടെ വക്താവും പ്രബോധകനുമായിരുന്നു ബസോലിയോസ് പൗലൂസ് ദിതീയൻ കാതോലിക്കാബാവ. ഈ പ്രവാചകശബ്ദം സഭയെ ധന്യമാക്കി. വിശ്വാസികൾക്ക് ആത്മനിവൃതി നൽകി. ദുഃഖിതരുടേയും, നിന്ദിതരുടേയും അവശത അനുഭവിക്കുന്നവരുടേയും പ്രശംസ പിടിച്ചുപറ്റി.

ആത്മീയ ചൈതന്യത്തിന്റെ അതുല്യമായ ശക്തിപ്രഭാവം ത്രസിച്ചുനിൽക്കുന്ന ആ മുഖത്ത് വിടരുന്ന നിഷ്കളങ്കമായ പുഞ്ചിരിയുടെ മാസ്മരികശക്തി സഭാമക്കൾക്ക് എന്നും ഒരു ദിവ്യാനുഭൂതിയായിരുന്നു.

ഒരു ദൈവീക തേജസ്സാണ് ആ മുഖത്ത് ദർശിക്കാൻ കഴിയുക. ലാളിത്യവും വിനയവും ജീവിതത്തിന്റെ മുഖമുദ്രയാക്കി മാറ്റിയ ബസേലിയോസ് പൗലൂസ് ദിതീയൻ കാതോലിക്കാബാവയുടെ ജീവിതം ത്യാഗോജ്വലവും കർമനിരതവും ആയിരുന്നു. പ്രതിസന്ധിയും പ്രതിബന്ധങ്ങളും നിറഞ്ഞ കാലഘട്ടത്തിലാണ് അദ്ദേഹം സഭാനേതൃത്വത്തിലേക്ക് നിയോഗിക്കപ്പെട്ടത്.

പ്രതിസന്ധിഘട്ടങ്ങളിൽ പതറാതെ തികഞ്ഞ ദൈവാശ്രയത്തോടും ആത്മധൈര്യത്തോടും കൂടെ താൻ വിശ്വസിക്കുന്ന മൂല്യങ്ങളും തത്ത്വസംഹിതകളും മുറുകെ പിടിച്ച കർമ്മധീരനായിരുന്നു ബാവ തിരുമേനി.

പരിശുദ്ധ അന്ത്യേഖ്യാ സിംഹാസനത്തോട് അന്ത്യംവരെ അചഞ്ചലമായ കൂറും വിശ്വാസവും പുലർത്തിയ ബാവയുടെ ജീവിതം മലങ്കര യാക്കോബായ സുറിയാനി സഭാ ചരിത്രത്തിൽ അവിസ്മരണീയമാണ്. അഗാധമായ ദൈവഭക്തിയും അതിരറ്റ സഭാ സ്നേഹവും ഉണ്ടായിരുന്ന അദ്ദേഹം കണ്ടനാട് ഭദ്രാസനത്തെ ഔന്നത്യത്തിലേക്കുയർത്തി. സുറിയാനിഭാഷയിൽ അഗാധമായ പാണ്ഡിത്യവും അവബോധവും ആർജിക്കാൻ കഴിഞ്ഞ ബാവയ്ക്ക് നിരവധി ശിക്ഷ്യഗണങ്ങളുണ്ട്.

ചെറായി സെന്റ് മേരീസ് ഇടവകയിൽ പ്രശസ്തനായ പുതുശ്ശേരി ജോസഫ് കശീശായുടെ മകനായി ജനിച്ചു. ചെറുപ്പംമുതലേ ആരാധനയിലും സഭാപഠനത്തിലും അതീവ താൽപര്യം പ്രകടിപ്പിച്ചു. ആലുവ യു.സി കോളേജിൽ നിന്നും ബിരുദമെടുത്തശേഷം മഞ്ഞനിക്കര ദയറയിൽ സുറിയാനി പഠനം നിർവഹിച്ചു. പിന്നീട് അന്ത്യോഖ്യാ പ്രതിനിധിയായിരുന്ന മോർ യൂലിയോസ് ബാവ വൈദികനാക്കി. തുടർന്ന് ബാവയുടെ സെക്രട്ടറിയായി പ്രവർത്തിച്ചു. 1952 ൽ കണ്ടനാട് ഭദ്രാസന മെത്രപ്പോലീത്ത സ്ഥാനത്തേക്ക് തെരഞ്ഞെടുക്കപ്പെട്ടു. പരിശുദ്ധ അപ്രേം പ്രഥമൻ പാത്രിയർക്കീസ് ബാവ ഹോംസിൽ വച്ച് പൗലൂസ് മോർ പീലിക്സിനോസ് എന്ന പേരിൽ മെത്രപ്പോലീത്തയായി വാഴിച്ചു. 1975 ൽ ദമസ്ക്കസിൽവെച്ച് പരിശുദ്ധ യാക്കൂബ് തൃതീയൻ പാത്രിയർക്കീസ് ബാവ ബസേലിയോസ് പൗലൂസ് ദ്വിതീയൻ എന്ന പേരിൽ കിഴക്കിന്റെ കാതോലിക്കയായി വാഴിച്ചു. തുടർന്ന് മലങ്കര യാക്കോബായ സുറിയാനി സഭയുടെ നേതൃത്വം ഏറ്റെടുത്തു. ബാവ സഭയിൽ ഒരു പുതുയുഗപ്പിറവിക്ക് വഴിയൊരുക്കി. മലങ്കര യാക്കോബായ സുറിയാനി സഭയ്ക്ക് ഏഴു മെത്രാപ്പോലീത്താമാരെ വാഴിച്ചു. സഭയ്ക്ക് വൈദികസെമിനാരി നിർമിക്കുന്നതിന് നേതൃത്വം നൽകി. സഭയ്ക്കുവേണ്ടി പിറവത്ത് ആർട്സ് കോളേജും മലേക്കുരിശിൽ ബി. എഡ് കോളേജും ബാവായുടെ കാലത്തുണ്ടായി.

യേശുക്രിസ്തു ലോകത്തിനു കാണിച്ച സ്നേഹത്തിന്റെയും ത്യാഗത്തിന്റെയും സന്ദേശം സ്വന്തം ജീവിതത്തിൽ പ്രതിഫലിപ്പിക്കാൻ കഴിഞ്ഞ കാതോലിക്കാ ബാവ മലങ്കര സഭയുടെ

ഭാഗ്യനക്ഷത്രമായിരുന്നു. ത്യാഗോജ്ജ്വലവും, സംഭവബഹുലവുമായിരുന്നു അദ്ദേഹത്തിന്റെ ജീവിതം. ഒരു കാലഘട്ടത്തിന്റെ ശക്തിയും ചൈതന്യവുമായിരുന്നു ബാവ. ക്രൈസ്തവ ദർശനവും ക്രൈസ്തവ സമീപനവും സർവോപരി ക്രൈസ്തവ മനോഭാവും അദ്ദേഹത്തിന്റെ മുഖമുദ്രയായിരുന്നു. തികഞ്ഞ ആത്മാർത്ഥയോടെ അജപാലന ദൗത്യ നിർവഹണം വിജയകരമായി നിർവഹിച്ച ബസേലിയോസ് പൗലൂസ് ദ്വിതിയൻ ബാവ ഇനി ഒരു ഓർമ്മ മാത്രം ആ ഓർമ ഉജ്ജ്വലമാണ്. ആയിരങ്ങൾക്ക് ആത്മീയ വെളിച്ചം നൽകുന്ന ആ ദിവ്യസ്മരണയ്ക്ക് മുമ്പിൽ മലങ്കര യാക്കോബായ സുറിയാനി സഭ ആദരപൂർവം ശിരസ്സു നമിക്കുന്നു.

സ്നേഹത്തിന്റെയും ത്യാഗത്തിന്റേയും സൗഹൃദത്തിന്റെയും ഉജ്ജ്വലപ്രതീകമായിരുന്ന ബാവയുടെ ദിവ്യനാമം മലങ്കര സഭാംഗങ്ങളുടെ മനസ്സിൽ എന്നും നിറഞ്ഞു നിൽക്കും. സഭാ ചരിത്രത്തിൽ അദ്ദേഹം അവിസ്മരണീയനാണ്. സുറിയാനി സഭാ പിതാക്കന്മാരുടെ ഗണത്തിൽ അതുല്യമായ സ്ഥാനമർഹിക്കുന്ന ഈ മഹാപ്രധാനാചാര്യന്റെ അഭാവം സഭയ്ക്കും സമൂഹത്തിനും തീരാനഷ്ടമാണ്. അദ്ദേഹത്തിന്റെ പേര് സഭാ ചരിത്രത്തിൽ സുവർണ ലിപികളാൽ രേഖപ്പെടുത്തപ്പെടും.



മ്ശിഹതമ്പുരാന്റെ ഭാവം ഉൾക്കൊണ്ട പുണ്യാത്മാവ്

ഡോ. ഈവാനിയോസ് മാത്യൂസ് മെത്രാപ്പോലീത്ത (കണ്ടനാട് ഭദ്രാസനം)

ആപ്തവാക്യങ്ങൾ അനുഭവത്തിന്റെ വെളിച്ചത്തിലാണ് ക്രമീകരിക്കപ്പെടുന്നതെങ്കിൽ മലങ്കരയുടെ പ്രകാശ ഗോപുരം ആകുന്ന ശ്രേഷ്ഠ ബസേലിയോസ് പൗലോസ് രണ്ടാമൻ ബാവാ തിരുമേനിയുടെ ജീവിതം അതിനൊരു അപവാദമാണ്. "familiarity breeds contempt" ഈ ആപ്തവാക്യം പരിശുദ്ധ ബാവായുടെ ജീവിതത്തിൽ ഒരിക്കലും ശരിയായിരുന്നില്ല. നിർമ്മലതയും ആഴ്ന്നിറങ്ങുന്ന സ്നേഹവും, പൈതൃകമായിരിക്കുന്ന കരുതലും, സമസൃഷ്ടികളോടുള്ള കരുണയും സർവ്വോപരി സർവ്വശക്തനായ ദൈവത്തിന്റെ കരങ്ങളിൽ സമർപ്പിച്ചിട്ടുള്ള ജീവിതവും ശ്രേഷ്ഠ ബാവായെ വ്യത്യസ്തനാക്കുകയായിരുന്നു. തിരുവത്താഴത്തിനു മുമ്പ് തന്റെ അപ്പോസ്തോലന്മാരെ കർത്താവ് അഭ്യസിപ്പിച്ച അനുഗ്രഹീത മാതൃകകൾ ശിരസ്സാ വഹിച്ചുകൊണ്ടുള്ള പ്രയാണമായിരുന്നു ആ പുണ്യാത്മാവിന്റേത്.

കർത്തൃ സന്നിധിയിലേക്ക് എടുക്കപ്പെട്ട്, നമുക്കുള്ള സ്വർഗ്ഗീയ മാദ്ധ്യസ്ഥനായി 25 വർഷം തികയുമ്പോൾ ദൈവത്താൽ തനിക്ക് ഭരമേൽപ്പിക്കപ്പെട്ടിട്ടുള്ള സകല ചുമതലകളിലും പൂർണ്ണത കൈവരിക്കുവാൻ അവിടുന്ന് ശ്രദ്ധിച്ചിരുന്നു. 1914 ജൂൺ 12 ന് ജനിച്ച ബാവാ തിരുമേനി തന്റെ വളർച്ചയുടെ ഓരോ കാലഘട്ടത്തിലും യിരമ്യായെ പോലെയും ശമുവേലിനെ പോലെയും ഉദരത്തിൽ വച്ച് തെരഞ്ഞെടുക്കപ്പെട്ടവനാണെന്ന്, അദ്ദേഹത്തോട് അടുത്തറിയുന്ന ആർക്കും വ്യക്തമാകുന്ന സത്യമാണ്. തന്റെ പിതാവായ ചെറായി പുതുശ്ശേരി വീട്ടിൽ യൗസേഫ് കത്തനാർ


മരണക്കിടക്കയിൽ വെച്ച് അറിയിച്ചതായിരിക്കുന്ന സത്യത്തെ മുറുകെ പിടിക്കുവാൻ എല്ലാ പ്രതിസന്ധിഘട്ടത്തിലും അദ്ദേഹം ശ്രമിച്ചിരുന്നു. ജീവിതത്തിൽ ഒരുവൻ ഓർത്തിരിക്കേണ്ട നിസ്തുല സത്യങ്ങളായ മരണം,ന്യായവിധി,സ്വർഗ്ഗരാജ്യം ഇവ കരുതികൊണ്ടുള്ള ജീവിത ശൈലിയായിരുന്നു ശ്രേഷ്ഠ ബാവായുടേത്.

ഓർമ്മ ചെപ്പ് ഡൽഹി സി.എൻ.ഐ. സഭയുടെ ബിഷപ്പ് സാന്ത്രാം ബാവായെക്കുറിച്ച് പറഞ്ഞ ഒരു പ്രസ്താവന. നമുക്കൊരു ആലയം അവിടെ ഉണ്ടാകുന്നതിന് മുൻപ് ബിഷപ്പിന്റെ അതിഥിയായി അദ്ദേഹത്തോടൊപ്പം രണ്ടാഴ്ച ബാവാ താമസിക്കുകയുണ്ടായി. ബാവാ ഡൽഹിയിൽ നിന്ന് പോയപ്പോൾ നന്ദി പ്രകടിപ്പിക്കുവാനായി ചെന്ന ഞങ്ങളോട് അദ്ദേഹം പറഞ്ഞത് " Scholasticism may be on the other side, But saintliness is on your side." രണ്ടാഴ്ചക്കാലം ബാവായുമായി ഒരുമിച്ച് താമസിച്ച അവസരത്തിൽ ബി,പ്പിന് ബോദ്ധ്യപ്പെട്ട വസ്തുതയാണ് അദ്ദേഹം അറിയിച്ചത്. അതുകൊണ്ട് തന്നെ ബാവായെ സംബന്ധിച്ചിടത്തോളം "Familiarity breeds Contenpt" എന്ന ആപ്ത വാക്യത്തിന്റെ പ്രസക്തി ഇല്ലാതാവുകയാണ്.

ദൈവകൃപയാൽ 14 വർഷം വൈദികനായും 23 വർഷം മെത്രാപ്പോലീത്തയായും 21 വർഷത്തിൽ അധികം പരിശുദ്ധ സഭയുടെ കാതോലിക്കായായും അദ്ദേഹം ശുശ്രൂഷ ചെയ്തപ്പോൾ കാറും കോളും നിറഞ്ഞുനിന്ന സഭാന്തരീക്ഷം വിശുദ്ധിയുടെ നിറവിൽ കൂടി പ്രയാണം ചെയ്തത് അദ്ദേഹത്തിൽ കൂടി വ്യാപരിച്ച പരിശുദ്ധാത്മാവിന്റെ കൃപയിലാണ്. ദുഖത്തിന്റെ കണ്ണാടിയായി ലോകത്തിൽ അവതരിച്ച ദൈവ മാതാവിന്റെ വലിയ മദ്ധ്യസ്ഥത നെഞ്ചോടു ചേർത്ത ശ്രേഷ്ഠ ബാവായ്ക്ക് ദുഖത്തിന്റെ പ്രതീകമായ കർത്താവിൽ ആശ്രയിക്കുവാൻ പ്രയാസമുണ്ടായിരുന്നില്ല.

ഒരു വ്യക്തിയേയും കുറച്ചു കാണുന്നതായിരുന്നില്ല പരിശുദ്ധ ബാവായുടെ അറിവും വിദ്യാഭ്യാസവും. ഒരിക്കൽ ബാവായുടെ സന്നിധിയിൽ ഞാനായിരുന്നപ്പോൾ ഒരാൾക്കുവേണ്ടി ശുപാർശ കത്ത് എഴുതുവാൻ ആ വ്യക്തിയെ എന്റെ അടുക്കലേക്ക് അയച്ചു. ഇംഗ്ലീഷ് ഭാഷയിലുള്ള ആ കത്ത് ഞാനെഴുതികൊടുത്തപ്പോൾ ഒരു വാചകത്തിന്റെ ഘടന ശരിയായിരുന്നില്ല എന്ന് എനിക്ക് ബോദ്ധ്യമുണ്ടായിരുന്നു. ബാവാ തിരുമേനി ആ കത്ത് വായിച്ചിട്ട് ആ വാചകം മറ്റൊരു കടലാസ്സിൽ എഴുതി ഇങ്ങനെയായാൽ നല്ലതല്ലേ എന്ന്, ആ മനുഷ്യനോട് തന്നെ എന്നോട്

ചോദിക്കുവാൻ പറഞ്ഞയച്ചപ്പോൾ എന്നെ ചെറുതാക്കാതെ നില നിർത്തിയ ബാവായെ ആണ് എനിക്ക് കാണുവാൻ കഴിഞ്ഞത്. വിശ്രമ ജീവിതം നയിച്ച് പിറമാടം ദയറായുടെ സ്വഛതയിൽ കഴിയുമ്പോൾ ശ്രേഷ്ഠ ബാവായുടെ കൈകളിൽ പറ്റിയിരുന്ന പൊടി തൂത്ത് കളഞ്ഞ എന്നോട് "മോനെ ഇത് മണ്ണാകാനുള്ളതല്ലേ" എന്ന് ചോദിക്കുമ്പോൾ ഭാഗ്യവാനായ പൗലോസ് അപ്പോസ്തോലനെപ്പോലെ "ഈ ഭൗമീക സഭയിൽ നിന്ന് വേർപിരിഞ്ഞ് കർത്താവിനോടു കൂടി ആയിരിക്കുവാൻ ഉള്ള ആഗ്രഹം ആണ് അതിൽ നിഴലിച്ചു കണ്ടത്. എത്രമാത്രം പറഞ്ഞാലും എഴുതിയാലും തീരാത്ത അനുകരണീയമായ ജീവിതം അനുവാചക ഹൃദയങ്ങളിൽ നിറച്ച് പ്രതികൂലങ്ങളെ അതിജീവിക്കുവാനുള്ള കരുത്താർജ്ജിക്കുവാൻ അനുഗ്രഹീതമായ ഓർമ്മയുടെ ഈ ദിവസങ്ങൾ നമ്മെ സഹായിക്കും. വ്യക്തിപരമായി ഒരു സാക്ഷ്യവും കൂടി രേഖപ്പെടുത്തട്ടെ. ഈ മഹാവലിയ പ്രതികൂലങ്ങളുടെ നടുവിലും പരിശുദ്ധ ബാവായുടെ ആദ്യ സ്നേഹമായ കണ്ടനാട് ഭദ്രാസനം പരിശുദ്ധ അന്ത്യോഖ്യാ സിംഹാസനത്തിൻ കീഴിൽ, സത്യവിശ്വാസത്തെ മുറുകെപ്പിടിച്ച്, കഷ്ടനഷ്ടങ്ങളെ വകവയ്ക്കാതെ ദൈവസന്നിധിയിലേക്ക് പ്രയാണം ചെയ്യുന്നുണ്ടെങ്കിൽ അത് ശ്രേഷ്ഠ ബാവായുടെ മദ്ധ്യസ്ഥത ഒന്നുകൊണ്ട് മാത്രമുള്ള ദൈവകൃപയാണ്. ക്രിസ്തുവിന്റെ ഈ ഭാവം അനുകരിക്കുവാൻ പുണ്യവാന്റെ ഓർമ്മയുടെ ഈ നാളുകളിൽ ദൈവം നമുക്ക് ഭാഗ്യം തരട്ടെ.



വിശ്വാസികളുടെ ഹൃദയത്തിൽ സ്ഥാനം അലങ്കരിച്ച പ്രധാനാചാര്യൻ

ഗീവർഗീസ് ദിവന്നാസിയോസ് മെത്രാപ്പോലീത്ത

ശ്രേഷ്ഠ ബാവാ കശീശാപട്ടം സ്വീകരിച്ച് പല പള്ളികളിലും സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചിരുന്നു. എങ്കിലും ഏറ്റവും കൂടുതൽ കാലം വികാരി ആയിരുന്നത് പാറത്തോട് സെന്റ് ജോർജ്ജ് പള്ളിയിലായിരുന്നു എന്നാണ് ഞാൻ മനസ്സിലാക്കിയിരുന്നത്. ഈ പള്ളിയിൽ വികാരിയായിരിക്കുമ്പോൾ നടന്ന ഒരു സംഭവം യാക്കോബായ സഭയിലെ മുൻ അൽമായ ട്രസ്റ്റി ആയിരുന്ന പാലാമ്പടത്ത് പി.ഇ തോമസ് (ബേബിച്ചൻ) എന്നോട് പറഞ്ഞത് ഇവിടെ അനുസ്മരിക്കുന്നത് ഉചിതമാണെന്നു തോന്നുന്നു. പാറത്തോടു പള്ളിയിലെ ശുശ്രൂഷയും ഇടവക സന്ദർശനവും കഴിഞ്ഞ് വളരെ ദൂരം വനത്തിൽ കൂടി യാത്ര ചെയ്ത പൗലൂസ് അച്ചൻ (ശ്രേഷ്ഠ ബാവാ) എരുമേലി പ്രൊപ്പോസിലുള്ള എസ്റ്റേറ്റ് ബംഗ്ലാവിലെത്തുമ്പോൾ രാത്രി 11 മണി കഴിഞ്ഞിരുന്നു. ബേബിച്ചനേയും മറ്റും ഉറക്കത്തിൽ ശല്യപ്പെടുത്തേണ്ട എന്നു കരുതി പൂമുഖത്തു കിടന്ന ചാരുകസേരയിൽ ഇരുന്നു നേരം വെളുപ്പിച്ചു. അതിഭയങ്കരമായ മഞ്ഞുള്ള ആ രാത്രി മുഴുവൻ ഇത്രമാത്രം സഹനശക്തിയോടെ പെരുമാറിയ ബാവായെക്കുറിച്ചു പറയുമ്പോൾ ബേബിച്ചന്റെ കണ്ഠമിടറി. ശ്രേഷ്ഠ കാതോലിക്കാബാവായുടെ സ്ഥാനാഭിഷേകശേഷം മൂവാറ്റുപുഴയിൽ വന്നു കഴിഞ്ഞ് ആദ്യമായി നൽകിയ കല്പന, ബലഹീനനായ എന്നെ കോരുത്തോടു പള്ളി വികാരിയായി നിയമിച്ചുകൊണ്ടുള്ളതായിരുന്നു. ആ പള്ളിയുടെ താല്ക്കാലിക കൂദാശയ്ക്ക ബാവായെയും കൂട്ടി ഞാൻ കോരുത്തോടിനു പോകുമ്പോൾ കാറിലിരുന്നു പാറത്തോടു

പള്ളിയേയും ഇടവകയേയും ബാവാ അനുസ്മരിച്ചു. ശ്രേഷ്ഠ ബാവാ പറയുകയാണ് അച്ചോ, ഈ കാണുന്ന മലകളിലെല്ലാം എന്റെ വിയർപ്പുതുള്ളികൾ വീണിട്ടുണ്ട്. നിങ്ങളൊക്കെ അച്ചൻമാരായപ്പോൾ കാറിലും, ബസിലും യാത്ര ചെയ്യുകയും സുഖമായി ജീവിക്കുകയും ചെയ്യുന്നു. ഞാൻ ഈ വനത്തിലൂടെയെല്ലാം കാൽനടയായിട്ടാണ് ഓരോ ഭവനത്തിലും പോയിട്ടുള്ളത്. പള്ളികൂദാശ കഴിഞ്ഞ് മടങ്ങുമ്പോൾ ഒരു പാവപ്പെട്ട മനുഷ്യൻ ബാവായെ സ്വീകരിക്കുവാൻ ഒരു പ്ലാസ്റ്റിക് മാലയുമായി വഴിയിൽ നിന്നിരുന്നു. ബാവാ അദ്ദേഹത്തെ കണ്ട് വണ്ടി നിർത്തുവാൻ പറഞ്ഞു. ബാവാ പിറമാടത്തായിരുന്നപ്പോൾ ശുശ്രൂഷിച്ചിരുന്ന ഒരു മനുഷ്യനായിരുന്നു അയാൾ. അയാളുടെ ഭവനത്തിലേക്കു ബാവാ ചെന്നു. ഓല മേഞ്ഞ, ഓലമറയുള്ള ഒരു ചെറിയ വീട്. ഒരു പഴയ കസേരയിൽ ബാവാ ഇരുന്നു. തന്റെ വീടു കൂദാശചെയ്തു തരണമെന്നുള്ള അയാളുടെ അഭ്യർത്ഥന മാനിച്ച്, കൂദാശക്രമ പുസ്തകം കൈവശമില്ലായിരുന്നെങ്കിലും ഭവന കൂദാശക്രമം ഹൃദ്യസ്ഥമായിരുന്ന ബാവാ പ്രാർത്ഥന മുഴുവൻ ചൊല്ലി. ഏവൻഗേല്യോൻ വായിച്ച് ഓലമറയിൽ റൂശ്മാ ചെയ്തു. അയാൾ നൽകിയ ലഘുഭക്ഷണം കഴിച്ച് ഞങ്ങൾ യാത്ര തുടർന്നു. മുണ്ടക്കയത്ത് എത്തിയപ്പോൾ ഇവിടെ നമുക്ക് ഒരു വീട്ടിൽ കയറണം എന്നു പറഞ്ഞ് കാർ നിർത്തി. ആ വീട്ടിലെ കാരണവർ പഴയ ഓർമ്മ പുതുക്കി ബാവായെ ആലിംഗനം ചെയ്തു വളരെ അധികം സങ്കടപ്പെട്ടു. അവിടുത്തെ സൽക്കാരം കഴിഞ്ഞ് ഞങ്ങൾ യാത്ര തുടർന്നു. കാഞ്ഞിരപ്പള്ളി അടുത്തുള്ള വേറൊരു ഭവനത്തിൽ ചെന്നു. അത് പാറത്തോട് പള്ളിയിൽ ബാവാ വികാരിയായിരുന്ന കാലത്ത് അവിടുത്തെ സൺഡേസ്കൂൾ ഹെഡ്മാസ്റ്റർ ആയിരുന്ന തോമസ് സാറിന്റെ ഭവനമായിരുന്നു. ബാവാ കാറിലിരുന്നുകൊണ്ട് "ശ്രേഷ്ഠ കാതോലിക്കാ ബാവാ എഴുന്നെള്ളിയിരിക്കുന്നു" എന്ന് ആ വീട്ടുകാരെ അറിയിക്കുവാൻ പറഞ്ഞു. ഞാൻ ആ ഭവനത്തിലേക്കു ചെല്ലുമ്പോൾ ഏകദേശം അറുപത്തഞ്ചു വയസ്സുള്ള ഒരു മനുഷ്യൻ നിൽക്കുന്നത് കണ്ട് അതായിരുന്നു തോമസ് സാർ എന്നു ധരിച്ച് ശ്രേഷ്ഠ ബാവാ ആഗതനായിരിക്കുന്ന കാര്യം ഞാൻ അറിയിച്ചു. അപ്പോൾ അയാൾ, അച്ചായൻ അകത്തു കിടക്കുകയാണെന്നു പറഞ്ഞ് എന്നെ അകത്തേക്ക് കൂട്ടിക്കൊണ്ടുപോയി. അവിടെ ഏതാണ്ട് 80 വയസ്സു തോന്നിക്കുന്ന ഒരുവലിയ മനുഷ്യൻ സോഫായിൽ ചാരിക്കിടക്കുന്നു. ബാവായുടെ ആഗമനവാർത്ത അറിഞ്ഞ് സന്തോഷവും ദുഃഖവും കൊണ്ട്

ആ വൃദ്ധൻ പൊട്ടിക്കരയുവാൻ തുടങ്ങി. അപ്പോഴേക്കും ബാവായും അവിടെ എത്തി. ബാവായ്ക്ക് തന്റെ മുമ്പിൽ തന്നെ കസേര ഇട്ടുകൊടുക്കുവാൻ തോമസ് സാർ നിർദ്ദേശം നൽകി. ബാവാ ഉപവിഷ്ടനായപ്പോൾ ബാവായുടെ കാൽ ഒന്നുനീട്ടിത്തരാമോ, എന്നു ചോദിച്ചു. അതെന്തിനാണെന്നു ചോദിച്ചപ്പോൾ എനിക്ക് ആ കാലിൽ ചുംബിക്കുവാനാണ്, എഴുന്നേല്ക്കുവാൻ കഴിയുന്നില്ല എന്നു പറഞ്ഞു. അപ്പോൾ ബാവാ എഴുന്നേറ്റ് ഹേ എന്താണീ പറയുന്നത്, മെത്രാൻമാരുടെ കാലല്ല സ്ലീബായാണു മുത്തേണ്ടത് എന്നു പറഞ്ഞ് സ്ലീബാ മുത്തിക്കുവാൻ കുനിഞ്ഞപ്പോൾ ആ മനുഷ്യൻ ബാവായെ രണ്ടുകൈകൊണ്ടും കെട്ടിപ്പുണർന്ന് പൊട്ടിക്കരയാൻ തുടങ്ങി. അദ്ദേഹത്തിന് എന്തെങ്കിലും സംഭവിച്ചേക്കുമോ എന്നു പോലും ഞാൻ ഭയപ്പെട്ടു. ഈ സമയത്ത് സാറിന്റെ മകൻ എന്നെ അടുത്ത മുറിയിലേക്കു കൂട്ടുകൊണ്ടുപോയി ഇപ്രകാരം പറഞ്ഞു. രണ്ടാഴ്ച മുമ്പ് അച്ഛായൻ മരിച്ച ലക്ഷണം കാണിച്ചു. ഞങ്ങൾ കൈകാലുകൾ നേരെയാക്കി. കണ്ണുകൾ തിരുമ്മി അടച്ചു. ശ്വാസവും നിലച്ചിരുന്നു. എന്നാൽ അല്പം കഴിഞ്ഞ് വീണ്ടും കണ്ണ് തുറന്നു ശ്വാസം എടുക്കുവാൻ തുടങ്ങി. സുബോധം വന്നപ്പോൾ കാതോലിക്കാ ബാവായെ വിളിക്കണമെന്നു പറഞ്ഞു. ബാവാ അവിടെ വന്നത് ഒരു നിമിത്തമായിരുന്നുവോ എന്തോ? അധികം താമസിക്കാതെ തോമസ് സാർ മരിച്ചുപോയ വാർത്തയാണ് എനിക്കു കേൾക്കുവാനിടയായത്.

സഭയുടെ ആരംഭഘട്ടത്തിൽ ദയറാ ജീവിതം നയിച്ചിരുന്ന ദയറാധിപൻമാർ ഉഗ്രതപസ്വികളായിരുന്നു. അവരുടെ ജീവിതം അത്ഭുതകരമായിരുന്നു. കപ്പദോക്യൻ പിതാവായ മോർ ബസേലിയോസിൽ വളരെയധികം ഭക്തനായിരുന്ന ശ്രേഷ്ഠ ബസേലിയോസ് പൗലൂസ് ദ്വിതീയൻ ബാവായിൽ ഒരു ദയറാധിപന്റെ എല്ലാ സിദ്ധികളും നിറഞ്ഞിരുന്നു. പരിശുദ്ധ അന്ത്യോഖ്യാ സിംഹാസനത്തോടുള്ള അതിരറ്റ ഭക്തി, സഹിഷ്ണത, സമഭാവന എല്ലാം കാണുവാനും പ്രതികരിക്കുവാനും ഉള്ള കഴിവ്, ഉത്തമ സന്യാസിക്കുചിതമായ ലാളിത്യം, ക്ഷമാശീലം, വിജ്ഞാനം, സർവ്വോപരി പരിശുദ്ധാത്മാവിന്റെ കൃപാഫലങ്ങൾ, നല്ല പ്രാർത്ഥന ശീലം, സാധുക്കളോടുള്ള കരുതൽ ഇങ്ങനെ ബാവായിൽ വിളങ്ങിയിരുന്ന നന്മകൾ വാചാമനോചരമത്രെ. ഞാൻ ആദ്യമായി ബാവായെ അടുത്തറിഞ്ഞത് അദ്ദേഹം പാമ്പാടി സിംഹാസനപ്പള്ളിയിൽ വന്നപ്പോഴായിരുന്നു. 1972ൽ സിംഹാസനപ്പള്ളി കൂദാശചെയ്യപ്പെട്ടു. കൂദാശയുടെ തലേദിവസം വൈകിട്ട് ശീലകൾ കൂദാശ ചെയ്യപ്പെട്ടു. അപ്പോൾ

ശുശ്രൂഷകൾക്ക് നേതൃത്വം വഹിച്ചത് യോജിച്ച സഭയിലെ ഒരു മെത്രാപ്പോലീത്താ ആയിരുന്നു. സന്ധ്യാപ്രാർത്ഥനയ്ക്കു ശേഷം കൂദാശയുടെ ഒന്നാം ഘട്ടം വൈദ്യുതി തടസംമൂലം മെഴുകുതിരിയുടെ അരണ്ട വെളിച്ചത്തിലായിരുന്നു. ത്രോണോസിൽ നിക്ഷേപിക്കുവാനുള്ള കല്ലുകൾ കൂദാശ ചെയ്യപ്പെടുന്നതിനു മുമ്പ് നമ്മുടെ അഭിവന്ദ്യ പൗലൂസ് മോർ പീലക്സീനോസ് തിരുമേനി (ശ്രേഷ്ഠ ബാവാ) ദേവാലയത്തിൽ വന്നുചേർന്നു. അദ്ദേഹം പള്ളിയുടെ വാതിൽപ്പടിയിൽ ചവിട്ടുമ്പോൾ വൈദ്യുതി വിളക്കുകൾ പെട്ടെന്നു ജ്വലിച്ചപ്പോൾ ദേവാലയത്തിലുള്ളവർക്കെല്ലാം വളരെയധികം സന്തോഷം ഉണ്ടായി. ബാവായുടെ ആഗമനം ദേവാലയത്തിൽ പ്രകാശം പരത്തിയത് ഒരു വലിയ വിസ്മയ സംഗതിയായി ഞാൻ മനസ്സിൽ കുറിച്ചു. മലയാളത്തിൽ തർജ്ജമ ചെയ്തിട്ടില്ലാത്ത ചില ഭാഗങ്ങൾ ഒഴിവാക്കി അന്നു കൂദാശയിൽ പങ്കെടുത്ത ഗായകസംഘം ആരാധന തുടർന്നപ്പോൾ അഭിവന്ദ്യ പീലക്സീനോസ് തിരുമേനി ഗായകസംഘത്തെ നിശബ്ദരാക്കുകയും സുറിയാനിയിൽ വിട്ടുപോയ ഭാഗങ്ങൾ ആലപിക്കുകയും ചെയ്തത് കൂടുതലാരും ശ്രദ്ധിക്കുകയുണ്ടായില്ല. സുറിയാനി ഭാഷയിലും കൂദാശകളിലും അതീവ ശുഷ്കാന്തി പുലർത്തിയിരുന്ന തിരുമേനി ശുശ്രൂഷകളുടെ നേതൃത്വം ഏറ്റെടുത്തു. പ്രധാന ശിലയിൽ പ്രധാന കാർമ്മികൻ തള്ളവിരൽ കൊണ്ട് വിശുദ്ധ മൂറോൻ അഭിഷേകം ചെയ്തപ്പോൾ അഭിവന്ദ്യ തിരുമേനി, അപ്പോൾ എന്താണ് ചെയ്യേണ്ടത് എന്ന് സുറിയാനിയിലുള്ള ഭാഗം വായിച്ചു മനസ്സിലാക്കുകയും ആ ശില വാങ്ങി തന്റെ കൈവെള്ളയിൽ വിശുദ്ധ മൂറോൻ ഒഴിച്ച് ശിലയെ മുഴുവൻ അഭിഷേകം ചെയ്യുകയും കൂദാശയിലുള്ള തന്റെ പ്രാവിണ്യം തെളിയിക്കുകയും ചെയ്തത് ശ്രദ്ധേയമായി. അപ്പോൾ പ്രധാന കർമ്മികൻ ഇനിയുള്ള ഭാഗം ആബൂൻ പൂർത്തിയാക്കിക്കൊള്ളുക എന്നു പറഞ്ഞു സ്ഥലം വിട്ടത് ചിലരെങ്കിലും ഓർക്കുന്നുണ്ടാകും. പിറ്റേന്ന് കൂദാശയുടെ രണ്ടാം ഘട്ടം അഭിവന്ദ്യ പീലക്സീനോസ് തിരുമേനി തന്നെ പൂർത്തീകരിച്ച് വിശുദ്ധ കുർബ്ബാന അർപ്പിച്ചു. ശ്രേഷ്ഠ കാതോലിക്കാ ബാവായുടെ ധന്യജീവിതം എന്നെപ്പോലെയുള്ള അനേകം ആത്മീയ പുത്രന്മാർക്ക് മാർഗ്ഗദീപമായിട്ടുണ്ടെന്നുള്ളത് ഒരനുഭവസത്യമാണ്. കഴിഞ്ഞ കാലഘട്ടത്തിലേക്ക് തിരിഞ്ഞുനോക്കുമ്പോൾ ആ വന്ദ്യപിതാവിന്റെ അനുഗ്രഹം എന്റെ ജീവിതപാതയിൽ ഉടനീളം എനിക്ക് നേർവഴികാട്ടിയിട്ടുള്ളതായി അനുഭവപ്പെടുന്നു.



"അവരുടെ നടപടികളുടെ അവസാനം ഓർത്ത് അവരുടെ വിശ്വാസത്തെ അനുകരിക്കണം" (എബ്രായർ 13: 7)

ഡോ. അന്തിമോസ് മാത്യൂസ് മെത്രാപ്പോലീത്ത

മലങ്കര യാക്കോബായ സുറിയാനി സഭയെ കാറ്റും കോളും നിറഞ്ഞ 70 കളിൽ അതിന്റെ അമരക്കാരനായി നിന്ന് നയിച്ച പൗരസ്ത്യ കാതോലിക്ക പുണ്യശ്ലോകനായ മോർ ബസേലിയോസ് പൗലോസ് രണ്ടാമൻ ബാവ കർത്തൃസന്നിധിയിലേക്ക് വാങ്ങിപ്പോയിട്ട് 25 വർഷം തികയുന്നു. ഒട്ടനവധി സവിശേഷതകൾ നിറഞ്ഞ ആ ജീവിതം ചരിത്രത്തിൽ തങ്കലിപികളിൽ എഴുതപ്പെട്ടതായിരുന്നു. അന്ത്യോഖ്യായിലെ പരിശുദ്ധ പത്രോസിന്റെ അപ്പോസ്തോലിക സിംഹാസനത്തിൽ വാണരുളിയ മോറാൻ മോർ ഇഗ്നാത്തിയോസ് സാഖ ഐവാസ് പ്രഥമൻ ബാവായെ 1980 സ്ലീബ പെരുന്നാൾ ദിനം (സെപ്റ്റംബർ 14) വാഴിച്ചപ്പോൾ അന്ത്യോഖ്യ പാത്രിയർക്കീസിനെ വാഴിക്കാൻ അനുഗ്രഹം ലഭിച്ച ആദ്യത്തെ ഭാരതീയനായി ശ്രേഷ്ഠ ബാവ മാറി എന്നതാണ് അതിന്റെ പ്രധാനം. അതുപോലെ സുറിയാനി ഭാഷയിലുള്ള അഗാധമായ പാണ്ഡിത്യം ശ്രേഷ്ഠ ബാവായുടെ വലിയ പ്രത്യേകതയായിരുന്നു.

പൗരോഹിത്യ പാരമ്പര്യം കൊണ്ട് പ്രശസ്തമായ പുതുശ്ശേരി കുടുംബത്തിൽ പ്രമുഖ മല്പാനായിരുന്ന പി.പി. ഔസേപ്പ് കശ്ശീശായുടെയും എലിസബത്തിന്റെയും പുത്രനായി ഭൂജാതനായി. കൊച്ചി ഭദ്രാസനത്തിലെ ചെറായി ഇടവകാംഗമായ കഥാനായകൻ തന്റെ വിദ്യാഭ്യാസം പ്രശസ്തമായ രീതിയിൽ സ്വായത്തമാക്കി. "അന്ത്യോഖ്യയിലെ പരിശുദ്ധ പത്രോസിന്റെ അപ്പോസ്തോലിക സിംഹാസനം കൃപയുടെ ഉറവിടമാണ്." എന്ന സത്യ

വിശ്വാസം തന്റെ ജീവിതത്തിൽ ഉടനീളം കാത്ത് സൂക്ഷിക്കുകയും തലമുറകൾക്കു അതു കൈമാറണമെന്ന് തന്റെ ആത്മീയ മക്കളെ ഭരമേൽപ്പിക്കുകയും ചെയ്തിട്ടാണ് ആ ശ്രേഷ്ഠ പിതാവ് തന്റെ ഇഹലോകവാസം വെടിഞ്ഞത്.

ശ്രേഷ്ഠ ബാവായുടെ സംഭവബഹുലമായ ജീവിതം അനുസ്മരിക്കുമ്പോൾ ബലഹീനനായ എന്റെ ഹൃദയത്തിൽ വരുന്ന ഏറ്റവും വലിയ സവിശേഷത പ്രകടനമില്ലാത്ത ജീവിതമായിരുന്നു. അനതിസാധാരണമായിരുന്ന താഴ്മയും ജീവിത ലാളിത്യവുമാണ് അതിൽ പ്രധാനം. പരിശുദ്ധ സുറിയാനി സഭയിൽ പൗരോഹിത്യ ശ്രേണിയിൽ രണ്ടാമനായ, ഉന്നതനായ കാതോലിക്കയായിരുന്നിട്ടും ഒരു "നല്ല മനുഷ്യനായി" ജീവിക്കുവാൻ ആഗ്രഹിക്കുന്ന ആർക്കും അനുകരിക്കാവുന്ന ജീവിത ലാളിത്യത്തിന്റെ ശ്രേഷ്ഠമായ മാതൃക ബാവായുടെ ജീവിതത്തിൽ ഉടനീളം വിളങ്ങിയിരുന്നു. മലങ്കരയിൽ മഹാപൗരോഹിത്യത്തിന്റെ ഔന്നത്യത്തിൽ നിന്ന് മേയിച്ച് നയിച്ച ഭാഗ്യവാന്മാരായ പിതാക്കന്മാരുടെ കൂട്ടത്തിൽ 'വിശുദ്ധിയുടെ പ്രകാശഗോപുരമായി' ശ്രേഷ്ഠ ബാവായെ മാറ്റിയത് ഈ അനുഗ്രഹീത സ്വഭാവ വൈശിഷ്ട്യമായിരുന്നു. 'സഭാ നേതൃത്വങ്ങൾ' എങ്ങനെ ആകണമെന്ന് പഠിക്കുവാൻ ശ്രേഷ്ഠ ബാവായുടെ ജീവിതം വലിയ മാതൃകയായി ഇന്നും മാറ്റ് ഒട്ടും കുറയാതെ നിൽക്കുന്നു. ഒപ്പം കൃഷിയെ കുറിച്ചുള്ള ബാവായുടെ കാഴ്ചപ്പാടുകളും അതിനായി നൽകിയ പ്രാധാന്യവും കാലത്തിനധീനമായ സന്ദേശമായി ഇന്നും നില നിൽക്കുന്നു. മനോഹരമായ പള്ളി മുറ്റങ്ങൾ ഇന്ന് 'ടൈൽസ് പാകി' ഭംഗിയാക്കുമ്പോൾ പ്രകൃതിയെ സ്നേഹിക്കുവാനും, കരുതുവാനും, പരിരക്ഷിക്കുവാനും പ്രചോദനമായിരുന്ന ബാവായെ നാം മറന്നു പോകുന്നുണ്ടോ? കൃഷി നാശം സംഭവിച്ച് സകലതും നഷ്ടമായ കുടുംബത്തിനു തനിക്ക് നൽകാവുന്ന വില പിടിപ്പ് ഉള്ളത് നൽകി വീണ്ടും അവരെ കൈപിടിച്ചുയർത്തിയ ചരിത്രം തന്റെ സന്തത സഹചാരിയായിരുന്ന വന്ദ്യ ചാലപ്പുറത്ത് ജോർജ് കോർഎപ്പിസ്കോപ്പ വിവരിച്ചത് ഞാൻ ഇവിടെ കുറിക്കട്ടെ. അതെ ശ്രേഷ്ഠ ബാവ ഒരു നീതിമാനും പുണ്യവാനുമായ പിതാവായിരുന്നു.

പ്രകടനങ്ങളില്ലാത്ത, തന്റെ പാണ്ഡിത്യത്തിന്റെ ആഴത്തിൽ അഹങ്കരിക്കാത്ത, സഭാഭരണം സ്നേഹത്തിന്റെ ശീലങ്ങളിൽ ചാർത്തിയ, മണ്ണിനെ കരുതിയ. കൃഷിയെ വ്യതമാക്കിയ, സത്യ വിശ്വാസത്തെ ജീവിതമാക്കി മാറ്റിയ ആ ധന്യജീവിതത്തിന്റെ

ഏടുകൾ മറിച്ചു നോക്കുമ്പോൾ നമുക്ക് കാണുവാൻ സാധിക്കുന്ന നിറവുള്ള നന്മയുടെ നേർകാഴ്ചകളാണ്. ഏതൊരു വ്യക്തിയെയും മഹത്വത്തിന്റെ അങ്കി അണിയിക്കുന്നത് ആർജ്ജിക്കുന്ന സ്ഥാനമാനങ്ങളോ, നേടുന്ന അറിവോ മാത്രമല്ല, മറിച്ച് തന്റെ ജീവിതത്തിൽ ഉടനീളം കാത്തുസൂക്ഷിക്കുന്ന വിശുദ്ധിയുടെയും, നീതിബോധത്തിന്റെയും സർവ്വാത്മന പുലർത്തുന്ന കുലീന സ്വഭാവങ്ങളുമാണ്. ശ്രേഷ്ഠ ബാവായുടെ ജീവിതം ഇവയെല്ലാം കൊണ്ടും സമ്പന്നമായിരുന്നു. ഒപ്പം പരിശുദ്ധ സഭയുടെ പുരാതീനമായ ദൈവശാസ്ത്രത്തിലോ ആരാധന നിഷ്ഠകളിലോ യാതൊരു കുറവും സംഭവിക്കാതെ അതെല്ലാം പാലിക്കുവാനും, അഭംഗുരം കൈമാറുവാനും ശ്രദ്ധാലുവായിരുന്നു. പരിശുദ്ധ സഭയെ ജീവനുതുല്യം സ്നേഹിച്ച് പരിശുദ്ധ സഭയുടെ ആരാധന ഭാഷ, കർത്താവായ യേശുമിശിഹ സംസാരിച്ച ഭാഷ ഹൃദയത്തോട് ചേർത്ത് പിടിക്കുവാനും, മനുഷ്യരക്ഷയ്ക്ക് ഉതകുന്നതായ ശ്രേഷ്ഠമായ കൂദാശകളുടെ മഹിമ ചോർന്നു പോകാതെ ചേർത്തു പിടിക്കുവാനും, സത്യവിശ്വാസം ഉയർത്തി പിടിച്ച് ദയറാവാസത്തിന്റെ ഉത്കൃഷ്ടമായ രീതികൾ വ്രതമാക്കിയ ശ്രേഷ്ഠ പിതാവ് ആധുനിക യാക്കോബായ സുറിയാനി സഭയുടെ അടിസ്ഥാനമിട്ട പിതാവായി ചരിത്രം രേഖപ്പെടുത്തും.

പരിശുദ്ധാത്മാവിന്റെ കിന്നരമായ മോർ അപ്രേം നിസിബിസിലെ ഒന്നാമത്തെ മെത്രാപ്പോലീത്തയായ നിസിബിസിലെ മോർ യാക്കോബിനെ കുറിച്ച് നിസിബിയൻ ഗീതങ്ങളിൽ ഇപ്രകാരം രേഖപ്പെടുത്തിയിരിക്കുന്നു. "നിസിബിസിന്റെ തോട്ടക്കാരനായ ഒന്നാമത്തെ പുരോഹിതൻ അവളുടെ ശിഖരങ്ങൾ ആകാശം മുട്ടെ വളരുവാൻ ഇടയാക്കി. ഇതാ അവൻ മരിച്ച് അവിടെ സംസ്കരിക്കപ്പെട്ടിരിക്കുന്നു. അവളരുടെ ഉദരത്തിൽ അവൻ ഫലമായി. അതുകൊണ്ടാണ് വിനാശകൻ എത്തിയപ്പോൾ അവളിലെ ഫലം അവളെ കാത്തുസൂക്ഷക്ഷിക്കുന്നു" (നിസിബിസിയൻ ഗീതങ്ങൾ 13:19.) അതെ മലങ്കര യാക്കോബായ സുറിയാനി സഭയിലെ കാതോലിക്ക പുണ്യശ്ലോകനായ ബസേലിയോസ് പൗലോസ് രണ്ടാമൻ ബാവ പരിശുദ്ധ സഭയുടെ ശിഖരങ്ങളെ വാനോളം ഉയർത്തി, പരിശുദ്ധ സഭയെ നയിച്ചു. തന്റെ ഭൗതിക ശരീരം ഈ മണ്ണിൽ ഈ സഭയിൽ അലിഞ്ഞു ചേർന്നു. പരിശുദ്ധ സഭയിൽ ശ്രേഷ്ഠ പിതാവിന്റെ നന്മകളാൽ നല്ല ഫലങ്ങൾ ഉണ്ടായി. അതുകൊണ്ട് വിനാശക്കാലത്ത് ആ നല്ല ഫലങ്ങൾ സഭയെ കാത്തുസൂക്ഷിക്കുന്നു. അതെ ശ്രേഷ്ഠ ബാവ കൈമാറി

തന്ന തലമുറകളായുള്ള സത്യവിശ്വാസം പരിശുദ്ധ സഭയുടെ ഹൃദയത്തിൽ തുടിക്കുന്ന കാലത്തോളം പരിശുദ്ധ സഭയെ യാതൊരു തിന്മയുടെ ശക്തികൾക്കും പരാജയപ്പെടുത്തുവാൻ സാധിക്കുകയില്ല. പരിശുദ്ധ സഭ സത്യവിശ്വാസത്തിൽ മുമ്പോട്ട് പോകും.



കാലം ചെയ്ത ശ്രേഷ്ഠ കാതോലിക്ക ബസേലിയോസ് പൗലോസ് ദ്വിതീയൻ ബാവാ മലങ്കരയുടെ മഹാഭാഗ്യം

സ്ലീബാ പോൾ വട്ടവേലിൽ കോറെപ്പിസ്കോപ്പ, (സഭാ വൈദീക ട്രസ്റ്റി)

പരി. യാക്കോബായ സുറിയാനി സഭയുടെ ശ്രേഷ്ഠ കാതോലിക്കായും, മലങ്കര മെത്രാപ്പോലീത്തായും, കണ്ടനാട് ഭദ്രാസനാധിപനായിരുന്ന പുണ്യശ്ലോകനായ ശ്രേഷ്ഠ കാതോലിക്ക ബസേലിയോസ് പൗലോസ് ദ്വിതീയൻ ബാവ പരി.സഭയുടെ പ്രകാശ ഗോപുരമായിരുന്നു. അതുകൊണ്ട് തന്നെ ശ്രേഷ്ഠബാവായെ മലങ്കരയുടെ പ്രകാശ ഗോപുരം എന്ന് വിളിച്ച് പോരുന്നു. 2021 സെപ്റ്റംബർ മാസം 01-ാം തീയതി ആ ദിവ്യ പ്രകാശം ഭൗതീകമായി അസ്തമിച്ചിട്ട് 25 വർഷം തികയുകയാണ്.

ജീവിച്ചിരുന്നപ്പോഴും, കാലം ചെയ്ത ശേഷവും സഭാമക്കളുടെ വലിയ മദ്ധ്യസ്ഥനായി ശ്രേഷ്ഠബാവാ പ്രശോഭിക്കുന്നു. വിശ്വാസ സാഗരത്തിന്റെ ഹൃദയങ്ങളിൽ ഇത്രമാത്രം സ്വാധീനം പിടിച്ചിട്ടുള്ള മറ്റൊരു പിതാവ് ഉണ്ടോ എന്ന് സംശയമാണ്. പേരു ചൊല്ലി വിളിക്കുകയും വ്യക്തിപരമായി സഭാമക്കളെ വ്യക്തമായി മനസിലാക്കുകയും ചെയ്തിരുന്ന ഒരു പുണ്യപിതാവായിരുന്നു കാലം ചെയ്ത ശ്രേഷ്ഠ ബാവാ.

എന്റെ പിതാവിനെ വൈദീക പദവിയിലേയ്ക്കുയർത്തിയത് ശ്രേഷ്ഠ ബാവായായിരുന്നു. കൂടാതെ എന്നെ വൈദീക പഠനത്തിന് മഞ്ഞിനിക്കര ദയറായിലേയ്ക്ക് അയച്ചതും ശ്രേഷ്ഠ ബാവായായിരുന്നു. 1993-ൽ ബാവായോടൊപ്പം മദ്രാസ് പള്ളിയിൽ ഒരു മാസം താമസിക്കുവാൻ കഴിഞ്ഞപ്പോൾ ബാവായുടെ എളിമയും, ബാവായുടെ വിനയവും എന്നെ വല്ലാതെ അത്ഭുതപ്പെടുത്തി. ഇത് മലേക്കുരിശ് ദയറായിൽ ബാവായുടെ പെരു

ന്നാൾ ദിവസം അനുസ്മരണ പ്രഭാഷണത്തിൽ പറയുവാൻ കഴിഞ്ഞത് ഞാൻ ഈ അവസരത്തിൽ പ്രത്യേകമായി ഓർക്കുകയാണ്. ഒരു വലിയ തുണിമില്ലിൽ ബാവാ പ്രവേശിച്ചപ്പോൾ ചെരുപ്പ് ഊരി ആ സ്ഥാപനത്തിന്റെ ഉടമസ്ഥൻ ബാവാ ചെരുപ്പ് ഊരരുത് എന്ന് ആവശ്യപ്പെട്ടപ്പോൾ മോനേ ഇത് പരവതാനി വിരിച്ച ഇടമല്ലേ, സാരമില്ല എന്നു പറഞ്ഞ് നഗ്നപാദത്താൽ അവിടെ ചവിട്ടിയത് ആസ്ഥാപനത്തിന് വലിയ അനുഗ്രഹത്തിന് കാരണമായി എന്ന് അവർ വിശ്വസിക്കുന്നു.

റോഡുകൾ ഇല്ലാതിരുന്ന കാലത്ത് 1974-ൽ എന്റെ വല്ല്യപ്പച്ചന്റെ മരണവാർത്തയറിഞ്ഞ് എന്റെ വീട്ടിലേക്ക് നടന്നുവരുന്ന ഒരു തിരുമേനിയേയാണ് എന്റെ ഓർമ്മയിലേക്ക് ആദ്യം വരുന്നത്. തുടർന്ന് പലവട്ടം കീഴുമുറിയിലുള്ള എന്റെ തറവാട്ടിൽ വരുകയും പ്രാർത്ഥിക്കുകയും ഞങ്ങളെ അനുഗ്രഹിക്കുകയും ചെയ്ത ബാവായെ ഞാൻ വിശുദ്ധനായി തന്നെ കാണുന്നു. 1963-ൽ സഭാതർക്കം രൂക്ഷമായ സമയം കീഴ്മുറി വലിയ പള്ളി ആയിരുന്നു എന്റെ ഇടവക. ഔഗേൻ തീമോത്തിയോസ് അന്ന് കണ്ടനാട് ഭദ്രാസന മെത്രാപ്പോലീത്തയായിരുന്നു. ശെമ്മാശനായ എന്റെ പിതാവിന് തീമോത്തിയോസ് തിരുമേനി പട്ടം നൽകുകയാണ് എന്ന് അറിയിച്ചപ്പോൾ പീലക്സിനോസ് തിരുമേനിയിൽ നിന്നാണ് ഞാൻ പട്ടം ഏൽക്കുന്നത് എന്ന് അറിയിച്ചപ്പോൾ ഉണ്ടായ വലിയ പ്രതിസന്ധിയുടെ സമാപ്തിയാണ് കീഴുമുറി സെന്റ് ജോർജ്ജ് നിർമ്മലഗിരി യാക്കോബായ പള്ളി. എന്റെ പിതാവിന് വി.കുർബ്ബാന അർപ്പിക്കുവാൻ വേണ്ടിയാണ് അന്ന് പീലക്സിനോസ് തിരുമേനി അദ്ദേഹത്തിന്റെ പേരിൽ തന്നെ സ്ഥലം വാങ്ങി പള്ളി നിർമ്മിച്ചതും, ബാവായുടെ ഇഷ്ടനാമം ആയ നിർമ്മലഗിരി പള്ളി എന്ന് പേരിടുകയും ചെയ്തത്. പരി. സഭയിൽ അനേക ദൈവാലയങ്ങൾ സ്ഥാപിക്കുകയും സഭാമക്കളുടെ ഹൃദയത്തിൽ വളരെ കൂടുതൽ സ്ഥാനം പിടിക്കുകയും ചെയ്തിട്ടുള്ള ശ്രേഷ്ഠ ബസേലിയോസ് പൗലോസ് ദ്വിതീയൻ ബാവായുടെ 25-ാ മത് ദുഖ്റോനോ പെരുന്നാൾ സഭയുടെ ആഭിമുഖ്യത്തിൽ പുത്തൻകുരിശ് പാത്രിയർക്കാസെന്ററിൽ ആഗസ്റ്റ് മാസം 29-ാം തീയതി നടത്തപ്പെടുമ്പോൾ ബാവായുടെ അനുഗ്രഹീത സാന്നിദ്ധ്യം നിശ്ചയമായും ഉണ്ടാകുമെന്ന് ഞാൻ പൂർണ്ണമായി വിശ്വസിക്കുന്നു. മാത്രമല്ല മലേക്കുരിശ് കുന്നിൽ അസ്തമിക്കാത്ത സൂര്യനായി മലങ്കരമക്കളുടെ അടുത്ത പ്രഖ്യാപിത

ശേഷം പേജ് 44ൽ



ബസേലിയോസ് പൗലോസ് ദ്വിതീയൻ ബാവാ എന്റെ ഓർമ്മയിൽ

കമാണ്ടർ സി.കെ.ഷാജി ചുണ്ടയിൽ
അൽമായ ട്രസ്റ്റി, യാക്കോബായ സുറിയാനി സഭ

അധികം തിരുമേനിമാരെ കണുവാൻ അവസരം ലഭിക്കാതിരുന്ന നാളുകളിൽ മുവാറ്റുപുഴ അരമനയിൽ പ്രാർത്ഥ നിരതനായി കഴിയുന്ന പൗലോസ് മാർ പീലക്സിനോസ് തിരുമേനിയെയാണ് ഞാൻ കാണുന്ന ആദ്യത്തെ മെത്രാപ്പോലീത്ത.

സൗമ്യസുന്ദരനായി വിശ്വാസികളുടെ പിതാവായി ദൈർഘ്യമുള്ള ദീക്ഷയോടുകൂടിയ ഒരു തിരുമേനി. പിന്നീട് പരി. യാക്കോബായ സുറിയാനി സഭയുടെ ശ്രേഷ്ഠ കാതോലിക്ക ബാവായായി. ഞാൻ മുവാറ്റുപഴ അരമനയിൽ ചെയ്യുമ്പോൾ സ്നേഹത്തോടെ ചേർത്തുനിർത്തുകയും വെറുംകയ്യോടെ അയക്കാതെ സമ്മാനങ്ങൾക്കൊപ്പം മധുരം നൽകി അയക്കുന്ന ബാവാ ഇന്നും എന്റെ മനസ്സിൽ മായാതെ തെളിഞ്ഞു നിൽക്കുന്നു. മുവാറ്റുപുഴ അരമന നമുക്ക് (പരി.സഭയ്ക്ക്)നഷ്ടപ്പെട്ടതിൽ ഞാൻ ഏറെ ദു:ഖിക്കുന്നു. എങ്കിലും ബാവായുടെ ഭൗതിക ശരീരം പരി.അന്ത്യോഖ്യാ സിംഹാസനം വക മലേക്കുരിശ് ദയറായിൽ കബറടക്കാൻ കഴിഞ്ഞത് ദൈവീക നിയോഗമായി ഞാൻ കാണുന്നു. ബാവായുടെ 25-ാം മത് ഓർമ്മപെരുന്നാൾ ആഗസ്റ്റ് മാസം 29-ാം തീയതി ഞായറാഴ്ച പരി.സഭയുടെ ആഭിമുഖ്യത്തിൽ പുത്തൻകുരിശ് പാത്രിയർക്കാസെന്ററിൽ നടത്തപ്പെടുമ്പോൾ പുണ്യപിതാവിന്റെ മദ്ധ്യസ്ഥതിയിൽ അഭയപ്പെട്ടുകൊണ്ട് അനുഗ്രഹത്തിനായി യാചിച്ചുകൊണ്ട് നിർത്തുന്നു.



മലങ്കരയുടെ പ്രകാശഗോപുരം മലയാളത്തിന്റെ അഭിമാനം

അഡ്വ.പീറ്റർ കെ. ഏലിയാസ് (യാക്കോബായ സഭാ സെക്രട്ടറി)

മലങ്കരയുടെ പ്രകാശഗോപുരം മലയാളത്തിന്റെ അഭിമാന മാണ്. കാലം ചെയ്ത ശ്രേഷ്ഠ കാതോലിക്കാ ബാവ ബസേ ലിയോസ് പൗലോസ് ദ്വിതീയൻ, ഒരു ആത്മീയ ആചാര്യൻ എങ്ങനെ ജീവിക്കണം എങ്ങനെ മറ്റുള്ളവരോടുള്ള സൗമ്യമായ ഉള്ള ബന്ധം നില നിർത്തണം ഇതിനൊക്കെ ഒരു ഉദാഹരണ മായിരുന്നു. എല്ലാ ആത്മീയ ആചാര്യന്മാരും വിശുദ്ധഗ്രന്ഥം അടിസ്ഥാനത്തിൽ ലോകത്തിന് മാതൃക പകർന്നു നൽകാൻ ശ്രമിച്ചിരുന്ന. എന്നാൽ സ്വന്തം ജീവിതം തന്നെ ലോകത്തിനു മാതൃകയായി, ക്രിസ്തീയ ദൗത്യം സ്വന്തം ജീവിതംകൊണ്ട് ലോകത്തിന് കാണിച്ചുകൊടുത്ത മഹത് വ്യക്തിയായിരുന്നു ബാവാ തിരുമേനി. എന്തുകൊണ്ട് ഇന്ത്യാ മഹാരാജ്യത്തിൽ 10 ശതമാനത്തിൽ കൂടുതൽ ക്രൈസ്തവ വിഭാഗങ്ങൾ ക്രൈസ്തവ വിശ്വാസികൾ ഉണ്ടാകാത്തത് എന്ന് പഠനം നടത്തിയാൽ കാലം ചെയ്ത ശ്രേഷ്ഠ ബാവായുടെ പോലെ ജീവിത പരിശുദ്ധിയും വാക്കും പ്രവർത്തിയും ഒന്നുപോലെ ലോകത്തിനുമുന്നിൽ സാക്ഷിയായി തീരുന്ന ആത്മീയ വ്യക്തിത്വങ്ങൾ അധിക മൊന്നും ഇല്ലാതെ പോയതുകൊണ്ട് ആണെന്ന് പറയാം. മദർതെരേസ കൽക്കട്ടയിലെ തെരുവുകളിൽ കുഷ്ഠരോഗികളെ പരിചരിച്ചും ശുശ്രൂഷിച്ചും ക്രൈസ്തവലോകത്ത് അഭിമാനം ആയപ്പോൾ ഭാരതം ഒന്നടങ്കം ആ അമ്മയെ നെഞ്ചിലേറ്റി, ആ അമ്മയുടെ പ്രവർത്തി മൂലം യേശുക്രിസ്തു ക്രൂശിൽ മരിച്ച മനുഷ്യരാശിയെ വീണ്ടെടുത്ത സുവിശേഷം ലോകത്തിനു

മുമ്പിൽ മുഴുവൻ പ്രചരിപ്പിക്കുവാൻ ആയി കഴിഞ്ഞു. വിശുദ്ധ ബൈബിളിൽ നിന്നും വാക്കുകൾ എടുത്ത് സുവിശേഷപ്രസംഗം നടത്തുവാൻ ചെറിയ പരിശീലനം കൊണ്ട് കഴിയും. എന്നാൽ ക്രിസ്തു പഠിപ്പിച്ച ജീവിതം ലോകത്തിന് പകർന്നു കൊടുക്കുവാൻ സമർപ്പണ ജീവിതം ആവശ്യമാണ്. ക്രൈസ്തവ ലോകത്തിന് മാത്രമല്ല ആർഷ ഭാരത സംസ്കാരത്തിന് പോലും ഒരു പൊൻതൂവലാണ് കാലം ചെയ്ത ശ്രേഷ്ഠ ബാവ എന്ന് പറയുന്നതിൽ അഭിമാനം ഉണ്ട്. തന്നിൽ അർപ്പിതമായ വിശ്വാസ പൈതൃകം സംരക്ഷിക്കുവാൻ വേണ്ടി ജീവിതം തന്നെ സമർപ്പിച്ച് നീണ്ട പോരാട്ടം പൂർത്തിയാക്കിയ ശ്രേഷ്ഠ ബാവ തിരുമേനി തന്റെ വാർദ്ധക്യത്തിൽ അരമന യിലെ വാസം അവസാനിപ്പിച്ച് പിറമാടം ദയറായിലെ പരിമിതമായ കെട്ടിടത്തിൽ സന്തോഷ ത്തോടെ ജീവിക്കുന്ന ബാവയുടെ ചിരിക്കുന്ന മുഖം മനസ്സിൽ നിന്ന് ഒരിക്കലും മാഞ്ഞു പോകുകയില്ല. രണ്ടായിരം വർഷ മായിട്ടും നിലനിന്നുപോരുന്ന അന്ത്യോഖ്യ മലങ്കര ബന്ധം അടുത്ത തലമുറകളിലേക്ക് പകർന്നു നൽകുവാൻ വേണ്ടി അടിത്തറയിൽ കല്ലുകൾ ഉറപ്പിച്ച് സഭയെ പണിയാൻ ദൈവം അനുഗ്രഹിച്ച പിതാവായിരുന്നു കാലംചെയ്ത ശ്രേഷ്ഠ ബാവ. അന്ത്യോഖ്യൻ ആരാധന രീതിയുടെ എല്ലാ പരിശുദ്ധിയും സൗരഭ്യവും തന്റെ ആരാധനകളിലും പ്രാർത്ഥനകളും ബാവ പുലർത്തി പോന്നിരുന്നു. പരിശുദ്ധ യാക്കോബായ സഭയുടെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ആരംഭം കുറിച്ചത് ശ്രേഷ്ഠ ബാവാ യുടെ കാലഘട്ടത്തിൽ ആരംഭിച്ച യാക്കോബായ എജ്യുക്കേഷൻ ട്രസ്റ്റ് ആയിരുന്നു എന്ന് പറയുന്നതിൽ സന്തോഷമുണ്ട്. മലങ്കര യുടെ യാക്കോബ് ബുർദ്ദാന ആയ ബസേലിയോസ് തോമസ് പ്രഥമൻ ബാവായുടെ ഗുരുസ്ഥാനീയൻ ആയിരുന്നു കാലം ചെയ്ത ബാവ. മലങ്കരയുടെ പ്രകാശഗോപുരം പകർന്നുതന്ന ജ്വലി ക്കുന്ന പ്രകാശത്തിൽ യാക്കോബായ സുറിയാനി ക്രിസ്ത്യാനി കൾ തങ്ങളുടെ പിന്തുടർച്ചക്കാർക്ക് വഴിയൊരുക്കി കൊടുക്കു വാനും സഭയെ വളർത്തുവാനും കഴിയും എന്ന് പ്രത്യാശിക്കുന്നു.

കാലം ചെയ്ത... മലങ്കരയുടെ മഹാഭാഗ്യം പേജ് 41ന്റെ തുടർച്ച...

പരിശുദ്ധനായി ശ്രേഷ്ഠ ബസേലിയോസ് പൗലോസ് ദ്വിതീ യൻ ബാവായെ പരി. അന്ത്യോഖ്യാ സിംഹാസം ഉയർത്തി മലങ്കര മക്കളെ അനുഗ്രഹിക്കുമെന്ന് പ്രതീക്ഷിച്ചുകൊണ്ട് ബാവായുടെ മദ്ധ്യസ്ഥതയിൽ അഭയപ്പെട്ടു കൊണ്ട് നിർത്തുന്നു.



യാക്കോബായ സുറിയാനി സഭയുടെ മുഖപത്രമായ വിശ്വാസസംരക്ഷകനിൽ പ്രസിദ്ധീകരിക്കപ്പെട്ട ലേഖനങ്ങളുടെ സമാഹരമാണ് ഭാഗം-2ൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

യാക്കോബായ സുറിയാനി ക്രിസ്ത്യാനികളുടെ പ്രസിദ്ധീകരണമായ വിശ്വാസസംരക്ഷകൻ തോമസ് മോർ ദിവന്നാസിയോസ് മെത്രാപ്പോലീത്ത (ഇപ്പോഴത്തെ ശ്രേഷ്ഠ ബാവ) വന്ദ്യ ഫാ. ഏലിയാസ് തോമ്പ്ര കോർഎപ്പിസ്കോപ്പ എന്നിവരുടെ നേതൃത്വത്തിലാണ് തുടക്കം കുറിച്ചത്. കഴിഞ്ഞ 14 വർഷമായി ഷെവ. ബിബി എബ്രഹാം കടവുംഭാഗം ചീഫ് എഡിറ്ററായും, ബിജു കുര്യൻ മാത്യൂ കളമ്പുകാട്ട് എഡിറ്ററായും പ്രവർത്തിക്കുന്നു.



ഷെവ. ബിബി. എബ്രഹാം

കഴിഞ്ഞ 30 വർഷമായി യാക്കോബായ സുറിയാനി സഭ മാനേജിംങ് കമ്മിറ്റിയംഗമാണ്.10 വർഷക്കാലം വർക്കിംങ് കമ്മിറ്റിയംഗമായും പ്രവർത്തിച്ചിട്ടുണ്ട്. വാഴൂർ കടവുംഭാഗത്ത് പരേതനായ പി.റ്റി. എബ്രഹാമിന്റെയും റെയ്ച്ചൽ എബ്രഹാമിന്റെയും പുത്രനാണ്.



ബിജു കുര്യൻ മാത്യു കളമ്പുകാട്ട്

സഭാചരിത്ര പണ്ഡിതനായ ബിജു കുര്യൻ മാത്യു സഭയിലെ ആനുകാലിക പ്രസിദ്ധീകരണങ്ങളിൽ നിരവധി ലേഖനങ്ങൾ എഴുതിയിട്ടുണ്ട്. പുതുപ്പള്ളി കളമ്പുകാട്ട് കെ.കെ. മാത്യുവിന്റെയും ഏലിയാമ്മ മാത്യുവിന്റെയും പുത്രനാണ്. ഇപ്പോൾ അമേരിക്കയിലെ ന്യൂജേഴ്സിയിൽ താമസിക്കുന്നു.



ഋഷി തുല്യൻ

ഡോ. ഡി. ബാബു പോൾ

ശ്രേഷ്ഠ പിതാവായ ബസേലിയോസ് പൗലോസ് ദ്വിതീയൻ ബാവ കാലം ചെയ്തത് തികച്ചും അപ്രതീക്ഷിതമായ സമയത്താണ്. ഏതാണ്ട് അര നൂറ്റാണ്ട് കാലം മെത്രാപ്പലീത്തയായും അതിൽ പകുതി പൗരസ്ത്യ കാതോലിക്കാ ആയും സഭയെ സേവിച്ച ബാവ ഭരണപരമായ കാര്യങ്ങൾ മറ്റ് മെത്രാപ്പോലീത്തമാരെ ഏൽപ്പിച്ച് ആദ്ധ്യാത്മിക ജീവിതത്തിൽ ശ്രദ്ധ ചെലുത്തിയാണ് ജീവിത സായാഹ്നം ചെലവഴിച്ചത്. ആലസ്യമോ അനാരോഗ്യമോ അദ്ദേഹത്തെ അലട്ടിയിരുന്നില്ല. അതുകൊണ്ടു തന്നെ ആകസ്മികമായ അന്ത്യം അപ്രതിക്ഷിതമായി ഭവിക്കുകയും ചെയ്തു.

പൗരോഹിത്യ പാരമ്പര്യംകൊണ്ട് പ്രശസ്തമായ കുടുംബത്തിൽ, കഴിഞ്ഞ നൂറ്റാണ്ടിലെ പ്രമുഖ വൈദികരിലൊരാളായിരുന്ന പി.പി. യൗസേഫ് കശ്ശീശ്ശായുടെ പുത്രനായാണു ബാവ ജനിച്ചത്. വൈദിക ജീവിതത്തിന്റെ പ്രധാന പങ്ക് സ്വന്തം ഭദ്രാസനമായ കൊച്ചിക്ക് പുറത്താണ് ചെലവഴിച്ചത്. വൈദികാഭ്യാസനം മഞ്ഞിനിക്കരയിൽ, ഭൗതിക വിദ്യാഭ്യാസം മദിരാശി സർവ്വകലാശാലയിൽ. പട്ടക്കാരനായി പള്ളി നടത്തിയതു മദിരാശിയിലും, കോട്ടയം ഭദ്രാസനത്തിലും. മെത്രാനായപ്പോൾ അയൽ ഭദ്രാസനത്തിൽ. സത്യത്തിൽ 75 ൽ പൗരസ്ത്യ കാതോലിക്കാ ആയപ്പോൾ മാത്രമാണ് സ്വന്തം ഇടവക ഭരണത്തിലായത്.

ഒന്നോർത്താൽ അതു സ്വാഭാവികമായിരുന്നുതാനും. എല്ലാറ്റിനോടും ബന്ധം ഉള്ളപ്പോൾ തന്നെ ഒന്നിനാലും ബന്ധിക്കപ്പെ

ടാതെ ഇരിക്കുക എന്നതാണല്ലോ താപസ സ്വഭാവം. സംസ്കാരത്തിൽ ഭാരതീയൻ, പാരമ്പര്യത്തിൽ അന്ത്യോഖ്യൻ, വിശ്വാസത്തിൽ ക്രൈസ്തവൻ എന്നതായിരുന്നു ബാവായുടെ സമീപനം. സംസ്കൃതത്തിൽ സാമാന്യ പാണ്ഡിത്യമുണ്ടായിരുന്നത് ഭാരതീയ പാരമ്പര്യത്തിന്റെ അകകാമ്പ് സ്വാംശീകരിക്കുവാൻ ബാവായെ സഹായിച്ചു. സർവ്വകലാശാലയിൽ പഠിച്ച ഷെയ്ക്സ് പിയർ കൃതിയിൽ നിന്ന് ഉദ്ധരിക്കുന്ന ലാഘവത്തോടെ തന്നെ, ഗുരുമുഖത്തുനിന്നു കൗമാരക്കാലത്തു വശമാക്കിയ കാളിദാസ കൃതിയും ഉദ്ധരിക്കാൻ കഴിവുണ്ടായിരുന്ന ബാവ, യേശുക്രിസ്തു സംസാരിച്ച ഭാഷയും അനായാസം കൈകാര്യം ചെയ്യാൻ സിദ്ധി ലഭിച്ച മഹാനായിരുന്നു.

ബാവ ഒരിക്കലും മലയാളത്തിൽ ഏവൻഗേലിയോൻ വായിച്ചിട്ടില്ല. മലയാളത്തിലല്ലാതെ വായിക്കുന്നത് ജനമൊട്ട് കേട്ടിട്ടുമില്ല. സുറിയാനിയിലുള്ള വേദപുസ്തകം നോക്കി മനസ്സിൽ മൊഴിമാറ്റം നടത്തിയായിരുന്നു ബാവാ മലയാളത്തിൽ വേദപുസ്തകം വായിച്ചിരുന്നത്. സുറിയാനി സഭയിലെ സുറിയാനി വെള്ളിക്കോലിലെ വെള്ളി പോലെ ആയിക്കൊണ്ടിരിക്കുന്ന ഇക്കാലത്ത് അനതിസാധാരണമായിരുന്നു ബാവായുടെ സുറിയാനി പാണ്ഡിത്യം. ഏതാനും വർഷങ്ങൾക്കുമുമ്പ് കോട്ടയത്തു നടന്ന ലോക സുറിയാനി സമ്മേളനത്തിൽ മലയാളത്തിലും, ഇംഗ്ലീഷിലും, ജർമ്മനിയിലുമൊക്കെ പ്രബന്ധങ്ങൾ ഉണ്ടായിരുന്നു. എന്നാൽ സുറിയാനിയിലുള്ള വാചാ പ്രസംഗം ബാവായുടെ ഉദ്ഘാടന പ്രസംഗം മാത്രമായിരുന്നു.


അന്ത്യോഖ്യാ പാത്രിയർക്കീസിനെ വാഴിക്കാൻ സൗഭാഗ്യം സിദ്ധിച്ച ആദ്യ ഭാരതീയനുമായിരുന്നു ബാവ. 1975 ൽ യാക്കോബ് തൃതീയൻ വാഴിച്ചതെങ്കിലും 1980 ൽ പുതിയ പാത്രിയർക്കീസിന്റെ സ്ഥാനാരോഹണത്തിൽ ബാവ മുഖ്യ കാർമ്മികനായി.

ബാവായുടെ ജീവിതം ഒരു യുദ്ധമായിരുന്നു. 58 വരെ സമതലത്തിലെ നദിപോലെ ശാന്തമായിരുന്നെങ്കിലും 58-64 കാലത്തും 75 നു ശേഷവും സ്വസ്ഥത അറിയാൻ അവസരം ലഭിച്ചിട്ടില്ല. അന്ത്യോഖ്യാ ഭക്തി ആയിരുന്നു കാരണം എന്ന് എടുത്ത് പറയേണ്ടതില്ല. അതു പലപ്പോഴും അന്ധമായിരുന്നു എന്ന് അസ്മാദൃശന്മാർ ശങ്കിക്കാതിരുന്നിട്ടില്ല. കൽപ്പന വഴി പട്ടം വരുമോ എന്നു ചോദിക്കുന്നവരോട് അതിനു കാനോനിൽ ഒഴിവുകഴിവുണ്ട് എന്നു മറുപടി പറയാൻ അറിയാഞ്ഞിട്ടല്ല 58-64 കാലത്തു സ്വയം സ്വസ്ഥത കളഞ്ഞത്. അത് ബോധ്യപെടാത്ത ആ

ളുകളെ സഭയുടെ ചട്ടകൂടിനകത്ത് നിർത്താൻ ഇടയൻ ചെയ്ത ത്യാഗം ആയിരുന്നു അത്. അന്ന് അങ്ങനെ ജനത്തിനുവേണ്ടി ഒരുവൻ മരിക്കുന്നത് കൊള്ളാം എന്നു നിരൂപിച്ച ബാവ സ്വയം മരിക്കാൻ ഇറങ്ങിയില്ലായിരുന്നുവെങ്കിൽ സഭയിലെ ഒരു വിഭാഗം ചെറുതായിരിക്കാമെങ്കിലും സഭ വിട്ടു പോകുമായിരുന്നു.

1975 ൽ ആകട്ടെ ഒരു ചരിത്ര നിയോഗം ഏറ്റെടുക്കുകയായിരുന്നു ബാവ. അതുകൊണ്ട് ബാവായ്ക്ക് ക്ലേശം ഏറെ ഉണ്ടായി. എന്നാൽ മലങ്കര സഭയിൽ അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ സ്ഥാനം ഉറച്ചു. ആ സായാഹ്നങ്ങൾ ഇനി സ്മരണകൾ മാത്രം. ചെറുതും വലുതുമായ എത്രയോ സാരോപദേശങ്ങൾ ഞാൻ ആ തിരുമുഖത്തുനിന്നു പഠിച്ചു! താൻ ഒന്നുമല്ലാതായാലും അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ കണ്ണീരു തന്റെ മേൽ പതിക്കരുതെന്നു ബാവ തെളിയിച്ച ഒന്നിലധികം സന്ദർഭങ്ങൾ ഇപ്പോൾ എന്റെ മനസ്സിൽ ഒരു ചലചിത്രത്തിലെന്നപോൽ മിന്നിമറയുകയാണ്. 'ഇപ്പോൾ മുതൽ കർത്താവിൽ മൃതിയടയുന്നവർ അനുഗ്രഹീതരാണ്... അവൻ തങ്ങളുടെ അദ്ധ്വാനങ്ങളിൽ നിന്നു വിരമിച്ചു സ്വസ്തരാകും. അവരുടെ പ്രവർത്തികൾ അവരെ അനുഗമിക്കുന്നു" എന്ന ബൈബിൾ വാക്യം (വെളിപ്പാട് 14:13) ഓർത്ത് ആശ്വസിക്കുക. "ശേലൂൻ ബശ് ലോമോ മോറാൻ" "പിതാവേ സമാധാനത്തോടെ പോക....!"

കടപ്പാട്
മലയാള മനോരമ



പുണ്യശ്ലോകനായ പൗലോസ് ദ്വിതീയൻ ബാവ ലാളിത്യത്തിന്റെ ആൾരൂപം

വന്ദ്യ ജോർജ് കോർഎപ്പിസ്കോപ്പ ചാലപ്പുറം

മണ്ണിനോടുള്ള അടുപ്പം കൈവിടാതെ ഉള്ളിന്റെയുള്ളിൽ ഒരു കർഷകനായി ജീവിച്ച ശ്രേഷ്ഠ കാതോലിക്ക ബസേലിയോസ് പൗലോസ് ദിതീയൻ ബാവയെ അടുത്തറിഞ്ഞവർ വിശേഷിപ്പിക്കും "ലാളിത്യത്തിന്റെ ആൾരൂപം.' ലളിതമായിരുന്നു ആ ജീവിത ശൈലി. മൂവാറ്റുപുഴയിലെ കാതോലിക്കേറ്റ് അരമനയിൽ താമസിച്ചിരുന്ന കാലത്തും പിറമാടം ദയറായിലെ (ഗത്സീമോൻ ആശ്രമം) ആശ്രമതുല്യമായ അന്തരീക്ഷത്തിലെത്തിക്കാൻ ആ മനം തുടിച്ചിരുന്നു. അവിടെയെത്തി, ആ കാറ്റേറ്റ് വിശാലമായ കൃഷിയിടത്തിലൂടെ നടന്നുവരുമ്പോഴുള്ള ബാവായുടെ അഹ്ലാദം അടുത്തറിഞ്ഞവരേറെയുണ്ട്. പുലർച്ചെ അഞ്ചിനു മുമ്പുതന്നെ എഴുന്നേറ്റു ചാപ്പലിലെത്തി പ്രാർത്ഥിക്കും. അവസാനകാലംവരെയും ആ പതിവിന് മാറ്റമുണ്ടായിട്ടില്ല. രോഗം ബാധിക്കുന്നതിന് മുമ്പുള്ള കാലത്ത് പ്രാർത്ഥന കഴിഞ്ഞാലുടൻ തിരുമേനി തന്നെ മുറിയിലെ ഹീറ്ററിൽ ചായയുണ്ടാക്കും. കൂടെയുള്ളവർക്കൊക്കെ നൽകും. പിറമാടത്ത് ആയിരിക്കുമ്പോൾ വെളുപ്പിനെ തന്നെ പറമ്പിലൂടെ ഇറങ്ങിനടക്കും. മെതിയടിയും ധരിച്ച് വടിയുമായി നീങ്ങുന്ന അദ്ദേഹത്തിന്റെ നോട്ടം എല്ലായിടത്തും ചെല്ലും. നടക്കുന്ന കൂട്ടത്തിൽ ചിലപ്പോൾ പയറും മത്തപ്പൂവും ഒക്കെ കീശയിലിട്ടുകൊണ്ട് വരും. മുറിയിലെത്തിയാൽ ചിലപ്പോൾ തിരുമേനി തന്നെ അതൊക്കെ അരിഞ്ഞെടുക്കും.

ഭരണപരമായ ചുമതലകളിൽ മുഴുകുമ്പോഴും ഉച്ചയ്ക്ക് അരമണിക്കൂർ ഉറക്കം മുടക്കാറില്ല. ആരോഗ്യം വഷളായ അവസാ

നകാലത്തു മാത്രമാണ് അദ്ദേഹം കൃഷിയിടങ്ങളിലൂടെയുള്ള നടപ്പും മറ്റും ഉപേക്ഷിച്ചത്.

കൃഷിയും കൃഷിക്കാരുടെ പ്രശ്നങ്ങളും ഏറെ താൽപ്പര്യമുള്ള വിഷയങ്ങളായിരുന്നു. പണ്ടൊക്കെ പള്ളികളിൽ സന്ദർശനത്തിനെത്തുമ്പോൾ ആരാധന കഴിഞ്ഞിറങ്ങി കർഷക പ്രശ്നങ്ങൾ തിരക്കുന്ന ശ്രേഷ്ഠ ബാവായെ നാട്ടുകാർക്കെല്ലാം വലിയ കാര്യമായിരുന്നു. ലളിതമായ ജീവിതശൈലി എന്നും അദ്ദേഹം മുറുകെപ്പിടിച്ചു. പിറമാടം ദയറായിൽ ചെന്നാൽ കിഴക്കിന്റെ സിംഹാസനത്തിന്റെ പ്രൗഢിയൊന്നും കാണാനുണ്ടായിരുന്നില്ല. ഒരു ചാരുകസേരയിൽ ഇരുന്നു കാര്യങ്ങൾ തിരക്കുന്ന അദ്ദേഹത്തിന്റെ കിടപ്പുമുറിയും വളരെ ചെറുത്.

ഇടവക ഭരണത്തിൽ നിയമത്തേക്കാൾ വാൽസല്യം നിറഞ്ഞ ഹൃദയത്തിന്റെ ശബ്ദത്തിനാണ് ശ്രേഷ്ഠ ബാവ മുൻതൂക്കം കൊടുത്തിരുന്നതെന്ന് എല്ലാവരും ഓർക്കുന്നു. ഒരു രാഷ്ട്രീയ നേതാവിന്റെ നയതന്ത്രചാതുര്യമോ. നിയമജ്ഞന്റെ അറിവോ അല്ല വ്യക്തിത്വത്തിന്റെ മാഹാത്മ്യം. മറിച്ച് നിഷ്കളങ്കമായ സ്നേഹവും ത്യാഗബുദ്ധിയുമായിരുന്നു അദ്ദേഹത്തിന്റെ പ്രധാന ഗുണഗണങ്ങൾ.



ശ്രേഷ്ഠ ജ്യോതിസ് ഭാഗ്യവാനായ പൗലോസ് ദ്വിതീയൻ കാതോലിക്ക ബാവ

മൽഫോനൊ ദ് മർദുത്തോ
ഡോ. കുര്യാക്കോസ് കോർഎപ്പിസ്കോപ്പ മൂലയിൽ

മലങ്കരസഭയുടെ 20-ാം നൂറ്റാണ്ടിലെ ചരിത്രം ചുറ്റിക്കറങ്ങി നിൽക്കുന്നത് ഭാഗ്യവാനും ശ്രേഷ്ഠനും ദൈവപരിപാലനയിൽ പുതുശ്ശേരി ജോസഫ് കശീശായുടെ വൈദിക കുടുംബാന്തരീക്ഷത്തിൽ ജനിച്ചുവളർന്ന് മലങ്കരസഭയുടെ പ്രാദേശിക പരമാദ്ധ്യക്ഷനായിത്തീർന്ന ശ്രേഷ്ഠ ബസേലിയോസ് പൗലോസ് ദ്വിതീയൻ കാതോലിക്കാബാവയിലാണ്.പുതുശ്ശേരി ജോസഫ് കശീശയുടെ വലിയ പ്രത്യേകതകൾ. ആത്മീയ പ്രതിബദ്ധതയും പാണ്ഡിത്യനിറവുള്ള ജീവിത സമർപ്പണമായിരുന്നു. 1890 ൽ ഉണ്ടായ റോയൽ കോടതിവിധിയിലൂടെ മലങ്കര സഭയ്ക്ക് ലഭ്യമായ അനുകൂലസാഹചര്യങ്ങളിൽ സഭയുടെ വളർച്ചയും ശ്രദ്ധയും വിശ്വാസ പരിപോഷണത്തിലും വൈജ്ഞാനിക പ്രോത്സാഹനത്തിലും ഊന്നിനിന്ന കാലഘട്ടമായിരുന്നു. അതിൽ പ്രധാനപ്പെട്ട ഒന്നായിരുന്നു വിശ്വാസപ്രചാരണത്തിനുവേണ്ടി ആരംഭിച്ച "മലങ്കര ഇടവക പത്രിക" എന്ന പ്രതിമാസ പ്രസിദ്ധീകരണം. ആ ലക്കങ്ങളിലൂടെ ഒരു ഓട്ടപ്രദക്ഷിണം നടത്തുന്നവർക്ക് പുതുശ്ശേരി ജോസഫ് ശെമ്മാശ്ശന്റെ സാമർത്ഥ്യം അതിൽ വാർത്തകളായി രേഖപ്പെടുത്തിയത് കണ്ടിട്ടുണ്ട്. മോർ ഗ്രീഗോറിയോസ് സ്മാരക പരീക്ഷയിൽ ഗോൾഡ് മെഡൽ നേടിയ ഈ ശെമ്മാശൻ പിന്നീട് പഴയ സെമിനാരിയിൽ അദ്ധ്യാപകനായിരുന്നു. ശെമ്മാശനായിരിക്കുമ്പോൾ തന്നെ അദ്ദേഹം എഴുതിയ 'പൂർവ്വിക പിതാക്കന്മാരും പൊതുസുന്നഹദോസുകളും' എന്ന പുസ്തകം ഇന്നും ശ്രദ്ധേയമായ ഒരു വൈജ്ഞാ

നിക ഗ്രന്ഥമാണ്. ഒരു നൂറ്റാണ്ടു കഴിഞ്ഞിട്ടും ഏറെ പ്രസക്തിയുള്ള ഒരു കൃതി എഴുതിയ പുതുശേരി ജോസഫ് കശീശയുടെ പുത്രനായി ജനിച്ച് സുറിയാനി, സംസ്കൃതം, മലയാളം, ഇംഗ്ലീഷ് എന്നീ ഭാഷകൾ അനായാസം കൈകാര്യം ചെയ്യാൻ കഴിയുന്ന ഋഷിതുല്യനായ സഭാതലവനായി അരനൂറ്റാണ്ടുകാലം മലങ്കര സഭയെ നയിക്കുകയും പരിചയപ്പെട്ടിട്ടുള്ള എല്ലാ വ്യക്തികളിലും ആത്മീയ സുഗന്ധം പരത്തുകയും ചെയ്ത മഹാമാതൃകയായിരുന്നു. ഭാഗ്യവാനായ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവ. ശ്രേഷ്ഠ ബാവായുടെ ജീവിതത്തിൽ നിന്നും വ്യക്തിപരമായി എന്നെ സ്പർശിച്ച ചില ജീവിതമാതൃകകളെ പങ്കിടുവാനാണ് ഇവിടെ പരിശ്രമിക്കുന്നത്.

സന്യാസശ്രേഷ്ഠയിലെ പാണ്ഡിത്യശ്രേഷ്ഠത

വൈദിക ജീവിതത്തിന്റെ ആരംഭം മഞ്ഞിനിക്കര ദയറായിൽ അന്ത്യോഖ്യാ പ്രതിനിധി ഏലിയാസ് മോർ യൂലിയോസ് ബാവായുടെ കൂടെ ആയിരുന്നു. സുറിയാനിഭാഷയും പൈതൃകവും ശിഷ്യസമൂഹത്തിന് പകർന്നുകൊടുക്കുകയും സുറിയാനിഭാഷതന്നെ സംസാരഭാഷയായി നിലനിർത്തുകയും ചെയ്തിരുന്ന ഒരു പഠന കേന്ദ്രമായിരുന്നു അന്നത്തെ മഞ്ഞിനിക്കര ദയറാ. 1947 വരെ യൂലിയോസ് ബാവായുടെ സഹായിയായി പണ്ഡിതശ്രേഷ്ഠനായിരുന്ന അബ്ദുൾ അഹാദ് റമ്പാൻ (പിന്നീട് യാക്കൂബ് തൃതീയൻ പാത്രിയർക്കീസ് ബാവ) അവിടെ അദ്ധ്യാപകനായുണ്ടായിരുന്നു. പണ്ഡിതനായ വി.സി. ശമുവേൽ അച്ചനും ഒരു കാലത്ത് മഞ്ഞിനിക്കര ദയറായിലെ വിദ്യാകേന്ദ്രത്തിന് മഹിമ വർദ്ധിപ്പിച്ചിരുന്നു. പൗലോസ് ദ്വിതീയൻ ബാവായുടെ വൈദിക പഠനവും ആത്മിക ജീവിതരൂപീകരണവും നടന്നിരുന്നത്. ഈ പശ്ചാത്തലത്തിലായിരുന്നു ബാവായുടെ പ്രിയശിഷ്യനായും പരിഭാഷകനായും അവിടെ കഴിഞ്ഞ പൗലോസ് ബാവായ്ക്ക് സുറിയാനി ഭാഷ മാതൃഭാഷ പോലെ കൈകാര്യം ചെയ്യുവാനുള്ള വ്യുൽപത്തി നേടുവാൻ കഴിഞ്ഞു. വൈദികനായിക്കഴിഞ്ഞിട്ടും ദയറായിലെ അംഗമായിക്കഴിയുവാൻ ആഗ്രഹിച്ചിരുന്ന ബാവായെ അത്യാവശ്യഘട്ടങ്ങളിൽ യൂലിയോസ് ബാവ തന്നെയാണ് ചില ദൈവാലയങ്ങളിൽ നിയോഗിച്ചത്. പാറത്തോട്, പൊൻകുന്നം, ഹോണവാർ തുടങ്ങിയ പുതിയ ദൈവാലയങ്ങളിലൊക്കെ പ്രാരംഭകാലത്ത് ശുശ്രൂഷ നിർവ്വഹിച്ചത്. യൂലിയോസ് ബാവായുടെ നിർദ്ദേശത്തിലും, നിയന്ത്രണത്തിലുമായിരുന്നു. അവിടൊക്കെയുള്ള ആളുകൾ ബാവായുടെ സ്നേഹവാത്സല്യങ്ങൾ അയവി

റക്കുന്നത് പതിറ്റാണ്ടുകൾ കഴിഞ്ഞിട്ടും എനിക്കുകേൾക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

1952 ൽ മെത്രാൻ സ്ഥാനത്തേക്കുയർത്തപ്പെടുവാൻ ഹോംസിലേക്കു പോകുമ്പോഴും തന്റെ ഗുരുവായ യൂലിയോസ് ബാവായുമൊന്നിച്ചാണ് ഹോംസിലേക്കുപോയത്. മടങ്ങിവന്ന് പിറമാടത്തും മലേക്കുരിശിലും ഒക്കെ താമസിച്ചുവന്നത് കണ്ടനാട് ഭദ്രാസനാധിപനായോ സഭയുടെ പ്രാദേശിക അദ്ധ്യക്ഷനായോ ആയിരുന്നില്ല. മറിച്ച് ഒരു ദയറാക്കാരന്റെ സ്വയം സ്വീകരിച്ച ജീവിത ശൈലിയിലായിരുന്നു എന്നത് ഏവർക്കും അറിവുള്ളതാണ്. 1975 ൽ കാതോലിക്കാ സ്ഥാനത്തേക്ക് വിളിക്കപ്പെട്ടതിനുശേഷവും ബാവായുടെ സ്വകാര്യ ജീവിതവും ശൈലിയും ഈ ദയറാകളുടെ അന്തരീക്ഷത്തിലായിരുന്നു. ഒരിക്കൽ പൗരസ്ത്യ കാതോലിക്കാ ബാവായുടെ കയ്യൊപ്പു ശേഖരിക്കുന്നതിനുള്ള ഒരു കത്തുമായി ഞാൻ സെമിനാരിയിൽ നിന്നും പിറമാടം സന്ദർശിച്ചു. അപ്പോൾ അവിടെ പ്രാർത്ഥനാ സമയമായിരുന്നു. ഞാൻ അവിടെ ചെല്ലുമ്പോൾ കണ്ടകാഴ്ച ബാവായുടെ ശെമ്മാശൻ നമസ്ക്കാരമേശയിൽ പ്രാർത്ഥിക്കുന്നു. ബാവാ തെക്കേ ജനൽപടിയിൽ തൂക്കിയിട്ടിരിക്കുന്ന ധൂപകുറ്റിയിലെ തീകെടാതെ കരിയിട്ട് ഊതിക്കത്തിക്കുന്നു. ഇതെന്തൊരു കാഴ്ച എന്ന് അത്ഭുതപെട്ട ഞാൻ നേരെ ധൂപക്കുറ്റി ഊതിക്കത്തിക്കുവാൻ തയ്യാറായി ജനാലക്കരുകിൽ ചെന്നു. എനിക്കു ലഭിച്ചത് സ്നേഹപൂർവ്വം കർശനമായ നിർദ്ദേശമായിരുന്നു. ശെമ്മാശനോടൊപ്പം പോയി പ്രാർത്ഥിക്കുവാൻ. മറുത്തൊരു വാചകം പറയാൻ സാധ്യമല്ലാത്തുകൊണ്ട് നിർദ്ദേശം പാലിച്ചു.

പ്രാർത്ഥനയൊക്കെ കഴിഞ്ഞപ്പോൾ ഞാൻ ആവശ്യപ്പെടാതെതന്നെ വിശദീകരണം തന്നു. എടോ താൻ ധൂപകുറ്റിക്കത്തിച്ചാൽ താൻ അതുമാത്രമേ ചെയ്യൂ. പ്രാർത്ഥിക്കില്ല! പക്ഷേ എനിക്ക് ധൂപക്കുറ്റി കത്തിക്കുന്നതോടൊപ്പം പ്രാർത്ഥിക്കുവാനും കഴിയും ഇതായിരുന്നു ആ മഹാനായ ബാവായുടെ മനോഭാവം. പിറമാടവും മലേക്കുരിശും വളരെ പരിമിതിയിൽ നിർമ്മിക്കപ്പെട്ട സ്ഥലമായിരുന്നു. പിറമാടത്തു ബാവാ ഏതാനും കോഴികളെയും വളർത്തിയിരുന്നു. അഴിച്ചുവിട്ടു വളർത്തിയ കോഴികൾ ദയറായുടെ വരാന്തയിലൊക്കെ കയറി കാഷ്ടിച്ചുവക്കുമായിരുന്നു. മുറ്റത്തുനിന്നും മാവില പെറുക്കികൊണ്ടുവന്ന് സ്വയം അതെല്ലാം വൃത്തിയാക്കുന്ന കാതോലിക്ക ബാവായെ ഞാൻ നേരിട്ടു കണ്ട് ആ വിനയം അനുഭവിച്ചിട്ടുണ്ട്.

സൽക്കാരപ്രിയനായ ബാവ

ബാവായെപ്പോലെ സൽക്കാരപ്രിയനായ മറ്റൊരു സഭാദ്ധ്യക്ഷനെ ഞാൻ കണ്ടറിഞ്ഞിട്ടില്ല. മൂവാറ്റുപുഴ അരമനയിൽ ചെല്ലുന്നവരൊക്കെ ബാവാക്കൊപ്പം ഭക്ഷണം കഴിക്കണം എന്ന് നിർബന്ധം ബാവാക്കുണ്ടായിരുന്നു എന്ന് എല്ലാവർക്കുമറിയാം. ഇത് അടുക്കളക്കാർക്കുണ്ടാക്കുന്ന അസൗകര്യങ്ങൾ ചില്ലറയല്ല. രണ്ടാംപ്രാവശ്യവും ഉച്ചഭക്ഷണം തയ്യാറാക്കേണ്ടിവരുന്ന അവരുടെ ക്ലേശം അവർ ബാവായോടുള്ള സ്നേഹത്തിൽ നിശബ്ദമായി സഹിക്കും. ഒരു ദിവസം ഉച്ചയ്ക്ക് ഒരു അത്യാവശ്യം കൊണ്ട് ഉച്ചഭക്ഷണം കഴിഞ്ഞ് ബാവാ വിശ്രമിക്കുന്നതിനുമുമ്പ് ഒന്നു കണ്ടുപോകാൻ പരിശ്രമിക്കുമ്പോൾ ഞാൻ പറയുന്ന കാര്യം ശ്രദ്ധിക്കാതെ ആവർത്തിച്ചുള്ള ഭക്ഷണം കഴിച്ചോ? എന്നതായിരുന്നു. അടുക്കളക്കാരൻ ചേട്ടനെ വരുത്തി ചോദ്യം ചെയ്തതിൽ ഭക്ഷണം തീർന്നതായി മനസ്സിലാക്കി വേഗം ഹോട്ടലിൽ നിന്നും പൊതിവാങ്ങിക്കുവാൻ പറഞ്ഞയച്ചു. പൊതിവന്നു ഞാൻ ഭക്ഷണം കഴിച്ചുതീരുന്നതുവരെ ബാവാ അടുത്തിരുന്നു. ആ മഹാനായ ആതിഥേയന്റെ സൽക്കാരമര്യാദ. വിശ്രമിക്കേണ്ട സമയം എന്നോടൊത്തിരുന്ന് പറയുവാനുള്ളതെല്ലാം കേട്ട് മറുപടിതന്നാണ് എന്നെ പറഞ്ഞയച്ചത്.

മറ്റൊരു ദിവസം ബാവായോടൊത്ത് താമസിച്ചു. അന്നെനിക്ക് രാവിലെ അഞ്ചര മണിക്കുള്ള ബസിനുപോകേണ്ടതാണ്. രാവിലെ നാലരമണിയ്ക്ക് എന്നെ ബാവാ ഉണർത്തി. ഒരു കടലാസിൽ ഉമിക്കരി, ഒരു ഈർക്കിൽ, തോർത്ത്, ഒരു ചെറിയ സോപ്പ് എന്നെ ഏല്പിച്ചു. ഞാൻ പ്രഭാതചര്യകളെല്ലാം കഴിഞ്ഞുവന്നപ്പോൾ ബാവാ തനിയെ ഉണ്ടാക്കിയ ചായ എനിക്കുതന്നു. പ്രാർത്ഥനയും കഴിച്ച് 5.25 ന് എന്നെ യാത്രയാക്കി. 4മണിക്ക് ബാവാ വിശ്രമത്തിൽ നിന്ന് ഉണർന്നാലുടനെ അവിടെ അപ്പോഴുണ്ടായിരിക്കുന്ന സകലർക്കും ചായ സ്വന്തം കൈകൊണ്ട് ഉണ്ടാക്കി എടുത്തുകൊടുക്കും. സ്ഥാനമാനവ്യത്യാസങ്ങളൊന്നും അദ്ദേഹം കാണിക്കാറില്ല. ഏത് കൊച്ചച്ചനും അൽമായക്കാരുനുമെല്ലാം ബാവായ്ക്ക് വി.ഐ.പി. തന്നെയായിരുന്നു. 1981 ൽ മസ്ക്കറ്റിൽ ബാവാ വരികയും എന്നോടൊപ്പം രണ്ട് ആഴ്ച താമസിക്കുകയും ചെയ്തു. ആദ്യദിവസം രാത്രിയിൽ ഭക്ഷണം കഴിച്ചശേഷം പാത്രങ്ങളെല്ലാം വെള്ളമൊഴിച്ച് വച്ചശേഷം എല്ലാവരും ഉറങ്ങുവാൻ പോയി. പ്രഭാതത്തിൽ ബാവാ എഴുന്നേൽക്കാതെ പാത്രങ്ങളെല്ലാം കഴുകി വൃത്തിയാക്കി കിച്ചൻ തറവരെ തുടച്ച

ശേഷം ചായയുണ്ടാക്കി വച്ചിട്ട് എന്നെ പ്രാർത്ഥിക്കുവാൻ ഉണർത്തി. ചായ തന്നു. എന്താ ബാവാ എന്നെപ്പോലും വിളിക്കാതിരുന്നതെന്ന ചോദ്യത്തിന് താൻ ചിലക്കാതിരിക്കൂ, ആ പിള്ളേർ അടുത്ത മുറിയിൽ ക്ഷീണിച്ച് ഉറങ്ങുകയാണ് അവരെ ശല്യപ്പെടുത്തരുത്. പ്രാർത്ഥനപോലും വളരെ പതുക്കെ താണ സ്വരത്തിലായിരുന്നു. മറ്റുള്ളവരെ കരുതുന്ന ബാവായുടെ ജീവിതശൈലി.

ഭക്ഷണമേശയിലെ മാതൃകകൾ

ബാവായ്ക്ക് ഭക്ഷണമേശയിൽ അനുവർത്തിച്ചിരുന്ന ചില പ്രത്യേക ശൈലികളുണ്ട്. ഭക്ഷണം നഷ്ടപ്പെടുത്താൻ ആഗ്രഹിച്ചിരുന്നില്ല. എനിക്ക് ഒരിക്കൽ തന്ന നിർദ്ദേശം take what you want, eat what you take എന്നായിരുന്നു. ഒരു വീട്ടിൽ ഭക്ഷണത്തിനിരിക്കുമ്പോൾ വിഭവങ്ങൾ അനവധി. അതിൽ വാഴയ്ക്ക മെഴുക്കുപുരട്ടിയിൽ ഉപ്പിടാൻ ഭവനക്കാർ മറന്നു. ഞാൻ അതെടുത്തപ്പോൾ ഉപ്പിന്റെ അഭാവത്തിൽ കുറെ ബാക്കിവച്ചു. ബാവാ എഴുന്നേറ്റിട്ട് താൻ ബാക്കിവച്ച വാഴക്കാകറികൂടി തീർത്താൽ ഭവനക്കാർക്കു ജോലികുറയും നമുക്ക് പ്രാർത്ഥിക്കാം. ഞാനതു കഴിച്ചു. ഇന്ന് പലസദ്യകളിലും ഹോട്ടലുകളിലും ദുരുപയോഗപ്പെടുത്തി ഭക്ഷണസാധനങ്ങൾ കളയുന്നതുകാണുമ്പോൾ സന്യാസി ശ്രേഷ്ഠനായ ബാവായുടെ നിർദ്ദേശം ഓർക്കാറുണ്ട്. ജീവിതത്തിൽ ഈ തത്വം പാലിക്കാറുമുണ്ട്.

പ്രാർത്ഥനയിലെ സമയനിഷ്ഠ

ശ്രേഷ്ഠ ബാവായുടെ അവസാന കാലഘട്ടത്തിൽ സഭാ വർക്കിംഗ് കമ്മിറ്റിയിൽ ഞാനും ഒരംഗമായിരുന്നു. ബാവാ ചാരുകസേരയിൽ കിടക്കും. പെരുമ്പള്ളി തിരുമേനി യോഗം നിയന്ത്രിക്കും. ശാരീരിക ക്ഷീണം കാരണം ബാവ ഇടയ്ക്കിടക്ക് മയങ്ങും. എന്തായാലും 12 മണിക്ക് "നിർത്ത് നിർത്ത്" ഒരു കൈകൊട്ടുകഴിഞ്ഞാൽ പിതാവിനും പുത്രനും എന്നു തുടങ്ങി ഉച്ചനമസ്ക്കാരം ആരംഭിക്കും. വിഷയമൊന്നും പ്രശ്നമല്ല ബാക്കിയെല്ലാം പ്രാർത്ഥന കഴിഞ്ഞ് എന്നതാണ് ബാവായുടെ ശൈലി. കാറിൽ യാത്രചെയ്യുമ്പോഴും കൃത്യസമയത്ത് പ്രാർത്ഥന നടത്തിയിരിക്കും. കഷ്ടാനുഭവ ആഴ്ചയിലും നോമ്പിലും വേദവായനകൾ അതാത് സമയത്ത് ഉചിതമായി നടത്തിയിരിക്കും. കഷ്ടാനുഭവ ആഴ്ചയിൽ മസ്ക്കറ്റിൽ ഞങ്ങൾ ഒരുമിച്ചു താമസിക്കുമ്പോൾ ഈ നിഷ്ഠപാലിച്ചിരുന്നു. ചിലപ്പോൾ എന്നെക്കൊണ്ട് ഏവൻഗേലിയോൻ വായിപ്പിക്കുമായിരുന്നു. എല്ലാ

പ്രാർത്ഥനകളും മലയാളത്തിൽ ചൊല്ലുമ്പോഴും സുറിയാനി പുസ്തകം ബാവായുടെ കൈവശമുണ്ടായിരിക്കും. മലയാള പ്രാർത്ഥനയിൽ എന്തെങ്കിലും പിശകുകൾ ശ്രദ്ധയിൽപെട്ടാലുടനെ സുറിയാനി പുസ്തകം നോക്കി ശരിയായിതിരുത്തൽ നടത്തിയശേഷമേ അദ്ദേഹം മുന്നോട്ടുപോകുകയുള്ളൂ. പ്രാർത്ഥനകൾ കൃത്യമായും വ്യക്തതയിലും അനുഷ്ഠിച്ചിരിക്കണമെന്നതായിരുന്നു ബാവായുടെ ശൈലി.


വിദ്യാഭ്യാസത്തെ പ്രോത്സാഹിപ്പിച്ച ദർശകൻ

തന്റെ സമകാലികരേക്കാൾ ഉയർന്ന വിദ്യാഭ്യാസം നേടി വൈദികനായ ബാവ സ്വയംപഠിച്ചതുപോലെതന്നെ മറ്റുള്ളവരെ പരമാവധി വിദ്യാഭ്യാസം പ്രോത്സാഹനം നൽകിയിരുന്നു. അദ്ദേഹത്തിന്റെ കാലത്തെ മിക്ക വൈദികരും വിദ്യാസമ്പന്നരായിരുന്നു. മിടുക്കന്മാരായ ശെമ്മാശന്മാരെ ദൈവശാസ്ത്രപഠനത്തിന് അയക്കുവാനും ബാവാ ശ്രദ്ധിച്ചിരുന്നു. കോതമംഗലം മാർ അത്തനേഷ്യസ് കോളേജിന്റെ അസോസിയേഷൻ പ്രസിഡന്റായി പതിറ്റാണ്ടുകൾ പ്രവർത്തിച്ചിട്ടുണ്ട്. വെട്ടിക്കൽ വൈദിക സെമിനാരിയുടെ സ്ഥാപനത്തിനുവേണ്ടി ഏറ്റംഅധികം ആഗ്രഹിക്കുകയും പ്രവർത്തിക്കുകയും ചെയ്ത സഭാപിതാവാണ്.

സൺഡേസ്കൂൾ സുവിശേഷസമാജം പ്രവർത്തനങ്ങൾ

എം.എസ്.എസ്.എ.യും യോജിച്ച സഭയിലെ എം.എസ്.എസ്.എ. യും പിന്നീട് എം.ജെ.എസ്.എസ്.എ.യും എല്ലാം ശ്രേഷ്ഠ ബാവായുടെ പ്രോത്സാഹനവും അനുഗ്രഹം പ്രാപിച്ചിട്ടുള്ള സ്ഥാപനമാണ് പൗരസ്ത്യസുവിശേഷസമാജം ശ്രേഷ്ഠ ബാവായെ രക്ഷാധികാരിയും പ്രസിഡന്റുമായി ആദരിച്ചിരുന്നു. ഇതിന്റെ ഉയർച്ച താഴ്ചയിൽ ഏറ്റവും സന്തോഷിച്ച പിതാവായിരുന്നു ശ്രേഷ്ഠ ബാവ.

മലങ്കര സഭയുടെ ആ ശ്രേഷ്ഠ ജ്യോതിസ് ഇന്നും ശോഭിക്കുകയാണ്. ചരമ രജത ജൂബിലിയിൽ നേരിട്ടു പരിചയമില്ലാത്ത വർക്ക് ആ മഹാത്മാവിനെ അടുത്തറിയുവാൻ ഇടയാകട്ടെ എന്നു പ്രാർത്ഥിക്കുന്നു.



ഹൃദയാലുവായ ശ്രേഷ്ഠാചാര്യൻ

അലക്സ് തോമസ് കോർഎപ്പിസ്കോപ്പ വെട്ടിക്കോട്ട്

1996 സെപ്റ്റംബർ ഒന്ന്. അതൊരു ഞായറാഴ്ച ആയിരുന്നു. മലങ്കര യാക്കോബായ സുറിയാനി സഭയുടെ ദേവാലയങ്ങളിൽ ശുശ്രൂഷക്കാർ ഒന്നാം തുബ്ദേൻ വായിക്കുന്നു. ഇന്നും ഈ ആയുഷ്ക്കാലത്തും .....എന്നു തുടങ്ങുന്ന തുബ്ദേനിൽ ശ്രേഷ്ഠ കാതോലിക്കാ ബസേലിയോസ് പൗലൂസ് ദ്വിതിയനു വേണ്ടി യും..... വായന സമയത്ത് ആചാര്യന്മാരും, പ്രധാനാചാര്യന്മാരും തബലീത്തമേൽ ബസേലിയോസ് പൗലോസ് ദ്വിതീയൻ എന്ന പേരുച്ചരിച്ചുകൊണ്ട് കുരിശു വരയ്ക്കണം. ആ സമയത്തു സർവ്വ ശക്തനായ ദൈവം തമ്പുരാൻ സ്വർഗ്ഗത്തിൽ ഒരു വിരുന്നു സൽക്കാരം നടത്തുകയാണ്. ആ സ്വർഗ്ഗീയ വിരുന്നിലേയ്ക്കുള്ള ക്ഷണകത്തുമായി ഒരു ദൈവദൂതൻ പിറമാടം ദയറായിലെത്തി. ദൂതൻ ബാവായോട് രാജാധി രാജന്റെ ആശംസകൾ നീതിയുടെ കിരീടം പ്രാപിക്കുവാൻ അങ്ങയെ ദൈവം ക്ഷണിക്കുന്നു. വന്നു പിതാക്കന്മാരോട് ചേരുക. കാത്തിരുന്ന നിമിഷംവന്നെത്തി. ഉടനേ പോകാം ഒരു താമസവുമില്ല. ബാവാ പ്രതിവചിച്ചു. അപ്പോൾ 'ക്രോബകളാർത്തു സ്രാപ്പികൾ കുഴലൂതി- പറുദീസ തൻ അവ കാശി വരിക.'

സത്യവിശ്വാസികളായ സഭാ സമൂഹം ഒരു നിമിഷം നിശ്ചലമായി. സഭയുടെ മഹാപ്രധാനാചാര്യൻ യാത്രയാകുക യാണ്. ചാർത്തും നീതിയെ നിന്നാചാര്യന്മാരും മഹിമയെ നിൻ നയവാന്മാരും നിന്നദിക്ഷിക്തമുഖം തിരിപ്പിക്കല്ലെ നിൻ ദാസൻ ദാവീദിൻ മൂലം എന്ന ധൂപ പ്രാർത്ഥന ആരംഭിച്ചു. ദേവാലയ

ങ്ങളിൽ സ്വന്തം പിതാവു നഷ്ടപ്പെട്ടതിന്റെ ദു:ഖ മണികൾ മുഴ ങ്ങുവാൻ തുടങ്ങി.

പിന്നീടുള്ള നിമിഷങ്ങൾ പതിനായിരങ്ങളുടെ കണ്ണുനീ രിന്റെ സമയങ്ങൾ ആയിരുന്നു. ബാവാ നാളുകൾക്ക് മുൻപെ തന്നെ നിർദ്ദേശിച്ച തരത്തിൽ അംശവസ്ത്രങ്ങൾ ധരിപ്പിച്ച് ഭൗതിക ശരീരം മദ്ബഹായിൽ ഇരുത്തി. തങ്ങൾ ജീവനുതുല്യം സ്നേഹിച്ച മഹാപ്രധാനാചാര്യൻ മദ്ബഹായിൽ മാത്രമല്ല ത ങ്ങളുടെ ഹൃദയ സിംഹാസനത്തിലും ആസന്നസ്ഥനായിരുന്നു എന്ന മനോഹരമായ അനുഭൂതി അനുഭവിച്ചറിഞ്ഞ അത്യുൽകൃ ഷ്ടങ്ങളായ നിമിഷങ്ങളാണ് കടന്നുപോയത്. ഹൃദയ സ്പർശി യായ പ്രാർത്ഥനകൾ ആരംഭിച്ചു.

തന്റെ അന്ത്യനാളുകൾ സമാഗതമാകുന്നു എന്ന തിരിച്ച റിഞ്ഞ ബാവാ ഭരണത്തിന്റെ സിരാകേന്ദ്രമായ കാതോലിക്കേറ്റ് അരമനയിൽ നിന്ന് മാറി ശാലീനത നിറഞ്ഞു നിൽക്കുന്ന പിറ മാടം ദയറായിൽ കൂടുതൽ ദൈവീക ചൈതന്യത്തോടെ അന്ത്യ യാത്രക്കുള്ള തയ്യാറെടുപ്പുകളിൽ വ്യാപൃതനായിരുന്നുവല്ലോ. ബാവായുടെ ജീവിതം ഒരു വലിയ പാഠപുസ്തമായിരുന്നു. കർത്ത്യ ശിഷ്യൻ എങ്ങനെ ജീവിക്കണം എന്ന് അദ്ദേഹം ജീവിതം കൊണ്ട് കാണിച്ചുതന്നു. ചിന്തയിലും, വാക്കിലും, കർമ്മത്തിലും ആരേയും മുറിവേൽപ്പിക്കാത്ത സന്യാസി. സന്യാസത്തിൽ നിന്ന് ഒരിക്കലും വ്യതിചലിക്കാത്ത ധർമ്മിഷ്ഠൻ. അദ്ദേഹത്തിന്റെ ചിന്തകൾ ധാർമ്മികമായിരുന്നു. വാക്കുകൾ ആ ധർമ്മത്തിന്റെ ധ്വനിയായി രുന്നു. പ്രവർത്തികൾ നീതിനിഷ്ഠമായിരുന്നു.

ലളിത ജീവിതവും ഉന്നത ചിന്തയും കൊണ്ട് സമാരാ ധ്യനായി തീർന്ന മഹാനായ ബാവാ സർവ്വ ജീവജാലങ്ങളേയും സ്നേഹത്തോടും മനസ്സലിവോടും കൂടികണ്ട അനന്തകൃപാ നിധിയായിരുന്നു ഈശ്വര ചൈതന്യം ഉൾക്കൊണ്ട് പ്രതിഫലി പ്പിച്ച ദൈവ ഭക്തൻ. അധാർമ്മിക സമൂഹത്തിലും ഹൃദയ വിശു ദ്ധി നിലനിർത്തികൊണ്ട് പുണ്യാത്മാവായി ഇതുപോലൊരാൾ ഇരുപതാം ആണ്ടിൽ ജീവിച്ചിരുന്നുവോ എന്ന്വരും തലമുറ അത്ഭുതപ്പെട്ടേയ്ക്കും.

ചന്ദനത്തിന്റെയും മുല്ലപ്പൂവിന്റെയും സുഗന്ധം കാറ്റിന നുകൂലമായി മാത്രം സഞ്ചരിക്കുന്നു. നന്മയുടെ സുഗന്ധം എല്ലാ ദിശയിലേയ്ക്കും വ്യാപരിക്കുന്നു. ശ്രേഷ്ഠബാവായുടെ ജീവി തത്തിന്റെയും കർമ്മത്തിന്റെയും മഹത്വം ഒരു ശാശ്വത സുഗ ന്ധമായി. സഭാ മക്കളുടെ ഹൃദയത്തിൽ എപ്പോഴും ആശ്വാസം

പകരുന്ന ഒരു ആനുഭൂതിയായി അവശേഷിക്കുന്നു. ആ ആത്മ ചൈതന്യം എപ്പോഴും അനേകർക്ക് വെളിച്ചം നൽകുന്ന ദീപ സ്തംഭമാണ് 'നിങ്ങൾ ലോകത്തിന്റെ വെളിച്ചം' എന്ന ക്രിസ്തുവചനം അന്വർത്ഥമാക്കിയ ക്രിസ്തുശിഷ്യൻ. വിനയവും, വിവേകവും സ്നേഹവും മനസ്സലിവും ഉള്ള വാക്കുകൾ ഒരു വ്യക്തിയെ മരണത്തിനപ്പുറവും അനുസ്മരിക്കപ്പെടുവാൻ യോഗ്യ നാക്കി തീർന്നു. വിയ്റ്റനാം യുദ്ധത്തിന്റെ നാളുകളിൽ അവരെ ന്തിനാ ഇങ്ങനെ മനുഷ്യനെ കൊല്ലുന്നതു എന്ന് പറയുകയും കണ്ണുനീർ തുടയ്ക്കുകയും ചെയ്യുന്ന മനുഷ്യ സ്നേഹിയെ ആർക്കു വിസ്മരിക്കാൻ കഴിയും? ഭൂകമ്പത്തിന്റെയും പ്രകൃതി ക്ഷോഭത്തിന്റെയും കഷ്ടനഷ്ടങ്ങളുടേയും ഫോട്ടോകൾ പത്ര ത്തിൽ കണ്ടാൽ കുറെനേരം ദു:ഖത്തോടെ നോക്കിയിരിക്കും. ദൈവമേ ഇന്നു സന്ധ്യയ്ക്ക് ഈ മനുഷ്യർ എവിടെയാണ് ഉറങ്ങു ന്നത് എന്ന് വിലപിക്കുന്ന പ്രധാനാചാര്യനായിരുന്നു അദ്ദേഹം.

Familiarity breeds contempt എന്ന ഇംഗ്ലീഷ് പഴ ഞ്ചൊല്ല് അർത്ഥമില്ലാത്തതാണന്നേ ബാവായോട് അടുത്തിടപ്പെ ട്ടിട്ടുള്ള ആളുകൾക്ക് തോന്നുകയുള്ളു.അദ്ദേഹത്തോട് അടുക്കും തോറും മതിപ്പും സ്നേഹവും വർദ്ധിക്കും. വ്യക്തിത്വത്തിന്റെ മഹിമ ആളിന്റെ സ്ഥാനത്തേയോ, വേഷത്തേയോ ആശ്രയിച്ചല്ല എന്നു സ്ഥാനത്തിന്റെ മഹിമയനുസരിച്ച് ജീവിക്കുന്നതിൽ ആ ണെന്നും അദ്ദേഹം സ്വജീവിതത്തിലൂടെ തെളിയിച്ചു. പ്രാർത്ഥ നയുടെ സമയം തെറ്റുവാൻ ഒരിക്കലും അദ്ദേഹം ഇടയാക്കുക യില്ല. ദീർഘയാത്രയിൽ കാറിൽ ഇരുന്നുകൊണ്ട് പ്രാർത്ഥിക്കും. വടക്കേ ഇന്ത്യയിൽ ശുശ്രൂഷ ചെയ്യുന്ന ഒരവസരത്തിൽ ഒരേ മുറിയിൽ മലങ്കര സഭയുടെ പരമാധ്യക്ഷനായ അദ്ദേഹവും എളി യവനായ ഞാനും ഏതാനും ദിവസങ്ങൾ ഒരുമിച്ചു താമസിച്ചു പ്രാർത്ഥനയ്ക്ക് ഞങ്ങൾ രണ്ടുപേർ മാത്രം. പരിചിതമായതി നാൽ ഏവൻഗേലിയോൻ മുറിയിൽ വച്ചുള്ള പ്രാർത്ഥനയിൽ ഒഴി വാക്കാമെന്നുള്ള എന്റെ അഭ്യർത്ഥനയ്ക്ക് ബാവായുടെ മറുപടി 'കൈകൊണ്ടി കർമ്മം കാരുണ്യം ചെയ്ക.'

കർമ്മം ചെയ്യാതെങ്ങനെയാടോ കാരുണ്യം നേടുക.
കാഹള ശബ്ദം കേട്ടുമരിച്ചവരെഴുന്നേൽക്കുമ്പോൾ
കഠിന വിധിയ്ക്കായി കബറിനെന്നെ വരുത്തരുതേ നീ

എന്ന ഭാഗം മുതലുള്ള അനുതാപത്തിന്റെയും മെമ്രാ എന്നും ചൊല്ലുമായിരുന്നു. അദ്ദേഹത്തെ യാത്രയയ്ക്കാൻ വിമാനത്താ വളത്തിൽ എത്തിയപ്പോൾ എന്ന കെട്ടിപ്പിടിച്ചു. ഈ പ്രാർത്ഥന

എന്നും ചൊല്ലുന്നതു നന്നായിരിക്കുമെന്ന് ഉപദേശിച്ചു.

അദ്ദേഹം ക്രിസ്തു ശിഷ്യനായതു ശുശ്രൂഷിക്കുവാനായിരുന്നു. ശുശ്രൂഷിക്കപ്പെടുവാനായിരുന്നില്ല മണിയടിയാൻ ശുശ്രൂഷയുടെ മുഖം മൂടി ധരിക്കുന്നവരെ അദ്ദേഹം നിരുത്സാഹപ്പെടുത്തുമായിരുന്നു. സെൻ ഗുരുവിനെ ക്കുറിച്ച് ശിഷ്യൻ അനുസ്മരിക്കുന്നതുപോലെ അദ്ദേഹം നടന്നുപോയപ്പോൾ പുല്ല റഞ്ഞിട്ടില്ല ഒരാൾ തന്നെ ചവിട്ടുന്നുണ്ടെന്ന് കുളിക്കുമ്പാൾ പുഴ അറിഞ്ഞിട്ടില്ല. ഇങ്ങനെയൊരാൾ തന്നിലുണ്ടന്ന്.. ആകാശത്തിലൂടെ പറന്നു പോകുന്ന കിളികൾ താഴെ തടാകത്തെ സ്പർശിക്കാതെ തടാകത്തിന്റെ സൗന്ദര്യം വർദ്ധിപ്പിക്കുന്നതുപോലെ ഒരു സമ്മർദ്ദവും ചെലുത്താതെ തന്റെ കാലത്തെ അദ്ദേഹം ഗുണപരമായി സ്വാധീനിച്ചു. സൗമ്യമായി ജീവിച്ചു, ദീപ്തമായി കടന്നു പോയി.

വിശുക്കുന്നവന് നിങ്ങൾ ഭക്ഷണം കൊടുത്തപ്പോൾ അത് എനിക്ക് തന്നതാണ് എന്ന് കല്പിച്ച നസറായാൻ ഗുരുവിന്റെ ശിഷ്യന് വിശക്കുന്നവർക്ക് ഭക്ഷണം കൊടുക്കാതിരിപ്പാൻ കഴിയില്ല. ആദിത്യമര്യാദ ഒരു പാവന കർമ്മായി ബാവാ കണക്കാക്കി.ഏതു വ്യക്തിയേയും നിഷ്കളങ്കമായ പുഞ്ചിരിയോടെ യഥായോഗ്യം സ്വീകരിക്കും. ഭൂമിയായ ഭൂമിയിലെ ഏറ്റവും ശ്രേഷ്ഠമായ കുശലാന്വേഷണമാണ് പിന്നീട് വല്ലതും കഴിച്ചോ ഇന്ന് എന്താണ് കഴിച്ചതു തുടങ്ങിയവ ശിശു സഹജമായ നൈർമ്മല്യത്തോടെ ചോദിക്കും. വിശപ്പാണ് മർത്യ ജീവിതത്തിന്റെ നിലനില്പ്പുകളെ പലപ്പോഴും സ്വാധീനിക്കുന്നത്. ദാവീദു കാഴ്ചയപ്പം യാചിച്ചതുപോലെ ശിഷ്യന്മാർ കതിർപറിച്ചു തിന്നതുപോലെ വിശക്കുന്നവരുടെ വഴിയിൽ എന്തും സഭവിക്കാം.അവർക്കെന്തു സംഭവിക്കുമെന്ന് വ്യാകുലപ്പെടാത്തവരുടെ സാരോപദേശങ്ങൾക്ക് യാതൊരു വിലയുമില്ല. രണ്ടാം ലോക മഹായുദ്ധ കാലത്തും അനുഭവപ്പെട്ട ദാരിദ്ര്യവും സാമ്പത്തിക തകർച്ചയും നേരിട്ടനുഭവിച്ച അദ്ദേഹം അക്കാലത്തെക്കുറിച്ച് വിശദമായി സംസാരിക്കുമായിരുന്നു. ഭക്ഷണം കഴിക്കുമ്പോൾ കൂടെയുള്ളവരെ ഒപ്പമിരുത്തും. വിഭവങ്ങൾ ഓരോരുത്തർക്കും ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തും.

ബാവായുടെ ശ്രേഷ്ഠതയുടെ ഒരു പ്രധാനഭാവം വ്യക്തിബന്ധങ്ങളിലുള്ള ഊഷ്മളതയായിരുന്നു. ധനാഢ്യരെന്നോ, പാവങ്ങളെന്നോ പണ്ഡിതന്മാരെന്നോ, പാമരന്മാരെന്നോ സ്വന്തക്കാരെന്നോ വെറുതേക്കാരെന്നോ ഉള്ള വിവേചനം ഒരിക്കലും പെരു

മാറ്റത്തിൽ ഉണ്ടാകയില്ല.

ബാവ സോഷ്യലിസം പ്രസംഗിച്ചു ഞാൻ കേട്ടിട്ടില്ല. എന്നാൽ സ്ഥിതി സമത്വത്തിന്റെ മഹത്തായ ആദർശങ്ങൾ അദ്ദേഹം ജീവിതത്തിൽ പ്രാവർത്തികമായി കാണിച്ചു. ബാവായുടെ നാട്ടുകാരനായ ഒരു ഏലിയാച്ചൻ ഉണ്ടായിരുന്നു. മുഷിഞ്ഞ വസ്ത്രങ്ങൾ ഒരു കൈയ്യിൽ പഴയ തുണി സഞ്ചി, തോളത്തു പഴയ ഒരു ബാഗ്- മാനസീക വെല്ലുവിളി നേരിടുന്ന ഇയാൾ വഴിയിലൂടെ നടന്നും പോകുന്നതു കണ്ടാൽ ഉടൻ ബാവ തോമസേ എന്നു വിളിക്കും. വിളിയുടെ അർത്ഥം തോമസ് ചേട്ട നറിയാം. പൗരസ്ത്യകാതോലിക്കയുടെ കാർ ഉടൻ നിൽക്കും. കാർ തുറക്കുന്നതും ബാവാ വാ ഏലിയാച്ച കയറ് . ഏലിയാച്ചനെ അടുത്തിരുത്തിയിട്ടേ കാർ മുന്നോട്ടു പോകു. ഏലിയാച്ചൻ പിറമാടത്തോ, മലയക്കുരിശിലോ എത്തിയാൽ ദിവസങ്ങൾ അവിടെ തങ്ങും. ഭക്ഷണസമയത്തു ഏലിയാച്ചനാണ് മുഖ്യാതിഥി. ഈ പരിപാടി ഇഷ്ടമില്ലാത്ത ഞങ്ങൾ മിക്കപ്പോഴും ഏലിയാച്ചനെ ശുണ്ഠിപിടിപ്പിക്കാറുണ്ടായിരുന്നു. ഒരിക്കൽ ഏലിയാച്ചൻ ദേഷ്യപ്പെട്ടതു ബാവായുടെ ശ്രദ്ധയിൽപ്പെട്ടു. ബാവയുടെ പ്രതികരണം എന്തായിരിക്കുമെന്ന് ഞങ്ങൾക്ക് ഊഹിക്കാൻ കഴിഞ്ഞില്ല. അന്നു സന്ധ്യാ പ്രാർത്ഥന കഴിഞ്ഞ് പതിവുപോലെ ചാപ്പലിന്റെ അരഭിത്തിയിൽ ബാവ ഇരുന്നു ഞങ്ങളെ അടുക്കലേക്ക് വിളിച്ചു. ബാവായുടെ കണ്ണുകളിലെ ആർദ്രത ഇപ്പോഴും ഞാൻ മനസ്സിൽ കാണുന്നു. ബാവാ പറഞ്ഞു അയാൾ പാവമല്ലേ അങ്ങനെയുള്ളവരെ ദേഷ്യപ്പെടുത്തരുത്. അയാൾക്കൊരു വീടില്ല സ്വർഗ്ഗത്തിൽ അയാൾക്ക് മനോഹരമായ ഒരു ഭവനമുണ്ട്. നിങ്ങൾ അയാളോട് സ്നേഹത്തോടെ പെരുമാറണം. ഞാൻ മരിച്ചുകഴിഞ്ഞാലും ഏലിയാച്ചനെ നിങ്ങൾ കരുതണം. സ്വർഗ്ഗത്തിലെത്തുമ്പോൾ അയാളായിരിക്കും നമ്മെ സ്വീകരിക്കുന്നത്. അയാളെ ഇനി ഒരു കാരണവശാലും വേദനിപ്പിക്കരുത്.

ബാവായുടെ കൽപന ഞങ്ങൾ ശിരസ്സാവഹിച്ചു. ഏലിയാച്ചൻ പലപ്പോഴും ഞങ്ങളുടെ ഒക്കെ വീടുകളിൽ ദിവസങ്ങളോളം താമസിക്കാറുണ്ടായിരുന്നു. പോകുമ്പോൾ എന്തെങ്കിലും കൊടുക്കും. ബാവായുടെ കാലശേഷം അയാൾ അധികനാൾ ജീവിച്ചിരുന്നില്ല. ദരിദ്രരെ സഹായിക്കുന്ന പലരുണ്ടാകാം. ആ സഹായക്കുന്ന കൈകൾ പിന്നിൽ ഹൃദയത്തിന്റെ സാന്നിധ്യമില്ലായ്മ ഏറെ വേദനിപ്പിക്കുന്നതാണ്. അഹന്തയും, നിന്ദയും നിറഞ്ഞിരിക്കുന്നവരുടെ ദാനങ്ങൾ അസഹ്യമായി തീർന്നിരിക്കുന്ന

ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത്. എന്തെല്ലാം ദാന ധർമ്മങ്ങളാണ് പത്രങ്ങളുടെ പ്രാദേശിക പേജിൽ ദിവസേന ഇടം പിടിക്കുന്നത്.

വലംകൈ ചെയ്യുന്നതു ഇടംകൈ അറിയാതെ ആവശ്യക്കാർക്ക് സഹായം എത്തിക്കുന്നതിൽ ബാവ ശ്രദ്ധാലുവായിരുന്നു. കോട്ടയത്തുള്ള ഒരു പ്രമുഖ ദേവാലയത്തിൽ ബാവാ വി. കുർബ്ബാനയ്ക്ക് എത്തി തിരിച്ചു പോകാൻ തയ്യാറായപ്പോൾ വികാരി ബഹുമാനപ്പെട്ട മൂലയിൽ കുറിയാക്കോസ് കോർഎപ്പിസ്കോപ്പയെ വിളിച്ചു താൻ ചെന്ന് ആ ട്രസ്റ്റിയോട് എനിക്ക് കുറച്ചധികം രൂപ ആവശ്യമാണെന്ന് അറിയിക്കണം എന്നു പറഞ്ഞു തെല്ല് അത്ഭുതത്തോടെ മൂലേൽ അച്ചൻ ട്രസ്റ്റിയോട് വിവരം അറിയിച്ചു. ബാവയുടെ ഇത്തരത്തിലുള്ള പരിപാടി അറിയാവുന്ന ട്രസ്റ്റി നല്ലൊരു തുക നൽകി. പണം വാങ്ങി ബാവ നേരെ പോയത് ഒരു വൈദീകന്റെ ഭവനത്തിലേയ്ക്കായിരുന്നു. ആ ദൈവീകൻ പിറ്റേദിസം വെല്ലൂർ ആശുപത്രിയിലേയ്ക്ക് ഒരു ഓപ്പറേഷനായി പോകേണ്ടതായിരുന്നു. ബാവാ അച്ചനു വേണ്ടി പ്രാർത്ഥിച്ചു പണം മുഴുവനും കൊടുത്തു. ആരോടും ഒരു കാര്യവും വിശദീകരിച്ചു പറഞ്ഞതുമില്ല. ഇത്തരത്തിലുള്ള സ്വഭാവരീതികൊണ്ട് അദ്ദേഹത്തിന്റെ കൈയിൽ ഒരിക്കലും അധികം പണമുണ്ടായിരുന്നില്ല. അക്കാലത്തു പ്രധാനാചാര്യന്മാർക്ക് സ്വകാര്യ സ്വത്തു സമ്പാദനവും ട്രസ്റ്റ് രൂപീകരണവും അത്ര പ്രധാനപ്പെട്ട ഒരു ആത്മീയ ശുശ്രൂഷയായിരുന്നില്ല.

പ്രകൃതിയോട് ഇണങ്ങി ജീവിക്കുകയും മൃഗങ്ങളോടും, ചെടികളോടുമെല്ലാം കരുണ കാണിക്കുകയും ചെയ്തിരുന്ന ബാവാ പിറമാടത്തു മിക്ക കാർഷിക വിഭവങ്ങളും നട്ടുവളർത്തുവാൻ ശ്രമിച്ചിരുന്നു.

ഒരിക്കൽ യാത്ര ചെയ്യുന്ന അവസരത്തിൽ കാളക്കാരൻ ചാട്ടകൊണ്ട് കാളയെ അടിക്കുന്നതുകണ്ടു ബാവായുടെ മുഖ ഭാവം ആകെ മാറി. ഭാരം വഹിക്കുന്ന മിണ്ടാപ്രാണിയെ ദ്രോഹിച്ചാൽ അതിന്റെ വേദന ആരോട് പറയും. കന്നുകാലികൾ തമ്പുരാനെപെറ്റ അമ്മയുടെ പ്രസവവേദന കണ്ടവരാണ്. ബേത്‌ലഹേമിലെ തൊഴുത്തിൽ ആദ്യം ക്രിസ്തുവിനെ ദർശിച്ചതു അവരല്ലേ. അവരുടെ വേദന തമ്പുരാനെ പെറ്റ അമ്മയ്ക്ക് സഹിക്കില്ല.

അന്ത്യോഖ്യാ മലങ്കര ബന്ധം അചന്ദ്രതാരം നിലനിൽക്കണമെന്ന് ശ്രേഷ്ഠപിതാവ് ആഗ്രഹിച്ചു. അന്ത്യോഖ്യാ സിംഹാസനത്തോട് എന്നും വിധേയത്വവും കൂറും അനുസരണവും ഉള്ള

ആളായിരുന്നു. ശീമയിൽനിന്നെത്തുന്ന പിതാക്കന്മാരെ ആദര പൂർവ്വം സ്വീകരിച്ചു ബഹുമാനിച്ചു. അതേസമയം തന്നെ മലങ്കരസഭയുടെ മാർത്തോമ്മാ ശ്ലീഹായുടെ പാരമ്പര്യത്തിന്റെ ശ്രേഷ്ഠതയിൽ അഭിമാനിച്ചു. നമ്മൾ ഇന്ത്യാക്കാർ മാർത്തോമ്മാ ശ്ലീഹായുടെ ആത്മീയ മക്കളാണ് എന്നു പറയുമായിരുന്നു, മാർത്തോമ്മാ ശ്ലീഹാ രക്തസാക്ഷിയായി എന്നു കരുതപ്പടുന്ന തമിഴ്നാട്ടിലെ മൈലാപ്പൂരിൽ മാർത്തോമാ ശ്ലീഹായുടെ നാമത്തിൽ ഒരു ദേവാലയം ആരംഭിച്ചതു ശ്രേഷ്ഠ പൗലൂസ് ദ്വിതീയൻബാവായായിരുന്നു. ആ പള്ളിയുടെ ആരംഭം ബാവ തിരുമേനി വൈദീകനായിരുന്ന കാലഘട്ടത്തിലായിരുന്നു മലങ്കരയിലെ ശ്രേഷ്ഠമായ പാരമ്പര്യങ്ങൾ നിലനിർത്തിക്കൊണ്ട് അന്ത്യോഖ്യാ ബന്ധം നിലനിർത്തുന്നതാണ് ഉചിതം എന്നദ്ദേഹത്തിനറിയാമായിരുന്നു.

സുറിയാനി ഭാഷയിൽ എഴുതുവാനും വായിക്കുവാനും മാത്രമല്ല അനർഗ്ഗളമായി പ്രസംഗിക്കുവാനും ബാവാതിരുമേനിക്ക് കഴിയുമായിരുന്നു. Pro Oriente സമ്മേളനത്തിൽ തന്റെ അനാരോഗ്യവും ക്ഷീണവും വകവയ്ക്കാതെ സുറിയാനിയിൽ നടത്തിയ ഗംഭീരപ്രസംഗം ആ സമ്മളനത്തിൽ പങ്കെടുത്ത അനേകരും അനുസ്മരിക്കാറുണ്ടല്ലോ. സുറിയാനി പഠിക്കുന്ന വൈദീകരോട് വലിയ ഇഷ്ടമായിരുന്നു. അവരോട് ബാവാ സുറിയാനിയിൽ സംസാരിക്കാൻ ശ്രദ്ധിക്കുമായിരുന്നു. ബാവാ മിക്കപ്പോഴും സുറിയാനി തക്സാകൾ ഉപയോഗിച്ച് ആണ് കൂദശകൾ നിർവ്വഹിച്ചിരുന്നതു. കേൾവിക്കാർക്ക് മനസ്സിലാകുന്ന ലളിതമായ മലയാള ഭാഷയിലേക്ക് മൊഴിമാറ്റം നടത്തിക്കൊണ്ടു അദ്ദേഹം ആ ശുശ്രൂഷകൾ നിർവ്വഹിക്കുന്നതു കേൾക്കാൻ വളരെ ഇമ്പമായിരുന്നു.

ചില അവസരങ്ങളിൽ സംസ്കൃതഭാഷയിൽ ശ്ലോകങ്ങൾ അക്ഷരസ്പുടയോടെ ചൊല്ലി അർത്ഥം വിശദീകരിക്കുമായിരുന്നു. ഇഷ്ടപ്പെട്ട ഒരു ചെറുശ്ലോകം

സൽസംഗത്വേ- നിസംഗത്വം
നിസ്സംഗത്വേ - നിർമോഹത്വം
നിർമോഹത്വേ - നിർമ്മലതത്വം
നിർമ്മല തത്വേ- ജീവൻ മുക്തി

അനായാസകരമായി ശ്ലോകം ചൊല്ലുന്നതുപോലം ആയാസരഹിതമായി സൽസംഗത്തിൽ തുടങ്ങി ജീവൻമുക്തിയിൽ അദ്ദേഹം എത്തിച്ചേർന്നു ഇംഗ്ലീഷിൻ പ്രസംഗിക്കുമ്പോഴും

സംസാരിക്കുമ്പോഴും ഷേക്സ്പിയർ, ഷെല്ലി, വേർഡ്സ് വർത്ത് ഇവരുടെ ഉദ്ധരണികൾ വലിയ ഇഷ്ടമായിരുന്നു. അദ്ദേഹം എനിക്ക് ഇംഗ്ലീഷിൽ കത്തെഴുതുമായിരുന്നു. പ്രത്യേകിച്ചും ബാഹ്യകേരളത്തിൽ ശുശ്രൂഷ ചെയ്യുന്ന അവസരത്തിൽ സ്വകാര്യകത്തുകളിൽ പോലും അതീവ ശ്രദ്ധയോടെ അദ്ദേഹം ഉപദേശങ്ങൾ നൽകുമായിരുന്നു.

മാത്യൂസ് പ്രഥമൻ കാതോലിക്കാ സിംഹാസനത്തിൽ ആരൂഢനായിരുന്ന കാലത്ത് തന്റെ പിൻഗാമി നിയുക്ത കാതോലിക്കായോ ഇനി മുതൽ ശ്രേഷ്ഠ നിയുക്ത കതോലിക്കാ എന്ന് സംബോധനചെയ്യണമെന്ന് ഉത്തരവായി. ഇതിന്റെ പിന്നിൽ ഒരു ഗൂഢഉപദേശം ഉണ്ടായിരുന്നു. ശ്രേഷ്ഠ കാതോലിക്കാ പരിശുദ്ധ കാതോലിക്കയെക്കാൾ താഴ്ന്ന പദവിയുള്ള ആൾ എന്നു വരുത്തി തീർക്കുക വളരെ തമാശയായിട്ടാണ് പൗലോസ് ദ്വിതീയൻ ബാവാ ഈ സംഗതിയെക്കുറിച്ച് പിന്നാട് സംസാരിച്ചത്. ഇത്തരം തരം താഴ്ന്ന സംസാരങ്ങൾ ഒന്നും ആത്മചൈതന്യത്തിന്റെ അത്യുന്നത പർവ്വത്തിലെത്തിയ ആ മഹാത്മാവിന് ഒരു പ്രശ്നമായിരുന്നില്ല. സഭയിൽ ഭിന്നതകളും, തർക്കങ്ങളും അക്രമണങ്ങളും, കൈയേറ്റങ്ങളും നടക്കുമ്പോൾ ആരും ജയിക്കുന്നില്ല എല്ലാവരും പരാജയപ്പെടുകയാണ് എന്നു വിലപിക്കുന്ന ശ്രേഷ്ഠാത്മാവിന് അഭിസംബോധന പ്രധാനമായിരുന്നില്ല.

1958 ലെ സഭാ സമാധാനത്തിനുശേഷം അകത്തുകത്തിയും പുറത്തു പത്തിയും കാണിച്ച കാതോലിക്കാ വിഭാഗത്തിന്റെ കുത്സിത പ്രവർത്തികൾ മൂലം ഏറ്റവുമധികം വേദനിപ്പിക്കേണ്ടി വന്ന ആളാണ് പൗലൂസ് മോർ പീലക്സിനോസ് തിരുമേനി, വ്ക്തിപരമായി ഒട്ടേറെ പീഡിപ്പിക്കപ്പെട്ട സംഗതികൾ ഉണ്ടായിട്ടുണ്ട്. ഒരിക്കൽ ഔഗേൻ മോർ തിമോത്തിയോസ് പീലക്സിനോസ് മെത്രാച്ചനെ കുറിച്ച് കുറേയേറെ പരാതികൾ ഗീവർഗീസ് ദ്വീതിയൻ കാതോലിക്കാ സമക്ഷം എത്തിച്ചു രണ്ടു പേരും ഓരേ കാറിലാണ് ദേവലോകത്ത് എത്തിയത്. ഔഗേൻ ബാവായെ അവിടെ എത്തിച്ചശേഷം പീലക്സിനോസ് തിരുമേനി പൊൻകുന്നത്തിനു പോയി തിരിച്ചെത്തിയ പീലക്സിനോസ് തിരുമേനി കണ്ടതു പൊതുവേ സാത്വതികനെന്നറിയപ്പെട്ട ഗീവർഗീസ് ദ്വീതീയൻ കാതോലിക്കാ ബാവായുടെ മറ്റൊരുമുഖമാണ്. കാതോലിക്കാ അസഭ്യവർഷത്തോടെ തിരുമേനിയുടെ താടിക്കുപിടിച്ച് വലിച്ചുലച്ചു. അപ്രതീക്ഷിതമായ ഈ പ്രതികരണത്തിൽ അവഹേളിതനായി നിരാലംബനായി ഭക്ഷണം പോലും

കഴിക്കാനാവാതെ അദ്ദേഹം അവിടെ നിന്ന് ഇറങ്ങിപ്പോകേണ്ടി വന്നു. സ്വന്തം ബോധ്യത്തിന്റെയും, മനസ്സാക്ഷിയോടുള്ള സത്യ സന്ധതയുടേയും അടിസ്ഥാനത്തിൽ മുൻപോട്ട് പോകുവാൻ അദ്ദേഹം തീരുമാനിച്ചു. അപമാനവും, അവഹേശനവും സഹിച്ച് അവരുടെ കൂടെ മുൻപോട്ടു പോകുവാൻ ഇനി ആവില്ല എന്ന് വ്യക്തമാക്കുകയും ചെയ്തു. സഭാചരിത്രത്തിൽ ഇടം പിടിക്കാതെ പോയ ഇത്തരം സ്നേഹശൂന്യമായ അധികാര കൈയേറ്റങ്ങൾ ഓരോ സമയത്തും മലങ്കര സഭയുടെ ചരിത്ര ഭാഗധേയം മാറ്റിമറിച്ചിട്ടുണ്ട്.

ശ്രേഷ്ഠ ബാവയോടൊപ്പമുള്ള ദിനങ്ങൾ ഇനി ഓർമ്മകളിൽ മാത്രം അവശേഷിക്കുന്നു. സഭാചരിത്രവും, വേദശാസ്ത്രവും ലളിതമായ ഭാഷയിൽ സംസാരിച്ചിരുന്ന നാവുകളിൽ നിന്ന് ഇനി ഒന്നും കേൾക്കാനാവില്ല. ബാവായുടെ ജീവിതം അദ്ദേഹത്തിന്റെ സന്ദേശമായിരുന്നു. വലിയ കോളേജ് കാമ്പസുകളിൽ നിന്നു പഠിക്കാൻ കഴിയാതിരുന്ന മൂല്യങ്ങൾ ബാവായിൽ നിന്നു പഠിക്കാനിടയായ ആ നല്ലദിനങ്ങൾ ഗതകാല ആതുരത്വത്തോടുകൂടിയേ ഇന്ന് അനുസ്മരിക്കാനാകൂ. എന്നേപോലുള്ള ചെറിയമനുഷ്യർക്ക് വലിയ മനുഷ്യരേ കണ്ടുമുട്ടുവാനും അവരോട് ഒന്നിച്ച് ജീവിക്കുവാനും അവസരം ലഭിക്കുന്നത് മഹാഭാഗ്യമാണ്. ജീവിത നന്മയുടെ വലിയപാഠങ്ങൾ പഠിച്ച ദിവസങ്ങൾ എന്നന്നേയ്ക്കുമായി അവസാനിച്ചു. കൊടുംങ്കാറ്റിലും, തിരമാലയിലും അകപ്പെട്ട സഭാ നൗകയേ നയിക്കാൻ ദൈവകൃപയും, വിശ്വാസസ്ഥിരതയും ദൈവഭക്തിയും അദ്ദേഹത്തെ സഹായിച്ചു. നാനാ ജാതിമതസ്ഥർ ബാവായേ സ്നേഹിച്ചു. അദ്ദേഹം അവരേയും സത്ജനങ്ങൾക്ക് ബാവാ എന്നും കെടാവിളക്കായി പരിലസിക്കുന്നു. ആ അണയാത്ത ദീപത്തിന്റെ ഒളിമങ്ങാത്ത പ്രകാശം നമ്മെ മുൻപോട്ട് നയിക്കട്ടെ അവരോ അധികം നല്ലതിനെ സ്വർഗ്ഗീയമായതിനെ തന്നെ കാംഷിച്ചിരുന്നു. ആകയാൽ ദൈവം അവരുടെ ദൈവം എന്നു വിളിയ്ക്കപ്പെടുവാൻ ലജ്ജിക്കുന്നില്ല. അവൻ അവർക്കായി ഒരു നഗരം ഒരുക്കിയിരിക്കുന്നുവല്ലോ. (എബ്രായർ 11:15-16)



മലങ്കരയുടെ പ്രകാശഗോപുരം

ഡോ. രാജു കെ. ജോൺ

ശ്രേഷ്ഠ കാതോലിക്ക ബസേലിയോസ് പൗലോസ് ദ്വിതീയൻ ബാവായുടെ ഇരുപത്തിയഞ്ചാം ചരമവാർഷികം ഈ വർഷം സെപ്റ്റംബർ ഒന്നാം തീയതി ആഘോഷിക്കുകയാണ്. ബാവായുടെ ധന്യമായ ജീവിതം അനുസ്മരിക്കുവാൻ മാത്രമല്ല അത് പഠിയ്ക്കുവാൻ കൂടിയുള്ള ഒരവസരമാണിത്. ഈ പഠനത്തിലൂടെ ലഭിക്കുന്ന ഉൾകാഴ്ചകൾ സഭയുടെയും സഭാംഗങ്ങളുടേയും മുന്നോട്ടുള്ള പ്രയാണത്തിൽ മാർഗ്ഗദർശകമാക്കേണ്ടതാണ്. 1952 മുതൽ മെത്രാപ്പോലീത്ത എന്ന നിലയിലും 1975 മുതൽ ശ്രേഷ്ഠ കാതോലിക്ക എന്ന നിലയിലും സഭയുടെ ഭാഗധേയം നിർണ്ണയിക്കുന്നതിൽ ബാവായ്ക്കുണ്ടായിരുന്ന പങ്ക് വളരെ വലുതായിരുന്നു. അതുകൊണ്ടുതന്നെ ബാവായുടെ കാഴ്ചപ്പാടുകൾ സഭയുടെ നിലപാടുകളെ സ്വാധീനിച്ചിട്ടുണ്ട്. ചെറുപ്പത്തിൽ പിതാവിൽ നിന്ന് ലഭിച്ച ശിക്ഷണവും പിന്നീട് ചെറായി രാമവർമ്മ ഹൈസ്കൂൾ, കോട്ടയം സി.എം.എസ്. കോളേജ്, ആലുവ യു. സി. കോളേജ് എന്നിവിടങ്ങളിൽ നിന്ന് ലഭിച്ച അനുഭവസമ്പത്തും ബാവായുടെ കാഴ്ചപ്പാടുകളെ രൂപപ്പെടുത്തുന്നതിൽ പ്രധാന പങ്ക് വഹിച്ചിട്ടുണ്ട്. സാംസ്കാരികവും ആശയപരവും വേദശാസ്ത്രപരവുമായ വൈഷമ്യങ്ങളെ, അടിസ്ഥാന വിശ്വാസങ്ങൾക്ക് കോട്ടമില്ലാതെ സമന്വയിപ്പിക്കുവാൻ ബാവായക്ക് കഴിഞ്ഞു. സഭയുടെ ശ്ലൈഹീക പാരമ്പര്യങ്ങളും വിശ്വാസങ്ങളും മുറുകെ പിടിച്ചുകൊണ്ടു തന്നെ ആധുനിക കാലഘട്ടത്തിന് അനുയോജ്യമായ ഒരു ലോകവീക്ഷണം കരുപ്പിടിപ്പിക്കുന്നതിന് രാമവർമ്മ

യിലെ മതേതര അന്തരീക്ഷവും സി. എം. എസിലെ നവീകരണ പ്രവർത്തനങ്ങളും ആലുവായിലെ എക്യൂമെനിക്കൽ ചിന്താഗതിയും സഹായിച്ചിട്ടുണ്ട്. കെ. സി. ഏബ്രഹാമിന്റെ ശിക്ഷണം തീർച്ചയായും സ്വദേശി പ്രവർത്തനങ്ങളുമായുള്ള ബന്ധത്തിലേക്ക് നയിച്ചിരിക്കണം. സ്റ്റേറ്റ് കോൺഗ്രസിന്റെ പ്രക്ഷോപ പരിപാടികളോട് അനുഭാവം പ്രകടിപ്പിച്ചുകൊണ്ട് സി.എം. എസ്. കോളേജിൽ ബാവാ ഉപവാസം അനുഷ്ഠിക്കുകയുണ്ടായി. അഭിപ്രായം തുറന്നു പറയുവാനുള്ള സ്വാതന്ത്ര്യം മറ്റുള്ളവർക്ക് അനുവദിച്ചു കൊടുക്കുവാനും തന്റെ അഭിപ്രായങ്ങൾ വ്യക്തമായും ശക്തമായും എന്നാൽ വികാരം മുറിപ്പെടുത്താതെയും എതിരാളികളോടുള്ള ബഹുമാനം കൈവിടാതെയും പ്രകടിപ്പിക്കുവാനും ബാവായ്ക്ക് കഴിഞ്ഞത് ഈ ആദ്യകാല പരിശീലനത്തിന്റെ ഫലമായാണ്. ആദ്യകാലത്ത് രൂപപ്പെട്ട ഈ ലോക വീക്ഷണം തന്നെയാണ് വിവിധ ക്രൈസ്തവ സഭാ വിഭാഗങ്ങളോട് ഒത്തുചേർന്ന് മദ്യപാനത്തിനെതിരെ നിലപാടുകളെടുക്കുവാൻ ബാവായെ പ്രേരിപ്പിച്ചത്. സഭാംഗങ്ങളുടെ ക്ഷേമത്തിനൊപ്പം തന്നെ സമൂഹത്തിന്റെയും കുടുംബത്തിന്റെയും നിലനില്പും സ്ഥിരതയും അദ്ദേഹം കാംക്ഷിച്ചു. രാഷ്ട്രീയത്തിലെ മതത്തിന്റെ സ്വാധീനത്തേയും രാഷ്ട്രീയ ലാഭത്തിനുവേണ്ടി മതത്തെ ദുരുപയോഗം ചെയ്യുന്നതിനേയും ബാവാ എതിർത്തു. സ്വാർത്ഥ മോഹങ്ങളില്ലാതെ സ്വന്തം മതത്തിന്റെ പ്രബോധനങ്ങളെ അംഗീകരിക്കുകയും പരിഹരിക്കുകയും ചെയ്യുന്നതുവഴി വർഗ്ഗീയ സംഘർഷങ്ങളെ ഒഴിവാക്കുവാൻ കഴിയുമെന്നും ബാവാ വിശ്വസിച്ചു. ക്രിസ്തീയ വീക്ഷണത്തിൽ സമാധാനം നീതിയിലും അനുരജ്ഞനത്തിലും അധിഷ്ഠിതമാണ്. സഭയിലെ ഭൂരിപക്ഷം ജനങ്ങൾക്ക് നീതി നിഷേധിക്കപ്പെടുന്ന സാഹചര്യത്തിൽ സമാധാനം അസാദ്ധ്യമാണ്.

പൈതൃകമായി ലഭിച്ച വിശ്വാസത്തിൽ കളങ്കം ചേർക്കുവാനും ശ്ലൈഹിക പാരമ്പര്യങ്ങളിൽ നിന്ന് വഴിമാറിപ്പോകുവാനും തയ്യാറല്ലാത്തവർക്ക് ആരാധനാ സ്വാതന്ത്ര്യം നിഷേധിക്കപ്പെടുമ്പോൾ അവിടെ നീതിനിഷേധം ഉണ്ട്. അവിടെ അനുരജ്ഞനത്തിനുള്ള വഴികൾ താനേ അടഞ്ഞുപോകും. എന്നാൽ കാതലായ വിഷയങ്ങളിൽ വിട്ടുവീഴ്ചയില്ലാതെ ശ്രേഷ്ഠമായ വിശ്വാസം മുറുകെ പിടിച്ചുകൊണ്ടുതന്നെ അനുരജ്ഞനത്തിന്റെ വാതിലുകൾ തുറന്നുവയ്ക്കുവാൻ ബാവാ ശ്രദ്ധിച്ചിരുന്നു. അപ്പോഴും ആരാധനാലയങ്ങളിൽ അതിക്രമിച്ചു കടക്കുവാൻ ആരേയും അനുവദിക്കു


കയില്ല എന്ന ഉറച്ച നിലപാടെടുക്കുകയും ചെയ്തു.

സത്യം ജയിക്കും എന്ന ബോദ്ധ്യം ഉണ്ടായിരുന്നിട്ടും നീതി പീഠത്തിന്റെ മുമ്പിൽ അതു വെളിവാക്കുവാൻ കഠിനമായി പരിശ്രമിക്കുകയും അതോടൊപ്പം തന്നെ വിനയാന്വിതനായി സർവ്വ ശക്തനായ ദൈവത്തിന്റെ സന്നിധിയിൽ ദൈവേഷ്ടത്തിന്റെ നടത്തിപ്പിനായി നിരന്തരം പ്രാർത്ഥിക്കുകയും ഉപവസിക്കുകയും ചെയ്തു. അങ്ങനെ ചെയ്യുവാൻ ജനങ്ങളെ ഉപദേശിക്കുകയും ചെയ്തു. ബാവായുടെ അളവറ്റ നിശ്ചയദാർഢ്യവും അതിരറ്റ ദൈവവിശ്വാസവും സമ്പൂർണ്ണമായ അർപ്പണബോധവുമാണ് പ്രതിസന്ധികളിൽ സഭയ്ക്ക് രക്ഷയായത്.

സമാധാനം കീഴ്പ്പെടുത്തലിലൂടെയോ കീഴടങ്ങലിലൂടെയോ സാദ്ധ്യമല്ല എന്ന ഉറച്ച ബോദ്ധ്യമാണ് സമാധാനത്തിനുവേണ്ടി വാഞ്ഛിക്കുമ്പോഴും കോടതിയിൽ കേസ്നടത്തുവാൻ ബാവയെ പ്രേരിപ്പിച്ചത്. സഭയിലെ ഭിന്നതയും അതിനെത്തുടർന്നുണ്ടായ സംഘർഷങ്ങളും വാർത്താപ്രാധാന്യം നേടിയ കാലഘട്ടത്തിലും ഭാരതവർഷത്തിലെ ഋഷിവര്യന്മാരുടേതിനു തുല്യമായ സ്ഥാനം സഭയ്ക്കു പുറത്തുള്ള ജനങ്ങളുടെ ഹൃദയങ്ങളിൽ നേടിയെടുക്കുവാൻ ബാവായ്ക്കു കഴിഞ്ഞു. ബാവായുടെ വ്യക്തിത്വത്തിന്റെ സവിശേഷതകൾ തന്നെയായിരുന്നു ഇതിനു കാരണം. ഭാരതീയ സംസ്കാരത്തിൽ പ്രകീർത്തിക്കപ്പെടുന്ന ലളിത ജീവിതവും ഉയർന്ന ചിട്ടയും എന്ന ആശയം ആലുവായിലെ തന്റെ ബിരുദ പഠനകാലത്ത് പ്രൊഫ. കെ. സി. ചാക്കോയെപ്പോലുള്ള ഗുരുശ്രേഷ്ഠരിൽ നിന്ന് അദ്ദേഹം സാംശീകരിച്ചിരുന്നു. അതുകൊണ്ടുതന്നെ സ്ഥാനമാനങ്ങൾ ജീവിത ശൈലിയിൽ ഒരു ഭാവവും വരുത്തിയില്ല. അന്ത്യസമയം വരെയും ഉള്ളിന്റെയുള്ളിൽ ബാവാ ഒരു സാധാരണ കർഷകനായിരുന്നു. രാവിലെ എഴുന്നേറ്റ് പറമ്പിൽകൂടി നടക്കുകയും കായ്കനികൾ പറിച്ച് കുപ്പായക്കീശയിലിട്ട് മുറിയിൽ കൊണ്ടുവന്ന് അരിഞ്ഞെടുക്കുന്നു. അതിഥികൾക്ക് സ്വയം ഭക്ഷണം വിളമ്പുന്ന ഒരു സാധാരണക്കാരന്റെ ചിത്രം ഒരു സഭാനേതാവിന്റേതുമായി ഒത്തുപോകുവാൻ ബുദ്ധിമുട്ടുണ്ട്. ഈശ്വരസാന്നിദ്ധ്യം അനുഭവിച്ചറിഞ്ഞ ഒരു ആത്യാത്മീക നേതാവിനു മാത്രമെ ഇതു സാധിക്കുകയുള്ളൂ. യാമപ്രാർത്ഥനകളിലും ആരാധനകളിലും ബാവയ്ക്കുള്ള നിഷ്ഠ സുവിദിനമാണല്ലോ. സഭാ ചരിത്രത്തിലെ ശക്തരായ ഭരണാധികാരികളിൽ ഒരാളായിരുന്നു ബാവാ എന്ന് പറയാനാകില്ല, എന്നാൽ നിശ്ചയദാർഢ്യത്തിന് ഒരു കുറവും ഉണ്ടായിരുന്നില്ല. ഭരണനേട്ടങ്ങൾ ഒട്ടും

കുറവുമായിരുന്നില്ല. വൈദീക വിദ്യാഭ്യാസത്തിനു അടിത്തറപാകിയ ഉദയഗിരി സെമിനാരി, മൂവാറ്റുപുഴയിലെ അരമന അങ്ങനെ എടുത്തുപറയുവാൻ ഒട്ടേറെ നേട്ടങ്ങളുമുണ്ട്. ബാവായുടെ കാലഘട്ടത്തിൽ സഭയ്ക്കുണ്ടായ വളർച്ച പരിഗണിക്കുമ്പോൾ ഭക്തിയാണ് ശക്തി എന്ന തിരിച്ചറിവ് നമുക്കുണ്ടാകുന്നു. അദ്ദേഹത്തിന്റെ സ്നേഹത്തിലും ത്യാഗത്തിലും അധിഷ്ഠിതമായ ജീവിതവും ലളിതമായ ജീവിത ശൈലിയും

ജനസമാന്യങ്ങൾക്കിടയിൽ ബാവായെ പ്രിയങ്കരനാക്കി. പ്രകടന പരിധിയില്ലാത്ത പാണ്ഡിത്യവും നയതന്ത്ര ചാതുര്യമില്ലാത്ത ഭരണനൈപുണ്യവും ജീവിത വിശുദ്ധിയും ബാവായെ കേരളം കണ്ട ഏറ്റവും ഉന്നതനായ ആത്യാത്മീക നേതാക്കളിലൊരാളാക്കി മാറ്റി. യാക്കോബായ സഭയ്ക്ക് ഇതിനു അഭിമാനിക്കാം. ഈശ്വര നിയോഗത്താലും സ്വകർമ്മത്താലും ശ്രേഷ്ഠതയിലേക്കുയർന്ന ബാവായുടെ ജീവിത മാതൃക ഈ തലമുറയ്ക്കും വരുവാനിരിക്കുന്ന തലമുറകൾക്കും മാർഗ്ഗദർശകമാകും എന്ന് നമുക്ക് പ്രതീക്ഷിക്കാം.



സഭാനൗകയെ നയിച്ച വിശ്വാസചൈതന്യം

മാർ ജോർജ് പുന്നക്കോട്ടിൽ (സീറോ മലബാർ സഭയുടെ കോതമംഗലം രൂപതയുടെ മുൻ അദ്ധ്യക്ഷൻ)

കാലം ചെയ്ത ശ്രേഷ്ഠ കാതോലിക്ക ബസേലിയോസ് മോർ പൗലോസ് ദ്വിതീയൻ ബാവായുടെ ഓർമ്മ ഏവർക്കും പവിത്രവും ഹൃദ്യവുമാണ്. 82 വർഷം നീണ്ടുനിന്ന ആ ശ്രേഷ്ഠ ജീവിതം സമ്പൂർണ്ണസമർപ്പണം കൊണ്ട് ധന്യമായിരുന്നു. അദ്ദേഹത്തിന്റെ സുസ്ഥിരമായ ദൈവഭക്തിയും ലളിതമായ ജീവിതവും സ്നേഹം വഴിഞ്ഞൊഴുകുന്ന പെരുമാറ്റവും വിനയഭാവവുമെല്ലാം നമ്മുടെ മനസ്സുകളെ വികാരനിർഭരവും ഭക്തിസാന്ദ്രവുമാക്കുന്നു.

മലങ്കര യാക്കോബായ സുറിയാനിസഭയുടെ പരമാചാര്യനും പരമാധ്യക്ഷനുമായിരുന്ന തിരുമേനി ബാല്യപ്രായത്തിൽത്തന്നെ ജീവിതത്തിന്റെ ദൈവനിയോഗത്തെ തിരിച്ചറിയുകയും സമ്പൂർണ്ണ സമർപ്പണം നടത്തി കർത്താവിന്റെ സേവനത്തിനായി തന്നെത്തന്നെ കൈയാളിക്കുകയും ചെയ്തു. വൈദികപാരമ്പര്യംകൊണ്ട് ധന്യമായ കുടുംബത്തിലായിരുന്നുവല്ലോ ശ്രേഷ്ഠ ബാവായുടെ ജനനം. യേശുവിന് മുന്നോടിയായി വന്ന സ്നാപകന്റെ മാതാപിതാക്കന്മാരേപ്പറ്റി പറയപ്പെട്ടിരിക്കുന്ന തിരുവചനം ഓർത്തുപോവുകയാണ്. "അവർ ദൈവത്തിന്റെ മുമ്പിൽ നീതിനിഷ്ഠരും കർത്താവിന്റെ കല്പനകളും പ്രമാണങ്ങളും കുറ്റമറ്റ വിധം അനുസരിക്കുന്നവരുമായിരുന്നു (ലൂക്കോ. 1:6). കർത്താവിന്റെ ജനത്തെ നയിക്കാൻ നിയോഗം ലഭിച്ച ഈ ശ്രേഷ്ഠാചാര്യൻ ദൈവപ്രസാദമുള്ള മാതാപിതാക്കളുടെ പ്രേഷ്ഠസന്താനമായി ജനിച്ചതും വളർന്നതും ദൈവപരിപാലനയാലാണെന്ന് നമുക്കു ഉറച്ചു വിശ്വസിക്കാം.

ശ്രേഷ്ഠ കാതോലിക്ക ബാവ എല്ലാവിധത്തിലും ശ്രേഷ്ഠൻ തന്നെയായിരുന്നു. അദ്ദേഹത്തിന്റെ ദൈവഭക്തിയും വിശ്വാസ ചൈതന്യവും വിശ്വാസികൾക്കേവർക്കും തിളക്കമുള്ള മാതൃക യായിരുന്നു. ആഴമുള്ള പ്രാർത്ഥനാജീവിതമാണ് തിരുമേനിക്കു ണ്ടായിരുന്നത്. പേമാരിയോ, കൊടുങ്കാറ്റോ ആഞ്ഞടിക്കട്ടെ കർത്താവ് അമരത്തുണ്ടെന്ന് അദ്ദേഹത്തിന് ഉത്തമബോധ്യമുണ്ടാ യിരുന്നു. സഭയ്ക്കു നേരിടേണ്ടിവന്ന പ്രതിസന്ധികളിലും പ്രശ്ന ങ്ങളിലും തളരാതെ തകരാതെ ദൈവതിരുമനസുമാത്രം ഉപാ ധിയായികണ്ട് സഭാനൗകയെ സുരക്ഷിതമായി മുന്നോട്ടുനയിച്ച അദ്ദേഹത്തിന്റെ വിശ്വാസചൈതന്യം വലിയൊരു മാതൃകയാണ്.

വേദശാസ്ത്രത്തിലും സുറിയാനിഭാഷയിലും അഗാധമായ പാ ണ്ഡിത്യത്തോടൊപ്പം തികഞ്ഞ വിനയം എപ്പോഴും അദ്ദേഹ ത്തിൽ പ്രകാശിച്ചിരുന്നു. സുറിയാനിയിൽ എഴുതാനും വായി ക്കാനും മാത്രമല്ല അനർഗളമായി പ്രസംഗിക്കുവാനും അദ്ദേഹ ത്തിനു കഴിയുമായിരുന്നു. കോട്ടയത്ത് പ്രോ ഓറിയന്റ് സമ്മേ ളനത്തിൽ അദ്ദേഹം ചെയ്ത സുറിയാനിപ്രസംഗം ഇന്നും ഞാനോർക്കുന്നു.

ഹൃദയത്തിൽ നിറഞ്ഞുനിന്ന ഭക്തിയായിരുന്നു അദ്ദേഹ ത്തിന്റെ പ്രേഷിത പ്രവർത്തനവിജയത്തിന്റെ അടിസ്ഥാനരഹ സ്യം. അദ്ദേഹത്തിന്റെ പ്രഭാഷണങ്ങൾ ശ്രോതാക്കൾക്കു പ്രചോ ദനഹേതുവായിരുന്നു. അദ്ദേഹത്തോടൊപ്പം പല വേദികളിലും വചനപ്രഘോഷണം നടത്തുവാൻ എനിക്കു അവസരം ലഭിച്ചി ട്ടുണ്ട്. വചനത്തെ ജീവിത സ്പർശിയായി അവതരിപ്പിക്കുവാനും തദ്വാരാ താൻ അനുഭവിച്ചിരുന്ന ആന്തരിക സന്തോഷം ശ്രോതാ ക്കളുമായി പങ്കുവയ്ക്കുവാനും അദ്ദേഹത്തിനു സാധിച്ചിരുന്നു. പ്രസംഗത്തിലൂടെ മാത്രമല്ല ജീവിതത്തിലൂടെയും ദൈവീകചൈ തന്യം പകർന്നൊഴുകുകയായിരുന്നു. അദ്ദേഹത്തിന്റെ സമീപനം സൗമ്യവും ദീപ്തവുമായിരുന്നു. എല്ലാവരോടും വളരെ സ്നേഹ ത്തോടും വിനയത്തോടുംകൂടെയാണ് അദ്ദേഹം ഇടപെട്ടിരുന്ന ത്. സഭാസംബന്ധമായും മറ്റു വിധത്തിലും ആശയപ്പൊരുത്തം ഇല്ലാതിരുന്നവർക്കുപോലും ആ സമീപനത്തിന്റെ മഹത്വവും മാധുര്യവും കുലീനതയും അത്യന്തം ഹൃദ്യമായി അനുഭവപ്പെ ട്ടിരുന്നു.

സഭയുടെ അദ്ധ്യക്ഷസ്ഥാനത്ത് വാണിരുന്നപ്പോഴും താപസ നെപ്പോലെയാണ് അദ്ദേഹം ജീവിതം നയിച്ചിരുന്നത്. ലളിതവും ത്യാഗസമന്വിതവുമായിരുന്നു അദ്ദേഹത്തിന്റെ ജീവിതക്രമം.

ആർഭാടങ്ങളോ സുഖസൗകര്യങ്ങളോ അദ്ദേഹത്തെ തെല്ലും ആകർഷിച്ചിരുന്നില്ല. സാധാരണക്കാരിൽ സാധാരണക്കാരനെപ്പോലെ ജീവിക്കുവാനാണ് അദ്ദേഹം ഇഷ്ടപ്പെട്ടിരുന്നത്.

തികഞ്ഞ ആധ്യാത്മികചൈതന്യം എക്കാലവും പാലിച്ചുപോന്ന തിരുമേനി യാമപ്രാർത്ഥനകളും സഭയിലെ ഇതര പ്രാർത്ഥനകളും അനുഷ്ഠാനങ്ങളും ആചാരങ്ങളും കൃത്യമായും മാതൃകാപരമായും നിർവഹിച്ചുവന്നു.

സഭയുടെ ഐക്യം അദ്ദേഹത്തിന്റെ വലിയ അഭിലാഷമായിരുന്നു. ദിവ്യകർത്താവിന്റെ ഐക്യത്തിനുള്ള ആഹ്വാനവും പ്രാർത്ഥനയും "നാം ഒന്നായിരിക്കുന്നതുപോലെ അവരും ഒന്നാകേണ്ടതിന്." (യോഹ.17:22). അദ്ദേഹത്തിന്റെ ഹൃദയത്തിൽ ഉയർന്നുനിന്നിരുന്നു. അദ്ദേഹത്തിന്റെ പ്രാർത്ഥനയിലും പ്രവർത്തനത്തിലും ഐക്യദാഹം നിറഞ്ഞുനിന്നിരുന്നു. സത്യവിശ്വാസവും ആചാര്യത്വവും കാത്തുസൂക്ഷിച്ചുകൊണ്ടുള്ള ഐക്യമായിരുന്നു അദ്ദേഹത്തിന്റെ സ്വപ്നം. അതുമാത്രമായിരുന്നു ഐക്യത്തിനുള്ള ഏക ഉപാധിയും.

കാതോലിക്കാബാവ തന്റെ ജീവിതദൗത്യം വിജയകരമായി പൂർത്തിയാക്കി അന്ത്യയാത്രയായി. ആ ജീവിതം സഫലമായി. എല്ലാ അർത്ഥത്തിലും അദ്ദേഹം നാഥന് ഗുണവാനും വിശ്വസ്തനുമായി ജീവിച്ചു.മഹത്വത്തിന്റെ ഒളിമങ്ങാത്ത കിരീടം അദ്ദേഹത്തിനു സംസിദ്ധമായിരിക്കുന്നു. അദ്ദേഹത്തിന്റെ ആത്മചൈതന്യവും അർപ്പണമനോഭാവവും നമുക്ക് വഴികാട്ടിയും പ്രചോദനവുമായിരിക്കട്ടെ.

കടപ്പാട്
രാഷ്ട്രദീപിക



ലാളിത്യത്തിന്റെ പിതാവ്

മോർ അപ്രേം മെത്രാപ്പോലീത്ത (കൽദയ സഭ)

ശ്രേഷ്ഠ കാതോലിക്ക ബാവ എന്ന പദം ബസേലിയോസ് മോർ പൗലോസ് ദ്വിതീയൻ ബാവായ്ക്ക് ഉപയോഗിക്കുവാൻ തുടങ്ങിയപ്പോൾ ഓർത്തഡോക്സ് സിറിയൻ സഭയുടെ കാതോലിക്ക ബാവ മാർത്തോമ മാത്യൂസ് പ്രഥമൻ "ശ്രേഷ്ഠ" എന്ന വിശേഷണം തന്റെ നിയുക്തന് നൽകുന്നുവെന്നും തന്റെ കീഴിലുള്ള നിയുക്ത കാതോലിക്കായെ "ശ്രേഷ്ഠ നിയുക്ത കാതോലിക്ക" എന്ന് അഭിസംബോധന ചെയ്യണമെന്നും തന്റെ അനുയായികളെ ഉപദേശിച്ചു. ചിലർ അത് ചെവിക്കൊണ്ടു. അന്നത്തെ നിയുക്ത കാതോലിക്യ്ക്കും ഇപ്പോഴത്തെ നിയുക്ത കാതോലിക്കായ്ക്കും ചിലരെങ്കിലും ഇപ്പോഴും ആ വിശേഷണം ഉപയോഗിക്കാറുണ്ട്. 'ശ്രേഷ്ഠ കാതോലിക്ക ബാവ' എന്നു പറഞ്ഞാൽ സാക്ഷാൽ കാതോലിക്ക ബാവായെക്കാൾ താഴ്ന്ന ഒരു പദവി എന്ന അർത്ഥത്തിലാണ് ഈ പണിപറ്റിച്ചത്.

ഒരാൾ ശ്രേഷ്ഠനാകുന്നത് എങ്ങനെ? കാലം ചെയ്ത ബസേലിയോസ് പൗലോസ് രണ്ടാമൻ "ശ്രേഷ്ഠൻ" എന്ന് വിശേഷിപ്പിക്കപ്പെടുവാൻ അർഹനാകുന്നത് എങ്ങനെ? സുപ്രീം കോടതിയുടെ ഈ സഭയെപ്പറ്റിയുള്ള ഡിക്രിയ്ക്ക് അന്തിമരൂപം നൽകുന്ന ജഡ്ജിമാരുടെയും ഇന്ത്യയിലെ ഏറ്റവും വിലകൂടിയ നിയമജ്ഞരുടെയും തലപുകയുന്ന പ്രശ്നമാണ്. ഒരു സഭയിൽ രണ്ടു കാതോലിക്ക ബാവാമാർ. ഏത് വിഭാഗം ശരി? രണ്ടും ശരിയോ? രണ്ടുവിഭാഗവും കൂടി മൂന്നുദശലക്ഷത്തോളം അംഗങ്ങളുണ്ടെന്ന് കണക്കാക്കപ്പെടുന്ന ഭാരതത്തിലെ ഓർത്തഡോക്സ് സഭയുടെ പ്രശ്നമാണ്.

ശ്രേഷ്ഠ കാതോലിക്ക ബാവ ബസേലിയോസ് പൗലോസ് ദ്വിതീയൻ വിവാദങ്ങൾ വെച്ചുപുലർത്തുവാൻ താത്പര്യമില്ലാത്ത വ്യക്തിയാണ്. 1975 ൽ കാതോലിക്ക ബാവായുടെ സ്ഥാനത്ത് ഉയർത്തപ്പെടുവാൻ ദമസ്കസിലേക്ക് പുറപ്പെടുന്നതിന് മുമ്പ് തന്റെ ഷഷ്ട്യബ്ദ പൂർത്തിയുടെ സമാപനം 61 വയസ്സുള്ളപ്പോൾ ആഘോഷിച്ച അവസരത്തിൽ മൂവാറ്റുപുഴയിൽ ഞാൻ ഉണ്ടാ യിരുന്നു. വാഹനഘോഷയാത്രയിൽ അദ്ദേഹത്തിന്റെ അലങ്കരിച്ച വാഹനത്തിൽ ഒന്നിച്ചാണ് ഞാൻ സഞ്ചരിച്ചത്. സ്വന്തം സഭയിലെ മെത്രാപ്പോലീത്തമാർ ആരും തന്നെ ഉണ്ടായിരുന്നില്ല. ദേവലോ കത്തു നിന്ന് കാതോലിക്ക ബാവായുടെ ആശംസ സന്ദേശം മാത്രം ഉണ്ടായിരുന്നു. അതു പൊതുസ്വീകരണയോഗത്തിൽ വായിച്ചപ്പോഴും തന്റെ അനുയായികൾക്ക് എതിർപ്പ് ഉണ്ടായിരു ന്നു. ജീവിതത്തിൽ ധാരാളം വേദനകൾ അനുഭവിച്ച തന്റെ ജീവിതം ഷഷ്ട്യബ്ദ പൂർത്തി കഴിഞ്ഞ ഈ അവസരത്തിൽ ഇനിയും വലിയ വഴക്കുകളിലേക്ക് തള്ളപ്പെടുകയാണോ എന്ന് അന്ന് മെത്രാപ്പോലീത്തയായിരുന്ന അദ്ദേഹത്തോട് ഞാൻ ചോദി ച്ചു. സഭ ഇനിയും പിളരാതിരിക്കട്ടെ എന്ന് അദ്ദേഹം എന്നോടു പറഞ്ഞു. നിർഭാഗ്യവശാൽ സഭ നെടുകെ പിളരുകതന്നെ ചെയ്തു. പൗലോസ് മോർ പീലക്സിനോസ് മെത്രാപ്പോലീത്ത ബസേലിയോസ് പൗലോസ് കാതോലിക്ക ബാവയായി.

കാതോലിക്ക ബാവായായിട്ടും ലളിത ജീവിതം തന്നെ തുടർന്നു നയിക്കുകയാണ് അദ്ദേഹം ചെയ്തത്. പുതിയ സ്ഥാന ലബ്ധി അദ്ദേത്തിൽ വലിയ മാറ്റം വരുത്തിയില്ല. പഴയസുഹൃ ത്തുക്കളോട് മുമ്പെന്നപോലെ അദ്ദേഹം പെരുമാറി.

1968 ൽ മെത്രാപ്പോലീത്തയായി ഞാൻ തൃശൂരിലെ അരമന യിൽ താമസമാക്കിയ കാലത്ത് ഒരു മെത്രാപ്പോലീത്ത കുറെ വിശ്വാസികളോടുകൂടെ അരമനയിൽ വന്നു. പൗരസ്ത്യ സുവി ശേഷ സമാജത്തിന്റെ മിഷൻ കേന്ദ്രം സന്ദർശിക്കുവാൻ പോകു കയായിരുന്നു. പൗലോസ് മോർ പീലക്സിനോസ് മെത്രാപ്പോ ലീത്തയും അനുയായികളോടൊപ്പം ബസിൽ തന്നെ. ചെറുപ്പ ക്കാരനായ എന്നെ അനുമോദിക്കാൻ കടന്നുവന്ന തിരുമേനി യോട് എനിക്കു വളരെ സ്നേഹവും ആദരവും ഉണ്ടായി.

തൊഴിയൂരിലെ സ്വതന്ത്ര സുറിയാനി സഭയുടെ മാത്യൂസ് മോർ കൂറിലോസ് മെത്രാപ്പോലീത്ത കാലം ചെയ്തപ്പോഴും ബാവ ആഞ്ഞൂരിലെത്തി. പ്രായത്തെക്കുറിച്ചുള്ള പരാമർശം ഉണ്ടായപ്പോൾ ഞാൻ കുസൃതിയോടെ പറഞ്ഞു. ബാവ തിരുമേ

നിയും ഞാനും തമ്മിൽ ജനനതീയതിയിൽ വലിയ വ്യത്യാസമി ല്ല. ബാവ ജനിച്ചതിന്റെ പിറ്റെദിവസമാണ് ഞാൻ ജനിച്ചത്. ബാവ തിരുമേനി ജൂൺ 12 നും ഞാൻ ജൂൺ 13 നും. സപ്തതി കഴിഞ്ഞ ബാവ തിരുമേനി വിസ്മയത്തോടെ ചോദിച്ചു. "ആബൂന് എന്റെ അത്ര വയസായോ? ഞാൻ വിശദീകരിച്ചു. "തീയതികൾ തമ്മിൽ ഒരു ദിവസത്തെ വ്യത്യാസമെ ഉള്ളൂ എങ്കിലും അതിനിടയിൽ 26 വർഷം കൂടി കടന്നുപോയിരുന്നു." വിവരം പിടികിട്ടിയപ്പോൾ അദ്ദേഹം ചിരിച്ചു.

അഗാധ സുറിയാനി പണ്ഡിതനായിരുന്നു ബാവ. ഭാരത ത്തിലെ സുറിയാനി പണ്ഡിതന്മാരുടെ എണ്ണം തുലോം വിരലി ലെണ്ണാവുന്ന വിധത്തിൽ ചുരുങ്ങികൊണ്ടിരിക്കുമ്പോൾ ബാവാ യുടെ ദേഹവിയോഗം നികത്താനാവാത്ത വിടവ് സൃഷ്ടിച്ചിരി ക്കുന്നു. 38-ാം വയസ്സിൽ മെത്രാനായി 44 വർഷം മെത്രാപ്പോലീ ത്തയും കാതോലിക്കാ ബാവായായും സേവിച്ച് 82-ാം വയസ്സ് പൂർത്തിയാക്കിയതിനുശേഷം ഇഹലോക ജീവിതത്തോടു വിട പറഞ്ഞു. ലാളിത്യം കൊണ്ട് ശ്രേഷ്ഠനായ ഈ ബാവ കേരള സഭാ ചരിത്രത്തിൽ ഒരു സുപ്രധാന കാലഘട്ടത്തിന്റെ അമര ക്കാരനായിരുന്നു. ഇദ്ദേഹത്തിനു മുമ്പ് മെത്രാനായതാണ് 1951 ൽ മെത്രാപ്പോലീത്തയായ ഏബ്രഹാം മോർ ക്ലീമീസ് തിരുമേ നി. അതിനുതാഴെ നിൽക്കുന്നത് 1953 മെയ് മാസത്തിൽ മെത്രാൻമാരായി റിട്ടയർ ചെയ്ത മാർത്തോമ്മ മാത്യൂസ് പ്രഥമൻ കാതോലിക്ക ബാവായും, മാർത്തോമ്മ മാത്യൂസ് ദ്വിതീയൻ കാതോ ലിക്ക ബാവായും മാർത്തോമ്മ സഭയിലെ മെത്രാപ്പോലീത്തായും, ഫലിത സമ്രാട്ടായ പീലിപ്പോസ് മാർ ക്രിസോസ്റ്റം മാർത്തോമ്മ മെത്രാ പ്പോലീത്തയും ആണ്. കത്തോലിക്ക സഭയിലും മറ്റു സഭകളിലും 1954 മുമ്പ് പട്ടമേറ്റവർ ആരും തന്നെയില്ല. പണ്ഡിതനും, പാവങ്ങളുടെ സ്നേഹിതനും, ലളിതജീവിതം നയിച്ചവനും സഭയോട് കൂറ് പുലർത്തി വ്യക്തിപരമായ കഷ്ടതകൾ സഹിക്കേണ്ടിവന്നവനുമായ ബസേലി യോസ് പൗലോസ് ദ്വിതീയൻ ബാവ ശ്രേഷ്ഠൻ തന്നെ. എല്ലാ അർത്ഥ ത്തിലും ഒരു ശ്രേഷ്ഠ മഹാപുരോഹിതൻ.

കടപ്പാട്
രാഷ്ട്രദീപിക



പൗലോസ് ദ്വിതീയൻ ബാവ സഭാംഗങ്ങൾക്കെല്ലാം വഴികാട്ടിയായ പ്രകാശഗോപുരം

ഷെവ. കെ.വി. പൗലോസ്

ഒരു സായംസന്ധ്യ, പ്രശാന്തരമണീയമായ ആ നാട്ടിൻപുറം സന്ധ്യാപ്രഭയിൽ ആറാടി നിൽക്കുന്നു. പിറമാടത്തിന്റെ ശാലീന സൗന്ദര്യം നുകർന്നു നീങ്ങുന്ന ഞങ്ങൾ കണ്ടനാട് ഭദ്രാസന സെക്രട്ടറി (പിന്നീട് എം.ജെ.എസ്.എസ്.എ. ജനറൽ സെക്രട്ടറി) ജോയി ജോർജും ഈ ലേഖകനും (അന്നത്തെ ജനറൽ സെക്രട്ടറി) ചെന്നെത്തിയത് ഒരു ആശ്രമ കവാടത്തിലാണ്. വരാന്തയിൽ ഒന്നോ രണ്ടോ കസേരകളും ബഞ്ചുകളും ഒരു മേശയും മാത്രം. ഒരു പർണ്ണശാലയുടെ പ്രതീതി. വയോവൃദ്ധനും ജ്ഞാന വൃദ്ധനും ഒരു സഭയുടെ പ്രാദേശിക തലവനുമായ ശ്രേഷ്ഠാചാര്യന്റെ വാസസ്ഥാനമോ ഇത്! വർഷങ്ങൾക്കു മുമ്പുള്ള ചിത്രം തന്നെ ഇപ്പോഴും. അകലെ നിന്നേ സൂക്ഷിച്ചുനോക്കി. വരാന്തയിലെ ഒരു കസേരയിൽ ഉപവിഷ്ടനായിരിക്കുന്നത് കിഴക്കിന്റെ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തയുമായ ശ്രേഷ്ഠ കാതോലിക്ക ആബൂൻ മോർ ബസേലിയോസ് പൗലോസ് ദ്വിതീയൻ ബാവ തന്നെ. അഭൗമമായ ഒരു തേജസ്സ് ആ മുഖത്തുനിന്ന് വഴിഞ്ഞൊഴുകുന്നു, അനുഗ്രഹിക്കാനായി കൈകൾ ഉയരുന്നു. ആ തൃപ്പാദങ്ങളിൽ നമസ്കരിക്കാനാണ് മനസ്സ് വെമ്പിയത്. ആ ശ്രേഷ്ഠാചാര്യൻ അതിന് അനുവദിക്കികയില്ലല്ലോ എന്ന തോന്നലും ഉടനെ ഉണ്ടായി. തൃക്കൈ മുത്തി ചൂണ്ടിക്കാണിച്ച സ്ഥാനങ്ങളിൽ ഞങ്ങൾ ഇരുന്നു. ക്ഷേമ വിവരങ്ങൾ അന്വേഷിച്ചതിനിടെ ഞങ്ങൾക്ക് കാപ്പി തരുവാനും വേണ്ട ഏർപ്പാടുകൾ ചെയ്തു. ഞങ്ങൾ വന്നതിന്റെ ഉദ്ദേശ്യം ബാവാ തിരുമേനിയെ

അറിയിച്ചു. ബാവ തിരുമേനിയുടെ കല്പന അനുസരിച്ച് ആണ്ടു തോറും പെന്തക്കൊസ്തി ദിവസം പള്ളികളിൽ കാണിക്കയെടുത്ത് നല്ല തുക സൺഡേസ്കൂൾ അസോസിയേഷന് ലഭിച്ചുകൊണ്ടിരിക്കുന്നുണ്ടല്ലോ. "മോൻ മാറ്റർ എഴുതിക്കൊണ്ടുവന്നിട്ടുണ്ടോ" എന്ന് ബാവ ചോദിച്ചപ്പോൾ "ഉവ്വ്" എന്ന് ഞാൻ മറുപടി പറഞ്ഞു. അതൊന്ന് വായിക്കാൻ ആവശ്യപ്പെട്ടപ്പോൾ എഴുതുക്കൊണ്ടുവന്ന മാറ്റർ വായിച്ചു. ബാവാ അതിൽ ചില മാറ്റങ്ങൾ വരുത്താൻ ആവശ്യപ്പെടുകയും "നിങ്ങൾ സൺഡേസ്കൂൾ പ്രവർത്തകർ ഇത്രയും കാര്യങ്ങളൊക്കെ ചെയ്യുന്നുണ്ടല്ലോ നന്നായി" എന്ന് കല്പിക്കുകയും ചെയ്തു. ബാവ തിരുമേനിയുടെ കല്പനയനുസരിച്ച് അവിടെയിരുന്നു തന്നെ എഴുതി തയ്യാറാക്കിയ കോപ്പിയിൽ ബാവാ തിരുമേനി ഒപ്പിട്ടു തന്നു. "ഇനി ഇത് ഏലിയാസിനെ കാണിക്കുക നമ്പറും സീലും മുദ്രയും ഏലിയാസ് വച്ചു തരും" എന്ന് കല്പിച്ചു. "മക്കളേ നന്നായിവരും" എന്ന് കല്പിച്ച ബാവാ തിരുമേനി ഞങ്ങളെ യാത്രയാക്കി. ക്ലോക്കിൽ അപ്പോൾ സമയം 5.30 ബാവാ ഉടനെ തന്നെ ഈ കെട്ടിടത്തിൽത്തന്നെയുള്ള ചാപ്പലിലേക്ക് നീങ്ങി. അരുമനാഥനിൽ നിന്ന് കൃപ നേടിയെടുക്കുവാൻ പ്രാർത്ഥനയിൽ ലയിക്കുവാൻ. ഞങ്ങളും ബാവായോടൊപ്പം ചാപ്പലിൽ പ്രവേശിച്ചു. ആ പ്രാർത്ഥന ഏറെ നേരം നീണ്ടുനിന്നു. അതെത്രയോ അനുഗ്രഹീത നിമിഷങ്ങൾ. ശ്രേഷ്ഠ പിതാവിന്റെ പ്രാർത്ഥനാജീവിതം ഏവർക്കും മാതൃക തന്നെ. ആ മധുര സ്മരണ മനസ്സിന്റെ ചെപ്പിൽ മങ്ങാതെ മായാതെ കിടക്കുന്നു.

കിഴക്കിന്റെ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായുമെന്ന ഉന്നത സ്ഥാനത്തെത്തിയ ആ ശ്രേഷ്ഠാചാര്യന്റെ ലളിത ജീവിതം ആശ്രിത വാത്സല്യം, സ്നേഹപൂർവ്വമായ പെരുമാറ്റം എന്നിവ ഏതൊരാളെയും വശീകരിക്കുന്നതാണ്. സ്നേഹം വഴിഞ്ഞൊഴുകുന്ന ആ മുഖവും ഭാവവും മതിയാകും ആഗതന്റെ മനസ്സ് കുളിർപ്പിക്കുവാൻ.

"വെൺമ മനസ്സിൽ വിളങ്ങിന
ഭദ്രനു മേന്മേലമൃതമയം

എന്ന കവി വാക്യം ഇവിടെ അന്വർത്ഥമായിത്തീരുന്നു. "എന്റെ സന്ദേശം" എന്ന രാഷ്ട്രപിതാവിന്റെ വാക്യം ഈ ശ്രേഷ്ഠാചാര്യന്റെ ജീവിതത്തെ സംബന്ധിച്ചിടത്തോളം മകുടോദാഹരണമായി ഭവിക്കുന്നു.

1914 ജൂൺ 12 ന് എറണാകുളത്തിനടുത്ത് കായലും കടലും

അതിർവരമ്പിടുന്ന പ്രശസ്തമായ ചെറായി ബീച്ചിനാൽ പേരു കേട്ട ചെറായിയിലെ പ്രശസ്തമായ പുതുശ്ശേരി കുടുംബത്തി ലാണ് ഭാവിയിലെ സഭാ ഭാഗ്യവിദാതാവ് ഭൂജാതനായത്. പ്രശസ്ത പണ്ഡിതനും മല്പാനും, ഗ്രന്ഥകാരനും സത്യവിശ്വാ സത്തിൽ അടിയുറച്ചു നിന്നിരുന്ന പുരോഹിത ശ്രേഷ്ഠനുമായ പുതുശ്ശേരി ജോസഫ് കശ്ശീശായുടെ പ്രിയപുത്രൻ പി.ജെ. പൗലോസ്, പിതാവിന്റെ ആഗ്രഹത്തിനനുസരിച്ചു തന്നെ സഭാ കാര്യങ്ങളിൽ തീക്ഷ്ണതയുള്ളവനായും സത്യവിശ്വാസത്തിൽ കടുകിടമാറ്റം വരാതെ ദൃഢമനസ്കനായും വളർന്നുവന്നു. മാതാവായ എലിസബത്തിന്റെ പ്രാർത്ഥനാജീവിതവും ഭക്തിയും വിനയവും ശ്രേഷ്ഠ ബാവായിൽ ചെറുപ്പത്തിലെ സ്വാധീനം ചെലുത്തി. ശമുവേൽ ബാലനെപ്പോലെ യഹോവയ്ക്കും മനുഷ്യർക്കും പ്രീതിയുള്ളവനായി വളർന്നുവന്ന ആ ബാലൻ പിന്നീട് സഭയിലെ അറിയപ്പെടുന്ന ഒരു വൈദികനായിത്തീർന്നു. പൗലോസ് അച്ചൻ സഭയിലെ നല്ലൊരു വാഗ്മിയായി അറിയപ്പെ ടുവാൻ അധികകാലം വേണ്ടിവന്നില്ല. മേല്പ്പട്ട സ്ഥാനത്തേക്ക് അച്ചൻ ഉയർത്തപ്പെട്ടത് ദൈവഹിതം തന്നെ. 1952 ഒക്ടോബർ 19 ന് ഹോംസിൽ വച്ച് പരിശുദ്ധ അപ്രേം പ്രഥമൻ പാത്രി യർക്കീസ് ബാവ മോർ പീലക്സീനോസ് എന്ന നാമത്തിൽ കണ്ട നാട് ഭദ്രാസനത്തിന്റെ മെത്രാപ്പോലീത്തയായി വാഴിച്ചു. അഭി വന്ദ്യ തിരുമേനി 1953 ജനുവരി 13 ന് ആലുവ തൃക്കുന്നത്തു സെമി നാരിയിലെത്തി പൗലോസ് മോർ അത്താനാസിയോസ് തിരുമേ നിയിൽ നിന്ന് ചുമതല ഏറ്റെടുത്തു. അഭിവന്ദ്യ തിരുമേനിക്ക് രാജോചിതമായ സ്വീകരണമാണ് എല്ലാ ഇടവകകളിലും സഭാ മക്കൾ നൽകിയത്.

കാറ്റും കോളും നിറഞ്ഞ സഭാന്തരീക്ഷത്തിൽ സമാധാനം കൈവരുത്തുവാൻ അഭിവന്ദ്യ പിതാവ് എല്ലാ ശ്രമങ്ങളും നട ത്തിയിരുന്നു. സഭാനേതൃത്വത്തിന്റെ പ്രവർത്തനങ്ങളിൽ സർവ്വാ ത്മനാ സഹകരിക്കുകയും ചെയ്തു. സത്യവിശ്വാസം അഗ്നിപ രീക്ഷയെ നേരിട്ടപ്പോൾ എല്ലാ പ്രതികൂലങ്ങളെയും തൃണവത്ക രിച്ചുകൊണ്ട് അഭിവന്ദ്യ പിതാവ് നേതൃത്വം ഏറ്റെടുക്കുവാൻ തയ്യാറായി. "എന്തെല്ലാം പ്രയാസങ്ങൾ നേരിടേണ്ടിവന്നാലും മകനേ! അന്ത്യോഖ്യാബന്ധം കൈവിടരുത്" എന്ന് വന്ദ്യ പിതാവ് നൽകിയ ഉപദേശവും 'നീ മരിക്കേണ്ടിവന്നാലും അന്ത്യോ ഖ്യായെ മറക്കരുത്" എന്നുള്ള അന്ത്യോഖ്യാ സിംഹാസന പ്രതി നിധി മോർ യൂലിയോസ് ബാവായുടെ നിർദ്ദേശവും എക്കാ

ലത്തും പീലക്സീനോസ് തിരുമേനിയെ സ്വാധീനിച്ചിരുന്നുവെന്നത് പരമാർത്ഥമാണ്. സഭാനൗക ആടിയും ഉലഞ്ഞും കൊണ്ടാണെങ്കിലും ലക്ഷ്യസ്ഥാനത്തേക്ക് കുതിച്ചുകൊണ്ടിരുന്നു. അമരത്ത് നില്ക്കുന്ന പിതാവിന് യാതനകൾ പലതും നേരിടേണ്ടിവന്നു. 17-6-1960 ൽ എപ്പിസ്കോപ്പൽ സുന്നഹദോസിലെ അംഗത്വത്തിൽ നിന്ന് നീക്കം ചെയ്യപ്പെടുക പോലുമുണ്ടായി.

അനുഗ്രഹങ്ങളുടെ ഉറവിടമായ പരിശുദ്ധ അന്ത്യോഖ്യാ സിംഹാസനവുമായി സുദൃഢമായ ബന്ധംസ്ഥാപിച്ചാലേ ശാശ്വതസമാധാനമുണ്ടാകൂ എന്ന് മലങ്കര സഭാ നേതൃത്വത്തിന് ബോദ്ധ്യപ്പെട്ടു. പീലക്സീനോസ് തിരുമേനിയുടെ ത്യാഗത്തിനും പരിശ്രമങ്ങൾക്കും ഫലമായി കിഴക്കിന്റെ കാതോലിക്കായായി ഔഗേൻ തിമോത്തിയോസ് തിരുമേനിയെ പരിശുദ്ധ ഇഗ്നാത്തിയോസ് യാക്കോബ് തൃതീയൻ പാത്രിയർക്കീസ് ബാവ 1964 മെയ് 29 ന് കോട്ടയം മാർ ഏലിയാ കത്തീഡ്രലിൽ വച്ച് വാഴിച്ചാക്കിയതോടെ സഭയിൽ സമാധാനം പുനഃസ്ഥാപിക്കപ്പെട്ടു.

1970 ആയപ്പോഴേക്കും മലങ്കര സഭയിൽ ചില പ്രശ്നങ്ങൾ തലപൊക്കി. മുമ്പ് ചിലപ്പോഴെല്ലാം പ്രത്യക്ഷപ്പെട്ടിരുന്നതുപോലെ 'വിശുദ്ധ തോമാശ്ലീഹായുടെ സിംഹാസനത്തിൽ ആരൂഢനായിരിക്കുന്ന' എന്ന വിശേഷണം മാർ ഔഗേൻ കാതോലിക്കാ ബാവായുടെ പേരിനൊപ്പം തുടർച്ചയായി ഉപയോഗിച്ചു തുടങ്ങിയതാണ് മുഖ്യ പ്രശ്നമായിത്തീർന്നത്. ഇതിനെതിരെ നാടിന്റെ പല ഭാഗങ്ങളിലും സത്യവിശ്വാസ സംരക്ഷണ സമിതി രൂപീകരിച്ച് പ്രവർത്തനങ്ങൾ ആരംഭിച്ചു. 1975 ജനുവരി 10 ന് അയച്ച കല്പനയിലൂടെ പരിശുദ്ധ പാത്രിയർക്കീസ് ബാവ കാതോലിക്കാ എന്ന നിലയിൽ ആത്മീയവും സഭാപരവുമായ അധികാരങ്ങൾ പ്രയോഗിക്കുന്നതിൽ നിന്നും ഔഗേൻ പ്രഥമൻ കാതോലിക്കായെ വിലക്കി. 1975 ഫെബ്രുവരി 23 ന് എറണാകുളത്ത് നടത്തിയ പാത്രിയർക്കാ ദിനാഘോഷ സമ്മേളനവും റാലിയും ചരിത്രസംഭവമായി മാറി. മാർത്തോമ്മാ സിംഹാസനം, പാത്രിയക്കീസ് കാതോലിക്ക സമത്വം,സ്വതന്ത്ര ഇന്ത്യൻ സഭ മുതലായ നവീനവും വേദവിപരീതപരവുമായ നിരർത്ഥക വാദങ്ങൾക്കു മലങ്കരയിലെ സഭ ഒരിക്കലും സമ്മതിക്കുകയില്ലെന്നും എന്തു ത്യാഗം സഹിച്ചും പരിശുദ്ധ അന്ത്യോഖ്യാ സിംഹാസനത്തിൻ കീഴിൽ അടിയുറച്ചു നില്ക്കുമെന്നുള്ള തീരുമാനം ആരു വിചാരിച്ചാലും മാറ്റാൻ സാധ്യമല്ലെന്നും പൗലോസ് മോർ പീലക്സീനോസ് തിരുമേനി അസന്നിഗ്ദ്ധമായി പ്രഖ്യാപിച്ചു. ഗ്രീഗോ

റിയോസ് തിരുമേനി ചൊല്ലിക്കൊടുത്ത സത്യപ്രതിജ്ഞ ജനലക്ഷങ്ങൾ ഏറ്റുചൊല്ലി.

1975 സെപ്റ്റംബർ 7 ഞായറാഴ്ച മലങ്കര സഭയുടെ ചരിത്രത്തിൽ സ്വർണ്ണലിപികളാൽ രേഖപ്പെടുത്തേണ്ട ദിനമായി. അന്നാണ് പൗലോസ് മോർ പീലക്സീനോസ് മെത്രാപ്പോലീത്ത ബസേലിയോസ് പൗലോസ് ദ്വിതീയൻ എന്ന നാമത്തിൽ കിഴക്കിന്റെ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായുമായി ദമസ്ക്കോസിലെ കത്തീഡ്രലിൽ അന്ത്യോഖ്യയുടെയും കിഴക്കൊക്കെയുടെയും മോറാൻ മോർ ഇഗ്നാത്തിയോസ് യാക്കോബ് തൃതീയൻ പാത്രിയർക്കീസ് ബാവായാൽ വാഴിക്കപ്പെട്ടത്. സഭാമക്കൾ ഹർഷബാഷ്പം പൊഴിച്ച അനുഗ്രഹീത നിമിഷമാണത്. പരിശുദ്ധ ഇഗ്നാത്തിയോസ് സാഖാ പ്രഥമൻ പാത്രിയർക്കീസ് ബാവായെ വാഴിക്കുന്ന ചടങ്ങിൽ മുഖ്യകാർമ്മികത്വം വഹിക്കുവാനും ഈ മഹാനുഭവനു ഭാഗ്യം സിദ്ധിച്ചു. 1980 സെപ്റ്റംബർ 14 ന് സുപ്രീംകോടതി പുറപ്പെടുവിച്ച വിധിയിൽ ആകമാനസുറിയാനി സഭയുടെ തലവനാണ് പരിശുദ്ധ പാത്രിയർക്കീസ് ബാവ എന്ന് അസന്നിഗ്ദ്ധമായി പ്രഖ്യാപിച്ചത് കേൾക്കുവാനും ശ്രേഷ്ഠ ബാവാ തിരുമേനിക്ക് ഭാഗ്യമുണ്ടായി."നിങ്ങൾ അവർക്കു ഭക്ഷിപ്പാൻ കൊടുപ്പിൻ" എന്ന കർതൃവചനം അനുസരിച്ച് ജീവിച്ച നല്ല ഇടയനാണ് ശ്രേഷ്ഠ ബാവ തിരുമേനി. അശരണരെയും ആലംബഹീനരെയും സഹായം അർഹിക്കുന്ന ഏതൊരാളെയും സഹായിക്കുന്നതിൽ ബദ്ധശ്രദ്ധനായിരുന്നു. സ്നേഹ ധനനായ ഈ അഭിവന്ദ്യ പിതാവ്. ആ കൈത്താങ്ങലിലൂടെ ഈ അഭിവന്ദ്യ പിതാവിന്റെ സ്നേഹ സൗരഭ്യം അനുഭവിച്ചവർ ഏറെയാണ്.

സ്നേഹത്തിന്റെ മൂർത്തിഭാവമായിരുന്ന ബാവ എന്നത് എല്ലാവരും അംഗീകരിക്കുന്ന ഒരു വസ്തുതയാണ്. ഒരുദാഹരണം മാത്രം കുറിച്ചുകൊള്ളട്ടെ. 1967 ജൂലൈ 11ന് മൂവാറ്റുപുഴ അരമനയിൽ ഒരു ഫോൺ സന്ദേശമെത്തി. അമ്മ മരിച്ചുപോയി എന്ന ദുഃഖവാർത്തയാണ് അരമനയിലെത്തിയത്. ഉടനെ തന്നെ തിരുമേനി ചെറായിലേക്ക് പുറപ്പെടാനൊരുങ്ങി. അപ്പോൾ മൂവാറ്റുപുഴ മാറാടി കൊച്ചുകുടിയിലെ പൗലോസ് മരണമടഞ്ഞ കാര്യം വേണ്ടപ്പെട്ടവർ അരമനയിലെത്തി തിരുമേനിയെ അറിയിച്ചു. വളരെ സ്നേഹബന്ധത്തിൽ കഴിഞ്ഞിരുന്ന ആ കുടുംബത്തിൽ തിരുമേനി ഉടനെ തന്നെ എത്തിച്ചേർന്ന് ശവസംസ്കാരശുശ്രൂഷയുടെ ഒന്നാംഘട്ടം പൂർത്തിയാക്കി. ഉടനെ കാറിൽ കയറിയിരുന്ന് പരേതന്റെ മകൻ ജോസഫിനെ വിളിച്ചു. 'മകനേ! എന്റെ

അമ്മ അല്പം മുമ്പ് മരിച്ചുപോയി. ഞാൻ വീട്ടിലേക്കു പോകുകയാണ്. നാളെ അപ്പന്റെ സംസ്കാരശുശ്രൂഷയ്ക്ക് ഞാൻ മെത്രാച്ചന്മാരോട് ഫോണിൽ വിളിച്ച് പറഞ്ഞിട്ടുണ്ട്. ആരെങ്കിലും വരും. നിങ്ങൾ അക്കാര്യമോർത്തു വിചാരപ്പെടേണ്ട" എന്നു കല്പിച്ചു. ഈ ദുഃഖവാർത്തമാനം അറിഞ്ഞ ജോസഫ് ഒന്നും പറയാനാകാതെ മൗനമായി നിന്നു. അനുപമമായ ആ സ്നേഹവാത്സല്യത്തിനു മുമ്പിൽ ജോസഫ് നിരുദ്ധകണ്ഠനായി നിന്നുപോയി. തുളുമ്പിവന്ന കണ്ണുനീർ അടക്കാൻ ജോസഫ് പാടുപെട്ടു. മൗനം വാചാലം എന്ന ഒരു ചൊല്ല് ഇവിടെ അർത്ഥവത്തായി. ഇങ്ങനെയുമുണ്ടോ ഒരു സ്നേഹവാത്സല്യം! ഈ സ്നേഹധനന്റെ മുമ്പിൽ തനിക്ക് പകരം വയ്ക്കാനൊന്നുമില്ലല്ലോ എന്നായിരിക്കണമല്ലോ ജോസഫ് ചിന്തിച്ചത്. ഏതായാലും കൊച്ചുകുടിയിലെ പൗലോസിന്റെ ശവസംസ്കാരം കഴിഞ്ഞ് അവരെല്ലാവരും അഭിവന്ദ്യ തിരുമേനിയുടെ മാതാവിന്റെ ശവസംസ്കാര ശുശ്രൂഷയിലും സംബന്ധിക്കുകയുണ്ടായി.

മലങ്കര യാക്കോബായ സുറിയാനി സഭയെ ഒരു സുപ്രധാന കാലഘട്ടത്തിൽ 44 വർഷക്കാലം മെത്രാപ്പോലീത്ത എന്ന നിലയിലും ഇരുപത്തൊന്നു വർഷക്കാലം കിഴക്കിന്റെ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും എന്ന നിലയിലും നിറപടിയായി സഭാമക്കളെ നയിച്ച് പരിപാലിച്ച ആബൂൻ മോർ ബസേലിയോസ് പൗലോസ് ദിതീയൻ ബാവായെ ഇതര സഭാവിഭാഗക്കാർ മാത്രമല്ല അക്രൈസ്തവർപോലും ഏറെ ഭയഭക്തി ബഹുമാനങ്ങളോടെയാണ് വീക്ഷിച്ചിരുന്നത്. സഭയുടെ ഐക്യത്തിന്റെ പ്രതീകമായ ശ്രേഷ്ഠ ബാവായെ മലങ്കരയുടെ പ്രകാശ ഗോപുരം എന്ന നിലയിലാണ് കണ്ടിരുന്നത്. 1996 സെപ്റ്റംബർ 1 ന് ഞായറാഴ്ച ആരാധനാലയങ്ങളിലെല്ലാം വിശുദ്ധ ആരാധനയുടെ സ്തോത്രഗീതങ്ങൾ ഉയരുമ്പോവായിരുന്നു ആ പുണ്യശ്ലോകൻ കർത്തൃസന്നിധിയിലേക്ക് യാത്രയായത്. എല്ലാവരും ദൈവസ്മരണയിൽ മുഴുകിയിരിക്കുമ്പോൾ ഒരു ശ്രേഷ്ഠാചാര്യൻ കർത്തൃസന്നിധിയിലേക്ക് എടുക്കപ്പെടുക. അതെത്രയോ ധന്യം. ഈ മഹത്ത്വം മുമ്പേ തന്നെ അറിഞ്ഞിരിക്കുമല്ലോ. റോമിൽ നിന്നെത്തിയ മാർപാപ്പയുടെ പ്രതിനിധി പറഞ്ഞത് "ഇതാ ജീവിക്കുന്ന വിശുദ്ധൻ" എന്ന്. ഇന്നിപ്പോൾ ഭക്തജനമനസ്സുകളിൽ ജീവിക്കുന്ന ആ വിശുദ്ധൻ ആബൂൻ മോർ ബസേലിയോസ് പൗലോസ് ദിതീയൻ ബാവ.

"എന്റെ മക്കളേ! എന്റെ വാത്സല്യമക്കളേ"! എന്ന ബാവായുടെ

സംബോധന കേട്ടിട്ട് വർഷങ്ങളാകുന്നു എന്ന് വിസ്വസിക്കുവാൻ പ്രയാസം. കാരണം അനുഗ്രഹദായകമായ ആ വിളി ഇന്നും കർണ്ണപടങ്ങളിൽ പ്രതിദ്ധ്വനിച്ചു കൊണ്ടിരിക്കുന്നു എന്നതു തന്നെ. സ്നേഹം തുളുമ്പുന്ന ആ പാലൊളിപ്പുഞ്ചിരി ഇന്നും നേരിൽ കാണുന്നതുപോലെ അനുഭവപ്പെടുന്നു. അനുഗ്രഹിക്കുവാൻ ഉയർത്തുന്ന ആ തൃക്കൈകൾ തലയിലും മൂർദ്ധാവിലും തൊട്ടുഴിയുന്നുവോ എന്ന തോന്നലാണല്ലോ ഇപ്പോഴും. ഇനി എന്നാണ് ആ സ്നേഹസ്പർശം അനുഭവിക്കാനാവുക!

തനിക്കുശേഷം താൻ കണ്ടെടുത്ത വ്യക്തിതന്നെ ആ അമൂല്യമായ മാണിക്യം തന്നെ പിൻഗാമിയായി ആബൂൻ മോർ ബസേലിയോസ് തോമസ് പ്രഥമൻ ബാവ എന്ന പേരിൽ കിഴക്കിന്റെ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തയുമായി വിശുദ്ധ സഭയെ അതീവ പ്രാഗല്ഭ്യത്തോടെ നിറപടിയായി നയിച്ചു പരിപാലിക്കുന്നു എന്നു കാണുന്നതിൽ ബസേലിയോസ് പൗലോസ് ദ്വിതീയൻ ബാവ ഉന്നതങ്ങളിലിരുന്ന് സന്തോഷാശ്രുക്കൾ ദൈവതിരുസന്നിധിയിൽ സമർപ്പിക്കുന്നുണ്ടാവും. അഭിവന്ദ്യ പിതാക്കന്മാരുടെ പ്രാർത്ഥനയാണല്ലോ യാക്കോബായ സുറിയാനി സഭയുടെ ശക്തി.



അന്ത്യോഖ്യായെ കൃപയുടെ ഉറവിടമായി കണ്ട ശ്രേഷ്ഠ ഇടയൻ

ഷെവ. പി. കെ. പൗലോസ് കൂരൻ

മലങ്കരയുടെ പ്രകാശഗോപുരം തന്നെയായിരുന്ന മോർ ബസേലിയോസ് പൗലോസ് ദ്വിതീയൻ കാതോലിക്ക ബാവായുടെ 25-ാമത് ശ്രാദ്ധപ്പെരുന്നാൾ ആഗസ്റ്റ് 31, സെപ്റ്റംബർ 1 തീയതികളിൽ പുണ്യപിതാവ് അന്ത്യവിശ്രമം കൊള്ളുന്ന മലേക്കുരിശ് ദയറായിൽ നടത്തപ്പെടുന്നു. സ്നേഹത്തിന്റെയും ലാളിത്യത്തിന്റെയും നിഷ്കളങ്കതയുടെയും പ്രതീകമായിരുന്നു ശ്രേഷ്ഠ പിതാവ്. സ്വന്തം കൈകളാൽ അതിഥികളെ സൽക്കരിക്കുന്നതിന് ശ്രേഷ്ഠ പിതാവ് പ്രത്യേകം താല്പര്യമെടുത്തിരുന്നു. കാതോലിക്കായും പാത്രിയർക്കീസും സമന്മാർ അല്ലായെന്നും കാതോലിക്ക പാത്രിയർക്കീസിന്റെ കീഴ്സ്ഥാനി തന്നെയാണ് എന്നുമുള്ള സഭയുടെ പൂർവ്വീക വിശ്വാസത്തിൽ ബാവ ഉറച്ചു നിന്നു. ശ്രേഷ്ഠ ബാവായെക്കാൾ ശ്രേഷ്ഠനെന്ന് വിളിക്കുവാൻ അർഹരായ മറ്റ് പിതാക്കന്മാർ ആരും തന്നെയില്ലായെന്ന് സഹോദരീ സഭകളിലെ പല പിതാക്കന്മാരും അക്കാലങ്ങളിൽ പരാമർശിച്ചിരുന്നു. സഭയുടെ പൂർവ്വീക വിശ്വാസം സംരക്ഷിക്കുന്നതിനായി തന്റെ അന്ത്യംവരെ പടപൊരുതിയ നല്ല ഇടയനായിരുന്നു ബാവാ തിരുമേനി. അന്ത്യോഖ്യായിലെ പരിശുദ്ധ സിംഹാസനം പത്രോസ് വഴി നമ്മുടെ കർത്താവ് സ്ഥാപിച്ചതാണെന്നാണ് ബാവ വിശേഷിപ്പിച്ചിരുന്നത്. ആ സിംഹാസനം കൃപയുടെ ഉറവിടമാണെന്നും അത് തടസ്സപ്പെടുത്തുവാൻ താൻ ഒരിക്കലും ആരെയും അനുവദിക്കുകയില്ലെന്നായിരുന്നു ബാവ തിരുമേനിയുടെ നിലപാട്. പരിശുദ്ധ അന്ത്യോഖ്യാ സിംഹാസനം പോലെ ആത്മീയ നൽവരദാനപ്രാപ്തമായ മറ്റ് ഒരു സിംഹാ

സനവും ഇല്ലായെന്ന് ശ്രേഷ്ഠ ബാവ തിരുമേനി വിശ്വസിക്കുകയും, പഠിപ്പിക്കുകയും ചെയ്തിരുന്നു. പരിശുദ്ധ അന്ത്യോഖ്യാ സിംഹാസനത്തെ ഒരിക്കലും മറക്കരുതെന്ന തന്റെ ആത്മീയ ഗുരുവായിരുന്ന പുണ്യശ്ലോകനായ ഏലിയാസ് മാർ യൂലിയോസ് ബാവായുടെ കല്പനയും എന്തെല്ലാം സഹിക്കേണ്ടി വന്നാലും ത്യജിക്കേണ്ടിവന്നാലും അന്ത്യോഖ്യാ ബന്ധം കൈവിടരുതെന്ന പിതാവ് ജോസഫ് കശ്ശീശയുടെ ഉപദേശവും അക്ഷരം പ്രതി തന്നെ ശ്രേഷ്ഠ പിതാവ് തന്റെ അന്ത്യംവരെ കാത്തുസൂക്ഷിച്ചു. 1958 ലെ യോജിപ്പിന് ശേഷം അന്നത്തെ സഭാ നേതൃത്വം പരിശുദ്ധ അന്ത്യോഖ്യാ സിംഹാസനബന്ധം ഇല്ലാതാക്കാൻ തന്ത്രപൂർവ്വം ശ്രമിക്കുകയുണ്ടായി. സഭാ നേതൃത്വത്തിന്റെ ഈ നടപടികളെ എതിർത്തു കൊണ്ട് തിരുമേനി "അന്ത്യോഖ്യാ മൂവ്മെന്റ്" രൂപീകരിച്ച് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുകയുണ്ടായി. സഭാ നേതൃത്വം തെറ്റ് തിരുത്തുവാൻ തയ്യാറായപ്പോൾ ബാവ തിരുമേനിയും ആ ശ്രമങ്ങളിൽ നിന്നും പിന്മാറി. "പരിശുദ്ധ അന്ത്യോഖ്യാ സിംഹാസനത്തോട് കൂറും വിധേയത്വവും ഇല്ലാത്തവർക്ക് യാക്കോബായ സഭയിൽ സ്ഥാനമില്ലെന്നും അവർക്ക് സഭ വിട്ടു പോകാമെന്നും" വരിക്കോലി പള്ളിയിൽ കൂടിയ സഭാ മാനേജിംഗ് കമ്മറ്റി യോഗത്തിൽ ശ്രേഷ്ഠ ബാവ അർത്ഥശങ്കക്കിടയില്ലാതെ പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനം ഇതായിരുന്നു. ശ്രേഷ്ഠ പിതാവിന്റെ എല്ലാ വൈദിക സ്ഥാനങ്ങളും പരിശുദ്ധ അന്ത്യോഖ്യാ സിംഹാസനത്തിൽ നിന്നും തന്നെ ആയിരുന്നു. കണ്ടനാട് ഭദ്രാസന മെത്രാപ്പോലീത്താ ആയിരുന്ന ഔഗേൻ മോർ തീമോത്തിയോസ് മുടക്കപ്പെട്ടതിനെ തുടർന്നാണ് ബാവ തിരുമേനി 1952 ൽ കണ്ടനാട് ഭദ്രാസന മെത്രാപ്പോലീത്തയായി വാഴിക്കപ്പെട്ടത്. അതു പോലെ തന്നെ ഔഗേൻ കാതോലിക്ക ബാവ മുടക്കപ്പെട്ടതിനെ തുടർന്നാണ് 1975 ൽ ശ്രേഷ്ഠ പിതാവ് കാതോലിക്കയായി വാഴിക്കപ്പെട്ടത്. ഇതെല്ലാം ദൈവനിയോഗം പോലെ തോന്നുന്നു.

സുറിയാനി ഭാഷയോട് ബാവ തിരുമേനിക്ക് വലിയ അഭിനിവേശം ആയിരുന്നു. സുറിയാനി ദൈവഭാഷയാണെന്നും, ദൈവം ആദാമിനോട് സംസാരിച്ചതും, നമ്മുടെ കർത്താവ് വചനഘോഷണം നടത്തിയതും, സുറിയാനിയിലായിരുന്നു എന്നതാണ് സുറിയാനി ഭാഷയോട് ബാവ തിരുമേനിക്ക് ഉണ്ടായിരുന്ന അഭിനിവേശത്തിന്റെ അടിസ്ഥാനം. കോട്ടയത്ത് വച്ച് വർഷങ്ങൾക്ക് മുൻപ് നടത്തിയ ലോക സുറിയാനി മഹാ സമ്മേളനത്തിൽ പല പ്രതിനിധികളും ഇതര ഭാഷകളിൽ പ്രസംഗിക്കുകയും പ്രബന്ധ

ങ്ങൾ അവതരിപ്പിക്കുകയും ചെയ്തപ്പോൾ, ശ്രേഷ്ഠ ബാവ തിരുമേനി പ്രസംഗിച്ചത് സുറിയാനി ഭാഷയിലായിരുന്നു.

ശ്രേഷ്ഠ ബാവായുടെ വൈദികവൃത്തി, യഥാർത്ഥ ദൈവവിളി തന്നെ ആയിരുന്നു. മൂത്ത മകനെ വൈദിക വൃത്തിയിലേക്ക് സമർപ്പിക്കാമെന്ന പിതാവ് ജോസഫ് കശ്ശീശ മാർ യൂലിയോസ് ബാവായെ അറിയിച്ചപ്പോൾ "വേണ്ട ഇവനെ മതി"യെന്ന് കല്പിച്ച്" അടുത്ത് നിന്നിരുന്ന കൊച്ചു പൗലോസിന്റെ തലയിൽ യൂലിയോസ് ബാവ കൈവയ്ക്കുകയായിരുന്നു.

സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ സഭയിൽ യോജിപ്പിനും, സമാധാനത്തിനും ബാവ തിരുമേനി തയ്യാറായിരുന്നു. എന്നാൽ പരിശുദ്ധ പാത്രിയർക്കീസ് ബാവായ്ക്ക് മലങ്കര സഭയിൽ ഉള്ള "അധിസ്വത്വം" ഇല്ലായ്മ ചെയ്തുകൊണ്ടുള്ള ഒരു യോജിപ്പിനും സമാധാനത്തിനും ശ്രേഷ്ഠ ബാവ ഒരിക്കലും തയ്യാറല്ലായിരുന്നു. ഇന്ത്യയിലും പുറത്തുമായി വളരെയേറെ സഞ്ചരിച്ചിട്ടുള്ള പിതാവ് ഇതര ക്രൈസ്തവ വിഭാഗങ്ങളുടെയും മറ്റു സമുദായങ്ങളുടെയും ആദരവും ബഹുമാനവും നേടിയിട്ടുണ്ട്. പരിശുദ്ധ പാത്രിയർക്കീസ് ബാവായോടൊപ്പം ബ്രിട്ടീഷ് മഹാരാജ്ഞി എലിസബേത്ത്, കാറന്റ്ബറി ആർച്ച് ബിഷപ്പ്, ജോൺ പോൾ രണ്ടാമൻ മാർപാപ്പ തുടങ്ങിയവരെ സന്ദർശിച്ചിട്ടുണ്ട്. വിവിധ ക്രൈസ്തവ സഭകളുടെ കൂട്ടായ്മ ബാവ തിരുമേനിയുടെ ഏറ്റവും വലിയ ആഗ്രഹമായിരുന്നു. എക്യുമെനിക്കൽ പ്രസ്ഥാനത്തിന്റെ പ്രയോക്താവായിരുന്നു പിതാവ്. ക്നാനായ ഭദ്രാസനം ഒഴികെ മലങ്കര സഭയിലെ എല്ലാ ഭദ്രാസനങ്ങളുടെയും ചുമതല ഒരു കാലത്ത് ശ്രേഷ്ഠ പിതാവ് വഹിച്ചിട്ടുണ്ട്. പല പള്ളികളിലും വികാരിയായും ഇദ്ദേഹം ശുശ്രൂഷ ചെയ്തിട്ടുണ്ട്. മഞ്ഞിനിക്കര ദയറായിൽ മല്പാനായിരുന്നിട്ടുണ്ട്. കാലം ചെയ്ത ഏലിയാസ് മോർ യൂലിയോസ് ബാവായുടെ സെക്രട്ടറിയായും സേവനം അനുഷ്ഠിച്ചിട്ടുണ്ട്. ശ്രേഷ്ഠ ബാവായുടെ ഭരണകാലം മുഴുവനും, സഭയിൽ സംഘർഷത്തിന്റെയും കേസിന്റെയും കാലഘട്ടങ്ങളായിരുന്നു. എന്നിരുന്നിട്ടും കാതോലിക്കാ സ്ഥാനത്തിന് പോറൽ ഏൽക്കാതെ തന്നെ ബാവ തിരുമേനി സഭ നയിച്ചു. പരിശുദ്ധ സഖാ പ്രഥമൻ പാത്രിയർക്കീസ് ബാവായെ തിരഞ്ഞെടുക്കുവാൻ കൂടിയ ആകമാന സുന്നഹദോസിൽ അദ്ധ്യക്ഷത വഹിച്ചതും തെരഞ്ഞെടുപ്പ് ഫലം പ്രഖ്യാപിച്ചതും വാഴ്ചക്ക് മുഖ്യ കാർമ്മികത്വം വഹിച്ചതും എല്ലാം ബാവ തിരുമേനിയായിരുന്നു. ആ ധന്യമായ ഓർമ്മ എന്നും സഭാ ചരിത്രത്തിൽ സുവർണ്ണ ലിപികളാൽ രേഖപ്പെടുത്തപ്പെടും.



വിശുദ്ധിയുടെ നിറകുടം

ബിജു കുര്യൻ കളമ്പുകാട്ട് പുതുള്ളി (വിശ്വാസസംരക്ഷകൻ എഡിറ്റർ)

പുഞ്ചിരി തൂവുന്ന പ്രകാശ പൂരിതമായ മുഖം, ആർദ്രമായ നയനങ്ങൾ, എളിമയും ലാളിത്യവും നിറഞ്ഞ ജീവിതശൈലി, സ്നേഹവും വിനയവും കലർന്ന പെരുമാറ്റം, വാത്സല്യം കവിഞ്ഞുനിൽക്കുന്ന സംസാരം. കാലം ചെയ്ത പുണ്യശ്ലോകനായ ശ്രേഷ്ഠ ബസേലിയോസ് പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ തിരുമേനിയെ ഓർക്കുമ്പോൾ യാക്കോബായ സഭാ വിശ്വാസികളുടെ മനസിൽ തെളിയുന്ന ചിത്രം ഇങ്ങനെ ആയിരിക്കും. 23 വർഷം മെത്രാപ്പോലീത്തയായും 21 വർഷം കാതോലിക്കാ ബാവായായും മലങ്കര യാക്കോബായ സുറിയാനി സഭയെ നയിച്ച ശ്രേഷ്ഠ ബാവായെ, വിശുദ്ധ ജീവിതം നയിക്കുന്ന യോഗിവര്യനായിട്ടാണ് സഭയും സമൂഹവും ആദരിച്ചിരുന്നത്. ഇതിന് കാരണം ബാവയുടെ സൗമ്യമായ സംസാരവും, ഹൃദ്യമായ പെരുമാറ്റവും ആയിരുന്നു.

സഭയിലെ അറിയപ്പെട്ടിരുന്ന മൽപ്പാനായിരുന്ന ജോസഫ് കശീശായുടെയും ഏലിസബേത്തിന്റെയും വാത്സല്യ പുത്രനായിരുന്നു പി.ജെ. പൗലോസ്. ഗുരുഭൂതർക്ക് പ്രിയങ്കരനായിരുന്ന ശിഷ്യനായിരുന്നു പൗലോസ് ശെമ്മാശൻ. മഞ്ഞനിക്കര ദയറായിലെ വൈദീകസെമിനാരിയിൽ അദ്ധ്യാപകനായിരുന്നപ്പോൾ ശിഷ്യന്മാർക്ക് മാതൃകാ വൈദീകനായിരുന്നു പൗലോസ് മൽപ്പാൻ. കാഞ്ഞിരപ്പള്ളി പാറത്തോട് പള്ളി വികാരിയായിരുന്നപ്പോൾ ആ പ്രദേശത്തെ നാനാജാതി മതസ്ഥർക്ക് ആശ്രയമായിരുന്നു പൗലോസ് കശ്ശീശ. മെത്രാഭിഷിക്തനായപ്പോൾ തന്നിൽ

നിക്ഷിപ്തമായ ഭദ്രാസനങ്ങളിലെ അംഗങ്ങളുടെ പ്രിയപ്പെട്ട ഭദ്രാസനാധിപനായിരുന്നു പൗലോസ് മോർ പീലക്സിനോസ് തിരുമേനി. കാതോലിക്കാസ്ഥാനം പ്രാപിച്ചപ്പോൾ യാക്കോബായ സഭാംഗങ്ങളുടെ സ്നേഹനിധിയായ പൊതുപിതാവായിരുന്നു ശ്രേഷ്ഠ ബാവാ തിരുമേനി. ആത്മീയ ജീവിതപാതയിൽ കൂടുതൽ ഉത്തരവാദിത്വങ്ങൾ ദൈവ ഹിതമായി വന്നുചേർന്നപ്പോൾ കൂടുതൽ ദൈവാശ്രയത്തോടെ, ആത്മവിശുദ്ധിയോടെ ലാളിത്യത്തോടെ, വിനയത്തോടെ അജഗണങ്ങളെ നയിച്ച മാതൃകാ സഭാദ്ധ്യക്ഷനായിരുന്നു ശ്രേഷ്ഠ ബസേലിയോസ് പൗലോസ് ദ്വിതീയൻ ബാവ. ശ്രേഷ്ഠ പിതാവിന്റെ ആതിഥ്യ മര്യാദ പ്രശസ്തമായിരുന്നു. സന്ദർശകരായി എത്തുന്നവരെ കുബേര കുചേല വ്യത്യാസമില്ലാതെ, പണ്ഡിത പാമര വ്യത്യാസമില്ലാതെ, ജാതിമത വർണ്ണവർഗ്ഗ വ്യത്യാസമില്ലാതെ എല്ലാവരേയും സമാനതയോടെ കണ്ട് എഴുന്നേറ്റ് നിന്ന് ആദരപൂർവ്വം സ്വീകരിച്ച്, അവർ ഇരുന്നു എന്ന് ഉറപ്പ് വരുത്തിയശേഷം മാത്രം ഇരുന്നിരുന്ന സാമ്യതകളില്ലാത്ത വ്യക്തിത്വത്തിന് ഉടമയായിരുന്നു ബാവ തിരുമേനി.

കോട്ടയം സ്വദേശിയായ ഓർത്തഡോക്സ് സഭാ വൈദീകൻ ബാവയെ സന്ദർശിച്ചതിന് ശേഷം തന്റെ അനുഭവം ഇപ്രകാരം പങ്ക് വച്ചു.

സ്വകാര്യ സ്കൂളിന്റെ മാനേജർ കൂടിയായ പ്രസ്തുത വൈദീകന്റെ സ്കൂളിലെ ചില ആവശ്യങ്ങൾ പരിഹരിച്ച് കിട്ടാൻ വിദ്യാഭ്യാസവകുപ്പിനെ സമീപിച്ചു. എങ്കിലും സർക്കാർ വകുപ്പിലെ ചുവപ്പ് നാടയിൽ കുരുങ്ങി പ്രശ്നപരിഹാരമാകാതെ അനന്തമായി നീണ്ടു. യാക്കോബായ സഭാംഗമായ ഒരു മുൻമന്ത്രിയെ ഇടപെടുത്തിയാൽ പ്രശ്നങ്ങൾ വേഗം പരിഹരിക്കുവാൻ സാധിക്കും എന്ന് മനസ്സിലാക്കിയ വൈദീകൻ അതിനായുള്ള മാർഗ്ഗങ്ങൾ അന്വേഷിച്ചു. ശ്രേഷ്ഠ ബാവയുമായി നല്ല വ്യക്തി ബന്ധം പുലർത്തിയിരുന്ന മന്ത്രിയെ ബന്ധപ്പെടാൻ വൈദീകൻ, ശ്രേഷ്ഠ ബാവായെ സന്ദർശിച്ച് പ്രശ്നപരിഹാരത്തിനായി മന്ത്രിയോട് അപേക്ഷിക്കുവാൻ തീരുമാനിച്ചു. അതിനായി ഒരുദിവസം ഉച്ചയോടെ അദ്ദേഹം മൂവാറ്റുപുഴയിലെത്തി. ഒരു അച്ചൻ അരമനയിലേയ്ക്ക് നടന്ന് വരുന്നത് ബാവ രണ്ടാംനിലയിലെ മുറിയിൽ നിന്ന് കണ്ടു. ഉടൻ സെക്രട്ടറി ശെമ്മാശ്ശനെ അയച്ച് വൈദീകനെ വിളിപ്പിച്ചു. എത്രയും വേഗം അച്ചന് ഉച്ചഭക്ഷണം നൽകാൻ വേണ്ട ക്രമീകരണങ്ങൾ ചെയ്യാൻ ശെമ്മാശ്ശനോട് ബാവ കൽപിച്ചു. ഒരുനിമിഷം അമ്പരന്നുപോയ അച്ചൻ ബാവായോട് പറഞ്ഞു.

താനൊരു കാതോലിക്കാ പക്ഷ വൈദീകനാണന്ന്! അതിന് ബാവ നൽകിയ മറുപടി ഇപ്രകാരമായിരുന്നു.'അച്ചനോട് ഞാൻ അക്കാര്യമെന്നും ചോദിച്ചില്ലല്ലോ. എത്രയും വേഗം ചെന്ന് ഭക്ഷണം കഴിച്ച് വരൂ. അതിനുശേഷം നമുക്ക് സംസാരിക്കാം'. ഉച്ചഭക്ഷണം കഴിച്ചുവന്ന അച്ചൻ ബാവയോട് കാര്യങ്ങൾ ഗ്രഹിപ്പിച്ചു. ഉടൻതന്നെ ബാവ മന്തിയെ ഫോണിൽ ബന്ധപ്പെട്ട് അച്ചന്റെ ആവശ്യങ്ങൾ അനുഭാവ പൂർവ്വം പരിഗണിക്കണമെന്ന് അഭ്യർത്ഥിക്കുകയും മന്ത്രി സമ്മതിക്കുകയും ചെയ്തു. ബാവയോട് നന്ദി പറഞ്ഞ് അച്ചൻ പുറപ്പെടാൻ തുടങ്ങി എങ്കിലും, ചായ കൂടി നൽകിയതിന് ശേഷം മാത്രമാണ് അച്ചനെ പോകാൻ അനുവദിച്ചത്. ശ്രേഷ്ഠ ബാവ എല്ലാ അർത്ഥത്തിലും ശ്രേഷ്ഠ പിതാവാണെന്നാണ് പ്രസ്തുത അച്ചൻ പറഞ്ഞത്.

ഇതുപോലെ നിരവധി ധന്യമുഹൂർത്തങ്ങൾ ശ്രേഷ്ഠ ബാവായെ സന്ദർശിച്ചവരുടെ മനോമണ്ഡലങ്ങളിൽനിറഞ്ഞ് നിൽക്കുന്നുണ്ടാകും എന്നതിൽ സംശയമില്ല. പരിശുദ്ധ അന്ത്യോഖ്യാ പാത്രിയർക്കീസ് ബാവായെ വാഴിച്ച ശുശ്രൂഷയിൽ മുഖ്യകാർമ്മികത്വം വഹിക്കാൻ ഭാഗ്യം ലഭിച്ച ആദ്യ മലങ്കര സഭാംഗം എന്ന പദവിയും പരിശുദ്ധ അന്ത്യോഖ്യാസിംഹാസന ബന്ധത്തിൽ മലങ്കര സഭയെ നിലനിർത്താൻ അശ്രാന്തം പരിശ്രമിച്ച സഭാദ്ധ്യക്ഷൻ എന്നതിനാലും ശ്രേഷ്ഠ ബാവ സുറിയാനി സഭാ ചരിത്രത്തിൽ എക്കാലവും നിറഞ്ഞുനിൽക്കുകതന്നെ ചെയ്യും. സർവ്വോപരി ശ്രേഷ്ഠ ബാവ കാത്തുസൂക്ഷിച്ച ജീവിത നൈർമ്മല്യവും പ്രാർത്ഥനാ നിഷ്ഠയും ശ്രേഷ്ഠ പിതാവിനെ വിശുദ്ധിയുടെ നിറകുടമാക്കിമാറ്റി. പുണ്യപിതാവിന്റെ പ്രാർത്ഥന നമുക്ക് കോട്ടയായിരിക്കട്ടെ.



സ്വർഗ്ഗീയ മന്നയാകുന്ന ശ്രേഷ്ഠ ബാവ

ഫാ. ജിബി മാത്യു വാഴൂർ
(ഡയറക്ടർ, മോർ ബസേലിയോസ് തോമസ് പ്രഥമൻ കാതോലിക്കോസ് സ്പിരിച്ച്വൽ സെന്റർ, വാഴൂർ)

ക്രിസ്തു യേശു ഓർമ്മപ്പെടുത്തിയത് വിശുദ്ധനായ മത്തായി ശ്ലീഹാ ഗിരി പ്രഭാഷണ ഭാഗത്തിലൂടെ ഭൂമിക്ക് കൈമാറി തന്നത് നമ്മൾ എത്ര വേഗമാണ് മറന്നു കളഞ്ഞത്: 'നിങ്ങൾ ലോകത്തിന്റെ വെളിച്ചമാണ്. മലമുകളിൽ പണിതുയർത്തിയ പട്ടണത്തെ മറച്ചുവയ്ക്കുക സാധ്യമല്ല...

പുണ്യശ്ലോകനായ ബാവ തിരുമേനിയെ ഓർക്കുമ്പോഴെല്ലാം ഒരു മുന്നറിയിപ്പും യേശുവിന്റെ എന്നോടുള്ള സ്വകാര്യതാക്കീതുമായി ഈ തിരുവചനമാണ് ഉള്ളിൽ ഒരു മുള്ളും മുറിവുമായി ഉണരുന്നത്....! അതെ.., തീർച്ചയായും നമ്മുടെ ഏറ്റവും പ്രിയമുള്ള ബാവ തിരുമനി ഈ ലോകത്തിൽ ദൈവീക വെളിച്ചം തന്നെ ആയിരുന്നു.

കുറച്ചു കാലം കൊണ്ട് കേട്ടും വായിച്ചു. കണ്ടെടുത്ത അറിവുകളുടെ അനുഭവ ഓർമ്മയിൽ ഇന്നും എല്ലാത്തിനും മീതെ ജ്വലിച്ചു നിൽക്കുന്ന ശ്രേഷ്ഠ സ്മരണയാണ് ബസ്സലേയോസ് പൗലോസ് ദ്വിതിയൻ കാതോലിക്ക ബാവ തിരുമേനി .

മലങ്കരയുടെ പ്രകാശ ഗോപുരം എന്ന വിഖ്യാതി നേടിയ വിശേഷണം വീണ്ടും വീണ്ടും ആവർത്തിച്ച് സകലരും ആഘോഷിക്കുന്നത് അതുകൊണ്ടാണല്ലോ ....

ബാവ തിരുമേനി എന്ന വിളക്കും വെളിച്ചവും നമുക്ക് ഇങ്ങനെ ആണ്ടിലൊരിക്കൽ ഉണ്ടാകുന്ന വെറും പറച്ചിലുകൾ മാത്രം ആയി പോകുന്നോ എന്നൊരു സംശയവും സങ്കടവും നന്നായിട്ടുണ്ട്. ഇത് ഇപ്പോൾ 25 വർഷമെന്ന ജൂബിലിയുടെ കണ

ക്കുകൾ ഓർത്തെടുത്ത നേരത്ത്, അവനവന്റെ ഉള്ളിലും പരിസരത്തും നമ്മുടെ ഏറെ പ്രിയപ്പെട്ട ബാവായുടെ വെളിച്ചം എന്തു മാത്രം ഉണ്ട്....? വാക്കുകൾക്കും പ്രൗഢ ഗംഭീരമായ ആശയങ്ങൾക്കും അപ്പുറത്ത് വഴി കാട്ടിയാവുന്ന വെളിച്ചമായി ഇനി എന്നു മുതലാണ് ബാവ ഓരോരുത്തർക്കും മാറി തുടങ്ങുക ...? ഗിരി പ്രഭാഷണത്തിൽ യേശു തുടർന്ന് നൽകുന്ന മുന്നറിയിപ്പിന്റെ കൂർത്ത മുനയാൽ ഒന്ന് സ്വയം മുറിഞ്ഞിരുന്നെങ്കിൽ എല്ലാവർക്കും കൊള്ളാമായി രുന്നു: "വിളക്കു കൊളുത്തി ആരും പറയുടെ കീഴിൽ വയ്ക്കാറില്ല ... പീഠത്തിൻ മേലാണു വയ്ക്കുക. അപ്പോൾ അത് ഭവനത്തിലുള്ള എല്ലാവർക്കും പ്രകാശം നൽകുന്നു."

എന്റെ ദൈവമേ...!, ഇങ്ങനെയൊക്കെ യേശു പറഞ്ഞു പോയാൽ അവന്റെ സമർത്ഥരായ ഞങ്ങൾ ഭക്തൻമാർ എന്തു ചെയ്യും അല്ലേ...?

ബാവ തിരുമേനി സഹിച്ച കഠിന സാഹചര്യങ്ങളെയും ചെറുത്തു നിന്ന സകല എതിർപ്പുകളെയും ഓർത്തെടുക്കുമ്പോൾ ഞെട്ടലും സങ്കടവും അത്ഭുതവുമാണ് ഉള്ളിൽ തോന്നുന്നത്. ...!

വിശാലമായ ഒരു യേശു അവബോധത്തിന്റെ വെളിച്ചത്താലും ബലത്താലും അന്ന് നേരിടേണ്ടി വന്ന പരിമിതികളെയും അസൗകര്യങ്ങളെയും ആക്രമണ ങ്ങളെയും ബാവ ചെറുപുഞ്ചിരിയോടു കൂടി നേരിട്ടു. വിജയി ആകാൻ വേണ്ടിയല്ല തന്നെ ദൈവം വിളിച്ചതെന്നും പകരം ദൈവത്തോടും സഹജീവികളോടും വിശ്വസ്തനാകാൻ വേണ്ടിയാണെന്ന് ശരിക്കും തിരിച്ചറിഞ്ഞ മഹത്വ വ്യക്തിയാണ് ബാവ തിരുമേനി .

അദ്ദേഹത്തെ ആദരിക്കുകയും അനുസ്മരിക്കുകയും ചെയ്യുന്ന നമ്മൾ അദ്ദേഹത്തിന്റെ ആദർശങ്ങളെയും നിലപാടുകളെയും സത്യത്തിൽ ആത്മാർത്ഥമായി സ്നേഹിക്കുന്നുണ്ടോ...? യേശു എത്ര ദീർഘ വീക്ഷണത്തോടെയാണ് അന്ന് അവരോടും ഇന്ന് സുവിശേഷത്തിലൂടെ നമ്മോടും പറഞ്ഞു കൊണ്ടിരിക്കുന്നത്. അതെ..., കത്തി ജ്വലിച്ചു കൊണ്ടിരുന്ന വിളക്കിനെ ഞാൻ ബോധപൂർവ്വം പറയുടെ കീഴിൽ കമിഴ്ത്തി വെച്ചു. വിളക്കിനും വെളിച്ചത്തിനും പിന്നീട് എന്തു സംഭവിച്ചു എന്ന് ആരും അധികം അന്വേഷിക്കേണ്ടതില്ലല്ലോ?.അങ്ങനെ അങ്ങനെ ഒടുവിലത്തെ ചെറു തിരിനാളത്തെ കൂടി പറയുടെയും പാത്രത്തിന്റെയും ചുവട്ടിൽ വെച്ചിട്ട് ആകെ അന്ധകാരത്തിൽ അകപ്പെട്ട് നില്ക്കുക

യാണ് ഈ വർത്തമാനകാലത്തിലെ നമ്മൾ ഓരോരുത്തരും. പരിസരത്തെയും സഹജീവികളെയും മാത്രമല്ല ഇതിലൂടെ കാണാതെ പോകുന്നത് അവനവനെ തന്നെയാണ്...!

'ഞാൻ ലോകത്തിന്റെ വെളിച്ചമാണെന്ന് ഉറപ്പിച്ചു വിളിച്ചു പറഞ്ഞ യേശുവിനെ (വി.യോഹന്നാൻ 8:12) തിരികെ സ്വന്തം ജീവനോടും ജീവിതത്തോടും ചേർത്ത് പിടിക്കുകയാണ് ആകെയുള്ള രക്ഷാമാർഗ്ഗം. അതിനു ദൈവം ഭൂമിക്ക് പൊഴിച്ചു നൽകിയ സ്വർഗ്ഗീയ മന്നകളിൽ ഒന്നാണ് ശ്രേഷ്ഠ ബാവ തിരുമേനി ...! വഴി വിളക്കുകളായി മാറുന്നുണ്ട് ഇത്തരം ശ്രേഷ്ഠ ഇടയൻമാർ എക്കാലവും. ആടുകളെക്കാൾ സാധുവാകണം അതിന്റെ ഇടയൻ എന്ന ജ്ഞാന സത്യവും തത്ത്വവും ദൈവീക വെളിപാടായി സ്വന്തമാക്കിയ ബാവ തിരുമേനി അവസാന ശ്വാസം വരെയും അങ്ങനെ തന്നെ ഭൂമി ജീവിതം ഭംഗിയായി പൂർത്തികരിച്ചല്ലോ ...! തീർച്ചയായും വഴി വിളക്കുകൾ തന്നെയാണ് ഇത്തരം ഇടയൻമാർ... എനിക്ക് ഇനിയും നടന്നു തീർക്കേണ്ട ബാക്കി ദൂരത്തിലെ ഒറ്റ ചുവടും പോലും കുറച്ചു തരികയോ ഇളച്ചു തരികയോ ചെയ്യുന്നില്ല ഒരു വഴി വിളക്കുകളും....പക്ഷേ, അവ മറ്റൊന്ന് നിർവ്വഹിക്കുന്നുണ്ട് ...ഉയർത്തി ചവിട്ടുന്ന അടുത്ത ചുവടിന്റെ ചുവട്ടിൽ ഇത്തിരിയെങ്കിലും വെട്ടം ഉറപ്പു വരുത്തുന്നുണ്ട് ഏത് വഴി വിളക്കുകളും... അതെനിക്ക് കുറച്ചു കൂടി എളുപ്പത്തിൽ ചുവടുകൾ വെച്ച് മുന്നേറാൻ ബലവും പ്രത്യാശയും നൽകുന്നു. അങ്ങനെ ഞാനും ഇതിലൂടെ വർത്തമാന കാലത്തിലെ കഠിന ഭാരങ്ങളുടെ ദുരിത കെട്ടുകൾ മുഴുവൻ മറുകര എത്തി ക്കുന്നു.... ഈ ഇടയ ശ്രേഷ്ഠ നോടുള്ള നമ്മുടെ ആദരവും സ്നേഹവും ഇനി എങ്ങനെയൊക്കെയാണ് പ്രകടിപ്പിക്കേണ്ടതും അർപ്പിക്കേണ്ടതും ...? ഇത്തരം ചില ചോദ്യങ്ങളും അന്വേഷണങ്ങളും ഈ വൈകിയ വേളയിൽ ഇനിയെങ്കിലും ആകാം. അദ്ദേഹം പാലിച്ച, അനുകരിച്ച, അനുധാവനം ചെയ്ത വിശ്വാസത്തെയും നിലപാടുകളെയും ജീവിത ലാളിത്യത്തെയും ഓരോരുത്തരും സ്വന്തം നെഞ്ചോട് ചേർക്കുക. കാലത്തിന് അനുസരിച്ച് നമ്മൾ വേഗം വേഗം മാറുമ്പോഴും കാതലായ കാര്യങ്ങളിൽ ഒട്ടും വെള്ളം ചേർക്കാതെ ഇരിക്കുക. അവനവന്റെ തന്നെ കൊടും നുണകളുടെ ഈ ലോകത്തു നിന്നു ഇനി നമ്മെ മാത്രം രക്ഷിച്ചാൽ പോരാ. നമ്മൾ മലിനമാക്കിയ ഇത്തരം ശ്രേഷ്ഠ ഗുരുക്കൻമാരേയും രക്ഷിച്ചെടുക്കാൻ ദൈവത്തോട് മുട്ടിപ്പായി അപേക്ഷി ക്കേണ്ടിയിരിക്കുന്നു. വാക്കുകൾ കൊണ്ടു മാത്രമുള്ള

നമ്മുടെ പതിവ് പരിപാടികൾ എല്ലാം പ്രവർത്തികളിലേക്കു കൂടി കൂട്ടി കൊണ്ട് പോകുക.

എന്റെ ജീവിതം എന്റെ സന്ദേശ മെന്ന് പറഞ്ഞ മഹാത്മാ വിനെ പോലെ എന്റെ ജീവിതം എന്റെ ഗുരു ദക്ഷിണ എന്നു സമർപ്പിക്കുവാൻ എനിക്കും കഴിയണം. എല്ലാവർക്കും കഴി യണം. ഈ ശ്രേഷ്ഠ മഹാ പുരോഹിതന്റെ വിസ്മയ വെളിച്ച ത്തിൽ ഞാനും പതിയെ ചുവടുകൾ മുമ്പോട്ടു വെയ്ക്കുന്നു.

ഒട്ടും പേടിക്കാതെയും നിറയെ പ്രതീക്ഷയോടും കൂടെ... ഒപ്പം അപേക്ഷിക്കുന്നു :

ശ്രേഷ്ഠ മഹാപുരോഹിതാ....!,

ഞങ്ങൾക്കു വേണ്ടി പ്രാർത്ഥിക്കണമേ..

ശ്രേഷ്ഠതയിലേക്ക് ഉയർന്ന മർത്യതേജസ്സ്

ബാവാ കാലംചെയ്ത 1996 സെപ്റ്റംബർ 2 ലെ
ദീപികയുടെ മുഖപ്രസംഗം

ഈശ്വരനിയോഗത്താലും സ്വകർമ്മത്താലും ശ്രേഷ്ഠതയിലേയ്ക്ക് ഉയർന്ന അതുല്യ ആദ്ധ്യാത്മീക തേജസ്സായിരുന്നു കാലം ചെയ്ത ശ്രേഷ്ഠ കാതോലിക്ക ബസേലിയോസ് പൗലോസ് ദ്വിതീയൻ ബാവ.

ലോകരെല്ലാം അദ്ദേഹത്തെ ശ്രേഷ്ഠനെന്നു വിളിച്ചിരുന്നത് ശ്രേഷ്ഠ പദം തന്റെ സ്ഥാനപ്പേരിന്റെ വിശേഷണമായതുകൊണ്ടായിരിക്കാം. എന്നാൽ, അവരുടെ ഹൃദയങ്ങളിൽ അദ്ദേഹം ശ്രേഷ്ഠനായി കുടികൊണ്ടത് സഭാപരമോ സ്ഥാനപരമോ ആയ ഔന്നത്യം കൊണ്ടല്ല. താൻ നയിച്ച സമൂഹത്തിന്റെ വലുപ്പമോ പ്രതാപമോ കൊണ്ടല്ല.

പിന്നെയോ, ആ മഹനീയാസനത്തിൽ ഇരിക്കാൻ നിയുക്തമായ ഭൗതികശരീരത്തിനുള്ളിൽ വർത്തിച്ച ഹൃദയത്തിന്റെ അതിവിശാലത കൊണ്ട്. അവിടെ തിരതല്ലിയ സ്നേഹത്തിന്റെ ആഴം കൊണ്ട്. ഔദ്യോഗികമായി ബാവ യാക്കോബായ സുറിയാനി സഭയുടെ തലവനായിരുന്നു. അന്ത്യോഖ്യാ പാത്രിയർക്കീസ് ബാവായുടെ പ്രതിനിധി. എന്നാൽ ആ വലിയ ഹൃദയം ആ സഭയുടേതു മാത്രമായിരുന്നില്ല. ആ ദീപസ്തംഭം ഒരു സമുദായത്തിന്റേതു മാത്രമായിരുന്നില്ല. ആ ആദ്ധ്യാത്മിക തേജസ്സ് താൻ പ്രത്യക്ഷത്തിൽ നയിച്ച അജഗണത്തിനു മാത്രം അവകാശപ്പെട്ടതായിരുന്നില്ല.

യാക്കോബായ സുറിയാനി സഭയ്ക്കു പുറത്ത് മറ്റു ക്രൈസ്തവ വിഭാഗങ്ങളുടെയും ഇതരമതസ്ഥരുടെയും ഹൃദയങ്ങളിൽ ബാവ സ്ഥാനം നേടി. അവരുടെ ആദരവും സ്നേഹവും


അവകാശമാക്കി. തങ്ങൾക്കു കൂടി അവകാശപ്പെട്ട ശ്രേഷ്ഠപുരുഷനാണെന്ന് മറ്റു സമുദായങ്ങൾക്കു തോന്നുംവിധമായിരുന്നു ആ ഹൃദയത്തിന്റെ വ്യാപാരങ്ങൾ.

ജ്ഞാനത്തിനുവേണ്ടി മാത്രം പ്രാർത്ഥിച്ച സോളമനെപ്പോലെയായിരുന്നു ആ താപോധനൻ. സോളമനെപ്പോലെ ജ്ഞാനത്തിനു മാത്രമല്ല അതിലൂടെ പ്രതാപത്തിനും സ്രഷ്ടാവ് ബാവായെ യോഗ്യനാക്കി. ലാളിത്യവും പാണ്ഡിത്യവും തികഞ്ഞ ശ്രേഷ്ഠ കാതോലിക്ക ബാവ ആയിരുന്നു യാക്കോബായ സുറിയാനി സഭയുടെ അത്യുന്നതിക്കു കാരണക്കാരൻ എന്നു പറയുന്നത് ആ ശ്രേഷ്ഠന്റെ വിശ്വാസത്തിന് എതിരാകും. എന്നാൽ എല്ലാ പുരോഗതിക്കും സ്രഷ്ടാവ് ആ തനയനെ സുപ്രധാന ഉപകരണമാക്കി എന്നതു വിനീതമായ ഏതു ഹൃദയത്തിനും ഏറ്റു പറയാതിരിക്കാൻ കഴിയില്ല.

യാക്കോബായ സുറിയാനിസഭയുടെ അമരക്കാരനായിരുന്ന കാൽനൂറ്റാണ്ട് അദ്ദേഹത്തിനു കുരിശിന്റെ വഴിതന്നെയായിരുന്നു. എങ്കിലും ഒഴിഞ്ഞുമാറാൻ അദ്ദേഹം തുനിഞ്ഞില്ല. ഇരുപതുവർഷം സഭാതനയർക്കു വേണ്ടി ജീവിതസമരം നടത്തുമ്പോഴും മുറിഞ്ഞുമാറിയ സഭാവിഭാഗങ്ങൾ ഒന്നായിക്കാണാൻ ആ ഹൃദയം നൊമ്പരത്തോടെ ആശിച്ചിരുന്നു. യാക്കോബായ സുറിയാനിസഭയെ കത്തോലിക്കാ സഭയുമായി കൂടുതൽ അടുപ്പിച്ചത് ആ താപസ ശ്രേഷ്ഠന്റെ പ്രാർത്ഥനയും കർത്തൃഹിതത്തിനായുള്ള ആത്മസമർപ്പണവുമായിരുന്നു. പ്രാർത്ഥനാജീവിതത്തിലും വൈദികവൃത്തിയിലും ഉറച്ച പാരമ്പര്യമുള്ള ശിക്ഷണം കർത്താവിനാൽ തെരഞ്ഞെടുക്കപ്പെടാനുള്ള നിമിത്തമായി വളർന്നിരിക്കാം. ദൈവിക നിയോഗം നിറവേറ്റാൻ നല്ലപോർ പൊരുതി ഓട്ടം തികച്ച ശ്രേഷ്ഠ ബാവായെ സ്രഷ്ടാവു തിരികെ വിളിച്ചത് താനേറെ ആഗ്രഹിച്ച സഭൈക്യം നേരിട്ടുകാണാൻ അവസരമാകും മുമ്പേയാണ്.

ഭൗതീകലോകത്തിന് ആ വെളിച്ചത്തിന്റെ വിയോഗം വലിയ നഷ്ടമാണ് ദുഃഖകാരണമാണ്. യാക്കോബായ സുറിയാനി സഭയ്ക്കു മാത്രമല്ല ഇതര ക്രൈസ്തവ സമൂഹങ്ങൾക്കും നഷ്ടപ്പെട്ടതു തേജസ്വിയായ ആചാര്യനെയാണ്. നല്ല ഒരു ഇടയനെയാണ്. ഈ ദുഃഖം കേരള സമൂഹം മുഴുവന്റെയുമാണ്.

സ്രഷ്ടാവിനു മാത്രം പരിഹരിക്കാൻ കഴിയുന്ന ഈ നഷ്ടബോധത്തിലും ദുഃഖത്തിലും ഞങ്ങളും പങ്കുചേരുന്നു. സ്രഷ്ടാവിനാൽ തെരഞ്ഞെടുക്കപ്പെട്ട ആ ശ്രേഷ്ഠത ഏവർക്കും വഴികാട്ടിയാവട്ടെ. ഒരിക്കലും അണയാത്ത ദീപസ്തംഭവും.


cChristianity.

3-ാം ഭാഗത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്
ജോൺ ഫിലിപ്പ് കോട്ടപ്പറമ്പിൽ
തയ്യാറാക്കിയതാണ്.
സിറിയൻ ഓർത്തഡോക്സ് സഭയുടെയും
പിതാക്കന്മാരുടെയും ചരിത്രങ്ങൾ
ഉൾപ്പെട്ടിട്ടുള്ള
www.SyriacChristianity.info
www.ParumalaThirumeni.in
www.Catholicate.in
എന്നീ വെബ്സൈറ്റുകളുടെ
അഡ്മിൻ ആണ് ജോൺഫിലിപ്പ്.
സഭാ ചരിത്ര പഠിതാക്കൾക്ക്
ഈ സൈറ്റുകളിലൂടെ ലഭിക്കുന്ന അറിവ്
വളരെ വലുതാണ്.



കല്ലുങ്കത്തറ സെന്റ് ജോർജ്ജ് പള്ളി
ഇടവകയിൽ അയ്മനം വല്യാട് കോട്ടപ്പറമ്പിൽ
പരേതനായ കെ.പി. ജോണിന്റെയും
കുന്നുംകുളം പനയ്ക്കൽ റീത്ത ജോണിന്റെയും
പുത്രനാണ്.

Catholicos
Aboon Mor Baselios Paulose – II

Catholicos Aboon Mor Baselios Paulose II was born on 12th June 1914 as the second son of Q*ashisho* Joseph Puthussery, vicar of St. Mary's church at Cherai and Elizabeth of Eralil family in North Paravur. He was baptised by name Paulose (P J Paulose).



Qashisho Joseph, an eminent Syriac scholar, was the *malfono* (tutor) of the Syrian Seminary (Old Seminary) and the M.D. Seminary in Kottayam. He was a greatly acclaimed preacher and had served as secretary to Metropolitans Joseph Mor Dionysius (Pulikottil), Patriarchal delegate Sleeba Mor Ostha theos, Gee varghese Mor Dionysius (Vattasseril) and Paulose Mor Athanasius. He was also the editor of *'Malankara Edavaka Deepthi'* and *'Suriyani Suviseshakan',* the two foremost church periodicals of the time. His ardent desire to dedicate one of his children to priesthood was accomplished through his second son Paulose, who since childhood days itself was of a very gentile and spiritual nature. Above all, the religious atmosphere that persisted at home had an immense effect in the moulding of young Paulose.

Paulose completed his secondary education from the Rama Varma High School at Cherai. After completing college education at Kottayam CMS College and Alwaye Union Christian College, he joined the Manjinikkara Mor Ignatius *dayro.* His Syriac education began much earlier in his childhood days itself under the tutelage of his father and *Qashisho* Vellakunnathu Mathai. At Manjinikkara Dayro, Paulose continued his Syriac studies under Ramban Abdul 'Ahad (later Patriarch Yakub III).

In 1933 Paulose was ordained a DEACON by Mor Yulius Elias, the Apostolic delegate of the Patriarch to Malankara, at Kottayam *Valiyapally* (St Mary's Knanaya Church at Thazhathangady). In 1938, he was ordained a *Qashisho* (Full Priest), again at the blessed hands of Mor Yulius at Manjinikkara Mor Ignatius dayro. Since then he served as the Vicar of churches in Ceylon (Srilanka), Madras, Bramhavar (Karnataka), Trivandrum, Parathode and Ponkunnam. Later he became the secretary to Mor Yulius Elias, the Patriarchal delegate to Malankara and was entrusted with the responsibility of Manjinikkara dayro as its vicar.



Consecration as the Metropolitan for Kandanad diocese

On 25th April 1952, the delegates of Kandanad diocese choose *Qashisho* P J Paulose to succeed Mor Athanasius Paulose (*Valiya Thirumeni* - Malankara Metropolitan), who by then had relinquished his additional duties as the bishop of Kandanad diocese because of his old age and illness. On October 19, 1952, Patriarch Moran Mor Ignatius Aphrem-I Barsoum ordained *Qashisho* Paulose a METROPOLITAN by name 'MOR PHILOXENOS' at

the Patriarchal Cathedral in Homs, Syria. On 12th January 1953, Mor Philoxenos assumed responsibilities as Metropolitan of Kandanad, the second largest diocese of the Malankara Jacobite Syrian church with the blessings of *Valiya Thirumeni.* A few days later on 26th January 1953, *Valiya Thirumeni* (Malankara Metropolitan, the St. Athanasius Paulose) passed away and was entombed at the St. Mary's





Church at Thrikkunn athu, Alwaye. Following the demise of Mor Dionysius Michael Metropolitan in January 1956, Mor Philoxenos was entrusted with the additional responsibilities of Kottayam and Kollam dioceses.

Unification and the subsequent separation

In December 1958, the two factions of Malankara Syrian Church that were remaining divided for almost five decades, reunited. Following this, Mor Philoxenos was reappointed in Kandanad diocese, as assistant to Mor Thimotheos Augen (later elevated to the office of Catholicate by Patriarch Ya`qub III).

In spite of the much publicized unity, peace in the church remained superficial as those who were controlling the affairs of the united Malankara Church were interested only in manipulating the opportunity to bring everything to their advantage. This situation continued for some more years and the Jacobite faithful were generally upset over the exploitation. Mor Philoxenos Thirumeni's leadership to the desperate sheep during this turmoil

between 1958 and '64 is most memorable. In his capacity as the assistant metropolitan of Kandanad diocese, Mor Philoxenos along with the late lamented Metropolitan Elias Mor Julius, led a crusade for upholding the age-old faith and practices of the Syrian Church. During the Patriarchal Day celebrations in Kottayam held on 22nd February 1961, popularly known as the Kottayam convention, tens of thousands of faithful declared their wholehearted support to Mor Philoxenos in his plight to uphold the Malankara-Antiochean relationship. His tireless efforts in that period culminated in the visit of Patriarch Moran Mor Ignatius Ya`qub III to India and elevation of Mor Augen Thimotheos as the Catholicose of the East, in 1964. Thus 'Mar Baselios Augen I', the Metropolitan of Kandanad diocese, became the first canonically ordained Catholicose (Maphriyono) of East of the Syrian Orthodox Church in India.

The period from 1964 to '70 was mostly calm in the history of Malankara Syrian Church. But the unity was unfortunately not destined to last longer. Having gained their objective, the erstwhile Methran faction who were controlling the Church affairs, shed their camouflage in 1972 and proclaimed their total independence from the Universal Church; throwing overboard all their pretensions and previous pleadings before the judicial authorities, during the past 60 years. The claims of 'St. Thomas throne' along with the anti-Antiochean utterances started to come up once again. On 26th September 1972 in an interview to UNI, the then primate of Malankara church declared that the sect led by him is an autocephalous entity, a statement which eventually resulted in a vertical split once again.

The very next year, the official church administration in India, influenced the authorities to cancel the religious visa of Mor Aphrem Aboodi Metropolitan, the delegate of the Holy See who was then residing in the Manjinikkara Dayro. Once again, the faithful had only one figure to look at; that of Paulose Mor Philoxenos Thirumeni, for their guidance and leadership. His self-

sacrificing services to uphold the apostolic faith of the Syrian Church in spite of bitter experiences from the Malankara leadership, was really a great game changer for the innumerable number of faithful who were deprived of a sincere leadership for a long time. Meanwhile the community leaders in Malankara made several representations before their spiritual supreme to take necessary measures to safeguard the apostolic traditions of the Church. Consequently Mor Baselios Augen I was removed from the office of the Catholicate. In August 1975 His Holiness ordained new Metropolitans who were elected by the diocesan parish councils. Later the Holy Episcopal Synod of the rejuvenated Jacobite Syrian Church met at Cochin under the leadership of senior Metropolitan Abraham Mor Clemis, who was also the Malankara Metropolitan from 1956 to '58, and unanimously choose Paulose Mor Philoxenos for the highest office of the 'Catholicose of the East'.

Enthronement as the Catholicose of the East

Fulfilling the wishes of the countless faithful in India, on 7th September 1975, the Patriarch of Antioch Moran Mor Ignatius Ya`qub III elevated Paulose Mor Philoxenos as the CATHOLICOSE OF THE EAST under the title 'MOR BASELIOS PAULOSE II', at the Patriarchal Cathedral in Damascus *(PAULOSE the first, who adorned the seat of the 'Maphrianate of the East' earlier, was the one who lived in the 8th century)*. Consequently His Beatitude Mor Baselios Paulose –II became the HEAD OF THE HOLY SYNOD OF THE CHURCH IN INDIA. On the auspicious occasion of the consecration, their Graces Mor Dionysius George, Mor Athanasius Paulose of Beirut, Mor Sevarious, Mor Thimotheos Aphrem Aboodi and the elite of Syria and a huge congregation were present. Following the enthronement, the Universal Synod was held at Patriarchal Cathedral under His Holiness Ignatius Ya`qub III and appointed Metropolitans for the dioceses in Malankara in consultation with the new Catholicose and with due regards to the requests of the clergy and laity.

H.H. Ignatius Ya`qub -III, Patriarch of the Apostolic See of Antioch & all the East,
elevating Mor Philoxinos Paulose as the Catholicose of the East
at the Patriarchal Cathedral in Damascus, Syria



His Beatitude Mor Baselios Paulose II, on his return to Malankara was accorded grand reception in Kuwait and in Bombay. The unprecedented reception at Muvattupuzha testified to the world, how loyal and obedient are the members of the Malankara Church to a Catholicose, validly consecrated by the Patriarch. The 'SUSTHATHIKON' was publicly read and *'Oxios'* befitting the Catholicose was sung. Many still recall the events and also the memorable speech by Bava on the occasion. Since then the Holy Father worked tirelessly to rejuvenate the Church which had been deprived of many of its churches and institutions. At the historic association meeting convened at Thuruthissery church of Angamali diocese on 26th December 1975, Mor Baselios Paulose II Bava was officially elected as the MALANKARA METROPOLITAN of the Malankara Jacobite Syrian Church.

Metropolitans ordained by Catholicose Mor Baselios Paulose II

As the Catholicose of the East, His Beatitude Mor Baselios Paulose-II ordained six bishops and also many a number of priests for the Malankara church. The first consecration of a Metropolitan was of Fr. Samuel of Charuvilayil family of Vakayar, by name 'Mor Philoxenos Samuel' for the Malabar diocese at Thuruthissery Church on 26th Dec 1975.

On 19th April 1979, Bava ordained three more Metropolitans; Yakub Mor Thimotheos, Thomas Mor Theophilos and Philipose Mor Ivanios, at the St. Simon's church, Velloor (Kottayam). The other Prelates ordained by His Beatitude were Yuhanon Mor Philoxenos on 12th Sep 1985, Thomas Mor Athanasius on 3rd July 1990 and lastly Thomas Mor Thimotheos on 3rd Jan 1991.

Photo taken soon after the Episcopal consecration of three Metropolitans by H.B.Catholicos Mor Baselios Paulose II at the St. Simon's Church, Velloor (Kottayam) on 19th April 1979



Visit to the Patriarchal Cathedral in 1978

In June 1978, His Beatitude the Catholicose once again visited and paid respects to the Patriarch Mor Ignatius Ya`qub III, staying at the Damascus Cathedral, for two weeks. It was during this visit, the title of *'Malankara Malpan'* was awarded to Very Rev. Kurien Kaniamparambil Corepiscopa by the Patriarch. This was the first of its kind awarded to a priest of Malankara by a Patriarch after the demise of Konatt Mathen Malpan in 1927. On his return, His Beatitude also visited the parishes of Kuwait, Abu Dhabi and Dubai and was given warm reception at all those places. Earlier in 1960 and in 1965, the Catholicose had visited the Holy Land.

Visit to USA and Canada

In response to the fraternal invitation from H.E. Mor Athanasius Yeshu' Samuel Archbishop of USA and Canada, the Catholicose visited the States in 1979. His Beatitude was well received by the

clergy and the laity. Grand reception was accorded to the Catholicos in the St. Mark's Syrian Orthodox Cathedral in New Jersey by the Scholar Rev. Fr. John Meno and other elite of the States. The Catholicose was honoured by H.E. the Archbishop in the Archdiocesan convention held at Rhodes Island. H.E The Governor, members of Congress and Senate, City Mayor and others received His Beatitude and His Excellency. The extensive tour of the Catholicose in almost all the states helped to enhance the prestige of the Malankara Church.

Heavenly abode of Mor Ignatius Ya`qub III and election of Patriarch

On 26th June 1980, Patriarch Mor Ignatius Ya`qub III who elevated Mor Baselios Paulose II as the Catholicose of the East, left for his heavenly abode. H.H was one of the most brilliant, intelligent, far sighted, able and peace-loving Patriarchs reigned on the Throne of St. Peter at Antioch. He had been an authority on par with the Scholar Patriarch Michael Rabo, and the versatile genius Mor Gregorios Bar Hebraeus. His unbounded scholarship in the History, Doctrines and canons of the Church, was unequalled, and his researches in every branch of ecclesiastical literature were really wonderful. He might be regarded as the first Patriarch who imprinted the stamp, the name and fame of the Syrian Orthodox Church in Europe and the States, and throughout the entire Christendom. His Holiness loved the Malankara church and did sacrifice himself for its peace and glory under the age-old historical and filial submission to the Holy See of Antioch. Unfortunately, those who could not understand the greatness of the Holy Father, split the Malankara Church.

On 11th July 1980, the Universal Synod of the Syrian Orthodox Church assembled at the Patriarchate in Damascus under the president-ship of His Beatitude Mor Baselios Paulose II, the Catholicose of the East, to elect a Patriarch, as successor to St. Peter on the Apostolic Throne of Antioch. It was an historical occasion after centuries, a *maphriono* (Catholicose), and the first

of its kind, a Catholicose of the East from Malankara, presiding over the Universal Synod to elect the Primate of the Holy Church. Besides the Metropolitans from the Middle East, Europe and U.S.A; Mor Clemis Abraham who had been at the Patriarchate, Mor Theophilios Thomas and Mor Ivanios Philipose who had accompanied H.B. the Catholicose, also attended the Episcopal Synod.

After the Holy Qurbono, the Metropolitans submitted their votes one by one in chalice placed on the Main Altar, and praised the Lord; H.B. the Catholicose proclaimed that Archbishop Mor Sevarious Zakka Iywas was chosen unanimously as the successor of St. Peter on the Throne of Antioch.

The Catholicos Mor Baselios Paulose II Bava, officially announcing the name of the Patriarch-elect, Severios Zakka Iwas in the Holy Episcopal Synod of the Universal Syrian Orthodox Church – 1980



Consecration of the Patriarch of Antioch

On September 14, 1980, His Beatitude made history by consecrating Mor Severious Zakka, Archbishop of Baghdad, as the Patriarch of Antioch & all the East; THIS WAS THE FIRST TIME EVER A CATHOLICOS FROM MALANKARA OFFICIATED THE ENTHRONEMENT CEREMONY OF THE PATRIARCH TO THE HOLY APOSTOLIC THRONE OF ANTIOCH.

Message delivered by His Beatitude at the Enthronement Ceremony of the Patriarch of Antioch & all the East on September 14, 1980



Most beloved and distinguished guest,

We are indeed fortunate to have come from far and near to participate in this historic function, when by the guidance of the Holy Spirit, a new Patriarch is being enthroned on the most ancient and Apostolic See of St. Peter at Antioch, who is to function as the Supreme Spiritual Head of the Universal Syrian Orthodox Church. God's Holy name be praised.

As the Catholicos of the East, I come from the southernmost part of India, which enjoys the glorious mission of the Apostleship of St. Thomas. On behalf of the Syrian Orthodox Church in India, may I convey most hearty felicitations to all the distinguished guests and the eminent elites of this country, who have come to grace this function.

I shall be failing in my duty, if I do not say a word on our late lamented Patriarch H.H. IGNATIUS YAKUB III of blessed memory. He was a wonderful person of initiative and action, in whom we find a harmonious blending of both idealism and realism, where the deep Theology of Mor Sevarious, the sweet musing of Mar Aphraim, the great Philosophy of Bar Hebrus, the marvellous genius of Michael, the great-all these combined in him. Nature had blessed him in such an abundant manner that one can definitely say "Here is the Man", both heroic and dy-

namic. We bow our heads in awe and admiration to his memory. Throughout his life, he was involved in a noble attempt of "Bridge Building" - that real Ecumenism be realized in man's relationship with one another, that the barrier between man and man may be cleared. May his soul rest in peace.

The Church which had been be mourning at the untimely loss of its Supreme Pontiff, today shoots its head up in exultation of limitless enthusiasm and joy at the happy tidings of the appearance of a glorious SUN at the Eastern Horizon, in the person of H.H. Ignatius Zakka I. Now as the mantle of Elijah is fittingly fallen upon this Elisha, we believe and hope, that he is capable enough to play the vessel of the Church and of humanity to a haven of prosperity and security. We pray God to bless him profusely that he may as the Prophet Says "ARISE and SHRINE".

A group of believers consisting of bishops, priests and laity, both men and women of different walks of life have come with me from India to attend this blessed function. This is a novel experience and in their name I convey to you all, the best wishes of the Syrian Orthodox Church in India.

Now in the name of all the believers of the Syrian Orthodox Church in India, I offer to our most beloved Supreme Spiritual Father H.H. Moran Mor IGNATIUS ZAKKA I, our Supreme loyalty and unstinted love. We earnestly believe that in his Shepherd ship, the Church shall be enriched by a lively spirit of ecumenism, where human values are recognized and respected, where the relation between man and man be established on the divine principle of "BROTHER HOOD" that men can live together and work in better understanding and fellowship, making Ecumenism more meaningful and practical in human affairs.

With prayers, for the long life of our PATRIARCH, and for the well-being of all of you, and the States and interests you represent may I conclude.

Besides His Beatitude, the Malankara Church was represented

by their Graces the Metropolitans Mor Clemis Abraham, Mor Gregorios Geevarghese, Mor Dionysius Thomas, Mor Ivanios Philipose and Mor Theophilos Thomas. About a 100 odd faithful representing the Malankara Church were also witnesses to the historic event.

His Beatitude Mor Baselios Paulose II, Catholicos of the East leading the enthronement ceremony of the Patriarch of Antioch & all the East, H.H. Mor Ignatius Zakka I Iywas on Sep 14, 1980 at the St. George Cathedral, Damascus, Syria



Catholicos Mor Baselios Paulose II proceeding to the Patriarchal Cathedral, accompanied by Metropolitans, and clergy for the enthronement ceremony of H.H. the Patriarch Zakka-I Iwas



The Universal Synod of 1981

In November 1981, an important Synod was held at the Patriarchal Cathedral, Damascus, to consider the drafts formulated for Church administration. Very Rev. Dr. Kurien Corepiscopa Kaniamparambil was the convener of 'draft committee'. The Holy Synod that started on 17th November was presided by His Holiness and attended by Mor Baselios Paulose II, Catholicose of the East and 17 Metropolitans. The special session ended on 24th November, taking vital decisions for the glory of God's name and for the peaceful progress of the Holy Church

Holy Apostolic Visit of the Patriarch of Antioch in 1982

In February 1982, His Beatitude the Catholicose of the East had the unique privilege to welcome the Supreme Spiritual head of the Syrian Orthodox Christians, the Patriarch of Antioch & all the East Moran Mor Ignatius Zakka I Iwas, to Malankara. His Holiness was the sixth Syrian Orthodox Patriarch, who had visited this land. Mor Baselios Paulose Bava accompanied the Holy Father during the entire two month period of the apostolic visit. It was an ever memorable visit in the history of Malankara Church. In February, a massive Patriarchal day rally followed by a public meeting in which a huge gathering assembled, was held at Cochin. His Beatitude the Catholicose made the welcome speech at this meeting. The Catholicose also had the rare privilege to assist the Patriarch during the consecration of the 'HOLY MUROON' (Chrism) at the famous St.Mary's Church in Manarcaud on 27th February 1982. This was the third time the 'Holy Muroon' consecrated by a Patriarch, in Malankara. (The only other occasion when the Holy Muroon was consecrated in Malankara was in December 1967, by Catholicose Mor Baselios Augen I, with the permission of the Patriarch).

Visit to Vatican & the signing of Agreement

In June 1984, Catholicose Mor Baselios Paulose II visited Vatican along with His Holiness Ignatius Zakka I Iywas for the

signing of agreement between the Syrian Church and the Roman Church. On 23rd June 1984, the historic Joint Communiqué between the two most ancient Churches of Apostolic traditions, was signed, represented by H.H. the Pope & H.H. the Patriarch. According to this declaration the Christological controversy which had led to the alienation of the two Churches has been laid to rest for good. *(Later in November 1993, the Joint Theological Commission of the Roman Catholic and the Malankara Syrian Orthodox Churches drafted an agreement on inter-church marriages, known today as the "Kerala Agreement". This was approved by Pope John Paul II and Patriarch Ignatius Zakka I and released on January 25, 1994.)*



A Gift to the Pope from His Beatitude the Catholicos (1984)

H.H Patriarch & His Beatitude attending Holy Mass by Pope John Paul II



From Rome, the delegation proceeded to Vienna, the capital of Austria, where His Holiness was accorded State and Ecclesiastical receptions. The President of Austria & Lord Mayor of Vienna

accorded warm welcome to the Church dignitaries. Here, H.H The Patriarch was awarded the title of *'Protector of Pro Oriente'*. They later left for Brussels (Capital of Belgium) where the Syrian Orthodox Diaspora welcomed the delegation which included representatives from India. From Belgium the delegation moved to Ensehede (Holland), the Headquarters of the Arch-diocese of central Europe. Here St. Aphrem's Monastery, located on the Dutch side of the German border and spread over a vast expanse of nearly fifty acres of Land, was consecrated on 7th July 1984. This most solemn function was attended by the Syrian Orthodox people from Europe, numbering about 15,000. His Beatitude the Catholicose of the East, Metropolitans from United States, Sweden, Turkey and the Middle East and Cardinals, Archbishops and bishops from other denominations, too were present.

After completing the visits successfully, His Beatitude returned to Kerala in July 1984. The Malankara Church accorded a warm reception to their Primate.



(The Patriarch accompanied by the Catholicos, the diocesan bishop Mor Yulius Yeshu Çiçek and Metropolitans arrives for the consecration of St. Aphrem Monastery in Holland.)

Opening of a new Theological Seminary

In the beginning of 19th century the church in Malankara with help of Anglican missionaries, had started a theological institution by name *Syrian Seminary* in Kottayam, but eventually lost it following schisms in the church. Later on, the theological educa-

tion for the clergy were provided in the monasteries like Malecuriz Dayro, Majinikkara Dayro; however the amenities here were limited compared to the modern day seminaries. Ever since Mor Baselios Paulose Bava became the primate of Malankara church, he took several initiatives to start a theological seminary. Finally in late 1980's, his desire was fulfilled with the founding of the Malankara Syrian Orthodox Seminary at Udayagiri near Mulunthuruthy.

On 1st January 1986, Aboon Mor Baselios Paulose II laid the foundation stone for the Seminary on the plot of land bought by His Beatitude at Vettickal, adjacent to the famous St.Thomas Church Mulunthuruthy. It was a lifelong wish and vision of Bava Thirumeni that was accomplished. Certainly the seminary is a jewel in the crown of achievements of this great accomplisher. The land measuring about 5 $^{1}/_{2}$ acres was purchased by him with the money he raised from the Malankara diocese of the Church in America and also through wholehearted support of Mor Julius Yeshu Cicek, the Syrian Orthodox Metropolitan of Central Europe. H.G. Thomas Mor Thimotheos, the then head of the Theological Seminary recall that every time Bava visited the seminary, he used to shed tears of joy, to see that his dreams had come true. The first block of the seminary was inaugurated on 1st January 1990 by Bava Thirumeni and Very Rev. Adai Jacob Corepiscopa was appointed the principal.



Catholica Bava laying foundation stone for the M.S.O.T theological Seminary at Udayagiri

Inclusions of the name of our Holy Fathers in 'TUBDEN'

On 22nd August 1987, the Holy Episcopal Synod of Malankara Jacobite Syrian Orthodox Church convened under the auspicious of Catholicose of the East Aboon Mor Baselios Paulose II, requested the Spiritual Supreme the Patriarch of Antioch & all the East, to allow the revered names of Patriarch Mor Ignatius Elias III, Maphriyono Mor Baselios Yeldo and Mor Gregorios Chathruthil of Malankara, to be recited in the *fifth 'TUBDEN'* (Diptych) along with the Holy Fathers of the Church. Until then, all the Church fathers (23) whose names were remembered in the fifth TUBDEN in Malankara, were of the pre-7th century.

On 20th December 1987, through the historical Apostolic Bull No. E 265/87, the Patriarch of Antioch and all the East Moran Mor Ignatius Zakka I Iywas proclaimed the inclusion of the names, of "The Apostle Mor Thoma, the preacher of the Holy Gospel of our Lord Jesus Christ in India" in the FOURTH DIPTYCH and that of Patriarch Mor Ignatius Elias III, Maphriyono Mor Baselios Yeldo and Mor Gregorios of Malankara in the FIFTH DIPTYCH. The Patriarchal declaration regarding this was first read at the Mulunthuruthy MarThoman Church in the presence of our Catholicos Mor Baselios Paulose II. *(In 1994 the Sacred Relics of St.Thomas was established in the MarThoman Church at Mulanthuruthy by the Patriarchal delegate)*

Sunday School Association & Youth Association

The Sunday School Association of the Malankara Church (M.J.S.S.A) established by late lamented Malankara Metropolitan Paulose Mor Athanasius (Valiya Thirumeni) is a movement that grew under the leadership of Mor Baselios Paulose Catholicose. Metropolitans Thomas Mor Dionysius (Catholicose Baselios Thomas I), Samuel Mor Philoxenos and Kuriakose Mor Kurillos functioned as the President of M.J.S.S.A during different periods under Bava Thirumeni. The foundation stone for the central office of M.J.S.S.A at Puthencuriz was laid by Bava Thirumeni on 30th April 1977. It is in the two storied building

constructed here, the central office of Sunday School Association, book depot, printing press etc is located. The periodical Atmadeepam, is a publication of the Sunday school association. In order to cherish the revered memory of the beloved Bava Thirumeni, the Charitable Fund started by the Association, has been named recently as "Mor Baselios Paulose II Charitable Fund". *(A large painting of His Beatitude has been unveiled in the Association conference hall in connection with the observation of his first 'dukrono' in Sep 1997).*

'The Malankara Jacobite Syrian Orthodox Youth Association' is another organization that was initiated under the patronage of late Catholicos. Besides these, he had worked a lot for the development of many of the educational institutions; Mar Athanasius College of Arts & Science and M.A College of Engineering at Kothamangalam, the St.Peter's College at Kolencherry, the Arts College at Piravom, Ignatius Zakka I Iywas training college at Malecuriz, are some among them. The construction work of Medical Mission Hospital at Kolencherry, was inaugurated by Bava Thirumeni when he was the Metropolitan of Kandanad diocese. In 1979, *Mor Baselios Medical Mission Hospital* at Kotha mangalam, initiated under the patronage of Mor Dionysius Thomas (Catholicose Mor Baselios Thomas I), was declared open by Bava Thirumeni.

Bava Thirumeni called to eternal rest on 1st September 1996



After serving the Malankara Jacobite Syrian Christian community for more than four decades as its primate, Mor Baselios Paulose-II Bava passed away on a Sunday the 1st of September, 1996 at 10.45 am. He was 83 then.

Bava was residing at Piramadom dayro for the last several months.

The funeral ceremonies held on the next day was attended by tens of thousands of people—a testimony to the affection that he commanded in the Church and society. The remains of Catholicose Mor Baselios Paulose II were interred in a tomb in Malecuriz dayro near Puthencuriz in Ernakulam District, Kerala in accordance to his last wishes.

Demise & after – compiled from various news dailies



On Sunday morning from 4.30 am onwards Bava Thirumeni was not feeling well, but the pressure of the inmates to hospitalize was resisted by H.B himself. On the same day Bava was expected to participate in the inauguration of the newly constructed hall of the Piramadom church. Mr. T M Jacob, the minister of state, was also scheduled to participate in the function. Instead of going directly to the church T M Jacob went to see His Beatitude, there he found Bava much disturbed due to chest pain. Immediately Bava was taken to the hospital. The end has happened on the way from Piramadom Dayro to the hospital at Kolencherry. On arrival at the hospital the doctors examined Bava and declared that the Catholicos has already passed away.



The body of Bava Thirumeni was kept for public homage at the St. Peter's Chapel, Kolencherry for few hours. At 3.30 pm the body was taken in a procession to Piram adom dayro and from there to the Cathol icate Aramana at

Muvattupuzha where Bava Thirumeni lived for many years; the evening prayers and preliminary portions of the funeral services were conducted. During the whole night, the body was kept in the Aramana Chapel for the faithful to pay their last homage. Catholicos Mar Baselios Marthoma Mathews II, the primate of the Malankara Orthodox Church along with some of his fellow bishops visited the Aramana late night to pay homage to the departed Catholicos. On next day morning Holy Qurbono was celebrated at the Chapel followed by the remaining part of the funeral services.

Laid to Rest at the Malecuriz dayro

The body was taken in procession at 10.15 a.m. from the Catholicate Palace at Muvattupuzha to the St. George Chapel in Malecuriz near Puthencuriz for funeral.



The dayro was chosen according to the wishes of Bava Thirumeni. When the body was taken from the Aramana, the surroundings were filled with thousands of peoples. On the way, a large number of public paid their respect to the departed soul at Kadathi, Mekkadambu, Kadamattom, Kolencherry and Choondy. The whole stretch of Muvattupuzha-Puthencuriz road were thronged by people to bid farewell to their beloved Catholicos. The entire area around the dayro was crowded with believers when the body was brought there. The public were allowed to pay their last respects to the spiritual head.

The mortal remains of H.B. was laid to rest at Malecuriz dayro in the presence of all the Metropolitans of the Church, Archbishops and bishops from sister Churches, priests and a massive crowd

of laity. During the condolence meeting, Metropolitans Mor Clemis Abraham, Mor Dionysius Thomas, H.E. Mor Joseph Powathil the President of the Catholic Bishop's Conference of India, Metropolitan Mor Aphrem of the Chaldean Church of the East and Bishop George Punnakottil of the Kothamangalam Catholic diocese spoke. H.G. Geevarghese Mar Timotheos, bishop of Thiruvalla Malankara Catholic diocese joined the other Catholic Bishops to say, 'Opees', the funeral prayers.



The Holy services on top of the picturesque mount was in Syriac and in Malayalam. There were touching moments when the departed Bava thirume ni's sister Mary Varghese and the daughter of another sister gave good bye kisses. Devotees watched the service through closed circuit television.

Mor Clemis Abraham Valiya Metropolitha of Knanaya syrians led the prayers. H.G. Thomas Mor Osthatheos, the retired bishop of Kochi diocese, H.G. Geevarghese Mor Gregorios of Kottayam diocese, H.G. Thomas Mor Dionysius and H.G. Abraham Mor Sevarious of Angamali, H.G. Yuhanon Mor Philoxenous of Malabar, H.G. Thomas Mor Thimotheos of Outside Kerala diocese, H.G. Joseph Mor Gregorious of Kochi, H.G Benyamin Joseph Mor Osthatheos of Simhasana Churches and H.G. Geevarghese Mor Polycorpus of the Evan-



gelistic Association of the East participated in the funeral ceremony.



The most touching ceremony was 'Sel Besilomo' in which the departed soul bids farewell to the 'Madbaho' (sanctuary) at which he celebrated Holy Qurbono, the church in which he prayed and exhorts the Metropolitans and Priests and laity to live in peace. The crowd responded chanting "Parishuddha Pithavae Samadhanathode Povuka ..("Holy Father, go in peace"). During the ceremony, the body in sitting position in his chair was lifted 12 times by priests. It was first turned to face the East, then West, North and finally the South, three times each. At the close of the ceremony, the body was taken in procession to the grave specially prepared at the eastern courtyard of the Dayro church. H.B. kept seated on the Throne with holy vestments on, holy staff in left hand, holy cross in right and three chains on the chest marking the status of the Catholicos, was lowered into the grave. The 6 x 6 feet wide and 8 feet deep grave was then filled with incense bought from various churches as a mark of respect to the Catholicos. The very next day, Metropolitan Mor Gregorios Yuhanon (Archbishop of Aleppo) arrived from Syria, representing the Patriarch of Antioch, and offered special prayers at the sacred Tomb of the late Catholicos.

His Beatitude had left a will that his mortal remains should rest at Malecuriz, a solitary hillock off Puthencuriz. That was why it was decided that the body of the Catholicos, be buried on the premises of Malecuriz Dayro Church. It was here that the



Catholicos first served after he was elevated as a Metropolitan by the Patriarch Mor Ignatius Aphrem-I in 1952. His sojourn there lasted for six years by which time he had formed a special attachment to the prayerful atmosphere at Malecuriz. The ancient church atop the hillock was reconstructed later under the guidance of Mor Dioscorus Kuriakose and consecrated by Patriarch Aphrem -II.



The Dayro at Malecuriz in 1996

The reconstructed Malecuriz dayro where the mortal remains of Catholicos Baselious Paulose – II Bava thirumeni rests



Condolence Message of His Holiness the Patriarch



By the Grace of God
Ignatius Zakka I Iywas
Patriarch of Antioch and all the East
Supreme head of the Universal Syrian Orthodox Church

No.E147/96 Sept 2, 1996

Apostolic benediction to our beloved Metropolitans of our Episcopal Synod, our Spiritual Children, the clergy and the faithful of the Syrian Orthodox Church in India.

We are shocked and deeply grieved to hear the sudden demise of our beloved brother in Christ, His Beatitude Basalius Poulose II, Catholicose of the East. His demise is a great loss to this Church, especially at this critical time. He was an undoubted and strong soldier of the true faith and traditions of the Church to the very end. He suffered a lot to protect and preserve it. He wanted to establish peace, peace with dignity and justice in our Church there. His deep devotion, unbounded religious zeal and fervour, limitless love, his simplicity and prayerful life and sin-

cere services to the church are well known to everybody. He was a great shepherd and a spiritual leader, who carried the cross and followed his master our Lord Jesus Christ. Our Lord is faithful and will reward him for his sincere and dedicated services for the Church.

He was very close to our heart. He actively participated in our Patriarchal election and installation in 1980. In our Apostolic visit to India in 1982 he was always with us to make our visit successful. He always informed us about the activities of our Church there. We got a letter from him even two days before his demise. We have always respected his wise and valuable suggestions in many matters connected to our Church there. He was a great scholar in Church History and Syriac language. His demise is a great loss to us and as well as to our Church there. Our beloved in Christ, we share your deep grief and sorrow. We are deputing His Eminence Mor Gregorious Yohannan Ibrahim Archbishop of Aleppo to participate in the 3rd day of the funeral of His Beatitude Basalius Poulose II.

On September 1, Sunday the day of his demise we conducted Holy Qurbono at the Patriarchal Cathedral for our beloved brother H.B.Basalius Poulose II, Catholicose of the East. We declare forty days of lamentations in honour of that great soul and request you to conduct Holy Qurbono and special prayers in all our churches in India. May God console all of us and rest his soul with our holy fathers in his heavenly bliss. Our Lord Said, "I am the resurrection and the life." "Very truly I tell you anyone who bears my word and believes him who sent me has eternal life and does not come under judgement, but has passed from death to life."

Though he has departed from our visibility, he is still with us so we do not loose our hope. May God console you all and the members of this bereaved family. We extend our apostolic blessings to you all.

May the Grace of God be with you all.

Mor Baselios Paulose –II Bava

Catholicose Mor Baselios Paulose II Bava is widely revered for his simplicity and Spartan ascetic life. He shepherded himself as a spiritual father to all without ever displaying the pomp that accompanied his office. Even in his private conversations he would dwell on his accountability on the Day of Judgment. As metropolitan and later as Catholicose, Mor Baselios Paulose Bava desired for a lasting peace in Malankara upholding its age-old links with the Mother Church at Antioch. Despite the continued feud in the community, he was admired and revered by members of both factions in the Church, as also multitudes of others in all walks of life.

He was a true Indian in culture, a true Antiochean in tradition and a true Christian in faith. He had a very good knowledge in Sanskrit which helped him to know and retain the ethos of Indian culture. He was a good scholar in Theology and an appealing orator in English and Malayalam. His proficiency in Syriac was such that while reading the *Evangelion,* he would follow the Syriac text and translate into Malayalam impromptu. His extempore speeches were well known which had even astonished the Syrians. The scholarly sermon of His Beatitude in *Syriac* at the Vadavathur Apostolic Seminary, are recalled by many even today. Sebastian P Brock, the professor at the Oriental Institute of the Oxford University has cited about this speech in his book.



Like most in the older generation, farming remained a great passion for Bava all along his life. He preferred to have a life closer to the nature. Though his Catholicate palace was at the

heart of Muvattupuzha town, Bava frequently visited Piramadom dayro, located in an interior part, where he loved to spend most part of his life as Metropolitan and Catholicose. This monastery had a vast farm. He thoroughly enjoyed walking through the farm, nursing the plants. The problems the farmers were facing lately has been of great concern for him and he used to discuss those with parishioners frequently. After a deputy was ordained for the Kandanad diocese, he got enough time to stay away from the hazards of administration and as age advanced he permanently shifted to this peaceful place.

Bava Thirumeni is acknowledged as a man of great simplicity. He showed politeness and courtesy to all without differentiating the laity from clergy, the poor from the rich and the young from the old. Even though he was the chief priest and the primate of the Syrian Orthodox Church in India, he never used to administer, but used to serve the Church. He was a noble high priest, who loved the children, the community and serve the Church, shedding all selfish motives and without lust for power. The hospitality of this great Catholicose is known to all who had visited him at least once. He took great pleasure in serving food to his visitors by his own hands. One can never forget the innocent and beatific smile on his face. His heart had no room for enmity. His Beatitude was a tower of light for the Malankara Church. With love as an article of faith, and as a good shepherd, he led a holy life. By upholding the true faith and practices, he exhibited unwavering stand which every member of the Church should make a model. His respectful and exemplary life, no doubt will be a source of inspiration for the present and for future generations as well.

Compiled by John Philip

August 21, 2021





BASELIUS PAULOSE - II
A HOLY MEMORY

T.M.Mathew, Kavumbhagom

The Jacobite Syrian Orthodox Community is celebrating the Twenty fifth commemoration day (Sraadham) of late Holy memory of His Beatitude Baselius Paulose-II, Catholicose of the East, on 1st September 2021.

H.B.Baselius Paulose - II was born on 12th June, 1914 as the second son of Rev. P.P. Joseph in an ancient Puthusseril family, Cherai, Ernakulam. The family was well known for its contributions in the social and religious affairs in the 19th and early 20th centuries, in Kochi diocese of syrian church. After the high school education, he was ordained as deacon in the tender age at 12, by Mor Julius Elias, then delegate of the H.H.Patriarch in India. His spiritual education flourished under the guard and guidance of his father (Fr. Joseph Puthusseril) at home and H.G. Elias Mar Yulios at Manjinikkara Dayara which shaped Paulose in the way of true votary of Almighty and a devoted monastic monk. In 1938 he was ordained as a priest by the same Bishop. He was secretary to Julius Elias Bava and was entrusted with the charge of Manjinikkara Monastry as Manager. As a priest he served parish churches in Sri Lanka, Madras, Bhamhawar, Trivandrum Ponkunnam and Parathodu. In 1952, H.H.Patriarch, Ignatius Aphrem-I ordained him as Paulose Mor Philexinos, Metropolitan for Kandanad Diocese and remained in that office till the last. His Grace was an inspiring spiritual head in socio, cultural and eco-

nomic arenas in and around his jurisdiction for the public in general, and Kandanad Diocese in particular. By the time he was well known as an acclaimed orator & an eminent scholar in Biblical subjects & speeches and was also recognized as an excellent organizer.

In the early seventies the canonical relation between the Indian Orthodox faction of syrian church and the Holy Patriarch were strained due to the autocephalas engineered reformation. To defend the sanctity from the scepticism and to retain the relation intact in the turbulant period, and moreover to safeguard the interest of the fighting faithful, the Holy Patriarch of Antioch and all the east was consented to consecrate Mor Philoxinose Paulose as the Catholicose of the East, which is the highest spiritual hierarchy of syrian church in India. The ordination took place on 7th September, 1975 by H.H. Patriarch Mor Ignatius Yakoob-III

Centuries old heritage and inheritance of Syrian Orthodox faith in India were kept safe in the hands of Mar Philexinos as Metropolitan and as Catholicose from 1952 to 1996. To safe guard the liturgy, rites, rituals, customs and traditions he strained and suffered a lot. As explicited in his words and letters he stood with the flock to keep the faith and become a legand with his dignified and devoted life for the church. The unstinted loyalty the people of the Jacobite Syrian community to H.B. Catholicose is ample proof for his strong ethical stance of this rare saintly personality. Like an open book, his life was crystal clear in simplicity, uncompromising honesty and integrity. It is worthwhile to see the life, mission and work of this great spiritual seer from a closer-perspective.

From the slumber of inactiveness, the people woke up and he led them to "fresh woods and pastures new." Keeping dignity in public life and holiness in private life, he emerged as the epitome of saintliness. His erudite biblical orations and ardent monastic committed life will be worth as a living example for the clergy as a whole.

A true spiritual leader of His Eminence H.B. (Sreshta Bava) stood as a faithkeeper in his whole life, inspired from unquestioned loyalty of the flock, love and respect from the people


at large those who have a contact with him in various fields. He didn't teach a message, but he shown a message through the practical approach and his own way of living. Like Jesus Christ, his message was very simple, "My life is my message." An erudite, imperturable, scholarly and humble spiritual phenomena, his life came to an end after 83 years of tribulant and tireless Episcopacy, on 1st Sept, 1996. His soul passed away to join with the angels for the Holy communion with God. The whole church of the world syrian orthodox believers mourned on the sudden demise of the Holy father. His mortal remains were entombed at Malecruz Dayara in accordance to his wish.

Our Lord said, "I am the resurrection and the life. Very truly I say to you that anyone who hears my word and believes in him, Who has sent me has eternal life and does not come under judgement, but has passed from death to life." Truly he desered for the same. Anchored in the ancestral Holy apostolic faith and traditions, His Beautitude departed from our visibility, but still with us so that we do not lose our hope. Let his commemoration day enable us to remember his life message and inherit his simplicity, soberness, sociality and sanctity in life. May his intercession, be a protecting wall to survive from the present struggles of the church.

4-ാം ഭാഗത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ഷെവ. കെ.വി. പൗലോസ് രചിച്ച മലങ്കരയുടെ പ്രകാശഗോപുരം ശ്രേഷ്ഠ കാതോലിക്ക ബാവ എന്ന ഗ്രന്ഥമാണ്. ശ്രേഷ്ഠ ബസേലിയോസ് പൗലോസ് രണ്ടാമൻ കാതോലിക്ക ബാവയുടെ സമ്പൂർണ്ണ ജീവചരിത്രം ഉൾക്കൊള്ളുന്നതാണ് ഈ ഗ്രന്ഥം.



ഈ തലമുറയിലെ സഭാചരിത്ര പണ്ഡിതന്മാരിൽ അഗ്രഗണ്യനായിരുന്നു കെ.വി. പൗലോസ് സാർ. അദ്ദേഹം രചിച്ച ഒരോ ഗ്രന്ഥവും ആഴമേറിയ പഠനത്തിന്റെയും ഗവേഷണത്തിന്റെയും ബാക്കിപത്രമാണ്. മലങ്കരയുടെ പ്രകാശ ഗോപുരം (ശ്രേഷ്ഠ പൗലോസ് ദ്വിതീയൻ ബാവായുടെ ജീവചരിത്രം), പൊതുവിജ്ഞാനം, അന്ത്യോഖ്യാ മലങ്കര ബന്ധം 19-ാം നൂറ്റാണ്ടിന്റെ സൃഷ്ടിയോ?, സ്തുതി ചൊവ്വാക്കപ്പെട്ട വിശുദ്ധ സഭയുടെ ചരിത്രം, പരിശുദ്ധ ചാത്തുരുത്തിയിൽ മോർ ഗ്രീഗോറിയോസ് തിരുമേനി, മാതാപിതാക്കളെ ഇതിലെ ഇതിലെ, വിശുദ്ധ ബൈബിൾ വിജ്ഞാനകോശം, മലങ്കരയുടെ പൗലോസ് മാർ കൂറിലോസ് തിരുമേനി (തൊഴുപ്പാടൻ കൊച്ചിപറമ്പിൽ തിരുമേനി), സത്യവിശ്വാസസംരക്ഷകൻ പൗലോസ് മാർ അത്താനാസിയോസ് വലിയ തിരുമേനി, കടമറ്റത്തുകത്തനാർ, ക്രിസ്തു ലോകത്തിന്റെ വെളിച്ചം, പ്രഭാഷണ കല - ഒരു വരദാനം. എന്നീ ഗ്രന്ഥങ്ങൾ അദ്ദേഹം രചിച്ചതാണ്. വന്ദ്യനായ പൗലോസ് സാർ 2017 നവംബർ 13ന് നമ്മളിൽ നിന്ന് വേർപെട്ട് ദൈവസന്നിധിയിലേക്ക് വാങ്ങിപ്പോയി. ആ ധന്യാത്മാവിന്റെ ഓർമ്മയ്ക്കു മുന്നിൽ ശിരസ്സു നമിക്കുന്നു.



മക്കവ. കെ. വി. പയലോസ്

മലങ്കരസഭയുടെ പ്രകാശഗോപുരം

ശ്രേഷ്ഠ കാതോലിക്കാ ബാവാ യുടെ

ജീവചരിത്രം

ഷെവ. കെ. വി. പൗലോസ് M.A., B.Ed.

നിങ്ങളോട് ദൈവവചനം പ്രസംഗിച്ച് നിങ്ങളെ നടത്തിയവരെ
ഓർത്തുകൊൾവിൻ. അവരുടെ ജീവാവസാനം ഓർത്ത് അവരെ
അനുകരിപ്പിൻ. (എബ്രാ. 13:7)

മലങ്കര സഭയുടെ പ്രകാശഗോപുരം
ശ്രേഷ്ഠ കാതോലിക്കാ ബാവാ
(ജീവചരിത്രം)

ഗ്രന്ഥ കർത്താവ്	:	ഷെവ. കെ.വി. പൗലോസ് M.A. B.ed
പ്രസിദ്ധീകരണം	:	1996 ഒക്ടോബർ
പ്രിൻറിംഗ്	:	പുലരി ഓഫ്സെറ്റ് പ്രിൻേറഴ്സ്, തുമ്പമൺതുറ. ഫോൺ 0484-779249
ടൈപ്പ് സെറ്റിംങ്ങ്	:	ആഗ്ന കംപ്യൂട്ടേഴ്സ്, തുമ്പമൺതുറ
പകർപ്പവകാശം	:	ഷെവ. കെ. വി. പൗലോസ്, ആശാ ഭവൻ, കുന്നയ്ക്കാൽ പി.ഒ. മൂവാറ്റുപുഴ 682 316, ഫോൺ 0485 -207 660
വില	:	**Rs. 40 /-**



His Holiness Moran Mar Ignatius Zakka 1
Iwas Prince Patriarch of Antioch and All the East
Supreme
Head of the Universal Syrian Orthodox Church

SYRIAN PATRIARCHATE
OF ANTIOCH AND ALL THE EAST
DAMASCUS - SYRIA

دمشق – سوريا

By the Grace of God
Ignatius Zakka I Iwas
Patriarch of Antioch and all the East
Supreme head of the Universal Syrian
Orthodox Church

No. E 147/96

സെപ്തംബർ 2, 1996

[ദൈവകൃപയാൽ ആകമാന സിറിയൻ ഓർത്തഡോക്സ് സഭയുടെ പരമാദ്ധ്യക്ഷനായ അന്ത്യോഖ്യായുടെയും കിഴക്കൊക്കയുടെയും ഇഗ്നാത്തിയോസ് സാഖാ പ്രഥമൻ ഈവാസ് പാത്രിയർക്കീസ്]

പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസ് അംഗങ്ങളായ നമുക്കെത്തയും സ്നേഹിക്കപ്പെട്ട മെത്രാപ്പോലീത്തമാരേ, ഇന്ത്യയിലെ നമ്മുടെ സുറിയാനി ഓർത്തഡോക്സ്സഭയിലെ നമ്മുടെ ആത്മീയവത്സലമക്കളായ ബഹുമാന്യരായ വൈദികരും സന്യസ്തവിശ്വാസികളുമേ,

കിഴക്കിന്റെ കാതോലിക്കയായ, കർത്താവിൽ നമ്മുടെ സഹോദരൻ, ശ്രേഷ്ഠ മോർ ബസ്സേലിയോസ് പൗലോസ് രണ്ടാമന്റെ ആകസ്മികമായ ദേഹവിയോഗവാർത്ത നമ്മെ വളരെയധികം വേദനിപ്പിച്ചു. പരിശുദ്ധ സഭയെ സംബന്ധിച്ചിടത്തോളം വളരെ നിർണായകമായ ഈ ഘട്ടത്തിൽ സംഭവിച്ചതായ അദ്ദേഹത്തിന്റെ വേർപാട്, പരിശുദ്ധ സഭയ്ക്ക് വളരെ വലിയ ഒരു നഷ്ടമെന്നതാണ്. അദ്ദേഹം തന്റെ ജീവിതാവസാനംവരെയും, നമ്മുടെ പരിശുദ്ധ അപ്പോസ്തലികസഭയുടെ സത്യവിശ്വാസപാരമ്പര്യങ്ങളുടെയും, പൗരാണിക പാരമ്പര്യങ്ങളുടെയും ഉത്സാഹിയും, തോല്പിക്കപ്പെടാനാവാത്തവണ്ണമായ കാവൽഭടനായിരുന്നു. തന്റെ ആയുഷ്കാലം മുഴുവനും അവ സംരക്ഷിക്കുവാനും, കളങ്കമില്ലാതെ സൂക്ഷിക്കുവാനും അദ്ദേഹം ഒരുപാടു കഷ്ടതകൾ അനുഭവിക്കുകയുണ്ടായി. നിർവ്യാജവും നീതിയുക്തവും സഭയുടെ മഹത്ത്വത്തിനനുയോജ്യവുമായ സമാധാനം അവിടെയുള്ള നമ്മുടെ സഭയിൽ ഉണ്ടായിക്കാണുവാൻ അദ്ദേഹം ആഗ്രഹിച്ചു. അദ്ദേഹത്തിന്റെ ആഴമേറിയ ഭക്തിയും, അതിരില്ലാത്ത സഭാകാര്യതാത്പര്യവും, അളവില്ലാത്ത സ്നേഹവും, തന്റെ എളിമയും, പ്രാർഥനാനിരതമായ ജീവിതവും, എല്ലാവർക്കും, ഉപമിയായി ആത്മാർഥമായ തന്റെ സഭാസേവനവും, സുവിദിതമാകുന്നു. തന്റെ കുരിശെടുത്ത്, തന്റെ നാഥനായ കർത്താവേശുക്രിസ്തുവിനായെ പിന്തുടർന്ന വലിയ മാതൃകയാണ് അദ്ദേഹം. ആത്മാർഥതയോടും, അർപ്പണബുദ്ധിയോടുംകൂടി താൻ സഭയിൽ നിർവഹിച്ച സേവനങ്ങൾക്ക് വിശ്വസ്തനായ ദൈവംതന്നെ തീർച്ചയായും പ്രതിഫലം നല്കും എന്നതിന് സംശയമില്ല.

നമുക്ക് അദ്ദേഹത്തോട് ഹൃദയംഗമമായ സ്നേഹമുണ്ട്. 1980-ൽ നമ്മുടെ പാത്രിയർക്കാ തിരഞ്ഞെടുപ്പിലും, സ്ഥാനാരോഹണശുശ്രൂഷയിലും അദ്ദേഹം വളരെസജീവമായി പങ്കെടുത്തു. 1982-ൽ നാം മലങ്കര സന്ദർശിച്ചതായ അവസരത്തിൽ, നമ്മുടെ സന്ദർശനപരിപാടികൾ വമ്പിയ വിജയമാക്കിത്തീർക്കുവാൻ അദ്ദേഹം മുഴുവൻ സമയങ്ങളിലും നമ്മെ അനുയാത്രചെയ്തിരുന്നു. അവിടെയുള്ള നമ്മുടെ സഭാകാര്യങ്ങൾ അതാതു സമയങ്ങളിൽ നമ്മെ അറിയിക്കുന്നതിന് അദ്ദേഹം പ്രത്യേക താത്പര്യം കാണിച്ചിരുന്നു. അദ്ദേഹത്തിന്റെ ദേഹവിയോഗത്തിന് രണ്ടുദിവസം മുമ്പുപോലും അദ്ദേഹത്തിൽ നിന്നൊരു കത്ത് നമുക്ക് ലഭിക്കുകയുണ്ടായി. അവിടെയുള്ള നമ്മുടെ സഭാകാര്യ നിർവ്വഹണത്തിൽ അദ്ദേഹത്തിന്റെ ജ്ഞാനമേറിയതും വിലയേറിയതുമായ അഭിപ്രായങ്ങൾ നാം പ്രത്യേകം മാനിച്ചിരുന്നു. സഭാപരിത്രങ്ങളിലും, സുറിയാനി ഭാഷയിലും അദ്ദേഹം അഗാധപണ്ഡിതനായിരുന്നു. അദ്ദേഹത്തിന്റെ വേർപാട് പരിശുദ്ധ സഭയ്ക്ക് പൊതുവായും നമുക്ക് വ്യക്തിപരമായും നികത്താനാവാത്ത നഷ്ടമാണ് ഉണ്ടാക്കിയിരിക്കുന്നത്.

കർത്താവിൽ നമ്മുടെ വാത്സല്യമുള്ളവരേ, നിങ്ങളുടെ അഗാധമായ ദുഃഖത്തിലും വിഷമതയിലും നാം നിങ്ങളോടൊത്തു പങ്കുചേരുന്നു. ശ്രേഷ്ഠ കാതോലിക്കയുടെ വേർപാടിന്റെ മൂന്നാം ദിവസത്തെ വിശുദ്ധ കുർബാന നമ്മെ പ്രതിനിധീകരിച്ച് അർപ്പിക്കുവാനും, അന്നത്തെ പ്രാർഥനകൾക്ക് നേതൃത്വം നല്കുവാനുമായി നമ്മുടെ വാത്സല്യവാൻ ആലപ്പുഴയുടെ അർച്ചബിഷപ്പ് മോർ ഗ്രിഗോറിയോസ് യൂഹാനോൻ അബ്രഹാമിനെ നാം പ്രത്യേകം ചുമതലപ്പെടുത്തി അയയ്ക്കുന്നു. നമ്മുടെ പ്രിയങ്കരനായ ശ്രേഷ്ഠ കിഴക്കിന്റെ കാതോലിക്ക മോർ ബസ്സേലിയോസ് പൗലോസ് രണ്ടാമൻ കാലംചെയ്തതായ സെപ്തംബർ 1-ാം തീയതി, ദമസ്കോസിലുള്ള നമ്മുടെ പാത്രിയർക്കാ അരമന കത്തീഡ്രലിൽ, നാം അദ്ദേഹത്തിന്റെ ആത്മാവിനുവേണ്ടി വിശുദ്ധ കുർബാനയർപ്പിക്കുകയും പ്രത്യേക പ്രാർഥനകൾ നിർവഹിക്കുകയും ചെയ്തു.

നമ്മിൽനിന്ന് വാങ്ങിപ്പോയ ആ ശ്രേഷ്ഠ ആത്മാവിനോടുള്ള ബഹുമാനസൂചകമായി, മലങ്കരസഭയിൽ നാല്പതു ദിവസത്തെ വിലാപം നാം പ്രഖ്യാപിക്കുന്നു. ആ നാല്പതു ദിവസങ്ങളിൽ മലങ്കരയിലുള്ള നമ്മുടെ എല്ലാ പള്ളികളിലും വാങ്ങിപ്പോയ ആ ആത്മാവിന്റെ നിത്യശാന്തിക്കുവേണ്ടി വിശുദ്ധ കുർബാന അർപ്പിക്കുവാൻ നാം നിങ്ങളോട് ആഹ്വാനംചെയ്യുകയും ചെയ്യുന്നു. സർവശക്തനായ ദൈവംതന്നെയാണ് നമ്മെ ആശ്വസിപ്പിക്കുകയും അദ്ദേഹത്തിന്റെ ആത്മാവിന്, നമ്മുടെ പരിശുദ്ധ പിതാക്കന്മാരുടെ ആത്മാക്കളോടൊത്ത് സ്വർഗീയസൗഭാഗ്യത്തിൽ ആനന്ദിപ്പിക്കുകയും ചെയ്യുമാറാകട്ടെ.

1വി. യോഹന്നാൻ 11: 25, 26 വാക്യങ്ങളിൽ നാം വായിക്കുന്നു: "യേശു പറഞ്ഞു: ഞാൻതന്നെ പുനരുത്ഥാനവും ജീവനുമാകുന്നു. എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും. ജീവിച്ചിരുന്ന് എന്നിൽ വിശ്വസിക്കുന്നവർ ആരും ഒരു നാളും മരിക്കുകയില്ല." നമ്മുടെ മദ്ധ്യത്തിൽനിന്ന് ശ്രേഷ്ഠ കാതോലിക്ക മറഞ്ഞുപോയി എങ്കിലും, അദ്ദേഹം ഇപ്പോഴും നമ്മോടുകൂടെയുണ്ട് എന്ന് അറിഞ്ഞിരിക്കേണം.

ദൈവതമ്പുരാൻ നിങ്ങളെയും അദ്ദേഹത്തിന്റെ ദുഃഖാർത്തരായ കുടുംബാംഗങ്ങളെയും ആശ്വസിപ്പിക്കുമാറാകട്ടെ. ദൈവത്തിന്റെ അളവറ്റ കൃപ നിങ്ങളെല്ലാവരോടുമൊത്ത് സദാ വർധിച്ചിരിക്കുമാറാകട്ടെ.

സെപ്തംബർ 2, 1996

SYRIAN PATRIARCHATE
OF ANTIOCH AND ALL THE EAST
DAMASCUS - SYRIA

دمشق — سوريا

By the Grace of God
Ignatius Zakka I Iwas
Patriarch of Antioch and all the East
Supreme head of the Universal Syrian
Orthodox Church

No.E251/95 Nov.17,1995

His Beatitude Mor Baselios Poulose II
Catholicose of the East
Catholicate Aramana,
Muvattupuzha, Kerala, India.

Greetings to your Beatitude in the love of our Lord Jesus Christ.

We have received your letter dtd.October 23, 1995, requesting us to grant the decoration of Chevalier to Mr. K. V. Poulose for his selfless services to our Church in India.

In recognition to all his meritorious and admirable services to our Syrian Orthodox Church in India and specially for his outstanding services to our Sunday School there, we are pleased to confer up on him the Patriarchal Decoration of St. Aphrem for Chevalier.

We hereby authorize your Beatitude to decorate him with this high honor of our Church, on our behalf. We bless and congratulate him and the members of his family.

May the grace of God be with you.


your brother in Christ,

Ignatius Zakka I Iwas
Patriarch of Antioch and all the East
Supreme head of the Universal Syrian
Orthodox Church




ശ്രേഷ്ഠ കാതോലിക്കാബാവ സിംഹാസനത്തിൽ

തലശ്ശേരി അതിരൂപതയുടെ സാരഥിയായി ചുമതലയേറ്റ ഉടൻ പിതാവ് കുരിശുമായി പ്രാർത്ഥനാപൂർവ്വം നടന്നുനീങ്ങുന്നു.



ശ്രീമതേ ഭാരതീതീർത്ഥ സ്വാമിജിയുടെ പാദപൂജ നടത്തുന്നു



എം. ജെ. എസ്. എസ്. എ. പ്രസിഡൻറ് അഭി. കുര്യാക്കോസ് മാർ കൂറിലോസ് തിരുമേനിയുടെ
60-ാം ജന്മദിനാഘോഷവേളയിൽ ശ്രേഷ്ഠ ബാവാതിരുമേനി മധുരം നുണയുന്നു.



ശ്രേഷ്ഠ കാതോലിക്കാ ബാവായുടെ ഭൗതീക ശരീരം മൂവ്വാറ്റുപുഴ
സെൻറ് തോമസ് കത്തീഡ്രലിൽ പൊതുദർശനത്തിന് വച്ചപ്പോഴം.



മാ ർ യൂലിയോസ് ബാവാ മഞ്ഞിനിക്കര

ദൈവകൃപയാൽ

കോട്ടയംഇടവകയുടെമെത്രാപ്പോലീത്തായുംപരി. എപ്പിസ്ക്കോപ്പൽ കൗൺസിൽ പ്രസിഡൻറുമായ ഡോ. ഗീവറുഗീസ്മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായിൽ നിന്നും

നമ്മുടെ ആത്മീയ മക്കൾക്ക് വാഴ്വ്.

വിശുദ്ധ പിതാക്കന്മാർ അപ്പസ്തോലിക കാലം മുതൽ നില നിർത്തിവരുന്ന നമ്മുടെ വി. സഭയുടെ ശ്രൈഹീക പാരമ്പര്യങ്ങളെയും വിശ്വാസ സത്യങ്ങളെയും അണുവിട വ്യത്യാസ പ്പെടുത്താതെ കാത്തുപരിപാലിച്ച് നിലനിർത്തിയ കർമ്മധീരനും പുണ്യധനനുമായ ശ്രേഷ്ഠാചാര്യനായിരുന്ന ശ്രേഷ്ഠാകാതോലിക്കാ ബാവാ.

അതിലളിതമായ ജീവിതം പരിപാവനമായ ജീവിതനിഷ്ഠ കൊണ്ടു ധന്യമാക്കപ്പെട്ട ആ പുണ്യ ജീവിതം പ്രധാനാചാര്യത്വത്തിനും സഭാ തലവനും മഹാമാതൃക തന്നെ.

കാറും കോളും കൊണ്ട് സഭാന്തരീക്ഷം പ്രക്ഷുബ്ധമായിരുന്ന കാലഘട്ടത്തിൽ വി. സഭാ നൗകയെ കണ്ണീരോടെ പ്രാർത്ഥിച്ച് ദൈവത്തിൽ ശരണപ്പെട്ട്. സുധീരം മുന്നോട്ടു നയിക്കുവാൻ അഭി. പിതാവിനു കഴിഞ്ഞു. ഇന്ത്യയുടെ അത്യുന്നതമായ നീതിന്യായ കോടതിയിൽ നിന്ന് അപ്പസ്തോലിക പാരമ്പര്യവും സത്യവിശ്വാസവും വ്യക്തമാക്കുന്ന വിധി പ്രഖ്യാപനം കേൾക്കുവാനും ഈ ധന്യാത്മാവിന് ഭാഗ്യമുണ്ടായി

കാലാകാലങ്ങളിലെ തലമുറകളിൽ ആ പുണ്യനാമം ആദരവോടെ സ്മരിക്കപ്പെടട്ടെ. ഈ പുസ്തകം വഴി പുണ്യ നാമം ആദരവോടെ സ്മരിക്കപ്പെടട്ടെ. ഈ പുസ്തകം വഴി പുണ്യപിതാവിൻെറ അതി ശ്രേഷ്ഠമായ ജീവിതചര്യകളും ജീവിത വിശുദ്ധിയും വരും തലമുറയും മാതൃകയാക്കുവാൻ ഇടയാകട്ടെ.

അഭി. പിതാവിൻെറ മദ്ധ്യസ്ഥത നമുക്ക് കോട്ടയായിരിക്കട്ടെ.

ദൈവം അനുഗ്രഹിക്കട്ടെ.

കോട്ടയം
05.10.96

(ഒപ്പ്)

ദൈവകൃപയാൽ

അങ്കമാലി ഭദ്രാസന ഇടവകയുടെ തോമസ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്തായിൽ നിന്നും.

നമ്മുടെ പ്രിയപ്പെട്ട ആത്മീയ മകനും ക്ക് വാഴ്വ്.

മലങ്കര യാക്കോബായ സുറിയാനി ഓർത്തഡോക്സ് സഭയുടെ പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായുമായിരുന്ന ശ്രേഷ്ഠ കാതോലിക്കാ ബാവായുടെ വേർപാട് നമുക്കെല്ലാം ദുഃഖ മുളവാക്കുന്ന കാര്യമാണ്. സത്യവിശ്വാസത്തെയും അപ്പസ്തോലിക പാരമ്പര്യങ്ങളെയും മുറുകെപ്പിടിച്ച് സുധീരം പോരാടിയ ശ്രേഷ്ഠ ബാവാ ഒരു വിശ്വാസധീരൻ തന്നെയായിരുന്നു. അതേയവസരത്തിൽ ലളിതത്തിന്റെയും വിനയത്തിന്റെയും ആൾരൂപവുമായിരുന്നു. നന്മയുടെ പ്രതീകവുമായിരുന്നു. ഏറെക്കാലം അദ്ദേഹവുമായി ഇടപെടുവാൻ ഭാഗ്യം ലഭിച്ച എനിക്ക് അദ്ദേഹത്തിൽ നിന്ന് സ്നേഹാദരമായ പെരുമാറ്റമാണ് എന്നും ലഭിച്ചിട്ടുള്ളത്. യഥാർത്ഥത്തിൽ ബാവാ തിരുമേനി മലങ്കരയുടെ പ്രകാശഗോപുരം തന്നെ.

പരി. പിതാവിന്റെ പാവനസ്മരണ ഇന്നുള്ളവരിലും വരും തലമുറകളിലും സജീവമായി നിലനില്ക്കുവാൻ ഈ പ്രസിദ്ധീകരണം വളരെയേറെ സഹായകമാകുമെന്നതിന് സംശയമില്ല. ഷെവ. കെ.വി. പൗലോസിന്റെ ഉദ്യമം ശ്ലാഘനീയം തന്നെ. എല്ലവിധ വിജയങ്ങളും ആശംസിക്കുന്നു.

പരി. പിതാവിന്റെ അനുഗൃഹീത മദ്ധ്യസ്ഥത നമുക്കെല്ലാവർക്കും കോട്ടയും കാവലുമായിരിക്കട്ടെ.

ദൈവം അനുഗ്രഹിക്കട്ടെ

കോതമംഗലം
05.10.96

(ഒപ്പ്)

ദൈവകൃപയാൽ

നമുക്കെത്രയും സ്നേഹിക്കപ്പെട്ടിരിക്കുന്ന ഷെവ. കെ. വി. പൗലോസിന് കർത്താവിൽ വാഴ്പ്.

പ്രിയനേ,

പരിശുദ്ധബസ്സേലിയോസ്പൗലോസ്രണ്ടാമൻബാവായുടെപാവന സ്മരണനിലർത്തുന്നതിന്ഉതക്കുന്നഒരുപുസ്തകംപ്രസദ്ധീകരിക്കുന്നു എന്നറിയുന്നിൽ സന്തോഷിക്കുന്നു. സുറിയാനിക്രിസ്ത്യാനികളുടെ ഹൃദയങ്ങളിൽ മായാത്ത മുദ്രപതിപ്പിച്ച ആ പരിശുദ്ധ പിതാവ് വിശ്വാസികളുടെ ഹൃദയേങ്ങളിൽ എന്നും ജീവിക്കും. വിനയവും വിവേകവും ഭക്തിയും ഒരുപോലെ ഒത്തിണങ്ങിയ ഈ ശ്രേഷ്ഠ മാഹാചാര്യൻ മലങ്കരയുടെ വിള ക്കായിരുന്നു. സ്വന്തം സഭാംഗങ്ങളിൽ നിന്ന് മറ്റും ഇത്രയേറെ മാനസീക പീഡകൾം ഏൽക്കേണ്ട ിവന്നിട്ടുള്ള മാഹചാര്യന്മാരും കുറവാണ്. തള്ളിക്കളഞ്ഞ ആ കല്ല് ഇന്ന് മൂലക്കല്ലായി ഭവിക്കുമാറ് നമ്മെ അത്തന്നെ വിനയപ്പെടുത്താം. ലാളിത്യ ജീവിതത്തിലൂടെ ദൈവത്തിന്റെ മഹത്വം വിളിച്ചറിയിച്ച കിഴക്കിന്റെ ആ കാതോലിക്കാ തെളിയിച്ച ഭദ്രദീപം ജനമനസുകളിൽ പ്രകാശിക്കുന്നതിന് പ്രാർത്ഥി ക്കുന്നു. ബാവായുടെ ജീവചരിത്രഗ്രന്ഥത്തിന് എല്ലാ ആശംസകളും നേരുന്നു.

ദൈവം അനുഗ്രഹിക്കട്ടെ

യൂഹനോൻ മാർ പീലക്സീനോസ് മെത്രാപ്പോലീത്ത

സുന്നഹദോസ് സെക്രട്ടറി.

മീനങ്ങാടി അരമന
ഒക്ടോബർ 1

അവതാരിക



ദൈവകൃപയാൽ 12- ാം വയസ്സിൽ പ.അന്ത്യോഖ്യാ സിംഹാസനത്തിന്റെ പ്രതിനിധി, പുണ്യവാനായ മാർ ഒസ്താത്തിയോസ് ബാവായിൽ നിന്നും ശെമ്മാശുപട്ടം ഏറ്റ എനിക്ക്, എന്റെ ഭദ്രാസന (കൊച്ചി) മെത്രാപ്പോലീത്തായായിരുന്ന വലിയ തിരുമേനിയുടെയും എന്റെ അഭിവന്ദ്യ ഗുരുഭൂതനായിരുന്ന കണ്ടനാട് ഭദ്രാസനാധിപൻ മാർ ഔഗേൻ തീമോത്തിയോസ്തിരുമേനിയുടെയുംസന്നിധിയുലുള്ള സേവനം മൂലം, ഈ തലമുറയിൽപ്പെട്ട മിക്കവാറും എല്ലാ ബഹുമാനപ്പെട്ട വൈദീകരെയും അറിയാമായിരുന്നു. അവരിൽ രണ്ടു പേർ അന്നും ഇന്നും എന്റെ ആരാധനാമൂർത്തികം ആയിരുന്നു. ഗ്രഹസ്ഥാശ്രമികളായി രുന്നെങ്കിലും ഋഷി തുല്ല്യരായി ജീവിച്ചിരുന്ന ചെറായി പുതുശ്ശേരിൽ യൗസേഫ് കശീശയും പെരിയാമ്പ്രപുറ്റാനിൽ യോഹന്നാൻ കശ്ശീശ്ശയും, അതിന് ദൈവം അവർക്ക് നൽകിയ പ്രതിഫലത്തിനു നാമെല്ലാം ദൃഷക്സാക്ഷികളാണല്ലോ.

മഹാശ്രേഷ്ഠനായ മാർ ബസ്സേലിയോസ് പൗലോസ് ദ്വിതീയൻ ബാവായെ പൗലോസ് ആയിരിക്കുമ്പോഴും തന്നെ അറിയുന്നതിനും ഉത്തമ സ്നേഹിതനായി കഴിയുന്നതിനും ഭാഗ്യമുണ്ടായവരിൽ ഒരുവനാണ്ഞാൻ (നാലുമാസത്തെ പ്രായകൂടുതൽ എനിയ്ക്കുണ്ട്). അന്നത്തെ പൗലോസിന്റെ വാത്സല്യം, പുണ്യവാനായ പൗലോസ് ദ്വിതീയന്റെ ആയുരന്ത്യം വരെ അനുഭവിക്കുവാനുള്ള ഭാഗ്യവും എനിയ്ക്കുണ്ടായി.

മലേക്കുരിശ്ദയറായിൽ അന്ത്യവിശ്രമംകൊള്ളുന്ന ശ്രേഷ്ഠ ബാവായെ ഓർക്കുമ്പോഴും അഭി. ഗീവർഗ്ഗീസ് മാർ ഗ്രീഗോറിയോസ് തിരുമേനി പലപ്പോഴും പറയാറുള്ള ഒരു കാര്യം ഓർമ്മയിൽ വരുന്നു. ''കിഴക്ക് മാർ ബസ്സേലിയോസ് യൽദോബാവായും, പടിഞ്ഞാറ് മാർ ഗ്രീഗോറിയോസ് ബാവായും, വടക്ക് മാർ ഒസ്താത്തിയോസ് ബാവായും, വലിയ തിരുമേനിയും, തെക്ക് വി. മോർ ഏലിയാസ് തൃതീയൻ ബാവായും, വി. കൊച്ചു തിരുമേനിയും, മീഖായേൽ മാർദീവന്നാസ്യോസ് തിരുമേനിയും ഉള്ളപ്പോഴും നാം എന്തിന് ഭയപ്പെടണം'' എന്ന് . അതോടൊപ്പം സവിനയം ഞാനും ഒന്ന് ചേർത്തുകൊള്ളട്ടെ ''മദ്ധ്യത്തിൽ ബസ്സേലിയോസ് പൗലോസ് ദ്വതീയൻ ബാവായുമുള്ളപ്പോഴും''

രാഷ്ട്രീയ, മത, സഭാ രംഗങ്ങളിൽ ശക്തരായ ഭരണദുരന്തരമായ ഭരണാധിപന്മാർ ഉണ്ടായിട്ടുണ്ട്. ജീവിതകാലത്ത് വേണ്ടതിലതികവുമായി വേണ്ടാത്തതും ചെയ്തിട്ടുണ്ട്. അവർ മരണാന്തരപൂർണ്ണവിസ്മൃതിയിൽ ആണ്ടുപോയതാണ് ചരിത്രം. എന്നാൽ ക്ഷേത്രരുടെ പേര് ആജന്ത്രതാരം നീണ്ടുനിൽക്കുന്നു എന്ന പരമ സത്യം 21-ാം നൂറ്റാണ്ടിലേക്ക് കടക്കുന്നവരും സർവദാസ്മരിക്കേണ്ടതാണ് സഭാ ചരിത്രത്തിലും ശക്തരായ ഭരണകർത്താക്കൾ എവിടെ. ക്ഷേത്രായിരുന്ന പിതാക്കന്മാർ മാത്രമല്ല സർവ്വരാലും സ്മരിക്കപ്പെടുന്നത്. ശക്തരായ പിതാക്കന്മാരെക്കാൾ ക്ഷേത്രായ പിതാക്കന്മാരാണ് സഭയെ വളർത്തിയത്. ശ്രേഷ്ഠ ബാവായിൽ പ. പാത്രിയർക്കീസ് ബാവാ മുതൽ സാധാരണക്കാരായ അസ്മാദൃശന്മാർ വരെ കണ്ടിരുന്നത് ശക്തിയല്ലാ, ക്ഷേതിയാണ്. ശക്തിയല്ലാ ക്ഷേതിയാണ് മുക്തി പ്രദായകം.

സുറിയാനിപ്രാർത്ഥന ഗ്രന്ഥത്തിൽ നിന്നും രണ്ടു ഈരടികളുടെ ഏകദേശപരിഭാഷതാഴെചേർക്കാം.

''കാഞ്ചന രത്നത്തെക്കാളും രമ്യം സൽപ്പേരത്രെ
ആയത്സ്വായർത്തമാക്കിയ മാർത്യൻ ധന്യൻ തന്നെ
നശ്വരമുലകം സൽപ്പേരോർത്താൽ ശാശ്വതമത്രെ
ഭൂവിൽ ശ്ലാഘ്യം, പരലോകത്തിന്നർഹതയേകും.

നീയെകിയതിൻ കഴിവുകളൊന്നും പൊഴിയാതെൻ
കഴിവിൻ പരിധിക്കപ്പുറമായി കൈകാര്യം ചെയ്തേൻ
ശോഭയോടവിടുന്ന് ഉദയം ചെയ്യും നേരത്തടിയൻ
മുതലും പലിശയും മേല്പിച്ചങ്ങയെ സ്തുതിപാടിടും''

ജാതിമത അതിരുകൾക്കപ്പുറം സഭാവിഭാഗവിത്യാസങ്ങൾക്കുപരി മേൽകാണുന്ന വരികളുടെ വെളിച്ചത്തിൽ ശ്രേഷ്ഠ ബാവാ പ്രകീർത്തിതനാവുന്നതിൽ സുറിയാനി സഭ പുളകം കൊള്ളുകയാണ്.

ശ്രേഷ്ഠ ബാവായുടെ സാമാന്യാധീ തവ്യക്തിത്വം

''വസ്ത്രം, വപുസ്, വചനം, വിദ്യാ, വിനയം ഇങ്ങനെ 'വ'കാരം അഞ്ചും ഉണ്ടെങ്കിൽ അസാരൻ ഭൂമി മാനുഷ്യൻ'' ഈ വകാര പഞ്ചകത്തോടു കൂടെ വിശുദ്ധി, വിശ്വാസധീരതവാഗ്മിത്വം, മുതലായ ചേർത്താലും മതിയാവുകയില്ല. കോട്ടയം ഭദ്രാസനജേർണലിൽ പ. പിതാവ്മുതൽവിവിധ സഭാധ്യക്ഷൻമാർ, രാഷ്ട്രീയനായകർ, ആദിയായവരെല്ലാം മുൻതൂക്കം കൊടുത്തിരിക്കുന്ന ശ്രേഷ്ഠ ബാവായുടെ വിനയാധിരേകത്തിന്റെ പല രംഗങ്ങളും എന്റെ മനോമുകുരത്തിൽ ഉയരുന്നുണ്ടെങ്കിലും വിസ്താരഭയത്താൽ ഞാൻ ചുരുക്കുകയാണ്. അതിനും പുറമേ അനേക ദശകങ്ങൾ കണ്ടറിഞ്ഞവരോട് പറഞ്ഞറിയിക്കേണ്ട ആവശ്യവുമില്ല.

ശ്രേഷ്ഠ ബാവാ പുണ്യ ചിരതനായ മഹാപുരോഹിതൻ

പുരാതന സഭകൾക്കെല്ലാം ഹൈറാർക്കി ഉണ്ട്. കത്തോലിക്കാ സഭയിൽ മാർപാപ്പ, കർദ്ദിനാൾ, ആർച്ച് ബിഷപ്പ്, ബിഷപ്പ് എന്നിങ്ങനെ, സുറിയാനി സഭയിൽ പ. പാത്രിയക്കീസ്, കാതോലിക്ക, മെത്രാ

പ്പോലീത്ത ൻ മാർ ഈ ക്രമീകരണത്തെ 'നന്നായി' ഗ്രഹിച്ചിരിക്കുകയും സ്വന്തം ലറ്റർ ഹെഡിൽ പോലും "Under the Holy Apostotic See of Antioch' എന്ന് മുദ്രണം ചെയ്ത സ്വസ്ഥാനം അറിയാവുന്ന വിനീതനായ മഹാപുരോഹിതൻ-അതിനാൽ സഭാ ചരിത്രത്തിൽ ആദ്യമായി പ. പത്രോസിന്റെ സിംഹാസനാധിപനായ അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ വാഴ്ചയിൽ പ്രധാന കാർമീകത്വം വഹിക്കാനുള്ള അസുലഭ ഭാഗ്യം സിദ്ധിച്ച ആദ്യത്തെ മലങ്കരക്കാരനായ പൗരസ്ത്യ കാതോലിക്ക.

ശ്രേഷ്ഠ ബാവാ അധികാരചെങ്കോൽ കൊണ്ടല്ല സ്നേഹത്തിൽ പൊൻ കോൽകൊണ്ട്-ഭരിച്ച- അല്ല മേയിച്ച ഭരണാധിപൻ. കണ്ടനാട് ഭദ്രാസന സഹായ മെത്രാപ്പോലീത്ത മാർ അത്താനാസ്യോസ് തിരുമേനിയുടെ വാക്കുകംനോക്കുക: '' സ്വതന്ത്രമായി സഭാ ഭരണം നടത്തുവാൻ അദ്ദേഹം നൽകിയ സഹായം നിസ്സാരമല്ല. ഇടവക കാര്യങ്ങളായാലും നയപരമായ കാര്യങ്ങളായാലും അദ്ദേഹവുമായി സ്വതന്ത്ര ആശയ വിനിമയത്തിന് കഴിയുമായിരുന്നു. തന്റെ അഭിപ്രായഗതികളോട് മറ്റുള്ളവരെല്ലാം യോജിച്ചേ തീരൂ എന്ന് നിർബന്ധം ഒരിക്കലും ഉണ്ടായിരുന്നില്ല. എതിരഭിപ്രായം ഉണ്ടെങ്കിൽ തുറന്ന് പറയുവാനുള്ള സ്വാതന്ത്ര്യം നൽകിയിരുന്നു. സ്വീകരിക്കാവുന്നവ സ്വീകരിക്കുകയും ചെയ്തിരുന്നു.''

സ്വപിതാവിൽ നിന്നും തന്റെ ആത്മീയ പിതാവ് മാർയൂലിയോസ് ബാവായിൽ നിന്നും തന്റെ രക്തത്തിൽ അലിഞ്ഞു ചേർന്നിരുന്ന അന്ത്യോഖ്യാസിംഹാസന ഭക്തി അമരണം ശ്രേഷ്ഠ ബാവാ അഭംഗം പാലിച്ചിരുന്നു, എന്നതിന് 1959-ലെ പരീക്ഷണംഘട്ടം മുതൽ സഭാചന്ദ്രിക, അന്ത്യോഖ്യൻ സന്ദേശം മുതലായവയുടെ പത്രാധിപർ എന്ന നിലയിൽ തിരുമേനിയുമൊത്ത് യഥാശക്തി പ്രവർത്തിച്ചിരുന്ന എനിക്ക് തറപ്പിച്ചു പറയുവാൻ കഴിയും. അക്കാലത്ത് തിരുമേനിക്ക് അപകീർത്തിപരമായി മറുവിഭാഗത്തിലെ ഒരു വൈദീകൻ എഴുതിയ പുസ്തകത്തിൽ 300 ഓളം പുറമുള്ള ഒരു പുസ്തകം മറുപടിയായി മൂന്ന് ദിവസം കൊണ്ട് ഞാനെഴുതി പ്രസിദ്ധീകരിച്ചിട്ടുള്ളത് അഭിമാനപൂർവ്വം ഞാനോർക്കുകയാണ്. ''അന്ത്യോഖ്യാ സിംഹാസനമാണ് കൃപയുടെ ഉറവ'' എന്നത് ബാവായുടെ നിത്യപല്ലവിയാണ്. 1978-ലെ ഒരു സംഭവം -ശ്രേഷ്ഠ ബാവായോടുകൂടെ പ. യാക്കോബ് തൃതീയൻ പാത്രീയർക്കീസ് ബാവായുടെ സന്നിധിയിലെത്തി. വി. മൂറോൻ കൂദാശ ചെയ്യുവാൻ അനുവാദമുള്ള ശ്രേഷ്ഠ ബാവാ പ. പിതാവിനോടപേക്ഷിച്ചു. ഒരു വലിയ സ്പടിക ഭരണിനിറയെ വി. മൂറോൻ വാങ്ങിച്ചതും, കാറിലും പ്ലെയിനിലും എന്റെ കൈയ്യിൽ പോലും തരാതെ സ്വയം ചുമക്കുന്നതും കണ്ട്, കണ്ണീർ വാർത്ത വ്യക്തിയാണ് ഞാൻ .

1966 മുതൽ 1974 വരെ സൺഡേ സ്ക്കൂൾ അസോസിയേഷൻ പ്രസിഡൻറായി വന്ദ്യ തിരുമേനിയും ഡയറക്ടർ ജനറലായി ഞാനും പ്രവർത്തിച്ചതിന്റെ മധുര സ്മരണകൾ എന്നിൽ ഉയർന്നു വരികയാണ്. അദ്ദേഹം ''നല്ല ഇടയൻ, ഭരണസമർത്ഥൻ, കീപ്പാപോൽ സഭയിന്നടിസ്ഥാനം - പൗലോസിനുതുല്യം ശ്രീഹർഗണത്തിൽ പെട്ടവൻ, ഏലിയാതുല്ല്യംവൈരാഗിയോഹന്നാനെപോലെയതിവര്യൻ'' ആയിരുന്നു. അദ്ദേഹം നമ്മോടു കൂടെ ഇരുന്നപ്പോൾ നാം ഭാഗ്യശാലികൾ ആയിരുന്നു. ആ പുണ്യവാൻ ഇപ്പോൾ കർത്താവിനോട് കൂടെ ഇരുന്ന് നമുക്ക് വേണ്ടി

പ്രാർത്ഥിക്കുന്നതിനാൽ നാം കൂടുതൽ ധന്യരത്രെ. വി. പൗലോസിനെ പോലെ അദ്ദേഹം പൊരുതി ഓട്ടം തികച്ചു മകുടമണിഞ്ഞു..

ആധുനിക തലമുറയിലെ സിദ്ധരിൽ സിദ്ധനും വേദശാസ്ത്ര പണ്ഡിതനും ബഹു ഭാഷാവിദഗ്ദ്ധനും സുറിയാനി സഭയുടെ സമർത്ഥനായ മാലുമിയുമായിരുന്ന ശ്രേഷ്ഠ ബാവായുടെ നന്ദി വിപുലമായ ജീവചരിത്രം ഒന്നാമതായി എഴുതുവാനും മഹാനിര്യാണ നന്തരം 40-ാം ദിനത്തിൽ തന്നെ അത് പ്രസിദ്ധീകരിക്കുവാനും മഹാഭാഗ്യമുണ്ടായ ഷെവ. കെ.വി. പൗലോസിനെ ഞാൻ അങ്ങയറ്റം അനുമോദിക്കുന്നു. അദ്ദേഹത്തിൽ നിന്നും ഇത് പ്രതീക്ഷിക്കാവുന്നതത്രെ. കാരണം നാമ്പും കാമ്പും എടുക്കുന്ന തലമുറയ്ക്ക് വി.വേദജ്ഞാനം അപ്പസ്തോലിക വിശ്വാസം പ. അന്ത്യോഖ്യാ സിംഹാസനത്തോടുള്ള അചഞ്ചലമായ വിശ്വസ്ഥത, ധാർമ്മിക മൂല്യങ്ങടോളുള്ള പ്രതിബന്ധത, എന്നിവയെല്ലാം പ്രവഹിപ്പിക്കുന്ന സൺഡേസ്ക്കൂൾ പ്രസ്ഥാനത്തെ ഔന്നത്യത്തിലേക്ക് ആനയിച്ച അഭ്യസ്ഥവിദ്യനായ പ്രവർത്തക പ്രവൃദ്ധനാണദ്ദേഹം. മഹത്തായ സേവനത്തിന്റെ അംഗീകാരമായ ഷെവലിയർ സ്ഥാനം പ. സിംഹാസനത്തിൽ നിന്നും ലഭിക്കത്തക്ക നിസ്വർത്ഥവും മഹത്തരവുമായ സേവനത്തിന്റെ ഉടമയായ ഷെവ. കെ. വി.പൗലോസിനെ അകമഴിഞ്ഞവാത്സല്യത്തോടെ ഞാൻ ആദരിക്കുന്നു. സഭാവ്യത്യാസമെന്യെ മഹാസിദ്ധനായ ബാവായുടെ ജീവചരിത്രത്തിന് അജാത ശത്രുവും ശത്രുക്കൾക്ക് മിത്രവുമായിരുന്ന യുഗപ്രഭാവന്റെ ചരിത്രത്തിന് പ്രഫുലമായ പ്രചാരം സുനിശ്ചിതമാണ്.

''കളങ്കമില്ലാത്ത ഇസ്രായേല്യൻ എന്ന് ആധുനിക സഭാ മേലദ്ധ്യക്ഷൻ മാർ വിശേഷിപ്പിച്ച് പുണ്യവാനായ ശ്രേഷ്ഠബാവാ തിരുമേനി വിപുലമായ പരസ്യയോഗത്തിൽ വച്ച് അതേവിശേഷണം ഈനിസ്സാരൻ ''നാഥനിയേൽ'' എന്ന ബഹുമതി മുദ്രനൽകി അനുഗ്രഹിച്ച എന്റെ മഹാസിദ്ധനായ പിതാവേ അവിടത്തെ പരിശുദ്ധമായ തിരുകബറിന്റെ ശുശ്രൂഷയിൽ ഭാഗഭാഗിത്വം വഹിപ്പാൻ അവിടുത്തെ പ്രാർത്ഥനയാൽ മഹാഭാഗ്യം സിദ്ധിച്ച അവിടുത്തെ വിശ്വസ്തപുത്രൻ, തൃപ്പാദഭക്തൻ, അനുഗ്രഹത്തിനായി നിറകണ്ണോടെ പ്രാർത്ഥിച്ചുകൊണ്ട് അവിടുത്തെ നിർമ്മല ജീവിതത്തിന്റെ ചരിത്രം അവതരിപ്പിക്കുവാൻ അനുവദിക്കേണമേ.

തിരുവല്ല, തൃപ്പാദാശ്രിതൻ

2-10-96 (ഒപ്പ്)

കർണിയാമ്പറമ്പിലച്ചൻ

ആമുഖം

ജീവിതയാത്രയിലേർപ്പെട്ടും രക്ഷാസങ്കേതം കാണാതെ ഉഴലുമ്പോഴും കാറും കോളും നിറഞ്ഞ അന്തരീക്ഷത്തിൽ സഭാനൗക ആടിയുലയുമ്പോഴും ഭക്തർക്ക് പ്രകാശഗോപുരംപോലെ വഴികാട്ടിയായി നിലകൊണ്ട ശ്രേഷ്ഠകാതോലിക്ക ബാവാ കർത്താവായ യേശുക്രിസ്തുവിന്റെ ഉത്തമനായ അനുകാരിയും അനുഗാമിയുംമായിരുന്നു. ആ മഹത്തായ ജീവിതത്തിൽ നിന്ന് പലതും പഠിക്കാനും ഉൾക്കൊള്ളാനും മാതൃകയാക്കാനുമുണ്ടെന്ന് മനസ്സിലാരോ മന്ത്രിക്കുന്നതായി തോന്നിയിരുന്നു. സെപ്റ്റംബർ 7-ാംതീയതി മലേക്കരിശ്ദയറായിൽവി. ആരാധനയ്ക്കും ശ്രേഷ്ഠാചര്യാന്റെ കബറിങ്കൽ ധൂപപ്രാർത്ഥനയ്ക്കും, തുടർന്ന് നടത്തപ്പെട്ട അനുസ്മരണ സമ്മേളനത്തിനു ശേഷം പള്ളി മുറ്റത്തു നിന്നപ്പോലുണ്ടായ നിയോഗം. കണ്ടനാടു ഭദ്രാസനഡയറക്ടർ ശ്രീ. റ്റി.ജെ. മാണിയിലൂടെയും അസോസിയേഷൻ സെക്രട്ടറി ശ്രീ. ജോയി പി.ജോർജ്ജിലൂടെയും സൺഡേസ്ക്കൂൾ ഹെഡ്ക്വാർട്ടേഴ്സിലെ ഓഫീസ് മാനേജർ ശ്രീ. കെ.ഐ. ജോയിയിലൂടെയും വാക്കുകളായി പുറത്തുവന്നു. ബാവാ തിരുമേനിയുടെ ജീവചരിത്രം രചിക്കുക. അത് ബലഹീനനായ ഞാനേറ്റെടുക്കുക. ഇതായിരുന്നു ആ നിയോഗം ശ്രേഷ്ഠ ബാവായുടെ അനേകം വിശുദ്ധന്മാരുടെയും മദ്ധ്യസ്ഥതയിൽ ശരണപ്പെട്ടുകൊണ്ട് ആ ചുമതല യെറ്റെടുക്കുകയാണ് ചെയ്തത് .ഇത് ദൈവനിയോഗമായി കണക്കാക്കുന്നു. ബാവായുടെ സഹോദരി ശ്രീമതി മേരി വറുഗ്ഗീസും കുടുംബാംഗങ്ങളും ഈ സംരംഭത്തിന് സർവ്വാത്മനാ പിന്തുണയും വാഗ്ദാനം ചെയ്തു. പ്രഭാപൂരിതമായ ആ മഹദ് ജീവിതം ആനാവരണം ചെയ്തുകയെന്നുള്ളത് ശ്രമസാദ്ധ്യമായകാര്യമാണെന്നറിയാമായിരുന്നു. എങ്കിലും സർവ്വ ശക്തനായ ദൈവത്തിൽ എല്ലാം സമർപ്പിച്ചുകൊണ്ട് മുന്നോട്ടു നീങ്ങി. എല്ലായിടത്തും നിന്നും സഹകരണം ലഭിച്ചു. അതിന്റെ പരിണതഫലാണ് ഈ ജീവചരിത്രഗ്രന്ഥം.

അഭി. തിരുമേനിമാർ, ബഹു. വൈദികർ, സഭാ സ്നേഹികരും എന്നിവരെല്ലാംസഹായസഹസ്തംനീട്ടി. ആത്മാർത്ഥമായിസഹകരിച്ചു. ശ്രേഷ്ഠബാവായ്ക്ക്, പരി. പാത്രിയർക്കീസ് ബാവാ നൽകിയ സുസ്താത്തിക്കോൻ മലയാളത്തിലേക്ക് തർജ്ജമചെയ്ത് തന്ന് സഹായിച്ചത് മലങ്കരയിലെ സുപ്രസിദ്ധ സുറിയാനി പണ്ഡിതനായ ബഹു. കറുത്തേടത്ത് പി.പി. ജോസഫ് അച്ചനാണ്. മധുരസ്മരണരകളുടെ മണിച്ചെപ്പ് തുറന്ന് സഹായിച്ചവർ പലരുണ്ട്. റിട്ടയാർഡ് പ്രൊഫസർ

ബഹു. കെ.പി. ഗീവറുഗീസ് അച്ചൻ, കാതോലിക്കേറ്റ് അരമനയിലെ ഓഫീസ് മാനേജർ ശ്രീ. കെ. സി. ഏലിയാസ്, ബാവായുടെ ഡ്രൈവറായിരുന്ന തോമസ് ചേട്ടൻ, സെക്രട്ടറിയായിരുന്നു ബഹു. ബിജുപൗലോസ് ശെമ്മാശ്ശൻ തുടങ്ങിവരോടെല്ലാമുള്ള ഹൃദയംഗമമായ നന്ദി പ്രകാശിപ്പിച്ചുകൊള്ളട്ടെ.

ബാവായുടെ പ്രിയ സഹോദരി ശ്രീമതി മേരി വറുഗീസ് സ്വസഹോദരനെപ്പോലെ സ്നേഹത്തിന്റെ നിറകുടം തന്നെ. ഒരിക്കലും മറക്കാത്ത മരിക്കാത്ത ഓർമ്മകളും നിറകണ്ണുകളോടെ വിവരിച്ചുതന്നും, അപൂർവങ്ങളായ നിധിപ്പോലെ സൂക്ഷിക്കുന്ന ഫോട്ടോകളും തന്നും സഹായിച്ചത് നന്ദിയോടെ ഓർമ്മിക്കുന്നു. ആ മഹതിയുടെ മകൻ ശ്രീ. ബെന്നി വറുഗീസും കുടുംബാംഗങ്ങളും ഇക്കാര്യത്തിൽ ഏറെ സഹകരിച്ചിട്ടുണ്ട്.

ഈ ഗ്രന്ഥത്തിന് അവതാരികയെഴുതി സഹായിക്കണമെന്ന് ബഹു. കണിയാമ്പറമ്പിൽ കുര്യൻ കോറെപ്പിസ്ക്കോപ്പയോട് അപേക്ഷിച്ചപ്പോൾ ആ അഭ്യർത്ഥന സദയം സ്വീകരിച്ച് ഒരു അവതാരികയെഴുതിത്തരാൻ ആ മഹാനുഭാവൻ തയ്യാറായി. എല്ലാവരും സ്നേഹിച്ചാദരിക്കുന്ന ''നഥാനിയേൽ എന്നും സെൻറ് അപ്രേമിന്റെ രണ്ടാം അവതാരമെന്നും പ്രകീർത്തിക്കപ്പെടുന്ന പ്രവർത്തനോത്സുകതയുടെയും പാണ്ഡിത്യത്തിന്റെയും കറകളഞ്ഞ വ്യക്തിത്വത്തിന്റെയും മണിമകുടവും ബാവായുമായി ദീർഘകാലം ബന്ധപ്പെട്ടു കഴിഞ്ഞിരുന്ന മഹത് വ്യക്തിയുമായ ബഹു. കണിയാമ്പറമ്പിൽ അച്ചന്റെ അവതാരിക ഈ ഗ്രന്ഥത്തിന് ഒരു മുതൽക്കൂട്ടു തന്നെയായിരിക്കും എന്നതിൽ സംശയമില്ല.

ബഹു. കണിയാമ്പറമ്പിൽ ഡോ. കുര്യൻ കോറെപ്പിസ്ക്കോപ്പായുടെ സഭാ ചരിത്രവും , വിശ്വാസ സത്യങ്ങളും, ആലുവാ സെൻറ് മേരീസ് പള്ളിയുടെ പ്രസിദ്ധീകരണമായ ഡയറക്ടറി, ''ആത്മദീപം'' മാസികയുടെ ലക്ഷങ്ങളും എന്നിവ ഗ്രന്ഥ രചനയ്ക്ക് ഏറെ പ്രയോജനകരമായിരുന്നു. പഴയ പത്രങ്ങളും മാസികകളും ഏറെ പ്രയോജനപ്പെട്ടു.

ഈ ഗ്രന്ഥരചനയിൽ കൈയ്യും മെയ്യും മറന്ന് സഹായിച്ചവരിൽ ആത്മദീപം പത്രാധിപർ ശ്രീ. ടി.എം. വറുഗീസിന്റെ സേവനം പ്രത്യേകം എടുത്തു പറയത്തക്കതാണ്. അത്യാവശ്യമായ വിവരങ്ങളും ശേഖരിച്ച് തന്ന് സഹായിച്ച അദ്ദേഹത്തിന്റെ മഹാമനസ്കത പ്രശംസാർഹമാണ്. മറ്റൊരു പ്രമുഖ വ്യക്തി സൺഡേസ്ക്കൂളും ഹെഡ്കപാർട്ടേഴ്സിലെ ഓഫീസ്

മാനേജർ,ശ്രീ.കെ.ഐ.ജോയിയാണ്. ഓഫീസ് സമയത്തിനുശേഷം പലപ്പോഴുംരാത്രിയിലാണ്മി.ജോയിഇക്കാര്യത്തിന്പരിശ്രമിച്ചിട്ടുള്ളത്. മൂവാറ്റുപുഴ ഹെഡ്പോസ്റ്റ് ഓഫീസിലെ അസി. പോസ്റ്റുമാസ്റ്റർ ശ്രീ. പി.വി. ജോസഫ് ഗ്രന്ഥരചനയിൽ ഏറെ സഹായിച്ച കാര്യവും നന്ദിയോടെ അനുസ്മരിക്കുന്നു.ഈ ഗ്രന്ഥം ഭംഗിയായി കൃത്യസമയത്ത്അച്ചടിച്ചുതന്നകരിങ്ങാച്ചിറപുലരിഓഫ്സെറ്റ്പ്രസ്സിലെ ജീവനക്കാരോടും വിശേഷിച്ച് പ്രസ്സ് ഉടമ ശ്രീ. മാത്യൂ ഉമ്മനോടും,ടൈപ്പ് സെറ്റ് ചെയ്ത തൃപ്പൂണിത്തുറ ആഗ്ന കംപ്യൂട്ടേഴ്സിനോടും കവർ ഡിസൈൻ ചെയ്തുതന്ന തൃപ്പൂണിത്തുറ ആർട്ട്മാൻ അഡ്വർടൈസേഴ്സിനോടുമുള്ള നന്ദിപ്രത്യേകംരേഖപ്പെടുത്തുന്നു.

ഈ ജീവചരിത്രരചന ഒരു ദൈവനിയോഗമാണെന്ന് ഞാൻ പൂർണ്ണമായി വിശ്വസിക്കുന്നു. ഇതൊരു സ്നേഹാർച്ചന കൂടിയാണ്. ഈയുള്ളവന് ഷെവലിയർ സ്ഥാനം നൽകുന്നതിന് പരി.പാത്രയർക്കീസ് ബാവായോടു ആവശ്യപ്പെട്ടത് ശ്രേഷ്ഠബാവാ തിരുമേനിയാണ്. ''നന്ദിചൊല്ലിത്തീർക്കാ നാവുമോ'' ഈ ജീവിതം കൊണ്ട് ശ്രമിച്ചുവെന്നുമാത്രംഅഗതിയാമിടയന്റെആശ്രുവീണുകുതിർന്നൊരുഅവിൽപ്പൊതി ഈ ജീവചരിത്ര ഗ്രന്ഥം സവിനയം തിരുക്കബറിങ്കൽ സമർപ്പിക്കുന്നു.

പിതാവേഅനുഗ്രഹിക്കണമേ

ഷെവ.കെ.വി.പൗലോസ്

സർവ്വജനങ്ങൾക്കും വഴികാട്ടിയായ പ്രകാശഗോപുരം ശ്രേഷ്ഠ കതോലിക്കാ ബസ്സേലിയോസ് പൗലോസ് ദ്വിതീയൻ ബാവാ

അദ്ധ്യായം 1

മനോഹരമായ ഒരു സായം സന്ധ്യ. പ്രശാന്തരമണീയമായ ആ നാട്ടിൻ പുറം സന്ധ്യാദീപ്തിയിൽ ആറാടി നിൽക്കുന്നു. പിറമാടം എന്ന ആ പ്രദേശത്തിന്റെ ശാലീന സൗന്ദര്യം വാക്കുകളാൽ വർണ്ണിച്ചും കണ്ണുകളാൽ നുകർന്നും നീങ്ങുന്ന ഞങ്ങൾ- സൺഡേസ്ക്കൂൾ അസോസിയേഷൻ കണ്ടനാട് ഭദ്രാസന സെക്രട്ടറി ശ്രീ ജോയി ജോർജ്ജും ഈ ലേഖകനും-ചെന്നെത്തിയത് ഒരു ആശ്രമവാടത്തിലാണ്. വഴിക്കിരുവശവും മരങ്ങൾ തഴച്ചുവളർന്നുനിൽക്കുന്നു. കെട്ടുപിണഞ്ഞുകിടക്കുന്ന വള്ളികളും ലതകളും അവയിൽ വിടർന്നു നില്ക്കുന്ന പുഷ്പങ്ങളും പ്രകൃതി സ്നേഹിയായ ഒരു മഹർഷിയുടെ സന്നിദ്ധ്യം വിളിച്ചറിയിച്ചു. തൊട്ടടുത്തു തന്നെ ഒരു ദൈവാലയവുമുണ്ട്. രണ്ടായിരത്തോളമാണ്ടുകൾക്കപ്പുറമുണ്ടായ ആ മഹാത്യാഗത്തെ നിശ്ശബ്ദമായി ഉദ്ഘോഷിക്കുന്ന കുരിശ് ഉയർന്നു കാണാം. വഴിത്താരചെന്നെത്തുന്നത് ഓടുമേഞ്ഞ പഴയരീതിയിൽ പണിത ഒരു കൊച്ചു കെട്ടിടത്തിലാണ്.പൂമുഖത്ത് ഒരു മേശയും രണ്ടു ബഞ്ചുകളും മാത്രം. അധികം ആളുകൾ ചെന്നാൽ അരഭിത്തിയിലോ നിലത്തോ ഇരിക്കേണ്ടിവരും. ഇടനാഴിപോലെയുള്ള വീതികുറഞ്ഞ വരാന്തയാണ് പിന്നീട് കാണുന്നത്. അവിടെ ഒരു ചാരുകസേരയുംനിറംമങ്ങിത്തുടങ്ങിയഒന്നോരണ്ടോസ്റ്റീൽകസേരകളും മാത്രം. തികച്ചും ഒരു പർണ്ണശാലയുടെ പ്രതീതി. വയോവൃദ്ധനും ജ്ഞാനവൃദ്ധനും ഒരു സഭയുടെ തലവനുമായ ശ്രേഷ്ഠാചാര്യന്റെ വാസസ്ഥാനമോ ഇത്! വർഷങ്ങൾക്കു മുമ്പുകണ്ട ആശ്രമം തന്നെ ഇപ്പോഴും. ഇതിനിടയ്ക്ക് ലോകത്തിന് എന്തെല്ലാം മാറ്റങ്ങൾ വന്നിരിക്കുന്നു! അംബരചുംബികളായ സൗധങ്ങളും, സാക്ഷാൽ 'മയൻ' നിർമ്മിച്ച സ്ഥലജലഭ്രമമുണ്ടാക്കും വിധം ജലമുള്ള ദിക്കിൽ അതില്ലെന്നും ജലമില്ലാത്തിടത്ത് ഉണ്ടെന്നും തോന്നിപ്പിക്കുന്ന മാർബിളും, ഗ്രാനൈറ്റും മനോഹരമായി പാകിയ തറകളും പച്ചപ്പരവതാനി വിരിച്ച സീകരണമുറികളും വെൽവെറ്റ് കുഷ്യൻ പിടിപ്പിച്ച കസേരകളും എയർ കണ്ടീഷൻ ചെയ്ത മുറികളും കൊണ്ട് അലംകൃതമായ അരമനകളും

മണിമന്ദിരങ്ങളും ഇന്ന് നമുക്ക് അപരിചിതമല്ല. എന്നാൽ ഇവിടെയൊ? മനുഷ്യമക്കളെ ദൈവമക്കളാക്കുവാൻ സ്വയം ദാസ വേഷം പൂണ്ട ആ ദൈവപുത്രന്റെ പാത എല്ലാ അർത്ഥത്തിലും പിന്തുടരുന്ന ഈ മഹാത്മാവ് സ്വജീവിതത്തിലൂടെ ക്രിസ്തുവിനെ കാണിച്ചു തരുന്നു. അകലെ നിന്നേ സൂക്ഷിച്ചുനോക്കി. വരാന്തയിലെ ചാരുകസേരയിൽ ശയിക്കുന്നത് കിഴക്കിന്റെ കാതോലിക്കായും മലങ്കരമെത്രാപ്പോലീത്തായുമായ ശ്രേഷ്ഠ കാതോലിക്കാ ബസ്സേലിയോസ് പൗലോസ് ദ്വിതീയൻ ബാവാ തന്നെ. ഒരു നീളൻ കുപ്പായമാണ് അണിഞ്ഞിരിക്കുന്നത്. സ്ഥാനചിഹ്നമായ മസ്നപ്സാ തലയിലുണ്ട്. തികച്ചും ലളിതമായ വേഷം തന്നെ. അഭൗമമായ ഒരു തേജസ്സ് ആ മുഖത്തു നിന്ന് വഴിഞ്ഞൊഴുകുന്നു. അനുഗ്രഹിക്കാനായി ആ തൃക്കൈകൾ ഉയരുന്നു. ആ തൃപ്പാദങ്ങളിൽ വീണ് നമസ്കരിക്കാനാണ് മനസ് വെമ്പിയത്. ആ ശ്രേഷ്ഠാചാര്യൻ അതിന് അനുവദിക്കുകയില്ലല്ലോഎന്നതോന്നലുംഉടനെയുണ്ടായി. തൃക്കൈമുത്തി ചുണ്ടിക്കാണിച്ച സ്ഥാനങ്ങളിൽ ഞങ്ങൾ ഇരുന്നു.. "മകനേ !" എന്ന ആ വിളി ഇന്നും കാതിൽ മുഴങ്ങിക്കേൾക്കുന്നു. ഞങ്ങൾ കൊണ്ടു ചെന്ന ക്ഷ്യവസ്തുക്കൾ ഏറ്റുവാങ്ങുവാൻ സന്മനസ്സ് കാണിച്ചെങ്കിലും" വീട്ടിൽ നിന്നാണെങ്കിൽ കൊണ്ടു വന്നാൽ മതി. രൂപകൊടുത്ത് ഒന്നും വാങ്ങികൊണ്ടുവരരുത് " എന്നു കല്പിച്ചതിലെ ആ കരുതൽ, ആ സ്നേഹവായ്പ്പ് ഒരു യഥാർത്ഥ ഇടയനിലേ ദർശിക്കാൻ സാധിക്കൂ. പിതൃനിർവിശേഷമായ സ്നേഹവാത്സല്യങ്ങളോടെ ക്ഷേമവിവരങ്ങൾ അന്വേഷിച്ചും സൺഡേ സ്ക്കൂൾ കാര്യങ്ങൾ ചോദിച്ചറിഞ്ഞും എല്ലാ കാര്യങ്ങളിലും ശ്രദ്ധാലുവായ ബാവാ തിരുമേനി കാപ്പിയും തന്ന് അനുഗ്രഹിച്ചാണ് ഞങ്ങളെ യാത്രയാക്കിയത്. ക്ലോക്കിൽ 5.30 ആയപ്പോൾ ആ കെട്ടിടത്തിൽ തന്നെയുള്ള ചാപ്പലിലേക്ക്അഭി. പിതാവ്വരാന്തയിലൂടെ നടന്നെത്തി. അരുമനാഥനിൽനിന്ന്ശക്തി സംഭരിക്കുവാൻ-പ്രാർത്ഥനയിൽ ലയിക്കുവാൻ- ആ പ്രാർത്ഥന ഏറെ നേരം നീണ്ടുനിന്നു. അതെത്രയോ അനുഗ്രഹീത നിമിഷങ്ങൾ, എരിയുന്ന മുൾപ്പടർപ്പിലൂടെ യഹോവയെ ദർശിച്ച മോശെയെപ്പോലെ തന്റെ നാഥനെ നേരിൽ കണ്ട് മുഖാമുഖം സംസാരിക്കുന്നതുപോലെ അത്ര ശാന്തമായിരുന്നു ആ തിരുമുഖം. അതേ സമയം പ്രശോഭിതവും. അഭി:പിതാവിന്റെ പ്രാർത്ഥനാ ജീവിതം ഏവർക്കും മാതൃകതന്നെ. ആ മധുരസ്മരണ ഇന്നും മനസ്സിന്റെ മണിച്ചെപ്പിൽ മങ്ങാതെ മായാതെ നില്ക്കുന്നു.

" എന്റെ മക്കളേ " എന്നും " എന്റെ വാത്സല്യമക്കളെ" എന്നുമുള്ള സംബോധന ആ നാവിൽ നിന്നും എപ്പോഴും തന്നെ നാം

പോയ്കൊണ്ടിരിക്കുന്നതാണ്. വാക്കുകളുടെപിന്നിൽഒരുസ്നേഹസാമ്രാജ്യം തുടിച്ചുനില്ക്കുന്നു. നിഷ്കളങ്കമായഒരുമനസ്സിൽനിന്നാണ്ആവാക്കുകൾ പുറപ്പെടുന്നത്. അവിടെ നാട്യങ്ങളില്ല; അലങ്കാര പ്രയോഗങ്ങളില്ല. സ്നേഹത്തിന്റെ ഭാഷമാത്രം. എല്ലാവരെയും സ്നേഹിക്കാൻ മാത്രം അറിയാവുന്ന ഒരു നല്ല ഹൃദയത്തിന്റെ ഉടമ. ആർക്കും എപ്പോഴും അദ്ദേഹത്തിന്റെ വാസസ്ഥാനത്തേക്ക് കടന്നു ചെല്ലാം. വാക്കുകൊണ്ടും നോട്ടം കൊണ്ടും സഹായം ആവശ്യപ്പെടുന്നവരാണ് അവർ. സാമ്പത്തിക സഹായവും ചിലർക്ക് ആവശ്യമുണ്ട്. കൈയ്യും മനസ്സും നിറഞ്ഞവരായി അവർ മടങ്ങിപ്പോകുന്നു. അപ്പോഴും അവർ അപൂർണ്ണരായി തരായിരിക്കും. 'പാവങ്ങൾ' എന്ന നോവലിൽ വിക്ടർ ഹ്യൂഗോ ഒരു ആദർശപുരുഷനായി 'ഡി' യിലെ മെത്രാനെ ചിത്രീകരിച്ചു. ഏറെകാലം കാത്തിരിക്കേണ്ടിവന്നു ലോകത്തിന് ആ സംഭവം യാഥാർത്ഥ്യമായി കാണുവാൻ. നാം ഭാഗ്യവാന്മാരാണ്. 20-ാം നൂറ്റാണ്ട് ആ സൗഭാഗ്യം ദർശിച്ചു. മറ്റുള്ളർക്കായി ഈ യുഗപ്രഭാവൻ തന്റെ അരമനയുടെ-യെന്നല്ല പർണ്ണശാലയുടെ-വാതിൽ മാത്രമല്ല തുറന്നിട്ടത് ഹൃദയവാതിൽ കൂടിയാണ്. ഇത് കണ്ടറിഞ്ഞ് റോമിൽ നിന്ന് വന്ന മാർപാപ്പായുടെ പ്രതിനിധി അത്ഭുതാധീനഭാവ ത്തോടെപ്രഖ്യാപിച്ചു "ഇതാ ഒരുവിശുദ്ധൻ" എന്ന്. സംഭവബഹുലമായ ഈ യുഗപ്രഭാവന്റെ- ക്രിസ്തുവിനെ നോക്കി ജീവിച്ച ഈ മഹാനുഭവന്റെ - ജീവിതകഥയിലേക്ക് നമുക്കൊന്ന് കടന്നു നോക്കാം.

.....00.....

അദ്ധ്യായം 2

ആ അനുഗൃഹീത കുടുംബം

കടലും കായലും തോടുകളും കൊണ്ട് പ്രകൃതിരമണീയമായ എറണാകുളം ജില്ലയിലെ ചെറായി എന്ന കൊച്ചു ഗ്രാമത്തിലെ പ്രസിദ്ധമായ പുതുശ്ശേരി തറവാട്ടിൽ 1914 ജൂൺ മാസം 12-ാം തീയതി ലാണ് മലങ്കര സഭയുടെ ആദ്ധ്യാത്മിക നേതാവായിത്തീരാൻ ദൈവനിയോഗം ലഭിച്ച ഈ യുഗപ്രഭാവൻ ഭൂജാതനായത്. പിതാവായ ദിവ്യശ്രീ പി.പി. ജോസഫ് കശ്ശീശ 49 വർഷം ചെറായി സെൻറ് മേരീസ് യക്കോബായ പള്ളിയിൽ വികാരിയായിരുന്നു. പ്രശസ്ത പണ്ഡിതനും, മല്പാനും, പുരോഹിത ശ്രേഷ്ഠനുമായിരുന്ന അദ്ദേഹം ചെറായി ദേശക്കാരുടെ കണ്ണിലുണ്ണി യുമായിരുന്നു. പരി. അന്ത്യോഖ്യാ സിംഹാസനത്തോട് തികഞ്ഞ ഭക്തിയും കൂറും പുലർത്തിയിരുന്ന വൈദികശ്രേഷ്ഠനായിരുന്നു അദ്ദേഹം. വിശ്വാസാചാരങ്ങളിൽ അണുവിട മാറ്റം വരുത്താത്ത ഉറച്ച ദൈവഭക്തനും



പൗലോസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്താ
(ശ്രേഷ്ഠ കാതോലിക്കാ ബാവാ) മാതാപിതാക്കളോടൊപ്പം.



ശ്രേഷ്ഠബാവാ കുടുംബാംഗങ്ങളോടൊത്ത്

മികച്ച ഗ്രന്ഥകാരനും കൂടിയായ അദ്ദേഹം വി. സഭയുടെ സത്യവിശ്വാസം അഭംഗുരം കാത്തു സൂക്ഷിക്കുക എന്ന ഉദ്ദേശ്യത്തോടെ ''സുറിയാനി സഭാ പിതാക്കന്മാരും പൊതു സുന്നഹദോസുകളും'' എന്ന വിശിഷ്ട ഗ്രന്ഥം രചിക്കുകയുണ്ടായി. അദ്ദേഹം മലങ്കര ഇടവക ദീപ്തിയുടെ പത്രാധിപരുമായിരുന്നു. മക്കളെ നേർവഴിക്ക് നയിക്കുന്നതിലും ഈ മഹത് വ്യക്തി സമയം കണ്ടെത്തി. അമ്മയാകട്ടെ വടക്കൻ പറവൂരിലെ പ്രസിദ്ധമായ ഈരാളിൽ കുടുംബാംഗമായ എലിസബത്ത് അണ്. മാതാവിന്റെ പ്രാർത്ഥന ജീവിതം, അതിഥി സൽക്കാര തല്പരത, സേവനോത്സുകത എന്നിവ ചെറുപ്പത്തിലേ തന്നെ ബാവായിൽ സ്വാധീനം ചെലുത്തിയിരുന്നു.

ചെറായി രാമവർമ്മ യൂണിയൻ ഹൈസ്ക്കൂൾ ഹെഡ്മാസ്റ്റർ ആയിരുന്ന പി.ജെ. കുര്യാക്കോസ് സെനികകോദ്യോഗസ്ഥനായിരുന്ന പി.ജെ.തോമസ്, കുടുംബകാര്യങ്ങൾനോക്കിനടത്തിയിരുന്നുപി.ജെ.മാത്യു എന്നിവരാണ് ബാവായുടെ സഹോദരന്മാർ. എലിസബത്ത് ഇട്ടുപ്പ്, മേരിവർഗ്ഗീസ്, ശോശാമ്മ ചുമ്മാർ, ഗ്രൈനോ എന്നിവർ സഹോദരിമാരും. റിട്ടയേർഡ് ജഡ്ജി എ.ടി. ഇട്ടൂപ്പ്, മാണിയറ വറുഗീസ്, പുലിക്കോട്ടിൽ ചുമ്മാർ, കോട്ടയം പുലിവേലിപ്പറമ്പിൽ മൈക്കിൾ എന്നിവർ സഹോദരി ഭർത്താക്കന്മാരുമാണ്.

സംതൃപ്തമായ ഒരു കുടുംബജീവിതമായിരുന്ന ബഹു. ജോസഫ് അച്ചന്റേത്. ''യഹോവയെ ഭയപ്പെട്ടു അവന്റെ വഴികളിൽ നടക്കുന്ന ഏവനും ഭാഗ്യവാൻ; നിന്റെ കൈകളുടെ അദ്ധ്വാനഫലം നീ തിന്നും. നീ ഭാഗ്യവാൻ, നിനക്കു നന്മവരും നിന്റെ ഭാര്യ നിന്റെ വീട്ടിനകത്തു ഫലപ്രദമായ മുന്തിരിവള്ളിപോലെയും നിന്റെ മക്കൾ നിന്റെമേശയ്ക്കു ചുറ്റും ഒലിവു തൈകൾ പോലെയും ഇരിക്കും'' (സങ്കീ:128:1-3). ഈ തിരുവചനം ഈ കുടുംബത്തെ സംബന്ധിച്ചിടത്തോളം അനവർത്ഥമായിത്തീർന്നു.

ബഹു: ജോസഫ് കശ്ശീശ്ശായുടെ മൂന്നാമത്തെ പുത്രനായ പി.ജെ. പൗലോസ് ചെറുപ്പത്തിലെ തന്നെ യഹോവയ്ക്കും മനുഷ്യർക്കും പ്രീതിയുള്ളവനായി വളർന്നു വന്നു. പിതാവിന്റെ വഴിത്താരയിൽ തന്നെ പ്രാർത്ഥനാ ജീവിതത്തിലും വിശ്വാസാചാരങ്ങളിലും തീക്ഷ്ണതയുള്ളവനായിട്ടാണ് ആ കൊച്ചു ബാലൻ വളർന്നുവന്നത്. ഏവരുടെയും കണ്ണിലുണ്ണിയായി വളർന്നു വന്ന ആ കൊച്ചു ബാലന്റെ സ്നേഹവായ്പും -കരുതലും- എന്നിവ വ്യക്തമാക്കുന്ന ഒട്ടേറെ സംഭവങ്ങൾ അയവിറക്കികൊണ്ട് ഇപ്പോൾ 78 വയസ്സ് തികഞ്ഞ അനുഗൃഹീതയായ

സഹോദരി മേരിവറുഗീസ് ഈറൻ കണ്ണുകളോടെ പറയുന്നത് നമുക്കൊന്ന് കേൾക്കാം.

''ഞങ്ങളുടെ പ്രിയപ്പെട്ട പൗലോസ് കൂടപ്പിറപ്പുകളോട് എന്നും സ്നേഹമുള്ളവനായിരുന്നു. അപ്പച്ചനോടും അമ്മയോടും എന്തു സ്നേഹമായിരുന്നെന്നോ ബാവായ്ക്ക്. ഞങ്ങൾപെങ്ങന്മാർ നിർബന്ധിക്കും കശുമാങ്ങ പറിച്ചുതരാൻ. പറമ്പിൽ ധാരാളം കശുമാവുകളുണ്ട്. അവയിലൊക്കെ മാമ്പഴം അങ്ങനെ പഴുത്തു കിടക്കുന്നു. ഞങ്ങളുടെ നിർബന്ധം സഹിക്കാതെ വരുമ്പോൾ പൗലോസ് കശുമാവിൽ കയറും. ഏറ്റവും നല്ല മാമ്പഴം നോക്കി പറിച്ചു തരും. എന്നിട്ടുപറയും അപ്പച്ചന് കൊണ്ടുപോയി കൊടുക്കാൻ അടുത്തത് പറിച്ചിട്ടിട്ടു അമ്മയ്ക്കു കൊണ്ടുപോയി കൊടുക്കാൻ പറയും. പിന്നീട്ട് ഊഴമനുസരിച്ച് ഞങ്ങൾക്കും പറിച്ചുതരും. പിന്നീടേ സ്വന്തംകാര്യംനോക്കൂ''. ഇത്രയുംപറഞ്ഞപ്പോഴേക്കും ആ വല്യമ്മച്ചിയുടെ തൊണ്ട ഇടറി ആ കണ്ണുകളിൽ നിന്ന് കണ്ണുനീർ ത്തുള്ളികൾ ഇറ്റിറ്റുവീണു അറിയാതെ തേങ്ങിപ്പോകുന്നു.

ആ വല്യമ്മച്ചി ഒരു സംഭവും കൂടി ഓർമ്മയുടെ അറയിൽ നിന്ന് പുറത്തെടുത്തു. സൺഡേ സ്ക്കൂളിൽ പഠിക്കുന്ന കാലത്ത് ഒരു ദിവസം ക്ലാസ്സുകഴിഞ്ഞതിനുശേഷം കുറച്ചു കുട്ടികൾ കൂടി വേലിയരുകിൽ നിന്ന് ഒരു തരം കിഴങ്ങ് (താന്തോന്നി കിഴങ്ങ്) പറിച്ചു തിന്നുകയുണ്ടായി. പക്ഷേ നമ്മുടെ പൗലോസ് ഒട്ടും തന്നെ തിന്നാതെ കിട്ടിയ പങ്ക് അപ്പച്ചനും അമ്മയ്ക്കും കൊടുക്കുവാനായി വീട്ടിലേക്കു കൊണ്ടു വന്നു. വീട്ടിൽ വന്ന് കിഴങ്ങ് ഓരോരുത്തർക്കുമായി പങ്കുവച്ചീട്ടു തന്റെ പങ്കു തിന്നു. കിഴങ്ങ് തിന്നവർക്കെല്ലാം ഛർദ്ദിയും വയറ്റിളക്കവും ആരംഭിച്ചു. വീട്ടുകാരെല്ലാം പരിഭ്രമിച്ച് അന്വേഷണമായി. കുട്ടികളിൽ ആരൊക്കെയോ ഒരു വിധം പറഞ്ഞൊപ്പിച്ചു ''അച്ചന്റേടത്തെ പൗലോസ്കൊണ്ടുപോയിട്ടുണ്ട് അവിടെ കാണും.'' വീട്ടുകാർ വീട്ടിൽ അന്വേഷിച്ചെത്തി. അപ്പച്ചനും അമ്മയ്ക്കുമായി മാറ്റിവച്ചിരുന്ന താന്തോന്നി കിഴങ്ങ് കണ്ട് വന്നവർ കാര്യം മനസ്സിലാക്കി. ചികിത്സനടത്തി. പെട്ടെന്ന് ചികിത്സിക്കാനായതുകൊണ്ട് എറെ ബുദ്ധിമുട്ടുകളൊന്നും ഉണ്ടായില്ല. ആ കുരുതൽ - പങ്കുവയ്ക്കൽ- എത്രയോ പേരുടെ ജീവൻ രക്ഷിച്ചുവെന്നോ ?

ബാവായുടെ കുടുംബാംഗങ്ങളിൽ പരേതനായ ശ്രീ മാണിയാറ വറുഗീസിന്റെ സഹധർമ്മിണി ശ്രീമതി മേരിവറുഗീസും, പെങ്ങാമുക്ക് ഹൈസ്ക്കൂൾ ഹെഡ്മിസ്ട്രസ്സ് എന്ന നിലയിൽ റിട്ടയർ ചെയ്ത ശോശാമ്മ ചുമ്മാറും മാത്രമേ ഇന്ന് ജീവിച്ചിരിപ്പുള്ളു. തങ്ങളുടെ സഹോദരൻ ഉയർച്ചയുടെ പടവുകൾ ഒന്നൊന്നായി പിന്നിടുമ്പോൾ കൂടെ നിന്ന്

സന്തോഷാശ്രുക്കൾ പൊഴിച്ചിട്ടുള്ള അവർ രണ്ടുപേരും സ്വസഹോദരന്റെ മൃതദേഹം കല്ലറയിലേയ്ക്ക് ഇറക്കിവയ്ക്കുമ്പോൾ വിങ്ങിപ്പൊട്ടി കരഞ്ഞുകൊണ്ട് അടുത്തുതന്നെ ഉണ്ടായിരുന്നു.

ആ അനുഗൃഹീത കുടുംബത്തിൽ നിന്ന് ആദ്യം കർത്തൃ സന്നിധിയിലേക്ക്‌യാത്രയായത് ബാവായുടെ ഇളയ സഹോദരനായ പി.ജെ. മാത്യുവാണ്. 1945-ൽ ഫെബ്രുവരി 3-ന് എറണാകുളത്ത് ഇപ്പോൾ പ്രാക്ടീസ് ചെയ്യുന്ന പ്രശസ്ത ആഭിഭാഷകൻ ശ്രീ. ഇ. വി. ഏബ്രഹാം ശ്രീ. പി.ജെ. മാത്യുവിന്റെ സഹപാഠിയായിരുന്നു. മറ്റുള്ളവർക്കെല്ലാം തങ്ങളുടെ സഹോദരൻ മേലധ്യക്ഷനായി കാണുന്നതിനും ഭാഗ്യമുണ്ടായി. മാതാപിതാക്കൾക്കൊപ്പം ആ സന്തോഷത്തിൽ അവർ പങ്കാളികളായി. ശ്രീമതി ശൈനോ മൈക്കിൾ 1955 ഡിസംബർ 10-ലും, ജ്യേഷ്ഠനായ ശ്രീ. പി.ജെ. കുര്യാക്കോസ് 1976 മാർച്ച് 25-ലും, ശ്രീ. പി.ജെ. തോമസ് 1982 ഒക്ടോബർ 30-ലും, ശ്രീമതി എലിസബത്ത് ഇട്ടൂപ്പ് 1992 മെയ് 26-ലും കർത്തൃസന്നിധിയിലെത്തി.


തന്റെ വാത്സല്യനിധിയായ പുത്രൻ കണ്ടനാട് ദ്രോസന മെത്രാപ്പോലീത്തയായി സ്ഥാനമേറ്റെടുത്ത് ഭക്തജനങ്ങളുടെ ആരാധ്യനായ ഇടയനായിത്തീർന്നത് കൺകുളിർക്കെ കണ്ടതിനുശേഷം മല്പാനും പുരോഹിതശ്രേഷ്ഠനുമായ ബഹു. ജോസഫ് അച്ചൻ തന്റെ ദൈവിക വേല പൂർത്തിയാക്കി 1955 ജൂലൈ 11-ന് കാലയവനികയ്ക്കുള്ളിൽ മറഞ്ഞു. മക്കളുടെ ഉയർച്ചയിൽ അഭിമാനം കൊണ്ട മാതാവ് 1967-ജൂൺ 6-ന് തന്റെ നാഥന്റെ പക്കലെത്തിച്ചേർന്നു. ''ഇസ്രായേലിന്റെ നന്മ''യെ ദർശിച്ച സുകൃതികളായ മാതാപിതാക്കന്മാരുടെ ധന്യമായ കുടുംബം.

.....o Q o.....


അദ്ധ്യായം 3

വിദ്യാഭ്യാസവും ദൈവ വിളിയും

ബാവായുടെ വിദ്യാഭ്യാസകാലം സംഭവ ബഹുലമൊന്നുമായിരുന്നില്ല. ചെറായി രാമവർമ്മ യൂണിയൻ ഹൈസ്ക്കൂളിലാണ് അദ്ദേഹം പഠിച്ചത്. ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സിന്റെ സമുന്നത നേതാവും രാഷ്ട്രീയത്തിലെ കറകളഞ്ഞ വ്യക്തിത്വത്തിനുടമയും തികഞ്ഞ ഗാന്ധിയനുമായ ശ്രീ. കെ. സി. എബ്രഹാം മാസ്റ്ററായിരുന്നു പ്രധാന അദ്ധ്യാപകൻ. ആ മഹാനായ പ്രധാനാദ്ധ്യാപകന്റെ സ്നേഹ വാത്സല്യങ്ങളും ആവോളം നുകരുവാൻ വത്സലശിഷ്യനു കഴിഞ്ഞു. മഹത്വത്തിന്റെ ലക്ഷണങ്ങളും കണ്ടറിഞ്ഞ അദ്ധ്യാപകരും പ്രോത്സാഹിപ്പിച്ചു. സഹപാഠികൾക്കും ഇദ്ദേഹം പ്രിയങ്കരനായിരുന്നു.



ശ്രേഷ്ഠ ബാവാ പൗലോസ് കശീശ ആയിരുന്നപ്പോൾ (1945)



ശ്രേഷ്ഠ കാതോലിക്കാ ബാവാ റമ്പാനായിരുന്നപ്പോൾ

ഇക്കാലത്തുതന്നെ സ്വപിതാവിൽ നിന്ന് സുറിയാനി ഭാഷവശമാക്കിയിരുന്നു. പിതാവിന്റെ വഴിത്താര പിന്തുടരുവാൻ ഏറെ താല്പര്യവും പ്രകടിപ്പിച്ചിരുന്നു. ദൈവനിയോഗം വന്നു പതിച്ചത് ആനുഗ്രഹങ്ങളുടെ ഉറവിടമായ അന്ത്യോഖ്യാസിംഹാസനത്തിൽ നിന്നു തന്നെയാണ്. സംഭവം ഇപ്രകാരമാണ്:- 1931-ൽ പരി. ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് ബാവാ മലങ്കരയിൽ വന്ന്, ആലുവാ തൃക്കുന്നത്തു സെമിനാരിയിൽവിശ്രമിച്ചുകൊണ്ടിരിക്കെ, ബഹു. ജോസഫ്അച്ചൻതന്റെ മൂത്തമകനായ പി.ജെ. കുര്യാക്കോസിനെയും തൃതീയപുത്രനായ പി.ജെ. പൗലോസിനെയും കൂട്ടിക്കൊണ്ട് ബാവായെ കാണുവാൻ ചെന്നു. തത്സമയം ബാവാ സുറിയാനിയിൽ തന്റെ മക്കളിൽ ആരെയെങ്കിലും ദൈവവേലയ്ക്ക് സമർപ്പിച്ചിട്ടുണ്ടോ'' എന്നു ചോദിച്ചു. മൂത്തമകനെയാണ് അതിനുദ്ദേശിക്കുന്നതെന്ന് അച്ചൻ ബാവായോടുണർത്തിച്ചു. പരി. പാത്രിയർക്കീസ് ബാവാ രണ്ടുപേരെയും മാറി മാറി നോക്കി. എന്നിട്ട് ഇളയ മകനെ ചൂണ്ടിക്കൊണ്ട് ''ഇവൻ താൻ ദൈവത്താൽ വിളിക്കപ്പെട്ടവൻ'' എന്നരുളിച്ചെയ്തു. പിന്നീട് അദ്ദേഹം തന്റെ പെട്ടിതുറന്ന് ഒരു സുറിയാനി പുസ്തകം ആ ബാലനു നൽകി. '' നീ ഇതു കൊണ്ടുപോയി അപ്പച്ചനോടു ചോദിച്ച് പഠിക്ക്. ഞാൻ ഇപ്പോഴത്തെ യാത്രയുടെ തിരക്കുകഴിഞ്ഞ് ചെറായിയിൽ വരുമ്പോഴം പട്ടം തരാം'' എന്നു കല്പിച്ചു. ഈ സംഭവമാണ് ശെമ്മാശ്ശു പട്ടം സ്വീകരിക്കുവാൻ പ്രേരകമായിത്തീർന്നത്. പരി. പാത്രിയർക്കീസ് ബാവാ 1932 ഫെബ്രുവരി 13-ാം തീയതി മഞ്ഞിനിക്കര (ഓമല്ലൂർ)വച്ചു കാലം ചെയ്തു. ചെറായി രാമവർമ്മ യൂണിയൻ ഹൈസ്ക്കൂളിൽനിന്ന്ഹൈസ്ക്കൂൾവിദ്യാഭ്യാസംപൂർത്തിയാക്കിയപി.ജെ. പൗലോസ്, 1933-ൽകോട്ടയംവലിയപള്ളിയിൽവച്ച്അന്ത്യോഖ്യാപ്രതിനിധി ഏലിയാസ്മാർയൂലിയോസ്ബാവായിൽനിന്ന്ശെമ്മാശ്ശുപട്ടംസ്വീകരിച്ചു. കോട്ടയം സി.എം.എസ്. കോളേജിൽ നിന്ന് ഇൻറർമീഡിയറ്റും, ആലുവായു.സി.കോളേജിൽ നിന്ന് ബി.എ. ബിരുദവും സമ്പാദിച്ചു. പ്രശസ്തഗാന്ധിയനും സർവ്വോദയ നേതാവും മദ്യവർജ്ജന പ്രസ്ഥാനത്തിന്റെ തലതൊട്ടപ്പനും ആയിരുന്ന പ്രൊഫ. എം.പി.മന്മഥൻ അണ്ണയു.സികോളേജിൽസതീർത്ഥ്യനായിരുന്നു. 1938-ൽമാർയൂലിയോസ് ബാവായിൽ നിന്ന് കശ്ശീശ്ശാപട്ടം സ്വീകരിച്ചു, ഇടവക വികാരിയായി സിലോൺ, മദ്രാസ്, ബ്രഹ്മവാർ (മൈസൂർ) തിരുവനന്തപുരം, പൊൻകുന്നം, പാറത്തോട് എന്നിവിടങ്ങളിലെ പള്ളികളിൽ പ്രശംസാർഹമായ സേവനം അനുഷ്ഠിച്ചു. ''സമാധാനമുണ്ടാക്കുന്നവർ ഭാഗ്യവാന്മാർ, അവർ ദൈവത്തിന്റെ മക്കളം എന്നു വിളിക്കപ്പെടും'' എന്ന തിരുവചനം അക്ഷരത്തിലും അർത്ഥത്തിലും പ്രാവർത്തീകമാക്കിയ ഈ വൈദിക

ശ്രേഷ്ഠൻ ഇടവകക്കാരുടെ സ്നേഹാദരങ്ങൾ എപ്പോഴും പിടിച്ചു പറ്റിയിരുന്നു. ഏതു കുഴഞ്ഞു മറിഞ്ഞപ്രശ്നമായാലും ഏളുപ്പത്തിൽ പരിഹരിച്ചിരുന്ന ഈ പുരോഹിത ശ്രേഷ്ഠൻ പ്രാർത്ഥനയിലൂടെ അതിന് പരിഹാരം കണ്ടെത്തി. അദ്ദേഹത്തിന്റെ ലളിത വേഷവും, ജീവിതവും സ്നേഹം നിറഞ്ഞ വാക്കുകളും ഏവരിലും സ്നേഹാദരവുകൾ ഉളവാക്കി. തങ്ങളുടെ ആത്മീയ നേതാവ് വിശുദ്ധിയാർന്ന ജീവിതം നയിക്കുന്നതായി ഇടവക ജനങ്ങൾക്ക് ബോദ്ധ്യപ്പെട്ടു. കർത്തൃവചനം അനുസരിച്ച് ജീവിക്കുന്നതിൽ മാത്രമല്ല അത് പ്രഘോഷിക്കുന്നതിലും അദ്ദേഹം മുന്നിലായിരുന്നു. കാടും മേടും നിറഞ്ഞ സ്ഥലങ്ങളായാൽപ്പോലും അവിടങ്ങളിലെല്ലാമെത്തി വചന പ്രഘോഷണത്തിന് അദ്ദേഹം സമയം കണ്ടെത്തിയിരുന്നു. ചുരുങ്ങിയ കാലം കൊണ്ട് സ്വപിതാവിനെ പോലെ മികച്ച വാഗ്മിയായി അദ്ദേഹം അംഗീകരിച്ചാദരിക്കപ്പെട്ടു. സുറിയാനിയിൽ നേടിയിരുന്ന പാണ്ഡിത്യം അദ്ദേഹത്തെ ഒരു മല്പാന്റെ നിലയിലേക്കുയർത്തി. സംസ്കൃതം ഇംഗ്ലീഷ് ഈ ഭാഷകളിലുള്ള പാണ്ഡിത്യവും ഒരു മുതൽ കൂട്ടായി. ഭഗവത് ഗീത, നീതിസാരം കാളിദാസകൃതികൾ എന്നിവയിൽ നിന്നുള്ള ഉദ്ധരണികൾ, ഷേക്സ്പീയർ, മിൽട്ടൻ, ഷെല്ലി, കീറ്റ്സ് എന്നിവരുടെകവിതാഭാഗങ്ങളോടൊപ്പം ആനാവിൽനിന്ന് അനർഗ്ഗളം പ്രവഹിച്ചിരുന്നു. വള്ളത്തോൾ, ഉള്ളൂർ, ആശാൻ, ചങ്ങമ്പുഴ, മേരി ജോൺതോട്ടം എന്നിവരുടെ കവിതകളും കൂടിയായപ്പോൾ ഈ കൊച്ചച്ചന്റെ പ്രസംഗം ഒരു സാഹിത്യ സദ്യ തന്നെയായിരുന്നു. വി. ബൈബിളിൽ നിന്നുള്ള തിരുവചനങ്ങളും സംഭവങ്ങളും യഥോചിതം പ്രയോഗിച്ചു കൊണ്ടുള്ള ആ പ്രസംഗം കേൾവിക്കാരിൽ ഒരു പുതിയ അനുഭൂതി തന്നെയുളവാക്കി. ഓരോപ്രസംഗവും ഒരു പുതിയ അനുഭവം തന്നെയായിട്ടാണ് ശ്രോതാക്കൾക്ക് അനുഭവപ്പെട്ടത്.

മെത്രാപ്പോലീത്തയായപ്പോഴും ശ്രേഷ്ഠകാതോലിക്കാ ബാവായായപ്പോഴും വാഗ്മിയെന്ന നിലയിലുള്ള ആ കഴിവ് ക്രമപ്രവൃദ്ധമായി ക്കൊണ്ടിരുന്നതേയുള്ളു. ആർജ്ജവം, ആത്മാർത്ഥത എന്നിവ ആ വാക്കുകളിൽഓളംവെട്ടുന്നതായിശ്രോതാക്കൾക്കനുഭവപ്പെട്ടു. അത്അവരെ ബാവായുമായി ഗാഢമായി അടുപ്പിച്ചു.

പാറത്തോട് സെൻറ് ജോർജ്ജ് പള്ളി വികാരിയായിരിക്കെ മാർയൂലിയോസ് ബാവാ ഇദ്ദേഹത്തെ മഞ്ഞനിക്കര ദയറായിലെ മല്പാനും തന്റെ സെക്രട്ടറിയുമായി നിയമിച്ചു. ഇക്കാലത്താണ് ക്നാനായ ഭദ്രാസനമെത്രാപ്പോലീത്തയും ഇപ്പോൾ കിഴക്കിന്റെ വലിയ മെത്രാപ്പോലീത്തായുമായിരിക്കുന്ന അഭി. എബ്രാഹാം മാർക്ലീമ്മിസ്

മെത്രാപ്പോലീത്തായെ സുറിയാനി ഭാഷ പഠിപ്പിക്കുവാൻ അവസരം ലഭിച്ചത്.

അക്കാലത്തെ ഒരു സംഭവം പ്രത്യേക പരാമർശിക്കേണ്ടതാണ്. ബാവായുടെ ഇളയ സഹോദരൻ, രോഗിയായി അത്യാസന്ന നിലയിൽ കിടക്കുകയായിരുന്നു. ഒരു ദിവസം മാർ യൂലിയോസ് ബാവാ ബഹു. അച്ചനോട് പൊൻകുന്നം പള്ളിയിൽ പോയി വി. കുർബ്ബാന അർപ്പിക്കുവാൻ കല്പിച്ചു. വളരെ വിനയത്തോടെ ബഹു. അച്ചൻ ഇപ്രകാരം ഉണർത്തിച്ചു; ''തിരുമേനി, ഞാൻ എന്റെ അനുജൻ, മാത്യു മരിച്ചുപോയെന്നു സ്വപ്നം കണ്ടു. അതുകൊണ്ട് എനിക്ക് ചെറായിക്ക് പോയാൽ കൊള്ളാം''. ഇതുകേട്ട യൂലിയോസ് ബാവാ അച്ചനെ കളിയാക്കി '' സ്വപ്നമോ? അതു നമുക്ക് പറഞ്ഞിട്ടുള്ളതല്ല. താൻ പോയി വി. കുർബ്ബാന അർപ്പിക്കൂ'' യൂലിയോസ് ബാവാ കല്പിച്ചു. ആ കല്പന അനുസരിച്ച് ബഹു പൗലോസ് അച്ചൻ പൊൻകുന്നത്തേക്കു യാത്രയായി. പക്ഷേ വി.കുർബ്ബാന മുഴുവനാക്കുന്നതിനുമുമ്പ് ചെറായിയിൽ നിന്ന് അനുജൻ മരിച്ചു എന്ന ദുഃഖസന്ദേശം മഞ്ഞനിക്കര ദയറായിലെത്തി. തൽക്ഷണം പൊൻ കുന്നത്തു ആഠം പോയി പൗലോസ് അച്ചനെ കൂട്ടിക്കൊണ്ടു വന്നു. യൂലിയോസ് ബാവാ ആന്ന് കല്പിച്ചു. ''എടോ! താൻഒരു ദിവ്യദൃഷ്ടിയുള്ളയാളാണല്ലോ എനിക്കു തെറ്റു പറ്റി. തന്റെ സഹോദരൻ മരിച്ചു. താൻ എത്രയും വേഗം ചെറായിലെത്തി തന്റെ പിതാവിനെ ആശ്വസിപ്പിച്ച്. എന്റെ ആഗാധമായ ദുഃഖം അറിയിക്കുക'' ബാവാ ഒരു ശെമ്മാശ്ശനെയും കൂടെ വിട്ടു.

.....o Q o.....

അദ്ധ്യായം 4

മെത്രാൻ സ്ഥാനലബ്ധി

പുണ്യശ്ലോകനായ ആലുവായിലെ പൗലോസ് മാർ അത്താനാസ്യോസ് വലിയ തിരുമേനി മലങ്കരമെത്രാപ്പോലീത്താ സ്ഥാനത്തിനുപുറമേ അങ്കമാലി, കണ്ടനാട്, കൊച്ചി എന്നീ ഭദ്രാസനങ്ങളുടെ ഭരണസാരഥ്യവും വഹിച്ചുവരുകയായിരുന്നു. ''പരിപാകതയുള്ള മേൽപട്ടക്കാരനും സാക്ഷ്യം പ്രാപിച്ചവനും'' എന്ന് പരി.അപ്രേം പ്രഥമൻ പാത്രിയർക്കീസ് ബാവായാൽ പ്രകീർത്തിക്കപ്പെട്ട പ്രാർത്ഥനയും കണ്ണുനീരും മാത്രം കൈമുതലായുണ്ടായിരുന്ന ആ വലിയ തിരുമേനി വാർദ്ധക്യത്തിൽ തനിക്ക് ഭരണത്തിൽ സഹായികം വേണമെന്നുള്ള ആഗ്രഹത്തോടുകൂടി പുതിയ മെത്രാപ്പോലീത്തമാരെ വാഴിച്ചു കിട്ടുവാൻ നടത്തിയ ശ്രമത്തിന്റെ ഫലമായി വൈലിപ്പറമ്പിൽ തോമസ് വരുഗീസ് അച്ചനെ ഗീവറുഗീസ് മാർ

ഗ്രീഗോറിയോസ് എന്ന പേരിൽ അങ്കമാലി ഭദ്രാസന സഹായ മെത്രാപ്പോലീത്തായായും ചെറായി മുളയിരിക്കൽ പൗലോസ് റമ്പാച്ചനെ പൗലോസ് മാർ സേവേറിയോസ് എന്നപേരിൽ കൊച്ചി ഭദ്രാസന മെത്രാപ്പോലീത്തായായും 1946 കർക്കടകം 2-ാം തീയതി ഹോംസിൽ വച്ച് പരി. അപ്രേം പ്രഥമൻ പാത്രിയർക്കീസ് ബാവാ വാഴിച്ചാക്കി. 1951 ഏപ്രിൽ 15-ാം തീയതി റാന്നിവയലാ എം.എ.ഏബ്രഹാം കശ്ശീശാ എബ്രാഹാം മാർ ക്ലീമീസ് എന്ന നാമത്തിൽ കനാനായ ഭദ്രാസനത്തിനുവേണ്ടിയും വാഴിക്കപ്പെട്ടു. വലിയതിരുമേനിയുടെ അനാരോഗ്യത്തെതുടർന്ന് കണ്ടനാട് ഭദ്രാസനത്തിന് ഒരു പുതിയ മെത്രാപ്പോലീത്തായെ വാഴിക്കാനുള്ള ശ്രമവും ആരംഭിച്ചു. 1952 ഏപ്രിൽ 25-ന് ആലുവാ തൃക്കുന്നത്തു സെമിനാരിയിൽ വച്ച് കണ്ടനാട് ഭദ്രാസനപള്ളി പ്രതിപുരുഷയോഗം നടന്നുവെരി. റവ.ഡോ. കടവിൽപോൽ റമ്പാച്ചൻ, ചീതാർ കുഴി ബഹു. സി. എം. തോമസ്സ് അച്ചൻ , ബഹു. പി.ജെ. പൗലോസ് അച്ചൻ എന്നിവരായിരുന്നു സ്ഥാനാർത്ഥികൾ. ബഹു: തോമസ് അച്ചൻ പിന്മാറിയതിനെ തുടർന്ന് നടന്ന വോട്ടെടുപ്പിൽ ബഹു: പൗലോസ് അച്ചൻ ബഹുഭൂരിപക്ഷത്തോടെ മെത്രാപ്പോലീത്താ സ്ഥാനത്തേക്ക് തെരഞ്ഞെടുക്കപ്പെട്ടു.

ഈനിയുക്തമെത്രാനെ കോട്ടയം തിരുനക്കര മൈതാനത്തിനടുത്തുവച്ച് കണ്ട കാര്യം ബാർ ഈത്തോ ബ്രീറോ ഡോ. ബാബുപോൾ ഐ.എ.എസ്. അനുസ്മരിക്കുന്നതു ഇപ്രകാരമാണ്. ''കണങ്കാലിലെത്താത്ത കാൽക്കുപ്പായം, ഉടഞ്ഞതും ഒന്നോ രണ്ടോ തുന്നൽ ഉള്ളതുമായ കമ്മീശ്, തലയിൽ തൊപ്പി, കക്ഷത്തിൽ കാലൻ കുട, കാലിൽ വള്ളിച്ചെരിപ്പ്, ഒരു പത്തു വയസ്സുകാരന് ''സൈറ്റലുപോരെ''ന്നു തോന്നത്തക്കവിധം അത്ര ലളിതമായിരുന്നു നിയുക്തമെത്രാന്റെ വേഷം. കോറൂസോ ദസറോ പി.എ. പൗലോസ് കൊറെപ്പിസ്ക്കോപ്പയാണ് തന്റെ മകനെ ദാസ വേഷം ധരിച്ച യേശുവിന്റെ അനുകാരിയും അനുഗാമിയുമായ ഈ മഹത് വ്യക്തിയെ കാണിച്ചുകൊടുത്തത്. ഈ മഹാത്മാവിന്റെ ധന്യജീവിതം കണ്ടറിയാൻ ഡോ. ബാബുപോളിന് പിന്നീടു കഴിഞ്ഞു.

1952 സെപ്റ്റംബർ 14-ാം തീയതി പരി. അന്ത്യോഖ്യാ പ്രതിനിധി ഏലിയാസ് മാർയൂലിയോസ് ബാവായുമൊരുമിച്ച് മേൽപ്പട്ടം ഏൽക്കുന്നതിനായി ബഹു. പൗലോസ് അച്ചൻ അന്ത്യോഖ്യാ യിലേക്ക് യാത്രയായി. യാത്രപുറപ്പെടും മുമ്പ് ഏറെ സന്തോഷത്തോടെയും ദീർഘയാത്രയായതുകൊണ്ട് മനഃക്ലേശത്തോടെയും വന്ദ്യപിതാവ് മകന്റെ കൈപിടിച്ചു മാർയൂലിയോസ് ബാവായെ ഏല്പിച്ച ഉടനെ യൂലിയോസ് ബാവാ '' നാം കൊണ്ടുപോകും- നാം കൊണ്ടുവരും, പ്രാർത്ഥനയോടെ കാത്തിരിക്കുക'' എന്നു പറഞ്ഞു പൗലോസ് അച്ചനെയും കൊണ്ട് യാത്ര

തിരിച്ചു. ദൈവഹിതം നിറവേറുകയും ചെയ്തു.

1952 ഒക്ടോബർ 19-ന് ഹോംസിൽ വച്ച് പരി. അപ്രേം പ്രഥമൻ പാത്രിയർക്കീസ്ബാവാപൗലോസ്അച്ചനെറമ്പാനായുംതുടർന്ന്പൗലോസ് മാർ പീലക്സിനോസ് എന്ന നാമത്തിൽ കണ്ടനാട് ഭദ്രാസനത്തിന്റെ മെത്രാപ്പോലീത്തായായും വാഴിച്ചു. അഭി. തിരുമേനി 1953 ജനുവരി 13-ന് ആലുവാ തൃക്കുന്നത്ത് സെമിനാരിയിലെത്തി.

മെത്രാച്ചൻ ആലുവായിൽ എത്തിയ സമയം പുണ്യശ്ലോകനായ പൗലോസ് മാർ അത്താനാസ്യോസ് തിരുമേനി ക്ഷീണിതനായി കിടപ്പിലായിരുന്നു. അദ്ദേഹം എഴുന്നേറ്റിരുന്ന് പുതിയ മെത്രാപ്പോലീത്തായെ വാത്സല്യത്തോടെ കെട്ടിപ്പിടിച്ച് അശ്ലേഷിച്ചു. എന്നിട്ട് ഇപ്രകാരം അരുളിച്ചെയ്തു ''ഒരു കുത്തഴിഞ്ഞഭരണചുമതലയാണ് തന്നെ നാം ഭരമേല്പിക്കുന്നത്, അത് അടുക്കും ചിട്ടയുമായി ഭരിക്കുവാൻ തനിക്ക് ഉടയതമ്പുരാൻ ശക്തി നൽകട്ടെ'' സ്നേഹധനനായ ആ മഹർഷി പൊട്ടിക്കരഞ്ഞുകൊണ്ടാണ് ആ അനുഗ്രഹവാക്കുകൾ അവസാനിപ്പിച്ചത്. സ്നേഹവും സന്തോഷവും ദൈവത്തിന്റെ അളവറ്റ കരുണയിലുള്ള ആശ്വാസവുമാണ് ആ വാക്കുകളിൽ പ്രകടമായത്.

പിന്നീട് കണ്ടനാട് പള്ളിയിലേയ്ക്കുള്ള എതിരേല്പാണ് നടന്നത്. നാലുകുതിരകളെ പൂട്ടിയ രഥത്തിലാണ് പുതിയ മെത്രാപ്പോലീത്തായും, കൊച്ചി ഭദ്രാസനമെത്രാപ്പോലീത്താ മുളയിരിക്കൽ പൗലോസ് മാർ സേവേറിയോസ് മെത്രാപ്പോലീത്തായും യാത്ര ചെയ്തത്. രാജകീയ വരവേല്പാണ് ചരിത്ര പ്രസിദ്ധമായ കണ്ടനാടു പള്ളിയിൽ മെത്രാപ്പോലിത്താമാർക്ക് നൽക്കിയത്. തിരുവാങ്കുളം മുതൽ കണ്ടനാടു വരെവഴിയുടെഇരുവശങ്ങളിലും ആബാലവൃദ്ധംജനങ്ങൾതിങ്ങിനിറഞ്ഞു നിന്നാണ് തങ്ങളുടെ ഇടയന്മാരെ എതിരേറ്റത് നാനാജാതി മതസ്ഥരും ചടങ്ങുകളിലല്ലാം പങ്കുകൊണ്ടു ഹർഷപുളകിതരായി ചടങ്ങുകളിൽ പങ്കെടുത്തവരെല്ലാം ധന്യരായിത്തീർന്നു വെന്നുതോന്നിയ നിമിഷം.

അഭി. പീലക്സിനോസ് തിരുമേനി പഠിച്ചിരുന്ന ചെറായി രാമവർമ്മ യൂണിയൻഹൈസ്ക്കൂളിലാണ്അടുത്തഎതിരേൽക്കൽഉണ്ടായത്.ചെറായി പ്രദേശമാകെ ഉത്സവപ്രതീതിയിലായി. തങ്ങളുടെ സ്ക്കൂളിന് കിട്ടിയ ഈ അസുലഭ ഭാഗ്യം കൈമെയ് മറന്ന് ആഘോഷിക്കുവാൻ തട്ടേശീയരും അദ്ധ്യാപകരും കുട്ടികളും പൂർവ്വവിദ്യാർത്ഥികളും തയ്യാറായി. അന്നും പ്രധാനാദ്ധ്യാപകൻ പഴയ ഗുരുശ്രേഷ്ഠൻ തന്നെ - പിന്നീട് ആന്ധ്രാ ഗവർണ്ണരായിനിസ്തുലസേവനംഅനുഷ്ഠിച്ചയശശ്ശരീരനായ ശ്രീ.കെ.സി. എബ്രഹാം മാസ്റ്റർ കൊച്ചുക്കൻ എന്ന ഓമനപ്പേരിലും അറിയപ്പെടുന്ന

അയ്യംപിള്ളി പാതിയിൽ ശ്രീ. കെ.സി. എബ്രഹാം തിരുകൊച്ചി നിയമസഭയുടെ സ്പീക്കറും പ്രഗല്ഭനായ പാർലമെന്റേറിയനും, കേന്ദ്രമന്ത്രിയും, അബാസിഡറും, ഖാദി കമ്മീഷൻ ചെയർമാനും, എന്ന നിലയിലൊക്കെ സർവരാലും ആദരിക്കപ്പെടുന്ന ശ്രീ. എ.എം. തോമസും അന്ന് പ്രസംഗമദ്ധ്യേ അലങ്കാരിക പ്രയോഗങ്ങളോടെ പ്രസ്താവിച്ച ഇക്കാര്യം ചിന്താമധുരം തന്നെ. ധാരാളം നാളികേരമുള്ള ചെറായി ദേശത്തുനിന്ന് ഒരു നാളികേരം കൊണ്ടുവന്ന് കല്പ്രദേശമായ കോട്ടയം പട്ടണത്തിൽ നട്ടു നനച്ചു വളർത്തി, കരിക്കും കരിക്കിൻ കുലകളുമായി ആസ്വദിക്കാറായപ്പോഴേക്കും കണ്ടനാട് ഇടവകക്കാർ അതിനെ തട്ടിപ്പറിച്ചു കൊണ്ടുപോയി''. ഏറെ സന്തോഷഭരിതനായിട്ടായിരിക്കണം അദ്ദേഹം അങ്ങനെ പറഞ്ഞത്. കാരണം അദ്ദേഹം കണ്ടനാട് ഇടവകക്കാരൻ തന്നെ; ദൈവത്തിൽ നിന്നുള്ള ആ വരദാനത്തിന്റെ മഹത്വം അന്നേ അദ്ദേഹം മനസ്സിലാക്കിയല്ലോ.

തന്റെ കണ്ണുനീരുകൊണ്ട് മലങ്കര സഭയെ നനച്ചു വളർത്തിയ താപസശ്രേഷ്ഠനും പ്രാർത്ഥന നിരതനും, സ്നേഹസമ്പന്നനുമായ പൗലോസ്മാർ അത്താനാസ്യോസ് തിരുമേനി 1953 ജനുവരി 25-ാം തീയതി വെളുപ്പിന് 3.55ന് തന്റെ നാഥന്റെ അരികിലേക്ക് യാത്രയായി. തിരുമേനി നേരത്തെ കാണിച്ചുകൊടുത്തിരുന്ന സ്ഥലത്ത് - തൃക്കുന്നത്തുസെമിനാരി പ്പള്ളിയിൽ ആ മഹാസിദ്ധൻ കബറടക്കപ്പെട്ടു. വലിയ തിരുമേനിയുടെ 30-ാം ദിവസമടിയന്തരം ഫെബ്രുവരി 23-ാം തീയതി ചരിത്രത്തിൽ ഒരു അവിസ്മരണിയ സംഭവം എന്നതുപോലെ അത്ര വിപുലമായ രീതിയിൽ ആചരിക്കപ്പെട്ടു. നാനാജാതി മതസ്ഥരും അതിൽ സംബന്ധിച്ചിരുന്നു.

പരി. പാത്രിയർക്കീസ് ബാവാ, അങ്കമാലി ഇടവകയുടെ സഹായമെത്രാപ്പോലീത്തയായിരുന്ന മാർ ഗ്രീഗോറിയോസ് തിരുമേനിയെ ഭദ്രാസനമെത്രാപ്പോലീത്തായായി സ്ഥിരപ്പെടുത്തി ക്കൊണ്ടുള്ള കല്പന അയച്ചുതന്നതിന്റെ ഫലമായി മാർ യൂലിയോസ് ബാവായുടെ നേതൃത്വത്തിൽ സുന്ത്രോണീസോ നടത്തുകയും ചെയ്തു.

അന്തോഖ്യാ പ്രതിനിധി ഏലിയാസ് മാർ യുലിയോസ് ബാവാ, മിഖായേൽ മാർ ദീവന്നസ്യോസ് മെത്രാപ്പോലീത്താ, ഗീവറുഗീസ് മാർഗ്രീഗോറിയോസ് മെത്രാപ്പോലീത്താ, പൗലോസ് മാർ സേവേറിയോസ് മെത്രാപ്പോലീത്താ, എബ്രഹാം മാർ ക്ലീമിസ് മെത്രാപ്പോലീത്താ, പൗലോസ് മാർപീലക്സിനോസ്മെത്രാപ്പോലീത്താഎന്നിവരുടെനേതൃത്വത്തിൽസഭാ നൗക മുന്നോട്ട് കുതിച്ച് പോയികൊണ്ടിരുന്നു.

അഭി. പീലക്സിനോസ് തിരുമേനിക്ക് നാടെങ്ങും സ്വീകരണങ്ങളും നൽകപ്പെട്ടു. എല്ലായിടത്തും ഭക്തി നിർഭരമായ രീതിയിൽ ആഘോഷ

ച്ചടങ്ങുകളും നടത്തി സഭാമക്കളും പരി. അന്ത്യോഖ്യാസിംഹാസനത്തോടും അഭിനവ മെത്രാപ്പോലീത്തായോടുമുള്ള ഭക്ത്യാദരവുകളും പ്രകടമാക്കി. കൊടി തോരണങ്ങളാൽ വീഥികളും അലങ്കരിച്ചും ആശംസാഗീതങ്ങളും അലപിച്ചും, മംഗളപത്രം നൽകിയും ആഘോഷച്ചടങ്ങുകളും വിപുലമാക്കിയും തങ്ങളുടെ ഇടയന് സ്വീകരണം ഒരുക്കുന്നതിൽ പരസ്പരം മത്സരിക്കുകയാണോഎന്നുതോന്നിയിരുന്നു. അത്രയ്ക്കുണ്ടായിരുന്നു ആ സ്വീകരണച്ചടങ്ങുകളുടെ വൈപുല്യം സ്നേഹവും ആത്മാർത്ഥതയും ഭക്ത്യാദരവുകളും അവയിലെല്ലാം ഓളം വെട്ടിയിരുന്നു.

.....o Q o.....

അദ്ധ്യായം 5

ശ്രേഷ്ഠ ഇടയൻ വെല്ലുവിളികളും സുധീരം നേരിടുന്നു

1956 ഒക്ടോബറിൽ എത്യോപ്യൻ ചക്രവർത്തി ഹെയിലിസെലാസി കേരളം സന്ദർശിച്ചു. തദവസരത്തിൽ വലിയതിരുമേനിയുടെ പാവന നാമധേയത്തിൽസ്ഥാപിതമായ കോതമംഗലം മാർ അത്താനേഷ്യസ്കോളേജ് അദ്ദേഹം ഔപചാരികമായി ഉത്ഘാടനം ചെയ്തു. സുറിയാനി സഭയോട് സംബന്ധമുള്ള എത്യോപ്യൻ സഭാംഗമായ ചക്രവർത്തിക്ക്ഒരു മംഗളപത്രവും വായിച്ചു സമർപ്പിക്കുകയുണ്ടായി.

കീറക്കുപ്പായം, കീറപ്പായ, തവിട്ടപ്പം, പച്ചവെള്ളം എന്നിവയിൽ സമൃദ്ധിയും ആശ്വാസവും കണ്ടെത്തിയ സത്യവിശ്വാസസംരക്ഷണത്തിനായി സിംഹം പോലെ ഗർജ്ജിച്ചിരുന്ന, കൊല്ലം, നിരണം, തുമ്പമൺ, കോട്ടയം എന്നീ ഭദ്രാസനങ്ങളുടെ അധിപൻ അഭി.മിഖായേൽ മാർ ദീവന്നാസ്യോസ് തിരുമേനി 1956 ജനുവരി 18-ാംതീയതി കാലം ചെയ്തു പാണമ്പടി പള്ളിയിൽ കബറടക്കപ്പെട്ടു. അഭിവന്ദ്യതിരുമേനി ഭരിച്ചുകൊണ്ടിരുന്ന കോട്ടയം, കൊല്ലം എന്നീ ഭദ്രാസനങ്ങളുടെ ഭരണം മാർ പീലക്സിനോസ് തിരുമേനി ഏറ്റെടുത്തു. നിരണം, തുമ്പമൺ എന്നീ ഭദ്രാസനങ്ങളുടെ ഭരണച്ചുമതല മാർ ഗ്രീഗോറിയോസ് തിരുമേനിയും ഏറ്റെടുത്തു നടത്തി വന്നു.

യഥാർത്ഥ താപസവര്യനായി ജീവിച്ചിരുന്ന, വി. വേദ പുസ്തകം എന്ന ഏക പുസ്തകമാണ് തന്റെ വിദ്യാഭ്യാസം എന്നുതുറന്നു സമ്മതിച്ചിരുന്ന വിനയാന്വിതനും പണ്ഡിതവരേണ്യനുമായ വ.ദി.ശ്രീ. കൊച്ചുപറമ്പിൽ

ഗീവറുഗീസ് റമ്പാച്ചൻ 1957 ഡിസംബർ 30-ന് ദൈവസന്നിധിയിലേക്ക് വാങ്ങിപ്പോയി. മലേക്കുരിശ് ദയറായിൽ അദ്ദേഹം കബറടക്കപ്പെട്ടു. അഭി. പീലക്സിനോസ് തിരുമേനി മലേക്കുരിശ് ദയറായിൽ താമസിച്ചാണ് ഭദ്രാസന ഭരണം നടത്തിയിരുന്നത്. എത്രയും ലളിതമായ ജീവിതം. പ്രാർത്ഥനയിൽ മുഴുകിയ ജീവിതം.

ബഹു. കേരളാ ഹൈക്കോടതിയുടെ നിർദ്ദേശപ്രകാരം മലങ്കരപള്ളി പ്രതിപുരുക്ഷയോഗം വിളിച്ചുകൂട്ടുകയും മലങ്കരമെത്രാപ്പോലീത്താ ട്രസ്റ്റിയായി അഭി. ക്ലീമിസ് തിരുമേനി തെരഞ്ഞെടുക്കപ്പെടുകയും ചെയ്തു. ഈ തെരഞ്ഞെടുപ്പ് പരി. പാത്രിയർക്കീസ് ബാവാ അംഗീകരിക്കുകയും ചെയ്തു. 1958 സെപ്റ്റംബർ 12-ാം തീയതി കാതോലിക്കോസിന് അനുകൂലമായി സമുദായക്കേസിൽ സുപ്രീം കോടതി വിധിയുണ്ടായി. ആരും സഭയ്ക്ക് ഇതരല്ല എന്നാണ് കോടതി വിധിയിലൂടെ വ്യക്തമാക്കിയത്. പരി. പാത്രിയർക്കീസ് ബാവായുടെ കല്പനയനുസരിച്ച് 1958 ഡിസംബർ 16-ാം തീയതി സഭയിലെ ഇരുവിഭാഗവും (പാത്രിയർക്കീസ് വിഭാഗവും കാതോലിക്കോസ് വിഭാഗവും) യോജിപ്പിലെത്തി. പരസ്പരസ്വീകരണ കല്പനയും കൈമാറി. സമാധാനത്തിന്റെ ആത്മാവ് വി. സഭയിൽ വ്യാപരിക്കട്ടെ എന്നുകരുതി പാത്രിയർക്കീസ് വിഭാഗം പല വിട്ടുവീഴ്ചകളും ചെയ്തു. 1958 ഡിസംബർ 26-ാം തീയതി പുത്തൻ കാവ് പള്ളിയിൽ വച്ചു കൂടിയ അസോസിയേഷൻ യോഗത്തിൽ സമാധാനം കൈവരുത്തിയ പരി. പാത്രിയർക്കീസ് ബാവായെ ഒന്നു സ്മരിക്കുകപോലും ചെയ്തില്ല. ട്രസ്റ്റിസ്ഥാനങ്ങൾരണ്ടുംമുമ്പത്തെകാതോലിക്കാവിഭാഗത്തിന്വേണമെന്ന് നിർബന്ധവും ഉണ്ടായി. യോഗത്തിൽ സംബന്ധിച്ചിരുന്ന മാർയൂലിയോസ് ബാവായും മാർപീലക്സിനോസ് തിരുമേനിയും ചെയ്ത പ്രസംഗങ്ങളിൽ 'അന്ത്യോഖ്യാശബ്ദം മുഴങ്ങി' ഭിന്നതകാലം അവസാനിച്ചു പുനരൈക്യപ്പെട്ടിരിക്കുന്ന നാം ഏക പിതാവിന്റെ കീഴിൽ കൈയോടുകൈചേർത്തുപിടിച്ചു കൊണ്ട് ആ ചന്ദ്രതാരം ഏക സഭയെന്ന ഉദ്ദേശ്യത്തോടു കൂടി അന്ത്യോഖ്യബന്ധം പുലർത്തി പ്രവർത്തിക്കണമെന്നും അങ്ങനെ കൈവന്ന സമാധാനം സഭയുടെ അഭിവൃദ്ധിക്കുവേണ്ടി പ്രയോജനപ്പെടുത്തണമെന്നും അഭി. പീലക്സിനോസ് തിരുമേനി പ്രസ്താവിച്ചു.

"എന്തെല്ലാം പ്രയാസങ്ങൾ നേരിടേണ്ടിവന്നാലും മകനേ! അന്ത്യോഖ്യാബന്ധം കൈവെടിയരുത്" എന്ന് വന്ദ്യപിതാവ് നൽകിയ ഉപദേശവും" നീ മരിക്കേണ്ടിവന്നാലും അന്ത്യോഖ്യയെ മറക്കരുത്" എന്നുള്ള അന്ത്യോഖ്യാപ്രതിനിധി മാർയൂലിയോസ് ബാവായുടെ നിർദ്ദേശവും അഭി. പീലിക്സിനോസ് തിരുമേനിയെ സ്വാധിനിച്ചിട്ടുണ്ടാവും ധീരമായ ശബ്ദം അഭി. പിതാവിൽ നിന്ന് യോഗാംഗങ്ങൾ കേട്ടു.

പരി.പാത്രിയർക്കീസ് ബാവായാൽ വാഴിച്ച് നിയമിക്കപ്പെട്ട മെത്രാപ്പോലീത്താമാരുടെഭദ്രാസനങ്ങൾസംബന്ധിച്ച്തിരുമാനമെടുക്കുന്ന സന്ദർഭത്തിൽ സഭാനേതൃത്വം പരി. ബാവായെ വിവരം ഒന്നറിയിക്കാൻ പോലും തയ്യാറായില്ല. ഔഗേൻ മാർ തീമോത്തിയോസ് മെത്രാപ്പോലീത്താ കണ്ടനാട് ഭദ്രാസന മെത്രാപ്പോലീത്തയായും, പൌലോസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്താസഹായ മെത്രാപ്പോലീത്താ യായുമാണ്നിയമിക്കപ്പെട്ടത്. ഇത്ഭദ്രാസന ഭരണത്തിൽ ഏറെ പ്രശ്നങ്ങൾ ഉളവാക്കി. പരി. പാത്രിയർക്കീസ് ബാവായുടെ നേരിട്ടുള്ള ഭരണത്തിൽ കീഴിലായിരുന്ന സിംഹാസ നപ്പള്ളികളും പൗരസ്ത്യ സുവിശേഷ സമാജം വക സ്ഥാപനങ്ങളും കതോലിക്കായുടെ നേരിട്ടുള്ള ഭരണത്തിൽ കീഴിലാക്കാനുംശ്രമിച്ചു.പരി.പത്രിയർക്കീസ്ബാവായുടെകല്പനപ്രകാരം പ്രവർത്തിക്കുന്നു എന്നതിൻെറയും ഇവിടുത്തെ കാര്യങ്ങൾ പരി. പിതാവിനെ് എഴുതി യെന്നതിൻെറയും സുവിശേഷസമാജത്തിൻെറയും പ്രവർത്തനങ്ങളിൽ അത്മാർത്ഥമായി സഹായിച്ചതിൻെറ പേരിൽ അഭി. പീലക്സിനോസ് തിരുമേനിയുടെ മേൽ നടപടികളെടുക്കാൻ മലങ്കര സഭാനേതൃത്വം ശ്രമിച്ചുകൊണ്ടിരുന്നു. തൽഫലമായി 17.6.60-ൽ കാതോലിക്കോ സ് മാർ പീലക്സിനോസ് തിരുമേനിയെ എപ്പിസ്കോപ്പൽ സിനഡിൻെറ അംഗത്വത്തിൽ നിന്ന് നീക്കി. ഇതുപൊതുവെ വിമർശിക്കപ്പെട്ടു. പരി. അന്ത്യോഖ്യാ സിംഹാസന ത്തിൻെറ മഹിമയ്ക്കു വേണ്ടി താൻ അനുവേിച്ച സങ്കടകരമായ വസ്തുതകൾ കാണിച്ച് അഭി പിതാവ് പൊതുകല്പന പ്രസിദ്ധപ്പെടുത്തി. അഭി. പിതാവ് 16.5.1960-ൽ മണർകാടുപള്ളിയിൽ ഒരു പള്ളി പ്രതിപുരുഷയോഗം വിളിച്ചുകൂട്ടി. 1000-ൽപ്പരം പ്രതിനിധികൾ യോഗത്തിൽ സംബന്ധിച്ചിരുന്നു. യോഗ തീരുമാനം അനുസരിച്ച് അഭി. പീലക്സിനോസ് തിരുമേനി പരി. പാത്രിയർക്കീസ് ബാവായെ സന്ദർശിച്ച് യഥാർത്ഥ വസ്തുതകൾ വ്യക്തമാക്കി.

മലങ്കരസഭാംഗങ്ങൾക്ക്പരി.സിംഹാസനത്തോടുള്ളഅചലഞ്ചലമായ കുറും വിശ്വസ്തതയും ആവർത്തിച്ചു പ്രഖ്യാപിക്കുവാൻ അഖില മലങ്കരാടിസ്ഥാനത്തിൽ കോട്ടയം നാഗമ്പടം മൈതാനത്തു വച്ച് മാർയൂലിയോസ് ബാവായുടെ അദ്ധ്യക്ഷതയിലും മാർ പീലക്സിനോസ് തിരുമേനി, വെരി.റവ. കടവിൽ പോൾ റമ്പാൻ എന്നിവരുടെ സഹകരണത്തിലും ഒരുവിപുലമായ യോഗം വിജയകരമായി നടത്തപ്പെട്ടു.

പരി. അന്ത്യോഖ്യാ സിംഹാസനത്തിൻെറയും മലങ്കരയിലെ വിശ്വസ്തസഭയുടെയുംതാല്പര്യങ്ങൾ ആത്മാർത്ഥയോടുകൂടിസംരക്ഷിച്ച് പരി. സിംഹാസനപ്രതിനിധിയെന്ന നിലയിൽ 39 വർഷം സേവനം

അനുഷ്ഠിച്ചപരമസാത്വികനായമാർയൂലിയോസ്ബാവാ1962ഫെബ്രുവരി 19-ാം തീയതി കാലം ചെയ്തു.മഞ്ഞനിക്കര ദയറായിൽ പരി. ഏലിയാസ് തൃതീയൻപാത്രിയർക്കീസ്ബാവായുടെതിരുക്കബർദേവാലയത്തിനകത്ത് കബറടക്കപ്പെട്ടു. 1962 ഏപ്രിൽ 17-ാം തീയതി കൊച്ചി ഭദ്രാസന മെത്രാപ്പോലീത്താമുളയിരിക്കൽപൗലോസ്മാർസേവേറിയോസ്തിരുമേനി ആകസ്മികമായികുന്നംകുളംസിംഹാസനപ്പള്ളിയിൽവച്ച്കാലംചെയ്തു. അവിടെ കബറടക്കപ്പെട്ടു.

അനുഗ്രഹങ്ങളുടെ ഉറവിടമായ പരി. അന്ത്യോഖ്യാസിംഹാന വുമായി സുദൃഢമായി ബന്ധം സ്ഥാപിച്ചാലേ ശാശ്വതമായ സമാധാനമുണ്ടാകൂ എന്ന് മലങ്കര സഭാ നേതൃത്വത്തിന് ബോദ്ധ്യപ്പെട്ടു. അഭി. പീലക്സിനോസ് തിരുമേനിയുടെ പരിശ്രമങ്ങൾക്കും ത്യാഗത്തിനും ഫലമുണ്ടായി. കാലംചെയ്ത മാർ ബസേലിയോസ് ഗീവറുഗീസ്ദ്വിതീയൻ കാതോലിക്കോസിന്റെ പിൻ ഗാമിയായി ഔഗേൻ മാർ തീമോത്തിയോസ് തിരുമേനിയെ കതോലിക്കയായി വാഴിച്ചുതരുവാൻ മലങ്കര എപ്പിസ്കോപ്പൽ സുന്നഹദോസ് പരി. പാത്രിയർക്കീസ് ബാവായോടു അപേക്ഷിച്ചു. 1958-ൽ ആരംഭിച്ച സമാധാനപ്രക്രിയ 1964-ൽ അങ്ങനെ പൂർത്തീകരിക്കപ്പെട്ടു. പരി. പാത്രിയർക്കീസ് ബാവാ, മലങ്കരയിലെയും അന്ത്യോഖ്യയിലെയും സുന്നഹദോസ് അംഗങ്ങളുടെ സഹകരണത്തോടുകൂടി 1964 മെയ് 29-ാം തീയതി കോട്ടയം മാർ ഏലിയാ കത്തീഡ്രലിൽ വച്ച് ഔഗേൻ മാർ തിമോത്തിയോസ്മെത്രാപ്പോലീത്തായെകാതോലിക്കയായിഅവരോധിച്ചു. അഭി. പീലക് സിനോസ് തിരുമേനി കണ്ടനാട് ഭദ്രാസനത്തിന്റെ പൂർണ്ണചുമതലയുള്ള മെത്രാപ്പോലീത്തയായി സ്ഥാനമേല്ക്കുകയും മൂവാറ്റുപുഴ അരമനയിൽ താമസം ആരംഭിക്കുകയും ചെയ്തു. മലങ്കരയിൽ സമാധാനം കൈവരുത്തി എന്നുള്ള ഉത്തമ ബോദ്ധ്യത്തോടെ പരി. പിതാവ് തിരിച്ചെഴുന്നുള്ളി.

1965-ൽ അഡിസ് അബാബായിൽ നടന്ന സുറിയാനി സഭ ,ഈ ഗുപ്തായ സഭ, എത്യോപ്യൻ സഭ, അർമ്മേനിയൻ സഭ എന്നീ സഭകളുടെ മേലദ്ധ്യക്ഷന്മാരുടെ സമ്മേളനത്തിലും പരി. പാത്രിയർക്കീസ് ബാവയോടൊപ്പം ബസേലിയോസ് ഔഗേൻ ഒന്നാമൻ കാതോലിക്ക ബാവായും, ദാനിയേൽമാർ പീലക്സിനോസ്, പൗലോസ് മാർ പീലക്സിനോസ് എന്നീ തിരുമേനിമാരും സംബന്ധിച്ചിരുന്നു. പരി. പിതാവിന്റെ ക്ഷണപ്രകാരം കാതോലിക്കാബാവായും മെത്രാപ്പോലീത്താ മാരും വിശുദ്ധനാടുകളും ഡമാസ്ക്കസിലെ പാത്രിയർക്കാ അരമനയും സന്ദർശിച്ച ശേഷമാണ് മലങ്കരയിലേക്ക് തിരിച്ചെഴുന്നള്ളിയത്. വിശുദ്ധ

നാടുകളിലേക്കുള്ള യാത്രയിൽ അഭി. തിരുമേനിക്ക് നമ്മുടെ കർത്താവിന്റെ വിശുദ്ധ കബറിങ്കലും എത്തി ധൂപാർപ്പണം നടത്തുവാൻ ഭാഗ്യമുണ്ടായിട്ടുണ്ട്.

പ്രഗല്ഭമായ ഭരണനൈപുണ്യം കൊണ്ടും ദീർഘ വീക്ഷണം കൊണ്ടും അങ്കമാലി ഭദ്രാസനത്തിന് മറ്റേതു ഭദ്രാസനങ്ങളെക്കാളുംകെട്ടുറപ്പും സാമ്പത്തിക ഭദ്രതയും നേടിക്കൊടുത്ത അഭി.ഗീവറുഗീസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്ത (വയലിപ്പറമ്പിൽ) 1966 നവംബർ 6-ാം തീയതി ആലുവ തൃക്കുന്നത്ത് സെമിനാരിയിൽ വച്ച് ആകസ്മികമായി കാലം ചെയ്തു. സെമിനാരിപള്ളിയിൽകബറടക്കപ്പെട്ടു.സൺഡേസ്ക്കൂൾ,പ്രസ്ഥാനത്തിന് താങ്ങുംതണലുമായിപ്രവത്തിച്ച അഭി.പിതാവിന്റെ വേർപാട്സുറിയാനി സഭയ്ക്ക്അപരിഹാര്യമായനഷ്ടമാണ്വരുത്തിവച്ചത്അഭി.പീലക്സിനോസ് തിരുമേനിയെസംബന്ധിച്ചിടത്തോളംവ്യക്തിപരമായഒരുനഷ്ടംകൂടിയായിത്തീർന്നു അഭി. പിതാവിന്റെ വേർപാട്.

.....0.....

അദ്ധ്യായം 6

സഭാചരിത്ര വസ്തുതകൾ

1970 ആയപ്പോഴേയ്ക്കും മലങ്കരസഭയിൽ ചില പ്രശ്നങ്ങൾ തലപൊക്കി. മുമ്പ് ചിലപ്പോഴെല്ലാം പ്രത്യക്ഷപ്പെട്ടിരുന്നതുപോലെ ''വി. തോമാശ്ലീഹായുടെ സിംഹാസനത്തിൽ ആരൂഢനായിരിക്കുന്ന'' എന്ന വിശേഷണം മാർ ഔഗേൻ കാതോലിക്കാ ബാവായുടെ പേരിനോടൊപ്പം തുടർച്ചയായി ഉപയോഗിച്ചു തുടങ്ങിയതാണ് മുഖ്യമായ പ്രശ്നമായിത്തീർന്നത്. ഇതിനെതിരെ നാടിന്റെ പലഭാഗങ്ങളിലും സത്യവിശ്വാസ സംരക്ഷണ സമിതി രൂപികരിച്ചു പ്രവർത്തനങ്ങൾ ആരംഭിച്ചു. 1970 ഡിസംബറിൽ കോട്ടയം എം.ഡി. സെമിനാരിയിൽ ഔഗേൻ പ്രഥമൻ കാതോലിക്കാബാവായുടെ പിൻഗാമിയായി മാർ മാത്യൂസ് അത്താനാസ്യോസ് തെരഞ്ഞെടുക്കപ്പെട്ടു. തുടർന്ന് അദ്ദേഹംചെയ്ത പ്രസംഗത്തിൽ പരി. അന്ത്യോഖ്യാസിംഹാസനവുമായുള്ള ബന്ധം കണ്ണിലെ കൃഷ്ണമണി പോലെ കാത്തുപരിപാലിക്കുമെന്ന് പ്രസ്താവിച്ചു. ''സഭയ്ക്ക് അന്ത്യോഖ്യായുമായുള്ള ബന്ധത്തെ ഏതെങ്കിലും വിധത്തിൽ നഷ്ടപ്പെടുത്തുവാനുള്ള ഏതു ശ്രമത്തെയും എതിർക്കുമെന്നും. അങ്ങനെ ഒരു ദുർബുദ്ധി ആർക്കും തോന്നാതിരി

ക്കട്ടെ''യെന്നുമാണ് മലയാള മനോരമയുടെ ചീഫ് എഡിറ്റർ കെ. എം. ചെറിയാൻ അന്ന് പ്രസ്താവിച്ചത്. 1972 ജൂലായ് 20-ന് മാനേജിംഗ് കമ്മിറ്റികൂടുന്നതിന് അയച്ച ക്ഷണക്കത്തിലും ''മാർത്തോമ്മാ ശ്ലീഹായുടെ സിംഹാസനത്തിൽ ആരൂഡനായിരിക്കുന്ന കാതോലിക്കാ- മലങ്കര മെത്രാപ്പോലീത്ത'' എന്നാണ് പ്രയോഗിച്ചിരുന്നത്. ഇക്കാര്യം മാനേജിംഗ് കമ്മിറ്റിയിൽ ചോദ്യം ചെയ്യപ്പെട്ടു. തുടർന്ന് ഏതാനും മാനേജിംഗ് കമ്മിറ്റിയംഗങ്ങം കൂടി പ്രശ്നപരിഹാരത്തിന് മുൻകൈയെടുക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് സഭാ നേതൃത്വത്തിന് നിവേദനവും സമർപ്പിച്ചു. എന്നാൽ 1972 സെപ്റ്റംബർ 26-ാം തീയതി ഔഗേൻ പ്രഥമൻ കാതോലിക്ക ബാവായും നിയുക്ത കാതോലിക്കായും നടത്തിയ പത്രസമ്മേളനത്തിൽ സിംഹാസന വാദം ഉയർത്തിപ്പിടിച്ചതുകൂടാതെ മലങ്കര സഭ സ്വതന്ത്രസഭയാണെന്ന് പ്രസ്താവിക്കുകയും ചെയ്തു. അന്ത്യോഖ്യാസിംഹാസനപ്രതിനിധി സ്ഥാനം നിർത്തലാക്കാനുള്ള ശ്രമവും സഭാ നേതൃത്വം ആരംഭിച്ചു. ഇത്തരം പ്രവർത്തനങ്ങംക്കെതിരേ പളളികം തോറും, ഇടവകകം തോറും വിശ്വാസ സംരക്ഷണസമിതി ഊർജ്ജിതമായി പ്രവർത്തനങ്ങം നടത്തിക്കൊണ്ടിരുന്നു. ഭരണഘടനയ്നുസരിച്ച് പ്രവർത്തിക്കുന്നതും 1924-ൽ സ്ഥാപിതവുമായ പൗരസ്ത്യസുവിശേഷ സമാജത്തിന്റെ മിഷനറി മെത്രാപ്പോലീത്തയായിരുന്ന വെരി.റവ.ഡോ. കടവിൽ പോംറമ്പാൻ 1973 സെപ്റ്റംബർ 1-ാം തീയതി ദമസ്ക്കോസിൽ വച്ച് പരി. ഇഗ്നാത്യോസ് യാക്കോബ് തൃതീയൻ പാത്രിയർക്കീസ് ബാവായാൽ കടവിൽ ഡോ പൗലോസ് മാർ അത്താനാസ്യോസ് എന്ന പേരിൽ വഴിക്കപ്പെട്ടു. 1969 മുതൽ അഭി. പീലക്സിനോസ് തിരുമേനി സമാജം മെത്രാപ്പോലീത്തയായി നേതൃത്വം നൽകിവരുകയായിരുന്നു.

1974 ഫെബ്രുവരി 24-ാം തീയതി ദമസ്ക്കോസിൽ വച്ച് പരി. പാത്രിയർക്കീസ് ബാവാ റവ.ഫാ. സി.എം. തോമസിനെ (ചെറുവള്ളിൽ) തോമസ് മാർ ദീവന്നാസ്യോസ് എന്ന നാമത്തിലും റവ. ഫാ. പി.എം. ഗീവറുഗീസിനെ (പറപ്പള്ളിൽ) ഗീവറുഗീസ്മാർ ഗ്രീഗോറിയോസ്എന്ന നാമത്തിലും മെത്രാപ്പോലീത്താമാരായി വാഴിച്ചു. മലങ്കരയിലെങ്ങും അറിയപ്പെടുന്ന സുപ്രസിദ്ധ സുവിശേഷപ്രസംഗകനും നല്ല ഒരു സംഘാടകനുമായ ചെറുവള്ളിൽ കുടുംബത്തിലെ 43-ാമത്തെ വൈദികൻ മലങ്കരസഭയുടെ നിർണ്ണായകഘട്ടത്തിൽ മെത്രാപ്പോലീത്തയായി വാഴിക്കപ്പെട്ടു.ഉജ്ജ്വലനായൊരു പ്രസംഗകൻ സാധുജനസംരക്ഷകൻ സമുദായോദ്ധാരകൻ എന്നീ നിലകളിൽ പ്രഖ്യാതനായ റവ.ഫാ.പി.എം. ഗീവറുഗീസ് മലങ്കര സഭയുടെ നിർണ്ണായക ഘട്ടത്തിൽ സഭയുടെ

മഹത്തായ സേവനത്തിനായി സ്വയം സമർപ്പിച്ചു. നവാഭിഷിക്തരായ മെത്രാപ്പോലീത്താമാർക്ക് ഗംഭീരമായ വരവേല്പാണ് മലങ്കരയിലെങ്ങും ലഭിച്ചത്.

മലങ്കര സഭ പരിപൂർണ്ണസ്വതന്ത്ര സഭയാണെന്നുള്ള വാദഗതിയിൽ സഭാനേതൃത്വം ഉറച്ചുനിന്നു. പരി. പാത്രിയർക്കീസ് ബാവാ വീണ്ടും വീണ്ടും വിശദീകരണംആവശ്യപ്പെട്ടുവെങ്കിലും മലങ്കര സഭ ''ഓട്ടോ സെഫാലസ്'' ആണെന്നും ആത്മീയലൗകിക വൈദികകാര്യങ്ങളിലെല്ലാം കാതോലിക്കാ സ്വതന്ത്രമാണെന്നും, കാതോലിക്കയോടു വിശദീകരണം ആവശ്യപ്പെടുവാൻപാത്രിയാർക്കീസിന്അവകാശമില്ലെന്നുമുള്ള നിലപാടിലാണ് മാർ ഔഗേൻ കാതോലിക്കബാവായുടെ നേതൃത്വത്തിലുള്ള മലങ്കര സഭാ നേതൃത്വം ഉറച്ചുനിന്നത്. തൽഫലമായി മലങ്കരയിലെ പള്ളികളെല്ലാം കാതോലിക്കായുടെ ഏകാധിപത്യത്തിൻ കീഴിൽ അദ്ദേഹം സ്വീകരിച്ചിട്ടുള്ള ഭരണഘടനയിലെ വ്യവസ്ഥകൾ അനുകരിച്ചുമാത്രം ഭരിക്കപ്പെടേണ്ടവയാണെന്നും മറ്റും സ്ഥാപിച്ചു കിട്ടുന്നതിനായി കാതോലിക്കോസും മാർ മാത്യൂസ് അത്താനാസ്യോസും വാദികളായി ഒരു കേസ്ഫയൽ ചെയ്യുകയാണുണ്ടായത്.

മിതഭാഷിയും, ചിന്തകനും, പ്രവർത്തനനിരതനും കർമ്മധീരനുമായിരുന്ന റവ.ഫാ. ജോർജ്ജ് കുര്യൻ 1974 ജൂലായ് 21-ാം തീയതി ദമസ്ക്കോസിൽ വച്ച് കുര്യാക്കോസ് മാർ കൂറിലോസ് എന്ന നാമത്തിൽ നിരണം, കൊല്ലം, തുമ്പമൺ എന്നീ ഭദ്രാസനങ്ങളുടെ മെത്രാപ്പോലീത്തായായി പരി. പാത്രീയർക്കീസ് ബാവായൽ വാഴിക്കപ്പെട്ടു.

1975 ജനുവരി 10-ാം തീയതി അയച്ച കല്പനയിലൂടെ പരി. പാത്രിയർക്കീസ് ബാവാ കാതോലിക്കാ എന്ന നിലയിൽ ആത്മികവും സഭാ പരവുമായ ആധികാരങ്ങളും പ്രയോഗിക്കുന്നതിൽ നിന്നും ഔഗേൻ ഒന്നാമൻ കാതോലിക്കായെ വിലക്കി. ഇതിന് കാതോലിക്കോസ് 1975 ജനുവരി 24-ാം തീയതി അയച്ച മറുപടിയിൽ മലങ്കര സഭയ്ക്കു മേൽ പരി. പാത്രിയർക്കീസ് ബാവായ്ക്കുള്ള എല്ലാ അവകാശാധികാരങ്ങളും നഷ്ടപ്പെട്ടിരിക്കുന്നതായി എപ്പീസ്ക്കോപ്പൽ സുന്നഹദോസ് തീരുമാനിച്ചിരിക്കുന്നതിനാൽ 10-1-1975ലെ 15/75-ാം നമ്പർ കല്പന പരിഗണിക്കപ്പെടാവുന്നതല്ല എന്നും അറിയിക്കുകയുണ്ടായി. അങ്ങനെ ഭിന്നതയ്ക്ക് വ്യാപ്തികൈവന്നു.

1975 ഫെബ്രുവരി 23-ാം തീയതി എറണാകുളത്തുനടന്നിയ പാത്രിയർക്കാദിനാഘോഷസമ്മേളനവും റാലിയും മലങ്കര സഭാ ചരിത്രത്തിൽ അവിസ്മരണീയമായ സംഭവമായി മാറി. അഭിവന്ദ്യരായ

എബ്രാഹാം മാർ ക്ലിമ്മീസ്, പൗലോസ് മാർ പീലക്സിനോസ്, ഡോ. പൗലോസ് മാർ അത്താനാസ്യോസ്, തോമസ് മാർ ദീവന്നാസ്യോസ്, ഗീവറുഗീസ്മാർ ഗ്രീഗോറിയോസ്, കുര്യക്കോസ് മാർ കൂറിലോസ് എന്നിവർ ജനങ്ങളെ ഉദ്ബുദ്ധരാക്കി. ''മാർ തോമാ സിംഹാസനം, പാത്രിയർക്കീസ് കാതോലിക്ക സമത്വം, സ്വതന്ത്ര ഇന്ത്യൻ സഭ മുതലായ നവീനവും വിപരീതപരവുമായുള്ള ഈ നിരർത്ഥക വാദങ്ങൾക്കു മലങ്കരയിലെ സഭ ഒരിക്കലും സമ്മതിക്കുകയില്ലെന്നും എന്തു ത്യാഗം സഹിച്ചും പരി. അന്ത്യോക്യ സിംഹാസനത്തിൻ കീഴിൽ അടിയുറച്ചു നിൽക്കാനുള്ള തിരുമാനം ആരു വിചാരിച്ചാലും മാറ്റാൻ സാധ്യമല്ലെന്നും പൗലോസ് മാർ പീലക്സിനോസ് തിരുമേനി അസന്നിഗ്ധമായി പ്രഖ്യാപിച്ചു. അഭി. ഗ്രീഗോറിയോസ് തിരുമേനി ചൊല്ലിക്കൊടുത്ത സത്യവാചകം ജനലക്ഷങ്ങളുടെ കണ്ഠങ്ങളിൽ നിന്നും പ്രതിദ്ധ്വനിയായുണർന്നു.

സുറിയാനി ഓർത്തഡോക്സ് സഭയുടെ ആകമാന സുന്നഹദോസ് പരി. പാത്രിയർക്കീസ് ബാവായുടെ അദ്ധ്യക്ഷതയിൽ ദമസ്ക്കോസിലെ പാത്രിയർക്കാ അരമനയിൽ 1975 ജൂൺ 16-ന് ആരംഭിച്ചു. 17,18,19,20 തീയതികളിൽ തുടർന്നു നടത്തപ്പെട്ടു. ആകമാന സുറിയാനി ഓർത്തഡോക്സ് സഭയുടെ തലവൻ പരി അന്ത്യോഖ്യാപാത്രിയർക്കീസ് ബാവായാണെന്നും മലങ്കര സഭ അതിന്റെ ഭാഗമാണെന്നും (1996 ജൂൺ 25-ലെ ബഹു. സുപ്രീം കോടതി വിധി ഇവിടെ പ്രസക്തമാണ്) പരി. പാത്രിയാർക്കീസ് ബാവായോടു മറുതലിക്കുന്നവർ സ്വയം വി. സഭയുടെ സംസർഗ്ഗത്തിൽ നിന്നും വിച്ഛേദിതരായിരിയ്ക്കുമെന്നും സുന്നഹദോസ് നിശ്ചയിച്ചു.

1975 ജൂൺ 12-ാം തീയതി പരി. പാത്രിയർക്കീസ് ബാവാ ദമസ്ക്കോസിൽ വച്ച് സിംഹാസനപ്പള്ളികളുടെ മെത്രാപ്പോലീത്തായായി മാടപ്പാട്ടു ബഹു:യാക്കോബ് റമ്പാച്ചനെ മാർയൂലിയോസ് എന്ന സ്ഥാന നാമത്തിലും ചിതാർ കുഴി സി.എം. തോമസ് അച്ചനെ മാർ ഒസ്താത്തിയോസ് എന്ന നാമത്തിലും മെത്രാപ്പോലിത്താമാരായി വാഴിച്ചു.

അപ്രകാരം മെത്രാപ്പോലീത്ത സ്ഥാനത്തേയ്ക്ക് തന്നോടൊപ്പം പരിഗണിക്കപ്പെട്ടിരുന്ന രണ്ടു പേരും മെത്രാപ്പോലീത്തമാരായി സഭയ്ക്ക് നേതൃത്വം നൽകുന്നതു കാണുവാൻ അഭി. പീലക്സിനോസ് തിരുമേനിക്ക് കഴിഞ്ഞുവെന്നുള്ളത് അദ്ദേഹത്തിന്റെ ഹൃദയ വിശാലതയ്ക്ക്, സന്മനോഭാവത്തിന് പ്രകടമായ തെളിവാണ്.

1975 ഓഗസ്റ്റ് 21-ലെ 360/75-ാം നമ്പർ കല്പനയാൽ മാർ ഔഗേൻ കാതോലിക്കോസിനെയും 361 മുതൽ 367-വരെ കല്പനകളാൽ അദ്ദേഹത്തെ അനുകൂലിച്ചമെത്രാപ്പോലീത്താമാരെയും പരി. പാത്രിയർക്കീസ് ബാവാ മുടക്കി അവർക്കു കല്പനകൊം അയച്ചു.

ദുഃഖ പര്യവസായിയായ നാടകം പോലെ തോന്നുന്നു, വാഴിച്ച ആം തന്നെ മുടക്കുക. ദൈവനിയോഗം അതായിരിക്കാം. അന്ത്യോഖ്യ മലങ്കരബന്ധം മലങ്കര സഭാംഗങ്ങളെ സംബന്ധിച്ചിടത്തോളം ഒരു വൈകാരികപ്രശ്നത്തിന്റെ തലത്തിലെത്തിയിരിക്കുയാണിപ്പോം. അത് വിശ്വാസത്തിന്റെ ഭാഗവുമാണ്. കാടും മേടും പിന്നിട്ട്, വിശപ്പും ദാഹവും സഹിച്ച് രോഗത്തോടും വാർദ്ധക്യത്തോടും മല്ലടിച്ച് ശീമയിൽ നിന്ന് സത്യവിശ്വാസസംരക്ഷണത്തിനായി കടന്നുവന്ന യൽദോമാർ ബസേലിയോസ് ബാവാ, അബ്ദൽ ജലീൽ ബാവാ, പരി. ഏലിയാസ് തൃതീയൻ ബാവാ തുടങ്ങിയുള്ള മഹാത്മാക്കം ചിന്തിയ ചോരയ്ക്കും വിയർപ്പിനും കഠിനാദ്ധ്വാനത്തിനും നാം വിലകല്പിച്ചേ മതിയാവൂ. നാം ഏറെ വിലമതിക്കുന്ന പാരമ്പര്യത്തിന് അവരോടും കടപ്പെട്ടിരിക്കുന്ന ഈ ബന്ധം നിലനില്ക്കുന്നത് നമുക്ക് അഭിമാനം തന്നെ. നമ്മെ സത്യവിശ്വാസം ചെല്ലി പഠിപ്പിച്ച പിതാക്കന്മാരെ നാം ഓർമ്മിക്കണമല്ലോ. (എബ്രയർ 13:7) അന്ത്യോഖ്യാ മലങ്കര ബന്ധം ആ ചന്ദ്രതാരം നിലനില്ക്കണമെന്ന് അഭി. പീലക്സിനോസ് തിരുമേനി ആഗ്രഹിച്ചത് അതിനായി പ്രവർത്തിച്ചത് ഈ വസ്തുത മനസ്സിലാക്കിയിട്ടാവണമല്ലോ.

.....o 0 o.....

അദ്ധ്യായം 7

തണ്ടിന്മേൽ വച്ച വിളക്ക്

മനുഷ്യനിലെ നല്ലഭാവങ്ങളെ തൊട്ടുണർത്തുവാനും അവ വികസ്വരമാക്കുവാനും കഴിഞ്ഞമഹാത്മാവാണ് അഭി. പീലക്സിനോസ് തിരുമേനി തോമസ് എന്ന വ്യക്തി അഭി. തോമസ് മാർദീവന്നാസ്യോസ് മെത്രാപ്പോലീത്ത ആയിത്തീർന്നതിൽ അദ്ദേഹത്തിന്റെ മനുഷ്യസ്നേഹമാണ് സാക്ഷിയായി നിൽക്കുന്നത്. പുത്തൻകുരിശിലെ പ്രശസ്തമായ ചെറുവള്ളിൽ കുടുംബത്തിൽ 1929 ജൂലായ് 29-ാം തീയതി ഭൂജാതനായ തോമസ് ആദ്ധ്യാത്മിക കാര്യങ്ങളിൽ തീക്ഷ്ണതയുള്ളവനായിട്ടാണ് വളർന്നത്. യേശുവിനെ സാക്ഷിക്കുന്നതിൽ

സംതൃപ്തിയും സന്തോഷവും കണ്ടെത്തിയ സൺഡേസ്ക്കൂൾ അദ്ധ്യാപകനായ ആ യുവാവ് അഭി. തിരുമേനിയുടെ ശ്രദ്ധയിൽപ്പെട്ടു. പിറമാടം ദയറായിൽ അന്തേവാസിയായി കഴിഞ്ഞിരുന്ന ശ്രീ. സി. എം. തോമസിന് ഉന്നത വിദ്യാഭ്യാസംമൊന്നും ഉണ്ടായിരുന്നില്ലെങ്കിൽ പോലും സ്വയം പഠനവും, ധ്യാനവും, മനനവുമായി ആ യുവാവിന്റെ അറിവിന്റെ മേഖലകളും വികസിച്ചു. അഭി. തിരുമേനിയുടെ സഹവാസവും കൂടിയായപ്പോൾ സുറിയാനിയിലും പാണ്ഡിത്യവും നേടാനായി ശ്രീ.സി. എം. തോമസ്സിനോടുള്ള വാത്സല്യാതിരേകവും, സ്നേഹവും ആ യുവാവിന്റെ യേശുവിലുള്ള സമർപ്പണജീവിതവും ഒന്നിച്ചുകൂടിയാപ്പോൾ വി. സഭയ്ക്ക് ഒരു ശെമ്മാശ്ശനെ ലഭിച്ചു. അഭി.പീലക്സിനോസ് തിരുമേനിയാണ് അദ്ദേഹത്തിന് 1952-ൽ കോറൂയോ പട്ടവും, 1957-ൽ ശെമ്മാശ്ശ പട്ടവും നൽകിയത്. തുടർന്ന് മഞ്ഞനിക്കര ദയറായിലെ സുറിയാനി പഠനവും സി. എം. തോമസ്സ് ശെമ്മാശ്ശന് ഏറെ പ്രയോജനകരമായിത്തീർന്നു. കഴിവ് കണ്ടറിഞ്ഞിട്ടുതന്നെ അഭി. തിരുമേനി തന്നെ അദ്ദേഹത്തെ ദയറാ ജീവിതത്തിലേക്ക് വിളിച്ചാക്കി. 1958-ൽ മാർ യൂലിയോസ് ബാവാ വൈദികപട്ടംനൽകുകയും ചെയ്തു. ഇദ്ദേഹമാണ് പിന്നീട് തോമസ് മാർ ദീവന്നാസ്യോസ് മെത്രാപ്പോലീത്താ എന്ന പേരിൽ പരി. പാത്രിയർക്കീസ് ബാവായാൽ വാഴിക്കപ്പെട്ടത്.

മറ്റൊരു മനുഷ്യന്റെ മനസ്സിന്റെ ഉള്ളറകളും തുറന്നു ഈ മനുഷ്യ സ്നേഹി. അത് മണീട് ചീരക്കാട് ഗോപാലൻ നായരുടെ പുത്രൻ കൃഷ്ണൻ കുട്ടിമേനോനാണ്. അദ്ദേഹം പിറമാടത്തെത്തിയത് അവിടത്തെ കാര്യങ്ങളും നോക്കിനടത്തുവാനാണ്. 25-ാമത്തെ വയസ്സിൽ, 1955-ൽ. 1957-ൽ അഭി.തിരുമേനി തന്നെ കൃഷ്ണൻ കുട്ടിമേനോനെ ഡ്രൈവിംഗ് പരിശീലനത്തിന് എറണാകുളത്ത് അയച്ചു. യുവാവിന്റെ പ്രസരിപ്പും തന്റേടവും എന്തും ചെയ്യാമെന്നഭാവവും അന്ന് കൈമുതലായുണ്ടായിരുന്ന കൃഷ്ണൻ കുട്ടിമേനോന് നിവർത്തിപിടിച്ച കത്തിയിലാണ് ശക്തി കുടികൊള്ളുന്നതെന്ന് തോന്നിയിരുന്നു. അഭി. തിരുമേനി അതു കണ്ട ഭാവമേ നടച്ചില്ല. സന്തത സഹചാരിയായി മേനോൻ എന്നും കൂടെയെത്തിയിരുന്നു. കാട്ടാനഇറങ്ങിവരുന്ന കാട്ടിൽ അകപ്പെട്ടപ്പോൾ ആന കാറ് തോണ്ടി മറിയാതിരുന്നത് കത്തിയുടെ ശക്തികൊണ്ടല്ലെന്ന് മേനോൻ മനസ്സിലാക്കി. കൂടെയുള്ള വന്ദ്യപിതാവിന്റെ പ്രാർത്ഥനകൊണ്ടാണ് ജീവൻ തിരിച്ചുകിട്ടിയതെന്ന് മേനോനറിഞ്ഞു. ഞങ്ങൾ അന്നൊരിക്കൽ പെരായിക്ക് പോകുമ്പോൾ പറവൂരിനടുത്ത് വച്ച് ഒരു ടെമ്പോ വാൻ സൈഡ് തെറ്റികയറിവന്ന് വണ്ടിയുടെ ഇടത്തെ സൈഡിൽ ശക്തിയായി ഇടിച്ചപ്പോൾ

വണ്ടിനിയന്ത്രണം വിട്ട് താഴെക്ക് മറിഞ്ഞു മറിഞ്ഞില്ലാ എന്ന മട്ടിൽ റോഡ് സൈഡിൽ സൂചിമുനയിൽ നില്ക്കുന്നതുപോലെ കാർ മറിയാതെ നിന്നത് കത്തിയുടെ ബലത്തിലല്ലെന്നും മനസ്സിലാക്കാൻ അധികം ബുദ്ധിമുട്ടേണ്ടിവന്നില്ല. തൽഫലമായി കത്തി വലിച്ചെറിഞ്ഞു. പ്രാർത്ഥനയിലൂടെ ഈ അഭി. തിരുമേനി ആരിൽ നിന്ന് ശക്തി സംഭരിക്കുന്നുവോ ആ പരം പൊരുളിനെ സാക്ഷാൽ മനുഷ്യപുത്ര നായ യേശുവിൻെറ മുമ്പിൽ കാൽ മുട്ടുകൾ മടക്കി, കൈ കൾ യേശുവിൻെറ അവതാരരഹസ്യം ചലനങ്ങളാൽ വ്യക്തമാക്കി. നാവിൽ നിന്ന് സ്തുതി ഗീതങ്ങൾ ഉയർന്നു കൃഷ്ണൻ കുട്ടിമേനോൻ സ്വന്ത ഇഷ്ടമനുസരിച്ച് ക്രിസ്താനിയായി. തോമസ്സായി. ഈ തോമസ് ഉള്ളപ്പോൾ ബാവായ്ക്ക് ശെമ്മാശ്ശന്മാർ കൂടെ വേണമെന്നില്ലാതായി. കാറോടിക്കുന്ന മി. തോമസ്സിൻെറ കൈകളിൽ ആ ജീവിതം ഭദ്രമാണെന്ന് അഭി.പിതാവിൻെറ മാതാവും സഹോദരങ്ങളും കരുതി ആദരിച്ചിരുന്നു. അഭി. പിതാവിൻെറ തൃക്കൈകളിൽ നിന്ന് ശമ്പളമോ സമ്മാനമോ വാങ്ങുമ്പോൾ എന്തു സന്തോഷമായിരുന്നെന്നോ ഈ തോമസ്സ് ചേട്ടന്. ബാവായോടുള്ള സ്നേഹവും മതിപ്പും ആദരവും അത്ര ആഴത്തിൽ വേരൂന്നിയിരുന്നു. തോമസ്ചേട്ടൻെറ മകനെ മാമ്മോദീസ മുക്കിയത് ബാവാ. പേരിട്ടിരിക്കുന്നത് പൗലോസ് കുട്ടിയെന്ന്.

സഭാകാര്യങ്ങളിലും സൺഡേസ്ക്കൂൾ പഠനത്തിലും ഏറെ താല്പര്യം പ്രകടിപ്പിച്ചിരുന്ന ഏലിയാസിനും ദൈവനിയോഗമുണ്ടായി അഭി. പിതാവിനോടൊത്ത് പ്രവർത്തിക്കുവാൻ.

ശ്രീ.കെ.സി. ഏലിയാസ്



6 വയസ്സുള്ളപ്പോൾ തുടങ്ങിയ അടുപ്പം അതൊരു മഹാഭാഗ്യമായികരുതുന്ന പിറമാടം കുന്നുമ്മേൽ വീട്ടിൽ ശ്രീ. ചാക്കോയുടെ ശ്രീമതി ഏലമ്മയുടെയും ഏക പുത്രനായ ശ്രീ.കെ.സി. ഏലിയാസ്. ശ്രീ. സി. എം. തോമസ് പ്രസംഗിക്കാൻ പോകുന്നിടത്തെല്ലാം തമ്പേറടിക്കാൻ ഏലിയാസും കൂട്ടുകാരും എത്തുമായിരുന്നു. തോമസ് ചേട്ടൻെറ പ്രസംഗം എല്ലാവരും ഇഷ്ടപ്പെട്ടിരുന്നു. ഏലിയാസ് അനുസ്മരിക്കുന്നു. 1969-ൽ 40 രൂപ ശമ്പളത്തിൽ കണ്ടനാട് ഭദ്രാസനത്തിൻെറ ഓഫീസ് ജോലിയിൽ നിയമിതനായി. ഓണത്തിനും ക്രിസ്തുമസ്സിനും ഈസ്റ്ററിനും അഭി. പിതാവ് സമ്മാനം നൽകിയിരുന്നതായി ഏലിയാസ് അനുസ്മരിക്കുന്നു. എല്ലാ വർഷവും ഓണത്തിന് വീട്ടിൽ നിന്ന് ആഹാരം

പാകം ചെയ്ത് ദയറായിൽ കൊണ്ടുവരുമായിരുന്നു. ഇക്കഴിഞ്ഞ ഓണത്തിന് പാകം ചെയ്തു കൊണ്ടുവന്ന ഓണവിഭവങ്ങൾ ഇലയിട്ടു ബാവായ്ക്ക് വിളമ്പിക്കൊടുത്ത സംഭവം അനുസ്മരിച്ചപ്പോഴേയ്ക്കും ഏലിയാസിന്റെ കണ്ണുകൾ നിറഞ്ഞൊഴുകി. ഇനി ഇതുപോലെയൊരു മഹാഭാഗ്യം തനിയ്ക്കു ലഭിക്കുകയില്ലല്ലോ എന്നതാണ് മി. ഏലിയാസിനെ വേദനിപ്പിച്ചത്. തനിക്കു ബുദ്ധിമുട്ടുവന്നപ്പോഴെല്ലാം, അമ്മ ആശുപത്രിയിൽ കിടന്നപ്പോഴും മറ്റും ബാവാ തന്നെ സഹായിച്ചകാര്യം ശ്രീ. ഏലിയാസ് നന്ദിയോടെ അനുസ്മരിക്കുന്നു. താൻ എന്നും രാവിലെ പിറമാടം ദയറായിലെത്തി ബാവായുടെ സുഖവിവരങ്ങൾ അരാഞ്ഞതിനുശേഷമാണ്, ചിലപ്പോൾ മരുന്നും കൊടുത്തതിനുശേഷവും മൂവാറ്റുപുഴ അരമനയിലെത്തിയിരുന്നത്. വൈകിട്ടും പിറമാടം ദയറാ സന്ദർശനം നിത്യ സംഭവം തന്നെ. ഇദ്ദേഹത്തോടൊത്ത് സഹവസിക്കുവാൻ കഴിഞ്ഞത്- പരിചരിക്കുവാൻ കഴിഞ്ഞത്- ഒരു ഭാഗ്യമായി ശ്രീ. ഏലിയാസ് കരുതുന്നു. പലപ്പോഴും രാത്രി 11 മണിക്കും 12 മണിക്കും പാതിരാത്രിക്കുശേഷവും അകലെനിന്നുവരുന്ന പളളിക്കാരുടെ അവശ്യാർത്ഥം തന്നെ ദയറായിലക്കേ് അളയച്ചുവരുത്തിയകാര്യവും അവരുടെ ആവശ്യങ്ങളും ബാവാ സാധിച്ചു കൊടുത്ത കാര്യവും ശ്രീ. ഏലിയാസ് അനുസ്മരിച്ചു.

ഈ പ്രകാശം ഗോപുരത്തിനടുത്തു ഒരു മെഴുകുതിരിനാളമായിട്ടെങ്കിലും നില്ക്കാൻ ആഗ്രഹിക്കുന്ന മറ്റൊരു വ്യക്തിയുടെ ചരിത്രവും ഇവിടെ അനാവരണം ചെയ്യപ്പെടുന്നു. കോലഞ്ചേരി സെൻറ് പീറ്റേഴ്സ് കോളേജിൽ നിന്ന് റിട്ടയർ ചെയ്ത മലയാളം പ്രൊഫസർ ബഹു: കെ. പി. ഗീവറുഗ്രീസ് അച്ചനാണ് ആ ബഹുമാന്യ വ്യക്തി. ബാവായെക്കുറിച്ച് പറയുമ്പോൾ അദ്ദേഹത്തിന് ആയിരം നാവുണ്ടെന്നു തോന്നും. അത്രയ്ക്ക് കൃതജ്ഞതാഭരിതമാണ് ആ മുഖം. നന്ദിയോടെ അദ്ദേഹം അനുസ്മരിക്കുന്നു. ഞാൻ അന്ന് പ്രീ. യൂണി വേഴ്സിറ്റി പരീക്ഷയിൽ തോറ്റ് വീട്ടിലിരിക്കുകയായിരുന്നു. പളളിപ്പറമ്പിൽ കൂട്ടുകാരൊത്ത് കളിച്ചുനടക്കുന്നതിൽ ഏറെ ഉത്സാഹം. അഭി. തിരുമേനി ഞങ്ങളുടെ പളളിയിലും വന്നു. പളളിപറമ്പിൽ കളിച്ചുകൊണ്ടിരുന്ന ഞങ്ങളെ തിരുമേനി അടുത്തേയ്ക്കു വിളിച്ചു. ഞങ്ങൾ തിരുമേനിയുടെ അടുത്തേക്ക് ചെന്നു. മുണ്ട് മടക്കിക്കുത്തിയിരിക്കുകയായിരുന്ന ഞങ്ങളെല്ലാവരും മടക്കി കുത്തഴിച്ചിട്ടു വിനയഭാവത്തോടെയാണ് ഞാൻ അടുത്തേയ്ക്ക് ചെന്നത്. മറ്റുളളവർ കളിച്ചു നടന്ന അതേ വേഷത്തിലും. ഇത് തിരുമേനി ശ്രദ്ധിച്ചുവെന്നു തോന്നി. എന്റെ പേരും വീട്ടുപേരും അപ്പന്റെ പേരും അന്വോഷിച്ചു. പ്രീ. യൂണിവേഴ്സിറ്റി പരീക്ഷതോറ്റു

നില്ക്കുകയാണെന്നറിഞ്ഞപ്പോഴും എന്നോടു തിരക്കി വീണ്ടും എഴുതി ജയിക്കാനാവില്ലേ എന്ന്. അത് സാധിക്കുന്ന മട്ടില്ലെന്നുള്ള കാര്യം ഞാനും വ്യക്തമാക്കി. ''നീ എന്റെ കൂടെ പോരുന്നോ'' എന്നായി അടുത്ത അന്വേഷണം ''വീട്ടിൽ ചോദിച്ചിട്ടു വന്നാൽ മതി''യെന്നും കല്പിച്ചു. വീട്ടുക്കാരുടെ അനുവാദത്തോടെ ഞാനങ്ങനെ. മൂവാറ്റുപുഴ അരമനയിലെത്തി. നിർമ്മലാകോളേജിൽ ചേർന്നു പഠിച്ചു. പ്രീ.യൂണിവേഴ്സിറ്റിയും ബി.എ.യും പാസ്സായി. എം.എ.ബിരുദവുമെടുത്തു. പണത്തിന്റെ ആവശ്യം വന്നപ്പോഴും ചോദിക്കാതെ തന്നു സഹായിച്ചു. തുടർന്ന് കോളേജിൽ ജോലി കിട്ടി. എന്റെ ഉയർച്ചയ്ക്കെല്ലാം കാരണം ഈ അഭിവന്ദ്യതിരുമേനിതന്നെ. അന്നൊരിക്കൽ കിങ്ങിണിമറ്റം സെന്റ് ജോർജ്ജ് ചാപ്പലിൽ ബാവാ വി. കുർബ്ബാന എന്നെക്കൊണ്ട് ചൊല്ലിച്ചു. ഭക്തജനങ്ങളും വന്നിരിക്കുന്നത് ബാവാ നടത്തുന്ന വി.കുർബ്ബാനയിൽ സംബന്ധിക്കുവാൻ ബലഹീനനായ ഞാനെങ്ങനെ വി. ബലി അർപ്പിക്കും. ബാവായുടെ കല്പന ഞാനെങ്ങനെ നിരസിക്കും? ധർമ്മസങ്കടത്തിലായ എന്നെ ബാവാ ആശ്വസിപ്പിച്ചു. ഞാൻ തന്നെ വി. കുർബ്ബാന അർപ്പിച്ചു. വി.കുർബ്ബാന മദ്ധ്യേനടത്തിയ പ്രസംഗത്തിൽ ബാവാ ഇപ്രകാരം കല്പിച്ചു. ''ഈ അച്ചന് മടിയായിരുന്നെങ്കിലും ഞാൻ നിർബന്ധിച്ചിട്ടാണ് വി.കുർബ്ബാന അർപ്പിച്ചത്. ഇത് കുന്നത്തുകാരുടെ വക ചാപ്പലാണ്. ആ കുടുംബത്തിൽപ്പെട്ട ആരെങ്കിലും തന്നെയാണ് വി.കുർബ്ബാന യർപ്പിക്കേണ്ടത് അതാ അതിന്റെ ന്യായം. അവകാശവും. ബാവാ കാലം ചെയ്തതിനുശേഷം തൊട്ടടുത്ത ഞായറാഴ്ച വി.കുർബ്ബാന ചൊല്ലിയപ്പോഴും ഇക്കാര്യം ഓർത്തിട്ട് ബഹു: അച്ചൻ വി. കുർബ്ബാന മദ്ധ്യേപൊട്ടിക്കരയുകതന്നെ ചെയ്തു. ഇങ്ങനെയൊരു സ്നേഹം, ആശ്രിത വാത്സല്യം മറ്റെവിടെ ദർശിക്കും. ഇതാണ് ബഹുഅച്ചനെയും നമ്മെയും അലട്ടുന്ന പ്രശ്നം.

ഒരു നല്ല കൃഷിക്കാരൻ കൂടിയായിരുന്നു അഭി.തിരുമേനി മലേക്കുരിശിലും പിറമാടത്തും റബ്ബർ തോട്ടം വച്ചു പിടിപ്പിച്ചതിൽ അദ്ദേഹത്തിന്റെ ക്രാന്തദർശിത്വം കാണാം. ഭദ്രാസനത്തിനും ദയറാകർത്തക്കും സ്വന്തമായി സാമ്പത്തിക ഭദ്രതവേണം. അദ്ധ്വാനിച്ചതിന്റെ തഴമ്പ് ആ തൃക്കൈകളിൽ കാണാം. തന്റെ നാഥനുമായുള്ള നിരന്തര സമ്പർക്കത്തിന്റെ ഫലമായി- കുമ്പിട്ട് നമസ്ക്കരിച്ചതിന്റെ ഫലമായി- ലഭിച്ച തഴമ്പ് കൂടാതെ പറമ്പിൽ മുത്തു വിളയിക്കുന്ന കർഷകന്റെ മുഖമുദ്രയും ലഭിച്ചു. ഈ പ്രകൃതിസ്നേഹിക്ക്.

.....)ô(.....

അദ്ധ്യായം 8

ശ്രേഷ്ഠ കാതോലിക്കാ ബാവാ

മലങ്കര സഭയിലുണ്ടായ സത്യവിശ്വാസികളുടെ മുന്നേറ്റത്തിൽ ധീരമായ നേതൃത്വം നൽക്കുകയും അന്നത്തെ മലങ്കര സഭാ നേതൃത്വത്തിന്റെ സ്വതന്ത്ര സഭാവാദം, നൂതന സിംഹാസന വാദം പരി. പാത്രിയർക്കീസ് ബാവായും കാതോലിക്കായും സമന്മാരാണെന്ന വാദം എന്നിവയെ ചെറുക്കുകയും തന്മൂലം നിരവധി പ്രയാസങ്ങൾ സഹിക്കേണ്ടിവരികയും ചെയ്തു. പൗലോസ്മാർ പീലക്സിനോസ് തിരുമേനിയുടെ സുധീരമായ നേതൃത്വമാണ് നിർണ്ണായകമായ ഘട്ടത്തിൽ മലങ്കര സഭയിൽ സത്യവിശ്വാസം നിലനില്ക്കാൻ പ്രധാന കാരണമായതെന്ന് പരി. പാത്രിയർക്കീസ് ബാവായും സത്യവിശ്വാസികളും വ്യക്തമായി മനസ്സിലാക്കിയതിന്റെ ഫലമായിട്ടാകണം അദ്ദേഹത്തെ കിഴക്കിന്റെ കാതോലിക്കയായി വാഴിക്കാൻ ഇടയായത്. തികച്ചും അർഹതയ്ക്കുള്ള അംഗീകാരം. ത്യാഗത്തിൽ നിന്നു നേടിയ ഔന്നത്യം.

1975 സെപ്റ്റംബർ 7 ഞായറാഴ്ച മലങ്കര സഭാ ചരിത്രത്തിൽ എക്കാലവും സ്മരിക്കപ്പെടുന്ന സുദിനം. മലങ്കര സഭാ മക്കൾ ഇതിലേറെ സന്തോഷിച്ച മറ്റൊരു ദിനമില്ല. അന്ന് അന്ത്യോഖ്യായുടെയും കിഴക്കൊക്കെയുടെയും പരി.മോറാൻ മോർ ഇഗ്നാത്യോസ് യാക്കോബ് തൃതീയൻ പാത്രിയർക്കീസ് ബാവാ പൗലോസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്തായെ മാർബസേലിയോസ് പൗലോസ് ദ്വിതീയൻ എന്ന നാമത്തിൽ പൗരസ്ത്യകാതോലിക്കയായി ദമസ്ക്കോസിലെ കത്തീഡ്രൽ ദൈവാലയത്തിൽ വച്ച് വാഴിച്ചു. പരി. പിതാവിൽ നിന്നും പൗരസ്ത്യകാതോലിക്കാ എന്ന നിലയിൽ സ്ഥാനത്തിക്കോൻ പ്രാപിച്ച് മടങ്ങിയെത്തിയ ശ്രേഷ്ഠ ബാവായ്ക്ക് മൂവാറ്റുപുഴയിൽ രാജോചിതമായ സ്വീകരണമാണ് നൽകപ്പെട്ടത്. എല്ലാ മെത്രാപ്പോലീത്താമാരും ശ്രേഷ്ഠ ബാവായെ സിംഹാസനത്തിലിരുത്തി മൂന്നുപ്രാവശ്യം ''ഓക്സിയോസ്, യോഗ്യനും അർഹനുമായി ഇദ്ദേഹത്തെ കർത്താവ് പൂർണ്ണനാക്കട്ടെ'' എന്ന് ഉത്ഘോഷിച്ചു. ഡോ. പൗലോസ്മാർ അത്താനാസ്യോസ് തിരുമേനിയുടെ അദ്ധ്യക്ഷതയിൽ കൂടിയ മഹാസമ്മേളനത്തിൽ അഭി. ദീവന്നാസ്യോസ് തിരുമേനി, ശ്രീ. എ.എം. തോമസ്, ശ്രീ. പി.പി. തങ്കച്ചൻ, ഡോ. എ.കെ.

ബേബി എന്നിവർ പ്രസംഗിച്ചു. ബാവാചെയ്ത മറുപടി പ്രസംഗത്തിൽ ഇപ്രകാരം കല്പിച്ചു: ''ലോകമെങ്ങുമുള്ള സുറിയാനി സഭയുടെ മഹാ പ്രധാന തലവൻ പരി: അന്ത്യോഖ്യാ പാത്രിയർക്കീസാകുന്നു. അപ്പസ്തോലിക സഭകളൊക്കെയും ഈ വസ്തുത അംഗീകരി ച്ചിട്ടുള്ളതാണ്. നമുക്ക് ഇതൊരു വിശ്വാസസത്യവുമാണ്. നീതി ന്യായകോടതികളും മലങ്കര സുറിയാനി സഭയുടെ മേൽ പരി. പാത്രിയർക്കീസ് ബാവായ്ക്കുള്ള ആത്മീയ സഭോപരമായ മേലധികാരം അസന്ദിഗ്ദ്ധമായി അംഗീകരിച്ചിട്ടുള്ളതാണ്. ഈ ബന്ധം നിലനിർത്തുന്നതിന്ശ്രീമയിലും ഇവിടെയുമുള്ള പിതാക്കന്മാരും വിശ്വാ സികളും നിരവധി ത്യാഗങ്ങളം സഹിച്ചിട്ടുണ്ട്. പ്രസ്തുത ബന്ധത്തിന്റെ ശിഥിലമായ ഒരു കണ്ണിവിളക്കിച്ചേർക്കുന്നതിന് സഭോപാഥനായ കർത്താവ് ബലഹീനനായ നമ്മെയും നമ്മുടെ സഹപ്രവർത്തകരായ വന്ദ്യമെത്രാ പ്പോലീത്താമാരെയും നമ്മോടൊത്തു നിന്നു നിരവധി ത്യാഗങ്ങം സഹിച്ചുകൊണ്ടിരിക്കുന്ന നമ്മുടെ സത്യവിശ്വാസികളായ നിരവധി ആത്മീയ മക്കളെയും ഉപയോഗിച്ചുകൊണ്ടിരിക്കുന്നതിൽ, ദൈവത്തിനു സ്തുതി''. തുടർന്ന്ബാവായ്ക്ക്എല്ലാഭദ്രാസനങ്ങളിലും സ്വീകരണങ്ങം നൽകപ്പെട്ടു. പൗരസ്വീകരണവും ഉണ്ടായിരുന്നു.

1975 സെപ്റ്റംബർ 24-ാം തീയതിയിലെ കല്പന വഴിയായി മാർ ഔഗേൻ ബാവാ മലങ്കരമെത്രാപ്പോലീത്താസ്ഥാനം രാജിവച്ചു. ഒക്ടോബർ 11-ാം തീയതി കാതോലിക്കാസ്ഥാനവും രാജി വച്ചു. 1975 ഒക്ടോബർ 27-ാം തീയതി പഴയസെമിനാരിയിൽ വച്ച് മാത്യൂസ് മാർ അത്താനാസ്യോസ് സഹമെത്രാപ്പോലീത്തമാരാൽ കാതോലിക്കയായി വാഴിക്കപ്പെട്ടു. 1975 ഡിസംബർ 3-ാം തീയതി മാർ ഔഗേൻ ബാവാ കാലം ചെയ്തു. ദേവലോകം ചാപ്പലിൽ അടക്കപ്പെട്ടു.

മലങ്കര യാക്കോബായ സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ യോഗം 1975 ഡിസംബർ 26-ാം തീയതി അങ്കമാലിയിലുള്ള തുരുത്തിശ്ശേരി സിംഹാസനപ്പള്ളിയിൽ കൂടി. ശേഷ്ഠ കാതോലിക്ക ബാവായെ മലങ്കര മെത്രാപ്പോലീത്തയായി തെരഞ്ഞെടുത്തു. തുടർന്ന് അവിടെവച്ച് ശ്രേഷ്ഠ കാതോലിക്ക ബാവാ ബഹു. ശാമുവേൽ റമ്പാച്ചനെ മാർ പീലക്സിനോസ് എന്ന നാമത്തിൽ മെത്രപ്പോലീത്തയായി വാഴിച്ചു.

മലങ്കരയിലെ സുപ്രസിദ്ധ സുവിശേഷ പ്രസംഗകനും, ചെറിയ വാപ്പാലശേരിപള്ളി മാർ ഇഗ്നാത്യോസ് സുവിശേഷ സംഘം, ഹോസ്പിറ്റൽ എന്നിവയുടെ സ്ഥാപകനും പരി. അന്ത്യോഖ്യാ

സിംഹാസനത്തിന്റെ ധീരസേനാനിയുമായി പ്രവർത്തിച്ചിരുന്ന മങ്ങാട്ടമ്പിള്ളിൽ വെരി. റവ.ഡോ. അലക്സാണ്ടർ കോറെപ്പിസ്ക്കോപ്പാ 1976 ഡിസംബർ 11-ാം തീയതി നിര്യാതനായി. സത്യവിശ്വാസ സംരക്ഷണത്തിലെന്നപോലെ ജനസേവനത്തിലും അഗ്രഗണ്യനായ കർമ്മധീരനും പതറാത്ത അചഞ്ചലമായ വിശ്വാസ ദാർഢ്യത്തിന്റെ ഉടമയും സഭയുടെ പ്രതിസന്ധിയിൽ ഒരു കൊടുങ്കാറ്റു പോലെ ആഞ്ഞടിച്ച് സത്യവിശ്വാസികൾക്ക് ധീരനേതൃത്വം നൽകിയ പ്രമുഖ വൈദികനെന്നാണ് ശ്രേഷ്ഠ ബാവാ അദ്ദേഹത്തെ വിശേഷിപ്പിച്ചത്.

ശ്രേഷ്ഠ കാതോലിക്കാബാവാ മൈസൂർ, ഹൈദ്രാബാദ്, ജബൽപൂർ, ന്യൂഡൽഹി, അഹമ്മദാബാദ്, ബോംബെ, പൂന, നാഗപ്പൂർ, ദിലായി, ദുർക്കലാ, കൽക്കട്ട, മദ്രാസ് മുതലായ സ്ഥലങ്ങളിൽ മൂന്നുമാസം നീണ്ടു നില്ക്കുന്ന ഒരു അഖിലേന്ത്യാ പരിടനം നടത്തിയത് മറു നാടുകളിലുള്ള സഭാമക്കൾക്ക് ഒരു നവചൈതന്യം നൽകിയെന്നു മാത്രമല്ല ഇന്ത്യയുടെ വിവിധ ഭാഗങ്ങളിലുള്ള ഭരണാധികാരികൾക്കും ഇതര ക്രൈസ്തവ സമുദായങ്ങൾക്കും യാക്കോബായ സുറിയാനി സഭയോടുള്ള അതിരറ്റ ആദരവിനുമിടയാക്കി.

ആലുവ തൃക്കുന്നത്തു പള്ളിയിൽ കടന്ന് ആരാധന നടത്തുന്നതിന് എല്ലാവരെയും അനുവദിച്ചുകൊണ്ടുള്ള കോടതി വിധികളും ഗവൺമെൻറ്മായുണ്ടാക്കിയ ഒത്തുതീർപ്പുവ്യവസ്ഥകളും നിലവിലിരിക്കെ പള്ളി ശവക്കോട്ടയിൽ ശവസംസ്ക്കാരത്തിന് ഒരു വൈദികനെ യെങ്കിലും അനുവദിക്കണമെന്ന അപേക്ഷ പോലീസ് തടഞ്ഞതിൽ പ്രതിഷേധിച്ച് തങ്ങൾക്കു നീതി ലഭിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് പതിനായിരക്കണക്കിന് സത്യവിശ്വാസികൾ 4-12-1977 ൽ ഒരു ഉജ്വല പ്രകടനം കാഴ്ച വച്ചു. ഡിസംബർ 3-ാം തീയതി മുതൽ 10 ദിവസത്തേക്ക് 144 പ്രഖ്യാപിച്ചിരിക്കെ 5-ാം തീയതി പെട്ടെന്ന് നിരോധന ഉത്തരവ് പിൻവലിച്ചതറിഞ്ഞ് മാർ ദീവന്നാസ്യോസ് തിരുമേനി തനിക്കു അർഹതയുള്ള ആരാധനാവകാശം അനുവദിക്കാൻ അവശപ്പെട്ടു വെങ്കിലും പോലീസ് അഭി. തിരുമേനിയുടെയും കൂടെയുണ്ടായിരുന്ന വരുടെയും നേർക്ക് ലാത്തിയടി നടത്തുകയും, തിരുമേനിയെ അറസ്റ്റു ചെയ്ത് ലോക്കപ്പിലാക്കുകയും ചെയ്യുകയാണുണ്ടായത്. പോലീസ് നടപടികൾക്കെതിരെ നീങ്ങിയ വിശ്വാസികളെയും ലാത്തിചാർജ്ജ് ചെയ്തു. ഡിസംബർ 20 വരെ തിരുമേനിയെ റിമാൻഡിൽ വയ്ക്കാൻ മജിസ്ട്രേറ്റ് ഉത്തരവിട്ടു. എറണാകുളം സബ്ജയിലിൽ അദ്ദേഹത്തെ

പ്രവേശിച്ചു. ആലുവാ പള്ളിയിൽ ആരാധനാ സ്വാതന്ത്ര്യം ലഭിക്കുന്നതുവരെ നിരാഹാരവ്രതം അനുഷ്ഠിക്കുന്നതാണെന്ന് അഭി. തിരുമേനി പ്രഖ്യാപിച്ചു. തിരുമേനിയുടെ ആരോഗ്യനില മോശമായി.

നാടെങ്ങും പ്രതിഷേധത്തിന്റെ അലയിരമ്പി. ഗവ. തിരുമേനിയുടെ പേരിൽ ചാർജ്ജ് ചെയ്തിരുന്ന കേസ് പിൻ വലിച്ചു. ജൂഡിഷ്യൽ കസ്റ്റഡിയിൽ നിന്നും തിരുമേനിയെ എറണാകുളം ജനറൽ ആശുപത്രിയിലേക്കു മാറ്റി. ആരാധനാ സ്വാതന്ത്ര്യത്തിനുവേണ്ടിയും തൃക്കുന്നത്തു സെമിനാരിയിൽ താങ്ങംക്കുള്ള അവകാശം സ്ഥാപിച്ചു കിട്ടുന്നതിനും ഉപവാസമനുഷ്ഠിക്കുന്ന മാർ ദീവന്നാസ്യോസ് തിരുമേനിയോട് അനുഭാവം രേഖപ്പെടുത്തിക്കൊണ്ടും നാടിന്റെ നാനാഭാഗങ്ങളിൽനിന്നും 8-1-1978-ൽ ആയിരക്കണക്കിന് വിശ്വാസികൾ ഗ്രേറ്റ് മാർച്ച് നടത്തി. തൃക്കുന്നത്തു സെമിനാരിയിൽ പാത്രിയർക്കീസ് വിഭാഗത്തിന് ആരാധനാസ്വാതന്ത്ര്യം അനുവദിക്കുന്നതാണെന്ന് ഗവ. നൽകിയ ഉറപ്പിന്റെ ഫലമായി ഗ്രേറ്റ്മാർച്ച് പിരിച്ചുവിട്ടു. ജനുവരി 18-ന് കടവിൽ ഡോ. പൗലോസ് മാർ അത്താനാസ്യോസ് തിരുമേനി വി. കുർബ്ബാനഅർപ്പിച്ചു. അഭി. ദീവന്നാസ്യോസ് തിരുമേനി വി. കുർബ്ബാന അനുഭവിച്ചു. കർത്തൃസന്നിധിയിലേക്കുവാങ്ങിപ്പോയ വി.പിതാക്കന്മാരുടെ കബറിങ്കൽ ധൂപാർപ്പണവും നടത്തി. അഭി. ദീവന്നാസ്യോസ് തിരുമേനി 44 ദിവസം ദീർഘിച്ച തന്റെ ഉപവാസം അവസാനിപ്പിക്കുകയും ചെയ്തു. അഖിലേന്ത്യാ പര്യടനം കഴിഞ്ഞ് തിരിച്ചെത്തിയ ശ്രേഷ്ഠ ബാവാ തിരുമേനി ആലുവാ എം.വി. എം. ആശുപത്രിയിലെത്തി അഭി. തിരുമേനിയെ സന്ദർശിച്ചു. ആരാധനാ സ്വാതന്ത്ര്യത്തിനുവേണ്ടി അഭി.തോമസ് മാർ ദീവന്നാസ്യോസ് തിരുമേനി പഴന്തോട്ടം പള്ളിയുടെ മുൻവശത്ത് ഉപവാസവ്രതം അനുഷ്ഠിച്ചതും ഒരാഴ്ചയോളം നീണ്ടുനിന്ന സമരത്തിലൂടെ ആരാധനാ സ്വാതന്ത്ര്യം നേടിയെടുത്തതും വിശ്വാസ സംരക്ഷണപ്രസ്ഥാനത്തിൽ സുസ്മരണീയമായ ഒന്നാണ്.

1978 ജൂലൈ മാസത്തിൽ ശ്രേഷ്ഠ കാതോലിക്കാബാവാ വെരി. റവ. ഡോ.കുര്യൻ കൊറെപ്പിസ്കോപ്പാ (കണിയാമ്പറമ്പിൽ) യാൽ അനുഗതനായി ദമസ്ക്കോസിലെത്തി പരി. പാത്രിയർക്കീസ് ബാവായെ സന്ദർശിച്ചു. ബഹു. കണിയാമ്പറമ്പിൽ കുര്യൻ കൊറെപ്പിസ്ക്കോപ്പായ്ക്ക് പരി. പിതാവ് വാത്സല്യപൂർവ്വം 'മലങ്കര മല്പൻ' സ്ഥാനം കല്പിച്ച് നൽകി. അനുഗ്രഹിച്ചു. ശ്രേഷ്ഠ ബാവായുടെ ഈ യാത്രാവേളയിൽ കുവൈറ്റ്, അബുദാബി, ദുബായ്, എന്നീ ഗൾഫ് രാജ്യങ്ങളും സന്ദർശിക്കുകയുണ്ടായി. ഗൾഫ് നാടുകളിലെ നമ്മുടെ

സഭാംഗങ്ങളും തികഞ്ഞ ഭക്ത്യാദരവുകളോടെയാണ് ബാവായെ എതിരേറ്റത്. മധുരസ്മരണകളും അവശേഷിപ്പിച്ചുകൊണ്ടാണ് ബാവാ ഗൾഫ് നാടുകളും വിട്ടത്.

കോതമംഗലം ചെറിയ പള്ളിവകയായി നിർമ്മിച്ച മാർബസേലിയോസ്മെഡിക്കൽമിഷൻആശുപത്രിശ്രേഷ്ഠബാവാ19-9-1978-ൽകുദാശ ചെയ്തു. 20-ാം തീയതി ഉദ്ഘാടനവും നടത്തപ്പെട്ടു.

ബഹുമാന്യരായ തൃക്കോതമംഗലം പറയകുളത്ത് യാക്കോബ് റമ്പാച്ചൻ യാക്കോബ് മാർ തീമോത്തേയോസ് എന്ന പേരിലും കല്ലൂപ്പാറ മുത്തേടത്ത് തോമസ് റമ്പാച്ചൻ മാർ തെയോഫിലോസ് എന്ന പേരിലും വെള്ളൂർ പറപ്പിള്ളിൽ ഫിലിപ്പോസ് റമ്പാച്ചൻ ഫീലിപ്പോസ്മാർ ഈവാനിയോസ് എന്ന പേരിലും 1979 ഏപ്രിൽ 19-ാം തീയതി ശ്രേഷ്ഠ കാതോലിക്കാ ബാവായാൽ വെള്ളൂർ സെൻറ്സൈമൺസ് പള്ളിയിൽ വച്ച് മെത്രാപ്പോലീത്താമാരായി വാഴിക്കപ്പെട്ടു.

അമേരിക്കൻ ആർച്ചുബിഷപ്പ് യേശു മാർ അത്താനാസ്യോസ് തിരുമേനിയുടെ ക്ഷണമനുസരിച്ച് ശ്രേഷ്ഠ കാതോലിക്കാ ബാവാ 1979 ജൂലായ്, ആഗസ്റ്റ് മാസങ്ങളിൽ അമേരിക്കയിലും കാനഡയിലും സന്ദർശനം നടത്തി. ന്യൂയോർക്ക്, ന്യൂജേഴ്സി, ലോസ് ഏൻജെൽസ്, ഷിക്കാഗോ, ഡള്ളാസ്, ഹൂസ്റ്റൺ, ഗ്രാൻഡ്റാപിഡ്സ്, വാഷിംഗ്ടൺ, ഫിലാഡൽഫിയാ, കാനഡയിലെ ടോറൻറോ, മോൺട്രിയൽ, ഷെർബ്രൂക്ക് മുതലായ സ്ഥലങ്ങളിലെ പള്ളികളിൽ ശ്രേഷ്ഠ ബാവ. വി.കുർബ്ബാനയർപ്പിച്ചു. ഡബ്ലിയു.സി.സി.നാഷണൽ കൗൺസിൽ ഓഫ് ചർച്ചസ്, അമേരിക്കൻ ബൈബിൾ സൊസൈറ്റി, അർമ്മേനിയർ, കോപ്റ്റിക്ക് ഡയോസിസുകളും എന്നിവയും ബാവാ തിരുമേനിക്ക് സ്വീകരണങ്ങളും നൽകി. വന്നു, കണ്ടു കീഴടക്കി എന്നു പറഞ്ഞതുപോലെ വി. സഭാംഗങ്ങളിൽ മാത്രമല്ല ഇതര ക്രൈസ്തവവിഭാഗങ്ങളിലും ഏറെ സ്വാധീനം ചെലുത്തിയിട്ടാണ്ബാവാതിരുമേനിതിരിച്ചെഴുന്നുള്ളിയത്. അവരുടെ ഹൃദയങ്ങളിൽ മതിപ്പും ആദരവും ഉളവാക്കിയ അദ്ദേഹം പിന്നീട് ഗൾഫ് നാടുകളും സന്ദർശിച്ച ശേഷമാണ് നാട്ടിലെക്ക് മടങ്ങിയത്.

1924-ൽ പൗരസ്ത്യ സുവിശേഷസമാജം സ്ഥാപിച്ച പ്രശസ്ത പണ്ഡിതനും സത്യവിശ്വാസത്തിൻറെയും വി. സഭയുടെ പാരമ്പര്യങ്ങളുടെയും വിശ്വസ്തനായൊരു പടയാളിയും ഗ്രന്ഥകാരനുമായ ആത്തുങ്കൽ ബഹു. ഗീവറുഗീസ് കോർ എപ്പിസ്ക്കോപ്പായുടെയും

സത്യവിശ്വാസ സംരക്ഷണ കാര്യങ്ങളിൽ മുന്നണിപ്പോരാളിയും, ആദ്ധ്യാത്മികസാമൂഹികവിദ്യാഭ്യാസരംഗങ്ങളിൽ അതുല്യസംഭാവനകൾ നൽകിയ പ്രമുഖ വ്യക്തിയും ഉന്നത ശീർഷനായ വൈദികശ്രേഷ്ഠനുമായ കോറൂസോ ദസറോറോ പി. എ. പൗലോസ് കൊറെപ്പിസ്കോപ്പായുടെയും പൗരോഹിത്യസുവർണ്ണജൂബിലി1979-ൽ ആഘോഷിച്ചുഎന്ന കാര്യവും പ്രത്യേകം പ്രസ്താവാർഹമാണ്.

1979 ജൂൺ മാസത്തിൽ പരി. പാത്രിയർക്കീസ് ബാവാ മദ്ധ്യയുറോപ്യൻ രാജ്യങ്ങളും, ഇംഗ്ലണ്ടും സന്ദർശിച്ചു. ബക്കിംഹാം കൊട്ടാരത്തിൽ വച്ച് പരി. ബാവാ എലിസബത്ത് രാജ്ഞിയെ സന്ദർശിച്ചു. ഇംഗ്ലണ്ടിൽ കാൻറർബറി ആർച്ചു ബിഷപ്പിനെയും, റോമിൽ ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പായേയും സന്ദർശിച്ചതോടെ ഏകീകൃമെനിക്കൽ മാനോഭാവം ഉൾക്കൊണ്ട ശ്രദ്ധേയനായ ഒരു ആദ്ധ്യാത്മിക തലവൻറെ പദവിയിലെക്ക് പരി. പിതാവ് ഉയരുകയാണ് ചെയ്തത്. മലങ്കര സഭാമക്കൾക്ക് അക്കാര്യത്തിൽ ഏറെ സന്തോഷിക്കുവാനും അഭിമാനിക്കുവാനും അവകാശമുണ്ട്.

1980 ജൂൺ 6-ാം തീയതി കേരളാ ഹൈക്കോടതി സമുദായക്കേസിൽ വാദികളുടെ അന്യായം തള്ളിക്കൊണ്ട് വിധി പ്രസ്താവിച്ചു. ജസ്റ്റീസ് ചന്ദ്രശേഖരമേനോൻറെ വിധി ഓരോ പള്ളിയുടെയും ഭരണം ഇടവക പൊതുയോഗത്തിൽ നിക്ഷിപ്തമായരിക്കുമെന്ന് വ്യക്തമാക്കി.

വി.സഭയുടെ ഭരണസാരഥ്യം പ്രാഗല്ഭ്യത്തോടെ നിർവഹിച്ച പരി.മോറാൻ മോർ ഇഗ്നാത്യോസ് യാക്കോബ് തൃതീയൻ പാത്രിയർക്കീസ് ബാവാ 1980 ജൂൺ 26-ാം തീയതി വ്യാഴാഴ്ച ഹൃദയസ്തംഭനം മൂലം കാലം ചെയ്തു. ദമസ്ക്കോസിലെ മാർഗീവറുഗീസ് സഹദായുടെ കത്തിഡ്രൽ പള്ളിയിൽ കബറടക്കപ്പെട്ടു. ജൂലായ് 7-ാം തീയതി അഖില മലങ്കരാടിസ്ഥാനത്തിൽ കോട്ടയത്തു നടത്തപ്പെട്ട മൗനജാഥയും അനുശോചനയോഗവും പരി. പിതാവിൻറെ ദേഹവിയോഗത്തിൽ മലങ്കരസഭയ്ക്കുള്ള കറയറ്റദുഃഖം പ്രസ്പഷ്ടമാക്കുന്നതായിരുന്നു.

.....)ô(.....

അദ്ധ്യായം 9

അസുലഭമായ ഔന്നത്യം

പരി. ഇഗ്നാത്യോസ് യാക്കോബ് തൃതീയൻ പാത്രിയർക്കീസ് ബാവായുടെ പിൻ ഗാമിയെ തെരഞ്ഞെടുക്കുന്നതിനായി ആകമാന സഭയുടെ സുന്നഹദോസ് 1980 ജൂലായ് 11-ാം തീയതി ശ്രേഷ്ഠ കാതോലിക്കാ ബാവായുടെ അദ്ധ്യക്ഷതയിൽ ദമസ്ക്കോസിലെ പാത്രിയർക്കാ അരമനയിൽ കൂടി. ഇതൊരു ചരിത്രസംഭവം തന്നെ. ദൈവനിയോഗം. മുമ്പൊരിക്കലും ഇപ്രകാരമൊരു അദ്ധ്യക്ഷ പദവി മലങ്കരസഭയിൽ നിന്നുള്ള ഒരു പൗരസ്ത്യ കാതോലിക്കായ്ക്കും ലഭിച്ചിട്ടില്ല. ശ്രേഷ്ഠ ബാവാ ഇവിടെ ചരിത്രം സൃഷ്ടിച്ചിരിക്കുന്നു. മഹാഭാഗ്യവാൻ എന്ന് ഏവരും പ്രകീർത്തിക്കുന്നു.

കേരളത്തിൽ നിന്ന് സുന്നഹദോസിൽ അഭി എബ്രഹാം മാർക്ലിമിസ്, തോമസ് മാർ തെയോഫിലോസ്, ഫീലിപ്പോസ് മാർ ഈവാനിയോസ് എന്നീ തിരുമേനിമാരും സന്നിഹിതരായിരുന്നു.

ജൂലായ് 11-ാം തീയതി വെള്ളിയാഴ്ച രാവിലെ ആലപ്പോയിലെ മാർ ഗീവറുഗീസ് ദീവന്നാസ്യോസ് മെത്രാപ്പോലീത്താ വി.കുർബ്ബാന അർപ്പിച്ചതോടെ തെരഞ്ഞെടുപ്പ് സംബന്ധിച്ച ചടങ്ങുകൾ ആരംഭിച്ചു. സന്നിഹി തരായിരുന്ന 20 മേൽപ്പട്ടക്കാർ ത്രോണോസിൽ വച്ചിരുന്ന കാസായിൽ തങ്ങളുടെ വോട്ടുകൾ നിക്ഷേപിച്ചു. പുതിയ പാത്രിയർക്കീസായി ബാഗ്ദാദ് ആർച്ചു ബിഷപ്പ് മാർ സേവേറിയോസ് സാഖാ ഐക്യകണ്ഠേനെ തെരഞ്ഞെടുക്കപ്പെട്ടിരിക്കുന്നതായി ശ്രേഷ്ഠ കാതോലിക്കാ ബാവാ പ്രഖ്യാപിച്ചു. നിയുക്ത പാത്രിയർക്കീസിനെ അംശവസ്ത്രങ്ങൾ ധരിപ്പിച്ച് മെത്രാപ്പോലീത്താമാർ സ്തോത്ര ശുശ്രൂഷ നടത്തിയ ശേഷം തിരുമനസ്സുകൊണ്ട് പ്രസംഗിച്ചു. ഘോഷയാത്രയായി അസംബ്ലിഹാളിലേക്ക് നിയുക്ത പാത്രിയർക്കീസിനെ ആനയിച്ചു. മേല്പട്ടക്കാരും രാഷ്ട്ര മേധാവികളും അനുമോദിച്ചു പ്രസംഗി ക്കുകയുണ്ടായി.

പരി.പാത്രിയർക്കീസായിതെരഞ്ഞെടുക്കപ്പെട്ടമാർസേവേറിയോസ് മെത്രാപ്പോലീത്ത 1964-ൽ പരി. യാക്കോബ് തൃതീയൻ പാത്രിയർക്കീസ് ബാവായൊടൊപ്പം മലങ്കര സന്ദർശിച്ചിട്ടുണ്ട്. ഇംഗ്ലീഷ്, ഫ്രഞ്ച്, അറബി, സുറിയാനി തുടങ്ങിയ ഭാഷകളിൽ ആഗാധ പാണ്ഡിത്യം പരി. പിതാവിനുണ്ട്. സഭകളുടെ ലോക കൗൺസിൽ കേന്ദ്രക്കമ്മിറ്റി മെമ്പർ

എന്ന നിലയിൽ അദ്ദേഹം ജമൈക്ക, വടക്കേ അമേരിക്ക, തെക്കേ അമേരിക്ക എന്നിവിടങ്ങളിൽ പര്യടനം നടത്തിയിട്ടുണ്ട്. 1975-ൽ നെയ്റോബിയിൽ ചേർന്ന ലോക സഭാ കൗൺസിൽ സമ്മേളനത്തിൽ അദ്ദേഹം സുറിയാനി ഓർത്തഡോക്സ് സഭയെ പ്രതിനിധീകരിച്ചിരുന്നു.

സത്യവിശ്വാസ സംരക്ഷണത്തിനായിസാമ്പത്തിക ഭാരം വഹിച്ചും നേതൃത്വം നൽകിയ ശ്രീ. പാലാമ്പടം തോമസ് വക്കീൽ, പാലാമ്പടം ഡോ. പി.റ്റി. തോമസ് എന്നിവരുടെ പാത പിൻതുടർന്ന് സുധീരം പോരാടിയ മാഹാത്മാവായിരുന്നു ഷെവ. ഈപ്പൻ തോമസ് പാലാമ്പടം. മലങ്കര യാക്കോബായ സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ പ്രസിഡൻറ് എന്ന നിലയിലും നേതൃത്വം നൽകിയ അദ്ദേഹം 1980 ആഗസ്റ്റ് 17-ാം തീയതി നിര്യാതനായി. അദ്ദേഹത്തിൻെറ സീമന്തപുത്രൻ ശ്രീ. പി. ഇ. തോമസ് പാലാമ്പടം സഭയുടെ അത്മായ ട്രസ്റ്റിയായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്. വി. സഭയോടും വിശേഷിച്ച് ശ്രേഷ്ഠ ബാവാ തിരുമേനിയോടും പാലാമ്പടംകുടുംബം എന്നും സ്നേഹവായ്പോടെയും ഭക്ത്യാദരവുകളോടെയുമാണ് വർത്തിച്ചിട്ടുള്ളത്

1980 സെപ്റ്റംബർ 14-ാം തീയതി വി. പത്രോസിൻെറ പിൻഗാമിയായി അന്ത്യോഖ്യയുടെയും കിഴക്കൊക്കെയുടെയും പുതിയ പാത്രിയർക്കീസ് മോറാൻ മോർ ഇനാത്യോസ് സഖാ പ്രഥമൻ ബാവാ സ്ഥാനാരോഹണംചെയ്തു. സ്ഥാനാരോഹണദിനംശ്രേഷ്ഠകാതോലിക്കാ മോർ ബസേലിയോസ് പൗലോസ് ദ്വിതീയൻ ബാവായുടെ പ്രധാന കർമ്മികത്വത്തിലും കൈമാഖാം കുര്യാക്കോസ് മാർ ഒസ്താത്തെയോസ്, യേശുമാർ അത്താനാസ്യോസ്, ഏബ്രഹാം മാർക്കുമിസ് ബർന്നബാ മാർ മിലിത്തോസ് എന്നീ അഭിവന്ദ്യതിരുമേനിമാരുടെ സഹകാർമ്മികത്വത്തിലും വി. കുർബ്ബാന അർപ്പിക്കപ്പെട്ടു.

വി. കുർബ്ബാന മദ്ധ്യേ സ്ഥാനാരോഹണ ശുശ്രൂഷ ആരംഭിച്ചു. ബാഗ്ദാദിൻെറയും ബസ്രായുടെയും മെത്രാപ്പോലീത്താ സാഖാ മാർ സേവേറിയോസിനെ അന്ത്യോഖ്യായുടെയുംകിഴക്കൊക്കെയുടെയും പാത്രിയർക്കീസായി തെരഞ്ഞെടുത്തിരിക്കുന്ന വിവരം ശ്രേഷ്ഠ ബാവാ പ്രഖ്യാപിച്ചു.

തുടർന്ന് അംശവടി നൽകുന്ന ചടങ്ങായിരുന്നു. അംശവടിയുടെ ഏറ്റവും മുകളിലായി ശ്രേഷ്ഠകാതോലിക്കാബാവായും കീഴെയായി മറ്റു മെത്രാപ്പോലിത്താമാരും കൈപിടിച്ച് പ്രത്യേക പ്രാർത്ഥന ഗീതങ്ങൾ ചൊല്ലിക്കഴിഞ്ഞപ്പോൾ പുതിയ പാത്രിയർക്കീസ് അംശവടിയുടെ

ഏറ്റവും മുകളിൽ കൈ പിടിക്കുകയും മറ്റുള്ളവർ ഒന്നൊന്നായി കൈകൾ വിടുകയും ചെയ്തതോടെ അജപാലന ദൗത്യത്തിന്റെ അധികാര ചിഹ്നമായ അംശവടി പാത്രിയർക്കീസ് ബാവാ ഏറ്റെടുക്കുകയാണ് ചെയ്തത്. തുടർന്ന് പാത്രിയർക്കാവാഴ്ചയിൽ മാത്രം ഉപയോഗിക്കുന്ന മാർ ക്ലീമിസിന്റെ പ്രത്യേക പ്രാർത്ഥന പ്രധാന കാർമ്മികനായ ശ്രേഷ്ഠബാവാ ചൊല്ലിയപ്പോൾ കത്തീഡ്രലിൽ തിങ്ങി നിറഞ്ഞിരുന്ന ആയിരക്കണക്കിന് വിശ്വാസികൾ കുറിയേലായിസ്സോൻ ചൊല്ലി. അതിനുശേഷം പരി. പാത്രിയർക്കീസിനെ സിംഹാസനത്തിൽ ഇരുത്തി 'ഓക്സിയോസ് ' ആർത്തുപാടി. പിന്നീട് പരി. പിതാവ് ഏവൻ ഗേലിയോ ൻ വായിച്ചു. അങ്ങനെ മോറാൻ മോർ ഇഗ്നാത്യോസ് സഖാ പ്രഥമൻ പാത്രിയർക്കീസ് ബാവാ വി. പാത്രോസിനാൽ സ്ഥാപിതമായ അന്ത്യോഖ്യാ സിംഹാസനത്തിൽ ആരൂഢനായി. സഭയുടെ ദൃശ്യ തലവനായി.

പിന്നീട് ശ്രേഷ്ഠ കാതോലിക്കാ ബാവാ നടത്തിയ പ്രസംഗത്തിൽ മലങ്കരയിലെ സഭയുടെയും തന്റെയും തന്റെ കീഴിലുള്ള മെത്രാപ്പോലീത്താമാരുടെയും വൈദികരുടെയും ജനങ്ങളുടെയും വിധേയത്വവും സമർപ്പിച്ചു. ബാവാതിരുമേനിയുടെ പ്രസംഗത്തിനുശേഷം പരി. പാത്രിയർക്കീസ് ബാവാ വി. കുർബ്ബാന പൂർത്തിയാക്കിയതോടെ സ്ഥാനാരോഹണ ചടങ്ങുകൾ അവസാനിച്ചു.

മലങ്കരയിൽ നിന്നും ശ്രേഷ്ഠ കാതോലിക്കാബാവായ്ക്കു പുറമെ മാർക്ലീമിസ്, മാർ ഗ്രീഗോറിയോസ് , മാർ ദീവന്നാസ്യോസ്, മാർ കുറിലോസ് മാർ ഈ വാനിയോസ്, മാർതെയോഫിലോസ് എന്നീ തിരുമേനിമാരും തീർത്ഥയാത്രാ സംഘത്തിൽപ്പെട്ട ബഹു. വൈദികർ വിശ്വാസികൾ എന്നിങ്ങനെ 135 പേരും സംബന്ധിച്ചിരുന്നു.ഇത്രയേറെ മെത്രാപ്പോലീത്താ മാർ പങ്കെടുത്തിട്ടുള്ളതും മലങ്കരയിലെ ഭക്തജനങ്ങൾ സംബന്ധിച്ചിട്ടു ള്ളതുമായ പാത്രിയർക്കാസ്ഥാനാരോഹണ ശുശ്രൂഷ ഇതിനു മുമ്പു നടന്നിട്ടില്ല. കൂടാതെ മലങ്കരയിൽ നിന്നുള്ള പൗരസ്ത്യ കാതോലിക്കാ സ്ഥാനാരോഹണ ശുശ്രൂഷകൾക്ക് നേതൃത്വം കൊടുത്തതും സഭാ ചരിത്രത്തിലെ ആദ്യസംഭവമാണ്. എല്ലാ അർത്ഥത്തിലും കേരളത്തിന്റെ ഒരു ചെറിയ പരിച്ഛേദം തന്നെ അന്ന് ഡമാസ്കസിൽ സമ്മേളിക്കുകയുണ്ടായി. കേരളത്തിലെ ക്രൈസ്തവ സമൂഹം അഭിമാനത്തോടെ തലയുയർത്തി നിന്ന ഒരു അസുലഭ സന്ദർഭം.

മലങ്കരയിൽ നിന്നുള്ള തീർത്ഥാടക സംഘം പരി.പിതാവിന്റെ സന്നിധിയിൽ മനോഹരമായി കലാവിരുതോടെ നിർമ്മിച്ച ഒരു വലിയ

സുവർണ്ണകുരിശ്, മുത്തുക്കുടകം മുതലായ വിലയേറിയ വസ്തുക്കം കാഴ്ച്ച വച്ചു. കേരളാഗവൺമെൻറിനുവേണ്ടി മുഖ്യമന്ത്രിയുടെ ആശംസ ഗവ. സെക്രട്ടറി ഡോ. ഡി. ബാബുപോം പരി. പിതാവിനെ അറിയിച്ചു.

ലോകത്തിൻെറ വിവിധ ഭാഗങ്ങളിൽ നിന്നുമുള്ള വിശ്വാസി കം‌ക്കു പുറമെ റോമാ, പ്രോട്ടസ്റ്റൻറ്, ഗ്രീക്കുമുതലായ സഭകളുടെ പ്രതിനിധികളും, കോപ്റ്റിക്ക്, അർമ്മേനിയൻ, അബിസീനിയൻ എന്നീ സഭാ പിതാക്കന്മാരും, രാഷ്ട്ര മേധാവികളും ചടങ്ങുകളിൽ സംബന്ധി ച്ചിരുന്നു.

''രാജാവിൻെറ മുഖപ്രകാശത്തിൽ ജീവൻ ഉണ്ട് അവൻെറ പ്രസാദം പിൻ മഴെയ്ക്കുള്ള മേഘംപോലെയാകുന്നു.'' (സദൃശ 16:15)

.....)o(.....

അദ്ധ്യായം 10

അജപാലന ദൗത്യം

പരി. പാത്രിയർക്കീസ് ബാവാ സ്ഥാനമേറ്റതിനുശേഷം ആദ്യമായി അപ്പസ്തോലിക സന്ദർശനം കൊണ്ട് അനുഗൃഹീതമായത് പശ്ചിമേഷ്യൻ രാജ്യങ്ങളും അമേരിക്കയിലെ ഭദ്രാസനങ്ങളുമാണ്. ആകമാന സുറിയാനി സഭ ആസ്ത്രേലിയ, ഏഷ്യ, ആഫ്രിക്ക ,യൂറോപ്പ് വടക്കേ ആമേരിക്ക, തെക്കെ അമേരിക്ക എന്നീ ആറു ഭൂഖണ്ഡങ്ങളിലായി വ്യാപിച്ച് പന്തലിച്ചു നില്ക്കുന്നു. ഇവിടങ്ങളിലെല്ലാം മലയാളികളായ സുറിയാനിക്കാരും ഉണ്ടെന്നുള്ളത് അഭിമാനകരമാണ്.

1982 ഫെബ്രുവരി-മാർച്ച് മാസങ്ങളിലാണ് പരി. പിതാവ് ഭാരതമണ്ണിൽ സന്ദർശനം നടത്തിയത് ബോംബയിൽ 1982 ഫെബുവരി 3-ന് വിമാനമിറങ്ങിയ പരി. പിതാവ് ബോംബെ, ന്യൂഡൽഹി, ബാംഗ്ലൂർ, മദ്രാസ്, മംഗലാപുരം തുടങ്ങിയ ഇൻഡ്യയിലെപ്രധാന നഗരങ്ങളി ലെല്ലാം സന്ദർശനം നടത്തി. അദ്ദേഹം സ്റ്റേറ്റു ഗവൺമെൻറുകളുടെ അതിഥി യായി സ്വീകരിച്ച് ബഹുമാനിക്കപ്പെട്ടു.

പരി. പാത്രിയർക്കീസ് ബാവാ ഫെബ്രുവരി 7-ന് കൊച്ചിയി ലെത്തിയപ്പോം മന്ത്രിമാരും വിവിധ ക്രൈസ്തവമേലദ്ധ്യക്ഷന്മാരും സാമൂഹികസാംസ്ക്കാരിക രാഷ്ട്രീയ നേതാക്കൻന്മാരും വര വേല്ക്കാൻ വിമാനത്താവളത്തിലെത്തിയിരുന്നു അന്ന് വൈകുന്നേരം എറണാക്കുള ത്തെ വിശാലമായ മഹാരാജാസ്കോളേജ് ഗ്രൗണ്ടിൽ ഏതാണ്ട്

അഞ്ചുലക്ഷം സഭാംഗങ്ങളും ഒരുമിച്ചു കൂടി നടത്തിയ പാത്രിയർ ക്കാദിനാഘോഷത്തിൽ പങ്കെടുക്കാൻ പരി. പാത്രിയർക്കീസ് ബാവായും ശ്രേഷ്ഠ കാതോലിക്കാ ബാവായുംവേദിയിലെത്തിയപ്പോഴും വിശ്വാസി കളും അനന്തസാഗരത്തിലാറാടി.

ഫെബ്രുവരി 7 മുതൽ ഒരു മാസക്കാലം കേരളാഗവൺമെൻറിൻെറ അതിഥിയായി തിരുവനന്തപുരം മുതൽ കാസർകോടുവരെ ശ്ലൈഹിക സന്ദർശനം നടത്തി പരി-ബാവാ തൻെറ കുഞ്ഞാടുകളെ അനുഗ്രഹിച്ചു. ശ്രേഷ്ഠ കാതോലിക്ക ബാവായും പരി. പിതാവിനോടൊപ്പമുണ്ടായിരുന്ന കേരളാഗവൺമെൻറിൻെറ പ്രതിനിധികളായി ഗവൺമെൻറു സെക്രട്ടറി ഡോ. ഡി. ബാബുപോളും ഐ.എ.എസ്സ്., പോലീസ് കമ്മീഷണർ സിബി മാത്യൂ എന്നിവർ ബാവാമാരെ അനുഗമി ച്ചിരുന്നു. വരവേല്പുകളിൽ നാനാജാതിമതസ്ഥരും പങ്കെടുത്തു വെന്നുള്ളത് കേരളത്തിൻെറ ഒരു പ്രത്യേകതയായി വ്യക്തമാക്കേ ണ്ടിയിരിക്കുന്നു.

ഫെബ്രുവരി 12-ന് പരി. ഏലിയാസ് തൃതീയൻ പാത്രിയർക്കീസ് ബാവായുടെ അമ്പതാം ചരമ വാർഷിക ജൂബിലി ആഘോഷങ്ങളും പരി. പിതാവ് ഉദ്ഘാടനം ചെയ്തു.

പരി. സഖാ പ്രഥമൻ ബാവാ തൻെറ സന്ദർശന വേളയിൽ ഫെബ്രുവരി 27-ാം തീയതി മണർകാട് സെൻറ് മേരീസ് പള്ളിയിൽ വച്ച് ശ്രേഷ്ഠ കാതോലിക്കാ ബാവായുടെയും അഭിവന്ദ്യരായ തിരുമേനി മാരുടെയും ബഹു.വൈദികരുടെയും സഹകരണത്തോടെ വി.മൂറോൻ കൂദാശ നടത്തി. മാർച്ച് 6-ന് കോതമംഗലം ചെറിയ പള്ളിയിൽ വച്ച് ബഹു. ആലുങ്കൽ ആബ്രാഹാം റമ്പാനെ അങ്കമാലി ഭദ്രാസനത്തിൻെറ സഹായ മെത്രാപ്പോലീത്തയായി എബ്രഹാം മാർ സേവേറിയോസ് എന്ന നാമത്തിൽ പരി.പാത്രിയ ർക്കീസ് ബാവാ വാഴിച്ചു ഒരു നൂറ്റാണ്ടിനുശേഷം പരി. പാത്രിയർക്കീസ് ബാവായാൽ കേരളത്തിൽ വച്ച് നടത്തപ്പെട്ട മെത്രാഭിഷേകത്തിന് ശ്രേഷ്ഠാകാതോലിക്കാ ബാവായും അഭി. മെത്രാപ്പോലീത്തമാരും സഹകാർമ്മികത്വം വഹിച്ചു. അന്ന് കോതമംഗലത്ത് സഭാ മാനേജിംഗ് കമ്മിറ്റി പരി. പാത്രിയർക്കീസ് ബാവായുടെ അദ്ധ്യക്ഷതയിൽ കൂടി. മലങ്കരയാക്കോബായ സിറിയൻ സൺഡേസ്കൂൾ അസോസിയേഷൻെറ ആഭിമുഖ്യത്തിൽ 1982 മാർച്ച് 7-ാം തീയതി വൈകിട്ട് പരി. പാത്രിയർക്കീസ് ബാവായ്ക്കു ഹെഡ്കപ്പാർട്ടേഴ്സിൽ അത്യുജ്ജ ലമായ ഒരു വരവേല്പ് നൽകുകയുണ്ടായി. തുടർന്ന് അസോസിയേഷൻ വക മാർ ഇഗ്നാത്യോസ് പ്രസ്സിനുവേണ്ടി നിർമ്മിക്കുന്ന മന്ദിരത്തിനും,

അസോസിയേഷൻ അസംബ്ലിഹാളിനും പരി. ബാവ ശിലാസ്ഥാപനം നടത്തുകയും ചെയ്തു.

മാർച്ച് 9-ന് പരി. പാത്രിയർക്കീസ് ബാവായുടെ അദ്ധ്യക്ഷതയിൽ എറണാകുളം ബോംഗാട്ടിപാലസിൽ വച്ച് പരി. പാത്രിയർക്കീസ് ബാവായുടെ അദ്ധ്യക്ഷതയിൽ സുന്നഹദോസ്ചേർന്ന്സുപ്രധാനങ്ങളായ പല തീരുമാനങ്ങളും കൈക്കൊണ്ടു. 1876-ൽ മുളന്തുരുത്തിയിൽ വച്ച് പരി. പത്രോസ് തൃതീയൻ പാത്രിയർക്കീസ് ബാവായുടെ അദ്ധ്യക്ഷതയിൽ നടന്ന സുന്നഹദോ സിനുശേഷം ആദ്യമായിട്ടാണ് പരി.പാത്രിയർക്കീസ് ബാവായുടെ അദ്ധ്യക്ഷതയിൽ മലങ്കരയിൽ സുന്നഹദോസ് നടക്കുന്നത്. മലങ്കരയിൽ ഒരു വൈദിക കോളേജ് ആരംഭിക്കുന്നതിനും, കൊച്ചി ഭദ്രാസനത്തിലെ ഉത്തരമേഖലയിലെ പള്ളികളും ചേർത്ത് പുതുതായി തൃശ്ശൂർ ഭദ്രാസനം രൂപികരിക്കുന്നതിനും അന്ന് തീരുമാനമെടുത്തു.

സഭാതലവൻ സഭയ്ക്കുവേണ്ടി നിസ്തുല സേവനം അനുഷ്ഠിച്ച പ്രശസ്തരായ വ്യക്തികൾക്ക്കമാൻഡർ, ഷെവലിയർ എന്നീ സ്ഥാനങ്ങൾ നൽകി അനുഗ്രഹിച്ചു. ആക്കൂട്ടത്തിൽ അപൂർവ്വമായ കോറൂസോ ദസറോ എന്ന ബഹുമതി നൽകിയാണ് മലങ്കര സഭയ്ക്കു സുധീര നേതൃത്വം നൽകിയ കുറുപ്പം പടി ചീരോത്തോട്ടത്തിൽ പി. എ. പൗലോസ് കോറെപ്പിസ്ക്കോപ്പായെ പരി. ബാവാ ആദരിച്ചത്; അനുഗ്രഹിച്ചത്.

തികച്ചും ആർഭാടപൂർവമെങ്കിലും ഭക്തി സാന്ദ്രമായിട്ടാണ് പരി. ബാവായുടെ വരവേല്പുതുടങ്ങിയ ചടങ്ങുകൾ കേരളത്തിലെങ്ങും സംഘടിപ്പിക്കപ്പെട്ടത്. നിർവൃതിദായകമായ നിമിഷങ്ങളായിട്ടാണ് ഭക്ത ജനങ്ങൾക്ക് ആ സന്ദർശനം അനുഭവപ്പെട്ടത്പരി. ബാവായെ കാണുവാൻ, തൃക്കൈമുത്തുവാൻ, അനുഗ്രഹങ്ങൾ പ്രാപിക്കുവാൻ ഓരോസ്ഥലത്തും അനേകായിരങ്ങൾ തടിച്ചുകൂടി. അങ്ങനെ ഈ അപ്പസ്തോലിക സന്ദർശനം ഒരു ചരിത്ര സംഭവമായി മാറി. പരി. പാത്രിയർക്കീസ് ബാവാ ഭാരതത്തിൽ വന്നു;കണ്ടു; അനുഗ്രഹിച്ചു.

ഒരു കാലത്തു ഒരു മിച്ചുനിന്ന സുറിയാനി സഭയും കത്തോലിക്കാ സഭയും വീണ്ടും യോജിക്കുന്നതിനുള്ള ശ്രമങ്ങൾ ആരംഭിക്കുകയും തൽഫലമായി പല പ്രാവശ്യം സുറിയാനി സഭയുടെ പരമാദ്ധ്യക്ഷനായ പരി. പാത്രിയർക്കീസ് ബാവായും റോമൻ കത്തോലിക്കാസഭയുടെ പരമാദ്ധ്യക്ഷനായ മാർപാപ്പായും തമ്മിൽ ചർച്ചകൾ നടത്തുകയും ചെയ്തിട്ടുണ്ട്. അക്കൂട്ടത്തിൽ സുപ്രധാനമായ ഒരുകൂടിക്കാഴ്ചയാണ്1971 ഒക്ടോബറിൽ പരി. ഇഗ്നാത്യോസ്യാക്കോബ് തൃതീയനും പോപ്പ് പോൾ

ആറാമനും തമ്മിലുണ്ടായത്. ഇരുവരും ഒരുമിച്ച് ഒരു ഇടയലേഖനം പുറപ്പെടുവിക്കുകയും എത്രയും വേഗം യോജിക്കാവുന്ന മേഖല ഉരുത്തിരിഞ്ഞുവരുമെന്ന് പ്രത്യാശ പ്രകടിപ്പിക്കുകയും ചെയ്തു. തുടർ നടപടിയെന്ന നിലയിലാണ് 1984 ജൂൺ 18-ന് പരി. പാത്രിയർക്കീസ് ബാവായും മാർ പാപ്പായും വത്തിക്കാനിൽ ഒരുമിച്ചു കൂടിയത്. പൗരസ്ത്യ കാതോലിക്കാ ബസേലിയോസ് പൗലോസ് ദ്വിതീയനും ആർച്ചു ബിഷപ്പ് യോഹന്നാൻ മാർ ഗ്രീഗോറിയോസ്. യേശു മാർ യൂലിയോസ്, ഐസക് മാർ സേവേറിയോസ് എന്നീ മെത്രാപ്പോലീത്താമാരും ബന്യാമിൻ ജോസഫ് റമ്പാനും, ബാർ ഈത്തോ ബ്രീറോ ഡോ. ബാബുപോളും പരി.ഇഗ്നാത്യോസ് സാഖാ പ്രഥമൻ പാത്രിയർക്കീസ് ബാവായുടെ സംഘത്തിലുണ്ടായിരുന്നു. പോപ്പ് ജോൺപോൾ രണ്ടാമൻ തന്റെ തിരു സംഘത്തിലെ അംഗങ്ങളോടൊപ്പം വന്ന് പരി.പാത്രിയർക്കീസിനെയും സംഘാംഗങ്ങളെയും സ്വീകരിച്ച് അരമനയിലേക്ക് നയിച്ചു. സൗഹൃദവും സന്തോഷവും അലയടിച്ചു നിന്ന അന്തരീക്ഷത്തിലാണ് ചർച്ചകൾ നടന്നത്.പ്രാർത്ഥനയ്ക്കുശേഷം 1984 ജൂൺ 23-ന് ഇടയലേഖനം രണ്ടു സഭകളിലെയും അംഗങ്ങളുടെ അറിവിനും അനുസരണത്തിനുമായി പുറപ്പെടുവിച്ചു. ഈ സംയുക്ത പ്രഖ്യാപനം ക്രൈസ്തവ സഭകളുടെ ചരിത്രത്തിൽ ഒരു രജതരേഖയായിത്തീർന്നിരിക്കുന്നു.

അത്യാവശ്യസന്ദർഭങ്ങളിൽ ഈ രണ്ട് സഹോദരി സഭകളിലെ അംഗങ്ങൾക്ക് ഏതെങ്കിലും നിയമാനുസൃതരായ വൈദികരിൽ നിന്ന് കുമ്പസാരം, വി. കുർബ്ബാന, രോഗികളുടെ തൈലാഭിഷേകം എന്നീ കൂദാശകൾ സ്വീകരിക്കുവാൻ മേല്പറഞ്ഞ സംയുക്തപ്രഖ്യാപനത്തിലൂടെ കത്തോലിക്ക-യാക്കോബായ സഭകളിലെ വിശ്വാസികളെ അനുവദിച്ചു. വൈദിക പഠനത്തിൽ സഹകരിക്കാമെന്നും സമ്മതിച്ചു.

വത്തിക്കാനിൽ നടന്ന ചർച്ചകളുടെ തുടർച്ചയായി പരി.പാത്രിയർക്കീസിന്റെയും മാർപാപ്പായുടെയും നിർദ്ദേശാനുസരണം കേരളത്തിലെ കത്തോലിക്കാ-യാക്കോബായ-മെത്രാപ്പോലീത്താമാർ പലവട്ടം ഒരുമിച്ചു കൂടി സൗഹൃദചർച്ചകൾ നടത്തുകയുണ്ടായി.

മിതഭാഷിയും സൗമ്യശീലനും, അറബി, സുറിയാനി, മലയാളം, ഇംഗ്ലീഷ്, എന്നീ ഭാഷകളിൽ അഗാധപണ്ഡിതനും, ലബനോനിലെ സെൻറ് അപ്രേം സെമിനാരിയിൽ വൈസ് പ്രിൻസിപ്പലായും പാത്രയിർക്കാ ആരമനയിൽ മലങ്കര സഭാ കാര്യങ്ങളുടെ സെക്രട്ടറിയായും സേവനമനുഷ്ഠിച്ചിട്ടുള്ള കുന്നം കുളത്തെ പ്രശസ്ത മായ പനയ്ക്കൽ

കുടുംബാംഗമായ ബന്യാമിൻ ജോസഫ് റമ്പാച്ചൻ 1984 ഒക്ടോബർ 7-ാം തീയതി പരി. സാഖാ പ്രഥമൻ പാത്രിയർക്കീസ് ബാവായാൽ സിംഹാസനപ്പള്ളികളുടെ സഹായ മെത്രാപ്പോലീത്തയായി ബന്യാമിൻ ജോസഫ് മാർ ഓസ്താത്തിയോസ് എന്ന പേരിൽ വാഴിക്കപ്പെട്ടു.

സഭയ്ക്കുവേണ്ടി ഏറെ ത്യാഗമനുഷ്ഠിച്ച പീഡനങ്ങൾ വരെയും സഹിച്ച, സഭയ്ക്കുവേണ്ടി മലബാറിലെ ഭക്തജനങ്ങൾക്ക് നേതൃത്വവും ശക്തിയും ധൈര്യവും പകർന്നു നൽകാൻ സന്നദ്ധനായി പ്രതിബന്ധങ്ങൾ ക്കിടയിലും സഭകെട്ടിപ്പടുത്ത, സൺഡേസ്ക്കൂൾ പ്രസ്ഥാനത്തെ ധീരമായി നയിച്ച, മലബാർ ഭദ്രാസന മെത്രാപ്പോലീത്താ അഭി. ശാമുവേൽമാർ പീലക്സിനോസ് തിരുമേനി 1985 ജനുവരി 17-ാം തീയതി ആകസ്മികമായി കാലം ചെയ്തു. മീനങ്ങാടി സെൻറ് പീറ്റേഴ്സ് ആൻറ് സെൻറ് പോൾസ് കത്തീഡ്രൽ പള്ളിയിൽ കബറടക്കപ്പെട്ടു.

പ്രശസ്ത വാഗ്മിയും ഗ്രന്ഥകാരനും M.A.,STM, THD, D.D. എന്നീ ബിരുദങ്ങൾ നേടിയിട്ടുള്ള പണ്ഡിതനും പ്രശസ്തമായ പാമ്പാടി ഇലപ്പനാൽ കുടുംബാംഗവുമായ വെരി. റവ. ഡോ. ജോൺജേക്കബ് റമ്പാച്ചനെ 1985 സെപ്റ്റംബർ 12-ന് ശ്രേഷ്ഠകാതോലിക്കാ ബാവാ മീനങ്ങാടി സെൻറ് പീറ്റേഴ്സ് ആൻറ് സെൻറ് പോൾസ് കത്തീഡ്രലിൽ വച്ച് ഡോ. യൂഹാനോൻ മാർ പീലക്സിനോസ് എന്ന പേരിൽ മലബാർ ഭദ്രാസന മെത്രാപ്പോലീത്തയായി വാഴിച്ചു.

ജോൺ പോൾ രണ്ടാമൻ മാർപാപ്പാ കേരളത്തിൽ ഔദ്യോഗിക സന്ദർശനം നടത്തിയപ്പോൾ എറണാകുളം സെൻറ് പീറ്റേഴ്സ് ചാപ്പലിലെത്തി. 1986 ഫെബ്രുവരി 7-ാം തീയതി ശ്രേഷ്ഠ കാതോലിക്കാബാവായെയും യാക്കോബായ സുറിയാനി ഓർത്തഡോക്സ് സഭയിലെ മെത്രാപ്പോലീത്താ മാരെയും സന്ദർശിച്ച് സഭയുടെ ഐക്യത്തെപ്പറ്റി ചർച്ചകൾ നടത്തി. ഇരു സഭകളും യോജിച്ച് പ്രവർത്തിക്കണമെന്ന് മാർപാപ്പാ പരസ്യമായി പ്രസ്താവിച്ചു. മാർപാപ്പായുടെ ഈ സന്ദർശനവും തുടർന്നു നടന്ന ചർച്ചയും മലങ്കര യാക്കോബായ സുറിയാനി ഓർത്തഡോക്സ് സഭയ്ക്കു ലഭിച്ച ഒരു അംഗീകാരം തന്നെ. ശ്രേഷ്ഠബാവായെ ക്കുറിച്ച് മാർപാപ്പായ്ക്കുള്ള സ്നേഹവും മതിപ്പും വ്യക്തമാക്കുന്ന സന്ദർഭവും കൂടിയാണിത്.

1986 ഫെബ്രുവരി 10-ാം തീയതി യാക്കോബ് മാർ തീമോത്തിയോസ് തിരുമേനി കാലം ചെയ്യുകയും തൃക്കോതമംഗലം പള്ളിയിൽ കബറടക്കപ്പെടുകയും ചെയ്തു. 1987-ലും മറ്റൊരു വേർപാടിനാൽ സഭ

ദുഃഖാകുലയായി. ക്രൂശിന്റെ സുവിശേഷകൻ (കോറൂസോ ദസറോറോ) എന്ന അപരാഭിധാനത്താൽ അറിയപ്പെട്ട ബഹു. പി. എ. പൗലോസ് കോറെപ്പിസ്ക്കോപ്പാ 1987 നവംബർ 22-ാം തീയതി അതിരാവിലെ വി. ദൈവമാതാവിന്റെ ദൈവാലയ പ്രവേശനദിനത്തിൽ നമ്മെ വിട്ട് ആത്മനാഥന്റെ പക്കലെത്തിച്ചേർന്നു.

.....)o(.....

അദ്ധ്യായം 11

സത്യവിശ്വാസ സംരക്ഷണം

ശ്രേഷ്ഠ കാതോലിക്കാ ബാവാ സത്യവിശ്വാസ സംരക്ഷണത്തിനായി അക്ഷീണം നിലകൊണ്ടു. സുധീരമായ പല നടപടികളും തുടർന്നുണ്ടായി. അക്കൂട്ടത്തിൽ ചരിത്ര പ്രധാനമായ ഒരു സംഭവമാണ് മുളന്തുരുത്തി പ്രഖ്യാപനം. 1987 ഡിസംബർ 20-ാം തീയതി ചരിത്ര പ്രസിദ്ധമായ മുളന്തുരുത്തി മാർ തോമൻ പള്ളിയിൽ വച്ച് പരി. പാത്രിയർക്കീസ് ബാവായുടെ അപ്പസ്തോലികമായ വിളംബരം ശ്രേഷ്ഠ കാതോലിക്കാ ബാവാ അഭിവന്ദ്യരായ മെത്രാപ്പോലീത്ത തിരുമേനിമാരുടെയും ബഹുമാന്യരായ വൈദികരുടെയും പതിനായിരക്കണക്കിന് ഭക്ത ജനങ്ങളുടെയും സാന്നിദ്ധ്യത്തിൽ ആചാരോപചാരങ്ങളോടെ വായിച്ച് പ്രഖ്യാപിച്ചു. ഇന്ത്യയുടെ അപ്പസ്തോലനായ വി. തോമാശ്ലീഹായുടെ പാവന നാമധേയം വി. കുർബ്ബാനയിലെ നാലാം തുബ്ദേനിലും മലങ്കര സഭയിൽ സമാധാനം സുസ്ഥിരമാക്കുവാൻ വേണ്ടി കേരളക്കരയിൽ എഴുന്നുള്ളി ഇവിടെ തന്നെ ജീവാർപ്പണം ചെയ്ത പരി. ഏലിയാസ് തൃതിയൻ പാത്രിയർക്കീസ് ബാവാ, സത്യവിശ്വാസ സംരക്ഷണത്തിനുവേണ്ടി പരി. സിംഹാസനത്തിൽ നിന്ന് 1685-ൽ അയയ്ക്കപ്പെട്ട പരി. യൽദോമാർ ബസേലിയോസ് ബാവാ, മലങ്കരയുടെ മണ്ണിൽ പിറന്ന പരിശുദ്ധനായ ഗീവറുഗീസ് മാർ ഗ്രീഗോറിയോസ് (കൊച്ചു തിരുമേനി) മെത്രാപ്പോലീത്താ എന്നീ പുണ്യ പിതാക്കന്മാരുടെ പാവന നാമധേയം വി. കുർബ്ബാനയുടെ അഞ്ചാം തുബ് ദേനിലും ചേർത്ത് ഉപയോഗിക്കുവാനുള്ള വിളംബരമാണ് പരി. സിംഹാസനത്തിൽ നിന്നുണ്ടായിട്ടുള്ളത്. മേല്പറഞ്ഞ പ്രഖ്യാപനത്തോടെ മലങ്കര സഭയ്ക്ക് ആകമാന സുറിയാനി സഭയുമായുള്ള ബന്ധത്തിന് സുദൃഢത വരുത്തുവാൻ കഴിഞ്ഞുവെന്നുള്ള സത്യവും ഇത്തരുണത്തിൽ സ്മരണിയമാണ്.

1988-ൽ ഒരു നല്ല ഇടയന്റെ വേർപാടിനാൽ സഭാന്തരീക്ഷം

ദുഃഖാകുലമായി. മികച്ച വാഗ്മിയും സഭാ ചരിത്ര പണ്ഡിതനും, കണ്ടനാട് ഭദ്രാസന സഹായ മെത്രാപ്പോലീത്തായുമായിരുന്ന അഭി.പീലി പ്പോസ് മാർ ഈവാനിയോസ് തിരുമേനി 1988 മെയ് 8-ാം തീയതി കാലം ചെയ്തു. വെള്ളൂർ സെൻറ് സൈമൺസ് പള്ളിയിൽ കബറടക്കപ്പെട്ടു.

ജീവിത നൈർമല്യം ദൈവഭക്തി വിശ്വാസസ്ഥിരത പരി. അന്ത്യോഖ്യാ സിംഹാസനത്തോടുള്ള അചഞ്ചലമായ കൂറ്, നിഷ്ക്കളങ്കമായ പെരുമാറ്റം, ആരെയും അതിശയിപ്പിക്കുന്ന കർമ്മകൗശലം, തുടങ്ങിയ സദ്ഗുണങ്ങളാൽ ധന്യമാക്കപ്പെട്ട ശ്രേഷ്ഠ ബാവാതിരുമേനിയുടെ 75-ാം ജന്മദിനവും കണ്ടനാട് ഭദ്രാസനദിനവും ഏകോപിച്ച് 1989 ഏപ്രിൽ 30-ാം തീയതിമൂവാറ്റുപുഴ കാതോലിക്കേറ്റ് അരമന അങ്കണത്തിൽ വിപുലമായ പരിപാടികളോടുകൂടി ആഘോഷിക്കുകയുണ്ടായി. നിർധനരായ 75 യുവതികളുടെ വിവാഹസ ഹായധന വിതരണോൽഘാടനം നിർവഹിച്ചത്കേന്ദ്രമന്ത്രി ശ്രീ. എം.എം. ജേക്കബ്ആണ്. അഭിവന്ദ്യരായ തിരുമേനിമാരും സാമൂഹിക രാഷ്ട്രീയ പ്രഗല്ഭരും യോഗത്തിൽ സംബന്ധിച്ചിരുന്നു.

ഭദ്രാസന ഭരണം കാര്യക്ഷമ മാക്കുന്നതിനായി ചില ഭദ്രാസനങ്ങളിൽ അധിപന്മാരെ വാഴിയ്ക്കുവാൻ ശ്രേഷ്ഠ ബാവാ തിരുമേനി നടപടി കൈക്കൊണ്ടു. അക്കൂട്ടത്തിൽ തനിക്ക് സഹായിയായി ഒരു മെത്രാപ്പോ ലീത്തായെ വാഴിക്കുവാനും ശ്രേഷ്ഠ ബാവായ്ക്കു കഴിഞ്ഞു. 1990 മെയ് 3-ാം തീയതി മൂവാറ്റുപുഴ കാതോലിക്കേറ്റ് അരമനപളളി അങ്കണത്തിലെ താൽക്കാലിക മദ് ബഹായിൽ കണ്ടനാടു ഭദ്രാസന സഹായമെത്രാപ്പോലീത്തയായി ഡോ. തോമസ് മാർ അത്താനാസ്യോസ് എന്ന പേരിൽ ഡോ. തോമസ് റമ്പാച്ചൻ അഭിഷിക്തനായി. പൗരസ്ത്യകാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായുമായ ബസേ ലിയോസ് പൗലോസ് ദ്വിതീയൻ ബാവായുടെ മുഖ്യകാർമ്മി കത്വത്തിൽ നടന്ന സ്ഥാനാഭിഷേക ശുശ്രൂഷയിൽ മെത്രാപ്പോലീത്തമാരായ എബ്രഹാം മാർ ക്ലീമിസ്, ഗീവറുഗീസ് മാർ ഗ്രീഗോറിയോസ്, തോമസ് മാർ ദീവന്നാസ്യോസ്, കുര്യാക്കോസ് മാർ കൂറിലോസ്, യാക്കോബ് മാർ യൂലിയോസ്, തോമസ് മാർ ഒസ്താത്തിയോസ്, തോമസ് മാർ തെയോഫിലോസ്, ഡോ. എബ്രഹാം മാർ സേവേറിയോസ്, ബനഡിക്ടിൻ ജോസഫ് മാർ ഒസ്താത്തിയോസ്, ഡോ. യൂഹാനോൻ മാർ പീലക്സിനോസ് എന്നിവർ സഹകാർമ്മികത്വം വഹിച്ചു.

രാവിലെ 7.30ന് അരമനയിൽ നിന്ന് അംശവസ്ത്രങ്ങളണിഞ്ഞ്

കാതോലിക്കബാവായും ശിരസ്സിൽ ശോശപ്പ അണിഞ്ഞ് മുഖം മൂടിയ നിയുക്ത മെത്രാനും സഹകാർമ്മികരായ മെത്രാപ്പോലീത്തമാരുടെ അകമ്പടിയോടെ വേദിയിലേക്ക് എഴുന്നള്ളിയപ്പോഴും വൈദികരും ഭക്തജനങ്ങളും എഴുന്നേറ്റുനിന്ന് ഗാനാലാപത്തോടെ എതിരേറ്റു. മദ്ബഹായിൽ പ്രവേശിച്ചശേഷം പരി. ഇഗ്നാത്യോസ് സഖാ പ്രഥമൻ പാത്രിയർക്കീസ് ബാവായുടെ അനുഗ്രഹകല്പന മലങ്കര എപ്പിസ്തേക്കാപ്പൽ സുന്നഹദോസ് സെക്രട്ടറി മാർഗ്രീഗോറിയോസ് മെത്രാപ്പോലീത്ത വായിച്ചു. തുടർന്ന് പ്രധാന കാർമ്മികനായ കാതോലിക്ക ബാവായുടെ മുമ്പിൽ മുട്ടുകുത്തിയ നിയുക്ത മെത്രാനോടു ''കണ്ടനാട് ഭദ്രാസന സഹായ മെത്രാപ്പോലീത്താ സ്ഥാനത്തേയ്ക്ക് പരി. റൂഹാ നിന്നെ വിളിക്കുന്നു'' എന്നു ബാവാ അരുളിച്ചെയ്തപ്പോഴും '' ഞാൻ അത് സ്വീകരിക്കുകയും സമ്മതിക്കുകയും ചെയ്യുന്നു'' എന്ന് നിയുക്ത മെത്രാൻ പറഞ്ഞു. തുടർന്ന് നിയുക്ത മെത്രാനെ മദ്ബഹായിൽ പ്രത്യേക സ്ഥാനത്തിരുത്തി കാതോലിക്ക ബാവായുടെ പ്രധാന കാർമ്മികത്വത്തിൽ വി. കുർബ്ബാന ആരംഭിച്ചു '' ബസ്മൽകോ''യുടെ സമയമായപ്പോഴും നിയുക്ത മെത്രാനെ മാർഗ്രീഗോറിയോസ്, മാർ ദീവന്നാസ്യോസ് എന്നീ മെത്രാപ്പോലീത്താമാർ ചേർന്ന് പ്രധാന കാർമ്മികനായ കാതോലിക്കാ ബാവായുടെ മുന്നിലേക്ക് ആനയിച്ചു.

തുടർന്ന് ക്നാനായ ഭദ്രാസനത്തിന്റെ എബ്രഹാം മാർ ക്ലീമിസ് മെത്രാപ്പോലീത്ത മെത്രാൻ സ്ഥാനപദവിയുടെ മാഹാത്മ്യം വ്യക്ത മാക്കികൊണ്ട് ആമുഖപ്രസംഗം നടത്തി. പിന്നീട് നിയുക്ത മെത്രാൻ ജനത്തിനഭിമുഖമായി നിന്ന് 'അമാലോഗ്യ' വായിച്ച് ഒപ്പിട്ട് ശ്രേഷ്ഠ കാതോലിക്കാബാവായ്ക്ക് സമർപ്പിച്ചു. അന്ത്യോഖ്യാപാത്രിയർക്കീനോടും അദ്ദേഹത്തിന്റെ കീഴിലുള്ള പൗരസ്ത്യ കാതോലിക്കായോടും സഭയുടെ വിശ്വാസാചാരങ്ങളോടുമുള്ള അചഞ്ചലമായ കൂറും വിധേയത്വവും നിയുക്തമെത്രാൻ പ്രഖ്യാപനം ചെയ്തു. തുടർന്ന് പരിശുദ്ധാത്മനൽവരത്തിനു വേണ്ടിയുള്ള പ്രാർത്ഥനകഴിഞ്ഞശേഷം പുതിയ മെത്രാപ്പോലീത്തായ്ക്ക് മാർ അത്താനാസ്യോസ് എന്ന് കാതോലിക്കാ ബാവാ നാമകരണം ചെയ്തു. പിന്നീട് അഭിനവ മെത്രാപ്പോലീത്തായെ കാതോലിക്കാബാവാ വലതുകൈപിടിച്ച് എഴുന്നേല്പിച്ചു. ശീലമൂടിയും കാപ്പയും പത്രാസീനും സ്ലീബായും കഴുത്തിൽ ധരിക്കാൻ കുരിശുമാലയും നൽകിയശേഷം അഭിനവ മെത്രാപ്പോലീത്തായെ കസേരയിൽ ഇരുത്തി മൂന്നുപ്രാവശ്യം 'ഓക്സിയോസ്' ആർത്തുൽഘോഷിച്ച് അദ്ദേഹം ഈ സ്ഥാനത്തിന് ഉത്തമനും യോഗ്യനുമാണെന്ന് പ്രഖ്യാപിച്ചു. തുടർന്ന് സിംഹാസനത്തിലിരുന്ന് അത്താനാസ്യോസ് മെത്രാപ്പോലീത്താ

ഏവൻഗേല്യോൻ വായിച്ചു. അതിനുശേഷം അംശവടിനൽകിക്കൊണ്ട് 'കർത്താവ് സീയോനിൽ ബലമുള്ള ചെങ്കോൽ അങ്ങേയ്ക്കു നൽകട്ടെ' എന്ന് കാതോലിക്കാബാവാ ആശംസിച്ചു. അംശവടിയുടെ ഏറ്റവും മുകളിൽ കാതോലിക്കാബാവായും അദ്ദേഹത്തിന്റെ കൈയ്ക്കുതാഴേ മറ്റുമെത്രാപ്പോലീത്താമാരും സ്ഥാനമുറയനുസരിച്ച് പിടിച്ചു. ഏറ്റവും താഴെ പുതിയ മെത്രാപ്പോലീത്തയും കൈവച്ചു. തുടർന്ന് മറ്റു മെത്രാപ്പോലീത്താമാരും കാതോലിക്കാബാവായും അംശവടിയിൽ നിന്ന് കൈവിട്ടു. പ്രധാന കാർമ്മികൻ നവാഭിഷിക്തന് രഹസ്യോപദേശം നൽകിയശേഷം ആരുടെ നാമം അഭിനവമെത്രാന് നൽകിയോ ആ പരിശുദ്ധ പിതാവായ മാർ അത്താനാസ്യോസിന്റെ ബഹുമാനാർത്ഥമുള്ള പ്രാർത്ഥനയ്ക്കുശേഷം പ്രധാന കാർമ്മികനും മെത്രാപ്പോലീത്താമാരും നവാഭിഷിക്തന് സമാധാന ചുംബനം നൽകി. തുടർന്ന് അഭിനവമെത്രാപ്പോലീത്തായെ മദ്ബഹായുടെ വാതിൽക്കലേക്കാനയിച്ചു. അംശവടികൊണ്ട് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്താ സ്ലീബാരൂപത്തിൽ ജനത്തെ ആശീർവദിച്ചു. വി. കുർബ്ബാനയുടെ ശേഷിച്ചഭാഗം അഭിനവ മെത്രാപ്പോലീത്താ പൂർത്തിയാക്കി. സ്ഥാനാഭിഷേക കർമ്മങ്ങളിൽ പങ്കെടുക്കാൻ നാടിന്റെ വിവിധ ഭാഗങ്ങളിൽ നിന്ന് നൂറു കണക്കിന് വൈദികരും പതിനായിരക്കണക്കിന് വിശ്വാസികളും വന്നെത്തിയിരുന്നു. എൺപതുകാരിയായ മാതാവ് തന്റെ പ്രിയപുത്രൻ പൗരോഹിത്യത്തിന്റെ പരമോന്നത പദവിയിലേയ്ക്കുയരുന്നതുകാണാൻ മുൻനിരയിൽത്തന്നെയുണ്ടായിരുന്നു. 1988 ജൂലൈ 3-ാം തീയതി രാവിലെ 7.30ന് കർത്തൃസന്നിധിയിലെത്തിച്ചേർന്ന പിതാവ്, മലങ്കര സഭയിലെ മല്പാനായിരുന്ന ബഹു. പുറ്റാനിൽ യോഹന്നാൻ കത്തനാർ തന്റെ നാഥന്റെ സന്നിധിയിലിരുന്നുകൊണ്ട് ഈ കാഴ്ചകണ്ട് സന്തോഷിച്ചിട്ടുണ്ടാവും.

രാവിലെ 8മണിക്ക് ആരംഭിച്ച സ്ഥാനാഭിഷേക ശുശ്രൂഷ ഉച്ചയ്ക്കു ഒരുമണിയോടെ സമാപിച്ചു. ശുശ്രൂഷാമദ്ധ്യേ ശ്രേഷ്ഠ കാതോലിക്കാബാവാ ചെയ്ത പ്രസംഗത്തിൽ കണ്ടനാട് ഭദ്രാസനത്തെ പുരോഗതിയുടെ പാതയിലൂടെ മുന്നോടു നയിക്കാൻ അഭിനവ മെത്രാപ്പോലീത്തായ്ക്ക് കഴിയുമെന്നും അതിൽ എല്ലാവരും സഹകരിക്കണമെന്നും ആഹ്വാനം ചെയ്തു.

സ്ഥാനാഭിഷേക കർമ്മങ്ങൾക്കു ശേഷം കണ്ടനാട് ഭദ്രാസന ദിനാഘോഷവും അഭിനവ മെത്രാപ്പോലീത്തായ്ക്ക് സ്വീകരണവും

നടന്നു. യോഗത്തിൽ ബസേലിയോസ് പൗലോസ് ദ്വിതീയൻ ബാവാ അദ്ധ്യക്ഷത വഹിച്ചു. ഡോ. അലക്സാണ്ടർ മാർത്തോമ്മാ വലിയ മെത്രാപ്പോലീത്താ ആശീർവാദപ്രസംഗം നടത്തി. മന്ത്രി ശ്രീ. എൻ. എം. ജോസഫ് സമ്മേളനം ഉദ്ഘാടനം ചെയ്തു. സി. എസ്.ഐ. ബിഷപ്പ് കെ.ജെ. സാമുവേൽ, ഗീവറുഗീസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ, തോമസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ, ശ്രീ. പി.സി.തോമസ് എം.പി., മുൻകേന്ദ്രമന്ത്രി ശ്രീ. എ.എം. തോമസ്, പ്രൊഫ. എം.പി. മന്മഥൻ, ഡോ.ഡി. ബാബുപോൾ, ശ്രീ. കുര്യാക്കോസ് ചെന്നക്കാടൻ, സൺഡേ സ്ക്കൂൾ അസോസിയേഷൻ ജനറൽ സെക്രട്ടറി ശ്രീ. കെ. വി. പൗലോസ്, എം.എൽ.എ.മാരായ ഹാജി ശ്രീ.ടി.എച്ച് മുസ്തഫ, ശ്രീ പി.ജെ. ജോസഫ്, ശ്രീ. ടി.എം. ജേക്കബ്, ശ്രീ. പി.പി. തങ്കച്ചൻ, ഡോ. എ.വി. ഐസക് എന്നിവർ അശംസാ പ്രസംഗങ്ങൾ നടത്തി. ഭദ്രാസന സെക്രട്ടറിയും മെത്രാഭിഷേക കമ്മിറ്റി ജനറൽ കൺവീനറുമായ റവ. ഫാ. ജോർജ്ജ് സി. ചാലപ്പുറം സ്വാഗതവും ശ്രീ. കെ. എ. തോമസ് പാലക്കുഴ കൃതജ്ഞതയും പ്രകാശിപ്പിച്ചു. അഭിനവ മെത്രാപ്പോലീത്താ ഡോ. തോമസ് മാർ അത്താനാസ്യോസ് ചെയ്ത മറുപടി പ്രസംഗത്തിൽ പരി. അന്ത്യോഖ്യ സിംഹാസനത്തിൻ കീഴിൽ അടിയുറച്ചുനിന്നുകൊണ്ട് പരി. പാത്രിയർക്കീസ് ബാവായുടെയും ശ്രേഷ്ഠ പൗരസ്ത്യ കാതോലിക്കാ ബാവായുടെയും അനുഗൃഹീത നേതൃത്വത്തിൽ കീഴിൽ പ്രവർത്തിക്കാൻ താൻ പ്രതിജ്ഞാബദ്ധനാണെന്ന് പ്രസ്താവിച്ചു.

ഡോ. തോമസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തായുടെ സ്ഥാനാഭിഷേകം ദൈവവിളിക്കുമുമ്പിലുള്ള സമ്പൂർണ്ണ സമർപ്പണത്തിന്റെ കഥയാണ് വ്യക്തമാക്കുന്നത്. റവ. ഫാ. പി.ജെ.പൗലോസ്, പൗലോസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്തയന്നെ പേരിൽ അഭിഷിക്തനാകുന്ന 1952-ൽതന്നെയാണ് ബഹുഃ പുറ്റാനിൽ യോഹന്നാൻ കശ്ശീശ്ശയുടെ പുത്രൻ പി.ജെ.തോമസ് ജനിക്കുന്നത്. പെരിയാമ്പ്രപളളി സന്ദർശിച്ച അവസരത്തിൽ അഭി. തിരുമേനി ബഹുഃ പുറ്റാനിൽ അച്ചന്റെ വീട്ടിലെത്തി. 1952 ജൂൺ 28-ന് പിറന്ന ആ കുഞ്ഞിനെ വാത്സല്യപൂർവ്വം തൃക്കൈയിലെടുത്ത് '' ഇവനെ സഭയ്ക്കു നൽകണം'' എന്ന അഭി. പീലക്സിനോസ് തിരുമേനി ബഹു. അച്ചനോട് അവശ്യപ്പെട്ടു. ആ പ്രവചനം സാർത്ഥകമായ സുദിനമാണ് 1990 മെയ് 3 പൗലോസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്തായിൽ നിന്ന്1971-ൽകോറൂയോപട്ടം സ്വീകരിച്ചു. പശ്ചിമജർമ്മനിയിലെ റേഗൻ ബർഗിലും മ്യൂണിച്ച് സർവ്വകലാശാലയിലും ''ലിയോണിലെ

ഐറേനിയസ്സിന്റെയും ഭാരതത്തിലെ ശങ്കരാചാര്യരുടെയും വേദ ശാസ്ത്രസിദ്ധാന്തങ്ങളെക്കുറിച്ചുള്ള താരതമ്യപഠനം'' എന്ന വിഷയത്തിൽ 1984 മുതൽ 1989 വരെ ഗവേഷണം നടത്തി ഡോക്ടറേറ്റ് സമ്പാദിച്ച ഡോ. പി.ജെ. തോമസ് ശെമ്മാശ്ശൻ വെട്ടിക്കൽ ഉദയഗിരി വൈദിക സെമിനാരിയിൽ വൈസ് പ്രിൻസിപ്പലായി സേവനമനുഷ്ഠിച്ചു വരവേ 1990 ഫെബ്രുവരിയിൽ കണ്ടനാട് ഭദ്രാസന പള്ളി പ്രതിപുരുഷ യോഗം മെത്രാപ്പോലീത്താ സ്ഥാനത്തേയ്ക്ക് തെരഞ്ഞെടുത്തു. തോമസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്തായിൽ നിന്ന് കശ്ശീശ്ശപട്ടവും ഗീവറുഗീസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായിൽ നിന്ന് റമ്പാൻ സ്ഥാനവും സ്വീകരിച്ചു.

ആത്മാർത്ഥതയും അർപ്പണബോധവും കൈമുതലായുള്ള അഭി.തിരുമേനി വിനയാന്വിതമായ പെരുമാറ്റംകൊണ്ടും ലളിതജീവിതം കൊണ്ടും ആരെയും ആകർഷികുന്ന മഹത് വ്യക്തിയാണ് ഭദ്രാസന ഭരണത്തിന് പ്രഗല്ഭനായ ഒരു മെത്രാപ്പോലീത്തായെ സഹായിയായി കിട്ടിയതിൽ ബാവാ ഏറെ സന്തുഷ്ടനാണ്. അത് അദ്ദേഹത്തിന്റെ വാക്കിലും ഭാവത്തിലും പ്രകടമാണ്. ബാവായുടെ സ്നേഹചുംബന ത്തിലും ആശ്ലേഷത്തിലും പിതാവും മകനും തമ്മിലുള്ള ബന്ധം പോലെ സുദൃഢമായ ബന്ധമാണ് വിശ്വാസികൾക്ക് കാണാനായത്. ഈ ബന്ധദാർഢ്യം മറ്റു മെത്രാപ്പോലീത്താമാർ തമ്മിലും ഉണ്ടാകട്ടെയെന്നും അത് സഭയ്ക്കു ശക്തി നൽകട്ടെയെന്നും ഭക്തജനങ്ങൾ ആഗ്രഹിക്കുന്നു. പ്രാർത്ഥിക്കുന്നു.

മറ്റൊരു മെത്രാഭിഷേകച്ചടങ്ങിനാലും മെയ് മാസം ശ്രദ്ധേയമായി, സഭ അനുഗൃഹീതമായി. പരി. അന്ത്യോഖ്യാ സിംഹാസനത്തിൽ കീഴിൽ സ്വതന്ത്രമായ ഭരണഘടനയോടുകൂടി കാര്യക്ഷമമായി സഭാ സേവനം നടത്തിവരുന്ന പൗരസ്ത്യസുവിശേഷ സമാജത്തിനുവേണ്ടി പ്രശസ്ത വാഗ്മിയും വേദശാസ്ത്രപണ്ഡിതനുമായ ബഹു: എം.പി.ജോർജ്ജ് കോറെപ്പിസ്ക്കോപ്പായെ പുതിയ മെത്രപ്പോലീത്താ യായി ദമസ്ക്കോസിൽ വച്ച് വാഴിച്ച ചടങ്ങ് അത്യന്തം ഭക്തിനിർഭര മായിരുന്നു. 1990 മെയ് 27-ാം തീയതി രാവിലെ 9 മണിക്ക് ദമസ്ക്കോസിലെ സെൻറ് ജോർജ്ജ് കത്തീഡ്രലിൽ പരി. പാത്രിയർക്കീസ് ബാവാ തിരുമനസ്സിലെ പ്രധാന കാർമ്മികത്വത്തിലും, ലെബാനോനിലെ മുൻ വലിയ മെത്രാപ്പോലീത്താ ബഹനാൻ മാർ ദീവന്നാസിയോസ്, ഹോംസിലെ ബർന്നബാസ്മാർ മിലിത്തിയോസ്, ആലപ്പോയിലെ യൂഹാനോൻ മാർ ഗ്രീഗോറിയോസ്, ദമസ്ക്കോസിലെ പൗലോസ് മാർ

ഈവാനിയോസ് എന്നീ മെത്രാപ്പോലീത്താമാരുടെ സഹകരണത്തിലും വി. കുർബ്ബാന ആരംഭിച്ചു. വി. കുർബ്ബാനമദ്ധ്യേ ശൽമൂസാ വായിച്ചു കഴിഞ്ഞ് ബഹു. എം.പി. ജോർജ്ജ് കോറെസ്ക്കോപ്പായെ ഗീവറുഗീസ്മാർ പോളികാർപ്പോസ് എന്ന പേരിൽ പൗരസ്ത്യ സുവിശേഷസമാജത്തിന്റെ മെത്രാപ്പോലീത്തയായി പരി. ബാവാ വാഴിക്കുകയുണ്ടായി. തുടർന്ന് പൗരസ്ത്യസുവിശേഷ സമാജവും അന്ത്യോഖ്യാ സിംഹാസനവുമായുള്ള പ്രത്യേക ബന്ധത്തെപ്പറ്റിയും വി. ഇഗ്നാത്യോസിന്റെ കുട്ടുകാരനായിരുന്ന വി. പോളികാർപ്പോസിനെപ്പറ്റിയും ആ നാമം നൽകിയതിന്റെ സാംഗത്യത്തെപ്പറ്റിയും പരി. ബാവാ സവിസ്താരം പ്രതിപാദിച്ചു. കൂടാതെ അഭി. പോളികാർപ്പോസ് മെത്രാപ്പോലീത്താ മലങ്കര സുന്നഹദോസിൽ അംഗമായിരിക്കുമെന്നും ഫോണവാർമിഷന്റെ ഡയറക്ടർ സ്ഥാനവും അദ്ദേഹത്തിന് ഉണ്ടായിരിക്കുമെന്നും കല്പിച്ച് പ്രഖ്യാപിച്ചു. തുടർന്ന് പരി. സിംഹാസനത്തോടുള്ള നന്ദിയും വിധേയത്വവും പ്രഖ്യാപിച്ചു കൊണ്ട് അഭി. പോളികാർപ്പോസ് തിരുമേനി പ്രസംഗിച്ചു.

എം.ജെ.എസ്.എസ്.എ. വാളകം സി. ഇൻസ്പെക്ടർ, വാളകം മാർസ്റ്റീഫൻ ഹൈസ്ക്കൂൾ ഹെഡ്മാസ്റ്റർ എന്നീ നിലകളിൽ പ്രശസ്ത സേവനമനുഷ്ഠിച്ച ശ്രീ. വി.എം. ഈപ്പൻ അവർകൾക്ക് അന്നേദിവസം പരി. പാത്രിയർക്കീസ് ബാവാ ഷെവലിയർ സ്ഥാനം നൽകി ആദരിച്ചു എന്ന കാര്യവും പ്രത്യേകം പ്രസ്താവാർഹമാണ്.

1990 ജൂൺ 24 മലങ്കരയാക്കോബായ സിറിയൻ ഓർത്തഡോക്സ് സഭയെ സംബന്ധിച്ചിടത്തോളം ചരിത്രപ്രധാനമായ ഒരു ദിനമാണ്. 1653-ൽ സത്യവിശ്വാസ സംരക്ഷണത്തിനുവേണ്ടി മട്ടാഞ്ചേരിയിൽ നടന്ന ചരിത്രപ്രസിദ്ധമായ കുനൻ കുരിശ് സത്യത്തിന്റെ ഒരാവർത്തനമായിരുന്നു അന്ന് എറണാകുളം മറൈൻ ഡ്രൈവിൽ നടന്ന വിശ്വാസപ്രഖ്യാപനം. ഏതൊരു പ്രതിസന്ധി ഘട്ടത്തിലും സഭാപിതാക്കന്മാർ ഒന്നടങ്കം നേതൃത്വം കൊടുക്കുന്ന പക്ഷം മലങ്കരയിലെ സത്യവിശ്വാസികളും അപ്പസ്തോലിക പാരമ്പര്യവും സത്യവിശ്വാസവും സംരക്ഷിക്കുന്നതിനുവേണ്ടി സർവ്വവും മറന്ന് അടരാടുമെന്ന് ഈ സംഭവം വിളിച്ചറിയിച്ചു എന്നത് ഒരു വസ്തുതയാണ്. പരി. അന്ത്യോഖ്യാ സിംഹാസനവും അതിൽ വാഴുന്ന പരി. പാത്രിയർക്കീസ് ബാവായുമായി മലങ്കരയാക്കോബായ സഭയ്ക്കുള്ള സുദൃഢബന്ധം ശിഥിലമാക്കുവാൻ ഒരു ശക്തിയ്ക്കും സാധിക്കുകയില്ലെന്ന് വ്യക്തമായി. ശ്രേഷ്ഠകാതോലിക്കാ ബസേലിയോസ് പൗലോസ് ദ്വിതീയൻ ബാവായുടെ മഹനീയാദ്ധ്യ

ക്ഷതയിൽ മറൈൻ ഡ്രൈവ് മൈതാനിയിൽ കൂടിയ മഹാസമ്മേളനത്തിൽ പരി.പാത്രിയർക്കീസ് ബാവായുടെ ആശീർവാദ കല്പന, ശ്രേഷ്ഠബാവായുടെ അദ്ധ്യക്ഷ പ്രസംഗം, അഭി. തിരുമേനി മാരുടെ ആശംസാപ്രസംഗങ്ങൾ എന്നിവയ്ക്കുശേഷം പരി. എപ്പിസ്ക്കോപ്പൽ സുന്നഹദോസ് സെക്രട്ടറി അഭി.ഗീവറുഗീസ്മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ വിശ്വാസപ്രഖ്യാപനം ചൊല്ലിക്കൊടുത്തു.

''ലോകമെങ്ങുമുള്ള സുറിയാനി ഓർത്തഡോക്സ് സഭയുടെ പരമാദ്ധ്യക്ഷനും അന്ത്യോഖ്യയുടെയും കിഴക്കൊക്കെയുടെയും പാത്രിയർക്കീസും പരി. പത്രോസിന്റെ പിൻഗാമിയുമായ മോറാൻ മോർ ഇഗ്നാത്യോസ് സഖാ പ്രഥമൻ ബാവാ തിരുമേനിയേടും അദ്ദേഹത്തിന്റെ കീഴിലുള്ള പൗരസ്ത്യകാതോലിക്കാ ബസേലിയോസ് പൗലോസ് ദ്വിതീയൻ ബാവായോടും എല്ലാ മെത്രാപ്പോലീത്താമാരോടും ഞങ്ങൾക്കുള്ള അചഞ്ചലമായ കൂറും വിശ്വാസവും ഞങ്ങൾ ആവർത്തിച്ച് പ്രഖ്യാപിക്കുന്നു.

ഞങ്ങളും ഞങ്ങളുടെ സന്തതിപരമ്പരകളും ഞങ്ങളുടെ ആയുഷ്കാലം മുഴുവൻ പരി. അന്ത്യോഖ്യാ സിംഹാസനത്തിൻ കീഴിൽ അടിയുറച്ചു നിൽക്കുമെന്നുള്ള ഒരുരണ്ടാം കുമ്പസാരം ഞങ്ങൾ ആവർത്തിച്ച് ഉദ്ഘോഷിക്കുന്നു.

ഇന്നും ഈ ആയുഷ്കാലത്തും നാനാഭാഗങ്ങളിലുമുള്ള സഭകളെ ഭരിക്കുന്ന, ദൈവത്താൽ നില നിർത്തപ്പെട്ടുപോരുന്ന, ഞങ്ങളുടെ പാത്രിയർക്കീസും, പിതാക്കന്മാരുടെ പിതാവും ഇടയന്മാരുടെ ഇടയനുമായ പരി.അന്ത്യോഖ്യാ പാത്രിയർക്കീസ് ബാവായുടെ കീഴിൽ ഞങ്ങൾ എക്കാലവും നിലനിൽക്കുമെന്നുള്ള ഞങ്ങളുടെ പൂർവിക വിശ്വാസം ആവർത്തിച്ചു പ്രഖ്യാപിക്കുന്നു''.

കർത്താവായ യേശുക്രിസ്തുവിന്റെ ശിഷ്യന്മാരിൽ തലവനായ വി. പത്രോസ് ശ്ലീഹാ അന്ത്യോഖ്യയിൽ സ്ഥാപിച്ച ശ്ലൈഹീക സിംഹാസനത്തോടുള്ള വിശ്വാസ ദാർഢ്യം ഞങ്ങൾ ആവർത്തിച്ചു പ്രഖ്യാപിക്കുന്നു.

അഭിവന്ദ്യമെത്രാപ്പോലീത്താമാരടക്കം മഹാജനം മുഴുവൻ കൈയോടുകൈയ്കോർത്ത് ഉയർത്തിപ്പിടിച്ചുനിന്ന് ഈ പ്രഖ്യാപനം ഏറ്റുപറഞ്ഞു. ഡർബാർ ഹാൾ ഗ്രൗണ്ടിൽ നിന്നു പുറപ്പെട്ട റാലിയും ജനലക്ഷങ്ങളിൽനിന്നുപുറപ്പെട്ടഈ പ്രഖ്യാപനവുംമലങ്കരയാക്കോബായ സുറിയാനി ഓർത്തഡോക്സ് സഭയുടെ ശക്തിയും, ആവേശവും വിശ്വാസദാർഢ്യവും വിളിച്ചറിയിക്കുന്നതായിരുന്നു.

തൃശൂർ ഭദ്രാസനത്തിന് ഒരു കൊച്ചു മെത്രാച്ചന്റെ സേവനങ്ങളാൽ ധന്യതനേടുവാനും 1990 അവസരമൊരുക്കി. 1990 ഡിസംബർ 23-ാം തീയതി ഞായറാഴ്ച ഡമാസ്കസിലെ പാത്രിയർക്കാ കത്തീഡ്രലിൽ വച്ച് തൃശൂർ ഭദ്രാസനത്തിന്റെ മെത്രാപ്പോലീത്തയായി പ്രശസ്ത വാഗ്മിയും വേദശസ്ത്രപണ്ഡിതനും ഗ്രന്ഥകാരനും മലങ്കര സിറിയൻ ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരിയിലെ വൈസ് പ്രിൻസിപ്പലുമായ മുറിമാക്കിൽ ബഹു. രാജൻ ജോൺ റമ്പാൻ യൂഹാനോൻ മാർ മിലിത്തിയോസ് എന്ന പേരിൽ പരി.പാത്രിയർക്കീസ് ബാവായാൽ അഭിഷിക്തനായി. അമേരിക്കയിലെ ലുഥറൻ സെമിനാരിയിൽ ഗവേഷണപഠനങ്ങളിൽ വ്യാപൃതനായിരിക്കെയാണ് അദ്ദേഹം മെത്രാപ്പോലീത്താസ്ഥാനത്തേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടത്. സൺഡേസ്ക്കൂൾ അസോസിയേഷന്റെ പാഠപുസ്തക കമ്മിറ്റി കൺവിനറായും സെൻട്രൽ കമ്മിറ്റിംഗമായും ആത്മദീപം മാസികയുടെ എഡിറ്റോറിയൽ ബോർഡംഗമായും സേവനം അനുഷ്ഠിച്ച് പ്രാഗല്ഭ്യം തെളിയിച്ച മഹദ് വ്യക്തിയാണ് അഭി. മിലിത്തിയോസ് തിരുമേനി.

ബാഹ്യകേരള ഭദ്രാസനത്തിന് ഒരു പുതിയ മെത്രാപ്പോലീത്തായെ 1991-ന്റെ തുടക്കത്തിൽ തന്നെ ലഭിച്ചു. സഭാപ്രതിനിധിയായി പല അന്തരാഷ്ട്ര സമ്മേളനങ്ങളിലും പങ്കെടുത്തിട്ടുള്ള ബഹു ഭാഷാ പണ്ഡിതനായ റവ.ഫാ. തോമസ് മുറിയാങ്കൽ M.A., B.Ed., M.T.H. 1991 ജനുവരി 3-ാം തീയതി വ്യാഴാഴ്ച ഉദയഗിരി സെമിനാരിയിൽ വച്ച് ശ്രേഷ്ഠ കാതോലിക്കാ ബാവായാൽ തോമസ് മാർ തീമോത്തിയോസ് എന്നപേരിൽ ബാഹ്യകേരള ഭദ്രാസനത്തിന്റെ സഹായ മെത്രാപ്പോലീത്തായായി വാഴിക്കപ്പെട്ടു.

അരനൂറ്റാണ്ടിലേറെക്കാലം മലങ്കരയിലെ സുവിശേഷ ഘോഷണരംഗത്ത് അപ്രതിമവും അജയ്യവുമായ പാടവത്തോടെ പ്രാവീണ്യം നിലനിർത്തിപ്പോന്ന, മലങ്കരയുടെ അപ്പസ്തോലൻ എന്ന് വിശേഷിക്കാവുന്ന വന്ദ്യദിവ്യശ്രീ. കെ. റ്റി. സഖറിയ കൊറെപ്പിസ്ക്കോപ്പാ 31-1-1991-ൽ നമ്മെ വിട്ടുപിരിഞ്ഞത് ഒരു അപരിഹാര്യമായ നഷ്ടംതന്നെ.

ഏതാനും ദിവസങ്ങൾക്കകം മറ്റൊരു വിയോഗം കൂടി നേരിടേണ്ടിവന്നു. പൗരസ്ത്യസുവിശേഷസംഘത്തിന്റെ മിഷനറി മെത്രാപ്പോലീത്തായും അഗാധപണ്ഡിതനും വാഗ്മിയും, ലളിത ജീവിതം, കൃത്യനിഷ്ഠ എന്നിവ മൂലം ഏവരെയും ആകർഷിച്ചിരുന്ന ആചാര്യവര്യനായിരുന്നുകടവിൽ ഡോ.പൗലോസ് മാർ അത്താനാസ്യോസ് തിരുമേനി 1991 മാർച്ച് 7-ാം തീയതി കാലംചെയ്തു. ചെറിയ വാപ്പാലശ്ശേരി

മാർ ഇഗ്നാത്യോസ് യാക്കോബായ സുറിയാനിപ്പള്ളിയിൽ കബറക്കപ്പെട്ടു.

1992-ൽ രണ്ടു ശ്രേഷ്ഠാചാര്യന്മാരുടെ വിയോഗവും വി.സഭയ്ക്കുണ്ടായി. ഇരുപതാം നൂറ്റാണ്ടിൽ മലങ്കരസഭ മലയാളമണ്ണിൽ നിന്ന് ഭാരതത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് വികസിച്ചു. ആ വികസന പ്രക്രിയയിൽ വളരെയധികം ഭാഗഭാഗിത്വം വഹിച്ചിട്ടുള്ള ബാഹ്യകേരള ഭദ്രാസനമെത്രാപ്പോലീത്താ അഭി.തോമസ് മാർ തെയോഫിലോസ് തിരുമേനി 1992 ജനുവരി 12-ാം തീയതി ഹൃദയസ്തംഭനം മൂലം തിരുവനന്തപുരം ഉത്രാടം തിരുന്നാൾ ആശുപത്രിയിൽ വച്ച് കാലം ചെയ്തു. കബറടക്കം മുളന്തുരുത്തി ഉദയഗിരി സെമിനാരി ചാപ്പലിൽ പ്രത്യേകം ക്രമീകരിച്ച കല്ലറയിൽ 13-ാം തീയതി വൈകിട്ട് നടത്തപ്പെട്ടു.

1946 മുതൽ മഞ്ഞിനിക്കര ദയറായിലെ പ്രധാനമല്പാനും സൺഡേസ്ക്കൂൾ പ്രസ്ഥാനത്തിന്റെ പ്രാരംഭകാലത്തെ പ്രസിഡൻറും മലങ്കരയിലെ സിംഹാസനപ്പള്ളികളുടെ അധിപനുമായിരുന്ന അഭി.യാക്കോബ് മാർ യൂലിയോസ് മെത്രാപ്പോലീത്താ 1992 ജനുവരി 24-ാം തീയതി കാലം ചെയ്തു. മഞ്ഞനിക്കര ദയറായിൽ കബറടക്കപ്പെട്ടു.

''കേരളം വളരുന്നൂ പശ്ചിമഘട്ടങ്ങളെ
കേറിയും കടന്നും ചെന്നന്യമാം രാജ്യങ്ങളിൽ'' എന്നു കവി പാടിയതുപോലെ മലങ്കര സഭയുടെ വളർച്ചയുടെ നാഴികക്കല്ലെന്ന വിധം പുതുതായി രൂപികരിക്കപ്പെട്ട അമേരിക്ക-കാനഡ ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്തായായി സുപ്രസിദ്ധമായ മേപ്രാൽ പൂതിക്കോട് പുത്തൻപുരയിൽ കുടുംബാംഗമായ ബഹു. ചെറിയാൻ റമ്പാൻ സഖറിയാസ് മാർ നിക്കളാവോസ് എന്ന പേരിൽ അഭിഷിക്തനായി. 1993 ആഗസ്റ്റ് 15ന് ഡമാസ്കസിലെ പാത്രിയർക്കാ കത്തീഡ്രലിൽ വച്ച് പരി. ഇഗ്നാത്യോസ് സാഖാ പ്രഥമൻ പാത്രിയർക്കീസ് ബാവായാണ് മെത്രാപ്പോലീത്തായെ വഴിച്ചത്. പരി. ബാവായുടെ അസിസ്റ്റൻറ് അഭി.മാർ ക്ലിമിസ് ഔഗേൻ ഡമാസ്കസ് മെത്രാപ്പോലീത്ത മാർഈവാനിയോസ് പൗലോസ് എന്നിവർ സഹകാർമ്മികരായിരുന്നു. ശ്രേഷ്ഠ കാതോലിക്കാ ബാവായാണ് അദ്ദേഹത്തിന് റമ്പാൻ സ്ഥാനം നൽകിയത്.

പ്രായാധിക്യം മൂലം ഭദ്രാസന ഭരണത്തിൽ നിന്ന് ഒഴിവാകുവാൻ ആഗ്രഹിച്ച ആചാര്യശ്രേഷ്ഠനായ അഭി. ഡോ.തോമസ്മാർ ഒസ്താത്യോസ് മെത്രാപ്പോലീത്തായുടെ പിൻഗാമിയായി കൊച്ചി ഭദ്രാസന

മെത്രാപ്പോലീത്തയായി സുപ്രസിദ്ധമായ മുളന്തുരുത്തി പള്ളത്തിട്ട കുടുംബാംഗവും പരിശുദ്ധനായ പരുമല മാർഗ്രീഗോറിയോസ് തിരുമേനിയുടെ നാലാം തലമുറക്കാരനുമായ ബഹു: ജോസ് അച്ചൻ ജോസഫ് മാർ ഗ്രീഗോറിയോസ് എന്ന പേരിൽ ഡമാസ്കസിലെ പാത്രിയർക്കാ കത്തീഡ്രലിൽ വച്ച് 1994 ജനുവരി 16-ാം തീയതി പരി. പാത്രിയർക്കീസ് ബാവാ വാഴിച്ചു. ഇദ്ദേഹമാണ് ഇപ്പോൾ സൺഡേസ്ക്കൂൾ അസോസിയേഷന്റെ പ്രസിഡൻറ് എന്ന നിലയിൽ പ്രസ്ഥാനത്തിന് നേതൃത്വം നൽകിക്കൊണ്ടിരിക്കുന്നത്. ശ്രേഷ്ഠ കാതോലിക്ക ബാവായുടെ ഐക്യമെനിക്കൽ രംഗത്തെ പ്രവർത്തനത്തിനും 1994 ജനുവരി 24-ന് സാഫല്യമുണ്ടായി. മലങ്കര യാക്കോബായ സുറിയാനി ഓർത്തഡോക്സ് സഭയും കത്തോലിക്കാ സഭയും തമ്മിൽ അംഗീകരിച്ച സംയുക്ത വിവാഹകരാറിൽ പരി. പാത്രിയർക്കീസ് ബാവായും മാർപാപ്പയും ഒപ്പു വച്ചു ഡമാസ്കസിലും റോമിലും ഒരേ സമയം പ്രഖ്യാപിക്കുകയുണ്ടായി.

അഖില മലങ്കര പള്ളി പ്രതിപുരുഷ യോഗം ശ്രേഷ്ഠ കാതോലിക്കാ ബാവായുടെ അദ്ധ്യക്ഷതയിൽ 1994 ഫെബ്രുവരി 28-ന് പുത്തൻ കുരിശിൽ നടന്നു. ശ്രേഷ്ഠ കാതോലിക്കാ ബസേലിയോസ് പൗലോസ് ദ്വിതീയൻ ബാവായെ മലങ്കര മെത്രാപ്പോലീത്തയായി വീണ്ടും ഐകൃകണ്ഠ്യേന തെരഞ്ഞെടുത്തു. കൂടാതെ വൈദിക ട്രസ്റ്ററിയായി ബഹു.പി.പി. ജോസഫ് കോറെപ്പിസ്ക്കോപ്പായെയും അത്മായ ട്രസ്റ്റിയായി കമാൻഡർ ടി.പി. മാത്യുവിനെയും സെക്രട്ടറിയായി ഷെവ.ടി.യു. കുരുവിളയെയും തെരഞ്ഞെടുത്തു. പുതിയ മാനേജിംഗ് കമ്മിറ്റിയും നിലവിൽവന്നു. സഭാസെക്രട്ടറി, ട്രസ്ററി എന്ന നിലകളിൽ അനേക വർഷക്കാലം സ്തുത്യർഹമായി സേവനമനുഷ്ഠിച്ച കമാൻഡർ ടി.പി. മാത്യു 1994 മാർച്ച് 20ന് അന്തരിച്ച ഒഴിവിൽ അത്മായ ട്രസ്ററിയായി കെ.എ.തോമസിനെ മണർകാട് സെൻറ് മേരീസ് പള്ളിയിൽ 1994 ജൂലൈ 21 ന് കൂടിയ സഭാ പള്ളിപ്രതിപുരുഷയോഗം തെരഞ്ഞെടുത്തു. അസി. സെക്രട്ടറിയായി പ്രൊഫ.കെ.പി. തോമസ്സിനെയും തെരഞ്ഞെടുത്തു.

കോതമംഗലം മർത്തമറിയം വലിയ പള്ളിയിൽ ഏപ്രിൽ 19-ന് കൂടിയ ഭദ്രാസനപള്ളി പുരുഷയോഗം അങ്കമാലി ഭദ്രാസനത്തെ മൂന്നു മേഖലകളായി പുനസംഘടിക്കുവാൻ തിരുമാനിച്ചതിന്റെ ഫലമായി രൂപീകൃതമായ അങ്കമാലി മേഖലാ സെൻററിന്റെ (കൊയ്നോണിയ) കുദാശാ കർമ്മം പെരുമ്പാവൂർ അല്ലപ്രയിൽ 1994 ജൂലൈ 31-നും, കോതമംഗലം മേഖലാ സെൻററിന്റെ (മൗണ്ട് സീനായ്)

ശിലാസ്ഥാപനകർമ്മം നവംബർ 6-ാം തീയതിയും ശ്രേഷ്ഠ കാതോലിക്കാ ബാവാ നിർവഹിച്ചു. 1995ൽ സൺഡേസ്ക്കൂൾ പ്രസ്ഥാനത്തിനും വി.സഭയ്ക്കും പ്രത്യേകിച്ച് തെക്കൻ ഭദ്രാസനങ്ങൾക്കും ഒരു കനത്ത ആഘാതംനേരിട്ടു.നിഷ്കളങ്ക ഹൃദയനും സ്നേഹധനനും ലളിതജീവിതം നയിച്ചിരുന്ന ആചാര്യ ശ്രേഷ്ഠനും നിരണം, കൊല്ലം, തുമ്പമൺ എന്നീ ഭദ്രാസനങ്ങളുടെ മെത്രാപ്പോലീത്തായും സൺഡേ സ്ക്കൂൾ അസോസിയേഷനെ പത്തുവർഷത്തിലെറെക്കാലം പ്രാഗല്ഭ്യത്തോടെ നയിച്ച മഹത് വ്യക്തിയുമായ അഭി. കുര്യാക്കോസ് മാർ കൂറിലോസ് മെത്രാപ്പോലീത്താ തിരുമേനി 1995 മാർച്ച് 21-ാം തീയതി ചൊവ്വാഴ്ച്ച രാത്രി 6.55 ന് കാലയവനികയ്ക്കുള്ളിൽ മറഞ്ഞു. അടൂർ വടക്കേടത്തുകാവ് മാർ ദീവന്നാസ്യോസ്മെമ്മോറിയിൽ ദയറാ ചാപ്പലിൽ കബറടക്കപ്പെട്ടു. അഭി. തിരുമേനിയുടെ ദേഹവിയോഗത്തിന്റെ 41-ാം ഓർമ്മദിനമായ മെയ് 1-ാം തീയതി ഇപ്പോഴത്തെ അസോസിയേഷൻ പ്രസിഡൻറ് അഭി.ജോസഫ് ഗ്രിഗോറിയോസ് തിരുമേനിയുടെ നേതൃത്വത്തിൽ പുത്തൻ കുരിശ് മാർ ഏലിയാസ് ചാപ്പലിൽ വി. മുന്നിന്മേൽ കുർബ്ബാന അനുസ്മരണ ശുശ്രൂഷ പാച്ചോർ നേർച്ച എന്നിവയോടെ ഭക്തി നിർഭരമായി ആചരിക്കപ്പെട്ടു. തുടർന്ന് എം.ജെ.എസ്.എസ്.എ. ഹെഡ്കവാർട്ടേഴ്സിൽ അനുസ്മരണ യോഗവും നടത്തപ്പെട്ടു.

....o0o.....

അദ്ധ്യായം 12

സഭ വളരുന്നു -സ്ഥാപനങ്ങളും

ശ്രേഷ്ഠ കാതോലിക്കാ ബാവായുടെ പ്രവർത്തനരംഗം ഏറെ വിശാലമായിരുന്നു. അദ്ദേഹം വളർത്തികൊണ്ടുവന്ന സ്ഥാപനങ്ങളും പള്ളികളും, ആതുരശുശ്രൂഷാകേന്ദ്രങ്ങളും തുടങ്ങിയവ ഒട്ടനവധിയാണ്. അവയെല്ലാം ഇപ്പോഴും ആ വിജയ വൈജന്തിക വിളിച്ചോതി കൊണ്ടിരിക്കുന്നു. ആ ശ്രേഷ്ഠാചാര്യന്റെ പരിലാളനയേറ്റ് വളർന്ന് സദ്ഫലങ്ങൾ പുറപ്പെടുവിച്ചുകൊണ്ടിരിക്കുന്ന ഏതാനും പ്രസ്ഥാനങ്ങളെക്കുറിച്ചും സ്ഥാപനങ്ങളെക്കുറിച്ചും ഇവിടെ ചിന്തിക്കാം.

ആദ്യമായി ഓർമ്മയിൽ വരുന്നത് വൈദിക സെമിനാരിയാണ്. നല്ല അച്ചടക്കവും പരിശീലനവും വൈദിക വിദ്യാഭ്യാസവും നേടിയ വൈദികർ

സഭയ്ക്ക് എന്നും മുതൽക്കൂട്ടായിരിക്കും എന്നു കരുതി ബാവാ പ്രവർത്തിച്ചതിന്റെ ഫലമാണ് നാം ഇന്ന് ഉദയഗിരിയിൽ കാണുന്ന വൈദിക സെമിനാരി. പെരുമ്പിള്ളിയിലും, മലേക്കുരിശിലും വൈദിക സെമിനാരി പ്രവർത്തിച്ചിരിന്നെങ്കിലും അവ വേണ്ടത്ര പ്രവർത്തനോന്മുഖമായിരുന്നില്ല. മലേക്കുരിശ് സെമിനാരിയിൽ പ്രിൻസിപ്പലായും പിന്നീട് കോർഡിനേറ്ററായും സേവനമനുഷ്ഠിച്ചിരുന്ന, കാലം ചെയ്ത അഭി. യാക്കോബ് മാർ തിമോത്തിയോസ് മെത്രാപ്പോലീത്തായുടെ അർപ്പണബോധത്തോടെയുള്ള പ്രവർത്തനം മൂലം നേട്ടങ്ങൾ കൈവരിക്കാൻ കഴിഞ്ഞുവെന്നുള്ളത് വാസ്തവമാണ് ഇല്ലായ്മകളും വല്ലായ്മകളുംഏറെയുണ്ടായിരുന്നുവെന്നുമാത്രം. ഒരൊന്നാംകിടകോളേജ് എന്ന നിലയിൽ സ്ഥാപനം വളർത്തികൊണ്ടുവരണമെന്ന് സഭാനേതൃത്വം ആഗ്രഹിച്ചു. 1995 ഒക്ടോബർ 11-ാം തീയതി മൂവാറ്റുപുഴ കാതോലിക്കേറ്റ് അരമനയിൽ കൂടിയ മലങ്കരയാക്കോബായ സഭാ എപ്പിസ്ക്കോപ്പൽ സിനഡ് ഉയർന്ന നിലവാലം പുലർത്തുന്നതും നല്ല നിലയിൽ പ്രവർത്തിക്കുന്നതുമായ വൈദികസെമിനാരി സഭയ്ക്ക്ഉണ്ടായിരിക്കണം എന്നതിനെക്കുറിച്ച് ഗൗരവമായി ചിന്തിക്കുകയും നിർണ്ണായകമായ തീരുമാനങ്ങൾ എടുക്കുകയും ചെയ്തു. മുളന്തുരുത്തിക്കടുത്തുള്ള ഉദയഗിരിയിൽ $5^{1}/_{2}$ ഏക്കർസ്ഥലത്ത് 100 വൈദിക വിദ്യാർത്ഥികൾക്ക് താമസിച്ച് പഠിക്കത്തക്കവണ്ണം സെമിനാരി സ്ഥാപിക്കാനാണ് സുന്നഹദോസ് തീരുമാനിച്ചത്. അമേരിക്കൻ ഇടവകകളിൽ ശ്രേഷ്ഠ കാതോലിക്ക ബാവാ സന്ദർശനം നടത്തിയ അവസരത്തിൽ ഭക്തജനങ്ങൾ ബാവയ്ക്ക് സ്നേഹാദര സൂചകമായി നൽകിയ തുകയാണ് സ്ഥലം വാങ്ങാൻ ബാവാ വിനിയോഗിച്ചത്.

വി. സഭയുടെ തനതായ വിശ്വാസസത്യങ്ങളെക്കുറിച്ചും പാരമ്പര്യങ്ങളെക്കുറിച്ചുമുള്ളപഠനഗവേഷണകേന്ദ്രം, ഇൻഡ്യയ്ക്കകത്തും പുറത്തുമുള്ള മറ്റു സഭകളുമായുള്ള ബന്ധം മെച്ചപ്പെടുത്തി, സംഭാഷണങ്ങൾ സംഘടിപ്പിക്കുന്നതിനുള്ള എക്യുമെനിക്കൽ റിലേഷൻ സെൻറർ, സുപ്രധാന വിഷയങ്ങളെക്കുറിച്ച് സെമിനാറുകൾ സംഘടിപ്പിക്കുന്നതിനും സഭയെ ആകമാനം സ്പർശിക്കുന്ന മർമ്മ പ്രധാനമായ കാര്യങ്ങളെക്കുറിച്ച് ചർച്ചകൾ നടത്തുന്നതിനുമുള്ള കോൺഫ്രൻ സ്സെൻറർ കാലാകാലങ്ങളിൽ അറിവ് പുതുക്കുന്നതിന് റിഫ്രഷർ കോഴ്സുകൾ നടത്തുവാനുള്ള സെൻറർ തുടങ്ങിയവയ്ക്കെല്ലാം ഉണ്ടായിരിത്തക്കവണ്ണമാണ് വൈദിക സെമിനാരി വിഭാവനം ചെയ്യപ്പെട്ടിട്ടുള്ളത്. ആ ദീർഘകാലസ്വപ്നത്തിന് സാക്ഷാൽക്കാരം കൈവന്ന സുദിനമാണ് 1986 ജനുവരി 1 അന്ന് നാലുമണിക്ക് സെമിനാരിയ്ക്കു

വേണ്ടിയുള്ള കെട്ടിടത്തിന്റെ തറക്കല്ലിടൽ കർമ്മം അഭിവന്ദ്യരായ തിരുമേനിമാരുടെയും രാഷ്ട്രീയ സാമൂഹിക രംഗങ്ങളിലെ പ്രഗല്ഭമതികളുടെയും സാന്നിദ്ധ്യത്തിൽ വെട്ടിക്കൽ ഉദയഗിരിയിൽ ശ്രേഷ്ഠ ബാവാ നിർവഹിച്ചു.

80 ലക്ഷം രൂപയുടെ എസ്റ്റിമേറ്റോടെയാണ് സെമിനാരിയുടെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിച്ചത്. പ്രിൻസിപ്പൽ റവ. ഡോ. ആദായി ജേക്കബ് അവർകളുടെ അക്ഷീണമായ പരിശ്രമവും സഹപ്രവർത്തകരുടെ ആത്മാർത്ഥമായ സഹകരണവും കൊണ്ട് നിർമ്മാണ പ്രവർത്തനങ്ങൾ ധൃതഗതിയിൽ മുന്നേറിക്കൊണ്ടിരുന്നു. പലരികളും വ്യക്തികളും ആത്മാർത്ഥമായി സഹകരിക്കുകയും ചെയ്തു. ശ്രേഷ്ഠ ബാവായും മെത്രാപ്പോലീത്താമാരും അഭിനന്ദനാർഹമായ രീതിയിൽ നേതൃത്വമേറ്റെടുത്ത് പ്രവർത്തിച്ചു. ജർമ്മനിയിൽ നിന്ന് ഡോക്ടറേറ്റ് നേടി നാട്ടിലെത്തി പ്രിൻസിപ്പൽ സ്ഥാനം ഏറ്റെടുക്കാൻ സന്നദ്ധനായ ബഹു: ആദായി ജേക്കബ് അച്ചന്റെ മേധാശക്തിയും സുധിരമായ നേതൃത്വവും കൈയ്യും മെയ്യും മറന്നുള്ള പ്രവർത്തനോത്സുകതയും വൈദിക സെമിനാരിയ്ക്കു മുതൽക്കൂട്ടായി. വൈദികസെമിനാരിയിലെ പബ്ലിക് റിലേഷൻസ് ഓഫീസറും സഹപ്രവർത്തകനുമെന്ന നിലയിൽ ബഹു. മൂലയിൽ കുര്യാക്കോസ് അച്ചന്റെ സേവനവും പ്രത്യേകം പ്രസ്താവാർഹമാണ്. രണ്ടുപേരെയും കോറെപ്പിസ്കോപ്പസ്ഥാനം നൽകി സഭ ആദരിച്ചുവെന്നുള്ളതും ഈ സേവനത്തിന്റെ അംഗീകാരം തന്നെ.

പരി. എപ്പിസ്കോപ്പൽ സുന്നഹദോസിന്റെ തീരുമാനപ്രകാരം 1990 ജനുവരി 1-ാം തീയതി ഉദയഗിരിയിലെ ഒന്നാം ഘട്ടം നിർമ്മാണം പൂർത്തികരിച്ച കെട്ടിടത്തിലേക്ക് സെമിനാരി മാറ്റി പ്രവർത്തനം ആരംഭിച്ചു. അന്നേദിവസം അഭി. തിരുമേനിമാരുടെ സാന്നിദ്ധ്യത്തിൽ സെമിനാരി ഹോസ്റ്റലിന്റെ കുദാശാകർമ്മവും വൈദിക സെമിനാരിയുടെ ഉദ്ഘാടനവും ശ്രേഷ്ഠകാതോലിക്കാബാവാ നിർവഹിച്ചു. ആശീർവദിച്ചു. അനുഗ്രഹിച്ചു. സെമിനാരിയോടു ചേർന്ന് ആധുനികരീതിയിൽ പണികഴിപ്പിച്ചിട്ടുള്ള ചാപ്പൽ ഏവരെയും ആകർഷിക്കുന്നതാണ്. രണ്ടുകോടിയോളം രൂപ മുടക്കി പണിപൂർത്തയാക്കിയ സെമിനാരി പുരോഗതിയിൽ നിന്ന് പുരോഗതിയിലേക്ക് മുന്നേറിക്കൊണ്ടിരിക്കുകയാണ്. 1994 -ൽ അമേരിക്കയിൽ സന്ദർശനം നടത്തിയപ്പോൾ സഭാമക്കൾ നൽകിയ ഒരു ലക്ഷം രൂപ വൈദിക സെമിനാരി പ്രിൻസിപ്പലിനെയാണ് ബാവാതിരുമേനി ഏല്പിച്ചത്. ബാവാ തിരുമേനിയുടെ ഏറ്റവും വലിയ ആഗ്രഹസാഫല്യമാണ് വൈദിക

സെമിനാരി, സഭാമക്കളുടെ അഭിമാനവും.

1920-ൽ പുണ്യശ്ലോകനായ ആലുവായിലെ പൗലോസ് മാർഅത്താനാസ്യോസ് തിരുമേനിയുടെ പരിലാളനയിൽ വളർന്നുവന്ന സൺഡേസ്ക്കൂൾ അസോസിയേഷനാണ് (എം.ജെ. എസ്.എസ്.എ) ബാവാ തിരുമേനിയുടെ കൈത്താങ്ങലാൽ വളർന്നു വന്ന മറ്റൊരു പ്രസ്ഥാനം. അഭിവന്ദ്യനായ യൂലിയോസ് തിരുമേനി പ്രസ്ഥാനം കെട്ടിപ്പടുക്കുന്നതിൽ മികച്ച നേതൃത്വം നൽകി. അഭി. ദീവന്നാസ്യോസ് തിരുമേനി പ്രസിഡന്റായിരുന്ന കാലഘട്ടത്തിൽ ഇത് കരുത്തുറ്റ പ്രസ്ഥാനമായി മാറി. അഭി. ശാമുവേൽ മാർ പീലക്സിനോസ് തിരുമേനിയും ശക്തമായ നേതൃത്വം നൽകി. അഭി. കുര്യാക്കോസ് മാർ കൂറിലോസ് തിരുമേനിയുടെ നേതൃത്വത്തിൽ അഭിമാനാർഹമായി നേട്ടങ്ങൾ കൈവരിച്ചു ഈ പ്രസ്ഥാനം. പരി. എപ്പിസ്ക്കോപ്പൽ സുന്നഹദോസ് ആദ്യം അംഗീകരിച്ചത് എം.ജെ.എസ്.എസ്.എ. യുടെ ഭരണഘടനയാണ്. ഈനേട്ടത്തിൽ അഭി. കുറിലോസ് തിരുമേനിക്ക് ഏറെ പങ്കുണ്ട്. ഓഡിറ്റോറിയത്തിന്റെ പണിപൂർത്തിയാക്കിയതും 5 ലക്ഷത്തോളം രൂപമുടക്കി പ്രസ്ഹാളിന്റെ ഒന്നാം നിലയുടെ പണിപൂർത്തയാക്കിയതും അഭി. തിരുമേനിയുടെ കാലത്താണ്.

ഒന്നുമുതൽ പത്തുവരെ ക്ലാസ്സുകളിലെ പാഠപുസ്തകങ്ങളും ഇക്കാലത്തുപരിഷ്കരിക്കപ്പെട്ടു. പ്ലാറ്റിനം ജൂബിലി സാഘോഷം കൊണ്ടാടിയതും ''ലഹരിവിമുക്തമാതൃകാകുടുംബം'' എന്ന ആശയത്തിന് സമൂഹമദ്ധ്യത്തിൽ ബോധവൽക്കരണം നടത്തിയതും ഈ കാലഘട്ടത്തിൽത്തന്നെ. അഭി. ജോസഫ്മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ നേതൃത്വത്തിൽ ഇപ്പോഴും സൺഡേസ്ക്കൂൾ പ്രസ്ഥാനം സഭയ്ക്ക് അഭിമാനമായി. സത്യവിശ്വാസവും അപ്പസ്തോലിക പാരമ്പര്യവും തിരുവചനങ്ങളോടൊപ്പം ജനഹൃദയങ്ങളിൽ പ്രത്യേകിച്ച് ദൈവത്തിന്റെ അരുമബാലകരിൽ എത്തിച്ചുകൊണ്ടിരിക്കുകയാണ്. ശ്രേഷ്ഠ ബാവായുടെ കല്പന പ്രകാരം ആണ്ടുതോറും പള്ളികളിൽ നിന്നുകിട്ടുന്ന തുക ഈ പ്രസ്ഥാനത്തിന്റെ ധനാഗമമാർഗ്ഗങ്ങളിൽ പ്രധാനപ്പെട്ട ഒന്നാണ്.

സൺഡേ സ്ക്കൂൾ സേവനരംഗത്ത് മികച്ച സംഭാവനകൾ നൽകിയ വെരി. റവ. ഡോ.കുര്യൻ കോറെപ്പിസ്ക്കോപ്പാ (കണിയാമ്പറമ്പിൽ)യ്ക്ക് മലങ്കര മല്പാൻ സ്ഥാനം ലഭിച്ചതിലും, മുൻ വൈസ് പ്രസിഡൻറ് റവ.ഫാ. പ്രൊഫ. ഏലിയാസ് തോമ്പ്രയ്ക്കും, കോട്ടയം ഭദ്രാസനഡയറക്ടർ റവ.ഫാ.എബ്രാഹാം തടത്തിലിനും, കൊച്ചി ഭദ്രാസനഡയറക്ടറും സെൻട്രൽ കമ്മറ്റിയംഗവുമായി തന്നെ ബഹു. എത്തപ്പാടത്ത് പൗലോസ്

അച്ചനും ഇപ്പോഴത്തെ വൈസ് പ്രസിഡൻറ് റവ. ഡോ. ആദായി ജേക്കബിനും കോറെപ്പിസ്ക്കോപ്പാ സ്ഥാനം നൽകിയതിലും ശ്രീ. പീറ്റർ കെ. പുലയത്ത് (മുൻ ജനറൽ സെക്രട്ടറി), ശ്രീ തരിയൻ കെ. പൈനാടത്ത് (മുൻ ചീഫ് എഡിറ്റർ ആത്മദീപം), ശ്രീ. കെ.വി. പൗലോസ് (മുൻ. ജനറൽ സെക്രട്ടറി) എന്നിവർക്ക് ഷെവലിയർ സ്ഥാനം ലഭിച്ചതിലും ശ്രേഷ്ഠ കാതോലിക്കാ ബാവായുടെ സ്നേഹവാത്സല്യങ്ങളും പ്രസ്ഥാനത്തിനെറ പേരിലുള്ള കരുതലും വ്യക്തമായി കാണാവുന്നതാണ്.

പുത്തൻകുരിശിൽ മാർ ഏലിയാ ചാപ്പലിനു സമീപം അസോസിയേഷനുവേണ്ടി തീരുവാങ്ങിയ ഒരേക്കർ സ്ഥലത്ത് പുതിയ കെട്ടിടത്തിനുവേണ്ടി രക്ഷാധികാരിയായ ശ്രേഷ്ഠകാതോലിക്കാബാവാ 1977 ഏപ്രിൽ 30-ാം തീയതി ശിലാസ്ഥാപനം നിർവഹിച്ച കെട്ടിടം ഇന്നിപ്പോഴും കേന്ദ്രഓഫീസ് മന്ദിരം, പരീക്ഷാഭവൻ, ബുക്ക് ഡിപ്പോ ജെ.എസ്.വി.ബി.എസ്. ഓഫീസ്, ആത്മദീപം ഓഫീസ്, മാർ പീലക്സീനോസ് മെമ്മോറിയൽ ബുക്ക് ഡിപ്പോ എന്നിവയുള്ള മനോഹരമായ രണ്ടുനിലകെട്ടിടമാണ്. സൺഡേസ്ക്കൂൾ അസോസിയേഷന് സ്വന്തമായി ഒരു പ്രസ്സ് ഉണ്ടാകണമെന്നുള്ള ആഗ്രഹത്തോടുകൂടി പൗലോസ് മാർ പീലക്സിനോസ് തിരുമേനി പ്രസിഡൻറായിരുന്ന കാലത്താണ് കുട്ടികളിൽ ഒരു അണപിരിവെടുത്തത്. എം.ജെ.എസ്.എസ്.എ. യ്ക്ക് സ്വന്തമായി പ്രസ്സ് ഉണ്ടായപ്പോഴും ആആഗ്രഹം സഫലമായി. ആത്മദീപംമാസിക മാർ ഇഗ്നാത്യോസ് പ്രസ്സിൽ നിന്ന് അച്ചടിച്ചിറങ്ങിയപ്പോഴും ആ ക്രാന്തദർശിത്വത്തിന് മികവേറി.

1995 ജനുവരി 1-ന് സൺഡേ സ്ക്കൂൾ അസോസിയേഷൻറെ പ്ലാറ്റിനം ജൂബിലി പുത്തൻ കുരിശിൽ സാഘോഷം കൊണ്ടാടിയപ്പോഴും പൊതു സമ്മേളനത്തിൽ അദ്ധ്യക്ഷത വഹിച്ചത് ശ്രേഷ്ഠ ബാവായാണ് അസോസിയേഷൻറെ ആരംഭം മുതൽ ഈപ്രസ്ഥാനത്തിനുവേണ്ടി സ്തുത്യർഹമായി സേവനം അനുഷ്ഠിച്ചവർക്ക് പൊതു സമ്മേളനത്തിൽ വച്ച് പ്രത്യേക പാരിതോഷികം നൽകി ആദരിച്ച കൂട്ടത്തിൽ ആക്കാര്യത്തിൽ പ്രഥമ ഗണനീയനായ ശ്രേഷ്ഠ പിതാവിനുള്ള പ്രത്യേക പാരിതോഷികം പിറമാടം ദയറായിൽ എത്തിച്ചുകൊടുക്കുന്നതാണെന്ന് ജനറൽ സെക്രട്ടറി യോഗത്തിൽ പ്രസ്താവിക്കുകയും അപ്രകാരം പിറമാടം ദയറായിൽ പരി. പിതാവിൻെറ തൃക്കാല്ക്കൽ സമർപ്പിച്ച് അസോസിയേഷൻെറ പേരിലുള്ള ഭക്ത്യാദരവുകളും നന്ദിയും പ്രകാശിപ്പിച്ച കാര്യവും പ്രത്യേകം പ്രസ്താവാർഹമാണ്. ശ്രേഷ്ഠ ബാവായുടെ പരിലാളനമേറ്റ മറ്റൊരു പ്രസ്ഥാനമാണ് മലങ്കര

യാക്കോബായ സിറിയൻ ഓർത്തഡോക്സ് യൂത്ത് അസോസിയേഷൻ. യുവജനങ്ങം കൂട്ടായി ചിന്തിക്കണം. പ്രവർത്തിക്കണം അവശരുടെയും അലംബഹീനരുടെയും സഹായത്തിന് അവർ എത്തണം. ക്രൈസ്തവ സ്നേഹം അവരിലൂടെ പ്രകാശിതമാകണം ഈ ലക്ഷ്യപ്രാപ്തിക്കായി യുവജനപ്രസ്ഥാനത്തിന് നേതൃത്വം നൽകാൻ ഒരു മെത്രാപ്പോലീത്തയെ പരി. എപ്പിസ്ക്കോപ്പൽ സിനഡ് കാലകാലങ്ങളിൽ കല്പിച്ച് നിയമിക്കാറുണ്ട്. അഭി. യൂഹാനോൻ മാർ മിലിത്തിയോസ് തിരുമേനി യാണ് ഇപ്പോഴം സമർത്ഥമായി നയിച്ചുകൊണ്ടിരിക്കുന്നത്.

യൂത്ത് അസോസിയേഷന്റെ അഖില മലങ്കര കേന്ദ്ര ഒഫീസ് (യൂത്ത് സെൻറർ പിറവം) ശ്രേഷ്ഠ കാതോലിക്കാ ബാവായാണ് 1986-ൽ ഉദ്ഘാടനം ചെയ്തത്. 1987 മെയ് 28 മുതൽ 31 വരെ തീയതികളിൽ പിറവം എം.കെ. എം. ഹൈസ്ക്കൂളിൽ നടത്തിയ ക്യാമ്പിന്റെ സമാപന സമ്മേളനത്തിൽ മുഖ്യാതിഥിയായി പങ്കെടുത്തത് കേരള ഗവർണ്ണർ ശ്രീ. പി. രാമചന്ദ്രനാണ് ബാവാ തിരുമേനിയാണ് അദ്ധ്യക്ഷത വഹിച്ചത്. ഇപ്രകാരം ഓരോ ക്യാമ്പിലും പ്രവർത്തനപരിപാടികളിലും ശ്രേഷ്ഠബാവാ പങ്കെടുത്ത് അനുഗ്രഹിക്കുകയും പ്രോത്സാപ്പിക്കുകയും ചെയ്തിട്ടുണ്ട്.

സ്ത്രീജനങ്ങം സഭയുടെ മുഖ്യധാരയിലേക്ക് കടന്നുവന്നു പ്രവർത്തനങ്ങളിൽ പങ്കാളികളാവണമെന്നാണ് ബാവാ ആഗ്രഹിച്ചത്. സഭകളിൽ ഏറെ സജീവമായി പ്രവർത്തിക്കുന്ന വനിതാ സമാജത്തിന്റെ പ്രവർത്തനങ്ങളിൽ ബാവാ പങ്കെടുക്കുകയും ജീവകാരുണ്യപരമായും മറ്റും അവർ അനുഷ്ഠിച്ചിക്കൊണ്ടിരിക്കുന്ന സേവനങ്ങളെ പ്രോത്സാഹിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഇപ്പോഴം പ്രസിഡൻറ് എന്ന നിലയിൽ ഈ പ്രസ്ഥാനത്തിന് നേതൃത്വം നൽകിക്കൊണ്ടിരിക്കുന്നത്. അഭി.ഡോ. എബ്രഹാം മാർ സേവേറിയോസ് മെത്രാപ്പോലീത്തായാണ്. സഭയുടെ ഏറ്റവും പ്രധാനമായ ഒരു പ്രവർത്തനരംഗമാണല്ലോ പ്രേക്ഷിതവേല സുവിശേഷഘോഷണത്തിൽ വളരെ ചെറുപ്പത്തിലേ താല്പര്യ മുണ്ടായിരുന്ന, അക്കാര്യത്തിൽ എന്തു ത്യാഗവും സഹിക്കാൻ തയ്യാറായ പ്രശസ്ത വാഗ്മിയായ ബാവാ തിരുമേനി പുത്തൻ കുരിശിൽ ആണ്ടുതോറും ഡിസംബർ 26 മുതൽ 31 വരെ നടത്തപ്പെടുന്ന അഖില മലങ്കരസുവിശേഷ യോഗങ്ങംക്ക് എല്ലാ വിധ സഹായങ്ങളും നേതൃത്വവും നൽകിക്കൊണ്ടാണിരുന്നത്. 1990 ഡിസംബർ 26ന് ആരംഭിച്ച ഈ വചന ശുശ്രൂഷ ജനഹൃദയങ്ങളെ ആകർഷിച്ചുകൊണ്ടിരിക്കുന്നു. ശ്രേഷ്ഠ ബാവായാണ് ഒരോവർഷവും കൺവൻഷൻ ഉദ്ഘാടനം ചെയ്ത് അനുഗ്രഹിക്കുന്നത്. ഓരോ ദിവസവും നടത്തപ്പെടുന്ന വചനശുശ്രൂഷ

പുതുവത്സരാരംഭത്തിൽ നടത്തപ്പെടുന്ന ന്യൂഇയർ സന്ദേശം, ധ്യാനം, വി.കുർബ്ബാന, തുടർന്നു നടത്തപ്പെടുന്ന സ്നേഹ വിരുന്ന് എന്നിവ വിശ്വസികളായ ജനസഹസ്രങ്ങൾക്ക് ആത്മീയമായ ഒരു പുത്തൻ ഉണർവ്വ് പ്രദാനം ചെയ്യുന്നതാണ്. അഭി.തോമസ് മാർ ദീവന്നാസിയോസ് തിരുമേനിയുടെ നേതൃത്വത്തിലാണ് അനുഗ്രഹകരമായ കൺവൻഷൻ നടത്തപ്പെടുന്നത്.

വി.ബൈബിളിന് രണ്ടാം നൂറ്റാണ്ടിലുണ്ടായ പ്ശീത്തോ സുറിയാനിയിൽ നിന്നുമുള്ള ഒരു പരിഭാഷാ ഗ്രന്ഥത്തിനായി വി. സഭാംഗങ്ങൾ ഏറെക്കാലമായി പ്രത്യാശയോടെ കാത്തിരിക്കുകയായിരുന്നു. ആ സ്വപ്നം യാഥാർത്ഥ്യമായി, മലങ്കര മല്പാൻ കണിയാമ്പറമ്പിൽ ഡോ.കുര്യൻ കോറെപ്പിസ്ക്കോപ്പാ പ്ശീത്തോ സുറിയാനിയിൽ നിന്നും പദാനുപദം വിവർത്തനം ചെയ്ത് സിറിയൻ ഓർത്തഡോക്സ് ബൈബിൾ സൊസൈറ്റി ഓഫ് ഇന്ത്യ അച്ചടിച്ചു തയ്യാറാക്കി സമർപ്പിച്ച വി.ഗ്രന്ഥം മലങ്കര സഭ സന്തോഷപൂർവ്വം സ്വീകരിച്ചു. വിശുദ്ധ ഗ്രന്ഥത്തിന്റെ പ്രകാശനകർമ്മം ശ്രേഷ്ഠകാതോലിക്കാ ബാവാ 1994 ഓഗസ്റ്റ് 2-ാം തീയതി കോതമംഗലം മാർ ത്തോമ്മൻ ചെറിയ പള്ളിയിൽ വച്ച് നിർവഹിച്ചു. ബാർ ഈത്തോ ബ്രീറോ ഡോ. ബാബുപോൾ ബാവായിൽ നിന്നും ആദ്യപ്രതി ഏറ്റുവാങ്ങി. വന്ദ്യകോറെപ്പിസ്ക്കോപ്പായുടെ സേവനങ്ങളെ പ്രകീർത്തിച്ചുകൊണ്ട് ശ്രേഷ്ഠ കാതോലിക്കാബാവാ മെഡൽ അണിയിച്ചു. വി. ഗ്രന്ഥം മലങ്കര സഭയ്ക്കു ഒരു അനർഘ നിധിയാണെന്നും മലങ്കര സഭയ്ക്ക് ആരുടെയും മുമ്പിൽ തല ഉയർത്തി നില്ക്കാൻകഴിയുന്ന അമൂല്യസംഭാവനയാണെന്നും വി.ഗ്രന്ഥം സഭയ്ക്കും ഭവനങ്ങൾക്കും അലങ്കാരവും ആഭരണവും ആയിരിക്കുമെന്നും കാതോലിക്ക ബാവാ ആശീർവാദപ്രസംഗത്തിൽ കല്പിച്ചു. ആ ആശീർവാദത്തിനും അധികം താമസിയാതെ ഫലസിദ്ധിയുമുണ്ടായി. കോട്ടയത്തു നടന്ന മൂന്നമത് ലോകസുറിയാനി സമ്മേളനത്തോടനുബന്ധിച്ച് സുറിയാനി ഭാഷയ്ക്കും സാഹിത്യത്തിനും അമൂല്യ സംഭാവനകൾ നൽകിയ ബഹു: കണിയാമ്പറമ്പിൽ കുര്യൻ കോറെപ്പിസ്ക്കോപ്പായ്ക്ക് സുപ്രസിദ്ധസുറിയാനി പണ്ഡിതൻ പ്രൊഫ.ജോർജ്ജ് എ. കിരിസ് വേംഡ് ആറാം ആവാർഡ് സമ്മാനിച്ചു.

ശ്രേഷ്ഠബാവാ നേതൃത്വം കൊടുത്ത് പല പള്ളികളും പണിയിച്ചിട്ടുണ്ട്. എറണാകുളം സെൻറ് പീറ്റേഴ്സ് ചാപ്പൽ, കിഴുമുറി നിർമ്മലഗിരി സെൻറ് ജോർജ്ജ് പള്ളി എന്നിവ അവയിൽപ്പെടുന്നു.

അനേകം വിദ്യാഭ്യാസസ്ഥാപനങ്ങളുടെയും സ്ഥാപനത്തിൽ ബാവാ മുഖ്യമായ പങ്കുവഹിച്ചിട്ടുണ്ട്. കോലഞ്ചേരി സെൻറ് പീറ്റേഴ്സ് കോളേജ് പിറവത്തെ ബസേലിയോസ് പൗലോസ് ദ്വിതീയൻ ആർട്ട്സ് കോളേജ് മലേക്കുരിശിലെ പാത്രിയർക്കീസ് സാഖാ പ്രഥമൻ ട്രെയിനിംഗ് കോളേജ് തുടങ്ങിയവ ബാവായുടെ മഹനീയ നേതൃത്വം വിളിച്ചറിയിക്കുന്നു. അതുര ശുശ്രൂഷരംഗത്തും ബാവായുടെ ശ്രദ്ധ പതിഞ്ഞു. കോലഞ്ചേരി മെഡിക്കൽ മിഷൻ ആശുപത്രി, കോതമംഗലം ബസേലിയോസ് ആശുപത്രി, എന്നിവ അവയിൽ ചിലതാണ്. കോലഞ്ചേരി മെഡിക്കൽ മിഷൻ ആശുപത്രിയുടെ നിർമ്മാണത്തിന് ആദ്യം തൂമ്പ മണ്ണിൽ കൊത്തിയത് ബാവായാണെന്നുള്ള കാര്യം പലരും ഓർമ്മിക്കുന്ന വസ്തുതയാണ്. അത് സ്വർണ്ണത്തിൽ കൊത്തിയുതു പോലെയായി. ദക്ഷിണേന്ത്യയിലെ ഏറ്റവും മികച്ച ആശുപത്രികളിൽ ഒന്നാണല്ലോ പേരും പ്രശസ്തിയുമാർജ്ജിച്ച കോലഞ്ചേരി മെഡിക്കൽ മിഷൻ ആശുപത്രി. ഇക്കാര്യത്തിൽ അഭി. ദീവന്നാസ്യോസ് തിരുമേനിയുടെ (അന്ന് ബഹു. സി.എം. തോമസ് അച്ചൻ) സേവനവും ഏവരും അംഗീകരിക്കുന്ന വസ്തുതയാണ്.

1953 മുതൽ കണ്ടനാട് ഭദ്രാസനത്തിൻെറയും തുടർന്ന് പലകാലങ്ങളിലായി എല്ലാ ഭദ്രാസനങ്ങളുടെയും, 1975 മുതൽ മലങ്കരസമുഴുവൻെറയും അധിപനായിരുന്നു ശ്രേഷ്ഠബാവാ തിരുമേനി നേതൃത്വം കൊടുത്ത് സേവിച്ച് പരിപാലിച്ച സ്ഥാപനങ്ങളും പ്രസ്ഥാനങ്ങളും ഏറെയാണ്. ഈ നല്ല ഇടയൻെറ പരിപാലനമേറ്റ സ്ഥാപനങ്ങളും പ്രസ്ഥാനങ്ങളും ഉത്തരോത്തരം അഭിവൃദ്ധി പ്രാപിച്ചുകൊണ്ടിരിക്കുന്നതായി കാണുവാനും ഈ ആചാര്യശ്രേഷ്ഠന് ദൈവം തമ്പുരാൻ ഭാഗ്യം നൽകി.

....o0o.....

അദ്ധ്യായം 13

പ്രഭാഷണ കലയിൽ അദ്വിതീയൻ

മലയാളം, ഇംഗ്ലീഷ്, സുറിയാനി എന്നീ ഭാഷകളിൽ അനായാസം പ്രസംഗിക്കാൻ അസാമാന്യപാടവമുണ്ടായിരുന്ന ശ്രേഷ്ഠബാവാ പ്രഭാഷണകലയിൽ അദ്വിതീയൻ തന്നെയായിരുന്നു. സംസ്കൃതത്തിൽ നിന്നുള്ള ഉദ്ധരണികളും ആ പ്രസംഗത്തിന് ആഴവും പരപ്പും നൽകിയിരുന്നു. ലോക സുറിയാനി സമ്മേളനത്തിൽ പങ്കെടുത്ത് ബാവാ

വടവാതൂർ സെമിനാരിയിൽ വച്ച് സുറിയാനിയിൽ നടത്തിയ പ്രസംഗം അദ്ധ്യക്ഷവേദിയിലിരുന്നവരെയും സദസ്യരെയും ഒന്നടങ്കം ആഹ്ലാദിപ്പിക്കുകയും വിസ്മയഭരിതരാക്കുകയും ചെയ്ത കാര്യം ക തോലിക്കാ ബിഷപ്പ്സ് കൗൺസിൽ പ്രസിഡൻറ്മാർ ജോസഫ് പൗവ്വത്തിൽ തിരുമേനി ഏറെ സന്തോഷത്തോടെ പ്രസ്താവിച്ചിട്ടുള്ളതാണല്ലോ. ലോക സുറിയാനി സമ്മേളനത്തിൽ പങ്കെടുത്തമറ്റാരും അന്ന് സുറിയാനിൽ പ്രസംഗിക്കുകയുണ്ടായില്ല എന്നതും എടുത്തു പറയേണ്ട കാര്യമാണ്. കെച്ചുകുട്ടികളും യവജനങ്ങളും വയോവൃദ്ധരും ഉൾപ്പെട്ടിരുന്ന ഭിന്നരുചിക്കാരായ സദസ്യരാണെങ്കിൽപ്പോലും കഥകളും സാരോപദേശങ്ങളും കവിതാഭാഗങ്ങളും എല്ലാം വേണ്ടപ്പോൾ ആവശ്യാനുസരണം ഉപയോഗിച്ചുകൊണ്ടുള്ള ആ വാഗ്ധോരണി എല്ലാവരെയും ഒരുപോലെ ആകർഷിച്ചിരുന്നു.,, ആഹ്ലാദിപ്പിച്ചിരുന്നു. അദ്ദേഹം സാധാരണയായി പ്രസംഗത്തിൽ ഉപയോഗിക്കാറുള്ള ചില ഉദ്ധരണികൾ താഴെ കൊടുക്കുന്നു.

1. ''വിദ്യാധനം സർവ്വധനാൽ പ്രധാനം'':

   വിദ്യയാകുന്ന ധനത്തിൻെറ മാഹാത്മ്യം ഈ വരികളിലൂടെ ഉദ്ഘോഷിക്കുന്നു.

2. ''പെറുപ്പകാലങ്ങളിലുള്ള കാലം

   മറക്കുമോ മാനുഷനുള്ള കാലം''

   ചെറുപ്പകാലത്തിൽ തന്നെ നല്ല ശീലങ്ങൾ വളർത്തിയെടുക്കണമെന്ന് കുഞ്ചൻ നമ്പ്യാരുടെ ഈ വരികളിലൂടെ ഓർമ്മിപ്പിക്കുന്നു.

3. '' സ്നേഹമാണഖിലസാരമൂഴിയിൽ'' (ആശാൻ)

   ''തമ്മിൽതമ്മിൽ സ്നേഹമില്ലെങ്കിൽ നാം ഒന്നുമല്ല മക്കളെ'' യെന്ന് ഉദ്ബോധിപ്പിക്കുന്നു.

4. ''എത്തേണ്ടതാമിടത്തെത്തിയാലും ശരി

   മദ്ധ്യേ മരണം വിഴുങ്ങിയാലും ശരി

   മുന്നോട്ടു തന്നെ ഗമിക്കും വഴിയിൽ

   മുള്ളുകളൊക്കെ ചവിട്ടിമെതിച്ചു ഞാൻ''

ഉള്ളൂരിൻെറ ഈ വരികളിൽ ഒരു സ്ഥിത പ്രജ്ഞൻെറ (ഭഗവദ് ഗീത) ഭാഗവും നിഴലിക്കുന്നു.

5. '' ഒരിക്കലീ ജഗത്തെയും ജഡത്തെയും പിരിഞ്ഞുനാം
തിരിക്കണം വിസമ്മതങ്ങളൊന്നുമേ ഫലപ്പെട്ട
തിരിച്ചു പിന്നെ വന്നിടാത്ത യാത്രയാണതാകയാൽ
കരത്തിലുള്ള തൊക്കെ നാമതിർത്തിൽ തൃജിക്കണം.''

ലോകത്തിന്റെ നശ്വരത വ്യക്തമാക്കുന്നു (മേരി ജോൺ തോട്ടം)

1969 ഏപ്രിൽ മാസം 13-ാം തീയതി ഞായറാഴ്ച, വടക്കൻ തിരുവിതാംകൂറിലെ പ്രസിദ്ധമായ വാളകം കൺവൻഷനിൽ ശ്രേഷ്ഠ കാതോലിക്കാ ബാവാ തിരുമനസ്സുകൊണ്ട് (അന്നത്തെ കണ്ടനാട് ഭദ്രാസനത്തിന്റെ പൗലോസ്മാർ പീലക്സീനോസ് തിരുമേനി) നടത്തിയ പ്രസംഗത്തിന്റെ സംക്ഷിപ്ത വിവരണം

പ്രസംഗവിഷയം:- ക്രിസ്തീയ ജീവിതത്തിന്റെ 5 പ്രധാന വ്യവസ്ഥകൾ:

ക്രിസ്തീയജീവിതംഎന്നുപറയുന്നത്ക്രിസ്തുവിനോടുകൂടിയുള്ള ജീവിതമാണ്. ഒരു ക്രിസ്ത്യാനി താഴെ പറയുന്ന 5 വ്യവസ്ഥകൾ പാലിക്കുന്നവനായിരിക്കണം.

1. ഒരു ക്രിസ്ത്യാനി യഥാർത്ഥ രക്ഷാനിർണ്ണയം ഉള്ളവനായിരിക്കയണം. He must be concious of his salvation through Lord Jesus Christ. മാമ്മോദീസയിലൂടെ പാപസംബന്ധമായി മരിച്ച് ക്രിസ്തുവിൽ ജീവിക്കുന്നവൻ - സാത്താനെ ഉപേക്ഷിക്കുന്നു- മിശിഹായെ സ്വീകരിക്കുന്നു എന്ന് ഏറ്റു പറയുന്നവൻ- തന്റെ പിന്നീടുള്ള ജീവിതത്തിൽ അതേക്കുറിച്ച് എപ്പോഴും നല്ല ബോധ്യം ഉള്ളവനായിരിക്കണം. താൻ യേശുക്രിസ്തുമൂലം രക്ഷിക്കപ്പെട്ടവനാണ് എന്ന ചിന്ത അവനെ ഭരിക്കണം.

2. ഒരു ക്രിസ്ത്യാനി ജീവിതത്തിൽ രക്ഷയുടെ സാക്ഷ്യം ഉള്ളവനായിരിക്കണം. He must have an open confession of his salvation. താൻ രക്ഷിക്കപ്പെട്ട ദൈവപൈതൽ ആണ് എന്ന് തുറന്ന സമ്മതിക്കുന്നവനാണ് ഒരു യാഥാർത്ഥ ക്രിസ്ത്യാനി. ആ സാക്ഷ്യം അവന്റെ ജീവിതത്തിന്റെ എല്ലാ മേഖലകളിലും പ്രകടമാകണം.

3. ക്രിസ്തീയ ജീവിതം ദൈവവുമായി നിരന്തരം സംസർഗ്ഗമുള്ള ജീവിതമായിരിക്കണം. He must have direct conversation with god. ഒരു ക്രിസ്ത്യാനി ദൈവത്തോട് സംസാരിക്കുന്നവനും ദൈവത്തിൽ നിന്ന്

കേംക്കുന്നവനും ആയിരിക്കണം. അതാണ് യഥാർത്ഥമായ പ്രാർത്ഥന ജീവിതം.

4. ക്രിസ്തീയ ജീവിതം ഒരു വേർപാടിന്റെ ജീവിതമായിരിക്കണം He must give up all un wanted connection. ദൈവത്തിന് നിരക്കാത്തതായ എല്ലാത്തിനെയും ഉപേക്ഷിച്ചുകൊണ്ടുള്ളതാണ് യഥാർത്ഥ ക്രിസ്തീയ ജീവിതം. ക്രിസ്തുവിൽ കൂടി വീണ്ടും ജനിക്കുമ്പോഠം 'പഴയത്' എല്ലാം ഉപേക്ഷിച്ച് പൂർണ്ണമായും 'പുതിയത്' ആയിതീർന്ന അവസ്ഥ. ആയിരിക്കണം. അത് വിശുദ്ധിയുടെ ജീവിതമാണ്.

5. ക്രിസ്തീയ ജീവിതം ശുശ്രൂഷയുടെ ജീവിതമാണ് It is a life of service. അത് ഒരിക്കലും പ്രവർത്തനരഹിതമായിരിക്കാൻ പാടില്ല. സദാനേരവും ഉണർന്ന് പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന അവസ്ഥയാണത്. ദൈവത്തോടും മനുഷ്യനോടും ഉള്ള ശുശ്രൂഷയുടെയും സേവനത്തിന്റേയും ജീവിതമാണ് ക്രിസ്തീയ ജീവിതം. " പരിശുദ്ധാത്മാവ് നിങ്ങളുടെ മേൽ വരുമ്പോഠം നിങ്ങഠം ശക്തി ലഭിച്ചിട്ടു യെരുശലേമിലും യഹൂദ്യയിൽ എല്ലായിടത്തും ശമര്യയിലും ഭൂമി യുടെ അറ്റത്തോളവും എന്റെ സാക്ഷികഠം ആകും" (അപ്പോ:പ്രവൃത്തി 1:8) എന്നും " നിങ്ങഠം അവർക്ക് ഭക്ഷിപ്പാൻ കൊടുപ്പിൻ" (മാർക്കോസ്6:37) എന്നുമുള്ള നാഥന്റെ ആഹ്വാനം യഥാർത്ഥമായും ഉഠംക്കൊളളുന്നവനായിരിക്കണം ഒരു ക്രിസ്ത്യാനി. എന്നുള്ള സന്ദേശത്തോടെയാണ് തിരുമേനി പ്രസംഗം അവസാനിപ്പിച്ചത്.

...o O oOo...

1994 ഫെബ്രുവരി 28-ന് പുത്തൻകുരിശിൽ നടന്ന അഖില മലങ്കര പളളി പ്രതിപുരുഷ യോഗത്തിൽ അദ്ധ്യക്ഷത വഹിച്ചുകൊണ്ട് ബാവാ നടത്തിയ ഉദ്ബോധനം വളരെയേറെ ശ്രദ്ധേയമാണ്. ബാവായുടെ പ്രസംഗം താഴെ ചേർക്കുന്നു.

പിതാവിനും പുത്രനും, പരിശുദ്ധ റൂഹായ്ക്കും സ്തുതി. ആദിമുതൽ നമ്മുടെ മേൽ തന്റെ കരുണയും, മനോഗുണവും എന്നേക്കും ഉണ്ടായിരിക്കട്ടെ. ആമ്മീൻ.

അഭിവന്ദ്യരായ സഹോദരമെത്രാപ്പോലീത്തമാരെ, വന്ദ്യകോർ എപ്പിസ്കോപ്പമാരെ, ബഹു. വൈദികരെ, പളളി പ്രതിനിധികളായ വാത്സല്യമക്കളെ,

അകം നിറഞ്ഞ സന്തോഷത്തോടെയാണ് നാം നിങ്ങളെ സംബോധന

ചെയ്യുന്നത്. പരി. യാക്കോബായ സുറിയാനി സഭയുടെ സമ്പൂർണ്ണ സമ്മേളനം ഇന്ന് ഇവിടെ കൂടിയിരിക്കുന്നു. ഈ ചരിത്ര സംഭവത്തിന് സാക്ഷിയാകുവാനും, ഈ മഹത് സമ്മേളനത്തിന്റെ അദ്ധ്യക്ഷപദം വഹിക്കുവാനും ബലഹീനനായ നമ്മെ യോഗ്യനാക്കിയ സർവ്വ ശക്തനായ ദൈവത്തെ നാം സ്തുതിക്കുന്നു.

നാം മെത്രാപ്പോലീത്ത ആയ കാലത്ത് തന്നെ സഭാഗാത്രത്തിന്റെ വിഭജനം മൂലം നമ്മുടെ ഹൃദയം അതീവ ദുഃഖിതമായിരുന്നു. ഈ ദുഃഖത്തിൽ നിന്നും മോചനം നേടുവാൻ ഇപ്പോഴും നമുക്ക് ഭാഗ്യം കൈവന്നിട്ടില്ല. പരിശുദ്ധ പിതാക്കന്മാർ നമ്മെ ഉപദേശിച്ച സത്യവിശ്വസത്തിന്റെ പാതയിൽ നാം നിലനിന്നതുമൂലം വന്നുചേർന്ന പീഡകളും കഷ്ടതകളും അനേകമാണ്. പ്രലോഭനങ്ങളും പ്രതിബന്ധങ്ങളും വളരെ ആയിരുന്നിട്ടും. പരി.അന്ത്യോഖ്യാ സിംഹാസനത്തോടും, അതിൽ കാലാകാലങ്ങളിൽ വാണരുളിയ പരി. പിതാക്കന്മാരോടുമുള്ള അചഞ്ചലമായ ബന്ധവും, വിധേയത്വവും നിലനിർത്തുവാൻ നമുക്ക് സാധിച്ചു. നിങ്ങളും നമ്മോടൊപ്പം ഈ കഷ്ടപ്പാടിൽ പങ്കാളികളാകുന്നു, എന്നതിൽ നാം ദൈവത്തെ മഹത്വപ്പെടുത്തുന്നു. വത്സല സഹോദരങ്ങളെ! പരി. സിംഹാസനത്തോടുള്ള ബന്ധത്തിൽ അചഞ്ചലരായി തുടർന്നും നിൽക്കുവാൻ നാം നിങ്ങളെ പൈതൃകമായി ഉപദേശിക്കുന്നു.

ഈ ശ്രേഷ്ഠമായ വിശ്വാസം മുറുകെ പിടിക്കുക മൂലം നാം ഏവരും ഇന്ന് കഷ്ടത അനുഭവിക്കേണ്ടിവന്നിരിക്കുന്നു. എങ്കിലും നാം പിൻമാറുകയോ, മടുത്ത് പോവുകയോ അരുത്. നമ്മോടും നമ്മുടെ സഹോദരപിതാക്കന്മാരോടുംമൊപ്പം നിങ്ങളും അടിയുറച്ച് നിൽക്കുവിൻ.

പ്രിയ സഹോദരങ്ങളെ ! പരി. യാക്കോബായ സുറിയാനി സഭയെ സംബന്ധിച്ചിടത്തോളം അതിപ്രധാനമായ ഒരു സമ്മേളനമാണ് ഇത്. ഇപ്രകാരം ഒന്നു കൂടുവാൻ നാം പലവട്ടം പരിശ്രമിച്ചു എങ്കിലുംനമ്മെ പരാജയപ്പെടുത്തുവാൻകിണഞ്ഞ്പരിശ്രമിക്കുന്നവരുടെവിവിധങ്ങളായ പ്രതിബന്ധങ്ങളും നിമിത്തം നമുക്ക് അതിന് സാധിക്കാതെ പോയി. എന്നാൽ ദൈവാനുഗ്രഹത്താൽ ഇപ്പോഴും നാം അതിനുള്ള ശക്തി ആർജ്ജിച്ചിരിക്കുന്നു. ഇത് വലിയൊരു സൂചനയാണ്. സത്യ വിശ്വാസത്തിന്റെ പാറമേൽ ഉറച്ച് നിൽക്കുന്ന നമ്മെ തളർത്തുവാൻ ആരാലും സാധിക്കുന്നതല്ല. ഭാവിയിലെ വിജയത്തിന്റെ മുന്നോടിയാണിത്. സകല പ്രതിരോധങ്ങളേയും നാം അതിജീവിക്കും. എന്തെന്നാൽ സർവ്വ ശക്തനായ ദൈവം നമ്മോടൊപ്പം നിൽക്കുന്നു. പരി. പിതാക്കന്മാർ നമുക്ക്തുണയായിരിക്കുന്നു.

തെറ്റിദ്ധാരണങ്ങളിലൂടെയും ദുരാരോപണങ്ങളിലൂടെയും, നമ്മുടെ ജനത്തിന്റെ മനോബലം നശിപ്പിക്കുവാൻ സർവ്വഥാ കിണഞ്ഞ് പരിശ്രമിക്കുകയാണ് വിരുദ്ധ ശക്തികൾ. രഥങ്ങളിലും, കുതിരകളിലും ആശ്രയിക്കുന്നവർക്കെതിരെ, വീണ്ടെടുപ്പുകാരനായ ദൈവത്തിൽ ആശ്രയം വയ്ക്കുന്ന നാം തളർന്നകൂടാ. നമ്മുടെ പാത ക്ലേശകരമാണ്. പക്ഷെ അത് നമ്മെ കൊണ്ടുചെന്നെത്തിക്കുന്നത് പൈതൃകമായി നമുക്ക് അവകാശപ്പെട്ട വിശ്വാസത്തിന്റെ പൂർണ്ണതയിലാണ്. നാം മടുത്തുകൂടാ, എന്തെന്നാൽ അതത്രെ നമ്മുടെ വൈരികൾക്ക് സന്തോഷം നൽകുന്നത്. നാം പിൻതിരിഞ്ഞ് കൂടാ, എന്തെന്നാൽ നമ്മുടെ പിതാക്കന്മാർ നമ്മെ മുന്നോട്ട് ഗമിക്കുവാൻ മാത്രം ചുമതലപ്പെടുത്തിയിരിക്കുന്നു. പ്രിയമക്കളെ ഉണർന്നിരിപ്പിൻ, ബലം ധരിപ്പിൻ !

പരി. സഭ അതിന്റെ ദൈനംദിന ഭരണ നിർവ്വഹണത്തിന്റെ ഭാഗമായിട്ടാണ് ഈ യോഗം വിളിച്ചിരിക്കുന്നത് കാലാനുസൃതമായ ക്രമീകരണങ്ങൾ സഭാ ഭരണത്തിൽ ഉണ്ടാകേണ്ടിയിരിക്കുന്നു. വേണ്ടത്ര പ്രാതിനിധ്യമുള്ള ഒരു ഭരണസമിതി നമുക്ക് ആവശ്യമാണ്. കാര്യനിർവ്വഹണത്തിന് ഒരു പ്രവർത്തക സംഘവും ചുമതലപ്പെട്ടവരും ഉണ്ടായേ മതിയാകൂ. ഇവ നമുക്കാവശ്യമായ ദൃഢതയെ ഉറപ്പ്വരുത്തും. നിങ്ങൾ വേണ്ടത്ര ആലോചന ഇക്കാര്യത്തിൽ നടത്തിയിട്ടുണ്ട് എന്ന് നാം വിശ്വസിക്കുന്നു. ആ ചിന്തയുടെ പൂർത്തീകരണവും, പ്രാവർത്തികതയുമാണ് ഈ യോഗത്തിന്റെ ഒരു സുപ്രധാന താത്പര്യം. അച്ചടക്കത്തോടും, വിശ്വാസികളുടെ സമൂഹത്തിന് യോജിച്ച വിധം ചിട്ടയോടും കാര്യങ്ങൾ നിർവ്വഹിക്കുവാൻ നാം നിങ്ങളെ ചുമതലപ്പെടുത്തുന്നു. പാഴാക്കുവാനായി നമുക്കിനിയും സമയമില്ല എന്നത് നിങ്ങൾ ഓർക്കണം.

പരി. സുറിയാനി സഭയുടെ മക്കളായ നാം സമാധാനാകാംക്ഷികളാണ്. ആ സമാധാനം നമ്മുടെ ജീവിതത്തിന്റെ എല്ലാ മേഖലകളിലും നിലനിൽക്കണമെന്ന് നാം ആഗ്രഹിക്കുകയും ചെയ്യുന്നു. എന്നാൽ കാതലായ കാര്യങ്ങളിൽ നമുക്ക് വിട്ടുവീഴ്ച വയ്യ തന്നെ. ഇക്കാര്യം ഊന്നിപ്പറഞ്ഞുകൊണ്ട് പരി. പാത്രിയർക്കീസ് ബാവാ ഒരു വർഷം മുൻപ് പുറപ്പെടുവിച്ച കല്പനയെ നാം ഇത്തരുണത്തിൽ അനുസ്മരിക്കുന്നു. സ്വതന്ത്ര സഭാവാദം, മാർതോമാ സിംഹാസനവാദം, 1934-ൽ ഏകപക്ഷീയമായുണ്ടാക്കിയ ഭരണഘടന എന്നിവ നമുക്ക് അംഗീകരിക്കുവാൻ വയ്യ. വിട്ടുവീഴ്ച ചെയ്യുവാൻ പറ്റാത്തത്ര കാതലായ വിഷയങ്ങളാണ് ഇവ. ഈ തത്വങ്ങൾ മുറുകെ പിടിക്കുകമൂലം നാം ഇന്ന്

കോടതിയിലേക്കും, കേസുകളിലേക്കും വലിച്ചിഴക്കപ്പെട്ടിരിക്കുന്നു. പൈതൃകമായി നമുക്ക് ലഭിച്ച വിശ്വാസത്തിൽ കളങ്കം ചേർക്കുവാനോ, ആരാധനാലയങ്ങളിൽ അതിക്രമിച്ച് കടക്കുവാനോ നാം ആരേയും അനുവദിക്കുകയില്ല തന്നെ. നമുക്ക് ഇവ സംരക്ഷിച്ചേ മതിയാകൂ. ഈ താത്പര്യമാണ് ഇന്ന് നമ്മെ ഗ്രസിച്ചിരിക്കുന്ന ഏററവും വലിയ വെല്ലുവിളി. നീതിന്യായ പീഠത്തിന് മുമ്പിൽ നമുക്ക് നമ്മുടെ തത്വങ്ങൾ വെളിപ്പെടുത്തിയേ മതിയാകൂ. സത്യം ജയിക്കും, നാം സന്തോഷിക്കുവാൻ ഇടയാക്കും എന്നതിൽ തർക്കമില്ല. പക്ഷെ അതിന് നാം അദ്ധ്വാനിച്ചേ മതിയാകൂ. തികച്ചും തൃപ്തികരമായ വിധത്തിൽ വ്യവഹാരത്തിന്റെ നടത്തിപ്പ് നിർവ്വഹിക്കുവാനുള്ള ക്രമീകരണങ്ങൾ ചെയ്തിട്ടുണ്ട്. പ്രധാന പ്രശ്നം പണമാണ്. വിശ്വാസികളായ നമ്മുടെ ജനമാണ് പരി.സഭയുടെ സമ്പത്ത്. നിങ്ങൾ നാളിതുവരെയും കാണിച്ച സഹകരണം ഇനിയും തുടർന്നേ മതിയാകൂ. ഈ ഉദ്ബോധനമാണ് ഈ യോഗത്തിന്റെ മറെറാരു പ്രധാന ലക്ഷ്യം. വാൽസല്യമക്കളെ, പണത്തിന്റെ കുറവുകൊണ്ട് സത്യം മറയ്ക്കപ്പെടുവാൻ ഇടയാകരുത്. നാം ഒന്നിച്ചു നിന്ന് പരിശ്രമിച്ചാൽ അസാദ്ധ്യമായതൊന്നുമില്ല. പ. സഭയിലെ നമ്മുടെ ശുശ്രൂഷയുടെ ചരിത്രത്തിലേയ്ക്ക് തിരിഞ്ഞുനോക്കുമ്പോൾ നാം കാണുന്നത് അത് തന്നെയാണ്. പ്രത്യേകിച്ചും 1972 മുതലുള്ള ചരിത്രം.

പ്രിയ മക്കളെ നാം വളരെ ഓടി. ഇനിയും ഓടേണ്ടിയിരിക്കുന്നു. എന്നറിവിൻ, എന്തെന്നാൽ നമുക്ക് വിജയം വരിച്ചേ മതിയാകൂ. ദുഷ്പ്രചരണങ്ങൾക്ക് നിങ്ങൾ ചെവികൊടുക്കരുത്, നാം ഒന്നാണ്, നമ്മുടെ വിശ്വാസം ഒന്നാണ്, നമ്മുടെ ലക്ഷ്യവും ഒന്നുതന്നെ.

പ്രിയരെ, നാം ചുരുക്കട്ടെ. നിങ്ങൾ ഏവരും നമ്മുടെ താത്പര്യപ്രകാരം കൂടി വന്നതിൽ നാം സന്തുഷ്ടനാണ്. നിങ്ങളെ പ്രശംസിക്കുകയും നമുക്കുള്ള ഹൃദയംഗമായ നന്ദി വെളിപ്പെടുത്തുകയും ചെയ്യുന്നു. ഈ കൂടിവരവ് സുസാദ്ധ്യമാക്കിതീർക്കുവാൻ അദ്ധ്വാനിച്ച സകലരേയും നാം ശ്ലാഘിക്കുന്നു.

സർവ്വ ശക്തനായ ദൈവത്തിന്റെ മുമ്പാകെ നാം വിനായാന്വിതനായി നിൽക്കുന്നു. ഈ വലിയ ഭാഗ്യത്തിന് താൻ ബലഹീനനായ നമ്മെ അർഹനാക്കിയല്ലൊ! വാത്സല്യമക്കളെ വാർദ്ധ്യത്തിൽ എത്തിയിരിക്കുന്ന നമ്മെഓർത്ത് നിങ്ങൾ പ്രാർത്ഥിപ്പിൻ, സർവ്വശക്തനായ ദൈവം നിങ്ങളെയും നിങ്ങളുടെ അദ്ധ്വാനങ്ങളെയും നിറപടിയായി വാഴ്ത്തി അനുഗ്രഹിക്കട്ടെ;ശുദ്ധിമതിയായ അമ്മയുടേയും, സകല പരിശുദ്ധന്മാരുടേയും, ശുദ്ധിമതികളുടെയും പ്രാർത്ഥനയാൽ തന്നെ, ആമ്മീൻ.

1994 ജൂലായ് 21-ാം തീയതി മണർകാട് പള്ളി പ്രതിപുരുഷയോഗത്തിൽ ശ്രേഷ്ഠ ബാവ ചെയ്ത ആത്മനിറവുള്ള അദ്ധ്യക്ഷപ്രസംഗം താഴെ കൊടുക്കുന്നു.

ദൈവത്തിന് സ്തുതി!

വാത്സല്യമക്കളെ,

നമ്മുടെ ഈ വാർദ്ധക്യത്തിൽ നിങ്ങളെ വീണ്ടും ഒരുമിച്ചു കാണുവാൻ അവസരം ലഭിച്ചതിൽ ദൈവത്തെ മഹത്വപ്പെടുത്തുന്നു.

തമ്പുരാനെപ്പറ്റ അമ്മയുടെ നാമത്തിൽ സ്ഥാപിച്ചിട്ടുള്ള ഈ ദൈവാലയാങ്കണത്തിൽ ഇതിനുമുമ്പും സഭയുടെ പ്രതിസന്ധി ഘട്ടങ്ങളിൽ നാം ഒരുമിച്ചു കൂടുകയും തീരുമാനങ്ങളെടുക്കുകയും അവ നടപ്പാക്കുന്നതിന് പരി. മാതാവിന്റെ മദ്ധ്യസ്ഥത പ്രയോജനപ്പെടുകയും ചെയ്തിട്ടുണ്ട് എന്ന കാര്യം ഓർമ്മിപ്പിച്ചു കൊള്ളുന്നു. 1957-ൽ ബഹു സുപ്രീം കോടതിയുടെ നിർദ്ദേശമനുസരിച്ച് മലങ്കര അസോസിയേഷൻ യോഗം കൂടിയത് ഇവിടെ വച്ചാണ്. 1960-ൽ ഇവിടെ വച്ചു കൂടിയ പള്ളിപ്രതിപുരുഷയോഗം, 1958-ലെ സുപ്രീം കോടതിവിധിയെ തുടർന്നുണ്ടായ സഭാ സമാധാന ക്രമീകരണത്തിൽ തൃപ്തികരമല്ലാത്ത സംഗതികളാണ് തുടരുന്നത് എന്ന് നമുക്ക് ബോധ്യമായപ്പോഴും ആവിധ സംഗതികളെ നമ്മുടെ ജനങ്ങളെ അറിയിക്കുന്നതിന് പ്രയോജനപ്പെടുത്തുകയും, തൽസമയം '' പരി. പാത്രിയർക്കീസ് ബാവയെ വിട്ടുള്ള ഒരു സ്വതന്ത്ര സഭയിൽ നാം ഇല്ല'' എന്ന് പ്രഖ്യാപിക്കുന്നതിന് അവസരമാക്കുകയും ചെയ്തു. തൽഫലമായി ഇവിടുത്തെ സ്വതന്ത്ര സഭക്കാരായ ദേവലോക നേതൃത്വം നമ്മുടെ മേൽ ശിക്ഷണ നടപടികൾക്ക് തയ്യാറായി. 1960- ഏപ്രിൽ മാസം 28-ാം തീയതി പഴയ സെമിനാരിയിൽ വച്ച് കൂടിയ സന്നഹദോസ് പൗലോസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്തായെ അതായത് നമ്മെ കണ്ട് കാര്യങ്ങൾ ഗ്രഹിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ ഒരു എപ്പിസ്ക്കോപ്പൽ സമിതിയെ നിയോഗിക്കുകയുണ്ടായി. സമിതി നമ്മേ വന്നു കാണുകയും വിഷയങ്ങൾ ചർച്ച ചെയ്യുകയും ചെയ്തതിന്റെ ഫലമായി സമർപ്പിച്ച റിപ്പോർട്ടിൽ നാം നിർദ്ദേശിച്ചിരുന്ന കാര്യങ്ങൾ നിങ്ങളുടെ ശ്രദ്ധയിൽ പെടുത്തി കൊള്ളട്ടെ.

1. പരി.സഭയിൽ വൈകാരീക ഐക്യം കൈവരുത്തുന്നതിന് സഭാതലവനായ പരി.പ്രതിയർക്കീസ് ബാവായെ മലങ്കരക്കു ക്ഷണിക്കണം.

2. ഭരണഘടന ജനഹിതത്തിനെതിരായി നിർബന്ധബുദ്ധ്യാ പള്ളികളിൽ നടപ്പാക്കുവാൻ പാടില്ല. ഭരണഘടന നടപ്പിൽ വരുത്തുവാൻ ശ്രമിച്ചതു മൂലം അസ്വസ്ഥത ആരംഭിച്ചിട്ടുള്ള പള്ളികളിൽ അവനടപ്പാക്കുന്നതിന് ഇനിയും നിർബന്ധിച്ചു കൂടാ.

3. കുന്നംകുളം സിംഹാസന പള്ളി സംബന്ധിച്ച് സഭാ കേന്ദ്രം കൈക്കൊണ്ടിട്ടുള്ള നടപടി, അതായത് ദ്രോസനത്തിൽ ലയിപ്പിക്കുന്നതിനുള്ള നീക്കങ്ങൾ ന്യായീകരിക്കാവുന്നതല്ല.

4. സമുദായക്കേസ് സംബന്ധിച്ച് മുൻ പാത്രിയർക്കീസ് പക്ഷക്കാരിൽ നിന്നും കോടതി ചെലവ് ഈടാക്കുന്നതിനുള്ള കേസും പിൻവലിക്കുന്നതാണെന്നുള്ള വാഗ്ദാനങ്ങൾ നിറവേറ്റാൻ കൂട്ടാക്കാഞ്ഞത് നീതീകരിക്കത്തക്കതല്ല.

മേൽപ്പറഞ്ഞ വിഷയങ്ങൾ സംബന്ധിച്ച് നാം കർക്കശമായി എടുത്ത തീരുമാനങ്ങളാണ് 1964-ൽ പരി. പാത്രിയർക്കീസ് ബാവ മലങ്കരയിൽ വന്ന് കാതോലിക്ക വാഴ്ച നടത്തുന്നതിന് അവസരമായത്. 1964 മെയ് 22-ാം തീയതി പരി. പാത്രിയർക്കീസ് ബാവായുടെ പ്രധാന കാർമ്മീകത്വത്തിൽ നടന്ന കാതോലിക്കാ സ്ഥാനാരോഹണം മലങ്കരയിലെ ആയിരക്കണക്കിന് വൈദീകരും പതിനായിരക്കണക്കിന് ജനങ്ങളും ദർശിച്ചതാണ്. തൽസമയത്ത് കാതോലിക്കാ ബാവായുടെ വായിൽ നിന്ന തന്നെ പ്രതിജ്ഞാ പത്രം (ശൽമൂസ) കേട്ടതിപ്രകാരമാണ് ''കാതോലിക്കാ സ്ഥാനത്തേക്ക് തെരഞ്ഞെടുക്കപ്പെട്ട ഔഗേൻ തീമോത്തിയോസായ ബലഹീനനായ ഞാൻ എന്റെ വിശ്വാസത്തെ വി. മദ്ബഹായുടെ മുമ്പാകെയും പരി. സുന്നഹദോസിന്റെ മുമ്പാകെയും അതിന്റെ തലവനായ മഹാ പ്രധാനാചാര്യൻ അന്ത്യോഖ്യായുടേയും കീഴക്കൊക്കെയുടേയും പാത്രിയർക്കീസായ വി. മോർ ഇഗ്നാത്തിയോസ് യാക്കോബ് തൃതീയന്റെ മുമ്പാകെയും ഞാൻ ബോധിപ്പിക്കുന്നു. പാത്രിയർക്കീസ് എന്റെ തലവനാകുന്നു. ശ്ലീഹന്മാരുടെ തലവനായ മാർ പത്രോസ് മുതൽ അവിടുത്തെ പരിശുദ്ധത വരെ പരി. സിംഹാസനത്തിൽ വാണിട്ടുള്ള എല്ലാ കാനോനീക പാത്രിയർക്കീസന്മാരെയും അങ്ങയോടു കൂടെ ചേരുന്ന എല്ലാവരേയും ഞാൻ സ്വീകരിക്കുന്നു. വീണ്ടും വി. അന്ത്യോഖ്യാ സിംഹാനത്തോടുള്ള എന്റെകാനോനീക ബന്ധത്തേയും ഞാൻ ബോധിപ്പിക്കുന്നു. ഞാൻ ഇതിൽ നിന്നും തെറ്റുകയില്ല എന്ന വാഗ്ദത്തം ചെയ്യുന്നു.

ഈ പ്രതിജ്ഞ പാലിക്കുമെന്നുള്ള വിശ്വാസത്തിലാണ് നാം യോജിച്ച്

സഭയിൽ തുടർന്ന് പ്രവർത്തിച്ചുവന്നത്. എന്നാൽ 1970 വരെ മാത്രമേ ഈ പ്രതിജ്ഞ നിറവേറ്റിയുള്ളൂ. തുടർന്ന് പ്രവർത്തന ശൈലിയാകെ മാറി. അവിടുത്തെ സഭയും ഇവിടുത്തെ സഭയും, വി. തോമാശ്ലീഹായുടെ സിംഹാസനം, ഭരണഘടനയനുസരിച്ച് സ്വതന്ത്ര സഭയാണെന്നുള്ള പ്രഖ്യാപനം തുടങ്ങി പുതിയ കാര്യങ്ങൾ സഭയിൽ അടിച്ചേൽപ്പിക്കുവാനുള്ള പ്രവണത കാതോലിക്കാ നേതൃത്വത്തിൽ നിന്നുണ്ടായി. തൽഫലമായി സഭയിൽ പ്രശ്നങ്ങളും പ്രതിബന്ധങ്ങളും ഉളവായി. സഭയുടെ ഉത്തരവാദിത്വസ്ഥാനങ്ങളിൽ നിന്നും വിശ്വാസപരമായ കാര്യങ്ങളിൽ വ്യതിയാനം വരുത്തുന്നതിനുള്ള നീക്കങ്ങളാരംഭിച്ചു. ഇതിൽ മനംനൊന്ത് സത്യവിശ്വാസികൾ തങ്ങളുടെ സഭയുടെ പരമാദ്ധ്യക്ഷനായ പരി. പാത്രിയർക്കീസ് ബാവായെ വിവരം ധരിപ്പിക്കുകയും പരി. ബാവ കിഴക്കിന്റെ കാതോലിക്കയോട് വിശദീകരണം ആവശ്യപ്പെടുകയും ചെയ്തു. ഈ അവസരത്തിൽ അന്ത്യോഖ്യാ പാത്രിയർക്കീസ് മലങ്കരയുടെ കാര്യങ്ങൾ അന്വേഷിക്കേണ്ടതില്ല എന്നുള്ള മനോഭാവത്തിൽ കാതോലിക്കായും കൂട്ടരും പ്രവർത്തിച്ചുതുടങ്ങി. ഇതിന്റെയെല്ലാം പരിണിത ഫലമായാണ് 1974-75 കാലഘട്ടത്തിൽ സത്യ വിശ്വാസികൾക്കായി മെത്രാപ്പോലീത്തന്മാരേയും കിഴക്കിന്റെ കാതോലിക്കയായി നമ്മെയും പരി. പത്രോസിന്റെ സിംഹാസനത്തിൽ നിന്നും വാഴിച്ചു തന്നത്.

1975 സെപ്റ്റംബറിൽ നാം കാതോലിക്കാ വാഴ്ചയേറ്റ് മടങ്ങി വന്നപ്പോൾ നാം വസിച്ചിരുന്ന മൂവാറ്റുപുഴ അരമനയിൽ പ്രവേശിക്കരുത് എന്നു പറഞ്ഞു. മലങ്കരയിലെ വിവിധ ഭാഗങ്ങളിൽ ഉള്ള 5 കോടതികളിൽ നിന്ന് നിരോധന ഉത്തരവു വാങ്ങി ആരുമറിയാതെ അരമന കെട്ടിടത്തിൽ പതിപ്പിച്ചു നടത്തിയ പാരമ്പര്യമാണ് ദേവലോകം കാർക്കുള്ളത്. ഈ വിഭാഗത്തിന്റെ അധീനതയിലാക്കിയിരിക്കുന്ന പരുമല സെമിനാരി വസ്തുവിന്റെ മൂലാധാരം കൊല്ലവർഷം 1047 കർക്കിടകമാസം 13-ാം തീയതിയിലേതാണ് . പ്രസ്തുത ആധാരത്തിൽ '' താഴെ പറയുന്ന വസ്തുവിനെ അന്ത്യോഖ്യസിംഹാസനത്തിൽ ഇരിയ്ക്കുന്ന മോറാൻ മോർ ഇഗ്നോത്തിയോസ് പാത്രിയർക്കീസ് ബാവായുടെ കീഴനുസരിപ്പിൽ മതവിഷയക്കാരായ മലയാളത്തുള്ള സുറിയാനിക്കാരുടെ സഹായത്തിനും പടിഞ്ഞാറ് ദയറാ മുതലായത് വച്ച് പഠിത്തം മുതലായത് നടത്തിക്കുന്നതിനും എന്റെ പൂർണ്ണമനസാലെ തീറാധ ഒരിഞ്ഞു എഴുതി തന്നിരിക്കുന്നു''. എന്നാണ് കാണുന്നത്. 122 വർഷങ്ങൾക്കുമുമ്പുള്ള ആധാരത്തിൽ വളരെ വ്യക്തമായി അന്ത്യോഖ്യായും മലങ്കരയും തമ്മിലുള്ള ബന്ധത്തിന്റെ പാരമ്പര്യം എന്താണെന്ന്

എഴുതിയിരിയ്ക്കുന്നു. സത്യത്തെ മാനിക്കുന്നുവെങ്കിൽ അന്ത്യോഖ്യാ സിംഹാസനത്തിലെ ഇഗ്നാത്യോസ് പാത്രിയർക്കീസിനെ അനുസരിക്കാത്തവർ പരുമലയിൽ നിന്ന് മാറിതരേണ്ടതാണ്. മലങ്കരയിലുള്ള 1064 പള്ളികളും ഇനിയുണ്ടാകുന്ന പള്ളികളും അവയുടെ സ്ഥാവര ജംഗമ സ്വത്തുകളും തങ്ങളുടേതാണെന്ന് സ്ഥാപിച്ച് കിട്ടുന്നതിന് കാതോലിക്കാവിഭാഗം കേസ് ഫയൽ ചെയ്തിരിക്കുകയാണ്. ഇതോടനുബന്ധിച്ച് ധാരാളം കേസുകൾ ഉൽഭവിച്ചതിനാൽ ബഹു.കേരളാഗവൺമ്മെൻറിൽനിന്നും 'പ്രത്യേക കോടതി' അനുവദിച്ച് പ്രവർത്തിച്ചു വരുന്നു. കേസുകളുടെ വിചാരണക്കുശേഷം കേരള ഹൈക്കോടതിയിൽ സിംഗിൾ ബഞ്ചിൽ വാദം നടത്തി നമുക്ക് അനുകൂലമായി വിധിയുണ്ടായി. ആയതിൽ ഏതൃകക്ഷിക്കാർ അപ്പീൽ കൊടുക്കുകയും ഡിവിഷൻ ബഞ്ചിൽ വാദം കേട്ട് 1990-ൽ നമുക്കെതിരായി വിധി ഉണ്ടാവുകയും ചെയ്തു. ആയതിന് നാം സുപ്രീം കോടതിയിൽ അപ്പീൽ കൊടുക്കുകയും അത് ഈ സെപ്തംബർ 6-ന് ആരംഭിക്കുന്നതിന് നിശ്ചയിച്ചിരിക്കുകയുമാണ്. ഈ അവസരത്തിൽ നാം വളരെ ജാഗ്രത പുലർത്തേണ്ടിയിരിക്കുന്നു.

വാസ്തവത്തിൽ നമ്മെ അഭിമുഖീകരിക്കുന്ന പ്രശ്നമെന്താണ്? ശ്രീഹന്മാരുടെ തലവനായ വി. പത്രോസിന്റെ സിംഹാസനത്തിൽ മേൽ വാണരുളുന്ന അന്ത്യോഖ്യയുടെയും കീഴ്ക്കെക്കെയുടേയും പരി. ഇഗ്നാത്യോസ് പാത്രിയർക്കീസിനോട് കീഴ്വഴക്കത്തിലും അനുസരണത്തിലും വർത്തിച്ച് അപ്പോസ്തോലിക കൈവെപ്പ് നിലനിർത്തികൊണ്ടു പോകണമോ അതോ കാനോനും വിശ്വാസവും പട്ടത്വവുമെല്ലാം സൗകര്യം പോലെ മാറ്റുകയും മറിക്കുകയും ചെയ്യുന്ന ഒരു വിഭാഗത്തോട് ചേരണമോ എന്നുള്ളതാണ് ഈ കാര്യത്തിൽ നാം തീരുമാനം എടുത്തുകഴിഞ്ഞതിന്റെ അനന്തരഫലമാണ് ഇന്ന് ഇവിടെ കൂടുന്നതിന് നമ്മേ പ്രേരിപ്പിച്ചത് . ഈ യാത്ര ദുഷ്ക്കരമായി നമുക്ക് തോന്നാം നമ്മുടെ പൂർവ്വീകപിതാക്കന്മാർ നേടിയിട്ടുള്ള സ്വത്തുക്കളെല്ലാം കാതോലിക്കാവിഭാഗക്കാരുടെ കൈവശത്തിലാണ് അവർ അത് ഉപയോഗിച്ച് നമ്മെ ഉപദ്രവിച്ചുകൊണ്ടിരിക്കുന്നു. അതിലൊന്നും ഭയപ്പെടാതെ, ചഞ്ചല ഹൃദയരാകാതെ ദൈവാശ്രയത്തോടും പ്രാർത്ഥനയോടും കൂടെ പ്രശ്നങ്ങളെ അഭിമുഖീകരിക്കാൻ നാം പ്രാപ്തരാകണം. എങ്കിൽ മാത്രമെ ദുർഘട സന്ധി തരണം ചെയ്യുവാൻ സാധിക്കുകയുള്ളു.

ബഹു. സുപ്രീം കോടതിയിൽ കേസ് നടത്തുന്നതിന് വലിയ ഒരു

സംഖ്യ നമുക്കാവശ്യമായിട്ടുണ്ട്. ഇതു് സംബന്ധിച്ച് എല്ലാ പള്ളികൗൺസിലുകൾക്കും നേരത്തെ നാം കല്പന അയച്ചിട്ടുള്ളതാണ്. അതിൽ നാം നിർദ്ദേശിച്ചിട്ടുള്ള പ്രകാരം നമ്മുടെ ഓരോ പള്ളിയും വാർഷിക വരുമാനത്തിന്റെ 10% സഭാ സെക്രട്ടറിയുടെ പേർക്ക് അയച്ചുകൊടുത്തുകൊള്ളണമെന്ന് സ്നേഹ പുരസ്സരം വീണ്ടും ഓർമ്മിപ്പിക്കുന്നു. നമ്മുടെ ജനങ്ങൾ നമ്മോടു കൂടി ഉള്ളിടത്തോളം കാലം സാമ്പത്തീക പ്രയാസം വരികയില്ലാ എന്ന് നമുക്കുറപ്പുണ്ട്. പൂർവ്വീകവിശ്വാസം ബലികഴിക്കേണ്ടി വന്നേക്കുമോ എന്ന് ഭയന്ന് മുമ്പിലത്തേക്കാൾ കൂടുതൽ വിശ്വാസികൾ എന്തു ത്യാഗവും നഷ്ടവും സഹിപ്പാൻ തയ്യാറായിട്ടുണ്ടെന്ന വിവരം പ്രസ്താവിപ്പാൻ നമുക്ക് അതിയായ താൽപ്പര്യമുണ്ട് സഭ സെപ്തംബർ 1 മുതൽ 8 വരെ സഭാ സംരക്ഷണവാരമായി ആചരിക്കണമെന്ന് . നാം ഉത്ബോധിപ്പിച്ചുകൊള്ളുന്നു. സഭയെ പ്രതി ഉപവാസം, പ്രാർത്ഥന എന്നിവ നിങ്ങൾ നടത്തി കൊള്ളണം. സഭയുടെ കാര്യങ്ങളിൽ ആളാം പ്രതി ബന്ധം നിലനിർത്തുവാൻ ഒരാഴ്ചത്തെ വരുമാനത്തിൽ കുറയാത്ത സംഖ്യ സഭയ്ക്കുവേണ്ടി സംഭാവന നൽകണം. സത്യവിശ്വാസികളെ! നമ്മുടെ പോരാട്ടത്തിൽ നമുക്ക് ഐക്യവും ഏകാഭിപ്രായവും സംഘടിത പരിശ്രമവും ഉണ്ടെങ്കിൽ നാം സുരക്ഷിതരാണ്. ആകമാന സുറിയാനി സഭയുടെ ഭാഗമായ മലങ്കര യാക്കോബായ സുറിയാനി ക്രിസ്ത്യാനികൾ പരി. പാത്രിയർക്കീസ് ബാവായുടെ കീഴിൽ യഥാർത്ഥ കൈവെപ്പുള്ള സഭയായി തുടരും അതിനുള്ള കർമ്മ പരിപാടികളാണ് ഇന്നത്തെ യോഗത്തിൽ ചർച്ച ചെയ്യപ്പെടുന്ന നമ്മുടെ പഞ്ചവൽസര പദ്ധതികളും മറ്റും.

വാൽസല്യമക്കളെ, വി. വേദപുസ്തകത്തിൽ നാം വായിക്കുന്ന് '' ..... വിശുദ്ധന്മാർക്ക് ഒരിക്കലായിട്ട് ഭരമേൽപ്പിച്ചിരിക്കുന്ന വിശ്വാസത്തിനുവേണ്ടി പോരാടുന്നതിന് ഉദ്ബോധിപ്പിച്ചെഴുതുവാൻ ആവശ്യമെന്ന് എനിക്കു തോന്നി'' എന്നാണ്. ഇതിനനുസൃതമായി നമ്മുടെ പിതാക്കന്മാർ നമ്മെ ഭരമേൽപ്പിച്ചിരിക്കുന്ന വിശ്വാസ സംരക്ഷണത്തിനായി നമുക്ക് പോരാടാം. ദൈവത്തോട് പ്രാർത്ഥിക്കാം. ദൈവം നമ്മെ ലക്ഷ്യ സ്ഥാനത്തെത്തിക്കുമെന്ന് പ്രത്യാശിക്കാം. നമ്മുടെ വാർദ്ധക്യത്തെക്കുറിച്ച് നിങ്ങൾ ഓർത്തുകൊള്ളുമെന്ന് നമുക്കുറപ്പുണ്ട്. പരി. അന്ത്യോഖ്യ സിംഹാസനം നമ്മുടെ തറവാടാണെന്ന് വീണ്ടും ഓർമ്മിപ്പിച്ചുകൊണ്ടും നമ്മുടെ ഈ കൂടി വരവ് സഭയുടെ പുരോഗതിക്കുതകുവാൻ അവസരമാകട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ടും നിർത്തുന്നു. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ !

അദ്ധ്യായം 14

ശ്രേഷ്ഠ കാതോലിക്കാ ബാവാ– വ്യക്തി , ഇടയൻ, സഭാതലവൻ

കാതോലിക്കാ ബാവായെ അടുത്തറിഞ്ഞവരെല്ലാം വിശേഷിപ്പിക്കുന്നത് ഇങ്ങനെയാണ്. ലാളിത്യത്തിന്റെ ആംരൂപം. ശ്രേഷ്ഠ കാതോലിക്കാബാവായുടെ ദിനചര്യ എങ്ങനെയായിരുന്നുവെന്ന് ദീർഘകാലം ഭദ്രാസന സെക്രട്ടറിയും ബാവായുടെ സന്തത സഹചാരിയുമായിരുന്നു റവ. ഫാ. ജോർജ് സി. ചാലപ്പുറം പറയുന്നു:- പുലർച്ചെ അഞ്ചിനുമുമ്പു തന്നെ എഴുന്നേറ്റു ചാപ്പലിലെത്തി പ്രാർത്ഥിക്കും. അവസാനകാലം വരെയും ആ പതിവിനു മാറ്റമുണ്ടായിട്ടില്ല. രോഗം ബാധിക്കുന്നതിനുമുമ്പുള്ള കാലത്ത് പ്രാർത്ഥന കഴിഞ്ഞാലുടൻ തിരുമേനി തന്നെ മുറയിലെ ഹീറ്ററിൽ ചായയുണ്ടാക്കും, കൂടെയുള്ളവർക്കൊക്കെ നൽക്കും, പിറമാടത്ത് ആയിരിക്കുമ്പോഴും വെളുപ്പിനുതന്നെ പറമ്പിലൂടെ ഇറങ്ങി നടക്കും.മെതിയടിയും ധരിച്ച് വടിയുമായി നീങ്ങുന്ന അദ്ദേഹത്തിന്റെ നോട്ടം എല്ലായിടത്തും ചെല്ലും നടക്കുന്ന കൂട്ടത്തിൽ ചിലപ്പോഴും പയറും മത്തപ്പൂവും ഒക്കെ പറിച്ചു കുപ്പായത്തിന്റെ കീശയിലിട്ടുകൊണ്ടുവരും. മുറിയിലെത്തിയാൽ ചിലപ്പോഴും തിരുമേനിതന്നെയിരുന്ന് അതൊക്കെ അരിഞ്ഞെടുക്കും. കുറെക്കാലമായി ബാവായുടെ സെക്രട്ടറിയായി പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന ബിജുശെമ്മാശ്ശനും ഈ ദിനചാര്യകൾ കണ്ടറിഞ്ഞ വ്യക്തിയാണ്. വൈകുന്നേരം 5.30 ആകുമ്പോഴും തൊട്ടടുത്തുള്ള ചാപ്പലിലേക്ക് പ്രാർത്ഥനയ്ക്കായി നീങ്ങുന്ന ബാവായുടെ കാര്യം ബഹു. ശെമ്മാശ്ശൻ എടുത്തുപറയുന്നു. നോമ്പുകാലത്ത് ഉച്ചയ്ക്കുള്ള പ്രാർത്ഥന കൂടെ ആരുണ്ടെങ്കിലും ഇല്ലെങ്കിലും അദ്ദേഹം നടത്തുമായിരുന്നു. വൈകിട്ടുള്ള സുത്താറ പ്രാർത്ഥനയ്ക്കും അദ്ദേഹം മുടക്കം വരുത്തിയിട്ടില്ല. പ്രാർത്ഥനയിലൂടെ തന്റെ നാഥനിൽ നിന്ന് ശക്തി സംഭരിക്കുന്ന ബാവാ പ്രാർത്ഥനാ നിരതമായ ജീവിതം നയിച്ചിരുന്ന മഹത് വ്യക്തിയായിരുന്നുവെന്നു നമുക്ക് കാണിച്ചു തരുന്നു.

അതിഥികളെ സ്വീകരിക്കുന്നതിലും സൽക്കരിക്കുന്നതിലും ബാവാ ഏറെ താല്പര്യമെടുത്തിരുന്നു. ബഹു. തടത്തിൽ എബ്രഹാം കോറെപ്പീസ്കോപ്പാ പറയുന്നു: ''അന്ന് ഒരിക്കൽ ഞാൻ പിറമാടം ദയറായിൽ എത്തി. പിന്നീട് രണ്ട് അച്ചന്മാരും ഒരു അന്മേയും കൂടിയെത്തി. പലതും സംസാരിച്ചിരുന്ന് സമയം പോയതറിഞ്ഞില്ല. നേരം

ഉച്ചയാകുന്നു. പോകാനായി എഴുന്നേറ്റപ്പോൾ ഊണുകഴിച്ചിട്ടുപോകാം എന്ന് ബാവാ കല്പിച്ചു. 4 പേർക്കുകൂടി ഊണുണ്ടാകുമോ എന്ന് ഞങ്ങൾ ശങ്കിച്ചു. ബാവായും അക്കാര്യത്തിൽ ശ്രദ്ധാലുവായിരുന്നുവെന്ന് പിന്നീട് നടന്ന സംവേത്തിൽ നിന്ന് ഞങ്ങൾക്ക് മനസ്സിലായി. ഞങ്ങളെ നാലുപേരെയും ഇരുത്തി ബാവാ തന്നെ ഞങ്ങൾക്ക് വിളമ്പിത്തന്നു. ഞങ്ങളുടെ തടസ്സവാദമൊന്നും ബാവാ വകവച്ചില്ല.ഞങ്ങൾക്ക് ഭക്ഷണം തന്ന് തൃപ്തരാക്കിയപ്പോൾ ആ തിരുമുഖത്ത് വിരിഞ്ഞ സന്തോഷം വാക്കുകളിൽ വർണ്ണിക്കാൻ ആവതല്ല.'' ഞാൻ പിന്നീട് ഭക്ഷണം കഴിച്ചുകൊള്ളാം'' എന്ന കല്പിച്ചതിലെ കരുതൽ ഞങ്ങൾക്ക് ഊഹിക്കാൻ കഴിഞ്ഞു. അബ്രാഹാം സ്വന്തം കാര്യം മറന്ന് അതിഥികളെ സൽക്കരിച്ചകാര്യമാണ് ഞാൻ ഓർത്തുപോയത്. എന്തൊരു കരുതൽ! സ്നേഹവാത്സല്യം! ''ഞങ്ങൾക്കിനി ആരുണ്ട്'' എന്ന് സഭോമക്കൾ കേഴുന്നതിന്റെ പിന്നിലെ ചേതോവികാരം എന്തെന്ന് അന്വേഷിച്ച് ദൂരെയെങ്ങും പോകേണ്ടതില്ല. ഈ ശ്രേഷ്ഠാചാര്യൻ തന്നെ സ്നേഹത്തിന്റെ മൂർത്തിമഭാവമായി സഭോമക്കൾ കാണുന്നു. അനുഭവിച്ചറിയുന്നു.

ബഹുമാനപ്പെട്ട പനയ്ക്കൽ റമ്പാച്ചൻ രോഗശയ്യയിൽ പിറപാടം ദയറായിൽ കഴിയുന്ന കാലം. പ്രമേഹത്തിന് ആശുപത്രിയിൽ ചികിത്സയും കഴിഞ്ഞ് റമ്പാച്ചൻ പിറമാടം ദയറായിൽ തിരിച്ചെത്തിയിരിക്കുകയാണ്. ബാവായും ചികിത്സയിലാണ്. ശെമ്മാശ്ശൻ സഹായിയായി കൂടെയുണ്ട്. റമ്പാച്ചന്റെ മുറിയിലും പരിചരിക്കാനൊരാളുണ്ട്. പരസഹായം കൂടാതെ റമ്പാച്ചന് ഒന്നും ചെയ്യാനാവില്ല. ഒരു കാര്യം റമ്പാച്ചൻ നന്ദിയോടെ അനുസ്മരിക്കുന്നു.'' ബാവാ തിരുമേനിയാണ് എന്നും രാവിലെ എന്നെ വിളിച്ചുണർത്തുന്നത്. 4 മണിക്ക് മുമ്പുതന്നെ എഴുന്നേറ്റ് സ്വയം കാപ്പിയുണ്ടാക്കി. ചൂടാറാത്ത കാപ്പിയുമായി എന്റെ മുമ്പിൽ നിൽക്കുന്നത് ബാവാ തിരുമേനി തന്നെ, എന്റെ മുറിയിൽ കിടക്കുന്ന സഹായിയേയും ബുദ്ധിമുട്ടിച്ചില്ല. ശെമ്മാശ്ശനെയും വിളിച്ചുണർത്തിയില്ല. കുശിനിക്കാരനെയും ബുദ്ധിമുട്ടിച്ചില്ല''. തന്റെ കാര്യങ്ങളിൽ പ്രത്യേകം ശ്രദ്ധിച്ചിരുന്ന ബാവായെക്കുറിച്ച് പറയുമ്പോൾ റമ്പാച്ചന്റെ മുഖത്ത് നന്ദിയും സന്തോഷവും കളിയാടുന്നു. ''ബാവാ തിരുമേനി മുറിയിൽ വന്നിരുന്ന് കുറേ നേരം സംസാരിച്ചിരിക്കും. പിന്നെയും ഇടയ്ക്കിടയ്ക്ക് കയറിവരും. അന്വേഷിക്കും, ആശ്വാസ വാക്കുകൾ പറയും, അപ്പോഴൊക്കെ ഒരു പ്രത്യേക സന്തോഷം തോന്നും''. ചിരിച്ചുകൊണ്ടു മാത്രം നമ്മോട്

ഇടപെടുന്ന നിഷ്ക്കളങ്ക ഹൃദയനും സ്നേഹധനനുമായ ആ വന്ദ്യ റമ്പാച്ചന് രോഗം പിടിപെട്ടതിൽ ദുഃഖിക്കാത്തവരായി ആരുമില്ല. രോഗവിമുക്തിക്കായി പ്രാർത്ഥിച്ചു അനേകായിരങ്ങളുടെ കണ്ണീരു കൊണ്ടാണ് താൻ രക്ഷപ്പെട്ടതെന്ന് റമ്പാച്ചൻ കരുതുന്നു. വിശ്വസിക്കുന്നു. കറുകപ്പിള്ളി സെൻറ് ജോർജ് പള്ളി ഇടവകക്കാരെക്കുറിച്ചും റമ്പാച്ചന് ഏറെ നന്ദിയും സന്തോഷവുമുണ്ട്.

വിനയത്തന്റെ ഉദാത്ത മാതൃകയായിരുന്നു ശ്രേഷ്ഠ ബാവാ തിരുമേനി. ഈ ലേഖകനുണ്ടായ ഒരനുഭവം വിവരിച്ചുകൊള്ളട്ടെ. അന്നൊരിക്കൽ സൺഡേസ്ക്കൂൾ അസോസിയേഷനുവേണ്ടി ഒരു കല്പന വാങ്ങുവാനായി ഞാൻ പിറമാടം ദയറായിൽ എത്തിയപ്പോഴുണ്ടായ അനുഭവമാണത്. ദയറായുടെ വരാന്തയിൽ ശയിക്കുന്ന അഭി. പിതാവിനെ ഈയുള്ളവൻ അകലെ നിന്നേ കണ്ടു വരാന്തയിലേക്ക് മന്ദം മന്ദം നടന്നടുത്തു. നേരിയ മയക്കത്തിൽ നിന്നുണർന്ന ബാവാ തിരുമേനി അനുഗ്രഹിച്ചു. പെട്ടെന്ന് അകത്തേക്കുപോയി ഒരു കസേരയുമെടുത്തുകൊണ്ട് പുറത്തേക്കുവന്നു. ഇങ്ങനെയുമുണ്ടോ ഒരു ആശ്രിതവാത്സല്യം, ഞാൻ, അലിഞ്ഞലിഞ്ഞ് ഒന്നുമല്ലാതായിപോകുന്നതുപോലെയോ, ചുരുങ്ങിചുരുങ്ങി പൂജ്യമായിത്തീരുന്നതുപോലെയുള്ള ഒരനുഭവം ആ തൃപ്പാദങ്ങളിൽ വീണു നമസ്ക്കരിക്കാൻ പോലും തോന്നിപ്പോയി. ഒരു വിധത്തിൽ കസേര ആ തൃക്കൈകളിൽ നിന്നും വാങ്ങി അല്പം ദൂരെ ഒരിടത്തിട്ടു. 'ഇവിടെ' എന്നുകല്പിച്ചിട്ടു അരികെ തന്നെ കസേരഇടുവിച്ച് '' മോനെ ഇരിക്കൂ' എന്ന കല്പിച്ചപ്പോഴും അനുസരിക്കാനേ എനിക്കു കഴിഞ്ഞുള്ളു. അടുത്തുതന്നെയിരുത്തി ക്ഷേമവിവരങ്ങളും സൺഡേസ്ക്കൂൾ കാര്യങ്ങളും ആരാഞ്ഞതിനുശേഷം കാപ്പിയും തന്ന് അനുഗ്രഹിച്ച് പറഞ്ഞയച്ച കാര്യം നിറഞ്ഞകണ്ണുകളോടെ ഇപ്പോഴും ഓർക്കുന്നു.

'എളിമപ്പെട്ട ജീവിതം നയിച്ച തങ്കപ്പെട്ട ബാവ' എന്നാണ് പാചകക്കാരൻ ജോൺ ബാവായെക്കുറിച്ച് പറഞ്ഞത്. ഈ അഭിപ്രായം തന്നെയാണ് ബാവായെ പരിചരിച്ചുകൊണ്ടിരുന്ന സെക്രട്ടറി പൗലോസ് (ബിജു) ശെമ്മാശ്ശനുമുള്ളത്. ബാവായുടെ കൂടെ ദയറായിൽ താമസിച്ചുകൊണ്ടിരുന്ന പനയ്ക്കൽ റമ്പാച്ചനും യുഹാനോൻ റമ്പാച്ചനും മറ്റ് അന്തേവാസികൾക്കും ബാവായുടെ വിയോഗം താങ്ങാനാവാത്തതായി.

ബാവായുടെ അന്ത്യനിമിഷങ്ങളിൽ ശുശ്രൂഷിക്കുവാൻ ഭാഗ്യമുണ്ടായതിൽ ഏറെ സന്തോഷവാനാണ് സമർത്ഥനായ മുൻ മന്ത്രിയും സേയുടെ കമാൻഡറുമായ ശ്രീ. ടി.എം. ജേക്കബ് '' ഞാൻ രാവിലെ പിറമാടം

പളളിയിൽ ചെന്നപ്പോഴും ബാവായ്ക്ക് അസുഖമാണെന്നുളള വിവരം അറിയുന്നതിടയായി. നേരേ ദയറായിലേക്കുചെന്നപ്പോഴും സ്നേഹപൂർവ്വം എന്നെ സ്വീകരിച്ച ബാവായുടെ അന്ത്യമണിക്കൂറുകളാണതെന്ന് അറിഞ്ഞിരുന്നില്ല.'' ശ്രീ. ടി.എം. ജേക്കബ് തുടരുന്നു. പിന്നീട് സംസാരിച്ചിരിക്കുമ്പോഴും നെഞ്ചുവേദനയുണ്ടാകുന്നു എന്നു പറഞ്ഞു. ഞാൻ നെഞ്ച് തടവിക്കൊടുത്തു. ഉടനെ ഡോക്ടറെ വിളിക്കാനും ആശുപത്രിയിൽ പോകാനും ഏർപ്പാടു ചെയ്തു''. കുഴപ്പമൊന്നും ഇല്ലെന്നും വേദനമാറുമെന്നും ബാവാ തന്നോടു പറഞ്ഞതായി ശ്രീ. ജേക്കബ് അനുസ്മരിക്കുന്നു.

മുവാറ്റുപുഴയിൽ നിന്ന് ഡോക്ടർ എത്തിയെങ്കിലും ഉടനെ കോലഞ്ചേരി മെഡിക്കൽ മിഷൻ ആശുപത്രിയിലേക്കു തന്നെ കൊണ്ടു പോയി. അവിടെ എത്തുമ്പോഴേയ്ക്കും അന്ത്യം സംഭവിച്ചു.

സ്നേഹത്തിന്റെ മൂർത്തിമദ്ഭാവമായിരുന്നു ബാവാ എന്നത് എല്ലാവരും തല കുലുക്കി സമ്മതിക്കുന്ന വസ്തുതയാണ്. ഒരുദാഹരണം മാത്രം കുറിച്ചുകൊളളട്ടെ. 1967 - ജൂലായ് 11ന് സ്വന്തം അമ്മ മരിച്ച ദുഃഖസന്ദേശം ഫോൺ വഴി മുവാറ്റുപുഴ അരമനയിലെത്തി. ബാവാ ചെറായിയ്ക്ക് പോകാനൊരുങ്ങുകയായിരുന്നു. അപ്പോഴും മുവാറ്റുപുഴ മാറാടി കൊച്ചു കുടിയിലെ ശ്രീ. പൗലോസ് മരണമടഞ്ഞ കാര്യം വേണ്ടപ്പെട്ടവർ അരമനയിലെത്തി ബാവായെ അറിയിച്ചു. വളരെ സ്നേഹബന്ധത്തിൽ കഴിഞ്ഞിരുന്ന ആ കുടുംബത്തിൽ എത്രയും വേഗം എത്തിചേർന്ന് ശവസംസ്ക്കാര ശുശ്രൂഷയുടെ ഒന്നാം ഘട്ടം പൂർത്തിയാക്കി. ഉടനെ കാറിൽ കയറിയിരുന്ന പരേതന്റെ മകൻ ശ്രീ. ജോസഫിനെവിളിച്ച് ''മകനെ! എന്റെ അമ്മ അല്പംമുമ്പ് മരിച്ചുപോയി, ഞാൻ ചെറായിക്കുപോവുകയാണ്. നാളെ അപ്പന്റെ ശുശ്രൂഷയ്ക്ക് ഞാൻ മെത്രാച്ചന്മാരോടും ഫോണിൽ വിളിച്ചു പറഞ്ഞിട്ടുണ്ട്. ആരെങ്കിലും വരും, നിങ്ങൾ അക്കാര്യമോർത്തു വിഷമിക്കേണ്ട'' എന്നു പറഞ്ഞു. ഈ ദുഃഖ വർത്തമാനം അറിഞ്ഞ ജോസഫ് ഒന്നും പറയാനാവാതെ മൗനമായി നിന്നു. അനുപമമായ ആ സ്നേഹാവതാരത്സല്യത്തിനുമുമ്പിൽ ശ്രീ. ജോസഫ് നിർവ്വികാരനായി നിന്നുപോയി. കണ്ണുകളിൽ കണ്ണുനീർ പൊടിയുകയും ചെയ്തു. 'മൗനം വാചാലം' എന്ന ചൊല്ല് ഇവിടെ അർത്ഥവത്തായി. ഏതായാലും കൊച്ചു കുടിയിലെ ശ്രീ. പൗലോസിന്റെ ശവസംസ്ക്കാരം കഴിഞ്ഞ് അവരെല്ലാവരും ശ്രേഷ്ഠബാവായുടെ മാതാവിന്റെ ശവസംസ്ക്കാര ശുശ്രൂഷയിലും സംബന്ധിക്കുകയുണ്ടായി.

പരിശുദ്ധിയുടെയും ലാളിത്യത്തിന്റെയും വിനയത്തിന്റെയും നന്മയുടെയും സ്നേഹവാത്സല്യങ്ങളുടെയും ആത്മരൂപമായി പ്രശോഭിച്ച ഈ പ്രകാശ ഗോപുരം നമുക്കു വഴികാട്ടിയായിത്തീരട്ടെ.

അരശതാബ്ദത്തിലധികകാലം മലങ്കര സഭയുടെ ഗതിവിഗതികളിൽ നിർണ്ണായക പങ്കുവഹിച്ച ശ്രേഷ്ഠ ബാവായുടെ ചരിത്രം അരനൂറ്റാണ്ടു കാലത്തെ സഭാചരിത്രം തന്നെയാണ്. കണ്ടനാടു ഭദ്രാസനത്തിന് സമുന്നത സ്ഥാനം അദ്ദേഹം നേടിക്കൊടുത്തു. പല സന്ദർഭങ്ങളിലായി എല്ലാ ഭദ്രാസനങ്ങളുടെയും ഭരണസാരഥ്യവും അദ്ദേഹത്തിന് കൈവന്നു. സ്നേഹബഹുമാനങ്ങളോടെ മാത്രമാണ്, ഈ നാമം ആളുകൾ ഉച്ചരിക്കുന്നത്. ഓരോരുത്തരെയും പേരുചൊല്ലി വിളിച്ച് അടുത്തു നിർത്തുന്ന യേശുവിന്റെ പാത തന്നെ ആണ് അദ്ദേഹം പിന്തുടർന്നു ''മക്കളേ'' എന്ന വിളിയോടെ ആ സ്നേഹധനൻ ആളുകളെ സ്നേഹം കൊണ്ട് കീഴ്പെടുത്തുന്നു. ' മോന് സുഖമല്ലേ' 'അപ്പച്ചന് സുഖം തന്നെയല്ലേ' എന്നിങ്ങനെ ആ സ്നേഹന്വേഷണം നീളുന്നു. ഓരോരുത്തരെക്കുറിച്ചും ബാവായ്ക്ക് അറിയാം. ആ വ്യക്തിബന്ധമാണ് ബാവായുടെ ഏറ്റവും വലിയ കൈമുതൽ .

1975-ൽ പൗരസ്ത്യ കാതോലിക്കാബാവായെ വാഴിക്കേണ്ട ഘട്ടം വന്നപ്പോഴും ഈ സ്നേഹബന്ധവും പരി. സിംഹാസനത്തോടുള്ള അചഞ്ചലമായ കൂറും വിധേയത്വവുമാണ് ആ ഉന്നതസ്ഥാനത്തേക്ക് അദ്ദേഹത്തെ എത്തിച്ചത്. ആ വിശ്വാസം അദ്ദേഹം മരണപര്യന്തംവരെ നിലനിർത്തി. സഭയുടെ ഐക്യത്തിന്റെ പ്രതീകമായി അദ്ദേഹം നിലകൊണ്ടു. ' 1975-ൽ അദ്ദേഹമല്ലാതെ മറ്റേതെങ്കിലും മേല്പട്ടക്കാരായിരുന്നു കാതോലിക്കാസ്ഥാനം ഏറ്റിരുന്നതെങ്കിൽ ഈ സഭ ഇതിനോടകം നാമാവശേഷമാകുമായിരുന്നു''. എന്ന അഭി. അത്താനാസ്യോസ് തിരുമേനിയുടെ നിഗമനം എത്രയോ ശരിയാണ്. ഈ ആചാര്യന് ഇതിലേറെ ഒരു അശ്രുപൂജ എങ്ങനെ നടത്താനാകും. പിന്നിലേക്കു നോക്കുമ്പോൾ 1964-ൽ പരി. പാത്രയർക്കീസ് ബാവാ മലങ്കരയിലെത്തി കാതോലിക്കാ വാഴ്ച നടത്തിയതിലും സമാധാനം പൂർണ്ണമാക്കിയതിലും ശ്രേഷ്ഠ ബാവായുടെ പങ്ക് ഏറെ വലുതായിരുന്നു. ആ വസ്തുതകളുടെ വെളിച്ചത്തിൽ അഭി. പൗലോസ് മാർ അത്താനാസ്യോസ് തിരുമേനിയുടെ പിൻഗാമിയായി മലങ്കരമെത്രാപ്പോലീത്താ സ്ഥാനത്തേക്ക് അഭി. പീലക്സിനോസ് തിരുമേനി തെരഞ്ഞെടുക്കപ്പെടുന്നുവെങ്കിൽ സഭാചരിത്രം മറ്റൊന്നാകുമായിരുന്നു എന്ന് തോന്നുന്നു. പരി. പാത്രിയർക്കീസ് ബാവാ വാഴിച്ചാക്കിയ ഒരു ഇടവക മെത്രാപ്പോലീത്തായെ അതേ

ഇടവകയിൽ തന്നെ സഹായമെത്രാപ്പോലീത്തായായി തരംതാഴ്ത്തി ക്കൊണ്ടുള്ള സമീപനം അംഗീകരിക്കാതെ ഒരുറച്ച നിലപാടെടുത്തു് യോജിപ്പുണ്ടാകുന്നെങ്കിൽതന്നെ, മാന്യമായ ഒരു യോജിപ്പിലൂടെ സഭ മുന്നോട്ട് നീങ്ങുമായിരുന്നുവെന്നും വ്യക്തമായികാണാവുന്നതാണ്.

ജനങ്ങളെ സ്വന്തമായി തീരുമാനങ്ങളെടുക്കാൻ അനുവദിക്കുകയും അവരുടെ താല്പര്യമനുസരിച്ച് സ്ഥാനങ്ങൾ ഏറ്റെടുത്ത് സഭാ ശുശ്രൂഷ നടത്തുകയും ചെയ്യുന്ന സമീപനമാണ് ബാവാ സ്വീകരിച്ചിരുന്നത് ബാവായുടെ വിജയ രഹസ്യങ്ങളിൽ ഒന്നാണിത് . പരി. അന്തോഖ്യാ സിംഹാസനത്തിന് അനഭിമതനാണ് അദ്ദേഹമെന്ന വരുത്തിത്തീർക്കാൻ ഇടക്കാലത്ത് ചില ശ്രമങ്ങൾ നടക്കുക പോലും ഉണ്ടായി. പരി. സിംഹാസനവും കാതോലിക്കേറ്റും തമ്മിൽ ശരിയായ ആശയ വിനിമയം നടക്കാതിരുന്നതാണ് അതിനു കാരണം. '' നീ മരിക്കേണ്ടി വന്നാലും അന്തോഖ്യയെ മറക്കരുത് '' എന്ന് തന്റെ ഗുരുവും വഴികാട്ടിയുമായ അഭി. യൂലിയോസ് ബാവായുടെ വാക്കുകൾ അനുഷ്ഠാനപ്രമാണമാക്കിയ ഈ മഹദ്വ്യക്തിയുണ്ടോ കുലുങ്ങുന്നു! മലകളിളകിലും മാറാ ജനാനാം മനമിളകും' എന്ന ആ മഹത് വാക്യം പോലെ ഈ ശ്രേഷ്ഠാചാര്യന്റെ മനസ്സ് പതറിയില്ല. ലഘു ലേഖകൾ ഉദ്ദേശിച്ച ഫലം ഉളവാക്കിയില്ല എന്ന് തൽകർത്താക്കൾ കണ്ടു. ചെയ്തത് തെറ്റാണെന്ന് ബോദ്ധ്യപ്പെട്ടവർ ബാവായുടെ അടുക്കലെത്തി. എന്തും സഹിക്കുന്ന, ക്ഷമിക്കുന്ന,ശ്രേഷ്ഠ പിതാവ് അവരെയെല്ലാം കൂടി ചേർത്തുനിർത്തി. സ്ഫോടനാത്മകമായ സ്ഥിതിവിശേഷങ്ങൾ സ്നേഹത്തിന്റെ തൂവൽസ്പർശത്താൽ ഒഴിവാക്കി യെന്നുമാത്രമല്ല, സഭയുടെ ശക്തിക്കുതകുമാറ് തിരിച്ചു വിടുകയും ചെയ്തു. പാത്രിയർക്കാദിനാഘോഷം വിശ്വാസപ്രഖ്യാപനം എന്നിവ അതിനുതെളിവാണ്. ഇന്ത്യയുടെ അത്യുന്നത നീതിന്യായ പീഠത്തിൽ നിന്നും ആ പ്രഖ്യാപനത്തിനനുസരണമായ വിധിയുണ്ടായത് കേൾക്കുവാനും ഭാഗ്യമുണ്ടായത് ദൈവത്തിന്റെ കരുതൽ കൊണ്ടുതന്നെ. ആകമാന സുറിയാനി ഓർത്തഡോക്സ് സഭയുടെ തലവൻ പരി. അന്ത്യോഖ്യപാത്രിയർക്കീസ് ആണെന്നും, അദ്ദേഹം തലവനായിരിക്കുന്ന സഭയുടെഒരുഭാഗംമാത്രമാണ്മലങ്കരയിലെസഭയെന്നുംസുപ്രീംകോടതി വ്യക്തമായി പ്രഖ്യാപിച്ചിട്ടുണ്ടല്ലോ. ആ വിധിയുടെ അന്തസത്ത ഉൾക്കൊണ്ടുകൊണ്ട് ഒറ്റക്കെട്ടായി സുധീരം മുന്നോട്ടു നീങ്ങുവാനാണ് ശ്രേഷ്ഠകാതോലിക്കാബാവാ വരിക്കോലി സെൻറ് മേരീസ് പള്ളിയിൽ നടത്തപ്പെട്ട സഭാ മാനേജിംഗ് കമ്മിറ്റി യോഗത്തിൽ സഭാംഗങ്ങൾക്ക് നൽകിയ അന്ത്യസന്ദേശത്തിലും ആഹ്വാനം ചെയ്തത്.

അപ്രകാരം മലങ്കരയാക്കോബായ സുറിയാനി ഓർത്തഡോക്സ സഭയുടെപൗരസ്ത്യകാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായുമായ ആബൂൻമാർ ബസേലിയോസ് പൗലോസ് ദ്വിതീയൻ ബാവാ ചരിത്രം മെനഞ്ഞു. ആ ചരിത്രത്തിന്റെ ഭാഗമായി ''മരണ പര്യന്തം വിശ്വസ്തരായിരിക്കുക'' എന്ന തിരുവചനം സ്വജീവിതത്തിലൂടെ അദ്ദേഹം മറ്റുള്ളവർക്ക് മാതൃകയായി കാണിച്ചുകൊടുത്തു. പ്രകാശ ഗോപുരം പോലെ നമ്മുടെ യിടയിൽ കാണപ്പെട്ട ആ ജീവിതം ശക്തിയും പ്രചോദനവും നൽകുമാറാകട്ടെ.

.....(ô).....

അദ്ധ്യായം 15

ബാവാ തിരുമേനി സഭയുടെ എല്ലാക്കാര്യങ്ങളിലും ശ്രദ്ധാലു വായിരുന്നു. സഭാ ഭരണകാര്യങ്ങളിൽ ശ്രദ്ധിച്ചിരുന്നതുപോലെ ഭക്ത സംഘടനകളുടെ കാര്യത്തിൽ ഏറെ തല്പര്യമെടുത്തിരുന്ന ആ ശ്രേഷ്ഠാ ചാര്യൻ 1972-ൽ പോലും മദ്യവിമുക്ത സമൂഹത്തിന്റെ പ്രാധാന്യം ഊന്നിപ്പറഞ്ഞുകൊണ്ട് കല്പന പുറത്തിറക്കിയ അഭി. പീലക്സിനോസ് തിരുമേനി സഭാംഗങ്ങളുടെ ക്ഷേമത്തിലും സമൂഹത്തിന്റെ സുസ്ഥിതി യിലും ഏറെ താല്പര്യം കാണിച്ചിരുന്നു എന്ന് വ്യക്തമാണ്. പ്രസ്തുത കല്പന സാമൂഹിക പരിഷ്ക്കർത്താവെന്ന നിലയിലുള്ള അദമ്യമായ ഇച്ഛാശക്തി വെളിവാക്കുന്നതാണ്. ആ കല്പന താഴെക്കൊടുക്കുന്നു.

ദൈവകൃപയാൽ

കണ്ടനാട് ഈടവകയുടെ പൌലൂസ്മാർ പീലക്സിനോസ്

മെത്രാപ്പോലീത്തായിൽ നിന്ന്

മുദ്ര

നമ്മുടെ എല്ലാ പള്ളികളിലെയും വികാരിമാരും ദേശത്തു പട്ടക്കാരും പള്ളികൈക്കാരന്മാരും ശേഷം ജനങ്ങളും കൂടി കണ്ടെന്നാൽ നിങ്ങൾക്കു വാഴ്വ്.

പ്രിയരെ,

തന്നത്താൻ നന്നാക്കുകയോ വഷളാക്കുകയോ ചെയ്യാവുന്ന ഒന്നാണ് മനുഷ്യ ജീവിതം. അതുകൊണ്ട്, മനുഷ്യന്റെ ഉൽക്കർഷത്തിനും അപകർഷത്തിനും കാരണക്കാരൻ അവനവൻ തന്നെയാണ്. തെറ്റായ മാർഗ്ഗത്തിൽ കൂടെ സഞ്ചരിച്ച് അതിന്റേതായ ദുഷ്യഫലങ്ങൾ

അനുഭവിച്ചുകഴിയുമ്പോഴും ദുഃഖിച്ചതുകൊണ്ട് ഫലമില്ല, മറ്റുള്ളവരെ കുറ്റപ്പെടുത്തുന്നതുകൊണ്ട് പ്രയോജനവുമില്ല. താൽക്കാലികമായ സുഖാനുഭവങ്ങളിൽ മാത്രം ആശ്രയിച്ചുകൊണ്ട് ദുഷ്പരിചയങ്ങൾക്ക് വിധേയമായി ജീവിച്ച് പിന്നീട് അതിൽ നിന്നും പിൻ തിരിയുവാൻ ശ്രമിക്കുന്ന പലരും നിരാശയിലായി. അവസാനം അതിന് അടിമപ്പെട്ട് ജീവിതം സ്വയം നശിപ്പിക്കുന്നതായി നാം കാണുന്നുണ്ട്. മദ്യപാനികളിൽ അധികപങ്കും ഈ കൂട്ടത്തിലുള്ളവരാണ്. ആദ്യം മനുഷ്യൻ മദ്യത്തെ കുടിക്കുന്നു. പിന്നീട് മദ്യം മദ്യത്തെ കുടിക്കുന്നു. അവസാനം മദ്യം മനുഷ്യനെ കുടിക്കുന്നു എന്ന ചൊല്ല് വളരെ അർത്ഥവത്താണ്. അതുകൊണ്ടാണ് സാമൂഹ്യവും ആദ്ധ്യാത്മീകവും ആയ ഉദ്ധാരണത്തിന് വേണ്ടി ലോകത്തിൽ ഇതഃപര്യന്തം പരിശ്രമിച്ചിട്ടുള്ള എല്ലാം നല്ല ആളുകളും മദ്യത്തിനെതിരായി ശബ്ദം ഉയർത്തിയിട്ടുള്ളത്,.

നമ്മുടെ കൊച്ചു കേരളത്തിൽ കുറഞ്ഞൊരു കാലം കൊണ്ട് മദ്യപാനവും തൻമൂലമുള്ള കെടുതികളും വളരെ വർദ്ധിച്ചിട്ടുണ്ട്. മദ്യം വിവിധ രൂപത്തിൽ രാജ്യത്തിന്റെ മുക്കിലും മൂലയിലും സ്ഥാനം പിടിച്ചു കഴിഞ്ഞിരിക്കുകയാണ്. ഹൈസ്ക്കൂൾ വിദ്യാർത്ഥികൾവരെയുള്ള വിവിധ മണ്ഡലങ്ങളിൽ മദ്യപിശാച് ആധിപത്യം സ്ഥാപിച്ചിരിക്കുന്നു. ഈ രീതിയിൽ ഏതാനും വർഷങ്ങൾ പിന്നിട്ടാൽ രാജ്യത്തിന്റെ സ്ഥിതി എന്തായിരിക്കുമെന്ന് ദൈവവിശ്വാസികൾ ഉറക്കെ ചിന്തിക്കേണ്ടതാണ്.

മനുഷ്യൻ ദൈവമന്ദിരമാണെന്ന് വി: പൌലോസ് ശ്ലീഹാ കോരിന്ത്യ ലേഖനത്തിലൂടെ നമ്മെ പഠിപ്പിച്ചിരിക്കുന്നു. മദ്യത്തിലെ വിഷാംശം ശരീരത്തിന്റെ വിവിധ ഭാഗങ്ങളെ ബാധിക്കുന്നതുമൂലം നിരവധി രോഗങ്ങൾ ഉണ്ടാകുമെന്ന് ആധുനിക വൈദ്യ ശാസ്ത്രം തെളിയിച്ചു കഴിഞ്ഞിരിക്കുകയാണ്. ആകയാൽ മദ്യപാനികൾ ദൈവമന്ദിരമാകുന്ന അവരുടെ ശരീരങ്ങളെ നശിപ്പിക്കുന്നു. ഇത് ദൈവത്തിനു വിരോധമായി ചെയ്യുന്ന തെറ്റാണെന്ന് മനസ്സിലാക്കണം. മദ്യമാണ് അനേകം വ്യക്തികളെയും, കുടുംബങ്ങളെയും സാമ്പത്തിക ക്ലേശങ്ങളിലേക്ക് തള്ളിയിടുന്നത്. പലരുടെയും കുടുംബജീവിതം തകരുന്നത് ഇതുമൂലമാണ് മദ്യം കൊലപാതകിയാണ്, കൊള്ളക്കാരനാണ്, കലാപകാരിയാണ്, വ്യക്തികൾക്കും ജനസമുദായത്തിനും നേരിടുന്ന അന്തമില്ലാത്ത ദുരന്തങ്ങൾ മിക്കതിനും ഉത്തരവാദി മദ്യമാണ്. പൊതുജനാഭിപ്രായത്തിന് നിയമത്തേക്കാൾ ശക്തി ഉള്ളതിനാൽ മദ്യത്തിനെതിരായി ശക്തമായ ഒരു പൊതുജനാഭിപ്രായം സൃഷ്ടിക്കുവാൻ നാം ആവോളം ശ്രമിക്കണം. അതിനുവേണ്ടി കഴിഞ്ഞ ഏഴുവർഷമായി പ്രവർത്തിക്കുന്ന മദ്യവർജ്ജന

സംയുക്ത ക്രൈസ്തവ സമിതിക്ക് നാം എല്ലാ വിധ സഹായ സഹകരണങ്ങളും ചെയ്തു കൊടുക്കണമെന്ന് പ്രത്യേകം താല്പര്യപ്പെടുന്നു.

മുൻ വർഷങ്ങളിലെപ്പോലെ ജനുവരി രണ്ടാം ഞായറാഴ്ച (1973 ജനുവരി 14-നു ഞായറാഴ്ച) എല്ലാ പള്ളികളിലും മദ്യവർജ്ജനദിനമായി ആചരിക്കണം. മദ്യത്തിന് അടിമപ്പെട്ട് ജീവിക്കുന്നവരുടെ മാനസാന്തരത്തിനു വേണ്ടി അന്നേദിവസം എല്ലാവരും പ്രാർത്ഥിക്കണം. മദ്യപാനത്തിന്റെ ദോഷവശങ്ങളെപ്പറ്റി പ്രസംഗങ്ങളൊ ലഘുലേഖകളൊ മറ്റേതെങ്കിലും വിധത്തിലോ ഉള്ള പ്രചരണങ്ങളും ആവോളം നടത്തുവാൻ ഇടവകയിലെ ആത്മീക പ്രവർത്തകർ കാര്യമായി ശ്രദ്ധിക്കണം. മദ്യവർജ്ജന സംയുക്ത ക്രൈസ്തവസമിതിയുടെ പ്രവർത്തനങ്ങളും പണത്തിന്റെ അഭാവം മൂലം ഉദ്ദേശിച്ചതുപോലെ നടത്തുവാൻ സാധിക്കുന്നില്ല. ആകയാൽ അന്നേദിവസം പള്ളിയിൽ കാണിക്ക എടുക്കുന്നതിൽ നിന്നും മനസുപോലെ ഒരു തുക സഭാ ആഫീസിലേക്ക് നിങ്ങളും അയച്ചു തന്ന് ഈ പ്രസ്ഥാനത്തെ സഹായിക്കണമെന്ന് നിങ്ങളോട് സ്നേഹത്തോടെ അറിയിച്ചുകൊള്ളുന്നു.

''വെറിക്കൂത്തുകളിലും, മദ്യപാനത്തിലും ധർമ്മവിരുദ്ധമായ വിഗ്രഹാരാധനയിലും നടന്നു ജാതികളുടെ ഇഷ്ടം പ്രവർത്തിച്ചുകൊണ്ട് കാലം പോക്കിയത് മതി'' (1 പത്രോ 4:3) എന്ന ഈ പുതുവർഷത്തിൽ നിശ്ചയിക്കാം. നിങ്ങളുംക്കെല്ലാവർക്കും ക്രിസ്തുമസ്സ് മംഗളവും നവവത്സര ഭാവുകങ്ങളും ആശംസിക്കുന്നു. ശേഷം പിന്നാലെ.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളിൽ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.

എന്ന്

(ഒപ്പ്)

മൂവാററുപുഴഅരമനയിൽ നിന്നും
15-12 1972

സഭാ സമാധാനത്തിനായി ഏറെ വാഞ്ഛിച്ചിരുന്ന ശ്രേഷ്ഠ ബാവാ തിരുമേനി ഗത്യന്തരമില്ലാതെ സുപ്രീം കോടതിയിലെ കേസ് നടത്തിപ്പിനെപ്പറ്റി ചിന്തിച്ചുപോവുന്നു. പരി.എപ്പിസ്കോപ്പിൽ സിന്നഡിന്റെയും സഭയിലെ മറ്റു സമിതികളുടെയും ശുപാർശപ്രകാരം ബാവാ അയയ്ക്കുന്ന പ്രസ്തുത കല്പനയിലും പ്രാർത്ഥനയ്ക്കും ദൈവേഷ്ടത്തിനുമാണ് പ്രാമുഖ്യം നൽകിയിരിക്കുന്നത്. പ്രസ്തുത കല്പന താഴെകൊടുത്തിരിക്കുന്നു.

No.30/90

സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)

ദൈവകൃപയാൽ

അന്ത്യോഖ്യായുടെയും കിഴക്കൊക്കെയുടെയും
വി.പത്രോസിന്റെ അപ്പോസ്തോലിക സിംഹാനത്തിൻ
കീഴിലുള്ള പൗരസ്ത്യ കാതോലിക്കാ ബസേലിയോസ് പൗലോസ്
ദ്വിതീയൻ

(മുദ്ര)

നമ്മുടെ.....പള്ളിയിലെ ബ. വികാരിയും, സഹവൈദീകരും കൈക്കാരൻമാരും ജനങ്ങളുമാകുന്ന ആത്മീയ വാത്സല്യവാൻ മാർക്ക് കർത്താവിൽ വാഴ്വ്.

പ്രിയരെ! സസ്നേഹം അറിയിക്കുന്നത് :-

നമ്മുടെ പിതാക്കൻമാരിൽനിന്നും ആർജ്ജിച്ച വിശ്വാസത്തോടുള്ള വിശ്വസ്തതയും കൂറും പ്രഖ്യാപിക്കാനായി 24-6-1990 എറണാകുളത്ത് വച്ച് നടത്തിയ യോഗം വൻവിജയമാക്കുവാൻ പരിശ്രമിച്ച നമ്മുടെ വൈദികരേയു ജനങ്ങളെയും മുക്തകണ്ഠം നാം ശ്ലാഘിക്കുന്നു. അതിന് അനുകൂലമായ കാലാവസ്ഥനൽകി അനുഗ്രഹിച്ച ദൈവത്തെ നമുക്ക് മഹത്വപ്പെടുത്താം. ദൈവനടത്തിപ്പ് സഭയുടെ എല്ലാ സംരംഭങ്ങളിലും സമൃദ്ധിയായുണ്ടാകുവാൻ നാമെല്ലാവരും പ്രത്യേകം പ്രാർത്ഥിക്കണം.

വാത്സല്യമക്കളെ :- നാം വീണ്ടും സഭാവ്യവഹാരത്തിലേക്ക് വലിച്ചിഴക്കപ്പെട്ടിരിക്കുകയാണ്. സഭാ കേസ് ഇപ്പോഴും സുപ്രീം കോടതിയിലെത്തിയിരിക്കുന്നു. നമ്മുടെ പിതാക്കൻമാരും നാമും യാതനകളും സഹിച്ച് പടുത്തുയർത്തിയ ദേവാലയങ്ങളും സ്ഥാപനങ്ങളും

നമുടെതാണ്എന്ന്വിധിച്ചുകിട്ടുവാനും നമ്മുടെപാരമ്പര്യംഅനുസരിച്ച് അവയുടെ ഭരണം നടത്തിക്കൊണ്ട് പോകുവാനും മാത്രമാണ് നാം ശ്രമിക്കുന്നത്. അർഹമായ നീതി നടത്തികിട്ടണം എന്നു മാത്രം നാം ആഗ്രഹിക്കുന്നു. ആകയാൽ പിതൃസഹജമായ സ്നേഹത്തോടും ഇടയത്വത്തിനടുത്ത ഉത്തരവാദിത്വത്തോടും കൂടി നമ്മുടെ പള്ളിക്കാരെയും വാത്സല്യമക്കളെയുംഅടിയന്തിരമായിചിലകാര്യങ്ങൾ പ്രബോധിപ്പിക്കുവാനുണ്ട്. സാമാധാനമായി പിരിയുന്നതിനോ, വിശ്വാസവിട്ടുവീഴ്ച്ച കൂടാതുള്ള യോജിപ്പിനോ ഒരു സാഹചര്യം സൃഷ്ടിക്കപ്പെടാത്തതിനാൽ വ്യവഹാരംതുടർന്ന്നടത്തേണ്ടിയിരിക്കുന്നു. അതിനായി ഭീമമായ തുകയും ചെലവുവരും. നമ്മുടെ പുരോഗമന പ്രവർത്തനങ്ങളെയെല്ലാം ഇതു ബാധിക്കും. എന്നിരുന്നാലും മറ്റു പോംവഴിയില്ലാതെ വന്നതിനാൽ നാമിതിന് നിർബന്ധിതരായി. അഭിവന്ദ്യ മെത്രാപ്പോലീത്താമാരുടെയും സഭയിലെ മറ്റു സമിതികളുടെയും ശുപാർശയുടെ അടിസ്ഥാനത്തിലാണ് നാം ഈ വഴിയ്ക്ക് നീങ്ങുന്നത്. അതിനായി നിങ്ങളുടെ നിർലോപമായ സഹകരണം സഭയ്ക്കിന്നാവശ്യമാണ്. ആകയാൽ വ്യവഹാരം അവസാനിക്കുന്നതുവരെ ദേവാലയങ്ങളുടേയും സ്ഥാപനങ്ങളുടേയും നടത്തിപ്പിനായി വരുമാനത്തിന്റെ 90% വരെ ചെലവഴിച്ചാലും ബാക്കിയുള്ള 10% സഭയുടെ പൊതുവായ നൻമയെകരുതി ഭദ്രാസന ആസ്ഥനാങ്ങളിൽ ഈ മാസം തന്നെ ഏൽപ്പിക്കേണ്ടതാണ്

വീണ്ടും പ്രിയരെ!

അർഹിക്കുന്ന ഗൗരവത്തോടെ ഈ കാര്യം നിങ്ങൾ പരിഗണിക്കണം. സഭയ്ക്കുവേണ്ടിയും സഭാ നേതൃത്വത്തിന് വേണ്ടിയും സഭാ സംബന്ധമായ കാര്യങ്ങൾക്കായി കഷ്ടപ്പെടുന്നവർക്കുവേണ്ടിയും പ്രത്യേകം പ്രാർത്ഥിക്കണം. ദൈവേഷ്ടം പൂർണ്ണമായും നടത്തപ്പെടുവാൻ സംഗതിയാകട്ടെ.

നിങ്ങളെല്ലാവരുടേയും ക്ഷേമാഭിവൃദ്ധികൾക്കായി പ്രാർത്ഥിക്കുന്നു.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളെല്ലാവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ വിശുദ്ധ കന്യകമറിയമമ്മയുടെയും സകല പരിശുദ്ധന്മാരുടെയും ശുദ്ധിമതികളുടെയും പ്രത്യേകാൽ ശ്രീഹന്മാരുടെ തലവനായ വിശുദ്ധ പത്രോസിന്റെയും ഇന്ത്യയുടെ കാവൽ പിതാവായ മാർ തോമാശ്ലീഹായുടെയും പ്രാർത്ഥനകളാൽ തന്നെ ആമ്മീൻ.

ആകാശത്തിലുള്ള..... (ഒപ്പ്)

മുവാററുപുഴ കാതോലിക്കേററ് അരമനയിൽ നിന്ന്.

6.7.1990

ദേവിയുടെ വാഗ്ദാനങ്ങളാകുന്നദൈവത്തിന്റെ അരുമപൈതങ്ങളാ കുന്ന കുട്ടികളുടെ കാര്യത്തിൽ ബാവായ്ക്കുള്ള താല്പര്യം സുവിദിതമാണല്ലോ. അവർ പഠിച്ച് നല്ല കുട്ടികളായി വളർന്നു വരുന്നതു കാണുവാൻ ബാവാ ഏറെ ആഗ്രഹിച്ചിരുന്നു. സൺഡേ സ്ക്കൂൾ പ്രസ്ഥാനത്തിനും ആത്മദീപം മാസികയ്ക്കും ഇക്കാര്യത്തിലുള്ള പങ്ക് പലപ്പോഴും ബാവാ തിരുമേനി കല്പന യിലൂടെ വ്യക്തമാക്കാറുള്ളതാണ്. അഖില മലങ്കര സുവിശേഷയോഗത്തെക്കു റിച്ചും പ്രത്യേകതാല്പര്യമെടുത്തിട്ടുള്ള ബാവാ തിരുമേനി ഇക്കാര്യങ്ങളെല്ലാം വ്യക്തമാക്കുന്ന കല്പന താഴെ ക്കൊടുക്കുന്നു.

PHONE : 32401

MALANKARA JACOBITE SYRIAN ORTHODOX CHURCH

(UNDER THE HOLY APOSTOLIC SEE OF ANTIOCH AND ALL THE EAST)

BASELIOS POULOSE II
(CATHOLICOSE OF THE EAST)
NO.51/91

CATHOLICATE ARAMANA
MUVATTUPUZHA
KERALA 686 661
6 -12-1991

ദൈവകൃപയാൽ

നമുക്ക് എത്രയും സ്നേഹിക്കപ്പെട്ടിരിക്കുന്ന സണ്ടേസ്ക്കൂൾ അസ്സോസിയേഷൻ ജനറൽ സെക്രട്ടറി കെ. വി. പൗലോസ്, ആത്മദീപം പത്രാധിപർ ഷെവ. തരിയൻ കെ.പൈനാടത്ത്മറ്റു ഭാരവാഹികൾഎന്നിവർ ക്കെല്ലാം കർത്താവിൽ വാഴ്വ്.

പ്രിയരെ! സസ്നേഹം അറിയുന്നത്.

നമ്മുടെ സണ്ടേസ്ക്കൂൾ അസ്സോസിയേഷന്റെ മുഖപത്രമായ ആത്മദീപം ഡിസംബർമാസലക്കം ഒരു വിശേഷാൽ പതിപ്പായി പ്രസിദ്ധീകരിക്കുന്നുഎന്നറിയുന്നതിൽ നാം സന്തോഷിക്കുന്നു. കൊച്ചു കുട്ടികൾക്കും മുതിർന്നവരായ സഭാംഗങ്ങൾക്കും ആത്മദീപത്തിലെ ലേഖനങ്ങളും പഠനങ്ങളും കഥകളും വളരെയേറെ പ്രയോജനപ്പെടുന്നു എന്ന്നമുക്ക്മനസ്സിലാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. സണ്ടേസ്ക്കൂളിൽപഠിച്ച് നല്ലകുട്ടികളായി വളർന്നുവരുവാൻ കുട്ടികൾക്ക് നിങ്ങൾ മാർഗ്ഗദർശനം നൽകികൊണ്ടിരിക്കുകയാണല്ലൊ. ആത്മദീപം ഡിസംബർ ലക്കത്തിൽ അഖില മലങ്കര സുവിശേഷ യോഗം സംബന്ധിച്ച് ഒരു സപ്ലിമെൻറ് കൂടി പ്രസിദ്ധീകരിക്കുന്നത്പ്രത്യേകിച്ചും സന്തോഷമുള്ള കാര്യമാണ്. നമ്മുടെ കർത്താവിന്റെ രക്ഷാകരമായ ജനന പെരുന്നാൾ ആഘോഷിക്ക വാനൊരുങ്ങുന്ന ഈ സന്ദർഭത്തിൽ സണ്ടേസ്ക്കൂൾ പ്രവർത്തകർക്കും വിദ്യാർത്ഥികൾക്കും ആത്മദീപത്തിന്റെ വായനക്കാർക്കും ക്രിസ്തുമസ്സ് മംഗളങ്ങൾ നേർന്നു കൊള്ളുന്നു.

സർവ്വ ശക്തനായ ദൈവത്തിന്റെ കൃപയും.അനുഗ്രഹങ്ങളും നിങ്ങൾ എല്ലാവരോടും കൂടെയും നിങ്ങളുടെ പ്രവർത്തനങ്ങളോടും കൂടെയും എന്നേക്കും ഉണ്ടായിരിക്കട്ടെ ആമ്മീൻ (ഒപ്പ്)

ആകാശത്തിലുള്ള.....

സൺഡേ സ്ക്കൂൾ ആസോസിയേഷന്റെ പ്ലാറ്റിനം ജൂബിലി യഘോഷസംബന്ധമായുള്ള ബാവാ തിരുമേനിയുടെ കല്പനയും താഴെ കൊടുക്കുന്നു.

സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ

(തനിക്കു സ്തുതി)

അന്ത്യോഖ്യായുടേയും കിഴക്കൊക്കെയുടേയും വി. പത്രോസിന്റെ അപ്പസ്തോലിക സിംഹാസനത്തിൽ കീഴിലുള്ള പൗരസ്ത്യ കാതോലിക്കാ ബാസേലിയോസ് പൗലോസ് ദ്വിതീയൻ

(മുദ്ര)

നമ്മുടെ..... പള്ളികളിലെ ബഹു. വികാരിയും സഹ വൈദികരും കൈക്കാരന്മാരും ജനങ്ങളുമാകുന്ന ആത്മിയ വാത്സല്യവാന്മാർക്ക് കർത്താവിൽ വാഴ്വ്.

പ്രിയരെ! സസ്നേഹം അറിയുന്നത്:-

നമ്മുടെ സഭയുടെ വരദാനങ്ങളാകുന്ന കുഞ്ഞുങ്ങളെ തിരുവചനം പഠിപ്പിച്ചും നമ്മുടെ, സഭയുടെ സത്യവിശ്വാസം, മഹത്തായ അപ്പസ്തോലിക പാരമ്പര്യം എന്നിവ വ്യക്തമായ ധരിപ്പിച്ചും ജീവനുള്ള ക്രിസ്ത്യാനികളായി വളർത്തിക്കൊണ്ടുവരുന്നതിൽ സൺഡേസ്ക്കൂൾ പ്രസ്ഥാനത്തിനുള്ള പങ്ക് നിസ്തുലമാണെന്ന് നിങ്ങൾക്കറിയാവുന്നതാണല്ലോ. ഭാഗ്യസ്മരണാർഹനായ ആലുവായിലെ പരി. പൗലോസ് മാർഅത്താനാസ്യോസ് തിരുമേനി രൂപംകൊടുത്ത് വളർത്തിക്കൊണ്ടുവന്ന ഈ പ്രസ്ഥാനം ഇപ്പോൾ പ്ലാററിനം ജൂബിലി ആഘോഷിച്ചു കൊണ്ടിരിക്കുകയാണ്. 1995 ജനുവരി 1-ാം തീയതി വിപുലമായ രീതിയിൽ പുത്തൻ കുരിശിൽ പ്ലാറ്റിനും ജൂബിലി ആഘോഷിക്കുവാൻ തിരുമാനിച്ചിരിക്കുന്നു. അന്ന് 3.30ന് വിവിധ ഘോഷയാത്രകളും പുത്തൻ കുരിശിൽ എത്തിച്ചേരുന്നതാണ്. ചരിത്ര പ്രസിദ്ധമായ അകപ്പറമ്പ് മാർസാബോർ-അഫ്രോത്ത് പള്ളിയിൽ നിന്ന് അഭിവന്ദ്യപൗലോസ് മാർ അത്താനാസ്യോസ് വലിയ തിരുമേനിയുടെ ഛായാചിത്രവും, പിറവം വലിയ പള്ളിയിൽ നിന്ന് ദീപശിഖയും, കോതമംഗലം യൽദോമാർ ബസേലിയോസ് ബാവായുടെ കബറിടത്തിൽ നിന്ന് പതാകയും

നൂറുകണക്കിന് വാഹനങ്ങളുടെ അകമ്പടിയോടുകൂടി പുത്തൻ കുരിശിൽ എത്തിച്ചേരും, മലങ്കരയിലങ്ങോളമിങ്ങോളമുള്ള പള്ളികളിൽ നിന്ന് എല്ലാ വൈദികരും വിശ്വാസികളായ ഇടവക ജനങ്ങളും സൺഡേസ്ക്കൂളിൽ നിന്നും കുട്ടികളും അദ്ധ്യാപകരും എത്തിച്ചേർന്ന് റാലിയിലും പൊതു സമ്മേളനത്തിലും സംബന്ധിക്കേണ്ടതാണ്.

വീണ്ടും പ്രിയരേ!

ആ റാലിയിലും പൊതുസ്മ്മേളനത്തിലും സംബന്ധിക്കുന്നതിനായി ഓരോ ഇടവകയിൽ നിന്നും പള്ളിച്ചിലവിൽ വാഹനങ്ങൾ ഏർപ്പാട് ചെയ്ത് പുത്തൻ കുരിശിൽ എത്തിച്ചേർന്ന് അനുഗ്രഹം പ്രാപിക്കണമെന്ന് നാം നിങ്ങളുടെ സ്നേഹത്തോട് ഉദ്ബോധിപ്പിക്കുന്നു. നമ്മുടെ സഭയുടെ നിർണ്ണായകവും സുപ്രധാനവുമായ ഈ ഘട്ടത്തിൽ നമ്മുടെ സഭാംഗങ്ങൾ ഇപ്രകാരം ഒരുമിച്ചു കൂടുന്നത് നല്ലതാണ്. സമ്മേളനത്തിൽ നമ്മുടെ സഹോദര മെത്രാപ്പോലീത്താമാരും സാമൂഹിക-രാഷ്ട്രീയ-സാംസ്കാരിക രംഗങ്ങളിലെ നേതാക്കളും പങ്കെടുക്കുന്നതാണ്. നമ്മുടെ കുഞ്ഞുങ്ങളെ പ്രതി ഈ സമ്മേളനത്തിലും റാലിയിലും നിങ്ങൾ പങ്കെടുക്കണം. നമ്മുടെ സഭയ്ക്കും കുഞ്ഞുങ്ങൾക്കും ഈ പ്രസ്ഥാനത്തിൽ സഹകരിച്ചു കൊണ്ടിരിക്കുന്ന എല്ലാ അദ്ധ്യാപകർക്കും വേണ്ടി പ്രാർത്ഥിക്കണം.

നിങ്ങളുടെ ക്ഷേമത്തിനായി പ്രാർത്ഥിക്കുന്നു.

ദൈവം അനുഗ്രഹിക്കട്ടെ.

സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും നിങ്ങളെല്ലാവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ. ആയത് ദൈവമാതാവായ വിശുദ്ധ കന്യകമറിയമമ്മയുടെയും സകല പരിശുദ്ധന്മാരുടെയും ശുദ്ധിമതികളുടെയും പ്രത്യേകാൽ ശ്ലീഹന്മാരുടെ തലവനായ വിശുദ്ധ പത്രോസിന്റെയും ഇന്ത്യയുടെ കാവൽ പിതാവായ മാർ തോമാശ്ലീഹായുടെയും പ്രാർത്ഥനകളാൽ തന്നെ ആമ്മീൻ.

(ഒപ്പ്)

ആകാശത്തിലുള്ള.....

മുവാറ്റുപുഴ
കാതോലിക്കേറ്റ് അരമനയിൽ നിന്ന്.
6-12-1994

ഭാഗം II

അദ്ധ്യായം 1

മലങ്കരയുടെ പ്രകാശ ഗോപുരം അസ്തമിച്ചു

ശ്രേഷ്ഠ ബാവായ്ക്കു് വിശ്വാസ സഹസ്രങ്ങളുടെ അന്ത്യപ്രണാമം

മലങ്കര യാക്കോബായ സുറിയാനി ഓർത്തഡോക്സ് സഭയുടെ പ്രകാശ ഗോപുരം അസ്തമിച്ചു. ആത്മസമർപ്പണവും ജീവിത വിശുദ്ധിയും ആഴമേറിയ പാണ്ഡിത്യവും കൈമുതലാക്കി സ്നേഹത്തിന്റെ സന്ദേശവാഹകനായി കാറ്റിലും കോളിലും ആടിയുലയാതെ സഭാ നൗകയെ സുധീരം നയിച്ച ഇടയ ശ്രേഷ്ഠൻ, ആബൂൻ മാർ ബസ്സേലിയോസ് പൗലോസ് ദ്വിതീയൻ ബാവാ നല്ലപോർ പൊരുതി, ഓട്ടം പൂർത്തിയാക്കി കർത്തൃസന്നിധി പൂകി.

സെപ്റ്റംബർ 1 ഞായറാഴ്ച രാവിലെ 10.50ന് കോലഞ്ചേരി മെഡിക്കൽ മിഷൻ ആശുപത്രിയിലാണ് ആ മഹാനുഭാവന്റെ അന്ത്യം സംഭവിച്ചത്. നഗരത്തിന്റെ ബഹളങ്ങളിൽ നിന്ന് ഒഴിഞ്ഞ് പ്രശാന്ത സുന്ദരമായ അന്തരീക്ഷത്തിൽ പ്രാർത്ഥിച്ചും ധ്യാനിച്ചും കഴിയാനാഗ്രഹിച്ചിരുന്ന ബാവാ കുറച്ച് വർഷങ്ങളായി മൂവാറ്റുപുഴയ്ക്ക് സമീപത്തുള്ള പിറമാടം ദയറായിലായിരുന്നു താമസിച്ചിരുന്നത്. അര നൂറ്റാണ്ട് കാലത്തെ ആത്മബന്ധമുള്ള ദയറായിൽ രാവിലെ വി. കുർബാനക്ക് പോകാൻ ഒരുങ്ങുന്നതിനായി കുളിക്കുമ്പോഴാണ് ബാവായ്ക്ക് ഹൃദ്രോഗ ബാധയുണ്ടായി. കഠിനമായി നെഞ്ച് വേദനിക്കുന്നുവെന്നു പറഞ്ഞ് തിടുക്കത്തിൽ കുളി അവസാനിപ്പിച്ചെത്തിയ ബാവ നെഞ്ച് തിരുമ്മാൻ ആവശ്യപ്പെട്ടു. സെക്രട്ടറി ഡീകൻ ബിജുവും മറ്റുള്ളവരും നെഞ്ച് തിരുമ്മിക്കൊടുക്കുന്നതിനിടയിൽ പേഴ്സണൽ ഡോക്ടർ; ഡോ. ബിനോയ് മത്തായി കുതിച്ചെത്തി. പരിശോധനയിൽ കടുത്ത ഹൃദ്രോഗ ബാധയാണുണ്ടായതെന്നു മനസ്സിലായി അദ്ദേഹം ബാവായ്ക്ക് ഇൻജക്ഷൻ നൽകി. അപ്പോഴേക്കും മുൻമന്ത്രി കമാണ്ടർ ടി.എം. ജേക്കബും എത്തിച്ചേർന്നു. ടി.എം. ജേക്കബും, ഡോക്ടറും, സെക്രട്ടറിയും ചേർന്ന് ബാവായെ കാറിൽ കോലഞ്ചേരി ആശുപത്രിയിലേക്ക് കൊണ്ട്പോയി. യാത്രാമദ്ധ്യേ വേദന വർദ്ധിച്ചു. മുവ്വാറ്റുപുഴയിൽ എത്തിയപ്പോഴാണ് വെളളം ആവശ്യപ്പെട്ടു. തന്റെ മുഴുവൻ പ്രവർത്തനങ്ങളുടെയും സിരാകേന്ദ്രമായിരുന്നു മുവ്വാറ്റുപുഴയിൽ നിന്ന് അല്പം വെള്ളം കുടിച്ചു. യാത്രാ മദ്ധ്യേ ബോധരഹിതനായി. 10.15 ന് ആശുപത്രിയിലെത്തി.

അബോധാവസ്ഥയിലായിരുന്ന ബാവായുടെ ജീവൻ രക്ഷിക്കാൻ ആശുപത്രിയിലെ ഹൃദ്രോഗചികിത്സാ വിദഗ്ധൻ ഡോ.ഈപ്പൻ പുന്നൂസ്, ഡയറക്ടർ ഡോ. സി. കെ. ഈപ്പൻ, ഡോ. ബിനോയ് മത്തായി, ഡോ. എബ്രഹാം മാമ്മൻ എന്നിവർ ഉൾപ്പെടുന്ന ഒരു സംഘം ഡോക്ടർമാർ കിണഞ്ഞ് പരിശ്രമിച്ചെങ്കിലും ഫലമുണ്ടായില്ല. 10.50 ന് ആ പ്രകാശഗോപുരം അസ്തമിച്ചു.

ശ്രേഷ്ഠ ബാവാ കാലം ചെയ്ത വാർത്ത കാട്ടുതീപോലെ പടർന്നു, ആശുപത്രിയിലേക്ക് അണിമുറിയാത്ത ഭക്ത ജനപ്രവാഹം കോലഞ്ചേരിയും പരിസരപ്രദേശങ്ങളും ശോകമൂകമായി. പളളി മണികളുടെ ആർത്തനാദം പരിസരപ്രദേശങ്ങളെ പ്രകമ്പനം കൊളളിച്ചു. ബാവായുടെ ഭൗതീക ശരീരം അംശവസ്ത്രങ്ങളണിയിച്ച് പൊതുദർശനത്തിന് ഒരുക്കിയപ്പോഴേക്കും കോലഞ്ചേരി ഒരു മനുഷ്യ മഹാസമുദ്രമായി, ദുഃഖ ഭാരത്താൽ അലമുറയിട്ട് കരയുന്ന സ്ത്രീകളെ നിയന്ത്രിക്കുക അസാദ്ധ്യമായിരുന്നു. പ്രാർത്ഥനാ ഗാനങ്ങൾ ഉറക്കെപാടി, പലരും ദുഃഖഭാരം കുറയ്ക്കാൻ ശ്രമിച്ചു.

അഭി. ഡോ. എബ്രഹാം മാർ സേവേറിയോസ് മെത്രാപ്പോലീത്തായുടെയും ബഹു വൈദീകരുടേയും നേതൃത്വത്തിൽ പ്രത്യേകം തയ്യാറാക്കിയ തുറന്ന വാഹനത്തിൽ ബാവായുടെ ഭൗതീക ശരീരം, ആശുപത്രിയിൽ നിന്ന് സെൻറ് പീറ്റേഴ്സ് ആൻറ് സെൻറ് പോൾസ് ചാപ്പലിലേക്ക് കൊണ്ടുപോയി. പൊരിവെയിലിനെ കൂസാതെ അനേകായിരങ്ങൾ ഭൗതീക ശരീരം വഹിച്ച വാഹനത്തിന് പിന്നാലെ വിലാപയാത്രയായി നീങ്ങി. കോലഞ്ചേരിയുടെ രാജകീയ വീഥി വിശ്വാസികളാൽ വീർപ്പുമുട്ടി. അഭി. ഡോ. എബ്രഹാം മാർസേവേറിയോസ് തിരുമേനിയുടെ മുഖ്യകാർമ്മികത്വത്തിൽ കബറടക്കശുശ്രൂഷയുടെ പ്രഥമ ക്രമം നടത്തി.

വിവിധ ഭാഗങ്ങളിൽ നിന്നോടിയെത്തിയ അഭി. പിതാക്കൻമാരും സഭാ നേതാക്കളും ചാപ്പലിൽ ഒത്തുകൂടി. മാനേജിംഗ് കമ്മിറ്റി അടിയന്തിരയോഗം ചേർന്നു. അഭി. ഡോ. തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ അദ്ധ്യക്ഷത വഹിച്ചു. കബറടക്ക ശുശ്രൂഷ സംബന്ധിച്ച തീരുമാനങ്ങൾ യോഗം കൈകൊണ്ടു അഭിവന്ദ്യരായ ഡോ. എബ്രഹാം മാർ സേവേറിയോസ് യൂഹാനോൻ മാർ മിലിത്തിയോസ്, ബന്യാമിൻ ജോസഫ് മാർ ഓസ്താത്തിയോസ്, തോമസ് മാർ തീമോത്തിയോസ്, ജോസഫ് മാർ ഗ്രീഗോറിയോസ് സഭാ സെക്രട്ടറി കമാണ്ടർ ടി.യു കുരുവിള ട്രസ്റ്റി ശ്രീ.കെ. എ. തോമസ്,

റവ. ഡോ. ആദായി ജേക്കബ് കോറെപ്പിസ്കോപ്പാ, എന്നിവർ സന്നിഹിതരായിരുന്നു.

മദ്ബഹായിൽ സിംഹാനത്തിൽ അംശവസ്ത്രങ്ങളും വടിയുമായി ഇരുത്തിയ ഭൗതീക ശരീരം ദർശിക്കുന്നതിനായി സഭാംഗങ്ങളും രാഷ്ട്രീയ-സാമൂഹിക രംഗങ്ങളിലെ നേതാക്കളുമെല്ലാം എത്തിക്കൊണ്ടിരുന്നു. മുൻമുഖ്യമന്ത്രി ശ്രീ. എ.കെ. ആൻറണി, കെ.പി.സി.സി. പ്രസിഡൻറ് ശ്രീ. വയലാർ രവി, ജോണി നെല്ലൂർ എം. എൽ. എ. ശ്രീ. വി.ജെ. പൗലോസ് എം.എൽ. എ. എന്നിവർ കോലഞ്ചേരിയിലെത്തി അന്തിമോപചാരമർപ്പിച്ചു.

പ്രായാധിക്യത്താൽ ഭദ്രാസന ഭരണ ചുമതലയിൽ നിന്നൊഴിഞ്ഞ് വിശ്രമ ജീവിതം നയിച്ചു വരുന്ന അഭി. തോമസ് മാർ ഓസ്താത്തിയോസ് മെത്രാപ്പോലീത്താ. കോലഞ്ചേരി ചാപ്പലിൽ ബാവായ്ക്ക് അന്തിമോചാരം അർപ്പിക്കാൻ എത്തിയ രംഗം അത്യന്തം ഹൃദയസ്പർശിയായിരുന്നു. 93 വയസ് കഴിഞ്ഞ തിരുമേനി ബാവായുടെ ഭൗതീക ശരീരത്തിനു മുമ്പിൽ വികാരാധീനനായി. വികാരസാന്ദ്രമായ ആ രംഗത്തിന് സാക്ഷ്യം വഹിച്ച വിശ്വാസികം തേങ്ങി. ബാവായുടെ സഹോദരി മാണിയാറമേരിവർഗ്ഗീസ് സർവ്വ നിയന്ത്രണവും വിട്ട് പൊട്ടിക്കരഞ്ഞുകൊണ്ടാണ് ഭൗതീക ശരീരം ദർശിച്ചത്.

മൂന്നരമണിയോടെ പ്രത്യേകം തയ്യാറാക്കിയ രഥത്തിൽ ബാവായുടെ ഭൗതീക ശരീരം പിറമാടം ഗത്സമീൻ ദയറായിലേക്ക് വിലാപയാത്രയായി കൊണ്ടു പോയി. ചൂണ്ടി, രാമമംഗലം, പാമ്പാക്കുട, വഴി വിലാപയാത്ര നീങ്ങിയപ്പോഴം ശ്രേഷ്ഠാചാര്യന്റെ സ്നേവാത്സല്യങ്ങളം അനുഭവിച്ച സഭാമക്കളം വഴിനീളെ കണ്ണീരോടെ തടിച്ചുകൂടി. വഴിനീളെ പളളിമണികളം നാടിന്റെ വിലാപഗാനമായി. അരനൂറ്റാണ്ട് കാലത്തോളം ആത്മബന്ധമുളള പിറമാടം ദയറായിൽ വിലാപയാത്ര എത്തിയപ്പോഴേക്കും ദയറാക്കുന്ന് വിശ്വാസികളാൽ നിറഞ്ഞു. വൈദീകരും വിശ്വാസികളും പ്രാർത്ഥനാ മന്ത്രവുമായി വീലാപയാത്രയെ എതിരേറ്റു. മുൻ കേന്ദ്രമന്ത്രി കമാൻഡർ ശ്രീ. എ. എം. തോമസ്, മുൻ മന്ത്രി ശ്രീ. ടി. എച്ച്. മുസ്തഫ, കോൺഗ്രസ് എസ്. അഖിലേന്ത്യാ സെക്രട്ടറി ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ, ജില്ലാ കളക്ടർ ശ്രീ. വി. പി. ജോയി, മലയാള മനോരമ ചീഫ് എഡിറ്റർ ശ്രീ. കെ. എം. മാത്യു എന്നിവർ ദയറായിൽ സന്നിഹിതരായിരുന്നു.

കബറടക്ക ശുശ്രൂഷയുടെ ഒരു ഭാഗവും നഗരികാണിക്കൽ ചടങ്ങും സെൻറ് ജോൺസ് പള്ളിയിൽ നടത്തി. അഭിവന്മരായ ഡോ. ഗീവർഗ്ഗീസ് മാർ ഗ്രിഗോറിയോസ്, ഡോ. എബ്രഹാം മാർ സേവേറിയസ്, ഡോ.യൂഹാനോൻ മാർ പീലക്സിനോസ്, ഡോ. തോമസ് മാർ അത്താനാസിയോസ്,യൂഹാനോൻ മാർ മിലിത്തീയോസ്, ബന്യാമിൻ ജോസഫ് മാർ ഓസ്താത്തിയോസ്, ജോസഫ് മാർ ഗ്രീഗോറിയോസ് എന്നിവർ പിറമാടത്തെ ശുശ്രൂഷയക്ക്നേതൃത്വം നൽകി. പിറമാടത്ത്നിന്ന് 6-45ന് പുറപ്പെട്ട വിലാപയാത്ര മാറാടി പഴി 7.30ന് മുവ്വാറ്റുപുഴ അരമനയിൽ എത്തി.

കാതോലിക്കേറ്റ് അരമന ചാപ്പലിൽ സന്ധ്യാപ്രാർത്ഥനയെതുടർന്ന് കബറടക്കശുശ്രൂഷയുടെ അടുത്ത ഭാഗവും നടത്തി. മുവ്വാറ്റുപുഴയിൽ രാത്രി പകലായി മാറി. രാത്രിമുഴുവൻ അനേകായിരങ്ങൾ അരമന ചപ്പലിലേക്ക്പ്രവഹിച്ചു. നാടിൻെറ നാനാഭാഗങ്ങളിൽനിന്ന്ബാവായുടെ പടവും കുരുത്തകൊടിയേന്തി സ്ത്രീകളും കുട്ടികളും ഉൾപ്പെടെ വിശ്വാസികൾ കൂട്ടം കൂട്ടമായി എത്തിയപ്പോൾ അരമന പരിസരം മനുഷ്യസമുദ്രമായി. മുൻ മന്ത്രി കമാണ്ടർ പി.പി. തങ്കച്ചൻ, ഡപ്യൂട്ടി സ്പീക്കർ, ശ്രീ. സി. എ. കുര്യൻ, എം.എൽ. എ. മാരായ, ശ്രീ കെ. ബാബു, ശ്രീ പി.ജെ. ജോയി, ശ്രീ. എം.പി. വർഗ്ഗീസ്, ജസ്റ്റിസ്ബഞ്ചമിൻ കോശി എന്നിവർ അരമന ചാപ്പലിലെത്തി അന്തിമോപചാരം അർപ്പിച്ചു. കിഴക്കിൻെറ വലിയ മെത്രാപ്പോലീത്താ അഭി. എബ്രാഹം മാർ ക്ലീമിസ് ചാപ്പലിലെത്തി പ്രാർത്ഥിച്ചു. ഫോൺ മുഖേന പരി. പാത്രിയർക്കീസ് ബാവാ അരുളിയ അനുശോചന സന്ദേശം അഭി. ക്ലീമീസ് തിരുമേനി വിശ്വാസികളെ അറിയിച്ചു.

ഓർത്തഡോക്സ് വിഭാഗത്തിലെ കാതോലിക്കാ ബസ്സേലിയോസ് മാത്യൂസ് ദ്വിതീയൻ ബാവ അരമന ചാപ്പലിൽ ശ്രേഷ്ഠ ബാവായുടെ ഭൗതികശരീരത്തിന്മുമ്പിൽപ്രാർത്ഥന നടത്തി. മെത്രാപ്പോലീത്താമാരായ മാത്യൂസ് മാർ സേവേറിയോസ്, മാത്യൂസ് മാർ എപ്പിഫാനിയോസ്, യാക്കോബ്മാർ ഐറേനിയോസ്, വന്ദ്യദിവ്യശ്രീ തെയോഫോറസ്റമ്പാൻ, വന്ദ്യദിവ്യശ്രീ. പി.സി.യോഹന്നാൻ റമ്പാൻ, ശ്രീ. പി.സി. എബ്രഹാം എന്നിവരും അദ്ദേഹത്തോടൊപ്പമുണ്ടായിരുന്നു. പിന്നീട് ഫീലിപ്പോസ് മാർ തെയോഫിലോസ് മെത്രാപ്പോലീത്തയും അരമനയിലെത്തി അന്തിമോപചാരമർപ്പിച്ചു.

സെപ്റ്റംബർ 2ന് പുലർകാലേതന്നെ അന്തിമോപചാര

മർപ്പിച്ചവരിൽ തൃശൂർ ആർച്ച്ബിഷപ്പ് മാർ ജോസഫ് കുണ്ടുകുളം, കോട്ടയം ബിഷപ്പ് ഡോ. കുര്യാക്കോസ് കുന്നശ്ശേരി, സി.എസ്.ഐ. ബിഷപ്പ് കെ.ജെ. സാമുവൽ എന്നിവരും ഉൾപ്പെടുന്നു. രാവിലെ 10.30നു അരമനചാപ്പലിൽ നിന്ന് ഭൗതീക ശരീരം മൂല്പപ്പൂക്കൾ കൊണ്ട് അലങ്കരിച്ച രഥത്തിലേക്ക് മാറ്റുമ്പോൾ അരമനയും പരിസരവും വിശ്വാസികളെകൊണ്ട് നിറഞ്ഞുകവിഞ്ഞിരുന്നു. അംശവസ്ത്രങ്ങളണിയിച്ച് കസേരയിലിരുത്തിയ ഭൗതീക ശരീരം ദീർഘകാലം തന്റെ ആസ്ഥാനമായിരുന്ന കാതോലിക്കേറ്റ് അരമനയോട് വിടപറയുമ്പോൾ വൈദീകരും ജനങ്ങളും ഒന്നടങ്കം വിങ്ങിപ്പൊട്ടി.

നഗരികാണിക്കൽ ശുശ്രൂഷയായിരുന്നു തുടർന്ന് ഉണ്ടായത്. ഭൗതീക ശരീരം വഹിച്ച രഥം പട്ടണവീഥിയിലെത്തിപ്പോഴേക്കും ഡോ. അലക്സാണ്ടർ മാർത്തോമ്മാ മെത്രാപ്പോലീത്തായും ജോസഫ് മാർ ബർന്നബാസ് മെത്രാപ്പോലീത്തായുമെത്തി അന്തിമോപചാരം അർപ്പിച്ചു. മാർത്തോമ്മാ സഭയ്ക്ക്വേണ്ടി സെക്രട്ടറി ശ്രീ.എ.സി. കുര്യൻ ബാവായുടെ തൃപ്പാദങ്ങളിൽ പുഷ്പചക്രം സമർപ്പിച്ചു. മൂവ്വാറ്റുപുഴയിൽ കടകം അടച്ച് ജനം മുഴുവൻ വഴിയരികിൽ കാത്തുനിന്നിരുന്നു. കെട്ടിടങ്ങളുടെ മട്ടുപ്പാവുകൾ തിങ്ങിനിറഞ്ഞു. തൃപ്പാദങ്ങളിൽ സ്പർശിച്ചനുഗ്രഹം നേടുന്നതിന് ജനങ്ങൾ നിയന്ത്രണം ലംഘിച്ചും തള്ളിക്കയറി.

വിലാപയാത്രയിൽ ആയിരക്കണക്കിന് വാഹനങ്ങൾ അണിനിരന്നു. അന്ത്യയാത്രയിൽ പിതാവിനോടൊപ്പം നീങ്ങാൻ വാഹാനങ്ങളിൽ നിന്നിറങ്ങി രഥത്തിന്റെ പിന്നാലെ ഓടുന്നവർ രഥത്തിൽ സ്പർശിക്കുന്നതുപോലും ഭാഗ്യമായി കരുതി രഥത്തിൽ തൊട്ട് ഓടുന്നവർ, വിവിധ പള്ളികളിലെ ഗായകസംഘങ്ങൾ, പോലീസ്, ബാൻഡ് വാദ്യക്കാർ, ഏഴുവൻ ഗേലീയോൻ വായിക്കുന്ന പുരോഹിത സംഘം. വൈദീകർ, സന്യാസിനികൾ വരിവരിയായി നീങ്ങുന്ന വിശ്വാസികൾ അങ്ങിനെ വിലാപയാത്ര ഒഴുകുകയാണ്. കടന്നുവന്ന വഴികൾ മുഴുവൻ ജനമഹാസമുദ്രമായി. കറുത്ത ബാഡ്ജുകൾ ധരിച്ച്, ബാവായുടെ മഹായാചിത്രം നെഞ്ചിൽ ചേർത്ത് പിടിച്ച്, കൈകുഞ്ഞുങ്ങളെയേന്തിയ അമ്മമാരും, ഊന്ന്വടികളുടെ സഹായത്തോടെ പ്രായം മറന്ന് വൃദ്ധന്മാരും വിലാപയത്രയുടെ ഭാഗമായി. നാഷണൽ ഹൈവേ 49- വിശ്വാസികളെകൊണ്ട് നിറഞ്ഞു. എല്ലാവഴികളും മലേക്കുരിശിലേക്ക്.

അഭിവന്ദ്യരായ ഡോ. ഗീവർഗ്ഗീസ് മാർ ഗ്രീഗോറിയോസ്, ഡോ. എബ്രഹാം മാർ സേവേറിയോസ് ഡോ. യുഹനോൻ മാർ പീലക്സിനോസ് ഡോ. തോമസ് മാർ അത്താനാസിസ്, യൂഹാനോൻ മാർ മിലീത്തോസ്,

ജോസഫ് മാർ ഗ്രീഗോറിയോസ്, മുൻ മന്ത്രി ശ്രീ. ടി.എം. ജേക്കബ് സമുദായ ട്രസ്റ്റി ശ്രീ. കെ. എ. തോമസ് എന്നിവർ വിലാപയാത്രയിൽ ബാവായുടെ ഭൗതീക ശരീരത്തെ അനുഗമിച്ചു. കാടാതി, അമ്പലം പടി, മേക്കടമ്പ്, വാളകം, കടമറ്റം, കോലഞ്ചേരി വഴി, പത്താംമൈലിലെത്തിയ വിലാപയാത്ര തുടർന്ന് മലേക്കുരിശിലേക്ക് കാൽനടയായി നീങ്ങി.

മലേക്കുരിശ് മലമുകളിലേക്കുള്ള ഇടുങ്ങിയ പാത ഉച്ചയ്ക്കു മുമ്പേ കറുത്ത കൊടിയേന്തിയ വിശ്വാസികളെക്കൊണ്ട് തിങ്ങിനിറഞ്ഞിരുന്നു. ദയറായിൽ ഭക്ഷണം പോലും കഴിക്കാതെ രാവിലെ മുതൽ ഭക്തജനങ്ങൾ പ്രാർത്ഥനയോടെ കാത്തിരുന്നു. ബാവാ കാലം ചെയ്ത വാർത്തയറിഞ്ഞ് കുവൈറ്റിൽ നിന്നും കുതിച്ചെത്തിയ അഭി. തോമസ് മാർ ദിവന്നാസിയോസ് മെത്രാപ്പോലീത്ത ദയറായിൽ ക്രമീകരണങ്ങൾക്ക് നേതൃത്വം നൽകി. ശ്രേഷ്ഠാചാര്യന്റെ ഭൗതീക ശരീരം വിലാപയാത്രയായി 3.15ന് ദയറാചാപ്പലിലേക്ക് സംവഹിച്ചപ്പോൾ, വിസ്തൃതി കുറഞ്ഞ ദയറാങ്കണത്തിൽ കദനത്തിന്റെ മഹാസമുദ്രം ആർത്തലച്ച് കയറും പോലെ തങ്ങളുടെ പ്രിയപ്പെട്ട ഇടയനെ ഒരു നോക്കുകാണാൻ വിശ്വാസികൾ തള്ളിക്കയറി. പോലീസും വാളന്റിയേഴ്സും തീർത്ത സർവ്വ സുരക്ഷാ സന്നാഹങ്ങളും തകർന്നു.

വൈദികർ ഭൗതിക ശരീരം ആനയിച്ച് ദയറായുടെ മുന്നിലുള്ള പന്തലിൽ പ്രത്യേകം തയ്യാറാക്കിയ പീഠത്തിൽ ഇരുത്തിയതോടെ പ്രാർത്ഥന ആരംഭിച്ചു. അഭിവന്ദ്യരായ എബ്രഹാം മാർ ക്ലിമീസ്, ഡോ. ഗീവർഗ്ഗീസ് മാർ ഗ്രീഗോറിയോസ് തോമസ് മാർ ദിവന്യാസിയോസ് എന്നീ മെത്രാപ്പോലീത്താമാർ സമാപന ശുശ്രൂഷകൾക്ക് നേതൃത്വം നൽകി. അഭിവന്ദ്യരായ ഡോ. എബ്രഹാം മാർ സേവേറിയോസ്, ഡോ. യൂഹാനോൻ മാർ പീലക്സിനോസ് , ഡോ. തോമസ് മാർ അത്താനാസിയോസ്, യൂഹാനോൻ മാർ മിലിത്തോസ്, ഗീവർഗ്ഗീസ് മാർ പൊളിക്കാർപ്പസ്, ബന്യാമിൻ ജോസഫ് മാർ ഓസ്താത്തിയോസ്, തോമസ് മാർ ഓസ്താത്തിയോസ്, തോമസ് മാർ തീമോത്തിയോസ്, ജോസഫ് മാർ ഗ്രീഗോറിയോസ് എന്നീ തിരുമേനിമാർ സഹകർമ്മീകരായായിരുന്നു.

ചങ്ങനാശ്ശേരി ആർച്ച് ബിഷപ്പും, സി.ബി.സി.ഐ പ്രസിഡൻറുമായ അഭി. ഡോ. ജോസഫ് പൗവത്തിൽ, കോതമംഗലം ബിഷപ്പ് അഭി. ഡോ. ജോർജ്ജ് പുന്നക്കോട്ടിൽ, മലങ്കര കത്തോലിക്കാ സഭയിലെ തിരുവല്ല ബിഷപ്പ് അഭി. ഡോ. ഗീവർഗ്ഗീസ് മാർ തീമോത്തിയോസ്, കൽദായ സഭയുടെ അഭി. അപ്രേം മെത്രാപ്പോലീത്താ എന്നിവരും കൊറെപ്പിസ് കോപ്പാമാരും ഒട്ടേറെ വൈദികരും കന്യാസ്ത്രീകളും കബറടക്ക

ശുശ്രൂഷകളിൽ സംബന്ധിച്ചു.

ശുശ്രൂഷാ മദ്ധ്യേ അഭി. എബ്രഹാം മാർ ക്ലീമിസ് മെത്രാപ്പോലീത്താ അനുസ്മരണ പ്രഭാഷണം നടത്തി. ബാവായുടെ അന്ത്യമണിക്കൂർ മുതൽ കൂടെയുണ്ടായിരുന്നു മുൻ മന്ത്രി കമാണ്ടർ ടി.എം. ജേക്കബ് കബറടക്ക ശുശ്രൂഷയുടെ അവസാനം വരെ പങ്കെടുത്തു. മുൻ മന്ത്രിമാരായ ശ്രീ. കെ. എം.മാണി, ശ്രീ.ഉമ്മൻ ചാണ്ടി, ശ്രീ. ടി.എച്ച്.മുസ്തഫ, എം.പി.മാരായ ശ്രീ. പി.സി. ചാക്കോ. ശ്രീ. പി.സി.തോമസ്, എം.എൽ.എ. മാരായ ശ്രീ. ജോണി നെല്ലൂർ, ശ്രീ. വി.ജെ. പൗലോസ് ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് ശ്രീ. പി.കെ ഇബ്രാഹിം കുട്ടി, ബാറിത്തോ ബ്രീറോ ഡോ.ഡി. ബാബുപോൾ, കളക്ടർ ശ്രീ, വി.പി. ജോയി, പി.എസ്.സി. മെമ്പർ ഡോ. എം.സി. ജോർജ്ജ്, എം.ജി. യൂണിവേഴ്സിറ്റി വൈസ് ചാൻസലർ ഡോ. വി.എൻ. രാജേശേഖരൻ പിള്ള, സഭാ സെക്രട്ടറി കമാണ്ടർ ടി.യു.കുരുവിള, ട്രസ്റ്റി. ശ്രീ. കെ. എ. തോമസ്, മുൻ എം.എൽ.എ. ശ്രീ. ബെന്നി ബഹ്നാൻ, സൺഡേസ്ക്കൂൾ അസ്സോസിയേഷൻ ഭാരവാഹികളായ റവ. ഡോ. ആദായി ജേക്കബ് കോറെപ്പിസ്കോപ്പ. അഡ്വ. ബഞ്ചമിൻ പോൾ ശ്രീ. ജോയി ജോർജ്ജ്. ശ്രീ.എം.സി. വർക്കി. ഷെവ. കെ.വി.പൗലോസ്, ശ്രീ. ടി.ജെ മാണി ആത്മദീപം പത്രാധിപർ ശ്രീ.ടി.എം വർഗ്ഗീസ് എന്നിവരും കബറടക്ക ശുശ്രൂഷയിൽ സംബന്ധിച്ചു.

മുഖ്യമന്ത്രി ശ്രീ. ഇ.കെ. നായനാർക്ക്വേണ്ടി ഡോ. ഡി.ബാബുപോൾ, കളക്ടർ ശ്രീ. വി.പി. ജോയ് എന്നിവരും, വിദ്യാഭ്യാസമന്ത്രി ശ്രീ. പി.ജെ. ജോസഫിനുവേണ്ടി എ.ഡി.എം.ശ്രീ. കെ. ആർ. വിശ്വംഭരനും ബാവായുടെ തൃപ്പാദങ്ങളിൽ പുഷ്പചക്രം സമർപ്പിച്ചു. വിവിധ സഭകൾക്കും സംഘടനകൾക്കും പള്ളികൾക്കും വ്യക്തികൾക്കും വേണ്ടിയും പുഷ്പചക്രങ്ങൾ സമർപ്പിച്ചു.

മലമുകളിൽ ദുഃഖാചരണത്തിൽ, നോമ്പിന്റെ പ്രാർത്ഥനാ ജാഗരണത്തിൽ മുഴുകിയ സഭാ മക്കൾ അന്തിമ ദർശനത്തിനായി ചാപ്പലിന്റെ മുമ്പിലേക്ക് സർവ്വനിയന്ത്രണവും വിട്ട് തള്ളിക്കയറികൊണ്ടിരുന്നു. ശ്രേഷ്ഠ കാതോലിക്കായുടെ സ്ഥാനവസ്ത്രങ്ങളും കുരിശുമാലകളും അണിയിച്ച് വലത് കയ്യിൽ സ്ലീബായും ഇടത് കയ്യിൽ അംശവടിയുമായി സിംഹാസനത്തിൽ ഇരുത്തി പൊതുവണക്കത്തിന് വച്ച ഭൗതീക ശരീരത്തിൽ ഒന്ന് സ്പർശിച്ച് അനുഗ്രഹം പ്രാപിക്കുവാൻ അവർ മുന്നോട്ടാഞ്ഞു. വൈദീകർ മലയാളത്തിലും സുറിയാനിയിലും മാറിമാറി പ്രാർത്ഥനാഗീതങ്ങൾ ചൊല്ലികൊണ്ടിരുന്നു.

അഭിവന്ദ്യതോമസ് മാർ ദിവന്നാസിയോസ്, ആർച്ച് ബിഷപ്പ് മാർ പൗവ്വത്തിൽ, തിരുവല്ല ബിഷപ്പ് ഗീവർഗ്ഗീസ് മാർ തിമോത്തിയോസ്, ബിഷപ്പ് മാർ ജോർജ്ജ് പുന്നക്കോട്ടിൽ, ബിഷപ്പ് മാർ അപ്രേം എന്നിവർ അനുസ്മരണ പ്രഭാഷണം നടത്തി. തുടർന്ന് അഭി. ഡോ. ഗീവർഗ്ഗീസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ വി. ഏവൻഗേലിയോൻ വായിച്ചു; പ്രാർത്ഥിച്ചു.

വിടവാങ്ങൽ ശുശ്രൂഷയ്ക്ക് മുമ്പ് ശ്രേഷ്ഠ ബാവായുടെ സഹോദരി മേരി വർഗ്ഗീസും മറ്റൊരു സഹോദരിയുടെ പുത്രിയും അന്ത്യചുംബന മർപ്പിച്ചു. ഭൗതീകശരീരം സെൻറ് ജോർജ്ജ് ചാപ്പലിലെ മദ്ബഹായിൽ സിംഹാസനത്തിൽ എടുത്ത് നാല് ദിശകളിലേക്കും മൂന്ന് വട്ടം വീതം ഉയർത്തിയ വിടവാങ്ങൽ ചടങ്ങ് ഹൃദയസ്പർശിയായിരുന്നു.

ദൈവാലയത്തോടും, അജഗണങ്ങളോടും, നഗരത്തോടും, ഗ്രാമത്തോടും വിടചൊല്ലി. പ്രത്യേകം ഒരുക്കിയ കബറിലേക്ക് അവസാന യാത്രയായി. വൈദീകർ ഇരുഭാഗത്തും നിരന്ന് നിന്നു. ദുഃഖമടക്കാനാവാതെ മെത്രാപ്പോലീത്തമാർ ഉൾപ്പെടെ പതിനായിരങ്ങളുടെ കണ്ഠങ്ങൾ ഗദ്ഗദങ്ങളായി; കണ്ണുകളിൽ ചാലുകൾ ഒഴുകി. സമാപന ചടങ്ങുകൾ ക്ലോസ്ഡ് സർക്യൂട്ട് ടിവിയിലൂടെയാണ് വിശ്വാസികൾ കണ്ടത്.

സമയം വൈകിട്ട് 5 മണി. മലങ്കരയുടെ പ്രകാശഗോപുരത്തിൻെറ മുഖം കറുത്ത കുരിശും മഞ്ഞപുഷ്പങ്ങളും മുദ്രണം ചെയ്ത വെള്ള ശോശപ്പകൊണ്ട് ആവരണം ചെയ്തു. മലേകുരിശ് മലമുകളിലെ ധ്യാനകേന്ദ്രത്തിൽ നാല് പതിറ്റാണ്ട് മുൻപ് അനുഭവിച്ച ദിവ്യാനുഭൂതിയുടെ ഓർമ്മയിൽ, ദയറായിലെ സെൻറ് ജോർജ്ചാപ്പലിന് തൊട്ടടുത്തായി താൻ അന്ത്യവിശ്രമം കൊള്ളാൻ തൊരഞ്ഞെടുത്ത മണ്ണിൽ, പതിനായിരക്കണക്കിന് വിതുമ്പുന്ന ഹൃദയങ്ങളുടെ സ്നേഹാർച്ചനയും പ്രാർത്ഥനയും സുരഭിലധൂപവും സ്വർഗ്ഗത്തിലേക്കുയരവെ ശ്രേഷ്ഠ ബാവായുടെ ഭൗതീക ശരീരം കബറിലേക്ക് താഴ്ത്തി കുന്തിരിക്കം കൊണ്ട് മൂടി.

മലങ്കരയുടെ പ്രകാശഗോപുരം അസ്തമിച്ചു. എന്നാൽ അതിൽ നിന്നുളളവായ പ്രകാശം വിശ്വാസികളായ സഹസ്രങ്ങൾക്ക് എന്നും മാർഗ്ഗദീപമായിരിക്കും.

ആചാര്യേശോ.....

.....)o(.....

അദ്ധ്യായം 2

ശ്രേഷ്ഠ കാതോലിക്ക ബാവായുടെ വേർപാടിൽ കേരളം ഒന്നടങ്കം വിലപിച്ചു

മലങ്കര യാക്കോബായ സുറിയാനി ഓർത്തഡോക്സ് സഭയുടെ മേലദ്ധ്യക്ഷനും ശ്രേഷ്ഠകാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായുമായിരുന്ന ബസ്സേലിയോസ് പൗലോസ് ദ്വിതീയൻ ബാവായുടെ വേർപാടിൽ കേരളം ഒന്നടങ്കം വിലപിച്ചു. ലാളിത്യം, വിശുദ്ധി, പാണ്ഡിത്യം, ഇവ മൂന്നിന്റെയും ആകെ രൂപമായിരുന്ന ബാവായുടെ വേർപാടിൽ കക്ഷി രാഷ്ട്രീയം മറന്ന് ജാതി വർഗ്ഗീയ ചിന്തകൾ വെടിഞ്ഞ്, ജീവിതത്തിന്റെ നാനാ തുറകളിൽ പെട്ടവർ അനുശോചനം രേഖപ്പെടുത്തി. പ്രഭാപൂരിതമായ ആ ധന്യജീവിതത്തെക്കുറിച്ച് വിശിഷ്ഠ വ്യക്തികളുടെ അനുസ്മരണങ്ങൾ താഴെ ചേർക്കുന്നു.

സീറോ മലബാർ സഭയുടെ തലവനും മേജർ ആർച്ച് ബിഷപ്പുമായ കർദിനാൾ മാർ ആൻറണി പടിയറ

ദൈവനാനുഗ്രഹത്തിന്റെയും സഹജസ്നേഹത്തിന്റെയും നിറവിൽ ജീവിച്ച ധന്യാത്മാവാണ് ശ്രേഷ്ഠബാവാ ക്രൈസ്തവ സമൂഹത്തിന് അദ്ദേഹം നൽകിയ സേവനങ്ങൾ എന്നും സ്മരിക്കപ്പെടും.

മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ ബാവാ

ബസ്സേലിയോസ് പൗലോസ് ദ്വിതീയൻ ആബുൻ കാലം ചെയ്തു എന്ന വാർത്ത എന്നിൽ അത്യധികം ദുഃഖം ഉണ്ടാക്കുന്നു. അദ്ദേഹത്തിന്റെ വേർപാട് മലങ്കര സഭയ്ക്ക് വലിയൊരു നഷ്ടമായി കരുതുന്നു. ദീർഘകാലമായി സഭയ്ക്ക് അദ്ദേഹം നൽകിവരുന്ന സേവനങ്ങൾ വിലപ്പെട്ടവയാണ്.

വരാപ്പുഴ ആർച്ച് ബിഷപ്പ് മാർ കൊർണേല്യോസ് ഇലഞ്ഞിക്കൽ

വിശുദ്ധ മാനസനും തപോനിഷ്ഠനുമായിരുന്ന ശ്രേഷ്ഠ ബാവായുടെ വേർപാട് ഭാരത സഭയ്ക്ക് തീരാനഷ്ടമാണ്.

സി.ബി.സി.ഐ. പ്രസിഡൻറ് ആർച്ച് ബിഷപ്പ് മാർ ജോസഫ് പൗവ്വത്തിൽ

സിറിയൻ ഓർത്തഡോക്സ് സഭയുടെ ശ്രേഷ്ഠ കാതോലിക്ക ബസ്സേലിയോസ് പൗലോസ് ദ്വിതീയൻ ബാവാ ദൈവം തന്നെ ഏൽപ്പിച്ച

ദൗത്യം അർപ്പണ ബോധത്തോടെ നിർവ്വഹിച്ച ദൈവദാസനാണ്. ഭാരത കത്തോലിക്കാ സഭ മുഴുവനെറയും അനുശോചനം അറിയിക്കുകയും നിത്യശാന്തിക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

ഡോ. അലക്സാണ്ടർ മാർത്തോമ്മാ മെത്രാപ്പോലീത്ത

കേരള ക്രൈസ്തവ സമൂഹത്തിന് പൊതുവേയും ഏകൃമെനിക്കൽ പ്രസ്ഥാനത്തിന് പ്രത്യേകിച്ചും ബാവായുടെ ദേഹവിയോഗം തീരാ നഷ്ടമാണ്. അദ്ദേഹത്തിന്റെ ലളിത ജീവിതവും സുറിയാനി പാണ്ഡിത്യവും എടുത്തു പറയത്തക്കതാണ്. അദ്ദേഹത്തിന്റെ വേർപാട് മൂലം മാർത്തോമായ സഭയ്ക്ക് ഒരുത്തമ സുഹൃത്തിനെ നഷ്ടപ്പെട്ടിരിക്കുന്നു.

സി.എസ്. ഐ. ബിഷപ്പ് സാം മാത്യു.

ഉള്ളുരുകി പ്രാർത്ഥിക്കുക, ക്രമേണ പ്രാർത്ഥന തന്നെ ജീവിതമായി രൂപാന്തരപ്പെടുത്തുക അതത്രെ ശ്രേഷ്ഠ ബാവായുടെ വിജയരഹസ്യം. ജീവിത ദർശനമുള്ള വിനയാന്വിതനായ ശ്രേഷ്ഠ ബാവായുടെ വേർപാട് ക്രൈസ്തവ ലോകത്തിന് തീരാ നഷ്ടമാണ്.

ആർച്ച് ബിഷപ്പ് സിറിയം മാർ ബസ്സേലിയോസ്

കേരള ഭാരത സഭകൂംക്ക് ബാവാ വിലകപ്പെട്ട സംഭാവനകളാണ് നൽകിയത്. അദ്ദേഹത്തിന്റെ വേർപാടിൽ ദുഃഖിക്കുന്ന സഭാമക്കളെ ദൈവം ആശ്വസിപ്പിക്കട്ടെ.

മുഖ്യമന്ത്രി ശ്രീ. ഇ. കെ. നായനാർ

ലാളിത്യമാർന്ന ജീവിത ശൈലി, സാത്വികമായ മനസ്സ് സാമൂഹിക പ്രതിബദ്ധത എന്നിവകൊണ്ട് ഏവർക്കും മാതൃകയായിരുന്ന ബാവാ തിരുമേനി സാധുക്കളെയും പീഡിതരെയും ഏറെ സ്നേഹിച്ചിരുന്നു.

മഹാരാഷ്ട്ര ഗവർണർ ഡോ. പി.സി. അലക്സാണ്ടർ

ശ്രേഷ്ഠ ബാവായുമായി വ്യക്തിപരമായി ബന്ധപ്പെടാൻ എനിക്ക് അവസരം ലഭിച്ചിട്ടുണ്ട്. സഭയുടെ ഐക്യത്തിന് വേണ്ടിയുള്ള അദ്ദേഹത്തിന്റെ പ്രതിബദ്ധതയും ജീവിതലാളിത്യവും വിനയവും എന്നും വിലമതിക്കത്തക്കതാണ്.

മുൻ കേന്ദ്രമന്ത്രി ശ്രീ. കെ. കരുണാകരൻ

ശ്രേഷ്ഠ ബാവായുടെ വേർപാട് മൂലം ഉന്നതനായ ഗുരുവും ഉപദേഷ്ടാവുമാണ് എനിക്ക് നഷ്ടപ്പെട്ടിരിക്കുന്നുത്. അദ്ദേഹവുമായി ദീർഘകാലത്തെ ബന്ധം എന്നെ ഒരു ആരാധകനാക്കി മാറ്റി.

പ്രതിപക്ഷ നേതാവു ശ്രീ. എ.കെ. ആൻറണി

ഭാരതീയ ഋഷിവര്യന്മാരെ അനുസ്മരിപ്പിക്കുന്ന ജീവിത ലാളിത്യവും ഈശ്വര ചിന്തയും ഒത്തിണങ്ങിയ മഹനീയ വ്യക്തിത്വത്തിൻെറ ഉടമയായിരുന്നു ശ്രേഷ്ഠ ബാവാ

മന്ത്രി ശ്രീ. പി.ജെ. ജോസഫ്

ആർക്കും അനുകരണീയമായ ലളിതജീവിതം നയിച്ചു പോന്ന ബാവായുടെ കൃത്യനിഷ്ഠയും സത്യസന്ധതയും എറെ ആദരണീയമാണ്. ബാവായുടെ വേർപാട് കേരളത്തിന് തീരാനഷ്ടമാണ്

കിഴക്കിൻെറ വലിയ മെത്രാപ്പോലീത്ത എബ്രഹാംമാർ ക്ലീമീസ്

സത്യവിശ്വാസ സംരക്ഷണത്തിനായി ആജീവനാന്തം പോരാടിയ കർമ്മധീരനായിരുന്നു ശ്രേഷ്ഠ ബാവാ. വിനയത്തിൻെറയും സ്നേഹത്തിൻെറയും പ്രതീകമായിരുന്ന ബാവാ, ശത്രുക്കളെപ്പോലും അനുഗ്രഹിക്കുന്ന പുണ്യാത്മാവാണ്.

ഡോ. ഗീവർഗ്ഗീസ് മാർഗ്രീഗോറിയോസ് മെത്രാപ്പോലീത്താ

സ്നേഹത്തിൻെറ മഹോന്നത വിപഞ്ചിക നിശ്ശബ്ദമായി. ഔദാര്യത്തിൻെറയും സഹനത്തിൻെറയും മൂർത്തിയായ അനുഭവമായിരുന്നു ശ്രേഷ്ഠബാവായുടെ ജീവിതം. കർമ്മധീരനും, ഋഷിതുല്യനുമായ ബാവായുടെ ജീവിത വിശുദ്ധിയും സത്യമാർഗ്ഗത്തിൽ അടിയുറച്ച കർമ്മപഥവും അനുകരണീയമാണ്. സഭയുടെ മങ്ങിപ്പോകാത്ത ദീപസ്തംഭമായിരുന്ന അദ്ദേഹത്തിന് സദൃശ്യനായി ഈ കാലഘട്ടത്തിൽ മറ്റാരുമില്ല.

തോമസ് മാർ ദിവന്നാസിയോസ് മെത്രാപ്പോലീത്താ

പരി. അന്ത്യോഖ്യാ സിംഹാസനത്തോട് ജീവിതാന്ത്യം വരെയും വിശ്വസ്തതയും കൂറും നിലനിർത്തിയ ശ്രേഷ്ഠ ബാവാ ആധുനിക സഭയുടെ ശിൽപ്പിയാണ്. വ്യവഹാരകോലാഹലങ്ങളെ അക്ഷോഭ്യനായി നേരിടാനും പ്രലോഭനങ്ങളെ തട്ടിയെറിയാനും ആ പുണ്യചരിതന് കഴിഞ്ഞു. ബാവായുടെ വേർപാട് മൂലം ഗുരുവിനെയും വഴികാട്ടിയെയും നഷ്ടപ്പെട്ടിരിക്കുന്നു.

ഡോ. എബ്രഹാം മാർ സേവേറിയോസ് മെത്രാപ്പോലീത്താ

പരിശുദ്ധ അന്ത്യോഖ്യ സിംഹാസനത്തോടും സഭയുടെ പാരമ്പര്യങ്ങളോടും പ്രതിബദ്ധത പുലർത്തിയിരുന്ന ശ്രേഷ്ഠ ബാവാ തന്നെ അപഹസിച്ചവർക്ക്വേണ്ടി പ്രാർത്ഥിക്കാൻ വിശാലത പുലർത്തിയ മഹാനായിരുന്നു. ബാവായുടെ ലാളിത്യവും നിഷ്കളങ്കതയും എല്ലവർക്കും മാതൃകയാവണം.

ഡോ. യൂഹാനോൻ മാർ പീലക്സിനോസ് മെത്രാപ്പോലീത്താ

വിശ്വാസ സ്ഥിരതയും വിനായാനിത സമീപനവുമായിരുന്നു ബാവയുടെ മുഖമുദ്ര. മലബാർ ഭദ്രാസനത്തിന്റെ വളർച്ചയ്ക്ക് അദ്ദേഹം നൽകിയ പ്രോത്സാഹനവും വ്യക്തിപരമായ സ്നേഹവാത്സല്യങ്ങളും ഒരിക്കലും മറക്കാനാകില്ല.

ഡോ. തോമസ് മാർ അത്താനാസിയോസ് മെത്രാപ്പോലീത്താ

സഭയുടെ അരനൂറ്റാണ്ട് കാലത്തെ ഗതിവിഗതികൾ നിർണ്ണയിക്കുന്നതിൽ ബാവാ വഹിച്ച പങ്ക് നിർണ്ണായകമാണ് പ്രതിസന്ധികളിൽ സന്തുലിത മനോഭാവത്തോടെ തിരുമാനങ്ങളെടുക്കാൻ കഴിഞ്ഞിരുന്ന ബാവാ മനുഷ്യസ്നേഹത്തിന് പ്രാമുഖ്യം കൽപ്പിച്ചിരുന്നു.

യൂഹാനോൻ മാർ മിലിത്തിയോസ് മെത്രാപ്പോലീത്താ

പരസ്പരസ്നേഹത്തിന്റെ ഊഷ്മളതയെ കണ്ടറിഞ്ഞ ശ്രേഷ്ഠബാവാ മനുഷ്യസ്നേഹത്തിന്റെ വക്താവായിരുന്നു. വിനയവും അക്ഷോഭ്യതയും കരുതലും പ്രാർത്ഥനാ നിർഭരജീവിതവും അദ്ദേഹത്തെ മലങ്കരയുടെ പ്രകാശഗോപുരമാക്കി.

തോമസ് മാർ തീമോത്തോസ് മെത്രാപ്പോലീത്താ

സംഭവ ബഹുലമായ ഒരു ജീവിതത്തിന്റെ അന്ത്യം അചഞ്ചലമായ വിശ്വാസത്തിലൂടെ അനേകർക്ക് അദ്ദേഹം വഴികാട്ടിയായി. സഭയുടെ ഭാവിയെ സംബന്ധിച്ച് ഉൽക്കാഴ്ച്ച യോടെയുള്ള ദർശനം നൽകാനും അദ്ദേഹത്തിന് കഴിഞ്ഞു.

ഗീവർഗ്ഗീസ് മാർപോളിക്കാർപ്പസ് മെത്രാപ്പോലീത്താ

വിശ്വാസ തീക്ഷ്ണതയും ആത്മീയ ചൈതന്യവും ഒത്തിണങ്ങിയ ബാവായുടെ വേർപാട് സഭയ്ക്ക് അപരിഹാര്യമായ നഷ്ടമാണ് . സഭ

പുനർനിർമ്മിക്കുന്നതിൽ അദ്ദേഹം വഹിച്ച പങ്ക് എണ്ണം സ്മരിക്കപ്പെടും.

ജോസഫ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ

ശ്രേഷ്ഠ ബാവായുടെ നേതൃത്വം സഭയ്ക്ക് അവിസ്മരണീയമായ നേട്ടമുണ്ടാക്കി. സത്യവിശ്വാസത്തെ ഉയർത്തിപ്പിടിക്കുന്നതിൽ ബാവാ പ്രകടിപ്പിച്ച അചഞ്ചലമായ നിശ്ചയ ദാർഢ്യം ഏവർക്കും മാതൃകയാവേണ്ടതാണ്.

കെ.പി.സി.സി. ശ്രീ. പസിഡൻറ് വയലാർ രവി

ഉഷ്ണി തുല്യനായിരുന്ന ശ്രേഷ്ഠബാവാ സ്നേഹത്തിൻെറയും സാഹോദര്യത്തിൻെറയും പ്രതീകമായിരുന്നു.

മുൻമന്ത്രി ശ്രീ. കെ. എം.മാണി.

മതസൗഹാർദ്ദത്തിൻെറ ഏറ്റവും ശക്തമായ പ്രചാരകനായിരുന്ന ബാവായുടെ ആകസ്മീക വേർപാട് സമൂഹത്തിന് തീരാനഷ്ടമാണ്.

ഭക്ഷ്യ മന്ത്രി ശ്രീ. ഇ.ചന്ദ്രശേഖരൻ നായർ

ആർത്തരുടെയും അശരണരുടെയും അഭയമായിരുന്ന ബാവായുടെ ലളിത ജീവിതം ഏവർക്കും മാതൃകയാണ്.

മുൻ മന്ത്രി ശ്രീ. ഉമ്മൻചാണ്ടി

ബാവായുടെ ജീവിത വിശുദ്ധിയും സ്വഭാവനൈർമല്യവും ഏവർക്കും മാതൃകയാണ്.

ശ്രീ. പി.സി. ചാക്കോ എം.പി.

ശ്രേഷ്ഠ ബാവാ എല്ലാ അർത്ഥത്തിലും മോശയുടെ പിൻഗാമിയായിരുന്നു.

എൻ.എസ്.എസ് ജനറൽ സെക്രട്ടറി ശ്രീ. പി. കെ. നാരായണപണിക്കർ

ശ്രേഷ്ഠ ബാവാ സഭാതലത്തിലും രാജ്യത്തിന് പൊതുവെയും സേവകനായിരുന്നു.

എസ്. എൻ. ഡി.പി. യോഗം. പ്രസിഡൻറ് ഡോ.കെ. കെ. രാഹുലൻ

മതസൗഹാർദ്ദത്തിൻെറയും മാനവ ഐക്യത്തിൻെറയും സന്ദേശ വാഹകനായിരുന്നു ശ്രേഷ്ഠ ബാവാ.

ബി.ജെ.പി. സംസ്ഥാന പ്രസിഡൻറ് ശ്രീ. കെ.വി. ശ്രീധരൻ.

വിഭിന്ന സമുദായങ്ങളും മതങ്ങളും തമ്മിലുള്ള സൗഹാർദ്ദത്തിന് ബാവായുടെ സ്മരണ ആക്കം വർദ്ധിപ്പിക്കും.

ബി.ജെ.പി. സംസ്ഥാന കമ്മിറ്റി

രാഷ്ട്ര പുരോഗതിക്കും സമുദായമൈത്രിക്കും വേണ്ടി ബാവാ നിർവ്വഹിച്ചിട്ടുള്ള നിസ്തുലമായ സേവനം അദ്ദേഹത്തെ ചരിത്രപുരുഷനാക്കി മാറ്റി.

മുൻ മന്ത്രി കമാണ്ടർ ശ്രീ. പി.പി. തങ്കച്ചൻ

പരി. അന്ത്യോഖ്യാ സിംഹാസനത്തിൻെറ കാവൽ ഭടനായിരുന്നു ശ്രേഷ്ഠ ബാവാ. കാറ്റിലും കോളിലും അടിപതറാതെ സഭയെ മുന്നോട്ട് നയിച്ച ബാവായുടെ വിശ്വാസ തീക്ഷ്ണത വരുംതലമുറയ്ക്ക് മാതൃകയാണ്.

മുൻമന്ത്രി കമാണ്ടർ ശ്രീ. ടി.എം. ജേക്കബ്.

എളിമയിൽ മഹത്വം സമന്വയിപ്പിച്ച മഹാനായിരുന്ന ശ്രേഷ്ഠ ബാവാ സ്നേഹവാത്സല്യങ്ങളുടെയും വിശ്വാസ തീക്ഷ്ണതയുടെയും നിറകുടമായിരുന്നു.

മുൻ കേന്ദ്രമന്ത്രി ശ്രീ. എ.എം. തോമസ്

അന്ത്യോഖ്യാ സിംഹാസനത്തോടുള്ള അതുല്യമായ ഭക്തിയും ബഹുമാനവും ആയുഷ്കാലം മുഴുവൻ സംരക്ഷിച്ച ശ്രേഷ്ഠ ബാവാ ഉന്നത ചിന്തയുടേയും ലളിത ജീവിതത്തിൻെറയും പ്രതീകമായിരുന്നു.

ബാർ ഈത്തോമ ബ്രീറോ ഡോ. ഡി. ബാബുപോൾ

കുഞ്ഞാടുകൾക്ക് വേണ്ടി ജീവൻ ത്യജിക്കാൻ മനസ്സുവച്ച നല്ല ഇടയനായിരുന്നു ശ്രേഷ്ഠ ബാവാ. 21 സംവൽസരങ്ങൾ കൊണ്ട് സഭയെ പുനർനിർമ്മിക്കാൻ കഴിഞ്ഞ കർമ്മയോഗിയായിരുന്നു അദ്ദേഹം.

ശ്രീ. വി.ജെ. പൗലോസ് എം. എൽ.എ.

ലളിതമായി ജീവിക്കുകയും വിശ്വാസത്തെ മുറുകെ പിടിച്ച്. വിശുദ്ധിയിലേക്കുയരുകയും ചെയ്ത മഹാനാണ് ശ്രേഷ്ഠ ബാവാ.

ശ്രീ. പി.സി. തോമസ് എം.പി .

ക്രൈസ്തവദർശനവും ആർഷഭാരത സംസ്കാരവും സമന്വയിപ്പിച്ച്

സമൂഹത്തിന് മാർഗ്ഗദർശിയായി ജീവിച്ച ബാവാ എന്നും നന്മയുടെ പ്രതീകമായിരുന്നു.

മുൻ മന്ത്രി ശ്രീ. ടി.എച്ച്.മുസ്തഫ

ജീവിതലാളിത്യംകൊണ്ടും സ്വഭാവവൈശിഷ്ട്യം കൊണ്ട് ആരേയും തന്നിലേക്ക് ആകർഷിച്ചിരുന്ന ബാവാ മാനവ സഹോദര്യത്തിന്റെ പ്രതീകമാണ്

ശ്രീ. ജോണി നെല്ലൂർ എം.എൽ.എ.

ശ്രേഷ്ഠ ബാവാ മുവ്വാറ്റുപുഴയുടെ ശക്തി സ്രോതസ്സായിരുന്നു. ആത്മീയ കാര്യങ്ങളോടൊപ്പം മുവ്വാറ്റുപുഴയുടെ വികസനത്തിലും അതീവ തൽപ്പരനായിരുന്നു.

കളക്ടർ വി.പി. ജോയി. ഐ.എ.എസ്

അരനൂറ്റാണ്ട് കാലം അചഞ്ചലമായ വിശ്വാസത്തിൽ സഭയെ നയിച്ച ബാവാ അത്യുജ്ജ്വല വ്യക്തിത്വത്തിനുടമയാണ്. നിർണ്ണാക സന്ദർഭങ്ങളിൽ വെല്ലുവിളികൾ ഏറ്റെടുത്ത് വിജയം വരിച്ച ബാവായുടെ സ്മരണ സഭാമക്കൾക്ക് എന്നും പ്രചോദനമായിരിക്കും.

പി.എസ്. സി. മെമ്പർ ഡോ.എം.സി. ജോർജ്ജ്.

സഭാ മക്കളിൽ വിശ്വാസത്തിന്റെ വേരുറപ്പിക്കാൻ യത്നിച്ച കർമ്മയോഗിയായിരുന്നു ശ്രേഷ്ഠബാവാ ബാവായുടെ ത്യാഗോജ്വലമായ ജീവിതം ഏവർക്കും മാതൃകയാണ്.

സഭാ സെക്രട്ടറി കമാണ്ടർ ശ്രീ. ടി.യു. കുരുവിള

സഭയ്ക്കായി തന്നെതന്നെ സമർപ്പിച്ച ബാവായുടെ സ്നേഹവാത്സല്യങ്ങൾ ഒരുകാലത്തും വിസ്മരിക്കാൻ കഴിയില്ല. അന്ത്യോഖ്യാ സിംഹാനത്തോടുള്ള അതുല്യമായ ഭക്തിയും ബഹുമാനവും ആയുഷ്കാലം മുഴുവൻ കാത്തുസൂക്ഷിച്ച വിശ്വാസധീരനായിരുന്നു അദ്ദേഹം.

സഭാ ട്രസ്റ്റി ശ്രീ. കെ. എ. തോമസ്

പരി. അന്ത്യോക്യാ സിംഹാനസത്തെ കൃപയുടെ ഉറവയായികണ്ട നല്ല ഇടയനായിരുന്നു ശ്രേഷ്ഠ ബാവാ

ആത്മദീപം ചീഫ് എഡിറ്റർ റവ. പ്രൊഫ. മത്തായി പാടത്ത്

സഭയുടെ വിശ്വാസാചാരങ്ങളെ അഭംഗുരം കാത്തുസൂക്ഷിക്കാൻ

അന്ത്യംവരെ യത്നിച്ച മഹാത്മായിരുന്നു. ശ്രേഷ്ഠ ബാവാ ആത്മദീപത്തിന് വഴികാട്ടിയായിരുന്നു.

വൈദീക സെമിനാരി പ്രിൻസിപ്പാൾ ഡോ. ആദായി ജേക്കബ് കൊറെപ്പിസ്കോപ്പ

രണ്ട് തലമുറകൾക്ക് മാർഗ്ഗദർശിയാകാൻ ഭാഗ്യം ലഭിച്ച പുണ്യവാനാണ് ശ്രേഷ്ഠ ബാവാ വൈദീക സെമിനാരി ഉണ്ടാകുന്നതിൽ അദ്ദേഹം നൽകിയ വിലയേറിയ സംഭാവനകൾ ഒരു കാലത്തും മറക്കാൻ കഴിയില്ല.

സൺഡേ സ്ക്കൂൾ അസ്സോസിയേഷൻ ജനറൽ സെക്രട്ടറി ശ്രീ. കെ.പി.കുരിയാക്കോസ്

ആലുവായിലെ വലിയ തിരുമേനി ജന്മം കൊടുത്ത സൺഡേസ്ക്കൂൾ പ്രസ്ഥാനത്തിന് ഊടും പാവും പകർന്ന പുണ്യവാനാണ് ശ്രേഷ്ഠ ബാവാ. ആ മഹാത്മാവിന്റെ ഓർമ്മ സൺഡേ സ്ക്കൂൾ പ്രവർത്തകർക്കെന്നും പ്രചോദനമായിരിക്കും.

സൺഡേസ്ക്കൂൾഅസ്സോസിയേഷൻ മുൻ ജനറൽ സെക്രട്ടറി ഷെവ. കെ.വി.പൗലോസ്

സഭാമക്കൾക്ക് വഴികാട്ടിയായ പ്രകാശഗോപുരമാണ് ശ്രേഷ്ഠ ബാവാ. ഭാരതത്തിന്റെ മഹനീയമായ പാരമ്പര്യം ഉൾക്കൊണ്ട് മഹർഷിയെപ്പോലെ ലളിത ജീവിതം നയിച്ചിരുന്ന അദ്ദേഹം അരുപാലന ദൗത്യം നിറപടിയായി നിവർത്തിച്ചു.

ആത്മദീപം പത്രാധിപർ ടി.എം. വർഗ്ഗീസ്

ആത്മ സമർപ്പണവും ജീവിത വിശുദ്ധിയും ആഴമേറിയ പാണ്ഡിത്യവും കൈമുതലാക്കി സ്നേഹത്തിന്റെ സന്ദേശവാഹകനായി കാറ്റിലും കോളിലും ആടിയുലയാതെ സഭാനൗകയെ സുധീരം നയിച്ച യോദ്ധാവായിരുന്നു ശ്രേഷ്ഠ ബാവാ

യൂത്ത് അസ്സോസിയേഷൻ ജനറൽ സെക്രട്ടറി അഡ്വ പി.വി. ഏലിയാസ്

ശ്രേഷ്ഠ ബാവായുടെ വേർപാട് ക്രൈസ്തവ യുവജന പ്രസ്ഥാനങ്ങൾക്ക് തീരനാനഷ്ടമാണ്. ബാവായുടെ എളിമയും ലാളിത്യവും യുവജനങ്ങൾക്ക് മാതൃകയാണ്.

മർത്തമറിയം വനിതാ സമാജം ജനറൽ സെക്രട്ടറി കെ. കെ. മേരിക്കുട്ടി

ലാളിത്യ മാർന്ന ജീവിതവും വിനയാന്വിതമായ പെരുമാറ്റവും കൊണ്ട് ആരേയും ആകർഷിച്ചിരുന്ന ബാവായുടെ ഓർമ്മ ഏവർക്കും പ്രചോദനകരമാണ്.

മലങ്കര യാക്കോബായാ ഓർത്തഡോക്സ് സുവിശേഷ സംഘം കൺവീനർ ഫാ.ഇ.സി. വർഗ്ഗീസ്

വചനത്തിൽ നിന്ന് ശക്തി ധരിച്ച് വചന പ്രഘോഷണത്തിനായി യത്നിച്ച ആത്മനിറവുള്ള സുവിശേഷകനായിരുന്നു ബാവാ. കലർപ്പില്ലാത്ത ആ വചനം പ്രഘോഷിക്കുന്നതിൽ അദ്ദേഹം ശ്രദ്ധിച്ചിരുന്നു. സുവിശേഷകർക്കെന്നും ബാവാ വഴികാട്ടിയാണ്

അത്മായ അസ്സോസിയേഷൻ പ്രസിഡൻറ് ടി.ജെ. മാണി.

പൗരോഹിത്യത്തേയും ജനാധിപത്യത്തെയും സമന്വയിപ്പിച്ച് സഭാ ഭരണത്തിൽ അൽമായർക്ക് അർഹമായ പ്രാതിനിധ്യം നൽകുന്നതിൽ ശ്രേഷ്ഠ ബാവാ ബന്ധശ്രദ്ധനായിരുന്നു.

അദ്ധ്യായം 3

ആദരാഞ്ജലികൾ

എല്ലാ അർത്ഥത്തിലും ഉൽകൃഷ്ടമാനസനായ ശ്രേഷ്ഠകാതോലിക്കാ ബാവായുടെ വേർപാടിൽ കേരളത്തിലെ എല്ലാ ആനുകാലിക പ്രസിദ്ധീകരണങ്ങളും ജനങ്ങൾക്കുണ്ടായ ദുഃഖത്തിൽ പങ്കുചേർന്നു. ആ മഹത് ജീവിതം വീലയിരുത്തുന്ന ഏതാനും മുഖപ്രസംഗങ്ങൾ

ധന്യാത്മാവ്

യാക്കോബായ സുറിയാനി സഭയുടെ പൗരസ്ത്യ കാതോലിക്കയും മലങ്കര മെത്രാപ്പോലീത്തായുമായ മോറാൻ മാർ ബസേലിയോസ് പൗലോസ് ദ്വിതീയൻ ബാവയുടെ നിര്യാണം അപ്രതീക്ഷിതമായിരുന്നു. എൺപത്തിമൂന്നു വയസ്സായിരുന്നുവെങ്കിലും അദ്ദേഹത്തിന്റെ ദേഹവിയോഗം ആകസ്മികമായതുകൊണ്ട് അകാലികമായിട്ടേവിശ്വാസികൾക്ക് അനുഭവപ്പെടുന്നുള്ളൂ. വിശ്വാസികൾക്കും സഭയ്ക്കും ദൈവത്തിനും വേണ്ടി അർപ്പിതമായിരുന്ന ആ മഹത്ജീവിതം സമൂഹത്തിന് അത്രവേഗം നഷ്ടപ്പെടാൻ വയ്യാത്ത സമ്പത്തായിരുന്നു. സഭാനാഥനുവേണ്ട ശുദ്ധിയും ദൈവശാസ്ത്രജ്ഞനുവേണ്ട പാണ്ഡിത്യവും ഭരണാധിപനുവേണ്ടനൈപുണ്യവും ഒത്തിണങ്ങിയിരുന്ന ശ്രേഷ്ഠ കാതോലിക്ക നിത്യജീവിതത്തിൽ ലാളിത്യത്തിന്റെ പ്രതീകമായിരുന്നു. ഫലം നിറഞ്ഞവൃക്ഷശിഖരം പോലെ, ജലം നിറഞ്ഞ കാർമേഘം പോലെ സദാ ഭൂമിയിലേക്ക്, ജനങ്ങളിലേക്ക് താഴ്ന്നു നിന്നു ആ സമുന്നത ശിരസ്സ്. ഭൂമിയുടെ പച്ചപ്പിൽ ജീവന്റെ ചൈതന്യം ദർശിച്ച ആ പ്രകൃതിസ്നേഹിയുടെ മനസ്സിൽ ഓരോ നെന്മണിയെയും പൊന്മണിയായെണ്ണുന്നൊരു കർഷകനുണ്ടായിരുന്നു. സ്വന്തം കൈകൊണ്ട് ചായയുണ്ടാക്കി സന്ദർശകർക്ക് കൊടുക്കുകയും അവരൊന്നിച്ചിരുന്ന് അത് ആസ്വദിക്കുകയും ചെയ്തിരുന്ന അദ്ദേഹം ഔപനിഷദാർഥത്തിൽ 'അതിഥിദേവൻ' തന്നെയായിരുന്നു. അനാഥയായൊരു പാവം സ്ത്രീയുടെ രണ്ടുചില്ലിക്കാശിന് സമ്പന്നരുടെ പണക്കിഴികളെക്കാൾ വില കല്പിച്ച കർത്താവിന്റെ ആ സേവകന് ജീവിതം ധന്യമായനുഭവപ്പെട്ടത്. ഉദയഗിരി സെമിനാരി സ്ഥാപിച്ചപ്പോഴോ കാതോലിക്ക അരമനനിർമ്മിച്ചപ്പോഴോ അല്ല, അറുപതാം പിറന്നാൾ ദിവസം പാവപ്പെട്ട പന്ത്രണ്ടു പെൺകുട്ടികളുടെ വിവാഹം നടത്തിക്കൊടുക്കാൻ കഴിഞ്ഞപ്പോഴാണ്, ദൈവത്തിലൂടെ മനുഷ്യനെയും

മനുഷ്യനിലൂടെ ദൈവത്തെയും സേവിച്ചൊരു ജീവിതത്തിന്റെ അന്ത്യം. അതൊരു തീരാനഷ്ടം തന്നെയാണ്.

മലങ്കരസഭയിൽ രണ്ടു കക്ഷികളും തമ്മിൽ നിയമയുദ്ധം തുടങ്ങിയിട്ട് കാലമേറെയായി. സൂക്ഷ്മവിശകലനത്തിൽ, അന്ത്യോഖ്യാ സിംഹാസനവും മലങ്കര സഭയും തമ്മിലുള്ള ബന്ധത്തിന്റെ രൂപമാണ് ഈ കേസിനടിസ്ഥാനം എന്നു പറയാമെന്നു തോന്നുന്നു. മലങ്കരസഭ അന്ത്യോഖ്യാസഭയുടെ ഭാഗമാണെന്നും, സഭയുടെ മേൽ ആത്മീയ പരമാധികാരം പാത്രിയർക്കീസ് ബാവായ്ക്കാണെന്നും ഉറച്ചു വിശ്വസിക്കുകയും വാദിക്കുകയും ചെയ്യുന്ന ആളായിരുന്നു ശ്രേഷ്ഠ കാതോലിക്ക. 1958-ലുണ്ടായ, സുപ്രീം കോടതി വിധിയനുസരിച്ച്, ഏതാണ്ടൊരു സമതുലനത്തിന്റെ അടിസ്ഥാനത്തിൽ സഭയിൽ പുനരൈക്യമുണ്ടായെങ്കിലും ആ സമാധാനം നീണ്ടുനിന്നില്ല. യേശു ക്രിസ്തു അപ്പോസ്തലികമായ അധികാരം വിശുദ്ധ പത്രോസിനുമാത്രമേ നല്കിയിട്ടുള്ളുവെന്നും (*''പത്രോസേ, നീ പാറയാകുന്നു; നിന്റെ മേൽ ഞാൻ എന്റെ സഭ പടുത്തുയർത്തും''*) അദ്ദേഹത്തിന്റെ പേരിലുള്ള അന്ത്യോഖ്യാ സിംഹാസനത്തിനേ സാധുതയുള്ളുവെന്നും വിശുദ്ധ തോമസ്സിന്റെ പേരിൽ മറുപക്ഷക്കാർ അവകാശപ്പെടുന്ന പിന്തുടർച്ചയ്ക്ക് പ്രസക്തിയില്ലെന്നുമുള്ള അടിസ്ഥാനവാദം പിന്നെയും പലരൂപത്തിൽ, പല കേസുകളായി പുറത്തുവന്നു. അന്ന് പൗലോസ് മോർ പീലക്സിനോസ് എന്ന പേരിൽ കണ്ടനാട് മെത്രാപ്പോലീത്തയായിരുന്ന ശ്രേഷ്ഠ കാതോലിക്ക തന്നെയായിരുന്ന ബാവാ കക്ഷിക്കാരുടെ പ്രധാന വക്താവ്. അത് അദ്ദേഹത്തിന്റെ കക്ഷി മാത്സര്യത്തെയല്ല, വിശ്വാസദാർഢ്യത്തെയാണ് കാണിക്കുന്നതെന്ന് മറുഭാഗക്കാർപോലും സമ്മതിക്കുന്നുണ്ട്. അതങ്ങനെയല്ലാതെ വരുന്നതെങ്ങനെ? അന്ത്യോഖ്യാ സിംഹാസനാനുയായി ആയി പ്രശസ്തനായൊരു പുരോഹിതന്റെ മകനായിട്ടാണ് ജനനം. കുട്ടിക്കാലം മുതൽക്കേ പ്രാർത്ഥനാനിരതനുമായിരുന്ന ജീവിതം. കുട്ടിക്കളികളിലല്ല പിതാവിനോടൊപ്പം ആരാധനകളിൽ പങ്കെടുക്കുന്നതിലായിരുന്നു താല്പര്യം. 19-ാം വയസ്സിൽ ശെമ്മാശപട്ടവും 24-ാം വയസ്സിൽ കശീശപ്പട്ടവും സ്വീകരിച്ചത് അന്ത്യോഖ്യാ പ്രതിനിധി ഏലിയാസ് മോർ യൂലിയോസ് ബാവായിൽ നിന്നാണ്. അദ്ദേഹം തന്നെ പൗലോസച്ചനെ തന്റെ സെക്രട്ടറിയും മഞ്ഞനിക്കര ദയറായിലെ മല്പനാനുമാക്കി. 1952 ഒക്ടോബറിൽ പൗലോസ് മോർ പീലക്സിനോസ് എന്ന പേരിൽ, കണ്ടനാട് മെത്രാപ്പോലീത്തയായി വാഴിച്ചത് ഇഗ്നാത്തിയോസ് അപ്രേം പ്രഥമൻ പാത്രിയർക്കീസ് ബാവായാണ്. ഈ നിരന്തര സമ്പർക്കം മൂലം അന്ത്യോഖ്യാപാത്രിയാർക്കീ

സിൽനിന്ന് അകലുന്നൊരു ചിന്തപോലും അദ്ദേഹത്തിൽ ഉണ്ടായിട്ടില്ല. 1975-ൽ സഭ വീണ്ടും രണ്ടായി. സെപ്തംബർ 7-നു കിഴക്കിന്റെ കാതോലിക്കയായി പൗലോസ് മോർപീലക്സിനോസ് മെത്രാപ്പോലീത്തായെ ബസേലിയോസ് പൗലോസ് ദ്വിതീയൻ എന്ന പേരിൽ, പരിശുദ്ധ ഇഗ്നാത്തിയോസ് യാക്കോബ് തൃതീയൻ പാത്രിയർക്കീസ് ബാവ ദമാസ്ക്കസ്സിൽ വെച്ച് വാഴിച്ചു. വിശ്വാസദാർഢ്യത്തിനു നല്കപ്പെട്ട അംഗീകാരമായിരുന്നു അത് ആ നിലയ്ക്കു തന്നെയാണ്, അല്ലാതെ ഒരുന്നത സ്ഥാനലബ്ധിയായിട്ടല്ല ആ ദൈവദാസൻ പുതിയ പദവിയെ സവിനയം സ്വീകരിച്ചതും.

''അന്തകാലേ ച മാമേവ സ്മരൻ മുക്ത്വാ കളേബരം
യഃ പ്രയാതി സ മദ്ഭാവം യാതി നാസ്ത്യത്ര സംശയഃ''

എന്നൊരു ഗീതാവാക്യമുണ്ട്. അവസാനസമയത്ത് ഭഗവദ്സ്മരണയോടെ ശരീരം വെടിഞ്ഞുപോകുന്ന ജീവൻ ഭഗവദ്ഭാവം തന്നെ പ്രാപിക്കുന്നു എന്നു സാരം. വിശ്വാസിയായ ആരും മതഭേദമെന്യേ ആഗ്രഹിക്കുന്നതാണ്, അവസാന നിമിഷം വരുന്നത് ദൈവചിന്തയോടെ ആകണമെന്ന്. ശ്രേഷ്ഠ കാതോലിക്കയ്ക്ക് ആ അപൂർവഭാഗ്യം കൈവന്നിരിക്കുന്നുവെന്ന് ഉറപ്പിച്ചു പറയാം. ദയറായിൽ ദിവ്യബലിയർപ്പിക്കാൻ പുറപ്പെടുമ്പോളാണ് ഹൃദ്രോഗം അദ്ദേഹത്തെ ബാധിച്ചത്. അതിന്റെ ഗൗരവം അദ്ദേഹത്തിനു മനസ്സിലാവുകയും ചെയ്തിരുന്നു. അതുകൊണ്ടാണ് പിന്നീട് താൻ പങ്കെടുക്കേണ്ട സെന്റ് ജോൺ പള്ളിപാരീഷ് ഹാളിന്റെ ഉദ്ഘാടനം താൻ ഇല്ലെങ്കിലും ഭംഗിയായി നടത്തണം എന്ന് ബന്ധപ്പെട്ടവർക്ക് അദ്ദേഹം നിർദേശം നല്കിയത്. 1052-ൽ ബിഷപ്പിന്റെ ചുമലയേറ്റുകൊണ്ട് താൻ ആദ്യം എത്തുകയും ആറു കൊല്ലം പ്രവർത്തിക്കുകയും ചെയ്ത മലേക്കുരിശിലായിരിക്കണം തന്റെ അന്ത്യവിശ്രമം എന്നു നിർദേശിക്കുന്ന ഒസ്യത്ത് മൂന്നര മാസം മുമ്പ് മെയ് 17-ാം തീയതി എഴുതിവെച്ചപ്പോഴും ഒരു പക്ഷേ, അക്കാര്യം പറഞ്ഞുവെക്കേണ്ടസമയം അടുത്തുവരുന്നു എന്നദ്ദേഹത്തിനു തോന്നിയിരിക്കാം. യാക്കോബായ സഭയിലെ എല്ലാ പള്ളികളിലും എട്ടുനോമ്പാചരണത്തിനും ദൈവമാതാവിന്റെ ജനനപ്പെരുന്നാളിനും തുടക്കം കുറിക്കുന്ന ദിവസമായിരുന്നു ഞായറാഴ്ച. അന്ന് ആരാധനയ്ക്കായി പള്ളികളിൽ എത്തിയപ്പോഴാണ് ഭക്തജനങ്ങൾ സഭാനാഥന്റെ വിയോഗവാർത്ത അറിഞ്ഞത്.ശ്രേഷ്ഠ കാതോലിക്കയുടെ അന്ത്യനിമിഷങ്ങളിൽ അദ്ദേഹത്തിന്റെ മാത്രമല്ല, വിശ്വാസികളായ സഭാംഗങ്ങളുടെ മുഴുവൻ മനസ്സിൽ ദൈവസ്മരണയായായിരുന്നുവെന്നു

ചുരുക്കം. ഈ അറിവ്, ആ ധന്യാത്മാവിന്റെ വിയോഗം കൊണ്ട് ഭക്തജനഹൃദയങ്ങളിലുണ്ടായിട്ടുള്ള ചൂട് ഒട്ടെങ്കിലും ആറ്റാൻ സഹായക മകട്ടെ. ആ പുണ്യപുരുഷന്റെ സ്മരണയ്ക്ക് ഞങ്ങളുടെ ശ്രദ്ധാഞ്ജലി.

(മാതൃഭൂമി)

...()()...

ശ്രേഷ്ഠ കാതോലിക്ക എന്ന പ്രകാശ ഗോപുരം

മലങ്കര യാക്കോബായ സുറിയാനി സഭയുടെ നിർണായക കാലഘട്ടത്തിൽ, സഭാംഗങ്ങൾക്കെല്ലാം വഴികാട്ടിയ പ്രകാശഗോപുര മായിരുന്നു ശ്രേഷ്ഠ കാതോലിക്ക ബസേലിയസ് പൗലോസ് ദ്വിതീയൻ ബാവാ. മെത്രാപ്പോലീത്ത ആയും സഭാധ്യക്ഷൻ എന്ന നിലയിലും യാക്കോബായ സഭയ്ക്കു ശ്രദ്ധേയമായ സംഭാവനകൾ നല്കിയ ശ്രേഷ്ഠ കാതോലിക്ക മറ്റു ക്രൈസ്ത വിഭാഗങ്ങളുടെയും അന്യമതസ്ഥരുടെയും സ്നേഹവും ആദരവും നേടിയിരുന്നു. ജനങ്ങൾക്കു ക്ഷേമവും ഐശ്വര്യവും ഉണ്ടാവണമെന്നതു തന്റെ ഏറ്റവും വലിയ പ്രാർത്ഥനയായി കരുതിയ ശ്രേഷ്ഠ കാതോലിക്കയുടെ ദേഹവിയോഗം ക്രൈസ്തവ സമൂഹത്തിനും, സംസ്ഥാനത്തിനും തീരാനഷ്ടമാണ്.

വൈദികപാരമ്പര്യം കൊണ്ടു ധന്യമായ കുടുംബത്തിലാണു ശ്രേഷ്ഠകാതോലിക്കയുടെ ജനനം. കോട്ടയം പഴയ സെമിനാരി, എം.ഡി.സെമിനാരി എന്നിവിടങ്ങളിൽ മല്പാനായിരുന്ന പിതാവു ചെറായി പുതുശേരി ജോസഫ് കശ്ശീശ 'മലങ്കര ഇടവക ദീപ്തി' യുടെ പത്രാധിപരായിരുന്നു. ആരാധനാകർമ്മങ്ങളിൽ പിതാവിനെ സഹായി ക്കുന്നതിൽ തല്പരനായ പി.ജെ. പൗലോസ് സഭാസേവനം തന്നെ തെരഞ്ഞെടുത്തതു ദൈവനിയോഗമായി കരുതാം.

ഈ നൂറ്റാണ്ടിന്റെ ആദ്യപാദത്തിൽ സഹോദരൻ അയ്യപ്പന്റെ സാമൂഹിക പരിഷ്കരണാഹ്വാനം കേട്ടു ത്രസിച്ചുനിന്ന ചെറായിയിൽ ആയിരുന്നു സെക്കൻഡറി വിദ്യാഭ്യാസം. തുടർന്ന് കോട്ടയം സി.എം.എസ കോളേജിലും ആലുവ യു.സി. കോളേജിലും ആയി വിദ്യാഭ്യാസം പൂർത്തിയാക്കിയ അദ്ദേഹം അന്ന് ഇന്ത്യയെ പിടിച്ചുലച്ചിരുന്ന സ്വാതന്ത്ര്യപ്രക്ഷോഭങ്ങളിൽ അതീവതല്പരനായിരുന്നു. സ്റ്റേറ്റ് കോൺഗ്രസിന്റെ നേതൃത്വത്തിൽ നടന്ന പ്രക്ഷോഭത്തോട് അനുഭാവം പ്രകടിപ്പിക്കാൻ സി.എം.എസ് കോളേജിൽ ഉപവാസമിരുന്ന ആ

യുവാവിൽ സമൂഹത്തോടുള്ള പ്രതിബദ്ധത അന്നേ പ്രകടമായിരുന്നു.

ബാല്യകാലത്തു പിതാവിൽ നിന്നും സുറിയാനി അഭ്യസിച്ച അദ്ദേഹം മഞ്ഞനിക്കര ദയറായിലായിരുന്നു വൈദികപഠനം നടത്തിയത്. സുറിയാനിയിലും സംസ്കൃതത്തിലും ഇംഗ്ലീഷിലും അഗാധ പാണ്ഡിത്യം ഉണ്ടായിരുന്ന യുവവൈദികൻ സഭയിൽ ശ്രദ്ധേയനാകാൻ അധികം വൈകിയില്ല. വൈദികനായിരിക്കെ, ആത്മീയ പ്രസ്ഥാനങ്ങൾക്കും നേതൃത്വം നല്കി. കണ്ടനാടു ഭദ്രാസനത്തിനു പുതിയ അധിപനെ തെരഞ്ഞെടുക്കേണ്ടിവന്നപ്പോൾ, പളളി പ്രതിപുരുഷയോഗം ആ സ്ഥാനത്തേക്കു നിയോഗിച്ചത് ഫാ. പി. ജെ. പൗലോസിനെ ആയിരുന്നു. പൗലൂസ് മോർ പീലക്സിനോസ് എന്ന പേരിൽ അദ്ദേഹത്തെ മെത്രാഭിഷേകം നടത്തിയത് സിറിയയിലെ ഹോംസിൽ വച്ച് അന്നത്തെ അപ്രേം പ്രഥമൻ പാത്രിയർക്കീസ് ബാവ. ഇപ്പോഴത്തെ പാത്രിയാർക്കീസ് ബാവയെ വാഴിച്ചപ്പോൾ പ്രധാന കാർമികത്വം വഹിക്കാനുള്ള ഭാഗ്യം ശ്രേഷ്ഠ കാതോലിക്കയ്ക്കുണ്ടായി.

മെത്രാൻ സ്ഥാനം പൂമെത്തയല്ല, കഷ്ടതയുടെയും ത്യാഗത്തിന്റെയും പാതയാണെന്നും ശ്രേഷ്ഠ കാതോലിക്കയ്ക്ക് അന്നേ അറിയാമായിരുന്നു. മലങ്കരസഭ അന്ത്യോഖ്യാസഭയുടെ ഭാഗമാണെന്നും, ആത്മീയാധികാരം പാത്രിയർക്കീസ് ബാവായ്ക്കാണെന്നുമുള്ള നിലപാടിൽ ഉറച്ചുനിന്നിരുന്ന അദ്ദേഹം ഐക്യത്തിനായി ത്യാഗങ്ങൾ അനുഷ്ഠിച്ചു. 1958-ലെ സുപ്രീംകോടതിവിധിയെത്തുടർന്നു സഭയിൽ സമാധാനം പുനഃസ്ഥാപിതമായപ്പോൾ, ഔഗേൻ മോർ തിമോത്തിയോസ് സീനിയർ മെത്രാപ്പോലീത്ത ആയും മാർ പീലക്സിനോസ് സഹായ മെത്രാനായും ഭദ്രാസനത്തിന്റെ ഭരണച്ചുമതല നടത്തി. പില്ക്കാലത്തു സഭയിൽ പ്രശ്നങ്ങൾ ഉണ്ടാകുകയും അന്തരീക്ഷം പ്രക്ഷുബ്ധമാകുകയും ചെയ്തപ്പോൾ, സഭയുടെ അമരക്കാരനായി യാക്കോബായപളളി പ്രതിപുരുഷയോഗം തെരഞ്ഞെടുത്തത് പൗലോസ് മോർ പീലക്സിനോസിനെ ആയിരുന്നു.

ആ ചരിത്രനിയോഗമാണ് ഇരുപതുവർഷത്തിലേറെയായി ശ്രേഷ്ഠ കാതോലിക്ക സ്തുത്യർഹമായി നിർവഹിച്ചുപോന്നത്. സ്ഥാനമാനങ്ങൾ ആയജീവിതശൈലിയിൽ മാറ്റംവരുത്തിയില്ല. സഭയിലെ മാത്രമല്ല, എല്ലാ വിഭാഗങ്ങളിലെയും ജനങ്ങളും ശ്രേഷ്ഠ കാതോലിക്കയുടെ പ്രാർത്ഥനാജീവിതത്തെയും എളിമയെയും ഭക്ത്യാദരവോടെയാണ് വീക്ഷിക്കുന്നത് ഇടവക ഭരണത്തിൽ നിയമത്തെക്കാൾ വാത്സല്യം നിറഞ്ഞ ശബ്ദത്തിനായിരുന്നു മുൻതൂക്കം. നയതന്ത്രചാതുര്യത്തിനോ, പാണ്ഡിത്യത്തിന്റെ

പ്രകടനത്തിനോ മുതിരാതെ സ്നേഹത്തിലും ത്യാഗത്തിലും അധിഷ്ഠിതമായ ജീവിതം. ആഴവും പരപ്പുമുള്ള വായനയുടെ ഉടമകൂടിയായിരുന്നു അദ്ദേഹം.

ഒച്ചപ്പാടില്ലാത്ത പ്രവർത്തനശൈലിയിലൂടെ, ശ്രേഷ്ഠ കാതോലിക്ക സഭയ്ക്കു ബഹുമുഖമായ പുരോഗതി നേടിക്കൊടുത്തു. ഉദയഗിരി സെമിനാരി സ്ഥാപിച്ചതുവഴി സഭയിലെ വൈദിക വിദ്യാഭ്യാസത്തിനു ശക്തമായ അടിത്തറപാകി. മൂവാറ്റുപുഴയിലെ അരമന നിർമാണം പൂർത്തിയായതു ശ്രേഷ്ഠ കാതോലിക്കയുടെ ഭരണത്തിലാണ്. സഭയുടെ വളർച്ച വിദേശനാടുകളിലുമെത്തി. സാധു പെൺകുട്ടികൾക്ക് വിവാഹ സഹായമെത്തിക്കാനും അനാഥർക്കും കൈത്താങ്ങൽ നല്കാനും കഴിഞ്ഞതിനെ ജീവിതത്തിലെ ധന്യമുഹൂർത്തങ്ങൾ എന്നദ്ദേഹം വിശേഷിപ്പിച്ചു. നിളുകളങ്ക ജീവിതത്തിന്റെയും സനേഹത്തിന്റെയും ആഴം എത്രയെന്നു വ്യക്തമാക്കുന്ന ജീവിത ദർശനം. മണ്ണിനോടുള്ള അടുപ്പം കൈവിടാതിരുന്ന അദ്ദേഹം ഇടവക സന്ദർശനവേളയിൽ കർഷകരുമായി പ്രശ്നങ്ങൾ ചർച്ചചെയ്യുമായിരുന്നു.

സഭയിലെ അനൈക്യം ശ്രേഷ്ഠാ കാതോലിക്കയ്ക്ക് എന്നും ഒരു വേദനയായിരുന്നു. ശാശ്വതസമാധാനം പുനഃസ്ഥാനപിക്കാനുള്ള ശ്രമങ്ങളിൽ സജീവ പങ്കാളിയായി. സഭ ഒന്നായിക്കാണാനുള്ള ആഗ്രഹം നിറവേറാതെയാണു ശ്രേഷ്ഠ കാതോലിക്ക കാലയവനികയ്ക്കു പിന്നിൽ മറഞ്ഞത്.

മലങ്കര യാക്കോബായ സുറിയാനിസഭയ്ക്കും ക്രൈസ്ത സമൂഹത്തിനും ഒരു വലിയ ഇടയൻ നഷ്ടപ്പെട്ടിരിക്കുകയാണ്. ആ ദുഃഖത്തിൽ ഞങ്ങളും പങ്കുചേരുന്നു. ശ്രേഷ്ഠ കാതോലിക്കയുടെ പ്രാർത്ഥനാ ജീവിതവും ലളിതമായ ജീവിതശൈലിയും ജീവിത ദർശനവും എല്ലാവർക്കും മാതൃകയാവട്ടെ.

(മലയാള മനോരമ)

...()()...

ശ്രേഷ്ഠതയിലേക്ക് ഉയർന്ന മർത്യതേജസ്

ഈശ്വരനിയോഗത്താലും സ്വകർമ്മത്താലും ശ്രേഷ്ഠയിലേക്ക് ഉയർന്ന അതുല്യ ആധാത്മിക തേജസായിരുന്നു കാലംചെയ്ത ശ്രേഷ്ഠ കാതോലിക്ക ബസേലിയോസ് പൗലോസ് ദ്വിതീയൻ ബാവ.

ലോകരെല്ലാം അദ്ദേഹത്തെ ശ്രേഷ്ഠനെന്നു വിളിച്ചിരുന്നത് ശ്രേഷ്ഠ പദം തന്റെ സ്ഥാനപ്പേരിന്റെ വിശേഷണമായുതുകൊണ്ടായിരിക്കാം. എന്നാൽ അവരുടെ ഹൃദയങ്ങളിൽ അദ്ദേഹം ശ്രേഷ്ഠനായി കുടികൊണ്ടത് സഭാപരമോ സ്ഥാനപരമോ ആയ ഔന്നത്യം കൊണ്ടല്ല; താൻ നയിച്ച സമൂഹത്തിന്റെ വലിപ്പമോ പ്രതാപമോ കൊണ്ടല്ല. പിന്നെയോ ആ മഹനീയാസനത്തിൽ ഇരിക്കാൻ നിയുക്തമായ ഭൗതിക ശരീരത്തിനുള്ളിൽ വർത്തിച്ച ഹൃദയത്തിന്റെ അതിവിശാലതകൊണ്ട്; അവിടെ തിരതല്ലിയ സ്നേഹത്തിന്റെ ആഴം കൊണ്ട്.

ഔദ്യോഗികമായി അദ്ദേഹം യാക്കോബായ സുറിയാനിസഭയുടെ തലവനായിരുന്നു. അന്ത്യോഖ്യപാത്രിയർക്കീസ്ബാവയുടെ പ്രതിനിധി. എന്നാൽ, ആ വലിയ ഹൃദയം ആ സഭയുടേതുമാത്രമായിരുന്നില്ല. ആ ദിപസ്തംഭം ഒരു സമുദായത്തിന്റേതുമാത്രമായിരുന്നില്ല. ആ ആദ്ധ്യാത്മീകതേജസ് താൻ പ്രത്യക്ഷത്തിൽ നയിച്ച അജഗണത്തിനുമാത്രം അവകാശപ്പെട്ടതായിരുന്നില്ല.

യാക്കോബായ സുറിയാനി സഭയ്ക്ക് പുറത്ത് മറ്റു ക്രൈസ്തവ വിഭാഗങ്ങളുടെയും ഇതര മതസ്ഥരുടെയും ഹൃദയങ്ങളിൽ അദ്ദേഹം സ്ഥാനം നേടി. അവരുടെ ആദരവും സ്നേഹവും അവകാശമാക്കി. തങ്ങൾക്കുംകൂടി അവകാശപ്പെട്ട ശ്രേഷ്ഠപുരുഷനാണ് അദ്ദേഹമെന്ന് മറ്റു സമുദായങ്ങൾക്കും തോന്നും വിധമായിരുന്നു ആഹൃദയത്തിന്റെ വ്യാപാരങ്ങൾ.

കാറ്റും പിശറും ഏറെ അസ്വസ്ഥതകരം സൃഷ്ടിച്ച ജീവിത സാഗരം. തർക്കങ്ങളുടെയും കേസുകളുടെയും മധ്യേ താൻ നയിക്കുന്ന സഭയുടെ സുരക്ഷിതമായ യാനത്തനുവേണ്ടി ക്ലേശങ്ങളേറെ സഹിക്കേണ്ടിവന്നപ്പോഴും അദ്ദേഹം ക്ഷോഭിച്ചില്ല. സഭയുടെ പോരാട്ടം വിഭാഗീയതയുടെ ഏറ്റുമുട്ടലായി കാണാതെ വിശ്വാസരക്ഷയ്ക്കുവേണ്ടിയുള്ള ക്രൂശു'യാത്രയായി അദ്ദേഹം കണ്ടു.

ഉള്ളിൽ തുളുമ്പിയ മനുഷ്യസ്നേഹവും ആർദ്രതയും അനുകമ്പയും സമൃദ്ധമായി ചുറ്റിനുമൊഴുക്കാൻ നേരിടേണ്ടി വന്ന പരീക്ഷണങ്ങളുടെ കാഠിന്യം തടസ്സമായതുമില്ല.

ജ്ഞാനത്തിനുവേണ്ടി മാത്രം പ്രാർത്ഥിച്ച സോളമനെപ്പോലെയായിരുന്നു ആ തപോധനൻ. സോളമനെപോലെ ജ്ഞാനത്തിനുമാത്രമല്ല, അതിലൂടെ പ്രതാപത്തിനും സ്രഷ്ടാവ് അദ്ദേഹത്തെ യോഗ്യനാക്കി. ലാളിത്യവും പാണ്ഡിത്യവും തികഞ്ഞ ശ്രേഷ്ഠ കാതോലിക്ക ബാവാ

ആയിരുന്നു യാക്കോബായ സുറിയാനി സഭയുടെ അഭ്യുന്നതിക്ക് കാരണക്കാരൻ എന്നു പറയുന്നത് ആ ശ്രേഷ്ഠന്റെ വിശ്വാസത്തിന് എതിരാകും. എന്നാൽ എല്ലാ പുരോഗതിക്കും സ്രഷ്ടാവ് ആതനയനെ സുപ്രധാന ഉപകരണമാക്കി എന്നതു വിനീതമായ ഹൃദയത്തിനും ഏറ്റുപറയാതിരിക്കാൻ കഴിയില്ല.

യാക്കോബായ സുറിയാനി സഭയുടെ അമരക്കാരനായിരുന്ന കാൽനൂറ്റാണ്ട് അദ്ദേഹത്തിനു കുരിശിന്റെ വഴിതന്നെയായിരുന്നു. എങ്കിലും ഒഴിഞ്ഞുമാറാൻ അദ്ദേഹം തുനിഞ്ഞില്ല. ഇരുപതു വർഷം സഭാതനയർക്കുവേണ്ടി ജീവിതസമരം നടത്തുമ്പോഴും മുറിഞ്ഞുമാറിയ സഭാവിഭാഗങ്ങം ഒന്നായിക്കാണാൻ ആ ഹൃദയം നൊമ്പരത്തോടെ ആശിച്ചിരുന്നു.യാക്കോബായ സുറിയാനിസഭയെ കാത്തോലിക്കാ സഭയുമായികൂടുതൽ അടുപ്പിച്ചത്ആതാപസശ്രേഷ്ഠന്റെ പ്രാർത്ഥനയും കർത്തൃഹിതത്തിനായുള്ള ആത്മസമർപ്പണവുമായിരുന്നു.

പ്രാർത്ഥനാ ജീവിതത്തിലും വൈദികവൃത്തിയിലും ഉറച്ച പാരമ്പര്യമുള്ള ശീക്ഷണം കർത്താവിനാൽ തെരഞ്ഞെടുക്കപ്പെടാനുള്ള നിമിത്തമായിവളർന്നിരിക്കാം. ദൈവികനിയോഗം നിറവേറ്റാൻ നല്ല പേർ പൊരുതി ഓട്ടം തികച്ച ശ്രേഷ്ഠ ബാവയെ സ്രഷ്ടാവ് തിരികെ വിളിച്ചത് താനേറെ ആഗ്രഹിച്ച സഭൈക്യം നേരിട്ടുകാണാൻ അവസരമാകും മുമ്പെയാണ്

ഭൗതികലോകത്തിന് ആ വെളിച്ചത്തിന്റെ വിയോഗം വലിയ നഷ്ടമാണ്. ദുഃഖകാരമാണ്. യാക്കോബായ സുറിയാനിസഭയ്ക്കുമാത്രമല്ല ഇതര ക്രൈസ്തവസമൂഹങ്ങംക്കും നഷ്ടപ്പെട്ടതു തേജസ്വിയായ ആചാരനെയാണ്; നല്ല ഒരു ഇടയനെയാണ് ഈ ദുഃഖം കേരളസമൂഹം മുഴുവൻറെയുമാണ്.

സ്രഷ്ടാവിനു മാത്രം പരിഹരിക്കാൻ കഴിയുന്ന ഈ നഷ്ട ബോധത്തിലും ദുഃഖത്തിലും ഞങ്ങളും പങ്കുചേരുന്നു. സ്രഷ്ടാവിനാൽ തെരഞ്ഞെടുക്കപ്പെട്ട ആ ശ്രേഷ്ഠത ഏവർക്കും വഴികാട്ടിയാവട്ടെ; ഒരിക്കലും അണയാത്ത ദീപസ്തംഭവും.

(ദീപിക)

...()()...

ആത്മസമർപ്പണത്തിന്റെ ധന്യജീവിതം

മാനവമൈത്രിക്കും സഭകളുടെ ഐക്യത്തിനും അനവരതം യത്നിച്ച അഭിവന്ദ്യനും ആദരണീയനുമായ മാർ ബസേലിയോസ് പൗലോസ് ദ്വിതീയൻ ബാവയുടെ വേർപാട് സമൂഹത്തിനും രാഷ്ട്രത്തിനും നഷ്ടമാണ്.

മലങ്കര യാക്കോബായ സുറിയാനി സഭയുടെ മേലധ്യക്ഷനും കിഴക്കിന്റെ കാതോലിക്കയും മലങ്കര മെത്രാപ്പോലീത്തായുമായ മാർ ബസേലിയോസ് പൗലോസ് ദ്വിതീയൻ ബാവ വിശ്വാസത്തിന്റെ വീഥിയിൽ സത്യസന്ധതയും ആത്മാർപ്പണവും കൊണ്ട് ജീവിതത്തിന്റെ സമസ്തതലങ്ങളിൽ ഉള്ളവരുടെയും സ്നേഹാദരങ്ങൾ പിടിച്ചു പറ്റിയ ത്യാഗിവര്യനാണ്.

ലാളിത്യമായിരുന്നു ആ ജീവിതത്തിന്റെ പ്രത്യേകത. സ്നേഹവും നിഷ്കളങ്കയുമായിരുന്നു ആ വ്യക്തിത്വത്തിന്റെ മഹിമ. മനുഷ്യ സ്നേഹവും മതമൈത്രിയുമായിരുന്നു അവസാന ശ്വാസം വരെ അദ്ദേഹം ഉരുവിട്ട മന്ത്രം.

അതിരറ്റ ഈശ്വര വിശ്വാസത്തിലും അളവറ്റ നിശ്ചയ ദാർഢ്യത്തിലും അകളങ്കിതമായ അർപ്പണ ബോധത്തിലും അടിയുറച്ച ആദ്ധ്യാത്മിക നേതൃത്വമായിരുന്നു അദ്ദേഹത്തിന്റേത്. 1975-ൽ മലങ്കരയാക്കോബായ സുറിയാനി സഭയുടെ നേതൃത്വം ഏറ്റെടുക്കേണ്ടിവന്നു. നാഥനുമുതൽ ഇഴിഞ്ഞ ഇരുപത്തൊന്നു വർഷക്കാലം സഭയെ കാറും കോളും നിറഞ്ഞ ഘട്ടങ്ങളിലെല്ലാം സുരക്ഷിതമായി നയിച്ച ആദ്ധ്യാത്മിക തേജസ്സായിരുന്നു ശ്രേഷ്ഠ കാതോലിക്ക ബാവ. പത്ത് ഭദ്രാസനങ്ങളും പന്ത്രണ്ട് മെത്രാപ്പോലീത്തമാരും നൂറുക്കണക്കിന് പള്ളികളുമുള്ള മലങ്കര യാക്കോബായ സുറിയാനി സഭയ്ക്ക് ആധ്യാത്മികനേതൃത്വം പകരുമ്പോഴും തന്നെ സമൂഹത്തിനും രാഷ്ട്രത്തിനും നേരെ പ്രതിസന്ധികൾ ഉരുണ്ടു കൂടുമ്പോൾ ദേശാഭിമാനത്തിന്റെയും മനുഷ്യത്വത്തിന്റെതുമായ ഭാഷയും സമീപനവുമായി മുന്നിട്ടിറങ്ങാൻ അദ്ദേഹം ഒട്ടും മടികാണിച്ചിരുന്നില്ല.

ക്രൈസ്തവസഭകൾ പരസ്പരം കലഹിക്കുന്നതിൽ ഉള്ളു നൊന്തിരുന്നതായിരുന്നു ആ മനസ്സ്. സഭകളുടെ ഐക്യം എന്ന നല്ല ആശയം സഫലീകൃതമായി കാണാൻ കിട്ടുന്ന അവസരങ്ങളെല്ലാം വിനിയോഗിച്ചിട്ടുള്ള ശ്രേഷ്ഠ കാതോലിക്കബാവ ഇക്കാര്യത്തിൽ ഇതുവരെയുണ്ടായിട്ടുള്ള പുരോഗതിയിൽ നിർണായക പങ്ക് വഹിച്ചിട്ടുണ്ട്.

ദൈവത്തിനും രാജ്യത്തിനും കൊള്ളാവുന്നവരായി വളരണമെന്നായിരുന്ന അദ്ദേഹം എപ്പോഴും സഭാവിശ്വാസികളെ ഉപദേശിച്ചും ഉദ്ബോധിപ്പിച്ചും പോന്നത്. തികഞ്ഞ രാജ്യസ്നേഹിയുടെയും ഋഷിവര്യ ജീവിതതുല്യമായ ഈശ്വരവിശ്വാസിയുടെയും ഉദ്ബോധനമാണിതിൽ തെളിഞ്ഞുകാണുന്നത്.

മലങ്കര യാക്കോബായ സുറിയാനി സഭയുടെയും സഭാവിശ്വാസികളുടെയും വളർച്ചയ്ക്കും ഉന്നമനത്തിനും വേണ്ടി അക്ഷീണയത്നം നടത്തുക ജീവിതവ്രതമായി സ്വീകരിച്ചെങ്കിലും ഒരിക്കലും മതവിശ്വാസത്തെ ചൂഷണം ചെയ്യാൻ അനുവദിക്കാതിരുന്ന ഉൽപതിഷ്ണു ആയിരുന്നു അദ്ദേഹം. എപൺപതുകളുടെ ആദ്യം മുതൽ ഇന്ത്യൻ രാഷ്ട്രീയത്തിൽ മതത്തിന്റെ സ്വാധീനം വർദ്ധിച്ചുവന്നതിൽ തികച്ചും ഖിന്നനായിരുന്നു. അവരവരുടെ രാഷ്ട്രീയ ലാഭത്തിനുവേണ്ടി മതത്തെ ദുരുപയോഗം ചെയ്യുന്നതാണ് ഇന്ത്യയിലെ വർഗീയ-രാഷ്ട്രീയ സംഘർഷങ്ങളുടെ അടിസ്ഥാനമെന്നു തന്നെയായിരുന്നു ശ്രേഷ്ഠ കാതോലിക്ക ബാവായുടെ കാഴ്ചപ്പാട്. സ്വാർത്ഥമോഹമില്ലാതെ എല്ലാവരും സ്വന്തം മതത്തിന്റെ പ്രബോധനങ്ങൾ അനുസരിച്ചാൽ സമൂഹത്തിലെ സംഘർഷങ്ങൾ സ്വയം ഒഴിവാകുമെന്ന അഭിപ്രായ ക്കാരനായിരുന്നു അദ്ദേഹം.

പരസ്പരം സ്നേഹം മാത്രമാണ് ഇന്നത്തെ സാമൂഹിക പ്രശ്നങ്ങൾക്കു പരിഹാരമെന്ന് അദ്ദേഹം ഉറച്ച് വിശ്വസിച്ച് അതിനായി പ്രയത്നിച്ചു. ക്രൈസ്തവ സന്ദേശം മാനവരാശിയിലാതെ എത്തിക്കുകയാണ് സഭകളുടെ ദൗത്യമെന്നും സേവനരംഗങ്ങളിലെ ആത്മാർത്ഥമായ പ്രവർത്തനങ്ങളിലൂടെയാണ് ക്രിസ്തീയ വെളിച്ചം ഇതരിൽ എത്തിക്കേണ്ടതെന്നും വിശ്വാസികളെ ഉപദേശിച്ച വലിയ മനുഷ്യസ്നേഹിയായിരുന്നു ശ്രേഷ്ഠ കാതോലിക്ക ബാവാ. ഇന്ത്യൻ സാമൂഹികരംഗത്തെ നേർവഴിക്ക് നയിക്കാൻ ആദ്ധ്യാത്മികാചാര്യന്മാരുടെ സേവനം അനിവാര്യമായ കാലഘട്ടത്തിലാണ് മാർ ബസേലിയോസ് പൗലോസ് ദ്വിതീയൻ ബാവായുടെ വേർപാട്. സഭയ്ക്കും സമൂഹത്തിനുമുണ്ടായ അപരിഹാര്യമായ ഈ നഷ്ടത്തിൽ ഞങ്ങൾ ആത്മാർത്ഥമായി ദുഃഖിക്കുന്നു. ആത്മശാന്തിക്കായി ഉള്ളുഴിഞ്ഞു പ്രാർത്ഥിക്കുന്നു. അദ്ദേഹത്തെപ്പറ്റിയുള്ള സ്മരണകൾ സ്നേഹവിശ്വാസങ്ങളുടെ പാതയിൽ ബഹുദൂരം മുന്നോട്ടുനീങ്ങാൻ മലങ്കര യാക്കോബായ സുറിയാനി സഭയെ സഹായിക്കുമെന്നു തീർച്ച.

(മംഗളം)

...()()...

ശ്രേഷ്ഠ കാതോലിക്കാബാവാ

അനുസ്മരണം

ഡോ. കെ. എ. ജോർജ്ജ്

ദിവംഗതനായ ശ്രേഷ്ഠ ബാവായോടുകൂടെ രണ്ടു വർഷം താമസിച്ച് പല കാര്യങ്ങളും പഠിക്കുവാനും, അവിടുത്തെ ജീവിതത്തിൽ നിന്ന് പലതും ഉൾക്കൊള്ളുവാനും സാധിച്ചത് ഒരു ഭാഗ്യമായി കരുതുകയും, അതോർത്ത് നന്ദി നിറഞ്ഞ ഹൃദയത്തോടെ ദൈവത്തെ സ്തുതിക്കുകയും ചെയ്യുന്നു. മൂവാറ്റുപുഴ മുതൽ തിരുവനന്തപുരം വരെയും, കൊച്ചി മുതൽ നരസിംഹരാജപുരംവരെയും പലപ്പോഴും അദ്ദേഹത്തോടൊപ്പം യാത്ര ചെയ്തിട്ടുള്ള എനിക്ക് അദ്ദേഹത്തിന്റെ ജീവിതത്തിലെ മഹനീയമായ ആദർശങ്ങളും കാഴ്ചപ്പാടുകളും നേരിൽ മനസ്സിലാക്കുവാനും സാധിച്ചിട്ടുണ്ട്.

ലളിതമായി ജീവിതവും, ആഴമായ ആത്മീയതയുമാണ് തിരുമേനിയിൽ കണ്ട ഏറ്റവും ആകർഷണീയമായ കാര്യങ്ങൾ. യാമപ്രാർത്ഥനകൾ കൃത്യസമയത്ത് നടത്തുന്നതിലും രഹസ്യപ്രാർത്ഥനകൾ ഭക്തിയോടെ ധ്യാനിച്ച് വേദപുസ്തകം വായിച്ച് ദൈവസാന്നിദ്ധ്യ ബോധം അനുഭവിച്ച് പ്രാർത്ഥിക്കുന്ന രീതി വളരെ ശ്രദ്ധേയമായിരുന്നു. പ്രതിസന്ധിഘട്ടത്തിൽ പതറാതെ, ദൈവീക സംസർഗ്ഗത്തിലൂടെ ആത്മീയ ശക്തിപ്രാപിച്ച് പ്രശ്നങ്ങളെ നേരിടുന്നതിന് അദ്ദേഹം ജീവിതത്തിൽ വളരെയധികം പ്രാധാന്യം കൊടുത്തു. ആരാധനകളിൽ അവിടുത്തെ നിഷ്ഠ, ഭയ, ഭക്തി, നിഷ്ക്കർഷത തുടങ്ങിയവ അവസാനം വരെ കാത്തുസൂക്ഷിക്കുന്നതിൽ ബാവ ശ്രദ്ധപതിപ്പിച്ചു. കറപുരളാത്ത വ്യക്തി ജീവിതത്തിന്റെ ഉടമയായിരുന്നു അദ്ദേഹം. ശിഷ്യന്മാരായ പട്ടക്കാരും, ശെമ്മാശന്മാരും ആദർശപുരുഷനായി അദ്ദേഹത്തെ കണ്ട് ആദരപൂർവ്വം അനുകരിക്കുവാൻ ശ്രമിച്ചു. അന്ത്യോഖ്യാ സിംഹാസനത്തെക്കുറിച്ചും അതിൽവാണരുളുന്ന പാത്രിയർക്കീസ് ബാവാമാരെക്കുറിച്ചും സംസാരിക്കുമ്പോൾ തിരുമേനി വാചാലനാകാറുണ്ടായിരുന്നു. അദ്ദേഹത്തിന് ഏറ്റവും ഭക്തിയും, ആദരവുമുള്ള വ്യക്തി, അന്ത്യോഖ്യാ പ്രതിനിധി മാർ യൂലിയോസ് മെത്രാപ്പോലീത്താ ആയിരുന്നു. ഏതെല്ലാം പ്രയാസങ്ങൾ ഉണ്ടായാലും അന്ത്യോഖ്യാ സിംഹാസനത്തെ അവസാനം വരെ ഉപേക്ഷിക്കയില്ലയെന്ന് അദ്ദേഹം ആവർത്തിച്ചു പറഞ്ഞിരുന്നു.

സത്യമാണെന്ന് തിരുമേനിക്ക് ബോധ്യമുള്ള കാര്യങ്ങളിൽ പതറാതെ നിന്ന് യാതൊരു വിട്ടുവീഴ്ചയും കൂടാതെ, കർക്കശമനോഭാവം പുലർത്തിയിരുന്ന തിരുമേനിയെ പലരും, പല സന്ദർഭങ്ങളിലും നിശിതമായി വിമർശിച്ചിട്ടുണ്ട്. എന്നാൽ ഒരിക്കലും മറ്റുള്ളവരുടെ വികാരങ്ങളെ മുറിപ്പെടുത്താതിരിപ്പാനും, ബഹുമാനം കൈവിടാതെ സംസാരിക്കുവാനും അദ്ദേഹം ശ്രദ്ധിക്കുകയും ചെയ്തിരുന്നു.

അതിഥി സൽക്കാരത്തിൽ, ജാതി വർഗ്ഗ വർണ്ണ വ്യത്യാസമോ, ഉച്ചനീച്ചത്വമോ കണക്കാക്കാതെയുള്ള പെരുമാറ്റം എല്ലാവരുടെയും ഹൃദയം കവരുന്നതായിരുന്നു. മറ്റുള്ളവരുടെ സുഖദുഃഖങ്ങളിൽ പങ്കു ചേരുന്നതിലും, വിലപിക്കുന്നവരെ സന്ദർശിച്ച് ആശ്വസിപ്പിക്കുന്നതിലും, അദ്ദേഹം സമയം കണ്ടെത്തി. സാമ്പത്തിക ഞെരുക്കം അനുഭവിക്കുന്നവരെ (പട്ടക്കാരുംപ്പെടെ) കടം വാങ്ങിയിട്ടാണെങ്കിൽ പോലും കൈ തുറന്ന് സഹായിക്കുന്ന രീതി തിരുമേനിക്കുണ്ടായിരുന്നു. കടംവാങ്ങിച്ചാൽ അതു കൃത്യമായി തിരിച്ചുകൊടുക്കുന്നതിൽ വളരെ ശ്രദ്ധ പതിപ്പിച്ചു.

വാർദ്ധക്യത്തിൽ പോലും വി.കുർബാന അനുഷ്ഠിക്കുന്ന അവസരത്തിൽ ശാരീരികമോ, മാനസികമോ ആയ യാതൊരു ക്ഷീണവും ബാവാ പ്രകടിപ്പിച്ചിരുന്നില്ല. കാലം ചെയ്തതിന്റെ തലേ ഞായറാഴ്ച കരിങ്ങാച്ചിറ സെൻറ് ജോർജ് പള്ളിയിലെത്തി വി. കുർബാന അർപ്പിച്ച്, ഒരു വിവാഹം നടത്തിയപ്പോഴും ഒരാഴ്ച കഴിഞ്ഞ് ദൈവസന്നിധിയിലേക്ക് യാത്രപുറപ്പെടുന്ന പിതാവാണതെന്ന് ആരും തന്നെ പ്രതീക്ഷിച്ചിരുന്നില്ല.

അലക്സാന്ത്രിയ, അന്ത്യോഖ്യാ എന്നീ പുരാതന വേദശാസ്ത്ര പാഠശാലകളെപ്പോലെ മുളന്തുരുത്തിയിലും കോട്ടയത്തുമുള്ള സെമിനാരികളും സമാധാനപരമായ സഹവർത്തിത്വത്തിൽ പ്രവർത്തിക്കുവാൻ സാധിക്കുമെന്നുള്ള പ്രത്യാശയുണ്ടെന്ന് സെമിനാരി അദ്ധ്യാപകരോട് പലപ്പോഴും അദ്ദേഹം പറഞ്ഞിട്ടുണ്ട്.

തിരുമേനിയുടെ വിയോഗം, സഭയുടെ ഈ പ്രതിസന്ധി ഘട്ടത്തിൽ ഒരു തീരാനഷ്ടമാണ്. ശ്രേഷ്ഠ ബാവായുടെ നിര്യാണത്തിൽ ദുഃഖിക്കുന്നതോടൊപ്പം അദ്ദേഹത്തെ പിതാക്കന്മാരുടെ ഗണത്തിൽ ചേർത്ത് ആശ്വസിപ്പിക്കാൻ ദൈവത്തോട് നമുക്കും പ്രാർത്ഥിക്കാം.

മലങ്കര സഭാ ദീപം, വാല്യം 2, ലക്കം 33
1996 സെപ്റ്റംബർ 16- 30

ആകമാന സുറിയാനി സഭയുടെ പരമാദ്ധ്യക്ഷനായ പരി. പാത്രിയർക്കീസ്ബാവാ ആസഭയുടെഅവിഭാജ്യഘടകമായമലങ്കര യാക്കോബായ സുറിയാനി ഓർത്തഡോക്സ് സഭയുടെ തലവൻ ശ്രേഷ്ഠ കാതോലിക്കാബാവായുടെ പ്രവർത്തനങ്ങളിൽ ശ്ലാഘിച്ചു കൊണ്ട് പുറപ്പെടുവിച്ച ഇടയ ലേഖനം.

അന്ത്യോഖ്യയെ കൃപയുടെ ഉറവയായി കണ്ട ഇടയൻ

ഡമാസ്കസിൽ നിന്ന് പരിശുദ്ധ സാഖാ പ്രഥമൻ പാത്രിയർക്കീസ് ബാവ എഴുതുന്നു

ഞാൻ രാവിലെ കുർബാനയ്ക്കു പോകാൻ ഒരുങ്ങുകയായിരുന്നു. അപ്പോഴാണ് എന്റെ സെക്രട്ടറി മുറിയിലേക്കോടിവന്ന് നമ്മുടെ സഹോദരൻബസേലിയോസ്പൗലോസ്ദ്വിതീയൻകാലംചെയ്തവിവരം കേരളത്തിൽ നിന്ന് ബാബു പോൾ ഫോൺ ചെയ്തറിയിച്ച കാര്യം പറഞ്ഞത്. ഞെട്ടലിൽ നിന്നു വിമുക്തരായി കുർബാന ആരംഭിക്കാൻ പിന്നെ ഏറെ സമയമെടുത്തു.

ബാവായുമായുള്ള എന്റെ ബന്ധം 1952 മുതൽ തുടങ്ങിയതാണ്. അന്ന്അദ്ദേഹംഫാ.പി.ജെ.പൗലോസാണ്.കണ്ടനാട്ഭദ്രാസനാധിപനായി സ്ഥാനാഭിഷേകം നടത്താൻ ഇവിടെ വന്നിരുന്നു. ഞാനന്ന് ശെമ്മാശനാ യിരുന്നു. എനിക്കു പൗലോസ് അച്ചനെ നന്നായി ഇഷ്ടപ്പെട്ടു. അദ്ദേഹത്തിന്റെ ആധ്യാത്മികപ്രസന്നതയിൽ ഞാൻ ആകൃഷ്ടനായി. അദ്ദേഹം ഇവിടെ നിന്നും പിന്നെ മടങ്ങിയതു പൗലോസ് മാർ പീലക്സിനോസ്എന്ന പേരിലാണ്. പിന്നെ ഞങ്ങൾ തമ്മിൽ കുറെ നാൾ വലിയ ബന്ധം ഉണ്ടായിരുന്നില്ല.

ഞങ്ങൾ വീണ്ടും കണ്ടുമുട്ടിയത്ഒരു വ്യാഴവട്ടത്തിനുശേഷമാണ്. അത് ഇന്ത്യയിൽ വച്ചായിരുന്നു. ഞാനന്ന് മെത്രാനായിരുന്നു. കാലം ചെയ്ത ഇഗ്നാത്തിയോസ് യാക്കോബ് തൃതീയൻ പാത്രിയർക്കീസ് ബാവയുടെ കൂടെയായിരുന്നു എന്റെ വരവ്. അന്നാണ് ഔഗേൻ പ്രഥമൻ കാതോലിക്കയെ വാഴിച്ചത്.

ഞങ്ങൾ അന്നു സഭയിലെ പല കാര്യങ്ങളെപ്പറ്റിയും സംസാരിച്ചു. പ്രത്യേകിച്ച് 1958-നും 1964നും ഇടയിൽ സഭയിലുണ്ടായ മാറ്റങ്ങളെപ്പറ്റി.

മറ്റു മെത്രാന്മാരിൽ നിന്നു വ്യത്യസ്തമായി അന്ത്യോഖ്യൻ പ്രസ്ഥാനത്തിനു നേതൃത്വം നൽക്കാൻ എന്തുകൊണ്ടാണ് താൽപര്യം കാണിച്ചതെന്നു ഞാനദ്ദേഹത്തോടു ചോദിച്ചു. അദ്ദേഹത്തിന്റെ മറുപടി ലളിതമായിരുന്നു.

അന്ത്യോഖ്യയാണു കൃപയുടെ ഉറവയെന്നു തന്റെ പിതാവ് തന്നെ പഠിപ്പിച്ചിരുന്നതായി അദ്ദേഹം എന്നോടു പറഞ്ഞു. അതിനാൽ അന്ത്യോഖ്യൻ പ്രസ്ഥാനത്തിനു നേതൃത്വം നൽകിയില്ലെങ്കിൽ കുറെ വിശ്വാസികളെ സഭയ്ക്കു നഷ്ടപ്പെടും എന്നും അദ്ദേഹം പറഞ്ഞു.

ആ മനസ്സിന്റെ ലാളിത്യവും കുഞ്ഞാടുകൾക്കുവേണ്ടിയുള്ള കരുതലും എന്നെ ആകർഷിച്ചു.

പിന്നീടാണ് 1970-നുശേഷമുള്ള സംഭവങ്ങൾ. അദ്ദേഹം കിഴക്കിന്റെ കാതോലിക്കയായി. കാതോലിക്ക എന്ന നിലയിൽ 1980-ൽ പാത്രിയർക്കീസായി ഞാൻ സ്ഥാനമേറ്റപ്പോൾ അദ്ദേഹം മുഖ്യ കാർമികനായി. അന്നുമുതൽ ഞങ്ങൾ ഒന്നിച്ചുപ്രവർത്തിച്ചു. സഹോദരന്മാരെപ്പോലെ പ്രവർത്തിച്ച കഴിഞ്ഞ 16 വർഷങ്ങളിൽ പല അവിസ്മരണീയ സംഭവങ്ങളുണ്ടായിട്ടുണ്ട്. 1981-ലെ ആഗോള സിനഡ്, 1982-ലെ എന്റെ ഇന്ത്യാ സന്ദർശനം എന്നിവ അതിൽ ചിലതാണ്.

വിശ്വാസം, അച്ചടക്കം, പൗരോഹിത്യം എന്നിവയുടെ കാര്യത്തിൽ ഞങ്ങൾ തമ്മിൽ വ്യക്തമായ ധാരണ ഉണ്ടായിരുന്നു. അദ്ദേഹത്തിന് അന്ത്യോഖ്യയോടുള്ള കൂറ് എനിക്കു മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്.

ബാവായുടെ അനുപമമായ ഒരു പാടു ഗുണഗണങ്ങൾ എനിക്കെഴുതാനുണ്ട് അതിൽ രണ്ടെണ്ണം മാത്രം ഇവിടെ സൂചിപ്പിക്കട്ടെ: ഒന്നാമത്തേത് അദ്ദേഹത്തിന്റെ വിനയമാണ്. ദൈവത്തിലും സഭയിലും ഉള്ള അചഞ്ചലമായ വിശ്വാസത്തിൽ നിന്നാണ് അത് ഉദയം കൊണ്ടത്.

പുതിയനിയമത്തിലെ പൗലോസ് അപ്പോസ്തലനെപ്പോലെ ഒട്ടേറെ നിസ്തുലഗുണങ്ങളുടെ വിളനിലമായിരുന്നു പൗലോസ് ദ്വിതീയൻ ബാവയും. അപ്പോസ്തലനായ പൗലോസിനെപ്പോലെത്തന്നെ ഈ ഗുണങ്ങളെയൊക്കെ തുച്ഛമായെണ്ണി ദൈവത്തിന്റെ വിനയാന്വിതനായ കുഞ്ഞായി അദ്ദേഹം ജീവിച്ചു. ഉന്നതനായ കാതോലിക്കയായിരുന്നെങ്കിലും പൗരോഹിത്യപാതയിലേക്കു പിച്ചവയ്ക്കുന്ന ഏതു യുവവൈദികനും അനുകരിക്കാവുന്ന ലാളിത്യം ബാവയുടെ മാത്രം സ്വന്തമായിരുന്നു.

അഗാധമായ സുറിയാനിഭാഷാ പ്രാവീണ്യമാണു രണ്ടാമത്തെ സവിശേഷത. കുറച്ചൊക്കെ സുറിയാനി പഠിക്കുന്നത് അത്ര ബുദ്ധിമുട്ടുള്ള കാര്യമല്ല. എന്നാൽ പാണ്ഡിത്യം നേടാനാവട്ടെ എളുപ്പവുമല്ല. സുറിയാനി പഠനത്തിനു പരിമിത സൗകര്യങ്ങൾ മാത്രമുള്ള ഒരു രാജ്യത്തു താമസിച്ചുകൊണ്ട് ആ പ്രാവീണ്യം നിലനിർത്തുന്നതാവട്ടെ ഏറെ വിഷമകരമായ കാര്യവുമാണ്.

സഭ നിർണായക നിമിഷങ്ങളിലൂടെ കടന്നുപോകുന്ന ഈ കാലത്ത്, ബാവയുടെ വിയോഗം നമുക്ക് അപരിഹാര്യമായ നഷ്ടമാണ്. നമുക്കു നഷ്ടപ്പെട്ടത് ഒരു പ്രിയ സുഹൃത്തിനെയും പണ്ഡിതനായ വഴികാട്ടിയെയുമാണ്. എങ്കിലും ഒരു നിമിഷത്തിലല്ലെങ്കിൽ മറ്റൊന്നിൽ ഈ ഭൂമി വിട്ടുപോകണമെന്ന സത്യം നമ്മൾ അംഗീകരിച്ചേ തീരൂ. ഈ നഷ്ടം സഹിക്കാൻ ദൈവം നമുക്കു കരുത്തുതരട്ടെ. തന്റെ പ്രിയപ്പെട്ട പുഷ്പമായി ദൈവം അദ്ദേഹത്തെ കരുതട്ടെ. ബാവ കാട്ടിത്തന്ന പാതയിലൂടെ നടക്കാൻ നല്ലവനായ ദൈവം നമുക്കു ശേഷി നൽകട്ടെ. ഒരു നാൾ നമ്മളും മറുതീരത്തെത്തുമ്പോൾ ബാവയെപ്പോലെയുള്ള പരിശുദ്ധരുടെ ഗണത്തിൽ ചേർന്നു ദൈവത്തിന്റെ മഹത്വം ഘോഷിക്കാൻ ദൈവം നമുക്കു ഭാഗ്യം തരട്ടെയെന്നു പ്രാർത്ഥിക്കാം.

..(.).(.).

സമുദായക്കേസിന്റെ കാര്യത്തിൽ വിഭിന്നചേരിയിലായിരുന്നെങ്കിലും ഹൃദയം കൊണ്ട് രണ്ട് കാതോലിക്കാബാവാമാരും എത്രയോ അടുപ്പമുള്ളവരായിരുന്നു എന്ന് മാർ ബസ്സേലിയോസ് മാത്യൂസ് ദ്വതീയൻ കാതോലിക്കാ ബാവായുടെ ഈ ലേഖനത്തിൽ നിന്ന് വ്യക്തമാണ്.

മനസ്സിലെന്നും ഐക്യപ്രതീക്ഷ

പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്ക ബാവ

ബസേലിയോസ് പൗലോസ് ദ്വിതീയൻ ആബൂനുമായി എനിക്കു ദീർഘകാലത്തെ ബന്ധമുണ്ട്. 1958-ൽ സഭയിൽ സമാധാനം ഉണ്ടാകുന്നതിനു മുൻപുതന്നെ എനിക്ക് അദ്ദേഹത്തെ അറിയാം. അന്ന് അദ്ദേഹം മറ്റൊരു ഭാഗത്തു നിലകൊണ്ടിരുന്നെങ്കിലും ഞങ്ങളുടെ സ്നേഹസമ്പർക്കം പല രീതിയിലും തടസം കൂടാതെ നടന്നിരുന്നു.

ഞങ്ങളുടെ സ്നേഹസമ്പർക്കം കുറെക്കൂടി ശക്തിപ്രാപിച്ചത് 1958-നുശേഷമാണ്. മലങ്കരസഭയിൽ ഭിന്നിച്ചു നിന്നവർ ഒന്നാകുകയും പഴയ സെമിനാരിയിൽ ഒത്തുകൂടി ഐക്യത്തിന്റെ പുതിയ അധ്യായത്തിനായി ആഹ്വാനം ചെയ്യുകയും ചെയ്തു. ഞാനും അതിനു ദൃക്സാക്ഷിയായിരുന്നു. ഐക്യത്തിനുവേണ്ടി ആബൂൻ എത്രമാത്രം ആഗ്രഹിച്ചിരുന്നുവെന്ന കാര്യം എനിക്ക് ഈ കാലയളവിൽ മനസിലാക്കാൻ കഴിഞ്ഞിട്ടുണ്ട്.

സഭാസമാധാനത്തിനുശേഷം പുത്തൻകാവിൽ കൂടിയ അസോസിയേഷനിൽ ആബൂൻ നടത്തിയ പ്രസംഗം എന്നെ സ്പർശിച്ചിട്ടുണ്ട്. അദ്ദേഹത്തെപ്പറ്റി എപ്പോഴും സ്മരിച്ചാലും ഞാൻ ആ പ്രസംഗവും ഓർക്കാറുണ്ട്. മലങ്കരസഭയുടെ ഐക്യത്തിനും യോജിച്ചുള്ള മുന്നേറ്റത്തിനും സഭാമക്കൾ എക്കാലവും ഒന്നിച്ചുനിൽക്കണമെന്ന് ആബൂൻ അന്നു നടത്തിയ പ്രസംഗത്തിൽ ചൂണ്ടിക്കാണിച്ചിരുന്നു. അന്നുമുതൽ ഇന്നുവരെയും അങ്ങനെയൊരു വീക്ഷണം ആബൂന് ഉണ്ടായിരുന്നതായി ഞാൻ വിശ്വസിക്കുന്നു.

സഭാസമാധാനത്തിനുശേഷം ഞങ്ങൾ അനേകം വർഷം പരിശുദ്ധ സുന്നഹദോസിലും മാനേജിംഗ് കമ്മിറ്റിയിലും ഒന്നിച്ചു പ്രവർത്തിച്ചിട്ടുണ്ട്. അദ്ദേഹം അന്നു കണ്ടനാട് ഭദ്രാസനത്തിന്റെയും ഞാൻ കൊല്ലം

ഭദ്രാസനത്തിന്റെയും മെത്രാപ്പോലീത്താമാരായിരുന്നു. സഭ യോജിപ്പിലെത്തിയശേഷം ആബൂൻ കൊല്ലത്ത് എന്റെ അരമനയിൽ പലതവണ വന്നിട്ടുണ്ട്. അവിടെവച്ച് അദ്ദേഹത്തെ ഞങ്ങൾ സ്വീകരിച്ചപ്പോൾ നടത്തിയ പ്രസംഗവും ഒന്നിച്ചുപോകാനുള്ള ആഹ്വാനമായിട്ടാണ് ഇന്നും എന്റെ മനസിൽ തങ്ങിനിൽക്കുന്നത്. ഭിന്നത ആരുടെയും മനസ്സിൽ ഉണ്ടെന്നുപോലും തോന്നിയിരുന്നില്ല.

ആബൂൻ എന്നെ കുണ്ടറ പള്ളിയിൽ കൊണ്ടുപോയി. കൊല്ലം ഭദ്രാസനത്തിന്റെ കീഴിലായിരുന്ന ആ പള്ളിയിൽ തെങ്ങുവിളയിൽ കത്തനാരായിരുന്നു വികാരി. ഭിന്നത വന്നതിനെ തുടർന്നു കല്ലുംമൂട്ടിൽ കത്തനാർ അദ്ദേഹത്തിനെതിരേ കേസ് നൽകി. സഭ ഒന്നായതിനെ തുടർന്നു ആബൂന്റെ അഭ്യർത്ഥനപ്രകാരം ഞാൻ കല്ലുംമൂട്ടിൽ കത്തനാരെ കുണ്ടറ പള്ളിയിൽ നിന്നും സ്ഥലംമാറ്റുകയും തെങ്ങുവിളയിൽ കത്തനാർക്കു പള്ളിയുടെ പൂർണ ചുമതല നൽകുകയും ചെയ്തു. എന്നെ കുണ്ടറ പള്ളിയിൽ സ്വീകരിച്ച ആബൂനും തെങ്ങുവിളയിൽ കത്തനാരും അന്നത്തെ കാതോലിക്കാ ബാവയോടും കൊല്ലം ഭദ്രാസനാധിപനായിരുന്ന എന്നോടും അടിയുറച്ച വിശ്വാസം അറിയിക്കുകയും ഒന്നിച്ചുനീങ്ങാൻ സന്നദ്ധരാണെന്ന് അറിയിക്കുകയും ചെയ്തിട്ടുണ്ട്.

ആബൂന്റെ ഐക്യവീക്ഷണത്തെപ്പറ്റി പിന്നീട് പല തവണ കണ്ടിട്ടുള്ളപ്പോഴും മനസിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. 1958-നുശേഷം സഭ കുറെക്കാലം യോജിച്ചുനീങ്ങിയെങ്കിലും പിന്നീടും ഭിന്നത ഉണ്ടായി. തുടർന്നു സുപ്രീം കോടതിവരെ കേസ് നടത്തി. ആ സമയത്തും ആബൂൻ എന്നെ കാണുമ്പോൾ പറയുമായിരുന്നു. ''നമുക്കു ഭിന്നിപ്പ് അവസാനിപ്പിച്ച്, ഒന്നിച്ചുനീങ്ങണം'' എന്ന്. ഐക്യത്തിനു ഞാൻ എന്നും പൂർണമനസുള്ളവനാണ്. ഞാൻ എപ്പോഴും ആബൂനോട് പറഞ്ഞിട്ടുള്ളത്. ''ദൈവം ഐക്യത്തിനു ഇടവരുത്തട്ടെ'' എന്നാണ്. ദൈവത്തിന്റെ കരങ്ങളിൽ അസാധ്യമായതൊന്നും ഇല്ല. ദൈവം ഐക്യമുണ്ടാക്കുമെന്നു തീർച്ചയാണ്.

1958-ലെ ഐക്യത്തെ തുടർന്നു ഞങ്ങൾ കൊല്ലം ഭദ്രാസനത്തിൽ പാത്രിയർക്കീസ് ഭാഗത്തുള്ള എല്ലാ പള്ളികളിലും പോയിട്ടുണ്ട്. അവിടെയെല്ലാം അദ്ദേഹം സഭാമക്കളുടെ ആത്മീയാധികാരം എന്നിൽ ഭാരമേൽപ്പിച്ചുകൊണ്ടു നടത്തിയിട്ടുള്ള പ്രസംഗങ്ങൾ ഇന്നും എന്റെ മനസ്സിൽ പച്ചയായി നിൽക്കുന്നു. എന്റെ ഹൃദയത്തിലെ ആ പച്ചപ്പ് സഭയുടെ ഒരു നല്ല കാലഘട്ടമായി ഞാൻ കരുതുന്നു.

സഭപിന്നെയും ഭിന്നിച്ചു. ആബൂൻ ഒരു വിഭാഗത്തിന്റെ നേതാവായി ഉയർന്നു. പ്രത്യക്ഷത്തിൽ വളരെ ശാന്തനും ഏവരോടും അനുഭാവത്തോടെ പെരുമാറുന്ന പ്രകൃതക്കാരനുമായിരുന്നു ആബൂൻ. എതിരാളികൾക്കുപോലും ഇണങ്ങുന്ന സ്വഭാവവിശേഷം അദ്ദേഹത്തിനുണ്ടായിരുന്നു. സഭാപരമായി അഭിപ്രായവ്യത്യാസം ഉള്ളവർ പോലും അദ്ദേഹവുമായി സ്നേഹബന്ധത്തിൽ കഴിഞ്ഞത് അതുകൊണ്ടാണ്. അത് ആബൂന്റെ മഹത്തായ നേട്ടം തന്നെയാണ്.

ഈ അഭിപ്രായവ്യത്യാസം ഉള്ള വേളയിലും ഞങ്ങൾ പലപ്പോഴും കാണുകയും സംസാരിക്കുകയും ചെയ്തിട്ടുണ്ട്. അപ്പോഴൊക്കെ അദ്ദേഹം എന്നോടു കാണിച്ച സ്നേഹപൂർവമായ പെരുമാറ്റവും അനുബന്ധമായി നടത്തിയിട്ടുള്ള വർത്തമാനരീതിയും ഞാൻ പ്രീതിയോടെ സ്മരിക്കുന്നു. അങ്ങനെയുള്ള ഒരു സ്നേഹിതന്റെ ദേഹവിയോഗമാണ് ഇപ്പോൾ ഈ ശ്രേഷ്ഠപിതാവിന്റെ വേർപാടുകൊണ്ടുണ്ടാകുന്നത്. സഭയുടെ ഇന്നത്തെ അന്തരീക്ഷത്തിൽ ഈ വേർപാട് സമാധാന വളർച്ചയ്ക്ക് ഒരു ആഘാതം തന്നെയാണ്.

ദൈവത്തിലാണ് നമ്മുടെ ഏവരുടെയും ശരണവും പ്രത്യാശയും. ദൈവത്തിന് ഒന്നും അസാധ്യമല്ലല്ലോ. ആബൂൻ നമ്മെ വിട്ടുപിരിഞ്ഞെങ്കിലും നിശ്ചയമായും ഐക്യത്തിനുവേണ്ടി തുടർന്നും പ്രാർത്ഥിക്കുമെന്നും ഞാൻ വിശ്വസിക്കുന്നു. കക്ഷി-പക്ഷ വ്യത്യാസം കൂടാതെ എല്ലാവരുടെയും ഒരു പിതാവ് എന്ന നിലയിൽ അദ്ദേഹത്തെ ആദരിക്കുന്നവരും ആഗ്രഹിക്കുന്നത് അതാണ്. ശ്രേഷ്ഠനായ ഗുരുവെന്ന നിലയിൽ ഏവരുടെയും ആദരവു നേടിയ അദ്ദേഹത്തെ ഞാൻ ബഹുമാനിക്കുന്നു. ഞങ്ങൾ ഒന്നിച്ചു കുർബാന ചൊല്ലിയിട്ടുണ്ട്. ശുശ്രൂഷകളിൽ പങ്കെടുത്തിട്ടുണ്ട്. സുറിയാനി ഭാഷയിൽ അദ്ദേഹത്തിന്റെ ജ്ഞാനത്തിൽ ഞാൻ ആകൃഷ്ടനായിട്ടുണ്ട്. അദ്ദേഹത്തിന്റെ ചില സുറിയാനി പ്രസംഗങ്ങൾ ഞാൻ കേട്ടിട്ടുണ്ട്. ഞങ്ങൾ എവിടെയെല്ലാം ഒന്നിച്ചുകണ്ടോ, അവിടെയെല്ലാം അദ്ദേഹം എനിക്കു തന്നിട്ടുള്ളത് ഐക്യത്തിന്റെ സന്ദേശമാണ്. പരിശുദ്ധ ഔഗേൻ പ്രഥമൻ കാതോലിക്ക ബാവയുടെ സ്ഥാനാരോഹണത്തിനു ഞങ്ങൾ ഒന്നിച്ചു കൂടിയപ്പോൾ അദ്ദേഹം ഈ സഭയുടെ ഐക്യവും യോജിപ്പും മാത്രമല്ല ഈ സഭ ഭാരതസഭയായി ഉയരണമെന്ന ആഗ്രഹവും ഉന്നയിച്ചിരുന്നു. അദ്ദേഹം നമ്മെ വിട്ടുപിരിഞ്ഞിരിക്കുന്ന ഈ വേളയിൽ ആബൂന്റെ ഈ സ്വപ്നങ്ങൾ സഫലമാകട്ടെ എന്നു പ്രാർത്ഥിക്കുന്നു.

..(.) .(.).

കണ്ടനാട് ഭദ്രാസനത്തിന്റെ സഹായ മെത്രാപ്പോലീത്ത എന്ന നിലയിൽ ബാവായിൽ വാഴിച്ച് നിയമിക്കപ്പെട്ട, അഭി.ഡോ.യ തോമസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തയെക്കുറിച്ച് നൽക്കുന്ന അനുസ്മരണം.

ആ കൈകളിൽ സഭാ നൗക സുരക്ഷിതമായിരുന്നു

Dr. തോമസ് മോർ അത്താനാസ്യോസ്

45 കൊല്ലം സഭയുടെ മേലധ്യക്ഷനായി പ്രവർത്തിച്ചിരുന്ന ബാവായുടെ ജീവിതവും പ്രവർത്തനവും സഭയുടെ അരനൂറ്റാണ്ട് കാലത്തെ ഗതിവിഗതികളെ നിയന്ത്രിക്കുന്നതിൽ വഹിച്ച പങ്ക് നിർണായകമാണ്. കാറും കോളും നിറഞ്ഞ അന്തരീക്ഷം പലപ്പോഴു മുണ്ടായപ്പോഴും സഭാനൗകയെ സുരക്ഷിതമായി നയിക്കാൻ കഴിഞ്ഞതിൽ അദ്ദേഹത്തിന്റെ നേതൃത്വത്തിനുള്ള പങ്കു ചെറുതല്ല. യാക്കോബായ സഭയുടെ കണ്ടനാട് ഭദ്രാസന സഹായ മെത്രാപ്പോലീത്ത തോമസ് മോർ അത്താനാസ്യോസ് പറഞ്ഞു.

പല പ്രതിസന്ധികളിലും അദ്ദേഹമെടുത്ത നിലപാട് നിർണ്ണായകമായിരുന്നു. സന്തുലിത മനോഭാവത്തോടെ അത്തരം ഘട്ടങ്ങളിൽ തീരുമാനമെടുക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു. എൺപതുകളിൽ സഭയിൽ ഉണ്ടായ പ്രക്ഷുബ്ധാന്തരീക്ഷത്തിൽ അദ്ദേഹം കൈക്കൊണ്ട സമീപനവും സ്വീകരിച്ച നിലപാടും ഇതിനു തെളിവാണ്.

വ്യക്തിപരമായി വളരെ അടുത്ത ബന്ധമാണ് എനിക്ക് അദ്ദേഹത്തോടുള്ളത്. എന്റെ പിതാവ് പുറാനിൽ യോഹന്നാൻ കത്തനാരുമായി ഉറ്റബന്ധം പുലർത്തിയിരുന്ന ബാവാ മിക്കപ്പോഴും കുടുംബ സന്ദർശകനായിരുന്നു. അദ്ദേഹം മെത്രാഭിഷിക്തനായ വർഷം ജനിച്ച എനിക്ക് ചെറുപ്പം മുതലേ അദ്ദേഹത്തെ അടുത്തുപരിചയപ്പെടാൻ കഴിഞ്ഞു. ദൈവികജീവിതത്തിലേക്കു ഞാൻ കടന്നുവരുന്നതിലും മേല്പ്പട്ട സ്ഥാനമേല്ക്കുന്നതിലും അദ്ദേഹം കാര്യമായി സ്വാധീനിച്ചിരുന്നു. മേല്പ്പട്ട സ്ഥാനമേല്ക്കുന്നതിൽ അദ്ദേഹത്തിന്റെ നിർബന്ധപൂർണമായ പ്രേരണ തന്നെ യുണ്ടായിരുന്നുവെന്നതാണ് യാഥാർത്ഥ്യം. തോമസ് മോർ അത്താനാസ്യോസ് പറഞ്ഞു.

ചെറുപ്പം മുതൽ അടുത്തിടപഴകാൻ അവസരം കിട്ടിയ ബാവായുടെ സഹായിയായി കണ്ടനാട് ദ്രോസനത്തിലെത്താൻ കഴിഞ്ഞതു നിയോഗമായി ഞാൻ കണക്കാക്കുന്നു. അദ്ദേഹത്തോടൊപ്പം പ്രവർത്തിച്ച കാലഘട്ടം അവിസ്മരണീയമാണ്. നേരത്തേതന്നെ എന്നെ ആകർഷിച്ചിട്ടുള്ള ആ സ്വഭാവവിശേഷതകൾ ആഴത്തിൽ അടുത്തറിയാൻ അതവസരമുണ്ടാക്കി. സ്വതന്ത്രമായ സഭാഭരണം നടത്താൻ അദ്ദേഹം നല്കിയ സഹായം നിസ്സാരമല്ല.

ഇടവകകാര്യങ്ങളായാലും നയപരമായ കാര്യങ്ങളായാലും അദ്ദേഹവുമായി സ്വതന്ത്രആശയവിനിമയത്തിന് കഴിയുമായിരുന്നു വെന്നത് എടുത്തുപറയേണ്ടതാണ്. അദ്ദേഹത്തിന്റെ അഭിപ്രായ ഗതികളോടു മറ്റുള്ളവരെല്ലാം യോജിച്ചേതീരുവെന്ന നിർബന്ധം ഒരിക്കലും ഉണ്ടായിരുന്നില്ല. എതിരഭിപ്രായം ഉണ്ടെങ്കിൽ തുറന്നു പറയാനുള്ള സ്വാതന്ത്ര്യം നല്കിയിരുന്നു. മാത്രമല്ല, തുറന്ന മനസ്സോടെ അതു കേൾക്കുകയും സ്വീകരിക്കാവുന്നതാണെങ്കിൽ സ്വീകരിക്കുകയും ചെയ്യുമായിരുന്നു.

വിനയവും അക്ഷോഭ്യതയും കരുതലും പ്രാർത്ഥനാനിർഭര ജീവിതവുംബാവായുടെമുഖമുദ്രയായിരുന്നു. മറ്റുമതസ്ഥരുടെപോലും ആദരം നേടിയെടുക്കാൻ ഈ സ്വഭാവവിശേഷം ഇടയാക്കി. കക്ഷി വഴക്കുകൾക്കിടയിലും അത്തരം വിഭാഗീയതയൊന്നും വ്യക്തിബന്ധം നിലനിർത്തുന്നതിൽ അദ്ദേഹത്തിനു ംവിലങ്ങുതടിയായില്ല. കക്ഷി വ്യത്യാസം കൂടാതെ അൽമായരുമായി മാത്രമല്ല, വൈദികരുമായും അദ്ദേഹം അടുത്ത ബന്ധം പുലർത്തിയിരുന്നു. മാങ്ങാനം ക്രൈസ്തവാശ്രമത്തിൽ എകൃുമെനിക്കൽ കുർബാന നടത്താൻ അദ്ദേഹം സ്വീകരിച്ച നിലപാട് ഏറെ സഹായകമായ സംഭവവും തോമസ് മോർ അത്താനാസ്യോസ് സ്മരിച്ചു.

സുറിയാനിയിലും വേദശാസ്ത്രത്തിലും ജ്ഞാനിയായിരുന്ന അദ്ദേഹത്തിന്റെ വേർപാട് സഭയ്ക്കു വലിയ നഷ്ടമാണ്. എനിക്കു വ്യക്തിപരമായി തീരാനഷ്ടവും - അദ്ദേഹം പറഞ്ഞു.



ശ്രേഷ്ഠ കാതോലിക്കാബാവാ ഇൻഡ്യൻ പ്രധാനമന്ത്രി ശ്രീമതി ഇന്ദിരാഗാന്ധിയെ സന്ദർശിച്ചപ്പോൾ.



1980 സെപ്. 14-ന് ബയ്റൂട്ടിലെ ബസ്രയിലെയും മെത്രാപ്പോലീത്തയായി മാർ സേവേറിയോസ് സാഖാ തിരുമേനി ഡമാസ്ക്കസിലെ പാത്രിയർക്കാ കത്തീഡ്രലിൽ വച്ച് ശ്രേഷ്ഠ കാതോലിക്കാ ബാവായുടെ മുഖ്യ കാർമ്മികത്വത്തിൽ അന്ത്യോഖ്യായുടെയും കിഴക്കൊക്കെയുടെയും പാത്രിയർക്കീസ് ആയി വാഴിക്കപ്പെടുന്നു.



അന്ത്യോഖ്യായുടെയും കിഴക്കൊക്കെയുടെയും പാത്രിയർക്കീസ് ആയി സ്ഥാനമേറ്റ
പരി. ഇഗ്നാത്തിയോസ് സാഖാ ബാവായെ ശ്രേഷ്ഠ കാതോലിക്കാ ബാവാ ആശ്ലേഷിക്കുന്നു.



ശ്രേഷ്ഠ കാതോലിക്കാ ബാവായുടെ 75-ാം ജന്മദിന ആഘോഷസമ്മേളനത്തിൽ വച്ച്
75 നിർധനയുവതികൾക്കുള്ള വിവാഹസഹായധന പദ്ധതി ഉദ്ഘാടനം ചെയ്തുകൊണ്ട്
കേന്ദ്രമന്ത്രി എം.എം. ജേക്കബ്ബ് പ്രസംഗിക്കുന്നു.



ശ്രേഷ്ഠ കാതോലിക്കാ ബാവാ
മെത്രാപ്പോലീത്താ ആയിരുന്നപ്പോൾ.

അനുബന്ധം 1

സുസ്താത്തിക്കോൻ

(അധികാര പത്രം)

നമ്പർ 394

സർവ്വശക്തനും സാരാംശസംപൂർണ്ണനും അനാദ്യന്തനുമായ സ്വയംഭുവിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)

അന്ത്യോഖ്യായുടെയും കിഴക്കൊക്കെയുടെയും ശ്ലൈഹീക സിംഹാസനത്തിലെ ബലഹീനനായ യാക്കൂബ് തൃതീയൻ ഇഗ്നാത്യോസ് പാത്രിയർക്കീസ്.

(മുദ്ര)







ഇൻഡ്യാരാജ്യത്തെവൻനഗരങ്ങളിലുംപട്ടണങ്ങളിലുംഗ്രാമങ്ങളിലും വസിക്കുന്ന സത്യവിശ്വാസികളായ സുറിയാനി സഭയിലെ നമ്മുടെ വാത്സല്യഭാജനങ്ങളായ സമുന്നത മെത്രാപ്പോലീത്താമാരുടെയും ബഹുമാന്യരായ കോറെപ്പിസ്കോപ്പമാരുടെയും ദയറായക്കാരുടെയും പട്ടക്കാരുടെയുംശെമ്മാശ്ശന്മാരുടെയുംപ്രശസ്തനേതാക്കളുടെയുംഎല്ലാ പദവിയിലും നിലയിലുമുള്ള നമ്മുടെ ആത്മീയ മക്കളേവരുടെയും ശിരസ്സുകളിൽ ദൈവത്തിന്റെ കൃപയും ശ്ലൈഹീക വാഴ്വും വന്നാവസിക്കുമാറാകട്ടെ. ആയതു ദൈവജനനി മറിയാമിന്റെയുംസകല പരിശുദ്ധത്മാരുടെ യും സരക്ഷണയാൽ തന്നെ. ആമ്മീൻ

നിങ്ങളുടെ പൊതുക്ഷേമവും വ്യക്തിഗത സൗഖ്യവും ആരാഞ്ഞു കൊണ്ട് നാം അറിയിക്കുന്നത്.

അന്ത്യോഖ്യായുടെയും കിഴക്കൊക്കെയുടെയും പരിശുദ്ധ

പത്രോസിന്റെ സിംഹാസത്തിനു വിധേയമായി കഴിയുന്ന എല്ലാ ഭദ്രാസന ഇടവകകളുടെയും സുസ്ഥിതിയ്ക്ക് ഉതകും വിധം ഉത്സാഹിക്കുന്നതിനും, ഇടയന്മാരുടെ ഇടയനും നമ്മുടെ കർത്താവും ദൈവവും ആയ യേശുമിശിഹാ നമ്മെ ഭാരമേല്പിച്ചിരിക്കുന്ന അജഗണങ്ങളെ പൈതൃകമായും സൂക്ഷ്മതയോടും മേയിക്കുവാനും വേണ്ടി സ്വന്തംചുമതല പാലിച്ച് പരിശുദ്ധ സഭയ്ക്കാവശ്യമായ ഭരണകാര്യം നിർവഹിപ്പാൻ നമ്മുടെ മഹനീയവും ശ്ലൈഹികവും പരിശുദ്ധവുമായ പദവി നമ്മോട് ആഹ്വാനം ചെയ്തിരിക്കുകയാൽ, നമ്മുടെ വാത്സല്യവാൻമാരായ മെത്രാപ്പോലീത്താമാർ തിരഞ്ഞെടുക്കുകയും അപേക്ഷിക്കുകയും ചെയ്തതനുസിച്ച് കണ്ടനാട് ഭദ്രാസനത്തിന്റെയും മറ്റും മെത്രാപ്പോലീത്തായും നമ്മുടെ ആത്മീയ വാത്സല്യവാനുമായ പൗലോസ് മാർ പീലക്സിനോസിനെ പൗരസത്യകതോലിക്കായായി വാഴിക്കുവാൻ നീതിയുക്തമായി നാം തീരുമാനിച്ചു. തദനുസാരം കർത്തൃവർഷം 1975 സെപ്റ്റംബർ 7-ാംതീയതി ഞായറഴ്ച നാം ദിവ്യശുശ്രൂഷയും കുർബാനയും അനുഷ്ഠിച്ച് ദൈവകൃപയാൽ മേൽപറഞ്ഞ നമ്മുടെ വാത്സല്യവാൻ പൗലോസ് മാർ പീലക്സിനോസിനെ, അന്ത്യോഖ്യായുടെയും കിഴക്കൊക്കെയുടെയും ശ്ലൈഹിക സിംഹാസനാധികാരത്തിൻ കീഴ് പൗരസ്ത്യ കാതോലിക്കായായി വാഴിക്കുകയും പരിശുദ്ധത്മാവിനാൽ അദ്ദേഹം നമ്മുടെ മദ്ധ്യസ്ഥയിൽ മാർ ബസ്സേലിയോസ് പൗലോസ് എന്ന് നാമകരണം ചെയ്യപ്പെടുകയും ചെയ്തിരിക്കുന്നു. അനുഗൃഹീതമായ ഈ സ്ഥാനാഭിഷേ ശുശ്രൂഷയിൽ നമ്മോടു കൂടി, മാർ ദീവന്നാസ്യോസ് ബഹനാം ഗോഗോയി, ബെയ്റൂട്ടിന്റെ മാർ അത്താനാസ്യോസ് അപ്രേം മെത്രാപ്പോലീത്താ, നമ്മുടെ ആസ്ഥാനകാര്യദർശിമാർസേവേറിയോസ്, ഇൻഡ്യയിലെ നമ്മുടെ ശ്ലൈഹീക പ്രതിനിധി മാർ തീമോത്തിയോസ് അപ്രേം എന്നീ ശ്രേഷ്ഠ വത്സല മേൽപ്പട്ടകാരും സന്നിഹിതരായിരുന്നു. ഞങ്ങടം പിതാക്കന്മാരും വൈദികസംഘം മുഴുവനും " ഒക്സിയോസ്, ഒക്സിയോസ്, ഒക്സിയോസ്, പൗരസ്ത്യകാതോലിക്കാ ആയിരിപ്പാൻ ആബൂൻമാർ ബസ്സേലിയോസ് സർവ്വഥാ യോഗ്യനും അർഹനുമാകുന്നു" എന്ന് അട്ടഹസിച്ചുൽഘോഷിച്ചു. പരിശുദ്ധ സഭയുടെ ശിരസ്സും നമ്മുടെ കർത്താവും രക്ഷകനുമായ യേശുമിശിഹാ നമുക്കു നല്കിയിട്ടുള്ള അധികാരം വഴി, നമ്മുടെ യോഗ്യതയായല്ല പ്രത്യുത തന്റെ കരുണയാൽ തന്നെ ശ്ലീഹാന്മാരുടെ തലവനായ മാർ പത്രോസിന്റെ പരിശുദ്ധപാരമ്പര്യപ്രകാരം നമ്മുടെ വാത്സല്യവാൻ മാർ ബസ്സേലിയോസ് പൗലോസ് കാതോലിക്കായ്ക്കു നമ്മുടെ

സത്യസുറിയാനി സഭയുടെ കാനോനുകളും പ്രമാണങ്ങളും അനുസരിച്ച് പൗരസ്ത്യ കാതോലിക്കാ പദവിയിൽ നിലകൊള്ളുവാനുള്ള അധികാരം പ്രദാനം ചെയ്തിരിക്കുന്നു. ദൈവഭയത്തോടുകൂടി ചൊവ്വായും സ്നേഹപൂർവ്വംദൃഢതയോടും മനുഷ്യപ്രീതിയോടും പരിപാകതയോടും സഹിഷ്ണുതയോടും കൂടി നിങ്ങളുടെ കൂടെ വർത്തിച്ച് ശ്രേഷ്ഠ ജീവിതം കൊണ്ട് സ്വയം അലംകൃതനായി നിങ്ങൾക്ക് ഓരോരുത്തർക്കും ഉത്തമ മാതൃകയുംനന്മയുടെ പ്രതിരൂപവുമായിതീരേണമെന്ന് അദ്ദേഹത്തെ നാം ഉൽബോധിപ്പിച്ചിട്ടുണ്ട്.

ആകയാൽ നാം നിങ്ങളോട് ആജ്ഞാപിക്കുന്നത് എന്തെന്നാൽ : അദ്ദേഹം ആഗതനാകുമ്പോൾ, അദ്ദേഹത്തിന്റെ ഈ അധികാരപത്രം വായിച്ച് '' ഓക്സിയോസ്, ഓക്സിയോസ്, ഓക്സിയോസ്, നമ്മുടെ പിതാവ് മാർ ബസ്സേലിയോസ് പൗലോസ് സർവ്വഥാ യോഗ്യനും അർഹനുമാകുന്നു'' എന്ന് ഉൽഘോഷിച്ചുകൊണ്ട് അദ്ദേഹത്തെ ഹർഷപൂർവ്വം അഭിവാദനം ചെയ്യുവിൻ. അദ്ദേഹത്തെ നിങ്ങൾ ബഹുമാനിക്കുകയും അദ്ദേഹത്തിന്റെ ന്യായമായ പൈതൃകകല്പനകളെ അനുസരിക്കുകയും ചെയ്യുവിൻ. അദ്ദേഹത്തന്റെ ഉന്നത സ്ഥാനത്തിന് ഉചിതമായ തികഞ്ഞ സ്നേഹവും ബഹുമാനവും പ്രദർശിപ്പിക്കുവിൻ. അദ്ദേഹത്തെ അനുസരിക്കുന്നവൻ നമ്മെയാണ് അനുസരിക്കുന്നത് അദ്ദേഹത്തോട് എതിർക്കുന്നവൻ നമ്മോടാണ് എതിർക്കുന്നത്. അപ്രകാരമുള്ളവൻ സഭാപരമായി ശിക്ഷാർഹനുമായിരിക്കും. സത്യവിശ്വസികളായ ആത്മീയ മക്കളേ! വിരുദ്ധതയിൽ ഒരു നാളും പെട്ടുപോകാതെ നിങ്ങളെ ദൈവം കാത്തുകൊള്ളട്ടെ. നിങ്ങളുടെ പൂർവ്വീക പിതാക്കന്മാരുടെ കാലം മുതലേ നിങ്ങൾ സ്നേഹനിർഭരരും അനുസരണമുള്ളവരുമാകുന്നു. നമ്മുടെ വാത്സല്യവാൻ പൗരസത്യ കാതോലിക്കാ മാർ ബസ്സേലിയോസ് പൗലോസിന്റെ കാതോലിക്കാ സ്ഥാനാഭിഷേകം നിങ്ങളുടെയും നിങ്ങളുടെ ദേശത്തിന്റെയും മേൽ അനുഗ്രഹദായകമാക്കുവാൻ സഹവ്യശക്തനായ ദൈവത്തോട് നാം പ്രാർത്ഥിക്കുന്നു. ഇതിനാൽ നിങ്ങളുടെ സന്തോഷം വർദ്ധിക്കുകയും ദുഃഖങ്ങൾ മാഞ്ഞുപോവുകയും ചെയ്യട്ടെ. ആത്മീയ ജീവിതവും സുകൃതങ്ങളും പ്രബലപ്പെട്ടുവരുന്നു എന്ന സൗഭാഗ്യ സദ്വാർത്ത നമ്മെയും അദ്ദേഹത്തേയും നിങ്ങളെയും ദൈവം തമ്പുരാൻ കേൾപ്പിക്കുമാറാകട്ടെ.താൻ നിങ്ങളെല്ലാവരേയും കാത്തുകൊള്ളുകയും നിങ്ങളുടെ മരിച്ചു പോയ പൂർവ്വികരെ പുണ്യപ്പെടുത്തുകയും ചെയ്യട്ടെ.നമ്മുടെ കർത്താവിന്റെ കൃപ നിങ്ങളോടുകൂടെ ഉണ്ടായിരിക്കട്ടെ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ !.... ഇത്യാദി

സിറിയയിലെ ഡമാസ്കസിലുള്ള നമ്മുടെ പാത്രിയർക്കാ ആസ്ഥാനത്തു വച്ച്, നാം പാത്രിയർക്കീസായതിന്റെ പത്തെമ്പാതാം വർഷമായ 1975 സെപ്റ്റംബർ 15-ാം തീയതി ഇത്തെഴുത്തപ്പെട്ടു.

(1975 സെപ്റ്റംബർ 16-ാം തീയതി നമ്മുടെ വാത്സല്യവാൻ മാർ ബസ്സേലിയോസ് പൗലോസിന്റെ കൈകൾ വഴി ഈ അധികാരപത്രം നാം അയയ്ക്കുകയും ചെയ്തു)

(ഒപ്പ്)

അന്ത്യോഖ്യായുടെയും കിഴക്കൊക്കെയുടെയും ഇഗ്നാത്യോസ് യാക്കൂബ് തൃതീയൻ പാത്രിയർക്കീസ്

ദീവന്നാസ്യോസ് ബഹനാം ഗോ ഗോയി മെത്രാപ്പോലീത്തായായ ഞാൻ അന്ത്യോഖ്യാ യുടെയും കിഴക്കൊക്കെയുടെയും മോറാൻ മോർ ഇഗ്നാത്യോസ് യാക്കൂബു തൃതീയൻ പാത്രിയർക്കീസ് തിരുമേനിയുടെ കൂടെ പൗരസ്ത്യ കാതോലിക്കാ ആബൂൻ മാർ ബസ്സേലിയോസ് പൗലോസിന്റെ സ്ഥാനാഭിഷേക ശുശ്രൂഷയിൽ സന്നിഹിതനാവുകയും മൂന്നുപ്രാവശ്യം ''ഓക്സിയോസ്, യോഗ്യനും അർഹനുമായി ഇദ്ദേഹത്തെ കർത്താവ് പൂർണ്ണനാക്കട്ടെ'' എന്ന് അട്ടഹസിക്കുകയും ചെയ്തു.

(ഒപ്പ്)

ബെയ്റൂട്ടിന്റെ മെത്രാപ്പോലീത്ത അത്താനാസ്യോസ് അപ്രേം ബർസൂം ആയ ഞാൻ അന്ത്യോഖ്യായുടെയും കിഴക്കൊക്കെ യുടെയുംമോറാൻ മോർ ഇഗ്നാത്യോസ് യാക്കൂബു തൃതീയൻ പാത്രിയർക്കീസ് തിരുമേനിയുടെ കൂടെ പൗരസ്ത്യ കാതോലിക്കാ ആബൂൻ മാർ ബസ്സേലിയോസ് പൗലോസിന്റെ സ്ഥാനാഭിഷേകശുശ്രൂഷയിൽ സന്നിഹിതനാവുകയും മൂന്നുപ്രാവശ്യം ''ഓക്സിയോസ് യോഗ്യനും അർഹനുമായി ഇദ്ദേഹത്തെ കർത്താവ് പൂർണ്ണനാക്കട്ടെ'' എന്ന് അട്ടഹസിക്കുകയും ചെയ്തു.

(ഒപ്പ്)

അന്ത്യോഖ്യായുടെയും കിഴക്കൊക്കെയുടെയും പാത്രിയർക്കീസ്മോറാൻമോർഇഗ്നാത്യോസ്യാക്കൂബ് തൃതീയൻ തിരുമനസ്സിലെ ആസ്ഥാനകാര്യദർശി സേവേറിയോസ് ഹാവാ മെത്രാപ്പോലീത്തയായ ഞാൻ തിരുമേനിയോടുകൂടെ പൗരസ്ത്യകാതോലിക്കാ ആബൂൻ മാർ ബസ്സേലിയോസ് പൗലോസിന്റെ സ്ഥാനാഭിഷേക ശുശ്രൂഷയിൽ സന്നിഹിതനാവുകയും മൂന്നുപ്രവാശ്യം ''ഓക്സിയോസ് യോഗ്യനും അർഹനുമായി ഇദ്ദേഹത്തെ കർത്താവ് പൂർണ്ണനാക്കട്ടെ '' എന്ന് അട്ടഹസിക്കുകയും ചെയ്തു. (ഒപ്പ്) (മുദ്ര)

ഇൻഡ്യയിലെ ശ്ലൈഹിക പ്രതിനിധി തിമോത്തിയോസ് അപ്രേം അബൂദി മെത്രാപ്പോലീത്തായായ ഞാൻ അന്ത്യോഖ്യയുടെയും കിഴക്കൊക്കെയുടെയും മോറാൻ മോർ ഇഗ്നാത്യോസ് യാക്കൂബു തൃതീയൻ പാത്രയിർക്കീസ് തിരുമേനിയുടെ കൂടെ പൗരസ്ത്യകാതോലിക്കാ ആബൂൻ മാർ ബസ്സേലിയോസ് പൗലൂസിന്റെ സ്ഥാനാഭിഷേക ശുശ്രൂഷയിൽ സന്നിഹിതനാവുകയും മൂന്നുപ്രവാശ്യം ''ഓക്സിയോസ് യോഗ്യനും അർഹനുമായി ഇദ്ദേഹത്തെ കർത്താവ് പൂർണ്ണനാക്കട്ടെ എന്ന് അട്ടഹസിക്കുകയും ചെയ്തു. (ഒപ്പ്) (മുദ്ര)

സുറിയാനിയിൽ നിന്നും തർജ്ജമചെയ്തത് കരിങ്ങാച്ചിറ
കുറുത്തേടത്തു ജോസഫ് കത്തനാർ

(ഒപ്പ്)

അനുബന്ധം 2

വിൽപ്പത്രം

''പിതാവും പുത്രനും പരിശുദ്ധറൂഹായുമായ സത്യമുള്ള ഏക ദൈവത്തിനു മഹത്വമുണ്ടാകട്ടെ''.

17-5-1996 ആയിരത്തിതൊള്ളായിരത്തിഎണ്പ്പത്തിആറാമാണ്ട് മെയ്മാസം പതിനേഴാം തീയതി എറണാകുളം ജില്ലാ മൂവാറ്റുപുഴ താലൂക്ക് മാറാടി വില്ലേജ് രാമമംഗലം കരയിൽ മൂവാറ്റുപുഴ ടൗണിൽ സ്ഥിതിചെയ്യും കാതോലിക്കേറേറ് അരമനയിൽ ഇരിക്കും ചെറായി പുതുശ്ശേരി വീട്ടിൽ പരേതനായ ബഹുമാനപ്പെട്ട ഔസേഫ് കത്തനാർ മകൻ കിഴക്കിന്റെ കാതോലിക്കയും പ്രത്യേകാൽകണ്ടനാട് ഭദ്രാസനമെത്രാപ്പോലീത്തായുമായ ശ്രേഷ്ഠവൈദികംഎൺപത്തിരണ്ട്വയസ്സുള്ളബസ്സേലിയോസ്പൗലോസ് ദ്വിതീയൻ കാതോലിക്കാസ്വന്തംമനസ്സാലെയും പരപ്രേരണകൂടാതെയും സ്വ:ബോധത്തോടെഎഴുതിവച്ചവിൽപ്പത്രം.

1. വാർദ്ധക്യവും അസുഖവും അധികരിച്ചുവരുന്നതിനാൽ എന്റെ വകയും എനിക്ക് അവകാശപ്പെട്ടതും എന്റെ അധീനതയിലും കൈവശത്തിലും ഇരിക്കുന്നതുമായ വസ്തുവകകളെ സംബന്ധിച്ച് ഒരു രജിസ്റ്റർ കരണം ജനിപ്പിയ്ക്കേണ്ടതുആവശ്യവും എന്റെ ചുമതലയും ആകയാൽ ഇപ്പോഴം ഈ വില്പത്രം എഴുതി ഒപ്പിട്ടു രജിസ്റ്റാക്കുന്നതാകുന്നു.

2. നാം പരിശുദ്ധ യാക്കോബായ സുറിയാനി സഭയുടെ പരമാദ്ധ്യക്ഷനായ അന്തോഖ്യായുടെയും ബസ്സേലിയോസ് പൗലോസ്, കിഴക്കൊക്കെയുടേയും പരിശുദ്ധ പത്രോസിന്റെ സിംഹാസനത്തിൽ വാണരുളുന്ന മോറാൻ മോർഇഗ്നാത്തിയോസ് പാത്രിയർക്കീസിന്റെ ആത്മീയ അധികാരത്തിൽകിഴുകിഴക്കിന്റെകാതോലിക്കയായിമലങ്കര യാക്കോബായസുറിയാനിസഭയുടെപ്രാദേശികതലവൻഎന്നനിലയിൽ ശുശ്രൂഷകംനടത്തിവരുന്നു.

3. നാംവൈദികശുശ്രൂഷനടത്തിവരവെ1952-ൽമലങ്കരയാക്കോബായാ സുറിയാനി സഭയിലെ കണ്ടനാട് ഭദ്രാസന പൊതുയോഗം നമ്മെ ഭദ്രാസനത്തിന്റെ മെത്രാപ്പോലീത്താസ്ഥാനത്തേക്കു തെരഞ്ഞെടുക്കുകയും തെരഞ്ഞെടുത്തത് പരിശുദ്ധ പാത്രിയാർക്കീസ് ബാവാ

അംഗീകരിക്കുകയും 1952-ൽ തന്നെ ഹോംസിൽ വച്ച് അന്നത്തെ പാത്രിയാർക്കീസ് ആയിരുന്ന കാലം ചെയ്ത പരിശുദ്ധ ഇഗ്നാത്തിയോസ് അപ്രേം പ്രഥമൻ ബാവാ മാർ പീലക്സിനോസ് എന്ന സ്ഥാനനാമത്താൽ നമ്മെകണ്ടനാടു ഭദ്രാസനത്തിന്റെ മെത്രാപ്പോലീത്തയായി വാഴിക്കുകയും ചെയ്തു. പരിശുദ്ധ സഭയിൽ കലഹം നിലനിൽക്കുന്നതിനാൽ വാഴ്ച ഏറ്റു വന്നപ്പോഴും ഒരു ആസ്ഥാനം കണ്ടെത്താൻനാംവളരെപ്രയാസപ്പെട്ടുമലേക്കുരിശ്ദയറായിലും, പിറമാടം ഗത്ശമോൻ ആശ്രമത്തിലും താമസിച്ചു കൊണ്ടും ഭദ്രാസന ഭരണം നിർവ്വഹിക്കുന്നതിനുള്ള അനുവാദം പരിശുദ്ധ പാത്രിയർക്കീസ് ബാവായിൽനിന്നുംലഭിക്കുകയുണ്ടായി. 1954മുതൽപിറമാടംദയറായിൽ നാം താമസമാക്കി, ഭദ്രാസന ഭരണം നിർവ്വഹിച്ചുപോരുന്നു. പിറമാടം ദയറാവക കെട്ടിടങ്ങളും സ്വത്തുക്കളും അന്യാധീനപ്പെട്ടു കിടക്കുന്നതിനാൽ അതിന്റെ ഉദ്ധാരണത്തെക്കുറിച്ചും മററും പരിശുദ്ധ പാത്രിയർക്കീസ് ബാവായെ നാം ധരിപ്പിക്കുകയും തൻഫലമായി ദയറാ കെട്ടിടങ്ങൾ നന്നാക്കിയും പുതിയതു നിർമ്മിച്ചും ദയറാവക സ്വത്തുക്കൾ ക്രമപ്പെടുത്തി കൃഷിചെയ്തു ആദായം എടുപ്പിച്ചും നമ്മുടേയും കണ്ടനാടു ഭദ്രാസനത്തിന്റെയും ആവശ്യത്തിനായി വിനിയോഗിച്ചുകൊള്ളുവാൻ അനുവാദം ലഭിച്ചു. തുർന്നു കണ്ടനാട് ഭദ്രാസനത്തിലെ പളളിക്കാരുടേയും വ്യക്തികളുടേയും നമ്മോടു സ്നേഹമുള്ള മററു വ്യക്തികളുടേയും സഹകരണത്തോടെ നമുക്കു താമസിക്കുന്നിതിനുള്ള മുറി ക്രമീകരിച്ചും സർവ്വ സ്വാതന്ത്ര്യാധികാരങ്ങളോടുകൂടി നിരാക്ഷേപം അനുഭവിച്ചുവരുന്നതാകുന്നു.

4. പ്രസ്താവ വസ്തുവകകൾ നാം കാലം ചെയ്ത ശേഷം ആർക്ക് ഇരിയ്ക്കണമെന്നതിനെപ്പറ്റി ഒരു വ്യവസ്ഥ ചെയ്തു വക്കുന്നതു നല്ലതെന്നു തോന്നി ഇപ്പോൾ ഈ വില്പത്രം എഴുതി ഒപ്പിട്ടു രജിസ്റ്ററാക്കുന്നതാകുന്നു.

5. പട്ടിക വസ്തുവകകൾ നാം കാലം ചെയ്ത ശേഷംശേഷിക്കുന്നതായാൽ പരിശുദ്ധ അന്തോഖ്യാ സിംഹാസനത്തിൽ വാണരുളുന്ന ഇഗ്നാത്തിയോസ് പത്രിയാർക്കീസിന്റെ കീഴിൽ കണ്ടനാടു ഭദ്രാസന മെത്രാപ്പോലീത്താ സ്ഥാനത്തു നിയോഗിക്കപ്പെട്ടിട്ടുള്ളതോ നിയോഗിക്കപ്പെടുന്നതുമായ മെത്രാപ്പോലീത്താ നിരുപാധികം കൈവശംവച്ചും കരം പേരിൽ കൂട്ടി തീർത്തും പട്ടയംപിടിച്ചും എന്നാളും സർവ്വ സ്വാതന്ത്ര്യമായി അനുഭവിപ്പാനുള്ളതാകുന്നു.

6. പിറമാടം ഗത്സമന ആശ്രമ സ്ഥാപന ലക്ഷ്യം നില നിർത്തത്തക്കവിധം ദയറാജീവിതം നയിയ്ക്കാൻ ആഗ്രഹിക്കുന്നവർ കണ്ടനാടു ഭദ്രാസന മെത്രാപ്പോലീത്തായ്ക്ക് അപേക്ഷ സമർപിച്ച് അദ്ദേഹം അനുവദിക്കുന്ന മുറക്കു അവിടെ താമസിച്ചു ദയറാജീവിതം നയിക്കേണ്ടതും അങ്ങനെയുള്ളവരുടെ ജീവിതത്തിനു ആവശ്യമായ ക്രമീകരണങ്ങൾ മെത്രാപ്പോലീത്ത ചെയ്തുകൊടുക്കേണ്ടതുമാകുന്നു.

7. നമ്മുടെ ഭൗതീക ശരീരം അടക്കം ചെയ്യേണ്ടതു പുത്തൻ കുരിശിനടുത്തു മലേക്കുരിശ് ദയറാ ചാപ്പലിനോടു ചേർന്ന് ആയിരി ക്കണമെന്നും നാം ആഗ്രഹിക്കുന്നു.

8. ഈ വില്പത്രത്തെ ഏതാനുമോ മുഴുവനുമോ ഭേദഗതി ചെയ്യുന്നതിനും വേണ്ടി വന്നാൽ റദ്ദു ചെയ്യുന്നതിനും നമുക്കു തനിച്ച് അവകാശമുള്ളതും. നമ്മുടെ കാലശേഷം മാത്രം ഈ കരണം പ്രാബല്യത്തിൽ വരുന്നതാകുന്നു.

ഈ വില്പത്രം മൂവാറ്റുപുഴ സബ്ബ് രജിസ്റ്ററിൽ രജിസ്റ്റർ ചെയ്യുന്നതിനു നിശ്ചയിച്ചു താഴെ എഴുതുന്ന സാക്ഷികൾ കാൺകെ മൂവാറ്റുപുഴ സബ്ബ് രജിസ്ട്രാഫീസിന്റെ അതിർത്തിയിൽപെട്ട മാറാടി വില്ലേജ് രാമംഗലം കരയിൽ ഉള്ള അരമനക്കെട്ടിടത്തിൽ വച്ച് നാം ഒപ്പിട്ടിരിക്കുന്നു.

(136-ാം പേജിൽ നിന്നും ....)

സാക്ഷികൾ

1 കാരിക്കോട് കരകാരമ്മേൽ കുവപ്പിള്ളിൽ വറുഗീസ് മകൻ റവ. ഫാ. എബ്രാഹം കാരാമ്മേൽ. (ഒപ്പ്)

2. കോലഞ്ചേരി കരവള്ളിക്കാട്ടിൽ വറുഗീസ് മകൻ റവ.ഫാ. ജോൺ വള്ളിക്കാട്ടിൽ.

(ഒപ്പ്)

തയ്യാറാക്കിയ EDAI27 കടാതികര ഉഷസ്സിൽ എൻ. രാമദാസൻ നായർ

(ഒപ്പ്)

കയ്പടവെള്ളൂർക്കുന്നം കരശ്രേയസ്സിൽ ഗോപിനാഥ് മകൻ ജി. അജിത് കുമാർ (ഒപ്പ്)

ഇതിൽ വെട്ടുതിരുത്തില്ല.

ബസോലിയോസ് പൗലോസ് ദ്വിതീയൻ
കാതോലിക്കാ
(ഒപ്പ്)

വിവരണം

സർവ്വെ 606/1A 9ഏക്കർ 30 സെൻറിൽ പെട്ട ഒൻപതേക്കർ ഇരുപത് സെൻറിന് 3 ഹെക്ററർ 72 ആർ 32 ച:മിറ്ററും സർവ്വെ 606/5,060/1B ഈ നമ്പർ പുരയിടങ്ങളിൽ കൂടി ടി 606/1A നമ്പരിലേക്കു പബ്ലിക്കു റോഡിൽ നിന്നും റോഡുവെട്ടുന്നതിനുള്ള ഇരുപത്തെട്ടു സെൻറിന് പതിനൊന്ന് ആർ 33 ച: മീറ്ററും സർവ്വെ 666/1. 8ഏക്കർ 21 സെൻറുള്ള പാലക്കുഴി പുരയിടത്തിൽ വീതം നാലേക്കറിന് 1 ഹെക്ററർ 61 ആർ 88 ച:മീറ്ററും 605/6 A.B ലറ്റുകളിൽ പബ്ലിക്കു റോഡിൽ നിന്നും കിഴക്കോട്ട് ദയറാവക സ്ഥലത്തേക്കുള്ള റോഡിനു പതിനാല് സെൻറിന് 5 ആർ 67 ച: മീറ്ററും സർവ്വെ 607/1AB നമ്പർ പുരയിടങ്ങളിൽ വീതം എഴുപത്താറ് സെൻറിന് 30 ആർ 76 ച:മീറ്ററും കൂടി പതിനാലേക്കർ 38 സെൻറു സ്ഥലവും വിരുവും വൃക്ഷാദിദേഹണ്ഡങ്ങളും കെട്ടിടങ്ങളും അതിലുള്ള സകല വകകളും, ഇപ്രകാരം നിശ്ചയിച്ചും സമ്മതിച്ചും എഴുതിവച്ച ടി ബസ്സേലിയോസ് പൗലോസ് ദ്വതീയൻ കാതോലിക്കാ.

(ഒപ്പ്)

ഏണാകുളം	607/1AB	605/6AB	666/1	606/1B-606/5	606/14
പിറവം	.	.	1	.	3
മൂവാറ്റുപുഴ	30	5	61	11	72
പിറവം	76	67	88	33	32

ഡിസ്ട്രിക്ക്
സബ്ഡിസ്ട്രിക്ക്
താലൂക്ക്
ഫർക്ക
വില്ലേജ്
കര
ഇനം
പഞ്ചായത്ത്
സർവ്വെനമ്പർ
ഹെക്ടർ
ആർ
ച:മീറ്റർ

(തുടർച്ച 135ാം പേജ്.....)

PHONE : 32401

MALANKARA JACOBITE SYRIAN ORTHODOX CHURCH

(UNDER THE HOLY APOSTOLIC SEE OF ANTIOCH AND ALL THE EAST)

BASELIOS POULOSE II
(CATHOLICOSE OF THE EAST)
NO.23/96

CATHOLICATE ARAMANA
MUVATTUPUZHA
KERALA 686661
21-5-'96

ദൈവകൃപയാൽ

(മുദ്ര)

നമ്മുടെ അഭിവന്ദ്യനായ തോമ്മസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തായ്ക്ക്കർത്താവിൽസമാധാനം.

മലേൽക്കുരിശ് ദയറാ ചാപ്പിൽ പുതുക്കി പണിയേണ്ടതിന്റെ ആവശ്യകത നമുക്ക് ബോദ്ധ്യമായിരിക്കുന്നു. ആയതിന്റെ പുനഃർ നിർമ്മാണം നിർവ്വഹിക്കുന്നതിന് മെത്രാച്ചനെ ഇതിനാൽ നാം ചുമതലപ്പെടുത്തിയിരിക്കുന്നു. താമസം വിനാ അതിനുള്ള നടപടികൾം സ്വീകരിച്ച്പൂർത്തിയാക്കികൊള്ളണം.

നാം കണ്ടനാട് ഭദ്രാസന മെത്രാപ്പോലീത്താ ആയി വാഴ്ചയേറ്റ് വന്ന അവസരം താമസിച്ചിരുന്നത് മലേൽ കുരിശു ദയറായിൽ ആയിരുന്നു എന്നുള്ളത് അറിയാമല്ലോ. നമ്മുടെ ഭൗതീക ശരീരം അടക്കം ചെയ്യേണ്ടത് മലേൽക്കുരിശ് ദയറാ ചാപ്പലിനോട് ചേർന്ന് ആയിരക്കണമെന്ന് നാം ആഗ്രഹിക്കുന്നു. നമ്മുടെ ഈ ആഗ്രഹം പൂർത്തീകരിക്കുന്നതിന് മെത്രാച്ചനെ നാംചുമതലപ്പെടുത്തികൊള്ളുന്നു. നമ്മുടെഅന്ത്യംഎവിടെ വച്ചായിരുന്നാലും മെത്രാച്ചന്റെ മേൽനോട്ടത്തിൽ ഇക്കാര്യം നിർവ്വഹിച്ചുകൊള്ളണം. ക്ഷേമത്തിനായി പ്രാർത്ഥിക്കുന്നു. കർത്താവിൽ സുഖമായിരിപ്പിൻ.

ആകാശത്തിലുള്ള.....

(ഒപ്പ്)



ഷെവ.കെ.വി. പൗലോസ്

മലങ്കര സഭയുടെ പ്രകാശഗോപുരം

ശ്രേഷ്ഠ കാതോലിക്കാ ബാവാ

അരനൂറ്റാണ്ടിലേറെക്കാലം മലങ്കരയാക്കോബായ സുറിയാനി ഓർത്തഡോക്സ് സഭയുടെ ഭാഗധേയം നിർണ്ണയിക്കുന്നതിൽ പ്രധാന പങ്കുവഹിച്ച പ്രകാശഗോപുരമെന്നവിധം സഭാംഗങ്ങൾക്കു വഴികാട്ടിയ ശ്രേഷ്ഠ കാതോലിക്കാബാവായുടെ ജീവചരിത്രം സൺഡേസ്ക്കൂൾ കുട്ടികൾക്കും അദ്ധ്യാപകർക്കും വിശ്വാസികളായ ക്ഷേത്രജനങ്ങൾക്കും ഏറെ ഉപകരിക്കുന്ന ഒന്നാണ്. വൈദിക ശ്രേഷ്ഠൻ ആദരണീയനായ ഇടയൻ, പൗരസ്ത്യകാതോലിക്കാ ബാവാ എന്നീ വിവിധ നിലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച, സംഭവ ബഹുലമായ ഒരു ജീവിതത്തിന്റെ ഉടമയാണ് ശ്രേഷ്ഠ ബാവാ. ആദരണീയവും മാതൃകാപരവുമായ ആ ജീവിതം ഈ തലമുറയ്ക്കും വരാൻ പോകുന്ന തലമുറകൾക്കും പ്രചോദനമായിരിക്കും എന്ന കാര്യത്തിൽ സംശയമില്ല. നിരവധി സംഭവങ്ങളുടെയും സമുന്നത വ്യക്തികളുടെ മധുര സ്മരണകളുടെയും ചരിത്രപരമായ വസ്തുതകളുടെയും വെളിച്ചത്തിൽ ഈ ജീവിതം അനാവരണം ചെയ്യുന്നത് സൺഡേസ്ക്കൂൾ അസോസിയേഷൻ ജനറൽ സെക്രട്ടറിയെന്ന നിലയിൽ ദീർഘകാലമായി ബാവായുമായി അടുത്തിടപെടുവാൻ ഭാഗ്യം ലഭിച്ച ഷെവ. കെ.വി. പൗലോസ് ആണ്.

രാഷ്ട്രദീപിക

ശ്രേഷ്ഠ ബസേലിയോസ് പൗലോസ്
രണ്ടാമൻ കാതോലിക്ക ബാവ കാലം ചെയ്ത
തിനെ തുടർന്ന് രാഷ്ട്രദീപിക ദിനപത്രം
പ്രസിദ്ധീകരിച്ച സ്മരണികയുടെ
പൂർണ്ണരൂപമാണ്
5-ാം ഭാഗത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്

ശ്രേഷ്ഠ കാതോലിക്കാ ബസേലിയോസ് പൗലോസ് ദ്വിതീയൻ ബാവാ

(1914 – 1996)

സ്മരണിക



ഒരു രാഷ്ട്രദീപിക
പ്രസിദ്ധീകരണം



ആമുഖക്കുറിപ്പ്

മലങ്കര യാക്കോബായ സുറിയാനിസഭയുടെ ആപാദ്യശ്രേഷ്ഠൻ ശ്രേഷ്ഠകാതോലിക്കാ ബസേലിയോസ് പൗലോസ് ദ്വിതീയൻ ബാവായുടെ ദേഹവിയോഗം സഭാസമൂഹത്തിനും കേരളജനതയ്ക്കും ഒരു തീരാനഷ്ടമാണ്. ഋഷിതുല്യനായ പരിശുദ്ധ ബാവായുടെ സഫലജീവിതത്തിന്റെ ധന്യമുഹൂർത്തങ്ങൾ രേഖപ്പെടുത്തിവയ്ക്കുന്നതിനും ആ പാവനജീവിതത്തിന്റെ വൈശിഷ്ട്യം വ്യക്തമാക്കുന്നതിനുമാണ് ദീപിക ഈ സ്മരണിക പ്രകാശിതമാക്കുന്നത്.

ജനങ്ങൾക്ക് ക്ഷേമവും ഐശ്വര്യവും ഉണ്ടാവണമെന്നതായിരുന്നു തന്റെ ഏറ്റവും വലിയ പ്രാർത്ഥനയായി അദ്ദേഹം കരുതി. നിഷ്കളങ്കമായ സ്നേഹവും ത്യാഗബുദ്ധിയുമായിരുന്നു കാലം ചെയ്ത ശ്രേഷ്ഠകാതോലിക്കാബാവായുടെ ദിവ്യവ്യക്തിത്വത്തിന്റെ മഹാരഹസ്യം. സ്ഥാനമാനങ്ങൾ ഈ ഗുരുശ്രേഷ്ഠന്റെ ജീവിതശൈലിയിൽ ഒരിക്കലും മാറ്റം വരുത്തിയിരുന്നില്ല. ഇന്ന് ക്രൈസ്തവസഭയിലെയും മറ്റു മതവിഭാഗങ്ങളിലെയും വിശ്വാസികൾ ബാവായുടെ പ്രാർത്ഥനാജീവിതത്തേയും എളിമയേയും ഭക്തിയാദരങ്ങളോടെയാണ് വീക്ഷിക്കുന്നത്.

സത്യവിശ്വാസത്തിന്റെയും ആചാര്യത്വത്തിന്റെയും പ്രമാണങ്ങൾ ജീവിതനിഷ്ഠയായി കരുതിയ ആ മഹദ്വ്യക്തിത്വത്തിന്റെ സ്മരണ ഹൃദയത്തിൽ സൂക്ഷിക്കുന്ന പതിനായിരങ്ങളോടൊപ്പം ദീപികയും പങ്കുചേരുകയാണ്. എക്കാലവും ദീപികയുടെ ഉറ്റബന്ധുവായിരുന്ന ശ്രേഷ്ഠകാതോലിക്കാബാവായുടെ ജീവിതവൈശിഷ്ട്യം വ്യക്തമാക്കുന്ന ഈ സ്മരണികയിൽ ബാവായുടെ ലാളിത്യമാർന്ന ജീവിതത്തെ സ്പർശിച്ചുകൊണ്ട് ലേഖനങ്ങൾ എഴുതിയവർക്കും സന്ദേശങ്ങൾ നൽകി അനുഗ്രഹിച്ച അഭിവന്ദ്യതിരുമേനിമാർക്കും ഇവിടെ നന്ദി രേഖപ്പെടുത്തട്ടെ.

James K Joseph

ജയിംസ് കെ. ജോസഫ്
(മാനേജിംഗ് എഡിറ്റർ ആൻഡ് മാനേജിംഗ് ഡയറക്ടർ)



ശ്രേഷ്ഠ കാതോലിക്കാബാവായുടെ പാവനസ്മരണയ്ക്കുമുമ്പിൽ മണർകാട് വിശുദ്ധ മർത്തമറിയം ഇടവകയുടെ ആദരാഞ്ജലികൾ

1. സെന്റ് മേരീസ് യാക്കോബായ സുറിയാനി പള്ളി മണർകാട്
2. " " ആശുപത്രി മണർകാട്
3. " " കോളജ് "
4. " " ഹൈസ്കൂൾ "
5. " " ഇംഗ്ലീഷ് മീഡിയം സ്കൂൾ "
6. " " ഐ.റ്റി.സി. "
7. " " സ്കൂൾ ഓഫ് നഴ്സിംഗ് "
8. " " സേവകാസംഘം "
9. " " സൺഡേസ്കൂൾ "
10. " " വയോജനസംഘടന "
11. " " യൂത്ത് അസോസിയേഷൻ "
12. വിശുദ്ധ മർത്ത മറിയം വനിതാ സമാജം "
13. ഹെയിൽ മേരി ലീഗ് "

EDITED, PRINTED AND PUBLISHED BY, JAMES K. JOSEPH, MANAGING EDITOR CUM MANAGING DIRECTOR, ON BEHALF OF RASHTRA DEEPIKA LIMITED, AT ST. FRANCIS SALES PRESS, KOTTAYAM.
EDITOR IN CHARGE: THEKKINKAD JOSEPH. SOUVENIR COMMITTEE: ASHIM MANNATHOOKKARAN, SHAJAN MANI, THOMAS KUMARAKAM, P.C. THOMAS



ആകമാനസുറിയാനി സഭയുടെ പരമാധ്യക്ഷൻ പരിശുദ്ധ പാത്രിയർക്കീസ് സാക്കാ പ്രഥമൻ ബാവായുടെ സന്ദേശം

(ദൈവകൃപയാൽ ആകമാന സിറിയൻ ഓർത്തഡോക്സ് സഭയുടെ പരമാദ്ധ്യക്ഷനായ അന്ത്യോഖ്യായുടെയും കിഴക്കൊക്കയുടെയും സാക്കാ പ്രഥമൻ ഇൗവാസ് പാത്രിയർക്കീസ്)

പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസ് അംഗങ്ങളായ നമുക്കെത്രയും സ്നേഹിക്കപ്പെട്ട മെത്രാപ്പോലീത്തമാരേ, ഇന്ത്യയിലെ നമ്മുടെ സുറിയാനി ഓർത്തഡോക്സ് സഭയിലെ നമ്മുടെ ആത്മീയവത്സലമക്കളായ ബഹുമാന്യരായ വൈദികരും സത്യവിശ്വാസികളുമേ,

കിഴക്കിന്റെ കാതോലിക്കയായ, കർത്താവിൽ നമ്മുടെ സഹോദരൻ, ശ്രേഷ്ഠമാർ ബസേലിയോസ് പൗലോസ് രണ്ടാമന്റെ ആകസ്മികമായ ദേഹവിയോഗ വാർത്ത നമ്മെ വളരെയധികം വേദനിപ്പിച്ചു. പരിശുദ്ധ സഭയെ സംബന്ധിച്ചിടത്തോളം വളരെ നിർണായകമായ ഈ ഘട്ടത്തിൽ സംഭവിച്ചതായ അദ്ദേഹത്തിന്റെ വേർപാട്, പരിശുദ്ധ സഭയ്ക്ക് വളരെ വലിയ ഒരു നഷ്ടംതന്നെയാണ്. അദ്ദേഹം തന്റെ ജീവിതാവസനംവരെയും, നമ്മുടെ പരിശുദ്ധ അപ്പസ്തോലിക സഭയുടെ സത്യവിശ്വാസാചാരങ്ങളുടെയും, പൗരാണിക പാരമ്പര്യങ്ങളുടെയും ഉത്സാഹിയും തോല്പിക്കപ്പെടാനാവാത്തവനുമായ കാവൽഭടനായിരുന്നു. തന്റെ ആയുഷ്കാലം മുഴുവനും അവ സംരക്ഷിക്കാനും കളങ്കമില്ലാതെ സൂക്ഷിക്കുവാനും അദ്ദേഹം ഒരുപാട് കഷ്ടതകൾ അനുഭവിക്കുകയുണ്ടായി. നിർവ്യാജവും നീതിയുക്തവും സഭയുടെ മഹത്വത്തിനനുയോജ്യവുമായ സമാധാനം അവിടെയുള്ള നമ്മുടെ സഭയിൽ ഉണ്ടായിക്കാണുവാൻ അദ്ദേഹം ആഗ്രഹിച്ചു. അദ്ദേഹത്തിന്റെ ആഴമേറിയ ഭക്തിയും അതിരില്ലാത്ത സഭാകാര്യതാത്പര്യവും അളവില്ലാത്ത സ്നേഹവും തന്റെ എളിമയും പ്രാർഥനാനിരതമായ ജീവിതവും എല്ലാറ്റിനും ഉപരിയായി ആത്മാർഥമായ തന്റെ സഭാസേവനവും സുവിദിതമാകുന്നു. തന്റെ കുരിശെടുത്ത്, തന്റെ നാഥനായ കർത്താവേശുമിശിഹായെ പിന്തുടർന്ന വലിയ ആട്ടിടയനും ആത്മീയനേതാവുമാണ് അദ്ദേഹം. അത്മാർഥതയോടും അർപ്പണബുദ്ധിയോടുംകൂടി താൻ സഭയിൽ നിർവഹിച്ച സേവനങ്ങൾക്ക് വിശ്വസ്തനായ ദൈവംതമ്പുരാൻ തീർച്ചയായും പ്രതിഫലം നല്കും എന്നതിന് സംശയമില്ല.

നമുക്ക് അദ്ദേഹത്തോട് ഹൃദയംഗമമായ സ്നേഹമുണ്ട്. 1980ൽ നമ്മുടെ പാത്രിയർക്കാ തെരഞ്ഞെടുപ്പിലും സ്ഥാനാരോഹണശുശ്രൂഷയിലും അദ്ദേഹം വളരെ സജീവമായി പങ്കെടുത്തു. 1982ൽ നാം മലങ്കര സന്ദർശിച്ചതായ അവസരത്തിൽ, നമ്മുടെ സന്ദർശനപരിപാടികൾ വലിയ വിജയമാക്കിത്തീർക്കുവാൻ അദ്ദേഹം മുഴുവൻ സമയങ്ങളിലും നമ്മെ അനുയാത്രചെയ്തിരുന്നു. അവിടെയുള്ള നമ്മുടെ സഭാകാര്യങ്ങൾ അതാതു സമയങ്ങളിൽ നമ്മെ അറിയിക്കുന്നതിന് അദ്ദേഹം പ്രത്യേകം താത്പര്യം കാണിച്ചിരുന്നു. അദ്ദേഹത്തിന്റെ ദേഹവിയോഗത്തിന് രണ്ടുദിവസം മുമ്പുപോലും അദ്ദേഹത്തിൽനിന്നൊരു കത്ത് നമുക്ക് ലഭിക്കുകയുണ്ടായി. അവിടെയുള്ള നമ്മുടെ സഭാകാര്യ നിർവ്വഹണത്തിൽ അദ്ദേഹത്തിന്റെ ജ്ഞാനമേറിയതും വിലയേറിയതുമായ അഭിപ്രായങ്ങൾ നാം പ്രത്യേകം മാനിച്ചിരുന്നു. സഭാചരിത്രത്തിലും സുറിയാനിഭാഷയിലും അദ്ദേഹം അഗാധപണ്ഡിതനായിരുന്നു. അദ്ദേഹത്തിന്റെ വേർപാട് പരിശുദ്ധസഭയ്ക്ക് പൊതുവായും നമുക്ക് വ്യക്തിപരമായും നികത്താനാവാത്ത നഷ്ടമാണ് ഉണ്ടാക്കിയിരിക്കുന്നത്.

കർത്താവിൽ നമ്മുടെ വാത്സല്യമുള്ളവരേ, നിങ്ങളുടെ അഗാധമായ ദുഃഖത്തിലും വിഷമതയിലും നാം നിങ്ങളോടൊത്തു പങ്കുചേരുന്നു. ശ്രേഷ്ഠ കാതോലിക്കയുടെ വേർപാടിന്റെ മൂന്നാം ദിവസത്തെ കുർബാന നമ്മെ പ്രതിനിധീകരിച്ച് അർപ്പിക്കുവാനും അന്നത്തെ പ്രാർഥനകൾക്ക് നേതൃത്വം നല്കുവാനുമായി നമ്മുടെ വാത്സല്യവാൻ ആലെപ്പോയുടെ ആർച്ച് ബിഷപ് മാർ ഗ്രിഗോറിയോസ് യൂഹാനോൻ അബ്രഹാമിനെ നാം പ്രത്യേകം ചുമതലപ്പെടുത്തി അയയ്ക്കുന്നു. നമ്മുടെ പ്രിയങ്കരനായ ശ്രേഷ്ഠ കിഴക്കിന്റെ കാതോലിക്ക മാർ ബസേലിയോസ് പൗലോസ് രണ്ടാമൻ കാലംചെയ്തതായ സെപ്റ്റംബർ 1-ാം തീയതി, ദമസ്കോസിലുള്ള നമ്മുടെ പാത്രിയർക്കാ അരമന കത്തീഡ്രലിൽ, നാം അദ്ദേഹത്തിന്റെ ആത്മാവിനുവേണ്ടി വിശുദ്ധ കുർബാനയർപ്പിക്കുകയും പ്രത്യേക പ്രാർഥനകൾ നിർവഹിക്കുകയും ചെയ്തു.

നമ്മിൽനിന്ന് വിടവാങ്ങിപ്പോയ ആ ശ്രേഷ്ഠ ആത്മാവിനോടുള്ള ബഹുമാനസൂചകമായി, മലങ്കരസഭയിൽ നാല്പതുദിവസത്തെ വിലാപം നാം പ്രഖ്യാപിക്കുന്നു. ആ നാല്പതു ദിവസങ്ങളിൽ മലങ്കരയിലുള്ള നമ്മുടെ എല്ലാ പള്ളികളിലും വിടവാങ്ങിപ്പോയ ആ ആത്മാവിന്റെ നിത്യശാന്തിക്കുവേണ്ടി വിശുദ്ധ കുർബാന അർപ്പിക്കുവാൻ നാം നിങ്ങളോട് ആഹ്വാനം ചെയ്യുകയും ചെയ്യുന്നു. സർവശക്തനായ ദൈവംതമ്പുരാൻ നമ്മെ ആശ്വസിപ്പിക്കുകയും അദ്ദേഹത്തിന്റെ ആത്മാവിന്, നമ്മുടെ പരിശുദ്ധ പിതാക്കന്മാരുടെ ആത്മാക്കളോടൊത്ത് സ്വർഗീയസൗഭാഗ്യത്തിൽ ആനന്ദിപ്പിക്കുകയും ചെയ്യുമാറാകട്ടെ.

വി. യോഹന്നാൻ 11:25,26 വാക്യങ്ങളിൽ നാം വായിക്കുന്നു: 'യേശു പറഞ്ഞു: ഞാൻതന്നെ പുനരുത്ഥാനവും ജീവനുമാകുന്നു. എന്നിൽ വിശ്വസിക്കുന്നവൻ മരിച്ചാലും ജീവിക്കും. ജീവിച്ചിരുന്ന് എന്നിൽ വിശ്വസിക്കുന്നവർ ആരും ഒരു നാളും മരിക്കുകയില്ല.' നമ്മുടെ കാഴ്ചയിൽനിന്ന് ശ്രേഷ്ഠ കാതോലിക്ക മറഞ്ഞുപോയി. എങ്കിലും, അദ്ദേഹം ഇപ്പോഴും നമ്മോടുകൂടിയുണ്ട് എന്ന് അറിഞ്ഞിരിക്കേണം.

ദൈവംതമ്പുരാൻ നിങ്ങളെയും അദ്ദേഹത്തിന്റെ ദുഃഖാർത്തരായ കുടുംബാംഗങ്ങളെയും ആശ്വസിപ്പിക്കുമാറാകട്ടെ. ദൈവത്തിന്റെ അളവറ്റ കൃപ നിങ്ങളെല്ലാവരോടുമൊത്ത് സദാ വർധിച്ചിരിക്കുമാറാകട്ടെ.

ഡമാസ്കസ്, സിറിയ
സെപ്റ്റംബർ 2, 1996

സന്ദേശം



മലങ്കര യാക്കോബായ സുറിയാനിസഭയുടെ അധ്യക്ഷനായ ശ്രേഷ്ഠ കാതോലിക്കാ ബാസേലിയോസ് പൗലോസ് ദ്വിതീയൻ ബാവയുടെ ദേഹവിയോഗം ഏവർക്കും ദുഃഖമുണ്ടാക്കിയ ഒരു സംഭവമായിരുന്നല്ലോ. ശിരസ്സുമുതൽ നായിരുന്ന ബാവയുടെ പാവനസ്മരണ നിലനിർത്തുന്നതിനുളള ഒരു എളിയ ശ്രമം എന്ന നിലയിൽ ദീപിക ഒരു സ്മരണിക പ്രസിദ്ധീകരിക്കുന്നുവെന്നറിയുന്നതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. അദ്ദേഹത്തിന്റെ മൂപ്പതാം ചരമദിനത്തിൽ പ്രസിദ്ധീകരിക്കപ്പെടുന്ന പ്രസ്തുത സ്മരണികയ്ക്ക് ഞാൻ എല്ലാ വിജയങ്ങളും നേരുന്നു.

കഴിഞ്ഞ ഫെബ്രുവരിയിൽ എറണാകുളം അതിരൂപതയുടെ ശതാബ്ദിയും എന്റെ പൗരോഹിത്യജൂബിലിയും സംയുക്തമായി ആഘോഷിച്ച അവസരത്തിലാണ് ഞാൻ അദ്ദേഹത്തെ അവസാനമായി കണ്ടത്. പ്രായത്തിന്റെ ക്ഷീണവും പ്രയാസവുമൊന്നും വകവയ്ക്കാതെ അന്ന് ആശംസകൾ അർപ്പിക്കാനെത്തിയത്, അദ്ദേഹത്തിന് എന്നോടും അതിരൂപതയോടുമുളള വലിയ സ്നേഹംകൊണ്ടാണെന്നു ഞാൻ മനസിലാക്കുന്നു. എല്ലാവരോടും അദ്ദേഹത്തിന് ഈ സ്നേഹമുണ്ടായിരുന്നു. നിസ്വാർത്ഥസ്നേഹത്തിന്റെ ഈ നിറവാണ് അദ്ദേഹത്തിന്റെ ജീവിതത്തെ പ്രകാശപൂർണമാക്കിയത്. ഇന്ന് ആ പുണ്യചരിതന്റെ ജീവിതം നമ്മുടെ മുമ്പിൽ ഒരു പ്രകാശഗോപുരമായി ഉയർന്നുനില്ക്കുന്നു.

വിശുദ്ധിയുടേയും സ്നേഹത്തിന്റെയും ജീവിതത്തിൽ വളരാനാഗ്രഹിക്കുന്നവർക്കെല്ലാം അദ്ദേഹത്തിന്റെ ജീവിതം മാതൃകയും പ്രചോദനവുമാകട്ടെയെന്നു ഞാൻ ആശംസിക്കുന്നു.

കർദിനാൾ മാർ ആന്റണി പടിയറ
ശ്രേഷ്ഠ മെത്രാപ്പോലീത്ത

സന്ദേശം



ഒരു സഭാധ്യക്ഷൻ തന്റെ സഭയുടെ ശിരസും പിതാവുമാണ്. തന്റെ സഭയുടെ തലവനെന്ന നിലയിൽ അദ്ദേഹത്തിലൂടെയാണ് അതിന്റെ പാരമ്പര്യം സംരക്ഷിക്കപ്പെടുകയും കൈമാറപ്പെടുകയും ചെയ്യുന്നത്. ഈ പാരമ്പര്യം കേവലം ആരാധനയുടെ കാര്യം മാത്രമല്ല, ആധ്യാത്മികതയും ദൈവശാസ്ത്രവുമെല്ലാം അതിൽപ്പെടുന്നു. ഈ പാരമ്പര്യം തന്റെ ജീവിതത്തിലൂടെയും പ്രബോധനത്തിലൂടെയും കൂടുതൽ വ്യക്തമാക്കുകയാണ് സഭാധ്യക്ഷന്റെ ധർമം. ഇത് നിർവഹിക്കുന്ന വ്യക്തിയോട് വിശ്വാസികളുടെ സമൂഹത്തിനുള്ള കടപ്പാട് വിവരിക്കാനാവില്ല. ഇങ്ങനെ തന്റെ ദൗത്യം നിർവഹിച്ച ഒരു വ്യക്തിയായിരുന്നു ശ്രേഷ്ഠ കാതോലിക്കാ ബാവ.

ശ്ലീഹന്മാരുടെ പിൻഗാമികളായ സഭാധ്യക്ഷന്മാർ വിശ്വാസത്തിൽ മക്കൾക്ക് രൂപം കൊടുക്കുകയും ആഴമായ സ്നേഹത്തോടെ അവരെ നയിക്കുകയും ചെയ്യുന്ന പിതാക്കന്മാരാണ്. മക്കൾക്കടുത്ത സ്നേഹവും ബഹുമാനവുമാണ് നമുക്ക് അവരോടും ഉണ്ടായിരിക്കേണ്ടത്. ഇത് നഷ്ടപ്പെടുത്തുന്ന വ്യക്തികൾ ക്രൈസ്തവ കൂട്ടായ്മയുടെ ഭാഗമാണെന്നു പറയുവാൻ ബുദ്ധിമുട്ടുണ്ട്.

മലങ്കര സുറിയാനി ഓർത്തഡോക്സ് സഭയിലെ അംഗങ്ങൾക്ക് ഈ ആത്മീയബന്ധമാണ് തങ്ങളുടെ മേലധ്യക്ഷന്മാരോടുണ്ടായിരുന്നത്. ശ്രേഷ്ഠ ബാവാ തിരുമേനിയുടെ കബറടക്കത്തിൽ സംബന്ധിച്ച പതിനായിരക്കണക്കിന് വിശ്വാസികൾ ഈ സത്യമാണ് വിളിച്ചോതിയത്. അവിടെ കൂടിയിരുന്ന സമൂഹത്തിന്റെ ഭക്തിപ്രകടനം മറ്റ് വിഭാഗങ്ങൾക്ക് പ്രചോദനമായിരുന്നുവെന്നത് എടുത്തുപറയേണ്ട കാര്യമാണ്. തന്റെ ജീവിതത്തിൽ തികഞ്ഞ ലാളിത്യവും എളിമയും കാത്തുസൂക്ഷിച്ച ബാവ ആഡംബരത്തെയും സുഖലോലുപതയേയും സ്നേഹിക്കുന്ന ആധുനിക മനുഷ്യന് മാതൃകയും വെല്ലുവിളിയുമായിരുന്നു.

സുറിയാനി ഓർത്തഡോക്സ് സഭയുടെ വിശ്വാസവും ആധ്യാത്മികതയുമെല്ലാം തന്നിൽ ക്രോഡീകരിച്ച വ്യക്തിയായിരുന്നു അദ്ദേഹം. തന്റെ ജനത്തെ അദ്ദേഹം ആത്മാർഥമായി സ്നേഹിക്കുകയും ചെയ്തുവെന്നാണ് ഞാൻ മനസിലാക്കുക. വന്ദ്യ തിരുമേനിക്ക് എന്റെ ആദരാഞ്ജലികൾ. അഭിവന്ദ്യ ബാവതിരുമേനിയെ തങ്ങളുടെ സമൂഹത്തിന്റെ ശിരസും പിതാവുമായിക്കണ്ട വിശ്വാസികളുടെ സമൂഹത്തോട് ചേർന്ന് ഞാനും ഈ അവസരത്തിൽ ബാവായുടെ നിത്യശാന്തിക്കായി പ്രാർഥിക്കുന്നു.

ആർച്ചുബിഷപ് മാർ ജോസഫ് പൗവ്വത്തിൽ
ചങ്ങനാശേരി അതിരൂപതാ മെത്രാപ്പോലീത്ത

ശ്രേഷ്ഠതയിലേക്ക് ഉയർന്ന മർത്യതേജസ്

ഈശ്വരനിയോഗത്താലും സ്വകർമത്താലും ശ്രേഷ്ഠതയിലേക്കുയർന്ന അതുല്യ ആധ്യാത്മികതേജസായിരുന്നു കാലംചെയ്ത ശ്രേഷ്ഠ കാതോലിക്കാ ബസേലിയോസ് പൗലോസ് ദ്വിതീയൻ ബാവ.

ലോകരെല്ലാം അദ്ദേഹത്തെ ശ്രേഷ്ഠനെന്നു വിളിച്ചിരുന്നത് ശ്രേഷ്ഠപദം തന്റെ സ്ഥാനപ്പേരിന്റെ വിശേഷണമായതുകൊണ്ടായിരിക്കാം. എന്നാൽ, അവരുടെ ഹൃദയങ്ങളിൽ അദ്ദേഹം ശ്രേഷ്ഠനായി കുടികൊണ്ടത് സഭാപരമോ സ്ഥാനപരമോ ആയ ഔന്നത്യംകൊണ്ടല്ല; താൻ നയിച്ച സമൂഹത്തിന്റെ വലിപ്പമോ പ്രതാപമോകൊണ്ടല്ല.

പിന്നെയോ ആ മഹനീയാസനത്തിൽ ഇരിക്കാൻ നിയുക്തമായ ഔതികശരീരത്തിനുള്ളിൽ വർത്തിച്ച ഹൃദയത്തിന്റെ അതിവിശാലതകൊണ്ട്; അവിടെ തിരതല്ലിയ സ്നേഹത്തിന്റെ ആഴംകൊണ്ട്.

ഔദ്യോഗികമായി അദ്ദേഹം യാക്കോബായ സുറിയാനിസഭയുടെ തലവനായിരുന്നു. അന്ത്യോക്യാ പാത്രിയാർക്കീസ് ബാവയുടെ പ്രതിനിധി. എന്നാൽ, ആ വലിയ ഹൃദയം ആ സഭയുടേതു മാത്രമായിരുന്നില്ല. ആ ദീപസ്തംഭം ഒരു സമുദായത്തിന്റേതുമാത്രമായിരുന്നില്ല. ആ ആധ്യാത്മികതേജസ് താൻ പ്രത്യക്ഷത്തിൽ നയിച്ച അജഗണത്തിനുമാത്രം അവകാശപ്പെട്ടതായിരുന്നില്ല.

യാക്കോബായ സുറിയാനിസഭയ്ക്കു പുറത്ത് മറ്റു ക്രൈസ്തവവിഭാഗങ്ങളുടെയും ഇതരമതസ്ഥരുടെയും ഹൃദയങ്ങളിൽ അദ്ദേഹം സ്ഥാനംനേടി. അവരുടെ ആദരവും സ്നേഹവും അവകാശമാക്കി. തങ്ങൾക്കുകൂടി അവകാശപ്പെട്ട ശ്രേഷ്ഠപുരുഷനാണ് അദ്ദേഹമെന്നു മറ്റു സമുദായങ്ങൾക്കു തോന്നുംവിധമായിരുന്നു ആ ഹൃദയത്തിന്റെ വ്യാപാരങ്ങൾ.

കാറ്റും പിശറും ഏറെ അസ്വസ്ഥതകൾ സൃഷ്ടിച്ച ജീവിതസാഗരം. തർക്കങ്ങളുടെയും കേസുകളുടെയും മധ്യേ താൻ നയിക്കുന്ന സഭയുടെ സുരക്ഷിതമായ യാനത്തിനുവേണ്ടി ക്ലേശങ്ങളേറെ സഹിക്കേണ്ടിവന്നപ്പോഴും അദ്ദേഹം ക്ഷോഭിച്ചില്ല. സഭയുടെ പോരാട്ടം വിഭാഗീയതയുടെ ഏറ്റുമുട്ടലായി കാണാതെ വിശ്വാസരക്ഷയ്ക്കുവേണ്ടിയുള്ള ക്രൂശുയാത്രയായി അദ്ദേഹം കണ്ടു.

ഉള്ളിൽ തുളുമ്പിയ മനുഷ്യസ്നേഹവും ആർദ്രതയും അനുകമ്പയും സമൃദ്ധമായി ചുറ്റിനുമൊഴുക്കാൻ താൻ നേരിടേണ്ടിവന്ന പരീക്ഷണങ്ങളുടെ കാഠിന്യം തടസമായതുമില്ല.

ജ്ഞാനത്തിനുവേണ്ടിമാത്രം പ്രാർഥിച്ച സോളമനെപ്പോലെയായിരുന്നു ആ തപോധനൻ. സോളമനെപ്പോലെ ജ്ഞാനത്തിനുമാത്രമല്ല, അതിലൂടെ പ്രതാപത്തിനും സ്രഷ്ടാവ് അദ്ദേഹത്തെ യോഗ്യനാക്കി. ലാളിത്യവും പാണ്ഡിത്യവും തികഞ്ഞ ശ്രേഷ്ഠ കാതോലിക്കാബാവയായിരുന്നു യാക്കോബായ സുറിയാനിസഭയുടെ അഭ്യുന്നതിക്കു കാരണക്കാരൻ എന്നു പറയുന്നത് ആ ശ്രേഷ്ഠന്റെ വിശ്വാസത്തിന് എതിരാകും. എന്നാൽ, എല്ലാ പുരോഗതിക്കും സ്രഷ്ടാവ് ആ തനയനെ സുപ്രധാന ഉപകരണമാക്കി എന്നതു വിനീതമായ ഹൃദയത്തിനും ഏറ്റുപറയാതിരിക്കാൻകഴിയില്ല.

യാക്കോബായ സുറിയാനിസഭയുടെ അമരക്കാരനായിരുന്ന കാൽനൂറ്റാണ്ട് അദ്ദേഹത്തിനു കുരിശിന്റെവഴിതന്നെയായിരുന്നു.എങ്കിലും ഒഴിഞ്ഞുമാറാൻ അദ്ദേഹം തുനിഞ്ഞില്ല. ഇരുപതുവർഷം സഹോദരനയർക്കുവേണ്ടി ജീവിതസമരം നടത്തുമ്പോഴും മുറിഞ്ഞുമാറിയ സഹോദരഭാഗങ്ങൾ ഒന്നായിക്കാണാൻ ആ ഹൃദയം നൊമ്പരത്തോടെ ആശിച്ചിരുന്നു. യാക്കോബായ സുറിയാനിസഭയെ കത്തോലിക്കാസഭയുമായി കൂടുതൽ അടുപ്പിച്ചത് ആ താപസശ്രേഷ്ഠന്റെ പ്രാർഥനയും കർത്തൃഹിതത്തിനായുള്ള ആത്മസമർപ്പണവുമായിരുന്നു.

പ്രാർഥനാജീവിതത്തിലും വൈദികവൃത്തിയിലും ഉറച്ച പാരമ്പര്യമുള്ള ശിക്ഷണം കർത്താവിനാൽ തെരഞ്ഞെടുക്കപ്പെടാനുള്ള നിമിത്തമായി വളർന്നിരിക്കാം. ദൈവികനിയോഗം നിറവേറ്റാൻ നല്ല പോർപൊരുതി ഓട്ടം തികച്ച ശ്രേഷ്ഠ ബാവയെ സ്രഷ്ടാവ് തിരികെവിളിച്ചതു താനേറെ ആഗ്രഹിച്ച സൈക്യം നേരിട്ടുകാണാൻ അവസരമാകുംമുമ്പേയാണ്.



ദീപിക

ശ്രേഷ്ഠ കാതോലിക്കാബാവ കാലംചെയ്തു

മലങ്കര സ്കൂളുകൾക്ക് ഇന്ന് അവധി

സുഖ്റാമിന് വരാൻ തിടുക്കം: വക്കീൽ

ഇറാക്കിസേന പിന്മാറുന്നു

ഈതികലോകത്തിന് ആ വെളിച്ചത്തിന്റെ വിയോഗം വലിയ നഷ്ടമാണ്, ദുഃഖകരമാണ്. യാക്കോബായ സുറിയാനിസഭയ്ക്കുമാത്രമല്ല, ഇതര ക്രൈസ്തവസമൂഹങ്ങൾക്കും നഷ്ടപ്പെട്ടതു തേജസിയായ ആചാര്യനെയാണ്, നല്ലൊരു ഇടയനെയാണ്. ഈ ദുഃഖം കേരളസമൂഹം മുഴുവന്റെയുമാണ്.

സ്രഷ്ടാവിനുമാത്രം പരിഹരിക്കാൻകഴിയുന്ന ഈ നഷ്ടബോധത്തിലും ദുഃഖത്തിലും ഞങ്ങളും പങ്കുചേരുന്നു. സ്രഷ്ടാവിനാൽ തെരഞ്ഞെടുക്കപ്പെട്ട ആ ശ്രേഷ്ഠത ഏവർക്കും വഴികാട്ടിയാവട്ടെ; ഒരിക്കലും അണയാത്ത ദീപസ്തംഭവും.

(ശ്രേഷ്ഠ കാതോലിക്കാ ബസേലിയോസ് പൗലോസ് ദ്വിതീയൻ ബാവ കാലംചെയ്തതിനെത്തുടർന്നു ദീപിക പ്രസിദ്ധീകരിച്ച മുഖപ്രസംഗം, 1996 സെപ്റ്റംബർ 3)



ദിവംഗതനായ ബസേലിയോസ് പൗലോസ് ദ്വിതീയൻ ശ്രേഷ്ഠ കാതോലിക്കാബാവായെപ്പറ്റിയുള്ള സ്നേഹസ്മരണകൾ

ഡോ. അലക്സാണ്ടർ മാർത്തോമ്മാ മെത്രാപ്പോലീത്ത

ആഴമായ ദൈവവിശ്വാസം, നിഷ്കളങ്കമായ സ്നേഹം, സകലരോടുമുള്ള സമഭാവന, എല്ലാറ്റിനെക്കാളും അധികമായുള്ള വിനയമനോഭാവം എന്നിവയാണ് ശ്രേഷ്ഠകാതോലിക്കാബാവയെപ്പറ്റി ഓർക്കുമ്പോൾ മനോദർപ്പണത്തിൽ തിളങ്ങുന്ന ദൃശ്യം.

ഞങ്ങൾ എതാണ്ട് സമപ്രായക്കാരായിരുന്നു. ഞങ്ങൾതമ്മിലുള്ള പരിചയവും വളരെവർഷങ്ങൾക്കുമുമ്പേ ആരംഭിച്ചതാണ്. അന്നു ഞാൻ ആലുവ യു.സി. കോളജിൽനിന്നു ബിരുദം നേടിയശേഷം ഒരു യുവ അധ്യാപകനായി കോട്ടയത്ത് സി.എം.എസ്. കോളജ് ഹൈസ്കൂളിൽ ജോലിയിൽ പ്രവേശിച്ചു. അക്കാലത്ത് സി.എം.എസ്. കോളജിൽ ഇന്റർമീഡിയറ്റ് ക്ലാസായിരുന്നു ഏറ്റവും ഉയർന്ന ക്ലാസ്. കോളജും ഹൈസ്കൂളും ഒരു പ്രിൻസിപ്പലിന്റെ മേൽനോട്ടത്തിൽ നടത്തിവന്നു. എല്ലാ അധ്യയനദിവസവും രാവിലെ കോളജിലെയും ഹൈസ്കൂളിലെയും വിദ്യാർഥികൾ ഒരുമിച്ച് ഗ്രേറ്റർ ഹാൾ എന്നറിയപ്പെട്ടിരുന്ന ഓഡിറ്റോറിയത്തിലേക്കു മാർച്ചുചെയ്ത് അസംബ്ലിക്കായി ഒത്തുചേരുമായിരുന്നു. പ്രിൻസിപ്പലിന്റെ നേതൃത്വത്തിലുള്ള ലഘു ആരാധന, ഗായകസംഘത്തിന്റെ നേതൃത്വത്തിലുള്ള മനോഹരമായ ഗാനങ്ങൾ, പൊതുവിജ്ഞാപനങ്ങൾ എന്നിവ ഏറ്റവും ഭംഗിയായും ചിട്ടയായും ക്രമീകരിച്ചിരുന്നു.

കോളജ് ഹോസ്റ്റലിലെ പ്രീഫെക്ട്സ്ഥാനം പ്രത്യേകം അഭികാമ്യവും ഗൗരവവും ഉള്ളതായിരുന്നു. സീനിയർ ഇന്റർമീഡിയറ്റ് ക്ലാസിലെ പ്രത്യേകം തെരഞ്ഞെടുക്കപ്പെട്ട വിദ്യാർഥിയായിരുന്നു ഹോസ്റ്റൽ പ്രീഫെക്ട്. ഞാൻ അധ്യാപകനായി പ്രവേശിച്ച സമയം ഹോസ്റ്റൽ പ്രീഫെക്ട്സ്ഥാനം വഹിച്ചിരുന്നത് പിന്നീട് ശ്രേഷ്ഠകാതോലിക്കാബാവയായ പൗലോസ് ഡീക്കൻ ആയിരുന്നു. കോളജ് ചാപ്പലിലെയും കോളജ് അസംബ്ലിയിലെയും സമ്മേളനങ്ങളിൽ അദ്ദേഹം പ്രമുഖസ്ഥാനം വഹിച്ചു. ഞങ്ങൾതമ്മിലുള്ള സ്നേഹാദരവുകൾ അന്നാരംഭിച്ചതാണ്.

ഒരു കാര്യം സ്മരണയിൽനിന്നും ഒരിക്കലും മായാത്തതായി അവശേഷിക്കുന്നു. ഓണാവധിക്കാലത്ത് സുവിശേഷപ്രഘോഷണത്തിൽ വിശ്വാസവും താത്പര്യവുമുള്ള അധ്യാപകരും വിദ്യാർഥികളും ചേർന്ന് സുവിശേഷപ്രഘോഷണ പര്യടനം നടത്തുമായിരുന്നു. ഒരു വലിയ വള്ളം വാടകയ്ക്കെടുത്ത് 20 പേരടങ്ങുന്ന ടീം അതിൽ യാത്രയും താമസവും സജ്ജീകരിച്ച് കോട്ടയത്തുനിന്നും വൈക്കത്തേക്കു യാത്രചെയ്ത് കായൽത്തിരങ്ങളിൽ പല സ്ഥലങ്ങളിൽ വിശ്രമിച്ച് സുവിശേഷപ്രഘോഷണം നിർവഹിക്കുമായിരുന്നു. മാജിക് ലാന്റൺ ഉപയോഗിച്ച് ബൈബിൾകഥകളിലെ ചിത്രങ്ങൾ പ്രദർശിപ്പിക്കുകയും സംഗീതോപകരണങ്ങൾ ഉപയോഗിച്ച് പാട്ടുകൾ പാടുകയും ചെയ്തുകൊണ്ട് സുവിശേഷപ്രഘോഷണം നിർവഹിച്ച് ഭാവി മിഷൻപ്രവർത്തനങ്ങൾക്ക് പരിശീലനം നൽകുകയായിരുന്നു. ഈ ഗ്രൂപ്പിൽ പ്രീഫെക്ട് പൗലോസ് ഡീക്കൻ ഉല്ലാസപൂർവം സംബന്ധിച്ചിരുന്നത് പിന്നീടു പലപ്പോഴും ഞങ്ങൾ ഒരുമിച്ചു ദൈവത്തിനു സ്തോത്രംചെയ്തുകൊണ്ട് അയവിറക്കുമായിരുന്നു. അതിനുശേഷം ഞങ്ങളുടെ ജീവിതപാതകൾ വ്യത്യസ്ത മാർഗങ്ങളിലൂടെ പുരോഗമിച്ചു.

വൈദികപരിശീലനത്തിന് അവസരങ്ങൾ ലഭിക്കുകയും സഭാശുശ്രൂഷയ്ക്കായുള്ള ദൈവവിളി സ്വീകരിക്കുകയും വൈദികചുമതലകൾ വഹിക്കുകയും ചെയ്തപ്പോഴും ആരംഭകാലത്തുണ്ടായിരുന്ന സ്നേഹബന്ധം ശക്തിപ്പെട്ടുവന്നു. അന്യംനിന്നുപോകുന്നവരെയും ആബന്ധം പുലർത്തുന്നതിനു ദൈവം സഹായിച്ചു. രണ്ടു വ്യത്യസ്തങ്ങളായ സഭാവിഭാഗങ്ങളുടെ മേലധ്യക്ഷസ്ഥാനം വഹിക്കുമ്പോഴും തമ്മിൽ ഉണ്ടായിരുന്ന സ്നേഹവും ആദരവും അഭംഗുരം പുലർത്തിവന്നു. സഭകൾ തമ്മിലുള്ള അകൽച്ചയെപ്പറ്റി പലപ്പോഴും ഖേദം പ്രകടിപ്പിക്കുകയും യോജിപ്പിനായി ഒരുമിച്ചു പ്രത്യേകം പ്രാർത്ഥിക്കുകയും ചെയ്യുമായിരുന്നു. ഞാൻ കോട്ടയത്തുനിന്നും ആലുവ, പെരുമ്പാവൂർ ആദിയായ സ്ഥലങ്ങളിലേക്കു യാത്രചെയ്യുമ്പോൾ മൂവാറ്റുപുഴ അരമനയിൽ എത്തി ബാവായെ സന്ദർശിക്കാതെ പോകുന്നതിനു ഹൃദയം അനുവദിച്ചിരുന്നില്ല. അതുപോലെ അദ്ദേഹവും തെക്കോട്ടു യാത്രചെയ്യുമ്പോൾ തിരുവല്ല പുലാത്തീൻവന്നു തമ്മിൽ കാണുന്നത് ഏറ്റവും സംതൃപ്തി ഉളവാക്കുന്നതായിരുന്നു.

ഒരുദിവസം വൈകിട്ട് അദ്ദേഹം തിരുവല്ല പുലാത്തീനിലെത്തി. ഞാൻ അന്ന് എവിടെയോ പോയിരിക്കുകയായിരുന്നു.

ശ്രേഷ്ഠ കാതോലിക്കാബാവ സ്മരണിക

ഞാൻ തിരിച്ചെത്തിയപ്പോൾ അദ്ദേഹം സന്ദർശിച്ച വിവരം ഇവിടെയുണ്ടായിരുന്നവർ എന്നോടുപറഞ്ഞു. ആകമാന മലങ്കര സഭയുടെ മെത്രാപ്പോലീത്ത ആയിരുന്ന മാത്യൂസ് മാർ അത്തനാസ്യോസ് മെത്രാപ്പോലീത്ത ഉപയോഗിച്ചിരുന്ന ഒരു വലിയ ചുരൽവടി അദ്ദേഹം ഒരു പള്ളിയിൽ മറന്നിട്ടുപോയത് ഒരു തരകൻ സൂക്ഷിച്ചുവച്ചിരുന്നത് ബാവാതിരുമേനി അറിഞ്ഞു. അതു തിരുവല്ല പുലാത്തീനിൽ സൂക്ഷിക്കപ്പെടേണ്ടതാണ് എന്നു തീർച്ചയാക്കിച്ച് അദ്ദേഹം അത് എന്നെ ഏല്പിക്കുവാൻ കൊണ്ടുവന്നതാണ്. അപ്പോൾ ഞാൻ ഇവിടെ ഇല്ലാതിരുന്നതിനാൽ ഈ കാര്യം പ്രത്യേകം പറഞ്ഞ് എന്നെ ഏല്പിക്കുന്നതിന് ഇവിടെയുണ്ടായിരുന്നവരെ ചുമതലപ്പെടുത്തി, തിരികെ യാത്രചെയ്തു. ആ സ്നേഹകരുതലിന് അനുയോജ്യമായവിധം ഞാൻ അത് സൂക്ഷിച്ചുവരുന്നു. അദ്ദേഹത്തിന്റെ ജീവിതത്തിന്റെ ലാളിത്യത്തിന്റെയും നിഷ്കളങ്കമായ ഹൃദയശുദ്ധിയുടെയും അടയാളമാണല്ലോ അത്. ഭാരിച്ച സഭാചുമതലകൾ വഹിക്കുമ്പോഴും ചെറിയ കാര്യങ്ങൾ ശ്രദ്ധിക്കുന്നതിനുള്ള അദ്ദേഹത്തിന്റെ വിനയ മനോഭാവത്തിന്റെ ദൃഷ്ടാന്തമാണിത്.

ബാവാതിരുമേനിക്ക് പ്രായമായപ്പോൾ വാർദ്ധക്യസഹജമായി ശരീരക്ഷീണവും ഓർമക്കുറവും ഉണ്ടായി. അതിനാൽ അദ്ദേഹം സഭാഭരണച്ചുമതലകൾ പലതും മറ്റുള്ളവരെ ഏല്പിച്ച് മുവാറ്റുപുഴയ്ക്കു സമീപമുള്ള പ്രമാടം ദയറായിൽ താമസമാക്കി. ഞാൻ ടെഹ്റാനിൽ അദ്ദേഹവുമായി സംസാരിച്ചത് അവിടെ എത്തിയായിരുന്നു. ലളിതമായ ഒരു കെട്ടിടത്തിൽ ഒന്നോരണ്ടോ ശെമ്മാശന്മാർമാത്രം കൂടെ താമസിച്ചുകൊണ്ട് ധ്യാനത്തിലും എഴുത്തിലും അദ്ദേഹം സമയം ചെലവഴിച്ചു. അദ്ദേഹത്തോടുകൂടെ അന്നു ചെലവഴിച്ച സമയം ഒരു ദിവ്യസാന്നിദ്ധ്യം അനുഭവമാക്കുന്നതായിരുന്നു. ജീവിതത്തിലെ യഥാർഥ ശ്രേഷ്ഠത ദൈവസംസർഗം ആകുന്നു എന്നു നമ്മുടെ ഋഷിവര്യന്മാർ അനുഭവിച്ചത് ഇന്നും യഥാർഥമാണല്ലോ.


അദ്ദേഹത്തിന്റെ ചരമവാർത്ത വളരെ താമസിച്ചാണ് എനിക്കു ലഭിക്കുവാനിടയായത് എങ്കിലും മുവാറ്റുപുഴയെത്തി അരമനയിൽനിന്നും മലേക്കുരിശു ദയറായിലേക്ക് വിലാപയാത്ര ആരംഭിച്ച് ശേഷമായിരുന്നുവെങ്കിലും അദ്ദേഹത്തെ സന്ദർശിച്ച് ആദരാഞ്ജലികൾ അർപ്പിക്കുവാൻ സാധിച്ചത് ഭാഗ്യമായി ഞാൻ കരുതുന്നു.

സഭകൾ തമ്മിലുള്ള യോജിപ്പിനായി അദ്ദേഹം എന്നും ആത്മാർഥമായി പ്രാർഥിക്കുക പതിവായിരുന്നു. ആ പ്രാർഥനകളുടെ ഫലം ഇനിയും അധികകാലം താമസംകൂടാതെ മലങ്കരസഭയിൽ അനുഭവമാകുമെന്നു വിശ്വസിച്ചുകൊണ്ട് അദ്ദേഹം വെളിപ്പെടുത്തിയ ആഴമായ ദൈവവിശ്വാസത്തിൽ സഭാസ്നേഹികൾ എല്ലാവരും മടുത്തുപോകാതെ പ്രവർത്തിക്കുമെന്നു വിശ്വസിക്കുന്നു.



ശ്രേഷ്ഠ കാതോലിക്കാബാവായ്ക്ക് കോട്ടയം ദീപിക ഓഫീസിൽ നല്കിയ സ്വീകരണത്തിനു നന്ദിപ്രകാശിപ്പിച്ച് ബാവാ പ്രസംഗിക്കുന്നു. അന്നത്തെ മാനേജിംഗ് എഡിറ്റർ റവ.ഡോ. വികടർ ഇസഡ്. നരിവേലി, ഫീലിപ്പോസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്ത, ഷെവ. ടി.പി.ഫിലിപ്പോസ്, ജനറൽമാനേജർ ഇസഡ്.കെ.ജോസഫ് തുടങ്ങിയവരെയും കാണാം.

സന്ദേശം




ഏബ്രഹാം മാർ ക്ലീമിസ്
കിഴക്കിന്റെ വലിയ മെത്രാപ്പോലീത്ത

പൗരസ്ത്യ കാതോലിക്കാ ശ്രേഷ്ഠ ബസേലിയോസ് പൗലോസ് ദ്വിതീയൻ ബാവായുടെ പേരിൽ സ്മരണിക പ്രസിദ്ധീകരിക്കുന്നതിൽ നാം സന്തോഷിക്കുന്നു. കാലം ചെയ്ത ശ്രേഷ്ഠ കാതോലിക്കാ ബാവാ ഭാഗ്യവാനായ ഒരു വന്ദ്യപിതാവായിരുന്നു. ശ്രേഷ്ഠ ബാവാക്ക് ലഭിച്ച കൈവയ്പുകൾ എല്ലാം തന്നെ പരിശുദ്ധ അന്ത്യോഖ്യാ സിംഹാസനത്തിൽ നിന്നുള്ളതായിരുന്നു. പരിശുദ്ധ അന്ത്യോഖ്യാ സിംഹാസനത്തിന്റെ പുകഴ്ചക്കായി അനവരതം പ്രവർത്തിച്ചിരുന്നു. ബാവായുടെ വേർപാട് അപ്രതീക്ഷിതമായിരുന്നെങ്കിലും അതൊരു ഭാഗ്യരേഖയായി തീർന്നിരിക്കുന്നു. ശ്രേഷ്ഠനായ ബാവാ ആഗ്രഹിച്ചിരുന്നതുപോലെ പരിശുദ്ധ അന്ത്യോഖ്യാ സിംഹാസനത്തിൻ കീഴിൽ ആകമാന സുറിയാനി സഭയിലെ വിഭജിക്കപ്പെടാനാവാത്ത സഭയാണ് മലങ്കരസഭയെന്ന് ബഹു. സുപ്രീംകോടതിയുടെ സുപ്രധാനമായ വിധി ലഭിച്ചത് ശ്രേഷ്ഠ കാതോലിക്കാബാവയുടെ ജീവിതസായാഹ്നത്തിലാണ്. അദ്ദേഹം മെത്രാപ്പോലീത്തായായി കേരളത്തിൽ എത്തിയപ്പോൾ കോട്ടയത്ത് വച്ച് മലങ്കരസഭ നൽകിയ സ്നേഹനിർഭരമായ സ്വീകരണ മഹാസമ്മേളനത്തിൽ അധ്യക്ഷത വഹിക്കാനുള്ളഭാഗ്യം എനിക്കുണ്ടായത് ഇത്തരുണത്തിൽ അനുസ്മരിക്കുന്നു. വേദശാസ്ത്രനിപുണനും സുറിയാനി പണ്ഡിതനുമായിരുന്ന ബാവാ കവിതകൾ ആസ്വദിക്കുന്ന വ്യക്തിയും ആയിരുന്നു. അനുരഞ്ജനത്തിന്റെ മനോഭാവത്തോടെ കാര്യങ്ങൾ നിർവഹിച്ചിരുന്നതിനാൽ സഭക്ക് ഉള്ളിലും വെളിയിലുമായി ജനഹൃദയങ്ങളിൽ മായാത്ത വ്യക്തിമുദ്ര പതിപ്പിച്ച ധന്യാത്മാവാണ് ശ്രേഷ്ഠബാവാ. മ്നാനായ സമുദായത്തിന് ശ്രേഷ്ഠകാതോലിക്കാ ബാവായോട് പ്രത്യേക താല്പര്യമുണ്ട്. കുറെക്കാലം അദ്ദേഹം വൈദികനായി തിരുവനന്തപുരത്ത് മ്നാനായ പള്ളിയിൽ സേവനം അനുഷ്ഠിച്ചിരുന്നു.

വൈദികൻ, മെത്രാപ്പോലീത്ത, പൗരസ്ത്യകാതോലിക്ക എന്നീ നിലകളിൽ സഭയ്ക്കു നേതൃത്വം നല്കിയ ശ്രേഷ്ഠ കാതോലിക്ക ബാവായുടെ മലേക്കുരിശിലെ കബറിടം മലങ്കരസഭയുടെ ശ്രേയസിന് ഇടയാകും എന്ന് വിശ്വസിക്കുന്നു. വിശ്വാസസംരക്ഷണസമിതിയുടെ സഹകരണത്തോടെ ദീപിക നിർവഹിക്കുന്ന ഈ ഉദ്യമം തികച്ചും ശ്ലാഘനീയമാണ്.

ഏബ്രഹാം മാർ ക്ലീമിസ്
മെത്രാപ്പോലീത്ത,
മാർ അപ്രേം സെമിനാരി.

സന്ദേശം



പരിശുദ്ധ കാതോലിക്കാ ശ്രേഷ്ഠാ ബസേലിയോസ് പൗലോസ് ദ്വിതീയൻ ബാവയുടെ പാവന സ്മരണയ്ക്കായി സുവനീർ പ്രസിദ്ധപ്പെടുത്തുന്നു എന്നറിയുന്നതിൽ നാം അത്യധികം സന്തോഷിക്കുകയും ആയതിനുവേണ്ടി പരിശ്രമിച്ച ദീപിക പത്രസ്ഥാപനത്തെയും വിശ്വാസ സംരക്ഷണ സമിതിയെയും അഭിനന്ദിക്കുകയും ചെയ്യുന്നു. ശ്രേഷ്ഠാ കാതോലിക്കാ ബാവയുടെ ദീർഘകാലത്തെ സഭാസേവനപ്രവർത്തനങ്ങളും ജീവിതസന്ദേശവും ഭാവിതലമുറയ്ക്കു കൈമാറാനുള്ള ഈ സംരംഭം ആദ്ധ്യാത്മിക വളർച്ചയ്ക്കും ഉയർച്ചയ്ക്കും ഒരു മുഖാന്തിരമായി ഭവിക്കട്ടെ. തന്റെ കർമ്മഭൂമിയിൽ കർത്തൃഹിതപ്രകാരം ജീവിച്ച് സംസാരത്തിലും പ്രവൃത്തിയിലും തിരുക്കുടുംബത്തിന്റെ അധ്യക്ഷനായ വിശുദ്ധ യൗസേഫ് പിതാവിനെപ്പോലെ ലാളിത്യവും മാർ യൂഹാനോൻ മാംദോനൊയേപ്പോലെ വ്രതവരനും പൂലിയാ ദീർഘദർശിയേപ്പോലെ വിശ്വാസധീരനുമായിരുന്നു ശ്രേഷ്ഠാ ബാവ.

പരിശുദ്ധ അന്ത്യോഖ്യാ സിംഹാസനത്തിന്റെ കീഴിൽ മലങ്കരസഭയെ പുരോഗതിയിലേക്കു നയിച്ച കർമ്മധീരനായ ബാവയുടെ ജീവിതവിജയത്തിന്റെ മുഖമുദ്ര വിനയവും സഹനവുമായിരുന്നു. പ്രലോഭനങ്ങളിൽ വീണുപോകാതെയും സമ്മർദ്ദങ്ങളിൽ അടിപതറാതെയും ചൊവ്വുള്ളതും കുറ്റമില്ലാത്തതുമായ ഏക വിശ്വാസത്തെ ജനഹൃദയങ്ങളിൽ പരിപോഷിപ്പിച്ച മഹാപ്രധാനാചാര്യനായിരുന്നു ശ്രേഷ്ഠാ കാതോലിക്കാബാവ തിരുമേനി. പരിശുദ്ധസഭയുടെ പ്രയാസഘട്ടങ്ങളിൽ പ്രതീക്ഷയോടെ പ്രാർത്ഥിച്ചിരുന്ന ഋഷിതുല്യനായ ബാവയുടെ ജീവിതവും സത്യമാർഗ്ഗത്തിൽ അടിയുറച്ച കർമ്മപഥവും അനുകരണീയമാണ്. ജീവിതത്തിന്റെ അവസാനശ്വാസംവരെ അന്ത്യോഖ്യായിലെ വിശുദ്ധ പത്രോസിന്റെ അപ്പോസ്തോലിക സിംഹാസനത്തെ തള്ളിപ്പറയുകയില്ലെന്നുള്ള ശ്രേഷ്ഠാ കാതോലിക്കാ ബാവയുടെ വിശ്വാസ പ്രമാണം സംരക്ഷിച്ചുകൊണ്ടു കാലംചെയ്ത ബാവായോട് നീതിപുലർത്താൻ സഭാമക്കൾക്ക് ഉത്തരവാദിത്വമുണ്ട്. പരിഹാസത്തിന്റെയും അപഹാസത്തിന്റെയും കൂരമ്പുകളെ സ്നേഹത്തിന്റെയും സൗഹൃദത്തിന്റെയും പരിചകൊണ്ടു പ്രതികരിച്ച് മുനമടക്കിയ യോഗീവര്യനായിരുന്നു ബാവാ തിരുമേനി. പ്രധാനാചാര്യത്വത്തിന്റെ ഉന്നതാവസ്ഥയിൽ എത്തിയിട്ടും കേവലം ഒരു ശുശ്രൂഷകനെപ്പോലെ നിഷ്കളങ്കതയോടെ പ്രശോഭിച്ചിരുന്ന ശ്രേഷ്ഠാ കാതോലിക്കാ ബാവയുടെ അന്ത്യവിശ്രമസ്ഥലം ഒരു തീർത്ഥാടന കേന്ദ്രമായിത്തീരട്ടെയെന്ന് ആശംസിക്കുന്നു.

പ്രാർത്ഥനാ നമുക്ക് കോട്ടയായിരിക്കട്ടെ.

കോട്ടയം
16-9-1996.

ഡോ. ഗീവർഗീസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്ത
(യാക്കോബായ സുറിയാനിസഭാ ബിഷപ്സ് കൗൺസിൽ പ്രസിഡന്റും
കോട്ടയം ഭദ്രാസനാധിപനും)



ആത്മനിറവ് കൊണ്ട് ശോഭിച്ച മലങ്കരയുടെ മധ്യസ്ഥൻ

തോമസ് മാർ ദിവന്നാസിയോസ് മെത്രാപ്പോലീത്ത
(അങ്കമാലി ഭദ്രാസനാധിപൻ)

ആയിരത്തിതൊള്ളായിരത്തി തൊണ്ണൂറ്റി ആറ് സെപ്റ്റംബർ മാസം രണ്ടാം തീയതി ഉച്ചകഴിഞ്ഞ് അഞ്ചുമണിക്ക് മലേക്കുരിശ് ദയറായിൽ പ്രത്യേകം ഒരുക്കിയ ദിവ്യപീഠത്തിൽ ഇരുത്തപ്പെട്ട് മരണാനന്തര ശുശ്രൂഷ സ്വീകരിച്ച് സ്വർഗീയ യാത്രയ്ക്കൊരുങ്ങുന്ന ശ്രേഷ്ഠ കാതോലിക്കാ ബാവയുടെ ആത്മാവിനോടൊപ്പം ഭൗതിക ശരീരംതൊട്ട് മെത്രപ്പോലീത്തൻ കമ്മിറ്റി പ്രസിഡന്റ് അഭിവന്ദ്യ ഗീവർഗീസ് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്ത പരിശുദ്ധ സഭയ്ക്കുവേണ്ടി പ്രതിജ്ഞയെടുത്ത സംഭവം പരിശുദ്ധ സഭയുടെ ചരിത്രത്തിൽ ആദ്യമായിരിക്കും. ഞങ്ങളും ഞങ്ങളുടെ സന്തതിപരമ്പരകളും എക്കാലവും ശ്രേഷ്ഠബാവ പാടിപ്പിച്ചതും പറഞ്ഞുതന്നതും അങ്ങയുടെ ഈ അന്ത്യനാളുകളിൽ പരസ്യമായി പ്രഖ്യാപിച്ചതുമായ സത്യവിശ്വാസത്തിൽനിന്ന് മാറാതെ ദൈവത്താൽ നിലനിർത്തപ്പെട്ടുപോരുന്ന പരിശുദ്ധ പത്രോസിന്റെ ശ്ലൈഹിക സിംഹാസനമായ അന്ത്യോഖ്യാ സിംഹാസനത്തിൻകീഴിൽ മാത്രം നിലനിന്നു പോകുന്നതാണ്. മലങ്കരസഭയുടെ ചരിത്രത്തിൽ ഈ മഹാസംഭവം ആ പുണ്യാത്മാവിനുമാത്രം കിട്ടിയ വലിയ ഭാഗ്യമാണ്. ഒരു പരിശുദ്ധന്റെ ആത്മാവിനോട് ചേർന്ന ഭൗതികശരീരം തൊട്ട് പിൻഗാമികൾ സത്യം ചെയ്തത്, എന്നും പാലിക്കപ്പെടണം. 1952-ൽ പരിശുദ്ധ സിംഹാസനത്തിൽനിന്നും കണ്ടനാട് ഭദ്രാസനത്തിന് പ്രധാനാചാര്യനായിട്ടാണ് ഇദ്ദേഹം വാഴിക്കപ്പെട്ടതെങ്കിലും അന്നത്തെ പ്രത്യേക ചുറ്റുപാടിൽ തെക്കൻ ഭദ്രാസനങ്ങളുടെ മെത്രാപ്പോലീത്തയായും (പുണ്യവാനും ആധ്യാത്മിക ധീരനുമായിരുന്ന മാർ മിഖായേൽ ദിവന്നാസിയോസ് തിരുമേനിയുടെ വാർധക്യവും രോഗവുമായ സന്ദർഭം) മലങ്കര മെത്രാപ്പോലീത്തയായും, കിഴക്കിന്റെ കാതോലിക്കാ സ്ഥാനത്തും ദിവ്യശുശ്രൂഷകനായി ശോഭിച്ചു. മലേക്കുരിൾ ആസ്ഥാനമായിട്ടാണ് പ്രധാനാചാര്യത്വസേവനം ആരംഭിച്ചത്.

മെത്രാപ്പോലീത്തയായി കണ്ടനാട് എഴുന്നള്ളിയ പൗലോസ് മാർ പീലക്സിനോസ് തിരുമേനി മലേക്കുരിൾ ദയറായിലേക്ക് സ്വീകരിച്ചാനയിച്ചു. ആ സന്ദർഭത്തിൽ സ്വീകരണപരിപാടിയുടെ ചുമതലക്കാരിൽ ഒരാളായിരിപ്പാൻ എനിക്ക് ഭാഗ്യമുണ്ടായി. 54-ൽ പിറമാടം ദയറായിൽ താമസമാക്കുവാൻ തീരുമാനിച്ചു. ദയറായിൽ സൗകര്യങ്ങളില്ലാത്തതിനാൽ ദയറായ്ക്കു ചേർന്നുള്ള പിറമാടം സെന്റ് ജോൺസ് പള്ളിയുടെ ഒറ്റമുറിയിൽ താമസവും - പിറമാടംകാരൻ കുര്യൻ ചേട്ടന്റെ പരിചരണവുമായി കഴിഞ്ഞു. വാഹനമില്ലാത്ത- മുറിയില്ലാത്ത-ഒന്നുമില്ലാത്ത അവസ്ഥ-ഈ മലങ്കരയിൽ ഒരു പ്രധാനാചാര്യനും അനുഭവിക്കാത്ത കഷ്ടതകളാണ് അന്ന് ശ്രേഷ്ഠബാവ തിരുമനസ് സഹിച്ചത്. പിറമാടം പള്ളിക്കാർ അന്നുചെയ്ത സഹകരണവും, പരേതനായ എടപ്പാലക്കാട്ട് ബഹുമാനപ്പെട്ട ശെമവൂൻ കത്തനാരുടെ സഹായങ്ങളും, പള്ളിയിലെ ജോലിക്കാരനായ കുര്യൻചേട്ടന്റെ പരിചരണവും എല്ലാം അളവറ്റ നന്ദിയോടെ ഓർക്കപ്പെടേണ്ടതാണ്. ചുറ്റുപാടും കാടുപിടിച്ച്, പാമ്പുകളുടെ വിഹാരകേന്ദ്രമായിരുന്ന ദയറാകെട്ടിടം തേച്ച് സിമിന്റിട്ട് കുശിനി പണിത് അത്യാവശ്യ സൗകര്യങ്ങളുണ്ടാക്കിവരാൻ ഏറെ സമയമെടുത്തിട്ടും ഭക്ഷണകാര്യത്തിലോ, താമസത്തിന്റെ അസൗകര്യത്തിലോ, പരാതിയില്ലാതെ ഭദ്രാസനത്തിലും, തെക്കും വടക്കും കക്ഷിവഴക്കുമൂലമുള്ള അനവധി പ്രതികൂലസാഹചര്യങ്ങൾ അഭിമുഖീകരിച്ചു. കന്യാകുമാരിമുതൽ മലബാർവരെയുള്ള തുടർച്ചയായ യാത്രകൾതുടങ്ങി ഒട്ടേറെ ത്യാഗങ്ങൾ സഹിക്കേണ്ടിവന്നു. ക്ഷേണം-സേവനം-താമസം തുടങ്ങി എല്ലാരംഗത്തും അനേകം കഷ്ടതകൾ സഹിക്കേണ്ടിവന്നിട്ടുണ്ട്. (അന്നുള്ളവരാരും തിരുമേനിയെ കരുതിയില്ലെന്ന് ഇതിനർഥമില്ല-കരുതിയിരുന്നു.)

മലേക്കുരിശ് ദയറാ സ്ഥിതിചെയ്യുന്ന സ്ഥലം എന്റെ പിതാക്കന്മാർ പരിശുദ്ധ സിംഹാസനത്തിലേക്ക് ദാനമായിക്കൊടുത്തതിനാൽ ഞാനവിടത്തെ താമസക്കാരനായിരുന്നു. പിറമാടം ദയറായുടെ ചുമതല ബാവ എന്നെയേൽപ്പിച്ചിരുന്നു. മലേക്കുരിശിലും പിറമാടം ദയറായിലുമായി അഞ്ചുവർഷം ഞങ്ങൾ ഒരുമിച്ച് കഴിഞ്ഞു. ബാവ തന്റെ കഷ്ടപ്പാടുക

ശ്രേഷ്ഠ കാതോലിക്കാബാവ സ്മരണിക

ളെക്കുറിച്ച് ഒരിക്കലും പരാതിപ്പെട്ട് ഞാൻ കേട്ടിട്ടില്ല. ഈ മഹാസഹന ശക്തി ദൈവം കൊടുത്തതത്രെ. ബാവായുടെ പ്രധാനാചാര്യത്വത്തിന്റെ ആദ്യപടി മലേക്കുരിശിൽ ആയിരുന്നു. സേവനത്തിന്റെ രണ്ടാമത്തെ ഇരിപ്പിടം പിറമാടം ദയറാ മഹത്വത്തിൽ മൂവാറ്റുപഴ-പക്ഷേ, വീണ്ടും പിറമാടത്ത് എത്തി-ആദ്യം എവിടെ തുടങ്ങിയോ (മലേക്കുരിശ്) അന്ത്യവിശ്രമം അവിടെത്തന്നെ. മലേക്കുരിശിൽ ആരംഭിച്ചു അവിടെത്തന്നെ തിരിച്ചുവന്ന് സ്വർഗത്തിലേയ്ക്ക് യാത്രചെയ്തു. എല്ലാം അത്ഭുതംതന്നെ. കണ്ടനാടിന് വാഴിക്കപ്പെട്ട-തെക്കൻ ഭദ്രാസനങ്ങൾക്കും നിയോഗിക്കപ്പെട്ട് അഖില മലങ്കരയ്ക്കും -ഇപ്പോൾ നിത്യതയിൽ ഇരുന്നുകൊണ്ട് മലങ്കരയ്ക്കുവേണ്ടി കണ്ണുനീർ വാർക്കുന്നു. വെളിപാട് 7:17 കർത്താവ് കണ്ണുനീർ തുടക്കുന്നു. അതുൾക്കണ്ണുകൾക്കൊണ്ട് കാണാം.

പ്രധാനാചാര്യനായതുമുതൽ മലങ്കര മെത്രാപ്പോലീത്തായും കാതോലിക്കായും ഒക്കെയായി. കഷ്ടതകൾക്കൊണ്ട് മൂടിപ്പോയെന്ന് പലപ്പോഴും തോന്നിയെങ്കിലും ലളിതജീവിതത്താൽ അലങ്കരിക്കപ്പെട്ട് അതേ സമയം മറ്റാരിലും കാണാനാവാത്ത ആത്മനിറവുകൊണ്ട് ശോഭിച്ച ശ്രേഷ്ഠ ബാവായുടെ ആ പുണ്യജീവിതം-അതിന്റെ അന്ത്യനാളുകളിൽ-നീതിയുടെ സൂര്യനായ കർത്താവിനോടുചേർന്ന് നിന്നിട്ട് പരിശുദ്ധ സഭയോട് കല്പിച്ചു. യേശുക്രിസ്തുവിന്റെ പ്രധാന ശിഷ്യനായ പരിശുദ്ധ പത്രോസ് പ്രസംഗിച്ചതുപോലെ ആകാശത്തിൻകീഴിൽ രക്ഷിക്കപ്പെടുവാൻ നല്കപ്പെട്ട ഏകനാമം യേശുക്രിസ്തുവത്രെ. എന്നു കല്പിച്ചപ്രകാരം വരിക-ആരും വിട്ടുപോകരുത്- നമുക്ക് അന്ത്യോഖ്യാ സിംഹാസനത്തിൻ കീഴിൽത്തന്നെ നിന്ന് കർത്താവിനെ മഹത്വപ്പെടുത്താമെന്ന്-മറ്റെങ്ങും പോകരുതെന്നും ബാവ ആവർത്തിച്ച് കല്പിച്ചു. ശ്രേഷ്ഠ ബാവായുടെ ഈ അന്ത്യ ആഹ്വാനം പരിശുദ്ധ സഭയിൽ എന്നും പരിപാലിക്കപ്പെടണം. നാളത്തെ സഭ എവിടെയായിരിക്കണമെന്നുള്ള ചിലരുടെ കാഴ്ചപ്പാടുകൾക്കുള്ള ദൈവത്തിന്റെ മറുപടി ശ്രേഷ്ഠ ബാവായുടെ നാവിൽക്കൂടെ ദൈവം വെളിപ്പെടുത്തുകയായിരുന്നു. അത് തക്ക സമയത്തായിരുന്നു. അദ്ദേഹം ആവർത്തിച്ച് കല്പിച്ച് പ്രഖ്യാപിച്ചു. "മലങ്കര യാക്കോബായ സുറിയാനിസഭ എക്കാലവും പരിശുദ്ധ അന്ത്യോഖ്യാ സിംഹാസനത്തിൻകീഴിൽ തന്നെ നില്ക്കണം.-നില്ക്കും-ഈ വസ്തുത പരിശുദ്ധ പാത്രിയാർക്കീസ് ബാവയ്ക്ക് എഴുതി സമർപ്പിക്കുകയും ചെയ്തു. പരിശുദ്ധ പിതാക്കന്മാർ ഇത് ചെയ്തിരുന്നു. പരിശുദ്ധ അന്ത്യോഖ്യാ സിംഹാസനത്തിൻകീഴിൽ നമുക്ക് നിലകൊള്ളാം. ശ്രേഷ്ഠ ബാവാ തിരുമനസിലെ അന്ത്യാഭിലാഷം നമുക്ക് നിറവേറ്റാം. അദ്ദേഹത്തിന്റെ മധ്യസ്ഥതയാചിക്കാം. പരിശുദ്ധ അന്ത്യോഖ്യാ സിംഹാസനത്തിൻ കീഴിൽ പ്രവർത്തിക്കുന്ന വിശ്വാസസംരക്ഷണസമിതിയുടെ സഹകരണത്തോടെ ദീപിക പ്രസിദ്ധീകരിക്കുന്ന സ്മരണികയ്ക്ക് സകല നന്മകളും നേരുന്നു. ദീപിക, സഭയോട് കാണിക്കുന്ന പ്രത്യേക കരുതലുകൾക്ക് അളവറ്റ നന്ദി. ദൈവം അനുഗ്രഹിക്കട്ടെ!



മാർത്തോമ്മായുടെ നൂതന സിംഹാസനവാദത്തെ എതിർത്തും അന്ത്യോഖ്യാ പാത്രിയർക്കീസിനോട് വിധേയത്വം പ്രഖ്യാപിച്ചും കൊണ്ട് മെത്രാപ്പോലീത്താമാർ പെരുമ്പാവൂരിൽ പ്രഖ്യാപനം നടത്തുന്നു. ഇടത്തുനിന്ന്:- തോമസ് മാർ ദീവന്നാസ്യോസ്, ഡോ. പൗലോസ് മാർ അത്താനാസ്യോസ് കടവിൽ, ഏബ്രഹാം മാർ ക്ലീമ്മീസ്, പൗലോസ് മാർ പീലക്സിനോസ് (1975 മുതൽ ശ്രേഷ്ഠ കാതോലിക്ക), ഗീവർഗീസ് മാർ ഗ്രീഗോറിയോസ് എന്നീ മെത്രാപ്പോലീത്താമാർ.

ലാളിത്യത്തിന്റെ പിതാവ്

മാർ അപ്രേം മെത്രാപ്പോലീത്ത
(കൽദായ സഭ, തൃശൂർ)



ശ്രേഷ്ഠ കാതോലിക്ക ബാവ എന്ന പദം ബസേലിയോസ് മാർ പൗലോസ് ദ്വിതീയൻ ബാവയ്ക്ക് ഉപയോഗിക്കുവാൻ തുടങ്ങിയപ്പോൾ പണ്ടത്തെ ഓർത്തഡോക്സ് സിറിയൻ സഭയുടെ (ഇന്ന് വിശ്രമജീവിതം നയിക്കുന്ന) കതോലിക്ക ബാവ മാർത്തോമ്മ മാത്യൂസ് പ്രഥമൻ "ശ്രേഷ്ഠ" എന്ന വിശേഷണം തന്റെ നിയുക്തന് നൽകുന്നുവെന്നും തന്റെ കീഴിലുള്ള നിയുക്ത കാതോലിക്കയെ "ശ്രേഷ്ഠ നിയുക്ത കാതോലിക്ക" എന്ന് അഭിസംബോധന ചെയ്യണമെന്നും തന്റെ അനുയായികളെ ഉപദേശിച്ചു. ചിലർ അത് ചെവിക്കൊണ്ടു. അന്നത്തെ നിയുക്ത കാതോലിക്കയ്ക്കും ഇപ്പോഴത്തെ നിയുക്ത കാതോലിക്കയ്ക്കും ചിലരെങ്കിലും ഇപ്പോഴും ആ വിശേഷണം ഉപയോഗിക്കാറുണ്ട്. "ശ്രേഷ്ഠ കതോലിക്കാ ബാവ" എന്നു പറഞ്ഞാൽ സാക്ഷാൽ കാതോലിക്ക ബാവയെക്കാൾ താഴ്ന്ന ഒരു പദവി എന്ന അർത്ഥത്തിലാണ് ഈ പണിപ്പിച്ചത്.

ഒരാൾ ശ്രേഷ്ഠനാകുന്നത് എങ്ങനെ? ഇപ്പോൾ കാലംചെയ്ത ബസേലിയോസ് പൗലോസ് രണ്ടാമൻ "ശ്രേഷ്ഠൻ" എന്ന് വിശേഷിക്കപ്പെടുവാൻ അർഹനാകുന്നത് എങ്ങനെ? സുപ്രീംകോടതിയുടെ ഈ സഭയെപ്പറ്റിയുള്ള ഡിക്രിയ്ക്ക് അന്തിമരൂപം നൽകുന്ന ജഡ്ജിമാരുടെയും ഇന്ത്യയിലെ ഏറ്റവും വിലകൂടിയ നിയമജ്ഞരുടെയും തലപുകയുന്ന പ്രശ്നമാണ്. ഒരു സഭയിൽ രണ്ടു കാതോലിക്ക ബാവമാർ. ഏത് വിഭാഗം ശരി? രണ്ടും ശരിയോ? രണ്ടുവിഭാഗവുംകൂടി മൂന്നുശലക്ഷത്തോളം അംഗങ്ങളുണ്ടെന്ന് കണക്കാക്കപ്പെടുന്ന ഭാരതത്തിലെ ഓർത്തഡോക്സ് സഭയുടെ പ്രശ്നമാണ്.

ശ്രേഷ്ഠ കാതോലിക്ക ബാവ ബസേലിയോസ് പൗലോസ് ദ്വിതീയൻ വിവാദങ്ങൾ വെച്ചുപുലർത്തുവാൻ താത്പര്യമില്ലാത്ത വ്യക്തിയാണ്. 1975-ൽ കാതോലിക്കബാവയുടെ സ്ഥാനത്ത് ഉയർത്തപ്പെടുവാൻ ദമാസ്കസിലേക്ക് പുറപ്പെടുന്നതിന് മുമ്പ് തന്റെ ഷഷ്ട്യബ്ദ പൂർത്തിയുടെ സമാപനം 61 വയസുള്ളപ്പോൾ ആഘോഷിച്ച അവസരത്തിൽ മുവാറ്റുപുഴയിൽ ഞാൻ ഉണ്ടായിരുന്നു. വാഹനഘോഷയാത്രയിൽ അദ്ദേഹത്തിന്റെ അലങ്കരിച്ച വാഹനത്തിൽ ഒന്നിച്ചാണ് ഞാൻ സഞ്ചരിച്ചത്. സ്വന്തം സഭയിലെ മെത്രാപ്പോലീത്തമാർ ആരുംതന്നെ ഉണ്ടായിരുന്നില്ല. ദേവലോകത്തുനിന്ന് കാതോലിക്കബാവയുടെ ആശംസാസന്ദേശം മാത്രം ഉണ്ടായിരുന്നു. അതു പൊതുസ്വീകരണയോഗത്തിൽ വായിച്ചപ്പോഴും തന്റെ അനുയായികൾക്ക് എതിർപ്പ് ഉണ്ടായിരുന്നു. ജീവിതത്തിൽ ധാരാളം വേദനകൾ അനുഭവിച്ച തന്റെ ജീവിതം ഷഷ്ട്യബ്ദപൂർത്തി കഴിഞ്ഞ ഈ അവസരത്തിൽ ഇനിയും വലിയ വഴക്കുകളിലേക്ക് തള്ളപ്പെടുകയാണോ എന്ന് അന്ന് മെത്രാപ്പോലീത്തയായിരുന്ന അദ്ദേഹത്തോട് ഞാൻ ചോദിച്ചു. സഭ ഇനിയും പിളരാതിരിക്കട്ടെ എന്ന് അദ്ദേഹം എന്നോടു പറഞ്ഞു. നിർഭാഗ്യവശാൽ സഭ നെടുകെപിളരുകതന്നെ ചെയ്തു. പൗലോസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്ത ബസേലിയോസ് പൗലോസ് കാതോലിക്ക ബാവയായി.

കാതോലിക്ക ബാവയായിട്ടും ലളിത ജീവിതംതന്നെ തുടർന്നുനയിക്കുകയാണ് അദ്ദേഹം ചെയ്തത്. പുതിയ സ്ഥാനലബ്ധി അദ്ദേഹത്തിൽ വലിയ മാറ്റം വരുത്തിയില്ല. പഴയസുഹൃത്തുക്കളോട് മുമ്പെന്നപോലെ അദ്ദേഹം പെരുമാറി.


1968-ൽ മെത്രാപ്പോലീത്തയായി ഞാൻ തൃശൂരിലെ അരമനയിൽ താമസമാക്കിയ കാലത്ത് ഒരു മെത്രാപ്പോലീത്ത കുറെവി ശ്വാസികളോടുകൂടെ അരമനയിൽ വന്നു. പൗരസ്ത്യസുവിശേഷസമാജത്തിന്റെ മിഷനറി യാത്രബസിൽ കർണാടകമിഷൻകേന്ദ്രം സന്ദർശിക്കുവാൻ പോകുകയായിരുന്നു. പൗലോസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്തയും അനുയായികളോടൊപ്പം ബസിൽതന്നെ. ചെറുപ്പക്കാരനായ എന്നെ അനുമോദിക്കാൻ കടന്നുവന്ന തിരുമേനിയോട് എനിക്കു വളരെ സ്നേഹവും ആദരവും ഉണ്ടായി.

തൊഴിയൂരിലെ സ്വതന്ത്രസുറിയാനി സഭയുടെ മാത്യൂസ് മാർ കുറിലോസ് മെത്രാപ്പോലീത്ത കാലംചെയ്തപ്പോഴും സപ്തതി കഴിഞ്ഞ ശ്രേഷ്ഠ കതോലിക്കബാവ അങ്ങേയറ്റത്തിലെത്തി. പ്രായത്തെക്കുറിച്ചുള്ള പരാമർശം ഉണ്ടായപ്പോൾ ഞാൻ കുസൃതിയോടെ പറഞ്ഞു. "ബാവ തിരുമേനിയും ഞാനും തമ്മിൽ ജനനതീയതിയിൽ വലിയ വ്യത്യാസമില്ല. ബാവ ജനിച്ചതിന്റെ പിറ്റെദിവസമാണ് ഞാൻ ജനിച്ചത്. ബാവ തിരുമേനി ജൂൺ 12-നും ഞാൻ ജൂൺ 13-നും. സപ്തതി കഴിഞ്ഞ ബാവ തിരുമേനി വിസ്മയത്തോടെ ചോദിച്ചു: "ആ ബുൻ എന്റെ അത്ര വയസാണോ?" ഞാൻ വിശദീകരിച്ചു. "തീയതികൾ തമ്മിൽ ഒരു ദിവസത്തെ വ്യത്യാസമെ ഉള്ളു എങ്കിലും അതിനിടയിൽ 26 വർഷം കൂടി കടന്നുപോയിരുന്നു." വിവരം പിടികിട്ടിയപ്പോൾ അദ്ദേഹം ചിരിച്ചു.

അഗാധ സുറിയാനി പണ്ഡിതനായിരുന്നു കാലംചെയ്ത ബാവ. ഭാരതത്തിലെ സുറിയാനി സഭയിൽ സുറിയാനി പണ്ഡിതന്മാരുടെ എണ്ണം തുലോം വിരലിലെണ്ണാവുന്ന വിധത്തിൽ ചുരുങ്ങികൊണ്ടിരിക്കുമ്പോൾ ബാവയുടെ ദേഹവിയോഗം നികത്താനാവാത്ത വിടവ് സൃഷ്ടിച്ചിരിക്കുന്നു.

38 വയസിൽ മെത്രാനായി 44 വർഷം മെത്രാപ്പോലീത്തയും കാതോലിക്കാബാവയായും സേവിച്ച് 82 വയസ് പൂർത്തിയാക്കിയതിനുശേഷം ഇഹലോകജീവിതത്തോടു വിടപറഞ്ഞു. ലാളിത്യംകൊണ്ട് ശ്രേഷ്ഠനായ ഈ ബാവ കേരള സഭാചരിത്രത്തിൽ ഒരു സുപ്രധാന കാലഘട്ടത്തിന്റെ അമരക്കാരനായിരുന്നു. ഇദ്ദേഹത്തിനുമുമ്പ് മെത്രാനായും ഒരാൾ മാത്രമെ ഇന്ത്യയിൽ ജീവിച്ചിരിപ്പുള്ളു. 1951-ൽ മെത്രാപ്പോലീത്തയായ ഏബ്രഹാം മാർ ക്ലീമിസ് തിരുമേനി. അതിനുതാഴെ നിൽക്കുന്നത് 1953 മെയ് മാസത്തിൽ മെത്രാന്മാരായി റിട്ടയർചെയ്ത മാർത്തോമ്മ മാത്യൂസ് പ്രഥമൻ കാതോലിക്ക ബാവയും, ഇപ്പോഴത്തെ മാർത്തോമ്മ മാത്യൂസ് ദ്വിതീയൻ കാതോലിക്ക ബാവയും, മാർത്തോമ്മ സഭയിലെ ഡോക്ടർ അലക്സാണ്ടർ മാർത്തോമാ മെത്രാപ്പോലീത്തായും, ഫലിത സമ്രാട്ടായ പീലിപ്പോസ് മാർ ക്രിസോസ്റ്റം സഫ്രഗൻ മെത്രാപ്പോലീത്തയും ആണ്. കത്തോലിക്ക സഭയിലും മറ്റുസഭകളിലും 1954 മുമ്പ് പട്ടമേറ്റവർ ആരും തന്നെയില്ല.

പണ്ഡിതനും, പാവങ്ങളുടെ സ്നേഹിതനും, ലളിതജീവിതം നയിച്ചവനും സഭയോട് കൂറ് പുലർത്തി വ്യക്തിപരമായ കഷ്ടതകൾ സഹിക്കേണ്ടിവന്നവനുമായ ബസേലിയോസ് പൗലോസ് ദ്വിതീയൻ ബാവ ശ്രേഷ്ഠൻ തന്നെ. എല്ലാ അർത്ഥത്തിലും ഒരു ശ്രേഷ്ഠ മഹാപുരോഹിതൻ.



സഭാനൗകയെ നയിച്ച വിശ്വാസചൈതന്യം

മാർ ജോർജ് പുന്നക്കോട്ടിൽ
(കോതമംഗലം മെത്രാൻ)

തന്നരിച്ച ശ്രേഷ്ഠകതോലിക്കാ ബാവാ ബസേലിയോസ് മാർ പൗലോസ് ദ്വിതീയൻ തിരുമേനിയുടെ ഓർമ എവർക്കും പവിത്രവും ഹൃദ്യവുമാണ്. 82 വർഷം നീണ്ടുനിന്ന ആ ശ്രേഷ്ഠജീവിതം സമ്പൂർണ സമർപ്പണം കൊണ്ടു ധന്യമായിരുന്നു. അദ്ദേഹത്തിന്റെ സുസ്ഥിരമായ ദൈവഭക്തിയും അത്യന്തലളിതമായ ജീവിതവും സ്നേഹം വഴിഞ്ഞൊഴുകുന്ന പെരുമാറ്റവും വിനയഭാവവുമെല്ലാം നമ്മുടെ മനസുകളെ വികാരനിർഭരവും ഭക്തിസാന്ദ്രവുമാക്കുന്നു.

മലങ്കര യാക്കോബായ സുറിയാനി സഭയുടെ പരമാചാര്യനും പരമാധ്യക്ഷനുമായിരുന്ന തിരുമേനി ബാല്യപ്രായത്തിൽത്തന്നെ തന്റെ ജീവിതത്തിന്റെ ദൈവനിയോഗത്തെ തിരിച്ചറിയുകയും സമ്പൂർണ സമർപ്പണം നടത്തി കർത്താവിന്റെ സേവനത്തിനായി തന്നെത്തന്നെ കൈയാളിക്കുകയും ചെയ്തു. വൈദിക പാരമ്പര്യംകൊണ്ട് ധന്യമായ ഒരു കുടുംബത്തിലായിരുന്നുവല്ലോ ശ്രേഷ്ഠ കാതോലിക്കായുടെ ജനനം. യേശുവിനു മുന്നോടിയായി വന്ന സ്നാപകന്റെ മാതാപിതാക്കന്മാരേപ്പറ്റി പറയപ്പെട്ടിരിക്കുന്ന തിരുവചനം ഓർത്തു പോവുകയാണ്. "അവർ ദൈവത്തിന്റെ മുമ്പിൽ നീതിനിഷ്ഠരും കർത്താവിന്റെ കല്പനകളും പ്രമാണങ്ങളും കുറ്റമറ്റവിധം അനുസരിക്കുന്നവരുമായിരുന്നു. (ലൂക്ക 1/6). കർത്താവിന്റെ ജനത്തെ നയിക്കാൻ നിയോഗം ലഭിച്ച ഈ ശ്രേഷ്ഠാചാര്യനും ദൈവപ്രസാദമുള്ള മാതാപിതാക്കളുടെ പ്രേഷ്ഠസന്താനമായി. ജനിച്ചതും വളർന്നതും ദൈവപരിപാലനയാലാണെന്ന് നമുക്കു ഉറച്ചു വിശ്വസിക്കാം.

ശ്രേഷ്ഠ കതോലിക്കാ ബാവാ എല്ലാ വിധത്തിലും ശ്രേഷ്ഠൻ തന്നെയായിരുന്നു. അദ്ദേഹത്തിന്റെ ദൈവഭക്തിയും വിശ്വാസചൈതന്യവും വിശ്വാസികൾക്കേവർക്കും തിളക്കമുള്ള ഒരു മാതൃകയായിരുന്നു. ആഴമുള്ള പ്രാർഥനാജീവിതമാണ് തിരുമേനിക്കുണ്ടായിരുന്നത്. പേമാരിയോ, കൊടുങ്കാറ്റോ ആഞ്ഞടിക്കട്ടെ കർത്താവ് അമരത്തുണ്ടെന്ന് അദ്ദേഹത്തിന് ഉത്തമബോധ്യമുണ്ടായിരുന്നു. സഭയ്ക്കു നേരിടേണ്ടിവന്ന പ്രതിസന്ധികളിലും പ്രശ്നങ്ങളിലും തളരാതെ തകരാതെ ദൈവതിരുമനസുമാത്രം ഉപാധിയായികണ്ട് സഭാ നൗകയെ സുരക്ഷിതമായി മുന്നോട്ടുനയിച്ച അദ്ദേഹത്തിന്റെ വിശ്വാസചൈതന്യം സഭാ മതനയർക്കും മറ്റുള്ളവർക്കും വലിയൊരു മാതൃകാപാഠമാണ്.

വേദശാസ്ത്രത്തിലും സുറിയാനിഭാഷയിലും അഗാധമായ പാണ്ഡിത്യമുണ്ടായിരുന്നുവെങ്കിലും തികഞ്ഞ വിനയം എപ്പോഴും അദ്ദേഹത്തിൽ വിളങ്ങി പ്രകാശിച്ചിരുന്നു. സുറിയാനിയിൽ എഴുതാനും വായിക്കാനും മാത്രമല്ല അനർഗളമായി പ്രസംഗം നടത്തുവാനും അദ്ദേഹത്തിനു കഴിയുമായിരുന്നു. കോട്ടയത്ത് PRO ORIENTE സമ്മേളനത്തിൽ അദ്ദേഹം ചെയ്ത സുറിയാനിപ്രസംഗം ഇന്നും ഞാനോർക്കുന്നു.

ഹൃദയത്തിൽ നിറഞ്ഞുനിന്ന ഭക്തിയായിരുന്നു അദ്ദേഹത്തിന്റെ പ്രേഷിത പ്രവർത്തനവിജയത്തിന്റെ അടിസ്ഥാന രഹസ്യം. അദ്ദേഹത്തിന്റെ പ്രഭാഷണങ്ങൾ ശ്രോതാക്കൾക്കു വളരെ പ്രചോദനഹേതുവായിരുന്നു. അദ്ദേഹത്തോടൊപ്പം പല വേദികളിലും വചനപ്രഘോഷണം നടത്തുവാൻ എനിക്കു അവസരം ലഭിച്ചിട്ടുണ്ട്. വചനത്തെ ജീവിതസ്പർശിയായി അവതരിപ്പിക്കുവാനും തദ്വാരാ താൻ അനുഭവിച്ചിരുന്ന ആന്തരിക സന്തോഷം ശ്രോതാക്കളുമായി പങ്കുവയ്ക്കുവാനും അദ്ദേഹത്തിനു സാധിച്ചിരുന്നു. പ്രസംഗങ്ങിലൂടെ മാത്രമല്ല ജീവിതത്തിലൂടെയും ദൈവീകചൈതന്യം പകർന്നൊഴുകുകയായിരുന്നു. അദ്ദേഹത്തിന്റെ സമീപനം അത്ര സൗമ്യവും ദീപ്തവുമായിരുന്നു. എല്ലാവരോടും വളരെ സ്നേഹത്തോടും വിനയത്തോടുംകൂടെയാണ് അദ്ദേഹം ഇടപെട്ടിരുന്നത്. സഭാ സംബന്ധമായും മറ്റു വിധത്തിലും ആശയപ്പൊരുത്തം ഇല്ലാതിരുന്നവർക്കുപോലും ആ സമീപനത്തിന്റെ മഹത്വവും മാധുര്യവും കുലീനതയും അത്യന്ത ഹൃദ്യമായി അനുഭവപ്പെട്ടിരുന്നു.

സഭയുടെ അധ്യക്ഷസ്ഥാനത്താണ് വാണിരുന്നതെങ്കിലും ഒരു താപസനെപ്പോലെയാണ് അദ്ദേഹം ജീവിതം നയിച്ചിരുന്നത്. അത്ര ലളിതമായിരുന്നു, ത്യാഗസമ്പന്നമായിരുന്നു അദ്ദേഹത്തിന്റെ ജീവിതക്രമം. ആർഭാടങ്ങളോ സുഖസൗകര്യങ്ങളോ അദ്ദേഹത്തിന് തെല്ലും ആകർഷകമായിരുന്നില്ല. സാധാരണക്കാരിൽ സാധാരണക്കാരനേപ്പോലെ ജീവിക്കുവാനാണ് അദ്ദേഹം ഇഷ്ടപ്പെട്ടിരുന്നത്.

തികഞ്ഞ ആധ്യാത്മീക ചൈതന്യം എക്കാലവും പാലിച്ചുപോന്ന തിരുമേനിയാമപ്രാർഥനകളും സഭയിലെ ഇതര പ്രാർഥനകളും അനുഷ്ഠാനങ്ങളും ആചാരങ്ങളും കൃത്യമായും മാതൃകാപരമായും നിർവഹിച്ചുവന്നു.

സഭയുടെ ഐക്യം അദ്ദേഹത്തിന്റെ ഏറ്റവും വലിയ ഹൃദയാഭിലാഷമായിരുന്നു. ദിവ്യകർത്താവിന്റെ ഐക്യത്തിനുള്ള ആഹ്വാനവും പ്രാർഥനയും – "നാം ഒന്നായിരിക്കുന്നതുപോലെ അവരും ഒന്നാകേണ്ടതിന്." (ജോൺ 17/22).

അദ്ദേഹത്തിന്റെ ഹൃദയത്തിൽ ഉയർന്നുനിന്നിരുന്നു. പ്രാർഥനയിലും പ്രവർത്തനങ്ങളിലും ഐക്യദാഹം അദ്ദേഹത്തിന്റെ മനസിൽ നിറഞ്ഞുനിൽക്കുകയായിരുന്നു. സത്യവിശ്വാസവും ആചാര്യത്വവും കാത്തുസൂക്ഷിച്ചുകൊണ്ടുള്ള ഒരു ഐക്യമായിരുന്നു അദ്ദേഹത്തിന്റെ മനസിൽ. അതു മാത്രമായിരുന്നു ഐക്യത്തിനുള്ള ഏക ഉപാധിയും.


കാതോലിക്കാബാവ തന്റെ ജീവിതദൗത്യം വിജയകരമായി പൂർത്തിയാക്കി അന്ത്യയാത്രയായി. ആ ജീവിതം സഫലമായി. എല്ലാ അർഥത്തിലും അദ്ദേഹം നാഥൻ ഗുണവാനും വിശ്വസ്തനുമായി ജീവിച്ചു. മഹത്വത്തിന്റെ ഒളിമങ്ങാത്ത കിരീടം അദ്ദേഹത്തിനു സംസിദ്ധമായിരിക്കുന്നു. അദ്ദേഹത്തിന്റെ ആത്മചൈതന്യവും അർപ്പണമനോഭാവവും നമുക്കേവർക്കും വഴികാട്ടിയും പ്രചോദനവുമായിരിക്കട്ടെ.

സന്ദേശം



മലങ്കര യാക്കോബായ സുറിയാനിസഭയുടെ മേലധ്യക്ഷനും കിഴക്കിന്റെ കാതോലിക്കയും മലങ്കര മെത്രാപ്പോലീത്തയും ആയിരുന്ന മാർ ബസേലിയോസ് ദ്വിതീയൻബാവ വിശ്വാസത്തിന്റെ വഴിയിൽ സത്യസന്ധതയും ആത്മാർപ്പണവുംകൊണ്ടു ജീവിതത്തിന്റെ എല്ലാ തലങ്ങളിലുമുള്ളവരുടെ സ്നേഹം പിടിച്ചുപറ്റിയ വ്യക്തിയാണ്. അതിരറ്റ ദൈവഭക്തിയിലും അളവറ്റ നിശ്ചയദാർഢ്യത്തിലും അർപ്പണമനോധത്തിലും അടിയുറച്ച ആധ്യാത്മികനേതൃത്വമായിരുന്നു അദ്ദേഹത്തിന്റേത്. ഞങ്ങൾ തമ്മിൽ പലപ്പോഴും വളരെ അടുത്ത സ്നേഹബന്ധങ്ങൾ പുലർത്തുന്നതിന് അവസരങ്ങളുണ്ടായിട്ടുണ്ട്. ജീവിതലാളിത്യംകൊണ്ട് ശ്രദ്ധേയനായ നിഷ്കളങ്കനായിരുന്നു ശ്രേഷ്ഠബാവ. സദുദ്ദേശത്തോടുകൂടി പ്രശ്നങ്ങളിലിടപെട്ട് ആത്മാർഥമായി എല്ലാവരോടും പെരുമാറി. മനുഷ്യസ്നേഹവും മതമൈത്രിയുമായിരുന്നു അവസാന ശ്വാസംവരെ അദ്ദേഹം ഉറുവിട്ടുന്നത്. സഭയുടെ ഐക്യമെന്ന നല്ല ആശയം സഫലീകൃതമായി കാണാൻ കിട്ടുന്ന അവസരങ്ങളിലൊക്കെ അദ്ദേഹം നിർണായകമായ പങ്കുവഹിച്ചിട്ടുണ്ട്. അതുകൊണ്ടുതന്നെയാണ് കത്തോലിക്കാസഭയും യാക്കോബായ സഭയും തമ്മിൽ ചെച്ചപ്പെട്ട ബന്ധങ്ങൾ സ്ഥാപിക്കുവാൻ അദ്ദേഹം ശ്രമിച്ചതും, വിവാഹകാര്യങ്ങളിൽ കത്തോലിക്കാസഭയും യാക്കോബായ സഭയും തമ്മിൽ ഒരു ധാരണയുണ്ടാക്കുവാൻ അദ്ദേഹം മുൻകൈയെടുത്തതും. ഈ ധാരണ ഇരുസഭകളും കൂടുതൽ അടുക്കുന്നതിന്റെ മുന്നോടിയായി ഇന്നു പലരും കരുതുന്നു.

ഒപ്പ്
മാർ കൂര്യാക്കോസ് കുന്നശ്ശേരി,
കോട്ടയം രൂപതയുടെ മെത്രാൻ.



മാതൃകാർഹനായ മഹാപുരോഹിതൻ

(ഗീവർഗീസ് മാർ തീമോത്തിയോസ്, തിരുവല്ലാ മെത്രാപ്പോലീത്ത)

യാക്കോബായ സുറിയാനിസഭയുടെ പൗരസ്ത്യാധ്യക്ഷൻ ശ്രേഷ്ഠ ബസേലിയോസ് പൗലോസ് കാതോലിക്കാബാവയുമായി അടുത്തിടപഴകുവാനുള്ള സന്ദർഭം അധികമുണ്ടായിട്ടില്ലെങ്കിലും അദ്ദേഹത്തിന്റെ ആത്മാർത്ഥസുഹൃത്തായിരുന്ന എന്റെ വന്ദ്യപിതാവിൽനിന്നും അനേകകാര്യങ്ങൾ അറിയുവാൻ സാധിച്ചിട്ടുണ്ട്. ചുരുക്കം ചില അവസരങ്ങളിൽ അദ്ദേഹത്തിന്റെ മഹത്വം നേരിട്ടുമനസിലാക്കുവാനും എനിക്കു കഴിഞ്ഞിട്ടുണ്ട്.

അദ്ദേഹത്തിന്റെ അനശ്വരകീർത്തിക്കു സർവപ്രധാനമായ വസ്തുത അതിരറിയാത്ത വിനയഭാവമാണ്. പുരാതനമായ ഒരു സഭയുടെ പ്രാദേശികമേലധ്യക്ഷൻ എന്ന ഭാവമോ രൂപമോ ഒരിക്കലും പ്രദർശിപ്പിച്ചിട്ടില്ലാത്ത ഒരു യതിവര്യൻ. ഒരിക്കലെങ്കിലും ബാവായെ സന്ദർശിച്ചിട്ടുള്ളവരുടെ ഹൃദയം അദ്ദേഹത്തിന്റെ വിനയത്തിൽ വിലയിച്ചുപോകും. വിനിതമായ പെരുമാറ്റം, ഹൃദ്യമായ സംഭാഷണം, ആത്മാർത്ഥമായ സ്നേഹം, ആർഭാടത്തിൽ അശേഷം ആഗ്രഹമില്ലാത്ത താപസശ്രേഷ്ഠൻ.

തിരുസഭയുടെ ആദികാലത്തെ പൈതൃകത്തിന്റെ മുഴുവൻ ശ്രോതസും പ്രാർത്ഥനയും ഉപവാസവുമായിരുന്നു. ആ പാരമ്പര്യം ഏതാണ്ട് അതുപോലെതന്നെ ഇരുപതാം ശതകത്തിലും പാലിച്ചുപോന്ന ഒരു വലിയ മനുഷ്യനായിരുന്നു അദ്ദേഹമെന്ന് ഒരു പരിപാടിക്കായി അദ്ദേഹത്തെ ക്ഷണിക്കുവാൻ പോയപ്പോൾ എനിക്കു അനുഭവേദ്യമായി. സംവേണഹൃദയമായ അദ്ദേഹത്തിന്റെ ജീവിതത്തിലെ ഉത്തേജനവും പിൻബലവും അതായിരുന്നുവെന്നതാണെന്റെ നിഗമനം.

യാക്കോബായസഭയിൽ ഇക്കഴിഞ്ഞ കുറെവർഷങ്ങളായിനിലനിന്നുവരുന്ന പ്രയാസഘട്ടത്തിൽ അദ്ദേഹത്തിന്റെ വിശ്വാസവിക്ഷണങ്ങളോട് അഭിപ്രായവ്യത്യാസമുള്ളവർപോലും സ്നേഹബഹുമാനാദികളോടെയാണ് അദ്ദേഹത്തെ വീക്ഷിച്ചിരുന്നത്. 'അജാതശത്രു' എന്ന വിശേഷണത്തിന് അർഹരായ പലരിൽ ഒരുവനായാണ് നാമെല്ലാം അദ്ദേഹത്തെ അറിയുന്നത്.

ദൈവവിജ്ഞാനീയത്തിന്റെ അടിത്തറയും ആത്മീയമായ ദർശനവുമില്ലാത്ത വൈദികരുടെയും പുരോഹിതശ്രേഷ്ഠരുടെയും നിര സഭയുടെ നിലനിൽപിനെത്തന്നെ ദോഷകരമായിബാധിക്കുമെന്ന് മനസിലാക്കിയ ബാവാ തിരുമേനി ക്രമീകൃതമായ സെമിനാരി വിദ്യാഭ്യാസം ഏർപ്പെടുത്തി. വെട്ടിക്കൽ എന്ന സ്ഥലത്ത് അദ്ദേഹം ഒരു തിയോളജിക്കൽ സെമിനാരി സ്ഥാപിക്കുകയും ഉന്നതവിദ്യാഭ്യാസമുള്ള വൈദികരെ മെത്രാന്മാരായി പില്ക്കാലത്ത് വാഴിക്കുകയും ചെയ്തത് ബാവാതിരുമേനിയുടെ ക്രാന്തദർശിത്വം വെളിവാക്കുന്നു.

സാമുവേലിനെപ്പോലെ ബാല്യകാലം മുഴുവൻ ദൈവാലയത്തോടും ആരാധനയോടും ബന്ധപ്പെട്ട് വളരുകയും തീവ്രമായ സഭാസ്നേഹത്തിൽ പുഷ്ടിപ്രാപിക്കുകയും ചെയ്ത തിരുമേനി "ആത്മാവ് സഭകളോട് പറയുന്നതെന്തെന്ന് കാതോർത്തിരുന്നു" (വെളി. 2:17) ക്രിസ്തുവിലുള്ള സമ്പൂർണ ഐക്യത്തിലേക്കു സഭകളെ നയിക്കുന്ന ആത്മാവിന് അദ്ദേഹം എന്നും തുറവിയുള്ളവനായിരുന്നു. 1964-ൽ അന്ത്യോക്യൻ സുറിയാനി പാത്രിയർക്കീസ് ഇഗ്നാത്തിയോസ് സക്കാ പ്രഥമനോടൊപ്പം അദ്ദേഹം പ. മാർപ്പാപ്പയെ റോമിൽ സന്ദർശിച്ച് സഭൈക്യസംഭാഷണം നടത്തിയതും, മാർപാപ്പ 1986-ൽ കേരളത്തിൽ എത്തിയപ്പോൾ അദ്ദേഹത്തെ തിരിച്ചുസന്ദർശിച്ചതും സഭൈക്യചരിത്രത്തിലെ നാഴികക്കല്ലുകളായിരുന്നു. തുടർന്നു കേരളത്തിലെ കത്തോലിക്കാസഭയും യാക്കോബായസഭയും തമ്മിൽ, സഭാഗതം കൂടാതെതന്നെ, പരസ്പരം വിവാഹത്തിനുള്ള കുറി കൈമാറുവാൻ ഉടമ്പടിയുണ്ടാക്കിയതും അടിയന്തരസന്ദർഭങ്ങളിൽ പരിമിതമായ കൂദാശാസംസർഗത്തിന് വഴിയൊരുക്കിയതും ഈ രണ്ടുസഭകളെ കൂടുതലായി അടുപ്പിച്ചിട്ടുണ്ടെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ.

ശ്രേഷ്ഠബാവായുടെ ആകസ്മികനിര്യാണം യാക്കോബായ സുറിയാനിസഭയ്ക്ക് മാത്രമല്ല, അഖിലക്രൈസ്തവജനതയ്ക്കും താങ്ങാനാവാത്ത ഒരു നഷ്ടം തന്നെയാണ്. ഒരു സുറിയാനിഭാഷാപണ്ഡിതനെന്ന നിലയിൽ ആകമാനസുറിയാനിസഭയുടെ ഭാഷ, സംസ്കാരം, ആത്മീയത എന്നിവ വളർത്തിക്കൊണ്ടുവരുവാൻ അദ്ദേഹം നിരന്തരം പരിശ്രമിച്ചു.

"ഹൃദയപരമാർത്ഥതയുള്ളവർ ഭാഗ്യവാന്മാർ, അവർ ദൈവത്തെ കാണും" എന്ന രൂപ്പെയിത്ത മിശിഹാതമ്പുരാൻ തന്റെ തിരുമുഖദർശനത്താൽ ഈ ഇടയശ്രേഷ്ഠനെ നിത്യമായി ആനന്ദിപ്പിക്കുമാറാകട്ടെ.

സന്ദേശം



കാലംചെയ്ത ശ്രേഷ്ഠ കാതോലിക്കാബാവാ തിരുമേനിയുടെ പാവനസ്മരണയ്ക്കായി ദീപിക ഒരു സ്മരണിക പ്രകാശനം ചെയ്യുന്നുവെന്നറിഞ്ഞതിൽ സന്തോഷിക്കുന്നു. വിനയാന്വിതനായിരുന്ന ബാവ സഭയ്ക്കുള്ളിലും ഇതരസമൂഹമദ്ധ്യത്തിലും, ദൈവത്താൽ നിയോഗിക്കപ്പെട്ട ഒരു ദൂതനായിരുന്നു. ജീവിതദർശനമാകട്ടെ ആദ്ധ്യാത്മനിഷ്ഠവും നൈതിക മൂല്യങ്ങളാൽ പ്രചോദിതവുമായിരുന്നു. ആത്മീയതയുടെ പാരമ്യത്താൽ കർമ്മവിമുഖനാകുന്ന ഒരു മതവൈരാഗിയായിരുന്നില്ല, അദ്ദേഹം; പ്രത്യുത സമസൃഷ്ടികളോടുള്ള സ്നേഹവായ്പിനാൽ ഏറെ കർമോന്മുഖനായിരുന്നു. അർത്ഥികൾക്കുവേണ്ടി ഉഴിഞ്ഞുവച്ച ജീവിതമായിരുന്നു, ആദിയോടന്തം. അപരനെ സ്നേഹിക്കണമെങ്കിൽ, സ്വന്തം സുഖം പരിത്യജിക്കണം. ആ നിലയ്ക്കു തിരുമേനി യതിവര്യനായിരുന്നു. നിർമ്മല ജീവിശേഷപ്രചാരണം വാക്കുകളുടെ അതിർവരമ്പുകൾക്കുള്ളിൽ ഒതുക്കിനിർത്താതെ, സ്നേഹത്തിന്റെ നീർച്ചാലുകൾ പ്രവഹിക്കുന്ന കർമ്മമേഖലകളിലേക്കു പതഞ്ഞൊഴുകി. ബാവാ തിരുമേനിയുടെ ഏറ്റവും വലിയവിജയം മാനുഷികബന്ധം നിലനിർത്തുന്നതിനുള്ള കഴിവായിരുന്നു.

ആ പുണ്യാത്മാവിന്റെ സ്മരണയ്ക്കുമുന്നിൽ സി.എസ്.ഐ. മദ്ധ്യകേരള മഹായിടവകയുടെ ആദരാഞ്ജലികൾ.

പ്രാർത്ഥനയോടെ,

ബിഷപ് സാം മാത്യു
(സി.എസ്.ഐ. മധ്യകേരള മഹാ ഇടവക, കോട്ടയം)



1980-ൽ പാത്രിയർക്കാ വാഴ്ചയ്ക്ക് പ്രധാന കാർമികത്വം വഹിച്ച ശ്രേഷ്ഠ കാതോലിക്കാ ബാവായെ ഡമാസ്ക്കസിലെ സെന്റ് ജോർജ് അരമനയിലേക്ക് ആഘോഷപൂർവം എതിരേല്ക്കുന്നു. കാപ്പ അണിഞ്ഞ് അംശ വടി പിടിച്ചിരിക്കുന്നത് ശ്രേഷ്ഠ ബാവായാണ്.

ശ്രേഷ്ഠ കാതോലിക്കാബാവ സ്മരണിക



ശ്രേഷ്ഠ കാതോലിക്കാ ബാവയുടെ ജീവിതത്തിലെ അനർഘ നിമിഷങ്ങളിലൂടെ

▲ രാഷ്ട്രപതി നീലം സഞ്ജീവ റെഡ്ഡി ശ്രേഷ്ഠ കാതോലിക്കാ ബാവായെ രാഷ്ട്രപതി ഭവനിൽ സ്വീകരിക്കുന്നു.



മുൻ പ്രധാനമന്ത്രി ശ്രീമതി ഇന്ദിരാഗാന്ധി ശ്രേഷ്ഠ കാതോലിക്കാ ബാവായുമായി സംഭാഷണത്തിൽ. തോമസ് മാർ തേയോഫിലോസ് മെത്രാപ്പോലീത്ത സമീപം ▶



◀ ശ്രേഷ്ഠ കാതോലിക്കാ ബാവാ മുൻ രാഷ്ട്രപതി ഗ്യാനി സെയിൽ സിംഗിനോടൊപ്പം.





മുൻ പ്രധാനമന്ത്രി ശ്രീമതി ഇന്ദിരാഗാന്ധി ശ്രേഷ്ഠ കാതോലിക്കാ ബാവായെ സ്വീകരിക്കുന്നു. ഡോ. ഗീവർഗീസ് മാർ ഗ്രിഗോറിയോസ്, തോമസ് മാർ ദീവന്നാസ്യോസ് എന്നിവർ സമീപം



1990 ജൂൺ 24-ന് എറണാകുളത്ത് ചേർന്ന വിശ്വാസ പ്രഖ്യാപന റാലിയിൽ ശ്രേഷ്ഠ കാതോലിക്കാ ബാവായും മെത്രാപ്പോലീത്താമാരും ഉപവിഷ്ഠരായിരിക്കുന്നു.

ശ്രേഷ്ഠ കാതോലിക്കാബാവ സ്മരണിക




റോമിൽവച്ച് സ്വന്തമായുള്ള പാത്രിയർക്കീസ് സ്ഥാനം ഏറ്റതിനുശേഷം മലങ്കരയിൽ എത്തിയ പൗലോസ് മാർ പീലക്സിനോസിന് പാരമ്പര്യത്തിൽ നൽകിയ സ്വീകരണത്തിന്റെ ദൃശ്യം. ഏബ്രഹാം മാർ ക്ലീമിസ്, പൗലോസ് മാർ സേവേറിയോസ് എന്നിവർ സമീപം. (1952-ലെ ചിത്രം)





വിശ്വാസ സംരക്ഷണ സമിതിക്ക് നേതൃത്വം നൽകിയ വയോധിക പുന്നൂസ് കോർ എപ്പിസ്കോപ്പക്ക് ശ്രേഷ്ഠ കാതോലിക്കാ ബാവ കീർത്തിമുദ്ര നൽകുന്നു.



തെക്കൻ ഭദ്രാസനങ്ങളുടെ കുര്യാക്കോസ് മാർ കൂറിലോസ് മെത്രാപ്പോലീത്തായ്ക്ക് ശ്രേഷ്ഠ കാതോലിക്കാ ബാവ പാത്രിയർക്കീസ് ബാവയുടെ പ്രത്യേക പാരിതോഷികം നൽകുന്നു.



മലങ്കര യാക്കോബായ സുറിയാനി ഓർത്തഡോക്സ് സഭയുടെ പരിശുദ്ധ സുന്നഹദോസിൽ ശ്രേഷ്ഠ കാതോലിക്കാ ബാവ അധ്യക്ഷത വഹിക്കുന്നു.



മഹാനായ ആചാര്യൻ

(മലങ്കര മൽപ്പാൻ ഡോ. കുര്യൻ കോർ എപ്പിസ്കോപ്പ കണിയാമ്പറമ്പിൽ, തിരുവല്ല)

ശക്തികൊണ്ടു ലോകത്തെ ജയിച്ചിരുന്നവരെ മഹാന്മാക്കൾ എന്നു വിശേഷിപ്പിച്ചിരുന്ന യുഗം അവസാനിച്ചു. ഇന്ന് ഭക്തിയും സ്നേഹവും മൂലം ലോകത്തിന് നവമായി എന്തെങ്കിലും പ്രദാനം ചെയ്ത് യശശ്ശരീരികളാകുന്നവർക്കാണ് മാഹാന്മ്യം. മതങ്ങളിലും സഭകളിലും പ്രഗത്ഭരായിരുന്നവർ വിസ്മൃതരായിട്ടും ഭക്തിജീവിതം നയിച്ചവർ ചിരംജീവികളായിരിക്കുന്നു. ദൈവത്തോടും മനുഷ്യനോടുമുള്ള കടമകൾ സമൃക്കായി നിർവഹിക്കണമെന്നു ഞങ്ങളെ ജീവിതത്തിലൂടെ പഠിപ്പിച്ച വിനയാന്വിതനായ സാത്വികനായിരുന്നു ശ്രേഷ്ഠ പൗരസ്ത്യകാതോലിക്ക മാർ ബസേലിയോസ് പൗലോസ് രണ്ടാമൻ. പ്രാർഥന, ഉപവാസം, നിർമലവിശ്വാസം, കർത്തൃസഹവാസം എന്നിവ മൂലം ശക്തിധരിച്ചവർക്കല്ലാതെ മനുഷ്യന്റെ മുമ്പിൽ വിനയം പ്രദർശിപ്പിക്കുവാൻ സാധ്യമല്ല. സഭാവ്യത്യാസമന്യേ മേലധ്യക്ഷന്മാരുടെ മുക്തകണ്ഠമായ പ്രശംസയ്ക്ക് ഇത്രയേറെ പാത്രീഭൂതനായ മറ്റു മേലധ്യക്ഷന്മാർ വളരെ ചുരുക്കമാണ്. കാരണം ഒന്നുമാത്രം– അദ്ദേഹത്തിന്റെ സീമാതീതമായ വിനയം.

ഏതാണ്ടു പതിനാറുവയസുമുതൽ എനിക്ക് അടുത്തറിയാവുന്ന ശ്രേഷ്ഠ ബാവായുടെ പുണ്യശ്ലോകനും ഭക്തഗ്രസനുമായിരുന്ന മാർ യൂലിയോസ്സാക്കാ ഒന്നാമൻ പാത്രിയർക്കീസ് ബാവായുമൊരുമിച്ച് വത്തിക്കാനിൽ പരിശുദ്ധ പിതാവുമായി സംഭാഷണങ്ങൾ നടത്തുകയും സമ്മാനങ്ങൾ അർപ്പിക്കുകയും ചെയ്തിട്ടുള്ള വസ്തുത മറക്കാറായിട്ടില്ല.

മലങ്കരസഭയിലെ യഥാർഥ സമാധാനത്തിന് ശ്രേഷ്ഠബാവ എപ്പോഴും ആഗ്രഹിച്ചിരുന്നു. അഭിപ്രായവ്യത്യാസമുള്ളവർക്കുപോലും ആദരണീയനായിരുന്ന ശ്രേഷ്ഠബാവായുടെ ആകസ്മിക നിര്യാണം സിറിയൻ ഓർത്തഡോക്സ് സഭയ്ക്ക് നികത്താനാവാത്ത ഒരു വിടവുതന്നെയാണ്. മലങ്കരസഭയുടെ ചരിത്രത്തിൽ ഒരിക്കലും ഉണ്ടായിട്ടില്ലാത്ത മഹാസംഭവം–പരിശുദ്ധ അന്ത്യോഖ്യാ പാത്രിയർക്കീസുബാവായുടെ വാഴ്ചയിൽ പ്രധാന കാർമികത്വം വഹിക്കുവാൻ ഇടയായത് ഒരു മഹാസംഭവം തന്നെ.

ഭക്തസംഘടനകളോടുള്ള വാത്സല്യപൂർവമായ പ്രോത്സാഹനവും ദീനാനുകമ്പയും പ്രസ്താവ്യങ്ങളത്രെ. ആധുനികരീതിയിലുള്ള തിയോളജിക്കൽ സെമിനാരി സ്ഥാപകൻ എന്ന സുഖ്യാതി എന്നുമെന്നും നിലനില്ക്കും. "താഴ്മയുള്ളവർ ഭാഗ്യവാന്മാർ, അവർ ഭൂമിയെ അവകാശമാക്കും.", "ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ, അവർ ദൈവത്തെ കാണും."

ബാവായുടെ കൈക്കീഴുള്ള അഭ്യസനമാണ് സഭാവമഹിമയിലും സഭാവിജ്ഞാനത്തിലും കാനോൻ വിദഗ്ദതയിലും സുറിയാനിഭാഷയിലും അദ്ദേഹത്തെ അഗ്രഗണ്യനാക്കിയതും യാക്കോബായസഭയിൽ, ഇന്ത്യയിലെ അത്യുന്നത വൈദിക പദവിയിലേക്ക് ഉയർത്തിയതും. നിരവധി പ്രതികൂല സാഹചര്യങ്ങളെ പ്രാർഥനാപൂർവം തരണംചെയ്യുവാൻ ശക്തനാക്കിയതും യാക്കോബായ സുറിയാനി സഭാതലവനായ പരിശുദ്ധ അന്ത്യോഖ്യായുടെയും കിഴക്കൊക്കെയുടെയും പാത്രിയർക്കീസ് ബാവാതിരുമേനിയുടെ വത്സലനാക്കിയതും.

ശ്രേഷ്ഠ ബാവായുടെ വിജ്ഞാനാധിക്യത്തെക്കാൾ അദ്ദേഹത്തെ ചിരസ്മരണീയനാക്കുന്നത് അദ്ദേഹത്തിന്റെ വിനയാതിരേകമാണ്. തൽസംബന്ധമായി പലതും പ്രസ്താവിക്കാനുണ്ടെങ്കിലും എടുത്തെഴുതാൻപോലും പ്രയാസമുള്ള വിനയപ്രകടനങ്ങൾ ഏതാണ്ട് എഴുപതുവർഷമായി കാണുന്ന ഒരു വ്യക്തിയാണ് ഞാൻ. തന്നെ ഏൽപ്പിച്ചിരുന്ന സഭയിൽ ശാന്തിയും പുരോഗമനവും നിലനിർത്തുവാൻ വിശ്വസ്തതയോടെ അക്ഷീണപരിശ്രമം നടത്തിയിരുന്ന ശ്രേഷ്ഠബാവ പരിശുദ്ധ കതോലിക്കസഭയും പരിശുദ്ധ സിറിയൻ ഓർത്തഡോക്സ് സഭയും തമ്മിലുള്ള ഐക്യത്തിന് വളരെയേറെ ആഗ്രഹിക്കുകയും പരിശുദ്ധ ഇഗ്നാത്തിയോസ്

സന്ദേശം



ശ്രേഷ്ഠ കാതോലിക്കാ ബാവാ തിരുമേനിയുമായി ഹൃനിക്കുള്ള ബന്ധം ഒരു കുടുംബ ബന്ധമാണ്. എന്റെ പിതാവ് പൈനാടത്ത് പൗലോസ് കശീശ്ശാ ബാവയുടെ പിതാവിന്റെ കീഴിൽ സുറിയാനി പഠിച്ചിരുന്നതായി പറഞ്ഞു കേട്ടിട്ടുണ്ട്. പരിമിതമായ സൗകര്യത്തോടുകൂടി പിറമാടത്ത് താമസിച്ചിരുന്നെങ്കിലും പരാതികളില്ലായിരുന്നു ആ വലിയ താപസന്. ശ്രേഷ്ഠബാവയുടെ ലാളിത്യത്തിന്റെ തെളിവാണിത്.


ഞാൻ തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നതിന് മുമ്പേ ബാവയുടെ അടുത്തെത്തി അനുഗ്രഹം വാങ്ങാൻ പോകുമായിരുന്നു. അടിസ്ഥാനപരമായ കാര്യങ്ങളിലും വിശ്വാസവിഷയങ്ങളിലും ബാവയ്ക്ക് വിട്ടുവീഴ്ചയില്ലായിരുന്നു. എന്നാൽ, മറ്റ് പലതിലും ബാവാ അനുരഞ്ജനത്തിന്റെ പാത തേടിയിരുന്നു. സഭയിലെ പ്രശ്നങ്ങൾ അടിസ്ഥാന വിശ്വാസത്തിന് പോറൽ ഏല്ക്കാതെ രമ്യമായി പരിഹരിക്കണമെന്ന് ബാവ എപ്പോഴും ആഗ്രഹിച്ചിരുന്നു. കഷ്ടതയനുഭവിക്കുന്നവരോടുള്ള ബാവയുടെ മനസലിവ് എടുത്തു പറയേണ്ടിയിരിക്കുന്നു.

പി.പി. തങ്കച്ചൻ എംഎൽഎ

ST. PETERS & ST PAUL'S JACOBITE SYRIAN CHAPEL
KOLENCHERY - 682311



ശ്രേഷ്ഠപിതാവിന്റെ 30-ാം ഓർമ്മദിനത്തിൽ കോലഞ്ചേരി ചാപ്പലിലെ ദുഃഖാർത്തരായ ഇടവക മക്കൾ



പിതാവേ, സ്നേഹതീരത്തു വീണ്ടും കാണാം

ഡി.ബാബുപോൾ
(ബാറിസ്റ്റേറ്റ് ലോ)

കണക്കാലിലെത്താത്ത പൈജാമ (ക്രാൽക്കുപ്പായമെന്ന് അന്നത്തെ നസ്രാണി ഭാഷ). ഉള്ളതും ഒന്നോ രണ്ടോ തുന്നൽ ഉള്ളതുമായ കമ്മീസ്. തലയിൽ തൊപ്പി. കക്ഷത്തിൽ കാലൻകുട. കാലിൽ വള്ളിച്ചെരുപ്പ്. 'ഇതാണ് കണ്ടനാടിന്റെ നിയുക്ത മെത്രാൻ ഫാ. പി.ജെ. പൗലോസ്'ന്നു കോട്ടയത്തെ തിരുനക്കര മൈതാനത്തിനടുത്തുവച്ച് എന്റെ പിതാവ് എന്നോടു പറഞ്ഞപ്പോൾ 'സ്റ്റേല്പോലെ' എന്നാണ് അന്നത്തെ ഈ പത്തുവയസുകാരനു തോന്നിയത്. ഇന്നു ഞാൻ അറിയുന്നു, ആ മഹാത്മാവിന്റെ ധന്യജീവിതം.

എഴുപതുകളിലാണ് ശ്രേഷ്ഠ കാതോലിക്കാ ബാവയുമായി അടുത്തിടപഴകാൻ എനിക്ക് ആദ്യം സന്ദർഭം ലഭിച്ചത്. ലാളിത്യമായിരുന്നു ആ വ്യക്തിത്വത്തിന്റെ മുഖമുദ്ര. കാതോലിക്കാസ്ഥാനത്തിന്റെ പ്രൗഢി വിളിച്ചോതുന്ന പ്രത്യേകവിധാനങ്ങൾ അത്യാവശ്യമല്ലെങ്കിൽ അണിയാൻ ബാവ ഇഷ്ടപ്പെട്ടിരുന്നില്ല. ഈ കാര്യത്തിൽ തിരുവിതാംകൂർ മഹാരാജാവായിരുന്ന ശ്രീചിത്തിര തിരുനാളിനെ അനുസ്മരിപ്പിച്ചിരുന്നു ശ്രേഷ്ഠ ബാവ.

ബാവയുടെ വ്യക്തിത്വത്തെക്കുറിച്ച് ഒട്ടേറെ പറയാനുണ്ട്. ലാളിത്യത്തെക്കുറിച്ച് സൂചിപ്പിച്ചുകഴിഞ്ഞു. അതു ഭാരതീയ പാരമ്പര്യത്തിന്റെയും ക്രൈസ്തവപാരമ്പര്യത്തിന്റെയും സംഗമബിന്ദുവാണല്ലോ. ലളിതമായി ജീവിക്കുകയും ജീവിതത്തെ സങ്കീർണമാകാതെ സൂക്ഷിക്കുകയും ചെയ്ത താപസവര്യനായിരുന്നു ബസേലിയോസ് പൗലോസ് ബാവ.

രണ്ടാമനായി എടുത്തു പറയേണ്ടത് ആ മഹാന്റെ പാണ്ഡിത്യത്തെക്കുറിച്ചാണ്. ഇതിനു രണ്ടു മുഖങ്ങളുണ്ടായിരുന്നു. ഷെയിക്സ്പിയറെയും കാളിദാസനെയും ഉദ്ധരിക്കാനും ബൈബിളും ഗീതയും ഒരുപോലെ പഠിപ്പിക്കാനും സാധിച്ചിരുന്ന മുഖം. മറ്റേത് കർത്താവിന്റെ ഭാഷ മാതൃഭാഷപോലെ കൈകാര്യം ചെയ്യാനുള്ള കഴിവ്.

ബാവയുടെ ലാളിത്യവും അതുകൊണ്ട് ഒളിപ്പിച്ച പാണ്ഡിത്യവും അവിടത്തെ ആധ്യാത്മികതയുടെ മാറ്റത്തെല്ലും കുറച്ചില്ല. നോമ്പും നമസ്കാരവും സന്ന്യാസിയുടെ ആയുധങ്ങളാണെന്നു ബാവ അറിഞ്ഞു.

സമാധാനം അറിയാത്തതായിരുന്നു ബാവായുടെ ജീവിതത്തിലെ കാൽനൂറ്റാണ്ട്. 1958 മുതൽ 1964 വരെയും 1975 മുതൽ മരണം വരെയും ഈ കുരിൾ ബാവയ്ക്ക് വേണമെങ്കിൽ ഒഴിവാക്കാമായിരുന്നു. എന്നാൽ ബാവായുടെ സഭാസ്നേഹം അതിന് അനുവദിച്ചില്ല. 1958-64 കാലത്തെ ബാവായുടെ നിലപാടിനോടു യോജിപ്പില്ലാത്ത ആൾ ആണ് ഇത് എഴുതുന്നത്. എന്നാൽ ബാവായ്ക്ക് ന്യായം ഉണ്ടായിരുന്നു പറയാൻ. ബാവാ അന്ന് സ്വയം 'വഴിയാധാര'മാവാൻ നിന്നുകൊടുത്തില്ലായിരുന്നെങ്കിൽ ജനം -കുറെയെങ്കിലും- സഭവിടുമായിരുന്നു തന്റെ ആടുകൾക്കുവേണ്ടി ജീവനെ കൊടുക്കുന്നതിനെക്കാൾ വലിയ എന്തു സ്നേഹമാണ് ഒരു ഇടയന് കാണിക്കാൻ കഴിയുക?

ആ ഘട്ടം '64-ൽ തീർന്നെങ്കിൽ പുതിയൊരങ്കം '75-ൽ തുടങ്ങി. അവിടെ ബാവ ഏറ്റുവാങ്ങിയത് ചരിത്രത്തിന്റെ നിയോഗമായിരുന്നു. 21 സംവത്സരങ്ങൾകൊണ്ട് ഒരു സഭ പുനർനിർമിക്കാൻ ആ തപോധനന് കഴിഞ്ഞു. ഒന്നുമില്ലാതെ തുടങ്ങി എല്ലാം ഉള്ള അവസ്ഥയിൽ എത്തിച്ചു. സെമിനാരി, കോളജുകൾ, മറ്റു സ്ഥാപനങ്ങൾ, സമൂഹ ധ്യാനിലെ അംഗീകാരം, ക്രൈസ്തവലോകത്തിനാകമാനം ദീപസ്തംഭമാകാൻ പോരുന്ന മെത്രാപ്പോലീത്തമാർ, സുശക്തമായ സൺഡേസ്കൂൾ പ്രസ്ഥാനം, അങ്ങനെ എന്തെല്ലാം! ഒടുവിൽ നിയോഗത്തിന്റെ ഫലവും കണ്ടായി വിടവാങ്ങൽ. അന്ത്യോഖ്യാപുരിയർക്കീസിനെ വിട്ടു സ്വയം ശിരഃകത്തും അവകാശപ്പെടാവുന്നതല്ല മലങ്കര സഭയെന്നു സുപ്രീംകോടതി പറയുന്നത് കേൾക്കാൻ ദൈവം ആയുസ് നല്കി. ഇതിനെക്കാൾ വലിയ പ്രതിഫലം എന്തു വേണം ആ വിധിവ്യക്തിപരമായി ബാവയ്ക്ക് നഷ്ടം വരുത്തി. എന്നാൽ ആ നഷ്ടം ലാഭമായി കരുതാൻ ആ വലിയ മനസിനു കഴിഞ്ഞു. അതായിരുന്നു ബസേലിയോസ് പൗലോസ് ദിതീയൻ.

പിതാവേ, സമാധാനത്തോടെ പോക. ആ മനോഹരതീരത്തു വീണ്ടും കാണാം.



ശ്രേഷ്ഠ കാതോലിക്കായും കിഴക്കിന്റെ കാതോലിക്കായും

ഏബ്രഹാം ഈപ്പൻ പാലാമ്പടം

മലങ്കര യാക്കോബായ സുറിയാനിസഭയുടെ ശ്രേഷ്ഠകാതോലിക്കാബാവ ബസേലിയോസ് പൗലോസ് ദ്വിതീയൻ കിഴക്കിന്റെ കാതോലിക്കയാണ്. കിഴക്കിന്റെ കാതോലിക്കയുടെ കാനോനിക അധികാരങ്ങളും അവകാശങ്ങളും ജനങ്ങൾക്ക് മനസിലാക്കിക്കൊടുക്കുവാൻ ബോധപൂർവമായ ശ്രമം ആരും നടത്തിയിട്ടില്ലെന്ന് ഖേദപൂർവം സ്മരിക്കുന്നു. കിഴക്കിന്റെ കാതോലിക്കയായി 21 വർഷം, പൗലോസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്തയായി 23 വർഷം, ബഹുമാനപ്പെട്ട പൗലോസ് അച്ചനായിരുന്ന കാലത്തിന്റെ അവസാനത്തെ 16 വർഷം ഇങ്ങനെ 54 വർഷത്തെ പരിചയവും സ്നേഹബന്ധവുമാണ് എനിക്ക് അദ്ദേഹവുമായി അവകാശപ്പെടാനുള്ളത്. ഇക്കാലയളവിൽ എന്നെ ഏറ്റവും കൂടുതൽ ആകർഷിച്ചതും ഞാൻ ഏറ്റവുംകൂടുതൽ ബഹുമാനിച്ചതും എല്ലാ ഗുണങ്ങളുടെയും ശക്തമായ അടിത്തറയെന്ന് മഹാനായ സോക്രട്ടീസ് വിശേഷിപ്പിച്ചിട്ടുള്ള ബാവാതിരുമേനിയുടെ വിനയമാണ്. ബാവായുടെ ഹൃദയത്തിൽ യേശുക്രിസ്തു വസിച്ചിരുന്നുവെന്ന് ഞാൻ വിശ്വസിക്കുന്നു. അതിന്റെ ശക്തമായ തെളിവാണ് അദ്ദേഹത്തിന്റെ ജീവിതത്തിൽ പ്രതിഫലിച്ചിരുന്ന സ്നേഹം, സന്തോഷം, സമാധാനം, ദീർഘക്ഷമ, ദയ, പരോപകാരം, വിശ്വസ്തത, സൗമ്യത, ഇന്ദ്രിയജയം എന്നീ വിശിഷ്ടഗുണങ്ങൾ.

ഒരിക്കൽ മാർത്തോമ്മാസഭയുടെ യുഹാനോൻ മാർത്തോമ്മാ വലിയ മെത്രാപ്പോലീത്താ എന്നോട് പറയുകയുണ്ടായി: "ശ്രേഷ്ഠനെന്ന് വിളിക്കുവാൻ ശ്രേഷ്ഠകാതോലിക്കായെക്കാൾ യോഗ്യതയുള്ള ഒരു മേല്പട്ടക്കാരനും കേരളത്തിൽ ഒരു ക്രൈസ്തവസഭാവിഭാഗത്തിലും ഉണ്ടെന്ന് തോന്നുന്നില്ല" എന്ന്.

1956-ൽ കണ്ടനാട് ഭദ്രാസന മെത്രാപ്പോലീത്തായായിരുന്ന പൗലോസ് മാർ പീലക്സിനോസ് തിരുമേനി എനിക്ക് തന്റെ സെക്രട്ടറിയായിരുന്ന ശെമ്മാശ്ശൻ മുഖേന ഒരു എഴുത്തുകൊടുത്തുവിട്ടു. അത്യാവശ്യമായും 200 രൂപ കൊടുത്തയക്കണം എന്നതായിരുന്നു കത്തിലെ ഉള്ളടക്കം. ഞാൻ രൂപ നൽകുകയും ചെയ്തു. കേരളത്തിനു വെളിയിൽ പഠിച്ചുകൊണ്ടിരുന്ന നിർധനയായ ഒരു വിദ്യാർഥിയുടെ ചികിത്സയ്ക്ക് വേണ്ടിയായിരുന്നു പണം ആവശ്യപ്പെട്ടതെന്ന് ഞാൻ മനസ്സിലാക്കിയത് വർഷങ്ങൾ കഴിഞ്ഞാണ്.

1985-ൽ ബാവാ എന്റെ വീട്ടിൽവന്നു ആ പണം തിരികെ ഏല്പിച്ചിട്ട് പറഞ്ഞു. "വഴക്കുണ്ടാക്കാതെ അവറാച്ചൻ ഈ പണം വാങ്ങണം." ഞാൻ മനഃപ്രയാസത്തോടെ ആ പണം വാങ്ങി. ഈ സംഭവത്തിന് വിസ്മയകരമായ ഒരു അവസാനഭാഗംകൂടിയുണ്ട്. ബാവാ കാറിൽക്കയറി വടക്കോട്ട് (മുവാറ്റുപുഴക്ക്) പോകുന്ന സമയത്ത് എന്നെ കാണാൻ കാത്തുനിന്ന കാൻസർരോഗിയായ ഒരു വയോധികൻ എന്റെ അടുക്കൽവന്ന് എന്നെ ഒന്നു സഹായിക്കണം എന്നാവശ്യപ്പെട്ടു. തുടർന്ന് തിരുവനന്തപുരം കാൻസർ ആശുപത്രിയിലേക്കു പോയി ചികിത്സിക്കുന്നതിനുവേണ്ടിയുള്ള എഴുത്തുകാണിച്ചു. ബാവാ തിരുമേനി തന്ന 200 രൂപയും ഞാൻ അയാൾക്കു നൽകി. ഹൈന്ദവനായിരുന്ന ആ വൃദ്ധൻ ബാവായുടെ കാറുപോകുന്ന വഴിക്ക് വിരൽചൂണ്ടിക്കൊണ്ടു പറഞ്ഞ വാചകം എന്നെ അത്ഭുതപ്പെടുത്തുന്നു. "എന്റെ ഗുരുവായൂരപ്പാ എന്റെ രോഗം (കാൻസർ) ഒരിക്കലും ആ സന്യാസിക്ക് വരുത്തരുതേ." വാർദ്ധക്യസഹജമായ അസുഖങ്ങളാൽ ആശുപത്രികളിൽ ചികിത്സയിലായിരുന്നപ്പോൾ ബാവാതിരുമേനിക്ക് കാൻസറാണെന്നുള്ള സംശയം ചില ഡോക്ടർമാർ സൂചിപ്പിച്ചിരുന്നു. എന്നാൽ ബാവാ സുഖംപ്രാപിച്ച് ഡോക്ടർമാരുടെ സംശയം ദൂരീകരിച്ച് വന്നപ്പോൾ എന്റെ വീട്ടിന്റെ മുറ്റത്തുനിന്ന് സാധുവായ ആ വൃദ്ധൻ നടത്തിയ പ്രാർഥന ഞാൻ ഓർത്തുപോകുന്നു." എന്റെ ഗുരുവായൂരപ്പാ എന്റെ രോഗം ഒരിക്കലും ആ സന്യാസിക്ക് വരുത്തരുതേ."

എ.ഡി. 37-ൽ സ്ഥാപിതമായ പരിശുദ്ധ അന്ത്യോഖ്യാ സിംഹാസനത്തിൽനിന്നാണ് ശ്രേഷ്ഠകാതോലിക്കാബാവാ തന്റെ എല്ലാ പട്ടവും സ്വീകരിച്ചിട്ടുള്ളത്. ശ്രേഷ്ഠകാതോലിക്കാബാവാ എല്ലാ അർഥത്തിലും കിഴക്കിന്റെ കാതോലിക്കയാണ്. അന്ത്യോഖ്യാ സിംഹാസനത്തോടൊത്ത് ആകമാനസുറിയാനി സഭയോടുള്ള ബന്ധമാണ് മലങ്കരസഭയുടെ കിരീടത്തിലെ കോഹിനൂർ രത്നമെന്ന് ഞാൻ വിശ്വസിക്കുന്നു. ശ്രേഷ്ഠകാതോലിക്കാ അബുൻ മാർ ബസേലിയോസ് പൗലോസ് രണ്ടാമനോടുള്ള കൃത്യാദരവുകൾ തലമുറതലമുറകളായി സംരക്ഷിക്കപ്പെടട്ടെ എന്ന് ആശംസിക്കുന്നു.

സുറിയാനി ഭാഷയെ സ്നേഹിച്ച ആചാര്യശ്രേഷ്ഠൻ



ഫാ. ബാബു പറേക്കുളത്ത്
തൃക്കോതമംഗലം
(വിശ്വാസ സംരക്ഷണസമിതി വൈസ്പ്രസിഡന്റ്)

ശ്രേഷ്ഠ ബാവായോടൊത്ത് വർഷങ്ങളോളം അടുത്തിടപെടാൻ സാധിച്ചിരുന്നു. ഇപ്പോഴത്തെ പരിശുദ്ധ പാത്രിയർക്കീസ് ഇഗ്നാത്തിയോസ് സാക്കാ പ്രഥമൻ ബാവായുടെ സ്ഥാനാരോഹണസമയത്ത് ദമാസ്കോസിലെ പാത്രിയർക്കാ അരമനയിൽവച്ചും അദ്ദേഹം ബഹറിനിൽ സന്ദർശനത്തിന് എത്തിയപ്പോഴും ശ്രേഷ്ഠ ബാവായോടൊത്ത് വളരെ സമയം ചെലവഴിച്ചിട്ടുണ്ട്. ഞാൻ സുറിയാനിപഠനം മുഴുമിപ്പിക്കാൻ പിറമാടം ഗത്സെമൻ ദയറായിൽ എത്തിയപ്പോഴാണ് ബാവായുടെ വ്യക്തിത്വത്തിന്റെ മഹത്വം ശരിക്കും മനസിലാക്കാൻ സാധിച്ചത്. നാൾക്കുനാൾ ബാവായുടെ വ്യക്തിത്വം എന്റെ മനസിൽ ഒരു ആരാധനയായി വളർന്നു പന്തലിച്ചു. ഒരു ഗുരുവെന്ന നിലയിലും ഒരു ശ്രേഷ്ഠ പ്രധാന ആചാര്യനെന്നനിലയിലും ഒരു ഭക്തനായ പിതാവെന്നനിലയിലും അദ്ദേഹത്തോടുള്ള മതിപ്പ് മരണപര്യന്തം എന്നിൽ നിലനില്ക്കും.

സുറിയാനിഭാഷ ദൈവീകഭാഷയാണ്. ദൈവം ആദാമിനോട് സംസാരിച്ച ഭാഷയാണ്. ബാവാ ആദ്യം പഠിപ്പിച്ചത് ഈ വചനങ്ങളാണ്. സുറിയാനിഭാഷയിലുള്ള ബാവായുടെ പാണ്ഡിത്യം അഗാധമാണ്. ബാവായുടെ പിതാവിൽനിന്നും ലഭിച്ച പ്രോദനമാണ് വൈദീകവിദ്യാഭ്യാസത്തിനിടയാക്കിയത്. അന്ത്യോഖ്യാസിംഹാസനത്തിന്റെ മലങ്കരയിലെ പ്രതിനിധിയായിരുന്ന ഏലിയാസ് മാർ യൂലിയോസ് ബാവായുടെ (മഞ്ഞനിക്കര) സെക്രട്ടറിയായും പ്രവർത്തിച്ച ബാവാ സുറിയാനിഭാഷയിലെ വിലപ്പെട്ട ഗ്രന്ഥങ്ങൾ പഠിക്കാൻകൂടി ഈ സന്ദർഭം വിനിയോഗിച്ചു. പരിശുദ്ധ അന്ത്യോഖ്യാസിംഹാസനത്തോടും സിംഹാസനപ്രതിനിധിയോടും അതിരറ്റ ആദരവും സ്നേഹവും വിധേയത്വവും പ്രകടിപ്പിച്ച ബാവാ പൗലോസ് മാർ പീലക്സീനോസ് എന്നപേരിൽ മലങ്കരയിലേക്കു വന്നപ്പോൾ യൂലിയോസ് ബാവാ അദ്ദേഹത്തിന് അന്ത്യോഖ്യാ സിംഹാസനസ്വത്തുക്കളെന്ന നിലയിൽ മഞ്ഞിനിക്കര, പിറമാടം, മലേക്കുരിശ് എന്നീ ദയറാകളുടെ താക്കോലുകൾ നല്കുകയുണ്ടായി. ഇഷ്ടമുള്ള സ്ഥലത്ത് താമസിക്കാൻ അനുവാദം നല്കുകയുംചെയ്തു. ബാവായുടെ പഠിപ്പിക്കൽരീതി പ്രത്യേകം ശ്രദ്ധേയമാണ്. കൃഷിയിടത്തിൽകൂടി നടക്കുമ്പോഴും കാറിൽ യാത്രചെയ്യുന്ന സമയത്തുമൊക്കെ ചുറ്റുപാടുകളെ ബന്ധപ്പെടുത്തി സുറിയാനിയിൽ പറയുമായിരുന്നു. കേൾവിക്കാരായ ശിഷ്യർ സുറിയാനിയിൽ തർജമചെയ്തു പറയണം. അർഥം അറിയുന്നില്ലെങ്കിൽ വ്യാഖ്യാനിച്ച് വിശദാംശങ്ങൾ നല്കാനും ബാവാ തയാറായിരുന്നു. സുറിയാനിയിലെ ഞങ്ങളുടെ ഉച്ചാരണപിശകുംമറ്റും അദ്ദേഹം ശരിയായി പറഞ്ഞുതരുമായിരുന്നു.

ബാവായ്ക്കുണ്ടായിരുന്ന മറ്റൊരു പ്രത്യേകത അദ്ദേഹത്തിന്റെ പ്രാർഥനാജീവിതമാണ്. ഉച്ചനമസ്കാരത്തിന് ചാപ്പലിൽ പോകുമ്പോൾ ചുവന്ന കുപ്പായം ധരിക്കുമായിരുന്നു. ധൂപക്കുറ്റി നിർബന്ധമായും കത്തിച്ചിരിക്കണം. ധൂപം കൂടാതെ പ്രാർഥന അവസാനിപ്പിക്കാറില്ലായിരുന്നു. 82-ാം വയസിലും ആ പുണ്യപുരുഷൻ കുമ്പിടുമായിരുന്നു. പിറമാടം പള്ളിയുടെ സെമിത്തേരിയുടെ വാതിൽക്കൽനിന്ന് മരിച്ചുപോയ വിശ്വാസികൾക്കും വൈദീകർക്കുംവേണ്ടി അദ്ദേഹം എന്നും പ്രാർഥിക്കുമായിരുന്നു. മറ്റുള്ളവർക്കുവേണ്ടി പ്രാർഥിക്കുന്ന ബാവ ദൈവനിയോഗം നിറവേറ്റിയ ശ്രേഷ്ഠാചാര്യനാണ്. ബാവായുടെ വാക്കുകൾ ക്രീസ്തീയസഭ ഒന്നടങ്കം ശിരസാവഹിച്ചിരുന്നു. മലങ്കര സഭാന്തരീക്ഷം കാർമേഘാവൃതമാക്കാനുള്ള ചില ഛിദ്രശക്തികളുടെ ശ്രമത്തെ ബാവാ ധൈര്യപൂർവം ചെറുത്ത് പരാജയപ്പെടുത്തിയിരുന്നു. ബാവായുടെ നേതൃത്വം സഭയ്ക്ക് അഭിമാനമായിരുന്നു. വരിക്കോലി മാനേജിംഗ് കമ്മിറ്റിയിൽവച്ച് ബാവാ നടത്തിയ "പോകേണ്ടവർക്ക് പോകാമെന്നുള്ള" ചരിത്രപ്രസിദ്ധമായ പ്രസംഗം മലങ്കരസഭയിൽ ആകമാനം മുഴങ്ങുന്ന സന്ദർഭമാണിത്.

അന്ത്യോഖ്യാ സിംഹാസനത്തോടൊത്ത് പ്രവർത്തിക്കാനുള്ള ബാവായുടെ ആഹ്വാനം സഭയുടെ മുദ്രാവാക്യമായിമാറട്ടെ എന്ന് പ്രാർഥിക്കുന്നു. ○

കാലംചെയ്ത ശ്രേഷ്ഠ കാതോലിക്കാബാവ മാർ ബസേലിയോസ് പൗലോസ് ദ്വിതീയന് ആദരാഞ്ജലികൾ

Blossom Pharmaceuticals
&
Blossom Garments Industries
Muvattupuzha, Pin-686 661
Phone: 235333, 207565, Fax: 0485-235636



ദരിദ്രർക്കു ശമ്പളം വിഭജിച്ചു നല്കിയ മനുഷ്യസ്നേഹി

ഫാ. സഖറിയാ ഇച്ചിക്കോട്ടിൽ
(തിരുവാങ്കുളം)
കോലഞ്ചേരി വലിയപള്ളി വികാരി

ഭാഗ്യസ്മരണാർഹമായ ബാവായെ 1953 മുതൽ 1996 വരെ ശുശ്രൂഷിക്കാൻ ശെമ്മാശനായിരുന്നപ്പോൾ പൂർണമായും വൈദികനായശേഷം ഭാഗികമായും അവസരങ്ങൾ കിട്ടിയതിൽ ദൈവത്തെ മഹത്വപ്പെടുത്തുന്നു.

ആരാണ് ദൈവക്കേൻ. യാക്കോബ് ശ്ലീഹാ-1-27 ൽ എഴുതപ്പെട്ടിരിക്കുന്നതു പോലെ "മനുഷ്യരെ സ്നേഹിക്കുക, ദൈവത്തെ സ്നേഹിക്കുക" ഇവ രണ്ടും ഒത്തുചേർന്നുപോയ ഒരു പരമഭക്തൻ, ഇതാണ് ബാവാ. വൈദികനായിരുന്നപ്പോൾ തന്റെ ശമ്പളം മാസാമാസങ്ങളിൽ ആ ഇടവകയിലെ ദരിദ്രർക്ക് വീതിച്ചുകൊടുത്തിരുന്ന മനുഷ്യസ്നേഹി തന്റെ പ്രാർത്ഥനയിൽ മരണാസന്നനായി കിടന്നിരുന്ന ഒരാൾക്ക് ജീവൻ തിരിച്ചു വാങ്ങിക്കൊടുത്ത "ഏലീശാ"യെന്ന് ആ ഇടവകക്കാർ പേർ കൊടുത്ത് വിളിച്ചിരുന്ന സിമൻ. സ്നേഹം, എളിമ, ശുശ്രൂഷ എന്നീ ഗുണങ്ങൾ മുറുകെ പിടിച്ചുകൊണ്ട് ശത്രുക്കളെപ്പോലും തന്റെ പക്ഷത്താക്കി ഇടവകയെ ഭരിച്ച കർമധീരനാണ് അദ്ദേഹം.

1957-ൽ Pestula Operation-നു വേണ്ടി എറണാകുളം മഹമ്മദിന്റെ ആശുപത്രിയിൽ അദ്ദേഹത്തെ ശുശ്രൂഷിക്കാൻ എനിക്കു ഭാഗ്യമുണ്ടായി. പാതിരാത്രിക്ക് വേദനപ്പെട്ട് ഞരങ്ങുമ്പോൾ ചാടിയെഴുന്നേറ്റ് ശുശ്രൂഷിക്കുവാൻ തയാറായ എന്നോട് "മോൻ ഒരു മാലാഖയെപ്പോലെ എന്നെ ശുശ്രൂഷിക്കുന്നു. ഞാൻ എങ്ങനെയാണ് അത് തിരിച്ചുതരിക" എന്നു ചോദിച്ചത് ഓർത്തുപോകുന്നു. ആശുപത്രിയിൽ കഴിച്ചുകൂട്ടിയ 15 ദിവസങ്ങൾ. ഓരോ പള്ളിയിൽനിന്നും തിരുമേനിക്ക് കൈമുത്തുകൾ പള്ളിക്കാർ നല്കുമായിരുന്നു. സങ്കടപ്പെടുന്നവരുടെ സഹായം ആവശ്യപ്പെട്ടുകൊണ്ടുള്ള എഴുത്തുകൾ നിരവധിയുണ്ടായിരുന്നു. 500, 200, 100 എന്നീ ക്രമത്തിൽ അർഹരായവർക്ക് രൂപ അയയ്ക്കുവാൻ പിതാവ് നിർദേശിക്കുമായിരുന്നു. കിട്ടുന്ന പണം അന്നന്നു തന്നെ വിഷമിക്കുന്നവർക്കു നല്കുന്ന പുണ്യപിതാവായിരുന്നു ശ്രേഷ്ഠബാവാ. അവസാനം ഒരു വെള്ളിരൂപാ മാത്രം പെട്ടിയിൽ ഉണ്ടായിരുന്നു. ആശുപത്രിക്കാർ ഒരു പൈസപോലും വാങ്ങിയില്ല. അദ്ദേഹത്തോട് വലിയ ആദരവായിരുന്നു. മക്കളില്ലാത്ത ദമ്പതികൾക്ക് ബാവായുടെ പ്രാർത്ഥനയാൽ സന്താനഭാഗ്യം ഉണ്ടായി. പലർക്കും രോഗശാന്തി ലഭിച്ചിരുന്നതും എനിക്ക് നേരിട്ടറിയാം. കാലംചെയ്യുന്നതിന് മൂന്നുദിവസം മുമ്പ് ഞാൻ ബാവായെ കാണുന്നതിന് ചിന്മാടത്തു പോയി. "മോനെ എന്നെ കാനോനിക കാതോലിക്കയായിട്ടാണോ സ്വീകരിക്കുക- അങ്ങനെയെങ്കിൽ കാനോനിക കാതോലിക്കാക്കാണ് അധികാരം എന്നും സഭാതലവനായ പരിശുദ്ധ പാത്രിയർക്കീസിന്റെ അംഗീകാരമുള്ള കാതോലിക്കയായതിനാൽ വിശ്വാസസത്യങ്ങൾ സംരക്ഷിക്കപ്പെടുവാൻ ക്ലേശങ്ങൾ അനുഭവിക്കണ"മെന്നും അരുളിച്ചെയ്തു. അവിടുന്ന് കാലംചെയ്യുന്നതുവരെ അധികാരത്തിൽ തന്നെയായിരിക്കും എന്നുള്ളതായിരുന്നു എന്റെ മറുപടി. അതുകഴിഞ്ഞ് മൂന്നു ദിവസംകൂടിയേ ബാവാ ജീവിച്ചിരുന്നുള്ളൂ. എന്റെ വാക്ക് അരംപറ്റിയതുപോലെയായി. ബാവാതന്നെ കോലഞ്ചേരിയിൽ വച്ച് കുദാശചെയ്ത രോഗികൾക്കുള്ള വിശുദ്ധതൈലം അദ്ദേഹത്തെ അവസാനമായി പുശുന്നതിനും എനിക്കു ഭാഗ്യം ലഭിച്ചു.

ബാവായുടെ സഹോദരീപുത്രനായ ഡോ. ബിനോയി എന്നോടു പറഞ്ഞു പൾസ് കുറഞ്ഞുകൊണ്ടിരിക്കുന്നു. അച്ചൻ പ്രാർത്ഥിച്ചുകൊള്ളുക. മുഴുവൻ പ്രാർത്ഥനയും നടത്തി തൈലം പൂശി. കാലുകളിൽ മുഴുവൻ തിരുമ്മിക്കൊണ്ട് എന്റെ കണ്ണുനീരും തൈലവും ഒരുപോലെ കലർത്തപ്പെട്ട് പൂശി. വിശ്വാസപ്രമാണവും ചൊല്ലി. അതോടെ ആ പുണ്യവാൻ ഇഹലോകവാസം വെടിഞ്ഞു. കണ്ണുകൾ ആരും പൂട്ടിയില്ല. താനെ അടഞ്ഞു. വായും അപ്രകാരംതന്നെ പുഞ്ചിരി തൂകിക്കൊണ്ട് എന്നന്നേക്കുമായി അടയ്ക്കപ്പെട്ടു. ഭാഗ്യമരണം പ്രാപിച്ച പരിശുദ്ധ പിതാവേ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ.



വ്യക്തിബന്ധങ്ങൾക്കു പ്രാധാന്യം നല്കിയ വ്യക്തിത്വമുള്ള ബാവാ

ആദായി ജയിംസ്
(യാക്കോബായ സഭാ പബ്ലിസിറ്റി കൺവീനർ)

അന്ധകാരത്തിൽനിന്നു തന്റെ അത്ഭുതപ്രകാശത്തിലേക്കു നിങ്ങളെ വിളിച്ചവന്റെ സൽഗുണങ്ങളെ ഘോഷിപ്പാൻതക്കവണ്ണം തെരഞ്ഞെടുക്കപ്പെട്ട ഒരു ജാതിയും രാജകീയ പുരോഹിതവർഗവും വിശുദ്ധവംശവും സ്വന്തജനവും ആകുന്നുയെന്ന് പത്രോസ് അപ്പോസ്തലൻ പറഞ്ഞ വചനം തന്റെ ജീവിതത്തിൽ യാഥാർത്ഥ്യമാക്കി സഭയ്ക്കും ലോകത്തിനും രാജകീയ പുരോഹിതന്റെ ചുമതല നിർവ്വഹിച്ച ശ്രേഷ്ഠ കാതോലിക്ക ബസേലിയോസ് പൗലോസ് ദ്വിതീയൻ ബാവാ തിരുമേനി ദൈവസന്നിധിയിലേക്കു മടങ്ങിപ്പോയിരിക്കുന്നു. മാലാഖമാരോടൊപ്പം സൂര്യനെപ്പോലെ തിങ്ങിവിളങ്ങിക്കൊണ്ടു കർത്താവായ യേശുക്രിസ്തുവിനോടൊപ്പം നിത്യജീവൻ പ്രാപിച്ച് എന്നുമെന്നേക്കും കണ്ടുകൊണ്ടിരിക്കുകയും തന്നാൽ കാണപ്പെട്ടുകൊണ്ടിരിക്കുകയും ചെയ്തുകൊണ്ട്, തന്നിൽനിന്നുള്ള സകലവിധ അനുഗ്രഹങ്ങളും പ്രാപിച്ചാസ്വദിച്ചുകൊണ്ട് പരിശുദ്ധ പിതാവ് നമുക്കുവേണ്ടി അഭയയാചന നടത്തിക്കൊണ്ടിരിക്കുന്നു.

ക്രിസ്തീയ ജീവിതത്തിന്റെ മഹത്വവും മൈൻമല്യവും എടുത്തുകാട്ടിക്കൊണ്ട് അവർ വിലയേറിയ വാഗ്ദാനത്തിന് അർഹരാകുമെന്നു സ്വജീവിതത്തിലൂടെ കാണിച്ചുതന്നു. വിശ്വാസത്തോടു വീര്യവും പരിജ്ഞാനവും ഇന്ദ്രിയജയവും സ്ഥിരതയും ഭക്തിയും സ്നേഹവും ചേർത്തുകൊണ്ട് അഭിവൃദ്ധിയുള്ള ക്രിസ്തീയ ജീവിതം നയിക്കണമെന്ന ഉപദേശം അദ്ദേഹം നമുക്കു തന്നു. ക്രിസ്ത്യാനികൾ എന്ന നിലയിൽ കഷ്ടതയനുഭവിക്കേണ്ടിവന്നാൽ ലജ്ജിക്കരുത് എന്ന ദൃഢ അനുശാസനയായി നമുക്കു നൽകുകയുമുണ്ടായി.

വ്യക്തിപരമായി വളരെ അടുത്തബന്ധമാണ് എനിക്ക് അദ്ദേഹത്തോടുള്ളത്. പരേതനായ എന്റെ പിതാവ് തോലാനിക്കുന്നേൽ ആദായി കത്തനാരും പരേതനായ എന്റെ സഹോദരൻ സൈമൺ ആദായി അച്ചനും പരേതനായ എന്റെ ഭാര്യാപിതാവ് മാങ്ങാട്ടുപിള്ളിൽ അലക്സാണ്ടർ കോർഎപ്പിസ്കോപ്പയുമായി ഉറ്റബന്ധം പുലർത്തിയിരുന്നു. ശ്രേഷ്ഠ ബാവ പവിത്രനും, നിർദ്ദോഷനും, നിർമ്മലനും, പാപികളോടു അനുകമ്പയുള്ളവനുമായിരുന്നു എന്നെ ആകർഷിച്ച ഘടകവും ഇതുതന്നെയായിരുന്നു. കക്ഷിവ്യത്യാസം കൂടാതെ അൽമായരുമായും വൈദികരുമായും അദ്ദേഹം അടുത്തബന്ധം പുലർത്തിയിരുന്നു.


സത്യത്തിലും സ്നേഹത്തിലും ഇതിൽത്തന്നേ ഇരുന്നുകൊൾക. നിന്നെത്തന്നെയും ഉപദേശത്തെയും സൂക്ഷിച്ചുകൊൾക. ഇതിൽ ഉറച്ചുനിൽക്കുക. അങ്ങനെ ചെയ്താൽ നീ നിന്നെയും നിന്റെ പ്രസംഗം കേൾക്കുന്നവരെയും രക്ഷിക്കും. പരിശുദ്ധ അന്ത്യോഖ്യാ സിംഹാസനത്തോടും പരിശുദ്ധ സഭയുടെ പാരമ്പര്യത്തോടും അങ്ങേയറ്റം സൂക്ഷതമായി തന്റെ തേർതെളിച്ചു സഭാംഗങ്ങളെ വിശ്വാസത്തിൽ നിലനിർത്തി. സുറിയാനിയിലും വേദശാസ്ത്രത്തിലും ജ്ഞാനിയായിരുന്ന അദ്ദേഹത്തിന്റെ വേർപാട് സഭയ്ക്കു വലിയ നഷ്ടമാണ്. ബാവ കാട്ടിത്തന്ന പാതയിലൂടെ നടക്കുവാൻ ദൈവം നമുക്കു കഴിവ് നൽകട്ടെ.

ശ്രേഷ്ഠ ബാവയുടെ കബറടക്ക ശുശ്രൂഷയിൽ നാം വായിച്ചുകേട്ട ഏവ ഗ്യോലിയോൻ താലന്തുകളുടെ ഉപമയായിരുന്നു. അഞ്ചുതാലന്തു ലഭിച്ചവൻ വേറെ അഞ്ചു താലന്തുകൂടി സമ്പാദിച്ചു. അതിനു യജമാനൻ 'നന്നു. നല്ലവനും വിശ്വസ്തനുമായ ദാസനേ, നീ അല്പത്തിൽ വിശ്വസ്തനായിരുന്നു. ഞാൻനിന്നെ അധികത്തിനും വിചാരകനാക്കും. നിന്റെ യജമാനന്റെ സന്തോഷത്തിലേക്കു പ്രവേശിക്ക' തന്റെ സഭയെ നേർവഴിക്കു നയിക്കുകയും അനേകരെ സഭയിലേക്കു ചേർക്കുകയുംചെയ്തത് തന്റെ ശുശ്രൂഷ നിവർത്തിച്ചു. തന്നെ ഏല്പിച്ച ചുമതല ദൈവ ഇഷ്ടപ്രകാരം ചെയ്ത് ദൈവവചനത്തിന് അനുസൃതമായി നല്ല താലന്തുകൾ നേടി ദൈവരാജ്യത്തിന് അവകാശിയായിത്തീർന്നിരിക്കുന്നു.

ശ്രേഷ്ഠ ബാവ കാലം ചെയ്തിട്ട് 30 ദിവസം തികയുന്ന ഈ ദിവസത്തിൽ ഹൃദയ കാനോനിൽ പറഞ്ഞിരിക്കുന്ന പ്രകാരം ജനം മോശയ്ക്കുവേണ്ടി മുപ്പതുദിവസം വിലാപം നടത്തിയപോലെ നാം വിലാപം നടത്തേണ്ടതാണ്. വിശുദ്ധ കുർബ്ബാനയിലും മറ്റു ശുശ്രൂഷകളിലും മരിച്ചുപോയവരെക്കുറിച്ച് ഓർക്കുകയും അവർക്കു വേണ്ടി പ്രാർത്ഥിക്കുകയും ചെയ്യുന്നത് എത്രയും പ്രധാനപ്പെട്ട നടപടിയാണെന്ന് പതിനൊന്നാം ഖണ്ഡത്തിൽ വിവരിക്കുന്നുണ്ട്. ഇന്നേദിവസം നാം പരിശുദ്ധ പിതാവിനുവേണ്ടി പ്രാർത്ഥിക്കുവാൻ ബാധ്യസ്ഥരാണ്. ●



യാക്കോബായ സഭാ സെക്രട്ടറി ഷെവലിയാർ ടി. യു. കുരുവിള.



ശ്രേഷ്ഠ ബാവാ മലങ്കരയുടെ പ്രകാശം

എം.സി.വർക്കി
(സെക്രട്ടറി മലങ്കര ജേക്കബൈറ്റ് സിറിയൻ സൺഡേസ്കൂൾ അസോസിയേഷൻ)

ഏതൊരു വ്യക്തിയും തന്റെ ജ്ഞാനം ദൈവവിജ്ഞാനത്തിലേക്കും ആരാധന ആശ്വാസജീവിതത്തിലേക്കും പ്രവർത്തനം ആത്മീയ അനുഭൂതിയിലേക്കും തിരിച്ചുവിടുമ്പോഴാണല്ലോ ഈശ്വരസാക്ഷാത്കാരം നേടുന്നത്. ഇങ്ങനെയുള്ളവരാണ് ഇഹത്തിലും പരത്തിലും ശ്രേഷ്ഠന്മാർ.

മലങ്കരയുടെയും കിഴക്കൊക്കെയുടെയുംകാതോലിക്കശ്രേഷ്ഠ പൗലോസ് ദ്വിതീയൻ തന്റേതായ പ്രവർത്തനശൈലിയിലൂടെ ലോകരക്ഷിതാവായ ക്രിസ്തുദേവനെ ലോകത്തിന് വെളിപ്പെടുത്തിക്കൊടുക്കുകയായിരുന്നു. "അവങ്കലേക്ക് നോക്കിയവർ പ്രകാശിതരായി" എന്ന ദൈവവചനം ദൈവത്തിന്റെ പ്രതിപുരുഷനായ തന്നിൽ നോക്കുന്നവർക്ക് ലഭിച്ചാൽ മാത്രമേ അനർഥമാക്കാൻ സാധിക്കൂവെന്ന് ബാവ ഉറച്ചുവിശ്വസിച്ചിരുന്നു.

'ദൈവം സ്നേഹമാകുന്നു' എന്ന സർവദേശീയ ആധ്യാത്മികത 'പ്രവൃത്തിയാകുന്നു സ്നേഹം' ആ പ്രവൃത്തി സത്യമാണ് സത്യമാണ് ധർമ്മം എന്ന പൗരസ്ത്യ ആധ്യാത്മികതയോട് സമന്വയിപ്പിച്ച് മനുഷ്യഹൃദയങ്ങളിൽ ഒരു പൂമ്പിരിയുടെ രൂപത്തിൽ ബാവ എത്തിച്ചു.

ലാളിത്യവും വശ്യതയും ആ വ്യക്തിത്വത്തിന്റെ അനിതരസാധാരണമായ മുതൽക്കൂട്ടായിരുന്നു. ദേഷിക്കുന്നവരെ സ്നേഹിക്കുമ്പോൾ അനുഭവേദ്യമാകുന്ന ജീവിതസുഖമെന്താണെന്ന് അദ്ദേഹം കാണിച്ചുതന്നു. ആടുകൾക്കുവേണ്ടി തന്റെ ജീവനെ കൊടുക്കുന്ന നല്ല ഇടയനായ ക്രിസ്തുവിന്റെ പാത ശരിയായി പിന്തുടരുന്നവർക്കേ ഇത് സാധ്യമാകൂ.

സഭയിലേയും സമൂഹത്തിലേയും നിന്ദിതരും മർദിതരും പാവങ്ങളുമായിരുന്നു ബാവയുടെ കൂട്ടുകാർ. വഴിയും വിശ്വാസവും ലക്ഷ്യവും മറന്ന് ദന്തഗോപുരങ്ങളിലിരുന്ന് കിരിടംമുടയുന്നവരുടെ നേരെ ബാവ അപാരമായ വേദജ്ഞാനം കൊണ്ടുണ്ടാക്കിയ ചാട്ടവാർ ഒരു പബ്ലിക് പ്രോസിക്യൂട്ടറുടെ വീറോടെ ആഞ്ഞു വിശുകയായിരുന്നു. പലതും മോഹിച്ച് കൂടെനിന്ന് പൊരുതാനിറങ്ങിയ ചിലർ പട്ടുമെത്തകണ്ട് തിരിയാൻ ശ്രമിച്ചപ്പോൾ ബാവ ശക്തമായി പ്രതികരിച്ചു. "വേണമെങ്കിൽ നിങ്ങൾക്ക് പോകാം. അങ്ങനെ പോകുന്നവർക്കിതാ സലാം."

"നിൻദാഹം തീർത്തിട്ടും നിരോടു കൊണ്ടേലേ
നിന്ദാഹമാണി ഇടിമുഴക്കം"

ഇടയ്ക്കിടെ ആ ചുണ്ടുകളിൽ എത്താറുള്ള ചില കവിവാക്യത്തിൽ ഒന്നുമാത്രമാണിത്.

സുറിയാനിഭാഷ തർജ്ജമ ചെയ്യാനും ഇംഗ്ലീഷ് സംസാരിക്കാനും മലയാളസാഹിത്യത്തെ സംബന്ധിച്ച് ആധികാരികമായി പ്രസംഗിക്കാനും കഴിവുണ്ടായിരുന്ന ബാവക്ക് ഗ്രീക്കും ലാറ്റിനും ജർമനും സിംഹളഭാഷയുമെല്ലാം വശമായിരുന്നു. പരിശുദ്ധസഭയിൽ ഏഴു മെത്രാപ്പോലീത്തമാരെ വാഴിക്കുവാനും ബാവയ്ക്ക് ഭാഗ്യം ലഭിച്ചു.

ശ്രേഷ്ഠ ബാവയുടെ സഹപാഠിയും കേരള സാംസ്കാരിക നമോമൺഡലത്തിൽ പ്രഭവിതരിയ വ്യക്തിയുമായ പ്രഫ. എം.പി. മന്മഥൻ ഒരിക്കൽ പ്രസ്താവിക്കുകയുണ്ടായി. "അദ്ദേഹത്തിന്റെ ജീവിതത്തിൽ അവാച്യവും വശ്യവുമായ ഒരു മനോഹാരിത കളിയാടുന്നുണ്ട്. അത് എതിരാളികളെയെല്ലാം നിഷ്പ്രഭരാക്കുന്നു." മതസൗഹാർദത്തിന്റെ ഉന്നത വക്താവായിരുന്നു ശ്രേഷ്ഠബാവ. നിലയ്ക്കലും, ടി.വി. പുരത്തും പ്രശ്നമുണ്ടായപ്പോൾ ബാവ എടുത്ത നിലപാട് ഏറെ പ്രശംസകൾ പിടിച്ചുപറ്റുകയുണ്ടായി. "മക്കളേ നാം സഹോദരങ്ങളാണ്. ആരുടെയും വികാരം വ്രണപ്പെടുത്തരുത്. മഹാരാഷ്ട്രയിൽ മഹാദുരിതമുണ്ടായപ്പോൾ അവയ്ക്ക് കൈത്താങ്ങൽ കൊടുക്കാൻ ബാവ മുൻകൈയെടുക്കുകയുണ്ടായി.

സഭാവിശ്വാസികളോട് 'ബാവയ്ക്കുള്ള കല്പന ഒന്നു മാത്രമായിരുന്നു. ' മക്കളെ തലമറന്ന് എണ്ണ തേക്കരുത്. ആകമാന സുറിയാനി സഭയുടെ തലവൻ പരിശുദ്ധ അന്ത്യോഖ്യാ പാത്രിയർക്കീസാണ്. ബഹുമാനപ്പെട്ട സുപ്രീംകോടതിയും അത് അസന്നിഗ്ധമായി പ്രഖ്യാപിച്ചിട്ടുണ്ട്. ആ അന്ത്യോഖ്യായെ മറക്കരുത്. ഉറവയടച്ചാൽ പിന്നെ അരുവിയുണ്ടോ?"

പരിശുദ്ധ സഭയുടെ സെമിനാരിയും സൺഡേസ്കൂൾ പ്രസ്ഥാനവും ശ്രേഷ്ഠ ബാവയുടെ തൃക്കരങ്ങളിൽ ഇരുന്ന് ലാളനമനുഭവിച്ചവയാണ്. ഇനിയും മൈലുകൾ പോകുവാനുണ്ട്. പാത ദുഷ്കരവും ദുർദമവും ദുർഗ്ഗമവുമാണ്. ജാഗ്രത പുലർത്തിയേ പറ്റൂ. ആ പാവനസ്മരണയ്ക്ക് മുമ്പിൽ ഇതാ ശിരസ് നമിക്കുന്നു.

ശ്രേഷ്ഠ കാതോലിക്കാബാവായുടെ ജനനവും വിദ്യാഭ്യാസവും

ഷാജൻ മാണി

കൊച്ചി ഭദ്രാസനത്തിലെ ചെറായി വിശുദ്ധ മാർത്തമറിയം യാക്കോബായ സുറിയാനി പള്ളി ഇടവകയിൽ പുതുശ്ശേരിൽ വർദ്ധ ജോസഫ് കശീശായുടെ തൃതീയപുത്രനായി 1914 ജൂൺ 12-ന് ജനിച്ചു. വടക്കൻ പറവൂർ ഈരാളി കുടുംബത്തിലെ എലിസബേത്ത് തോമസായിരുന്നു മാതാവ്. മലങ്കരസഭയിലെ പ്രശസ്തനായിരുന്ന ജോസഫ് കശീശായുടെ പ്രേരണ ബാല്യകാലം മുതൽ ദൈവവിശ്വാസമുള്ളവനായി വളരാൻ പൗലോസിനെ സഹായിച്ചു. ബാല്യം മുതൽ പൗലോസ് വിശുദ്ധ കുർബാനയിൽ സംബന്ധിക്കുന്നതിലും സഭാകാര്യങ്ങളിലും വേദപുസ്തക പാരായണത്തിലും താത്പര്യമുള്ളവനായിരുന്നു. ചെറായി രാമവർമ്മ യൂണിയൻ ഹൈസ്കൂളിൽനിന്നും സെക്കൻഡറി വിദ്യാഭ്യാസം പൂർത്തിയാക്കി.

ഇതേ അവസരത്തിൽത്തന്നെ സുറിയാനിഭാഷാപഠനം ആരംഭിച്ചു. പരിശുദ്ധ അന്ത്യോഖ്യാസിംഹാസനത്തിന്റെ പ്രതിനിധിയായിരുന്ന മഞ്ഞിനിക്കരയിൽ കബറടങ്ങിയ ഏലിയാസ് മാർ യൂലിയോസ് ബാവായിൽനിന്നും 1933-ൽ കോട്ടയം പട്ടണത്തിലെ പ്രഥമ ക്രൈസ്തവ ദേവാലയമായ കോട്ടയം വലിയപള്ളിയിൽവച്ച് (കോട്ടയം സെന്റ് മേരീസ് കിനാനായ വലിയപള്ളി) ശെമ്മാശുപട്ടം സ്വീകരിച്ചു. കോട്ടയം സി.എം.എസ്. കോളജിൽനിന്ന് ഇന്റർമീഡിയറ്റും ആലുവ യു.സി. കോളജിൽനിന്ന് ഡിഗ്രിയും കരസ്ഥമാക്കി. കോളജ് വിദ്യാഭ്യാസത്തിനുശേഷം മഞ്ഞിനിക്കര മാർ ഇഗ്നാത്തിയോസ് ദയറായിൽ പഠനം.

1964-ൽ മലങ്കര സന്ദർശിച്ച പരിശുദ്ധ യാക്കോബ് തൃതീയൻ പാത്രിയാർക്കീസ് ബാവായായിരുന്നു ഇദ്ദേഹത്തിന്റെ ഗുരു.

1938-ൽ യൂലിയോസ് ബാവാ കശീശാപട്ടം നൽകി. തുടർന്ന് ശ്രീലങ്ക, മദ്രാസ്, ബ്രഹ്മവാർ, തിരുവനന്തപുരം, പാറത്തോട്, പൊൻകുന്നം എന്നീ ഇടവകകളിൽ വൈദികനായി സേവനം അനുഷ്ഠിച്ചു. പാറത്തോട് സെന്റ് ജോർജ് പള്ളിവികാരിയായിരുന്ന അവസരത്തിൽ ബഹുമാനപ്പെട്ട പി.ജെ. പൗലോസ് അച്ചനെ യൂലിയോസ് ബാവാ തന്റെ സെക്രട്ടറിയും മഞ്ഞിനിക്കര ദയറായിലെ മല്പാനുമായി നിയമിച്ചു. ഈ സന്ദർഭത്തിൽ വൈദികവിദ്യാർഥികളെ പഠിപ്പിക്കുന്ന കർത്തനായ ഗുരുവായിരുന്നു. പൗലോസ് കശീശ. ഈയവസരത്തിൽ കണ്ടനാട് ഭദ്രാസനത്തിന്റെ ഭരണം നിർവഹിച്ചിരുന്നത് പുണ്യശ്ലോകനായ ആലുവയിലെ വലിയ തിരുമേനി പൗലോസ് മാർ അത്തനാസ്യോസ് മെത്രാപ്പോലീത്തയായിരുന്നു. പ്രായാധിക്യത്താൽ വലിയ തിരുമേനിക്ക് കണ്ടനാട് ഭദ്രാസനത്തിന്റെ ചുമതലകൂടി വഹിക്കുന്നത് ക്ലേശകരമായിത്തീർന്നു.

1952 ഏപ്രിൽ 25-ാം തീയതി ആലുവ തൃക്കുന്നത്ത് സെമിനാരി പള്ളിയിൽ കണ്ടനാട് ഭദ്രാസന പള്ളി പ്രതിപുരുഷയോഗം ചേർന്ന് പൗലോസ് കശീശയെ മെത്രാൻ സ്ഥാനത്തേക്കു തെരഞ്ഞെടുത്തു. ഈ വിവരം അറിഞ്ഞ് അന്ത്യോഖ്യാ പാത്രിയാർക്കീസ് അപ്രേം പ്രഥമൻ ബാവാ അംഗീകാര കല്പന മലങ്കരയിലേക്ക് അയക്കുകയുണ്ടായി. 1952 സെപ്റ്റംബർ 11-ന് സിംഹാസന പ്രതിനിധി മാർ യൂലിയോസ് ബാവായോടൊന്നിച്ച് നിയുക്തമെത്രാൻ ഹോംസിലേക്ക് യാത്രതിരിച്ചു.

ആകമാനസുറിയാനിസഭയുടെ പ്രധാന മേലധ്യക്ഷനായ പരിശുദ്ധ ഇഗ്നാത്തിയോസ് അപ്രേം പ്രഥമൻ ബാവ, ആലപ്പോയിലെ മാർ ദിവന്നാസ്യോസ് ബേറൂട്ടിലെ മാർ സേവേറിയോസ്, മാർ യൂലിയോസ് തുടങ്ങിയ മെത്രാപ്പോലീത്തമാരുടെ സഹകരണത്തോടെ 1952 ഒക്ടോബർ 19-ന് പൗലോസ് മാർ പീലക്സിനോസ് എന്ന നാമത്തിൽ മലങ്കരയിലെ കണ്ടനാട് ഭദ്രാസനത്തിനുവേണ്ടി വാഴിച്ചു. അധികാരപത്രം നല്കി. വിശുദ്ധ നാട്ടിലെ പുണ്യസ്ഥലങ്ങൾ സന്ദർശിക്കാൻ മാർ പീലക്സിനോസ് മെത്രാപ്പോലീത്തയ്ക്ക് അവസരം ലഭിക്കുകയുണ്ടായി. അഭിനവതിരുമേനി 1953 ജനുവരി 12-ന് ആലുവാ തൃക്കുന്നത്ത് സെമിനാരിയിലെത്തി അവിടെ വിശ്വജനീവിതം നയിച്ചിരുന്ന സത്യവിശ്വാസസംരക്ഷകനായിരുന്ന വലിയ തിരുമേനിയിൽനിന്നും കണ്ടനാട് ഭദ്രാസനത്തിന്റെ ഭരണച്ചുമതല ഏറ്റെടുത്തു.

1876-ലാണ് കണ്ടനാട് ഭദ്രാസനം നിലവിൽ വന്നത്. അന്ത്യോഖ്യാസിംഹാസനഭക്തനായിരുന്ന മുറിമറ്റത്തിൽ പൗലോസ് മാർ ഈവാനിയോസായിരുന്നു കണ്ടനാടിന്റെ പ്രഥമ ഭദ്രാസനാധിപൻ. പരിശുദ്ധ അന്ത്യോഖ്യാ സിംഹാസനവുമായി അചഞ്ചലമായ ബന്ധം ഉറപ്പിക്കുന്നതിനുവേണ്ടി പൗലോസ് മാർ ഈവാനിയോസ് പ്രത്യേകം ഉടമ്പടികൾ രജിസ്റ്റർ ചെയ്ത് സൂക്ഷിക്കുവാൻ പള്ളിക്കാർക്ക് നിർദേശങ്ങൾ നല്കിയിരുന്നു.

ഈ വിധത്തിൽ പരിശുദ്ധ അന്ത്യോഖ്യാ സിംഹാസനത്തോടുള്ള ബന്ധം പൂർവീകമായി സംരക്ഷിച്ചുപോന്ന ഒരു ഭദ്രാസനത്തിന്റെ സാരഥ്യം ഏറ്റെടുക്കാൻ തെരഞ്ഞെടുക്കപ്പെട്ട പൗലോസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്താ കുറവില്ലാത്തപട്ടത്വവും കറയില്ലാത്ത സിംഹാസനഭക്തിയുമുള്ള വ്യക്തിത്വത്തിന് ഉടമയായിരുന്നു. ആലുവാ തൃക്കുന്നത്ത് പള്ളിയിൽ കബറടങ്ങിയ മലങ്കരസഭയിലെ സത്യവിശ്വാസ സംരക്ഷകനായ വലിയ തിരുമേനിയുടെ പൂർണസമ്മതത്തോടെയാണ് മാർ പീലക്സിനോസ് സഭാ ഭരണ നിർവഹണച്ചുമതല ഏറ്റെടുത്തത്. മാർ പീലക്സിനോസ് തിരുമേനി ആരോടും ഒന്നും ബലമായി പിടിച്ചുവാങ്ങിയില്ല. അത്തരത്തിൽ ഒരു ശക്തനല്ലായിരുന്നു അദ്ദേഹം. പൂർവപിതാക്കന്മാരുടെ അനുഗ്രഹവും ദൈവത്തിന്റെ പദ്ധതിയും ഒത്തിണങ്ങിയപ്പോൾ മാർ പീലക്സിനോസ് മെത്രാപ്പോലീത്ത ശ്രേഷ്ഠ ബസേലിയോസ് പൗലോസ് ദ്വിതീയൻ ബാവായായിത്തീർന്നു. ശ്രേഷ്ഠ ബാവായെ മലങ്കരയ്ക്കു നൽകിയ ദൈവത്തെ മഹത്വപ്പെടുത്തുന്നു.



സ്നേഹവായ്പിന്റെ സ്മരണകൾ ഉയർത്തിയ മലേക്കുരിശിലെ മഹാപുരോഹിതൻ

തോമസ് വടക്കേപ്പറമ്പിൽ കുമരകം
(ജനറൽസെക്രട്ടറി, വിശ്വാസസംരക്ഷണസമിതി)

പാത്രിയർക്കാദിനസമ്മേളനത്തിൽ പൗലോസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്തായുടെ പ്രസംഗം.

കണ്ടനാട് ഭദ്രാസനത്തിന്റെ പൗലോസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്ത ആലുവയിലെ വലിയതിരുമേനിയുടെ സൗഹാർദ്ദം അനുഭവിച്ച വ്യക്തിയാണ്. മെത്രാപ്പോലീത്തയായി സ്ഥാനമേറ്റ മാർ പീലക്സിനോസ് മലേക്കുരിശ് ദയറായിൽ താമസിക്കുവാൻ തുടങ്ങി.

1964-ൽ മലങ്കരയിലെ കക്ഷിവഴക്ക് പരിഹരിക്കപ്പെട്ടു. അന്ത്യോഖ്യാ സിംഹാസനാധിപതിയായിരുന്ന യാക്കോബ് തൃതീയൻ പാത്രിയർക്കീസ് ബാവാ മെത്രാൻ കക്ഷിയിൽനിലയുറപ്പിച്ചിരുന്ന ഔഗേൻ മാർതിമോത്തിയോസ് മെത്രാപ്പോലീത്തയെ കോട്ടയത്ത് വച്ച് കാതോലിക്കയായിവാഴിച്ചു. (1964 മെയ് 22ന്). കാപ്പ കുടാതെ ശുശ്രൂഷാവസ്ത്രങ്ങളണിഞ്ഞ് ശിരസ്സ് ശോശാപ്പുകൊണ്ട് മൂടിയ ഔഗേൻ തിരുമേനിയെ കാതോലിക്കയായി വാഴിക്കുന്നസമയത്ത് അഭിവന്ദ്യനായ പൗലോസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്ത സന്നിഹിതനായിരുന്നു. മലങ്കരയിലെ ഭൂരിപക്ഷം സഭാതനയരും ആഗ്രഹിച്ചതുപോലെ സഭാതലവനായ പരിശുദ്ധ പാത്രിയാർക്കീസിനെ ആദരിക്കുന്ന കാതോലിക്ക നിലവിൽവന്നതോടെ സഭയിൽ സമാധാനവും കൈവന്നു.

മാർത്തോമയുടെ നൂതനസിംഹാസനവാദം അടിച്ചേൽപ്പിക്കാനുള്ള വ്യഗ്രത ഉണ്ടായപ്പോൾ 1971 കാലഘട്ടത്തിൽ വിശ്വാസികൾ ആയതിനെ ചെറുത്ത് പരാജയപ്പെടുത്താൻ മുന്നിട്ടിറങ്ങി. ഇതിന്റെ ഫലമായി 1972 ജൂൺ 18 ന് വിശ്വാസസംരക്ഷണസമിതി രൂപീകരിച്ചു. സഭയിൽ തുല്യനിലയിലുള്ള രണ്ടു മേലദ്ധ്യക്ഷ സ്ഥാനങ്ങൾ ഉണ്ടെന്ന് വരുത്തിത്തീർക്കാൻ ശ്രമിച്ച മെത്രാൻകക്ഷിക്കെതിരേ ഭൂരിപക്ഷം വിശ്വാസികൾ തിരിഞ്ഞു. 1972 ഫെബ്രുവരിയോടെ സഭയിൽ പിളർപ്പ് പൂർണ്ണരൂപത്തിലായി.

1975

ഫെബ്രുവരി 23-ന് എറണാകുളത്ത് ജനലക്ഷങ്ങൾ പങ്കെടുത്ത പാത്രിയർക്കദിനാഘോഷത്തിൽ പൗലോസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്തയുടെ പ്രസംഗം മലങ്കരസഭ നിലനിൽക്കുന്നിടത്തോളംകാലം സ്മരിക്കപ്പെടും. മാർത്തോമ്മയുടെ സിംഹാസനം പാത്രിയാർക്കീസ് കാതോലിക്കസമ്പ്രദായം, സ്വതന്ത്ര ഇന്ത്യൻസഭ മുതലായ വേദവിപരീതപരവും നിർത്ഥകവും ആയ വാദങ്ങൾക്ക് മലങ്കരയിൽ പ്രസക്തിയില്ലെന്നും എന്തുത്യാഗംസഹിച്ചും പരിശുദ്ധ അന്ത്യോഖ്യാസിംഹാസനത്തിൻ കീഴിൽ അടിയുറച്ചു നിൽക്കുമെന്നുള്ള പീലക്സിനോസ് തിരുമേനിയുടെ പ്രസംഗം ജനലക്ഷങ്ങൾ കരഘോഷത്തോടെ സ്വാഗതം ചെയ്തു.

ശ്രേഷ്ഠകാതോലിക്കാബാവായുടെ സ്ഥാനാരോഹണവും നേട്ടങ്ങളും.

1975 ജൂൺ 23ന് ഔഗേൻ കാതോലിക്കാ മൃടക്കപ്പെട്ടതോടെ 1975 ഓഗസ്റ്റ് 7-ാം തീയിതി പൗരസ്ത്യകാതോലിക്കയായി ബസേലിയോസ് പൗലോസ് രണ്ടാമൻ വാഴിക്കപ്പെട്ടു. 1952 മുതൽ കാലംചെയ്ത 1996 സെപ്റ്റംബർ ഒന്നുവരെയും സത്യവിശ്വാസത്തിന്റെ സംരക്ഷണത്തിന് ധീരമായ നേതൃത്വം നൽകിയത് ബാവാതിരുമേനിയായിരുന്നു. യാക്കോബ് തൃതീയൻ പാത്രിയർക്കീസ് ബാവാ പൗലോസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്തായെ പൗരസ്ത്യ കാതോലിക്കയായി ഡമാസ്കസിലെ സെന്റ് ജോർജ് പാത്രിയാർക്കീസ് അരമനയിൽവച്ച് വാഴിച്ചു. മലങ്കരയിലേക്കുള്ള യാത്രാമദ്ധ്യേ ബാവായ്ക്ക് കുവൈറ്റിൽ രാജോചിത വരവേല്പാണ് ലഭിച്ചത്. ഭരണാധികാരികളായ ഷെയിക്കുമാരും ഇന്ത്യൻ സിറിയൻ അംബാസിഡർമാരും വിവിധസഭാമേലധ്യക്ഷന്മാരും സ്വീകരണസമ്മേളനത്തിൽ സംബന്ധിച്ചു.

1975 സെപ്റ്റംബർ 27-ന് ബാവാ ബോംബെയിലെത്തി. മലങ്കരമുഴുവനും ശ്രേഷ്ഠബാവാക്ക് സ്വീകരണം നൽകി ആദരിച്ചു. ശ്രേഷ്ഠബാവായുടെ ആഗമനത്തോടെ സഭക്ക് പുതുചൈതന്യവും ശക്തിയും ലഭിച്ചു. ആഭ്യന്തരകലഹത്തിൽ നിപതിച്ച ഒരു സഭ അല്ലായിരുന്നു മലങ്കരസഭ എങ്കിൽ സൃഷ്ടിപരമായ പല അത്ഭുതങ്ങളും നടത്താൻ ബാവാക്ക് കഴിയുമായിരുന്നു. 1952 മുതൽ 1996 സെപ്റ്റംബർ ഒന്നുവരെയുള്ള ബാവായുടെ ഭരണകാലചരിത്രം മലങ്കരസഭയുടെ മൊത്തം ചരിത്രമാക്കാൻ ബാവാക്കുകഴിഞ്ഞു. പൗരസ്ത്യകാതോലിക്കാസ്ഥാനം ലഭിച്ച ബാവാ സ്തുത്യർഹമായ വിധത്തിൽ സഭയ്ക്ക് ശരിയായ നേതൃത്വം നൽകി. ഇക്കാലയളവിൽ സഭയ്ക്ക് ഉണ്ടായ പുരോഗതി അസൂയാർഹമാണ്. എല്ലാ ഭദ്രാസനങ്ങളിലും കൈവയ്പുള്ള മെത്രാപ്പോലീത്തമാർ, അരമനകൾ, നിരവധിപള്ളികൾ, സ്ഥാപനങ്ങൾ ഇവയെല്ലാം പുരോഗതിയുടെ തെളിവാണ്. നിർമ്മാണപ്രവർത്തനങ്ങൾ ഊർജ്ജസ്വലമായി നടത്തിയത് മാത്രമല്ല, ജനലക്ഷങ്ങളെ ആത്മീയാഭിവൃദ്ധിയിൽ പരിശുദ്ധ അന്ത്യോഖ്യ സിംഹാസനത്തിന്റെ മേൽക്കോയ്മയിൽ പൂർവികവിശ്വാസം പരി

ശ്രേഷ്ഠ കാതോലിക്കാബാവ സ്മരണിക





കുമരകം ആറ്റാമംഗലം പള്ളി ഗായകസംഘം ശ്രേഷ്ഠ കാതോലിക്കാ ബാവയോടൊപ്പം (1964).



ശ്രേഷ്ഠ കാതോലിക്കാ ബാവ ജോൺ പോൾ രണ്ടാമൻ മാർപ്പാപ്പയെ സന്ദർശിച്ച് മലങ്കരസഭയുടെ ഉപ ഹാരം സമർപ്പിക്കുന്നു. (1984)



ശ്രേഷ്ഠ കാതോലിക്കാ ബാവയുടെ ഭൗതിക ശരീരം കബറിനുള്ളിലേക്കു വൈദികർ ഇറക്കുന്നു.

രക്ഷിക്കുന്നതിന് ഉതകുന്ന വിധത്തിൽ വളർത്തിയ ഉത്തമ ഇടയനാണ് ശ്രേഷ്ഠ ബാവാതിരുമേനി. വാത്സല്യംനിറഞ്ഞ പെരുമാറ്റംകൊണ്ട് എവരുടെയും ശ്രദ്ധപിടിച്ചുപറ്റിയ വ്യക്തിത്വമായിരുന്നു അദ്ദേഹത്തിന്റേത്. മെത്രാൻ സ്ഥാനലബ്ധിക്കുശേഷം 1960, 65, 80, 82, 84 എന്നിവർഷങ്ങളിൽ വിശുദ്ധനാടുകളും, എത്യോപ്യയും മദ്ധ്യപൂർവദേശങ്ങളും സന്ദർശിച്ചു.

1979-ൽ ശ്രേഷ്ഠ ബാവാ അമേരിക്കയും കാനഡയും സന്ദർശിച്ചു. 1984-ൽ പരിശുദ്ധ പാത്രിയർക്കീസ് ബാവായൊടൊത്ത് റോമിൽ മാർപാപ്പയെ സന്ദർശിച്ച് കത്തോലിക്കാസഭയുമായുള്ള സഹകരണം ശക്തമാക്കുന്നതിനുള്ള ചർച്ചയിൽ നിർണായക പങ്ക് വഹിച്ചു. കോതമംഗലം കോളജുകളുടെ ചെയർമാനായ ബാവായെ സർക്കാർ അംഗീകരിക്കുന്നു എന്നുള്ളതിന്റെ പ്രകടമായ തെളിവാണ് മണർകാട് കോളജും പിറവം കോളജും. ഈ കോളജുകളുടെ അപേക്ഷകൻ ബാവായായിരുന്നല്ലോ.

മുളന്തുരുത്തിക്കടുത്ത് ഉദയഗിരിയിൽ ആരംഭിച്ച സിറിയൻ ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരി ബാവായുടെ ജീവിതാഭിലാഷമായിരുന്നു. വൈദികവിദ്യാഭ്യാസം കൂടുതൽ ക്രമീകൃതമായ സംവിധാനത്തിലാക്കാനുള്ള ബാവായുടെ ആഗ്രഹം മൂലം 1985 ജനുവരി ഒന്നിന് ഉദയഗിരി വൈദികസെമിനാരിക്ക് ശ്രേഷ്ഠ കാതോലിക്കാ ബാവ ശിലാസ്ഥാപനം നടത്തി. ഭാരതത്തിന്റെ തലസ്ഥാനനഗരിയിലുള്ള പ്രൗഢഗംഭീരമായ കത്തീഡ്രലും മദ്രാസിൽ അണ്ണാനഗറിലുള്ള ദേവാലയവും സാധുപരിപാലനകേന്ദ്രവും സഭയുടെ അന്തസിന്റെ പ്രതീകവും ബാവായോടുള്ള വിശ്വാസികളുടെ സഹകരണത്തിന്റെ തെളിവുമായി കരുതേണ്ടിയിരിക്കുന്നു. ബാവായുടെ കാലത്തുണ്ടായ പുരോഗതി വിസ്താരഭയത്താൽ ഇവിടെ രേഖപ്പെടുത്തുന്നില്ല. ഒറ്റവാചകത്തിൽ പറഞ്ഞാൽ കഴിഞ്ഞ 25 വർഷംകൊണ്ടുള്ള നമ്മുടെ വളർച്ചയെത്രയെന്നു സ്വയം ചിന്തിക്കുന്നത് കൂടുതൽ ഉചിതമായിരിക്കും. പ്രക്ഷുബ്ധമായ കാലയളവിൽ സഭയെ നയിച്ച ബാവ ലളിത ജീവിതം, പ്രാർഥന, ഉപവാസം എന്നീ സദ്ഗുണങ്ങളുടെ വിളനിലമായിരുന്നു.

പരിശുദ്ധ പാത്രിയർക്കാവാഴ്ചയിൽ പ്രധാന കാർമ്മികൻ

ശ്രേഷ്ഠ കാതോലിക്കാബാവായുടെ ഏറ്റവുവലിയ ഭാഗ്യം അദ്ദേഹം സഭയുടെ പരമാധ്യക്ഷനായ പരിശുദ്ധ പാത്രിയർക്കീസ് ബാവായെ വാഴിക്കാൻ 1980-ൽ മുഖ്യകാർമ്മികനായിരുന്നു എന്നതാണ്. മലങ്കരസഭയിൽ ഇത്രവലിയ നേട്ടം ലഭിച്ച ഏക വ്യക്തി ശ്രേഷ്ഠ കാതോലിക്കാബാവ മാത്രമാണ്. 1975 ഡിസംബർ 26-ന് തൃശ്ശിശ്ശേരി സിംഹാസനപള്ളിയിൽ ചേർന്ന അഖില മലങ്കര യാക്കോബായ സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ ബാവായെ മലങ്കര മെത്രാപ്പോലീത്താ സ്ഥാനത്തേക്കു തെരഞ്ഞെടുത്തു. ശ്രേഷ്ഠ ബാവായെപ്പോലെ മലങ്കര മുഴുവനും യാത്രചെയ്തു സഭയെ പടുത്തുയർത്തിയ മറ്റൊരു വൈദിക മേലധ്യക്ഷൻ മലങ്കരയിലില്ല. ഹൃദയസ്പർശിയായ പെരുമാറ്റത്തിലൂടെയും പ്രസംഗത്തിലൂടെയും വിശ്വാസികളുടെ മനസ്സിൽ ബാവാ സ്ഥാനംപിടിച്ചു. 1982-ൽ പാത്രിയർക്കീസ് ബാവായൊടൊത്തു മലങ്കരയിലെ വിവിധ ദേവാലയങ്ങൾ സന്ദർശിക്കുന്നതിന് ശ്രേഷ്ഠബാവായും ഒപ്പമുണ്ടായിരുന്നു. 1990 ജൂൺ 24-ന് ജനലക്ഷങ്ങൾ പങ്കെടുത്ത വിശ്വാസപ്രഖ്യാപനറാലിയും വിവിധ വർഷങ്ങളിൽ എറണാകുളത്തും കുന്നംകുളത്തും കോട്ടയത്തും ആഘോഷിച്ച പാത്രിയർക്കാദിന സമ്മേളനങ്ങൾക്കും നേതൃത്വം നല്കിയത് ബാവായാണ്.

1982-ൽ മണർകാട് പള്ളിയിൽ പാത്രിയർക്കീസ് ബാവാ മൂറോൻ കൂദാശ ചെയ്തപ്പോഴും കുമരകം ആറാമേശ്വരം പള്ളിയിൽ ശുദ്ധീകരണം ശുശ്രൂഷ നടത്തിയതും ബാവായുടെ സഹകരണത്തോടെയാണ്. ഇന്ത്യയുടെ സുവിശേഷകനായ മാർത്തോമ്മാശ്ലീഹായുടെയും കാലംചെയ്ത യൽദോമാർ ബസേലിയോസ് മഹിയാനയുടെയും പൗലിയാസ് തൃതീയൻ പാത്രിയർക്കീസ് ബാവായുടെയും ചാത്തുരുത്തിൽ മാർ ഗ്രിഗോറിയോസ് തിരുമേനിയുടെയും നാമങ്ങൾ വിശുദ്ധകുർബാനയിൽ സ്മരിക്കുന്നതിന് ബാവാ പ്രത്യേകം താത്പര്യം പ്രകടിപ്പിച്ചു. നിർണ്ണായകസന്ദർഭങ്ങളിൽ വെല്ലുവിളികൾ ഏറ്റെടുത്തു വിജയത്തിന്റെ വീരഗാഥരചിച്ച ബാവാ 30 ലക്ഷം വരുന്ന മലങ്കര സഭാമക്കളിൽ ദൈവവിശ്വാസത്തിന്റെ വേരുറപ്പിക്കാൻ ശ്രമിച്ച കർമ്മയോഗിയാണ്.

സഭാ മാനേജിംഗ് കമ്മിറ്റിയിൽ ശ്രേഷ്ഠബാവായുടെ അവസാനത്തെ പ്രഖ്യാപനം

സുപ്രീംകോടതിയുടെ സമുദായക്കേസ് സംബന്ധിച്ച സുപ്രധാനവിധിയിൽ പാത്രിയർക്കീസ് ബാവായ്ക്ക് അംഗീകരിച്ചുകിട്ടിയ അധികാരം ഇല്ലാതാക്കാൻ ശ്രമിക്കുന്നവർക്കും പരിശുദ്ധ പത്രോസിന്റെ അന്ത്യോഖ്യാ സിംഹാസനത്തോട് കൂറും വിധേയത്വവും ഇല്ലാത്തവർക്കും സഭ വിട്ടുപോകാമെന്നുള്ള ശ്രേഷ്ഠ കാതോലിക്കാ ബാവായുടെ വരിക്കോലി മാനേജിംഗ് കമ്മിറ്റിയിലെ അധ്യക്ഷപ്രസംഗം ബാവായുടെ വിശ്വാസതീഷ്ണതയുടെയും സത്യത്തോടുള്ള ആഭിമുഖ്യവും വെളിവാക്കുന്ന മകുടോദാഹരണമാണ്. സഭാസംബന്ധമായി അർഥപൂർണ്ണമായുള്ള പ്രസംഗം മാത്രമേ ബാവാ നടത്താറുള്ളൂ. മലങ്കരയിലെ എല്ലാ ഭദ്രാസനങ്ങളിൽനിന്നുമുള്ള അത്മായ പ്രതിനിധികളുടെ ഒരു യോഗം തൃപ്പൂണിത്തുറ നടമേൽ പള്ളി ഹാളിൽ ചേർന്ന് ബാവായുടെ വരിക്കോലി പ്രസംഗത്തിനു പിന്തുണ പ്രഖ്യാപിക്കുകയുണ്ടായി. ഈ വാർത്തയാണ് ബാവ അവസാനമായി പത്രപംക്തികളിൽനിന്നും വായിച്ചറിഞ്ഞത്.

ബാവായുടെ അന്ത്യം കോലഞ്ചേരിയിൽവച്ച്

1936 സെപ്റ്റംബർ ഒന്ന് ഞായർ കുർബാനമദ്ധ്യേ തുബ്ദേൻ ഭാഗത്ത് എല്ലാ പള്ളികളിലും ബാവായുടെ പേർ സ്മരിച്ചതിനുശേഷമാണ് ബാവാ കാലംചെയ്തത്. ഉച്ചയോടുകൂടി പള്ളിമണികൾ ഏതോ അസാധാരണസംഭവം വിളിച്ചറിയിക്കുകയായിരുന്നു. സൺഡേ സ്കൂൾ കുട്ടികൾ ഓരോ വീടുകളിലും കയറിയിറങ്ങി ആ ദുഃഖവാർത്ത അറിയിച്ചു. ശ്രേഷ്ഠ കാതോലിക്കാ

ബാവാ കാലം ചെയ്തു. ഇതോടൊപ്പം കോട്ടയം മുനിസിപ്പാലിറ്റിയുടെ സൈറൺ മലങ്കരസഭയുടെ പ്രകാശഗോപുരമായ ബാവായുടെ വേർപാട് വിളിച്ചറിയിച്ചു. വിശ്വാസികൾ കൂട്ടംകൂട്ടമായി കണ്ണാട്ട് ഭദ്രാസനത്തിലെ യാക്കോബായ സഭാംഗങ്ങളുടെ ശക്തികേന്ദ്രമായ കോലഞ്ചേരിയിലേക്ക് പ്രവഹിച്ചു. രണ്ടു മണിയോടെ അംശവസ്ത്രങ്ങൾ ധരിപ്പിച്ച് സ്ലീബായും അംശവടിയും പിടിപ്പിച്ചിരുന്ന ബാവായെ ദർശിച്ച് വിശ്വാസികൾ അനുഗ്രഹം പ്രാപിച്ചു.

പിറമാടം ഗത്സെമൻ ദയറായുടെ അഭിമാനം

തുടർന്ന് ബാവായുടെ അന്ത്യനാളുകൾ ചെലവഴിച്ച പിറമാടത്തേക്ക് പ്രത്യേകം തയാറാക്കിയ രഥത്തിൽ ഭൗതികശരീരം കൊണ്ടുപോയി. വഴിനീളെ ഈറനണിഞ്ഞ മിഴികളോടെ പ്രാർഥനാ മന്ത്രങ്ങൾ ഉരുവിട്ടുകൊണ്ട് ജനക്കൂട്ടം നിലയുറപ്പിച്ചിരുന്നു. വിലാപയാത്ര കടന്നുപോയ വഴിയിലും മറ്റെല്ലാ സ്ഥലങ്ങളിലും പള്ളിമണികൾ ബാവായുടെ വേർപാടിൽ വിലപിക്കുകയായിരുന്നു. ഇക്കഴിഞ്ഞ നാലു ദശാബ്ദങ്ങളായി പിറമാടം ഗത്സെമൻ ദയറായുമായുള്ള ബാവായുടെ ബന്ധം അവിസ്മരണീയമാണ്. ബാവായുടെ ഓഫീസ് ചുമതലയുള്ള കുന്നുമ്മേൽ കെ.സി. ഏലിയാസ് പിറമാടം സ്വദേശിയാണ്. കഴിഞ്ഞ 27 വർഷങ്ങളായി ഇദ്ദേഹം ബാവായുടെ സന്തതസഹചാരിയാണ്. പിറമാടത്ത് നിന്നും ബാവായുടെ ഭൗതികശരീരം രാത്രി 7.45-ന് മുവാറ്റുപുഴ കാതോലിക്കേറ്റ് അരമനയിൽ എത്തിച്ചു. ബാവായുടെ കൈമുത്തി അനുഗ്രഹം പ്രാപിക്കുന്നതിന് രാത്രി മുഴുവനും വിശ്വാസി

കളുടെ നീണ്ടനിരതന്നെ കാണാമായിരുന്നു.

ഭൗതികശരീരം മൂവാറ്റുപുഴയിൽനിന്നും മലേക്കുരിശിലേക്ക്

പിറ്റേദിവസം രാവിലെ പത്തിന് ഭൗതികശരീരം മൂവാറ്റുപുഴയിൽ നിന്നും മുല്ലപ്പൂക്കൾകൊണ്ട് അലങ്കരിച്ച പ്രത്യേകരഥത്തിൽ നഗരികാണിക്കൽ ശുശ്രൂഷക്കുവേണ്ടി കസേരയിൽ ഇരുത്തിയ നിലയിലായിരുന്നു. പ്രായമായി കാലംചെയ്ത ബാവായുടെ മുഖത്ത് ഒരു ദിവ്യതേജസ് പ്രകടമായിരുന്നു. ദേശീയപാതയിലൂടെ മലേക്കുരിശിലേക്കുള്ള യാത്രയുടെ മുൻനിരയിൽ പൈലറ്റ് വാഹനം. ഇരുചക്രവാഹനങ്ങൾ, പോലീസ് ബാൻഡ് സംഘം, കാർ, ജീപ്പ്, ഗായകസംഘം, ബസ്, ലോറി, സിസ്റ്റേഴ്സിന്റെ ഗായകസംഘം, വൈദികരുടെ ഗായകസംഘം, ഭൗതികശരീരവുമായി രഥം, മെത്രാപ്പോലീത്തമാർ, വിശ്വാസികൾ എന്നീ ക്രമത്തിലാണ് വിലാപയാത്ര നീങ്ങിയത്. യാത്രാമധ്യേ കടാതി, അമ്പലപടി, മേക്കടമ്പ്, കടമറ്റം, കോലഞ്ചേരി, പുതുപ്പനം എന്നിവിടങ്ങളിൽ പ്രത്യേക ശുശ്രൂഷ ഉണ്ടായിരുന്നു. ബാവായുടെ മുഖം ഒരുനോക്കു കാണുന്നതിന് ജനസഹസ്രങ്ങൾ റോഡിൽ തടിച്ചുകൂടി.

മലേക്കുരിശിലെ കബറടക്ക ശുശ്രൂഷകൾ

ഭൗതികശരീരം മലേക്കുരിശ് സെന്റ് ജോർജ് ദയറായിൽ എത്തുന്നതിന് മണിക്കൂറുകൾ മുമ്പേ പരിസരം മനുഷ്യമഹാസമുദ്രമായി മാറി. നിന്നുതിരിയുന്നതിന് ഇടമില്ലാതെ വിശ്വാസികൾ ബദ്ധപ്പെടുന്ന കാഴ്ച കാണാമായിരുന്നു. ക്രമസമാധാനത്തിന് ഏർപ്പെട്ടിരുന്നവരുടെ നിയന്ത്രണം ഭേദിച്ച് ദയറായുടെ ചുറ്റുമതിലിന് മുകളിൽക്കൂടിയും ഗെയിറ്റ് ചാടിക്കടന്നും കബറടക്കശുശ്രൂഷയിൽ സംബന്ധിക്കാൻ ആളുകൾ ഇരച്ചുകയറി. ശ്രേഷ്ഠപിതാവിന്റെ കബറടക്ക ശുശ്രൂഷക്ക് കിഴക്കിന്റെ വലിയ മെത്രാപ്പോലീത്ത കുബർനീത്തി ഹാക്കിമോ ഏബ്രഹാം മാർ ക്ലീമിസ് മെത്രാപ്പോലീത്ത തുടക്കമിട്ടു. കോട്ടയം ഭദ്രാസനാധിപനും യാക്കോബായ സഭയിലെ ബിഷപ്സ് കൗൺസിൽ പ്രസിഡന്റുമായ ഡാ. ഗീവർഗീസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തയും അങ്കമാലി ഭദ്രാസനത്തിന്റെ തോമസ് മാർ ദിവന്യാസോസ് മെത്രാപ്പോലീത്തായും ശുശ്രൂഷയ്ക്ക് മുഖ്യകാർമികത്വം വഹിച്ചു. സുറിയാനി സഭയിലെ തോമസ് മാർ ഒസ്താത്തി



യോസ്, ജോസഫ് മാർ ഗ്രീഗോറിയോസ്, ബന്യാമിൻ ജോസഫ് മാർ ഒസ്താത്തി യോസ്, ഗീവർഗീസ് മാർ പോളി ക്കാർപ്പസ്, തോമസ് മാർ തീമോത്തി യോസ്, ഡോ തോമസ് മാർ അത്താനാ സ്യോസ്, യൂഹാനോൻ മാർ പീലക്സി നോസ്, ഡോ. ഏബ്രഹാം മാർ സേവേറി യോസ്, യൂഹാനാൻ മാർ മിലിത്തോസ് എന്നിവർ സഹകാർമികത്വം വഹിച്ചു. പതിനായിരക്കണക്കിന് വിശ്വാസികൾ പുണ്യവാനായ ബാവായുടെ കൈമു ത്താൻപോലും കഴിയാതെ തേങ്ങലുകൾ അടക്കിപ്പിടിക്കാനാവാതെ പൊട്ടിക്കരയു ന്നതു കാണാമായിരുന്നു. കൈക്കു ഞ്ഞുങ്ങളുമായി അമ്മമാരും ഊന്നുവടി കളുടെ സഹായത്തോടെ വൃദ്ധരും കണ്ണീ രോടെ ബാവായ്ക്ക് വിടചൊല്ലി. സംസ്ഥാന പോലീസ് ബാൻഡിന്റെ വിലാപഗീതത്തിനിടയിൽ വൈദികർ സുറിയാനി ഗീതങ്ങൾ ആലപിച്ചിരുന്നു.

മലങ്കരസഭയ്ക്ക് ശ്രേഷ്ഠകാതോ ലിക്കാ ബാവായോടുണ്ടായിരുന്ന സ്നേഹവും ആദരവും ഭക്തിയും വിളി ച്ചോതുന്നതായിരുന്നു കബറടക്ക ശുശ്രൂ ഷകൾ. ചങ്ങനാശേരി അതിരൂപതയുടെ ആർച്ച്ബിഷപ് മാർ ജോസഫ് പൗവ ത്തിൽ, കോതമംഗലം ബിഷപ് മാർ ജോർജ് പുന്നക്കോട്ടിൽ, തിരുവല്ല രൂപതാധ്യക്ഷൻ ഗീവർഗീസ് മാർ തീ മോത്തിയോസ് കൽദായ സഭയുടെ മാർ അപ്രേം മെത്രാപ്പോലീത്ത എന്നി വർ പ്രത്യേക പ്രാർഥനകൾ നടത്തി.

ശ്രേഷ്ഠ സ്മരണയോടെ വിട വാങ്ങൽശുശ്രൂഷയും അനുശോചനമഹായോഗവും

ഞായറാഴ്ച കോലഞ്ചേരി സെന്റ് പീറ്റേഴ്സ് ദേവാലയത്തിൽ ആരംഭിച്ച വിശ്വാസികളുടെ അന്ത്യോപചാരങ്ങൾ തിങ്കളാഴ്ച വൈകുന്നേരം അഞ്ചുമണി വരെ നീണ്ടു. കബറടക്ക ശുശ്രൂഷയിലെ വിടവാങ്ങൽ ചടങ്ങ് നടന്നപ്പോൾ മേല്പ ട്ടക്കാർ ഉൾപ്പെടെയുള്ളവർക്ക് കണ്ഠമി ടറി. "പരിശുദ്ധ മദ്ബഹായേ സമാധാന ത്തോടെ വസിക്കുക, താൻ ശുശ്രൂഷ നടത്തിയ ദേവാലയമേ സമാധാനത്തിൽ വസിക്കുക" എന്ന് തുടങ്ങി മേല്പട്ടക്കാ രോടും പുരോഹിതന്മാരോടും ഗ്രാമ ത്തോടും പട്ടണത്തോടും അവിടെയുള്ള സമസ്ത ജനങ്ങളോടും യാത്രാമൊഴി ചൊല്ലുന്ന ശുശ്രൂഷ ഹൃദയസ്പർശിയാ യിരുന്നു. മൂന്നുപ്രാവശ്യം സിംഹാസനം ഉയർത്തിയപ്പോൾ 'പരിശുദ്ധ പിതാവേ സമാധാനത്തോടെ പോവുക' എന്നുള്ള പ്രതിവാക്യം ഹൃദയവ്യഥയോടെ വിശ്വാ സികൾ ഉരുവിട്ടു. ബാവായുടെ കബർ ഗീവർഗീസ് മാർ ഗ്രീഗോറിയോസ് മെത്രാ പ്പോലീത്ത ധൂപാർപ്പണം നടത്തിയും സ്ലീബായുടെ അടയാളം വരച്ചും ശുദ്ധീ കരിച്ചു. മെത്രാപ്പോലീത്ത തന്നെ അവ സാനമായി ബാവാക്ക് മുഖത്ത് ചുംബനം നൽകിയപ്പോൾ വിശ്വാസികൾ വിങ്ങി പ്പൊട്ടുന്ന ഹൃദയത്തോടെ നിറകണ്ണുക ളോടെ 'പരിശുദ്ധ ബാവായേ അനുഗ്രഹി ക്കേണമേ" എന്നു പ്രാർഥിക്കുകയായി രുന്നു. കുരിശിന്റെ അടയാളം മുദ്രണം ചെയ്ത റൂമാൽകൊണ്ട് മാർ ഗ്രീഗോറി യോസ് മെത്രാപ്പോലീത്ത മുഖംമൂടിയ തിനെ തുടർന്ന് 5.08-ന് ഔതികശരീരം കബറിനുള്ളിലേക്ക് വൈദികർ ഇറക്കി വച്ചു. വിവിധ ദേവാലയങ്ങളിൽനിന്നും കൊണ്ടുവന്ന കുന്തിരിക്കം ബാവായുടെ ഔതീക ശരീരത്തിൽ വീഴ്ത്താതെ കബ റിനുള്ളിലേക്ക് നിക്ഷേപിച്ചതോടെ ശുശ്രൂ ഷകൾ പര്യവസാനിച്ചു. വിവിധ സഭാമേ ലധ്യക്ഷന്മാർ, മെത്രാപ്പോലീത്താമാർ, വൈദികർ, വിശ്വാസികൾ, രാഷ്ട്രീയ സാമൂഹ്യമതരംഗത്തുള്ള നിരവധിപേർ എന്നിവർ ബാവായ്ക്ക് ആദരാഞ്ജലി കൾ അർപ്പിച്ചുകൊണ്ട് റീത്തുകൾ സമർപ്പിച്ചു. കബറടക്കത്തിനുശേഷം ചേർന്ന യോഗത്തിൽ രാഷ്ട്രീയ സാമൂ ഹ്യമതനേതാക്കൾ പ്രസംഗിച്ചു. പരി ശുദ്ധ സാക്കാ പ്രഥമൻ പാത്രിയർക്കീസ് ബാവായുടെ പ്രത്യേക പ്രതിനിധിയായി ആലപ്പോ ആർച്ച്ബിഷപ് മാർ ഗ്രീഗോറി യോസ് യൂഹനോൻ അബ്രഹാം മെത്രാ പ്പോലീത്ത തിരുമേനി കബറിങ്കൽ എത്തി മൂന്നാംദിവസം വിശുദ്ധ കുർബാന അർപ്പിച്ചു. അഖില മലങ്കര അടിസ്ഥാന ത്തിൽ സെപ്റ്റംബർ നാലിന് മണർകാട് വിശുദ്ധ മർത്തമറിയം യാക്കോബായ പള്ളിയിൽ ബാവായുടെ ആകസ്മിക വേർപാടിൽ മലങ്കരസഭയ്ക്കുള്ള അനു ശോചന മഹാസമ്മേളനം ചേരുകയു ണ്ടായി. സെപ്റ്റംബർ മുപ്പതിന് മലങ്കര സഭയിലെ എല്ലാ ഭദ്രാസനങ്ങളുടെയും സംയുക്താഭിമുഖ്യത്തിൽ അടിയന്തിരം നടത്തുവാൻ സഭാ മാനേജിംഗ് കമ്മിറ്റി ഐകകണ്ഠ്യേന തീരുമാനിച്ചു. മലങ്കര സഭയ്ക്കുവേണ്ടി എണ്ണിയാൽ തീരാത്ത ത്യാഗങ്ങൾ അനുഷ്ഠിച്ച ശ്രേഷ്ഠനായ പരിശുദ്ധ ബസേലിയോസ് പൗലോസ് ദ്വിതീയൻ ബാവാ താൻ പിറമാടത്ത് കഴി ഞ്ഞോളാൻ പറയാൻ ആർക്കും അവകാ ശമില്ലെന്ന് ലോകത്തോട് വിളംബരം ചെയ്തുകൊണ്ട് മലേക്കുരിശ് എന്ന മനോഹരമായ കുന്നിൻ മുകളിൽ അന്ത്യ വിശ്രമം കൊള്ളുന്നു. മലങ്കരയുടെ മാഹാ ത്മ്യമായ മലേക്കുരിശിലെ ബാവായേ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമേ. മലേക്കുരിശിലെ മുനിശ്രേഷ്ഠാ ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കേണമേ.

കടമുറികൾ വില്പനയ്ക്ക്

കോലഞ്ചേരി മെഡിക്കൽമിഷ്യൻ റോഡ്സൈഡിൽ കടമുറികൾ വില്പനയ്ക്ക്

മരിയാ പ്ലാസാ

കോലഞ്ചേരി, ഫോൺ: 760346

സുഖകരമായ താമസത്തിന് മുറികൾ ദിവസവാടകയ്ക്ക്

ഡെൻസ് ലോഡ്ജ്

കോലഞ്ചേരി, ഫോൺ: 760378

ശ്രേഷ്ഠ കാതോലിക്കാബാവ സ്മരണിക




പരിശുദ്ധ പാത്രിയർക്കീസ് ബാവയ്ക്ക് കൊച്ചിയിൽ നൽകിയ പൗരസ്വീകരണം. ശ്രേഷ്ഠ കാതോലിക്കാബാവ മുൻ കൊച്ചി മേയർ എ.കെ. ശേഷാദ്രി, കെ.എസ്.എൻ. മേനോൻ തുടങ്ങിയവർ സമീപം.



ഡമാസ്ക്കസിൽ നടന്ന ആകമാന സുന്നഹദോസിൽ പങ്കെടുത്തശേഷം കൊച്ചി വിമാനത്താവളത്തിൽ എത്തിച്ചേർന്ന ശ്രേഷ്ഠ കാതോലിക്കാ ബാവയ്ക്കു സ്വീകരണം നൽകിയപ്പോൾ. ഡോ. ഗീവർഗീസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്ത, ഡി. ബാബുപോൾ തുടങ്ങിയവർ സമീപം.



ശ്രേഷ്ഠ കാതോലിക്കാ ബാവയെ അങ്കമാലി ഭദ്രാസനാധിപൻ തോമസ് മാർ ദിവന്നാസ്യോസ് മെത്രാപ്പോലീത്താ സ്വീകരിക്കുന്നു.



ശ്രേഷ്ഠ കാതോലിക്കാ ബാവയുടെ ജീവിതാഭിലാഷമായ മുളന്തുരുത്തി ഉദയഗിരി വൈദികസെമിനാരിക്കു ശ്രേഷ്ഠ ബാവ ശിലാസ്ഥാപനം നടത്തുന്നു. ഡോ. ഗീവർഗീസ് മാർ ഗ്രീഗോറിയോസ്, തോമസ് മാർ ഒസ്താത്തിയോസ്, യൂഹാനോൻ മാർ പീലക്സിനോസ്, ഏബ്രഹാം മാർ ക്ലീമീസ്, ഏബ്രഹാം മാർ സേവേറിയോസ്, ബന്യാമിൻ മാർ ഒസ്താത്തിയോസ്, മുൻമന്ത്രി ടി.എച്ച്. മുസ്തഫ എന്നിവർ സമീപം.



ബാവാ: സ്നേഹത്തിന്റെ നിറകുടം

റവ. ഈപ്പൻ കോർ എപ്പിസ്കോപ്പാ
(ന്യൂയോർക്ക്)

കാലംചെയ്ത പുണ്യശ്ലോകനായ ശ്രേഷ്ഠ കാതോലിക്കാബാവ ബസേലിയോസ് പൗലോസ് രണ്ടാമൻ സ്നേഹത്തിന്റെയും എളിമയുടെയും നിറകുടവും, സത്യവിശ്വാസത്തിനുവേണ്ടി ആജീവനാന്തം അടരാടിയ നല്ല ഇടയനുമായിരുന്നു.

സഭയാകുന്ന മാതാവിന്റെ സത്യവിശ്വാസാചാരനടപടികളാകുന്ന മാധുര്യമേറിയ പാൽ വളരെ ചെറുപ്പംമുതൽ രുചിച്ചറിഞ്ഞ ആ വന്ദ്യപിതാവിന് അതിന്റെ മഹിമ ഒരിക്കലും ഉപേക്ഷിക്കുവാൻ മനസ്സുണ്ടായില്ല. എന്നുമാത്രമല്ല, അതിനായി സ്വജീവിതം സമർപ്പിക്കുവാനും അദ്ദേഹം തയാറായി. വി. മത്തായിയുടെ സുവിശേഷം 24:45ൽ പറയുന്ന വാക്യം, "തക്ക സമയത്ത് തന്റെ വീട്ടുകാർക്ക് ഭക്ഷണം കൊടുപ്പാനായി അവരുടെ മേൽ യജമാനൻ നിയമിച്ചാക്കിയ വിശ്വസ്തനും ബുദ്ധിമാനുമായ ദാസൻ ആരായിരിക്കും." സ്വജീവിതംകൊണ്ട് അനർത്ഥമാക്കി.

1958നു ശേഷം പരിശുദ്ധസഭയിൽ സത്യവിശ്വാസപരമായി ഉണ്ടായസകല പൈശാചികപ്രവർത്തനങ്ങൾക്കും എതിരായി സുദൃഢമായ ഒരു നിലപാടെടുക്കുകയും ധീരമായ നേതൃത്വംനൽകി സഭയാകുന്ന നൗകയെ കൊടുങ്കൊറ്റുകളും തിരമാലകളും ചുഴലികളുംനിറഞ്ഞ സമുദ്രത്തിലൂടെ സഞ്ചരിച്ച് ലക്ഷ്യസ്ഥാനത്തെത്തിച്ച ബുദ്ധിമാനും വിശ്വസ്തനുമായിരുന്നു ആ ശ്രേഷ്ഠപിതാവ്. സഭയുടെ മക്കൾക്ക് ആത്മീയഭക്ഷണം നിറപടിയായി വിളമ്പിക്കൊടുക്കുക മാത്രമല്ല, അതിനെ അനുസ്യൂതം ലഭ്യമാക്കുന്നതിലേക്ക്, പ്രാപ്തരായ പുരോഹിതഗണങ്ങളെ മലങ്കരസഭയുടെ അങ്ങോളമിങ്ങോളം ഊണുമുറക്കവും ഉപേക്ഷിച്ച് ആ പിതാവ് കല്പിച്ച് നിയമിച്ചു.

പൗരോഹിത്യപദവിയെ സേവനത്തിന്റെയും ശുശ്രൂഷയുടെയും സഹിഷ്ണുതയുടെയും പ്രതീകമായി ഉയർത്തിക്കാട്ടുകയായിരുന്നു പ. ബാവാ തിരുമേനി. കളങ്കലേശമെന്യേ എല്ലാവരെയും സ്നേഹിച്ചിരുന്ന ബാവാതിരുമേനി അദ്ദേഹവുമായി ഇടപെട്ടിട്ടുള്ളവരുടെ ആത്മീയ വളർച്ചയോടൊപ്പം അവരുടെ ശാരീരിക, മാനസിക, വൈജ്ഞാനിക വളർച്ചയ്ക്കും അഭ്യുദയത്തിനും വേണ്ടി യത്നിച്ചിരുന്നു. സ്വന്തം സുഖസൗകര്യങ്ങളിൽ ഒട്ടുംതന്നെ ഉത്സുകനല്ലായിരുന്ന പരിശുദ്ധ പിതാവ് മറ്റുള്ളവരെ ശുശ്രൂഷിക്കുന്നതിൽ അതീവതല്പരനായിരുന്നു. കാഴ്ചകൾ സ്വീകരിക്കുന്നതിനേക്കാൾ ദാനങ്ങൾ നൽകുന്നതായിരുന്നു അദ്ദേഹത്തിന് ഇഷ്ടം. ഒരുക്കത്തോടെ അതിഥികളെ സ്വീകരിക്കുന്നതായിരുന്നു അവിടത്തെപതിവ്. വലിയവരെന്നോ ചെറിയവരെന്നോ, ധനികരെന്നോ, ദരിദ്രരെന്നോ, ഉറ്റവരെന്നോ, അകന്നവരെന്നോ വ്യത്യാസമില്ലാതെ, തന്റെ അടുക്കൽ എത്തുന്ന വരെയെല്ലാം തുല്യമായനിലയിൽ സ്വീകരിച്ച് ആവശ്യമായ ഒത്താശകൾ ചെയ്തുകൊടുക്കുന്നതിൽ ആ ശ്രേഷ്ഠപിതാവ് പ്രത്യേകശുഷ്കാന്തി കാട്ടിയിരുന്നു. സ്വാർത്ഥലക്ഷ്യത്തോടെ തന്നെ സമീപിച്ചവരോടും, താൻ കൈപിടിച്ച് നടത്തി ഉന്നതസ്ഥാനത്തെത്തിയശേഷം തനിക്ക് എതിരായി പ്രവർത്തിച്ചവരോടും ക്ഷമിക്കുവാനും, സൗമ്യതയോടെ, ശാന്തനായി പെരുമാറുവാനുംസാധിക്കുന്ന ഒരു വലിയ മനസ്സിന്റെ ഉടമയായിരുന്നു ആ പരിശുദ്ധപിതാവ്. "പ്രതികാരം യഹോവയ്ക്കുള്ളതാണ്. നമുക്കുള്ളതല്ല", പരിശുദ്ധ ബാവായിരുമേനി എന്നെ എപ്പോഴും ഓർമിപ്പിക്കുമായിരുന്നു.

1953-ലാണ് ഞാൻ ആദ്യമായി പ. ബാവായേക്കാണുന്നത്. എന്നാൽ 1961ൽ എനിക്ക് അദ്ദേഹം ശെമ്മാശപട്ടം നല്കിയ സമയംമുതൽ അദ്ദേഹം കാലംചെയ്യുന്നതുവരെ എന്റെ വ്യക്തിപരമായ അനുഭവങ്ങളും ഓർമകളും അദ്ദേഹത്തോടുള്ള ഭക്തിയാദരവുകളോടും സ്നേഹത്തോടുംകൂടി ഓർക്കുന്നു. ആ പുണ്യചരിതനോടൊപ്പം അനേകംവർഷം താമസിക്കുവാനും സഞ്ചരിക്കുവാനും ഇടയായത് ഒരു ഭാഗ്യമായി ഞാൻ കാണുന്നു. പരിശുദ്ധ ബാവായെ ശുശ്രൂഷിക്കുവാനും പരിചരിക്കുവാനും നിയോഗിക്കപ്പെട്ടിരുന്ന എന്നെ അദ്ദേഹം പരിചരിക്കുകയായിരുന്നുവോ എന്ന് എനിക്ക് പലപ്പോഴും തോന്നിയിട്ടുണ്ട്. എന്റെ ക്ഷേമത്തിൽ പരിശുദ്ധ ബാവ അതിവശ്രദ്ധാലുവായിരുന്നു. എന്റെ പ്രിയപ്പെട്ട മാതാപിതാക്കളെപ്പോലെ എന്നെ സ്നേഹിച്ച് കരുതലോടുകൂടി ചിന്തിച്ചുവളർത്തിയ ആ വന്ദ്യപിതാവിന്റെ തൃപ്പാദത്തിങ്കൽ ഞാനും എന്റെ കുടുംബവും തലകുനിച്ച് വന്ദിക്കുന്നു.●




ശ്രേഷ്ഠബാവാക്ക് നിറകണ്ണുകളോടെ ആദരാഞ്ജലികൾ. ടി.എം. ജേക്കബ് എംഎൽഎ, ഷെവലിയർ ടി.യു. കുരുവിള, ഡോ. എം.സി. ജോർജ് തുടങ്ങിയവർ സമീപം.



ശ്രേഷ്ഠ കാതോലിക്കാ ബാവയുടെ ഭൗതികശരീരം അലങ്കരിച്ച രഥത്തിൽ മലേക്കുരിശിലേക്ക്.



ശ്രേഷ്ഠ കാതോലിക്കാ ബാവയുടെ ഭൗതികശരീരം-നഗരികാണിക്കൽ ചടങ്ങിന്റെ ഒരു ദൃശ്യം.



ശ്രേഷ്ഠ കാതോലിക്കാ ബസേലിയോസ് പൗലോസ് ദ്വിതീയൻ ബാവാ വൈദീകനായിരുന്നപ്പോൾ എടുത്ത ചിത്രം. ശ്രീ. ഏബ്രഹാം ഈപ്പൻ പാലാമ്പടത്തിന്റെ ഫോട്ടോ ശേഖരത്തിൽനിന്നും ലഭിച്ചതാണ്.



❖ കാലംചെയ്ത ശ്രേഷ്ഠ കാതോലിക്കാ ബാവായുടെ ഭൗതികശരീരം മൂവാറ്റുപുഴ കാതോലിക്കേറ്റ് അരമനയിൽ പൊതുദർശനത്തിനു വച്ചിരിക്കുന്നു.

സംഗീതലോകത്തിന്റെ വ്യാപാരരംഗത്ത്
മലയാളകേരളത്തിലെ മായാത്തനാമം

മാടപ്പറമ്പിൽ
കോർപറേഷൻ

വെള്ളൂർകുന്നം (എറണാകുളം റോഡ്), മൂവാറ്റുപുഴ
ഫോൺ: 232818, 232019 ഫാക്സ്: 233888



Authorised Dealers for :

Neycer
SANITARYWARE

JOHNSON
TILES
FOR BEAUTIFUL WALLS & FLOORS

വന്ദ്യ മൂലയിൽ കുര്യാക്കോസ് കോർഎപ്പിസ്കോപ്പ ചീഫ്എഡിറ്ററായിരുന്ന ജേർണൽ ഓഫ് കോട്ടയം ഡയോസിസിൽ ശ്രേഷ്ഠ ബാവ കാലം ചെയ്തതിനെ തുടർന്ന് മാധ്യമങ്ങളിൽ വന്ന എല്ലാ റിപ്പോർട്ടുകളും പ്രസിദ്ധീകരിക്കുകയുണ്ടായി. ജേർണലിന്റെ 1996 സെപ്റ്റംബർ ലക്കം പൂർണ്ണരൂപത്തിൽ 6 – ാം ഭാഗത്തിൽ പുനഃപ്രസിദ്ധീകരിക്കുകയാണ്.



യാക്കോബായ സുറിയാനി സഭയ്ക്ക് വന്ദ്യ കുര്യാക്കോസ് കോർഎപ്പിസ്കോപ്പയെ പോലെ ദീർഘ വീഷണവും ചരിത്രബോധവുമുള്ള വൈദികർ അഭിമാനമാണ്. ബഹുമാനപ്പെട്ട അച്ചൻ നിരവധി ചരിത്ര ഗ്രന്ഥങ്ങൾ രചിക്കുകയും പുനഃപ്രസിദ്ധീകരിക്കുകയും ചെയ്തത് നന്ദിയോടെ ഓർക്കാം. വാകത്താനം നാലുന്നാക്കൽ സെന്റ് ആദായിസ് പള്ളി ഇടവകയിൽ മൂലയിൽ പരേതരായ അന്ത്രയോസിന്റെയും മറിയാമ്മയുടെയും പുത്രനാണ്. പരിശുദ്ധ പാത്രിയർക്കീസ് സാഖ പ്രഥമൻ ബാവ 'മൽഫോനൊ ദ് മർദൂത്തോ' എന്ന പദവി നല്കി ആദരിച്ചിട്ടുണ്ട്. ശ്ലൈഹിക സന്ദർശനം വിവാദങ്ങളും വിശദീകരണങ്ങളും, ഭാഗ്യനിക്ഷേപം, ചിതറിയ മുത്തുകൾ, ഇതാ സാക്ഷാൽ ഇസ്രായേല്യൻ, പൗരസ്ത്യ കാതോലിക്കാ സ്ഥാപനത്തിന്റെ യഥാർത്ഥ നില, Four Historic Documents, യാക്കോബായ സുറിയാനി സത്യവിശ്വാസസഭയിലെ മതോപദേശ സാരങ്ങൾ, കാഴ്ചപ്പാടുകൾ, സമുദായ ക്കേസ് വിധിനടത്തൽ ഹർജി വിധിയും വിശകലനവും, The Indian Church of St. Thomas, സുറിയാനി സഭയുടെ മതോപദേശപാലനം, നമസ്കാരക്രമം, സുറിയാനി വിശുദ്ധഗ്രന്ഥം, വിശുദ്ധ ഗ്രന്ഥവായ


നക്കുറിപ്പ്, പൂർവ്വിക സഭാപിതാക്കന്മാരും പൊതുസൂനഹദോസുകളും, The Syrian Orthodox Church its Religion and Philosophy, ജീവന്റെ അപ്പം (വിശുദ്ധ കുർബ്ബാനാവ്യാഖ്യാനം), ജീവജലം, പെരുമ്പിള്ളി തിരുമേനി മലങ്കരസഭയുടെ കാൽനൂറ്റാണ്ട്, Biograhpy of The Blessed Virgin Mary, A Guide to the Altar Assistants, ഇന്ത്യയിലെ സുറിയാനി സഭാചരിത്രം, സത്യവിശ്വാസ പഠനങ്ങൾ, മഹാപരിശുദ്ധനായ മഞ്ഞനിക്കര ബാവ, വൈദിക ഗൈഡ്, സുറിയാനി സഭാചരിത്രം, വിശുദ്ധനാട് സന്ദർശനങ്ങൾ, വിശ്വാസധീരൻ മീഖായേൽ മോർ ദീവന്നാസ്യോസ് മെത്രാപ്പോലീത്ത, പൗരസ്ത്യ സന്യാസപിതാക്കന്മാരുടെ മൊഴിമുത്തുകൾ, മലയാളത്തുള്ള സുറിയാനി ക്രിസ്ത്യാനികളുടെ സഭാചരിത്രം, THE EUCHARIST SERVICE OF THE JACOBITE SYRIAN CHRISTIANS, A Collection of Articles by HIS HOLINESS IGNATIUS ZAKKA I WAS, Quintessence of Religious Doctrines, Syrian Orthodoz Church Trilingual Eucharist Service Book, Festschrift in honour of His Holiness Ignatius Zakka I Was, THE SYRIAN JACOBITE CHURCH OF KERALA AND THE CHURCH MISSIONARY SOCIETY, എന്നീ ഗ്രന്ഥങ്ങൾ അച്ചന്റെ നേതൃത്വത്തിലുള്ള മോർ ആദായിസ് സ്റ്റഡി സെന്റർ പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്

THE JOURNAL OF THE

KOTTAYAM DIOCESE

സിറിയൻ ഓർത്തഡോക്സ് സഭയുടെ കോട്ടയം ഭദ്രാസന പ്രസിദ്ധീകരണം

Vol. 1 September 1996 No.5




1996 സെപ്തംബർ 1-ാം തീയതി നിത്യജീവിതത്തിലേക്കു പ്രവേശിച്ച

ശ്രേഷ്ഠ ബസേലിയോസ് പൗലോസ് ദ്വിതീയൻ
കാതോലിക്കാ ബാവാ

അനുസ്മരണാപതിപ്പ്



ശ്രേഷ്ഠ ബസേലിയോസ് പൗലോസ് ദ്വിതീയൻ
കാതോലിക്കാ ബാവാ സഭാ തലവൻ പ. ഇഗ്നാത്തിയോസ് സാഖാ പ്രഥമൻ
പാത്രിയർക്കീസ് ബാവായുമൊത്ത് ഡമാസ്കസിലെ
പാത്രിയർക്കാ അരമനയിൽ (1981)



ശ്രേഷ്ഠ കാതോലിക്ക ബാവ

അവതരണക്കുറിപ്പ്

ശ്രേഷ്ഠ ബസേലിയോസ് പൗലോസ് ദ്വിതീയൻ കാതോലിക്ക ബാവയുടെ ദേഹവിയോഗത്തിൽ കേരളത്തിലെ പ്രധാനപ്പെട്ട ചില പത്രങ്ങളിലും വന്ന മുഖപ്രസംഗങ്ങളും വാർത്തകളും ചിത്രങ്ങളും, 1996 സെപ്തംബർ 4-ാം തീയതി മണർകാട് പള്ളിയിൽ ചേർന്ന അനുശോചന യോഗത്തിൽ നടത്തിയ അനുസ്മരണ പ്രസംഗങ്ങളും ഉൾക്കൊള്ളിച്ച് ഈ ലക്കം മാസിക ശ്രേഷ്ഠ കാതോലിക്കബാവയുടെ അനുസ്മരണപ്പതിപ്പായി പ്രസിദ്ധീകരിക്കുന്നു.

കേരളത്തിലെ സാഹോ-സാംസ്കാരിക-രാഷ്ട്രീയനായകന്മാരും മാധ്യമങ്ങളും ബാവയെക്കുറിച്ച് എന്തു പറഞ്ഞു എന്നത് സഭാംഗങ്ങൾക്ക് അനുസ്മരണീയവും ആ ദിവ്യതേജസിന്റെ ചിരസ്മരണീയതയ്ക്ക് ഒരു ചരിത്രരേഖയും ആയിരിക്കും എന്നതിനു സംശയമില്ല.

കോട്ടയം ഭദ്രാസനത്തിന്റെ മെത്രാപ്പോലീത്തായായും ദീർഘകാലം പിതൃതുല്യം നയിച്ച പരിശുദ്ധനായ ശ്രേഷ്ഠപിതാവിന്റെ സേവന ജീവിതമാതൃകകൾക്കു മുന്നിൽ അഞ്ജലീനിബദ്ധമായ അശ്രുകുസുമങ്ങൾ തൃപ്പാദങ്ങളിൽ സമർപ്പിക്കുന്നു.

ചീഫ് എഡിറ്റർ

കുര്യാക്കോസ് കോർഎപ്പിസ്കോപ്പ
മൂലയിൽ

MOWJEE
RAMRAJ ENTERPRISES

മലയാള മനോരമ
14 പേജ് 2.75 രൂപ Published from Kottayam Kozhikode Kochi Thiruvananthapuram Palakkad Kannur and Bellary 1996 ഡിസംബർ 2 തിങ്കൾ

Smooth and Stylish Writing
SYEDNA
REFILLS



ആചാര്യ ശ്രേഷ്ഠന് ആദരാഞ്ജലി



ശ്രേഷ്ഠ കാതോലിക്കാ ബാവാ കാലംചെയ്തു

ഇറാഖ് പട മുന്നേറുന്നു; യു.എസ്. താക്കീത്

ജയിംസ് വർഗീസ് ഇടുക്കിയിലും പ്രദീപ്കുമാർ ആലപ്പുഴയിലും കലക്ടർമാർ

പരിശുദ്ധ കാതോലിക്കാ ബാവ അന്തിമോപചാരം അർപ്പിച്ചു

മദനിക്കു വീണ്ടും അസ്വാസ്ഥ്യം

റവന്യൂബോർഡ് പിരിച്ചുവിടാൻ ബിൽ ഉടൻ

സുഖിനാം അദ്ധ്യക്ഷനെ നിയമിച്ചു

യാക്കോബായ സഭാ വിദ്യാഭ്യാസങ്ങൾ ഇന്ന് അവധി

നിയമസഭയിൽ ഇന്ന്



20 കോടിയുടെ മയക്കുമരുന്നും ആയുധങ്ങളും പിടിച്ചു

New fears surface as Kashmir gets ready for its biggest political exercise
KASHMIR AT THE CROSSROADS
WITHOUT MAKEUP
An insight into the enigmatic personality of the Dada Saheb Phalke award winner, Rajakumar
FAMILY BUSINESS
A new breed of housewife entrepreneurs runs successful businesses without disrupting their families.
THE WEEK
INDIA'S NO.1 NEWSWEEKLY
On the stands from 2-9-96



Manorama Classifieds

വിദ്യാഭ്യാസം

L.B.S. CENTRE

GOVT. OF INDIA NCVT/AICTE/ 3Yr. DIPLOMA

SKILTEK

NINANS

CHERAN COLLEGE OF PHARMACY

ADMISSION FOR B.PHARMACY COURSE - 1996-97

ONLY FEW SEATS ARE AVAILABLE

NO CAPITATION. ONLY TUITION FEES.

L.B. ENTRANCE '96

SCIENCE ACADEMY

സെക്രട്ടറിയൽ കോഴ്സ്

OXFORD COLLEGE

മലയാളം M.A.

ADMISSION NOTICE

SPOKEN ENGLISH

VISWABHARATH VIDYA MANDIR

BUILDING MATERIALS

CHANGE OF NAME

ANNOUNCEMENT

BOOKS & PERIODICALS

COMPUTER

ക്രഷർ. STONE CRUSHER

SAYAJI, MARSHALL, BULLET, AGARWALLA, NEWRUBY

MACHINE LAND

FOUND

FOR SALE

MEDICAL

MISCELLANEOUS

NURSERY/GARDENING

FLOWER FARMING CORPORATION

RENTAL

TRAVELS & TOURS

തൊടുപുഴയിൽ

PHILIPS, ONIDA, BPL, SONY, PANASONIC

നിരപ്പേൽ ഏജൻസീസ്

St. Mary's Finance Ltd.

സ്വർണ്ണപണയത്തിന്മേൽ പവന്

2000

രൂപ വരെ

St. Mary's Finance Ltd.

മലയാള മനോരമ KTM 1996 ഡിസംബർ 2 തിങ്കൾ Y 2

ശ്രേഷ്ഠകാതോലിക്ക ബാവയുടെ വിയോഗത്തിൽ അനുശോചനം



മണർകാട് പള്ളിയിൽ എട്ടുനോമ്പിന് കൊടിമരം ഉയർത്തി



മന്നത്തിന്റെ ചരിത്രം പാഠ്യവിഷയമാക്കണം: താലൂക്കു യൂണിയൻ



ഷാപ്പുപാലത്തിനു ശിലയിട്ടു

ബസ്സ്റ്റാൻഡുണ്ട്; യാത്രക്കാർ കടത്തിണ്ണയിലും





ശ്രേഷ്ഠരിൽ ശ്രേഷ്ഠൻ



മനസ്സിലെന്നും ഐക്യപ്രതീക്ഷ



ഋഷി തുല്യൻ

ലാളിത്യത്തിന്റെ ആൾരൂപം

അന്ത്യോകൃയെ കൃപയുടെ ഉറവയായി കണ്ട ഇടയൻ

കെ.എസ്.ആർ.ടി.സി. നന്നാക്കാൻ പദ്ധതി

വേർപാടിന്റെ ദുഃഖത്തിലും വിശുദ്ധനിയോഗത്തിന്റെ ഓർമ നിറയുന്നു

ജനാധിപത്യത്തിന്റെ കൂട്ടുപോരാളി

പാത്രിയർക്കീസിന്റെ പ്രതിനിധി വരും

സുഖ്റാം ഉടൻ മടങ്ങാൻ സി.ബി.ഐ. ആവശ്യപ്പെടും

അന്ത്യോഖ്യയെ കൃപയുടെ ഉറവയായി കണ്ട ഇടയൻ

പരിശുദ്ധ സക്കാ പ്രഥമൻ പാത്രിയർക്കീസ് ബാവ എഴുതുന്നു.

ഡമാസ്കസ്: ഞാൻ രാവിലെ കുർബാനയ്ക്കു പോകാൻ ഒരുങ്ങുകയായിരുന്നു. അപ്പോഴാണ് എന്റെ സെക്രട്ടറി മുറിയിലേക്കോടിവന്ന് നമ്മുടെ സഹോദരൻ ബസേലിയസ് പൗലോസ് ദ്വിതീയൻ കാലംചെയ്ത വിവരം കേരളത്തിൽനിന്ന് ബാബു പോൾ ഫോൺ ചെയ്തറിയിച്ച കാര്യം പറഞ്ഞത്. ഞെട്ടലിൽനിന്നു വിമുക്തരായി കുർബാന ആരംഭിക്കാൻ പിന്നെ ഏറെ സമയമെടുത്തു.

ബാവയുമായുള്ള എന്റെ ബന്ധം 1952 മുതൽ തുടങ്ങിയതാണ്. അന്ന് അദ്ദേഹം ഫാ. പി.ജെ. പൗലോസാണ്. കണ്ടനാട് [illegible]നാധിപനായി [illegible]റാഭിഷേകം [illegible]ാൻ ഇവിടെ വന്നിരുന്നു. ഞാനന്ന് [illegible]ശമ്മാശനായിരുന്നു. എനിക്ക് പൗലോസ് അച്ചനെ നന്നായിഇഷ്ടപ്പെട്ടു. [illegible]ത്തിന്റെ രൂപീകരണപ്രസന്നതയിൽ ഞാൻ ആകൃഷ്ടനായി. അദ്ദേഹം ഇവിടെനിന്നു പിന്നെ മടങ്ങിയത് പൗലോസ് മോർ പീലക്സിനോസ് എന്ന പേരിലാണ്. പിന്നെ ഞങ്ങൾ തമ്മിൽ കുറെ നാൾ വലിയ ബന്ധം ഉണ്ടായിരുന്നില്ല.



ഓസ്ട്രിയൻ പ്രസിഡന്റും പ്രോഗ്രിയന്റെ പ്രസിഡന്റും പാത്രിയർക്കീസ് ബാവായുമൊത്ത് വിയന്നായിൽ

ഞങ്ങൾ വീണ്ടും കണ്ടുമുട്ടിയത് ഒരു വ്യാഴവട്ടത്തിനുശേഷമാണ്. അത് ഇന്ത്യയിൽ വച്ചായിരുന്നു. ഞാനന്ന് മെത്രാനായിരുന്നു. കാലംചെയ്ത ഇഗ്നാത്തിയോസ് യാക്കോബ് തൃതീയൻ പാത്രിയർക്കീസ് ബാവയുടെ കൂടെയായിരുന്നു എന്റെ വരവ്. അന്നാണ് ഔഗേൻ പ്രഥമൻ കാതോലിക്കയെ വാഴിച്ചത്.

ഞങ്ങൾ അന്നു സഭയിലെ പല കാര്യങ്ങളെപ്പറ്റിയും സംസാരിച്ചു. പ്രത്യേകിച്ച് 1958-നും 1964-നും ഇടയിൽ സഭയിലുണ്ടായ മാറ്റങ്ങളെപ്പറ്റി.

മറ്റു മെത്രാന്മാരിൽനിന്നു വ്യത്യസ്തമായി അന്ത്യോഖ്യൻ പ്രസ്ഥാനത്തിനു നേതൃത്വം നല്കാൻ എന്തുകൊണ്ടാണു താല്പര്യം കാണിച്ചതെന്ന് ഞാനദ്ദേഹത്തോടു ചോദിച്ചു. അദ്ദേഹത്തിന്റെ മറുപടി ലളിതമായിരുന്നു.

അന്ത്യോഖ്യയാണ് കൃപയുടെ ഉറവയെന്നു തന്റെ പിതാവ് തന്നെ പഠിപ്പിച്ചിരുന്നതായി അദ്ദേഹം എന്നോടു പറഞ്ഞു. അതിനാൽ അന്ത്യോഖ്യൻപ്രസ്ഥാനത്തിനു നേതൃത്വം നല്കിയില്ലെങ്കിൽ കുറെ വിശ്വാസികളെ സഭയ്ക്കു നഷ്ടപ്പെടും എന്നും അദ്ദേഹം പറഞ്ഞു.

ആ മനസ്സിന്റെ ലാളിത്യവും കുഞ്ഞാടുകൾക്കു വേണ്ടിയുള്ള കരുതലും എന്നെ ആകർഷിച്ചു.

പിന്നീടാണ് 1970-നു ശേഷമുള്ള സംഭവങ്ങൾ. അദ്ദേഹം കിഴക്കിന്റെ കാതോലിക്കയായി. കാതോലിക്ക എന്ന നിലയിൽ 1980-ൽ പാത്രിയർക്കീസായി ഞാൻ സ്ഥാനമേറ്റപ്പോൾ അദ്ദേഹം മുഖ്യകാർമികനായി. അന്നുമുതൽ ഞങ്ങൾ ഒന്നിച്ചു പ്രവർത്തിച്ചു. സഹോദരന്മാരെപ്പോലെ പ്രവർത്തിച്ചു. കഴിഞ്ഞ 16 വർഷങ്ങളിൽ പല അവിസ്മരണീയസംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. 1981-ലെ ആഗോള സിനഡ്, 1982-ലെ എന്റെ ഇന്ത്യാ സന്ദർശനം എന്നിവ അതിൽ ചിലതാണ്.

വിശ്വാസം, അച്ചടക്കം, പൗരോഹിത്യം എന്നിവയുടെ കാര്യത്തിൽ ഞങ്ങൾ തമ്മിൽ വ്യക്തമായ ധാരണ ഉണ്ടായിരുന്നു. അദ്ദേഹത്തിന് അന്ത്യോഖ്യയോടുള്ള കൂറ് എനിക്കു മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്.

ബാവയുടെ അനുപമമായ ഒരുപാടു ഗുണഗണങ്ങൾ എനിക്കെഴുതാനുണ്ട്. അതിൽ രണ്ടെണ്ണം മാത്രം ഇവിടെ സൂചിപ്പിക്കട്ടെ: ഒന്നാമത്തേത് അദ്ദേഹത്തിന്റെ വിനയമാണ്. ദൈവത്തിലും സഭയിലും ഉള്ള അചഞ്ചല

മായ വിശ്വാസത്തിൽനിന്നാണ് അത് ഉദയംകൊണ്ടത്. പുതിയനിയമത്തിലെ പൗലോസ് അപ്പോസ്തലനെപ്പോലെ ഒട്ടേറെ നിസ്തുലഗുണങ്ങളുടെ വിളനിലമായിരുന്നു പൗലോസ് ദിതീയൻ ബാവയും. അപ്പോസ്തലനായ പൗലോസിനെപ്പോലെതന്നെ ഈ ഗുണങ്ങളെയൊക്കെ തുച്ഛമായെണ്ണി ദൈവത്തിന്റെ വിനയാനിതനായ കുഞ്ഞായി അദ്ദേഹം ജീവിച്ചു. ഉന്നതനായ കാതോലിക്കയായിരുന്നെങ്കിലും പൗരോഹിത്യപാതയിലേക്കു പിച്ചവയ്ക്കുന്ന ഏതു യുവവൈദികനും അനുകരിക്കാവുന്ന ലാളിത്യം ബാവയുടെ മാത്രം സ്വന്തമായിരുന്നു.

അഗാധമായ സുറിയാനിഭാഷാപ്രാവീണ്യമാണു രണ്ടാമത്തെ സവിശേഷത. കുറച്ചൊക്കെ സുറിയാനി പഠിക്കുന്നത് അത്ര ബുദ്ധിമുട്ടുള്ള കാര്യമല്ല. എന്നാൽ പാണ്ഡിത്യം നേടാനാവട്ടെ എളുപ്പവുമല്ല. സുറിയാനി പഠനത്തിനു പരിമിത സൗകര്യങ്ങൾ മാത്രമുള്ള ഒരു രാജ്യത്തു താമസിച്ചുകൊണ്ട് ആ പ്രാവീണ്യം നിലനിർത്തുന്നതാവട്ടെ ഏറെ വിഷമകരമായ കാര്യവുമാണ്.

സഭ നിർണായകനിമിഷങ്ങളിലൂടെ കടന്നുപോകുന്ന ഈ കാലത്ത്, ബാവയുടെ വിയോഗം നമുക്ക് അപരിഹാര്യമായ നഷ്ടമാണ്. നമുക്കു നഷ്ടപ്പെട്ടത് ഒരു പ്രിയ സുഹൃത്തിനെയും പണ്ഡിതനായ വഴികാട്ടിയെയുമാണ്. എങ്കിലും ഒരു നിമിഷത്തിലല്ലെങ്കിൽ മറ്റൊന്നിൽ ഈ ഭൂമി വിട്ടുപോകണമെന്ന സത്യം നമ്മൾ അംഗീകരിച്ചേ തീരൂ. ഈ നഷ്ടം സഹിക്കാൻ ദൈവം നമുക്കു കരുത്തു തരട്ടെ. തന്റെ പ്രിയപ്പെട്ട പുഷ്പമായി ദൈവം അദ്ദേഹത്തെ കരുതട്ടെ. ബാവ കാട്ടിത്തന്ന പാതയിലൂടെ നടക്കാൻ നല്ലവനായ ദൈവം നമുക്കുശേഷി നല്കട്ടെ. ഒരു നാൾ നമ്മളും മറുതീരത്തെത്തുമ്പോൾ ബാവയെപ്പോലെയുള്ള പരിശുദ്ധരുടെ ഗണത്തിൽ ചേർന്നു ദൈവത്തിന്റെ മഹത്ത്വം ഘോഷിക്കാൻ ദൈവം നമുക്കു ഭാഗ്യം തരട്ടെയെന്നു പ്രാർത്ഥിക്കാം.

•

കണ്ണീരോടെ സാരഥി



മൂവാറ്റുപുഴ: മലങ്കര മെത്രാപ്പോലീത്തയുടെ ഔദ്യോഗിക പതാക വഹിച്ച ചാരനിറമുള്ള ടാറ്റാ എസ്റ്റേറ്റർ കാറിനടുത്തു നിന്ന് തോമസ് കണ്ണീരൊപ്പി. ശ്രേഷ്ഠ കാതോലിക്ക ബാവയുടെ വിശ്വസ്ത ഡ്രൈവറായിരുന്നു തോമസ്.

മണീട് ചീരക്കാട്ട് ഗോപാലൻനായരുടെ പുത്രൻ കൃഷ്ണൻകുട്ടി മേനോനായി ജനിച്ച തോമസ് 25 വയസ്സുള്ളപ്പോഴാണ് 1955-ൽ പിറമാടം ദയറായിലെ കാര്യങ്ങൾ നോക്കാൻ എത്തിയത്. അന്ന് മറ്റൊരു തോമസുകൂടി അവിടെ ഉണ്ടായിരുന്നു. പിന്നീട് തോമസ് മോർ ദിവന്നാസിയോസ് ആയ തോമസ്.

ബാവ എറണാകുളത്ത് അയച്ച് തോമസിനെ ഡ്രൈവിംഗ് പഠിപ്പിച്ചു. '1957-ൽ ലാൻറ് മാഷ് കാറാണ് ആദ്യം ഓടിച്ചത്. 1995 ഡിസംബർവരെ ആ ദൗത്യം തുടർന്നു. നാലു കൊല്ലം മുൻപുവരെ ബാവയുടെ കൈയിൽനിന്നു നേരിട്ടാണ് തോമസ് ശമ്പളം വാങ്ങിയിരുന്നത്. പിന്നീട് അത് കാതോലിക്കേറ്റ് അരമനയിൽ നിന്നായി.

ബാവയോടൊപ്പം യാത്രചെയ്യുമ്പോഴൊക്കെ അദ്ദേഹത്തിന്റെ ഇലയിൽനിന്നോ പാത്രത്തിൽനിന്നോ അവശേഷിക്കുന്ന ഭക്ഷണം കഴിക്കാനായിരുന്നു തോമസിനിഷ്ടം. തോമസ് കൂടെ ഉണ്ടെങ്കിൽ വേറെ ശ്രദ്ധാശുശ്രൂഷകരൊന്നും ബാവയ്ക്കു വേണ്ടായിരുന്നു.

ഇന്നലെ രാവിലെയും തോമസ് പിറമാടം ദയറായിൽ ബാവയെ കാണാൻ എത്തിയിരുന്നു.

മലയാള മനോരമ
1996 സെപ്തംബർ 2 തിങ്കൾ

ശ്രേഷ്ഠ കാതോലിക്കാ ബാവ കാലംചെയ്തു

മൂവാറ്റുപുഴ: മലങ്കര യാക്കോബായ സുറിയാനി സഭയുടെ പരമാധ്യക്ഷൻ ശ്രേഷ്ഠ കാതോലിക്കാ മോറാൻ മോർ ബസേലിയസ് പൗലോസ് ദ്വിതീയൻ (82) കാലംചെയ്തു. കബറടക്കം ഇന്നു വൈകിട്ടു മൂന്നിന് പുത്തൻകുരിശിനു സമീപം മലേക്കുരിശു ദയറായിൽ പ്രത്യേകം തയ്യാറാക്കിയ കല്ലറയിൽ നടത്തും.

ഹൃദയാഘാതത്തെത്തുടർന്ന് ഇന്നലെ രാവിലെ 10.50-ന് കോലഞ്ചേരി മെഡിക്കൽ മിഷൻ ആശുപത്രിയിലായിരുന്നു അന്ത്യം. രാവിലെ എട്ടുമണിയോടെ നെഞ്ചുവേദന അനുഭവപ്പെട്ട ബാവയെ 10.15-ന് ആശുപത്രിയിലെത്തിച്ചു. ആശുപത്രിയിലെത്തുമ്പോൾ അബോധാവസ്ഥയിലായിരുന്ന ബാവയുടെ ജീവൻ രക്ഷിക്കാൻ ആശുപത്രിയിലെ ഹൃദ്രോഗ ചികിത്സാ വിദഗ്ദ്ധൻ ഡോ.ഈപ്പൻ പുന്നൂസ്, ചീഫ് ഫിസിഷ്യനും ഡയറക്ടറുമായ ഡോ.സി.കെ.ഈപ്പൻ, സെക്രട്ടറി ഡോ. സി.ടി.ജോർജ്, ഡോ. ഏബ്രഹാം മാമ്മൻ, ബാവയുടെ പേഴ്സനൽ ഡോക്ടർ ബിനോയ് മത്തായി തുടങ്ങിയവർ ഉൾപ്പെടുന്ന ഒരു സംഘം വിദഗ്ദ്ധർ കിണഞ്ഞുശ്രമിച്ചെങ്കിലും ഫലമുണ്ടായില്ല.



ശ്രേഷ്ഠ കാതോലിക്കാ ബാവ മുൻ രാഷ്ട്രപതി സെയിൽസിംഗിനോടൊപ്പം

ദയറായിൽ കുർബാനയ്ക്കു പോകാൻ ഒരുങ്ങുന്നതിനായി രാവിലെ കുളിക്കുമ്പോഴായിരുന്നു ഹൃദ്രോഗബാധ. കഠിനമായി നെഞ്ചുവേദനിക്കുന്നുവെന്നു പറഞ്ഞു തിടുക്കത്തിൽ കുളി അവസാനിപ്പിച്ചെത്തിയ ബാവ നെഞ്ചുതിരുമ്മാൻ ആവശ്യപ്പെട്ടു. സെക്രട്ടറി ഡീക്കൻ ബിജുവും മറ്റും ചേർന്നു നെഞ്ചും പുറവും തടവിക്കൊടുത്തു. ഹൃദ്രോഗബാധയാണെന്നു സംശയമുണ്ടായതിനെത്തുടർന്ന് ഇത്തരം ഘട്ടത്തിൽ നാവിനടിയിൽ വച്ചുകൊടുക്കേണ്ട ഗുളിക നല്കി. ഡോ.ബിനോയ് മത്തായിയെ ഉടൻതന്നെ വിവരമറിയിച്ചു. അദ്ദേഹം എത്തിയപ്പോൾ കടുത്ത അറാക്കാണു ബാധയെന്നു മനസ്സിലായി. മുൻമന്ത്രി ടി.എം.ജേക്കബും അപ്പോഴേക്കും

എത്തിയിരുന്നു.

ഡോ.ബിനോയി എത്തി പരിശോധിച്ച് ഇൻജക്ഷൻ നല്കിയശേഷം കോലഞ്ചേരി ആശുപത്രിയിലേക്കു ഡോക്ടറും ചേർന്നു കൊണ്ടുപോയി. ആശുപത്രിയിലേക്കു പോകുന്നതിനായി നടക്കാൻ തുടങ്ങിയ ബാവയെ ടി.എം.ജേക്കബും മറ്റും നിർബന്ധിച്ച് എടുത്തു കാറിൽ കയറ്റുകയായിരുന്നു.

സെൻറ് ജോൺസ് പള്ളി പാരിഷ് ഹാളിൻറെ ഉദ്ഘാടനം ഇന്നലെ നടത്താനിരുന്നതിൽ പങ്കെടുക്കാൻ തയ്യാറെടുത്തിരുന്ന ബാവ താനില്ലെങ്കിലും ചടങ്ങു ഭംഗിയായി നടത്താൻ നിർദേശിച്ചിട്ടാണ് ആശുപത്രിയിലേക്കു തിരിച്ചത്.

വഴിമദ്ധ്യേ വിഷമം അധികരിക്കുന്നതായി പറഞ്ഞ ബാവ മൂവാറ്റുപുഴയിൽ എത്തിയപ്പോൾ വെള്ളം ആവശ്യപ്പെട്ടു. അല്പം വെള്ളം കുടിച്ചതായി കാറോടിച്ചിരുന്ന മൂവാറ്റുപുഴ ഗവണ്മെൻറ് സ്കൂൾ അധ്യാപകൻ പിന്മാടം ജോയി പറഞ്ഞു. ആശുപത്രിയിലെത്തുന്നതിന് ഏതാനും നിമിഷം മുമ്പ് ബാവയ്ക്കു ബോധം നഷ്ടപ്പെട്ടു. ഹൃദയസ്പന്ദനം തീരെ കുറഞ്ഞു.

ബാവ കാലംചെയ്ത വാർത്തയറിഞ്ഞ് കോലഞ്ചേരിയും പരിസരപ്രദേശങ്ങളും ദുഃഖനിമഗ്നമായി. പള്ളിമണികളുടെ ആർത്തനാദം കേട്ട് കോലഞ്ചേരിയിലെയും പരിസരപ്രദേശങ്ങളിലെയും ഭക്തജനങ്ങൾ ആശുപത്രിയിലേക്കു പ്രവഹിച്ചു. കോലഞ്ചേരി പട്ടണം ശോകമൂകമായി.

ബാവയുടെ ഭൗതികശരീരം അംശവസ്ത്രങ്ങൾ അണിയിച്ചു പൊതുദർശനത്തിനായി ഒരുക്കുമ്പോൾ ആശുപത്രിയിലും പരിസരത്തുമെല്ലാം ജനങ്ങൾ കണ്ണീരടക്കി കാത്തുനില്ക്കുകയായിരുന്നു. ദുഃഖഭാരം കുറയ്ക്കാൻ അവർ പ്രാർഥനാഗാനങ്ങൾ ഉച്ചത്തിൽ ആലപിച്ചു.

ഉച്ചയ്ക്ക് ഒന്നേകാലിന് ആശുപത്രിയിൽനിന്നു ഭൗതികശരീരം പ്രത്യേകം തയ്യാറാക്കിയ തുറന്ന വാഹനത്തിൽ കോലഞ്ചേരി പട്ടണത്തിലൂടെ സെൻറ് പീറേഴ്സ് ആൻഡ് സെൻറ് പോൾസ് ചാപ്പലിലേക്കു കൊണ്ടുപോകുമ്പോൾ പട്ടണം വീർപ്പടക്കിനിന്ന് ആദരാഞ്ജലി അർപ്പിച്ചു. ഏബ്രഹാം മോർ സേവേറിയോസിൻറെയും അനേകം വൈദികരുടെയും നേതൃത്വത്തിൽ ഭക്തജനങ്ങൾ വിലാപയാത്രയിൽ പങ്കെടുത്തു.

ചാപ്പലിൽ ഏബ്രഹാം മോർ സേവേറിയോസിൻറെ നേതൃത്വത്തിൽ കബറടക്കശുശ്രൂഷയുടെ ഏഴു ക്രമങ്ങളിൽ ആദ്യത്തേതു നടത്തി. തുടർന്ന് തോമസ് മോർ അത്താനാസ്യോസിൻറെ അധ്യക്ഷതയിൽ ചേർന്ന സഭാ മാനേജിംഗ് കമ്മിറ്റിയാണ് കബറടക്കശുശ്രൂഷയുടെ സമയവും സ്ഥലവും നിശ്ചയിച്ചത്. തോമസ് മോർ തിമോത്തിയോസ്, ബന്യാമിൻ മോർ ഒസ്താത്തിയോസ്, ജോസഫ് മോർ ഗ്രിഗോറിയോസ്, ഏബ്രഹാം മോർ സേവേറിയോസ്, യൂഹാനോൻ മോർ മിലിത്തിയോസ്, സഭാ സെക്രട്ടറി ടി.യു.കുരുവിള, സഭാട്രസ്റ്റി കെ.എ.തോമസ്, വൈദികസെമിനാരി പ്രിൻസിപ്പൽ ഡോ.ആദായ് ജേക്കബ് തുടങ്ങിയവർ സന്നിഹിതരായിരുന്നു.

മൂവാറ്റുപുഴ കാതോലിക്കറേറ അരമനയിൽനിന്ന് ഇന്നു രാവിലെ പത്തിനു നഗരികാണിക്കൽ ആരംഭിക്കും. ബാവയുടെ ഭൗതികശരീരം വഹിക്കുന്ന രഥം അനേക വാഹനങ്ങളുടെ അകമ്പടിയോടെ കടാതി, റാക്കാട്,

കയ്യൊപ്പിട്ട ഭാഗത്ത് കബർ

കൊച്ചി: മലേക്കുരിശു ദയറായിൽ ഇന്നു ബി.എഡ്. കോളജിൽ ക്ലാസ് ആരംഭിക്കുമ്പോൾ പ്രാർഥനയോടെ അതിനു തുടക്കം കുറിക്കാൻ എത്തേണ്ടതായിരുന്നു ശ്രേഷ്ഠ കാതോലിക്ക മോറാൻ മോർ പൗലോസ് ദ്വിതീയൻ. പക്ഷേ, അദ്ദേഹത്തിൻറെ ഭൗതികദേഹം അടക്കംചെയ്യുന്ന കർമമാണ് ഇന്നവിടെ നടക്കുക.

ബാവയുടെ വില്പത്രത്തിൽ നിർദേശിച്ചിരിക്കുന്ന തനുസരിച്ച് ദയറായിൽ കബറടക്കത്തിനുള്ള ഒരുക്കങ്ങൾ ചെയ്യുന്നതിന് നേതൃത്വം കൊടുക്കുന്ന ഫാ. കെ.പി.ഗീവർഗീസ് ദുഃഖമടക്കി പറഞ്ഞു.


ബാവയ്ക്ക് ആത്മബന്ധമുള്ള മലേക്കുരിശു ദയറാ പുതുക്കിപ്പണിയാനുള്ള ഒരുക്കങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. അതിനായി തയ്യാറാക്കിയ പ്ലാൻ അംഗീകാരത്തിനായി ബാവയ്ക്കു സമർപ്പിച്ചിരുന്നു. പ്ലാൻ അംഗീകരിച്ചുകൊണ്ട് ബാവ ഒപ്പിട്ടത് പുതിയ ദയറായുടെ മദ്ബഹായുടെ ഇടത്തു ഭാഗത്തായിരുന്നു. അദ്ദേഹം കയ്യൊപ്പിട്ട അതേ ഭാഗത്തു വരത്തക്കവിധമാണ് കബർ നിർമിക്കുന്നത്.

മെത്രാപ്പോലീത്തയായി ആദ്യമെത്തിയ മലേക്കുരിശിൽ 1952 മുതൽ ആറു കൊല്ലം തുടർച്ചയായി അദ്ദേഹം താമസിച്ചിരുന്നു. കുന്നിൻമുകളിലുള്ള ഈ ദയറായിൽ പിന്നീടും മിക്കപ്പോഴും അദ്ദേഹമെത്തുമായിരുന്നു.

മേക്കടമ്പ്, കടമറ്റം, കോലഞ്ചേരി വഴി ഒരു മണിക്കു പത്താംമൈൽ ജംഗ്ഷനിലെത്തും. അവിടെനിന്ന് മലേക്കുരിശു ദയറാപ്പള്ളിയിലേക്കു നീങ്ങും.

വില്പത്രത്തിൽ നിർദേശിച്ചിട്ടുള്ള പ്രകാരമാണ് കബറടക്കം മലേക്കുരിശു ദയറായിൽ നടത്തുന്നത്. ഇക്കൊല്ലം മേയ് 17-ന് ബാവാ ഒപ്പുവച്ച് തോമസ് മോർ അത്താനാസ്യോസിനെ ഏല്പിച്ച വില്പത്രത്തിൽ തന്റെ അന്ത്യവിശ്രമം മലേക്കുരിശിലായിരിക്കണമെന്നു പ്രത്യേകം നിഷ്കർഷിച്ചിരുന്നു. പൗലോസ് മോർ പീലക്സിനോസ് എന്ന നാമത്തിൽ 1952-ൽ മെത്രാപ്പോലീത്തയായി അദ്ദേഹം ആദ്യം എത്തിയതു മലേക്കുരിശിലായിരുന്നു. തുടർന്ന് ആറു വർഷം അദ്ദേഹം മലേക്കുരിശ് ദയറായിൽ താമസിച്ചു.

കൊച്ചി ഭദ്രാസനത്തിന്റെ മുൻ മെത്രാപ്പോലീത്തയും 93 വയസ്സുകാരനുമായ തോമസ് മോർ ഒസ്താത്തിയോസ് അന്തിമശുശ്രൂഷ അർപ്പിക്കാനായി കോലഞ്ചേരിയിലെത്തി. ശ്രേഷ്ഠ കാതോലിക്കയുടെ സഹായ മെത്രാനായിരുന്നിട്ടുള്ള മോർ ഒസ്താത്തിയോസ് 1952-ൽ മെത്രാപ്പോലീത്ത തെരഞ്ഞെടുപ്പിൽ മോർ പീലക്സിനോസിനുവേണ്ടി സ്വയം പിന്മാറിയതാണ്.



കാലംചെയ്ത ശ്രേഷ്ഠ കാതോലിക്ക ബാവാ ബസേലിയോസ് പൗലോസ് ദ്വിതീയന് അന്തിമാഞ്ജലി അർപ്പിച്ച് മുൻ മുഖ്യമന്ത്രി എ.കെ. ആന്റണി പുറത്തേക്കു വരുന്നു

കെ.പി.സി.സി. (ഐ.) അധ്യക്ഷൻ വയലാർ രവി, മുൻ മുഖ്യമന്ത്രി എ.കെ.ആന്റണി, മുൻ മന്ത്രി ടി.എം.ജേക്കബ്, എം.എൽ.എ.മാരായ ജോണി നെല്ലൂർ, വി.ജെ.പൗലോസ് തുടങ്ങി ജീവിതത്തിന്റെ നാനാതുറയിൽപെട്ട ആയിരങ്ങൾ കാലംചെയ്ത ആധ്യാത്മികാചാര്യന് അന്ത്യാഞ്ജലി അർപ്പിക്കാൻ കോലഞ്ചേരിയിലെത്തിയിരുന്നു. ബാവയുടെ സഹോദരി എഴുപത്തിയെട്ടുകാരിയായ പറവൂർ മാണിയാറ മേരി വർഗീസ് ഭൗതികശരീരത്തിനടുത്തെത്തിയപ്പോൾ സർവനിയന്ത്രണവും വിട്ടു പൊട്ടിക്കരഞ്ഞു.

ഒന്നാം ഘട്ട ശുശ്രൂഷയ്ക്കുശേഷം മൂന്നരയ്ക്കു ബാവയുടെ ഭൗതികശരീരം പിറമാടം ഗദ്സമൻ ദയറായിലേക്കു വിലാപയാത്രയായി സംവഹിച്ചപ്പോൾ വർഷങ്ങളായി ആ മഹാപുരോഹിതന്റെ സ്നേഹവാത്സല്യങ്ങൾ അനുഭവിച്ച സഭാമക്കൾ കണ്ണീരോടെ എതിരേറ്റു. ചൂണ്ടി, രാമമംഗലം, പാമ്പാക്കുടവഴി വിലാപയാത്ര നീങ്ങുമ്പോൾ വഴിനീളെ പള്ളിമണികൾ നാടിന്റെ വിലാപത്തിൽ തേങ്ങി.

പിറമാടവുമായി 40 വർഷത്തെ ആത്മബന്ധമുള്ള ബാവയുടെ ഭൗതികശരീരം സ്ഥാനവസ്ത്രങ്ങളണിയിച്ച് അംശവടിയും കുരിശുമായി സിംഹാസനത്തിലിരുത്തി ദയറാ ചാപ്പലിലേക്കു കൊണ്ടുചെന്നപ്പോൾ വൈദികരും വിശ്വാസികളും ദുഃഖാർത്തരായി പ്രാർഥനാജപങ്ങളുരുവിട്ടു. പിറമാടത്തെ പ്രശാന്തമായ കുന്നിൻമുകളിലെ ദയറായിൽ കുറേക്കാലമായി വിശ്രമജീവിതം നയിക്കുകയായിരുന്നു ബാവ.

മലയാള മനോരമ ചീഫ് എഡിറ്റർ കെ.എം.മാത്യു ദയറാ ചാപ്പലിൽ അന്ത്യാഞ്ജലി അർപ്പിച്ച് പുഷ്പചക്രം സമർപ്പിച്ചു.

തോമസ് മോർ അത്താനാസ്യോസ്, യൂഹാനോൻ മോർ മിലിത്തിയോസ്, ജോസഫ് മോർ ഗ്രിഗോറിയോസ്, എം.എൽ.എ. മാരായ ടി.എം.ജേക്കബ്, ജോണി നെല്ലൂർ, മുൻ കേന്ദ്രമന്ത്രി എ.എം.തോമസ്, ടി.എച്ച്.മുസ്തഫ, ജില്ലാ കലക്ടർ വി.പി.ജോയ്, എ.ഐ.സി.സി. (എസ്) അഖിലേന്ത്യാ ജനറൽ സെക്രട്ടറി ടി.പി.പീതാംബരൻ എന്നിവരും ദയറായിൽ സന്നിഹിതരായിരുന്നു. ദയറാ ചാപ്പലിലെ പ്രാർഥനാശുശ്രൂഷയ്ക്കുശേഷം ഭൗതിക ശരീരം സെൻറ് ജോൺസ് പള്ളിയിലേക്കു കൊണ്ടു പോയി.

പിറമാടത്തുനിന്ന് 6.45-ന് ബാവയുടെ ഭൗതിക ശരീരം വഹിച്ച വിലാപയാത്ര മൂവാറ്റുപുഴ കാതോലിക്കേറ്റ് അരമനയിലേക്കു തിരിച്ചു. 7.30-ന് അരമനയിലെത്തിച്ചേർന്നപ്പോൾ സെൻറ് തോമസ് ചാപ്പലിനുള്ളിൽ തിങ്ങിക്കൂടിയിരുന്ന വിശ്വാസികൾ വാവിട്ടു കരഞ്ഞു.

ഗീവർഗീസ് മോർ ഗ്രിഗോറിയോസിന്റെ മുഖ്യ കാർമികത്വത്തിൽ സന്ധ്യാപ്രാർഥനയും തുടർന്നു കബറടക്ക ശുശ്രൂഷയുടെ അടുത്ത ഭാഗവും നടത്തി. കിഴക്കിന്റെ വലിയ മെത്രാപ്പോലീത്ത ഏബ്രഹാം മോർ ക്ലിമ്മീസ് 7.45-ന് എത്തിച്ചേർന്നു.

പരിശുദ്ധ പാത്രിയർക്കീസ് ബാവ ഫോൺസന്ദേശത്തിലൂടെ നല്കിയ അനുശോചനം മെത്രാപ്പോലീത്ത ജനങ്ങളെ അറിയിച്ചു. സഹോദരതുല്യം സ്നേഹിച്ചിരുന്ന ശ്രേഷ്ഠ ബാവയുടെ ദേഹവിയോഗത്തിൽ തനിക്കുള്ള അഗാധദുഃഖം സഭാവിശ്വാസികളെ അറിയിക്കാൻ പാത്രിയർക്കീസ് ബാവ ചുമതലപ്പെടുത്തിയതായി മോർ ക്ലിമ്മീസ് പറഞ്ഞു.

രാവേറെ ചെന്നിട്ടും കാതോലിക്കേറ്റ് അരമനയിലേക്കു ദുഃഖാർത്തരായ വിശ്വാസികളുടെ പ്രവാഹം തുടർന്നു. കറുത്ത കൊടി, ബാവയുടെ പടം, ബാവ കാലംചെയ്തു എന്നു കാണിക്കുന്ന ബാനറുകൾ എന്നിവയേന്തി വിവിധ ഭാഗങ്ങളിൽനിന്നു സ്ത്രീകളും കുട്ടികളും ഉൾപ്പെടെ സഭാമക്കൾ അരമനയിലെത്തിയപ്പോൾ തിരക്കു നിയന്ത്രിക്കാൻ പോലീസ് നന്നേ വിഷമിച്ചു.

മുൻ സ്പീക്കർ പി.പി.തങ്കച്ചൻ, ഡപ്യൂട്ടി സ്പീക്കർ സി.എ.കുര്യൻ, വി.ജെ.പൗലോസ് എം.എൽ.എ, കെ.ബാബു എം.എൽ.എ, ജസ്റ്റീസ് ബഞ്ചമിൻ കോശി തുടങ്ങിയവർ അരമനയിലെത്തിയിരുന്നു. ടി.എം. ജേക്കബ്, ജോണി നെല്ലൂർ എന്നിവർ വിലാപയാത്രയെ ഉടനീളം അനുഗമിച്ചു.

ഇന്നു പത്തുമണിവരെ അന്ത്യോപചാരമർപ്പിക്കാനായി ബാവയുടെ ഭൗതികശരീരം അരമനയിൽ പൊതുദർശനത്തിനു വയ്ക്കും.

കബറടക്കശുശ്രൂഷയിൽ പങ്കെടുക്കാനാവില്ലെങ്കിലും പരിശുദ്ധ പാത്രിയർക്കീസ് ബാവയുടെ പ്രതിനിധിയായി ആലപ്പോ ആർച്ച്ബിഷപ്പ് യൂഹാനോൻ ഇബ്രാഹിം മോർ ഗ്രിഗോറിയോസ് നാളെ ഇവിടെയെത്തും. മലങ്കരസഭയിലെ അനുരഞ്ജനനീക്കങ്ങൾ നിരീക്ഷിക്കാൻ അന്ത്യോഖ്യാസിംഹാസനത്തിൽനിന്നു പ്രത്യേകം നിയോഗിക്കപ്പെട്ടിട്ടുള്ള ആലപ്പോ മെത്രാപ്പോലീത്ത ഏതാനും ആഴ്ച മുമ്പാണ് ഡമാസ്കസിലേക്കു മടങ്ങിയത്.

ദേവലോകം കാതോലിക്കേറ്റ് അരമന ചാപ്പലിൽ പരിശുദ്ധ കാതോലിക്കാ ബാവ ധൂപപ്രാർഥന നടത്തി. മാത്യൂസ് മോർ എപ്പിഫാനിയോസ്, ഡോ.യാക്കോബ് മോർ ഐറേനിയസ്, സഭാട്രസ്റ്റി പി.സി.ഏബ്രഹാം, കോട്ടയം മുനിസിപ്പൽ ചെയർമാൻ പി.സി.ചെറിയാൻ, തെയോഫോറസ് റമ്പാൻ, പി.സി.യോഹന്നാൻ റമ്പാൻ, കാതോലിക്കേറ്റ് അരമന മാനേജർ ഫാ.ടി.ജി.സഖറിയ, ഓർത്തഡോക്സ് വൈദിക സെമിനാരി വൈസ് പ്രിൻസിപ്പൽ റവ.ഡോ.കെ.എം.ജോർജ് തുടങ്ങിയവരും ഒട്ടനവധി വൈദികരും പങ്കെടുത്തു.



കാലംചെയ്ത ശ്രേഷ്ഠ കാതോലിക്കാ ബസേലിയസ് പൗലോസ് ദ്വിതീയൻ ബാവയുടെ ഭൗതിക ശരീരം പിറമാടം ദയറയിൽ എത്തിയപ്പോൾ

വേർപാടിന്റെ ദുഃഖത്തിലും വിശുദ്ധനിയോഗത്തിന്റെ ഓർമ നിറയുന്നു

മൂവാറ്റുപുഴ: 'നീ പിറമാടത്തു വന്ന് എന്റെ കൂടെ താമസിക്കണം എന്ന് തിരുമേനി എപ്പോഴും പറയുമായിരുന്നു. ഇന്നിപ്പോൾ അന്ത്യദർശനത്തിനായി ഇവിടെ വരാനാണ് വിധി'—ശ്രേഷ്ഠ കാതോലിക്ക ബാവയുടെ അനുജത്തി മേരി വർഗീസ് വിതുമ്പി.

രണ്ടാഴ്ച മുമ്പ് എറണാകുളം ലിസി ആശുപത്രിയിൽ പരിശോധനയ്ക്കെത്തിയ ബാവയെ പരിചരിക്കാൻ സഹോദരിക്ക് എത്താനായില്ല. കാലിനു സുഖമില്ലാതിരുന്ന സഹോദരിയെ കാണാൻ ബാവ പറവൂരിലെ മാണിയാറവീട്ടിൽ ചെന്നു. അനുജത്തിക്കു 'ഹോർലിക്സ്' സമ്മാനിച്ചു.

ചെറുപ്പത്തിൽ തന്റെ കൂടെ എന്നും പ്രാർഥനയ്ക്കു കൂടുമായിരുന്ന പുത്രനെ ഓമല്ലൂരിൽ കബറടങ്ങിയ ഏലിയാസ് മോർ യൂലിയോസ് ബാവയെ കാണിക്കാൻ പിതാവ് പുതുശേരി ജോസഫ് കശീശ ആലുവയിൽ കൊണ്ടുപോയത് മേരി ഓർക്കുന്നു. മൂത്ത ജ്യേഷ്ഠൻ കുറിയാക്കോസും (അദ്ദേഹം ചെറായി സ്കൂളിൽ ഹെഡ്മാസ്റ്ററായി) കൂടെയുണ്ടായിരുന്നു.

മക്കളിൽ ആരെയെങ്കിലും ദൈവത്തിനു സമർപ്പിച്ചിട്ടുണ്ടോ എന്ന് യൂലിയോസ് ബാവ ചോദിച്ചു. മൂത്ത മകനെയാണ് കശീശ ചൂണ്ടിക്കാട്ടിയത്. ഇളയവന്റെ തലയിൽ കൈവച്ച് ബാവ പറഞ്ഞു: 'ഇവനാണ് ദൈവത്താൽ വിളിക്കപ്പെട്ടവൻ.' ബാവ പെട്ടി തുറന്ന് ഒരു സുറിയാനിപുസ്തകം ആ ബാലനു സമ്മാനിച്ചു.

ഓമല്ലൂരിൽ ബാവയുടെ കബറിങ്കലാണ് പൗലോസ് പട്ടമേറ്റത്.

'നീ മരിക്കേണ്ടിവന്നാലും അന്ത്യോഖ്യയെ മറക്കരുതെന്ന് യൂലിയോസ് ബാവ അന്ന് ഓർമിപ്പിച്ചത് മരണംവരെ തിരുമേനി മറന്നില്ല' —മേരി പറഞ്ഞു.

ആലുവയിൽ മലങ്കര മെത്രാപ്പോലീത്ത പൗലോസ് മോർ അത്താനാസിയോസ് രോഗശയ്യയിലായിരുന്നപ്പോഴാണ് പൗലോസ് മോർ പീലക്സിനോസിനെ കണ്ടനാട് ഭദ്രാസനത്തിന്റെ ചുമതല ഏല്പിച്ചത്. വിധിനിയോഗത്താൽ മലങ്കരയിൽ പാത്രിയർക്കീസ് വിഭാഗത്തിലെ മിക്ക ഭദ്രാസനങ്ങളുടെയും ചുമതല പിന്നീട് അദ്ദേഹത്തിനു വഹിക്കേണ്ടിവന്നു.

'നാലു കുതിരകളെ പൂട്ടിയ രഥത്തിലാണ് മോർ പീലക്സിനോസിനെയും കൊച്ചി ഭദ്രാസനത്തിലേക്കു നിയോഗിക്കപ്പെട്ട പൗലോസ് മോർ സേവേറിയോസിനെയും അന്നു സഘോഷം എഴുന്നെള്ളിച്ചത്' - മേരി ഓർക്കുന്നു. ഈ മെത്രാപ്പോലീത്തമാർ ഒരേ ഇടവകക്കാരും അയൽക്കാരുമായിരുന്നു.

വടക്കൻപറവൂർ മാണിയാറ പരേതനായ വർഗീസിന്റെ ഭാര്യയാണ് മേരി. ഏകപുത്രൻ ഡോ.ബെന്നി വർഗീസും മറ്റു കുടുംബാംഗങ്ങളും അന്ത്യശുശ്രൂഷയ്ക്കെത്തിയിട്ടുണ്ട്.

'വിനയത്തിന്റെ മഹാമാതൃക; സ്നേഹപ്രതീകം'

കൊച്ചി: സത്യവിശ്വാസസംരക്ഷണത്തിനായി ആജീവനാന്തം സഭയ്ക്കു ധീരമായ നേതൃത്വം നല്കിയ കർമധീരനായിരുന്നു കാലംചെയ്ത ശ്രേഷ്ഠ കാതോലിക്ക മോറാൻ മോർ ബസേലിയസ് പൗലോസ് ദ്വിതീയനെന്ന് ഗീവർഗീസ് മോർ ഗ്രിഗോറിയോസ് അനുസ്മരിച്ചു.

വിശുദ്ധ അന്ത്യോഖ്യാസിംഹാസനത്തോടും പരിശുദ്ധസഭയുടെ പാരമ്പര്യത്തോടും അങ്ങേയറ്റം സുശക്തമായ നിലപാടു സ്വീകരിച്ച കർമയോഗിയായിരുന്നു അദ്ദേഹം. വിനയത്തിന്റെ മഹാമാതൃകയും സ്നേഹത്തിന്റെ പ്രതീകവുമായിരുന്നു. ശത്രുക്കളെ സ്നേഹിക്കുന്നതിൽ ലോകത്തിനു തന്നെ മാതൃക കാട്ടിക്കൊടുത്ത അദ്ദേഹം അപഹസിക്കുന്നവനെ അനുഗ്രഹിക്കുന്ന മഹാപ്രാർഥനാചാര്യനായിരുന്നു. പരിശുദ്ധ സഭയുടെ മങ്ങിപ്പോകാത്ത ദീപസ്തംഭമായിരുന്ന അദ്ദേഹത്തിനു സദൃശനായി ഈ കാലഘട്ടത്തിൽ മറ്റാരുമില്ല.

വ്യവഹാരകോലാഹലങ്ങളെ അക്ഷോഭ്യനായി നേരിടാനും പ്രലോഭനങ്ങളെ സ്നേഹപൂർവം നിരസിക്കാനും ആ പുണ്യചരിതനു കഴിഞ്ഞു. അദ്ദേഹത്തിൽനിന്നു പഠിക്കാനും പകർത്താനും മുള്ളതു കുറച്ചൊന്നുമല്ലെന്ന് അദ്ദേഹം പറഞ്ഞു.

ശ്രേഷ്ഠ കാതോലിക്ക കാലംചെയ്തതിനാൽ സഭാഭരണം സംബന്ധിച്ച് എന്തെങ്കിലും ഇടക്കാല സംവിധാനം പ്രത്യേകമായി ഏർപ്പെടുത്തേണ്ടതില്ലെന്നു സഭയിലെ സീനിയർ മെത്രാപ്പോലീത്തയും മെത്രാപ്പോലീത്തമാരുടെ കമ്മിറ്റി പ്രസിഡന്റുമായ ഗീവർഗീസ് മോർ ഗ്രിഗോറിയോസ് പറഞ്ഞു.

'ആ കൈകളിൽ സഭാ നൗക സുരക്ഷിതമായിരുന്നു'

തോമസ് മോർ അത്താനാസ്യോസ്

മൂവാറ്റുപുഴ: നാല്പത്തഞ്ചു കൊല്ലം സഭയുടെ മേലധ്യക്ഷനായി പ്രവർത്തിച്ചിരുന്ന ബാവയുടെ ജീവിതവും പ്രവർത്തനവും സഭയുടെ അര നൂറ്റാണ്ടുകാലത്തെ ഗതിവിഗതികൾ നിയന്ത്രിക്കുന്നതിൽ വഹിച്ച പങ്കു നിർണായകമാണ്. കാറും കോളും നിറഞ്ഞ അന്തരീക്ഷം പലപ്പോഴുമുണ്ടായപ്പോഴും സഭാനൗകയെ സുരക്ഷിതമായി നയിക്കാൻ കഴിഞ്ഞതിൽ അദ്ദേഹത്തിന്റെ നേതൃത്വത്തിനുള്ള പങ്കു ചെറുതല്ല. യാക്കോബായ സഭയുടെ കണ്ടനാട് സഹായ മെത്രാപ്പോലീത്ത തോമസ് മോർ അത്താനാസ്യോസ് പറഞ്ഞു.

പല പ്രതിസന്ധികളിലും അദ്ദേഹമെടുത്ത നിലപാട് നിർണായകമായിരുന്നു. സന്തുലിത മനോഭാവത്തോടെ അന്തരം ഘട്ടങ്ങളിൽ തീരുമാനമെടുക്കാൻ അദ്ദേഹത്തിനു കഴിഞ്ഞു. എൺപതുകളിൽ സഭയിൽ ഉണ്ടായ പ്രക്ഷുബ്ധാന്തരീക്ഷത്തിൽ അദ്ദേഹം കൈക്കൊണ്ട സമീപനവും സ്വീകരിച്ചനിലപാടും ഇതിനു തെളിവാണ്.

വ്യക്തിപരമായി വളരെ അടുത്ത ബന്ധമാണ് എനിക്ക് അദ്ദേഹത്തോടുള്ളത്. എന്റെ പിതാവ് പുറാനിൽ യോഹന്നാൻ കത്തനാരുമായി ഉറ്റബന്ധം പുലർത്തിയിരുന്ന ബാവ മിക്കപ്പോഴും കുടുംബ സന്ദർശകനായിരുന്നു. അദ്ദേഹം മെത്രാഭിഷിക്തനായ വർഷം ജനിച്ച എനിക്ക് ചെറുപ്പംമുതലേ അദ്ദേഹത്തെ അടുത്തു പരിചയപ്പെടാൻ കഴിഞ്ഞു. വൈദിക ജീവിതത്തിലേക്കു ഞാൻ കടന്നുവരുന്നതിലും മേല്പട്ടസ്ഥാനമേല്ക്കുന്നതിലും അദ്ദേഹം കാര്യമായി സ്വാധീനിച്ചിരുന്നു. മേല്പട്ട സ്ഥാനമേല്ക്കുന്നതിൽ അദ്ദേഹത്തിന്റെ നിർബന്ധപൂർണമായ പ്രേരണ തന്നെയുണ്ടായിരുന്നുവെന്നതാണ് യാഥാർഥ്യം. തോമസ് മോർ അത്താനാസ്യോസ് പറഞ്ഞു.

ചെറുപ്പംമുതൽ അടുത്തിടപഴകാൻ അവസരം കിട്ടിയ ബാവയുടെ സഹായിയായി കണ്ടനാട് ഭദ്രാസനത്തിലെത്താൻ കഴിഞ്ഞതു നിയോഗമായി ഞാൻ കണക്കാക്കുന്നു. അദ്ദേഹത്തോടൊപ്പം പ്രവർത്തിച്ച കാലഘട്ടം അവിസ്മരണീയമാണ്. നേരത്തേതന്നെ എന്നെ ആകർഷിച്ചിട്ടുള്ള ആ



മുൻ രാഷ്ട്രപതി സഞ്ജീവറെഡ്ഡിയുടെ സ്മരണം

സ്വഭാവസവിശേഷതകൾ ആഴത്തിൽ അടുത്തറിയാൻ അതവസരമുണ്ടാക്കി. സ്വതന്ത്രമായി സഭാഭരണം നടത്താൻ അദ്ദേഹം നല്കിയ സഹായം നിസ്സാരമല്ല.

ഇടവകകാര്യങ്ങളായാലും നയപരമായ കാര്യങ്ങളായാലും അദ്ദേഹവുമായി സ്വതന്ത്ര ആശയവിനിമയത്തിന് കഴിയുമായിരുന്നുവെന്നത് എടുത്തുപറയേണ്ടതാണ്. അദ്ദേഹത്തിന്റെ അഭിപ്രായഗതികളോടു മറ്റുള്ളവരെല്ലാം യോജിച്ചേ തീരുവെന്ന നിർബന്ധം ഒരിക്കലും ഉണ്ടായിരുന്നില്ല. എതിരഭിപ്രായം ഉണ്ടെങ്കിൽ തുറന്നു പറയാനുള്ള സ്വാതന്ത്ര്യം നല്കിയിരുന്നു. മാത്രമല്ല, തുറന്ന മനസ്സോടെ അതു കേൾക്കുകയും സ്വീകരിക്കാവുന്നതാണെങ്കിൽ സ്വീകരിക്കുകയും ചെയ്യുമായിരുന്നു.

വിനയവും അക്ഷോഭ്യതയും കരുതലും പ്രാർഥനാനിർഭരജീവിതവും ബാവയുടെ മുഖമുദ്രയായിരുന്നു. മറ്റു മതസ്ഥരുടെപോലും ആദരം നേടിയെടുക്കാൻ ഈ സ്വഭാവവിശേഷം ഇടയാക്കി. കക്ഷിവഴക്കുകൾക്കിടയിലും അത്തരം വിഭാഗീയതയൊന്നും വ്യക്തിബന്ധം നിലനിർത്തുന്നതിൽ അദ്ദേഹത്തിനു വിലങ്ങുതടിയായില്ല. കക്ഷിവ്യത്യാസം കൂടാതെ അൽമായരുമായി മാത്രമല്ല, വൈദികരുമായും അദ്ദേഹം അടുത്ത ബന്ധം പുലർത്തിയിരുന്നു. മാങ്ങാനം ക്രൈസ്തവാശ്രമത്തിൽ എക്യുമെനിക്കൽ കുർബാന നടത്താൻ അദ്ദേഹം സ്വീകരിച്ച നിലപാട് ഏറെ സഹായകമായ സംഭവവും—തോമസ് മോർ അത്താനാസ്യോസ് സ്മരിച്ചു.

സുറിയാനിയിലും വേദശാസ്ത്രത്തിലും ജ്ഞാനിയായിരുന്ന അദ്ദേഹത്തിന്റെ വേർപാട് സഭയ്ക്കു വലിയ നഷ്ടമാണ്. എനിക്കു വ്യക്തിപരമായി തീരാനഷ്ടവും—അദ്ദേഹം പറഞ്ഞു.

പരിശുദ്ധ കാതോലിക്ക ബാവ അന്ത്യോപചാരം അർപ്പിച്ചു

മൂവാറ്റുപുഴ: പരിശുദ്ധ കാതോലിക്ക ബസേലിയസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ ബാവ, മാത്യൂസ് മോർ സേവേറിയോസ്, യാക്കോബ് മോർ ഐറേനിയസ്, മാത്യൂസ് മോർ എപ്പിഫാനിയോസ്, ഓർത്തഡോക്സ് സഭാട്രസ്റ്റീ പി.സി.ഏബ്രഹാം, തെയോഫോറസ് റമ്പാൻ, പി.സി.യോഹന്നാൻ റമ്പാൻ എന്നിവർ രാത്രി ഒൻപതുമണിയോടെ കാതോലിക്കറ്റ് അരമനയിലെത്തി ശ്രേഷ്ഠ കാതോലിക്ക ബസേലിയസ് പൗലോസ് ദ്വിതീയൻ ബാവയ്ക്ക് അന്തിമോപചാരം അർപ്പിച്ചു.

ഓർത്തഡോക്സ് സഭയുടെ സീനിയർ മെത്രാപ്പോലീത്ത ഡോ. ഫിലിപ്പോസ് മോർ തെയോഫിലോസ് നേരത്തേ അരമനയിൽ എത്തിയിരുന്നു.

* * *

മണർകാടുപള്ളിയിൽ കുർബാനമധ്യേ ദുഃഖവാർത്ത കേട്ട യാക്കോബായസഭയുടെ കോട്ടയം ഭദ്രാസനാധിപൻ ഗീവർഗീസ് മോർ ഗ്രിഗോറിയോസ്, ഫാ.കുര്യാക്കോസ് മുലയിൽ ഒപ്പം വൈകിട്ടു മൂന്നു മണിക്കു കോലഞ്ചേരി ചാപ്പലിൽ എത്തി അന്തിമോപചാരം അർപിച്ചു.

ആചാര്യശ്രേഷ്ഠന് ആദരാഞ്ജലി

ശ്രേഷ്ഠ കാതോലിക്ക ബസേലിയസ് പൗലോസ് ദ്വിതീയന്റെ ദേഹവിയോഗവാർത്ത അറിഞ്ഞ ഉടൻ കോട്ടയത്തു ദേവലോകം കാതോലിക്കേറ്റ് അരമനയിൽ കറുത്ത കൊടി ഉയർത്താൻ പരിശുദ്ധ ബസേലിയസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്ക ബാവ കല്പിച്ചു. മലങ്കരസഭയിലെ എല്ലാ ഇടവകകളിലും ദുഃഖാചരണം നടത്താനും പ്രത്യേക പ്രാർഥനയും കുർബാനയും അർപ്പിക്കാനും ബാവ നിർദേശിച്ചു.

"ബസേലിയസ് പൗലോസ് ദ്വിതീയൻ ആബൂൻ കാലംചെയ്തെന്ന വാർത്ത എന്നിൽ അത്യന്തം ദുഃഖം ഉണ്ടാക്കുന്നു."—കാതോലിക്ക ബാവ സന്ദേശത്തിൽ പറഞ്ഞു. "മലങ്കരസഭയുടെ ഇന്നത്തെ സാഹചര്യത്തിൽ അദ്ദേഹത്തിന്റെ ദേഹവിയോഗം വലിയൊരു നഷ്ടമായി കരുതുന്നു. ദീർഘകാലം സഭാനേതൃത്വത്തിൽ അദ്ദേഹം ചെയ്തിട്ടുള്ള സേവനങ്ങൾ വിലപ്പെട്ടതാണ്. സഭാമക്കൾ ഏവരും അദ്ദേഹത്തിനു വേണ്ടി പ്രാർഥിക്കുകയും കബറടക്കശുശ്രൂഷയിൽ സംബന്ധിക്കുകയും ചെയ്യണം."—സന്ദേശത്തിൽ നിർദേശിച്ചു.

ആർച്ച് ബിഷപ്പ് മാർ പൗവത്തിൽ: "സിറിയൻ ഓർത്തഡോക്സ്സഭയുടെ ശ്രേഷ്ഠ കാതോലിക്ക മോർ ബസേലിയസ് പൗലോസ് ദ്വിതീയൻ തന്നെ ഏല്പിച്ച ദൗത്യം അർപ്പണബോധത്തോടെ നിർവഹിച്ച തികഞ്ഞ സഭാസ്നേഹിയായിരുന്നു. അദ്ദേഹത്തിന്റെ നിര്യാണത്തിൽ ഞാൻ അഗാധമായി ദുഃഖിക്കുന്നു. ഭാരതകത്തോലിക്കാസഭ മുഴുവന്റെയും അനുശോചനം അറിയിക്കുകയും ആത്മശാന്തിക്കായി പ്രാർഥിക്കുകയും ചെയ്യുന്നു."

ഡോ. അലക്സാണ്ടർ മാർത്തോമ്മാ മെത്രാപ്പോലീത്ത: ശ്രേഷ്ഠ കാതോലിക്ക ബാവയുടെ മരണം കേരള ക്രൈസ്തവസഭയ്ക്കും പ്രത്യേകിച്ച് എക്യുമെനിക്കൽ പ്രസ്ഥാനത്തിനും തീരാനഷ്ടമാണ്. അദ്ദേഹത്തിന്റെ ലളിതജീവിതവും സുറിയാനി പാണ്ഡിത്യവും എടുത്തുപറയത്തക്കതാണ്. മാർത്തോമ്മാസഭയ്ക്ക് ഒരുത്തമസുഹൃത്തിന്റെ നഷ്ടംകൂടിയാണ് അദ്ദേഹത്തിന്റെ വേർപാട്. സഭാംഗങ്ങളുടെ ദുഃഖത്തിൽ ഞാനും പങ്കുചേരുന്നു.

ഏബ്രഹാം മോർ ക്ലിമ്മീസ്: സഭയുടെ ഇന്നത്തെ പ്രത്യേക സാഹചര്യത്തിൽ ശ്രേഷ്ഠ കാതോലിക്ക ബസേലിയസ് പൗലോസ് ദ്വിതീയൻ ബാവയുടെ വേർപാട് തീരാനഷ്ടമാണ്. സഭാംഗങ്ങളെല്ലാം കബറടക്കത്തിൽ സംബന്ധിക്കുകയും ദേവാലയങ്ങളിൽ പ്രത്യേക പ്രാർഥന നടത്തുകയും വേണം.

മുഖ്യമന്ത്രി ഇ.കെ.നായനാർ: ലളിതജീവിതം, സാത്വികമായ മനസ്, സാമൂഹികപ്രതിബദ്ധത എന്നിവകൊണ്ട് ശ്രദ്ധേയമായ വ്യക്തിത്വമായിരുന്നു ശ്രേഷ്ഠ കാതോലിക്ക ബാവയുടേത്.



സഭയുടെ മറ്റുസാരഥികൾക്കൊപ്പം: ഇടത്തുനിന്ന് സിംഹാസനപ്പള്ളികളുടെ മെത്രാപ്പോലീത്ത ബന്യാമിൻ ജോസഫ് മാർ ഒസ്താത്യോസ്, ദിവംഗതനായ കുര്യാക്കോസ് മാർ കൂറിലോസ് മെത്രാപ്പോലീത്ത, അങ്കമാലി ഭദ്രാസനാധിപൻ തോമസ് മാർ ദിവന്യാസ്യോസ്, കൊട്ടയം ഭദ്രാസനാധിപൻ ഗീവർഗീസ് മാർ ഗ്രിഗോറിയോസ്, ശ്രേഷ്ഠ കാതോലിക്കാബാവ, കിഴക്കിന്റെ വലിയ മെത്രാപ്പോലീത്ത ഏബ്രഹാം മാർ ക്ലിമ്മീസ്, മുൻ കൊച്ചി ഭദ്രാസനാധിപൻ തോമസ് മാർ ഒസ്താത്യോസ്, ദിവംഗതരായ തോമസ് മാർ തിയോഫിലോസ്, പൗരസ്ത്യ സുവിശേഷസമാജം മെത്രാപ്പോലീത്ത ഗീവർഗീസ് മാർ പോളികോർപസ്, കണ്ടനാട് ഭദ്രാസനാധിപൻ തോമസ് മാർ അത്താനാസ്യോസ് മെത്രാപ്പോലീത്ത



മുൻ മുഖ്യമന്ത്രി ശ്രീ. കരുണാകരനൊപ്പം മെത്രാപ്പോലീത്താമാരോടും പാത്രിയർക്കീസ് ബാവായോടുമൊപ്പം

ഡോ. പി.സി.അലക്സാണ്ടർ: പരിശുദ്ധ ബാവയുടെ ദേഹവിയോഗത്തിൽ അതിയായി ദുഃഖിക്കുന്നു. അദ്ദേഹവുമായി വ്യക്തിപരമായി ബന്ധപ്പെടാൻ എനിക്ക് അവസരം ലഭിച്ചിട്ടുണ്ട്. സഭയുടെ ഐക്യത്തിനു വേണ്ടിയുള്ള അദ്ദേഹത്തിന്റെ പ്രതിബദ്ധതയും ജീവിതലാളിത്യവും വിനയവും എന്നും വിലമതിക്കത്തക്കതാണ്.

എ.കെ. ആന്റണി: ഭാരതീയ ഋഷിവര്യന്മാരെ അനുസ്മരിപ്പിക്കുന്ന ജീവിതലാളിത്യവും ഈശ്വരചിന്തയും ഒത്തിണങ്ങിയ മഹനീയ വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു അദ്ദേഹം.

കെ.കരുണാകരൻ: ഉന്നതനായ ഉപദേഷ്ടാവും ഗുരുവുമാണ് എനിക്കു നഷ്ടപ്പെട്ടത്. അദ്ദേഹവുമായി ദീർഘകാലത്തെ ബന്ധം ഒരു ആരാധനാഭാവമാണ് എന്നിലുളവാക്കിയിരുന്നത്.

ക്നാനായ മാനേജിംഗ് കമ്മിറ്റി പ്രസിഡൻറ് ഫാ. സി.ടി.കുര്യൻറെയു ക്നാനായ കോൺഗ്രസ് കേന്ദ്ര കമ്മിറ്റി ഫാ. റോയി മാത്യുവിൻറെയും അധ്യക്ഷതയിൽ അടിയന്തിരയോഗം ചേർന്നു ദുഃഖം രേഖപ്പെടുത്തി.

മന്ത്രി ഇ.ചന്ദ്രശേഖരൻനായർ, എസ്.എൻ.ഡി.പി.യോഗം പ്രസിഡൻറ് ഡോ.കെ.കെ.രാഹുലൻ, കെ.പി.സി.സി.പ്രസിഡൻറ് വയലാർരവി, കെ.എം.മാണി എം.എൽ.എ., ഉമ്മൻചാണ്ടി എം.എൽ.എ., ആർ. ബാലകൃഷ്ണപിള്ള എം.എൽ.എ., എം.പി.മാരായ എ.സി.ജോസ്, രമേശ് ചെന്നിത്തല, കോട്ടയം മുനിസിപ്പൽ ചെയർമാൻ പി.സി.ചെറിയാൻ മടുക്കാനി എന്നിവരും അനുശോചനം രേഖപ്പെടുത്തി.

യൂഹാനോൻ മോർ മിലിത്തിയോസ്, ജോസഫ് മോർ ഗ്രിഗോറിയോസ്, തോമസ് മോർ തിമോത്തിയോസ്, അത്മായ ട്രസ്റ്റി കെ.എ.തോമസ്, സെക്രട്ടറി ടി.യു.കുരുവിള എന്നിവർ അനുശോചനം അറിയിച്ചവരിൽപെടുന്നു.

ഉള്ളുരുകി പ്രാർഥിക്കുക, ക്രമേണ പ്രാർഥനതന്നെ ജീവിതമായി രൂപാന്തരപ്പെടുക—അതായിരുന്നു ശ്രേഷ്ഠ കാതോലിക്ക ബാവയുടെ വിജയരഹസ്യമെന്ന് **സി.എസ്.ഐ. ബിഷപ്പ് സാം മാത്യു പറഞ്ഞു:** ജീവിതദർശനമുള്ള വിനയാന്വിതനായ ദൈവസ്നേഹം നിറഞ്ഞ അദ്ദേഹത്തിന്റെ വേർപാടിൽ സി.എസ്.ഐ. മധ്യകേരള മഹായിടവകയുടെ ആദരാഞ്ജലി ബിഷപ്പ് രേഖപ്പെടുത്തി.

ആർച്ച്ബിഷപ്പ് സിറിൽ മോർ ബസേലിയസ്: മലങ്കരയാക്കോബായ സഭയ്ക്കും കേരളത്തിലെയും ഭാരതത്തിലെയും സഭകൾക്കും ശ്രേഷ്ഠ കാതോലിക്ക ബാവ ചെയ്ത സംഭാവനകൾ വിലപ്പെട്ടതാണ്. അദ്ദേഹത്തിന്റെ വേർപാടിൽ ദുഃഖിക്കുന്നു.

മന്ത്രി പി.ജെ.ജോസഫ്, പി.ജെ.കുര്യൻ എം.പി., മലബാർ സർവകലാശാല പി.വി.സി. ഡോ. അലക്സാണ്ടർ കാരയ്ക്കൽ, ഓർത്തഡോക്സ് സഭാ സെക്രട്ടറി എ.കെ.തോമസ്, ബി.ജെ.പി. സംസ്ഥാന പ്രസിഡൻറ് കെ.വി.ശ്രീധരൻ, വൈസ് പ്രസിഡൻറ് ഒ.എം.മാത്യു എന്നിവരും അനുശോചിച്ചു.



കാലംചെയ്ത ശ്രേഷ്ഠ കാതോലിക്ക ബാവ ബസേലിയസ് പൗലോസ് ദ്വിതീയനു സഹോദരി മേരി വർഗീസ് പ്രണാമം അർപ്പിച്ചപ്പോൾ

വിശ്വാസപൂർവം പ്രാർഥിക്കാൻ അന്ത്യകല്പനയിൽ ആഹ്വാനം



കെ.സി. ഏലിയാസ്

മൂവാറ്റുപുഴ: അന്ത്യോഖ്യാ സിംഹാസനത്തോടുള്ള കൂറും വിശ്വാസവും പുലർത്താൻ മുട്ടിപ്പായി പ്രാർഥിക്കണം എന്ന ആഹ്വാനമാണ് ശ്രേഷ്ഠ കാതോലിക്ക ബാവയുടെ ഒടുവിലത്തെ കല്പനയിൽ—27 വർഷം ബാവയുടെ വിശ്വസ്ത സേവകനായിരുന്ന പിറമാടം കുന്നുമ്മൽ കെ.സി. ഏലിയാസ് പറയുന്നു.

ഈ മാസം ഏഴിന് ബാവയുടെ സ്ഥാനാരോഹണത്തിന്റെ 21 വർഷം പൂർത്തിയാകും. അന്നു കുർബാന കവർപിരിവ് നടത്തുന്നതു സംബന്ധിച്ച കല്പനയിലാണ് പ്രാർഥനയ്ക്കുള്ള ഈ ആഹ്വാനം.

കാതോലിക്കറ്റ് അരമനയിൽ ക്ലാർക്കും ഓഫിസ് സെക്രട്ടറിയുമായി പ്രവർത്തിച്ച ഏലിയാസാണ് ബാവയുടെ കല്പനകളുടെ പകർപ്പെഴുതിയിരുന്നതും പണസംബന്ധമായ കാര്യങ്ങൾ നോക്കിയിരുന്നതും.


ബാവ പിറമാടം ദയറായിൽ എത്തുമ്പോൾ ഏലിയാസിന് ആറു വയസ്സായിരുന്നു. കാലത്തിന്റെ തികവിൽ കണ്ടനാട് ഭദ്രാസന ഓഫീസിലേക്ക് ഏലിയാസ് നിയോഗിക്കപ്പെടുകയായിരുന്നു. ഇന്നലെ രാവിലെയും ദയറായിൽ ചെന്ന് ബാവയെ ശുശ്രൂഷിച്ചു. കുറെ നേരം നെഞ്ച് തിരുമ്മിക്കൊടുത്തു. നാവിനടിയിൽ ഗുളിക വച്ചുകൊടുത്തു. വെള്ളവും നല്കി. ഡോ. ബിനോയ് വന്നു പരിശോധിക്കുന്നതുവരെ തനിക്കൊരു കുഴപ്പവുമില്ല, ആശുപത്രിയിലേക്കൊന്നും പോകേണ്ട എന്നാണ് ബാവ പറഞ്ഞുകൊണ്ടിരുന്നത്.

പാരീഷ്ഹാൾ താക്കോൽദാനചടങ്ങിന് ഒരുങ്ങാൻ ബാവ ദേഹാസ്വാസ്ഥ്യം വകവയ്ക്കാതെ കുളിക്കുക കൂടി ചെയ്തു—ഏലിയാസ് ഓർമിച്ചു.

ശ്രേഷ്ഠരിൽ ശ്രേഷ്ഠൻ

രാഷ്ട്രീയനേതാവിന്റെ നയതന്ത്രചാതുര്യമോ നിയമജ്ഞന്റെ അറിവോ അല്ല, നിഷ്കളങ്കമായ സ്നേഹവും ത്യാഗബുദ്ധിയുമായിരുന്നു കാലംചെയ്ത ശ്രേഷ്ഠ കാതോലിക്ക ബാവയുടെ ദിവ്യ വ്യക്തിത്വത്തിന്റെ മാഹാത്മ്യം. സത്യവിശ്വാസത്തിന്റെയും ആചാര്യത്വത്തിന്റെയും പ്രമാണങ്ങൾ ജീവിതകാലം മുഴുവൻ മുറുകെപ്പിടിച്ച ബാവ ലാളിത്യത്തിന്റെ ആൾരൂപമായിരുന്നു. സഭയിൽ തർക്കങ്ങൾ മുറുകുമ്പോഴും ബാവയോടുള്ള സ്നേഹബഹുമാനങ്ങൾ എല്ലാവരും കാത്തുസൂക്ഷിച്ചു.

അറിവുകൊണ്ട് വളർച്ചയും എളിമകൊണ്ട് ഉയർച്ചയും നേടിയ തിരുമേനി എന്ന് അനുയായികളാൽ വിശേഷിപ്പിക്കപ്പെടുന്ന ശ്രേഷ്ഠ കാതോലിക്ക ബാവ ബസേലിയസ് പൗലോസ് ദ്വിതീയന്റെ ജനനം 1914 ജൂൺ 12-ന് ചെറായി സെന്റ് മേരീസ് പള്ളി ഇടവകയിൽ പുതുശ്ശേരി ജോസഫ് കശീശയുടെയും വടക്കൻ പറവൂർ



വിശ്വാസക്കാരന്റെ ഇടയൻ പ്രത്യേകമായി അലങ്കരിച്ച വാഹനത്തിൽ ബാവയുടെ ഭൗതിക ശരീരം പൊതുദർശനത്തിന് വച്ചപ്പോൾ



ശ്രേഷ്ഠ കാതോലിക്ക ബാവാ, പരിശുദ്ധ ഇഗ്നാത്തിയോസ് സാഖാ പ്രഥമൻ പാത്രിയർക്കീസ് ബാവായോടൊപ്പം. സമീപം മുൻ മന്ത്രി പരേതനായ എ.എൽ. ജേക്കബ് . (പാത്രിയർക്കീസ് ബാവ കൊച്ചി സന്ദർശിച്ചപ്പോൾ എടുത്ത ചിത്രം)

അന്ത്യോഖ്യാപ്രതിനിധിയായിരുന്ന ഏലിയാസ് മോർ യ�ൂലിയോസ് മെത്രാപ്പോലീത്ത കോട്ടയം വലിയ പള്ളിയിൽവച്ച് 1934-ൽ അദ്ദേഹത്തിനു ശെമ്മാശുപട്ടം നല്കി. 1938-ൽ മഞ്ഞനിക്കര ദയറായിൽ മോർ യൂലിയോസ് തന്നെ അദ്ദേഹത്തെ വൈദികസ്ഥാനത്തേക്കുയർത്തി. ഫാ. പി.ജെ.പൗലോസ് തുടർന്ന് സിലോൺ, മദ്രാസ്, ബ്രഹ്മവാർ (മൈസൂർ), തിരുവനന്തപുരം, പാറത്തോട്, പൊൻകുന്നം എന്നിവിടങ്ങളിൽ വികാരിയായി. പിന്നീട് അദ്ദേഹത്തെ മോർ യൂലിയോസിന്റെ സെക്രട്ടറിയും മഞ്ഞനിക്കര ദയറായിലെ മല്പാനുമായി നിയമിച്ചു. പിന്നീട് കനായ ഭദ്രാസനാധിപനായ ഏബ്രഹാം മോർ ക്ലിമ്മീസിന്റെ സുറിയാനിഭാഷാ ഗുരുവാകുന്നതിന് ഇടയായി.

ഈരാളിൽ കുടുംബാംഗം എലിസബത്ത് തോമസിന്റെയും പുത്രന് പ്രാർഥനയുടെ അന്തരീക്ഷം ജനനംമുതൽതന്നെ കൂട്ട്. കോട്ടയം പഴയ സെമിനാരി, എം.ഡി.സെമിനാരി എന്നിവിടങ്ങളിൽ മല്പാനായിരുന്ന പിതാവ് ജോസഫ് കശീശ 'മലങ്കര ഇടവക ദീപ്പീ'യുടെ പത്രാധിപരും ആയിരുന്നു. ആരാധനാകാര്യങ്ങളിൽ പിതാവിനെ സഹായിക്കുന്നതിൽ തല്പരനായിരുന്ന പി.ജെ.പൗലോസ് പിന്നെ പിതാവിന്റെ പാതയിലേക്കു തന്നെ ആകർഷിക്കപ്പെടുകയുംചെയ്തു.

ചെറായി രാമവർമ ഹൈസ്കൂളിൽനിന്നു സെക്കൻഡറി വിദ്യാഭ്യാസം പൂർത്തിയാക്കി. പിന്നീട് കേരളരാഷ്ട്രീയത്തിൽ തിളങ്ങിയ രാഷ്ട്രീയ കാരണവരും ആന്ധ്രപ്രദേശ് ഗവർണറുമായിരുന്ന കെ.സി.ഏബ്രഹാം ആയിരുന്നു അന്ന് അവിടത്തെ ഹെഡ്മാസ്റ്റർ.

കോട്ടയം സി.എം.എസ്. കോളജിലും യു.സി. കോളജിലും ആയി വിദ്യാഭ്യാസം പൂർത്തിയാക്കിയ ശേഷം മഞ്ഞനിക്കര ദയറായിൽ ചേർന്നു. ബാല്യകാലത്തുതന്നെ പിതാവിന്റെയും വെള്ളകുന്നത്ത് മത്തായി കശീശയുടെയും കീഴിൽ സുറിയാനിഭാഷാപഠനം തുടങ്ങിയിരുന്നു. ദയറായിൽ ചേർന്നശേഷം അബ്ദുൽ ആഹാദ് റമ്പാന്റെ (പിന്നീട് അന്ത്യോഖ്യാ പാത്രിയർക്കീസ് ഇഗ്നാത്തിയോസ് യാക്കോബ് മൂന്നാമൻ) കീഴിൽ സുറിയാനിപഠനം തുടർന്നു. സുറിയാനിയിലും സംസ്കൃതത്തിലും ഇംഗ്ലീഷിലും അഗാധപാണ്ഡിത്യം ഉണ്ടായിരുന്നു ബാവയ്ക്ക്.

ഫാ. പൗലോസ് കണ്ടനാട് ഭദ്രാസനാധിപനായി ഉയർത്തപ്പെടുന്നത് 1952-ൽ. കണ്ടനാട് ഭദ്രാസനത്തിന്റെ ഭരണച്ചുമതലകൂടി വഹിച്ചിരുന്ന ആലുവയിലെ പൗലോസ് മോർ അത്താനാസിയോസിന്റെ അനാരോഗ്യത്തെത്തുടർന്ന് കണ്ടനാടിനു പുതിയ അധിപനെ തെരഞ്ഞെടുക്കേണ്ടിവന്നു. 1952 ഏപ്രിൽ 25-നു കണ്ടനാട് മെത്രാസനപള്ളി പ്രതിപുരുഷയോഗം ചേർന്ന് ഫാ.പി.ജെ.പൗലോസിനെ മെത്രാൻസ്ഥാനത്തേക്കു തെരഞ്ഞെടുത്തു.

സ്ഥാനാരോഹണം സിറിയയിലെ ഹോംസിലായിരുന്നു. അപ്രേം പ്രഥമൻ പാത്രിയർക്കീസ് ബാവ 1952 ഒക്ടോബർ 19-ന് പൗലോസ് മോർ പീലക്സിനോസ് എന്ന പേരിൽ അദ്ദേഹത്തിന്റെ മെത്രാഭിഷേകം നടത്തി. 1953 ജനുവരി 12-ന് ആലുവായിലെ തൃക്കുന്നത്തു സെമിനാരിയിലെത്തി പൗലോസ് മോർ അത്തനാസിയോസിൽനിന്ന് കണ്ടനാട് ഭദ്രാസനത്തിന്റെ ഭരണച്ചുമതല ഏറെറടുത്തു.

കുറച്ചു കാലം യാക്കോബായവിഭാഗത്തിന്റെ കോട്ടയം, കൊല്ലം ഭദ്രാസനങ്ങളുടെ ചുമതലകൂടി അദ്ദേഹം വഹിച്ചു. പലങ്കര അന്ത്യോഖ്യാസഭയുടെ ഭാഗമാണെന്നും ആത്മീയാധികാരം പാത്രിയർക്കീസ് ബാവയ്ക്കാണെന്നുമുള്ള നിലപാടിൽ മുറുകെ പിടിച്ചിരുന്ന ബാവ സഭകളുടെ ഐക്യത്തിനായി ഏറെ

ത്യാഗങ്ങൾ അനുഷ്ഠിച്ചു. 1958-ലെ സുപ്രീം കോടതിവിധിക്കുശേഷം സഭയിൽ സമാധാനം പുനഃസ്ഥാപിതമായപ്പോൾ ഔഗേൻ മോർ തിമോത്തിയോസ് സീനിയർ മെത്രാപ്പോലീത്തയായും മോർ പീലക്സിനോസ് സഹായമെത്രാനായും ഭദ്രാസനത്തിന്റെ ഭരണച്ചുമതല നിർവഹിച്ചു.

1960-ലും 1965-ലും അദ്ദേഹം വിശുദ്ധ നാടുകൾ സന്ദർശിച്ചു. സമാധാനം പുനഃസ്ഥാപിതമായി അധികകാലം കഴിയുംമുൻപുതന്നെ സഭയിൽ വീണ്ടും പ്രശ്നങ്ങൾ പൊന്തിവന്നു. സഭ വീണ്ടും രണ്ടു തട്ടിലായി. തുടർന്ന് അങ്കമാലിക്കു സമീപമുള്ള തുരുത്തിശ്ശേരി പള്ളിയിൽ കൂടിയ യാക്കോബായവിഭാഗത്തിന്റെ പള്ളിപ്രതിപുരുഷയോഗം പൗലോസ് മോർ പീലക്സിനോസിനെ മലങ്കര മെത്രാപ്പോലീത്താ സ്ഥാനത്തേക്കു തെരഞ്ഞെടുത്തു. 1975 സെപ്റ്റംബർ ഏഴിന് ദമാസ്കസിൽ ആയിരുന്നു കാതോലിക്കയായുള്ള അഭിഷേകം. ഇഗ്നാത്തിയോസ് യാക്കോബ് തൃതീയൻ പാത്രിയർക്കീസ് അദ്ദേഹത്തെ ബസേലിയസ് പൗലോസ് ദിതീയൻ എന്ന പേരിൽ ശ്രേഷ്ഠ കാതോലിക്കയായി വാഴിച്ചു. ഇപ്പോഴത്തെ പാത്രിയർക്കീസ് സക്കാ പ്രഥമന്റെ അഭിഷേകത്തിനു മുഖ്യ കാർമികത്വം വഹിച്ച ശ്രേഷ്ഠ കാതോലിക്കബാവ യാക്കോബായസഭയ്ക്ക് ഏഴ് മെത്രാന്മാരെയും വാഴിച്ചു. മുളന്തുരുത്തിക്കടുത്തുള്ള ഉദയഗിരി സെമിനാരി ശ്രേഷ്ഠ കാതോലിക്ക ബാവയുടെ കാലത്തു യാക്കോബായസഭയ്ക്കുണ്ടായ പ്രധാന നേട്ടങ്ങളിലൊന്നാണ്. കാതോലിക്കേറ്റിന്റെ ആസ്ഥാനമായ മൂവാറ്റുപുഴ അരമന നിർമാണം പൂർത്തിയാക്കിയതും അതിനോടു ചേർന്നുള്ള ചാപ്പൽ പുനർനിർമിച്ചതും അദ്ദേഹംതന്നെ. മദ്രാസ് അണ്ണാനഗറിയിലെ പള്ളിയും അദ്ദേഹത്തിന്റെ പ്രത്യേക താത്പര്യത്തിൽ നിന്നുണ്ടായതാണ്.

മെത്രാനെന്ന നിലയിലും ശ്രേഷ്ഠ കാതോലിക്ക എന്ന നിലയിലും യാക്കോബായസഭയ്ക്കു ശ്രദ്ധേയമായ സംഭാവനകൾ നല്കിയ ബസേലിയസ് പൗലോസ് ദിതീയൻ എന്നും മലങ്കരസഭയിലെ ഐക്യത്തിന്റെ വക്താവായിരുന്നു. എഴുപത്തഞ്ചാം ജന്മദിനാഘോഷവേളയിൽ ഒരഭിമുഖത്തിൽ അദ്ദേഹം പറഞ്ഞു, 'സഭയുടെ ഇന്നത്തെ പ്രധാന പ്രതിസന്ധി ഒന്നു മാത്രം—കക്ഷിവഴക്ക്'. അന്ന് പരിശുദ്ധ കാതോലിക്കബാവ യ്ക്കുള്ള സന്ദേശമായി അദ്ദേഹം പറഞ്ഞു. സഭയിൽ ഐക്യം പുനഃസ്ഥാപിക്കുന്നതിൽ എനിക്കുള്ള ഉത്തരവാദിത്വത്തെപ്പറ്റി ഞാൻ ബോധവാനാണ്. രണ്ടു ഭാഗത്തുനിന്നും അതിനുള്ള പരിശ്രമങ്ങളുണ്ടാകണേ യെന്ന് ആഗ്രഹിക്കുന്നു.

സഭാസംബന്ധമായി സുദീർഘമായ നിയമ പോരാട്ടങ്ങൾ നടക്കുമ്പോഴും എതിർപക്ഷത്തെ ചൊടിപ്പിക്കുന്നതൊന്നും അദ്ദേഹത്തിന്റെ നാവിൽ നിന്നുതിർന്നില്ല. 1995-ലെ കോടതിവിധി വരുന്നതിന് ഏതാനും നാൾ മുൻപു പൂവ്വപ്പെടുവിച്ച കല്പനയിൽ അദ്ദേഹം പറഞ്ഞു: 'കേസിന്റെ വിജയവും പരാജയവും അല്ല പ്രധാനം. സത്യവിശ്വാസവും ആചാര്യത്വവും നഷ്ടപ്പെടാതിരുന്നാൽ നാം വിജയിച്ചു. അതിനായി പ്രാർഥിക്കാം.' സഭയ്ക്കു കെട്ടുറപ്പുള്ള ഒരു ഭരണഘടന വേണമെന്നുള്ളതായിരുന്നു അദ്ദേഹത്തിന്റെ ഏറ്റവും വലിയ ആഗ്രഹങ്ങളിലൊന്ന്.

കാലംചെയ്ത ശ്രേഷ്ഠ കാതോലിക്ക ബാവയ്ക്ക് സഹോദരങ്ങൾ ഏഴ്. പരേതരായ പി.ജെ.കുര്യാക്കോസ് (റിട്ട. ഹെഡ്മാസ്റ്റർ, ആർ.വി.യൂണിയൻ എച്ച്.എസ്., ചെറായി), പി.ജെ.തോമസ് (റിട്ട. ആർമി ഉദ്യോഗസ്ഥൻ), പി.ജെ.മാത്യു, എലിസബത്ത് (പരേതനായ റിട്ട. ജില്ലാ ജഡ്ജി ചാലിശേരി എ.ടി. ഇട്ടൂപ്പിന്റെ ഭാര്യ), ഷൈനോ എന്നിവരും ഇപ്പോൾ ജീവിച്ചിരിപ്പുള്ള മേരി (പറവൂർ), ശോശാമ്മ (റിട്ട. ഹെഡ്മിസ്ട്രസ്, പെങ്ങാമുക്ക് എച്ച്.എസ്.) എന്നിവരും.

ജീവിതം മാതൃകയും പ്രചോദനവും: മാർ പടിയറ

കൊച്ചി: ശ്രേഷ്ഠ കാതോലിക്ക ബസേലിയസ് പൗലോസ് ദിതീയൻ ബാവയുടെ ദേഹവിയോഗത്തിൽ മേജർ ആർച്ച് ബിഷപ്പ് കർദിനാൾ മാർ ആൻറണി പടിയറ സീറോ മലബാർസഭയുടെ പേരിൽ ദുഃഖവും അനുശോചനവും രേഖപ്പെടുത്തി.

ദൈവാനുഗ്രഹത്തിന്റെയും സഹജസ്നേഹത്തിന്റെയും നിറവിൽ ജീവിച്ച അദ്ദേഹത്തിന്റെ സേവനം എക്കാലവും സ്മരിക്കപ്പെടുമെന്ന് മുംബൈയിൽ നല്കിയ അനുശോചനസന്ദേശത്തിൽ മേജർ ആർച്ച് ബിഷപ്പ് പറഞ്ഞു. ലാളിത്യമാർന്ന അദ്ദേഹത്തിന്റെ ജീവിതം ഏവർക്കും മാതൃകയും പ്രചോദനവുമാണ്.

തപോനിഷ്ഠനും വിശുദ്ധമാനസനുമായ ശ്രേഷ്ഠ കാതോലിക്ക ബസേലിയസ് പൗലോസ് ദിതീയന്റെ നിര്യാണം ഭാരത ക്രൈസ്തവസഭയ്ക്ക് തീരാനഷ്ടമാണെന്നും അദ്ദേഹത്തിന്റെ ആത്മശാന്തിക്കായി പ്രാർഥിക്കുന്നുവെന്നും ആർച്ച് ബിഷപ്പ് ഡോ.കൊർണേലിയസ് ഇലഞ്ഞിക്കൽ അനുശോചന സന്ദേശത്തിൽ പറഞ്ഞു.

ഋഷിതുല്യൻ

ഡോ. ഡി.ബാബുപോൾ

ശ്രേഷ്ഠപിതാവായ ബസേലിയസ് പൗലോസ് ദ്വിതീയൻ ബാവ കാലംചെയ്തു തികച്ചും അപ്രതീക്ഷിതമായ സമയത്താണ്. ഏതാണ്ട് അരനൂറ്റാണ്ടുകാലം മെത്രാപ്പോലീത്തയായും അതിൽ പകുതി പൗരസ്ത്യ കാതോലിക്കയായും സഭയെ സേവിച്ച ബാവ ഭരണപരമായ കാര്യങ്ങൾ മറ്റു മെത്രാപ്പോലീത്തമാരെ ഏല്പിച്ച് ആധ്യാത്മിക ജീവിതത്തിൽ ശ്രദ്ധ ചെലുത്തിയാണ് ജീവിതസായാഹ്നം ചെലവഴിച്ചത്. ആലസ്യമോ അനാരോഗ്യമോ അദ്ദേഹത്തെ അലട്ടിയിരുന്നില്ല. അതുകൊണ്ടുതന്നെ ആകസ്മികമായ അന്ത്യം അപ്രതീക്ഷിതമായി ഭവിക്കുകയുംചെയ്തു.



വിയന്നായിലൊരു സ്മരണ ചടങ്ങ്

പൗരോഹിത്യപാരമ്പര്യംകൊണ്ടു പ്രശസ്തമായ കുടുംബത്തിൽ കഴിഞ്ഞ നൂറ്റാണ്ടിലെ പ്രമുഖ വൈദികരിലൊരാളായിരുന്ന പി.പി.യൗസേഫ് കശീശയുടെ പുത്രനായാണ് ബാവ ജനിച്ചത്. വൈദിക ജീവിതത്തിന്റെ പ്രധാന പങ്ക് സ്വന്തം ഭ്രാസനമായ കൊച്ചിക്കു പുറത്താണ് ചെലവഴിച്ചത്. വൈദികാഭ്യസനം മഞ്ഞനിക്കരയിൽ. പൗരോഹിത്യം മദിരാശി സർവകലാശാലയിൽ. പട്ടക്കാരനായി പള്ളി നടത്തിയത് മദിരാശിയിലും കോട്ടയം ഭ്രാസനത്തിലും. മെത്രാനായപ്പോൾ അയൽ ഭ്രാസനത്തിൽ. സത്യത്തിൽ '75-ൽ പൗരസ്ത്യ കാതോലിക്ക ആയപ്പോൾ മാത്രമാണ് സ്വന്തം ഇടവകപ്പള്ളി ഭരണത്തിലായത്.

ഒന്നോർത്താൽ അതു സ്വാഭാവികമായിരുന്നു താനും. എല്ലാറ്റിനോടും ബന്ധം ഉള്ളപ്പോൾതന്നെ ഒന്നിനോടും ബന്ധിക്കപ്പെടാതെ ഇരിക്കുക എന്നതാണല്ലോ താപസസ്വഭാവം.

സംസ്കാരത്തിൽ ഭാരതീയം, ആചാരത്തിൽ അന്ത്യോഖ്യൻ, വിശ്വാസത്തിൽ ക്രൈസ്തവം എന്നതായിരുന്നു ബാവയുടെ സമീപനം. സംസ്കൃതത്തിൽ സാമാന്യപാണ്ഡിത്യമുണ്ടായിരുന്നത് ഭാരതീയപാരമ്പര്യത്തിന്റെ അകക്കാമ്പ് സ്വാംശീകരിക്കാൻ ബാവയെ സഹായിച്ചു. സർവകലാശാലയിൽ പഠിച്ച ഷേക്സ്പിയർകൃതിയിൽനിന്ന് ഉദ്ധരിക്കുന്ന ലാഘവത്തോടെതന്നെ ഗുരുമുഖത്തുനിന്നു കൗമാരകാലത്തു വശമാക്കിയ കാളിദാസകൃതിയും ഉദ്ധരിക്കാൻ കഴിവുണ്ടായിരുന്ന ബാവ യേശുക്രിസ്തു സംസാരിച്ചഭാഷ അനായാസം കൈകാര്യംചെയ്യാൻ സിദ്ധി ലഭിച്ച മഹാനുമായിരുന്നു.

ബാവ ഒരിക്കലും മലയാളത്തിൽ ഏവൻഗേലിയോൻ വായിച്ചിട്ടില്ല. മലയാളത്തിലല്ലാതെ വായിക്കുന്നത് ജനമൊട്ടു കേട്ടിട്ടുമില്ല. സുറിയാനിയിലുള്ള വേദപുസ്തകം നോക്കി മനസ്സിൽ മൊഴിമാറ്റം നടത്തിയായിരുന്നു ബാവ മലയാളത്തിൽ വേദപുസ്തകം വായിച്ചിരുന്നത്. സുറിയാനിസഭയിലെ സുറിയാനി, വെള്ളിക്കോലിലെ വെള്ളിപോലെ ആയിക്കൊണ്ടിരിക്കുന്ന ഇക്കാലത്ത് അനതിസാധാരണമായിരുന്നു ബാവയുടെ സുറിയാനി പാണ്ഡിത്യം. ഏതാനും വർഷങ്ങൾക്കു മുമ്പു കോട്ടയത്തു നടന്ന ലോകസുറിയാനിസമ്മേളനത്തിൽ മലയാളത്തിലും ഇംഗ്ലീഷിലും ജർമനിലുമൊക്കെ പ്രബന്ധങ്ങൾ ഉണ്ടായിരുന്നു. എന്നാൽ സുറിയാനിയിലുള്ള വാചാപ്രസംഗം ബാവയുടെ ഉദ്ഘാടന പ്രഭാഷണം മാത്രമായിരുന്നു.

അന്ത്യോഖ്യാ പാത്രിയർക്കീസിനെ വാഴിക്കാൻ സൗഭാഗ്യം സിദ്ധിച്ച ഏകഭാരതീയനുമായിരുന്നു ബാവ. 1975-ൽ യാക്കുബ് തൃതീയനാണ് പൗലോസ് ബാവയെ വാഴിച്ചതെങ്കിൽ 1980-ൽ പുതിയ പാത്രിയർക്കീസിന്റെ സ്ഥാനാരോഹണത്തിൽ ബാവ മുഖ്യകാർമികനായി.

ബാവയുടെ ജീവിതം ഒരു യുദ്ധമായിരുന്നു. '58വരെ സമതലത്തിലെ നദിപോലെ ശാന്തമായിരുന്നുവെങ്കിലും 1958-64 കാലത്തും 75-നു ശേഷവും സ്വസ്ഥത അറിയാൻ അവസരം ലഭിച്ചിട്ടില്ല. അന്ത്യോഖ്യാഭക്തി ആയിരുന്നു കാരണം എന്ന് എടുത്തുപറയേണ്ടതില്ല. അതു പലപ്പോഴും അന്ധമായിരുന്നുവെന്ന് അസ്മാദൃശന്മാർ ശങ്കിക്കാതിരുന്നിട്ടില്ല. കല്പനവഴി പട്ടം വരുമോ എന്നു ചോദിക്കുന്നവരോട് അതിനു കാനോനിൽ ഒഴികഴിവുണ്ട് എന്നു മറുപടിപറയാൻ അറിയാഞ്ഞിട്ടല്ല 1958-64 കാലത്തു സ്വയം സ്വസ്ഥത കളഞ്ഞത്. അത് ബോധ്യപ്പെടാത്ത ആളുകളെ സഭയുടെ ചട്ടക്കൂടിനകത്ത് നിർത്താൻ ഇടയൻ ചെയ്ത ത്യാഗമായിരുന്നു അത്. അന്ന് അങ്ങനെ ജനത്തിനുവേണ്ടി ഒരുവൻ മരിക്കുന്നതു



ബാവായുടെ കോട്ടയത്തെ അവസാന പൊതുചടങ്ങ്: കോട്ടയം ഭദ്രാസന പത്രികയുടെ പ്രകാശനം നിർവഹിക്കുന്നു. (മാർച്ച് 27, 1996)

കൊള്ളാം എന്നു നിരൂപിച്ച് ബാവ സ്വയം മരിക്കാൻ ഇറങ്ങിയില്ലായിരുന്നുവെങ്കിൽ സഭയിലെ ഒരു വിഭാഗം—ചെറുതായിരിക്കാമെങ്കിലും—സഭ വിട്ടുപോകുമായിരുന്നു. 1975-ൽ ആകട്ടെ ഒരു ചരിത്രനിയോഗം ഏറെറടുക്കുകയായിരുന്നു ബാവ. അതുകൊണ്ട് ബാവയ്ക്കു ക്ലേശം ഏറെയുണ്ടായി. എന്നാൽ മലങ്കരസഭയിൽ അന്ത്യോഖ്യാപാത്രിയർക്കീസിന്റെ സ്ഥാനം ഉറച്ചു. പൗരസ്ത്യകാതോലിക്കേറ്റിൽ പാത്രിയർക്കീസിന്റെ അവ്യവസ്ഥാപിതമായ ഇടപെടൽ ഉണ്ടാകണം എന്ന് ബാവ ഒരിക്കലും ആഗ്രഹിച്ചില്ല, ബാവയോടൊപ്പം നിന്ന ഞങ്ങളിൽ ബഹുഭൂരിപക്ഷവും ആഗ്രഹിച്ചില്ല. എന്നാൽ മലങ്കരസഭ സ്വയംശീർഷകമല്ല എന്നും മാർത്തോമാശ്ലീഹായുടെ ശ്രേഷ്ഠപാരമ്പര്യം ബലികഴിക്കാതെതന്നെ അന്ത്യോഖ്യാസിംഹാസനത്തിന്റെ ആധ്യാത്മികാധീശത്വം അംഗീകരിക്കേണ്ടതാണ് എന്നും ബാവ കരുതി. ബാവയുടെ നിലപാടാണ് ശരി എന്നാണല്ലോ ഇപ്പോൾ സുപ്രീംകോടതി പറയുന്നത്. ആ വിധി വരുമ്പോഴേക്ക് ബാവ പരിക്ഷീണനായിരുന്നു എന്നതു ശരിതന്നെ. ആ വിധിയോടെ ബാവയുടെ സ്ഥാനത്തിനു സാങ്കേതികമായി സംരക്ഷണം ഇല്ലാതായി എന്നതും ശരിതന്നെ. എന്നാൽ, അന്ത്യോഖ്യാസിംഹാസനത്തിൽനിന്ന് അന്യമായി മലങ്കരസഭയ്ക്ക് ഇനി നിലനില്ക്കാനാവില്ല. ഈ സ്ഥിതി കൈവന്നത് ബാവയുടെ ചരിത്രനിയോഗത്തിലൂടെയാണ് എന്നത് മലങ്കരയിലുള്ള എല്ലാ അന്ത്യോഖ്യാഭക്തരും എന്നും ഓർക്കും. അവിടെയും പണ്ട് ആടുകൾക്കുവേണ്ടി ജീവൻ ബലികഴിക്കാൻ തയ്യാറായതുപോലെ സത്യത്തിനു വേണ്ടി സ്വാസ്ഥ്യം ബലികഴിക്കാൻ തയ്യാറായ മഹാത്മാവിനെയാണു നാം കാണുന്നത്.

ഓശാന പാടിയവർ ക്രൂശിക്കുക എന്നാർത്തതും ക്രൂശിക്കാൻ നടന്നവർ ഓശാന പാടുന്ന അന്തേവാസികളായി അഭിനയിച്ചതും ഒരേ നിസംഗതയോടെ കാണാൻ കഴിഞ്ഞു എന്നതാണ് ബാവയുടെ വിജയരഹസ്യം.

ആ സായാഹ്നങ്ങൾ ഇനി സ്മരണകൾ മാത്രം. ചെറുതും വലുതുമായ എത്രയോ സാരോപദേശങ്ങൾ ഞാൻ ആ തിരുമുഖത്തുനിന്നു പഠിച്ചു! താൻ ഒന്നുമല്ലാതായാലും അന്ത്യോഖ്യാപാത്രിയർക്കീസിന്റെ കണ്ണീരു തന്റെമേൽ പതിക്കരുതെന്ന് ബാവ തെളിയിച്ച ഒന്നിലധികം സന്ദർഭങ്ങൾ ഇപ്പോൾ എന്റെ മനസ്സിൽ ഒരു ചലച്ചിത്രത്തിലെന്നപോലെ മിന്നിമറയുകയാണ്. വാല്യക്കാരനായി നിന്നവനു വാലു മുളച്ചാൽ നിസംഗത പാലിക്കാൻ മഹാനായ ഋഷിക്കു മാത്രമേ കഴിയൂ. അത്തരം ഒരു ഋഷി ആയിരുന്നു കാലംചെയ്ത പൗരസ്ത്യകാതോലിക്കാ മോർ ബസേലിയസ് പൗലോസ് ദ്വിതീയൻ. 'ഇപ്പോൾമുതൽ കർത്താവിൽ മൃതിയടയുന്നവർ അനുഗൃഹീതരാണ്...അവർ തങ്ങളുടെ അധ്വാനങ്ങളിൽനിന്നു വിരമിച്ചു സ്വസ്ഥരാകും. അവരുടെ പ്രവൃത്തികൾ അവരെ അനുഗമിക്കുന്നു' എന്ന ബൈബിൾവാക്യം (വെളിപാട് 14:13) ഓർത്ത് ആശ്വസിക്കുക.

ശേലൂൻ ബശ്‌ലോമോ മോറാൻ. പിതാവേ, 'സമാധാനത്തോടെ പോക. പിന്നെ കാണാം.'

ലാളിത്യത്തിന്റെ ആൾരൂപം

മണ്ണിനോടുള്ള അടുപ്പം കൈവിടാതെ ഉള്ളിന്റെയുള്ളിൽ ഒരു കർഷകനായി ജീവിച്ച ശ്രേഷ്ഠ കാതോലിക്ക ബാവയെ അടുത്തറിഞ്ഞവർ വിശേഷിപ്പിക്കും: "ലാളിത്യത്തിന്റെ ആൾരൂപം." ലളിതമായിരുന്നു ആ ജീവിതശൈലി. മൂവാറ്റുപുഴയിലെ കാതോലിക്കേറ്റ് അരമനയിൽ താമസിച്ചിരുന്ന കാലത്തും പിറമാടം ദയറായിലെ (ഗദ്സിമൻ ആശ്രമം) ആശ്രമതുല്യമായ അന്തരീക്ഷത്തിലെത്താൻ ആ മനം തുടിച്ചിരുന്നു. അവിടെയെത്തി ആ കാറ്റേറ്റ് വിശാലമായ കൃഷിയിടത്തിലൂടെ നടന്നുവരുമ്പോഴുള്ള ബാവയുടെ ആഹ്ലാദം അടുത്തറിഞ്ഞവരേറെയുണ്ട്. ശ്രേഷ്ഠ കാതോലിക്കയുടെ ദിനചര്യ എങ്ങനെയായിരുന്നുവെന്ന് ദീർഘകാലം ഭദ്രാസന സെക്രട്ടറിയും ബാവയുടെ സന്തതസഹചാരിയുമായിരുന്ന ഫാ. ജോർജ് സി. ചാലപ്പുറം പറയുന്നു: "പുലർച്ചെ അഞ്ചിനു മുമ്പുതന്നെ എഴുന്നേറ്റു ചാപ്പലിലെത്തി പ്രാർഥിക്കും. അവസാനകാലംവരെയും ആ പതിവിനു മാറ്റമുണ്ടായിട്ടില്ല. രോഗം ബാധിക്കുന്നതിനു മുമ്പുള്ള കാലത്ത് പ്രാർഥന കഴിഞ്ഞാലുടൻ തിരുമേനിതന്നെ മുറിയിലെ ഹീറ്ററിൽ ചായുണ്ടാക്കും. കൂടെയുള്ള വർക്കൊക്കെ നല്കും.

പിറമാടത്ത് ആയിരിക്കുമ്പോൾ വെളുപ്പിനെതന്നെ പറമ്പിലൂടെ ഇറങ്ങിനടക്കും. മെതിയടിയും ധരിച്ചു വടിയുമായി നീങ്ങുന്ന അദ്ദേഹത്തിന്റെ നോട്ടം എല്ലായിടത്തും ചെല്ലും. നടക്കുന്ന കൂട്ടത്തിൽ ചിലപ്പോൾ പയറും മത്തപ്പൂവും ഒക്കെ പറിച്ചു കൂപ്പായത്തിന്റെ കീശയിലിട്ടുകൊണ്ടുവരും. മുറിയിലെത്തിയാൽ ചിലപ്പോൾ തിരുമേനിതന്നെയിരുന്ന് അതൊക്കെ അരിഞ്ഞെടുക്കും.

ഭരണപരമായ ചുമതലകളിൽ മുഴുകുമ്പോഴും ഉച്ചയ്ക്ക് അരമണിക്കൂർ ഉറക്കം മുടക്കാറില്ല. ആരോഗ്യം വഷളായ അവസാന കാലത്തു മാത്രമാണ് അദ്ദേഹം കൃഷിയിടത്തിലൂടെയുള്ള നടപ്പും മറ്റും ഉപേക്ഷിച്ചത്."

കൃഷിയും കൃഷിക്കാരുടെ പ്രശ്നങ്ങളും ഏറെ താത്പര്യമുള്ള വിഷയങ്ങളായിരുന്നു. പണ്ടൊക്കെ പള്ളികളിൽ സന്ദർശനത്തിനെത്തുമ്പോൾ ആരാധന കഴിഞ്ഞിറങ്ങി കർഷകപ്രശ്നങ്ങൾ തിരക്കുന്ന ശ്രേഷ്ഠബാവയെ നാട്ടുകാർക്കെല്ലാം വലിയ കാര്യമായിരുന്നു.

ലളിതമായ ജീവിതശൈലി എന്നും അദ്ദേഹം മുറുകെപ്പിടിച്ചു. പിറമാടം ദയറായിൽ ചെന്നാൽ കിഴക്കിന്റെ സിംഹാസനത്തിന്റെ പ്രൗഢിയൊന്നും കാണാനുണ്ടായിരുന്നില്ല. ഒരു ചാരുകസേരയിൽ ഇരുന്നു കാര്യങ്ങൾ തിരക്കുന്ന അദ്ദേഹത്തിന്റെ കിടപ്പുമുറിയും വളരെ ചെറുത്.

ഇടവകഭരണത്തിൽ നിയമത്തെക്കാൾ വാത്സല്യം നിറഞ്ഞ ഹൃദയത്തിന്റെ ശബ്ദത്തിനാണ് ശ്രേഷ്ഠ ബാവ മുൻതൂക്കം കൊടുത്തിരുന്നതെന്ന് എല്ലാവരും ഓർക്കുന്നു. "ഒരു രാഷ്ട്രീയനേതാവിന്റെ നയതന്ത്രചാതുര്യമോ, നിയമജ്ഞന്റെ അറിവോ അല്ല വ്യക്തിത്വത്തിന്റെ മാഹാത്മ്യം. മറിച്ച് നിഷ്കളങ്കമായ സ്നേഹവും ത്യാഗബുദ്ധിയുമായിരുന്നു അദ്ദേഹത്തിന്റെ പ്രധാന ഗുണങ്ങൾ"—ഫാ.ജോർജ് ചാലപ്പുറം അനുസ്മരിക്കുന്നു.

ജേർണൽ ഓഫ് ദ് കോട്ടയം ഡയോസിസ്

കോട്ടയം ഭദ്രാസനത്തിന്റെ ഔദ്യോഗിക പ്രസിദ്ധീകരണം

	ഇന്ത്യയിൽ	വിദേശത്ത്
വാർഷിക വരിസംഖ്യ	40.00 രൂപാ	200.00 രൂപാ
ത്രൈ വാർഷിക വരിസംഖ്യ	100.00 രൂപാ	500.00 രൂപാ
1 വർഷ നോട്ടീസ് നിക്ഷേപ വരിസംഖ്യ	500.00 രൂപാ	1000.00 രൂപാ

മേൽവിലാസം: സെ. ജോസഫ്സ് കത്തീഡ്രൽ, ശാസ്ത്രി റോഡ്, കോട്ടയം - 686 001. ഫോൺ : 0481 - 564499

മനസ്സിലെന്നും ഐക്യപ്രതീക്ഷ

പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് ദ്വിതീയൻ കാതോലിക്ക ബാവ

ബസേലിയോസ് പൗലോസ് ദ്വിതീയൻ ആബൂനുമായി എനിക്കു ദീർഘകാലത്തെ ബന്ധമുണ്ട്. 1958-ൽ സഭയിൽ സമാധാനം ഉണ്ടാകുന്നതിനു മുൻപുതന്നെ എനിക്ക് അദ്ദേഹത്തെ അറിയാം. അന്ന് അദ്ദേഹം മറ്റൊരു ഭാഗത്തു നിലകൊണ്ടിരുന്നെങ്കിലും ഞങ്ങളുടെ സ്നേഹസമ്പർക്കം പല രീതിയിലും തടസ്സംകൂടാതെ നടന്നിരുന്നു.

ഞങ്ങളുടെ സ്നേഹസമ്പർക്കം കൂടുതൽ ശക്തി പ്രാപിച്ചത് 1958-നു ശേഷമാണ്. മലങ്കരസഭയിൽ ഭിന്നിച്ചുനിന്നവർ ഒന്നാകുകയും പഴയ സെമിനാരിയിൽ ഒത്തുകൂടി ഐക്യത്തിന്റെ പുതിയ അധ്യായത്തിനായി ആഹ്വാനം ചെയ്യുകയും ചെയ്തു. ഞാനും അതിനു ദൃക്സാക്ഷിയായിരുന്നു. ഐക്യത്തിനുവേണ്ടി ആബൂൻ എത്രമാത്രം ആഗ്രഹിച്ചിരുന്നുവെന്ന കാര്യം എനിക്ക് ഈ കാലയളവിൽ മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്.

സഭാസമാധാനത്തിനുശേഷം പുത്തൻകാവിൽ കൂടിയ അസോസിയേഷനിൽ ആബൂൻ നടത്തിയ പ്രസംഗം എന്നെ സ്പർശിച്ചിട്ടുണ്ട്. അദ്ദേഹത്തെപ്പറ്റി എപ്പോൾ സ്മരിച്ചാലും ഞാൻ ആ പ്രസംഗവും ഓർക്കാറുണ്ട്. മലങ്കരസഭയുടെ ഐക്യത്തിനും യോജിച്ചുള്ള മുന്നേറ്റത്തിനും സഭാമക്കൾ എക്കാലവും ഒന്നിച്ചുനില്ക്കണമെന്ന് ആബൂൻ അന്നു നടത്തിയ പ്രസംഗത്തിൽ ചൂണ്ടിക്കാണിച്ചിരുന്നു. അന്നുമുതൽ ഇന്നുവരെയും അങ്ങനെയൊരു വീക്ഷണം ആബൂന് ഉണ്ടായിരുന്നതായി ഞാൻ വിശ്വസിക്കുന്നു.

സഭാസമാധാനത്തിനുശേഷം ഞങ്ങൾ അനേകം വർഷം പരിശുദ്ധ സുന്നഹദോസിലും മാനേജിംഗ് കമ്മിറ്റിയിലും ഒന്നിച്ചു പ്രവർത്തിച്ചിട്ടുണ്ട്. അദ്ദേഹം അന്ന് കണ്ടനാട് ഭദ്രാസനത്തിന്റെയും ഞാൻ കൊല്ലം ഭദ്രാസനത്തിന്റെയും മെത്രാപ്പോലീത്തമാരായിരുന്നു. സഭ യോജിപ്പിലെത്തിയശേഷം ആബൂൻ കൊല്ലത്ത് എന്റെ അരമനയിൽ പല തവണ വന്നിട്ടുണ്ട്. അവിടെവച്ച് അദ്ദേഹത്തെ ഞങ്ങൾ സ്വീകരിച്ചപ്പോൾ നടത്തിയ പ്രസംഗവും ഒന്നിച്ചുപോകാനുള്ള ആഹ്വാനമായിട്ടാണ് ഇന്നും എന്റെ മനസ്സിൽ തങ്ങിനില്ക്കുന്നത്. ഭിന്നത ആരുടെയും മനസ്സിൽ ഉണ്ടെന്നുപോലും തോന്നിയിരുന്നില്ല.



മുൻ പ്രധാനമന്ത്രി ഇന്ദിരാഗാന്ധിയോടൊപ്പം

ആബൂൻ എന്നെ കുണ്ടറപള്ളിയിൽ കൊണ്ടുപോയി. കൊല്ലം ഭദ്രാസനത്തിന്റെ കീഴിലായിരുന്ന ആ പള്ളിയിൽ തെങ്ങുവിളയിൽ കത്തനാരായിരുന്നു വികാരി. ഭിന്നത വന്നതിനെ തുടർന്ന് കല്ലുംമൂട്ടിൽ കത്തനാർ അദ്ദേഹത്തിനെതിരേ കേസ് നല്കി. സഭ ഒന്നായതിനെ തുടർന്നു ആബൂന്റെ അഭ്യർഥനപ്രകാരം ഞാൻ കല്ലുംമൂട്ടിൽ കത്തനാരെ കുണ്ടറ പള്ളിയിൽനിന്നു സ്ഥലംമാറ്റുകയും തെങ്ങുവിളയിൽ കത്തനാർക്കു പള്ളിയുടെ പൂർണ ചുമതല നല്കുകയുംചെയ്തു. എന്നെ കുണ്ടറപള്ളിയിൽ സ്വീകരിച്ച ആബൂനും തെങ്ങുവിളയിൽ കത്തനാരും അന്നത്തെ കാതോലിക്ക ബാവയോടും കൊല്ലം ഭദ്രാസനാധിപനായിരുന്ന എന്നോടും അടിയുറച്ച വിശ്വാസം അറിയിക്കുകയും ഒന്നിച്ചുനീങ്ങാൻ സന്നദ്ധരാണെന്ന് അറിയിക്കുകയും ചെയ്തിട്ടുണ്ട്.

ആബൂന്റെ ഐക്യവീക്ഷണത്തെപ്പറ്റി പിന്നീട് പലതവണ കണ്ടിട്ടുള്ളപ്പോഴും മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. 1958-നു ശേഷം സഭ കൂടെക്കൂടെ യോജിച്ചുനീങ്ങിയെങ്കിലും പിന്നീടും ഭിന്നത ഉണ്ടായി. തുടർന്നു സുപ്രീംകോടതിവരെ കേസ് നടത്തി. ആ സമയത്തും ആബൂൻ എന്നെ കാണുമ്പോൾ പറയുമായിരുന്നു, "നമുക്കു ഭിന്നിപ്പ് അവസാനിപ്പിച്ച്, ഒന്നിച്ചുനീങ്ങണം." എന്ന്. ഐക്യത്തിനു ഞാൻ എന്നും പൂർണമനസ്സുള്ളവനാണ്. ഞാൻ എപ്പോഴും ആബൂനോട് പറഞ്ഞിട്ടുള്ളത്, "ദൈവം ഐക്യത്തിന് ഇടവരുത്തട്ടെ" എന്നാണ്. ദൈവത്തിന്റെ കരങ്ങളിൽ അസാധ്യമായതൊന്നും ഇല്ല. ദൈവം ഐക്യമുണ്ടാക്കുമെന്നു തീർച്ചയാണ്."

1958-ലെ ഐക്യത്തെ തുടർന്ന് ഞങ്ങൾ കൊല്ലം ഭദ്രാസനത്തിൽ പാത്രിയർക്കീസ്ഭാഗത്തുള്ള എല്ലാ പള്ളികളിലും പോയിട്ടുണ്ട്. അവിടെയെല്ലാം അദ്ദേഹം സഭാമക്കളുടെ ആത്മീയാധികാരം എന്നിൽ ഭരമേല്പിച്ചുകൊണ്ടു നടത്തിയിട്ടുള്ള പ്രസംഗങ്ങൾ ഇന്നും എന്റെ മനസ്സിൽ പച്ചയായി നില്ക്കുന്നു. എന്റെ ഹൃദയത്തിലെ ആ പച്ചപ്പ് സഭയുടെ ഒരു നല്ല കാലഘട്ടമായി ഞാൻ കരുതുന്നു.

സഭ പിന്നെയും ഭിന്നിച്ചു. ആബൂൻ ഒരു വിഭാഗത്തിന്റെ നേതാവായി ഉയർന്നു. പ്രത്യക്ഷത്തിൽ വളരെ ശാന്തനും ഏവരോടും അനുഭാവത്തോടെ പെരുമാറുന്ന പ്രകൃതക്കാരനുമായിരുന്നു ആബൂൻ. എതിരാളികൾക്കുപോലും ഇണങ്ങുന്ന സ്വഭാവ വിശേഷം അദ്ദേഹത്തിനുണ്ടായിരുന്നു. സഭാപരമായി അഭിപ്രായവ്യത്യാസം ഉള്ളവർപോലും അദ്ദേഹവുമായി സ്നേഹബന്ധത്തിൽ കഴിഞ്ഞത് അതുകൊണ്ടാണ്. അത് ആബൂന്റെ മഹത്തായ നേട്ടംതന്നെയാണ്.

ഈ അഭിപ്രായവ്യത്യാസം ഉള്ള വേളയിലും ഞങ്ങൾ പലപ്പോഴും കാണുകയും സംസാരിക്കുകയും ചെയ്തിട്ടുണ്ട്. അപ്പോഴൊക്കെ അദ്ദേഹം എന്നോടു കാണിച്ച സ്നേഹപൂർവമായ പെരുമാറ്റവും അനുബന്ധമായി നടത്തിയിട്ടുള്ള വർത്തമാനരീതിയും ഞാൻ പ്രീതിയോടെ സ്മരിക്കുന്നു. അങ്ങനെയുള്ള ഒരു സ്നേഹിതന്റെ ദേഹവിയോഗമാണ് ഇപ്പോൾ ഈ ശ്രേഷ്ഠപിതാവിന്റെ വേർപാടുകൊണ്ട് ഉണ്ടാകുന്നത്. സഭയുടെ ഇന്നത്തെ അന്തരീക്ഷത്തിൽ ഈ വേർപാട് സമാധാനവളർച്ചയ്ക്ക് ഒരാഘാതംതന്നെയാണ്.

ദൈവത്തിലാണ് നമ്മുടെ ഏവരുടെയും ശരണവും പ്രത്യാശയും. ദൈവത്തിന് ഒന്നും അസാധ്യമല്ലല്ലോ. ആബൂൻ നമ്മെ വിട്ടുപിരിഞ്ഞെങ്കിലും നിശ്ചയമായും ഐക്യത്തിനുവേണ്ടി തുടർന്നും പ്രാർഥിക്കുമെന്നു ഞാൻ വിശ്വസിക്കുന്നു. കക്ഷി-പക്ഷ വ്യത്യാസം കൂടാതെ എല്ലാവരുടെയും ഒരു പിതാവ് എന്ന നിലയിൽ അദ്ദേഹത്തെ ആദരിക്കുന്നവരും ആഗ്രഹിക്കുന്നത് അതാണ്. ശ്രേഷ്ഠനായ ഗുരുവെന്ന നിലയിൽ ഏവരുടെയും ആദരവു നേടിയ അദ്ദേഹത്തെ ഞാൻ ബഹുമാനിക്കുന്നു. ഞങ്ങൾ ഒന്നിച്ചു കൂർബാന ചൊല്ലിയിട്ടുണ്ട്. ശുശ്രൂഷകളിൽ പങ്കെടുത്തിട്ടുണ്ട്. സുറിയാനിഭാഷയിൽ അദ്ദേഹത്തിന്റെ ജ്ഞാനത്തിൽ ഞാൻ ആകൃഷ്ടനായിട്ടുണ്ട്. അദ്ദേഹത്തിന്റെ ചില സുറിയാനിപ്രസംഗങ്ങൾ ഞാൻ കേട്ടിട്ടുണ്ട്. ഞങ്ങൾ എവിടെയെല്ലാം ഒന്നിച്ചു കണ്ടോ, അവിടെയെല്ലാം അദ്ദേഹം എനിക്കു തന്നിട്ടുള്ളത് ഐക്യത്തിന്റെ സന്ദേശമാണ്. പരിശുദ്ധ ഔഗേൻ പ്രഥമൻ കാതോലിക്ക ബാവയുടെ സ്ഥാനാരോഹണത്തിനു ഞങ്ങൾ ഒന്നിച്ചുകൂടിയപ്പോൾ അദ്ദേഹം ഈ സഭയുടെ ഐക്യവും യോജിപ്പും മാത്രമല്ല, ഈ സഭ ഭാരതസഭയായി ഉയരണമെന്ന ആഗ്രഹവും ഉന്നയിച്ചിരുന്നു. അദ്ദേഹം നമ്മെ വിട്ടുപിരിഞ്ഞിരിക്കുന്ന ഈ വേളയിൽ ആബൂന്റെ ഈ സ്വപ്നങ്ങൾ സഫലമാകട്ടെ എന്നു പ്രാർഥിക്കുന്നു.

ഓർമകളിൽ കണ്ണീർ

കൊച്ചി: സാധാരണ വെളുപ്പിന് അഞ്ചു മണിക്ക് എഴുന്നേല്ക്കാറുള്ള ബാവ ഇന്നലെ നാലരയോടെ എഴുന്നേറ്റു. നല്ല സുഖം തോന്നാഞ്ഞതുകൊണ്ടാവും പതിവിനു വിപരീതമായി പ്രാർഥിക്കാൻ പോയത് വൈകിയാണ്.

കാലംചെയ്ത ശ്രേഷ്ഠ കാതോലിക്കയുടെ പേഴ്സനൽ സെക്രട്ടറിയായി പ്രവർത്തിക്കുന്ന ഡീക്കൻ ബിജു നിറകണ്ണുകളോടെ ഓർക്കുന്നു.

പക്ഷേ, വിഷമമൊന്നും ഉള്ളതായി പറഞ്ഞില്ല. ശനിയാഴ്ചയും നെടുമ്പാലിൽ ആശുപത്രിയിൽ പോയി ചെക്കപ്പ് നടത്തിയതാണ്. രക്തസമ്മർദവും മറ്റും നോർമലായിരുന്നു. ഒരു തകരാറും അപ്പോഴുണ്ടായിരുന്നില്ല.

പതിവുപോലെ ശനിയാഴ്ചയും രാത്രി ഏഴരയ്ക്ക് ബാവ ഭക്ഷണം കഴിച്ചു.എട്ടിനു പ്രാർഥന കഴിഞ്ഞു കിടന്നു. ഏഴു യാമപ്രാർഥനകളും കൃത്യമായി നടത്താറുള്ള അദ്ദേഹം രാത്രി പത്തരയോടെ എണീറ്റ് പ്രാർഥിക്കും. പാതിരാപ്രാർഥനയ്ക്കുശേഷം ചിലപ്പോൾ കുടിക്കാൻ ചോദിക്കും.

ഭക്ഷണത്തിലൊന്നും തീരെ നിർബന്ധമില്ലാത്ത ആളായിരുന്നു ബാവയെന്ന് എട്ടു മാസമായി അദ്ദേഹത്തെ പരിചരിക്കുന്ന ആമ്പല്ലൂർ പോറോത്ത് ജോൺ ഓർക്കുന്നു. വളരെ ലളിതമായ ഭക്ഷണമായിരുന്നു ഇഷ്ടം. രാവിലെ ഓട്സ് കഴിക്കും. പച്ചക്കറിഭക്ഷണമായിരുന്നു കൂടുതൽ പഥ്യം.

രോഗത്തെ തീരെ വകവച്ചിരുന്നില്ല. നോമ്പുകളെല്ലാം കൃത്യമായി നോക്കും. പ്രാർഥനയ്ക്കും ധ്യാനത്തിനുമായിരുന്നു കൂടുതൽ സമയം വിനിയോഗിച്ചിരുന്നത്.

ഇന്നലെ രാവിലെ നേരത്തെ എഴുന്നേറ്റെങ്കിലും പ്രഭാതപ്രാർഥനയ്ക്കു വൈകിയത് അസുഖം തോന്നിയതുകൊണ്ടായിരിക്കാമെന്ന് ഡീക്കനും ജോണും കരുതുന്നു. രാവിലെ പള്ളിയിൽ പോകുന്നതിന് ഒരുങ്ങുന്നതിനായി എട്ടു മണിയോടെ കുളിക്കാൻ പോയി. കുളിക്കുന്നതിനിടയിൽ കഠിനമായ നെഞ്ചുവേദന അനുഭവപ്പെട്ട ബാവ തല മാത്രം തോർത്തി മുറിയിൽ വന്നു.

വല്ലാത്ത വിഷമം തോന്നുന്നുവെന്നു പറഞ്ഞ് കിടന്ന ബാവ നെഞ്ചിൽ തിരുമ്മാൻ ആവശ്യപ്പെട്ടു. മൂവാറ്റുപുഴ കാതോലിക്കേറ്റ് അരമനയിലെ ഓഫീസ് സെക്രട്ടറി ഏലിയാസും അപ്പോഴവിടെ ഉണ്ടായിരുന്നു. നെഞ്ചും പുറവും തിരുമ്മിക്കൊടുക്കുകയും അസുഖം ഉണ്ടായാൽ നാവിനടിയിൽ വച്ച് അലിച്ചു കഴിക്കേണ്ട ഗുളിക കൊടുക്കുകയുംചെയ്തു. അല്പം കഴിഞ്ഞപ്പോൾ വിഷമം മാറിയതായി ബാവ പറഞ്ഞു.

ഇതിനിടെ ബാവയുടെ പേഴ്സനൽ ഡോക്ടർ നെടുമ്പാലിൽ ആശുപത്രിയിലെ ബിനോയിയെ വിവരമറിയിച്ചിരുന്നു. ഇന്നലെ പള്ളിയിൽ നടത്താനിരുന്ന പാരിഷ്ഹാൾ ഉദ്ഘാടനത്തിൽകൂടി സംബന്ധിക്കാൻ എത്തിയ മുൻമന്ത്രി ടി.എം.ജേക്കബ് ബാവയ്ക്കു സുഖമില്ലെന്നറിഞ്ഞ് അരമനയിലെത്തി. അതിനിടയ്ക്കു ഡോക്ടറുമെത്തി. പരിശോധനയിൽ കഠിനമായ ഹാർട്ട് അറാക്കാണുണ്ടായതെന്നു മനസ്സിലാക്കിയ ഡോക്ടർ അപ്പോൾതന്നെ കോലഞ്ചേരി മെഡിക്കൽ മിഷൻ ആശുപത്രിയിൽ വിളിച്ച് ബാവയെ കൊണ്ടുവരുന്നതായി അറിയിച്ചു.

ആശുപത്രിയിൽ പോകണമെന്നു പറഞ്ഞപ്പോൾ ആദ്യം ബാവ വിസമ്മതിച്ചു. പള്ളിയിൽ പോയിട്ടു പോയാൽ മതിയെന്നു പറഞ്ഞു. എന്നാൽ മറ്റുള്ളവർ നിർബന്ധിച്ചപ്പോൾ സമ്മതിക്കുകയായിരുന്നു. ബാവയ്ക്ക് എവിടെയെങ്കിലും പോകേണ്ടിവരുമ്പോൾ കാർ ഓടിക്കാൻ എത്താറുള്ള മൂവാറ്റുപുഴ ഹൈസ്കൂൾ അധ്യാപകൻ ജോയിയെ അപ്പോഴേക്കും ജോൺ വിളിച്ചുവരുത്തിയിരുന്നു. മുൻ ഡ്രൈവർ തോമസും ബാവയുടെ അസുഖവിവരമറിഞ്ഞെത്തി. തനിക്കു കുഴപ്പമൊന്നുമില്ലെന്നും പള്ളിയിൽ പൊയ്ക്കൊള്ളാനും പറഞ്ഞ് തോമസിനെ അയച്ച ബാവ ആശുപത്രിയിൽ പോകുന്നതിനായി കാറിലേക്കു നടന്നുകയറാനാണ് ഒരുങ്ങിയത്. മറ്റുള്ളവർ നിർബന്ധിച്ച് കാറിലേക്ക് എടുത്തുകയറ്റുകയായിരുന്നു. ഡോ. ബിനോയിയും കാറിൽ ഒപ്പം ആശുപത്രിയിലേക്കു പോന്നു.

വഴിക്ക് വേദന അനുഭവപ്പെടുന്നതായി പറഞ്ഞ ബാവ വേദന കൂടിവരുന്നതായി ഇടയ്ക്ക് ആംഗ്യവും കാട്ടി. മൂവാറ്റുപുഴ എത്തിയപ്പോൾ കൂടിക്കാൻ വേണമെന്നു പറഞ്ഞു. പിന്നിലായി മറ്റൊരു കാറിലുണ്ടായിരുന്ന ബാബു മാങ്കുളം വാങ്ങിക്കൊടുത്ത സോഡ കുറെ കുടിച്ചു. പിന്നെയും കഠിനവേദന അനുഭവിക്കുന്നതിന്റെ ലക്ഷണങ്ങൾ ബാവ കാട്ടി. ആശുപത്രിയിലെത്തുന്നതിന് അഞ്ചു മിനിറ്റു മുമ്പ് ബോധം മറഞ്ഞു. പൾസും തീരെ ബലഹീനമായി.

ആശുപത്രിയിലെത്തുമ്പോൾ അഡ്മിനിസ്ട്രേറ്റീവ് ഡയറക്ടർ പി.പി.മാത്തുള്ളയും വിദഗ്ദ്ധ ഡോക്ടർമാരുടെ സംഘവും വേണ്ട പരിചരണം നല്കുന്നതിനായി കാത്തുനില്ക്കുന്നുണ്ടായിരുന്നു.

അര മണിക്കൂറിലേറെ അവർ നടത്തിയ കഠിനശ്രമത്തിനൊന്നും പക്ഷേ ഫലമുണ്ടായില്ല. 10.50-ന് ആ ധന്യജീവിതം പൊലിഞ്ഞു.

ശെമ്മാശനും ജോണിനുമൊന്നും ആ വാർത്ത വിശ്വസിക്കാനായില്ല. സ്വന്തം പിതാവിനെപ്പോലെ സ്നേഹം മാത്രം ചൊരിഞ്ഞു തന്നിട്ടുള്ള ബാവയുടെ സ്നേഹമസൃണമായ വിളിക്കു കാതോർത്ത് ആശുപത്രിമുറിക്കു മുമ്പിൽ പ്രാർഥനയോടെ പിന്നെയും അവർ കാത്തുനിന്നു. ഒടുവിൽ ബാവയുടെ ഭൗതികശരീരം അംശവസ്ത്രങ്ങളണിയിച്ച് ദർശനത്തിനായി ചാപ്പലിലേക്കു കൊണ്ടുപോകാനായി എടുത്തുകൊണ്ടു വന്നപ്പോൾ അവർ തേങ്ങിക്കരഞ്ഞുപോയി.

ഇതിനകം ആശുപത്രിയും പരിസരവും ജനനിബിഡമായിക്കഴിഞ്ഞിരുന്നു. കോലഞ്ചേരി പട്ടണമാകെ ബാവയുടെ വിയോഗവാർത്തയറിഞ്ഞു മൂകമായി. എല്ലാ വഴികളും ആശുപത്രിയിലേക്കായി.

മൂളന്തുരുത്തിപള്ളിയിൽ മോർ കൂറിലോസ് ബാവയുടെ പെരുന്നാളിൽ സംബന്ധിക്കുന്ന ഭക്തജനങ്ങളുടെ തീർഥാടനത്തിനായി കോലഞ്ചേരി ചാപ്പലിൽ കൊണ്ടുവന്നിരുന്ന രഥം ബാവയുടെ ഭൗതികദേഹം വഹിച്ചുകൊണ്ടുള്ള വിലാപയാത്രയ്ക്കായി കൊണ്ടുവന്നു.

ആശുപത്രിക്കു പുറത്തു മണിക്കൂറുകളോളം പ്രാർഥനാഗീതങ്ങളും മറ്റും ആലപിച്ചു കാത്തുനിന്ന ജനക്കൂട്ടം ബാവയുടെ ഭൗതികശരീരം കണ്ടപ്പോൾ നിയന്ത്രണം വിട്ടു തേങ്ങി. സ്ത്രീകളും കുട്ടികളും മാത്രമല്ല, യുവാക്കൾപോലും ആ ആത്മീയതേജസ്സിയുടെ നിശ്ചലശരീരത്തിനു മുമ്പിൽ കണ്ണീരഭിഷേകം നടത്തുന്നതു കണ്ടു.

"ഇത്രയും നിർമലഹൃദയനായ ഒരു മനുഷ്യനെ വേറെ കാണാൻ കഴിയില്ല. അടുത്ത തലമുറ ഒരു പുണ്യവാളനായി അദ്ദേഹത്തെ കാണുമെന്ന കാര്യത്തിൽ സംശയമില്ല." ഏഴു പതിറ്റാണ്ടിന്റെ ആത്മബന്ധത്തിൽനിന്നു സുഹൃത്തും ബന്ധുവുമായ പി.വി.പൗലോസ് പറയുന്നു.

പ്രശസ്തി ഇഷ്ടപ്പെടാത്ത പുണ്യശ്ലോകൻ

മൂവാറ്റുപുഴ: അത്യുന്നത പദവി അലങ്കരിക്കുമ്പോഴും സ്വന്തം പേരിലൊരു സ്ഥാപനം തുറക്കുന്നതിൽ ശ്രേഷ്ഠ കാതോലിക്ക ബാവയ്ക്ക് ഒട്ടും താത്പര്യമില്ലായിരുന്നു.

നവീനരീതിയിലുള്ള തൊഴിലധിഷ്ഠിത വിദ്യാഭ്യാസസംസ്കാരത്തിനു നാന്ദികുറിച്ചു പിറവത്ത് ആരംഭിച്ച ബി.പി.സി. കോളജിന് ബാവയുടെ നാമധേയം നല്കിയതു കോളജിനുവേണ്ടി അശ്രാന്ത പരിശ്രമം നടത്തിയ സഭാമക്കളുടെ നിർബന്ധം ഒന്നുകൊണ്ടു മാത്രമായിരുന്നു.

കോളജിന്റെ രക്ഷാധികാരികൂടിയായ ബാവ ഭദ്രദീപം കൊളുത്തി ഈ കലാക്ഷേത്രം തുറന്നവേളയിലും കോളജിന്റെ നാമകരണം സഭാമക്കളുടെ ഇംഗിതത്തിനു വഴങ്ങിയാണെന്ന് ബാവ ഓർമിപ്പിച്ചിരുന്നു.

കഴിഞ്ഞ ഡിസംബർ ഒന്നിനാണ് ബി.ബി.എ., ബി.സി.എ., ബി.എസ്സി. ഇലക്ട്രോണിക്സ് കോഴ്സുകളുടെ ഉദ്ഘാടനം. ആദ്യബാച്ചിൽ നാന്നൂറോളം കുട്ടികൾ.

ബാവയ്ക്കു ശാശ്വതസ്മാരകമായി നിലകൊള്ളുന്ന ഈ സ്ഥാപനം ഉന്നത വിദ്യാഭ്യാസരംഗത്തു വൻ വാഗ്ദാനമാണെന്ന് കോളജ് ഭരണസമിതിയംഗമായ ടി.എം.ജേക്കബ് എം.എൽ.എ. പറഞ്ഞു.

ബാവയുടെ നാമധേയത്തിലുള്ള ഏകസ്ഥാപനമാണ് പിറവം കോളജ്.

ഏറെ നാളുകളായി തിരക്കിൽനിന്നും ഒതുങ്ങിനിന്ന ബാവ അവസാനമായി കുർബാന അർപ്പിച്ചത് കരിങ്ങാച്ചിറ സെൻറ് ജോർജ് ദേവാലയത്തിലാണ്. തുടർന്നു പള്ളിസെമിത്തേരിയിലെ ബന്ധുവിന്റെ കുഴിമാടത്തിൽ ധൂപപ്രാർഥന നടത്തുകയും തുടർന്നു പള്ളിയിലെ വിവാഹകൂദാശയ്ക്കു പ്രധാന കാർമികത്വം വഹിക്കുകയുംചെയ്തു.

ചുമ നിർത്തൂ
ഡാബർ ച്യവനപ്രാശം

Regd. No.
KL/RTM/318

മാതൃഭൂമി

MATHRUBHUMI, THE NATIONAL DAILY IN MALAYALAM
PUBLISHED FROM KOZHIKODE, KOCHI, THIRUVANANTHAPURAM, THRISSUR, KANNUR AND KOTTAYAM

ശ്രേഷ്ഠ കാതോലിക്കാബാവ കാലംചെയ്തു





കൂദാശ നടക്കും മുമ്പേ യാത്രാ മൊഴി

റവന്യൂ ബോർഡ് പിരിച്ചുവിടുന്നു

കുർദിഷ് മേഖലയിൽനിന്ന് ഇറാഖ് സേന പിന്മാറും

നഗരി കാണിക്കൽ രാവിലെ 10 ന്

57000 താൽക്കാലിക ജീവനക്കാരെ റെയിൽവെ സ്ഥിരമാക്കും- പാസ്വാൻ

വിദ്യാധിരാജ ജയന്തി ഇന്ന്





ശ്രേഷ്ഠകാതോലിക്ക ബാവ: ഒരു ആദ്ധ്യാത്മിക തേജസ്സ്



ലോക ബന്ധുവായ ചട്ടമ്പിസ്വാമികൾ



ഗുപ്തജിയും അല്പം 'ആഭ്യന്തര'വും




THOMSON PVC PIPES
A Reliable Product

മാതൃഭൂമി
MATHRUBHUMI, THE NATIONAL DAILY IN MALAYALAM
PUBLISHED FROM KOZHIKODE, KOCHI, THIRUVANANTHAPURAM, THRISSUR, KANNUR AND KOTTAYAM
Regd. No. KL/RNI/310
CT

V-Star
Designer Churidars
V-GUARD

ശ്രേഷ്ഠ കാതോലിക്കാ ബാവായ്ക്ക് ആയിരങ്ങളുടെ അശ്രുപൂജ



തലശ്ശേരി, പുനലൂർ വോട്ടെടുപ്പ് ഒക്ടോ. 11ന്

സഭാ ഭരണത്തിന് നാലംഗ സമിതി

അന്തിമാഞ്ജലി അർപ്പിക്കാൻ വിശ്വാസികളുടെ പ്രവാഹം

ബസ് കൂലികൂട്ടൽ: പ്രതിപക്ഷം ഇറങ്ങിപ്പോയി

സുഖ്‌റാമിനോട് ഹാജരാകാൻ സി.ബി.ഐ. ആവശ്യപ്പെട്ടു

പഞ്ചസാരയുടെ സ്വതന്ത്ര കയറ്റുമതി അനുവദിക്കും

റാന്നി പാലം ഒക്ടോബർ 15-ന് മുമ്പ്



അവധിക്കാലം തീർന്നു; പുസ്തകസഞ്ചിയിൽ 'മുഖംമൂടി' കഥ ബാക്കി

ആദരാഞ്ജലി അർപ്പിച്ചു

ഹവാല അന്വേഷണത്തിൽ സുപ്രീംകോടതിക്ക് അതൃപ്തി

വിശ്വാസവോട്ട് ഇന്ന്: 96 ബി.ജെ.പി. എം.എൽ.എ.മാർ പ്രതിജ്ഞയെടുത്തു

കാണാപ്പുറം



നിയമസഭ: ബലപരീക്ഷണത്തിന് ലക്ഷ്യം ഉപതിരഞ്ഞെടുപ്പ്

അഞ്ച് ജില്ലകളിൽ പുതിയ കലക്ടർമാർ

ഇടയ വീഥിയിലെ പ്രകാശ ഗോപുരം



ബാവയുടെ വിയോഗത്തിൽ അനുശോചനം





ഇപ്പോൾ തരികിട വ്യവസായവും

പി.വി. സാമിയുടെ സ്മരണ നന്മകളെ തിരിച്ചുകൊണ്ടുവരാൻ പ്രേരണയാവണം —ചീഫ് വിപ്പ് ടി.കെ. ഹംസ

അപകടങ്ങളെ തരണം ചെയ്തു കൊണ്ട് ഗൗഡ

പാർലമെന്റിൽ കഴിഞ്ഞു

മാതൃഭൂമി
1996 സെപ്തംബർ 2, തിങ്കൾ

ശ്രേഷ്ഠ കാതോലിക്കാബാവ കാലംചെയ്തു

കൊച്ചി: മലങ്കര യാക്കോബായ സിറിയൻ ഓർത്തഡോക്സ് സഭയുടെ പരമാദ്ധ്യക്ഷനും മലങ്കര മെത്രാപ്പോലീത്തയുമായ ബസേലിയോസ് പൗലോസ് ദിതീയൻ ബാവ കാലംചെയ്തു. ഞായറാഴ്ച രാവിലെ 10-50ന് കോലഞ്ചേരി മെഡിക്കൽ മിഷൻ ആശുപത്രിയിലാണ് അന്ത്യം സംഭവിച്ചത്. ബാവയ്ക്ക് 83 വയസായിരുന്നു.

ലാളിത്യം, വിശുദ്ധി, പാണ്ഡിത്യം എന്നിവയുടെ ആൾരൂപമായിരുന്നു ശ്രേഷ്ഠ കാതോലിക്ക ബാവ. ആത്മസമർപ്പണംകൊണ്ട് ധന്യമായ ജീവിതം.

വാർദ്ധക്യസഹജമായ അസുഖങ്ങളെതുടർന്ന് ഏതാനും വർഷങ്ങളായി മുവാറ്റുപുഴയ്ക്കടുത്തുള്ള പിറമാടം സെൻറ് ജോൺസ് പള്ളിയോടനുബന്ധിച്ച് ഗദ്സിമേൻ ദയറയിൽ വിശ്രമജീവിതം നയിക്കുകയായിരുന്നു. വിശ്രമസ്ഥലത്തുവച്ച് രാത്രിയിൽതന്നെ ദേഹാസ്വാസ്ഥ്യവും നെഞ്ചുവേദനയും അനുഭവപ്പെട്ടിരുന്നു. രാവിലെ ദേഹാസ്വാസ്ഥ്യം ശക്തമായതിനെ തുടർന്ന് പ്രാഥമിക ശുശ്രൂഷയ്ക്കുശേഷം കോലഞ്ചേരി മെഡിക്കൽ മിഷൻ ആസ്പത്രിയിലേക്ക് കൊണ്ടുവന്നു. എന്നാൽ അവിടെ എത്തുമ്പോഴേക്കും അത്യാസന്ന നിലയിൽ എത്തിയിരുന്നു.

ഉച്ചയോടുകൂടി ഭൗതികശരീരം കോലഞ്ചേരി സെൻറ് പീറ്റേഴ്സ് ആൻഡ് സെൻറ് പോൾസ് ചാപ്പലിൽ കൊണ്ടുവന്നു. സിംഹാസനത്തിൽ അധികാര



ശ്രേഷ്ഠ ബാവായുടെ ഊഷ്മളമായ സ്വാഗതം. 1982-ൽ പാത്രിയർക്കീസ് ബാവായേയും സംഘത്തേയും സ്വാഗതം ചെയ്യുന്നു

വസ്ത്രങ്ങളും അംശവടിയുമായി മദ്ബഹായിൽ ഇരുത്തിയ ഭൗതികശരീരം ദർശിക്കുന്നതിനായി സഭാംഗങ്ങളും രാഷ്ട്രീയ-സാമൂഹ്യനേതാക്കളുമെല്ലാം എത്തിക്കൊണ്ടിരുന്നു. ഭദ്രാസനമെത്രാപ്പോലീത്തമാരും വൈദികരും പ്രാർഥനകളും വിശ്വാസഗീതങ്ങളും നിരന്തരം ആലപിച്ചുകൊണ്ടിരുന്നു. 3.30-ന് പിറമാടം ദയറായിലേക്ക് വിലാപയാത്രയായി കൊണ്ടുപോയി.

ദയറായിൽ ബാവയുടെ കാര്യങ്ങൾ നോക്കി നടത്തിയിരുന്ന ഡീക്കൻപൗലോസ്, ഫാദർ സക്കറിയ ഇച്ചിക്കോട്ടിൽ, അരമന ഓഫീസ് സെക്രട്ടറി കെ.സി.ഏലിയാസ്, ബാവയുടെ ഡ്രൈവർ തോമസ് എന്നിവർ മരണസമയത്ത് സമീപം ഉണ്ടായിരുന്നു.

വാർത്തയറിഞ്ഞ് ജീവിതത്തിന്റെ നാനാതുറകളിൽപ്പെട്ട ആയിരങ്ങൾ കോലഞ്ചേരിയിലേക്ക് പ്രവഹിച്ചു. ഉച്ചയ്ക്കു മുമ്പുതന്നെ സഭയിലെ ഒട്ടുമിക്ക മെത്രാപ്പോലീത്തമാരും മാനേജിംഗ് സമിതി അംഗങ്ങളും കോലഞ്ചേരിയിൽ എത്തി.

സഭാദൈവാലയത്തിൽ ദുഃഖസാന്ദ്രമായ മണിക്കൂറുകളായിരുന്നു. ഭൗതികശരീരം ഒരുനോക്കു കാണുവാനും പ്രത്യേക പ്രാർഥനകൾ നടത്തുവാനും ആയിരങ്ങൾ ഒഴുകിയെത്തിക്കൊണ്ടിരുന്നു. തിങ്കളാഴ്ച രാവിലെ 10 വരെ യാക്കോബായ സഭയുടെ ആസ്ഥാനമായ മൂവാറ്റുപുഴ കാതോലിക്കേറ്റ് അരമനയിൽ പൊതുദർശനത്തിനു വയ്ക്കും. ഭൗതികശരീരവുമായി 10.30-ന് നഗരം കാണിക്കൽ ചടങ്ങ് നടത്തും. അതിനുശേഷം വിലാപയാത്ര പുത്തൻകുരിശിനടുത്തുള്ള മലേക്കുരിശ് ദയറായിൽ എത്തും. തുടർന്ന് 5.30-ന് സംസ്ക്കാരം നടത്തും. 1952 ഒക്ടോബർ 10-നാണ് ദമാസ്കസിൽ വച്ച് പൗലോസ് മോർ പീലക്സിനോസ് എന്ന പേരിൽ ബാവയെ മെത്രാനായി വാഴിച്ചത്.

1975 സെപ്തംബർ 7-ന് കിഴക്കിന്റെ കാതോലിക്കയായി പരിശുദ്ധ യാക്കോബ് തൃതീയൻ പാത്രിയർക്കീസ് ബാവ വാഴിച്ചു. ഇപ്പോഴത്തെ പരിശുദ്ധ സക്കാ പ്രഥമൻ പാത്രിയർക്കീസ് ബാവയെ 1980-ൽ വാഴിക്കുന്നതിന് പ്രധാന കാർമികത്വം വഹിച്ചത് പൗലോസ് ദ്വിതീയൻ ബാവയായിരുന്നു. ലളിതജീവിതംകൊണ്ടും ഭരണനിപുണതകൊണ്ടും സഭയെ പ്രതിസന്ധിഘട്ടങ്ങളിലൂടെ നയിച്ച അജപാലകന്റെ വേർപാട് വിശ്വാസിസമൂഹത്തെയാകെ ദുഃഖത്തിലാഴ്ത്തി.

എറണാകുളം ജില്ലയിലെ ചെറായി പുതുശ്ശേരി തറവാട്ടിൽ മലങ്കര മല്പാൻ പി.പി.യൗസേഫ് കത്തനാർ പിതാവും ഏലിയാമ്മയുമാണ്. ചെറായി ആർ.വി.യു. എച്ച്.എസ്. ഹെഡ്മാസ്റ്ററായിരുന്ന പി.ജെ.കുര്യാക്കോസ്, സൈനികോദ്യോഗസ്ഥനായിരുന്ന പി.ജെ.തോമസ്, പി.ജെ.മാത്യു എന്നിവരാണ് സഹോദരന്മാർ. എലിസബത്ത്, മേരി വർഗീസ്, ശോശാമ്മ ഷൈനോ എന്നിവർ സഹോദരിമാരും. റിട്ട. ജഡ്ജ് എ.ടി.ഇട്ടൂപ്പ്, മാണിയാറ വർഗീസ്, പുളിക്കോട്ടിൽ ചുമ്മാർ മൈക്കിൾ എന്നിവർ സഹോദരീ ഭർത്താക്കന്മാരുമാണ്.

പ്രതിപക്ഷ നേതാവ് എ.കെ.ആൻറണി, കെ.പി.സി.സി. പ്രസിഡൻറ് വയലാർ രവി, എം.എൽ.എ.മാരായ പി.പി.തങ്കച്ചൻ, ടി.എം.ജേക്കബ്, എം.പി.വർഗീസ് തുടങ്ങിയവർ അന്തിമോപചാരമർപ്പിക്കാൻ എത്തി. ഡോ. തോമസ് മോർ അത്തനാസിയോസ്, ഡോ.ഏബ്രഹാം മോർ സേവേറിയോസ് എന്നിവരാണ് ആദ്യം എത്തിയത്. തുടർന്ന് വിവിധ പള്ളികളിലായിരുന്ന മറ്റ് മെത്രാപ്പോലീത്തമാരും കോലഞ്ചേരിയിലെത്തി.

കബറടക്കശുശ്രൂഷയുടെ പ്രാരംഭഘട്ടം കോലഞ്ചേരിയിലും പിറമാടം സെൻറ് ജോൺസ് പള്ളിയിലും നടത്തി. ബാവയുടെ ആസ്ഥാനമായിരുന്ന പിറമാടം ദയറാ ചാപ്പലിൽ മൃതശരീരം ദർശനത്തിനു വച്ചശേഷം സെൻറ് ജോൺസ് പള്ളിയിൽ നഗരികാണിക്കൽ ശുശ്രൂഷ നടത്തി. ഡോ.ഗീവർഗീസ് മോർ ഗ്രിഗോറിയോസ്, ഡോ.തോമസ് മോർ അത്തനാസിയോസ്, യൂഹാനോൻ മോർ മിലിത്തോസ്, ജോസഫ് മോർ ഗ്രിഗോറിയോസ്, ഏബ്രഹാം മോർ ക്ലിമ്മീസ്, ബന്യാമീൻ മോർ ഒസ്താത്തിയോസ്, ഡോ.യൂഹാനോൻ മോർ പീലക്സിനോസ് എന്നിവർ ശുശ്രൂഷയ്ക്ക് നേതൃത്വം നല്കി.

ദയറായിലേക്കുള്ള യാത്രാമധ്യേ കടാതി, അമ്പലംപടി, മേക്കടമ്പ്, കടമറ്റം, കോലഞ്ചേരി എന്നീ ദൈവാലയങ്ങളിൽ കുറച്ചു നേരത്തേക്ക് ദർശനത്തിനു വയ്ക്കും. പത്താം മൈലിൽനിന്ന് കാൽനടയായിട്ടായിരിക്കും മലേക്കുരിശിലേക്ക് കൊണ്ടുപോകുന്നത്.

കൂദാശ നടക്കും മുമ്പേ യാത്രാമൊഴി

കൊച്ചി: ഒരു കൂദാശച്ചടങ്ങിനു പോകാൻ ഒരുങ്ങുമ്പോഴാണ് മരണം നിഴൽപോലെ ശ്രേഷ്ഠ കാതേലിക്കാബാവയെ തേടിയെത്തിയത്. പിറമാടം പള്ളി പാരിഷ്ഹാളിന്റെ ഉദ്ഘാടനവും കൂദാശയും ഞായറാഴ്ച രാവിലെയായിരുന്നു. ഉദ്ഘാടകൻ ടി.എം.ജേക്കബ് എം.എൽ.എ. ശ്രേഷ്ഠ കാതോലിക്ക ബാവയ്ക്കായിരുന്നു കൂദാശയുടെ ചുമതല. അതിരാവിലെതന്നെ അദ്ദേഹം ഉറക്കമെഴുന്നേറ്റതായി അരമനയിലെ സഹായി ജോൺ ഓർക്കുന്നു.

ജോണിന്റെ വാക്കുകൾ: "എട്ടു മണിയായപ്പോൾ അദ്ദേഹം കുളിക്കാൻ കയറി. കുളി കഴിഞ്ഞെത്തിയപ്പോൾ പതിവില്ലാതെ വെള്ളം ചോദിച്ചു. വെള്ളം കൂടിക്കുമ്പോൾ കൈവിറയ്ക്കുന്നുണ്ടായിരുന്നു. തലേന്ന് നേർത്ത നെഞ്ചുവേദന അനുഭവപ്പെട്ടിരുന്നതിനാൽ ഞാൻ ലേശം പേടിച്ചു. ഏയ് കുഴപ്പമൊന്നുമില്ലെന്നു പറഞ്ഞ് എന്നെ ആശ്വസിപ്പിക്കുകയാണുണ്ടായത്. പക്ഷേ, ഏറെക്കഴിയുംമുമ്പേ അദ്ദേഹം നെഞ്ചത്തു കൈയ്യമർത്തി. കടുത്ത വേദന അനുഭവിക്കുന്നുണ്ടെന്ന കാര്യം മുഖത്ത് കാണാമായിരുന്നു. ഞങ്ങൾ ഉടനേതന്നെ ഡോ.ബിനോയിയെ വിളിച്ച് കാര്യം പറഞ്ഞു...."

ഇതിനിടെ പാരിഷ്ഹാളിന്റെ ഉദ്ഘാടകനായ മുൻ മന്ത്രി ടി.എം.ജേക്കബ് ബാവയെ കാണാൻ അരമനയിലെത്തി. പേടിക്കാനൊന്നുമില്ലെന്നും കൂദാശയ്ക്കെത്താമെന്നും ബാവ ആത്മവിശ്വാസം പ്രകടിപ്പിച്ചു. ഡോക്ടർ എത്തി പരിശോധന കഴിഞ്ഞപ്പോൾ ഉടൻതന്നെ ആസ്പത്രിയിലേക്ക് മാറ്റണമെന്ന് നിർദേശം നല്കി.

"അതിവേഗത്തിൽ കോലഞ്ചേരി മെഡിക്കൽ മിഷൻ ആസ്പത്രിയിലേക്കു കുതിച്ച കാറിൽ വച്ചും അദ്ദേഹം തനിക്കൊന്നുമില്ലെന്ന് പറയുന്നുണ്ടായിരുന്നു. മാറാടിയിലെത്തിയപ്പോൾ വെള്ളം ചോദിച്ചു. ഞങ്ങൾ പുറത്തുനിന്ന് ഒരു സോഡ വാങ്ങിക്കൊടുത്തു. അപ്പോഴേക്കും നേരിയ മയക്കത്തിലായിരുന്നു. ആസ്പത്രിയിലെത്തി ഏറെക്കഴിയുംമുമ്പ്..... ശൂന്യതയിലേക്ക് നോക്കി ജോൺ നിർത്തി.

ഭൗതികദേഹം പൊതുദർശനത്തിനു വച്ചു. കോലഞ്ചേരി സെന്റർ ഹീറോഴ്സ് ചാപ്പലിന്റെ മുറ്റത്ത് വിമൂകയായി നില്ക്കുന്ന ബാവയുടെ മൃത്ത പെങ്ങൾ മേരി വർഗീസിന് ഓർക്കാനേറെയുണ്ട്: "കുട്ടിക്കാലം തൊട്ടേ ഒരു പ്രാർഥനാജീവിതമായിരുന്നു ബാവയുടേത്. കുടുംബത്തോട് വളരെ കരുതലോടെയാണ് പെരുമാറിയിരുന്നത്. പുരോഹിതനായ അപ്പനോടൊപ്പം ആരാധനകളിലൊക്കെ പങ്കെടുക്കുന്നതിന് വലിയ ഇഷ്ടമായിരുന്നു" - അവർ പറയുന്നു.

ശ്രേഷ്ഠ ബാവ അടിസ്ഥാനപരമായി ഒരു പ്രകൃതിസ്നേഹിയായിരുന്നുവെന്ന് അദ്ദേഹവുമായി അടുത്ത ബന്ധം പുലർത്തിയ മഹാത്മാഗാന്ധി യൂണിവേഴ്സിറ്റി ഗാന്ധിയൻ പഠനവിഭാഗം റീഡർ ഡോ. എം.പി.മത്തായി പറയുന്നു.

"മരങ്ങളെയും മണ്ണിനെയും സ്നേഹിച്ച പ്രകൃതിസ്നേഹിയായിരുന്നു അദ്ദേഹം. പിറമാടത്തെപ്പോലെ ശുദ്ധവായു കിട്ടുന്ന ഇടം വേറെയില്ലെന്ന് എപ്പോഴും പറയും. അരമനയിൽ താമസമാക്കുമ്പോൾ ആ ഭാഗം മുഴുവൻ കാടുപിടിച്ച് കിടക്കുകയായിരുന്നു. അവയെല്ലാം വെട്ടി വൃത്തിയാക്കിയ തഴമ്പുകളാണ് കൈകളിലെന്ന് കഴിഞ്ഞദിവസം കൈകൾ വിടർത്തിക്കാണിച്ച് അദ്ദേഹം പറഞ്ഞു" - മത്തായി ഓർക്കുന്നു.

അന്ത്യോഖ്യാ പാത്രിയാർക്കീസിന്റെ (ഇപ്പോഴത്തെ സക്കാപ്രഥമൻ ബാവയുടെ) സ്ഥാനാരോഹണ വേളയിൽ കാർമികത്വം വഹിക്കാൻ കഴിഞ്ഞത് ബാവയുടെ ജീവിതത്തിലെ പ്രധാന ഏടായി വിശ്വാസികൾ ചൂണ്ടിക്കാട്ടുന്നു. ഏഴു മെത്രാപ്പോലീത്തമാരെ വാഴിക്കാൻ കഴിഞ്ഞതും അദ്ദേഹത്തിന്റെ മഹാപൗരോഹിത്യജീവിതത്തിന് തിളക്കം കൂട്ടുന്നു.

1952-ൽ ആദ്യമായി ബിഷപ്പിന്റെ ചുമതലയിൽ എത്തിയ മലേക്കുരിശിലാണ് ഒരു നിയോഗംപോലെ ശ്രേഷ്ഠ ബാവയ്ക്ക് അന്ത്യവിശ്രമംസങ്കേതം ഒരുങ്ങുന്നത്. ഇതിനായി മെയ് 17-ന് അദ്ദേഹത്തിന്റെ അഭീഷ്ടപ്രകാരം വില്പത്രം തയ്യാറാക്കിയിരുന്നു.

1914 ജൂൺ 12-ന് ജനിച്ച ശ്രേഷ്ഠ കാതോലിക്കാ ബാവ 1938-ൽ അന്ത്യോഖ്യാപ്രതിനിധി ഏലിയാസ് മോർ യൂലിയോസ് ബാവയിൽനിന്ന് കശീശപ്പട്ടവും



ശ്രേഷ്ഠ കാതോലിക്ക ബാവയുടെ എഴുപത്തഞ്ചാം ജന്മദിനവും കണ്ടനാട് ഭദ്രാസനദിനവും പ്രമാണിച്ചു ചേർന്ന സമ്മേളനത്തിലേക്കു സ്വീകരിച്ചാനയിക്കുന്നു. എ.എം. തോമസ്, തോമസ് മോർ തെയോഫിലോസ്, എം.എം.ജേക്കബ്. ടി.എം. ജേക്കബ്, ഫാ. ജോർജ്, സി. ചാലപ്പുറം എന്നിവർ സമീപം. (1989)

സ്വീകരിച്ചു. ആലുവ യു.സി. കോളേജിൽ പഠിക്കുമ്പോൾ, അന്തരിച്ച പ്രൊഫ. എം.പി.മന്മഥൻ സഹപാഠിയായിരുന്നു. പാറത്തോട് സെൻറ് ജോർജ് പള്ളിവികാരിയായിരിക്കെ അന്ത്യോഖ്യാപ്രതിനിധി ഏലിയാസ് മോർ യൂലിയോസ് മെത്രാപ്പോലീത്ത ഫാ.പൗലോസിനെ തൻെറ സെക്രട്ടറിയും മഞ്ഞനിക്കര ദയറയിലെ മല്പാനുമായും നിയമിച്ചു. ഇക്കാലത്താണ് ക്നായി ഇടവകയുടെ മെത്രാപ്പോലീത്തയും ഇപ്പോൾ കിഴക്കിൻെറ വലിയ മെത്രാപ്പോലീത്തയുമായ ഏബ്രഹാം മോർ ക്ലിമ്മീസിനെ സുറിയാനിഭാഷ പഠിപ്പിക്കാൻ അവസരം ലഭിച്ചത്. 1952 ഏപ്രിലിൽ ആലുവ തൃക്കുന്നത്ത് പള്ളി സെമിനാരിയിൽ ചേർന്ന കണ്ടനാട് ഭദ്രാസനപള്ളി പ്രതിപുരുഷയോഗം ഫാ.പൗലോസിനെ ഭദ്രാസന മെത്രാനായി തെരഞ്ഞെടുത്തു. കണ്ടനാട് ഭദ്രാസനത്തിൻെറകൂടി ചുമതല വഹിച്ചിരുന്ന ആലുവായിലെ വലിയ തിരുമേനിക്ക് പ്രായാധിക്യത്താൽ കാര്യങ്ങൾ നോക്കി നടത്താൻ വയ്യാതായിതിനെത്തുടർന്നായിരുന്നു ഇത്. തുടർന്ന് 1952 സെപ്തംബറിൽ യൂലിയോസ് മെത്രാപ്പോലീത്തയുമൊരുമിച്ച് ഇഗ്നാത്തിയോസ് അപ്രേം പ്രഥമൻ പാത്രിയർക്കീസ് ബാവയെ സന്ദർശിച്ച ഇദ്ദേഹത്തെ ഒക്ടബോർ 19-ന് പൗലൂസ് മോർ പീലക്സിനോസ് എന്ന പേരിൽ കണ്ടനാട് മെത്രാപ്പോലീത്തയായി വാഴിച്ചു. 1953 ജനുവരി 12-ന് സിറിയയിൽനിന്ന് തിരിച്ചെത്തിയ പീലക്സിനോസ് മെത്രാപ്പോലീത്ത ആലുവായിലെ വലിയ തിരുമേനിയിൽനിന്ന് ഭദ്രാസനത്തിൻെറ ഭരണച്ചുമതല ഏറ്റുവാങ്ങി. കണ്ടനാട് ഭദ്രാസന മെത്രാപ്പോലീത്തയായിരിക്കെ യാക്കോബായ സഭയിലുണ്ടായ പിളർപ്പിനെത്തുടർന്ന് 1975 സെപ്തംബർ എഴിനാണ് ഇദ്ദേഹത്തെ ശ്രേഷ്ഠ കാതോലിക്കയായി വാഴിച്ചത്.

ചെറായി രാമവർമ യൂണിയൻ ഹൈസ്കൂളിൽ നിന്നാണ് പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കിയത്. തുടർന്ന് കോട്ടയം സി.എം.എസ്. കോളേജിൽനിന്ന് ഇൻറർമീഡിയറ്റും ആലുവ യു.സി.കോളേജിൽനിന്ന് ബി.എ.യും പാസായ ശേഷം മഞ്ഞനിക്കര ദയറയിൽ സുറിയാനിഭാഷാപണ്ഡിതനായിരുന്ന അബ്ദുൾ ആഹാദ് റമ്പാൻെറ ശിഷ്യത്വം സ്വീകരിച്ച് വൈദികപഠനം പൂർത്തിയാക്കി. അന്ത്യോഖ്യാ പാത്രിയർക്കീസ് ബാവയുടെ പ്രതിനിധി ഏലിയാസ് മോർ യൂലിയോസ് മെത്രാപ്പോലീത്തയിൽനിന്ന് 1933-ൽ കോട്ടയം വലിയപള്ളിയിൽ വച്ചാണ് ഇദ്ദേഹം ശെമ്മാശുപട്ടം സ്വീകരിച്ചത്.

ആ ശ്രേഷ്ഠവ്യക്തിത്വം ഇനി ഓർമ മാത്രം

കോട്ടയം: യാക്കോബായ സഭയിലെ എല്ലാ പള്ളികളിലും എട്ടുനോമ്പാചരണത്തിനും ദൈവമാതാവിന്റെ ജനനപ്പെരുന്നാളിനും തുടക്കം കുറിക്കുന്ന ദിനമായിരുന്നു ഞായറാഴ്ച. ക്രിസാന്ദ്രമായ തിരുനാൾകർമങ്ങളിൽ പങ്കെടുക്കാൻ പള്ളികളിൽ എത്തിയവർക്ക് കാതോലിക്കാബാവ കാലംചെയ്തെന്ന ദുഃഖവാർത്തയാണ് കേൾക്കേണ്ടിവന്നത്. പള്ളികളിൽ ദീനമണിനാദവും കറുത്ത കൊടികളും ഉയർന്നു. പലയിടത്തും ബാവയുടെ വിയോഗവാർത്ത ഉച്ചഭാഷണികളിലൂടെ അറിയിക്കുന്നുണ്ടായിരുന്നു.

കർത്താവിന്റെ രാജ്യത്തെ വലിയ ഓഹരി നിങ്ങൾക്ക് അവകാശമായിത്തീരട്ടെയെന്നാണ് ബാവ സാധാരണയായി പ്രസംഗം ഉപസംഹരിക്കുമ്പോൾ പറയാറുള്ളത്. ആ വലിയ ഓഹരിക്കായി ബാവ യാത്രയായത് വിശ്വാസികളെ ദുഃഖത്തിലാഴ്ത്തി.

** അനുമോദനയോഗം അനുശോചനയോഗമാക്കേണ്ടിവന്ന ആകസ്മികതയും ഈ ദിനത്തിലുണ്ടായി. സഭാതർക്കം സംബന്ധിച്ച് അസന്ദിഗ്ധമായി തന്റെ നിലപാട് പ്രഖ്യാപിക്കാൻ ബാവ കാണിച്ച ധൈര്യത്തെ പല പള്ളികളിലും യോഗം ചേർന്ന് അനുമോദിക്കാൻ അന്ത്യോഖ്യാവിശ്വാസ സംരക്ഷണസമിതി തീരുമാനിച്ചിരുന്നു. ബാവായുടെ ദേഹവിയോഗത്തിൽ അനുശോചിക്കാനായിരുന്നു പിന്നീട് ഈ യോഗങ്ങളുടെ വിധി.

** ആലംബഹീനർക്ക് എന്നും ആശ്രയമായിരുന്നു ബാവ. മൂവാറ്റുപുഴ അരമനയിലും പിറമാടം ഗത്സിമൻ ദയറയിലും അദ്ദേഹത്തെ സന്ദർശിക്കുന്നവർക്ക് എന്തെങ്കിലും സഹായവും ഭക്ഷണവും നല്കാതെ അദ്ദേഹം വിട്ടയയ്ക്കുമായിരുന്നില്ല. തൂവെള്ളവസ്ത്രം ധരിച്ച് അരമനയിലുണ്ടാവാറുള്ള ആ മെലിഞ്ഞ ശരീരം ഇനി വിശുദ്ധമായ ഒരു ഓർമ മാത്രം.

** ഒരേയൊരാഗ്രഹം മാത്രം ബാക്കിവച്ചാണ് യാക്കോബായസഭയുടെ ശ്രേഷ്ഠ ഇടയൻ യാത്രയാവുന്നത്. മൂവാറ്റുപുഴ അരമന കണ്ടനാട് ഭദ്രാസന ആസ്ഥാനമായി മാത്രം മാറണമെന്നും സഭാകേന്ദ്രം വെട്ടിക്കൽ ഉദയഗിരി സെമിനാരിയുടെ അടുത്തേക്കു മാറണമെന്നും ബാവ അഭിലഷിച്ചിരുന്നു. നല്ല അന്തരീക്ഷമുള്ള ആ സ്ഥലം കാട്ടുമങ്ങാട്ട് ബാവമാർ തപസ്സുചെയ്ത പുണ്യഭൂമിയാണെന്ന് ബാവാ ഇടയ്ക്കിടെ പറയാറുണ്ടായിരുന്നു.

**പ്രസംഗിക്കാനും പ്രസ്താവനകളിറക്കാനും വിമുഖനായിരുന്നു ബാവ. അതുകൊണ്ടുതന്നെ അദ്ദേഹം എന്തെങ്കിലും പറഞ്ഞാൽ അത് ശ്രദ്ധേയമാവുമായിരുന്നു. ബാബ്റി മസ്ജിദ് പ്രശ്നം കത്തിനിന്നപ്പോൾ ബാവ പ്രസ്താവന ചെയ്തു: "അവർവരുടെ രാഷ്ട്രീയനേട്ടത്തിനുവേണ്ടി ആരും മതത്തെ ദുരുപയോഗം ചെയ്യരുത്. മതവും രാഷ്ട്രീയവും തമ്മിൽ കൂട്ടിക്കുഴയ്ക്കരുത്. സ്വാർഥമോഹമില്ലാതെ സ്വന്തം മതത്തിന്റെ പ്രബോധനങ്ങൾ പാലിച്ചാൽ ഒരു പ്രശ്നവും ഉണ്ടാവുകയില്ല." മതങ്ങളും സമുദായങ്ങളും തമ്മിലുള്ള സൗഹാർദത്തിന്റെ ഏറ്റവും വലിയ പ്രചാരകനായിരുന്നു ബാവ.

ബാവ ചരിത്രപുരുഷൻ -ബി.ജെ.പി

കോട്ടയം: രാഷ്ട്രപുരോഗതിക്കും സമുദായ മൈത്രിക്കുംവേണ്ടി ബാവ നിർവഹിച്ചിട്ടുള്ള നിസ്തുലമായ സേവനം അദ്ദേഹത്തെ ചരിത്രപുരുഷനാക്കി മാറ്റിയെന്ന് ബി.ജെ.പി. സംസ്ഥാനകമ്മിറ്റി അനുശോചന കുറിപ്പിൽ പറഞ്ഞു.

അദ്ദേഹത്തിന്റെ ലളിതജീവിതവും വിശുദ്ധമായ പെരുമാറ്റവും മാതൃകാപരമാണ്. വിഭിന്ന സമുദായങ്ങളും മതങ്ങളും തമ്മിലുള്ള സൗഹൃദത്തിന് ബാവയുടെ സ്മരണ ആക്കംകൂട്ടുമെന്ന് പ്രത്യാശിക്കുന്നതായി ബി.ജെ.പി. സംസ്ഥാന പ്രസിഡന്റ് കെ.വി.ശ്രീധരൻ മാസ്റ്റർ, വൈസ് പ്രസിഡന്റ് പ്രൊഫ. ഒ.എം.മാത്യു എന്നിവർ അനുശോചന സന്ദേശത്തിൽ പറഞ്ഞു.

അനുശോചനങ്ങളുടെ പ്രവാഹം

മൂവാറ്റുപുഴ: അഖില മലങ്കര യാക്കോബായ അത്മായ അസോസിയേഷന്റെ കേന്ദ്രകമ്മിറ്റി അടിയന്തരയോഗം പ്രസിഡന്റ് ടി.ജെ.മാണിയുടെ അധ്യക്ഷതയിൽ ചേർന്ന് ശ്രേഷ്ഠ കാതോലിക്ക ബാവയുടെ ദേഹവിയോഗത്തിൽ അനുശോചിച്ചു. ജനറൽ സെക്രട്ടറി കുര്യാക്കോസ് പാറയിൽ പ്രമേയം അവതരിപ്പിച്ചു. മുൻ കേന്ദ്രമന്ത്രി എ.എം.തോമസ് ബാവയുടെ വേർപാടിൽ ദുഃഖം രേഖപ്പെടുത്തി. പി.എസ്. സി.അംഗം ഡോ.എം.സി.ജോർജും അനുശോചനം അറിയിച്ചു.

95 വയസു കഴിഞ്ഞ മുൻ കൊച്ചി ഭദ്രാസന മെത്രാപ്പോലീത്ത ഡോ.തോമസ് മോർ ഒസ്താത്തിയോസ് കോലഞ്ചേരിയിൽ ബാവയ്ക്ക് അന്തിമോപചാരം അർപ്പിക്കാൻ എത്തിയപ്പോൾ അദ്ദേഹം വികാരാധീനനായി കാണപ്പെട്ടു. പ്രതികരണമറിയിക്കാൻ അദ്ദേഹത്തിന് വാക്കുകളില്ലായിരുന്നു. 1952-ൽ കണ്ടനാട് മെത്രാപ്പോലീത്താസ്ഥാനത്തേക്ക് നാമനിർദേശമുണ്ടായപ്പോൾ ശ്രേഷ്ഠ കാതോലിക്കാ ബാവയ്ക്കുവേണ്ടി സ്ഥാനാർഥിത്വം പിൻവലിച്ച യാളാണ് മോർ ഒസ്താത്തിയോസ് മെത്രാപ്പോലീത്ത. കാതോലിക്കാബാവയുടെ ദേഹവിയോഗത്തിൽ ആർച്ച്ബിഷപ്പ് സിറിൾ മോർ ബസേലിയോസ് അനുശോചിച്ചു.

കതോലിക്കാ ബാവയുടെ നിര്യാണത്തിൽ മന്ത്രി പി. ജെ. ജോസഫ്, കേരളാകോൺഗ്രസ് (ബി) ചെയർമാൻ ആർ. ബാലകൃഷ്ണപിള്ള, അഡ്വ. എ. സമ്പത്ത് എം. പി. എന്നിവർ അനുശോചിച്ചു.

കോട്ടയത്തിനു പ്രിയൻ

കാലംചെയ്ത കാതോലിക്കാബാവയുടെ ജീവിതത്തിൽ കോട്ടയത്തിന് നിർണായക സ്ഥാനമുണ്ടായിരുന്നു. 1933-ൽ കോട്ടയം വലിയപള്ളിയിൽ വച്ചാണ് ശെമ്മാശുപട്ടം സ്വീകരിച്ചത്. ഇന്റർമീഡിയറ്റ് പഠനം സി.എം.എസ്.കോളേജിൽ. പിന്നീട് കോട്ടയം ഭദ്രാസനഭരണച്ചുമതല വഹിക്കുന്നതുമുതൽ സഭാതലവനാവുന്നതുവരെ അദ്ദേഹം കോട്ടയവുമായുള്ള നിത്യബന്ധം തുടർന്നിരുന്നു. പാറത്തോട്, പൊൻകുന്നംപള്ളികളിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്.

ഏതാനും മാസം മുമ്പ് രോഗഗ്രസ്തനായിരുന്നിട്ടും സിറിയൻ ഓർത്തഡോക്സ് കൺവൻഷൻ ഉദ്ഘാടനംചെയ്യാൻ ബാവ കോട്ടയത്ത് എത്തിയിരുന്നു.

എല്ലാ വർഷവും മണർകാട് മർത്തമറിയം യാക്കോബായ പള്ളിയിൽ എട്ടുനോമ്പു പെരുന്നാളിന് ബാവ എത്തുമായിരുന്നു. ഈ വർഷം സെപ്തംബർ 5-ന് 2 മണിക്ക് പള്ളിയിൽ ചേരുന്ന പൊതുസമ്മേളനം ബാവ ഉദ്ഘാടനം ചെയ്യാനിരുന്നതാണ്.

സുറിയാനി ഓർത്തഡോക്സ് സഭയുടെ ബ്രസീലിലെ ആർച്ച്ബിഷപ്പ് മൂസാ സലാമാ മോർ ക്രിസോസ്റ്റത്തിന്റെ ദേഹവിയോഗം അടുത്ത കാലത്ത് ബാവയെ ഏറെ വേദനിപ്പിച്ച സംഭവമാണ്. മലങ്കരയിലെത്തുകയും മലയാളം പഠിക്കുകയും സുറിയാനി പഠിപ്പിക്കുകയുംചെയ്ത അദ്ദേഹത്തിന്റെ സേവനം സഭയ്ക്ക് വിലപ്പെട്ടതാണെന്ന് ബാവ പറഞ്ഞിരുന്നു.

രോഗം നിരന്തരം പീഡിപ്പിക്കുമ്പോഴും സഭാഭരണത്തിന്റെ തിരക്കിൽ അലയുമ്പോഴും സഭാമക്കളുടെ സ്നേഹം അദ്ദേഹത്തിന് കരുത്തേകിയിരുന്നു. മാത്യൂസ് ദ്വിതീയൻ ബാവയുടെ കല്പനയോട് യാക്കോബായ സഭയിലെ ഒരു പള്ളിയോ വിശ്വാസിയോ പ്രതികരിക്കാതിരുന്നത് അദ്ദേഹത്തിന്റെ ആത്മബലം വർധിപ്പിച്ചു. "കഷ്ടപ്പെട്ട് പിതാക്കന്മാരും പിൻഗാമികളും വളർത്തിയ ഈ ദൈവികസഭ ഒരിക്കലും അന്ത്യോഖ്യായെ മറക്കരു"തെന്ന് അദ്ദേഹം വരിക്കോലിയിൽ പ്രസ്താവിച്ചതിന് ഒരു കാരണം ഇതാണ്.

ശ്രേഷ്ഠ കാതോലിക്ക ബാവ ഒരു ആധ്യാത്മിക തേജസ്

ജോസഫ് മോർ ഗ്രിഗോറിയോസ് (കൊച്ചി ഭദ്രാസന മെത്രാപ്പോലീത്ത)

മലങ്കര യാക്കോബായ സുറിയാനിസഭയെ ദുഃഖത്തിലാഴ്ത്തിക്കൊണ്ട് ശ്രേഷ്ഠ കാതോലിക്കാ ബാവ കാലംചെയ്തു. ദൈവവിളിയോടും നിയോഗത്തോടും പൂർണമായ പ്രതിബദ്ധത പുലർത്തി സഭയെ ആത്മികതയുടെ ഔന്നത്യത്തിലേക്ക് നയിച്ച മഹാപ്രധാനാചാര്യനായിരുന്നു ശ്രേഷ്ഠ പൗരസ്ത്യ കാതോലിക്ക ബസേലിയോസ് പൗലൂസ് ദ്വിതീയൻ ബാവ. ശത്രുക്കളെപോലും സ്നേഹിക്കാൻ പഠിപ്പിച്ച യേശുക്രിസ്തുവിന്റെ സന്ദേശം ജീവിതത്തിൽ അനവർത്തമാക്കാൻ കഴിഞ്ഞ ധന്യത അദ്ദേഹത്തിന്റെ മഹത്വം വർധിപ്പിക്കുന്നു.

മാനവികതയുടെ വക്താവും പ്രബോധകനുമായിരുന്നു ബസേലിയോസ് പൗലൂസ് ദ്വിതീയൻ കാതോലിക്കാബാവ. ഈ പ്രവാചകശബ്ദം സഭയെ ധന്യമാക്കി. വിശ്വാസികൾക്ക് ആത്മനിർവൃതി നല്കി. ദുഃഖിതരോടും നിന്ദിതരോടും അവശത അനുഭവിക്കുന്നവരോടുമുള്ള ആർദ്രതയും സഹാനുഭൂതിയും അനുകമ്പാപൂർണമായ സമീപനവും എല്ലാവരുടേയും പ്രശംസ പിടിച്ചുപറ്റി.

ആത്മീയ ചൈതന്യത്തിന്റെ അതുല്യമായ ശക്തിപ്രഭാവം ത്രസിച്ചുനില്ക്കുന്ന ആ മുഖത്ത് വിടരുന്ന നിഷ്കളങ്കമായ പുഞ്ചിരിയുടെ മാസ്മരശക്തി സഭാമക്കൾക്ക് എന്നും ഒരു ദിവ്യാനുഭൂതിയായിരുന്നു. ഒരു ദൈവികതേജസാണ് ആ മുഖത്ത് ദർശിക്കാൻ കഴിയുക. ലാളിത്യവും വിനയവും ജീവിതത്തിന്റെ മുഖമുദ്രയാക്കി മാറ്റിയ ബസേലിയോസ് പൗലൂസ് ദ്വിതീയൻ കാതോലിക്ക ബാവയുടെ ജീവിതം ത്യാഗോജ്ജ്വലവും കർമനിരതവുമായിരുന്നു. പ്രതിസന്ധിയും പ്രതിബന്ധങ്ങളും നിറഞ്ഞ കാലഘട്ടത്തിലാണ് അദ്ദേഹം സഭാനേതൃത്വത്തിലേക്ക് നിയോഗിക്കപ്പെട്ടത്. പ്രതിസന്ധിഘട്ടങ്ങളിൽ പതറാതെ തികഞ്ഞ ദൈവാശ്രയത്തോടും ആത്മധൈര്യത്തോടുംകൂടെ താൻ വിശ്വസിക്കുന്ന മൂല്യങ്ങളും തത്ത്വസംഹിതകളും മുറുകെ പിടിച്ച കർമധീരനായിരുന്നു ബാവ തിരുമേനി.

പരിശുദ്ധ അന്ത്യോഖ്യാ സിംഹാസനത്തോട് അന്ത്യംവരെ അചഞ്ചലമായ കൂറും വിശ്വാസവും പുലർത്തിയ ബാവയുടെ ജീവിതം മലങ്കര യാക്കോബായ സുറിയാനി സഭാ ചരിത്രത്തിൽ അവിസ്മരണീയമാകും. അഗാധമായ ദൈവഭക്തിയും അതിരറ്റ സഭാ സ്നേഹവും അദ്ദേഹത്തെ കണ്ടനാട് ഭദ്രാസനത്തിലെ ഔന്നത്യത്തിലേക്കുയർത്തി. സുറിയാനി ഭാഷയിൽ അഗാധ പാണ്ഡിത്യവും അവബോധവും ആർജിക്കാൻ കഴിഞ്ഞ ബാവയ്ക്ക് നിരവധി ശിഷ്യഗണങ്ങൾ ഉണ്ട്.

ചെറായി സെന്റ് മേരീസ് ഇടവകയിൽ പ്രശസ്തനായ പുതുശ്ശേരി ജോസഫ് കശീശയുടെ മകനായി ജനിച്ചു. ചെറുപ്പം മുതലേ ആരാധനയിലും സഭാപഠനത്തിലും അതീവ താല്പര്യം പ്രകടിപ്പിച്ചു. ആലുവ യു.സി. കോളേജിൽനിന്നും ബിരുദമെടുത്തശേഷം മഞ്ഞനിക്കര ദയറയിൽ സുറിയാനി പഠനം നിർവഹിച്ചു. പിന്നീട് അന്ത്യോഖ്യാ പ്രതിനിധിയായിരുന്ന മോർ യൂലിയോസ് ബാവ വൈദികനാക്കി. പിന്നീട് ബാവയുടെ സെക്രട്ടറിയായി പ്രവർത്തിച്ചു. 1952-ൽ കണ്ടനാട് ഭദ്രാസന മെത്രാപ്പോലീത്ത സ്ഥാനത്തേക്ക് തിരഞ്ഞെടുക്കപ്പെട്ടു. പരിശുദ്ധ അപ്രേം പ്രഥമൻ പാത്രിയർക്കീസ് ബാവ ഹോംസിൽവച്ച് പൗലൂസ് മോർ പീലക്സിനോസ് എന്ന പേരിൽ മെത്രാപ്പോലീത്തയായി വാഴിച്ച മലങ്കര സഭയിലെ ഭിന്നിപ്പിനെ തുടർന്ന് 1975-ൽ ദമസ്കസിൽവച്ച് പരിശുദ്ധ യാക്കൂബ് തൃതീയൻ പാത്രിയർക്കീസ് ബാവ ബസേലിയോസ് പൗലൂസ് ദ്വിതിയൻ എന്ന പേരിൽ കിഴക്കിന്റെ കാതോലിക്കയായി വാഴിച്ചു. തുടർന്ന് മലങ്കര യാക്കോബായ സുറിയാനി സഭയുടെ നേതൃത്വം ഏറ്റെടുത്ത ബാവ സഭയിൽ ഒരു പുതുയുഗപ്പിറവിക്ക് വഴിയൊരുക്കി. മലങ്കര യാക്കോബായ സുറിയാനി സഭയ്ക്ക് ഏഴു മെത്രാപ്പോലീത്തമാരെ വാഴിച്ചു. സഭയ്ക്ക് വൈദിക സെമിനാരി നിർമിക്കുന്നതിന് നേതൃത്വം നല്കി. സഭയ്ക്കുവേണ്ടി പിറവത്ത് ആർട്സ് കോളേജും മലേക്കുരിശിൽ ബി.എഡ്. കോളേജും ഇദ്ദേഹത്തിന്റെ കാലത്തുണ്ടായി.

യേശുക്രിസ്തു ലോകത്തിനു കാണിച്ച സ്നേഹത്തിന്റെയും ത്യാഗത്തിന്റെയും സന്ദേശം സ്വന്തം ജീവിതത്തിൽ പ്രതിഫലിപ്പിക്കാൻ കഴിഞ്ഞ കാതോലിക്കാ ബാവ മലങ്കര സഭയുടെ ഭാഗ്യനക്ഷത്രമായിരുന്നു. ത്യാഗോജ്ജ്വലവും സംഭവബഹുലവുമായിരുന്നു അദ്ദേഹത്തിന്റെ ജീവിതം. ഒരു കാലഘട്ടത്തിന്റെ ശക്തിയും ചൈതന്യവുമായിരുന്ന് സഭയ്ക്കും സമൂഹത്തിനും ധീരമായ നേതൃത്വം നല്കിയ മഹാനായ ആധ്യാത്മിക ആചാര്യനായിരുന്നു ബാവ. ക്രൈസ്തവദർശനവും ക്രൈസ്തവ സമീപനവും സർവോപരി ക്രൈസ്തവ മനോഭാവവും അദ്ദേഹത്തിന്റെ മുഖമുദ്രയായിരുന്നു. തികഞ്ഞ ആത്മാർഥതയോടെ അജപാലന ദൗത്യ നിർവഹണം വിജയകരമായി

നിർവഹിച്ച ബസേലിയോസ് പൗലൂസ് ദ്വിതീയൻ ബാവ ഇനി ഒരു ഓർമ മാത്രം-ആ ഓർമ ഉജ്ജ്വലമാണ്. ആയിരങ്ങൾക്ക് ആത്മീയ വെളിച്ചം നല്കുന്ന ആ ദിവ്യസ്മരണയ്ക്കു മുമ്പിൽ മലങ്കര യാക്കോബായ സുറിയാനി സഭ ആദരപൂർവം ശിരസു നമിക്കുന്നു.

സ്നേഹത്തിന്റെയും ത്യാഗത്തിന്റെയും വിനയത്തിന്റെയും സൗഹൃദത്തിന്റെയും ഉജ്ജ്വലപ്രതീകമായിരുന്ന ബസേലിയോസ് പൗലൂസ് ദ്വിതീയൻ കാതോലിക്കാ ബാവയുടെ ദിവ്യനാമം മലങ്കര സഭാംഗങ്ങളുടെ മനസിൽ എന്നും നിറഞ്ഞു നില്ക്കും. സഭാ ചരിത്രത്തിൽ അദ്ദേഹം അവിസ്മരണീയനാണ്. സുറിയാനി സഭാ പിതാക്കന്മാരുടെ ഗണത്തിൽ അതുല്യമായ സ്ഥാനമർഹിക്കുന്ന ഈ മഹാ പ്രധാനാചാര്യന്റെ അഭാവം സഭയ്ക്കും സമൂഹത്തിനും തീരാനഷ്ടമാണ്. അദ്ദേഹത്തിന്റെ പേര് സഭാ ചരിത്രത്തിൽ സുവർണ ലിപികളാൽ രേഖപ്പെടുത്തും. മലങ്കര യാക്കോബായ സുറിയാനി സഭാംഗങ്ങളുടെ ദുഃഖത്തിൽ പങ്കുചേർന്നുകൊണ്ട് കാതോലിക്കാ ബാവയുടെ പാവന സ്മരണയ്ക്കു മുമ്പിൽ ആദരപൂർവം ശിരസു നമിക്കുന്നു.

ഓർമകളിൽ നിറയുന്ന വേദന

കോട്ടയം: കാലംചെയ്ത കാതോലിക്കാബാവ ബസേലിയോസ് പൗലോസ് രണ്ടാമനെ അനുസ്മരിക്കുന്നവർക്കെല്ലാം ഉള്ളിൽ വേദന നിറയുകയാണ്.

"അമ്മവീട്ടിൽ പോകുമ്പോൾ ചെറായിയിൽവച്ച് ബാവയെ ചെറുപ്പത്തിലേ ഞാൻ കണ്ടിട്ടുണ്ട്. അന്നുമുതൽ സന്ന്യാസജീവിത്തിന്റെ മഹത്ത്വം മനസിലാക്കിയ ഒരാളെപ്പോലെയാണ് അദ്ദേഹം പെരുമാറിയിട്ടുള്ളത്. 'വിശുദ്ധനെ'ന്നല്ലാതെ അദ്ദേഹത്തെ വിശേഷിപ്പിക്കാനാവില്ല" ബി.ജെ.പി. ദേശീയ നിർവാഹകസമിതി അംഗവും സംസ്ഥാന വൈസ് പ്രസിഡന്റുമായ പ്രൊഫ. ഒ.എം.മാത്യു പറഞ്ഞു.

ഓർത്തഡോക്സ് സഭയിലെ പാമ്പാടി ഗ്രിഗോറിയോസ് മെത്രാപ്പോലീത്തയുടെയും മറ്റും അധ്യാപകനായിരുന്നു ബാവയുടെ പിതാവ് പുതുശേരി ജോസഫ് കത്തനാർ. പിതാവിൽനിന്നുമാണ് മകനും സുറിയാനിയും സഭാചരിത്രവും പഠിച്ചത്. ബാവയുടെ ആതുരശുശ്രൂഷാത്വര, പ്രാർഥനാശീലം, അതിഥി സല്ക്കാരപ്രിയം, മഹർഷീസദൃശമായ ശാന്തത, അഹങ്കാരമില്ലായ്മ, ലാളിത്യം, ജീവിതവിശുദ്ധി എന്നിവ മറക്കാനാവില്ല. ഒരിക്കൽ പ്രൊഫ. സി.ജെ.മണ്ണൂമ്മൂടുമൊത്ത് പിറമാടം ദയറയിൽ പോയപ്പോൾ ബാവ സ്വന്തം കൈകൊണ്ട് ഭക്ഷണം വിളമ്പി നല്കിയ കാര്യം പ്രൊഫ. മാത്യു അനുസ്മരിച്ചു.

"സാഹിത്യകാരന്മാരെക്കുറിച്ച് 'ലാസ്റ്റ് ഓഫ് ദ വിക്ടോറിയൻസ്' എന്നു പറയാറുണ്ട്. അതുപോലെ സുറിയാനിസഭാ പിതാക്കന്മാരിൽ ജീവിതനന്മയിൽ അഗ്രിമസ്ഥാനിയായിരുന്നു അദ്ദേഹം. വിശ്വാസപ്രമാണങ്ങളിൽ ഉറച്ചുനിന്ന അദ്ദേഹം വ്യക്തിജീവിതത്തിൽ എളിമയുടെയും സത്യസന്ധതയുടെയും പ്രതീകമായിരുന്നു" - പ്രൊഫ. മാത്യു പറഞ്ഞു.

ശ്രേഷ്ഠ കാതോലിക്കാബാവയുടെ നിര്യാണത്തിൽ തോമസ് ചാഴികാടൻ എം.എൽ.എ. അനുശോചിച്ചു.

ശ്രേഷ്ഠ കാതോലിക്കാ ബസേലിയോസ് പൗലൂസ് ദ്വിതീയൻ ബാവയുടെ ദേഹവിയോഗത്തിൽ വികാരി ഫാ. മാണി കല്ലാപ്പുറത്തിന്റെ അധ്യക്ഷതയിൽ കൂടിയ പേരൂർ മർത്തശ്മൂനിപ്പള്ളി ഇടവകാംഗങ്ങളുടെ പൊതുയോഗം അനുശോചിച്ചു. ഏബ്രഹാം വർഗീസ് കുറിഞ്ഞിക്കാട്ട് അനുശോചനപ്രമേയം അവതരിപ്പിച്ചു. സി.വി.കുരുവിള, റവ.എം.മാത്യു, എ.എം.മാണി, സി.പി.കോര, ഇട്ടി ഐപ്പ്, ഇട്ടിമാണി, ചാക്കോ കുരുവിള, എ.എം.പൊന്നച്ചൻ, അലക്സാണ്ടർ ഉതുപ്പ്, ജോൺ കെ.തോമസ് എന്നിവർ പ്രസംഗിച്ചു.

കാലംചെയ്ത ശ്രേഷ്ഠ കാതോലിക്കാബാവയോടുള്ള ആദരസൂചകമായി മണർകാടുപള്ളിവക എല്ലാ സ്ഥാപനങ്ങൾക്കും തിങ്കളാഴ്ച അവധി പ്രഖ്യാപിച്ചു. എട്ടുനോമ്പു പെരുന്നാൾ തികച്ചും അനാർഭാടമായി മാത്രം നടത്തുമെന്ന് പള്ളി സെക്രട്ടറി അറിയിച്ചു.

ശ്രേഷ്ഠ കാതോലിക്കാബാവയുടെ അകാലദേഹവിയോഗത്തിൽ മീനടം സെന്റ് ഇഗ്നാത്തിയോസ് യാക്കോബായ സുറിയാനിപള്ളിയിൽ അനുശോചനയോഗം ചേർന്നു. രാജു വെളുത്തേടത്തുപറമ്പിലിന്റെ അധ്യക്ഷതയിൽ കൂടിയ യോഗത്തിൽ വി.ജെ.സാബു അനുശോചനപ്രമേയം അവതരിപ്പിച്ചു.

ഹൃദ്യമായ പെരുമാറ്റരീതികൊണ്ടും ഭക്തിപ്രദമായ ജീവിതംകൊണ്ടും ജനഹൃദയം കവർന്ന ശ്രേഷ്ഠബാവാ തിരുമേനിയുടെ നിര്യാണത്തിൽ കോട്ടയംനിവാസികൾക്കുള്ള അഗാധമായ ദുഃഖം നഗരസഭാധ്യക്ഷൻ പി.സി.ചെറിയാൻ മടുക്കാനി അറിയിച്ചു. സാമൂഹ്യസാമുദായാനാലോചനകൾ നടക്കുന്ന ഈ സമയത്ത് തിരുമേനിയുടെ അകാല ദേഹവിയോഗം വേദനാജനകമാണെന്ന് അദ്ദേഹം പറഞ്ഞു.

മംഗളം

സത്യസന്ധമായ ദിനപത്രം

പുണ്യാളൻകുടിൽ പാത്തൂസ് കൊട്ടാരം





ശ്രേഷ്ഠ കാതോലിക്കാ പൗലൂസ് ദ്വിതീയൻ ബാവ കാലംചെയ്തു

റവന്യൂബോർഡ് നിർത്തലാക്കാൻ നിയമം കൊണ്ടുവരുന്നു

കബറടക്കം ഇന്ന് മലേക്കുരിശിൽ

ഇന്ന് അവധി

5 പുതിയ കലക്ടർമാർ



ഗുജറാത്ത്: വിമതർക്ക് തിരിച്ചടി





മംഗളം വാരിക

പുതുവത്സരം ശ്രദ്ധേയവുമായ 7 നോവലുകൾ

മൈതിലിയുടെ വിഭിന്നപ്രവർത്തനം 26 പക്തികൾ



കൈപ്പുഴ ജയകുമാറിന്റെ

നവരസം



ഫീച്ചർ



ബാവയുടെ സാരഥി തനിച്ചായി

അന്ത്യോഖ്യ പ്രതിനിധി വരും

ദുഃഖം സഹിക്കാതെ സഹോദരി

പരിശുദ്ധിയുടേയും ലാളിത്യത്തിന്റെയും നിറകുടം



അഭിലഷിച്ച സ്ഥലത്ത് അന്ത്യവിശ്രമം



സാർവത്രിക ദുഃഖം അലയടിച്ചു

മംഗളം

1996 സെപ്തംബർ 2 തിങ്കൾ

ശ്രേഷ്ഠ പൗലൂസ് ദ്വിതീയൻ കാതോലിക്ക ബാവ കാലംചെയ്തു

സാബു തോമസ്

മൂവാറ്റുപുഴ: മലങ്കര യാക്കോബായ സുറിയാനി സഭാ മേലദ്ധ്യക്ഷനും മലങ്കര മെത്രാപ്പോലീത്തയുമായ ശ്രേഷ്ഠ കാതോലിക്ക ബസേലിയോസ് പൗലൂസ് ദ്വിതീയൻ ബാവ (82) കാലംചെയ്തു. ഇന്നലെ രാവിലെ 10.30- ന് കോലഞ്ചേരി മെഡിക്കൽ മിഷൻ ആശുപത്രിയിലായിരുന്നു അന്ത്യം. പിറമാടം ദയറയിൽ താമസിക്കുകയായിരുന്ന ബാവയ്ക്ക് രാവിലെ 10.15- ന് കലശലായ നെഞ്ചുവേദന അനുഭവപ്പെട്ടു. അവശനായ ബാവയെ ഉടൻതന്നെ കോലഞ്ചേരി ആശുപത്രിയിൽ പ്രവേശിപ്പിച്ചു. ബാവയുടെ ജീവൻ രക്ഷിക്കാൻ ഹൃദ്രോഗവിദഗ്ദ്ധൻ ഡോ. ഈപ്പൻ പുന്നൂസിന്റെ നേതൃത്വത്തിലുള്ള ഡോക്ടർമാരുടെ സംഘം കഠിനപ്രയത്നം നടത്തിയെങ്കിലും വിഫലമാകുകയായിരുന്നുവെന്ന് മെഡിക്കൽ ബുള്ളറ്റിൻ വിശദീകരിച്ചു.

കബറടക്കം ഇന്നു വൈകുന്നേരം നാലുമണിക്ക് മലേക്കുരിശു പള്ളിയിൽ നടക്കും.

ബാവയുടെ ഭൗതികശരീരം ആശുപത്രിയിൽനിന്ന് രാവിലെ 11.30 ഓടെ കോലഞ്ചേരി സെൻറ് പീറ്റേഴ്സ് ചാപ്പലിൽ കൊണ്ടുവന്നു. അവിടെ കൊഹനെ ശുശ്രൂഷ നടന്നു. വിലാപയാത്രയായി ഉച്ചകഴിഞ്ഞ് 3.30- ന് പിറമാടം ദയറയിലും വൈകിട്ട് മൂവാറ്റുപുഴ അരമനയിലും കൊണ്ടുവന്നു. അന്ത്യദർശനത്തിനായി ജനങ്ങൾ പ്രവഹിക്കുകയാണ്. ദർശനത്തിനുവച്ച എല്ലാ സ്ഥലത്തും ജനങ്ങൾ തിങ്ങിക്കൂടുകയായിരുന്നു.

ഇന്നു രാവിലെ 10- ന് നഗരികാണിക്കൽ ശുശ്രൂഷ നടക്കും. തുടർന്ന് വാളകം, കടാതി, കോലഞ്ചേരി, പുത്തൻകുരിശുവഴി മലേക്കുരിശുപള്ളിയിൽ ബാവയുടെ ഭൗതികശരീരം കൊണ്ടുപോകും. അന്ത്യകർമങ്ങൾക്കുശേഷം വൈകിട്ട് നാലിന് കബറടക്കം നടക്കും. പത്താംമൈൽ മുതൽ മലേക്കുരിശുപള്ളിവരെ വിലാപയാത്ര പൂർണമായും കാൽനടയായിട്ടായിരിക്കും. മലേക്കുരിശുപള്ളിയിൽ കബറടക്കണമെന്ന് ബാവ വിൽപത്രത്തിൽ നിർദേശിച്ചിരുന്നതായി സഭാ മാനേജിംഗ് കമ്മിറ്റി യോഗം ചേർന്നശേഷം അറിയിച്ചു.

സാധാരണ രാവിലെ 8.30- ന് ബാവ പള്ളിയിൽ എത്താറുള്ളതാണ്. ഇന്നലെ നെഞ്ചുവേദന കലശലായപ്പോൾ താൻ ഇന്നു രാവിലെ കുർബാനയ്ക്ക് പോകുന്നില്ല എന്ന് ബാവ അറിയിച്ചു. 'സാരമില്ല മക്കളെ' എന്നു പറഞ്ഞ് ബാവ മറ്റുള്ളവരെ പള്ളിയിൽ അയയ്ക്കുകയുംചെയ്തു. നെഞ്ചുവേദന ഉണ്ടാകുമ്പോൾ സാധാരണ നല്കാറുള്ള ഗുളിക നല്കി. അല്പം



അഖില മലങ്കര പള്ളി പ്രതിപുരുഷ സമ്മേളനത്തിൽ പങ്കെടുക്കാൻ ശ്രേഷ്ഠ കാതോലിക്കാ ബാവാ 1994-ൽ മണർകാട്ടെത്തിയപ്പോൾ. കോട്ടയം ഭദ്രാസനാധിപൻ ഗീവർഗീസ് മോർ ഗ്രിഗോറിയോസ്, തൃശൂർ ഭദ്രാസനാധിപൻ യൂഹാനോൻ മോർ മിലിത്തോസ്, അങ്കമാലി ഭദ്രാസനത്തിലെ സഹായ മെത്രാപ്പോലീത്ത ഏബ്രഹാം മോർ സെവേറിയോസ്, അങ്കമാലി ഭദ്രാസനാധിപൻ തോമസ് മോർ ദിവന്യാസ്യോസ്, മണർകാട് സെൻറ് മേരീസ് പള്ളി അസിസ്റ്റൻറ് വികാരി റവ. കുര്യാക്കോസ് കോർഎപ്പിസ്കോപ്പ തുടങ്ങിയവർ സമീപം.

ആശ്വാസം തോന്നുകയുംചെയ്തു. എന്നാൽ പിന്നീട് വേദന കലശലായപ്പോൾ ബാവയെ ചികിത്സിക്കുന്ന ഡോ. ബിനോയ് മത്തായി സ്ഥലത്തെത്തി. തുടർന്ന് അടിയന്തിരമായി മെഡിക്കൽ മിഷൻ ആശുപത്രിയിലേക്ക് കൊണ്ടുപോകുകയായിരുന്നു.

ജീവിതത്തിൻറെ നാനാതുറകളിൽപ്പെട്ടവർ മൂവാറ്റുപുഴയിലേക്ക് പ്രവഹിക്കുന്നു. ബാഹ്യകേരള ഭദ്രാസനം മെത്രാപ്പോലീത്ത തോമസ് മോർ തിമോത്തിയോസ്, സിംഹാസനപള്ളികളുടെ മെത്രാപ്പോലീത്ത ബന്യാമിൻ ജോസഫ് മോർ ഒസ്താത്തിയോസ്, തോമസ് മാർ ഒസ്താത്തിയോസ്, ഗീവർഗീസ് മോർ ഗ്രിഗോറിയോസ് (കൊച്ചി ഭദ്രാസനം), ഡോ. തോമസ് മോർ അത്തനാസിയോസ് (കണ്ടനാട് ഭദ്രാസനം സഹായമെത്രാൻ), ഏബ്രഹാം മോർ സേവേറിയോസ് (അങ്കമാലി സഹായ മെത്രാൻ), യൂഹാനോൻ മോർ മിലിത്തിയോസ് (തൃശൂർ ഭദ്രാസനം), യൂഹനാൻ മോർ ഫിലിക്സിനോസ്, മുൻമന്ത്രിയും സഭാകമാൻഡറുമായ ടി.എം. ജേക്കബ്, സഭാ സെക്രട്ടറി കമാൻഡർ ടി.യു. കുരുവിള തുടങ്ങിയവർ ഭൗതികശരീരം ആദ്യദർശനത്തിനുവച്ച കോലഞ്ചേരി സെൻറ് പീറ്റേഴ്സ് ചാപ്പലിൽ എത്തി അന്ത്യദർശനം നടത്തുകയും ശുശ്രൂഷകളിൽ പങ്കുകൊള്ളുകയുംചെയ്തു.

കോലഞ്ചേരിയിൽ പ്രതിപക്ഷനേതാവ് എ.കെ. ആൻറണി, കെ.പി.സി.സി. പ്രസിഡൻറ് വയലാർ രവി എന്നിവർ ബാവയുടെ മൃതദേഹത്തിനരികിലെത്തി അന്തിമോപചാരം അർപ്പിച്ചു.

പിന്നീട് കാതോലിക്ക ബാവയുടെ മൃതദേഹം ഉച്ചകഴിഞ്ഞ് നൂറുകണക്കിന് വാഹനങ്ങളുടെ അകമ്പടിയോടെ അലങ്കരിച്ച രഥത്തിൽ അദ്ദേഹത്തിൻറെ താമസസ്ഥലമായ പിറമാടം ദയറായിലേക്ക് കൊണ്ടുവന്നു. അവിടെ ചാപ്പലിൽ മൃതദേഹംവച്ച് പ്രാർത്ഥനനടത്തി. 'മഹാശ്രേഷ്ഠ പുരോഹിതാ, ആചാര്യാ, ഞാൻ യാത്ര പറയുന്നു'. പുരോഹിതർ മൂന്നുതവണ ഈ പ്രാർത്ഥന ഏറ്റുചൊല്ലിയശേഷം ബാവയുടെ ഭൗതികദേഹം സെൻറ് ജോൺസ് ബത്‌ലഹേം പള്ളിയിൽ പൊതുദർശനത്തിനു വച്ചു.

മെത്രാപ്പോലീത്തമാരായ തോമസ് മോർ അത്തനാസിയോസ്, യൂഹാനാൻ മോർ മിലിത്തിയോസ്, ഏബ്രഹാം മോർ ക്ലിമ്മീസ്, ഏബ്രഹാം മോർ സേവേറിയോസ്, ജോസഫ് മോർ ഗ്രിഗോറിയോസ്, യൂഹാനൻ മോർ ഫീലക്സിനോസ്. ടി.എച്ച്. മുസ്തഫ, മുൻ കേന്ദ്രമന്ത്രി എ.എം. തോമസ്, സഭാ സെക്രട്ടറി

ഷെവ. ടി.യു. കുരുവിള, ജോണി നെല്ലൂർ എം.എൽ.എ., ജില്ലാ കലക്ടർ വി.പി. ജോയി എന്നിവർ ആദരാഞ്ജലികൾ അർപ്പിക്കാനെത്തിയിരുന്നു.

ആരയോടെ മൃതദേഹം പള്ളിയിൽനിന്നെടുത്ത് മൂവാറ്റുപുഴ അരമനയിലേക്ക് വിലാപയാത്രയായി കൊണ്ടുപോയി.

കൊച്ചി മെത്രാസനത്തിൽപ്പെട്ട ചെറായി സെൻറ് മേരീസ് പള്ളി ഇടവകയിൽ മലങ്കര സുറിയാനി സഭയ്ക്ക് സുപരിചിതനായ പുതുശേരിൽ പി.പി. ജോസഫ് കശീശായുടെ തൃതീയ പുത്രനായി 1914 ജൂൺ മാസം 12-ാം തീയതി പൗലോസ് ജനിച്ചു. മാതാവ് വടക്കൻ പറൂർ ഈരാളി കുടുംബത്തിലെ എലിസബത്ത് തോമസാണ്. പ്രശസ്തനും പ്രഗല്ഭനുമായ പിതാവ്, ഭാഗ്യസ്മരണാർഹരായ ജോസഫ് മോർ ദീവന്നാസ്യോസ്, ഗീവർഗീസ് മോർ ദീവന്നാസ്യോസ്, സ്തീബാ മോർ ഒസ്താത്തിയോസ് എന്നീ മെത്രാപ്പോലീത്തമാരുടെ സെക്രട്ടറിയായി സേവനമനുഷ്ഠിച്ചു. കോട്ടയം പഴയസെമിനാരി, എം.ഡി. സെമിനാരി എന്നിവിടങ്ങളിലെ മല്പാനായിരുന്നു. 'മലങ്കര ഇടവകപത്രിക', 'സുറിയാനി സുവിശേഷകൻ' എന്നിവയുടെ പത്രാധിപരായിരുന്ന ഇദ്ദേഹം പ്രഗല്ഭനായ സുവിശേഷപ്രസംഗകനായിരുന്നു. സഭാപിതാവിന്റെ സമുദായസ്നേഹദാർഢ്യവും വിശ്വാസസ്ഥൈര്യവും സേവനതൃഷ്ണയും പുത്രൻ 'പൗലോസിന്' മാർഗദർശകമായിരുന്നു.

ബാല്യംമുതൽതന്നെ 'പൗലോസ്' ആരാധനാദികാര്യങ്ങളിൽ പിതാവിനെ സഹായിക്കുന്നതിനും വിശുദ്ധഗ്രന്ഥങ്ങൾ വായിച്ചു പഠിക്കുന്നതിനും താല്പര്യമുള്ളവനായിരുന്നു. ചെറായി രാമവർമ്മ യൂണിയൻ ഹൈസ്കൂളിൽനിന്ന് സെക്കൻഡറി വിദ്യാഭ്യാസം പൂർത്തിയാക്കി. ഈ കാലയളവിൽത്തന്നെ പിതാവിൻറെയും വെള്ളക്കുന്നത്ത് മത്തായികത്തനാരുടെയും കീഴിൽ സുറിയാനി ഭാഷാപാഠം ആരംഭിച്ചു. 1933-ൽ കോട്ടയം വലിയപള്ളിയിൽവച്ച് മലങ്കരയിലെ അന്ത്യോഖ്യാ പ്രതിനിധിയായിരുന്ന ഏലിയാസ് മോർ യൂലിയോസ് മെത്രാപ്പോലീത്തയിൽനിന്ന് ശെമ്മാശുപട്ടം സ്വീകരിച്ചു. കോട്ടയം സി.എം.എസ്. കോളജിൽനിന്ന് ഇൻറർമീഡിയറ്റും ആലുവ യൂണിയൻ ക്രിസ്ത്യൻ കോളജിൽനിന്ന് ബി.എ. ഡിഗ്രിയും കരസ്ഥമാക്കി.

സർവകലാശാല വിദ്യാഭ്യാസത്തിനുശേഷം മഞ്ഞനിക്കര ദയറയിൽ ചേർന്ന് അവിടത്തെ സുറിയാനിഭാഷാ പണ്ഡിതനായിരുന്ന അബ്ദുൽ ആഹാദ് റമ്പാന്റെ ശിഷ്യത്വം സ്വീകരിച്ച് വൈദികപഠനം പൂർത്തിയാക്കി. 1936-ൽ ഏലിയാസ് മോർ യൂലിയോസ് മെത്രാപ്പോലീത്തയിൽനിന്ന് കശീശാപട്ടം സ്വീകരിച്ചു.

സിലോൺ, മദ്രാസ്, ബ്രഹ്മവാർ, തിരുവനന്തപുരം, പാറത്തോട്, പൊൻകുന്നം മുതലായ സ്ഥലങ്ങളിൽ സ്തുത്യർഹമായി സഭാസേവനം അനുഷ്ഠിച്ചിട്ടുണ്ട്. പാറത്തോട് ഗ്രേസി മെമ്മോറിയൽ സെൻറ് ജോർജ്പള്ളി വികാരിയായിരുന്ന അവസരത്തിൽ 'പൗലോസ് അച്ചനെ' മോർ യൂലിയോസ് തന്റെ സെക്രട്ടറിയും മഞ്ഞനിക്കര ദയറയിലെ മല്പാനുമായി നിയമിച്ചു. ഈ അവസരത്തിൽ ക്നാനായ ഇടവകയുടെ മെത്രാപ്പോലീത്ത ഏബ്രഹാം മോർ ക്ലിമ്മീസ് 'തിരുമേനിയുടെ സുറിയാനി ഭാഷാ' ഗുരു ആകുന്നതിനും സാധിച്ചു.

1952 ഏപ്രിൽ 25-ാം തീയതി ആലുവാ തൃക്കുന്നത്തു സെമിനാരിയിൽ ചേർന്ന് കണ്ടനാട് മെത്രാസന പള്ളി പ്രതിപുരുഷയോഗം കഥാപുരുഷനെ മെത്രാൻ സ്ഥാനത്തേക്ക് തെരഞ്ഞെടുത്തു. വിവരം പരിശുദ്ധ പാത്രിയർക്കീസ് ബാവയെ അറിയിക്കുകയും തിരുമനസ്സുകൊണ്ട് അംഗീകരിച്ച് ആശീർവാദകല്പന അയയ്ക്കുകയും ചെയ്തു. 1952 സെപ്റ്റംബർ 11-ാം തീയതി യൂലിയോസ് മെത്രാപ്പോലീത്തയുമൊന്നിച്ച് 'നിയുക്തമെത്രാൻ' ആകമാന സുറിയാനി സഭയുടെ തലവനായ അന്ത്യോഖ്യായിലെ പരിശുദ്ധ പാത്രിയർക്കീസ് ബാവയുടെ സന്നിധാനത്തിലേക്ക് യാത്ര തിരിച്ചു.

ഹോംസിൽ പാത്രിയർക്കാസന്നിധിയിൽ എത്തിച്ചേർന്ന നിയുക്ത മെത്രാനും മറ്റും ഹൃദ്യമായ സ്വീകരണമാണ് ലഭിച്ചത്. അന്നത്തെ പാത്രിയർക്കീസ് പരിശുദ്ധ ഇഗ്നാത്തിയോസ് അപ്രേം പ്രഥമൻ ബാവ ആലപ്പോയിലെ മോർ ദീവന്നാസ്യോസ്, ബേറൂട്ടിലെ മോർ സേവേറിയോസ്, മലങ്കരയിലെ അന്ത്യോഖ്യാ പ്രതിനിധി മോർ യൂലിയോസ് എന്നീ മെത്രാപ്പോലീത്തമാരുടെ സഹകരണത്തോടെ 1952 ഒക്ടോബർ 19-ാം തീയതി 'പീലക്സിനോസ്' എന്ന നാമത്തിൽ മലങ്കരയിലെ കണ്ടനാട് മെത്രാസനത്തിനു വേണ്ടി മെത്രാപ്പോലീത്തായായി വാഴിച്ചു. വി. നാട്ടിലെ പുണ്യസ്ഥലങ്ങളെല്ലാം സന്ദർശിച്ചശേഷം മോർ യൂലിയോസുമൊന്നിച്ച് അഭിനവ മെത്രാപ്പോലീത്ത മലങ്കരയിലേക്ക് യാത്രതിരിച്ചു. 1953 ജനുവരി 12-ന് ആലുവാ തൃക്കുന്നത്ത് സെമിനാരിയിൽ എത്തി കണ്ടനാട് മെത്രാസനത്തിന്റെ ഭരണചുമതല കയ്യേറ്റു.

1975 സെപ്റ്റംബർ ഏഴിനാണ് കാതോലിക്ക ബാവയായി ചുമതലയേറ്റത്.

1960 ലും 1965 ലും വിശുദ്ധ നാടുകളും എത്യോപ്യയും മധ്യപൂർവദേശങ്ങളും സന്ദർശിക്കുവാൻ ഇദ്ദേഹത്തിന് ഭാഗ്യം ലഭിച്ചു. കാലംചെയ്ത അഭിവന്ദ്യനായ മോർ മീഖായേൽ ദീവന്നാസ്യോസിന്റെ ക്ഷീണാവസരത്തിലും കാലശേഷവും പരിശുദ്ധ പാത്രിയർക്കീസ് ബാവയുടെ കല്പനപ്രകാരം കോട്ടയം, കൊല്ലം എന്നീ ഭദ്രാസനങ്ങളുടെ ഭരണംകൂടി നടത്തുന്നതിന് അവസരമുണ്ടായിട്ടുണ്ട്.

പരിശുദ്ധിയുടെയും ലാളിത്യത്തിന്റെയും നിറകുടം

ഡോ. എം. പി. മത്തായി

ഇന്നലെ കാലംചെയ്ത ശ്രേഷ്ഠ കാതോലിക്കബാവ മോറാൻ മോർ ബസേലിയോസ് പൗലോസ് ദ്വിതീയൻ അരനൂറ്റാണ്ടിൽ അധികം മലങ്കര യാക്കോബായ സുറിയാനി സഭയെ വിവിധ നിലകളിൽ സേവിച്ച വിശിഷ്ടപാരമ്പര്യത്തിന്റെ ഉടമയായിരുന്നു.

യാക്കോബായ സഭയിലെ പ്രശസ്ത വൈദിക നായിരുന്ന റവ. ഫാ. പി.പി. ജോസഫിന്റെ (പുതുശേരി ചെറായി) പുത്രനായി 1914 ജൂൺ 12-ാം തീയതി ജനിച്ചു. യു.സി. കോളജിൽനിന്ന് ഫിലോസഫി ബി.എ. പാസായശേഷം അദ്ദേഹം വൈദികപഠനം തുടർന്നു. 1952-ൽ ഹോംസിൽവെച്ച് പരിശുദ്ധ ഇഗ്നാത്തിയോസ് അപ്രേം പ്രഥമൻ പാത്രിയർക്കീസ് ബാവയിൽനിന്ന് മെത്രാൻസ്ഥാനം സ്വീകരിക്കുകയും മലങ്കരയിൽ എത്തിച്ചേരുകയും ചെയ്തു. 1953 ജനുവരി 13-ന് ആലുവായിലെ അത്താനാസിയോസ് മെത്രാപ്പോലീത്തയിൽനിന്നും കണ്ടനാട് ഭദ്രാസനത്തിന്റെ ഭരണച്ചുമതല ഏറ്റെടുത്തു.

പിറമാടം ദയറയായിരുന്നു പരിശുദ്ധ പിതാവിന്റെ ഇഷ്ടവസതി. മനോഹരമായ കുന്നിൻപുറത്ത് വളരെ എളിയനിലയിലുള്ള ഒരു ഭവനത്തിൽ താമസിച്ചു കൊണ്ടാണ് ഇക്കാലമത്രയും അദ്ദേഹം തന്റെ അജപാലനം നടത്തിപ്പോന്നത്. തികച്ചും ആർഭാട രഹിതവും ലളിതവുമായിരുന്നു ശ്രേഷ്ഠ ബാവയുടെ ജീവിതശൈലി.

രണ്ടു നാൾ മുമ്പ് അദ്ദേഹത്തെ സന്ദർശിച്ചപ്പോൾ തന്റെ കൈകൾ നീട്ടി ഉള്ളംകൈയിലെ തഴമ്പ് കാണിച്ചുതന്നപ്പോൾ ഒരു ഉൾപ്പുളകത്തോടുകൂടി യാണ് ഞാനത് തലോടിനോക്കിയത്. ഒരു വലിയ പ്രകൃതി സ്നേഹികൂടിയായിരുന്നു ശ്രേഷ്ഠ ബാവ. പിറമാടം ദയറയുടെ ഏറ്റവും ആകർഷകമായ കാര്യം അവിടെ ലഭിക്കുന്ന ശുദ്ധവായുവാണെന്ന് ബാവ എപ്പോഴും പറയുമായിരുന്നു. വിസ്തൃതമായ പറമ്പിൽ ക്കൂടി നടക്കുകയും ഭംഗി ആസ്വദിക്കുകയും ചെയ്യുക അദ്ദേഹത്തിന്റെ ശീലമായിരുന്നു. പ്രകൃതിയുമായി ഇണങ്ങിച്ചേർന്നതും ലളിതസുന്ദരവുമായിരുന്നു പരിശുദ്ധ പിതാവിന്റെ ജീവിതരീതി.

പ്രശസ്തനായ സുറിയാനി പണ്ഡിതൻകൂടിയായി രുന്നു ബാവ. സിറിയയിൽനിന്നു വന്നിട്ടുള്ള സുറിയാനിക്കാരെപ്പോലും വിസ്മയിപ്പിക്കുന്ന പാണ്ഡിത്യം അദ്ദേഹം പ്രകടിപ്പിച്ചിരുന്നു. ഈ അടുത്തയിടെ മലങ്കര സന്ദർശിച്ച ആലപ്പോയിലെ മോർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്ത ഒരു സ്വകാര്യ സംഭാഷണത്തിൽ "മലങ്കരയിലെ ഏറ്റവും പണ്ഡിതനും കൂശാഗ്രബുദ്ധിയും സമർത്ഥനുമായ വ്യക്തി" എന്നാണ് ശ്രേഷ്ഠബാവയെ വിശേഷിപ്പിച്ചത്.

ബാവയുടെ ഏറ്റവും ശ്രദ്ധേയമായ സവിശേഷത യായി അദ്ദേഹത്തെ അടുത്തറിയാവുന്നവരെല്ലാം തന്നെ മനസ്സിലാക്കുന്നത് അദ്ദേഹത്തിന്റെ ജീവിതവിശുദ്ധിയാണ്. നിർമലഹൃദയനും പ്രാർത്ഥന യാലും ഉപവാസ ങ്ങളാലും പവിത്രീകൃതമായ മനസ്സിന്റെ ഉടമയുമായിരുന്നു അദ്ദേഹം. അദ്ദേഹ ത്തിന്റെ കേവലസാന്നിധ്യം തന്നെ ആദ്ധ്യാത്മി കാനുഭൂതി പകരുന്നതായിരുന്നു.

മലങ്കരസഭയെ അതിന്റെ പ്രതിസന്ധികളുടെ ദിനങ്ങളിൽ സമർത്ഥമായി നയിച്ച ശ്രേഷ്ഠബാവ യുടെ സ്മരണ സഭാമക്കൾക്കും അദ്ദേഹത്തെ അടുത്തറിയാൻ ഇടവന്നിട്ടുള്ള മറ്റുള്ളവർക്കും അനുസ്യൂതം പ്രചോദക മായിരിക്കും എന്നുറപ്പാണ്.

അഭിലഷിച്ച സ്ഥലത്ത് അന്ത്യവിശ്രമം

എം. വി. വേണു

മുവാറ്റുപുഴ: ശ്രേഷ്ഠ ബസേലിയോസ് പൗലോസ് ദ്വിതീയൻ കാതോലിക്ക ബാവയുടെ വില്പത്രപ്രകാരമാണ് അന്ത്യവിശ്രമസ്ഥലം സഭാ മാനേജിംഗ് കമ്മിറ്റി തെരഞ്ഞെടുത്തത്. വില്പത്രത്തിലെ ഏഴാം ഖണ്ഡികപ്രകാരം പുത്തൻകുരിശിനു സമീപം മലയക്കുരിശ് ദയറയിൽ കബറടക്കണമെന്ന് അദ്ദേഹം സൂചിപ്പിച്ചിരുന്നു. അവിടെ ഒരു പള്ളി നിർമിക്കണമെന്നും വില്പത്രത്തിൽ പറഞ്ഞിട്ടുണ്ട്.

ശ്രേഷ്ഠ കാതോലിക്ക ബാവ പങ്കെടുത്ത അവസാനത്തെ സഭായോഗം ഓഗസ്റ്റ് 22-നായിരുന്നു. അന്നു വരിക്കോലിയിൽ കൂടിയ സഭാ മാനേജിംഗ് കമ്മിറ്റിയിൽ അദ്ദേഹം പങ്കെടുത്തു.

ബാവയുടെ വേർപാട് പിറമാടം വെട്ടിത്തറ സ്വദേശിനി ഏലിയാമ്മയ്ക്ക് (49) താങ്ങാനായില്ല. ബാവ കാലം ചെയ്തറിഞ്ഞ് അവർ കോലഞ്ചേരി സെൻറ് മേരീസ് പാപ്പലിൽ ഓടിയെത്തി. ബാവായുടെ ഭൗതികശരീരം കണ്ട് അവർ പൊട്ടിക്കരഞ്ഞു. 27 വർഷമായി ബാവയുടെ ആശ്രയത്തിൽ കഴിഞ്ഞിരുന്ന അനാഥയാണ് ഏലിയാമ്മ. തേങ്ങയും അരിയും പണവുമെല്ലാം ബാവ തനിക്ക് നല്കിപ്പോന്നിരുന്നതായി അവർ പറഞ്ഞു.

'The Indian Express' Sept. 2, 1996

Catholicos Paulose II passes away

Express News Service

Kochi, Sept 1: Catholicos Baselios Mar Paulose II, supreme head of the Malankara Jacobite Syrian Orthodox Church at Muvattupuzha, died at a private hospital in Kolencherry this morning.

He was 83.

He was admitted to the hospital around 10.30 am following chest pain and the end came soon after.

His body was kept for public homage at Kolencherry, Piramadom and Muvattupuzha.

The funeral procession would start from the Catholicate House at Muvattupuzha at 10 a.m. tomorrow.

The funeral would take place at Malayakkurishu Dayara near Kolencherry at 3 pm.

Born 1914, he entered priesthood at the age of 19 and became a bishop in 1952.

He was made the head of Kandanadu Diocese a year later and remained in the position for a long time.

He became the supreme head of the Malankara Jacobite Syrian Orthodox Church in 1975.

He had won several honours and titles.

Our Kothamangalam correspondent adds: All the churches and institutions in and around Kothamangalam hoisted black flags as a mark of respect to the departed Catholicos who was the chairman of the Mar Athanasius College Association of Kothamangalam.

All the institutions under the association in Kothamangalam namely M.A. College of Arts, M.A. College of Engineering, Mar Baselios High School and M.B.M.M. Hospital will remain closed tomorrow on account of the funeral.

The parishioners of Kothamangalam will leave for Muvattupuzha at 9.30 am to take part in the funeral procession.

Condoled: Catholicos Mar Thoma Mathew II of the Catholicos faction has condoled the death of Baselios Paulose II, Catholicos of the patriarch faction.

In a message Mar Thoma Mathew II extolled the services of Baselios Paulose II, and urged the church members to conduct a prayer for the departed soul.

1955 മുതൽ ബാവയുടെ സ്ഥിരതാമസം പിറമാടം ദയറയിലായിരുന്നു. അവിടം സ്വന്തം വസതിപോലെയാണ് അദ്ദേഹത്തിന്. വിശ്വാസികളെല്ലാം സ്വന്തം മക്കളെപ്പോലെ. അതുകൊണ്ടാവാം ഇന്നലെ രാവിലെ നെഞ്ചുവേദന ഉണ്ടായപ്പോൾ ആശുപത്രിയിൽ പോകാൻ ഉറ്റവർ പറഞ്ഞപ്പോൾ ബാവ പറഞ്ഞു:

'മക്കളെ നിങ്ങളെ വിട്ട് ഞാൻ എങ്ങോട്ടും പോകില്ല. എനിക്കിവിടമാണ് വലുത്. നിങ്ങളാണെന്റെ എല്ലാം'. നാല്പതു വർഷത്തോളം താമസിച്ച സ്ഥലത്തുവച്ച് ബാവ അവസാനമായി പറഞ്ഞ വാക്കുകളാണിവ.

"മോനെ എന്നേ എന്നെ വിളിക്കാറുള്ളൂ. എന്നെ മാത്രമല്ല എല്ലാവരെയും ആ സ്നേഹനിധി അങ്ങനെയേ വിളിക്കാറുള്ളൂ"-കാലംചെയ്ത ശ്രേഷ്ഠ കാതോലിക്ക ബാവ ബസേലിയോസ് പൗലോസ് ദ്വിതീയനെക്കുറിച്ചുള്ള സ്നേഹാർദ്രമായ ഓർമ്മകൾ പങ്കുവയ്ക്കുകയായിരുന്നു അദ്ദേഹത്തിന്റെ നിഴലായി പ്രവർത്തിച്ച പൗലോസ് ശെമ്മാശൻ. ബാവയുടെ പേഴ്സണൽ സെക്രട്ടറിയാണ് ശെമ്മാശൻ. നാലു വർഷമായി പേഴ്സണൽ സെക്രട്ടറി സ്ഥാനത്തു തുടരുന്നു ഇദ്ദേഹം.

ബാവ നെഞ്ചുവേദനയാൽ വിമ്മിട്ടപ്പെടുന്നത് ഇന്നലെ പുലർച്ചെതന്നെ ശെമ്മാശൻ അറിഞ്ഞു. ബാവയ്ക്ക് ഉടൻതന്നെ മരുന്നു നല്കിയതിനും ആശുപത്രിയിൽ എത്തിച്ചതിനുമെല്ലാം മുമ്പിൽ ശെമ്മാശൻ തന്നെയായിരുന്നു. ബാവയുടെ ഭൗതികശരീരത്തിനരികെനിന്ന് നിറമിഴികളോടെ അദ്ദേഹം പറഞ്ഞു:

"ബാവ എന്നെ മകനെപ്പോലെ കരുതി. പിതാവ് നഷ്ടപ്പെട്ട മകന്റെ വേദനയാണ് എനിക്ക്." ബാവ നിരന്തരം പറയുമായിരുന്നു: "അന്ത്യോഖ്യാ സിംഹാസനത്തിന്റെ കീഴിൽ സത്യവിശ്വാസികൾ അടിയുറച്ചു നില്ക്കണം." ശെമ്മാശൻ പറഞ്ഞു.

ബാവ പങ്കെടുക്കുന്ന രണ്ടു ചടങ്ങുകൾ ഇന്നലെ നിശ്ചയിച്ചിരുന്നു. ഒന്ന് പാരീഷ് ഹാളിന്റെ താക്കോൽദാന കർമ്മമായിരുന്നു. അത് രാവിലെ നടത്താനാണ് നിശ്ചയിച്ചിരുന്നത്. ആ ചടങ്ങിൽ പങ്കെടുക്കാൻ മുൻമന്ത്രി ടി.എം. ജേക്കബ് നേരത്തെയെത്തിയിരുന്നു. ജേക്കബ് എത്തുമ്പോൾ ബാവ നെഞ്ചുവേദനയാൽ വിമ്മിട്ടപ്പെടുന്ന സന്ദർഭമാണ്. പിന്നീട് എല്ലാ കാര്യത്തിനും ജേക്കബും മുൻകൈയെടുത്തു.

ഉദ്ദേശിക്കപ്പെട്ടിരുന്ന രണ്ടാമത്തെ പരിപാടി ഉച്ചകഴിഞ്ഞ് മൂന്നിന് വരിക്കോലി ട്രെയിനിംഗ് കോളജിന്റെ കൂദാശകർമമായിരുന്നു. ഇതിനും ബാവ കാത്തുനിന്നില്ല. അദ്ദേഹം അന്ത്യവിശ്രമത്തിലേക്ക് പ്രവേശിച്ചു.

ബാവയ്ക്ക് ഭക്ഷണമുണ്ടാക്കിക്കൊടുക്കുന്ന ആമ്പല്ലൂർ കൊറോത്ത് വീട്ടിൽ ജോണിന്റെ മിഴികളും പതിനായിരങ്ങൾക്കൊപ്പം നനയുന്നു. ഭക്ഷണക്കാര്യങ്ങളിൽ ശ്രദ്ധിക്കുന്ന ജോൺ ബാവയ്ക്കൊപ്പമാണ് താമസം. ബാവയുടെ സ്നേഹം ജോണിന്റെ ഓർമകളിൽ നിറഞ്ഞുനില്ക്കുന്നു. ആശുപത്രിയിലെത്തിക്കുമ്പോൾ ജോണുമുണ്ടായിരുന്നു കൂടെ. ഓഫീസ് സെക്രട്ടറി ഏലിയാസാണ് ബാവയുടെ ഔദ്യോഗിക ജോലികളിലെല്ലാം സഹായിയായിരുന്നത്. അന്ത്യസമയത്തും ഏലിയാസുണ്ടായിരുന്നു കൂടെ. "നീ പള്ളിയിൽ പൊയ്ക്കോ. ഞാൻ ഗുളിക കഴിച്ചിട്ടുണ്ടല്ലോ. വേദന കുറഞ്ഞുകൊള്ളും"_ ബാവ ഒടുവിൽ പറഞ്ഞ വാക്കുകൾ ഏലിയാസ് ഓർമിക്കുന്നു. ഏലിയാസ് പള്ളിയിൽ പോയി. കുറച്ചു സമയം കഴിഞ്ഞപ്പോൾ വിവരം കിട്ടി. ബാവയ്ക്ക് വേദന കൂടുതലാണ്. പിന്നെ എല്ലാം കഴിഞ്ഞു.

സഭാഭരണത്തിന് നാലംഗ സമിതി

മലങ്കര യാക്കോബായ സുറിയാനി സഭയുടെ പരമാദ്ധ്യക്ഷൻ ബസേലിയോസ് പൗലോസ് ദ്വിതീയൻ കാതോലിക്ക ബാവ കാലംചെയ്തതിനെ തുടർന്ന് സഭയുടെ ദൈനംദിന ഭരണകാര്യങ്ങൾ നടത്താൻ മെത്രാപ്പോലീത്തമാരുടെ നാലംഗ സമിതിയെ തെരഞ്ഞെടുത്തു.

മെത്രാപ്പോലീത്തമാരായ യൂഹാനോൻ മോർ പീലക്സിനോസ്, ഗീവർഗീസ് മോർ ഗ്രിഗോറിയോസ്, തോമസ് മോർ ദിവന്നാസിയോസ്, യൂഹാനോൻ മോർ മിലിത്തിയോസ് എന്നിവരെയാണ് ഇതിനായി തെരഞ്ഞെടുത്തിരിക്കുന്നത്.

ബാവയുടെ ദേഹവിയോഗത്തെത്തുടർന്ന് മൂവാറ്റുപുഴ കാതോലിക്കേറ്റ് അരമനയിൽ കൂടിയ സഭയുടെ അടിയന്തിര സുന്നഹദോസാണ് ഈ തീരുമാനമെടുത്തത്.

'മലയാള മനോരമ' 1996 സെപ്തംബർ 3 ചൊവ്വ

വിലാപത്തിന്റെ ജനസമുദ്രം; ശ്രേഷ്ഠ ബാവയ്ക്കു വിട

മൂവാറ്റുപുഴ: വിതുമ്പുന്ന ഹൃദയങ്ങളുടെ സ്നേഹാർച്ചനയും പ്രാർഥനയുടെ സുരഭിലധൂപവും സ്വർഗത്തിലേക്കുയർന്ന അപരാഹ്നത്തിൽ, മലങ്കര യാക്കോബായ സുറിയാനി സഭയുടെ പരമാധ്യക്ഷൻ ശ്രേഷ്ഠ കാതോലിക്ക ബസേലിയസ് പൗലോസ് ദ്വിതീയൻ ബാവയുടെ ഭൗതികശരീരം മലേക്കുരിശിൽ കബറടക്കി.

പുണ്യചരിതനായ മഹാപുരോഹിതന്റെ വലംകൈയിലെ അനുഗ്രഹത്തിന്റെ സ്ലീബായിൽ അന്തിമചുംബനം അർപ്പിക്കാൻ വിലാപത്തിന്റെ ഇടർച്ചയുള്ള ആർദ്രഗീതങ്ങളും വിശ്വാസതീക്ഷ്ണതയുടെ ജപമന്ത്രവുമായി മലേക്കുരിശു ദയറായിലേക്കു പ്രവഹിച്ച വൈദികരും സഭാമക്കളും രണ്ടു മണിക്കൂർ നീണ്ട കബറടക്ക ശുശ്രൂഷയുടെ അന്തിമപാദത്തിൽ പുശ് ബശ് ലോമോ വിടവാങ്ങൽ പ്രതിവചനം കണ്ണുനീർക്കാഴ്ചയായർപ്പിച്ചു.

ദേശീയപാത 49-ൽ പൂത്തൻകുരിശിനടുത്തു മലേക്കുരിശു മലമുകളിലെ ധ്യാനകേന്ദ്രത്തിൽ നാലുപതിറ്റാണ്ടു മുമ്പ് അനുഭവിച്ച ദിവ്യാനുഭൂതിയുടെ ഓർമയിൽ, ദയറായിലെ സെൻറ് ജോർജ് ചാപ്പലിനു തൊട്ടടുത്തായി അന്ത്യവിശ്രമംകൊള്ളാൻ ആഗ്രഹിച്ച ശ്രേഷ്ഠ ബാവയുടെ ഭൗതികശരീരം അനേകായിരങ്ങളുടെ സാന്നിധ്യത്തിലാണു കബറിലേക്കു താഴ്ത്തിക്കുന്തിരിക്കംകൊണ്ടു മൂടിയത്.

മലമുകളിലേക്കുള്ള ഇടുങ്ങിയ പാത ഉച്ചയ്ക്കു മുമ്പേ കറുത്ത കൊടിയേന്തിയ ഭക്തജനങ്ങളെക്കൊണ്ടു തിങ്ങിനിറഞ്ഞിരുന്നു. വിലാപയാത്രയായി പ്രഥമാചാര്യന്റെ ഭൗതികശരീരം ദയറ ചാപ്പലിലേക്കു 3.15-നു സംവഹിച്ചപ്പോൾ, വിസ്മൃതി കുറഞ്ഞ ദയറ അങ്കണത്തിൽ കദനത്തിന്റെ മഹാസമുദ്രം ആർത്തലച്ചുകയറുംപോലെ അന്ത്യദർശനത്തിനായി വിശ്വാസികൾ തിങ്ങിക്കയറി.

കിഴക്കിന്റെ വലിയ മെത്രാപ്പോലീത്ത ഏബ്രഹാം മോർ ക്ലിമ്മീസ്, ഗീവർഗീസ് മോർ ഗ്രിഗോറിയോസ്, തോമസ് മോർ ദിവന്നാസ്യോസ് എന്നിവരുടെ മുഖ്യകാർമികത്വത്തിൽ ധൂപപ്രാർഥനയോടെ കബറടക്ക ശുശ്രൂഷാക്രമത്തിന്റെ സമാപനചടങ്ങുകൾ ആരംഭിച്ചു. ഏബ്രഹാം മോർ സേവേറിയോസ്, യൂഹാനോൻ മോർ പീലക്സിനോസ്, യൂഹാനോൻ മോർ മിലിത്തിയോസ്, തോമസ് മോർ അത്താനാസ്യോസ്, തോമസ് മോർ തിമോത്തിയോസ്, ജോസഫ് മോർ ഗ്രിഗോറിയോസ്, തോമസ് മോർ ഒസ്താത്തിയോസ്, ഗീവർഗീസ് മോർ പോളിക്കാർപ്പസ്, ബന്യാമിൻ മോർ ഒസ്താത്തിയോസ് എന്നീ മെത്രാപ്പോലീത്തമാർക്കു പുറമെ സീറോ മലബാർ സഭയുടെ ചങ്ങനാശേരി ആർച്ച്ബിഷപ്പും സി.ബി.സി.ഐ. അധ്യക്ഷനുമായ മോർ ജോസഫ് പൗവത്തിൽ, മോർ ജോർജ് പുന്നക്കോട്ടിൽ, സീറോ മലങ്കര സഭയുടെ ഗീവർഗീസ് മോർ തിമോത്തിയോസ്, പൗരസ്ത്യ കൽദായ സഭയുടെ മെത്രാപ്പോലീത്ത മാർ അപ്രേം എന്നിവരും കോർഎപ്പിസ്കോപ്പമാരും ഒട്ടേറെ വൈദികരും ശുശ്രൂഷയിൽ സംബന്ധിച്ചു.

മുഖ്യമന്ത്രിക്കുവേണ്ടി സംസ്ഥാന ട്രാൻസ്പോർട്ട് കമ്മിഷണറും യാക്കോബായ സഭ മാനേജിംഗ് കമ്മിറ്റി അംഗവുമായ ഡോ. ഡി. ബാബു പോളും ജില്ലാ കലക്ടർ വി.പി. ജോയിയും വിദ്യാഭ്യാസമന്ത്രി പി.ജെ. ജോസഫിനുവേണ്ടി എ.ഡി.എം: കെ.ആർ. വിശ്വംഭരനും പുഷ്പചക്രം സമർപ്പിച്ചു. മുൻ മന്ത്രിമാരായ കെ.എം. മാണി, ഉമ്മൻചാണ്ടി, ടി.എം. ജേക്കബ്, ടി.എച്ച്. മുസ്തഫ, എം.പി.മാരായ പി.സി. തോമസ്, പി.സി. ചാക്കോ, എം.എൽ.എ.മാരായ ജോണി നെല്ലൂർ, വി.ജെ. പൗലോസ്, ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് പി.കെ. ഇബ്രാഹിംകുട്ടി, എം.ജി. യൂണിവേഴ്സിറ്റി വൈസ് ചാൻസലർ ഡോ. വി.എൻ. രാജശേഖരൻപിള്ള, പി.എസ്.സി. അംഗം ഡോ. എം.സി. ജോർജ്, ബന്നി ബഹനാൻ തുടങ്ങിയവരും അന്ത്യോപചാരം അർപ്പിച്ചു.

അന്ത്യോഖ്യ സിംഹാസനത്തിന്റെ പടനായകനായ ശ്രേഷ്ഠ കാതോലിക്ക ബാവ വിശ്വാസത്തിനുവേണ്ടി നല്ല പോരാട്ടം നടത്തിയാണു നീതിയുടെ കിരീടത്തിന് അർഹത നേടിയതെന്നു മോർ ക്ലിമ്മീസ് ആമുഖ പ്രസംഗത്തിൽ പറഞ്ഞു. ഓമല്ലൂരിൽ അന്ത്യോഖ്യാ പാത്രിയർക്കീസിന്റെ പ്രതിനിധി മോർ യൂലിയോസിന്റെ വത്സലശിഷ്യനായിരുന്ന ശ്രേഷ്ഠ ബാവ അന്ത്യോഖ്യാ സിംഹാസനത്തോടുള്ള വിശ്വാസം അന്ത്യശ്വാസം വരെ കാത്തുപാലിച്ചുവെന്ന് അദ്ദേഹം അനുസ്മരിച്ചു.

മലമുകളിൽ ദുഃഖാചരണത്തിൽ നോമ്പിന്റെ പ്രാർഥനാജാഗരണത്തിൽ മുഴുകിയ സഭാമക്കൾ അന്തിമദർശനത്തിനായി ചാപ്പലിനു മുമ്പിലേക്ക് എല്ലാ നിയന്ത്രണവുംവിട്ടു തള്ളിക്കയറിക്കൊണ്ടിരുന്നു. ശ്രേഷ്ഠ കാതോലിക്കയുടെ സ്ഥാനവസ്ത്രങ്ങളും മൂന്നു കുരിശുമാലയും അണിയിച്ച്, വലതു കൈയിൽ സ്ലീബായും ഇടതുകൈയിൽ ഇടയന്റെ അടയാളമായ അംശവടിയുമായി സിംഹാസനത്തിൽ ഇരുത്തി.

പൊതുവണക്കത്തിനുവച്ച ഭൗതികശരീരത്തിൽ ഒന്നു സ്പർശിച്ച് അനുഗ്രഹം പ്രാപിക്കാൻ അവർ മുന്നോട്ടാഞ്ഞു.

വിലാപശ്രുതിയിൽ സുറിയാനിയും മലയാളവും ഇടകലർന്ന പ്രാർഥനാഗീതങ്ങൾ വൈദികഗണം ആലപിച്ചുകൊണ്ടിരുന്നു.

ഗീവർഗീസ് മാർ തിമോത്തിയോസ്, മാർ ജോസഫ് പൗവത്തിൽ, മാർ ജോർജ് പുന്നക്കോട്ടിൽ, തോമസ് മോർ ദിവന്നാസ്യോസ്, മാർ അപ്രേം എന്നിവർ അനുസ്മരണപ്രഭാഷണം നടത്തി. മാർ പൗവത്തിലും മോർ പുന്നക്കോട്ടിലും ഒപ്പീസു ചൊല്ലി. തുടർന്ന് ഗീവർഗീസ് മോർ ഗ്രിഗോറിയോസ്, തോമസ് മോർ ദിവന്നാസ്യോസ് എന്നിവരുടെ നേതൃത്വത്തിൽ സഹകാർമികരും വൈദികരും പ്രാർഥന ചൊല്ലി. തുടർന്ന് വിശുദ്ധ ഗ്രന്ഥത്തിൽനിന്നുള്ള വായനയായിരുന്നു. മോർ ഗ്രിഗോറിയോസ് ഏവൻഗേലിയോനിൽ വിശുദ്ധ മത്തായിയുടെ സുവിശേഷം 24-ാം അധ്യായം 45 മുതൽ 25-ാം അധ്യായം 30 വരെയുള്ള വാക്യങ്ങൾ വായിച്ചു.

"സ്നേഹത്തിന്റെ മഹോന്നത വിപഞ്ചിക നിശബ്ദമായി. ഔദാര്യത്തിന്റെയും സഹനത്തിന്റെയും മൂർത്തമായ അനുഭവമായിരുന്നു ശ്രേഷ്ഠ ബാവയുടെ ജീവിതം. കർമധീരനും, ഋഷിതുല്യനുമായ ബാവയുടെ ജീവിത വിശുദ്ധിയും സത്യമാർഗത്തിൽ അടിയുറച്ച കർമപഥവും അനുകരണീയമാണ്"—മോർ ഗ്രിഗോറിയോസ് പറഞ്ഞു. അന്ത്യോഖ്യായിലെ പരിശുദ്ധ പത്രോസിന്റെ സിംഹാസനത്തെ തള്ളിപ്പറയുകയില്ലെന്ന് അവസാന ശ്വാസംവരെ പ്രഖ്യാപിച്ച ശ്രേഷ്ഠ ബാവ പകർന്നുതന്നെ പൈതൃകപാരമ്പര്യം ഏറ്റുവാങ്ങാൻ മോർ ഗ്രിഗോറിയോസ് സഭാമക്കളെ ആഹ്വാനംചെയ്തു. ശ്രേഷ്ഠ ബാവയുടെ ഭൗതിക ശരീരത്തിൽ തൊട്ടുകൊണ്ട്, ആ പ്രതിജ്ഞ ഏറ്റുചൊല്ലാൻ അദ്ദേഹം അഭ്യർഥിച്ചു. "ആരെല്ലാം പോയാലും ശരി, അന്ത്യോഖ്യ സിംഹാസനത്തെ തള്ളിപ്പറഞ്ഞുകൊണ്ട് ഈ സഭ പോവുകയില്ല."

ശ്രേഷ്ഠ ബാവയുടെ സഹോദരി മേരി വർഗീസും മറ്റൊരു സഹോദരിയുടെ പുത്രിയും അന്തിമചുംബന മർപ്പിച്ചുകഴിഞ്ഞാണ് കബറടക്കശുശ്രൂഷയിലെ ഏറ്റവും ഹൃദയസ്പർശിയായ 'വിടവാങ്ങൽ' ശുശ്രൂഷയ്ക്കായി ഭൗതികശരീരം സെൻറ് ജോർജ് ചാപ്പലിലെ മദ്ബഹായിലേക്ക് സംവഹിച്ചത്.

'പരിശുദ്ധ മദ്ബഹയെ, സമാധാനത്തോടെ വസിക്കുക, താൻ ശുശ്രൂഷ നടത്തിയ ദേവാലയമേ സമാധാനത്തിൽ വസിക്കുക' എന്നു തുടങ്ങി പ്രധാനാചാര്യന്മാരോടും, ദേവാലയങ്ങളുടെ മേലധികാരികളോടും പുരോഹിതന്മാരോടും, ഗ്രാമത്തോടും, പട്ടണത്തോടും അവിടത്തെ ജനങ്ങളോടും മഹാപുരോഹിതൻ യാത്രാമൊഴി ചൊല്ലുന്ന ചടങ്ങ്. മദ്ബഹായുടെ നാലു ദിശകളിലുമായി മൂന്നുവട്ടം വീതം ഭൗതിക ശരീരത്തോടെ സിംഹാസനം ഉയർത്തി 'പുശ് ബശ്ലോമോ' ആലപിക്കുമ്പോൾ ദൈവജനം പ്രതിവചിച്ചു: 'പരിശുദ്ധ പിതാവേ, സമാധാനത്തോടെ പോവുക.'

മദ്ബഹായ്ക്കു പടിഞ്ഞാറായി പ്രത്യേകം ഒരുക്കിയ കബറിലേക്ക് അവസാന യാത്ര. വൈദികർ ഇരുഭാഗത്തും നിരന്നുനിന്നു. മദ്ബഹായിലെ വിടവാങ്ങൽ ശുശ്രൂഷയും. കബറിലേക്ക് ഭൗതികശരീരം ഇറക്കുന്ന അന്തിമശുശ്രൂഷയും ക്ലോസ്ഡ് സർക്യൂട്ട് ടിവി സ്ക്രീനിലൂടെയാണ് വിശ്വാസികൾ കണ്ടത്.

ബസേലിയസ് പൗലോസ് ദിതീയൻ ബാവയുടെ സ്ഥാനചിഹ്നങ്ങളായ കുരിശുമാലയും അംശവടിയും സ്ലീബായും ഭൗതികശരീരത്തിൽനിന്ന് എടുത്ത് പകരം ജപമാലയും തടികൊണ്ടുള്ള വടിയും സ്ലീബായും ഭൗതികശരീരത്തിൽനിന്ന് എടുത്ത് പകരം ജപമാലയും തടികൊണ്ടുള്ള വടിയും സ്ലീബായും ഗീവർഗീസ് മോർ ഗ്രിഗോറിയോസ് അണിയിച്ചു. ധൂപം വീശിയും സ്ലീബായുടെ ആശീർവാദത്താലും കബറിടം വാഴ്ത്തി. കറുത്ത കുരിശും മഞ്ഞ പുഷ്പങ്ങളും മുദ്രണംചെയ്ത വെള്ളപട്ടിന്റെ റൂമാൽകൊണ്ട് മുഖം ആവരണം ചെയ്താണ് 5.05-ന് ഭൗതികശരീരം കബറിലേക്ക് ഇറക്കിയത്.

ഫാ. മേരിദാസ് സ്റ്റീഫൻ, ഫാ. എൽദോ അതിരമ്പുഴ, ഫാ. ഏബ്രഹാം എന്നിവർ കബറിടത്തിനുള്ളിലേക്ക് ഭൗതികശരീരം ഏറ്റുവാങ്ങിവച്ചു. തുടർന്ന് തൈലാഭിഷേകം നടത്തി. മെത്രാപ്പോലീത്തമാരും വൈദികരും വിശ്വാസികളും കുന്തിരിക്കം അർപ്പിച്ചതോടെ ശുശ്രൂഷ പൂർത്തിയായി.

സഭാസമാധാനത്തിനുവേണ്ടി നിലകൊണ്ട ശ്രേഷ്ഠ കാതോലിക്കയുടെ വിയോഗത്തിൽ മലങ്കര ഓർത്തഡോക്സ് സഭാ വൈദികട്രസ്റ്റി മത്തായി നൂറനാൽ അനുശോചനം രേഖപ്പെടുത്തി. സുൽത്താൻ ബത്തേരി സെൻറ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രലിൽ പ്രാർഥന നടത്തി.

മുസ്ലിംലീഗ് നിയമസഭാ കക്ഷിനേതാവ് പി.കെ. കുഞ്ഞാലിക്കുട്ടി, കേരള കോൺഗ്രസ് (എം) ചെയർമാൻ സി.എഫ്. തോമസ്, കൊടിക്കുന്നിൽ സുരേഷ് എം.പി. എന്നിവരും അനുശോചനം രേഖപ്പെടുത്തി.

കാലംചെയ്ത ശ്രേഷ്ഠ കാതോലിക്ക ബാവ ബസേലിയസ് പൗലോസ് ദിതീയന് അനുശോചനം അർപ്പിച്ചു മലേക്കുരിശ് ദയറായിൽ ചേർന്ന യോഗത്തിൽ മുൻ മന്ത്രിമാരായ ഉമ്മൻചാണ്ടി, കെ.എം. മാണി, എം.പി. മാരായ പി.സി. തോമസ്, പി.സി. ചാക്കോ, എം.എൽ.എ. മാരായ ജോണി നെല്ലൂർ, വി.ജെ. പൗലോസ്, ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് പി.കെ. ഇബ്രാഹിംകുട്ടി, ബാബുപോൾ എന്നിവർ പ്രസംഗിച്ചു.

അജപാലഗണങ്ങളേ വിട; ബലിപീഠമേ വിട

മൂവാറ്റുപുഴ: പ്രാർഥനയും വിലാപവുമായി പാതയോരത്ത് അവർ കാത്തുനിന്നിരുന്നു. കൈയിൽ മെഴുകുതിരികൾ ഉണ്ടായിരുന്നു. വീട്ടുമുറ്റത്തു വെള്ളകച്ചയിട്ട് അതിൽ നിലവിളക്കു കൊളുത്തി വച്ചിരുന്നു. അവരുടെ ആത്മീയനാഥൻ കടന്നുവരുന്നത് ഈ വഴിയാണ്.

മഴയൊഴിഞ്ഞിരുന്നു, വെയിൽ മങ്ങിയിരുന്നു. ആയിരങ്ങൾക്കിടയിലൂടെ ഒരു ചാൽ വഴിയുണ്ടാക്കി ശ്രേഷ്ഠ കാതോലിക്ക ബസേലിയസ് പൗലോസ് ദ്വിതീയന്റെ ഭൗതികശരീരം മുല്ലപ്പൂമാലകളാൽ അലങ്കരിച്ച രഥത്തിലേക്കു മൂവാറ്റുപുഴ കാതോലിക്കേറ്റ് അരമന പള്ളിയിൽനിന്നു കയറ്റുമ്പോൾ സമയം 10.30.

നഗരികാണിക്കലാണിനി. അജപാലകൻ വിട പറയുന്ന ചടങ്ങാണിത്. പ്രിയപ്പെട്ടവരേ വിട. താൻ കൂദാശ ചെയ്യുകയും വാഴ്വ് നല്കുകയുംചെയ്ത എല്ലാത്തിനോടും അവിടുന്നു യാത്രാനുമതി ചോദിക്കുകയാണ്. അജപാലഗണങ്ങളേ വിട, ബലിപീഠമേ വിട. മരിച്ചുപോയ പ്രിയപ്പെട്ടവർക്കു നല്കുന്നതുപോലെ പുണ്യങ്ങളുടെ അമൃതചുംബനമാണിത്.

'വാത്സല്യ മക്കളേ നിങ്ങൾ സമാധാനത്തോടെ വസിച്ചാലും.'

'ഞങ്ങളുടെ അഭിവന്ദ്യ പിതാവേ, അവിടുന്നു സമാധാനത്തോടെ പോവുക.'

അങ്ങനെ നാടിനോട്, നഗരത്തോട്, ഓരോരുത്തരോടും എണ്ണിയെണ്ണി യാത്ര ചോദിക്കുകയാണ്.

രഥമിറങ്ങുകയാണ്. അരമന വഴി വിട്ട് ഏറെ നീങ്ങിയില്ല, പൂക്കളും സ്നേഹവുമായി ഡോ. അലക്സാണ്ടർ മാർത്തോമ്മാ മെത്രാപ്പോലീത്തയെത്തി. കൂടെ ജോസഫ് മാർ ബർന്നബാസ് എപ്പിസ്കോപ്പയും. മാർത്തോമ്മാ സഭയ്ക്കുവേണ്ടി സഭാ സെക്രട്ടറി എ. സി. കുര്യൻ പുഷ്പചക്രം ബാവയുടെ തിരുപാദങ്ങളിൽ സമർപ്പിച്ചു.

തൃശൂർ ആർച്ച്ബിഷപ്പ് മാർ ജോസഫ് കുണ്ടുകുളം പ്രാർഥന നടത്തി. കോട്ടയം ബിഷപ്പ് ഡോ. കുര്യാക്കോസ് കുന്നശ്ശേരിയും സി.എസ്.ഐ. സഭാബിഷപ്പ് കെ.ജെ.സാമുവലും നേരത്തെ അന്തിമാഞ്ജലി അർപ്പിച്ചിരുന്നു.

മൂവാറ്റുപുഴയിൽ കടകളടച്ചു ജനം മുഴുവൻ വഴിയരികിൽ കാത്തുനിന്നു. കെട്ടിടങ്ങളുടെ മട്ടുപ്പാവുകൾ തിങ്ങിനിറഞ്ഞു. ബാവയുടെ പാദങ്ങളിൽ അർച്ചന നടത്തിയ പൂക്കൾ സ്പർശിച്ച് അനുഗ്രഹം തേടാൻ നിയന്ത്രണങ്ങൾ ലംഘിച്ചും ചിലർ കടന്നുവന്നു.

കടാതിയിൽ എത്തുമ്പോൾ പതിനൊന്നരയോടടുക്കുന്നു. കറുത്ത കൊടികൾ, മെഴുകുതിരികൾ, മുത്തുക്കുടകൾ, കുരിശുകൾ പരിശുദ്ധ ഗ്രാമം ഒരു വിലാപയാത്രയാകുന്നു.

വിലാപയാത്രയിൽ അണിചേർന്ന് ആയിരക്കണക്കിനു വാഹനങ്ങൾ. അന്ത്യയാത്രയിൽ പിതാവിനോടൊപ്പം നീങ്ങാൻ വാഹനങ്ങളിൽനിന്നിറങ്ങി രഥത്തിൽ തൊട്ട് ഓടുന്നവർ. ഗായകസംഘങ്ങൾ, സംസ്ഥാന പോലീസിന്റേതടക്കമുള്ള ബാൻഡ് വാദ്യക്കാർ, ഏവൻഗേലിയോൻ വായിക്കുന്ന പുരോഹിതസംഘം, വൈദികർ, സന്യാസിനികൾ, വരിയായി നീങ്ങുന്ന വിശ്വാസികൾ—വിലാപയാത്ര ഒഴുകുകയാണ്.

മെത്രാപ്പോലീത്തമാരായ ഗീവർഗീസ് മോർ ഗ്രിഗോറിയോസ്, യൂഹാനോൻ മോർ മിലിത്തിയോസ്, യൂഹാനോൻ മോർ പീലക്സിനോസ്, തോമസ് മോർ അത്തനാസ്യോസ്, ജോസഫ് മോർ ഗ്രിഗോറിയോസ്, ഏബ്രഹാം മോർ സേവേറിയോസ് എന്നിവരും മിഖായേൽ കോർഎപ്പിസ്കോപ്പ, പുരോഹിതന്മാരായ ജോൺ വള്ളിക്കാട്ടിൽ, ജോൺ സി.ചാലപ്പുറം, അമ്മഞ്ചേരി കുര്യാക്കോസ് കത്തനാർ, പൗലോസ് പുതിയമഠം, സക്കറിയ ഇച്ചിക്കോട്ടിൽ, സമുദായട്രസ്റ്റിമാരായ കെ.എ.തോമസ്, മുൻമന്ത്രി ടി.എം.ജേക്കബ് തുടങ്ങിയവരുമായിരുന്നു രഥത്തിൽ.

കടാതി, അമ്പലംപടി, മേക്കടമ്പ് എന്നിവിടങ്ങളിലും രഥം അല്പനേരം നിർത്തി. വാളകം മോർ സ്റ്റീഫൻ ഹൈസ്കൂളിനു മുമ്പിൽ നിർത്തിയപ്പോൾ സ്കൂൾ മാനേജരും പൗരസ്യ സുവിശേഷ സമാജം സെക്രട്ടറിയുമായ അലക്സാണ്ടർ കോർ എപ്പിസ്കോപ്പ പുഷ്പചക്രം അർപ്പിച്ചു. പിന്നീടു വാളകം താഴത്തെ കവലയും കടമറ്റവും കോലഞ്ചേരിയും കടന്നു പത്താം മൈലിൽ എത്തുമ്പോൾ സമയം മുൻ നിശ്ചയത്തേക്കാളും വൈകി. രണ്ടു മണിയോടടുക്കുന്നു.

പത്താം മൈലിൽനിന്നു മലേക്കുരിശിലേക്കു രണ്ടു കിലോമീറ്ററോളം കുത്തനെ കയറ്റമാണ്. വഴിയരികിലുടനീളം ബാവയെ കാണാനെത്തിയ ജനങ്ങളും കറുത്ത കൊടികളും ബാവയുടെ രഥത്തിനു മുമ്പിൽ. ശുശ്രൂഷാവസ്മണിഞ്ഞ് മേൽക്കട്ടിക്കു കീഴിൽ ഫാ.ഏബ്രഹാം പാലത്തിങ്കൽ ധൂപക്കുറ്റി വീശി. കുന്തിരിക്കഗന്ധം ഉയരുകയാണ്.

ഹരിതസാന്ദ്രമായ മലേക്കുരിശിലേക്കു തിരിച്ചു വരികയാണൊരാൾ. മരങ്ങളെയും ചെടികളെയും സ്നേഹിച്ച അജപാലകൻ. ഇപ്പോൾ അക്ഷരാർഥത്തിൽ ജനസമുദ്രമാണിവിടം. താൻ താമസിക്കാൻ തെരഞ്ഞെടുത്ത വീടാണിവിടം. അന്ത്യയുറക്കത്തിനു തെരഞ്ഞെടുത്ത മണ്ണ്.

'മാതൃഭൂമി' 1996 സെപ്തംബർ 3, ചൊവ്വ

ശ്രേഷ്ഠ കാതോലിക്ക ബാവയ്ക്ക് ആയിരങ്ങളുടെ അശ്രുപൂജ

മൂവാറ്റുപുഴ: മലങ്കര യാക്കോബായ സുറിയാനി സഭയുടെ പരമാധ്യക്ഷൻ മോർ ബസേലിയോസ് പൗലോസ് ദ്വിതീയൻ ബാവ ഇനി ദീപ്തസ്മൃതികളിൽ.

ശ്രേഷ്ഠ കാതോലിക്ക ബാവയുടെ ഭൗതികദേഹം തിങ്കളാഴ്ച അഞ്ചിന് പുത്തൻകുരിശിനടുത്ത് മലേക്കുരിശ് ദയറയിൽ പ്രത്യേകം തയ്യാറാക്കിയ കല്ലറയിൽ സഭയുടെ പാരമ്പര്യവിധിപ്രകാരം പൂർണ ബഹുമതികളോടെ കബറടക്കി. അത്യന്തം വികാരനിർഭരമായ കബറടക്കൽ ശുശ്രൂഷാച്ചടങ്ങുകൾക്ക് മലങ്കരയുടെ വിവിധ ഭാഗങ്ങളിൽനിന്നെത്തിയ ആയിരക്കണക്കിന് വിശ്വാസികൾ നിറമിഴികളോടെ സാക്ഷ്യം വഹിച്ചു.

യാക്കോബായ സഭയുടെ അങ്കമാലി ഭദ്രാസനാധിപൻ തോമസ് മോർ ദിവന്നാസിയോസ്, കോട്ടയം ഭദ്രാസനാധിപൻ ഗീവർഗീസ് മോർ ഗ്രിഗോറിയോസ് എന്നിവരുടെ മുഖ്യകാർമികത്വത്തിൽ നടന്ന ചടങ്ങുകളിൽ മെത്രാപ്പോലീത്തമാരായ എബ്രഹാം മോർ സേവേറിയോസ്, യൂഹാനോൻ മോർ മിലിത്തിയോസ്, യൂഹാനോൻ മോർ ഫീലക്സിനോസ്, ഡോ. തോമസ് മോർ അത്തനാസിയോസ്, ഗീവർഗീസ് മോർ പോളികാർപ്പോസ്, ബന്യാമിൻ മോർ ഒസ്താത്തിയോസ്, തോമസ് മോർ തിമോത്തിയോസ്, ജോസഫ് മോർ ഗ്രിഗോറിയോസ് എന്നിവരും സഭയിലെ നിരവധി വൈദികശ്രേഷ്ഠരും സഭാ മാനേജിംഗ് സമിതിയംഗങ്ങളും സംബന്ധിച്ചു.

മൂവാറ്റുപുഴ കാതോലിക്കേറ്റ് അരമനയിൽനിന്ന് രാവിലെ 10.30-ന് 'നഗരി കാണിക്കലി'നായി എടുത്ത ബാവയുടെ ഭൗതികദേഹം മൂവാറ്റുപുഴയിൽനിന്ന് ദേശീയപാതയിലൂടെ വിലാപയാത്രയായാണ് മലേക്കുരിശ് ദയറായിലെത്തിച്ചത്. ദേശീയപാതയ്ക്കിരുവശവും ആയിരക്കണക്കിന് വിശ്വാസികൾ ശ്രേഷ്ഠ ബാവയുടെ മുഖം അവസാനമായി ദർശിക്കാൻ തടിച്ചുകൂടിയിരുന്നു. വൈകിട്ട് 3.15-ന് വിലാപയാത്ര മലേക്കുരിശ് ദയറയിലെത്തുമ്പോൾ അവിടം ജനസമുദ്രമായി മാറി.

ദയറയോടനുബന്ധിച്ചുള്ള സെൻറ് ജോർജ് പള്ളി പൂമുഖത്ത് പ്രത്യേകം തയ്യാറാക്കിയ വേദിയിൽ ബാവയുടെ ഭൗതികശരീരം ഇരുത്തിയശേഷം കബറടക്കൽ ശുശ്രൂഷ തുടങ്ങി. ക്നാനായ ഇടവകയുടെ പരമാധ്യക്ഷൻ കിഴക്കിൻറെ വലിയ മെത്രാപ്പോലീത്ത എബ്രാഹം മോർ ക്ലീമീസാണ് ശുശ്രൂഷയ്ക്ക് തുടക്കംകുറിച്ചത്. തുടർന്ന് സഭയിലെ മെത്രാപ്പോലീത്തമാരും വൈദിക പ്രതിനിധികളും ചേർന്ന് ചടങ്ങുകൾ പൂർത്തിയാക്കി. അവസാനഘട്ടത്തിൽ പുരോഹിതർ 'ഏവൻഗേലിയോൻ' വായിച്ചു.

വൈകിട്ട് 4.45-ന് മെത്രാപ്പോലീത്തമാരും വൈദികരും ചേർന്ന് ബാവയുടെ ഭൗതികശരീരം പള്ളി മദ്ബഹയിലേക്ക് കൊണ്ടുപോയി. തൻറെ ദേവാലയത്തോടും താൻ സേവിച്ച സഭയോടും വിശ്വാസികളോടും ബാവ വിടവാങ്ങുന്ന വികാരനിർഭരമായ ചടങ്ങുകളാണ് അവിടെ നടന്നത്. മലേക്കുരിശ് ദയറയിലും പരിസരങ്ങളിലുമായി തടിച്ചുകൂടിയ പതിനായിരക്കണക്കിന് വിശ്വാസികൾ തങ്ങളുടെ നല്ല ഇടയൻറെ വേർപാടിൽ വിതുമ്പുകയായിരുന്നു.

വിടവാങ്ങൽ ചടങ്ങിനെത്തുടർന്ന്, ഭൗതികശരീരം പള്ളിയുടെ വടക്ക് കിഴക്കേ മൂലയിൽ പ്രത്യേകം സജ്ജമാക്കിയ കബറിടസ്ഥാനത്തേക്ക് കൊണ്ടുവന്നു. സ്ഥാനാരോഹണസമയത്ത് പരിശുദ്ധ പാത്രിയാർക്കീസ് ബാവ കല്പിച്ച് നല്കിയ അംശവടി തിരികെ വാങ്ങിയശേഷം, അതിൻറെ പ്രതീകമായി മറ്റൊന്ന് ബാവയുടെ ഭൗതികശരീരത്തിൻറെ കൈയിൽ പിടിപ്പിച്ചു. അംശവസ്ത്രങ്ങളും അംശവടിയും സ്ലീബയും കൈയിൽ പിടിപ്പിച്ചശേഷം തിരുശരീരം കൃത്യം അഞ്ചിന് കബറിൽ ഇറക്കി. അവസാനവട്ട പ്രാർഥനയെതുടർന്ന് കബറിടം കുന്തിരിക്കംകൊണ്ട് നിറയ്ക്കുകയാണുണ്ടായത്. ബാവയുടെ ഭൗതികശരീരം സംസ്കരിക്കുന്നതിനായി സഭയിലെ വിവിധ പള്ളികളിൽ നിന്നെത്തിയ വിശ്വാസികൾ കൊണ്ടുവന്ന കുന്തിരിക്കമാണ് ഉപയോഗിച്ചത്.

അന്തിമാഞ്ജലി അർപ്പിക്കാൻ വിശ്വാസികളുടെ പ്രവാഹം

മൂവാറ്റുപുഴ: കാലംചെയ്ത ശ്രേഷ്ഠ കാതോലിക്ക ബാവയ്ക്ക് അന്ത്യാഞ്ജലി അർപ്പിക്കാൻ വിശ്വാസികളുടെ അണമുറിയാത്ത പ്രവാഹം.

ബാവയുടെ തിരുശരീരം അവസാനമായി ഒരു നോക്ക് കാണുവാൻ കന്യാകുമാരി മുതൽ കാസർകോഡ് വരെയുള്ള സഭയുടെ ഇടവകകളിൽ നിന്ന് വിശ്വാസികൾ മൂവാറ്റുപുഴയിലേക്ക് അക്ഷരാർഥത്തിൽ ഒഴുകുകയായിരുന്നു. കാറിലും ജീപ്പിലും പ്രത്യേക ബസ്സുകളിലുമായി ആയിരങ്ങളാണ് തിങ്കളാഴ്ച ബാഷ്പാഞ്ജലി അർപ്പിക്കാൻ എത്തിയത്.

ജീവിതത്തിന്റെ നാനാതുറകളിൽപ്പെട്ട നിരവധി പ്രമുഖ വ്യക്തികൾ അരമനയിലെത്തി ശ്രേഷ്ഠ കാതോലിക്ക ബാവയ്ക്ക് അന്തിമോപചാരം അർപ്പിച്ചു.

'മാതൃഭൂമി' മാനേജിംഗ് ഡയറക്ടർ എം.പി. വീരേന്ദ്രകുമാറിനുവേണ്ടി തൃശ്ശൂർ യൂണിറ്റ് മാനേജർ ചെറിയാൻ തോമസും മാനേജിംഗ് എഡിറ്റർ പി.വി. ചന്ദ്രനുവേണ്ടി കൊച്ചി ന്യൂസ് എഡിറ്റർ കെ.കെ. മധുസൂദനനും ഭൗതിക ദേഹത്തിൽ പുഷ്പചക്രം അർപ്പിച്ചു.

രാവിലെ 9-ന് കണ്ടനാട് ഭദ്രാസന സഹായമെത്രാപ്പോലീത്ത ഡോ. തോമസ് മോർ അത്തനാസിയോസിന്റെ കാർമികത്വത്തിൽ നടന്ന വിശുദ്ധ കുർബാനയ്ക്കുശേഷം നഗരികാണിക്കൽ ചടങ്ങ് നടന്നു. മുല്ലമാലകൊണ്ട് അലങ്കരിച്ചതുറന്ന വാഹനത്തിൽ ബാവയുടെ തിരുശരീരം സ്ഥാന വസ്ത്രങ്ങൾ അണിയിച്ച് നഗരികാണിക്കലിനായി പുറപ്പെടുമ്പോൾ അരമനയും മൂവാറ്റുപുഴയിലെ പ്രധാന റോഡുകളും ജനസമുദ്രമായിരുന്നു.

വിലാപയാത്രയുടെ അറിയിപ്പുമായി നീങ്ങിയ വാഹനമായിരുന്നു മുന്നിൽ. അതിന് പിന്നിലായി കേരള പോലീസിന്റെ ബാൻറ് സംഘം അന്ത്യയാത്രാഗീതങ്ങളുമായി നീങ്ങി. അതിന് പിറകിൽ സുറിയാനി ഗീതങ്ങൾ ആലപിച്ച് ഗായകസംഘം അണിനിരന്നു. തൊട്ടു



ശ്രേഷ്ഠബാവ, അന്ന് പൗലൂസ് ഡീക്കൻ, സി.എം.എസ്. കോളജ് ആസ്ക്വിത്ത് ഹോസ്റ്റൽ പ്രീഫക്ട് ആയിരുന്നപ്പോൾ (1933-34) എടുത്ത ചിത്രം. ഇടത്തുനിന്ന്: ഹോസ്റ്റൽ വാർഡൻ പ്രഫസർ ടി.ടി. തോമസ്, അദ്ദേഹത്തിന്റെ പുത്രൻ മുൻ കോട്ടയം വൈ.എം.സി.എ. ജനറൽ സെക്രട്ടറി ജോസഫ് ടി. തോമസ്, അസി. പ്രഫസർ എ.ജി. വർഗീസ്, പിൻനിരയിൽ ബാവയ്ക്കു സമീപം ജൂനിയർ പ്രീഫക്ട് സി.ജെ. ഫിലിപ്പ് കടിനാത്ത (കോടുകുളഞ്ഞി). (ടി.ടി. തോമസിന്റെ പുത്രൻ ജോസഫ് ടി.തോമസിന്റെ ആൽബത്തിനിന്ന്) [മലയാള മനോരയ്ക്ക് കടപ്പാട്]

പിന്നിലായിരുന്നു ബാവയുടെ ഭൗതികശരീരം ഇരുത്തിയ തുറന്ന വാഹനം.

വിലാപയാത്ര കടന്നുപോയ വഴി കടാതി, റാക്കാട്, മേക്കടമ്പ് പള്ളി, വാളകം, കടമറ്റം, കോലഞ്ചേരി എന്നീ പ്രധാന കേന്ദ്രങ്ങളിലെല്ലാം വാഹനം നിർത്തി വിശ്വാസികൾക്ക് ബാവയുടെ ഭൗതികശരീരം അവസാനമായി കാണുന്നതിനും അന്ത്യോപചാരം അർപ്പിക്കുന്നതിനും സൗകര്യമൊരുക്കി.

വിലാപയാത്ര പത്താംമൈൽ കുരിശിങ്കലെത്തിയപ്പോഴേക്കും ഒരടി മുന്നോട്ട് നീങ്ങാനാവാത്തവിധം വിശ്വാസികളുടെ തിരക്ക് വർദ്ധിച്ചു.

ബാവയുടെ ഭൗതികശരീരം മലേക്കുരിശ് ദയറയിലെ പള്ളിപുമുഖത്ത് ഇരുത്തിയശേഷം വിശ്വാസികൾക്ക് കണ്ടുവണങ്ങുന്നതിനായി സൗകര്യമൊരുക്കി. ദയറ പരിസരത്തുനിന്ന് തിങ്ങി നിറഞ്ഞിരുന്ന പതിനായിരക്കണക്കിന് ആരാധകർ പുമുഖത്തിനു മുന്നിലെത്തി ബാവയുടെ തിരുശരീരം കണ്ട് നിർവൃതിയടഞ്ഞു.

ക്നാനായ ഇടവകയുടെ പരമാദ്ധ്യക്ഷൻ കിഴക്കിന്റെ വലിയ മെത്രാപ്പോലീത്ത എബ്രഹാം മോർ ക്ലിമ്മീസ്, മലങ്കര കത്തോലിക്ക സഭയുടെ തിരുവല്ല ബിഷപ്പ് ഗീവർഗീസ് മോർ തിമോത്തിയോസ്, കോതമംഗലം രൂപതാദ്ധ്യക്ഷൻ മാർ ജോർജ് പുന്നക്കോട്ടിൽ, കൽദായ സുറിയാനി സഭ ബിഷപ്പ് മാർ അപ്രേം, ചങ്ങനാശ്ശേരി അതിരൂപതാ ആർച്ച്ബിഷപ്പ്, കാത്തലിക് ബിഷപ്സ് കോൺഫറൻസ് പ്രസിഡന്റ് മോർ ജോസഫ് പൗവത്തിൽ, തോമസ് മോർ ദിവന്നാസിയോസ് മെത്രാപ്പോലീത്ത, ഗീവർഗീസ് മോർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്ത എന്നിവർ ഹ്രസ്വമായ അനുശോചനപ്രസംഗം നടത്തി. കബറടക്കൽ ശുശ്രൂഷകളുടെ അവസാനം ബാവയുടെ സഹോദരി മേരിയും ബാവയുടെ മറ്റൊരു സഹോദരിയുടെ മകളും ഭൗതികശരീരത്തിൽ അന്ത്യചുംബനം നടത്തി.

കബറടക്കൽ ശുശ്രൂഷയെ തുടർന്ന് മലേക്കുരിശ് ദയറയിൽ അനുശോചനയോഗം നടന്നു. പി.സി. തോമസ് എം.പി., എം.എൽ.എ. മാരായ ടി.എം. ജേക്കബ്, കെ.എം. മാണി, ജോണി നെല്ലൂർ, വി.ജെ. പൗലോസ്, സാംസ്കാരിക വകുപ്പ് സെക്രട്ടറി ഡി. ബാബുപോൾ, ടി.എച്ച്. മുസ്തഫ എന്നിവർ പ്രസംഗിച്ചു.

ശ്രേഷ്ഠ കാതോലിക്ക ബാവയുടെ വേർപാടിൽ പൊന്തിഫിക് ആർട്സ് സൊസൈറ്റി ഭാരവാഹികളായ സി.പി. കൊച്ചുവറീത്, സി.കെ. തോമസ്, ഡാൻസൻ റൊസാരിയോ എന്നിവർ അനുശോചിച്ചു. കേരള യൂത്ത് ഫ്രണ്ട്-ജെ. ജനറൽ സെക്രട്ടറി കുരുവിള മാത്യൂസ് അനുശോചിച്ചു.

കാതോലിക്ക ബാവയുടെ വേർപാടിൽ അൽമായ അസോസിയേഷൻ കേന്ദ്രസമിതി യോഗം ചേർന്ന് അനുശോചനം രേഖപ്പെടുത്തി. യോഗത്തിൽ പ്രസിഡന്റ് ടി.ജെ. മണി അദ്ധ്യക്ഷനായിരുന്നു. ജനറൽ സെക്രട്ടറി കുര്യാക്കോസ് പാറയിൽ, മോൻസി വാവച്ചൻ എന്നിവർ പ്രസംഗിച്ചു. യാക്കോബായ എംപ്ലോയീസ് ഫോറം സംസ്ഥാന സമിതി, യാക്കോബായസഭ, രാഷ്ട്രീയകാര്യസമിതി എന്നിവയും ബാവയുടെ വേർപാടിൽ അനുശോചിച്ചു.

മുഖ്യമന്ത്രി ഇ.കെ. നായനാർക്കുവേണ്ടി സാംസ്കാരികവകുപ്പ് സെക്രട്ടറി ഡി. ബാബുപോൾ, ജില്ലാ കളക്ടർ വി.പി. ജോയി എന്നിവരും വിദ്യാഭ്യാസ വകുപ്പ് മന്ത്രി പി.ജെ. ജോസഫിനുവേണ്ടി എ.ഡി.എം: കെ.ആർ. വിശ്വംഭരനും ഭൗതികദേഹത്തിൽ റീത്ത്വെച്ചു. എം.എൽ.എ. മാരായ കെ.എം. മാണി, ടി.എം. ജേക്കബ്, ജോണി നെല്ലൂർ, വി.ജെ. പൗലോസ്, മഹാത്മാഗാന്ധി സർവകലാശാല വൈസ് ചാൻസലർ വി.എൻ. രാജശേഖരൻപിള്ള എന്നിവരും പുഷ്പചക്രം അർപ്പിച്ചു.

The Journal of the Kottayam Diocese

(A Monthly Publication of the Syrian Orthodox Church)

Editorial Board Chairman	:	Dr. Geevarghese Mor Gregoriose
Chief Editor	:	Kuriakose Corepiscopa Moolayil
Editor	:	Fr. Thomas Itty Kunnathayyattu
Circulation Manager	:	Fr. Kuriakose Manalelchira
Finance Manager	:	Raju Cherian

അനുശോചനം.

കോട്ടയം: മലങ്കരയാക്കോബായ സുറിയാനി ഓർത്തഡോക്സ് സഭയുടെ ശ്രേഷ്ഠപൗരസ്ത്യ കാതോലിക്കയും മലങ്കര മെത്രാപ്പോലീത്തയുമായിരുന്ന ബസേലിയോസ് പൗലോസ് ദിതീയൻ ബാവയുടെ ദേഹവിയോഗത്തിൽ വിവിധ സംഘടനകളും സ്ഥാപനങ്ങളും അനുശോചിച്ചു.

കോട്ടയംനഗരസഭ ബാവയോടുള്ള ആദരസൂചകമായി കൗൺസിൽ യോഗത്തിൽ ഒരു മിനിറ്റ് നേരം മൗനമാചരിച്ചു. മഹാതാപസനായിരുന്ന ബാവ എളിമയും സ്നേഹവും വിനയവും മാത്രം കൈമുതലാക്കി അരനൂറ്റാണ്ടുകാലം സഭയെ നയിച്ചുവെന്ന് നഗരസഭാധ്യക്ഷൻ പി.സി. ചെറിയാൻ മടുക്കാനി പറഞ്ഞു. അദ്ദേഹം മൂവാറ്റുപുഴ കാതോലിക്കേറ്റ് അരമനയിലെത്തി ബാവയുടെ ഭൗതികശരീരത്തിൽ പുഷ്പചക്രം സമർപ്പിച്ചു.

ശ്രേഷ്ഠനായ ഗുരുവെന്ന നിലയിൽ നാനാജാതി മതസ്ഥരുടെ ആദരവു നേടിയ ബസേലിയോസ് പൗലോസ് ദിതീയൻ ബാവയുടെ വിയോഗത്തിൽ അഖിലകേരള കത്തോലിക്ക കോൺഗ്രസ് യൂത്ത് കമ്മീഷൻ സംസ്ഥാന ജനറൽ സെക്രട്ടറി സയ്ബി അക്കര അനുശോചിച്ചു.

മലങ്കര സഭാസമാധാനത്തിന് ശേഷം 1966 മുതൽ എട്ടു വർഷക്കാലം പൗരസ്ത്യ ഓർത്തഡോക്സ് സിറിയൻ സൺഡേസ്കൂൾ അസോസിയേഷന്റെ പ്രസിഡൻറായി സുത്യർഹസേവനം നടത്തിയ ബാവയുടെ വിയോഗത്തിൽ സൺഡേസ്കൂൾ കേന്ദ്രസമിതി അനുശോചിച്ചു. യോഗത്തിൽ ഡയറക്ടർ ജനറൽ ഫാ. ടി.ജെ. ജോഷ്വാ അധ്യക്ഷനായിരുന്നു. കേരള കോൺഗ്രസ് (എം) ചെയർമാൻ സി.എഫ്. തോമസും അനുശോചിച്ചു.

ബാവയുടെ വിയോഗത്തിൽ ആർ.എസ്.പി. കോട്ടയം മണ്ഡലം കമ്മിറ്റി ദുഃഖം രേഖപ്പെടുത്തി. മണ്ഡലം സെക്രട്ടറി ഷാജി ഫിലിപ്പ് അനുശോചന പ്രമേയം അവതരിപ്പിച്ചു. ജില്ലാ സെക്രട്ടറി വി.കെ. ദാമോദരൻ ആധ്യക്ഷ്യം വഹിച്ചു. ടി.സി. അരുൺ, അഡ്വ. ജെറോം, പി.എ. മൈതീൻകുഞ്ഞ് എന്നിവർ പ്രസംഗിച്ചു.

തങ്കപ്പെട്ട ബാവ

അന്ത്യോഖ്യായിലെ സക്കാപ്രഥമൻ പാത്രിയർക്കീസ് ബാവയെ വാഴിക്കുന്നതിൽ മുഖ്യ കാർമികനാകാൻ ഭാഗ്യം ലഭിച്ചത് ശ്രേഷ്ഠ കാതോലിക്ക ബാവയ്ക്കു കിട്ടിയ ഏറ്റവും വലിയ അംഗീകാരമാണ്.

സ്നേഹവാത്സല്യത്തിന്റെയും വിശ്വാസതീക്ഷ്ണതയുടെയും നിറകുടമായിരുന്ന ബാവ എളിമയുടെ പ്രതീകമായിരുന്നു. ലക്ഷക്കണക്കിന് വിശ്വാസികൾക്ക് ബാവയോടുള്ള ആദരവും ബഹുമാനവും ഇതാണ് കാണിക്കുന്നത്. ബാവയുടെ ദേഹവിയോഗവാർത്തയറിഞ്ഞതോടെ മൂവാറ്റുപുഴയിലേക്കു വിശ്വാസികളുടെ മഹാപ്രവാഹം ആരംഭിച്ചിരുന്നു.

ബാവയെ ശുശ്രൂഷിക്കാൻ കൂടെയുണ്ടായിരുന്നവർക്ക് അദ്ദേഹത്തിന്റെ വിയോഗം താങ്ങാനാവാത്തതായി. സെക്രട്ടറി പൗലോസ് ശെമ്മാശൻ, യൂഹാനോൻ റമ്പാച്ചൻ, പാചകക്കാരൻ ജോൺ എന്നിവരാണ് ബാവയെ അന്ത്യ മണിക്കൂറുകളിൽ ശുശ്രൂഷിച്ചിരുന്നത്.

'എളിമപ്പെട്ട ജീവിതം നയിച്ച തങ്കപ്പെട്ട ബാവ' എന്നാണ് പാചകക്കാരൻ ജോൺ ബാവയെക്കുറിച്ചു ചോദിച്ചപ്പോൾ പറഞ്ഞത്. ശനിയാഴ്ച രാത്രി പത്തിനും പന്ത്രണ്ടിനും പുലർച്ചെ നാലരയ്ക്കും ബാവ ചായ ചോദിച്ചു. കൊടുത്ത ചായയൊക്കെ കുടിച്ചു. ഇന്നലെ രാവിലെ എട്ടരയ്ക്കു 'ചെറുതായി വിഷമം തോന്നുന്നു' എന്നു പറഞ്ഞു.

അപ്പോൾ മുൻമന്ത്രി ടി.എം. ജേക്കബും കൂടെയുണ്ടായിരുന്നു. 'ഞാൻ രാവിലെ ബാവയെ ക്കാണാൻ പിറമാടം ദയറയിൽ ചെന്നപ്പോൾ സ്നേഹപൂർവം എന്നെ സ്വീകരിച്ച ബാവയുടെ അന്ത്യമണിക്കൂറുകളാണതെന്ന് അറിഞ്ഞിരുന്നില്ല'- ടി.എം. ജേക്കബ് പറഞ്ഞു. 'പിന്നീട് സംസാരിച്ചിരിക്കുമ്പോൾ നെഞ്ചുവേദനയുണ്ടാകുന്നു എന്ന് എന്നോടു പറഞ്ഞു. ഉടനെ ഡോക്ടറെ വിളിക്കാനും ആശുപത്രിയിൽ പോകാനും ഏർപ്പാടു ചെയ്തു.

കുഴപ്പമൊന്നും ഇല്ലെന്നും വേദന മാറുമെന്നും ബാവ തന്നോടു പറഞ്ഞതായി ജേക്കബ് അനുസ്മരിച്ചു.

മൂവാറ്റുപുഴയിൽനിന്നു ഡോക്ടർ എത്തിയെങ്കിലും ഉടനെ കോലഞ്ചേരി മെഡിക്കൽ മിഷൻ ആശുപത്രി യിലേക്കു കൊണ്ടുപോയി. അവിടെ എത്തുമ്പോഴേക്കും അന്ത്യം സംഭവിച്ചു.

'മംഗളം' 1996 സെപ്തംബർ 3 ചൊവ്വ

പൗലൂസ് ദ്വിതീയൻ ബാവയ്ക്ക് അശ്രുപൂജ

കെ.എം.വേണു

മലേക്കുരിശ്: ഞായറാഴ്ച രാവിലെ കാലംചെയ്ത മലങ്കര യാക്കോബായ സുറിയാനിസഭയുടെ പരമാദ്ധ്യക്ഷൻ ശ്രേഷ്ഠ കാതോലിക്ക പൗലൂസ് ദ്വിതീയൻ ബാവയുടെ ഭൗതികശരീരം ഇന്നലെ വൈകുന്നേരം അഞ്ച് മണിക്ക് (5.07) ദുഃഖാർത്തരായ അനേകായിരം അജഗണങ്ങളുടെ സാന്നിധ്യത്തിൽ മലേക്കുരിശ് ദയറയിൽ കബറടക്കി.

കിഴക്കിന്റെ വലിയ മെത്രാപ്പോലീത്ത ഏബ്രഹാം മോർ ക്ലിമ്മീസിന്റെ മുഖ്യ കാർമികത്വത്തിലായിരുന്നു കബറടക്കശുശ്രൂഷ. സഭയിലെ മറ്റ് മെത്രാപ്പോലീത്തമാരായ ഗീവർഗീസ് മോർ ഗ്രിഗോറിയോസ്, തോമസ് മോർ ദിവന്നാസിയോസ്, യൂഹനോൻ മോർ പീലക്സിനോസ്, തോമസ് മോർ അത്തനാസിയോസ്, ഡോ. ഏബ്രഹാം മോർ സേവേറിയോസ്, തോമസ് മോർ തിമോത്തിയോസ്, ജോസഫ് മോർ ഗ്രിഗോറിയോസ് എന്നിവരും ചടങ്ങിൽ പങ്കെടുത്തു. കൂടാതെ സഭയിലെ വൈദികരും ചടങ്ങുകൾക്ക് ആദ്യന്തം പങ്കുകൊണ്ടു.

ഇന്നലെ രാവിലെ 9-ന് അന്ത്യയാത്രയ്ക്കുള്ള ഒരുക്കങ്ങൾ ആരംഭിച്ചു. മൂവാറ്റുപുഴ അരമന ചാപ്പലിൽ പൊതുദർശനത്തിനു വച്ചിരുന്ന ബാവയുടെ ഭൗതികശരീരം മദ്ബഹയിൽ കൊണ്ടുപോയി. അവിടെവച്ച് വിടവാങ്ങൽ ചടങ്ങുകൾ നടന്നു. ഭൗതികശരീരം നാലു ദിക്കുകളിലേക്കും തിരിച്ച് മൂന്നു പ്രാവശ്യം വീതം പൊക്കി താഴ്ത്തി. ശുശ്രൂഷ ചെയ്ത ദൈവാലയങ്ങളോടും വൈദികശ്രേഷ്ഠന്മാരോടും വിശ്വാസികളോടും യാത്രചോദിച്ചു. 10.30 ആയപ്പോഴേക്കും വിടവാങ്ങൽ ചടങ്ങുകൾ പൂർത്തീകരിച്ചു. തുടർന്ന് ഭൗതികശരീരം രഥത്തിൽ ഇരുത്തി നഗരികാണിക്കൽ ചടങ്ങ് നടന്നു.

അതിനുശേഷം വിലാപയാത്ര ആരംഭിച്ചു. വിലാപയാത്രയുടെ മുന്നിലായി പൈലറ്റ് വാഹനം, ഇരുചക്രവാഹനങ്ങൾ, പോലീസിന്റെ ബാൻഡ്സംഘം, കാർ, ജീപ്പ്, ഗായകസംഘം, ബസ്, ലോറി, സിസ്റേറഴ്സിന്റെ ഗായകസംഘം, അച്ചന്മാരുടെ ഗായകസംഘം, രഥം, മെത്രാപ്പോലീത്തമാർ, തുടർന്ന് ഗായകസംഘം, പിന്നീട് ആയിരക്കണക്കിന് സഭാ വിശ്വാസികളും നീങ്ങി.

ബാവയുടെ ഭൗതികശരീരവും വഹിച്ചുകൊണ്ടുള്ള അലങ്കരിച്ച രഥം മൂവാറ്റുപുഴ പട്ടണത്തിന്റെ വീഥികളിലൂടെ നീങ്ങിയപ്പോൾ പതിനായിരക്കണക്കിന് വിശ്വാസികൾ ഭൗതികശരീരം ഒരുനോക്ക് ദർശിക്കുവാൻ കാത്തുനില്പുണ്ടായിരുന്നു. വിലാപയാത്ര കടന്നുപോയ വഴിയോരങ്ങളിൽ സ്ത്രീകളും കുട്ടികളുമടക്കം പതിനായിരക്കണക്കിന് വിശ്വാസികൾ നിറകണ്ണുകളോടെ അന്ത്യോപചാരം അർപ്പിക്കാൻ തടിച്ചുകൂടിയിരുന്നു.

വിലാപയാത്ര കടാതിയിൽ എത്തിയപ്പോൾ കത്തോലിക്കാസഭയുടെ തൃശൂർ രൂപതാദ്ധ്യക്ഷൻ മാർ ജോസഫ് കുണ്ടുകുളം, ഇരിങ്ങാലക്കുട ബിഷപ്പ് ജോസഫ് പഴയാട്ടിൽ എന്നിവർ റീത്തുകൾ സമർപ്പിച്ചു.

പത്താം മൈലിൽ എത്തിയതിനുശേഷം വിലാപയാത്ര കാൽനടയായാണ് മലേക്കുരിശിലേക്കു നീങ്ങിയത്. അഞ്ച് കിലോമീറ്റർ നടന്ന് വിലാപയാത്ര അടിവാരത്ത് എത്താൻ മൂന്നു മണിക്കൂറെടുത്തു. 3.15-ന് ദയറയിൽ എത്തിയശേഷം ഏഴ് ആചാരവെടികൾ മുഴങ്ങി. വിങ്ങിപ്പൊട്ടുന്ന ഹൃദയവുമായി നിറകണ്ണുകളോടെ വിശ്വാസികൾ മലേക്കുരിശിലും പരിസരത്തും തിങ്ങിനിറഞ്ഞിരുന്നു. ബാവയുടെ ഭൗതികശരീരം ഒരുനോക്ക് കാണാൻ വിശ്വാസികൾ പോലീസ് ഒരുക്കിയ ക്രമീകരണങ്ങൾ എല്ലാം തകർത്ത് മുന്നോട്ടു നീങ്ങി. ദയറയുടെ മുന്നിൽ പൊതുദർശനത്തിനുവച്ച ഭൗതികശരീരത്തിൽ ചുംബിച്ച് ആയിരങ്ങൾ നീങ്ങി.

ധൂപപ്രാർത്ഥനയ്ക്കുശേഷം വിശുദ്ധ വേദപുസ്തകവായന നടത്തി. തുടർന്ന് വിടവാങ്ങൽ ചടങ്ങുകൾ നടന്നു. വിശുദ്ധ ബാവയുടെ ഭൗതികശരീരം

ബിസിനസ് ദീപിക
ദീപിക

ശ്രേഷ്ഠ കാതോലിക്കാബാവ കാലംചെയ്തു



തങ്കപ്പെട്ട ബാവ

ഇന്നു മുന്നിനു മലേക്കുരിശ് ദയറായിൽ കബാടക്കം

ആശുപത്രിയിൽ എത്തും മുമ്പേ അന്ത്യം

മുവാറ്റുപുഴയിൽനിന്നു വിലാപയാത്ര

സഭയിൽ നാലിപതു ദിവസം മുഖാപാണം

മണർകാട് തിരുനാൾ ആർഭാടമില്ലാതെ

മലങ്കര സ്കൂളുകൾക്ക് ഇന്ന് അവധി

അന്ത്യവിശ്രമസ്ഥാനം സ്വയം കണ്ടെത്തി

പേജ് 2 പേജിൽ

- വലിയ പള്ളിയിൽ വിണ്ടെടുത്തവരുടെ
- സഭാപ്രതിനിധി ജീവനൊടുക്കി
- ഖബറടക്കത്തിന് ഒരുക്കം
- പ്രതിഷേധവും പൊട്ടിത്തെറിയും

പേജ് എട്ടിൽ

- ചിത്രവും വീഡിയോയും കാണാം



സുഖ്റാമിന് വരാൻ തിടുക്കം: വക്കീൽ

മദറിനു വീണ്ടും നെഞ്ചുവേദന

പേജ് 7

ഉറാക്കിസേന പിന്മാറുന്നു

ബി.ജെ.പിയുമായി സഖ്യമില്ല: നിതീഷ്കുമാർ

കേന്ദ്രസർക്കാർ ദുർബലം: ചന്ദ്രശേഖർ



ശ്രേഷ്ഠ കാതോലിക്കാബാവയുടെ മൃതദേഹം വഹിച്ചുകൊണ്ടുള്ള വാഹനം കോലഞ്ചേരി സെന്റ് പീറ്റേഴ്സ് പള്ളിയിൽനിന്നു പുറപ്പെടുമ്പോൾ

'പിതാവേ, സ്നേഹതീരത്തു വീണ്ടും കാണാം'

ഡി.ബാബു പോൾ, ബാറിത്തോബ്രിറോ

കണക്കാലിലെത്താത്ത പൈജാമ (കാൽക്കുപ്പായമെന്ന് അന്നത്തെ സുഹൃത്തുക്കൾ ശേഷം) ഉടുത്തതും ഒന്നോ രണ്ടോ തുന്നൽ ഉള്ളതുമായ കമ്മീസ്. തലയിൽ തൊപ്പി. കഷ്ടത്തിൽ കാലിടർന്നാൽ കാലിൽ വള്ളിച്ചെരുപ്പ്. "ഇതാണ് കണ്ടനാടിന്റെ നിയുക്ത മെത്രാൻ എം. പി.ജെ.പൗലോസെന്നു"

കോട്ടയം തിരുനക്കര മൈതാനത്തിനടുത്തുവച്ച് എന്റെ പിതാവ് എന്നോടു പറഞ്ഞപ്പോൾ 'സ്റ്റൈലിപോര' എന്നാണ് അന്നത്തെ ഈ പത്തുവയസുകാരനു തോന്നിയത്. ഇന്നു ഞാൻ അറിയുന്നു, ആ മഹാത്മാവിന്റെ ധന്യജീവിതം.

എഴുപതുകളിലാണ് ശ്രേഷ്ഠ കാതോലിക്കാ ബാവയുമായി അടുത്തിടപഴകാൻ എനിക്ക് ആദ്യം സന്ദർഭം ലഭിച്ചത്. ലാളിത്യമായിരുന്നു ആ വ്യക്തിത്വത്തിന്റെ മുഖമുദ്ര. കാതോലിക്കാസ്ഥാനത്തിന്റെ പ്രൗഢി വിളിച്ചോതുന്ന പ്രതൃകവിധാനങ്ങൾ അദ്ദേഹം ശുഷ്കമെങ്കിൽ അണിയാൻ ബാവ ഇഷ്ടപ്പെട്ടിരുന്നില്ല. ഈ കാര്യത്തിൽ തിരുവിതാംകൂർ മഹാരാജാവായിരുന്ന ശ്രീചിത്തിര തിരുനാളിനെ അനുസ്മരിപ്പിച്ചിരുന്നു ശ്രേഷ്ഠബാവ.

ബാവയുടെ വ്യക്തിത്വത്തെക്കുറിച്ച് ഒട്ടേറെ പറയാനുണ്ട്. ലാളിത്യത്തെക്കുറിച്ച് സൂചിപ്പിച്ചുകഴിഞ്ഞു. അതു ഭാരതീയ പാരമ്പര്യത്തിന്റെയും ക്രൈസ്തവ പാരമ്പര്യത്തിന്റെയും സംഗമഭൂമിയുമാണല്ലോ. ലളിതമായി ജീവിക്കുകയും ജീവിതത്തെ സങ്കീർണമാകാതെ സൂക്ഷിക്കുകയും ചെയ്ത അപ്പസ്തവ്യനായിരുന്നു ബസേലിയോസ് പൗലോസ് ബാവ.

രണ്ടാമതായി എടുത്തു പറയേണ്ടത് ആ മഹാന്റെ പാണ്ഡിത്യത്തെക്കുറിച്ചാണ്. ഇതിനു രണ്ടു മുഖങ്ങളുണ്ടായിരുന്നു. ഷെയ്ക്സ്പിയറെയും കാളിദാസനെയും ഉദ്ധരിക്കാനും ബൈബിളും ഗീതയും ഒരുപോലെ പഠിപ്പിക്കാനും സാധിച്ചിരുന്ന മുഖം. മറ്റേത് കർത്താവിന്റെ ഭാഷ മാതൃഭാഷപോലെ കൈകാര്യം ചെയ്യാനുള്ള കഴിവ്.

ബാവയുടെ ലാളിത്യവും അതുകൊണ്ട് ഒളിപ്പിച്ച പാണ്ഡിത്യവും അവിടത്തെ ആധ്യാത്മികതയുടെ മാറ്റ് തെല്ലും കുറച്ചില്ല. നോമ്പും നമസ്കാരവും സന്ന്യാസിയുടെ ആയുധങ്ങളാണെന്നു ബാവ അറിഞ്ഞു.

സമാധാനം അറിയാത്തതായിരുന്നു ബാവയുടെ ജീവിതത്തിലെ കാൽനൂറ്റാണ്ട്. 1958 മുതൽ 1964 വരെയും 1975 മുതൽ മരണം വരെയും. ഈ കുടിൽ ബാവയ്ക്ക് വേണ്ടെങ്കിൽ ഒഴിവാക്കാമായിരുന്നു. എന്നാൽ ബാവയുടെ സമാശ്വാസം അതിന് അനുവദിച്ചില്ല. 1958 – 64 കാലത്തെ ബാവയുടെ നിലപാടിനോടു ഒ. ഇതിപ്പിലാത്ത ആൾ ആണ് ഇതു എഴുതുന്നത്. എന്നാൽ ബാവയ്ക്ക് ന്യായം ഉണ്ടായിരുന്നു പറയാൻ. ബാവാ അന്ന് സ്വയം "വഴിയാധാര"മാവാൻ നിന്നുകൊടുത്തില്ലായിരുന്നെങ്കിൽ ജനം – കുറെയെങ്കിലും – സഭ വിടുമായിരുന്നു. തന്റെ ആടുകൾക്കു വേണ്ടി ജീവനെ കൊടുക്കുന്നതിനെക്കാൾ വലിയ എന്തു സ്നേഹമാണ് ഒരു ഇടയന് കാണിക്കാൻ കഴിയുക?

ആ ഘട്ടം '64-ൽ തീർന്നെങ്കിൽ പുതിയൊരേടം '75-ൽ തുടങ്ങി. അവിടെ ബാവ ഏറ്റുവാങ്ങിയത് പരിത്തത്തിന്റെ നിയോഗമായിരുന്നു. 21 സംവത്സരങ്ങൾ കൊണ്ട് ഒരു സഭ പുനർനിർമിക്കാൻ ആ തപോധനന് കഴിഞ്ഞു എന്നുമില്ലാതെ തുടങ്ങി എല്ലാം ഉള്ള അവസ്ഥയിൽ എത്തിച്ചു. സെമിനാരി, കോളജുകൾ, മറ്റു സ്ഥാപനങ്ങൾ, സമൂഹമധ്യത്തിലെ അംഗീകാരം, ക്രൈസ്തവലോകത്തിനാകമാനം ദീപസ്തംഭമാകാൻ പോരുന്ന മെത്രാപ്പോലീത്തമാർ, സുശക്തമായ സൺഡേ സ്കൂൾ പ്രസ്ഥാനം, അങ്ങനെ എത്രയെല്ലാം. ഒടുവിൽ നിയോഗത്തിന്റെ ഫലവും കണ്ടായി വിടവാങ്ങൽ. അന്ത്യോപചാരത്തിനുവേണ്ടിയെത വിട്ടു സ്വയം ശിരസ്കരിച്ചു. അവകാശപ്പെടാവുന്നതല്ല മഹത്വമെന്നു സുപരീക്ഷിതർ പറയുന്നത് കേൾക്കാൻ ദൈവം ആയുസ് നൽകി. ഇതിനെക്കാൾ വലിയ പ്രതിഫലം എന്നു വേണം! ആ വിധി വ്യക്തിപരമായി ബാവയ്ക്ക് നഷ്ടംവരുത്തി. എന്നാൽ ആ നഷ്ടം ലാഭമായി കരുതാൻ ആ വലിയ മനസിനു കഴിഞ്ഞു. അതായിരുന്നു ബസേലിയോസ് പൗലോസ് ദ്വിതീയൻ.

പിതാവേ, സമാധാനത്തോടെ പോക. ആ മനോഹരതീരത്തു വീണ്ടും കാണാം.

ദീപിക

ബാവായ്ക്കു കണ്ണീരോടെ വിട



ഹവാല: സുപ്രീം കോടതിക്ക് അതൃപ്തി

തലശേരി, പുനലൂർ പോളിംഗ് ഒക്. 11-ന്



സ്വപ്നം പുത്തുലഞ്ഞവേളയിൽ



സ്വയംഭരണ കോളജ് ആവാം: ജോസഫ്

വലിയ പദവിയിൽ വിനീത മനസോടെ



'സമൂഹത്തിനു തീരാനഷ്ടം'



പ്രസംഗവും പെരുമാറ്റവും ഹൃദ്യം



ജനനേതാക്കൾക്കു ദുഃഖം





മദ്ബഹയിലേക്കു കൊണ്ടുപോയി. നാലു ദിക്കുകളിലേക്കും ഉയർത്തി താഴ്ത്തി വിടവാങ്ങൽ ചടങ്ങ് അവസാനിച്ചു. തുടർന്ന് കബറിലേക്ക് കൊണ്ടുപോയി. അവിടെ ആറടിവീതം നീളത്തിലും വീതിയിലും എട്ടടി താഴ്ചയിലും നിർമ്മിച്ച കോൺക്രീറ്റ് കബറിനുള്ളിൽ വച്ചു. അതിനു മുമ്പായി വിശുദ്ധ തൈലം തലയിൽ ഒഴിച്ചു. അംശവടി, സ്ലീബ എന്നിവ വച്ചു. തുടർന്ന് കബറിനുള്ളിലേക്ക് ഇറക്കി സഭാവിശ്വാസികളും മറ്റും കൊണ്ടുവന്ന കുന്തിരിക്കംകൊണ്ട് മൂടി. ഇതോടെ അന്ത്യശുശ്രൂഷാചടങ്ങുകൾ അവസാനിച്ചു. വിശ്വാസികളുടെ മനസ്സിൽ ബാവ അവസാനം പറഞ്ഞ വാക്കുകൾ ഒഴുകിയെത്തി: 'ഞാൻ എങ്ങോട്ടും പോകില്ല മക്കളെ... നിങ്ങളോടൊപ്പം ഞാൻ എന്നും ഉണ്ടാവും.'

ഇന്നലെ രാവിലെ കാതോലിക്കബാവയുടെ മൃതദേഹത്തിൽ മംഗളത്തിനുവേണ്ടി മാനേജിംഗ് എഡിറ്റർ സാബു വർഗീസ് അന്തിമോപചാരമർപ്പിച്ചു. മത-സാമൂഹികരംഗത്തെ അതികായർ ഇതേത്തുടർന്ന് ബാവയ്ക്ക് അന്ത്യോപചാരമർപ്പിച്ചു. സംസ്ഥാന മുഖ്യമന്ത്രിക്കുവേണ്ടി ഡോ. ഡി.ബാബുപോളും ജില്ലാ കലക്ടർ വി.പി.ജോയിയും മന്ത്രി പി.ജെ. ജോസഫിനുവേണ്ടി എ.ഡി.എം. കെ.ആർ.വിശ്വംഭരനും റീത്തു സമർപ്പിച്ചു.

ചങ്ങനാശേരി ബിഷപ്പ് മാർ ജോസഫ് പൗവത്തിൽ, കോതമംഗലം രൂപതാ മെത്രാന്മാർ ജോസഫ് പുന്നക്കോട്ടിൽ, തിരുവനന്തപുരം ആർച്ച്ബിഷപ്പ് സിറിൾ മാർ ബസേലിയോസിന്റെ പ്രതിനിധി തിരുവല്ല ബിഷപ്പ് ഗീവർഗീസ് മാർ തിമോത്തിയോസ്, കൽദായസഭാ മെത്രാപ്പോലീത്ത ഡോ.മാർ അപ്രേം, മഹാത്മാഗാന്ധി സർവകലാശാല വൈസ് ചാൻസലർ ഡോ.വി.എൻ. രാജശേഖരപിള്ള, മുൻ മന്ത്രിമാരായ കെ.എം.മാണി, ടി.എച്ച്.മുസ്തഫ, ടി.എം.ജേക്കബ്, എം.പി.മാരായ പി.സി.തോമസ്, പി.സി.ചാക്കോ, എം.എൽ.എ.മാരായ വി.ജെ.പൗലോസ്, ജോണി നെല്ലൂർ തുടങ്ങിയ ജനപ്രതിനിധികളും അന്ത്യോപചാരമർപ്പിക്കാനെത്തിച്ചേർന്നിരുന്നു.

'ദീപിക' 1996 സെപ്റ്റംബർ 3 ചൊവ്വ

ബാവയ്ക്കു കണ്ണീരോടെ വിട

കൊച്ചി: പ്രാർഥനാമന്ത്രങ്ങളും കണ്ണീർക്കണങ്ങളുമായി പതിനായിരങ്ങളായ വിശ്വാസികൾ തങ്ങളുടെ ഇടയന് യാത്രാമൊഴി നേർന്നു. ഞായറാഴ്ച കാലംചെയ്ത മലങ്കര യാക്കോബായ സുറിയാനിസഭയുടെ പരമാധ്യക്ഷൻ ശ്രേഷ്ഠ കാതോലിക്കബാവ മോർ ബസേലിയോസ് പൗലോസ് ദ്വിതീയന്റെ ഭൗതിക ശരീരം കോലഞ്ചേരിക്കു സമീപമുള്ള മലേക്കുരിശ് ദയറയിൽ കബറടക്കി.

നാടിന്റെ നാനാദിക്കുകളിൽനിന്നും പ്രത്യേക വാഹനങ്ങളിലും കാൽനടയായും എത്തിച്ചേർന്ന അജഗണങ്ങൾ ഇടയന് പ്രാർഥനാനിർഭരമായ യാത്രാമൊഴി ചൊല്ലി: സംസ്കാരശുശ്രൂഷയുടെ അവസാന ഭാഗമായ യാത്രചോദിക്കൽ ചടങ്ങുകളാരംഭിച്ചപ്പോഴേക്കും മെത്രാപ്പോലീത്തമാരും കോർ എപ്പിസ്കോപ്പമാരും വൈദികരുമടക്കമുള്ളവരുടെ സർവനിയന്ത്രണവും നഷ്ടപ്പെട്ടു. അടക്കിപ്പിടിച്ച തേങ്ങലുകൾ പൊട്ടിക്കരച്ചിലായി മാറി.

കാലംചെയ്ത ബാവയ്ക്ക് ആദരാഞ്ജലികൾ അർപ്പിക്കാൻ സഭയിലെ ഒട്ടുമിക്ക മേലധ്യക്ഷന്മാരും എത്തിയിരുന്നു. ഇക്കഴിഞ്ഞ മെയ് 17-ന് ബാവതന്നെ എഴുതി ഒപ്പുവച്ച വിൽപ്പത്രപ്രകാരമാണ് അന്ത്യവിശ്രമസ്ഥാനമായി മലേക്കുരിശ് ദയറ തെരഞ്ഞെടുത്തത്. പരുമല തിരുമേനിയുടെ തിരുശേഷിപ്പ് അടക്കംചെയ്ത കബറിനോടു തൊട്ടുചേർന്നാണ് കാതോലിക്ക ബാവയുടെയും അന്ത്യവിശ്രമം.

മുവാറ്റുപുഴ കാതോലിക്കേറ്റ് അരമനയിൽനിന്ന് മുല്ലപ്പൂക്കൾകൊണ്ടലങ്കരിച്ച പ്രത്യേക വാഹനത്തിൽ വിലാപയാത്രയായി എത്തിയ ഭൗതികശരീരം കണ്ട് അന്ത്യാഞ്ജലി അർപ്പിക്കാൻ വഴിനീളെ ജനസഹസ്രങ്ങൾ കാത്തുനിന്നിരുന്നു. അംശവസ്ത്രങ്ങളണിയിച്ച്,

കസേരയിലിരുത്തിയ കാതോലിക്കബാവയുടെ ഭൗതികശരീരം താൻ ദീർഘകാലം ആസ്ഥാനമാക്കിയ മൂവാറ്റുപുഴ കാതോലിക്കേറ്റ് അരമനയോട് വിടചൊല്ലിയപ്പോഴും വൈദികമേലധ്യക്ഷന്മാർ ഉൾപ്പെടെയുള്ളവർ വിങ്ങിപ്പൊട്ടി. പിന്നീട് ശരീരം അലങ്കരിച്ച വാഹനത്തിലേക്കു മാറ്റി നഗരി കാണിക്കൽശുശ്രൂഷ ആരംഭിച്ചു. നഗരികാണിക്കൽ ശുശ്രൂഷയുടെ സമാപനത്തോടെ തുടങ്ങിയ വിലാപ യാത്രയ്ക്ക് കോട്ടയം ഭദ്രാസനാധിപൻ ഡോ.ഗീവർഗീസ് മോർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്ത നേതൃത്വം നല്കി.

വിലാപയാത്ര കടന്നുവന്ന വഴികൾ മുഴുവൻ ജനമഹാസമുദ്രമായി മാറി. കറുത്ത ബാഡ്ജുകൾ ധരിച്ച് ബാവയുടെ ഛായാചിത്രം നെഞ്ചിൽ ചേർത്തുപിടിച്ച് കൈക്കുഞ്ഞുങ്ങളുമായി അമ്മമാരും ഊന്നുവടികളുടെ സഹായത്തോടെ പ്രായംചെന്നവരും വിലാപയാത്രയെ അനുഗമിച്ചു.

കടാതി സെൻറ് പീറ്റേഴ്സ്, സെൻറ് പോൾസ്പള്ളി, അമ്പലംപടി കുരിശുപള്ളി, മേക്കടമ്പ്, കടമറ്റം സെൻറ് ജോർജ്, കോലഞ്ചേരി സെൻറ് പീറ്റേഴ്സ് ചാപ്പൽ, പുതുപ്പനം കപ്പേള എന്നിവിടങ്ങളിൽ തടിച്ചുകൂടിയ ഭക്തജനങ്ങൾ വൈദികർ ചൊല്ലിക്കൊടുത്ത ലുത്തിനിയ ഏറ്റുചൊല്ലി.

വിലാപയാത്ര ചൂണ്ടിയിലെത്തിയപ്പോഴേക്കും ഭക്തജനപ്രവാഹംമൂലം വാഹനഗതാഗതവും തടസപ്പെട്ടു. ബാവയെ കബറടക്കുന്ന മലേക്കുരിശു ദയറായിൽ ഭക്ഷണംപോലും ഒഴിവാക്കി രാവിലെ മുതൽ ഭക്തജനങ്ങൾ പ്രാർഥനകളുമായി കാത്തിരുന്നു.

സംസ്ഥാന പോലീസ് ബാൻഡിൻറെ വിലാപ ഗീതത്തിൻറെ അകമ്പടിയോടെ വൈദികർ അനുധാവനംചെയ്ത് ഭൗതികശരീരം ദയറായുടെ മുൻവശത്തു തയ്യാറാക്കിയ പന്തലിലെത്തിയപ്പോഴും തങ്ങളുടെ പ്രിയപ്പെട്ട ഇടയനെ ഒരുനോക്കു കാണാൻ ജനങ്ങൾ തിക്കിത്തിരക്കി.

വൈദികർ ഭൗതികശരീരം ആനയിച്ച് ദയറായുടെ മുന്നിലുള്ള പന്തലിൽ ഇരുത്തിയതോടെ സംസ്കാര ശുശ്രൂഷകളുടെ അവസാനഘട്ടങ്ങളായി. പ്രാർഥനയ്ക്ക് തോമസ് മോർ ദിവന്നാസിയോസ് മെത്രാപ്പോലീത്ത നേതൃത്വം നല്കി.

കോർ എപ്പിസ്കോപ്പമാരും വൈദികരും ആലപിച്ച ഗാനങ്ങളുടെ ഇടയിൽ സംസ്ഥാന മുഖ്യമന്ത്രിക്കുവേണ്ടി അഡീഷണൽ ചീഫ് സെക്രട്ടറി ഡോ. ഡി.ബാബുപോളും ജില്ലാകളക്ടർ വി.പി.ജോയിയും വിദ്യാഭ്യാസമന്ത്രി പി.ജെ.ജോസഫിനുവേണ്ടി എ.ഡി.എം. കെ.ആർ.വിശ്വംഭരനും റീത്തുകൾ സമർപ്പിച്ചു.

തുടർന്ന് കിഴക്കിൻറെ വലിയ മെത്രാപ്പോലീത്ത ഏബ്രഹാം മോർ ക്ലിമ്മീസ് കാലംചെയ്ത ബാവയെ അനുസ്മരിച്ചു പ്രസംഗിച്ചു. ചങ്ങനാശേരി ആർച്ചുബിഷപ്പ് മാർ ജോസഫ് പവ്വത്തിൽ, കോതമംഗലം ബിഷപ്പ് മാർ ജോർജ് പുന്നക്കോട്ടിൽ, തിരുവല്ല ബിഷപ്പ് ഗീവർഗീസ് മാർ തിമോത്തിയോസ്, തോമസ് മോർ ദിവന്നാസിയോസ് മെത്രാപ്പോലീത്ത, കല്ദായ ബിഷപ്പ് ഡോ. അപ്രേം തുടങ്ങിയവരും ബാവയെ അനുസ്മരിച്ചു.

ചങ്ങനാശേരി ആർച്ചുബിഷപ്പ് മാർ ജോസഫ് പവ്വത്തിലും കോതമംഗലം ബിഷപ്പ് മാർ ജോർജ് പുന്നക്കോട്ടിലും ചേർന്ന് ഒപ്പീസ് ചൊല്ലി. കോട്ടയം ബിഷപ്പ് മാർ കുര്യാക്കോസ് കുന്നശേരി മൂവാറ്റുപുഴ അരമനയിൽ ഒപ്പീസ് ചൊല്ലി പ്രാർഥിച്ചിരുന്നു.

കത്തോലിക്കാ രൂപതാധ്യക്ഷന്മാരുടെ ഒപ്പീസ് കഴിഞ്ഞതോടെ ഏബ്രഹാം മോർ ക്ലിമ്മീസ് മെത്രാപ്പോലീത്തയുടെ നേതൃത്വത്തിൽ സംസ്കാരശുശ്രൂഷകളുടെ അവസാനഘട്ടമായി.

തുടർന്ന് ദയറ മദ്ബഹയിലേക്ക് എടുക്കപ്പെട്ട ഭൗതികശരീരം നാലു ദിക്കുകളിലേക്കും മൂന്നു പ്രാവശ്യം വീതം ഉയർത്തി ദേവാലയത്തോടും അജഗണങ്ങളോടും നഗരത്തോടും ഗ്രാമത്തോടും വിടചൊല്ലി വൈദികർ ഭൗതികശരീരം മുൻവശത്തെ വാതിലിലൂടെ കബറിലേക്ക് എടുത്തതോടെ ദുഃഖമടക്കാനാവാതെ മെത്രാപ്പോലീത്തമാരുൾപ്പെടെ പതിനായിരങ്ങളുടെ കണ്ഠങ്ങൾ ഗദ്ഗദങ്ങളായി, കണ്ണുകളിൽനിന്ന് ചാലുകൾ ഒഴുകി.

കബറിലിരുത്തിയ ഭൗതികശരീരം വിവിധ ഇടവകകളിൽനിന്നു കൊണ്ടുവന്ന കുന്തിരിക്ക മടക്കമുള്ള സുഗന്ധദ്രവ്യങ്ങൾകൊണ്ട് മൂടി. മെത്രാപ്പോലീത്തമാരായ ഗീവർഗീസ് മോർ ഗ്രിഗോറിയോസ്, തോമസ് മോർ അത്തനാസിയോസ്, തോമസ് മോർ തിമോത്തിയോസ്, യൂഹാനോൻ മോർ മിലിത്തിയോസ്, ജോസഫ് മോർ ഗ്രിഗോറിയോസ്, യൂഹാനോൻ മോർ പീലക്സിനോസ്, തോമസ് മോർ ഒസ്താത്തിയോസ്, ബന്യാമിൻ മോർ ഒസ്താത്തിയോസ് തുടങ്ങിയവർ ചടങ്ങുകളിൽ കാർമികരായിരുന്നു.

ദീപികയ്ക്കുവേണ്ടി എക്സിക്യൂട്ടീവ് എഡിറ്റർ എൻ.എസ്.ജോർജ് റീത്തു സമർപ്പിച്ചു.

അന്ത്യാഞ്ജലിക്കു പതിനായിരങ്ങൾ

കൊച്ചി: ഈറനണിഞ്ഞ മിഴികളോടെ ചുണ്ടിൽ പ്രാർഥനാമന്ത്രവുമായി പതിനായിരക്കണക്കിന് വിശ്വാസികൾ മലേക്കുരിശിലെത്തി. തങ്ങളുടെ പ്രിയപ്പെട്ട ശ്രേഷ്ഠ ഇടയന്റെ ഭൗതികശരീരം അവസാനമായി ഒരുനോക്കു കാണാനും അന്ത്യോപചാരമർപ്പിക്കാനും.

മലേക്കുരിശെന്ന പുണ്യംചെയ്ത മൊട്ടക്കുന്നിൽ എത്തിയവരിൽ കൈക്കുഞ്ഞുങ്ങളുമായി അമ്മമാരും കൊച്ചുകുട്ടികളും പ്രായാധിക്യത്താൽ കഷ്ടപ്പെടുന്നവരും ഉൾപ്പെട്ടിരുന്നു. മലങ്കര യാക്കോബായ സുറിയാനിസഭയ്ക്ക് ശ്രേഷ്ഠ കാതോലിക്കബാവയോടുണ്ടായിരുന്ന സ്നേഹവും ആദരവും ഭക്തിയും വിളിച്ചോതുന്നതായിരുന്നു കബറടക്കശുശ്രൂഷകൾ. ശുശ്രൂഷാസമയത്ത് ബാവയുടെ മൃതശരീരം മലേക്കുരിശ് പള്ളിയുടെ മുൻഭാഗത്ത് പ്രത്യേകം തയ്യാറാക്കിയ പീഠത്തിൽ പ്രദർശിപ്പിച്ചു.

നാടിന്റെ നാനാഭാഗത്തുനിന്നും ഉച്ചയോടെ വിശ്വാസികൾ മലേക്കുരിശിലേക്ക് ഒഴുകുകയായിരുന്നു. ഞായറാഴ്ച ഉച്ചയ്ക്ക് കോലഞ്ചേരി സെൻറ് പീറ്റേഴ്സ് ദേവലായത്തിൽ തുടങ്ങിയ വിശ്വാസികളുടെ അന്ത്യോപചാരമർപ്പിക്കൽ ഇന്നലെ വൈകുന്നേരം അഞ്ചുമണിവരെ നീണ്ടു.

അഞ്ചു സ്ഥലങ്ങളിലായിട്ടായിരുന്നു എട്ട് കൊഹ്നെത്തോ-കബറടക്കശുശ്രൂഷകൾ നടന്നത്. ബാവ കാലംചെയ്ത സ്ഥലമായ കോലഞ്ചേരിയിൽ ആദ്യത്തെ രണ്ടു ശുശ്രൂഷകൾ നടന്നു. പിന്നീട് രണ്ടു ശുശ്രൂഷകൾ ബാവയുടെ അവസാനകാല വാസസ്ഥലമായിരുന്ന പിറമാടം ദയറയിലാണ് നടന്നത്. പിന്നീട് ഭദ്രാസനാസ്ഥാനമായ മൂവാറ്റുപുഴ കാതോലിക്കേറ്റ് അരമനയിൽ രണ്ടു ശുശ്രൂഷകൾ നടന്നു. അവസാനത്തെ രണ്ടു ശുശ്രൂഷകളാണ് ഇന്നലെ ഉച്ചകഴിഞ്ഞ് മൂന്നരമുതൽ മലേക്കുരിശ് ദൈവാലയത്തിൽ നടന്നത്.

മലങ്കര യാക്കോബായ സുറിയാനിസഭയുടെ വിവിധ ഭദ്രാസനങ്ങളുടെ കീഴിലുള്ള പള്ളികളിൽനിന്നും വിശ്വാസികൾ കബറടക്കചടങ്ങിൽ പങ്കെടുത്തു. മലേക്കുരിശിന് സമീപത്തുള്ള പള്ളികളിൽനിന്നും കൂടയും കുരിശുമേന്തിയ വിലാപയാത്രകൾ പത്താം മൈലിലെത്തി, മൂവാറ്റുപുഴയിൽനിന്നും രാവിലെ പത്തരയ്ക്കു പുറപ്പെട്ട പ്രധാന വിലാപയാത്രയോടു ചേർന്നു.

ദേഹാസ്വാസ്ഥ്യംമൂലം നേരിട്ടെത്തി അനുശോചന മറിയിക്കാൻ കഴിയാഞ്ഞ തിരുവനന്തപുരം ആർച്ചു ബിഷപ്പ് സിറിൾ മാർ ബസേലിയോസ് അനുശോചന സന്ദേശം അയയ്ക്കുകയും തിരുവല്ല ബിഷപ് ഗീവർഗീസ് മാർ തിമോത്തിയോസിനെ പ്രതിനിധിയായി അയയ്ക്കുകയുംചെയ്തു.

ബാവയുടെ അന്ത്യമണിക്കൂർ മുതൽ കൂടെയുണ്ടായിരുന്ന മുൻമന്ത്രി ടി.എം.ജേക്കബ് എം.എൽ.എ. കബറടക്ക ശുശ്രൂഷകളുടെ അവസാനംവരെ പങ്കെടുത്തു. മുൻമന്ത്രി കെ.എം.മാണി എം.എൽ.എ. മലേക്കുരിശിലെത്തി ബാവയ്ക്ക് അന്ത്യോപചാരം അർപ്പിക്കുകയും അനുശോചനയോഗത്തിൽ പങ്കെടുക്കുകയുംചെയ്തു.

എം.പി.മാരായ പി.സി.തോമസ്, പി.സി.ചാക്കോ, എം.എൽ.എ.മാരായ ഉമ്മൻചാണ്ടി, ജോണി നെല്ലൂർ, വി.ജെ.പൗലോസ് എന്നിവർ മലേക്കുരിശിലെത്തി അന്ത്യോപചാരം അർപ്പിച്ചു.

മുൻമന്ത്രി ടി.എച്ച്.മുസ്തഫ, സഭാ മാനേജിംഗ് കമ്മിറ്റി അംഗം ഡി.ബാബുപോൾ, പി.എസ്.സി. അംഗം ഡോ.എം.സി.ജോർജ്, ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് പി.കെ.ഇബ്രാഹിംകുട്ടി, എം.ജി.യൂണിവേഴ്സിറ്റി വൈസ് ചാൻസലർ ഡോ.വി.എൻ.രാജശേഖരൻപിള്ള തുടങ്ങി ഒട്ടേറെ പ്രമുഖർ കബറടക്കചടങ്ങിൽ പങ്കെടുത്തു.

വിശ്വാസികൾക്ക് കബറടക്കശുശ്രൂഷകൾ കാണുന്നതിന് ഷോർട്ട് സർക്യൂട്ട് ടെലിവിഷൻ സൗകര്യം ഏർപ്പെടുത്തിയിരുന്നു. ചുണ്ടിയിലും സമീപപ്രദേശങ്ങളിലും ചടങ്ങു കാണുന്നതിന് കേബിൾവഴി ടെലിവിഷൻ സംപ്രേഷണംചെയ്തിരുന്നു.

അന്ത്യോഖ്യായിലെ പാത്രിയർക്കീസ്ബാവയുടെ പ്രതിനിധിയായി ആലപ്പോയിലെ ആർച്ചുബിഷപ്പ് ഇബ്രാഹിം മോർ ഗ്രിഗോറിയോസ് നാളെ മലേക്കുരിശ് ദയറയിൽ കുർബാന അർപ്പിക്കും. രാവിലെ എട്ടരയ്ക്കാണ് കുർബാന. നാളെ ഉച്ചകഴിഞ്ഞ് രണ്ടിന് മണർകാട്പള്ളിയിൽ ചേരുന്ന അനുശോചനയോഗത്തിനുശേഷം സഭയുടെ വർക്കിംഗ് കമ്മിറ്റി യോഗം ചേരും.

The Indian Express

INDIA'S ONLY NATIONAL NEWSPAPER

PUBLISHED FROM AHMEDABAD BANGALORE BOMBAY CHANDIGARH COIMBATORE HYDERABAD KOCHI KOZHIKODE MADURAI PATNA SAMBALPUR VIJAYAWADA

KOCHI MONDAY SEPTEMBER 2 1996

18 PAGES Rs 2.25

INSIDE

STATE
Anti-CPM, BJP wrappers worry Kerala Congress
Interior Economy 4

NATION
Gain in minimum's long delivery flight 6

EDITORIAL
Hidden diplomacy
Under fire 10

WORLD
Prince Charles wants Camilla as his Queen 13

BUSINESS
Inflation to go up to 6.5 per cent 15

SPORTS
Chasing bumpies
Bowlers's upper hit 18



The funeral remains of Catholicos Baselios Mar Paulose II lied for public homage at Catholicate Road, Moolattupuzha, on Sunday

Catholicos Paulose II passes away

EXPRESS NEWS SERVICE

KOCHI: Sept 1: Catholicos Baselios Mar Paulose II, supreme head of the Malankara Jacobite Syrian Christian Church, a Padmabhooshan awardee, died in a private hospital in Kottayam this morning. He was 85.

He was ill.

He was admitted to the hospital around 10.30 am following chest pain and his end came soon after.

His body was kept for public homage at Kottayam, Pazhaya Semenary and Moolattupuzha.

The funeral procession would start from the Catholicate Major at Moolattupuzha at 10 am tomorrow.

The funeral would take place at Mulavattupuzha Dayara near Kothamangalam.

All the businessmen under the association of Kothamangalam Bank in 1974, he received presidential at the age of 29 and became a bishop in 1970.

He was made the head of Kandanad Diocese a year later and remained in the position for a long time.

He became the supreme head of the Malankara Jacobite Syrian Orthodox Church in 1975.

He had won several honours and titles.

Our Kothamangalam correspondent adds: All the churches and institutions in and around Kothamangalam hoisted black flags as a mark of tribute to the departed Catholicos who was also Chairman of the Mar Athanasius College of Kothamangalam.

At a message Mar Thoma Mathew II recalled the services of Baselios Paulose II, and urged the church members to conduct a prayer for the departed soul.

Mehta parades 'deserters'

UNITED NEWS OF INDIA

AHMEDABAD: Sept 1:

EIGHTEEN BJP legislators, who had sacked deputy chief minister Suresh Mehta and joined the camp of expelled BJP leader Shankarsinh Vaghela, were paraded the legislative camp set by Chief Minister Suresh Mehta here today to prove his majority in the Assembly.

The confidence motion moved by BJP national general secretary Pramod Mahajan was won BJP chief Vaghela 9 May.

Later, they had learnt such the confidence motion was moved Janata struggling with them and recovering any speeches from them.

Several legislators indicated that they would vote in favour of the confidence motion to be moved by Suresh Mehta today. Leader of Opposition Dolatsinh Parmar and Manubhai Vasava said that they had received communication along with other MLAs of Vaghela's camp regarding voting.

So they immediately changed their mind and replied the other communication including support to the leadership of Mehta. Other legislators Gevan Parmar and Mohanbhai Patel said that they would remain loyal to the BJP. When asked whether they abandoned the camp of expelled BJP leader Shankarsinh Vaghela, they replied in negative.

Legislators like Dilipsinh Parmar, Balaji Thakore and K C Patel said that while the political situation was interesting their duty was to remain loyal to the party. Leader of state assembly Keshubhai Patel who advised them to remain loyal to the party, BJP.

All these legislators had left-out supported Vaghela when he had joined a faction of revolt against the then Chief Minister Keshubhai Patel in September last year and had gone to Khajuraho in Madhya Pradesh with Vaghela.

When asked why suddenly they shifted their loyalty from Vaghela to the Chief Minister, some of them said that earlier they were being "threatened" by Vaghela camp and therefore they had gone to Khajuraho. But after the Khajuraho incident, as they feared Mehta because of opposition and their party was now normal, they said. This was a healthy development for the legislature, they added.

Gevan Parmar said that he had received many calls and telegrams from the Vaghela camp for opposing their camp but to Party loyalist.

Meanwhile, Pradesh Morcha today said that all CBI party legislators had been issued a whip by Suresh Mehta and chief whip Kanubhai Patel asking them (legislators) to attend the assembly session on Tuesday and cast their votes in favour of the confidence motion.

Mahajan said there, who only the whip will invite disqualification. He alleged that there was party mood completely at the national level to destabilise BJP governments in different States and the exercise at Gujarat was a part of it.

He said that this was evident from the fact that leader of the Janata Dal BJP group Dilip Parikh was given a ministerial berth in Prime Minister H D Deve Gowda's cabinet and Janata Dal President Sharad Yadava. He alleged that the Centre was playing "mean duty tricks" on the Gujarat issue and hoped "we will prove our majority on the floor of the Assembly on Tuesday," he added.

Iraq to withdraw forces

BAGHDAD, Sept 1, (AFP): Reeling a large-scale offensive in northern Iraq less than a month after pronounced by US and Iranian, Saddam Hussein has repeatedly pledged to withdraw his forces to their pre-crisis positions.

In its biggest intervention in five years, Iraq sent tanks, troops and helicopter gunships in support Arbil, the main Kurdish city in the north.

Iraq said it marched the attack because the Patriotic Union of Kurdistan had been supporting the west Iraq's main enemy Iran. The rival Kurdistan Democratic Party (KDP) accepted the invasion, the Iraqi-led Iraqi news agency said.

Heavy shelling again: Meanwhile, the PUK held sway of Sulaymaniyah in the northern Iraq region under heavy shelling again today, a day after PUK forces were driven out of Arbil by Iraqi troops and local Kurdish guerrilla (KDP) militiamen.

Administration is controlled by PUK led by JALAT TALABANI.

The US official also confirmed the violent relationship of the two rival Kurdish groups, the PUK and KDP backed by Iraqi troops.

US forces told to be on high alert: President Bill Clinton ordered US forces in the Persian Gulf to be placed on high alert today in response to the Iraqi attacks.

The double prompted pronouncements across by the US forces and its friends Turkey to intervene.

Clinton, on his campaign trail, expressed grave concern but said it was too early to talk about any possible US or allied response.

He said he had ordered the US Gulf forces on high alert, and "they are now being reinforced".

He Pentagon said it had received no instructions to send additional troops to the area.

(Turn to page 11, col 2)

Govt to introduce Bill for abolishing Revenue Board

EXPRESS NEWS SERVICE

THIRUVANANTHAPURAM, Sept 1: The State Government will introduce a bill for abolishing the Revenue Board in the Assembly session commencing tomorrow.

Chief Minister E K Nayanar, Revenue Minister K E Ismail and Leader Revenue Boards Balakrishnan will introduce the bill.

Dhanalaxmi a threefold recruitment power, is widely believed to be a well-entrenched ruler earlier in the M I G election.

After receiving Central assistance, Dhanalaxmi could not be pushed through due to lack of time. The new bill will have this change, the sources implied.

With the dissolving of the Revenue Board, no person would be handed over to Government corporations, Cooperatives and Banks. The Government is in the process of amending the rules for effective change of powers from the Board. The dismantling of the Board would result in another disposal of cases and pervasive commentary organisation, the Revenue Board.

Two vehicles for vigilance dept: The Cabinet today accorded sanction for purchasing two vehicles for the vigilance department.

Pay revision: The pay scale revision committee for the lower category departments has been accorded as Rs 425-Rs 1200 with effective change of powers from 1st March 1, 1992. The revision will get financial benefits of the revision from April 1, 1995.

Sukh Ram keen on returning

NEW DELHI: Sept 1: In a radio face, former Union Communications Minister Sukh Ram has expressed his keen to CBI that he was keen on returning to India from London "as early as possible even at the risk of his health," he told CBI in his petition for enclosed top court bench.

"The doctors concerned has advised me to avoid travelling in aeroplanes particularly for long journeys. But I am keen to return to India as early as possible even at the risk of my health," he told CBI in his petition for enclosed top court bench.

Sukh Ram's counsel Kunal Kumar Singh, told a press conference here today that he had written on a letter to the CBI saying that the former was keen to return to India as early as possible even at the risk of his health and would like to return to the country at the earliest.

Sukh Ram's lawyer said he is anxious to join CBI's this for his very much keen to come to India as early as possible even at the risk of his health. And he is also keen for getting his medical top court bench.

The CBI counsel informed the top court that it is ready to take depositions from the witnesses in the case in London. The counsel said in the affidavit that the witnesses will be examined.

Former cyber Sukh Ram was adjourned to a hospital in London on medical grounds. He made a court he would not be able to return to India till September 15. CBI counsel Gopal Subramaniam was planning to send a commission to the Indian High Court in London to record the statements of the witnesses. The commissioned formal notice to make himself available for the proceedings on September 11.

Sukh Ram's son Sharma, a minister in the Himachal Pradesh Government, Anil Sharma's son, has been asked to appear before CBI statement for a second consecutive day today.

The CBI counsel said there was a possibility of summoning the wife, family members of the former minister. The counsel today said that the new CBI case against to inform the agency that his plans were not abandoning or evading arrest. ■(T)

Kurien gets an extension

NEW DELHI, Sept 1: Chairman of the National Dairy Development Boards Dr Verghese Kurien, popularly known as father of the white revolution in India and prominent in the "milk case" by the Bihar has been granted a one-year extension, official sources said here today.

Along with the extension to Dr Kurien, the Government also removed from the NDDB Board and reappointed Amrish Mohanbhai Patel, Dairying Secretary in the Agriculture ministry, as a director on the board.

According to the notification issued for the purpose, among others nominated as directors on the board is Bombay State Purchasing Board vice-chairman N Rameshwaran.

Dr Kurien has had an uncomplicated record in the NDDB and the NDDB was about to celebrate two decades in 1997. ■ UNI

Collectors appointed

EXPRESS NEWS SERVICE

THIRUVANANTHAPURAM, Sept 1: The State Cabinet today cleared the appointment of new Kerala Cyberpark Limited Ltd., Malappuram, Alappuzha, Kannur and Idukki. A senior secretary-level shuffle for the transferred.

M R Reddy, who was Kerala Dealer Collector, replaces Mariyappalan as Personal Secretary Collector. T K Jose has been appointed Director Collector of Malappuram while Pradeep Kumar for the new Alappuzha Collector. Manoj Kumar has been appointed Collector in Idukki while Parvin Vaghela, who was in Malappuram, has been appointed Collector in Chengannur. Sreni, who was Director Collector in Alappuzha, has been appointed IG of Registration. Mangalam will be preparing in Malaya.

Secretaries' shuffle: Mathew C Kurien has been appointed Secretary N V Madhavan, Transport Secretary, has been given additional charge of SCST which was earlier with Revenue. Principal Secretary K S Gopalakrishnan has been given charge of Revenue Board (Land Revenue) member too.

Four killed in road accident

EXPRESS NEWS SERVICE

PALAKKAD, Sept 1: Four persons were killed when a jeep in which they were travelling collided with a lorry near Kanjikode Chalissery today.

The jeep was carrying a two-man party. The driver of the jeep and two passengers died on the spot while the fourth person died at a hospital in Thrissur.

The identity of the deceased were yet to be ascertained as the Chalissery police were on the possession of the bodies.

Paswan, Laloo share common platform

PATNA, Sept 1: Janata Dal leader and Union Railway Minister Ram Vilas Paswan today refused allegations of differences between him and party president Sharad Yadav. Chief Minister Laloo Prasad Yadav and others also shared the dais with him at flag off the Janata Dal-Rashtriya Janata Dal.

Accompanied by the Bihar CM at a function here, Paswan said there was no split in such allegations in the media.

Reports had appeared that differences were developing between the two Bihar leaders over the selection of one the Patna railway bridge, with both of them insisting that it should reach their respective constituencies.

While Paswan wanted it to reach Hajipur (his Lok Sabha constituency), Yadav wanted it at Digha under Danapur Assembly constituency.

Reports also had it that Yadav had shown his inclination to nominate for the Bihar Legislative Council Paswan's first wife just to humiliate the latter.

However, Paswan said while selecting the site of the Ganga bridge, the opinion of the Bihar CM would be decisive. ■ PTI

SERVO
WORLD CLASS LUBRICANTS
BUSINESS AS USUAL

LDF Govt in for grilling as Assembly session starts today

EXPRESS NEWS SERVICE

THIRUVANANTHAPURAM, Sept 1: The 195-day-old LDF Government in Kerala is to be grilled by the Opposition over the alleged politicisation of the Planning Board's activities in the name of people's planning, a number of personal controversies involving political officials, many like in the last and the will in the LDF over the Malabar Cement affair, an revamp lasts during the full budget session of the Assembly which begins on Monday.

The Government will, however, be in a position to counter attack by projecting the peaceful settlement of the TV Thomas controversy issue, students into the missing lists during the previous Government, nearly 40 per cent hike in the annual Plan outlay and effective market intervention during Onam.

The LDF may also challenge the Government to table the preliminary findings of the recent income special investigation team probing into the Sanjeevani episode.

It is evident that the LDF will launch a concerted attack against the People's Campaign Programme for the 8th Plan and the alleged attempt to redefine the democratically elected panchayat bodies. The LDF is likely to employ every parliamentary tactic at its disposal to pressurise the Government to withdraw the programme launched by the LDF Government.

In a warming up exercise before the session, the LDF Government had surprised the CPM

The Indian Express

INDIA'S ONLY NATIONAL NEWSPAPER

KOCHI TUESDAY SEPTEMBER 3 1996 16 PAGES Rs 2.25

INSIDE

STATE 3
NATION 7
EDITORIAL 8
WORLD 11
BUSINESS 12
SPORTS 15



Poll on Oct 11 in Punalur, Thalassery, 64 other seats

EXPRESS NEWS SERVICE

NEW DELHI, Sept 2.

BELECTIONS to the seven Lok Sabha and 64 Assembly segments will be held on October 11.

With the 21-month deadline for holding elections first approaching, the Election Commission today announced the polling schedule for the three Lok Sabha and Rajya Sabha seats each and the 64 Assembly seats spread over 15 States.

In addition, the Commission will fix the Primary and Elementary Examinations.

Preliminary work also assumed on for new Legislative Council seat each in Himachal and Bihar.

Announcing these schedule, Election Commissioner T.S.Krishnamurthy said the Commission had no alternative but to adhere to the statutory schedule before the expiry of the six-month deadline.

Under the terms of the amended Representation of the People Act, nominations have to be held within six months of a vacancy occurring.

The notification for election to the Lok Sabha seats from Kerala's Punalur and Thalassery, Bihar's Jhanjharpur and Rajmahal, Uttar Pradesh's Gonda and Rae Bareli and Tripura will be issued on such a date as the Commission may decide.

As it stands the Punalur seat in Kerala, Gonda in Uttar Pradesh and Rajmahal in Bihar will fall vacant on the 15th day of September.

According to the schedule, the last date for filing nominations is September 12 while the last date for withdrawal of nominations will be on September 14 and the date for scrutiny of applications will be September 13.

Polling will be held on October 11 and the last date for withdrawal of nominations will be on September 14.

Announcing these schedule, Election Commissioner T.S.Krishnamurthy said the Commission had no alternative but to adhere to the statutory schedule before the expiry of the six-month deadline.

Under the terms of the amended Representation of the People Act, nominations have to be held within six months of a vacancy occurring.

The notification for election to the Lok Sabha seats from Kerala's Punalur and Thalassery, Bihar's Jhanjharpur and Rajmahal, Uttar Pradesh's Gonda and Rae Bareli and Tripura will be issued on such a date as the Commission may decide.

As it stands the Punalur seat in Kerala, Gonda in Uttar Pradesh and Rajmahal in Bihar will fall vacant on the 15th day of September.

According to the schedule, the last date for filing nominations is September 12 while the last date for withdrawal of nominations will be

THE INDIAN EXPRESS
September 3, 1996

Catholicos Paulose II laid to rest


Express News Service

Kochi, Sept. 2: The mortal remains of Catholicos Baselios Mar Paulose II, head of the Malankara Jacobite Syrian Orthodox Church, who passed away on Sunday, was laid to rest at Malekkurissu Dayara (monastery) Church near Puthankurissu on Monday in the presence of all the Metropolitans of the Church, Archbishops and Bishops from sister churches, priests and a massive crowd of the laity.

The funeral procession started in the morning from the Catholicate Palace at Muvattupuzha. A large number of people thronged both sides of the entire stretch of Muvattupuzha-Puthenkurissu Road to bid farewell to the Catholicos.

Homages were paid to the departed soul at Kadathi, Mekkadampbu, Rakkadu, Kadamattom and Kolencherry churches and at Patham Mile.

The entire area around the Dayara was crowded with believers when the body was brought there. They were allowed to pay their last respects to the spiritual head when a condolence meeting was in progress at which Abraham Mar Clemese, the Major Metropolitan of the East, Mar Joseph Powathil, president of the Catholic Bishops Conference of India, Metropolitan Mar Aprem of the Chaldean Church of the East, Thomas Mar Dionasius and Bishop George Punnakottil of Kothamangalam Diocese, spoke.



The funeral procession carryingthe mortal remains of Mar Baselius Paulose-II, supreme head of the Malankara Syrian Orthodox Church, at Moovattupuzha town en route to Puthen Cruz 'Dayara' on Monday

Abraham Mar Clemese led the prayers. Geevarghese Mar Gregorios of Kottayam diocese, Thomas Mar Dionasius and Abraham Mar Sevarios of Angamaly, Yuhanon Mar Phelexinos of Malabar Diocese, Thomas Mar Athanasius of Muvattupuzha, Yuhanon Mar Meletheos of Thrissur, Thomas Mar Thimotheos of Outside Kerala Diocese, Thomas Mar Osthatheos, Joseph Mar Gregorios of Kochi Diocese, and Geevarghese Polycarpus of Eastern Gospel Conference participated in the ceremony.

The most touching ceremony was 'Sel Besilomo', at which the departed soul bids farewell to the Altar at which he celebrated Holy Mass, the church in which he prayed, and exhorts the Metropolitans and priests, and the laity to live in peace.

The crowd responded chanting "Holy Father go in peace". During the ceremony the body was lifted 12 times by priests. It was first turned to face the east, then the west, north and finally the south, three times each.

At the close of the ceremony the body was taken in a procession to the grave specially prepared at the eastern courtyard of the Monastery Church. The body, kept seated on the throne with holy vestments on, holy staff in left hand, holy cross in the right and three chains on the chest marking the status of the Catholicos, was lowered into the grave.

The 6 x 6 feet wide and 8 feet deep grave was then filed with incense brought from various churches as a mark of respect to the Catholicos.

High priests from sister churches who attended the funeral ceremony included Archbishop Mar Joseph Powathil of Changanacherry Archdiocese, Bishop George Punnakkottil of Kothamangalam (Catholic Church), Metropolitan Mar Aphrem (Chaldean Church) and Bishop Geevarghese Mar Thimotheus of Tiruvalla Diocese (Malankara Catholic Church).

K.M. Mani, T.M. Jacob, Oommen Chandy, Johny Nelloor, and V.J. Paulose, all MLAs, and P.C. Thomas, MP, P.C. Chacko MP and District Panchayat president P.K. Ibrahim Kutty were among the politicians who attended the ceremony.

Ernakulam District Collector V.P. Joy laid a wreath on behalf of the Chief Minister while ADM. K.R. Viswambharan laid a wreath on behalf of Education Minister P.J. Joseph.

M.G. University Vice Chancellor V.N. Rajasekharan Pillai were among the others who laid wreaths.

Yuhanon Ibrahim Mar Gregorious, Metropolitan of Alleppo, will arrive on Tuesday as the delegate of the Patriarch of Antioch and will offer special prayers the next day.

Till fresh arrangements are made to fill the void created by the demise of the Catholicos, a four-member team consisting of Metropolitans Yuhanon Mar Phelexinos, Geevarghese Mar Gregorious, Thomas Mar Dionasius and Yuhanon Mar Meletheus will look after the affairs of the Church.

MOR JULIUS BOOK CENTRE

St. Joseph's Cathedral, Kottayam

Religious Books, Sunday School Books, Vestry Items and other Church articles available

Tel: 0481 - 564499

'The Hindu' Sept. 1, 1996

Mar Paulose II Passes away

Kochi, Sept. 1.

His beatitude Catholicos Baselios Mar Paulose Second, supreme head of the Malankara Syrian Orthodox Church, died at the Malankara Medical Mission Hospital at Kolencherry in Ernakulam district today following a brief illness. He was 85.

A scholar in Syriac language and literature, the deceased was a long time the head of the Kandanadu Diocese of the Jacobite Church before being elevated as the Catholicos of the Church in 1975.

The Chief Minister, Mr. E.K. Nayanar, the Opposition Leader, Mr. A.K. Antony and the Food and Civil Supplies Minister, Mr. E. Chandrasekharan Nair, were among those who condoled the demise of Baselios Mar Paulose II.

Mr. Antony described him as a great man who combined in himself the simplicity of life of the rishis of yore and unflinching faith in God.

The former Finance Minister and Kerala Congress (M) leader, Mr. K.M. Mani, condoled the death. In a message, he said the demise of Catholicos Baselios Mar Paulose Second was an irreparable loss to the Christian community and the country.

Mar Paulose Second, he said, rendered invaluable spiritual leadership to the country. He was the epitome of selfless love for others. —PTI

Our Staff Reporter adds:

The funeral of the Catholicos, will take place at 3 p.m. tomorrow at the Malayakkurishu Church at Puthankurishu. The funeral procession will begin from the Catholicos House at 10 a.m. and will touch several churches en route.

The Catholicos, who had been ailing for some time, died at 10-45 am. He had suffered a heart attack in the morning.

The son of P.P. Joseph of Cherayi on the Vypeen island, the Catholicos was born on June 10, 1913.

The Catholicos was a scholar in Syriac language and had travelled widely abroad. He had also called on the Pope in Rome several times. When the Malankara Syrian Church split, he became the head of the Patriarch group. He had taken several measures to effect a patch-up of the two rival groups.

'The Hindu' Tuesday Sept. 2, 1996

Mar Paulose-II laid to rest

From Our Staff Reporter

Kochi, Sept. 2.

The mortal remains of Mar Baselios Paulose-II, supreme head of the Malankara Syrian Orthodox Church, who died on Sunday morning, were laid to rest at the specially-erected tomb at the Malayakkurishu 'dayara', near PuthenCruz, this afternoon.

Thousands of mourners attended the ceremonial burial, Mar Paulose-II had willed that he be buried at the 'dayara' because it was his favourite church and the seminary there was set up by him. The burial was preceded by all the traditional ceremonies and prayers prevalent in the Malankara Church. Mar Paulose-II was buried attired in his full ceremonial dress and ornaments, including his spectacles.

A large number of Jacobites as well as members of other Christian denominations had streamed into the 'dayara' well before the 3 p.m. burial. The body, kept in a sitting posture, had been open to public viewing from last evening at the Catholicate House, Muvattupuzha. It was taken out in a decorated hearse from the Catholicate House at 10 this morning and the cortege visited several churches en route to the Malayakkurishu 'dayara'.

All the educational institutions run by the Church were closed today and most shops and businesses in the Muvattupuzha town observed a hartal until midday. Kolencherry, Puthankurishu and other small towns also observed a hartal. People from all walks of life mourned the death.

The Jacobites in the State would observe fast on the next nine days as a mark of respect to the departed spiritual leader.

'ദേശാഭിമാനി' സെപ്തംബർ 2, തിങ്കൾ

പൗലോസ് ദ്വിതീയൻ ബാവ അന്തരിച്ചു

കൊച്ചി: സെപ്റ്റംബർ 1: മലങ്കര യാക്കോബായ സുറിയാനി സഭയുടെ പൗരസ്ത്യ ശ്രേഷ്ഠ കാതോലിക്ക ബാവ മോർ ബസേലിയോസ് പൗലോസ് ദ്വിതീയൻ കാലംചെയ്തു. മലങ്കര മെത്രാപ്പോലീത്തകൂടിയായ ബാവയ്ക്ക് 83 വയസ്സായിരുന്നു. കബറടക്കശുശ്രൂഷകൾ തിങ്കളാഴ്ച വൈകുന്നേരം നാലിന് മലേക്കുരിശ് ദയറയിൽ നടക്കും.

നെഞ്ചുവേദനമൂലം പിറമാടം ദയറയിൽനിന്ന് കോലഞ്ചേരി മെഡിക്കൽ മിഷൻ ആശുപത്രിയിൽ പ്രവേശിപ്പിച്ചെങ്കിലും ഞായറാഴ്ച രാവിലെ പത്തേമുക്കാലോടെ അന്ത്യം സംഭവിച്ചു. പ്രായാധിക്യം മൂലം കണ്ടനാട് ഭദ്രാസനാസ്ഥാനമായ മൂവാറ്റുപുഴ അരമനയിൽനിന്നും പിറമാടം ദയറയിലേക്ക് ബാവ താമസം മാറ്റിയിരുന്നു.

മൃതദേഹം കോലഞ്ചേരി മലങ്കര യാക്കോബായ സുറിയാനിപ്പള്ളിയിൽ പൊതുദർശനത്തിനു വച്ചു. പിന്നീട് രാമമംഗലം വഴി പിറമാടം ദയറയിലേക്കു കൊണ്ടുപോയി. അവിടെനിന്ന് രാത്രി എട്ടുമണിയോടെ മൂവാറ്റുപുഴ അരമനയിൽ എത്തിച്ചു.

തിങ്കളാഴ്ച രാവിലെ പത്തിന് മൂവാറ്റുപുഴ അരമനയിൽനിന്ന് നഗരികാണിക്കലിനുശേഷം കടാതി പള്ളിയിൽ പൊതുദർശനത്തിനു വയ്ക്കും. പിന്നീട് വാളകം, കോലഞ്ചേരി, പൂത്തൻകുരിശ് വഴി മലേക്കുരിശിലേക്ക് വിലാപയാത്ര നടത്തും.

ചെറായി സെൻറ് മേരീസ് ഇടവകയിലെ പുതുശേരി ജോസഫ് കശീശായുടെ മൂന്നാമത്തെ മകനായി 1914 ജൂൺ 12-നു ജനിച്ചു. മാതാവ് വടക്കൻ പറവൂർ ഈരാളിൽ കുടുംബത്തിലെ എലിസബത്ത് തോമസാണ്.

ചെറായി രാമവർമ യൂണിയൻ ഹൈസ്കൂളിൽ നിന്നും സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി. ഇതോടൊപ്പം സുറിയാനി ഭാഷയും വശമാക്കി. 1933-ൽ അന്ത്യോഖ്യാപ്രതിനിധിയായ ഏലിയാസ് മോർ യൂലിയോസ് തിരുമേനിയിൽനിന്നു ശെമ്മാശപട്ടം സ്വീകരിച്ചു. കോട്ടയം സി.എം.എസ്. കോളേജിൽനിന്ന് ഇൻറർമീഡിയറ്റും ആലുവ യു.സി. കോളേജിൽനിന്ന് ബി.എ. ബിരുദവും നേടി. 1938-ൽ മഞ്ഞനിക്കര ദയറയിൽവച്ച് കശീശാപട്ടം സ്വീകരിച്ചു.

സിലോൺ, മദിരാശി, ബ്രഹ്മവാർ, തിരുവനന്തപുരം, പൊൻകുന്നം, പാറത്തോട് എന്നീ സ്ഥലങ്ങളിൽ സ്തുത്യർഹ സേവനം നടത്തിയിട്ടുണ്ട്.

തുടർന്ന് ഏലിയാസ് മോർ യൂലിയോസിന്റെ സെക്രട്ടറിയും മഞ്ഞനിക്കര ദയറയുടെ അധിപനുമായി നിയമിക്കപ്പെട്ടു. 1952-ൽ തൃക്കുന്നത്തു സെമിനാരിയിൽ നടന്ന പള്ളി പ്രതിപുരുഷയോഗത്തിൽ മെത്രാൻ സ്ഥാനത്തേക്കു തെരഞ്ഞെടുക്കപ്പെട്ടു.

1952 ഒക്ടോബറിൽ പരിശുദ്ധ പാത്രിയർക്കീസ് ഇഗ്നാത്തിയോസ് അപ്രേം പ്രഥമനിൽനിന്ന് മെത്രാൻപട്ടം ഏറ്റു. 1953 ജനുവരി 12-ന് കണ്ടനാട് ഭദ്രാസനത്തിന്റെ ഭരണാധിപസ്ഥാനം കൈയേറ്റു.

മലങ്കര യാക്കോബായ സിറിയൻ ഓർത്തഡോക്സ് ചർച്ച് മേധാവി കാതോലിക്കോസ് ബസേലിയോസ് പൗലോസ് ദ്വിതീയന്റെ കാലവിയോഗത്തിൽ കേരള കോൺഗ്രസ് (എം) നേതാവ് കെ.എം. മാണി അഗാധമായ ദുഃഖം പ്രകടിപ്പിച്ചു. ക്രിസ്ത്യൻ സമൂഹത്തിന് നികത്താനാകാത്ത നഷ്ടമാണെന്ന് അനുശോചന സന്ദേശത്തിൽ മാണി പറഞ്ഞു. പൗലോസ് ദ്വിതീയൻ തിരുമേനിയുടെ വേർപാടിൽ മുഖ്യമന്ത്രി ഇ.കെ. നായനാർ അനുശോചിച്ചു.

ലളിതജീവിതം, സാത്വികമായ മനസ്, സാമൂഹ്യ പ്രതിബദ്ധത എന്നിവകൊണ്ട് ശ്രദ്ധേയമായ വ്യക്തിത്വമായിരുന്നു അദ്ദേഹത്തിന്റേതെന്ന് മുഖ്യമന്ത്രി പറഞ്ഞു.

പൗലോസ് ദ്വിതീയൻ തിരുമേനിയുടെ നിര്യാണത്തിൽ എ. സമ്പത്ത് എം.പി. അനുശോചിച്ചു.

ശ്രേഷ്ഠ കാതോലിക്കബാവ ബസേലിയോസ് പൗലോസ് ദ്വിതീയൻ തിരുമേനിയുടെ നിര്യാണത്തിൽ പ്രതിപക്ഷനേതാവ് എ.കെ. ആൻറണി അനുശോചിച്ചു.

'കേരളകൗമുദി' 1996 സെപ്തംബർ 2 തിങ്കൾ

കാതോലിക്കബാവ പൗലോസ് ദ്വിതീയൻ കാലംചെയ്തു

മൂവാറ്റുപുഴ: മലങ്കര യാക്കോബായ സുറിയാനി സഭ പാത്രിയർക്കീസ് വിഭാഗത്തിന്റെ ശ്രേഷ്ഠ കാതോലിക്ക ബാവയും മലങ്കര മെത്രാപ്പോലീത്തയുമായ ബസേലിയോസ് പൗലോസ് ദ്വിതീയൻ കാലംചെയ്തു. ഞായറാഴ്ച രാവിലെ 10.15-ന് കോലഞ്ചേരി മെഡിക്കൽ മിഷൻ ആശുപത്രിയിൽവച്ചായിരുന്നു അന്ത്യം.

കഴിഞ്ഞ ജൂണിൽ 82-ാം പിറന്നാൾ ആഘോഷിച്ച ബാവ മൂവാറ്റുപുഴയ്ക്കടുത്ത പിറമാടം 'ദയറ'യിൽ വിശ്രമജീവിതം നയിക്കുകയായിരുന്നു.

ഞായറാഴ്ച രാവിലെ പിറമാടം പാരിഷ് ഹാളിന്റെ താക്കോൽ ഏറ്റുവാങ്ങൽ ചടങ്ങിൽ പങ്കെടുക്കാൻ തയ്യാറെടുക്കുകയായിരുന്ന ബാവ രാവിലെ 8.15 ഓടെ കുളിമുറിയിൽ കയറിയപ്പോൾ നെഞ്ചുവേദന അനുഭവപ്പെട്ടു. ഡീക്കൻ പൗലോസും ചടങ്ങിൽ പങ്കെടുക്കാൻ എത്തിയ മുൻമന്ത്രി ടി.എം. ജേക്കബും അപ്പോൾ സമീപത്തുണ്ടായിരുന്നു. ഉടൻതന്നെ ടി.എം. ജേക്കബ് മൂവാറ്റുപുഴയിലെ ഒരു സ്വകാര്യ ആശുപത്രിയിൽ വിവരമറിയിച്ചു. ഡോക്ടർ എത്തുമ്പോഴേക്കും രോഗം മൂർച്ചരിച്ചിരുന്നു. തുടർന്ന് കോലഞ്ചേരി മെഡിക്കൽ മിഷൻ ആശുപത്രിയിലേക്ക് മാറ്റിയെങ്കിലും പത്തേകാലോടെ അന്ത്യം സംഭവിക്കുകയായിരുന്നു.

തുടർന്ന് കാതോലിക്കാസ്ഥാനമായ മൂവാറ്റുപുഴ കാതോലിക്കേറ്റ് അരമനയിൽ കൂട്ടമണി മുഴങ്ങി. അതോടെ ആയിരക്കണക്കിന് വിശ്വാസികൾ എത്തിച്ചേർന്നു. 12.15-ന് ആശുപത്രിക്ക് സമീപമുള്ള ചാപ്പലിലേക്ക് ബാവയുടെ ഭൗതികശരീരം മാറ്റി.

നാലു മണിക്ക് മൃതദേഹം തുറന്ന വാഹനത്തിൽ കോലഞ്ചേരി, ചൂണ്ടി, പുത്തൃക്ക, രാമമംഗലം വഴി പിറമാടം ദയറയിലെത്തിച്ച് പൊതുദർശനത്തിനുവച്ചു. രാത്രി 8 മണിമുതൽ ഏഷ്യയിലെ യാക്കോബായവിഭാഗത്തിന്റെ ആസ്ഥാനമായ മൂവാറ്റുപുഴ അരമനയിൽ പൊതുദർശനത്തിന് വച്ചിരിക്കുകയാണ്. തിങ്കളാഴ്ച രാവിലെ പത്തുമണിക്ക് അരമനയിൽനിന്ന് നഗരികാണിക്കലിന് പുറപ്പെടും. തുറന്ന വാഹനത്തിൽ സ്ഥാനചിഹ്നങ്ങളും അംശവടിയും ധരിപ്പിച്ചായിരിക്കും നഗരികാണിക്കൽ ചടങ്ങ്.

തുടർന്ന് പുത്തൻകുരിശിലുള്ള മലേക്കുരിശ് ദയറയിൽ കബറടക്കചടങ്ങുകൾ ആരംഭിക്കും. കടാതി, അമ്പലംപടി, മേക്കടമ്പ്, കടമറ്റം പള്ളികളിൽ വിശ്വാസികൾക്ക് അന്തിമാഞ്ജലി അർപ്പിക്കാൻ ഏർപ്പാടുകൾ ചെയ്തിട്ടുണ്ട്.

എറണാകുളം ജില്ലയിലെ ചെറായിയിൽ പുതുശ്ശേരി ഫാ. ജോസഫിന്റെയും എലിസബത്തിന്റെയും മകനായി 1914 ജൂൺ 12-ന് ആണ് ജനനം. ചെറായി സ്കൂളിലായിരുന്നു പ്രാഥമിക വിദ്യാഭ്യാസം. കോട്ടയം സി.എം.എസ്. കോളജിൽനിന്ന് ഇന്റർമീഡിയറ്റും ആലുവ യു.സി. കോളജിൽനിന്ന് ബി.എ.ഡിഗ്രിയും പൂർത്തിയാക്കി. 1933-ൽ ശെമ്മാശപട്ടം സ്വീകരിച്ചു. 1938-ൽ വൈദികപട്ടം ലഭിച്ചു. 1952-ൽ ഹോംസിൽ പീലക്സിനോസ് എന്ന പേരിൽ കണ്ടനാട് മെത്രാപ്പോലീത്തയായി വാഴിക്കപ്പെട്ടു. 1975 മുതൽ കിഴക്കിന്റെ കാതോലിക്കബാവയായി മൂവാറ്റുപുഴ അരമനയിൽ തുടരുകയായിരുന്നു.

കാതോലിക്കബാവയുടെ ദേഹവിയോഗത്തിൽ അഖില മലങ്കര യാക്കോബായ അൽമായ അസോസിയേഷൻ ജനറൽ സെക്രട്ടറി കുര്യാക്കോസ് പാറയിൽ അനുശോചനം രേഖപ്പെടുത്തി.

ശ്രേഷ്ഠ കാതോലിക്കബാവ വിനയാന്വിതനായ താപസശ്രേഷ്ഠൻ

[അഖില മലങ്കരാടിസ്ഥാനത്തിൽ (4-9-96) മണർകാട് നടന്ന അനുസ്മരണായോഗം ശ്രേഷ്ഠ കാതോലിക്ക ബാവയുടെ ദേഹവിയോഗത്തിൽ ആദരാഞ്ജലികൾ അർപ്പിച്ചു. ശ്രേഷ്ഠ ബാവയുടെ അപദാനങ്ങൾ പ്രകീർത്തിച്ചു കൊണ്ട് നടന്ന പ്രസംഗങ്ങൾ]

ഡോ. യൂഹാനോൻ മോർ പീലക്സിനോസ്

കിഴക്കിന്റെ കാതോലിക്കബാവ ബസേലിയോസ് പൗലോസ് രണ്ടാമന്റെ ദേഹവിയോഗത്തിൽ സഭാംഗങ്ങൾക്കുള്ള വേദന പങ്കിടുവാൻ ഈ യോഗം ചേർന്നിരിക്കുന്നു. പരിശുദ്ധനും ശ്രേഷ്ഠനുമായ മറെറാരു മഹാപുരോഹിതൻ ചരിത്രത്തിൽ ഉണ്ടായിട്ടില്ല. പരിശുദ്ധന്മാരിൽ പരിശുദ്ധനായ-പരിശുദ്ധൻ എന്ന് സഭാംഗങ്ങൾ സംബോധനചെയ്തിരുന്നില്ലെങ്കിലും ആ വാക്കിന്റെ ആന്തരികാർത്ഥത്തിൽതന്നെ—ശ്രേഷ്ഠ ബസേലിയോസ് പൗലോസ് രണ്ടാമൻ ബാവയുടെ വിയോഗം സഭാംഗങ്ങൾക്കു മാത്രമല്ല, ഈ നാട്ടിലെ നാനാജാതി മതസ്ഥരായ എല്ലാവർക്കും ഹൃദയവേദന ഉളവാക്കി. ആർക്കും നികത്താനാവാത്ത ഒരു വിടവ് പരിശുദ്ധ പിതാവിന്റെ ദേഹവിയോഗംമൂലം ഉണ്ടായിട്ടുണ്ട്. സിനഡ് സെക്രട്ടറി എന്ന നിലയിലും മലബാർ ഭദ്രാസന മെത്രാപ്പോലീത്ത എന്ന നിലയിലും എന്നെ ശ്രേഷ്ഠബാവ വളരെയധികം സ്നേഹിച്ചിരുന്നു. മലബാർ ഭദ്രാസനത്തിന്റെ വളർച്ചയ്ക്കും ഉയർച്ചയ്ക്കും കാരണമായത് ബാവയുടെ ഈ സ്നേഹവും കരുതലുമാണ്. ശ്രേഷ്ഠ ബാവയ്ക്ക് കാതോലിക്കോസ് എന്ന നിലയിൽ 'ബസേലിയോസ് പൗലോസ്' എന്ന പേര് നല്കപ്പെട്ടപ്പോൾ അദ്ദേഹത്തിന്റെ 'പീലക്സിനോസ്' എന്ന പേര് എനിക്കു നല്കിയതിന്റെ ചേതോവികാരം എനിക്ക് ഉൾക്കൊള്ളുവാൻ കഴിയുന്നു.

ഡോ. ഗീവർഗീസ് മോർ ഗ്രിഗോറിയോസ് മെത്രാപ്പോലീത്ത

മലങ്കരസഭയെ മുഴുവനും—സർവോപരി ഈ രാജ്യത്തെ സഹോദരീസഭാംഗങ്ങളെയും രാജ്യവാസികളെയും—ദുഃഖത്തിൽ ആക്കി ദേഹവിയോഗം പ്രാപിച്ച ശ്രേഷ്ഠ കാതോലിക്കബാവ തന്റെ യജമാനന്റെ വിളികേട്ട് യാത്രയായി. നാം ദുഃഖിതരാണ്. പക്ഷേ, ബാവതിരുമേനി സ്വർഗത്തിലാണ്, സംതൃപ്തനുമാണ്. ബാല്യകാലംമുതൽ തന്റെ മാതാപിതാക്കളിൽനിന്നും ഉൾക്കൊണ്ട മൂല്യങ്ങളെ മുൻനിർത്തി തന്റെ കൗമാരത്തിലും യൗവനത്തിലും ജീവിക്കുകയും സഭയുടെ പരമോന്നതപദവി അലങ്കരിക്കുകയുംചെയ്ത് അദ്ദേഹം പിതൃസന്നിധിയിലേക്കു പോയിരിക്കുകയാണ്. ശ്രേഷ്ഠ ബാവയുടെ ഗുണഗണങ്ങളെപ്പറ്റി ഞാൻ പറയേണ്ടതില്ല. വി.സഭ പറയുന്ന 'നല്ലിടയൻ ഭരണസമർഥാ...' എന്നത് അക്ഷരാർഥത്തിൽ അദ്ദേഹത്തെക്കുറിച്ച് വാസ്തവമാണ്. നല്ല ഇടയൻ, ഭരണസമർഥൻ —അത് അധികാരത്തിന്റെയോ ആജ്ഞയുടെയോ സ്വരത്തിലും രീതിയിലുമല്ല, വിനയത്തിന്റെയും സ്നേഹത്തിന്റെയും സർവോപരി സൗഹൃദഭാവത്തിന്റെയും ഭാവത്തിലാണ് നിർവഹിച്ചിരുന്നത്—എന്നീ നിലകളിൽ അദ്ദേഹം പ്രശോഭിതനായിരുന്നു. ബാവ പരിശുദ്ധ അന്ത്യോഖ്യാസിംഹാസനത്തിൽനിന്ന് ഇടയത്വത്തിന്റെ അംശവടിയും സ്ലീബായും പ്രാപിച്ചിരുന്നു. അത് അനുഗ്രഹത്തിന്റെ മുഖാന്തരമാണ്. അടിമത്തത്തിൽനിന്നും അക്രമത്തിൽനിന്നും ഇസ്രായേല്യരെ വിമോചിപ്പിക്കുവാനും അത്ഭുതങ്ങൾ പ്രവർത്തിക്കുവാനും യഹോവ മോശയ്ക്കു നല്കിയ വടിയാണത്. പുതിയനിയമത്തിൽ പൈശാചികസർപ്പത്തിന്റെ തല ചതച്ച അനുഗ്രഹത്തിന്റെ വടിയാണത്. അനുഗ്രഹത്തിന്റെ സ്ലീബാ ജനത്തെ അനുഗ്രഹിക്കുവാനുള്ളതാണ്. എലീശാദീർഘദർശിയെപ്പോലെ ജനത്തിന് ദൈവകൃപ നല്കുവാനുള്ളതാണ്. ഇടയത്വത്തിന്റെ വടിയും അനുഗ്രഹത്തിന്റെ സ്ലീബായും പ്രാപിച്ച് എത്രയോ വൈദികരെ സഭാശുശ്രൂഷയ്ക്ക് ആനയിച്ചു. ശ്രേഷ്ഠ ബാവതിരുമേനി നല്ല ഭരണാധികാരിയായിരുന്നു. ആർക്കും അദ്ദേഹത്തെ കുറ്റം പറയുവാൻ സാധിക്കുമായിരുന്നില്ല. സത്യവിശ്വാസത്തിനുവേണ്ടി ആജീവനാന്തം നിലകൊണ്ട വ്യക്തിത്വമായിരുന്നു അദ്ദേഹത്തിന്റേത്. അദ്ദേഹം സഭയുടെ ശിരസായ—വിശ്വാസപ്പാറമേൽ കർത്താവ് സ്ഥാപിച്ച — പരിശുദ്ധ ശ്ലൈഹികസിംഹാസനത്തിനുവേണ്ടി സംസാരിക്കുമായിരുന്നു. മിഖായേൽ മോർ ദിവന്നാസ്യോസ് മെത്രാപ്പോലീത്ത ആയിരുന്നു അദ്ദേഹത്തിന്റെ മാർഗദർശി. ഈ വിശ്വാസസത്യത്തിൽ അദ്ദേഹം ജനത്തെ നിലനിർത്തി. അടുത്തകാലത്തും അദ്ദേഹത്തിന്റെ പ്രസംഗങ്ങളിൽ പരിശുദ്ധ അന്ത്യോഖ്യാസിംഹാസനത്തിന്റെ മഹത്ത്വത്തെ പ്രകീർത്തിച്ച് ആ ബന്ധത്തിൽ തുടരേണ്ടതു

സംബന്ധിച്ച് അദ്ദേഹം സഭയെ സൂക്ഷ്മതപ്പെടുത്തി. കാലംചെയ്യുന്നതിന് ഏതാനും ദിവസങ്ങൾക്കു മുമ്പ് എന്നെ ഫോണിൽ വിളിച്ച്,—ചികിത്സയിലായിരുന്ന എന്നോട്—ഇക്കാര്യത്തിൽ ആവശ്യമായതെല്ലാം ചെയ്യണമെന്ന് അറിയിച്ചിരുന്നു. അടിസ്ഥാനതത്ത്വങ്ങളിൽ മുറുകെ പിടിച്ച്—എന്നാൽ വിട്ടുവീഴ്ചകൾക്കു തയാറായി—സഭയെ നയിച്ചു... അദ്ദേഹം പൗലോസിനെപ്പോലെയും ശെമവൂൽ കീപ്പായെപ്പോലെയും യോഹന്നാനെപ്പോലെയും വിശ്വാസവീരനായിരുന്നു. വിശ്വസവൈരാഗിയായിരുന്ന ഏലിയായെപ്പോലെയായിരുന്നു. ആക്ഷേപത്തിന്റെയും പരിഹാസത്തിന്റെയും മുമ്പിൽ അടിപതറാത്തവനായിരുന്നു. സ്നേഹത്തിന്റെയും ആദരവിന്റെയും ശൈലിയിൽ പ്രതിബന്ധങ്ങളെ സമീപിച്ചിരുന്ന മഹാനായിരുന്നു ശ്രേഷ്ഠ ബാവ. ഒരു മനുഷ്യനോടും വിരോധമില്ലായിരുന്നു. അറിയപ്പെടുന്ന ശത്രുക്കളെ കാണുമ്പോഴും 'മോനേ' എന്നുള്ള സ്നേഹമസൃണമായ വിളി ആ നാവിൽനിന്നും കേൾക്കാമായിരുന്നു. സത്ഗുണസമ്പൂർണനായിരുന്ന, മാതൃകാജീവിതത്താൽ ദൈവേഷ്ടത്തിനു വിധേയപ്പെടുത്തി ജീവിച്ച, ജാതിമതഭേദമില്ലാത്ത ബാവയുടെ അനുഗ്രഹം നമുക്കുണ്ടാവും. അദ്ദേഹം കാട്ടിത്തന്ന നീതിയുടെയും സത്യത്തിന്റെയും മാർഗത്തിൽ എന്നെന്നും ഈ സഭ നിലനിന്ന് ബാവയുടെ ആഗ്രഹം സഫലീകരിക്കുവാൻ ഇടയാകട്ടെ എന്ന് പ്രാർഥിക്കുന്നു.

പരിശുദ്ധ പാത്രിയർക്കീസ് ബാവയുടെ പ്രതിനിധി

ആലപ്പോ ആർച്ച്ബിഷപ്പ് മോർ ഗ്രിഗോറിയോസ് യോഹന്നാ ഇബ്രാഹിം

പ. പാത്രിയർക്കീസ് ബാവായുടെ അനുശോചന സന്ദേശം വായിക്കുന്നതിനുമുമ്പ് നിങ്ങളോട് അല്പം ചില കാര്യങ്ങൾ സംസാരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. നിങ്ങൾക്കറിയാവുന്നതുപോലെ ഏകദേശം ഒരു മാസത്തിനുമുമ്പ് ഇവിടെ വന്ന് ശ്രേഷ്ഠ കാതോലിക്കബാവയെ കണ്ട് സംസാരിക്കുകയുണ്ടായി. എന്നാൽ, അന്ന് ശ്രേഷ്ഠ ബാവയുമായി സംസാരിക്കുമ്പോൾ അത് അദ്ദേഹവുമായുള്ള എന്റെ അവസാനത്തെ കൂടിക്കാഴ്ചയായിരിക്കും എന്ന് ഞാൻ ചിന്തിച്ചില്ല. ഇന്നലെ ശ്രേഷ്ഠ ബാവയുടെ കബറിടം മലേക്കുരിശു ദയറയിൽ നാം സന്ദർശിക്കുകയുണ്ടായി. ഇന്നു രാവിലെ ആ ദയറയിലെ വി.ദൈവാലയത്തിൽ വി.കുർബാന അർപ്പിക്കുകയും ചെയ്തു. ആ വിശുദ്ധ ദൈവാലയത്തിൽ നാം സംസാരിച്ചപ്പോൾ ശ്രേഷ്ഠ ബസേലിയോസ് പൗലോസ് ദ്വിതീയൻ ബാവയെക്കുറിച്ച് ലോകത്തിന്റെ എല്ലാ ഭാഗത്തും വലിയ മതിപ്പാണുള്ളതെന്ന് പറയുകയുണ്ടായി. നമ്മുടെ നാഥനായ കർത്താവിന്റെ വി. ഏവൻഗേലിയോൻ പിൻതുടർന്ന വ്യക്തിയായാണ് ശ്രേഷ്ഠ ബാവയെ ഞാൻ കാണുന്നത്. നാം ജീവിക്കുന്ന കാലത്ത് വി. ഏവൻഗേലിയോനെക്കുറിച്ച് പ്രസംഗിക്കുന്നതിനേക്കാൾ അധികമായി വി.ഏവൻഗോലിയോൻ അനുസരിച്ച് നാം ജീവിക്കുകയാണ് വേണ്ടത്. നമ്മുടെ നാഥനായ യേശുക്രിസ്തുവിനു മാത്രമേ സ്വർഗരാജ്യത്തിലേക്കുള്ള വഴി കാണിക്കുവാൻ സാധിക്കുഎന്ന് നമുക്കെല്ലാം അറിയാം. ശ്രേഷ്ഠ ബാവതിരുമേനി ഈ ലോകത്തിൽ വിശുദ്ധാടിത്തറയിൽ ജീവിക്കുകയും വരുവാനിരിക്കുന്ന സ്വർഗരാജ്യത്തിന് അവകാശിയായി പ്രവർത്തിക്കുകയും ചെയ്തിരുന്ന ആളാണ്. നമ്മുടെ എല്ലാ പുണ്യപ്പെട്ട പിതാക്കന്മാരും വേർപാടിനുശേഷം പിതാക്കന്മാരോടൊപ്പം വസിക്കുവാൻ ആഗ്രഹിച്ചിരുന്നതുപോലെ ശ്രേഷ്ഠ ബാവയും ആഗ്രഹിച്ചിരുന്നു. ശ്രേഷ്ഠ ബാവ തിരുമനസ്സുകൊണ്ട് സത്യവിശ്വാസത്തിനുവേണ്ടിയും വിശ്വാസമൂല്യങ്ങൾക്കുവേണ്ടിയും പ.അന്ത്യോഖ്യാസിംഹാസനത്തിനുവേണ്ടിയും നിലകൊണ്ടിരുന്നു. ശ്രേഷ്ഠ ബാവതിരുമനസ്സിലെ വിശ്വാസത്തിന്റെതന്നെ ഭാഗമായിരുന്നു പ. അന്ത്യോഖ്യാസിംഹാസനവുമായുള്ള ബന്ധം. പ.അന്ത്യോഖ്യാസിംഹാസനത്തിൻ കീഴിൽ പരിശുദ്ധ സഭയുടെ വിശ്വാസത്തിൻ കീഴിൽ ജീവിച്ച ശ്രേഷ്ഠ ബാവ തിരുമനസ്സുകൊണ്ട് ഈ ലോകത്തിൽ സ്നേഹത്തോടും സൗഹാർദത്തോടും സത്യത്തോടും കൂടി കഴിയണം എന്നാഗ്രഹിച്ച വ്യക്തിയായിരുന്നു. സമാധാനവും സ്നേഹവും ആയിരുന്നു അദ്ദേഹം തന്റെ ജീവിതത്തിലൂടെ ആചരിച്ചുകൊണ്ടിരുന്നത്. ശ്രേഷ്ഠ ബാവ തിരുമനസ്സുകൊണ്ട് യഥാർഥമായ ദൈവപുരുഷനായിരുന്നു. ശ്രേഷ്ഠ ബാവ പ.അന്ത്യോഖ്യാസിംഹാസനത്തിന്റെ പടയാളിയായിരുന്നു. അദ്ദേഹം വി.സഭയ്ക്കുവേണ്ടി മാത്രം ജീവിച്ച വ്യക്തിയായിരുന്നു. പരിശുദ്ധ അന്ത്യോഖ്യാസിംഹാസനവും അതിന്റെ കീഴിലുള്ള ആരെയും ഒരിക്കലും മറന്നുകളയുകയുമില്ലെന്ന് നിങ്ങളെ ഈ സമയത്ത് അറിയിക്കുകയാണ്. പ. ഇഗ്നാത്തിയോസ് സക്കാ പ്രഥമൻ പാത്രിയർക്കീസ് ബാവ നമ്മുടെ കൈയിൽ തന്നയച്ച അനുശോചന സന്ദേശം നാം ഇവിടെ വായിക്കുകയാണ്:

Message from H.H. Ignatius Zakka I Iwas Patriarch of Antioch and all the East

No. E 147/96 Sept. 2, 1996

By the Grace of God
Ignatius Zakka I Iwas
Patriarch of Antioch and the East

The Supreme Head of the Universal Syrian Orthodox Church

Apostolic benediction to our beloved Metropolitans of our Episcopal Synod, our Spiritual Children, the clergy and the faithful of the Syrian Orthodox Church in India.

We are shocked and deeply grieved to hear the sudden demise of the our beloved brother in Christ, His Beatitude Basalius Poulose II, Catholicose of the East. His demise is a great loss to this Church, especially at this critical time. He was an undoubted and strong soldier of the true faith and traditions of the Church to the very end. He suffered a lot to protect and preserve it. He wanted to establish peace, peace with dignity and justice in our Church there. His deep devotion, unbounded religious zeal and fervour, limitless love, his simplicity and prayerful life and sincere services to the church are well known to everybody. He was a great shepherd and a spiritual leader, who carried the cross and followed his master our Lord Jesus Christ. Our Lord is faithful and will reward him for his sincere and dedicated services for the Church.

He was very close to our heart. He actively participated in our Patriarchal election and installation in 1980. In our Apostolic visit to India in 1982 he was always with us to make our visit successful. He always informed us about the activities of our Church there. We got a letter from him even two days before his demise. We have always respected his wise and valuable suggestions in many matters connected to our Church there. He was a great scholar in Church History and Syriac language. His demise is a great loss to us and as well as to our Church there. Our beloved in Christ, we share your deep grief and sorrow. We are deputing His Eminence Mor Gregorious Yohannan Ibrahim Archbishop of Alleppo to participate in the 3rd day of the funeral of His Beatitude Basalius Poulose II.

On September 1, Sunday the day of his demise we conducted Holy Qurbana at the Patriarchal Cathedral for our beloved brother H.B. Basalius Poulose II, Catholicose of the East. We declare forty days of lamentations in honour of that great soul and request you to conduct Holy Qurbana and special prayers in all our churches in India. May God console all of us and rest his soul with our holy fathers in his heavenly bliss. Our Lord Said, " I am the resurection and the life." "Very truely I tell you anyone who hears my word and believes him who sent me has eternal life and does not come under judgement, but has passed from death to life."

Though he has departed from our visibility, he is still with us so we do not loose our hope. May God console you all and the members of this bereaved family. We extend our apostolic blessings to you all. May the Grace of God be with you all. (Transcript prepared from audio recording: E & O.,if any, greatly regreted).

കോട്ടയം രൂപതയുടെ ബിഷപ്പ് മാർ കുര്യാക്കോസ് കുന്നശ്ശേരി

മലങ്കര യാക്കോബായ സുറിയാനിസഭയുടെ മേലധ്യക്ഷനായിരുന്ന ശ്രേഷ്ഠ ബസേലിയസ് പൗലോസ് ദ്വിതീയൻ കാതോലിക്കബാവയുടെ ദേഹവിയോഗത്തിൽ ദുഃഖിക്കുന്ന സഭാമക്കളോടൊപ്പം അദ്ദേഹത്തിന്റെ നിര്യാണത്തിൽ ഞാനും ദുഃഖിക്കുകയാണ്. അദ്ദേഹത്തിന്റെ മൃതശരീരം കാണുന്നതിനും പ്രാർഥിക്കുന്നതിനും നമുക്കു ഭാഗ്യമുണ്ടായി. ഈ ദിവസങ്ങളിൽ അദ്ദേഹത്തെപ്പറ്റിയുള്ള ചിന്തകൾ എന്റെ മനസ്സിൽ അലയടിച്ചുകൊണ്ടിരിക്കുകയാണ്. നഥാനിയേൽ കർത്താവിന്റെ അരികിൽ വന്നപ്പോൾ പറഞ്ഞു: "ഇതാ ഇസ്രായേലിലെ നിഷ്ളങ്കനായവൻ." ബാവാതിരുമേനിയെപ്പറ്റി ഓർക്കുമ്പോൾ എന്റെ മനസ്സിൽ വരുന്നതും ഈ ചിന്തകളാണ്. വളരെ നിഷ്കളങ്കനായ, മാലിന്യങ്ങൾ ഇല്ലാത്ത ഒരു

വ്യക്തിയാണദ്ദേഹം. കഴിഞ്ഞ 28 വർഷങ്ങളായി ബാവ തിരുമേനിയുമായി അടുത്ത് സംസാരിക്കുവാനും ഇടപഴകുവാനും എനിക്കു സാധിച്ചിട്ടുണ്ട്.

എന്നെ സ്പർശിച്ച രണ്ടു മൂന്നു കാര്യങ്ങൾ നിങ്ങളോടു പങ്കുവയ്ക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്.

അദ്ദേഹത്തിന്റെ നിഷ്കളങ്കതയിൽനിന്നുമുള്ള ആത്മാർത്ഥത ആരെയും സ്പർശിക്കും. എന്തെങ്കിലും പറയുകയും മറ്റൊന്നു പ്രവർത്തിക്കുകയും ചെയ്യുന്ന സ്വഭാവം അദ്ദേഹത്തിനുണ്ടായിരുന്നില്ല. അരുതാത്തത് അരുത് എന്ന് പറയുവാനുള്ള ആത്മാർത്ഥത അദ്ദേഹത്തിനുണ്ടായിരുന്നു. വളച്ചുകെട്ടി കാര്യങ്ങൾ പറയുമായിരുന്നില്ല, ഉള്ള കാര്യങ്ങൾ തുറന്നുപറയുമായിരുന്നു. ഈ ആത്മാർത്ഥതയോടൊപ്പം വലിയ ലാളിത്യം അദ്ദേഹത്തിൽ ഉണ്ടായിരുന്നു.

ജീവിതലാളിത്യം എല്ലാ തലങ്ങളിലും അദ്ദേഹം പാലിച്ചുപോന്നിരുന്നു. ആത്മാർത്ഥതയുള്ളതുകൊണ്ട്, ജീവിത ലാളിത്യം ഉള്ളതുകൊണ്ട്, നിഷ്കളങ്കത ഉള്ളതുകൊണ്ട് എപ്പോഴും വലിയ ആതിഥ്യമര്യാദ അദ്ദേഹം പാലിച്ചുപോന്നു. പലപ്പോഴും അദ്ദേഹത്തെ മുവാറ്റുപുഴ അരമനയിൽച്ചെന്ന് സന്ദർശിക്കുവാൻ ഇടയായിട്ടുണ്ട്. ആ അവസരങ്ങളിലൊക്കെ അദ്ദേഹം കാണിച്ച സ്നേഹം ഇപ്പോഴും എന്റെ മനസ്സിൽക്കൂടി കടന്നു പോവുകയാണ്. ഇക്കഴിഞ്ഞ 28 വർഷങ്ങൾക്കുള്ളിൽ സഭാസംബന്ധമായ പല കാര്യങ്ങളും അദ്ദേഹവുമായി സംസാരിക്കുവാൻ ഇടവന്നിട്ടുണ്ട്. യാക്കോബായ സഭയിലെ വൈദികർക്ക് ഉന്നത വിദ്യാഭ്യാസം ഉണ്ടാകണമെന്ന് അദ്ദേഹം വളരെയധികം ആഗ്രഹിച്ചിരുന്നു. അതിനായി കത്തോലിക്കാ സെമിനാരികളിലും സർവകലാശാലകളിലും അവരെ അയയ്ക്കുന്നതിന് അദ്ദേഹം മടികാണിച്ചിരുന്നില്ല.

അതുപോലെതന്നെ അപ്പോസ്തലികസംഘത്തിന്റെ തലവനായി പത്രോസ് ശ്ലീഹായെ ദർശിച്ചിരുന്ന അദ്ദേഹം സുറിയാനി പാരമ്പര്യങ്ങളിൽ വളരെയധികം വിശ്വസിച്ചിരുന്നു. പരിശുദ്ധ കാതോലിക്കബാവയും പ.പാത്രിയർക്കീസ് ബാവയോടൊത്ത് വത്തിക്കാനിൽ എത്തിയതുമൂലമാണ് കത്തോലിക്കസഭയും യാക്കോബായ സഭയും കൂടുതൽ അടുത്തു പ്രവർത്തിക്കുവാൻ സാഹചര്യമുണ്ടായത്. കത്തോലിക്കാസഭയും യാക്കോബായസഭയും തമ്മിൽ വിവാഹങ്ങൾ സംബന്ധിച്ചുണ്ടാക്കിയ തീരുമാനങ്ങൾ എടുക്കുന്നതിനും എടുത്ത തീരുമാനങ്ങൾ നടപ്പാക്കുന്നതിനും പ. കാതോലിക്കബാവ തിരുമേനി വളരെയധികം ഔത്സുക്യം കാണിച്ചിരുന്നു. ഈ രണ്ടു സഭകളും പാരമ്പര്യത്തിൽ ഒന്നാണെന്നും സഭയുടെ തലവനായി വിശുദ്ധ പത്രോസിനെ കാണുന്നുണ്ടെന്നതും കേരളത്തിലെ സഭകൾ ഒന്നായിരുന്നതുകൊണ്ട് ഒന്നിച്ചു പ്രവർത്തിക്കുന്നതിനു സാധ്യതകൾ വളരെയുണ്ടെന്നും തിരുമേനി വിശ്വസിച്ചിരുന്നു. അങ്ങനെ യാക്കോബായ സഭയും കത്തോലിക്കാസഭയും തമ്മിലുള്ള ബന്ധം വളർത്തുവാൻ ബാവതിരുമേനി വലിയ ഒരു പാലംപണിക്കാരനായിരിക്കുകയായിരുന്നു. അങ്ങനെ അദ്ദേഹം എക്യുമെനിക്കൽ രംഗങ്ങളിൽ നല്കിയ വലിയ സംഭാവനകളെ ഞാൻ ഇവിടെ അനുസ്മരിക്കുകയാണ്.

മാമോദീസാ സ്വീകരിക്കുന്ന നാം എല്ലാവരും വലിയൊരു തീർത്ഥാടനം അതോടുകൂടി ആരംഭിക്കുകയാണ്. വിശുദ്ധഗ്രന്ഥം വായിച്ചുകൊണ്ടും പരിശുദ്ധ കൂദാശകൾ സ്വീകരിച്ചുകൊണ്ടും വിശുദ്ധമാതാവിനോടും വിശുദ്ധരോടും പ്രാർത്ഥിച്ചുകൊണ്ടും നാം ഈ സുദീർഘമായ വിശുദ്ധ തീർത്ഥാടനം നടത്തുകയാണ്. എപ്പോഴാണ്, എങ്ങനെയാണ്, എവിടെവച്ചാണ് ഇത് അവസാനിക്കുക എന്ന് നമുക്കറിഞ്ഞുകൂടാ. 84 വർഷത്തോളം ഭൂമിയിൽ ജീവിച്ച് ദൈവത്തെ ആരാധിച്ച്, ദൈവത്തിന്റെ സുവിശേഷം മറ്റുള്ളവർക്കു പകർന്നുകൊണ്ട് കടന്നുപോയ ബസേലിയോസ് പൗലോസ് II ബാവയെ ബഹുമാനത്തോടും സ്നേഹത്തോടും ആദരവോടുംകൂടെ നമുക്ക് അനുസ്മരിക്കാം. ദൈവം തന്റെ വിശുദ്ധന്മാർക്കു വാഗ്ദാനം ചെയ്തിട്ടുള്ള കണ്ണുകൾ കണ്ടിട്ടില്ലാത്തതും ചെവികൾ കേട്ടിട്ടില്ലാത്തും ഹൃദയം നിരൂപിച്ചിട്ടില്ലാത്തതുമായ വരങ്ങൾ ദൈവം തിരുമേനിക്കു നല്കട്ടെ എന്നു പ്രാർത്ഥിക്കാം.

പൗരസ്ത്യക്രിസ്ത്യാനികൾ തങ്ങളുടെ പരേതരായ മേല്പട്ടക്കാരെ പരിശുദ്ധരായാണ് പരിഗണിക്കുക. അതുകൊണ്ടാണ് പിതാക്കന്മാരുടെ ശവസംസ്കാര ശുശ്രൂഷകളിൽ അവർക്കുവേണ്ടി പ്രാർത്ഥിക്കുന്നതോടൊപ്പം അവരോടു പ്രാർത്ഥിക്കുന്ന പാരമ്പര്യവും ഉള്ളത്. ക്രൈസ്തവജീവിതത്തിന് മുഗ്ദ്ധമാതൃക നല്കിയ പരിശുദ്ധപിതാവായ ബാവതിരുമേനി നമുക്കുവേണ്ടി പ്രാർത്ഥിക്കുകയും സ്വർഗത്തിൽനിന്നും നമ്മെ അനുഗ്രഹിക്കുകയും ചെയ്യും. അദ്ദേഹത്തിന്റെ ആത്മാവിനു നിത്യശാന്തി ഞാൻ നേരുകയാണ്.

മാർത്തോമാ സഭയുടെ ബിഷപ്പ് ഗീവർഗീസ് മാർ അത്താനാസ്യോസ്

കേരളമാകെ ദുഃഖസാന്ദ്രമായ ഒരന്തരീക്ഷത്തിലാണ്. ശ്രേഷ്ഠ ബസേലിയോസ് പൗലോസ് ദ്വിതീയൻ ബാവയുടെ ദേഹവിയോഗത്തിൽ ദുഃഖിക്കുന്ന

എല്ലാവരോടും ചേർന്ന് മാർത്തോമാ സഭയുടെ അനുശോചനവും രേഖപ്പെടുത്തുന്നു. അഭിവന്ദ്യനായ ഗ്രിഗോറിയോസ് തിരുമേനി പ്രസാവിച്ചതുപോലെ പ്രതിസന്ധികളിൽ അക്ഷോഭ്യനായ ഭടനായിരുന്നു അദ്ദേഹം. ആരാണ് ഭടൻ? എന്താണ് ഭടൻ അളക്കുവാനുള്ള മാനദണ്ഡം? ഏതു കൊടിയ ദുഃഖവും തന്റെ സൗമ്യചിന്തയിൽ മധുരാനുഭൂതിയായി മാറുമായിരുന്നു. തന്റെ അഗ്നിപരീക്ഷകളിൽ കൊടിയ വേദനകൾ സൗമ്യസ്മരണകളിൽ സഹനമായി രൂപാന്തരം പ്രാപിക്കുമായിരുന്നു. ദുഃഖങ്ങൾ തന്നെ തകർക്കുമായിരുന്നില്ല. തന്നെ സമീപിക്കുന്നവർക്കു മനസ്സിന്റെ ഉള്ളറകൾ തുറന്ന് ആശ്വാസം പകരുവാൻ സാധിക്കുമായിരുന്നു. ബാവയുടെ ശക്തി അദ്ദേഹത്തിന്റെ ധാർമികാടിത്തറ ആയിരുന്നു. ജനഹൃദയങ്ങളിൽ ധർമ്മാഗ്നിയുടെ ജ്വാലയായി ജ്വലിച്ചുനില്ക്കുവാൻ അദ്ദേഹത്തിന് കഴിഞ്ഞിരുന്നു. ആദർശങ്ങൾ പ്രസംഗിച്ചുനടന്ന ബാവതിരുമേനി നമ്മുടെ ഇടയിൽ ആദർശമായി രൂപാന്തരപ്പെട്ടു ജീവിച്ചിരുന്നു. ഇസ്രായേൽ ചരിത്രത്തിൽ പ്രവാചകൻ തന്റെ അന്ത്യത്തിലേക്കു നിയോഗിക്കപ്പെടുന്നതായി വിവരിക്കുന്ന 2 രാജാക്കന്മാർ 13:14-ൽ പറയുംപോലെ തീവ്രമായ ദുഃഖത്തിൽ 'ഞങ്ങളുടെ പിതാവേ' എന്നു വിളിക്കുകയാണ്. തങ്ങളുടെ നാഥനും തേരാളിയുമായവനെ അവർ അനുസ്മരിക്കുന്നു. ഒരു സമൂഹത്തിന്റെ ശക്തി അതിന്റെ ധനത്തിലല്ല, പിന്നെയോ, ദൗത്യനിർവഹണത്തിലാണെന്നു വിശ്വസിച്ച ആളാണ് നമ്മെ വിട്ടുപോയിരിക്കുന്നത്. കർത്തൃമഹത്ത്വത്തിലേക്ക് ദൈവേഷ്ടപ്രകാരം ചേർക്കപ്പെട്ടിരിക്കുന്ന ബാവതിരുമേനിയുടെ സ്മരണയ്ക്കു മുമ്പിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു. നാലരപതിറ്റാണ്ടുമുമ്പ് പരിശുദ്ധാത്മാവ് തന്റെ ശക്തിയേറിയ ചൈതന്യത്തിലേക്കു പ്രവേശിപ്പിച്ച നാൾമുതൽ ദൈവികതേജസ് ഉൾക്കൊണ്ടു പ്രവർത്തിച്ച ആ മഹാത്മാവ്—കർത്തൃശബ്ദം കേട്ട് വാങ്ങിപ്പോയ ബാവയുടെ നല്ല സ്മരണകൾ നമ്മുടെ മുമ്പിൽ അവശേഷിപ്പിച്ചിരിക്കുന്നു. ആ ചൈതന്യധാരയിൽ നമുക്കും ചേരാം. ആ ശുശ്രൂഷയിൽ നമുക്കും പങ്കാളികളാവാം.

സി.എസ്.ഐ. ബിഷപ്പ് സാം മാത്യു

കാലംചെയ്ത ശ്രേഷ്ഠ കാതോലിക്കബാവയുടെ പാവനസ്മരണയ്ക്കു മുന്നിൽ ആദരാഞ്ജലികൾ അർപ്പിക്കുന്നു. സി.എസ്.ഐ. മധ്യകേരള മഹാ ഇടവകയുടെ ഒരു അഭ്യുദയകാംക്ഷിയും ഉറ്റമിത്രവും ആയിരുന്നു ബാവതിരുമേനി. അഭിവന്ദ്യ ബാവയുമായി ഒരു പ്രാവശ്യമെങ്കിലും കണ്ടുമുട്ടിയിട്ടുള്ള ഒരാൾക്കും അദ്ദേഹത്തെ ഒരിക്കലും മറക്കുവാൻ സാധിക്കുകയില്ല. എന്റെ ഒരനുഭവം ഞാൻ പകർത്തുകയാണ്. ഒരു വൈദികനായി ഞാൻ മഹാഇടവക സെക്രട്ടറിയായിരുന്നപ്പോൾ ഒരു ചടങ്ങിന് ക്ഷണിക്കുവാൻ മൂവാറ്റുപുഴയിൽ പോയി. മറ്റൊരു സ്നേഹിതനും ഉണ്ടായിരുന്നു. ബാവയെ കാണുവാൻ ചെന്ന ഒരു വൈദികൻ എന്ന നിലയിൽ എല്ലാ ഭവ്യതയോടും ഭയത്തോടുംകൂടിയാണ് മുറിയിലേക്കു ചെന്നത്. ഞങ്ങൾ രണ്ട് അപരിചിതരെ കണ്ടുകഴിഞ്ഞപ്പോൾ ആ മഹാപുരോഹിതൻ തന്റെ സ്ഥാനത്തുനിന്നും എഴുന്നേറ്റ് ഞങ്ങളെ സ്വീകരിച്ച് കൂടെ ഇരുത്തി. ബാവതിരുമേനിയുടെ മുന്നിൽ എങ്ങനെ ഇരിക്കും എന്നു സംശയിച്ച് ഞങ്ങൾ അവിടെ നില്ക്കുകയായിരുന്നു. അദ്ദേഹമാകട്ടെ നിർബന്ധിച്ച് ഞങ്ങളെ ഇരുത്തിയതിനുശേഷം മാത്രമാണ് അദ്ദേഹം സ്വന്തം ഇരിപ്പിടത്തിൽ ഇരുന്നത്. അല്പസമയം സംസാരിച്ചു കഴിഞ്ഞശേഷം അദ്ദേഹം എഴുന്നേറ്റ് മുറിയിലേക്കു പോയി. അല്പസമയം കഴിഞ്ഞ് സ്വയം തയ്യാറാക്കിയ രണ്ടു കപ്പ് ചായയുമായി ഞങ്ങളുടെ സമീപത്തേക്കു വന്ന് ഞങ്ങൾക്കു തന്നു. ഇത്ര മഹാനായ അദ്ദേഹം അപരിചിതരായ ഞങ്ങളോടു കാണിച്ച വാത്സല്യവും സ്നേഹവും വിനയവും ഹൃദയത്തിന്റെ അടിത്തട്ടിൽ നിന്നും വന്നതാണ്. അദ്ദേഹം കാലംചെയ്തശേഷം ഭൗതികശരീരം കാണുവാൻ പോയപ്പോൾ എന്റെ മനസ്സിൽ തോന്നിയത് ഇതാണ്. സൗമ്യത ഉള്ളവർ ഭാഗ്യവാന്മാർ. സൗമ്യതയുടെയും വിനയത്തിന്റെയും താഴ്മയുടെയും മകുടോദാഹരണമായിരുന്നു കാലംചെയ്ത ബാവതിരുമേനി. അദ്ദേഹം നമ്മുടെ എല്ലാം ഹൃദയങ്ങളിൽ ഇന്നും ജീവിക്കുന്നു. അദ്ദേഹത്തിന്റെ ജീവിതം, വിനയം, പ്രാർത്ഥന, ലാളിത്യം എന്നിവയെല്ലാം നമുക്ക് ഒരു മാതൃകയും പ്രേരണയും ആയിരിക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു. അദ്ദേഹത്തിന്റെ വിയോഗത്തിൽ ദുഃഖിക്കുന്ന സഭാംഗങ്ങൾക്കെല്ലാം ദൈവം ആശ്വാസം നല്കട്ടെ.

ശ്രീ. റ്റി.കെ. രാമകൃഷ്ണൻ (സാംസ്കാരിക വകുപ്പുമന്ത്രി)

ശ്രേഷ്ഠ കാതോലിക്കബാവയുടെ ദേഹവിയോഗത്തിൽ അനുശോചനം രേഖപ്പെടുത്തുവാൻ ചേരുന്ന യോഗത്തിൽ നേരിട്ടുവന്നു പങ്കെടുക്കണമെന്ന് ആഗ്രഹിച്ചുവെങ്കിലും അവിചാരിതമായ കാരണങ്ങളാൽ അതിനു സാധിക്കാതെ വന്ന കാര്യം ആദ്യം അറിയിക്കട്ടെ. അരനൂറ്റാണ്ടു കാലമായി എനിക്ക് നേരിട്ടറിയാവുന്ന ഒരു

വ്യക്തിയാണ് കാലംചെയ്ത ശ്രേഷ്ഠ കാതോലിക്കബാവ. സ്നേഹവും വിനയവും ലാളിത്യവും മനുഷ്യസ്നേഹവും കൊണ്ട് ശ്രദ്ധേയമായിരുന്ന ഒരു പ്രകാശഗോപുരമായിരുന്നു അദ്ദേഹം. സംസ്കൃതത്തിലും സുറിയാനിയിലും പാണ്ഡിത്യമുണ്ടായിരുന്ന ബാവ ബൈബിളിലും ഗീതയിലും വിജ്ഞാനിയായിരുന്നു. എന്നോടു സംസാരിക്കുമ്പോൾ പലപ്പോഴും അദ്ദേഹം സംസ്കൃതശ്ലോകങ്ങൾ ഉദ്ധരിക്കുമായിരുന്നു. സഭാംഗങ്ങൾ മാത്രമല്ല, എല്ലാ വിഭാഗം ജനങ്ങളും ശ്രേഷ്ഠ ബാവയുടെ വിനയത്തെയും പ്രാർത്ഥനാജീവിതത്തെയും ആദരപൂർവമാണ് വീക്ഷിച്ചിരുന്നത്. നിയമത്തെക്കാൾ വാത്സല്യത്തിനായിരുന്നു ബാവ മുൻതൂക്കം കൊടുത്തിരുന്നത്. നയതന്ത്രജ്ഞതയെക്കാൾ സ്നേഹത്തിലും ത്യാഗത്തിലും അടിയുറച്ച ജീവിതം അദ്ദേഹം നയിച്ചു. ഒച്ചപ്പാടില്ലാത്ത ജീവിതശൈലിയിലൂടെ സഭയ്ക്ക് ബഹുമുഖമായ ഉയർച്ച നേടിക്കൊടുത്തു. സഭയിൽ ശാശ്വത സമാധാനം ഉണ്ടാകണം എന്നായിരുന്നു അദ്ദേഹത്തിന്റെ ആഗ്രഹം. സുപ്രീംകോടതിവിധിക്കുശേഷം ഞങ്ങൾ കണ്ടപ്പോൾ സുപ്രീംകോടതിവിധി അനുസരിച്ചുള്ള സമാധാനം ഉണ്ടാകുവാൻ ആഗ്രഹിക്കുന്നു എന്നദ്ദേഹം പറഞ്ഞു. അനുരഞ്ജനത്തിന്റെ പാതയിൽ നീങ്ങുവാൻ ആ ശ്രേഷ്ഠസ്മരണ മുഖാന്തരമാകട്ടെ എന്നു പ്രാർത്ഥിക്കുന്നു.

ശ്രീ. എം. വിജയകുമാർ (കേരള നിയമസഭാ സ്പീക്കർ)

മലങ്കര യാക്കോബായ സുറിയാനി സഭയുടെ പ്രധാന മേലധ്യക്ഷൻ ശ്രേഷ്ഠ ബസേലിയോസ് പൗലോസ് ദ്വിതീയൻ ബാവയുടെ ദേഹവിയോഗത്തിൽ ഞാൻ അതിയായ ദുഃഖം രേഖപ്പെടുത്തുന്നു. ആത്മീയജീവിതത്തിന്റെ തിരക്കിനിടയിലും തന്നെ സമീപിക്കുന്ന അശരണർക്കു സഹായം നീട്ടിക്കൊടുത്തിരുന്ന അദ്ദേഹം നാനാജാതി മതസ്ഥരുടെ സ്നേഹാദരവുകൾ പിടിച്ചുപറ്റിയിരുന്ന ധന്യാത്മാവ് ആയിരുന്നു. അദ്ദേഹത്തിന്റെ ആത്മാവിനു നിത്യശാന്തി നേരുന്നു.

ശ്രീ. പി.എച്ച്. കുര്യൻ (കോട്ടയം ജില്ലാകലക്ടർ)

ശ്രേഷ്ഠ കാതോലിക്ക ബാവയുടെ ദേഹവിയോഗത്തിൽ അനുശോചനം രേഖപ്പെടുത്തുകയും ആത്മശാന്തിക്കായി പ്രാർത്ഥിക്കുകയും ചെയ്യുന്നു.

ശ്രീ. കെ.എം. മാത്യു (ചീഫ് എഡിറ്റർ, മലയാള മനോരമ)

മലങ്കര യാക്കോബായ സുറിയാനി സഭയുടെ അനിഷേധ്യനേതാവും പ്രധാന മേലധ്യക്ഷനുമായിരുന്ന ശ്രേഷ്ഠ കാതോലിക്കബാവ യാക്കോബായ സഭ നേരിട്ട പ്രധാന പ്രതിസന്ധികളിൽ എല്ലാം സമർത്ഥമായ നേതൃത്വം നല്കിയിരുന്നു. ശ്രേഷ്ഠ കാതോലിക്ക ബാവയുടെ വിയോഗം കേരളത്തിലുണ്ടാക്കിയ ചലനം അദ്ദേഹത്തിന്റെ വ്യക്തിപ്രഭാവത്തിന്റെ മകുടോദാഹരണമായി ഞാൻ കാണുന്നു. വ്യക്തിപ്രഭാവം എന്നു പറയുമ്പോൾ ഓരോ വ്യക്തിക്കും തനേറതായ കാരണങ്ങൾക്കൊണ്ട് വ്യക്തിപ്രഭാവം ഉണ്ടാകും. ബാവയുടെ വ്യക്തിപ്രഭാവം തികച്ചും വ്യത്യസ്തമായിരുന്നു. ലാളിത്യവും സ്നേഹവും താഴ്മയും അരമനയിൽ എത്തുന്ന ചെറിയവരെയും വലിയവരെയും കൂടെയിരുത്തി സൽക്കരിക്കുവാനുമുള്ള വിശാലതയും ഒരു സഭാമേലധ്യക്ഷനു സാധാരണ സാധിക്കാറില്ല. എന്നാൽ ബാവയ്ക്ക് അതിനു കഴിയുമായിരുന്നു. 60-ാം ജന്മദിനാവസരം ആഘോഷങ്ങൾക്കു പകരം സാധുജനോപകാരമായ വിധത്തിൽ ആചരിക്കുവാനാണ് ബാവ നിർദേശിച്ചത്. 75-ാം ജന്മദിനാവസരത്തിൽ മനോരമയ്ക്കു നല്കിയ ഒരഭിമുഖത്തിൽ കക്ഷിഭിന്നത അവസാനിപ്പിക്കുവാൻ സാധിക്കണം എന്നദ്ദേഹം പറഞ്ഞു. ഇന്ന് നമുക്ക് അതിനു സാധിക്കണം.

ശ്രീ. പി.സി. ചാക്കോ എം.പി.

ആകമാന സുറിയാനിസഭയുടെ അവിഭാജ്യഘടകമായ മലങ്കര യാക്കോബായ സുറിയാനിസഭയുടെ പ്രാദേശികാധ്യക്ഷനായ ശ്രേഷ്ഠ കാതോലിക്ക ബാവയുടെ വിയോഗത്തിൽ അനുശോചനം രേഖപ്പെടുത്തുവാൻ കൂടിയിരിക്കുന്ന ഈ സന്ദർഭത്തിൽ പ. പത്രോസിന്റെ ശ്ലൈഹികമേലധ്യക്ഷതയുമായുള്ള ബന്ധം ജീവിതസപര്യയായി മാറ്റിയ സഭാധ്യക്ഷന്റെ വിയോഗം സഭയിൽ ഉണ്ടാക്കിയ നഷ്ടം പരിഹരിക്കുവാൻ സർവശക്തൻ ഇടയാക്കട്ടെ എന്നു പ്രാർത്ഥിക്കുന്നു. കഴിഞ്ഞ കുറെ ദിവസങ്ങളായി പത്ര-മാധ്യമങ്ങളിൽ വന്ന ജനനേതാക്കളുടെ പ്രതികരണത്തിൽ വന്ന ഒരു സത്യം വ്യക്തമാക്കുന്നത് ശ്രേഷ്ഠ പിതാവിന്റെ വ്യക്തിത്വത്തിന്റെ സവിശേഷതയാണ്. ഭാരതീയ ഋഷിവര്യന്മാരുടെ പരമ്പരയിലെ ഒരു

കണ്ണിയായിരുന്നു വന്ദ്യപിതാവ്. ലളിതമായ ജീവിതവും ഉയർന്നചിന്തയും ആഴമായ വായനയും പിതാവിന്റെ സവിശേഷതയായിരുന്നു. നാലു പതിറ്റാണ്ടു നീണ്ടുനിന്ന പിതാവിന്റെ സഭാജീവിതം പ്രയാസ നിർഭരമായിരുന്നു. ക്ലേശവും പ്രയാസവും ത്യാഗവും നിറഞ്ഞതായിരുന്നു ആ ജീവിതം. ആ ത്യാഗജീവിതം വിശ്വാസികളുടെ ഹൃദയത്തിൽ പച്ചയായി എന്നും നിലനില്ക്കും. വ്യക്തിപരമായ ദുഃഖം എന്റെ വാക്കുകളെ തടയുന്ന നിമിഷമാണിത്. അദ്ദേഹത്തിന്റെ കൈകളാൽ ജ്ഞാനസ്നാനം ചെയ്യപ്പെടുവാനും അദ്ദേഹത്തിന്റെ കാർമികത്വത്തിൽ വിവാഹിതനാകുവാനും ജീവിത മുഹൂർത്തങ്ങളിൽ ഓടിയെത്തി ആ കാലടികളിൽനിന്നും അനുഗ്രഹം പ്രാപിക്കുവാനും എനിക്കു സാധിച്ചിട്ടുണ്ട്. ആ അനുഗ്രഹങ്ങൾ ഒക്കെ വരദായകമായ ഒരു ശക്തിപ്രവാഹമായി അനുഭവിക്കുവാൻ എനിക്കു സാധിച്ചിട്ടുണ്ട്. സഭാസമാധാനത്തിനുവേണ്ടി സ്വന്തം സ്ഥാനമാനങ്ങൾ ഉപേക്ഷിക്കുവാൻ സന്നദ്ധനായ ത്യാഗിവര്യനായിരുന്നു ബാവ. സ്വയം ബലിവസ്തുവാണെന്നു മനസ്സിലാക്കിയ ഇസഹാക്കിനെപ്പോലെ ബലിവസ്തുവാകുവാനും അദ്ദേഹം സന്നദ്ധനായിരുന്നു. എന്നാൽ ജനലക്ഷങ്ങളുടെ അടിസ്ഥാനവിശ്വാസത്തിനുവേണ്ടി ത്യാഗപൂർണമായ നേതൃത്വം നല്കുവാനും പിതാവിനു സാധിച്ചു. കീറിത്തയ്ച്ച കുപ്പായമിട്ട് മലേക്കുരിശിലും പിറമാടത്തും സസ്യലതാദികളോട് സംസാരിച്ചും പ്രാർത്ഥനാജീവിതം നയിച്ച പിതാവിന് കേരളത്തിലെ ലക്ഷോപലക്ഷം അന്യോഖ്യാവിശ്വാസികളുടെ പ്രാർത്ഥന എന്നും ആത്മശാന്തിക്കായി ഉണ്ടാകും എന്നത് ഉറപ്പാണ്. എന്റെ ബാല്യകാലസ്മരണകളിൽ തുടങ്ങുന്ന പൗലൂസ് അച്ചന്റെയും പിന്നീട് പീലക്സിനോസ് തിരുമേനിയുടെയും പൗലോസ് ദ്വിതീയൻ ബാവയുടെയും സേവനമുഖങ്ങൾ എനിക്കെന്നപോലെ ജനലക്ഷങ്ങളുടെ ആത്മീയജീവിതമാതൃകയും പ്രേരണയുമായി ഭവിക്കുന്നു എന്ന് ഉറപ്പാണ്.

ശ്രീ. ഉമ്മൻചാണ്ടി എം.എൽ.എ.

പരിശുദ്ധ കാതോലിക്കബാവ തിരുമേനി എല്ലാ വിഭാഗം ജനങ്ങളുടെയും സ്നേഹബഹുമാനാദരവുകൾ നേടിയ മഹാനായിരുന്നു. ഉറച്ചവിശ്വാസം, സ്നേഹനിർഭരമായ സാമീപ്യം, ലാളിത്യം അങ്ങനെ നീണ്ടുപോകുന്നു ബാവയുടെ സവിശേഷതകൾ. എന്റെ ജീവിതത്തിൽ ഒരിക്കലും മറക്കുവാനാവാത്ത ഒരു സംഭവം ഉണ്ട്. ഞാൻ ആഭ്യന്തരവകുപ്പ് ചുമതല വഹിച്ചിരുന്ന കാലം—പ. പാത്രിയർക്കീസ്ബാവയുടെ മലങ്കരസഭാ സന്ദർശനകാലയളവിൽ വളരെ സങ്കീർണമായ രാഷ്ട്രീയസമരങ്ങൾ ഒക്കെ നടക്കുന്ന കാലമാണ്. ബാവയുടെ സന്ദർശനം സംബന്ധിച്ച് എന്തെങ്കിലും പ്രശ്നങ്ങൾ ഉണ്ടാകുമോ എന്ന് സംശയിച്ച ഒരു ഘട്ടത്തിൽ ഞാൻ മൂവാറ്റുപുഴയിൽ പോയി ബാവയെ കണ്ടു. വളരെ ഭാരപ്പെട്ട മനസ്സുമായി അവിടെ ചെന്ന ഞാൻ തികഞ്ഞ സംതൃപ്തിയോടെ അവിടെനിന്നും പോന്നു. പ. പാത്രിയർക്കീസ് ബാവയുടെ സന്ദർശനം ഏറ്റവും വിജയകരമാക്കുവാൻ സാധിച്ചത് പ. കാതോലിക്കബാവയുടെ സമർത്ഥമായ നേതൃത്വമായിരുന്നു. ശ്രേഷ്ഠ ബാവയുടെ ഓർമ നമുക്കു ശക്തിയും അനുഗ്രഹവും ആയിത്തീരട്ടെ എന്ന് ആശംസിക്കുന്നു.

ശ്രീ. പി.പി. തങ്കച്ചൻ എം.എൽ.എ.

കാലംചെയ്ത ബാവതിരുമേനിയുമായി എനിക്കുള്ള ബന്ധം ഒരു കുടുംബബന്ധം ആണെന്നാണ് എനിക്കു സൂചിപ്പിക്കുവാനുള്ളത്. അദ്ദേഹത്തിന്റെ പിതാവ് ഒരു വലിയ സുറിയാനി പണ്ഡിതനായിരുന്നു. ആ കാലത്ത് സുറിയാനി പഠിക്കുവാൻ ആഗ്രഹിക്കുന്ന ശെമ്മാശന്മാർ ഇതുപോലുള്ള പണ്ഡിതന്മാരുടെ വീടുകളിൽ താമസിച്ചാണ് പഠിച്ചിരുന്നത്. എന്റെ പിതാവ് അച്ചനായിരുന്നപ്പോൾ ബാവയുടെ ഇടവകപ്പള്ളിയായ ചെറായിലും മറ്റും ആഴ്ചകൾ താമസിച്ചിട്ടുള്ള സ്മരണകൾ എന്നിലുണ്ട്. കാലംചെയ്ത ബാവയുടെ ഏറ്റവും വലിയ സവിശേഷത പറയുന്നതുപോലെ പ്രവർത്തിക്കുന്ന വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു എന്നതാണ്... പിറമാടം ദയറയുടെ സവിശേഷത ഒരു പഴയ കെട്ടിടവും പരിമിതമായ സൗകര്യവും ഭക്ഷണരീതിയും ഒക്കെ ആയിരുന്നു. ആ ലാളിത്യം അനുകരിക്കുവാൻ നമുക്കും സാധിക്കണം. അദ്ദേഹം കാണിച്ചുതന്ന വിശ്വാസത്തിൽ മുറുകെ പിടിക്കുവാൻ കഴിയണം. അദ്ദേഹം കാണിച്ചുതന്ന വിശ്വാസ മാർഗത്തിൽ മുന്നേറുവാൻ നമുക്കു പ്രതിജ്ഞ എടുക്കാം.

ശ്രീ. റ്റി.എം. ജേക്കബ് എം.എൽ.എ.

ശ്രേഷ്ഠ ബാവയുടെ സ്മരണയ്ക്ക് ആദരാഞ്ജലികൾ അർപ്പിച്ച് വ്യക്തിപരമായി സംസാരിക്കുവാൻ എനിക്കു വളരെയധികമുണ്ട്. അദ്ദേഹം എനിക്കു സഭാധ്യക്ഷൻ മാത്രമല്ല കുടുംബനാഥൻകൂടിയായിരുന്നു. എന്റെ സന്തോഷത്തിലും ദുഃഖത്തിലും ബാവ പങ്കെടുത്തിട്ടുണ്ട്. സെപ്തംബർ 1-ാം തീയതി രാവിലെ പിറമാടം പള്ളിയിൽ ചെന്നപ്പോൾ ബാവയ്ക്കു സുഖമില്ലെന്നറിഞ്ഞ് ദയറയിൽ ചെന്നു ബാവ വളരെ അസ്വസ്ഥനായിരുന്നു. വളരെ നിർബന്ധിച്ച് എന്നെ

കട്ടിലിൽ കൂടെ ഇരുത്തി. എനിക്കു ശ്വാസംമുട്ടലാണ് എന്നു പറഞ്ഞു. ഡോക്ടറെ കാണാം എന്ന് പറഞ്ഞ ശെമ്മാശനോടു ദേഷ്യപ്പെട്ട് "മരുന്ന് ആവശ്യമില്ല, ഈ മരുന്നാണ് പ്രശ്നം" എന്നൊക്കെ പറഞ്ഞു. ബാവയോടൊപ്പം അന്ത്യനിമിഷങ്ങളിൽ ആ വലിയ പരിശുദ്ധന്റെ കൂടെനിന്നു ശുശ്രൂഷിക്കുവാൻ കഴിഞ്ഞത് ഭാഗ്യമായി ഞാൻ കരുതുന്നു. വിനയത്തിന്റെയും ലാളിത്യത്തിന്റെയും പ്രതീകമായിരുന്നു ബാവ.... ബാവ ഉള്ളപ്പോൾ ഞാൻ പലപ്പോഴും പിറമാടത്തു പോകാറുണ്ട്. എനിക്കു തോന്നുന്നത് മൂവാറ്റുപുഴയിൽ താമസിക്കുന്നതിനെക്കാൾ പിറമാടത്തു താമസിക്കുന്നതാണ് ബാവയ്ക്ക് താല്പര്യമെന്നാണ്. പിറമാടത്തിന്റെ ഗ്രാമീണാന്തരീക്ഷമായിരുന്നു ബാവ ഇഷ്ടപ്പെട്ടിരുന്നത്... കണ്ടനാട് ഭദ്രാസനത്തിലും പുറത്തും ബാവയ്ക്ക് ഈ കുടുംബബന്ധം ഉണ്ടായിരുന്നു... ഞാൻ വിദ്യാഭ്യാസ മന്ത്രിയായിരിക്കുമ്പോൾ ഓഫീസിൽ ഇരിക്കുമ്പോൾ രാത്രി 9 മണിക്ക് എന്റെ ഭാര്യ വിളിച്ചു പറഞ്ഞു. ബാവ വീട്ടിൽ എത്തിയിട്ടുണ്ട് എന്ന്. ഞാൻ ചെല്ലുമ്പോൾ ബാവയോടു പറഞ്ഞു. എന്നെ ഒന്നു ഫോണിൽ വിളിച്ചാൽ ഞാൻ അരമനയിൽ എത്തുമായിരുന്നല്ലോ എന്ന്. വളരെ ചെറിയ ഒരു കാര്യമായിരുന്നു അത്. അതിനുപോലും ആരെയും ബുദ്ധിമുട്ടിക്കാൻ ബാവ തയ്യാറല്ല എന്നതാണ്. ബാവായുടെ അന്ത്യനിമിഷം മുതൽ കബറടക്കംവരെ കൂടെനിന്ന വ്യക്തി എന്ന നിലയിൽ അവിടെ തടിച്ചുകൂടിയ ജനലക്ഷങ്ങൾ ബാവയുടെ വ്യക്തിത്വത്തിന്റെ സ്വാധീനം എത്രമാത്രമാണെന്നു തെളിയിച്ചു. എന്റെ ജീവിതത്തിൽ ഇത്രയും ജനങ്ങൾ തടിച്ചുകൂടിയ ഒരു ശവസംസ്കാര ശുശ്രൂഷയിൽ ഞാൻ പങ്കെടുത്തിട്ടില്ല.

തോമസ് മോർ ദിവന്നാസ്യോസ് മെത്രാപ്പോലീത്ത

1952-ൽ ബാവതിരുമേനി പ്രധാനാചാര്യനായി കണ്ടനാട്ടു വരുമ്പോൾ സഭീകരണത്തിനുള്ള ചുമതല 22 വയസ്സുള്ള എന്നിലും നിക്ഷിപ്തമായിരുന്നു. തുടർന്ന് അദ്ദേഹം മലേക്കുരിശിൽ താമസിച്ച നാളുകളിൽ അദ്ദേഹത്തോടൊപ്പം രാത്രികളിൽ ഞാനും അവിടെ താമസിച്ചിരുന്നു. പോസ്റ്റൽ ഡിപ്പാർട്ടുമെന്ററിൽ എനിക്കുണ്ടായിരുന്ന ഒരു ചെറിയ ജോലിതീർത്ത് സന്യാസജീവിതം ലക്ഷ്യമാക്കിയതിനാലാണ് മലേക്കുരിശിലേക്ക് എന്റെ മാതാപിതാക്കൾ എന്നെ അയച്ചത്. 1954-ൽ ബാവ പിറമാടം ദയറയുടെ ചുമതല ഏറ്റപ്പോൾ പിറമാടത്തേക്ക് കൂടെ പോകുവാൻ എന്നെ വിളിച്ചു. ഞാൻ ജോലി രാജിവച്ച് കൂടെപ്പോയി. മൂന്നു വർഷം ഞാൻ അവിടെ താമസിച്ചു. റബർവച്ചു, കെട്ടിടങ്ങൾ നന്നാക്കിച്ച് പോന്നു. പിറകെ എനിക്കൊരു കല്പന അയച്ചു: ഒരു കാർ വാങ്ങിച്ചു. അതിന് ഒരു ഷെഡു പണിയിക്കണം എന്നു പറഞ്ഞു. വീണ്ടും പത്തു ദിവസം അവിടെ പോയി താമസിച്ചു. അതിനുശേഷം എന്നെ അദ്ദേഹം ശെമ്മാശനാക്കി. പിന്നീട് അദ്ദേഹത്തിന്റെ കീഴിൽ പള്ളികളിൽ ശുശ്രൂഷിച്ചു. 1974-ൽ ഞാൻ മെത്രാനായി. കോതമംഗലത്തു താഴത്തു പള്ളിയിൽ വന്നാൽ —ഞാൻ അവിടെ ഇല്ലെങ്കിൽ — കരോട്ടുപള്ളിയിൽവന്ന് അന്വേഷിക്കാതെ പോയിട്ടില്ല. ഒരു ശിഷ്യനെ അന്വേഷിച്ച് ഗുരു കരോട്ടേയ്ക്ക് വരേണ്ട ആവശ്യമില്ല. പക്ഷേ, ഈ യുഗത്തിൽ മലങ്കര സഭ കണ്ടിട്ടുള്ളതിൽ ബാവയെക്കാൾ പരിശുദ്ധനായ ഒരാൾ ഉണ്ടായിട്ടില്ല. ബാവയുടെ കബറടക്കത്തിന്റെ അന്ന് മലേക്കുരിശിൽ മാത്രം മഴ പെയ്തില്ല. 44 വർഷത്തെ ബന്ധവും അടുപ്പവും ഉടപ്പവുമാണ് ഞങ്ങൾ തമ്മിലുള്ളത്. ഞങ്ങൾ തമ്മിൽ വളരെ സുദൃഢമായ ബന്ധമാണുണ്ടായിരുന്നത്.

തോമസ് മോർ തീമോത്തിയോസ് മെത്രാപ്പോലീത്ത

അവസാനമായി ബാവതിരുമേനിയോടൊത്ത് പങ്കെടുത്ത മാനേജിംഗ് കമ്മറ്റി മീറ്റിങ്ങിൽ ബാവ പറയുകയുണ്ടായി "ചക്കരയ്ക്ക് എന്നെ വേണ്ടെങ്കിലും എനിക്കു ചക്കരയെ വേണം" എന്ന്. അതിന്റെ സാംഗത്യം ഇന്ന് എല്ലാവർക്കും മനസ്സിലായി. ആംഗലേയകവി വേർഡ്സ്വർത്ത് പറയുന്നു "Child is the father of man." ഇതിന് അനേകം വ്യാഖ്യാനങ്ങളുണ്ട്. ഈ സഭയുടെ ആധുനികശില്പി പൗലോസ് മോർ പീലക്സിനോസ് മെത്രാപ്പോലീത്ത ആണ്. മഹാരാഷ്ട്രയിലെ ഹരിജനവേനങ്ങളിൽ അംബേദ്കറെ ഈശ്വരനെപ്പോലെ ആദരിക്കുന്നതു കണ്ടിട്ടുണ്ട്. മഹാത്മജി നിര്യാണത്തിനുമുമ്പ് ഈദൃശ്യപ്രവർത്തനങ്ങളെ നിരുത്സാഹപ്പെടുത്തിയിട്ടുണ്ട്.... ശ്രേഷ്ഠ ബാവതിരുമേനിയാകുന്ന വടവൃക്ഷത്തിന്റെ ചുവട്ടിൽ അനേകം വൃക്ഷങ്ങൾ വളർന്നിട്ടുണ്ട്. ഉദയഗിരിയിൽ അദ്ദേഹം സ്ഥാപിച്ച സെമിനാരി അദ്ദേഹത്തിന്റെ ഓർമയുടെ നിദാനമായി നിലകൊള്ളും. ഈ സഭയ്ക്കു ചെയ്യാവുന്ന ഏറ്റവും വലിയ കാര്യം ഈ സഭയിലെ വിശ്വാസികൾക്കു നോക്കിക്കാണുവാൻ തക്കവണ്ണം ശ്രേഷ്ഠബാവ എന്നും നിലനില്ക്കണം എന്നുള്ളതാണ്. ഏതൊരാൾക്കും വിശ്വാസത്തിന്റെ മാറ്റുരച്ചു കാണാവുന്ന ഒരു കണ്ണാടി ആണ് ബാവതിരുമേനി.

ശ്രീ. പി.ജെ. ജോസഫ് (വിദ്യാഭ്യാസമന്ത്രി)

രണ്ടു മാസങ്ങൾക്കു മുമ്പ് കോതമംഗലത്തിന്റെ പരിസരത്തുകൂടിയ ഒരു യോഗത്തിൽ ബാവയോടൊപ്പം പങ്കെടുക്കുവാൻ അവസരമുണ്ടായി. വളരെ വാത്സല്യപൂർവവും സ്നേഹപൂർവവും ഞങ്ങളോട് ഇടപെട്ടത് ഇപ്പോഴും ഓർക്കുന്നു. ഒരു പിതാവ് എന്ന നിലയിൽ ഞങ്ങളെ കരുതിയിരുന്നു. ആധ്യാത്മിക നേതാക്കൾക്കു സമൂഹത്തിലുള്ള സ്ഥാനത്തിന്റെ മകുടോദാഹരണമാണ് കാലംചെയ്ത ബാവതിരുമേനി. വ്യക്തിജീവിതത്തിൽ പരിശുദ്ധിയുള്ളവരെ എല്ലാവരും ആദരിക്കും. പതിനായിരങ്ങൾക്കു മാതൃകയായിരുന്ന ബാവയുടെ ജീവിതം ധന്യമാണ്. മൂവാറ്റുപുഴയിൽ നടന്ന കബറടക്കശുശ്രൂഷയിൽ പങ്കെടുക്കുവാൻ കഴിഞ്ഞില്ല. എന്റെ ആദരവ് പ്രകടിപ്പിക്കുവാൻ ഈ വേദി ഉപയോഗിക്കുകയാണ്.

ഡോ. ഡി. ബാബുപോൾ ബർഈത്തോ ബ്രിറോ

ശ്രേഷ്ഠ ബാവ മഹാപ്രധാനാചാര്യനായിരുന്നു. അദ്ദേഹത്തെ അറിഞ്ഞ ഏവർക്കും അദ്ദേഹം ബഹുമാന്യനായിരുന്നു. പത്രങ്ങൾ മുഖപ്രസംഗങ്ങൾ എഴുതി പ. പാത്രിയർക്കീസ് ബാവ—ഇരുവരും തമ്മിലുള്ള ബന്ധങ്ങളെ പ്രകീർത്തിച്ച്—രണ്ടു പ്രാവശ്യം ദിവസങ്ങൾക്കുള്ളിൽ എഴുതി. ഇന്നലെ പ. പാത്രിയർക്കീസ് ബാവയുമായി സംസാരിച്ചപ്പോൾ ശ്രേഷ്ഠ ബാവയെക്കുറിച്ച് പറഞ്ഞപ്പോൾ അദ്ദേഹത്തിന്റെ കണ്ഠം ഇടറിയതുപോലെ തോന്നി. പ. പത്രോസിന്റെ പിൻഗാമിയായ ഇഗ്നാത്തിയോസ് എന്ന പാത്രിയർക്കീസിന്റെ കീഴിൽ ഇരിക്കുന്നവനാണ് യഥാർത്ഥ ബസേലിയോസ് എന്ന് അദ്ദേഹം വിശ്വസിച്ചു. ആ വിശ്വാസം തന്റെ ജീവിതത്തിൽ കാണിച്ചു. 1958-ൽ അദ്ദേഹത്തേക്കാൾ ഉയരവും ശക്തിയും ഒക്കെ ഉള്ള ആളുകൾ എടുത്തതിനേക്കാൾ വ്യത്യസ്തമായ നിലപാട് അദ്ദേഹം സ്വീകരിച്ചു. 1958-64 വരെ സ്വയം മരിക്കുവാൻ ഒരുവൻ തയ്യാറായി. അല്പത്തിൽ വിശ്വസ്തനായവന് പിന്നീട് അധികത്തിൽ വിശ്വസ്തത ലഭിച്ചു.

ഒന്നുമില്ലായ്മയിൽനിന്നും ആരംഭിച്ചത്... വളരെ ശക്തി പ്രാപിച്ചു. ശ്രേഷ്ഠ ബാവയ്ക്ക് ലഭിച്ച നിയോഗം, അന്ത്യോഖ്യാപാത്രിയർക്കീസിനെ വിട്ട് ഈ സഭയിൽ നില്ക്കുവാൻ സാധിക്കുകയില്ലെന്ന് ഇന്ത്യയിലെ പരമോന്നതന്യായപീഠത്തെക്കൊണ്ട് വിധിപ്പിക്കുവാൻ കഴിഞ്ഞു എന്നതാണ്. സുപ്രീംകോടതി വിധിയുടെ നിഗമനങ്ങളിൽ ഒന്ന് 'അന്ത്യോഖ്യാപാത്രിയർക്കീസ് അധ്യക്ഷനായുള്ള ആകമാന സുറിയാനി സഭയുടെ അവിഭാജ്യഘടകമാണ് 'മലങ്കരസഭ' എന്നാണ്. ഈ വിധി സമ്പാദിക്കുവാൻ സാധിച്ചത് ശ്രേഷ്ഠ ബാവയുടെ കാലത്താണ്. ബാവ സഹിച്ച ത്യാഗങ്ങളുടെ പ്രതിഫലമാണ് ഇന്നത്തെ സഭ. ഇന്ന് സഭയ്ക്ക് സെമിനാരിയുണ്ട്, ലോകസഭകളോട് കിടപിടിക്കാവുന്ന ദീപസ്തംഭങ്ങളായ മെത്രാപ്പോലീത്തമാരുണ്ട്, മിടുമിടുക്കന്മാരായ ചെറുപ്പക്കാർ പഠിച്ച് വൈദികരാകുവാൻ വരുന്നുണ്ട്. ലോകത്തിൽ ആദ്യമായി രൂപപ്പെട്ടു വരുന്ന പരിസ്ഥിതി ദൈവശാസ്ത്രത്തിൽ ഇംഗ്ലണ്ടിൽ പോയി ഡോക്ടറേറ്റ് എടുത്ത ഡോ. ജോർജ് മാത്യുവിനെപ്പോലുള്ളവർ ഉണ്ട്. കഴിഞ്ഞ വർഷങ്ങളിൽ ബാവയുടെ കീഴിൽ സഭ വളർന്നു വലുതായി. കോരിത്തരിപ്പിക്കുന്ന ഓർമകൾ അവശേഷിപ്പിച്ചാണ് ബാവ കടന്നുപോയിരിക്കുന്നത്. ശ്രേഷ്ഠ ബാവയുടെ ജീവിതത്തിലെ ഏറ്റവും വലിയ നേട്ടം മലങ്കരയും അന്ത്യോഖ്യായും ആയുള്ള ബന്ധത്തെ ഏവർക്കും ബോധ്യപ്പെടുത്തുവാൻ സാധിച്ചു എന്നതാണ്.

ദ് ജേർണൽ ഓഫ് ദ് കോട്ടയം ഡയോസിസ് ബോർഡ് അംഗങ്ങൾ

ബിബി ഏബ്രഹാം, വി.വി. മാത്യൂ (സർക്കുലേഷൻ), ഏബ്രഹാം ചാണ്ടി, വി.സി. ചാക്കോ, ഏബ്രഹാം വർഗ്ഗീസ്, തോമസ് ഇട്ടി, പി.ടി. ജോൺ, പി.വി. സ്ക്കറിയ, സണ്ണി പാറപ്പറമ്പിൽ (മേഖലാപ്രതിനിധികൾ), ഫാ. മാത്യൂസ് തുരുത്തേൽ, ഫാ. തോമസ് മറ്റത്തിൽ, കെ.കെ. മാണി, പ്രൊഫ. വർക്കി മാത്യൂ, അഡ്വ. റ്റി.സി. കുരുവിള, മേരി വിജയൻ (എഡിറ്റോറിയൽ ബോർഡ്), റ്റി.വി. ചാക്കോ, പി.വി. മാത്യൂ, റ്റി.വി. ജോർജ്ജ്, ഇ.ഐ. ചാണ്ടി, വി.റ്റി. ജോൺ, ഓമന ഏബ്രഹാം, എം.എം. മാണി, സണ്ണി ഫിലിപ്പ്സ്, പ്രൊഫ. റ്റി.സി. തോമസ്, കെ.സി. കുര്യൻ, ഉമ്മച്ചൻ വേങ്കടത്ത് (പ്രൊമോട്ടേഴ്സ്) ഭദ്രാസനത്തിലെ ആത്മിക സംഘടനാ സെക്രട്ടറിമാർ, ഫാ. ഗീവർഗീസ് ചട്ടത്തിൽ, ഫാ. മാത്രൂ പി. ഏലിയാസ്, വെരി റവ. വർഗീസ് ജോൺ കോർഎപ്പിസ്കോപ്പ, ഫാ. അലക്സ്, ഫാ. തോമസ് പതിയാക്കൽ, ഫാ. മാണി കല്ലാപ്പുറത്ത് എന്നീ വൈദികരും ജനറൽ കമ്മറ്റി അംഗങ്ങളായിരിക്കും.

പ്രമുഖ പത്രങ്ങളുടെ മുഖപ്രസംഗങ്ങൾ

[മലയാളം പത്രങ്ങളിൽ പലതും ശ്രേഷ്ഠ ബാവയുടെ ദേഹവിയോഗത്തിൽ അനുസ്മരണാമുഖപ്രസംഗങ്ങൾ എഴുതി. പരിശുദ്ധ പിതാവിനോടുള്ള മലയാളനാടിന്റെ സ്നേഹബഹുമാനാദരവുകളുടെ പ്രതീകമാണ് ഈ മുഖപ്രസംഗങ്ങൾ. സഭാംഗങ്ങളുടെ അറിവിനായും രേഖകളുടെ സംരക്ഷണത്തിനായും ഈ അനുസ്മരണാപ്പതിപ്പിൽ പ്രസിദ്ധീകരിക്കുന്നു.]

മാതൃഭൂമി

ധന്യാത്മാവ്

യാക്കോബായ സുറിയാനി സഭയുടെ പൗരസ്ത്യ കാതോലിക്കയും മലങ്കര മെത്രാപ്പോലീത്തയുമായ മോറാൻ മാർ ബസേലിയോസ് പൗലോസ് ദിതീയൻ ബാവയുടെ നിര്യാണം അപ്രതീക്ഷിതമായിരുന്നു. എൺപത്തിമൂന്നു വയസ്സായിരുന്നുവെങ്കിലും അദ്ദേഹത്തിന്റെ ദേഹവിയോഗം ആകസ്മികമായതുകൊണ്ട് അകാലികമായിട്ടേ വിശ്വാസികൾക്ക് അനുഭവപ്പെടുന്നുള്ളു. വിശ്വാസികൾക്കും സഭയ്ക്കും ദൈവത്തിനും വേണ്ടി അർപ്പിതമായിരുന്ന ആ മഹജ്ജീവിതം സമൂഹത്തിന് അത്ര വേഗം നഷ്ടപ്പെടാൻ വയ്യാത്ത സമ്പത്തായിരുന്നു. സഭൈനാഥനുവേണ്ട ശുദ്ധിയും ദൈവശാസ്ത്രജ്ഞനുവേണ്ട പാണ്ഡിത്യവും ഭരണാധിപനുവേണ്ട നൈപുണ്യവും ഒത്തിണങ്ങിയിരുന്ന ശ്രേഷ്ഠ കാതോലിക്ക നിത്യജീവിതത്തിൽ ലാളിത്യത്തിന്റെ പ്രതീകമായിരുന്നു. ഫലം നിറഞ്ഞ വൃക്ഷശിഖരം പോലെ, ജലം നിറഞ്ഞ കാർമേഘംപോലെ സദാ ഭൂമിയിലേക്ക്, ജനങ്ങളിലേക്ക്, താഴ്ന്നുനിന്നു ആ സമുന്നത ശിരസ്സ്. ഭൂമിയുടെ പച്ചപ്പിൽ ജീവന്റെ ചൈതന്യം ദർശിച്ച ആ പ്രകൃതിസ്നേഹിയുടെ മനസ്സിൽ ഓരോ നെന്മണിയെയും പൊന്മണിയായെണ്ണുന്നൊരു കർഷകനുണ്ടായിരുന്നു. സ്വന്തം കൈകൊണ്ട് ചായയുണ്ടാക്കി സന്ദർശകർക്കു കൊടുക്കുകയും അവരൊന്നിച്ചിരുന്ന് അത് ആസ്വദിക്കുകയും ചെയ്തിരുന്ന അദ്ദേഹം ഔപനിഷദാർഥത്തിൽ 'അതിഥിദേവൻ' തന്നെയായിരുന്നു. അനാഥയായൊരു പാവം സ്ത്രീയുടെ രണ്ടു ചില്ലിക്കാശിന് സമ്പന്നരുടെ പണക്കിഴികളെക്കാൾ വില കല്പിച്ച കർത്താവിന്റെ ആ സേവകന് ജീവിതം ധന്യമായനുഭവപ്പെട്ടത് ഉദയഗിരി സെമിനാരി സ്ഥാപിച്ചപ്പോഴോ കാതോലിക്ക അരമന നിർമിച്ചപ്പോഴോ അല്ല, അറുപതാം പിറന്നാൾ ദിവസം പാവപ്പെട്ട പന്ത്രണ്ടു പെൺകുട്ടികളുടെ വിവാഹം നടത്തിക്കൊടുക്കാൻ കഴിഞ്ഞപ്പോഴാണ്. ദൈവത്തിലൂടെ മനുഷ്യനെയും മനുഷ്യനിലൂടെ ദൈവത്തെയും സേവിച്ചൊരു ജീവിതത്തിന്റെ അന്ത്യം—അതൊരു തീരാനഷ്ടംതന്നെയാണ്.

മലങ്കരസഭയിൽ രണ്ടു കക്ഷികൾ തമ്മിൽ നിയമയുദ്ധം തുടങ്ങിയിട്ട് കാലം ഏറെയായി. സൂക്ഷ്മ വിശകലനത്തിൽ, അന്ത്യോഖ്യാസിംഹാസനവും മലങ്കര സഭയും തമ്മിലുള്ള ബന്ധത്തിന്റെ രൂപമാണ് ഈ കേസിനടിസ്ഥാനം എന്നു പറയാമെന്നു തോന്നുന്നു. മലങ്കരസഭ അന്ത്യോഖ്യാസഭയുടെ ഭാഗമാണെന്നും സഭയുടെ മേൽ ആത്മീയപരമാധികാരം പാത്രിയർക്കീസ് ബാവയ്ക്കാണെന്നും ഉറച്ചുവിശ്വസിക്കുകയും വാദിക്കുകയും ചെയ്യുന്ന ആളായിരുന്നു ശ്രേഷ്ഠ കാതോലിക്ക. 1958-ലുണ്ടായ സുപ്രീംകോടതി വിധിയനുസരിച്ച്, ഏതാണ്ടൊരു സമത്വത്തിന്റെ അടിസ്ഥാനത്തിൽ സഭയിൽ പുനരൈക്യമുണ്ടായെങ്കിലും ആ സമാധാനം നീണ്ടുനിന്നില്ല. യേശുക്രിസ്തു അപ്പോസ്തലികമായ അധികാരം വിശുദ്ധ പത്രോസിനു മാത്രമേ നല്കിയിട്ടുള്ളുവെന്നും ("പത്രോസേ, നീ പാറയാകുന്നു; നിന്റെ മേൽ ഞാൻ എന്റെ സൗധം പടുത്തുയർത്തും.") അദ്ദേഹത്തിന്റെ പേരിലുള്ള അന്ത്യോഖ്യാസിംഹാസനത്തിനേ സാധുതയുള്ളുവെന്നും വിശുദ്ധ തോമസിന്റെ പേരിൽ മറുപക്ഷക്കാർ അവകാശപ്പെടുന്ന പിന്തുടർച്ചയ്ക്ക് പ്രസക്തിയില്ലെന്നു

മുള്ള അടിസ്ഥാനവാദം പിന്നെയും പല രൂപത്തിൽ, പല കേസുകളായി പുറത്തു വന്നു. അന്ന് പൗലോസ് മോർ പീലക്സിനോസ് എന്ന പേരിൽ കണ്ടനാട് മെത്രാപ്പോലീത്തയായിരുന്ന ശ്രേഷ്ഠ കാതോലിക്കതന്നെയായിരുന്നു ബാവകക്ഷിക്കാരുടെ പ്രധാന വക്താവ്. അത് അദ്ദേഹത്തിന്റെ കക്ഷിമാത്സര്യത്തെയല്ല, വിശ്വാസദാർഢ്യത്തെയാണ് കാണിക്കുന്നതെന്ന് മറുഭാഗക്കാർപോലും സമ്മതിക്കുന്നുണ്ട്. അതങ്ങനെയല്ലാതെ വരുന്നതെങ്ങനെ? അന്ത്യോഖ്യാസിംഹാസനാനുയായി ആയി പ്രശസ്തനായൊരു പുരോഹിതന്റെ മകനായിട്ടാണ് ജനനം. കൂട്ടിക്കാലംമുതൽക്കേ പ്രാർഥനാനിരതമായിരുന്നു ജീവിതം. കൂട്ടിക്കളികളിലല്ല, പിതാവിനോടൊപ്പം ആരാധനകളിൽ പങ്കെടുക്കുന്നതിലായിരുന്നു താല്പര്യം. 19-ാം വയസ്സിൽ ശെമ്മാശപട്ടവും 24-ാം വയസ്സിൽ കശീശപ്പട്ടവും സ്വീകരിച്ചത് അന്ത്യോഖ്യാപ്രതിനിധി ഏലിയാസ് മോർ യ�ൂലിയോസ് ബാവയിൽനിന്നാണ്. അദ്ദേഹംതന്നെ പൗലോസച്ചനെ തന്റെ സെക്രട്ടറിയും മഞ്ഞനിക്കരദയറായിലെ മല്പാനുമാക്കി. 1952 ഒക്ടോബറിൽ പൗലോസ് മോർ പീലക്സിനോസ് എന്ന പേരിൽ, കണ്ടനാട് മെത്രാപ്പോലീത്തയായി വാഴിച്ചത് ഇഗ്നാത്തിയോസ് അപ്രേം പ്രഥമൻ പാത്രിയർക്കീസ് ബാവയാണ്. ഈ നിരന്തര സമ്പർക്കംമൂലം അന്ത്യോഖ്യാപാത്രിയാർക്കീസിൽനിന്ന് അകലുന്നൊരു ചിന്തപോലും അദ്ദേഹത്തിൽ ഉണ്ടായിട്ടില്ല. 1975-ൽ സഭ വീണ്ടും രണ്ടായി. സെപ്തംബർ 7-നു കിഴക്കിന്റെ കാതോലിക്കയായി പൗലോസ് മോർ പീലക്സിനോസ് മെത്രാപ്പോലീത്തയെ ബസേലിയോസ് പൗലോസ് ദ്വിതീയൻ എന്ന പേരിൽ, പരിശുദ്ധ ഇഗ്നാത്തിയോസ് യാക്കോബ് തൃതീയൻ പാത്രിയർക്കീസ് ബാവ ദമാസ്കസ്സിൽവെച്ച് വാഴിച്ചു. വിശ്വാസദാർഢ്യത്തിനു നല്കപ്പെട്ട അംഗീകാരമായിരുന്നു അത്. ആ നിലയ്ക്കുതന്നെയാണ്, അല്ലാതെ ഒരുന്നത സ്ഥാനലബ്ധിയായിട്ടല്ല ആ ദൈവദാസൻ പുതിയ പദവിയെ സവിനയം സ്വീകരിച്ചതും.

"അന്തകാലേ ച മാമേവ സ്മരൻ മുക്ത്വാ കളേബരം
യഃ പ്രയാതി സ മദ്ഭാവം യാതി നാസ്ത്യത്ര സംശയഃ"

എന്നൊരു ഗീതാവാക്യമുണ്ട്. അവസാനസമയത്ത് ഭഗവത്സ്മരണയോടെ ശരീരം വെടിഞ്ഞുപോകുന്ന ജീവൻ ഭഗവദ്ഭാവംതന്നെ പ്രാപിക്കുന്നു എന്നു സാരം. വിശ്വാസിയായ ആരും മതഭേദമെന്യേ ആഗ്രഹിക്കുന്നതാണ്, അവസാന നിമിഷം വരുന്നത് ദൈവചിന്തയോടെ ആകണമെന്ന്. ശ്രേഷ്ഠ കാതോലിക്കയ്ക്ക് ആ അപൂർവഭാഗ്യം കൈവന്നിരിക്കുന്നുവെന്ന് ഉറപ്പിച്ചുപറയാം. ദയറയിൽ ദിവ്യബലിയർപ്പിക്കാൻ പുറപ്പെടുമ്പോളാണ് ഹൃദ്രോഗം അദ്ദേഹത്തെ ബാധിച്ചത്. അതിന്റെ ഗൗരവം അദ്ദേഹത്തിനു മനസ്സിലാവുകയും ചെയ്തിരുന്നു. അതുകൊണ്ടാണ് പിന്നീട് താൻ പങ്കെടുക്കേണ്ട സെന്റ് ജോൺ പള്ളി പാരീഷ് ഹാളിന്റെ ഉദ്ഘാടനം താൻ ഇല്ലെങ്കിലും ഭംഗിയായി നടത്തണം എന്ന് ബന്ധപ്പെട്ടവർക്ക് അദ്ദേഹം നിർദേശം നല്കിയത്. 1952-ൽ ബിഷപ്പിന്റെ ചുമതലയേറ്റുകൊണ്ട് താൻ ആദ്യം എത്തുകയും ആറു കൊല്ലം പ്രവർത്തിക്കുകയും ചെയ്ത മലേക്കുരിശിലായിരിക്കണം തന്റെ അന്ത്യവിശ്രമം എന്നു നിർദേശിക്കുന്ന ഒസ്യത്ത് മൂന്നര മാസം മുമ്പ് മെയ് 17-ാം തീയതി എഴുതിവെച്ചപ്പോഴും ഒരുപക്ഷേ, അക്കാര്യം പറഞ്ഞുവെക്കേണ്ട സമയം അടുത്തുവരുന്നു എന്നദ്ദേഹത്തിനു തോന്നിയിരിക്കാം. യാക്കോബായ സഭയിലെ എല്ലാ പള്ളികളിലും എട്ടുനോമ്പാചരണത്തിനും ദൈവമാതാവിന്റെ ജനനപ്പെരുന്നാളിനും തുടക്കം കുറിക്കുന്ന ദിവസമായിരുന്നു ഞായറാഴ്ച. അന്ന് ആരാധനയ്ക്കായി പള്ളികളിൽ എത്തിയപ്പോഴാണ് ഭക്തജനങ്ങൾ സഭാനാഥന്റെ വിയോഗവാർത്ത അറിഞ്ഞത്. ശ്രേഷ്ഠ കാതോലിക്കയുടെ അന്ത്യനിമിഷങ്ങളിൽ അദ്ദേഹത്തിന്റെ മാത്രമല്ല, വിശ്വാസികളായ സഭാംഗങ്ങളുടെ മുഴുവൻ മനസ്സിൽ ദൈവസ്മരണയായിരുന്നുവെന്നു ചുരുക്കം. ഈ അറിവ്, ആ ധന്യാത്മാവിന്റെ വിയോഗം കൊണ്ട് ഭക്തജനഹൃദയങ്ങളിലുണ്ടായിട്ടുള്ള ചൂട് ഒട്ടെങ്കിലും ആറ്റാൻ സഹായകമാകട്ടെ. ആ പുണ്യപുരുഷന്റെ സ്മരണയ്ക്ക് ഞങ്ങളുടെ ശ്രദ്ധാഞ്ജലി.

വിശ്വാസധീരൻ
മിഖായേൽ മോർ ദീവന്നാസ്യോസ്
മെത്രാപ്പോലീത്ത
(ജീവചരിത്രം)
വില: 10 രൂപ
കോപ്പികൾക്കു ബന്ധപ്പെടുക : മോർ ജൂലിയോസ് ബുക്ക് സെന്റർ, സെ. ജോസഫ്സ് കത്തീഡ്രൽ കോട്ടയം

മലയാള മനോരമ

ശ്രേഷ്ഠ കാതോലിക്ക എന്ന പ്രകാശഗോപുരം

മലങ്കര യാക്കോബായ സുറിയാനിസഭയുടെ നിർണായകകാലഘട്ടത്തിൽ, സഭാംഗങ്ങൾക്കെല്ലാം വഴികാട്ടിയ പ്രകാശഗോപുരമായിരുന്നു ശ്രേഷ്ഠ കാതോലിക്ക ബസേലിയസ് പൗലോസ് ദിതീയൻ ബാവ. മെത്രാപ്പോലീത്ത ആയും സഭാധ്യക്ഷൻ എന്ന നിലയിലും യാക്കോബായ സഭയ്ക്കു ശ്രദ്ധേയമായ സംഭാവനകൾ നല്കിയ ശ്രേഷ്ഠ കാതോലിക്ക മറ്റു ക്രൈസ്തവവിഭാഗങ്ങളുടെയും അന്യമതസ്ഥരുടെയും സ്നേഹവും ആദരവും നേടിയിരുന്നു. ജനങ്ങൾക്കു ക്ഷേമവും ഐശ്വര്യവും ഉണ്ടാവണമെന്നതു തന്റെ ഏറ്റവും വലിയ പ്രാർഥനയായി കരുതിയ ശ്രേഷ്ഠ കാതോലിക്കയുടെ ദേഹവിയോഗം ക്രൈസ്തവ സമൂഹത്തിനും സംസ്ഥാനത്തിനും തീരാനഷ്ടമാണ്.

വൈദികപാരമ്പര്യംകൊണ്ടു ധന്യമായ കുടുംബത്തിലാണു ശ്രേഷ്ഠ കാതോലിക്കയുടെ ജനനം. കോട്ടയം പഴയ സെമിനാരി, എം.ഡി. സെമിനാരി എന്നിവിടങ്ങളിൽ മല്പാനായിരുന്ന പിതാവു ചെറായി പുതുശേരി ജോസഫ് കശ്ശീശ 'മലങ്കര ഇടവക ദീപ്പി'യുടെ പത്രാധിപരായിരുന്നു. ആരാധനാകാര്യങ്ങളിൽ പിതാവിനെ സഹായിക്കുന്നതിൽ തല്പരനായ പി.ജെ. പൗലോസ് സഭാസേവനംതന്നെ തെരഞ്ഞെടുത്തതു ദൈവനിയോഗമായി കരുതാം.

ഈ നൂറ്റാണ്ടിന്റെ ആദ്യപാദത്തിൽ സഹോദരൻ അയ്യപ്പന്റെ സാമൂഹികപരിഷ്കരണാഹ്വാനം കേട്ടു ത്രസിച്ചുനിന്ന ചെറായിയിൽ ആയിരുന്നു സെക്കൻഡറി വിദ്യാഭ്യാസം. തുടർന്നു കോട്ടയം സി.എം.എസ്. കോളജിലും ആലുവ യു.സി. കോളജിലും ആയി വിദ്യാഭ്യാസം പൂർത്തിയാക്കി അദ്ദേഹം അന്ന് ഇന്ത്യയെ പിടിച്ചുലച്ചിരുന്ന സ്വാതന്ത്ര്യപ്രക്ഷോഭങ്ങളിൽ അതീവതല്പരനായിരുന്നു. സ്റ്റേറ്റ് കോൺഗ്രസിന്റെ നേതൃത്വത്തിൽ നടന്ന പ്രക്ഷോഭത്തോട് അനുഭാവം പ്രകടിപ്പിക്കാൻ സി.എം.എസ്. കോളജിൽ ഉപവാസമിരുന്ന ആ യുവാവിൽ സമൂഹത്തോടുള്ള പ്രതിബദ്ധത അന്നേ പ്രകടമായിരുന്നു.

ബാല്യകാലത്തു പിതാവിൽനിന്നു സുറിയാനി അഭ്യസിച്ച അദ്ദേഹം മഞ്ഞനിക്കര ദയറായിലായിരുന്നു വൈദികപഠനം നടത്തിയത്. സുറിയാനിയിലും സംസ്കൃതത്തിലും ഇംഗ്ലീഷിലും അഗാധപാണ്ഡിത്യം ഉണ്ടായിരുന്ന യുവവൈദികൻ സഭയിൽ ശ്രദ്ധേയനാകാൻ അധികം വൈകിയില്ല. വൈദികനായിരിക്കെ, ആത്മീയപ്രസ്ഥാനങ്ങൾക്കു നേതൃത്വം നല്കി. കണ്ടനാടു ഭദ്രാസനത്തിനു പുതിയ അധിപനെ തെരഞ്ഞെടുക്കേണ്ടിവന്നപ്പോൾ, പള്ളി പ്രതിപുരുഷയോഗം ആ സ്ഥാനത്തേക്കു നിയോഗിച്ചത് ഫാ. പി.ജെ. പൗലോസിനെ ആയിരുന്നു. പൗലൂസ് മോർ പീലക്സിനോസ് എന്ന പേരിൽ അദ്ദേഹത്തെ മെത്രാഭിഷേകം നടത്തിയത് സിറിയയിലെ ഹോംസിൽ വച്ച് അന്നത്തെ അപ്രേം പ്രഥമൻ പാത്രിയർക്കീസ് ബാവ. ഇപ്പോഴത്തെ പാത്രിയർക്കീസ് ബാവയെ വാഴിച്ചപ്പോൾ പ്രധാന കാർമികത്വം വഹിക്കാനുള്ള ഭാഗ്യം ശ്രേഷ്ഠ കാതോലിക്കയ്ക്കുണ്ടായി.

മെത്രാൻസ്ഥാനം പൂമെത്തയല്ല, കഷ്ടതയുടെയും ത്യാഗത്തിന്റെയും പാതയാണെന്നു ശ്രേഷ്ഠ കാതോലിക്കയ്ക്ക് അന്നേ അറിയാമായിരുന്നു. മലങ്കരസഭ അന്ത്യോഖ്യാസഭയുടെ ഭാഗമാണെന്നും ആത്മീയാധികാരം പാത്രിയർക്കീസ് ബാവയ്ക്കാണെന്നുമുള്ള നിലപാടിൽ ഉറച്ചുനിന്നിരുന്ന അദ്ദേഹം ഐക്യത്തിനായി ത്യാഗങ്ങൾ അനുഷ്ഠിച്ചു. 1958-ലെ സുപ്രീം കോടതിവിധിയെത്തുടർന്നു സഭയിൽ സമാധാനം പുനഃസ്ഥാപിതമായപ്പോൾ, ഔഗേൻ മോർ തിമോത്തിയോസ് സീനിയർ മെത്രാപ്പോലീത്ത ആയും മോർ പീലക്സിനോസ് സഹായമെത്രാനായും ഭദ്രാസനത്തിന്റെ ഭരണച്ചുമതല നടത്തി. പില്ക്കാലത്തു സഭയിൽ പ്രശ്നങ്ങൾ ഉണ്ടാകുകയും

അന്തരീക്ഷം പ്രക്ഷുബ്ധമാകുകയും ചെയ്തപ്പോൾ, സഭയുടെ അമരക്കാരനായി യാക്കോബായ പള്ളി പ്രതിപുരുഷയോഗം തെരഞ്ഞെടുത്തത് പൗലോസ് മോർ പീലക്സിനോസിനെ ആയിരുന്നു.

ആ ചരിത്രനിയോഗമാണ് ഇരുപതു വർഷത്തിലേറെയായി ശ്രേഷ്ഠ കാതോലിക്ക സ്തുത്യർഹമായി നിർവഹിച്ചുപോന്നത്. സ്ഥാനമാനങ്ങൾ ആ ജീവിതശൈലിയിൽ മാറ്റംവരുത്തിയില്ല. സഭയിലെ മാത്രമല്ല, എല്ലാ വിഭാഗങ്ങളിലെയും ജനങ്ങളും ശ്രേഷ്ഠ കാതോലിക്കയുടെ പ്രാർഥനാജീവിതത്തെയും എളിമയെയും ഭക്ത്യാദരവോടെയാണു വീക്ഷിക്കുന്നത്. ഇടവകഭരണത്തിൽ നിയമത്തെക്കാൾ വാത്സല്യം നിറഞ്ഞ ശബ്ദത്തിനായിരുന്നു മുൻതൂക്കം. നയതന്ത്രചാതുര്യത്തിനോ, പാണ്ഡിത്യത്തിന്റെ പ്രകടനത്തിനോ മുതിരാതെ സ്നേഹത്തിലും ത്യാഗത്തിലും അധിഷ്ഠിതമായ ജീവിതം. ആഴവും പരപ്പുമുള്ള വായനയുടെ ഉടമകൂടിയായിരുന്നു അദ്ദേഹം.

ഒച്ചപ്പാടില്ലാത്ത പ്രവർത്തനശൈലിയിലൂടെ, ശ്രേഷ്ഠ കാതോലിക്ക സഭയ്ക്കു ബഹുമുഖമായ പുരോഗതി നേടിക്കൊടുത്തു. ഉദയഗിരി സെമിനാരി സ്ഥാപിച്ചതുവഴി, സഭയിലെ വൈദിക വിദ്യാഭ്യാസത്തിനു ശക്തമായ അടിത്തറ പാകി. മൂവാറ്റുപുഴയിലെ അരമന നിർമാണം പൂർത്തിയായതു ശ്രേഷ്ഠ കാതോലിക്കയുടെ ഭരണത്തിലാണ്. സഭയുടെ വളർച്ച വിദേശനാടുകളിലുമെത്തി. സാധു പെൺകുട്ടികൾക്കു വിവാഹസഹായമെത്തിക്കാനും അനാഥർക്കു കൈത്താങ്ങൽ നല്കാനും കഴിഞ്ഞതിനെ ജീവിതത്തിലെ ധന്യമുഹൂർത്തങ്ങൾ എന്നദ്ദേഹം വിശേഷിപ്പിച്ചു. നിഷ്കളങ്കജീവിതത്തിന്റെയും സ്നേഹത്തിന്റെയും ആഴം എത്രയെന്നു വ്യക്തമാക്കുന്ന ജീവിതദർശനം. മണ്ണിനോടുള്ള അടുപ്പം കൈവിടാതിരുന്ന അദ്ദേഹം ഇടവക സന്ദർശനവേളയിൽ കർഷകരുമായി പ്രശ്നങ്ങൾ ചർച്ചചെയ്യുമായിരുന്നു.

സഭയിലെ അനൈക്യം ശ്രേഷ്ഠ കാതോലിക്കയ്ക്ക് എന്നും ഒരു വേദനയായിരുന്നു. ശാശ്വതസമാധാനം പുനഃസ്ഥാപിക്കാനുള്ള ശ്രമങ്ങളിൽ സജീവ പങ്കാളിയായി. സഭ ഒന്നായിക്കാണാനുള്ള ആഗ്രഹം നിറവേറാതെയാണു ശ്രേഷ്ഠ കാതോലിക്ക കാലയവനികയ്ക്കു പിന്നിൽ മറഞ്ഞത്.

മലങ്കര യാക്കോബായ സുറിയാനിസഭയ്ക്കും ക്രൈസ്തവസമൂഹത്തിനും ഒരു വലിയ ഇടയൻ നഷ്ടപ്പെട്ടിരിക്കുകയാണ്. ആ ദുഃഖത്തിൽ ഞങ്ങളും പങ്കുചേരുന്നു. ശ്രേഷ്ഠ കാതോലിക്കയുടെ പ്രാർഥനാജീവിതവും ലളിതമായ ജീവിതശൈലിയും ജീവിതദർശനവും എല്ലാവർക്കും മാതൃകയാവട്ടെ.

ദീപിക

ശ്രേഷ്ഠതയിലേക്ക് ഉയർന്ന മർത്യതേജസ്

ഈശ്വരനിയോഗത്താലും സ്വകർമത്താലും ശ്രേഷ്ഠതയിലേക്ക് ഉയർന്ന അതുല്യ ആധ്യാത്മിക തേജസായിരുന്നു കാലംചെയ്ത ശ്രേഷ്ഠ കാതോലിക്ക ബസേലിയോസ് പൗലോസ് ദിതീയൻ ബാവ.

ലോകരെല്ലാം അദ്ദേഹത്തെ ശ്രേഷ്ഠനെന്നു വിളിച്ചിരുന്നത് ശ്രേഷ്ഠപദം തന്റെ സ്ഥാനപ്പേരിന്റെ വിശേഷണമായതുകൊണ്ടായിരിക്കാം. എന്നാൽ അവരുടെ ഹൃദയങ്ങളിൽ അദ്ദേഹം ശ്രേഷ്ഠനായി കുടികൊണ്ടത് സഭാപരമോ സ്ഥാനപരമോ ആയ ഔന്നത്യംകൊണ്ടല്ല; താൻ നയിച്ച സമൂഹത്തിന്റെ വലിപ്പമോ പ്രതാപമോകൊണ്ടല്ല.

പിന്നെയോ ആ മഹനീയാസനത്തിൽ ഇരിക്കാൻ നിയുക്തമായ ഭൗതികശരീരത്തിനുള്ളിൽ വർത്തിച്ച ഹൃദയത്തിന്റെ അതിവിശാലതകൊണ്ട്; അവിടെ തിരതല്ലിയ സ്നേഹത്തിന്റെ ആഴംകൊണ്ട്.

ഔദ്യോഗികമായി അദ്ദേഹം യാക്കോബായ സുറിയാനിസഭയുടെ തലവനായിരുന്നു. അന്ത്യോഖ്യാ പാത്രിയർക്കീസ് ബാവയുടെ പ്രതിനിധി. എന്നാൽ, ആ വലിയ ഹൃദയം ആ സഭയുടേതു മാത്രമായിരുന്നില്ല. ആ ദീപസ്തംഭം ഒരു സമുദായത്തിന്റേതു മാത്രമായിരുന്നില്ല. ആ ആധ്യാത്മികതേജസ് താൻ പ്രത്യക്ഷത്തിൽ നയിച്ച അജഗണത്തിനുമാത്രം അവകാശപ്പെട്ടതായിരുന്നില്ല.

യാക്കോബായ സുറിയാനി സഭയ്ക്കു പുറത്ത് മറ്റു ക്രൈസ്തവവിഭാഗങ്ങളുടെയും ഇതര മതസ്ഥരുടെയും ഹൃദയങ്ങളിൽ അദ്ദേഹം സ്ഥാനം നേടി. അവരുടെ ആദരവും സ്നേഹവും അവകാശമാക്കി. തങ്ങൾക്കു

കൂടി അവകാശപ്പെട്ട ശ്രേഷ്ഠപുരുഷനാണ് അദ്ദേഹമെന്ന് മറ്റു സമുദായങ്ങൾക്കു തോന്നും വിധമായിരുന്നു ആ ഹൃദയത്തിന്റെ വ്യാപാരങ്ങൾ.

കാറ്റും പിശറും ഏറെ അസ്വസ്ഥതകൾ സൃഷ്ടിച്ച ജീവിതസാഗരം. തർക്കങ്ങളുടെയും കേസുകളുടെയും മധ്യേ താൻ നയിക്കുന്ന സഭയുടെ സുരക്ഷിതമായ യാനത്തിനുവേണ്ടി ക്ലേശങ്ങളേറെ സഹിക്കേണ്ടിവന്നപ്പോഴും അദ്ദേഹം ക്ഷോഭിച്ചില്ല. സഭയുടെ പോരാട്ടം വിഭാഗീയതയുടെ ഏറ്റുമുട്ടലായി കാണാതെ വിശ്വാസരക്ഷയ്ക്കുവേണ്ടിയുള്ള ക്രൂശുയാത്രയായി അദ്ദേഹം കണ്ടു.

ഉള്ളിൽതുളുമ്പിയ മനുഷ്യസ്നേഹവും ആർദ്രതയും അനുകമ്പയും സമൃദ്ധമായി ചുറ്റിനുമൊഴുക്കാൻ താൻ നേരിടേണ്ടിവന്ന പരീക്ഷണങ്ങളുടെ കാഠിന്യം തടസ്സമായതുമില്ല.

ജ്ഞാനത്തിനുവേണ്ടി മാത്രം പ്രാർത്ഥിച്ച സോളമനെപ്പോലെയായിരുന്നു ആ തപോധനൻ. സോളമനെപ്പോലെ ജ്ഞാനത്തിനു മാത്രമല്ല, അതിലൂടെ പ്രതാപത്തിനും സ്രഷ്ടാവ് അദ്ദേഹത്തെ യോഗ്യനാക്കി. ലാളിത്യവും പാണ്ഡിത്യവും തികഞ്ഞ ശ്രേഷ്ഠ കാതോലിക്ക ബാവ ആയിരുന്നു യാക്കോബായ സുറിയാനി സഭയുടെ അഭ്യുന്നതിക്കു കാരണക്കാരൻ എന്നു പറയുന്നത് ആ ശ്രേഷ്ഠന്റെ വിശ്വാസത്തിന് എതിരാകും. എന്നാൽ എല്ലാ പുരോഗതിക്കും സ്രഷ്ടാവ് ആ തനയനെ സുപ്രധാന ഉപകരണമാക്കി എന്നതു വിനീതമായ ഹൃദയത്തിനും ഏറ്റുപറയാതിരിക്കാൻ കഴിയില്ല.

യാക്കോബായ സുറിയാനിസഭയുടെ അമരക്കാരനായിരുന്ന കാൽനൂറ്റാണ്ട് അദ്ദേഹത്തിനു കൂരിശിന്റെ വഴിതന്നെയായിരുന്നു. എങ്കിലും ഒഴിഞ്ഞുമാറാൻ അദ്ദേഹം തുനിഞ്ഞില്ല. ഇരുപതു വർഷം സഭാതനയർക്കുവേണ്ടി ജീവിതസമരം നടത്തുമ്പോഴും മുറിഞ്ഞുമാറിയ സഭാവിഭാഗങ്ങൾ ഒന്നായിക്കാണാൻ ആ ഹൃദയം നൊമ്പരത്തോടെ ആശിച്ചിരുന്നു. യാക്കോബായ സുറിയാനിസഭയെ കത്തോലിക്കാ സഭയുമായി കൂടുതൽ അടുപ്പിച്ചത് ആ താപസ ശ്രേഷ്ഠന്റെ പ്രാർത്ഥനയും കർത്തൃഹിതത്തിനായുള്ള ആത്മസമർപ്പണവുമായിരുന്നു.

പ്രാർത്ഥനാജീവിതത്തിലും വൈദികവൃത്തിയിലും ഉറച്ച പാരമ്പര്യമുള്ള ശിക്ഷണം കർത്താവിനാൽ തെരഞ്ഞെടുക്കപ്പെടാനുള്ള നിമിത്തമായി വളർന്നിരിക്കാം. ദൈവികനിയോഗം നിറവേറ്റാൻ നല്ല പോർ പൊരുതി ഓട്ടം തികച്ച ശ്രേഷ്ഠ ബാവയെ സ്രഷ്ടാവ് തിരികെ വിളിച്ചത് താനേറെ ആഗ്രഹിച്ച സഭൈക്യം നേരിട്ടുകാണാൻ അവസരമാകും മുമ്പെയാണ്.

ഭൗതികലോകത്തിന് ആ വെളിച്ചത്തിന്റെ വിയോഗം വലിയ നഷ്ടമാണ്, ദുഃഖകാരണമാണ്. യാക്കോബായ സുറിയാനിസഭയ്ക്കു മാത്രമല്ല ഇതര ക്രൈസ്തവസമൂഹങ്ങൾക്കും നഷ്ടപ്പെട്ടതു തേജസ്വിയായ ആചാര്യനെയാണ്; നല്ല ഒരു ഇടയനെയാണ്. ഈ ദുഃഖം കേരളസമൂഹം മുഴുവൻറെയുമാണ്.

സ്രഷ്ടാവിനു മാത്രം പരിഹരിക്കാൻ കഴിയുന്ന ഈ നഷ്ടബോധത്തിലും ദുഃഖത്തിലും ഞങ്ങളും പങ്കുചേരുന്നു. സ്രഷ്ടാവിനാൽ തെരഞ്ഞെടുക്കപ്പെട്ട ആ ശ്രേഷ്ഠത ഏവർക്കും വഴികാട്ടിയാവട്ടെ; ഒരിക്കലും അണയാത്ത ദീപസ്തംഭവും.

മംഗളം

ആത്മസമർപ്പണത്തിന്റെ ധന്യജീവിതം

മാനവമൈത്രിക്കും സഭകളുടെ ഐക്യത്തിനും അനവരതം യത്നിച്ച അഭിവന്ദ്യനും ആദരണീയനുമായ മോർ ബസേലിയോസ് പൗലോസ് ദ്വിതീയൻ ബാവയുടെ വേർപാട് സമൂഹത്തിനും രാഷ്ട്രത്തിനും നഷ്ടമാണ്.

മലങ്കര യാക്കോബായ സുറിയാനി സഭയുടെ മേലധ്യക്ഷനും കിഴക്കിന്റെ കാതോലിക്കയും മലങ്കര മെത്രാപ്പോലീത്തയുമായ മോർ ബസേലിയോസ് പൗലോസ് ദ്വിതീയൻ ബാവ വിശ്വാസത്തിന്റെ വീഥിയിൽ സത്യസന്ധതയും ആത്മാർപ്പണവുംകൊണ്ട് ജീവിതത്തിന്റെ സമസ്തലങ്ങളിൽ ഉള്ളവരുടെയും സ്നേഹാദരങ്ങൾ പിടിച്ചുപറ്റിയ ത്യാഗിവര്യനാണ്.

ലാളിത്യമായിരുന്നു ആ ജീവിതത്തിന്റെ പ്രത്യേകത. സ്നേഹവും നിഷ്കളങ്കതയുമായിരുന്നു ആ

വ്യക്തിത്വത്തിന്റെ മഹിമ. മനുഷ്യസ്നേഹവും മതമൈത്രിയുമായിരുന്നു അവസാന ശ്വാസംവരെ അദ്ദേഹം ഉരുവിട്ട മന്ത്രം.

അതിരറ്റ ഈശ്വരവിശ്വാസത്തിലും അളവറ്റ നിശ്ചയദാർഢ്യത്തിലും അകളങ്കിതമായ അർപ്പണ ബോധത്തിലും അടിയുറച്ച ആധ്യാത്മികനേതൃത്വമായിരുന്നു അദ്ദേഹത്തിന്റേത്. 1975-ൽ മലങ്കര യാക്കോബായ സുറിയാനി സഭയുടെ നേതൃത്വം ഏറ്റെടുക്കേണ്ടിവന്ന നാൾമുതൽ കഴിഞ്ഞ ഇരുപത്തൊന്നു വർഷക്കാലം സഭയെ കാറും കോളും നിറഞ്ഞ ഘട്ടങ്ങളിലെല്ലാം സുരക്ഷിതമായി നയിച്ച ആധ്യാത്മികതേജസ്സായിരുന്നു ശ്രേഷ്ഠ കാതോലിക്ക ബാവ. പത്ത് ഭദ്രാസനങ്ങളും പന്ത്രണ്ട് മെത്രാപ്പോലീത്തമാരും നൂറുകണക്കിന് പള്ളികളുമുള്ള മലങ്കര യാക്കോബായ സുറിയാനിസഭയ്ക്ക് ആധ്യാത്മികനേതൃത്വം പകരുമ്പോൾതന്നെ സമൂഹത്തിനും രാഷ്ട്രത്തിനും നേരെ പ്രതിസന്ധികൾ ഉരുണ്ടുകൂടുമ്പോൾ ദേശാഭിമാനത്തിന്റെയും മനുഷ്യത്വത്തിന്റേതുമായ ഭാഷയും സമീപനവുമായി മുന്നിട്ടിറങ്ങാൻ അദ്ദേഹം ഒട്ടും മടി കാണിച്ചിരുന്നില്ല.

ക്രൈസ്തവസഭകൾ പരസ്പരം കലഹിക്കുന്നതിൽ ഉള്ളു നൊന്തിരുന്നതായിരുന്നു ആ മനസ്സ്. സഭകളുടെ ഐക്യം എന്ന നല്ല ആശയം സഫലീകൃതമായി കാണാൻ കിട്ടുന്ന അവസരങ്ങളെല്ലാം വിനിയോഗിച്ചിട്ടുള്ള ശ്രേഷ്ഠ കാതോലിക്കബാവ ഇക്കാര്യത്തിൽ ഇതുവരെയുണ്ടായിട്ടുള്ള പുരോഗതിയിൽ നിർണായക പങ്ക് വഹിച്ചിട്ടുണ്ട്.

ദൈവത്തിനും രാജ്യത്തിനും കൊള്ളാവുന്നവരായി വളരണമെന്നായിരുന്നു അദ്ദേഹം എപ്പോഴും സഭാവിശ്വാസികളെ ഉപദേശിച്ചും ഉദ്ബോധിപ്പിച്ചും പോന്നത്. തികഞ്ഞ രാജ്യസ്നേഹിയുടെയും ഋഷിവര്യ ജീവിതതുല്യമായ ഈശ്വരവിശ്വാസിയുടെയും ഉദ്ബോധനമാണിതിൽ തെളിഞ്ഞുകാണുന്നത്.

മലങ്കര യാക്കോബായ സുറിയാനിസഭയുടെയും സഭാവിശ്വാസികളുടെയും വളർച്ചയ്ക്കും ഉന്നമനത്തിനുംവേണ്ടി അക്ഷീണയത്നം നടത്തുക ജീവിതവ്രതമായി സ്വീകരിച്ചെങ്കിലും ഒരിക്കലും മതവിശ്വാസത്തെ പുഷണം ചെയ്യാൻ അനുവദിക്കാതിരുന്ന ഉൽപതിഷ്ണു ആയിരുന്നു അദ്ദേഹം. എൺപതുകളുടെ ആദ്യംമുതൽ ഇന്ത്യൻ രാഷ്ട്രീയത്തിൽ മതത്തിന്റെ സ്വാധീനം വർധിച്ചുവന്നതിൽ തികച്ചും ഖിന്നനായിരുന്നു. അവരവരുടെ രാഷ്ട്രീയ ലാഭത്തിനുവേണ്ടി മതത്തെ ദുരുപയോഗം ചെയ്യുന്നതാണ് ഇന്ത്യയിലെ വർഗീയ-രാഷ്ട്രീയ സംഘർഷങ്ങളുടെ അടിസ്ഥാനമെന്നുതന്നെയായിരുന്നു ശ്രേഷ്ഠ കാതോലിക്ക ബാവയുടെ കാഴ്ചപ്പാട്. സ്വാർത്ഥമോഹമില്ലാതെ എല്ലാവരും സ്വന്തം മതത്തിന്റെ പ്രബോധനങ്ങൾ അനുസരിച്ചാൽ സമൂഹത്തിലെ സംഘർഷങ്ങൾ സ്വയം ഒഴിവാകുമെന്ന അഭിപ്രായക്കാരനായിരുന്നു അദ്ദേഹം.

പരസ്പരസ്നേഹം മാത്രമാണ് ഇന്നത്തെ സാമൂഹികപ്രശ്നങ്ങൾക്കു പരിഹാരമെന്ന് അദ്ദേഹം ഉറച്ച് വിശ്വസിച്ച് അതിനായി പ്രയത്നിച്ചു. ക്രൈസ്തവ സന്ദേശം മാനവരാശിയിലാകെ എത്തിക്കുകയാണ് സഭകളുടെ ദൗത്യമെന്നും സേവനരംഗങ്ങളിലെ ആത്മാർത്ഥമായ പ്രവർത്തനങ്ങളിലൂടെയാണ് ക്രിസ്തീയ വെളിച്ചം ഇതരിൽ എത്തിക്കേണ്ടതെന്നും വിശ്വാസികളെ ഉപദേശിച്ച വലിയ മനുഷ്യസ്നേഹിയായിരുന്നു ശ്രേഷ്ഠ കാതോലിക്ക ബാവ. ഇന്ത്യൻ സാമൂഹികരംഗത്തെ നേർവഴിക്ക് നയിക്കാൻ ആധ്യാത്മികാചാര്യന്മാരുടെ സേവനം അനിവാര്യമായ കാലഘട്ടത്തിലാണ് മാർ ബസേലിയോസ് പൗലോസ് ദ്വിതീയൻ ബാവയുടെ വേർപാട്. സഭയ്ക്കും സമൂഹത്തിനുമുണ്ടായ അപരിഹാര്യമായ ഈ നഷ്ടത്തിൽ ഞങ്ങൾ ആത്മാർത്ഥമായി ദുഃഖിക്കുന്നു. ആത്മശാന്തിക്കായി ഉള്ളഴിഞ്ഞു പ്രാർഥിക്കുന്നു. അദ്ദേഹത്തെപ്പറ്റിയുള്ള സ്മരണകൾ സ്നേഹവിശ്വാസങ്ങളുടെ പാതയിൽ ബഹുദൂരം മുന്നോട്ടു നീങ്ങാൻ മലങ്കര യാക്കോബായ സുറിയാനി സഭയെ സഹായിക്കുമെന്നു തീർച്ച.

കേരളടൈംസ്

കേരളത്തിന് പൊതുനഷ്ടം

മലങ്കര (പൗരസ്ത്യ) ഓർത്തഡോക്സ് സഭ ഇരുപത് വർഷം മുമ്പ് രണ്ടായപ്പോൾ അന്ത്യോഖ്യായിലെ പാത്രിയാർക്കീസ് ബാവയോട് കൂറും വിശ്വാസവും പുലർത്തിപ്പോന്ന യാക്കോബായവിഭാഗം എന്നറിയപ്പെട്ട വിഭാഗത്തിന്റെ (മലങ്കര യാക്കോബായ ഓർത്തഡോക്സ് സഭയുടെ) പരമാധ്യക്ഷനായിതെരഞ്ഞെടുക്കപ്പെട്ട (കാതോലിക്ക) മോറാൻ മോർ ബസേലിയസ് പൗലോസ് ദ്വിതീയൻ പെട്ടെന്ന് നമ്മെ വിട്ടുപിരിഞ്ഞു. സഭാഭേദങ്ങളും മതഭേദങ്ങളും കൂടാതെ എല്ലാ ജനങ്ങളും മതാചാര്യന്മാരും ആത്മീയനേതാക്കളും സ്നേഹിക്കുകയും ബഹുമാനിക്കുകയുംചെയ്ത ഒരുന്നത വ്യക്തിത്വത്തിന്റെ ഉടമയായിരുന്നു ദിവംഗതനായ ശ്രേഷ്ഠ കാതോലിക്കബാവ. സഭയുടെ പരമാധ്യക്ഷസ്ഥാനത്തേക്കുയരുംമുമ്പുതന്നെ അവിഭക്ത സഭയുടെകണ്ണോട് ഇടവകയുടെമെത്രാനായിരുന്നപ്പോൾ വർഷത്തിലേറെ നിർവഹിച്ച സേവനത്തിനും പ്രദർശിപ്പിച്ച നേതൃത്വവൈഭവത്തിനും അസാധാരണമായ വ്യക്തിത്വത്തിനും പരക്കെ ലഭിച്ച അംഗീകാരമാണ് സഭയുടെ പരമാധ്യക്ഷസ്ഥാനം. ആധ്യാത്മികമായ ചൈതന്യവും സംശുദ്ധമായ വ്യക്തിത്വവും നിസീമമായ പാണ്ഡിത്യവും ഏത് ഉന്നത സ്ഥാനത്തും കാണിക്കുന്ന വിനയവും ജീവിതലാളിത്യവും സമർപ്പിതമായ മനസ്സുമൊക്കെയുള്ള നേതാക്കളും ആചാര്യന്മാരും മതരംഗത്തും കുറഞ്ഞുവരുന്ന കാലത്ത് ഇത്തരത്തിൽ സർവാഭ്യുതതം നേടിയ ഒരു സാന്നിധ്യം നഷ്ടമാകുന്നുവെന്ന ദുഃഖം യാക്കോബായസഭയ്ക്കെന്നപോലെ മറ്റെല്ലാ വിഭാഗക്കാർക്കും ഉണ്ടാകും. സമൂഹവും നാടും സാമ്പത്തികമായി വളർച്ചയും ഉയർച്ചയും നേടുന്ന സന്ദർഭത്തിൽതന്നെ, വർധിച്ചുവരുന്ന 'ദാരിദ്ര്യങ്ങളെ'ക്കുറിച്ച് ധിഷണാശാലികൾ മുന്നറിയിപ്പ് നല്കുന്നത് ഇത്തരത്തിലുള്ള ധന്യജീവിതങ്ങളുന്മൂലനംചെയ്യുന്നതുകൊണ്ടുണ്ടാകുന്ന ഇരുട്ടും ശൂന്യതയും നികത്താൻ പുതിയ പ്രകാശഗോപുരങ്ങളുണ്ടാകാത്തതുകൊണ്ടാണ്.

പിളർപ്പുകളും കേസുകളും തർക്കങ്ങളും കൊടുമ്പിരിക്കൊണ്ട ഘട്ടത്തിലും തുടർന്നുണ്ടായ തീരാത്ത വ്യവഹാരങ്ങളുടെ നടുവിലുംനിന്ന് സഭയെ പടുത്തുയർത്തി കർമപുഷ്കലമാക്കി നയിക്കുക എന്ന സാഹസികകർമം വിദഗ്ദ്ധമായി നിർവഹിച്ചു. വിശ്വാസത്തിൽ മായം ചേർക്കാതെതന്നെ സഭകളുടെ പുനരൈക്യത്തിനു ശ്രമിക്കുകയുംചെയ്തു. സുപ്രീംകോടതിവിധികളുടെ അടിസ്ഥാനത്തിൽ സഭയിലുണ്ടായ പഴയ പിളർപ്പ് ഒഴിവാക്കി വീണ്ടും സഭയെ ഒന്നാക്കി മാറ്റാനുള്ള നടപടികളും ചർച്ചകളും മുന്നോട്ടുപോവുകയോ സ്തംഭിച്ചുനില്ക്കുകയോ ചെയ്യുന്ന ഈ സന്ദർഭത്തിൽ യാക്കോബായസഭയുടെ പരമാചാര്യൻ വിട്ടുപിരിഞ്ഞത് ആ സഭയ്ക്കു കനത്ത പ്രഹരമാവുമെന്നതിൽ സംശയമില്ല. അതുപോലെ പുനരൈക്യപ്രക്രിയ തുടർന്നുപോകുന്നതിനു തടസ്സം നില്ക്കുകയും ചെയ്യേക്കാം. അദ്ദേഹത്തിന്റെ നാനാമുഖമായ സേവനപ്രവർത്തനങ്ങളുടെയും ഉപദേശങ്ങളുടെയും ജീവിതമാതൃകകളുടെയും ആത്മസ്പർശികളായ മറ്റനുഭവങ്ങളുടെയും പേരിൽ മറ്റു ജനവിഭാഗങ്ങൾക്കും ഇതൊരു തീരാനഷ്ടമായി അവശേഷിക്കും.

സിറിയക്, സംസ്കൃതം, ഇംഗ്ലീഷ് തുടങ്ങിയ ഭാഷകളിലെന്നപോലെ, അനേകം വിഷയങ്ങളിൽ അഗാധവും വിസ്തൃതവുമായ പാണ്ഡിത്യം നേടുകയും അവയുടെ തേനരുവിയായി വാക്കുകളെയും കർമങ്ങളെയും രൂപാന്തരപ്പെടുത്തുകയുംചെയ്ത ഒരു തപോധനൻ എന്ന നിലയിൽ എല്ലാവർക്കും വഴികാട്ടിയാകാൻ സാധിച്ച ജീവിതം. ധ്യാനത്തെയും പ്രാർഥനയെയും മാത്രമല്ല, കർമത്തെയും സാക്ഷാത്കാരത്തിന്റെ ഉപാധിയാക്കി മൂന്നിനെയും സമന്വയിപ്പിക്കുകയും വിശിഷ്ടമായ ഒരനുഭൂതിയാക്കി തന്റെ സാന്നിധ്യത്തെ മാറ്റുകയും ചെയ്ത കാതോലിക്കബാവ മോറാൻ മോർ ബസേലിയോസ് രണ്ടാമന്റെ വിയോഗത്തിൽ ഞങ്ങളും അഗാധമായ ദുഃഖം പ്രകടിപ്പിക്കുന്നു. ആ ധന്യാത്മാവിന്റെ സ്മൃതിക്കു മുൻപാകെ പ്രണാമങ്ങളർപ്പിക്കുന്നു.

ജന്മഭൂമി

ശ്രേഷ്ഠ കാതോലിക്കബാവ

മലങ്കര യാക്കോബായ സുറിയാനിസഭയുടെ അധ്യക്ഷനായ ശ്രേഷ്ഠ കാതോലിക്കബാവ മോർ ബസേലിയസ് പൗലോസ് ദ്വിതീയൻ, തന്റെ അനുയായികൾക്ക് ഫലപ്രദമായ നേതൃത്വം നല്കിയശേഷമാണ് 83-ാം വയസ്സിൽ ഭൗതികജീവിതം ഉപേക്ഷിച്ചത്. പൗരസ്ത്യസഭയുടെ ദൈവശാസ്ത്രത്തിൽ സമുന്നതമായ വിദ്യാഭ്യാസം നേടിയ അദ്ദേഹം 1952-ൽ മെത്രാനായി തെരഞ്ഞെടുക്കപ്പെട്ടു. യാക്കോബായ സുറിയാനിസഭയിലെ പ്രസിദ്ധമായ കക്ഷിവഴക്കിൽ ഒരു ഭാഗത്തിന് നേതൃത്വം നല്കുകയും അനുരഞ്ജന ശ്രമങ്ങൾ പരാജയപ്പെട്ടപ്പോൾ പുതിയൊരു സഭതന്നെ സ്ഥാപിച്ച്, അതിന് അന്ത്യോഖ്യാപാത്രിയർക്കീസിന്റെ ആശീർവാദം നേടി അതിന്റെ പരമാധ്യക്ഷനായിത്തീരുകയും ചെയ്തയാളാണ് മോർ ബസേലിയോസ് പൗലോസ് ദ്വിതീയൻ. സഭാതർക്കം സംബന്ധിച്ച കേസുകൾ അടുത്ത കാലത്താണ് സുപ്രീംകോടതിയിൽ തീർന്നത്. അതിൽ രണ്ടു വിഭാഗക്കാരും വിജയമവകാശപ്പെടുന്നുണ്ടെങ്കിലും യോജിച്ച് ഒരു സഭയാകാൻ ഇനിയും കഴിയുമെന്ന് തോന്നുന്നില്ല.

മലങ്കരസഭയിലെ മെത്രാൻകക്ഷിക്കാരുടെ അഭിലാഷങ്ങൾക്കെതിരായി അന്ത്യോഖ്യൻമേധാവിത്വം സ്വീകരിച്ച്, കഴിഞ്ഞ 22 വർഷക്കാലം തന്റെ വിഭാഗത്തെ നയിച്ചയാളാണ് അന്തരിച്ച കാതോലിക്കബാവ. അനേകലക്ഷം യാക്കോബായ വിശ്വാസികളുടെ ആരാധനാപാത്രമായിരുന്നു അദ്ദേഹം. ക്രിസ്തുവിന്റെ സാക്ഷ്യത്തിലുള്ള അചഞ്ചലമായ വിശ്വാസത്തോടെ ഒരു പുരുഷായുസ്സു മുഴുവൻ പ്രയത്നിച്ച പണ്ഡിത ശ്രേഷ്ഠരായ മെത്രാപ്പോലീത്തമാർക്ക് കേവലം ഭൗതികമായ തർക്കങ്ങൾ നീക്കിവെച്ച് എന്തുകൊണ്ടു യോജിക്കാൻ കഴിയുന്നില്ല എന്നതു ദുരൂഹമാണ്. സഭയുടെ അഭിമാനസ്തംഭങ്ങളായി എടുത്തു കാട്ടാവുന്ന നിരവധി സ്ഥാപനങ്ങൾ ശ്രേഷ്ഠ കാതോലിക്ക ബാവയുടെ നേതൃത്വത്തിൽ ഉയർന്നുവരികയുണ്ടായി. വൃദ്ധാവസ്ഥയിലാണെങ്കിലും അദ്ദേഹത്തിന്റെ വിയോഗം ലക്ഷക്കണക്കിന് അനുയായികൾക്ക് ദുഃഖദായകമാവും. അവരെ ജന്മഭൂമിയുടെ വേദനയറിയിക്കുന്നു.

☆ നന്ദി ☆ കടപ്പാട് ☆

മലങ്കര സിറിയൻ ഓർത്തഡോക്സ് സഭയുടെ പ്രധാനാധ്യക്ഷനായിരുന്ന ശ്രേഷ്ഠ ബാവയുടെ ദേഹവിയോഗത്തെത്തുടർന്ന് സഭയുടെ വേദനയിൽ പങ്കുകൊള്ളുകയും കബറടക്ക ശുശ്രൂഷ ഭംഗിയായി നിർവഹിക്കുവാൻ സഹായിക്കുകയുംചെയ്ത എല്ലാവരോടും സഭയ്ക്ക് കടപ്പാടുണ്ട്.

പത്രമാധ്യമങ്ങൾ, സഭാതലവന്മാർ, സാംസ്കാരിക-രാഷ്ട്രീയ നേതാക്കൾ, ഗവൺമെൻറ് ഡിപ്പാർട്ടുമെൻറുകൾ—പ്രത്യേകിച്ച് പോലീസ് ഉദ്യോഗസ്ഥന്മാർ, ട്രാൻസ്പോർട്ട് അധികാരികൾ, നാനാജാതിമതസ്ഥരായ ജനസഹസ്രങ്ങൾ വിലാപയാത്രയും കബറടക്കവും അനുഗ്രഹകരമാക്കുവാൻ ആത്മാർത്ഥമായി സഹകരിച്ചു.

എല്ലാവർക്കും ആത്മാർഥമായ നന്ദിയും കടപ്പാടും രേഖപ്പെടുത്തുന്നു.

റവ.യു. കുരുവിള, സെക്രട്ടറി
മലങ്കര സിറിയൻ ഓർത്തഡോക്സ് സഭ



1981-ലെ ആകമാന സുറിയാനി സഭാ സുന്നഹദോസിൽ പ. പാത്രിയർക്കീസ് ബാവായും
സുന്നഹദോസ് അംഗങ്ങളും ഒത്ത്.

Reg: No. H6-7805/96 KL/KTM 326

THE JOURNAL OF THE KOTTAYAM DIOCESE
St. Joseph's Cathedral, Sastri Road, Kottayam-1



കത്തോലിക്കാ സഭയുടെ പരമാധ്യക്ഷനെ വന്ദിക്കാനിടവന്നപ്പോൾ (1984)
മലങ്കര സഭയുടെ സ്നേഹോപഹാരം സമർപ്പിക്കുന്നു

PRINTED AND PUBLISHED BY THE CHIEF EDITOR, KURIAKOSE COREPISCOPA MOOLAYIL FOR THE KOTTAYAM DIOCESE.
EDITORIAL BOARD CHAIRMAN H.G. GEEVARGHESE MOR GREGORIOSE METROPOLITAN, EDITOR FR. THOMAS K. ITTY, TEL:0481-564499
PRINTED AT D C OFFSET PRINTERS, KOTTAYAM.

ഭദ്രാസനത്തെ നയിച്ച പുണ്യപ്പെട്ട പിതാക്കന്മാർ

ഫാ. അജോ കുറിയാക്കോസ്, ഓമ്പാളയിൽ



യാക്കോബായ സുറിയാനി ക്രിസ്ത്യാനി സഭയുടെ ചരിത്രത്തിൽ ഏറെ പ്രധാന്യമാണ് കണ്ടനാട് ഭദ്രാസനത്തിനുള്ളത്. കൊല്ലവർഷം 1050-ൽ (എ.ഡി. 1875) മലങ്കരയിൽ എഴുന്നള്ളിയ പരി. പത്രോസ് ത്യതീയൻ പാത്രിയർക്കീസ് ബാവ മലങ്കരയിടവകയെ ഏഴു മെത്രാസന ഇടവക കളായി ഭാഗിച്ചു. അതിലൊന്ന് കണ്ടനാട് ഭദ്രാസനം ആയിരുന്നു. സ്തുതി ചൊവ്വാക്കപ്പെട്ട സത്യ സുറിയാനി സഭയുടെ പാരമ്പര്യങ്ങളും വിശ്വാസ സത്യങ്ങളും എക്കാലവും കാത്ത് സൂക്ഷിക്കുവാൻ ഈ ഭദ്രാസനത്തിന് കഴിഞ്ഞിട്ടുണ്ട്. ആരംഭകാലം മുതൽ ഏറെ പ്രതികൂലങ്ങൾ അനുഭവിക്കുന്നുണ്ടെങ്കിലും പരി. അന്ത്യോഖ്യാ സിംഹാസനത്തിന് കീഴിൽ സത്യ വിശ്വാസത്തിൽ നിലനിൽക്കുവാൻ സാധിക്കുന്നു.

പൗലോസ് മോർ ഈവാനിയോസ് മെത്രാപ്പോലീത്ത മുറിമറ്റത്തിൽ

കണ്ടനാട് ഭദ്രാസനത്തിന്റെ ആദ്യത്തെ മെത്രാപ്പോലീത്തയായി 1877 ഇടവം 5-ാം തീയതി പെന്തിക്കോസ്തി പെരുന്നാൾ ദിവസം കുന്നംകുളം ആർത്താറ്റ് പള്ളിയിൽ വച്ച് പരി.പത്രോസ് ത്യതീയൻ പാത്രിയർക്കീസ് ബാവായാൽ വാഴിക്കപ്പെട്ട ഇദ്ദേഹം കോലഞ്ചേരി മാർ പത്രോസ് പൗലോസ് ശ്ലീഹാ പള്ളി ഇടവകയിൽ, പൗരോഹിത്യ പാരമ്പര്യമുള്ള മുറിമറ്റം കുടുംബത്തിൽ കുര്യന്റെയും, കണ്യാട്ടുനിരപ്പ് മൂലയിൽ കുഞ്ഞിക്കുറുവിന്റെ മകൾ മറിയയുടെയും മകനായി 1836 മകരം 6-ാം തീയതി ഭൂജാതനായി. മുറിമറ്റത്തിൽ യൗസേഫ് കത്തനാർ ഇദ്ദേഹത്തിന്റെ പിതൃസഹോദരനായിരുന്നു. വരപ്പാത്തുകുഴി ഇട്ടിമാണി ആശാൻ കുടിപ്പള്ളിക്കൂടത്തിൽ ഇദ്ദേഹത്തെ അഭ്യസിപ്പിച്ചു. ഇദ്ദേഹത്തിന് ഏഴു വയസ്സുള്ളപ്പോൾ ചേപ്പാട്ട് മോർ ദിവന്നാസിയോസ് മെത്രാപ്പോലീത്തായിൽ നിന്ന് കോറൂയോ പട്ടം സ്വീകരിച്ചു. തുടർന്ന് കോനാട്ട് യോഹന്നാൻ മല്പാന്റെ യടുത്ത് വൈദിക വിദ്യാ ഭ്യാസം നടത്തി. 1852 മകരമാസത്തിൽ മോർ ദിവന്നാസിയോസിൽ നിന്നും കശ്ശീശാ പട്ടം സ്വീകരിച്ചു. തുടർന്ന് കോലഞ്ചേരി പള്ളിയിൽ തന്നെ തന്റെ പൗരോഹിത്യ ശുശ്രൂഷാ ജീവിതം ആരംഭിച്ചു. ഈ കാലത്ത് പരി. അന്ത്യോഖ്യാ പാത്രിയർക്കീസ് ബാവായുടെ സ്ഥാനപതിയായി മലങ്കരയിലുണ്ടായിരുന്ന യൂയാക്കീം മോർ കൂറിലോസ് കോലഞ്ചേരി പള്ളിയിൽ കുറേക്കാലം താമസിച്ചു. അദ്ദേഹത്തോടൊത്തുള്ള താമസം മൂലം പൗലോസ് കശ്ശീശ സുറിയാനി ഭാഷയിൽ ആവശ്യമായ പാണ്ഡിത്യം കരസ്ഥമാക്കുകയും മോർ കൂറിലോസിന്റെ പരിഭാഷകനായി ഏതാനും കാലം സഞ്ചരിച്ച് സമുദായത്തിലെ ഒട്ടുവളരെ പ്രധാനികളുമായി പരിചയപ്പെടുവാൻ സൗകര്യം ലഭിക്കുകയും ചെയ്തു.



ഇദ്ദേഹം ഭദ്രാസന ഭരണം ആരംഭിക്കു മ്പോൾ കണ്ടനാട് മെത്രാസനത്തിൽ ഇരുപ്പത്തിയൊന്ന് പള്ളികളേ ഉണ്ടായിരുന്നുള്ളൂ. ആ കാലത്ത് പള്ളികൾക്കു വേണ്ടത്ര ഭരണക്രമീകരണം ഉണ്ടായിരുന്നില്ല. ആകയാൽ പള്ളികളിലെ ആരാധന, ഭരണം തുടങ്ങിയ എല്ലാ കാര്യങ്ങളിലും അടുക്കും ചിട്ടയും കൈവരുത്തുന്നതിനും ശെമ്മാശ്ശന്മാർക്ക് ശരിയായ സുറിയാനി അഭ്യസനം നല്കുന്നതിനും അദ്ദേഹം കഠിനമായി അദ്ധ്വാനിച്ചിരുന്നു.

ഇദ്ദേഹത്തിന്റെ വാർദ്ധക്യദശയിൽ കേൾവിക്കുറവും കാഴ്ചക്കുറവും ക്ഷീണവും നിമിത്തം മെത്രാസനത്തിലെ ഭരണച്ചുമതലകൾ വേണ്ടുംവിധം വഹിച്ചു കൊണ്ടുപോകുവാൻ നിവൃത്തിയില്ലാതെ വന്നതു കാരണം അന്ന് മലങ്കരയിൽ എഴുന്നള്ളിയിരുന്ന പരി. അബ്ദുള്ള പാത്രിയർക്കീസ് ബാവ തിരുമനസ്സുകൊണ്ട് ഇദ്ദേഹത്തെ ഭദ്രാസനഭരണത്തിൽ നിന്ന് ഒഴിവാക്കുകയും സ്വസ്ഥനായിരിക്കുന്നതിന് അനുവദിക്കുകയും ചെയ്തു. 1913 മെയ് 3 -ാം തീയതി ഇഹലോകവാസം വെടിഞ്ഞു.

പരി. പൗലോസ് മോർ കൂറിലോസ് മെത്രാപ്പോലീത്ത കൊച്ചുപറമ്പിൽ

കണ്ടനാട് തൊഴുപ്പാടൻ കുടുംബത്തിൽ തൊമ്മൻ, മുളന്തുരുത്തിയിൽ തോപ്പിൽ സ്കറിയാ

കത്തനാരുടെ പുത്രി അന്നയെ വിവാഹം ചെയ്ത് മുളന്തുരുത്തിയിലുള്ള കൊച്ചുപറമ്പിൽ കുടുംബത്തിൽ താമസമാക്കി. ആ ദമ്പതിമാരുടെ തൃതീയ പുത്രനായി 1026 വൃശ്ചികം 20-ാം തീയതി തിരുമേനി ജാതനായി. പൗലോസ് എന്ന നാമധേയം സ്വീകരിച്ച പൈതൽ ചെറുപ്പം മുതലേ പരമ ശാന്തനും ബുദ്ധി ശാലിയുമായിരുന്നു. കേവലം ഒമ്പതു വയസ്സുമാത്രം പ്രായമായപ്പോൾ മോർ കൂറിലോസ് യൂയാക്കിം ബാവായിൽ നിന്ന് പൗലോസ് ശെമ്മാശ്ശപട്ടം സ്വീകരിച്ചു. പതിനാറാമത്തെ വയസ്സിൽ കശ്ശീശാ പട്ടം സ്വീകരിച്ച് 1042 ധനുമാസം 22-ാം തീയതി കണ്ടനാട് വി. മർത്തമറിയം പള്ളിയിൽ പ്രഥമ ബലിയർപ്പിച്ചു.



1050 ൽ മലങ്കരയിൽ എഴുന്നള്ളിയ പരി. പത്രോസ് തൃതീയൻ പാത്രിയർക്കീസ് ബാവാ യുടെ ആഗ്രഹ പ്രകാരം ഒരു ദയറാ സ്ഥാപിക്കുന്നതിനുള്ള പരിശ്രമവുമായിട്ടാണ് പൗലോസ് അച്ചൻ പൊതു രംഗത്തേക്കിറങ്ങിയത്. 1052ൽ വെട്ടിക്കൽ ദയറായ്ക്കുള്ള തറക്കല്ലിടുകയും ആ വർഷം തന്നെ താൻ റമ്പാൻ സ്ഥാനം സ്വീകരിച്ച് ദയറാ പൂർത്തീകരണത്തിന വേണ്ടി യത്നിക്കുകയും ചെയ്തു. മലങ്കരയുടെ ജോസഫ് മോർ ദിവന്നാസിയോസ് തിരുമേനിയുടെ കല്പനപ്രകാരം 1070-ൽ പൗലോസ് റമ്പാച്ചൻ കോട്ടയം പഴയ സെമിനാരിയുടെ ഭരണം ഏറ്റെടുത്തു. തിരുവനന്തപുരത്ത് ഒരു ദൈവാലയം പണികഴിപ്പിക്കുന്നതിനുള്ള ചുമതല 1076-ൽ റമ്പാച്ചൻ ഏറ്റെടുക്കുകയും ഒരു വർഷം കൊണ്ട് അതിന്റെ പണി പൂർത്തിയാക്കുകയും ചെയ്തു. 1908 ഫെബ്രുവരി 27-ാം തീയതി പഴയ സെമിനാരിയിൽ ജോസഫ് മാർ ദിവന്നാസിയോസ് തിരുമേനിയുടെ അദ്ധ്യക്ഷതയിൽ കൂടിയ പള്ളി പ്രതിപുരുഷ യോഗത്തിൽ വച്ച് കൊച്ചുപറമ്പിൽ റമ്പാച്ചനെയും വട്ടശ്ശേരിൽ റമ്പാച്ചനെയും മേല്പട്ട സ്ഥാനത്തേക്ക് തെരഞ്ഞെടുക്കുകയും അവരെ പരി. പാത്രിയർക്കീസ് ബാവായുടെ സന്നിധിയിലേക്ക് അയക്കുകയും ചെയ്തു. 1908 മെയ് 31-ാം തീയതി അന്ത്യോഖ്യായുടെയും കിഴക്കൊക്കെയുടെയും പരി. മോറാൻ മോർ ഇഗ്നാത്തിയോസ് അബ്ദേദാലോഹോ പാത്രിയർക്കീസ് ബാവ കൊച്ചുപറമ്പിൽ റമ്പാച്ചനെ പൗലോസ് മാർ കൂറിലോസ് എന്നും വട്ടശ്ശേരിൽ റമ്പാച്ചനെ ഗീവർഗീസ് മോർ ദിവന്നാസിയോസ് എന്നും സ്ഥാനപേരുകൾ നൽകി മെത്രാപ്പോലീത്തമാരായി വാഴിച്ചു.

കൊല്ലവർഷം 1087 ചിങ്ങമാസത്തിൽ ആലുവായിൽ വച്ച് നടന്ന പള്ളിപ്രതിപുരുഷ യോഗം തിരുമേനിയെ മലങ്കര അസ്സോസിയേഷൻ പ്രസിഡന്റും മലങ്കര മെത്രാപ്പോലീത്തയുമായി തെരഞ്ഞെടുത്തു. ഈ അവസരത്തിൽ കണ്ടനാട് മെത്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്ത യായിരുന്ന മുറിമറ്റത്തിൽ പൗലോസ് മാർ ഈവാനിയോസ് തിരുമേനി വാർദ്ധക്യ സഹജമായ ക്ഷീണം നിമിത്തം മെത്രാസനഭരണത്തിൽ നിന്നും വിരമിച്ചിരിക്കുകയായിരുന്നു. മലങ്കര മെത്രാപ്പോലീത്തയായി തെരഞ്ഞെടുത്ത പൗലോസ് മാർ കൂറിലോസ് തിരുമേനിയെത്തന്നെ കണ്ടനാട് മെത്രാസനത്തിന്റെ ഭരണച്ചുമതലയും ഏല്പിച്ചു. അങ്ങനെ അദ്ദേഹം ഈ മെത്രാസനത്തിന്റെ രണ്ടാമത്തെ മെത്രാപ്പോലീത്തയായിത്തീർന്നു. തന്റെ സഭയുടെ വളർച്ചയും ആത്മീയ മക്കളുടെ ക്ഷേമവും ലക്ഷ്യമാക്കി ആ പരമ പരിശുദ്ധൻ പ്രവർത്തിച്ചിരുന്നു. 1917 ഡിസംബർ 14-ാം തീയതി പരിശുദ്ധനായ തിരുമേനി തന്റെ 67 വർഷത്തെ ലോക ജീവിതം അവസാനിപ്പിച്ചു. അദ്ദേഹത്തെ പാണമ്പടി സെന്റ് മേരിസ് പള്ളിയിൽ കബറടക്കി. 2008ൽ പരി. ഇഗ്നാത്തിയോസ് സഖാപ്രഥമൻ പാത്രിയർക്കീസ് ബാവാ അദ്ദേഹത്തെ വിശുദ്ധനായി പ്രഖ്യാപിച്ചു.

പരി. പൗലോസ് മോർ അത്താനാസിയോസ് മെത്രാപ്പോലീത്ത (ആലുവായിലെ വലിയ തിരുമേനി)

1869 ജനുവരി 23-ാം തീയതി ചെറായി വി. മർത്തമറിയം ഇടവകയിൽ പെട്ട അയ്യമ്പിള്ളിയിലെ ഒരു കുലീനകുടുംബമായ തെക്കേക്കരയിൽ കുറ്റിക്കാട്ടു ഭവനത്തിൽ മത്തായിയുടെയും അകപ്പറമ്പ് ഇടവകയിൽ പൈനാടത്ത് വർക്കിയുടെ ഏക പുത്രിയായ അന്നയുടെയും പുത്രനായി അഭിവന്ദ്യ തിരുമേനി ഭൂജാതനായി. കൊച്ചുപൗലോസിന്റെ (തിരുമേനിയുടെ ഓമനപ്പേര്) ഭക്തി, സ്വഭാവ നൈർമ്മല്യം ഇമ്പകരമായ സ്വരം എന്നിവകൊണ്ട് അന്നത്തെ അങ്കമാലി ഭദ്രാസന ഇടവകയുടെ അഭി. ഗീവർഗീസ് മോർ കൂറിലോസ് (അമ്പാട്ട്) തിരുമേനിയുടെ വാത്സല്യത്തിന് വിധേയനാകുകയും ആ തിരുമേനിയിൽ നിന്നും 1879 ഏപ്രിൽ 21-ാം തീയതി പുതു ഞായറാഴ്ച കോറൂയോ പട്ടം സ്വീകരിച്ച് തിരുമേനിയോടുകൂടി താമസിച്ച് സൂറിയാനി പഠിക്കാനാരംഭിക്കുകയും ചെയ്തു.

1074 (1898) വൃശ്ചികം 12-ാം തീയതി പൗലോസ് ശെമ്മാശ്ശനും കല്ലാശ്ശേരിയിൽ ഗീവർ ഗീസ് ശെമ്മാശ്ശനും (ഗീവർഗീസ് ദ്വിതീയൻ കാതോലിക്ക) വൈദിക പദവിയും, 15-ാംതീയതി റമ്പാൻ സ്ഥാനവും പരി. മോർ ഗ്രീഗോറിയോസ് (പരുമല കൊച്ചു തിരുമേനി) മെത്രാപ്പോലീത്തായിൽ നിന്നും സ്വീകരിച്ചു. പുലിക്കോട്ടിൽ തിരുമേനി, കടവിൽ തിരുമേനി എന്നിവർ സഹകാർമ്മികരായിരിന്നു. 1907 തുലാം 20-ാം തീയതി കടവിൽ തിരുമേനി കാലം ചെയ്യുകയാൽ അങ്കമാലി ഭദ്രാസനം വൈധവ്യത്തിലായി തീർന്നു. 1909 ചിങ്ങ മാസം 15-ാം തീയതി അങ്കമാലി ഭദ്രാസനപള്ളി പ്രതി പുരുഷയോഗം ചേർന്ന് കൊച്ചുപൗലോസ് റമ്പാനെ തങ്ങളുടെ മെത്രാപ്പോലീത്തായുടെ സ്ഥാനത്തേക്ക് തെരഞ്ഞെടുക്കുകയും പ്രസ്തുത വിവരം അന്ന് മലങ്കരയിലുണ്ടായിരുന്ന പരി. അബ്ദുള്ള പാത്രിയർക്കീസ് ബാവാ യെ അറിയിക്കുകയും ചെയ്തു. പരി. പാത്രിയർക്കീസ് ബാവാ റമ്പാച്ചനെ 1910 ഇടവം 27-ാം തീയതി അകപ്പറമ്പ് പള്ളിയിൽ വച്ച് മോർ അത്താനാസിയോസ് എന്ന സ്ഥാനനാമത്തിൽ അങ്കമാലി ഭദ്രാസനത്തിന് വേണ്ടി മെത്രാപ്പോലീത്തായായി വാഴിച്ചു.



1917ൽ കൊച്ചുപറമ്പിൽ മോർ കൂറിലോസ് തിരുമേനി കാലം ചെയ്തതിനെ തുടർന്ന് കണ്ടനാട് ഭദ്രാസന ഭരണം തിരുമേനിയിൽ വന്നു. 1927 ൽ ഔഗേൻ മോർ തീമോത്തിയോസ് തിരുമേനി കണ്ടനാട് ഭദ്രാസന മെത്രാപ്പോലീത്തയായി വാഴിക്കപ്പെട്ടതിനെ തുടർന്ന് ഭദ്രാസന ഭരണം അദ്ദേഹത്തെ ഏൽപ്പിച്ചു.

സഭയിൽ ഭിന്നത നിലനിന്നിരുന്നതിനാൽ 1935 ചിങ്ങം 6-ാം തീയതി കരിങ്ങാച്ചിറ പള്ളിയിൽ വച്ച് കൂടിയ അസ്സോസിയേഷൻ യോഗത്തിൽ വച്ച് മലങ്കര മെത്രാപ്പോലീത്ത സ്ഥാനത്തേക്ക് തിരുമേനി വീണ്ടും തെരഞ്ഞെടുക്കപ്പെട്ടു. തന്നോടൊത്ത് പ്രവർത്തിച്ചു കൊണ്ടിരുന്ന കണ്ടനാട് ഇടവകയുടെ ഔഗേൻ മോർ തീമോത്തിയോസ് തിരുമേനി 1942ൽ പരി. പാത്രിയർക്കീസ് ബാവായുടെ അറിവോ അനുമതിയോ കൂടാതെ മറുഭാഗം ചേർന്നത് വലിയ തിരുമേനിയെ ദുഃഖത്തിലാഴ്ത്തി. ആ അവസരം മുതൽ പരി. പാത്രിയർക്കീസ് ബാവായുടെ കല്പനയനുസരിച്ച് കണ്ടനാട് ഭദ്രാസന ഇടവകയുടെ ഭരണച്ചുമതല വീണ്ടും ഏറ്റെടുത്തു. 1953 ജനുവരി 12-ാം തീയതി കണ്ടനാട് ഭദ്രാസനത്തിന്റെ ഭരണച്ചുമതല അദ്ദേഹം തന്റെ പിൻഗാമി പൗലോസ് മോർ പീലക്സിനോസിനെ ഭാരമേല്പിച്ചു. 1953 ജനുവരി 24-ാം തീയതി ആയപ്പോഴേക്കും വിശുദ്ധ സഭാപിതാക്കന്മാർക്ക് അനുയോജ്യമായ വിശ്വാസ തീഷ്ണതയും പ്രാർത്ഥനാശീലവും സ്നേഹ സ്വഭാവവും അതിന്റെ അത്യുച്ച കോടിയിൽ തിളങ്ങിയിരുന്ന ആ "വലിയ തിരുമേനി" 74 വർഷത്തെ സഭാശുശ്രൂഷ നിർവ്വഹിച്ച ശേഷം തന്റെ 84-ാമത്തെ വയസ്സിൽ 1953 ജനുവരി 25-ാം തീയതി രാവിലെ 3.55ന് കർത്താവിൽ നിദ്രപ്രാപിച്ച്, ആലുവ തൃക്കുന്നത്ത് സെമിനാരിയിൽ കബറടങ്ങി.

2006ൽ പരി. ഇഗ്നാത്തിയോസ് സഖാ പ്രഥമൻ പാത്രിയർക്കീസ് ബാവ അദ്ദേഹത്തെ വിശുദ്ധനായി പ്രഖ്യാപിക്കുകയും 2010ൽ അദ്ദേഹത്തിന്റെ നാമം 5-ാം തുബ്ദേനിൽ ചേർത്ത് കല്പനയാവുകയും ചെയ്തു.

ഔഗേൻ മാർ തീമോത്തിയോസ് മെത്രാപ്പോലീത്ത

ക്രിസ്താബ്ദം ആദിമ ശതകങ്ങളിൽ ചാവക്കാട്ടെ മാർത്തോമ്മ നസ്രാണികൾ മത പീഢനം നിമിത്തം അവിടം വിട്ട് പല ദേശങ്ങളിലും കുടിയേറിപ്പാർക്കുന്നതിനിടയായി. ആ കൂട്ടത്തിൽ 'തുരുത്തി' എന്ന കുടുംബക്കാർ പെരുമ്പാവൂരിനടുത്ത് വന്ന് പാർത്തു. അവർ താമസമാക്കിയ സ്ഥലത്തിന് പിന്നീട് തുരുത്തിപ്പിള്ളി എന്ന് പേരായി. തുരുത്തി കുടുംബത്തിൽപ്പെട്ട ചേറ്റാളത്തുംകര അബ്രഹാം കത്തനാരുടെയും അന്ന യുടെയും രണ്ടാമത്തെ പുത്രനായി 1059 (1884 എ.ഡി.) മിഥുനം 13-ാം തീയതി തിരുമേനി ഭൂജാതനായി. പാമ്പാക്കുട കോനാട്ട് സുപ്രസിദ്ധ പണ്ഡിതനായ മാത്തൻ മല്പാന്റെ ശിഷ്യത്വം സ്വീകരിച്ചുകൊണ്ട് ചെറുപ്പത്തിലെ സുറിയാനി ഭാഷയും ദിവ്യാരാധനാശുശ്രൂഷാദികളും അഭ്യസിച്ച് ശെമ്മാശ്ശപട്ടം സ്വീകരിക്കുകയും ചെയ്തു.

ശെമ്മാശനായിരിക്കുമ്പോൾ തന്നെ ശീമയിൽ വച്ച് ഔഗേൻ എന്ന പേരിൽ റമ്പാൻ സ്ഥാനവും സ്ലീബാ മോർ ഒസ്താത്തിയോസിൽ നിന്ന് കശ്ശീശാപട്ടവും സ്വീകരിച്ചു. 1102-ൽ (1927) കണ്ടനാട് മെത്രാസനഇടവകയുടെ ഐക കണ്ഠ്യേനയുള്ള താല്പര്യപ്രകാരം പരി.അന്ത്യോഖ്യാ സിംഹാസന

ത്തിലെ മോർ ഇഗ്നാത്തിയോസ് ഏലിയാസ് തൃതിയൻ പാത്രിയർക്കീസ് ബാവായാൽ 'മോർ തീമോത്തിയോസ്' എന്ന നാമത്തിൽ കണ്ടനാട് മെത്രാസനത്തിന്റെ മെത്രാപ്പോലീത്തയായി വാഴിക്കപ്പെട്ടു. പിൽക്കാലത്ത് 1964ൽ പരി. യാക്കോബ് തൃതീയൻ പാത്രിയർക്കീസ് ബാവാ ഇദ്ദേഹത്തെ പൗരസ്ത്യ കാതോലിക്കയായി വാഴിച്ചു.

പുതിയ പള്ളികൾ സ്ഥാപിക്കുന്നതിൽ ഇദ്ദേഹം വളരെ ശ്രദ്ധാലുവായിരുന്നു. മൂവാറ്റുപുഴ അരമനപള്ളി, തൊടുപുഴ, വൈക്കം, ഊരമന, കായനാട്, മാറിക, അമയപ്ര, ഞാറക്കാട്, പൂത്തൃക്ക, വെട്ടിത്തറ, വരിക്കോലി എന്നീ പള്ളികൾ അതിന് ഉദാഹരണമാണ്. വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഉണ്ടാക്കുന്നകാര്യത്തിലും ഇദ്ദേഹം അതിവ തല്പരനായിരുന്നു. വടകര സെന്റ് ജോൺസ് ഹൈ സ്കൂൾ, പിറവം എം. കെ.എം. സ്കൂൾ എന്നിവയുടെ മാനേജരായി ദീർഘ കാലം പ്രവർത്തിച്ചു. മലയാളം, സുറിയാനി ഭാഷകളിൽ അസാമാന്യമായജ്ഞാനം ഇദ്ദേഹം സമ്പാദിച്ചിരുന്നു. നമ്മുടെ ആരാധനയിൽ വളരെ പ്രചാരത്തിലിരിക്കുന്ന പെങ്കീസ നമസ്കാര പ്രുമിയോനുകൾ, വലിയ നോമ്പിലെ നമസ്കാരത്തിന്റെ ഗദ്യ-പദ്യങ്ങൾ, വി. കുർബ്ബാന തക്സായിലെ ഹൂത്തോമോ, പട്ടംകൊട, പള്ളി കൂദാശ എന്നിവയുടെ മലയാള തർജ്ജമകൾ ഇദ്ദേഹത്തിന്റെ പരിശ്രമ ഫലങ്ങളാണ്. സുറിയാനി ഭാഷ പഠിപ്പിക്കുന്നതിൽ അനിതര സാധാരണമായ വൈഭവം ഇദ്ദേഹത്തിനുണ്ടായിരുന്നു. 1975 ൽ ഇദ്ദേഹം കാലം ചെയ്തു. സ്വതന്ത്ര സഭാ വാദവും നൂതന സിംഹാസനവാദവും ഉന്നയിച്ച് ഇദ്ദേഹം സഭയ്ക്ക് ഇതരനായി തീർന്നു.



മോർ ബസ്സേലിയോസ് പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ

ചെറായി വി.മർത്തമറിയം പള്ളി ഇടവകയിൽ പുതുശ്ശേരിയിൽ ബഹു.പി.പി. ജോസഫ് കശ്ശീശായുടെയും എലിസബത്തിന്റെയും കനിഷ്ഠപുത്രനായി 1914 ജൂൺ 12ന് ജനിച്ചു. കോട്ടയം വലിയ പള്ളിയിൽ വച്ച് 1933ൽ അന്ത്യോഖ്യ പ്രതിനിധിയായിരുന്ന ഏലിയാസ് മോർ യൂലിയോസ് മെത്രാപ്പോലീത്തായിൽ നിന്നും ശെമ്മാശ്ശപട്ടം സ്വീകരിച്ചു. കോട്ടയം സി.എം.എസ്. കോളേജിൽ നിന്നും ഇന്റർമീഡിയറ്റും ആലുവ യു.സി. കോളേജിൽ നിന്നും ബി.എ. ഡിഗ്രിയും കരസ്ഥമാക്കി. അതിന് ശേഷം മഞ്ഞനിക്കര ദയറായിൽ അബ്ദുൾ ആഹാദ് റമ്പാച്ചന്റെ കീഴിൽ വൈദിക വിദ്യാഭ്യാസം പൂർത്തിയാക്കി. 1938ൽ ഏലിയാസ് മോർ യൂലിയോസ് ബാവായിൽ നിന്നും കശ്ശീശാപട്ടം സ്വീകരിച്ചു. പിന്നീട് സിലോൺ, ബ്രഹ്മവാർ, തിരുവനന്തപുരം, പാറത്തോട്, പൊൻകുന്നം തുടങ്ങിയ ഇടവകകളിൽ വികാരിയായി സേവനം അനുഷ്ഠിച്ചു.

1952 ഏപ്രിൽ 25-ാം തീയതി ആലുവ തൃക്കുന്നത്ത് സെമിനാരിയിൽ വച്ച് കൂടിയ കണ്ടനാട് ഭദ്രാസനപള്ളി പ്രതിപുരുഷയോഗം ഭദ്രാസന മെത്രാപ്പോലീത്ത സ്ഥാനത്തേക്ക് തെരഞ്ഞെടുത്തു. 1952 ഒക്ടോബർ മാസം 19-ാം തീയതി പൗലോസ് മാർ പീലക്സിനോസ് എന്ന നാമധേയത്തിൽ പരി. അപ്രേം പ്രഥമൻ പാത്രിയർക്കീസ് ബാവാ തിരുമനസ്സുകൊണ്ട് മെത്രാപ്പോലീത്തയായി വാഴിച്ചു. 1958ലെ സഭായോജിപ്പിന് ശേഷം മറുവിഭാഗത്തിൽ നിന്ന് ഏറെ തിക്താനുഭവങ്ങൾ ഏറ്റുവാങ്ങി. 1959ൽ സത്യവിശ്വാസം നിലനിർത്തുന്നതിന് വേണ്ടി അന്ത്യോഖ്യൻ സിറിയൻ മൂവ്മെന്റിന് രൂപം നൽകി. 1970 കാലഘട്ടങ്ങളിൽ സഭയിൽ വിണ്ടും പ്രതിസന്ധി ഉണ്ടാവുകയും മറുവിഭാഗം സ്വതന്ത്ര്യ സഭാവാദം ഉന്നയിച്ച് സഭയ്ക്ക് ഇതരരാവുകയും ചെയ്തു. 1975 സെപ്റ്റംബർ 7-ാം തീയതി പരി.യാക്കോബ് തൃതീയൻ പാത്രിയർക്കീസ് ബാവ തിരുമനസ്സുകൊണ്ട് പൗലോസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്തായെ മോർ ബസ്സേലിയോസ് പൗലോസ് രണ്ടാമൻ എന്ന നാമധേയത്തിൽ കിഴക്കിന്റെ കാതോലിക്കയായി വാഴിച്ചു. 1975 ഡിസംബർ 26-ാം തീയതി മലങ്കര മെത്രാപ്പോലീത്തയായി തെരഞ്ഞെടുത്തു. അന്ന് തന്നെ മലബാർ ഭദ്രാസനത്തിന് വേണ്ടി ശാമുവേൽ മാർ പീലക്സിനോസ് മെത്രാപ്പോലീത്തായെ ശ്രേഷ്ഠ ബാവ വാഴിച്ചു.

1979-ൽ ബാഹ്യകേരള ഭദ്രാസനത്തിന് വേണ്ടി തോമസ് മോർ തെയോഫിലോസ് മെത്രാപ്പോലീത്തായെയും വൈദിക സെമിനാരിക്ക് വേണ്ടി യാക്കോബ് മോർ തീമോത്തിയോസ് മെത്രാപ്പോലീത്തയെയും കണ്ടനാട് ഭദ്രാസനത്തിന്റെ സഹായ മെത്രാപ്പോലീത്തയായി ഫിലിപ്പോസ് മോർ ഈവാനിയോസ് മെത്രാപ്പോലീത്തായെയും വാഴിച്ചു. 1980 സെപ്റ്റംബർ മാസം



14-ാം തീയതി മോർ സേവേറിയോസ് സഖാ മെത്രാപ്പോലീത്തായെ അന്ത്യോഖ്യയുടെയും കിഴക്കൊക്കെയുടെയും പാത്രിയർക്കീസായി ശ്രേഷ്ഠ ബാവ തിരുമനസ്സുകൊണ്ട് വാഴിച്ചു. 1984ൽ മലബാർ ഭദ്രാസനത്തിന് വേണ്ടി ഡോ. യൂഹാനോൻ മോർ പീലക്സിനോസ് മെത്രാപ്പോലീത്തായെയും 1990ൽ ഡോ. തോമസ് മോർ അത്താനാസ്യോസ് മെത്രാപ്പോലീത്തയെയും 1991ൽ ബാഹ്യകേരള ഭദ്രാസനത്തിന് വേണ്ടി തോമസ് മാർ തീമോത്തിയോസ് മെത്രാപ്പോലീത്തയെയും ശ്രേഷ്ഠ ബാവ വാഴിച്ചു. 1996 സെപ്റ്റംബർ ഒന്നാം തീയതി ഇഹലോക വാസം അവസാനിപ്പിച്ച് തന്റെനാഥന്റെ സന്നിധിയിലേക്ക് മടങ്ങിപ്പോയി. മലേകുരിശ് ദയറായിൽ അന്ത്യവിശ്രമം കൊള്ളുന്നു.

ഡോ.തോമസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്ത

1904 ജൂൺ മാസം 5-ാം തീയതി ഞായറാഴ്ച പച്ചിലക്കാട്ട് തറവാട്ടിൽപെട്ട സീതാർകുഴി പുത്തൻപുരയ്ക്കൽ മത്തായി യുടെയും അന്നാമ്മയുടെയും മൂന്നാമത്തെ മകനായി ജനിച്ചു. നാലാം ക്ലാസ്സുവരെ പുതുവേലി പ്രൈമറി സ്കൂളിലും ഏഴാം ക്ലാസ്സുവരെ കുറവിലങ്ങാട് സെന്റ് മേരീസ് സ്കൂളിലും ഹൈസ്കൂൾ വിദ്യാഭ്യാസം കോട്ടയം എം.ഡി. സെമിനാരി ഹൈസ്കൂളിലും തിരുവല്ല എം.ജി.എം. ഹൈസ്കൂളിലുമായി നടത്തി.9-ാമത്തെ വയസ്സിൽ വിശുദ്ധനായ കൊച്ചു പറമ്പിൽ പൗലോസ് മാർ കൂറിലോസ് മെത്രാപ്പോലീത്തായിൽ നിന്ന് കോറൂയോ പട്ടം സ്വീകരിച്ചു. മൂന്ന് വർഷക്കാലം പാമ്പാക്കുട വൈദിക സെമിനാരിയിൽ വൈദിക വിദ്യാഭ്യാസം നടത്തി. കൊച്ചുപറമ്പിൽ ഗീവർഗീസ് റമ്പാൻ, കോനാട്ട് മാത്തൻ കോറെപ്പിസ്കോപ്പ, ഔഗേൻ മാർ തീമോത്തിയോസ് എന്നിവരുടെ ശിഷ്യനായിരുന്നിട്ടുണ്ട്.

1930ൽ വടകര സെന്റ് ജോൺസ് യാക്കോബായ സുറിയാനി പള്ളിയിൽ വച്ച് ഔഗേൻ മാർ തീമോത്തിയോസ് മെത്രാപ്പോലീത്ത കശ്ശീശ പട്ടം നൽകി. കോട്ടയം സി.എം.എസ്. കോളേജിൽ നിന്നും ഇന്റർ മീഡിയറ്റും, ചങ്ങനാശേരി എസ്. ബി. കോളേജിൽ നിന്നും ബിരുദവും സമ്പാദിച്ചു. അന്ത്യോഖ്യ പ്രതിനിധി അഭി. മോർ യൂലിയോസ് ബാവായുടെ നിർദ്ദേശ പ്രകാരം മദ്രാസ് സെന്റ് മത്യാസ് പള്ളിയിൽ വികാരിയായി സേവനമനുഷ്ഠിച്ചു. തിരുവനന്തപുരം മഹാരാജാസ് ട്രെയിനിംഗ് കോളേജിൽ നിന്ന് ബി. ടി. ബിരുദം സമ്പാദിച്ചു. പിന്നീട് കീരംപാറ സെന്റ് സ്റ്റീഫൻസ് സ്കൂളിൽ എട്ടു വർഷം അദ്ധ്യാപകനായും അതിനുശേഷം വടകര സെന്റ് ജോൺസ് സ്കൂളിൽ അഞ്ച് വർഷം അദ്ധ്യാപകനായും 11 വർഷം പ്രധാന അദ്ധ്യാപകനായും സേവനം അനുഷ്ഠിച്ചു.



വടകര സ്കൂളിൽ നിന്ന് വിരമിച്ച ശേഷം മദ്രാസിൽ സെന്റ് മേരീസ് ഇംഗ്ലീഷ് മീഡിയം സ്കൂൾ ആരംഭിക്കുകയും അവിടെ അദ്ധ്യാപകനായും പ്രിൻസിപ്പലായും സേവനമനുഷ്ഠിക്കുകയും ചെയ്തു. പിന്നീട് ഏറെക്കാലം ട്രസ്റ്റിന്റെ പ്രെയർമാനായിരുന്നു. 1975ൽ പരി. ഇഗ്നാത്തിയോസ് യാക്കോബ് തൃതീയൻ പാത്രിയർക്കീസ് ബാവ തോമസ് മാർ ഒസ്താത്തിയോസ് എന്ന നാമത്തിൽ കണ്ടനാട് ഭദ്രാസനത്തിന്റെ സഹായ മെത്രാപ്പോലീത്തയായി വാഴിച്ചു. പിന്നീട് കോട്ടയം ഭദ്രാസനത്തിന്റെ സഹായ മെത്രാപ്പോലീത്ത സ്ഥാനവും നൽകപ്പെട്ടു.

1982ൽ കൊച്ചി ഭദ്രാസനത്തിന്റെ മെത്രാപ്പോലീത്തയായി നിയമിതനായി. 2000-ാ മാണ്ട് ജൂലൈ മാസം 29-ാം തീയതി കാലം ചെയ്ത് തിരുവാങ്കുളം കുന്തോ സെമിനാരി ചാപ്പലിൽ കബറടക്കപ്പെട്ടു. കർമ്മോത്സുകമായ ജീവിതം കൊണ്ട് സഭയ്ക്കും സമൂഹത്തിനും അമൂല്യമായ സംഭാവനകൾ ചെയ്ത മഹാത്മാവാണ് അഭിവന്ദ്യ തിരുമേനി. അനേകർക്ക് ഗുരുഭൂതനായും വിശ്വാസികൾക്ക് ആത്മീയ പിതാവായും വിവിധ തലങ്ങളിൽ പ്രശോഭിച്ചിരുന്ന പുണ്യ പിതാവിന്റെ ജീവിത മാതൃക ഏവർക്കും പ്രചോദനമേകുന്നതും മാതൃകാപരവുമാണ്. ആ ദിവ്യസ്മരണയ്ക്കു മുമ്പിൽ നമുക്ക് മദ്ധ്യസ്ഥത യാചിക്കാം.

ഫിലിപ്പോസ് മോർ ഈവാനിയോസ് മെത്രാപ്പോലീത്ത

പുരാതനപ്രശസ്തമായ വെള്ളൂർ പറപ്പിള്ളിൽ കുടുംബത്തിൽ 1924 മെയ് 24ന് ജനിച്ചു. സെക്കന്ററി വിദ്യാഭ്യാസത്തിന് ശേഷം തിരുവനന്തപുരം മാർ ഈവാനിയോസ് കോളേജിൽ നിന്നും ഇന്റർമീഡിയറ്റും ചങ്ങനാശ്ശേരി എസ്.ബി. കോളേജിൽ നിന്നും ബി.എ. ബിരുദവും മാന്നാനം സെന്റ് ജോസഫ് ട്രെയിനിംഗ് കോളേജിൽ നിന്ന് ബി. എഡ്. ബിരുദവും സമ്പാദിച്ചു. 1949ൽ മീഖായേൽ മോർ ദിവന്നാസ്യോസ് മെത്രാപ്പോലീത്തയിൽ നിന്ന് ശെമ്മാശ്ശപട്ടവും 1953ൽ എബ്രഹാം മോർ ക്ലീമിസ് തിരുമേനിയിൽ നിന്ന് കശ്ശീശാ പട്ടവും സ്വീകരിച്ചു. വെള്ളൂർ സെന്റ് തോമസ് പള്ളി, കേളകം സെന്റ് തോമസ് പള്ളി, കൂട്ടിക്കൽ സെന്റ് മേരീസ് പള്ളി, എന്നിവിടങ്ങളിൽ വികാരി യായി സേവനമനുഷ്ഠിച്ചു.



1952ൽ മോർ ഗ്രീഗോറിയോസ് സ്റ്റുഡന്റ് സ് അസ്സോസിയേഷൻ ജനറൽ സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ടു. 1953ൽ കോട്ടയത്ത് വച്ച് നടന്ന അഖില ലോക യുവജനകോൺഫറൻസിൽ യാക്കോബായ വിദ്യാർത്ഥി പ്രതിനിധിയായി പങ്കെടുത്തു. 1954ൽ കോട്ടയം ഭദ്രാസന സെക്രട്ടറിയായും, അഖില മലങ്കര സിറിയൻ ക്രിസ്ത്യൻ ലീഗ് ജനറൽ സെക്രട്ടറിയായും വെള്ളൂർ കോ-ഓപ്പറേറ്റിവ് സൊസൈറ്റിയുടെ ഡയറക്ടർ ബോർഡ് അംഗമായും തെരഞ്ഞെടുക്കപ്പെട്ടു. 1959ൽ അന്ത്യോഖ്യൻ മൂവ്മെന്റ് വൈസ് പ്രസിഡന്റായും പ്രവർത്തിച്ചു. പൗരസ്ത്യ സുവിശേഷ സമാജം മാനേജിംഗ് കമ്മറ്റിയംഗമായി പല പ്രാവശ്യം തെരഞ്ഞെടുക്കപ്പെട്ടു. 1964 മുതൽ 1966 വരെ കോട്ടയം ഭദ്രാസനവൈദിക സെക്രട്ടറിയായിരുന്നു. കൊട്ടിയൂർ, ഉദയംപേരൂർ മുതലായ സ്ഥലങ്ങളിൽ സാമൂഹ്യമായ പല പ്രസ്ഥാനങ്ങളുടെയും പ്രസിഡന്റായി പ്രവർത്തിച്ചു.

തിരുവഞ്ചൂർ പി.ഇ.എം. സ്കൂളിന്റെ സ്ഥാപക പ്രവർത്തകരിൽ ഒരാളായിരുന്നു അദ്ദേഹം. കുറിച്ചി സെന്റ് മേരീസ് മിഷൻ ഹോസ്പിറ്റൽ സമാരംഭിച്ചു. മെത്രാപ്പോലീത്തയായി വാഴിക്കപ്പെടുന്നതുവരെ ആശുപത്രി ഡയറക്ടറായി പ്രവർത്തിച്ചു. തിരുവഞ്ചൂർ പി.ഇ.എം. സ്കൂൾ, കേളകം സെന്റ് തോമസ് ഹൈസ്കൂൾ, കണ്ടനാട് സെന്റ് മേരീസ് ഹൈസ്കൂൾ എന്നീ സ്ഥാപനങ്ങളിൽ ഹെഡ് മാസ്റ്ററായി സേവനമനുഷ്ഠിച്ചു.

1978ൽ യാക്കോബ് മോർ യൂലിയോസ് മെത്രാപ്പോലീത്തയിൽ നിന്ന് റമ്പാൻ സ്ഥാനം സ്വീകരിച്ചു. 1979 ഏപ്രിൽ മാസം 19-ാം തീയതി വെള്ളൂർ സെന്റ് സൈമൺസ് യാക്കോബായ സുറിയാനി പള്ളിയിൽ വച്ച് മോർ ബസ്സേലിയോസ് പൗലോസ് രണ്ടാമൻ കാതോലിക്കാ ബാവ, ഫിലിപ്പോസ് മോർ ഈവാനിയോസ് എന്ന നാമത്തിൽ മെത്രാപ്പോലീത്തയായി വാഴിച്ചു. സ്ഥാനാരോഹണത്തെ തുടർന്ന് കണ്ടനാട് ഭദ്രാസനത്തിന്റെ സഹായ മെത്രാപ്പോലീത്തയായി നിയമിക്കപ്പെട്ടു. 1980 സെപ്റ്റംബർ 14-ാം തീയതി സിറിയായിലെ ഡമാസ്കസിൽ വച്ച് നടന്ന പരി. സഖാ പ്രഥമൻ പാത്രിയർക്കീസ് ബാവായുടെ വാഴ്ചയിൽ പങ്കെടുത്തു. 1980ൽ സിറിയ, തുർക്കി, ലെബാനോൻ, സൈപ്രസ് എന്നീ രാജ്യങ്ങൾ സന്ദർശിച്ചു. 1988 മെയ് 8-ാം തീയതി കാലം ചെയ്ത് വെള്ളൂർ സെന്റ് തോമസ് യാക്കോബായ സുറിയാനി പള്ളിയിൽ കബറടക്കപ്പെട്ടു.

കടപ്പാട് : കണ്ടനാട് ഡയോസിഷൻ ഡയറക്ടറി 2013ൽ പ്രസിദ്ധീകരിച്ചതിൽ നിന്ന്

ഇടവക മെത്രാപ്പോലീത്താ പൗലോസ് മാർ പീലക്സീനോസ്

കൊച്ചി മെത്രാസനത്തിൽപ്പെട്ട ചൊവ്വര സെന്റ് മേരീസ് പള്ളി ഇടവകയിൽ മേക്കര സുറിയാനി സമ്പ്രദായത്തിൽ സുപരിചിതനായ പുളുക്കുന്നേൽ ബ. പി. പി. ജോസഫ് കശീശ്ശായുടെ തൃതീയ പുത്രനായി 1914 ജൂൺമാസം 12-ാം തീയതി ഇദ്ദേഹം ജനിച്ചു. മതാവ്, വടക്കൻ പുര് ഈരേളി കുടുംബത്തിലെ ശ്രീമതി ഏലിസബേത്ത് തോമസാണ്. പ്രശസ്തനും പ്രഗത്ഭനുമായ പിതാവ്, മാർ സുരണർഹരായ ജോസഫ് മാർ ദീവന്നാസ്യോസ്, ഗീവറുഗീസ് മാർ ദീവന്നാസ്യോസ്, സ്തീബാ മാർ ഒസ്താത്തിയോസ് എന്നീ തിരുമേനിമാരുടെ സെക്രട്ടറി, കോട്ടയം പഴയസിമ്മനാരി, എം. ഡി. സിമ്മനാരി എന്നിവിടങ്ങളിലെ മല്പാൻ, ''മലങ്കര ഇടവകപത്രിക'' സുറിയാനി സുവിശേഷകൻ എന്നീ വയുടെ പത്രാധിപർ, ഒരു സുവിശേഷ പ്രാസംഗികൻ എന്നീ നിലകളിൽ ദീർഘകാല സമുദായസേവന പാരമ്പര്യമുള്ള ഒരു മെത്രാപ്പോലീത്തായിരുന്ന സപരിതാപിന്റെ സമുദായസ്നേഹ മാർഗ്ഗദർശനവും വിശ്വാസസ്ഥൈര്യവും, സേവനതല്പരതയും പാരമ്പര്യം 'പൗലോസിന്റെ മാഗ്ഗദർശകമായിരുന്ന എന്നു വിശേഷിച്ചു പറയേണ്ടതില്ല.

ബാല്യം മുതൽതന്നെ 'പൗലോസ്'' ആരാധനാദികാര്യങ്ങളിൽ പിതാവിനെ സഹായിക്കുന്നതിനും വിശുദ്ധ ഗ്രന്ഥങ്ങളും വായിച്ചു പഠിക്കുന്നതിനും താല്പര്യമുള്ളവനായിരുന്നു. ചെറായി രാമവർമ്മയൂണിയൻ ഹൈസ്കൂളിൽനിന്നും സെക്കണ്ടറി വിദ്യാഭ്യാസം പൂർത്തിയാക്കി. ഈ കാലയളവിൽത്തന്നെ പിതാവിന്റേയും വെള്ളക്കുന്നേത്തു ബ. മത്തായി കത്തനാരുടേയും കീഴിൽ സുറിയാനിഭാഷാ പഠനം ആരംഭിച്ചു. 1933-ൽ കോട്ടയം വലിയ പള്ളിയിൽവച്ചു മലങ്കരയിലെ അന്ത്യോഖ്യാ പ്രതിനിധിയായിരുന്ന അഭിവന്ദ്യനായ ഏലിയാസ് മാർ യൂലിയോസ് മെത്രാപ്പോലീത്തായിൽനിന്നും ശെമ്മാശുപട്ടം സ്വീകരിച്ചു. കോട്ടയം C.M.S. കോളേജിൽനിന്നും ഇന്റർമെഡിറ്റും ആലുവാ യൂണിയൻ ക്രിസ്ത്യൻ കോളേജിൽനിന്നും B.A. ഡിഗ്രിയും കരസ്ഥമാക്കി.

സർവ്വകലാശാല വിദ്യാഭ്യാസത്തിനുശേഷം മഞ്ഞിനിക്കര യോഗയിൽ ചേർന്നു അവിടത്തെ സുറിയാനിഭാഷാ പണ്ഡിതനായിരുന്ന ബ. അബ്ദൽ ആഹാദ് റമ്പാന്റെ (ഇപ്പോഴത്തെ പ. പാത്രിയർക്കീസ് ബാവാ) ശിഷ്യത്വം സ്വീകരിച്ചു വൈദികപഠനം പൂർത്തിയാക്കി. 1938-ൽ അഭിവന്ദ്യനായ ഏലിയാസ് മാർ യൂലിയോസ് മെത്രാപ്പോലീത്തായിൽനിന്നും കശീശ്ശാപട്ടം സ്വീകരിച്ചു സിലോൺ, മദ്രാസ്, ബ്രഹ്മപുർ, തിരുവനന്തപുരം, പാറത്തോട്, പൊൻകുന്നം മുതലായ സ്ഥലങ്ങളിൽ സ്തുത്യർഹമായി സഭാസേവനം അനുഷ്ഠിച്ചിട്ടുണ്ട്. പാറത്തോട് മ്രുസി മെമ്മോറിയൽ സെന്റർ ജോർജ്ജ് പള്ളി വികാരിയായിരുന്ന അവസരത്തിൽ ബ. 'പൗലോസ് അച്ചനെ' അഭിവന്ദ്യ യൂലിയോസ് തിരുമേനി തന്റെ സെക്രട്ടറിയും മഞ്ഞിനിക്കര ദയറായിലെ മല്പാനുമായി നിയമിച്ചു. ഈ അവസരത്തിൽ കുറിയനായ ഇടവകയുടെ മെത്രാപ്പോലീത്തായായ ഏബ്രാഹം മാർ ക്ലീമ്മീസ് 'തിരുമേനിയുടെ സുറിയാനിഭാഷാ' ഗ്രന്ഥ ആകന്നതിനും സാധിച്ചു.

കണ്ടനാട് ദ്രോസനത്തിന്റെകീഴിൽ ചരിത്രപ്രധാനമായ ആലുവായിലെ 'വലിയ തിരുമേനി കുടി'' പ്രായാധിക്യത്താൽ കണ്ടനാട് മെത്രാപ്പോലീത്താസ്ഥാനത്തേക്ക് ഒരാളെ തെരഞ്ഞെടുക്കണമെന്നു നിർദ്ദേശമുണ്ടാവുകയും അതനുസരിച്ചു കണ്ടനാട് മെത്രാസന പള്ളിപ്രതിപുരുഷയോഗം 1952-ഏപ്രിൽ 25-ാം തീയതി ആലുവാ തൃക്കുന്നത്തു സിമ്മനാരിയിൽ ചേരുകയും പ്രസ്തുതയോഗം കഥാപുരുഷനെ മെത്രാൻ സ്ഥാനത്തേക്കു തെരഞ്ഞെടുക്കുകയും വിവരം പ. പാത്രിയക്കീസ് ബാവായെ അറിയിക്കുകയും തിരുമനസ്സുകൊണ്ടു അംഗീകരിച്ചു ആശീർവ്വാദ കല്പന അയയ്ക്കുകയും ചെയ്തു. 1952 സെപ്തംബർ 11-ാം തീയതി അഭിവന്ദ്യനായ യൂലിയോസ് തിരുമേനിയുമൊന്നിച്ചു ''നിയുക്തമെത്രാൻ'' ആകമാന സുറിയാനി സഭയുടെ തലവനായ അന്ത്യോഖ്യായിലെ പ. പാത്രിയക്കീസ് ബാവായുടെ സന്നിധാനത്തിലേക്കു യാത്ര തിരിച്ചു. ഹോംസിൽ പ. പിതാവിന്റെ സന്നിധിയിൽ എത്തിച്ചേർന്ന നിയുക്ത തിരുമേനിയേയും മറ്റും ഹൃദ്യമായി സ്വീകരിച്ചശേഷം മെത്രാഭിഷേകത്തിനുള്ള ഒരുക്കങ്ങളും ചെയ്തു. അന്നത്തെ പാത്രിയക്കീസ് ബാവായായിരുന്ന പ. ഇഗ്നാത്തിയോസ് അപ്രേം പ്രഥമൻ ബാവാ അഭിവന്ദ്യരായ ആലപ്പോയിലെ മാർ ദീവന്നാസ്യോസ്, ബേറൂട്ടിലെ മാർ സേവേറിയോസ് (ഇപ്പോഴത്തെ പ. പാത്രിയക്കീസ് ബാവാ), മലങ്കരയിലെ അന്ത്യോഖ്യാ പ്രതിനിധി മാർ യൂലിയോ

സ് എന്നീ തിരുമേനിമാരുടെ സഹകരണത്തോടെ 1952 ഒക്ടോബർ 19-ാം തീയതി 'പീലക്സിനോസ്'' എന്ന നാമത്തിൽ മലങ്കരയിലെ കണ്ടനാട് മെത്രാസനത്തിനുവേണ്ടി മെത്രാപ്പോലീത്തായായി വാഴിച്ചു. വി. നാട്ടിലെ പുണ്യസ്ഥലങ്ങളെല്ലാം സന്ദർശിച്ചശേഷം മാർ യൂലിയോസ് തിരുമേനിയുമൊത്ത് ഇടവിനവ തിരുമേനി മലങ്കരയിലേയ്ക്കു യാത്രതിരിക്കുകയും 1953 ജനുവരി 12-ാം തീയതി ആലുവാ തുക്കടവിൽ സിമ്മനാരിയിൽ എത്തി അവിടെ രോഗശയ്യയിലായിരുന്ന വിശ്വാസ സംരക്ഷകനായ ''വലിയ തിരുമേനി''യിൽനിന്നും കണ്ടനാട് മെത്രാസനത്തിന്റെ ഭരണചുമതല കയ്യേറ്റു. തിരുമേനിയുടെ നിസ്വാർത്ഥവും നിഷ്കളങ്കവുമായ പ്രവർത്തനങ്ങളും ഇടവകയുടെ നാനാവിധമായ പുരോഗതിക്ക് സംഗതിയായിക്കൊണ്ടിരിക്കുന്നു.

മെത്രാൻ സ്ഥാനലബ്ധിക്കുശേഷം 1960-ലും 1965-ലും വിശുദ്ധനാടുകളും ഏതാണ്ടൊക്കെയും മദ്ധ്യപൂർവ്വദേശങ്ങളും സന്ദർശിക്കുവാൻ ഇദ്ദേഹത്തിനു ഭാഗ്യം ലഭിച്ചു. കാലംചെയ്ത അഭിവന്ദ്യനായ മാർ മീഖായേൽ തിരുമേനിയുടെ ക്ഷീണാവസരത്തിലും കാലശേഷവും പ. പാത്രിയർക്കീസ് ബാവായുടെ കല്പനപ്രകാരം കോട്ടയം, കൊല്ലം എന്നീ ഭദ്രാസനങ്ങളുടെ ഭരണംകൂടി നടത്തുന്നതിനു അവസരമുണ്ടായിട്ടുണ്ട്. ഇപ്പോൾ തന്റെ ഇടവകയിലെ 'കഞ്ഞാടുകളേയും പള്ളാടുകളേയും' ഇടയത്വത്തിനടുത്ത കരുണാപൂർണ്ണമായ ദീർഘവീക്ഷണത്തോടെ പരിപാലിക്കുന്നതിൽ നിതരാം വ്യാപൃതനാണ്.

കടപ്പാട് : കണ്ടനാട് മെത്രാസന ഡയറക്ടറി 1973ൽ
പ്രസിദ്ധീകരിച്ചതിൽ നിന്ന്

1992 Nov 3 Malayala Manorama KTM



മലങ്കര യാക്കോബായ സുറിയാനി സഭയുടെ പരമാധ്യക്ഷനായി ഇന്നലെ സ്ഥാനാരോഹണം ചെയ്ത മാർ ഇഗ്നാത്തിയോസ് പൗലോസ് മൂന്നാമൻ പാത്രിയർക്കീസ് ബാവയ്ക്ക് ആശംസകൾ നേരുന്നു. ഇടത്തുനിന്ന്: മെത്രാപ്പോലീത്തമാരായ തോമസ് മാർ തീമോത്തിയോസ്, ഡോ. ഗീവർഗീസ് മാർ ഗ്രിഗോറിയോസ്, ഡോ. തോമസ് മാർ അന്തോണിയോസ്, യാക്കോബ് മാർ യൂലിയോസ്, ഡോ. എബ്രഹാം മാർ സെവേറിയോസ്, ഡോ. യൂഹാനോൻ മാർ ഫിലക്സിനോസ്.



സഭൈക്യ പാതയിൽ നാഴികക്കല്ല്: ശ്രേഷ്ഠ ബാവാ



1993 ഫെബ്രുവരി 11 വ്യാഴം 7

സഭാ പിതാക്കളുടെ പാരമ്പര്യം കാക്കുക: മാർ അപ്രേം ആബൂദി



ശ്രേഷ്ഠകാതോലിക്കയ്ക്ക് ആശംസകൾ



ആത്മസമർപ്പണത്തിന്റെ
എൺപതാണ്ട്



മംഗളം

യാക്കോബായ സഭയ്ക്ക്
പഞ്ചവത്സര പദ്ധതി



1994 ജൂലൈ 22 വെള്ളി 7

സഭാ സംരക്ഷണ
വാരം ആചരിക്കണം:
ശ്രേഷ്ഠ ബാവ



പാത്രിയാർക്കീസും കാതോലിക്കോസും
സഭാ സംയുക്തതയുടെ പ്രതീകങ്ങൾ



ശ്രേഷ്ഠബാവായുടെ
ശ്രാദ്ധസദ്യക്ക്
അരലക്ഷം പേർ



**** 1996 മർച്ചാഴ്ച് 11 തിങ്കൾ 9

ശ്രേഷ്ഠ ബാവായുടെ ശ്രാദ്ധസദ്യയ്ക്കു പതിനായിരങ്ങൾ



ശ്രേഷ്ഠ ബാവായുടെ
ശ്രാദ്ധസദ്യയ്ക്കു
പതിനായിരങ്ങൾ



ബാവയുടെ മുപ്പതാം ഓർമ്മ ദിനം ആചരിച്ചു



ദപൂർണ്ണിമ, വ്രത വിശുദ്ധിയുടെ ധന്യത


പിന്നോക്ക സമുദായങ്ങൾക്കു ജാഗ്രത പോരാ: ഡോ. പ്രസന്നൻ

'ശ്രേഷ്ഠ ബാവാ ദൃഷ്ടിതുല്യനായ നല്ല ഇടയൻ'


ആയിരങ്ങൾ വണങ്ങി


നന്മകളുടെ പ്രസാദ പൂർണ്ണിമ, വ്രത വിശുദ്ധ



'കാതോലിക്കാ ബാവ സ്നേഹം വിശ്വാസപ്രമാണമാക്കി'



ശ്രേഷ്ഠ കാതോലിക്കാ ജന്മദിനം ആഘോഷിച്ചു



യാക്കോബായ പള്ളി പ്രതിപുരുഷയോഗംനാളെ

പെരുമ്പാവൂർ : അങ്കമാലിക്കടുത്തു തുരുത്തിക്കരയിൽ വരിസംഖ്യ 26-ാം തീയതി നടക്കുന്ന യാക്കോബായ സഭയുടെ പള്ളി പ്രതിപുരുഷയോഗത്തിനുള്ള ഒരുക്കങ്ങൾ പൂർത്തിയായി വിലയിരുത്തപ്പെടുന്നു. സഭാദിനാഘോഷം ചെയർമാൻ ഔഗേൻ മാർ മീവന്നാസ് സിയോസ് മെത്രാപ്പോലീത്ത പ്രസംഗിച്ചു.



ഫാ. ബേസിലിയോസ് പൗലോസ് പ്രതിനിധി കാതോലിക്കാബാവാ










പള്ളിപ്രതിപുരുഷയോഗം

(പ്രത്യേക ലേഖകൻ)




Face Book.com / Syriac Christianity
Late lamented Catholicos of the East, Aboon Mor Baselios Paulose - II Bava
H.G. Mor Gregorios Geevarghese Perumpillil, Rev. Jesus Corepiscopa,
Rev. Geevarghese Kalloopparambil
Photo: August,1993


facebook.com / Syriac Christianity









DIGNITARIES OF THE ORTHODOX SYRIAN CHURCH

AT THE INSTALLATION OF THE CATHOLICOS AUGEN I



Left to Right:- H. G. Daniel Mar Philoxenos; H. G. Abraham Mar Clemis; H. G. Mathews Mar Athnasios; H. G. Mar Severios Zachai; H. G. Mar Thoma Dionysius; H. G. Mar Osthathios Kuriakose; H. H. The Patriarch Yakoob III; H. H. The Catholicos Augen I; H. G. Kuriakose Mar Gregorios; H. G. Geevarughese Mar Gregorios; H. G. Mathews Mar Ivanios; H. G. Paulose Mar Philoxenos; H. G. Mathews Mar Coorilos.

Standing:- George; Remban Simon Saliba; Remban Aprem Poulose.




www.facebook.com/syrianchurch







മലങ്കര യാക്കോബായ സഭയുടെ കൊച്ചി ഭദ്രാസന മെത്രാപ്പോലീത്തയായി അഭിഷിക്തനായ ജോസഫ് മാർ ഗ്രിഗോറിയോസിനു തിരുവാങ്കുളം കുംഭ്യ സെമിനാരിയിൽ നൽകിയ സ്വീകരണത്തിൽ ശ്രേഷ്ഠ കാതോലിക്കാ ബാവ പ്രസംഗിക്കുന്നു. ഡോ. തോമസ് മാർ ഒസ്താത്യോസ്, തോമസ് മാർ തിമോത്തിയോസ്, ജോസഫ് മാർ ഗ്രിഗോറിയോസ്, ഹോളണ്ടിലെ ആർച്ച് ബിഷപ്പ് യേശു ശീശയ് യൂലിയോസ് എന്നിവർ സമീപം.

M.M. Koshy, Page. 3

-മനോരമ

1995 ലെ പാത്രിയർക്കാ ദിനാഘോഷ സമ്മേളനത്തിലെ ശ്രേഷ്ഠ ബസ്സേലിയോസ്സ് പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവായുടെ അദ്ധ്യക്ഷപ്രസംഗം

26-2-1995

ദൈവത്തിനു സ്തുതി

വി. സഭയുടെ പരമാധ്യക്ഷനായ മോറാൻ മോർ ഇഗ്നാത്തിയോസ് പാത്രിയർക്കീസ് ബാവായുടെ പ്രതിനിധിയായി ഇവിടെ സന്നിഹിതനായിരിക്കുന്ന മദ്ധ്യ യൂറോപ്പ് ആർച്ച് ബിഷപ്പ് യൂലിയോസ് യേശു ശിശുക മെത്രാപ്പോലീത്ത, വേദിയിൽ ഉപവിഷ്ടരായിട്ടുള്ള നമ്മുടെ അഭിവന്ദ്യ മെത്രാപ്പോലീത്തന്മാരെ, നമുക്ക് ഏറ്റം പ്രിയങ്കരരായ മുൻ കേന്ദ്രമന്ത്രിയും ഈ യോഗ ക്രമീകരണത്തിന്റെ ജനറൽ കൺവീനറുമായ കമാണ്ടർ A.M. തോമസ്, കേരള നിയമസഭാ സ്പീക്കർ കമാണ്ടർ P.P.തങ്കച്ചൻ, ജലസേചന സാംസ്കാരിക വകുപ്പ് മന്ത്രി കമാണ്ടർ T.M. ജേക്കബ്, ലോകസഭാംഗം ശ്രീ. P.C.ചാക്കോ, നിയമസഭാംഗം V.J. പൗലോസ്, സഭയുടെ സൈദ്ധാന്തിക ഭാരവാഹികളായ വന്ദ്യ P.P.ജോസഫ്, കോറെപ്പിസ്കോപ്പ, ശ്രീമാന്മാരായ K.A.തോമസ്, ഷെവ. T.U.കുരുവിള, K.P.തോമസ്, യോഗത്തിൽ സംബന്ധിക്കുന്ന വന്ദ്യ കോർ എപ്പിസ്കോപ്പാമാരെ, ബഹുമാന്യ വൈദികരെ, വിശ്വാസികളുടെ സമൂഹമേ,

കഴിഞ്ഞുപോയ ഒരുവർഷം നമുക്ക് ഉണർവിന്റെ നാളുകളായിരുന്നു. 1994 ഫെബ്രുവരി മാസം 28-ാം തീയതി അഖില മലങ്കര പള്ളി പ്രതിപുരുഷയോഗം ചേർന്ന് സഭയുടെ ഭരണികളെ തെരഞ്ഞെടുക്കുകയുണ്ടായി. പുതിയ സമിതികൾ നിലവിൽ വന്നത് ആത്മാർത്ഥതയോടെ തങ്ങളുടെ കൃത്യങ്ങൾ നിർവ്വഹിക്കുന്നു എന്ന് നിങ്ങളെ അറിയിക്കുവാൻ നമുക്ക് സന്തോഷമുണ്ട്. എങ്കിലും ട്രസ്റ്റിയായി തെരഞ്ഞെടുത്തിരുന്ന നമ്മുടെ പ്രിയങ്കരനും സത്യവിശ്വാസിയും 18 വർഷക്കാലം സഭയുടെ സെക്രട്ടറിയായി സേവനം ചെയ്തിട്ടുള്ള ആദ്ധ്യാത്മികനായ കമാണ്ടർ T.P.മാത്യുവിന്റെ അകസ്മിക നിര്യാണം നമ്മെ ദുഃഖത്തിലാഴ്ത്തി. അദ്ദേഹത്തിന്റെ ആത്മാവിന് സദ്ഗതി അനുവദിച്ചു ലഭിക്കുവാൻ ദൈവത്തോട് പ്രാർത്ഥിക്കുന്നു.

വാത്സല്യ മക്കളെ!

നമ്മുടെ ഈ കൂടിവരവ് എന്തിനു വേണ്ടിയെന്ന് നാം പ്രത്യേകം അറിയിക്കേണ്ടതില്ലല്ലോ. ആകമാന സുറിയാനി ഓർത്തഡോക്സ് സഭയുടെ പരമാധ്യക്ഷനായ പരിശുദ്ധ ഇഗ്നാത്തിയോസ് പാത്രിയർക്കീസ് ബാവാ എന്തൊരു സിംഹാസനത്തിലാണോ വാണരുളുന്നത് ആ പരിശുദ്ധ പത്രോസിന്റെ ഭൗതിക സിംഹാസനം അന്ത്യോക്യയിൽ സ്ഥാപിച്ചതിന്റെ ഓർമ്മ എല്ലാ വർഷവും ഫെബ്രുവരി 22ന് നാം നിർവ്വഹിക്കുന്നു. പ്രതിസന്ധിയുടെ കാലങ്ങളിൽ ഈ ദിനം വിപുലമായ പരിപാടികളോടെ സഭ ഒന്നടങ്കം ഒരുമിച്ച് കൂടുകയും സത്യ വിശ്വാസത്തിൽ നിന്നും നാം പിൻ തിരിയുന്നതല്ലെന്നും ഉറച്ച് പ്രഖ്യാപിക്കുകയും ചെയ്യുന്ന പതിവും നമുക്കുണ്ട്. മലങ്കരയിലെ സുറിയാനി സഭ ഇപ്പോൾ വ്യവഹാരത്തിലാണ്. ഒന്നു നിങ്ങുമോൾ മറ്റൊന്ന് എന്ന രീതിയിൽ സഭയിൽ വ്യവഹാരം ആരംഭിച്ചിട്ട് ഏതാണ്ട് ഒരു നൂറാണ്ട് കഴിഞ്ഞിരിക്കുന്നു. ഇപ്പോൾ ഭാരതത്തിന്റെ പരമോന്നത നീതി പീഠമായ സുപ്രീം കോടതിയിൽ കേസ് നടന്നു കൊണ്ടിരിക്കുകയാണ്. അതു സംബന്ധിച്ച വിവരങ്ങൾ നിങ്ങൾ പത്രദ്വാര അറിഞ്ഞുകൊണ്ടിരിക്കുന്നു എന്നു നാം കരുതുന്നു.

പരിശുദ്ധ സുറിയാനി സഭയ്ക്ക് പൂർവ്വികമായി വി. പിതാക്കൻമാർ വഴി ലഭിച്ചിട്ടുള്ള വിശ്വാസസത്യങ്ങളേയും നിർമ്മല പൗരോഹിത്യത്തേയും വി. കൂദാശാനുഷ്ടാനങ്ങളേയും നിർവിഘ്നം മലങ്കരസഭയിൽ പരികലിച്ച് പുലർത്തുന്നതിലേക്കും വി. പത്രോസ് സ്ഥാപിച്ച പ: അന്ത്യോക്യാ സിംഹാസനവുമായുള്ള ബന്ധം അഭംഗം നിലനിർത്തുന്നതിലേക്കും വേണ്ടിയുള്ള ഒരു വലിയ കൃത്യത്തിലാണ് നാമെല്ലാവരും ഉൾപ്പെട്ടിരിക്കുന്നത്. ലക്ഷ്യപ്രാപ്തിക്കുവേണ്ടിയുള്ള പ്രയാണത്തിൽ വരാവുന്ന എല്ലാ പ്രതിബന്ധങ്ങളേയും ആത്മധൈര്യത്തോടും വൈരാഗ്യതയോടും കൂടെ നാം അഭിമുഖീകരിക്കുകയും ഉത്സാഹസമേതം നമ്മുടെ കർത്തവ്യങ്ങളിൽ ഉൽമുഖരായി നിരുകയും വേണം. നാം ഇന്ന് പ്രയാസങ്ങളും പീഡനങ്ങളും നിറഞ്ഞ ഒരു ചുറ്റുപാടിലാണ്. സകലതേയും അറിയുന്നവനും നിയന്ത്രിക്കുന്നവനുമായ ദൈവത്തിന്റെ തൃക്കരങ്ങളിൽ നമ്മെ കൂടുതൽ വിശ്വാസവിഷ്ണതയുള്ളവരാക്കി തീർക്കുന്നതിനുള്ള ചില പരീക്ഷണങ്ങൾ മാത്രമാണിതെന്ന് മനസ്സിലാക്കി നമുക്ക് അവയെ അഭിമുഖീകരിക്കാം.

പരിശുദ്ധ സഭയിൽ അനുസരണക്കേടും കീഴ്വഴക്കമില്ലായ്മയും കാണിച്ചുനടക്കുന്ന നമ്മുടെ എതൃകക്ഷികൾ പറിപ്പിക്കുവാൻ ഉദ്യമിക്കുന്നത് സഭയുടെ സ്ഥാപകൻ മാർത്തോമാ ശ്ലീഹായാണെന്നും അദ്ദേഹം സ്ഥാപിച്ചത് "സ്വയം ശീർഷകതയുള്ള" ഒരു സ്വതന്ത്രസഭയാണെന്നും മറ്റുമാണ്. ഈ പാഠപ്രക്രിയകൾ ആരംഭിച്ചിട്ട് അധിക നാളുകളായിട്ടില്ല

1970 ന് ശേഷം മാത്രമാണ് ഈ രീതിയിൽ സഭയുടെ സഭാ വാദഗതികളുമായി ആകമാന സുറിയാനി സഭയുടെ തലവനായ അന്ത്യോഖ്യായിലെ പ. പത്രോസിന്റെ സിംഹാസനത്തിൽ വാണരുളുന്ന മോറാൻ മോർ ഇഗ്നാത്തിയോസ് പാത്രിയർക്കീസുമായി വിവാദം ആരംഭിച്ചത്. 1964 ൽ പ. സിംഹാസനത്തിൽ നിന്നും മോറാൻ മോർ ഇഗ്നാത്തിയോസ് പാത്രിയർക്കീസ് ബാവ മലങ്കരയിൽ എഴുന്നുള്ളി കാതോലിക്കാ വാഴ്ച നടത്തി സഭയിൽ സമാധാനം പുനസ്ഥാപിച്ചതിനെതുടർന്ന് ഐക്യത്തോടെ സഭയിൽ മക്കൾ പ്രവർത്തിച്ചുവന്ന അവസരത്തിലാണ് സിംഹാസനവാദം ഉയർത്തി വീണ്ടും സഭയെ പിളർപ്പിലേക്ക് നയിച്ചത്. 1964 മുതൽ 1970 വരെയുള്ള കാലയളവിൽ ചേർന്നിട്ടുള്ള മലങ്കര സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ യോഗങ്ങൾക്കുള്ള നോട്ടീസ് കല്പനയിൽ ചേർത്തിരിക്കുന്നത് "പരമസ്വർഗ്ഗ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തയുമായ" എന്നും അതുകഴിഞ്ഞ് 1972 മുതൽ അസോസിയേഷൻ മാനേജിംഗ് കമ്മറ്റി യോഗനോട്ടീസിലും മറ്റും ചേർത്തിരിക്കുന്നത് "മാർത്തോമായുടെ സിംഹാസനത്തിൽ ആരൂഢനായിരിക്കുന്ന" എന്നും ആകുന്നു. ഇതിൽനിന്നുതന്നെ യോജിപ്പുസഭയിൽ ഭിന്നത ഉണ്ടാക്കുന്നതിലേക്ക് 1972 മുതൽ ദേവലോകനേതൃത്വം ശ്രമം ആരംഭിച്ചു എന്നു മനസിലാക്കാമല്ലോ. നടപ്പിലായി മലങ്കരയിലുള്ള യാക്കോബായ സുറിയാനി സഭയുടെ എല്ലാവിധ സ്ഥാവരജംഗമവസ്തുക്കളും തങ്ങൾക്കുമാത്രം അവകാശപ്പെട്ടതാണെന്ന് സ്ഥാപിച്ചുകിട്ടുവാൻ അവർ കേസ് ഫയൽ ചെയ്തു. അങ്ങിനെ യഥാർത്ഥഅവകാശികളായ നമ്മെ പ്രതികളാക്കി മറുഭാഗം കൊടുത്തിരിക്കുന്ന കേസാണ് ഇപ്പോൾ ബ.സുപ്രീം കോടതിയിൽ വിചാരണയിലിരിക്കുന്നത്.

ഈ അവസരത്തിൽ മലങ്കര സഭയുടെ ചരിത്രത്തിലേക്ക് തിരിഞ്ഞു നോക്കിയാൽ നമുക്ക് കാണാവുന്ന ചില സംഗതികൾ ഓർമ്മിപ്പിക്കട്ടെ.

1. 1-ാം മാർത്തോമ മുതൽ 8-ാം മാർത്തോമ വരെ

ഒന്നാം മർത്തോമ്മയേയും രണ്ടാം മർത്തോമ്മയേയും വാഴിച്ചതാരാണ്? 1665ൽ പ.അന്ത്യോഖ്യ സിംഹാസനത്തിൽ നിന്നും വന്ന മാർ ഗ്രിഗോറിയോസ് വാഴിച്ചു. മൂന്നു നാലും മാർത്തോമമാരെ മുളന്തുരുത്തിയിൽ കബറടക്കുന്ന മാർ ഈവാനിയോസ് വാഴിച്ചു. അഞ്ചാം മാർത്തോമയെ നാലാം മാർത്തോമ തന്നെ വാഴിച്ചു. എന്നാൽ പ.അന്ത്യോഖ്യാ സിംഹാസനത്തിൽ നിന്നുമുള്ള പിതാക്കൻമാരുടെ അസാന്നിധ്യം കാരണം 5-ാം മാർത്തോമ തന്റെ സ്ഥാനസ്ഥിരീകരണത്തിനായി പ്രതിനിധിയെ അയക്കണമെന്ന് അന്ത്യോഖ്യ പാത്രിയാർക്കീസിനോട് അപേക്ഷിച്ചു. കൊച്ചിയിലെ ഡച്ച് അധികാരികൾക്ക് അയച്ച കത്തിൽ 5-ാം മാർത്തോമ എഴുതിയിരുന്നതായി ചരിത്രകാരൻമാർ രേഖപ്പെടുത്തിയിരിക്കുന്നത്. "അന്ത്യോഖ്യാസഭയെ ഞങ്ങളുടെ തലയായി ഞങ്ങൾ ഗണിക്കുന്നു" എന്നാണ്. അന്നത്തെ പ്രതികൂലസാഹചര്യം കൊണ്ട് അന്ത്യോഖ്യായിൽ നിന്നും പിതാക്കൻമാർ മലങ്കര സഭയിൽ എത്തുവാൻ സാധിക്കാതെ വന്നതിനാൽ അഞ്ചാം മാർത്തോമ തന്നെ ആറാം മാർത്തോമയെ വാഴിച്ചു. വാഴ്ചയേറ്റു എങ്കിലും സ്ഥാനസാധുതയെ കുറിച്ച് അദ്ദേഹം സംശയിച്ചതിനാൽ 1751 ൽ പ. അന്ത്യോഖ്യാ സിംഹാസനത്തിൽ നിന്നും അയക്കപ്പെട്ട ശക്രള്ള ബാവയോടുകൂടെ വന്ന മാർ ഗ്രിഗോറിയോസ് നിരണത്തു പള്ളിയിൽ വച്ച് തന്നോടുകൂടെ വന്നിരുന്ന മാർ ഈവാനിയോസിനെയും കൂട്ടി 1770 ഇടവം 29-ാം തിയതി 6-ാം മാർത്തോമയെ തിവന്നാസിയോസ് ഒന്നാമൻ എന്ന പേരിൽ വാഴിക്കുകയും അദ്ദേഹം പിന്നീട് വലിയ മാർ തിവന്നാസിയോസ് എന്ന പേരിൽ അറിയപ്പെടുകയും ചെയ്തു. ഇദ്ദേഹത്തിന്റെ സുസ്താക്കോനിൽ എഴുതിയിരിക്കുന്നത്... അന്ത്യോഖ്യാ സിംഹാസനത്തിൻമേൽ വാണരുളുന്ന ഉന്നതപ്പെട്ട മാർ ഇഗ്നാത്തിയോസ് പാത്രിയർക്കീസ് ബാവായുടെ ആജ്ഞാനുസരണം ക്ഷീണിതനും ബലഹീനനുമായ ഊർശ്ലേമിന്റെ മെത്രാപ്പോലീത്ത ഗ്രിഗോറിയോസ് ഇൻഡ്യയുടെ എപ്പിസ്കോപ്പ ഈവാനിയോസ് എന്നി ഞങ്ങളുടെ കൈകൾ മുഖേന മാർത്തോമ എന്ന മറുനാമമുള്ള യൗസേഫ് മലങ്കര വസിക്കുന്ന യാക്കോബായാക്കാരുടെ മെത്രാപോലീത്തയായി വാഴിക്കപ്പെട്ടു എന്നത്രെ.

8-ാം മാർത്തോമ മദ്രാസ് ഗവൺമെൻറിന് എഴുതിയിരിക്കുന്നത് ഇപ്രകാരമാണ് "മലങ്കര സഭ എല്ലാക്കാലത്തും അന്ത്യോഖ്യക്ക് അധീനമായിരുന്നു. അന്ത്യോഖ്യ പാത്രിയർക്കീസിന്റെ സ്ഥാനപതികളാണ് മലങ്കരയിൽ മെത്രാൻമാരെ വാഴിച്ചിരുന്നത്.

2. മാവേലിക്കര പടിയോല:

തിവന്നാസിയോസ് നാലാമന്റെ അധ്യക്ഷതയിൽ 1836 മകരം 5-ാം തീയതി മാവേലിക്കരയിൽ കൂടിയ യോഗത്തിൽ എഴുതിയ പടിയോലയിൽ കാണുന്നത് - യാക്കോബായ സുറിയാനിക്കാരായ നാം അന്ത്യോഖ്യയുടെ പാത്രിയർക്കീസിന്റെ വാഴ്ചക്കീഴ് ഉൾപ്പെട്ടവരും അദ്ദേഹത്തിന്റെ കല്പനയാൽ അയക്കപ്പെട്ട മേൽപ്പട്ടക്കാരാൽ നടത്തപ്പെടുകയും ചെയ്യുന്ന പള്ളിക്രമങ്ങളും ചട്ടങ്ങളും അനുസരിച്ചു നടന്നു വരുന്നതും എന്നാണ്.

3. മാർ തിവന്നാസിയോസ് 4-ാമന്റെ സ്വയംസംബോധന

മാർ തിവന്നാസിയോസ് നാലാമൻ സ്വയം സംബോധന ചെയ്തിരിക്കുന്നത് "പള്ളികളുടെ കൈയ്യും മാതാവായ

അന്ത്യോഖ്യായുടെ പാത്രോസിന്റെ സിംഹാസനത്തിൽ മുഴ്ക്കെപ്പെട്ടിരിക്കുന്ന ബാവാന്മാരുടെ ബാവായും അവന്മാരു
ടെ അവനുമായ മാർ ഇഗ്നാത്തിയോസ് പാത്രിയർക്കീസിന്റെ കൈവാഴ്ച കീഴുള്ള മലങ്കര യാക്കോബായ സുറിയാ
നിപ്പള്ളി ഇടവകയുടെ മാർ തിവന്നാസിയോസ് മെത്രാപ്പോലീത്ത എന്നാണ്

4. പരുമല സെമിനാരിയുടെ മൂലാധാരത്തിൽ

"1047 -ാമാണ്ട് കർക്കിടകമാസം 13-ാം തീയതി യൗസേഹ് എന്ന തിരുനാമവും മൂപ്പത്തിനെട്ട് തിരുവയസ്സും
ഉള്ള മലയാളത്തിന്റെ മാർ തിവന്നാസിയോസ് മെത്രാപ്പോലീത്ത തിരുമനസ്സിലേക്ക് ചെങ്ങന്നൂർ മണലേത്തും വാതു
ക്കൽ മാന്നാർ പ്രവർത്തിയിൽ പാവൂക്കാരനുമായിട്ടുള്ള അഭിക് പുറത്തു നസ്രാണി കുഞ്ഞി 54 വയസ്സുള്ള കോരന്
മാത്തൻ എഴുതിക്കൊടുത്ത പ്രമാണ തിറാധാരമായിത് ..... താഴെ പറയുന്ന വസ്തുവിനെ അന്ത്യോഖ്യാ സിംഹാസന
ത്തിൽ ഇരിക്കുന്ന മോറാൻ മോർ ഇഗ്നാത്തിയോസ് പാത്രിയർക്കീസ് ബാവായുടെ കീഴ് അനുസരിപ്പിൽ മതവിശ്വാസ
ക്കാരായ മലയാളത്തുള്ള സുറിയാനിക്കാരുടെ സഹായത്തിന് ..... പ്പെട്ട് എഴുതിത്തന്നിരിക്കുന്നു എന്നാണ്
ചേർത്തിരിക്കുന്നത്.

5. വന്ദ്യ ഔഗേൻ റമ്പാന്റെ സമ്മതപത്രം (1927 ൽ ഊർലേമിൽ വച്ച് കണ്ടനാട് ഭദ്രാസന മെത്രാപ്പോ
ലീത്ത ആയി വാഴ്ച ഏറ്റപ്പോൾ എഴുതിയത്)

പിതാവിനേറെയും പുത്രനേറെയും പരിശുദ്ധാത്മാവിനേറെയും നാമത്തിൽ ഏക സത്യ ദൈവത്തിന് സ്തുതി -
താഴെ പ്പെട്ടിരിക്കുന്നതും ഇതിനോട് ചേർന്ന് എന്റെ മുദ്രവച്ചിട്ടുള്ളതും തുടുത്തിയിൽ ബ. എബ്രഹാം കത്തനാരു
ടെ മകൻ ഔഗേൻ റമ്പാൻ 43 വയസ്സു പ്രായമുള്ളതും കോടനാട് പട്ടണത്തിൽ സെഹിയോൻ ആശ്രമത്തിൽ നിന്ന്
ഇപ്പോൾ ജറുശലേമിൽ സുറിയാനി ആശ്രമത്തിൽ തങ്ങിക്കാലം താമസിക്കുന്നതും ആയ ..... ഞാൻ താഴെ പറയുന്ന
കാര്യങ്ങൾ സമ്മതിച്ചിരിക്കുന്നു.

(a) പൂർണ്ണസമ്മതത്തോടും സന്തം മനസ്സാലെയും യാതൊരുവിധത്തിലുള്ള പ്രേരണയോ നിർബന്ധമോകൂടാ
തെ ഈ സമ്മതപത്രത്തിൽ എഴുതി കീഴൊക്കെയുടെയും അധികാരം നടത്തുന്നവനും അന്ത്യോഖ്യായുടെ അപ്പോസ്
തോലിക പാത്രിയർക്കിസും ആയ പ. മോറാൻ മോർ ഇഗ്നാത്തിയോസ് ഏലൂാസ് മൂന്നിയൻ മുമ്പാകെ
അവതരിപ്പിക്കുന്നു.

താഴെ പറയുന്ന സംഗതികൾ ഞാൻ സമ്മതിച്ചിരിക്കുന്നു. അന്ത്യോഖ്യായുടെ അപ്പോസ്തോലിക പാത്രിയർക്കിസ്
കീഴൊക്കെയുടെയും അധികാരം നടത്തുന്നവനാണ് വി. പാത്രിയർക്കിസ് ആയ മോറാൻ മോർ ഇഗ്നാത്തിയോസ്
ഏലിയാസ് തൃതീയൻ മലബാറിലെ സുറിയാനി സഭമേലും അതിന്റെ എല്ലാ വസ്തുക്കളുടെ മേലും ആത്മിയമായും
ലൗകികമായുമുള്ള അധികാരവും പരിശുദ്ധ പിതാവിനുണ്ട്. എന്റെ മരണം വരെയും ഈ അധികാരത്തിന് ഞാൻ
കീഴ്പ്പെട്ടിരിക്കുന്നു

(b) 1905 ൽ സുന്നഹദോസ് നിശ്ചയപ്രകാരം പാത്രിയർക്കാ സ്ഥാനത്തുനിന്ന് സ്ഥാനഭ്രഷ്ടനാക്കിയിട്ടുള്ളതും
മൂടക്കപ്പെട്ടിട്ടുള്ള ശിവർഗീസിനാലും തന്റെ കൂട്ടുകാരാലും കൊല്ല വർഷം 1086 ൽ മലങ്കരയിലേക്ക് വിളിക്കപ്പെട്ടിട്ടു
ള്ളതുമായ അബ്ദൽ മശിഹായെ ഞാൻ ഉപേക്ഷിക്കുന്നു".

മേൽപറഞ്ഞിട്ടുള്ള ചരിത്രസത്യങ്ങളിൽ നിന്നും നാം മനസ്സിലാക്കേണ്ടത്

1. പ. അന്ത്യോഖ്യാസിംഹാസനത്തിന്റെ അനുസരണമുള്ള മക്കളായി മലങ്കരയിലെ അംഗങ്ങൾ വർത്തിച്ചിരുന്നു
എന്നും

2. ശരിയായ കൈവപ്പ് അന്ത്യോഖ്യാ സിംഹാസനത്തിൽ നിന്നു മാത്രമാണ് എന്നു വിശ്വസിച്ചിരുന്നു എന്നും

3. മലങ്കരയിലെ സഭ ഒരു കാലത്തും സ്വതന്ത്രമാണ് എന്നു പറഞ്ഞിരുന്നില്ല എന്നും അത്രേ.

സത്യവിശ്വാസത്തിൽ മലങ്കര സഭ നിലനിൽക്കുന്നതിനു വിധം വിശ്വാസപരവും ഭരണപരവുമായ സംവിധാനം പ്രദാ
നം ചെയ്യുന്നതിനായി സുപ്രസിദ്ധവും സുസമ്മതനിയവുമായ മുളന്തുരുത്തി സുന്നഹദോസ് 1876 ൽ പ. പാത്രിയാർക്കീ
സ് ബാവ വിളിച്ചു കൂട്ടി. അന്നു മുതലാണ് മലങ്കര യാക്കോബായ സുറിയാനി ക്രിസ്ത്യാനി അസോസിയേഷൻ നില
വിൽ വന്നത്. സഭാചരിത്രം പരിശോധിച്ചാൽ മലങ്കരയിൽ വിശ്വാസവൃതിയാനം ഉണ്ടായപ്പോഴെല്ലാം പ. അന്ത്യോഖ്യാസിം
ഹാസനം നമ്മെ സത്യവിശ്വാസത്തിൽ ഉറപ്പിച്ചിട്ടുണ്ട് എന്ന് മനസ്സിലാക്കാം.

ഇപ്പോൾ നമ്മെ അഭിമുഖീകരിച്ചുള്ള പ്രശ്നങ്ങൾ

1. സഭയുടെ സ്വാതന്ത്ര്യവാദം
2. തോമാശ്ലീഹായുടെ സിംഹാസനം
3. സഭയുടെ കാനോൻ

ഇവയെല്ലാം പൂർവ്വിക വിശ്വാസപ്രകാരം നിലനിർത്തേണ്ടതാണ് നമ്മുടെ ആവശ്യമായി വന്നിരിക്കുന്നു. ആയതിനാൽ സത്യവിശ്വാസ നിലനിൽപ്പിന് വേണ്ടി നാം ജാഗ്രത പുലർത്തുന്നവരായിരിക്കണം. പ. അന്ത്യോഖ്യാസിംഹാസന സ്ഥാപന സ്മരണയുടെ നാളിൽ ആ സിംഹാസനത്തിൽ വാണരുളുന്ന ഇഗ്നാത്തിയോസ് പാത്രിയർക്കീസിനെ കടലിനക്കരെ നിർത്തിക്കൊണ്ടുള്ള മലങ്കരസഭയിൽ നാമും നമ്മുടെ വിശ്വാസികളുടെ കൂട്ടവും ഉണ്ടായിരിക്കുകയില്ല എന്ന് ഉറച്ച് പ്രഖ്യാപിക്കുവാൻ ഈ അവസരം നാം വിനിയോഗിക്കുന്നു.

വീണ്ടും വാത്സല്യ മക്കളെ

നമ്മുടെ കർത്താവ് തന്റെ പ. സഭയെ സ്ഥാപിച്ചിരിക്കുന്നത് സ്വത്തിനുവേണ്ടി അല്ല. വി. പത്രോസിന്റെ വിശ്വാസമാകുന്ന പാറമേലാകുന്നു. ആ പാറമേൽ സ്ഥാപിക്കപ്പെട്ടിരിക്കുന്ന നമ്മുടെ സഭ ഏതെല്ലാം കാറ്റുകളും പ്രവാഹങ്ങളും വന്നടിച്ചാലും തകരുകയില്ല. മലങ്കരയിലെ സുറിയാനി സഭയുടെ ചരിത്രം നോക്കിയാൽ നമ്മുടെ പിതാക്കന്മാർ സത്യവിശ്വാസത്തിന് അപ്പോസ്തല കൈവെപ്പിനും വേണ്ടി എത്രമാത്രം കഷ്ടപ്പെട്ടു എന്നു കാണാവുന്നതാണ്. നമ്മുടെ പിതാക്കന്മാരെപ്പോലെ നാമും സത്യവിശ്വാസത്തിനും സാധുവായ പട്ടത്വത്തിനും വേണ്ടി ഏതു ത്യാഗവും സഹിക്കേണ്ടവരാണ്. ഇവ രണ്ടും നമുക്ക് ലഭ്യമായിട്ടുള്ളതിനാൽ നാമൊരിക്കലും ഭയപ്പെടേണ്ടതില്ല. കേസിന്റെ ജയവും തോൽവിയുമല്ല പ്രധാനം; സത്യവിശ്വാസവും ആചാര്യത്വവും നഷ്ടപ്പെടാതിരുന്നാൽ നാം ജയിച്ചു. അതിനു വേണ്ടി നമുക്ക് മുട്ടിപ്പായി പ്രാർത്ഥിക്കാം. വലിയ നോമ്പിന്റെ നാളുകളിൽ ഉപവാസത്തോടൊപ്പം തന്നെ സഭയെ പ്രത്യേകം ഓർത്ത് നമുക്ക് പ്രാർത്ഥിക്കാം. സഭയെ സത്യവിശ്വാസത്തിൽ നയിച്ചിട്ടുള്ള നമ്മുടെ മുൻഗാമികളിൽ അഭിവന്ദ്യ പിതാക്കന്മാരായ പൗലോസ് മാർ കൂറിലോസ്, പൗലോസ് മാർ അത്താനാസിയോസ്, തിമോത്തേയോസ് മാർ ദിവന്നാസിയോസ്, ഗീവർഗ്ഗീസ് മാർ ഗ്രിഗോറിയോസ് തുടങ്ങിയവരെയും സഭാക്കേസ് സംബന്ധിച്ച് രാപകലില്ലാതെ അദ്ധ്വാനിച്ച സത്യവിശ്വാസികളായ പാലാ സ്വദേശം ഡോ. പി.റ്റി. തോമസ്, അഡ്വ. കെ.പി. അബ്രാഹാം, അഡ്വ. പി.പി. ജോൺ തുടങ്ങിയവരെയും ഈ അവസരം നാം സ്മരിക്കുന്നു.

നമ്മുടെ ഈ കൂടിവരവ് മുഖാന്തരം സഭയ്ക്ക് ഒരു പുതുജീവൻ ലഭിക്കുവാൻ ദൈവത്തോട് പ്രാർത്ഥിക്കുന്നു. വാർദ്ധക്യത്തിന്റെതായ ക്ഷീണം നമ്മെ ബാധിച്ചിരിക്കുന്നു. നിങ്ങൾ നമ്മെ പ്രതി പ്രാർത്ഥിക്കുമല്ലോ.

പരിശുദ്ധ പത്രോസിന്റെ അന്ത്യോഖ്യായിലെ സിംഹാസനത്തോടും ആ സിംഹാസനത്തിൽ ഭാഗ്യമോടെ വാണരുളുന്ന മോറാൻ മോർ ഇഗ്നാത്തിയോസ് സഖാ പ്രഥമൻ ബാവായോടും മലങ്കരയിലെ മക്കൾക്കുള്ള ഭക്തിയാദരവുകൾ രേഖപ്പെടുത്തുന്നു.

ദൈവം നിങ്ങളെല്ലാവരെയും അനുഗ്രഹിക്കുമാറാകട്ടെ

* * *



L. to R. First row. Mar Severios, Mar Ivanios, Mar Athanasius, His Holiness, His Beatitude, Mar Gregorios, Mar Militus.
Second row. Mar Timotheos, Mar Philaxinos, Mar Theophilos, Mar Julius, Mar Theophilos George.
Third row. Mar Koorilos, Mar Osthatheos, Mar Timotheos Aprem, Mar Clemis, Mar Dionysius

















His Beatitude, Mr. P.K. Thomas (Trustee), His Holiness and Mar Osthasios Thirmo at the Centre airport

















These pictures were taken on the occasion of the local synod presided over by the Holy Father. The picture above shows the synod in session, and that on the right, the participants.

യാക്കോബായ സഭയ്ക്കു കാതോലിക്കായെ വാഴിച്ചു

കോട്ടയം: പൗലൂസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്തായെ ബസേലിയോസ് പൗലൂസ് എന്ന പേരിൽ കഴിഞ്ഞ ഞായറാഴ്ച ഡമാസ്കസിൽവച്ചു കാതോലിക്കോസ് ആയി ഇഗ്നാത്തിയോസ് യാക്കോബ് തൃതീയൻ പാത്രിയർക്കീസ് ബാവാ വാഴിച്ചതായി ഷെവലിയർ ഇഗ്നേഷ്യസ് പാലാമ്പടത്തിനു കേബിൾ സന്ദേശം ലഭിച്ചിരിക്കുന്നു.

മലങ്കര യാക്കോബായ സുറിയാനിസഭയുടെ കാതോലിക്കായായി



ട്ടാണ് അദ്ദേഹത്തെ വാഴിച്ചിരിക്കുന്നത്.

കാലംചെയ്ത അപ്രേം പ്രഥമൻ പാത്രിയർക്കീസ് ബാവായാൽ 1952 ഒക്ടോബർ 19-ാംതീയതി ഹോംസിൽവച്ചു മെത്രാൻ സ്ഥാനാഭിഷിക്തനായ അദ്ദേഹം 1953 ജനുവരി 12-ാംതീയതി കണ്ടനാട് ഭദ്രാസനത്തിന്റെ മെത്രാപ്പോലീത്താ ആയി ചുമതല ഏറ്റെടുത്തു.

1965 ജനുവരിയിൽ എത്യോപ്യയുടെ തലസ്ഥാനമായ അഡീസ് അബാബായിൽ നടന്ന പൗരസ്ത്യ ഓർത്തഡോക്സ് സഭാതലവൻമാരുടെ സമ്മേളനത്തിൽ ഇപ്പോഴത്തെ മലങ്കര ഓർത്തഡോക്സ് സഭാതലവനായ ബസേലിയോസ് ഔഗേൻ പ്രഥമൻ കാതോലിക്കാ ബാവായോടൊരുമിച്ചു പങ്കെടുത്തിരുന്നു.

പലതവണ അദ്ദേഹം മദ്ധ്യപൗരസ്ത്യദേശങ്ങളും വിശുദ്ധ നാടും സന്ദർശിച്ചിട്ടുണ്ട്.

1966 ഓഗസ്റ്റ് 24-ാംതീയതി കോലഞ്ചേരിയിൽ നടന്ന മെത്രാൻ സ്ഥാനാഭിഷേകംസംബന്ധിച്ച എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ പെയർമാനായി അദ്ദേഹം സ്തുത്യർഹമായ സേവനമാണ് അനുഷ്ഠിച്ചത്.

പൗരോഹിത്യപാരമ്പര്യമുള്ള പെറായി പുതുശ്ശേരിൽ പി. പി. ജോസഫ് കത്തനാരുടെയും വടക്കൻപറവൂരിൽ ഈരാളിൽ തോമസിന്റെ പുത്രി ഏലിയുടെയും പുത്രനായി 1914 ജൂൺ 12-ാംതീയതിയാണ് അദ്ദേഹം ജനിച്ചത്. [സുറിയാനി പണ്ഡിതനായിരുന്ന ജോസഫ് കത്തനാർ ദീർഘകാലം പഴയ സെമിനാരിയിലും എം. ഡി. സെമിനാരിയിലും മൽപാനായി സേവനമനുഷ്ഠിച്ചിരുന്നു.]

പൗലൂസ് പെറായി രാമവർമ്മയൂണിയൻ ഹൈസ്കൂളിൽ പഠിച്ചശേഷം സുറിയാനി അഭ്യസിക്കുകയും 1933-ൽ മാർ യൂലിയോസ് ഏലിയാസ് മെത്രാപ്പോലീത്തായിൽ നിന്നു ശെമ്മാശുപട്ടം സ്വീകരിക്കുകയും ചെയ്തു. തുടർന്നു കോട്ടയം സി. എം. എസ്. കോളജിലും ആലുവാ യു. സി. കോളജിലും പഠിച്ചു ബി.എ. ബിരുദം നേടി. 1938-ൽ വൈദികനായി. പിന്നീടു സിലോൺ, ദക്ഷിണകാനറ, പാറത്തോട്, തിരുവനന്തപുരം എന്നിവിടങ്ങളിൽ സേവനം അനുഷ്ഠിച്ചു. 1952 ഏപ്രിൽ 25-ാംതീയതി ആലുവാ തൃക്കുന്നത്തു സെമിനാരിയിൽവച്ചു പൗലൂസ് കത്തനാരെ മെത്രാൻ സ്ഥാനത്തേക്കു തെരഞ്ഞെടുത്തു. അതേ വർഷം മെത്രാൻ സ്ഥാനാഭിഷിക്തനായ അദ്ദേഹം 1958-ലെ സഭാ സമാധാനത്തെത്തുടർന്നു കണ്ടനാട് ഭദ്രാസനത്തിന്റെ ചുമതലവഹിച്ചുവരികയായിരുന്നു.



കടവുംഭാഗത്തച്ചന്മാർ സേവന പാരമ്പര്യക്കാർ: ബാവ



ശ്രീപുരുഷോത്തമ ഭാരതീ സ്വാമികൾക്ക് ശ്രീശൃംഗേരി ജഗദ്ഗുരു ശ്രീമദ് അഭിനവ വിദ്യാതീർത്ഥ സ്വാമികൾ പൗരോഹിത്യം നൽകുന്നു